മലയാളനിഘണ്ടു

ഉരൻ്റ്.

രസികരഞ്ജിനി

൧൦൭൮.

പു ൧. ചിങ്ങമാസം. ലക്കം ൧.

മംഗളം.

—— :o: ——

നിന്ദിക്കില്ലേ നിഗമതതിയിൽപ്പൂത്തപൂന്തേൻകുഴമ്പേ!
വന്ദിക്കില്ലേ വലയുമടിയൻ നിശ്ചയം കമ്പമെന്യേ
ഛിന്നിക്കില്ലേ കരുണകലരാപാംഗമൊന്നേറ്റുപോയാൽ
മന്നേല്പില്ലേ വലരിപുപദം വിശ്രുതം വിശ്വമാതേ!

നടുവത്ത് മഹൻനമ്പൂരി

പ്രസ്താവന.

—— :o: ——

രസികരഞ്ജിനിയുടെ ഒന്നാമത്തെ ജന്മനക്ഷത്രം കഴിഞ്ഞിട്ട് രണ്ടാമത്തെ സംവത്സരമാരംഭിച്ചിരിക്കുന്നു. ഇവരത്തിൽ ഒരു കൊല്ലത്തെ ഞങ്ങളുടെ അനുഭവത്തെ അടിസ്ഥാനമാക്കി മാസികയെ സംബന്ധിച്ച് വളരെ വിസ്തരിച്ചു യാതൊന്നും പറവാൻ ന്യായം കാണുന്നില്ല. ഇല്ലെങ്കിൽ വല്ലതും പരമാർത്ഥീകരിക്കുവാനും മനസ്സുവരുന്നില്ല. മാസികയുടെ അഭിവൃദ്ധിനിമിത്തമുള്ള അഭിപ്രായഭേദവും അതിന്റെ

നിർവ്യാജം സഹായിച്ചിട്ടുള്ളവരുടെ പേരിൽ കൃതജ്ഞതാ നിറഞ്ഞ വിശ്വാസവും ഒരുപോലെ നിറഞ്ഞിട്ടുള്ള ഞങ്ങളുടെ മനസ്സിൽ സന്താപമോ സന്തോഷമോ തള്ളിനിൽക്കുന്നതെന്നു വാസ്തവത്തിൽ അറിഞ്ഞുകൂടാ.

അതിവിനയംനടിച്ച് "രഞ്ജിനിയെക്കൊണ്ടു യാതൊരു പ്രയോജനവും ഉണ്ടായിട്ടില്ല" എന്നു പറയുന്നതായാൽ ആവശ്യവും ശ്രദ്ധാശക്തിയും ഉള്ള ചില വായനക്കാർ ഞങ്ങളെ അങ്ങിനെതന്നെ വിശ്വസിച്ചുപോയേക്കാം. "രണ്ടുറുപ്പികകൊണ്ടു സർവ്വജ്ഞത്വം സമ്പാദിക്കണമെങ്കിൽ രസികരഞ്ജിനിവായിപ്പിൻ" എന്നോ മറ്റോ പുസ്തകവ്യാപാരികളുടെ മട്ടിലെ ഉൽഘോഷിച്ചുകൊണ്ടു ആത്മപ്രശംസ പരസ്യം ചെയ്യുന്നതായാൽ രഞ്ജിപ്പിച്ചാൽ കൊള്ളാമെന്നു ഞങ്ങൾ വിചാരിക്കുന്ന രസികന്മാർ മുഖം ചുളിച്ചു പിന്തിരിഞ്ഞാൽ ആവലാതിപ്പെടാനും ന്യായമില്ല. ഇവരുടെ മദ്ധ്യം നിർണ്ണയിക്കുന്നതു അത്ര എളുപ്പത്തിൽ സാധിക്കാവുന്ന ഒരു കാര്യമല്ല. ഈ സ്ഥിതിക്കു സ്വാഭിപ്രായം മനസ്സിലാവാത്ത വിധത്തിൽ ചെറുവല്ലതോ [illegible] ച്ചോ വല്ലതും പറഞ്ഞുകൂട്ടി പ്രസ്താവനയുടെ ഭാരം നിർവ്വഹിക്കുന്നതോ എന്നാണെങ്കിൽ ആയതിന്നും ഞങ്ങൾ ഒരുക്കമില്ല. ആരംഭം മുതൽക്കുടി രഞ്ജിനി ക്രമത്തിന്നു വായിച്ചിട്ടുള്ള സഹൃദയന്മാരുടെ മുമ്പിൽ ഭൂരിപക്ഷം രഞ്ജിനിക്കു അനുകൂലമല്ലെന്നു വിചാരിക്കുന്നതായാൽ ഞങ്ങൾക്കു ഉത്സാഹക്കുറവിന്നവകാശമില്ല. ഞങ്ങളുടെ ഉദ്ദേശസിദ്ധിക്കു അനേകായിരം പത്രങ്ങൾ ഉള്ളതിൽ ഞങ്ങളുടെ ല്ലാംകൊണ്ടു ഒരു പത്രമെങ്കിലും കയറുവാൻ സാധിച്ചു [illegible] ിൽ [illegible] വർ അഭിപ്രായപ്പെട്ടാൽ കഴിഞ്ഞതുകൊണ്ടു ഞങ്ങൾ [illegible] തൃപ്തരായി.

മലയാളഭാഷയുടെ ഇപ്പോഴത്തെ നില ത്രിശങ്കുസ്വർഗ്ഗം പോലെയാണെന്നോ പരിഷ്കാരകാലത്തിന്റെ പടിവാതുക്കൽ [illegible] ലിരുന്നു [illegible] എന്നും പറഞ്ഞതാൽ ഏതുകൊണ്ടും [illegible] ല്ലാത്തതിന്നു പുറമെ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു [illegible] നാം [illegible]

ആദിത്യവർമ്മമഹാരാജാവ്, [illegible] സാമൂതിരിപ്പാട്, [illegible] ട്ടാരക്കരെത്തമ്പുരാൻ, കടത്തനാട്ടു [illegible] രാജാവ്, കോയിൽ [illegible]

ർ, മുതലായ വിദ്വച്ഛിരോമണികളും കവിസാർവ്വഭൌമന്മാരു-
മായിരുന്ന തമ്പുരാക്കന്മാരുടെ കാലം കഴിഞ്ഞതോടുകൂടി മലയാ-
ളത്തിന്റെ ശുക്ലപക്ഷകാലവും അസ്തമിച്ചു. ഇനി മാതൃഭാഷ-
യെ പ്രോത്സാഹിപ്പിക്കേണ്ടുന്ന ഭാരം ഐകമത്യത്തോടുകൂടി നാട്ടുകാരാ-
ണു വഹിക്കേണ്ടത്. ഇതിനൊരു ചുമതല ഉള്ളതായിട്ട് ധരിച്ചി-
ട്ടുള്ള നാട്ടുകാർ ഇപ്പോൾ എത്രപേരുണ്ടെന്ന് വിരല്മടക്കുന്നതായാൽ
വളരെയൊന്നും ബുദ്ധിമുട്ടേണ്ടിവരുമെന്ന തോന്നുന്നില്ല. ഗ്രന്ഥ-
കൎത്താക്കന്മാരും പത്രപ്രവൎത്തകന്മാരും കേവലം യാചകന്മാരെ-
ന്ന വിചാരിക്കുന്നതല്ലേ അധികമെന്നുകൂടി സംശയിക്കുന്നു. ആ-
[illegible] മലയാള ലേഖനങ്ങൾ എഴുതുന്നത് നികൃഷ്ട-
മാണെന്നുകൂടി ചിലർ ഉറച്ചിട്ടുണ്ട്. സൎക്കാരുദ്യോഗസ്ഥന്മാൎക്കും വ-
ക്കീൽന്മാൎക്കും വൈദ്യന്മാൎക്കും അവരവരുടെ അറിവിനെ ഉപയോ-
ഗിച്ച് ഉപജീവനം കഴിക്കാമെങ്കിൽ ലേഖകന്മാരും വിദ്യകൊണ്ട്
വയറു പിഴക്കുന്നതിൽ എന്തനൌചിത്യമാണുള്ളതെന്ന് ഞങ്ങൾ-
ക്കു മനസ്സിലാവുന്നില്ല. മലയാളഭാഷയുടെ താൽക്കാലികസ്ഥിതി-
യെപ്പറ്റി ഒരു ഉപന്യാസം മാത്രമെ ഞങ്ങൾക്ക് കിട്ടീട്ടുള്ളൂ.
ഇതിൽനിന്നുപോലും മലയാളത്തിൽ ഉപന്യാസമെഴുതി സമ്മാനം
വാങ്ങുന്നതിൽ അപമാനമോ അശ്രദ്ധയോ ഉണ്ടായിരിക്കാമെന്നു-
കൂടി ശങ്കിക്കേണ്ടിയിരിക്കുന്നു. ഇതൊക്കെയായിരുന്നാലും ഉപ-
ന്യാസകനായ സി. ഡി. ഡേവിഡ് അവർകളുടെ പേരിൽ ഞങ്ങ-
ൾക്കുള്ള കൃതജ്ഞതയ്ക്ക് ഹാനിവരുന്നതല്ല. മിഥുനത്തിലെ പുസ്ത-
കത്തിൽ സംഭാവനോപന്യാസത്തിന്ന വേറെ ഒരു വിഷയംകൂടി
കൊടുത്തിട്ടുള്ളത പ്രഥമവിഷയത്തിന്റെ പിൻഗാമിയായിത്തീരാ-
തിരുന്നാൽ അത്രയെങ്കിലും സമാധാനമുണ്ട്.


സുപരിചിതനായ ഒരുവൻ ഒരു ജനസംഘത്തിൽ പ്രവേശിച്ച്
അവരുടെ ദൃഷ്ടികൾക്ക് പാത്രമായിത്തീരുമ്പോൾ ഓരോരുത്തർ
അവരവരുടെ സരസമതിവിലാസംപോലെ അവനെ സ്തുതിക്കുവാ-
നും ഹസിക്കുവാനും തുടങ്ങുന്നത് ലോകസ്വഭാവമാണ്. ഇതിനെ-
ന്ന് മിഴിച്ചുകൊണ്ടിരിക്കുന്നതിനിടയ്ക്ക് കേട്ടുകേൾപ്പിച്ച് ഈ അ-
ളിൽ ഈ പ്രസിദ്ധ പുരുഷനാരാണെന്ന് പലൎക്കും അറിവാൻ സംഗതി

വരുമ്പോൾ ആദ്യംദോഷങ്ങളെന്നു തോന്നിയതൊക്കെ ഗുണങ്ങളാ യിട്ടു പരിണമിക്കും. പേരുവെച്ചെഴുതാത്തവരോ, അപരിചിതന്മാ രോ ആയ ലേഖകന്മാരെയും ഈ വിദ്യാവിനോദിനിയേയും തമ്മിൽ സാമ്യ പ്പെടുത്തുന്നതിൽ വലുതായ അബദ്ധമൊന്നും വരുവാൻ വഴിയില്ല. പരിചയക്കാത്തവൻ പ്രശസ്തനാണെന്നറികയോ അപരിചിതൻ വാസ്തവത്തിൽ പരിചിതനാണെന്ന് വരികയോ ചെയ്യുമ്പോൾ വായനക്കാരും വരിക്കാരും സാരോപദേശങ്ങളും അത്ഭുതഗർഭിതങ്ങളായ പദങ്ങളുംനിരന്തരമായി ഉദിച്ചുയരും. സൂക്ഷ്മത്തിൽ, ഇതിനുള്ള കാരണം ലേഖനങ്ങൾ ആദ്യന്തം ക്ഷമയോടുകൂടി ശ്ര ദ്ധവെച്ചു വായിക്കുന്നതിൽ വായനക്കാർക്കുള്ള വൈമനസ്യമാണെങ്കി ലും ലോകസ്വഭാവമിങ്ങിനെയിരിക്കെ സർവ്വസമ്മതന്മാരായ ലേ ഖോപന്യാസകന്മാരിൽ പലരും രഞ്ജിനിയുടെ പേരിൽ ദയവു ണ്ടാകാഞ്ഞത് ഞങ്ങൾക്ക് അതിയായ കുണ്ഠിതത്തിനും ആ മഹാനുഭാ വന്മാർക്ക് അധൈര്യത്തിനും മാർഗ്ഗമായിത്തീരുന്നതാണ്. ഇതു കൊണ്ട് മേലിലെങ്കിലും ഈ മഹാന്മാർ ഞങ്ങളുടെ അപേക്ഷയെ കൈക്കൊണ്ട് ഞങ്ങൾക്കുവേണ്ട സഹായങ്ങൾ ചെയ്തുതരുമെന്നു വിശ്വസിക്കുന്നു.

ഈ കൊല്ലം മുതൽ രഞ്ജിനിക്ക് ചില പരിഷ്കാരങ്ങൾ വരു ത്തിയാൽ കൊള്ളാമെന്നാഗ്രഹമുണ്ട്. ഉദ്ദേശം നാല്പത്തെട്ടു ഭാഗങ്ങൾ ഉണ്ടായിരുന്നത ഈ പുസ്തകം മുതൽ അമ്പതാക്കു വാൻ നിശ്ചയിച്ചിരിക്കുന്നു.

പിന്നെയും ചില ഭേദഗതികൾ വരുത്തണമെന്നുള്ള മോ ഹം സാധിക്കാമെന്ന വാഗ്ദത്തംചെയ്യുവാൻധൈര്യം വരുന്നില്ല. അതുരസികരഞ്ജിനിയുടെ ഭാഗ്യം പോലെയിരിക്കട്ടെ! മനു ഷ്യരുടെ അധീനത്തിൽപെട്ട താൻപാതിയിലുള്ള ഭാരത്തിൽ ഞ ങ്ങളുടെ ഓഹരി ഏല്ക്കുകയല്ലേ ഞങ്ങൾ വിചാരിച്ചാൽ നിവൃ ത്തിയുള്ളൂ.

ര. ര. പ.



1- ആൎയ്യപുരാതനസ്ഥാനം.
2- പേൎഷ്യരാജ്യസ്ഥാനം.
3- യവനരാജ്യസ്ഥാനം.
4- ഇറാഖിരാജ്യസ്ഥാനം.
5- ജൎമ്മനിരാജ്യസ്ഥാനം.
6- ജംബുദ്വീപ്.

ഹി- ഹിമവാൻ പൎവ്വതം.
വി- വിന്ധ്യൻ പൎവ്വതം.
സി- സിന്ധുനദി
ഗ- ഗംഗാനദി.
ഭാ- ഭാരതവൎഷം.
ബ്ര- ബ്രഹ്മാവൎത്തം.
ഉ- ഉത്തരാബ്ധി.
പൂ- പൂൎവ്വാബ്ധി.
ദ- ദക്ഷിണാബ്ധി.

ആൎയ്യപുരാതനന്മാർ.

ആൎയ്യന്മാർ എന്ന ശബ്ദം കൊണ്ടു വായനക്കാർ മുമ്പിൽ മനസ്സിലാക്കുന്നതു ഹിന്തുക്കളിൽ ഉയൎന്ന ജാതിക്കാരെയാകുന്നു. എന്നാൽ ഈ ശബ്ദം ഹിന്തുക്കളെയും ഇറാന്യരെയും ഇപ്പോൾ മിക്കവാറും ഹിന്തുക്കളാൽ മ്ലേച്ഛന്മാർ എന്നു പറയപ്പെടുന്നവരും ആയ ഇംഗ്ലീഷുകാരെയും കൂടി ഉൾപ്പെടുത്തും എന്നു പറഞ്ഞാൽ അതു വല്ലവരും ആളുകൾക്കും ചെവിക്കു പുത്തരിയായി തോന്നുകയില്ലയോ എന്നു ഞാൻ സംശയിക്കുന്നു. വിശേഷിച്ചു ഇംഗ്ലീഷുകാർ മാത്രമല്ല ഏഷ്യയിൽ ഇപ്പോഴുള്ള പേർഷ്യൻ ജാതിക്കാർ, യൂറോപ്പിൽ ഇപ്പോഴുള്ള ജൎമ്മൻജാതിക്കാർ, ഗ്രീക്കു എന്നു പറയുന്ന യവനജാതിക്കാർ ലാററിൻ ജാതിക്കാർ, കില്ലറയായി വേറെയും ചില ജാതിക്കാർ ഇവർ എല്ലാവരും ആൎയ്യപുരാതനവൎഗ്ഗത്തിന്റെ ഓരോ ശാഖകളാകുന്നു എന്നും ഇവരും ഹിന്തുക്കളും എത്രയും പുരാതനമായ ഒരു കാലത്ത് ഒരിടത്തിൽ ഒരു യോഗമായി താമസിച്ചുവന്നിരുന്നു എന്നും ഒരേപ്രകാരമുള്ള സാമൂഹ്യാചാരങ്ങളോടും മതവിശ്വാസങ്ങളോടും അനുഷ്ഠാനങ്ങളോടും കൂടി കാലം കഴിച്ചുവന്നിരുന്നു എന്നും ഇപ്പോൾ നിസ്സംശയമായി തീൎന്നുവന്നിട്ടുള്ളതാകുന്നു.

ഇങ്ങിനെ തീൎച്ചപ്പെടുത്തുവാൻ ഇവർ ഒരുമിച്ചു താമസിച്ചുവന്നിരുന്ന കാലത്തെ വല്ല ശിലാരേഖകളോ വല്ല ഗ്രന്ഥവരികളോ മററു വല്ല രിക്കാർട്ടുകളോ വല്ലവരുടെയും കൈവശം കിട്ടിയുണ്ടായിരിക്കുമോ? അങ്ങിനെയൊന്നുമല്ല. ആ കാലം മനുഷ്യരുടെ അഭിപ്രായം എഴുത്തുമൂലം അറിയിപ്പാനുള്ള ലിപികൾ തന്നെ കണ്ടുപിടിച്ചിട്ടില്ലാത്ത ഒരു കാലമായിട്ടാണ വിചാരിപ്പാൻ ന്യായം ഉള്ളതു. എന്നാൽ, പിന്നീട ഈ വൎഗ്ഗക്കാർ ഓരോ ശാഖകളായി പിരിഞ്ഞതിന്റെ ശേഷം ലിപികൾ കണ്ടുപിടിച്ചു എഴുതിവെച്ചിട്ടുള്ള അവരുടെ പുരാതന ഗ്രന്ഥപരമ്പരകളിൽനിന്നും ഏതൽകാലങ്ങളിൽ അവർ ഉപയോഗിക്കുന്ന ഭാഷകളിൽ നിന്നും കിട്ടുന്ന പല അഭിപ്രായങ്ങളും വാക്കുകളും തമ്മിൽ താരതമ്യപ്പെടുത്തി നോക്കി ഉണ്ടാക്കീട്ടുള്ള ഊഹമാണ ഈ സിദ്ധാന്തത്തിന്ന അടിസ്ഥാനമായിരിക്കുന്നതു.

ഭാരതഖണ്ഡത്തിന്റെ വടക്കെ അറ്റത്ത് ഒരു മാനദണ്ഡമായി ഉടൽ നീട്ടി കിഴക്കു പടിഞ്ഞാറായി കിടക്കുന്ന ഹിമവാൻ പൎവ്വതത്തിന്റെ വടക്കു പടിഞ്ഞാറ മദ്ധ്യ ഏഷ്യാഖണ്ഡത്തിൽ ഒരു ഉയൎന്ന പ്രദേശമുള്ളതാകുന്നു ആൎയ്യപൂൎവ്വന്മാരുടെ മൂലസങ്കേതസ്ഥാനം എന്ന ഇപ്പോൾ ഊഹിക്കപ്പെട്ടിട്ടുള്ളത. അവിടെ ജനങ്ങൾ വൎദ്ധിച്ചപ്പോൾ കൂട്ടത്തിൽ നിന്നു ഓരോരോ ശാഖകളും പലവഴിക്കും പിരിഞ്ഞുപോയിത്തുടങ്ങി. തെക്കു പടിഞ്ഞാട്ടുപോയ ഒരു ശാഖ പേൎഷ്യാരാജ്യത്തെ കയ്യേറിപാൎത്ത് ആ രാജ്യത്തിന് അധികൃതന്മാരായിത്തീൎന്നു. അവിടെ വെച്ച് അവർ എഴുതിവെച്ച ഗ്രന്ഥങ്ങളിലെ ഭാഷക്കു 'സെൻഡ്' എന്നാണ പേര. ഈ സെൻഡ് ഭാഷയിൽ നിന്ന പരിണമിച്ചുണ്ടായതാകുന്നു ഇപ്പോഴുള്ള പേൎഷ്യൻജാതിക്കാർ ഉപയോഗിക്കുന്ന പേൎഷ്യൻ ഭാഷ. മൂലകൂട്ടത്തിൽ നിന്നോ, അല്ലെങ്കിൽ പേൎഷ്യക്കുപോയ ശാഖയിൽ നിന്നോ ഓരോകാലങ്ങളിൽ പിരിഞ്ഞുപോയ മൂന്നു ശാഖകളിൽ ഒരോന്നായി വിചാരിക്കപ്പെടാവുന്നതാകുന്നു. (1) ഗ്രീക്കരാജ്യത്തെ കയ്യേറി പാൎത്ത് അവിടെ അധികൃതന്മാരായി ഗ്രീക്കുഭാഷ ഉപയോഗിച്ചുവന്നതും, (2) ഇറ്റാലി രാജ്യത്തചെന്ന റോമസാമ്രാജ്യത്തെ സ്ഥാപിച്ച ലാറ്റിൻഭാഷ ഉപയോഗിച്ചുവന്നതും, (3) ജൎമ്മനിരാജ്യത്തചെന്ന ഗോത്തിക്ഭാഷ ഉപയോഗിച്ചുവന്നതും, ആൎയ്യജാതിക്കാർ. മദ്ധ്യഏഷ്യയിൽനിന്ന തെക്കുകിഴക്കായി പിരിഞ്ഞുപോന്ന ഒരു ശാഖയാകുന്ന ഹിമവാന്റെ പശ്ചിമോത്തരഭാഗങ്ങളിലുള്ള ഇടവഴികളിൽകൂടി കടന്ന 'ബ്രഹ്മാവൎത്ത'മെന്ന അവർ പേർവിളിച്ചുവന്നിരുന്ന സിന്ധുനദീതീരപ്രദേശങ്ങളിൽ കുറെകാലം താമസിച്ച ജനിങ്ങളും അവിടെയും വൎദ്ധിച്ചപ്പോൾ ഹിമവാന്റെ താഴ്വരപിടിച്ച കിഴക്കോട്ട നീങ്ങി ഭാരതവൎഷം എന്നപറയുന്നതും ഹിമവാന്റെയും വിന്ധ്യന്റെയും മദ്ധ്യേകിടക്കുന്നതും ആയ ഗംഗാതീരപ്രദേശങ്ങളിലും മറ്റും പാൎത്ത് പാശ്ചാത്യ പണ്ഡിതന്മാരുകൂടി അത്യാശ്ചൎയ്യ ബഹുമാനാദികളെ ജനിപ്പിക്കുന്ന അനേക ഗ്രന്ഥപരമ്പരകളെ സൎവ്വപ്രകാരേണയും സംസ്കൃതം എന്ന പേരിന്ന യോഗ്യമായ ഒരു ഭാഷയിൽ നിൎമ്മിച്ച് ഐഹിക പാരത്രിക വ്യവഹാരങ്ങളെ പറ്റിയുള്ള അനേക സൂക്ഷ്മതത്വങ്ങളെയും കണ്ടുപിടിച്ച ചതുൎ

ങ്ങളുമായ ജാതി വ്യവസ്ഥകളോടു കൂടി സദ്ധൎമ്മാ ആൎയ്യന്മാർ എന്നശബ്ദത്തിന്ന അൎഹത സമ്പാദിച്ചവരായ ഹിന്തുക്കൾ.

ആൎയ്യപുരാതനവൎഗ്ഗത്തിൽ മേല്പറഞ്ഞ പ്രകാരമുള്ള ശാഖകൾ എല്ലാം പിരിഞ്ഞുപോയതു ഹിന്തുക്കൾ അനാദി എന്ന പറയുന്ന അവരുടെ വേദങ്ങൾ തന്നെ ഉണ്ടാകുന്നതിന്നും എത്രയോ മുമ്പായിരിക്കണം. എന്തുകൊണ്ടെന്നാൽ അവരുടെ വേദങ്ങളിൽ ഏററവും പുരാതനമായ 'ഋഗ്വേദം' തന്നെ അവർ ബ്രഹ്മാവൎത്തത്തിൽ പാൎത്തിരുന്ന കാലത്തു ഉണ്ടായതായി വിചാരിപ്പാൻ ഋഗ്വേദത്തിൽ തന്നെ തെളിവുകൾ ഉള്ളതാകുന്നു. 'ഋഗ്വേദം' ഉണ്ടാക്കിയത കലിവൎഷാരംഭത്തിന്നും മുമ്പായ (5000 കൊല്ലങ്ങൾക്കു മുമ്പ) ഒരു കാലത്തായിരിക്കും എന്നുപറഞ്ഞാൽ അധികം തെററിപ്പോകുവാനെളുപ്പമുള്ളതല്ല.

വളരെ കാലം മുമ്പ മുതൽക്കു തന്നെ, ഈ ആൎയ്യശാഖകളും ഉപയോഗിച്ചു വന്നിരുന്ന 'സെൻഡ്' ഗ്രീക്, ലാററിൻ, ഗാതിക്, സംസ്കൃതം എന്നഭാഷകൾ മൃതഭാഷകളായി തീൎന്നിരിക്കുന്നു. അതായത, യാതൊരു ജനസമൂഹവും വളരെ കാലം മുമ്പതൊട്ടു ഈ ഭാഷകളെ നിത്യത സംസാരങ്ങളിൽ ഉപയോഗിക്കാറില്ല. എന്നാൽ മേല്പടി ഭാഷകൾ ഇപ്പോൾ മൃതഭാഷകളാണെങ്കിലും, സംസ്കൃതത്തിൽ നിന്ന ജനിച്ചതായ 'ഗുജറാത്തി' 'മറാത്തി' പാലി, മുതലായ ചില താണതരം ഭാഷകൾ ഇന്ത്യയിൽ പല ജനസമൂഹങ്ങൾ അവിടവിടെ സംസാരഭാഷയായി ഉപയോഗിക്കാറുള്ളതുപോലെ തന്നെ യൂറോപ്പിലും മററു ഭാഷകളിൽ നിന്നുത്ഭവിച്ച ഭേദാന്തര ഭാഷകൾ ഉപയോഗിച്ചുവരാറുണ്ട.

മുൻപറഞ്ഞ ആൎയ്യശാഖകളിൽ ഒന്നായിപറയപ്പെടുന്ന ജൎമ്മൻ അല്ലെങ്കിൽ 'ട്യൂട്ടൺ' എന്ന ജാതിക്കാരാകുന്നു പിന്നിട വളരെ ബലവീൎയ്യ പരാക്രമികളായിതീൎന്ന ക്രിസ്ത്വാബ്ദത്തിന്റെ ആദികാലമായ ഏകദേശം 2000 കൊല്ലങ്ങൾക്കു മുമ്പ റോമസാമ്രാജ്യത്തെ ആക്രമിച്ചു അതിന്റെ യൂറോപ്പിലുള്ള സാമാന്യം ഭാഗങ്ങൾക്കും അധികൃതന്മാരായി തീൎന്നതു എന്നും, ഈ ജൎമ്മൻ ശാഖയിൽനിന്ന പിരിഞ്ഞുപോയി ഇംഗ്ലാണ്ടിൽചെന്ന കുടിയേറിപ്പാൎത്തവരുടെ സന്തതികളാകുന്ന ഇപ്പോൾ നമ്മെ ഭരിക്കുന്ന ഇം

ഗ്രീക്കുകാർ എന്നുള്ള സംഗതികൾ ചരിത്രപ്രസിദ്ധങ്ങളാണല്ലൊ.

മേൽ വിവരിച്ചതിൽ സാരമായി പുറപ്പെടുവിച്ചിട്ടുള്ള സിദ്ധാന്തത്തിന്റെ അടിസ്ഥാനം മേൽപറഞ്ഞ പലവർഗ്ഗക്കാരും പണ്ടുകാലങ്ങളിൽ ഉപയോഗിച്ചുവന്നിരുന്നതും ഇപ്പോഴും ഉപയോഗിച്ചുവരുന്നതും ആയ ഭാഷകളെ താരതമ്യപ്പെടുത്തി നോക്കി ഉണ്ടാക്കിട്ടുള്ള ഊഹമാകുന്നു എന്നു മാത്രം തന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. എന്നാൽ ഇതു കേവലം ഒരു ഊഹമെന്നുമാത്രം വിചാരിപ്പാൻ പാടില്ലാത്തതും, ആ ഭാഷകളിലെ അനേകവാക്കുകൾക്കുള്ള ശബ്ദാർത്ഥസാമ്യങ്ങൾ കേവലം ആകസ്മികമായി സംഭവിച്ചതാണെന്നു വിചാരിപ്പാൻ വളരെ പ്രയാസമുള്ളതായും കാണുന്നതിനാൽ ആ വക ജാതിക്കാരെല്ലാം മദ്ധ്യ ഏഷ്യയിലാകട്ടെ അല്ലെങ്കിൽ വേറൊരു ദിക്കിലാകട്ടെ എങ്ങിനെയും ഒരു കാലത്തു ഒരുമിച്ചു താമസിച്ചു ഒരേ ഭാഷ സംസാരിച്ചുവന്നിരുന്നു എന്നു നിസ്സംശയമായും പറയാവുന്നതാകുന്നു. ഈ സംസാരിച്ചിരുന്ന ഭാഷകൾ ദിക്കുകളിലായി പിരിഞ്ഞതിനു മുമ്പ മുതല്ക്കുതന്നെ ഒരുമിച്ചു താമസിച്ചുവന്ന കാലങ്ങളിൽ ഓരോ അഭിപ്രായങ്ങൾ കാണിപ്പാൻ ഉപയോഗിച്ചുവന്നിരുന്ന വാക്കുകളും കാലക്രമംകൊണ്ടു അല്പമല്പമായി ഭേദപ്പെട്ടു പരസ്പരം സംബന്ധം അറിവാൻ പാടില്ലാത്ത വിധത്തിൽ ആകുകയും, ആ അഭിപ്രായങ്ങൾ കാണിപ്പാനായി തന്നെ മറുവാക്കുകൾ ഉണ്ടാകുകയും ഇതരഭാഷകൾ സംസാരിച്ചുവന്നിരുന്ന ജാതിക്കാരോടുകൂടി യോഗം ഉണ്ടായതുമൂലം ആ ഭാഷകളിലുള്ള വാക്കുകൾ കൂടി ഉപയോഗിച്ചുതുടങ്ങുകയും കാലക്രമേണ രണ്ടാമത്തെ പറഞ്ഞകൂട്ടത്തിലുള്ള വാക്കുകൾ സാധാരണമായി ഉപയോഗിച്ചുവന്ന ആദികാലങ്ങളിൽ ഉപയോഗിച്ചുവന്നിരുന്ന വാക്കുകൾ ചിലപ്പോൾ വെറും പഴയ ശബ്ദങ്ങൾ മാത്രമായി കലാശിക്കുകയും, അവയിൽ തന്നെ ചിലതു ഉപയോഗിക്കാതെ നശിച്ചുപോകുകയും എല്ലാം ഉണ്ടായിരിക്കാം എന്നതു നിശ്ചയം തന്നെ. എന്നാൽ ഈ വകയിൽ നിത്യത അധികം സാധാരണമായി ഉപയോഗിക്കാതെ നിവൃത്തിയില്ലാത്ത വളരെ വാക്കുകൾ അല്പമാത്രമായ ശബ്ദവ്യത്യാസങ്ങളോടുകൂടിയെങ്കിലും ഈ വർഗ്ഗക്കാരുടെ ഭാഷകളിൽ ഇന്നും കാണപ്പെടുന്നതാണെന്നുള്ളതും നിശ്ച

യാതൊന്നു. ആൎയ്യമൂലഭാഷയിൽ നിന്നു ജനിച്ചതായി പറയപ്പെടുന്ന എല്ലാ ഭാഷകളിലും പ്രത്യേകം പ്രത്യേകമായി സംബന്ധപ്പെട്ട വാക്കുകളെ ചൂണ്ടിക്കാണിക്കുകയോ ഉള്ള വാക്കുകളെ മുഴുവൻ എഴുതിക്കാണിക്കുകയോ ചെയ്യുന്നതു ഈ ആലോചനത്തിൽ പ്രയാസമായിരിക്കും. അതുകൊണ്ടു ഈ സിദ്ധാന്തത്തിന്റെ സമഷ്ടിയായ ഒരു ബോധം അതില്ലാത്ത വായനക്കാൎക്കു ഉണ്ടാകുവാൻ വേണ്ടി മാത്രം ചില ഉദാഹരണങ്ങൾ ഒരു പട്ടികയായി കാണിക്കാം.

	ഇംഗ്ലീഷ്.	ലാററിൻ.	ഗ്രീക്ക്.	ഗാത്തിക്ക് (ജൎമ്മൻ)	സെൻഡ് (പേൎഷ്യൻ)	സംസ്കൃതം.
അച്ഛൻ.	ഫാദർ.	പേറ്റർ.	പേറ്റർ.	ഫാദർ.	പിദർ.	പിതൃ
അമ്മ.	മദർ.	മേറ്റർ.	മേറ്റർ.	മുട്ടർ.	മാദർ.	മാതൃ
സഹോദരൻ.	ബ്രദർ.	ഫ്രേറ്റർ.	ഫ്രേറ്റർ.	ബ്രോദർ.	ബ്രാദർ.	ഭ്രാതൃ
സഹോദരി.	സിസ്റ്റർ.	സൊറോർ, (സൊറോൻ്റ്)	...	സ്വിസ്റ്റർ.	...	സ്വസൃ
മകൻ.	സൺ.	...	...	സുനൂസ്.	...	സൂനു
മകൾ.	ഡാട്ടർ.	...	തുഗാത്തർ.	ഡൊഹ്ടാർ, ഡാട്ടർ	...	ദുഹിതൃ
മൂക്കു.	നോസ്.	നാസസ്.	...	നാസ.	...	നാസ
കണ്ണ്.	ഐ.	ഓക്കുലസ്.	...	ഔഗാസ്.	...	അക്ഷ
പുരികം.	ബ്രൗ.	...	...	...	അബ്രൂ	ഭ്രൂ
പല്ലു.	ടൂത്ത്.	ഡെൻ്റസ്.	...	...	ദന്ദാ.	ദന്ത
ഹൃദയം.	ഹാൎട്ട്.	...	...	ഹൈൎട്ട്.	... (സുദൽ) ഹൃദ്; (ഹൃദയ)	
കാൽ.	ഫുട്ട്.	പെഡിസ്.	പൊഡൊസ്.	ഫോട്ടസ്.	...	പാദ
ഇരി.	[illegible]	[illegible]	...	...	... (സൂദ്)	സദ, (സൂദ്)
ചൂട്.	...	...	[illegible]	...	ഗരമാ.	ഘൎമ്മ
ഒന്നു.	(വൺ,) ഏ	...	...	...	...	ഏക
രണ്ടു.	ടു, (ടൊയിൻ)	ഡ്യു.	ഡ്യു	ട്വായി.	...	ദ്വ
മൂന്നു.	ത്രീ.	ട്രെസ്	ട്രെയസ്.	...	...	ത്രി
നാലു.	(ഫോർ,) ക്വാട്ടുർ	ക്വാട്ടുവർ	ടെസ്സറിസ്	...	...	ചതുർ
അഞ്ചു.	(ഫൈവ്) പെൻ്റ്.	...	പെൻ്റെ.	...	...	പഞ്ച
ആറു.	സിക്സ്	സെക്സ്	ഹെക്സ്	സെയ്സ്.	ശശ്.	ഷഷ്
ഏഴ്.	സെവൻ.	സെപ്റ്റം.	ഹെപ്റ്റ.	സിബൺ.	...	സപ്ത
എട്ടു.	എയിറ്റ്.	ഒക്ടോ.	ഒക്ടോ.	അക്ട്.	...	അഷ്ട
ഒമ്പതു.	നൈൻ.	നോവം.	എന്നിയ	...	...	നവ
പത്തു.	ടെൻ.	ഡെസം.	ഡെക്കാ	ടെഹൻ.	...	ദശ

	ഇംഗ്ലീഷ്	ലാററിൻ	ഗ്രീക്ക്	ഗാത്തിക്ക് (ജർമ്മൻ)	സെൻഡ് (പേർഷ്യൻ)	സംസ്കൃതം
പശു.	കൗ.	...	...	കു	...	ഗൗഃ
അകിട്.	അഡ്ഡർ.	ഊബർ.	ഊഥർ.	ഇയൂതർ.	...	ഊധഃ
തല.	സ്കൾ.	...	...	'ഷേദൽ.	...	കപാല
നുകം.	യോക്ക്.	യുഗം.	സ്യൂഗോൺ.	ജൂക്ക്.	...	യുഗം
ആടു.	ഈവ്.	ഓവിസ്	ഓയിസ്.	ഔവി.	...	അവി
കാള.	ഓക്സ്.	...	...	...	...	ഉക്ഷ
കുതിര.	ഹോഴ്സ്.	...	ഇക്കോസ്, (ഹിപ്പോസ്)	...	...	അശ്വഃ (ഹൈഡിൻ)
തീ.	...	ഇഗ്നിസ്.	...	...	...	അഗ്നി
വെള്ളം.	വാട്ടർ.	ഉദ.	...	...	...	ഉദകം
പകൽ.	ഡേ.	...	...	...	...	ദിന
രാത്രി.	നൈറ്റ്.	നക്ത്.	...	നാഹ്ട്.	...	നക്ത
കിഴക്കു.	ഈസ്റ്റ്.	...	ഇയോസ്.	ഓസ്റ്റ്.	...	ഉഷ
വലത്ത്.	...	ഡെക്സ്ട്ര.	ഡെക്സി തെറൊസ്.	...	...	ദക്ഷിണ
നക്ഷത്രങ്ങൾ.	അസ്ത്രിയ.	അസ്ത്രിയ.	അസ്ത്രോൺ.	...	...	നക്ഷത്ര.
ഇരുമ്പ്.	അയേൺ.	...	...	ഐസേൺ.	...	അയസ്സ്
സ്വർണം.	...	...	...	...	സരണം.	ഹിരണ്യ
വീട്.	ഹൗസ്.	...	...	ഹൗസ്.	...	ഗേഹം
വാതിൽ.	ഡോർ.	ഫോറിസ്.	തുറ.	ഡാർ.	...	ദ്വാര
വിധവ.	വിഡോ.	...	വിഡവ്.	...	...	വിധവ
ചക്രം.	വീൽ.	...	...	റേഡ്.	...	ചക്ര
മകൾ.	ഡോട്ടർ.	...	...	...	ദുഗ്ധർ.	ദുഹിതാ.
എലി.	മൗസ്.	മുസ്.	മുസ്.	മൗസ്.	മൂഷ്.	മൂഷ
ഹൃദയം.	ഹാർട്ട്.	കോർഡിസ്.	കാർഡിയാസ്.	...	...	ഹൃദയ

	ഇങ്ക്ലീഷ്.	ലാറ്റിൻ.	ഗ്രീക്ക്.	ഗാത്തിക് (ജർമ്മൻ)	സെൻഡ് (പേർഷ്യൻ)	സംസ്കൃതം
കണ്ണു.	ഐബ്രൊ.	ബ്രൂ.	...	...	...	ഭ്രൂ
ചക്രം.	ഛ്വരൻ.	സൈക്ലസ്.	കൂക്ലൊസ്.	...	ചക്ര.	ചക്രം
മധുരം.	സ്വീറ്റ്.	...	...	...	...	സ്വാദു
പുതിയ.	ന്യൂ.	നോവസ്.	...	ന്യൂ.	...	നവ
ഇരിക്കുക.	സിറ്റ്.	സെഡീ.	ഹെസെയിൻ.	സിറ്റൻ.	...	സദ്
തിന്നുക.	ഈറ്റ്.	എഡെർ.	എസ്ഥിയിൻ.	ഇതാൻ.	...	അദ്
ഞാൻ.	ഐ.	ഈഗൊ.	ഇഗൊ.	ഇക	...	അഹം
എന്നെ.	മി.	മി.	എമി.	മിക.	...	മാം.
നീ.	ദൌ, (യു)	ടു	സു, (യുമെയി)	ഉ, (ഇസ)	...	ത്വം, (യൂയം)
ഇല്ല.	നൊ.	നി.	...	നി.	...	ന
ഉണ്ടാകുന്നു. ഉത്തമ പുരുഷൻ	ആം.	സം	എസ്മി.	ഇം	...	അസ്മി
ഉണ്ടാകുന്നു. മദ്ധ്യമ പുരുഷൻ	ആർട്ട്.	എസ്സ്.	എസ്സി.	ഇസ്	...	അസി

ഈ പട്ടികയിൽ ഓരോ വാക്കുകൾക്കു ഓരോ ഭാഷകളിൽ സാമ്യമുള്ള വാക്കുകൾ കൊടുത്തിട്ടുള്ളതു എന്റെ അറിവിൽ വന്നേടത്തോളം മാത്രമുള്ളതാകുന്നു. അതുകൊണ്ടു ചില ദിക്കുകളിൽ സമാനശബ്ദങ്ങൾ കൊടുക്കാത്തതിനാൽ ആ ശബ്ദങ്ങൾ ആ ഭാഷയിൽ ഇല്ലെന്നു എന്റെ വായനക്കാർ തീർച്ചയായി വിശ്വസിച്ചു പോകരുതു. വേറെയും അനേകവാക്കുകളെ ഉദ്ദേശിച്ചുള്ള പട്ടിക ള

നിയും ദീപ്തിപ്പിക്കാവുന്നതാണ. അത എങ്ങിനെയെങ്കിലുമാവട്ടെ. മേൽ കാണിച്ച പട്ടിക നോക്കുന്നവൎക്ക അതിൽ പറയുന്ന ഭാഷക്കാൎക്കെല്ലാവൎക്കും പൊതുവായ ഒരു മാതൃഭാഷയുണ്ടായിരുന്നു എന്ന ബലമായ ഒരു അഭിപ്രായം എങ്ങിനെ ജനിക്കാതിരിക്കും? അപ്പോൾ ആ മാതൃഭാഷ ഉപയോഗിച്ചുവന്നിരുന്നവർ മറ്റു ഭാഷക്കാരുടെ പൂൎവ്വികന്മാരായിരിക്കണമെന്നും അവർ എല്ലാവരും ഒരു കാലത്ത ഒരു ദിക്കിൽ ഒരുമിച്ചുവസിച്ചിരിക്കണമെന്നും എല്ലാം സാധിക്കേണ്ടതാണെന്ന പ്രത്യേകിച്ച പറയേണ്ടതില്ലല്ലൊ. അവരെയാകുന്നു ഈ ലേഖനത്തിന്റെ അധിവാചകത്തിൽ ആൎയ്യപുരാതനന്മാർ എന്ന പറഞ്ഞിട്ടുള്ളത. അവരുടെ അന്നത്തെ സാമൂഹ്യാചാരങ്ങളെയും മതവിശ്വാസങ്ങളെയും മറ്റും കുറിച്ച ഇനി ഒരു ലേഖനത്തിൽ പ്രസ്താവിക്കുന്നതാകുന്നു.

സി. എസ്. ഗോപാലപണിക്കർ.

കുജൻ.

—:o:—

സൂൎയ്യവ്യൂഹത്തിൽ ചേൎന്ന ഗ്രഹങ്ങളിൽ ഏറ്റവും പ്രകാശമുള്ളവ ശുക്രനും, കുജനും, ബൃഹസ്പതിയുമാകുന്നു എന്ന മുമ്പ് പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഈ മൂന്നിലും വെച്ച് ശോഭകുറഞ്ഞതും, ചെറിയതും കുജനാണ. കുജങ്കൽ നിന്ന സൂൎയ്യനിലേക്കുള്ള ദൂരം ശുക്രനിൽ നിന്നുള്ളതിലും ഇരട്ടിയോളം അധികമാണ. അതുകൊണ്ട അവിടെ സൂൎയ്യപ്രകാശം ശുക്രനിൽ ഉള്ളതിലും നന്നെ കുറച്ചേയുള്ളു. ചന്ദ്രനെ ഒഴിവാക്കിയാൽ, സൂൎയ്യവ്യൂഹത്തിൽ കുജനെപ്പോലെ സൂക്ഷ്മദൎശനത്തിന്ന തരമുള്ളതായി മറ്റൊരു ഗ്രഹമില്ല. ബുധനും, ശുക്രനും, ഭൂമിയുടെ നടവഴിക്കകത്തും, കുജനും ബൃഹസ്പതിയും പുറത്തും ആയി സൂൎയ്യനെ ചുറ്റി ചരിക്കുന്ന ഗ്രഹങ്ങളാകുന്നു. ഇവയിൽ കുജന്റെ ഉപരിഭാഗത്തെ കുറിച്ച നമുക്ക അറിവുള്ളതുപോലെ മറ്റൊന്നിന്റേതിനെയും പറ്റി അറിവില്ല. എന്തെന്നാൽ, ബുധൻ സൂൎയ്യന്ന വളരെ അടുത്തിരിക്കുന്നതുകൊണ്ട്, സൂൎയ്യപ്രകാശാധിക്യം നിമിത്തം ദുൎന്നിരീക്ഷ്യമായിരിക്കുന്നു. ശുക്രനോ കന

ത്ത മേഘപടലത്താൽ മൂടപ്പെട്ടിരിക്കുന്നു. ഉപഗ്രഹങ്ങൾ വളരെ ചെറിയവയാകകൊണ്ട് അവയെ കണ്ടറിവാനും പ്രയാസം. എന്നാൽ, വലിയഗ്രഹങ്ങൾ കുജനെക്കാൾ അതിദൂരത്തും, മേഘപടലങ്ങളാൽ മൂടപ്പെട്ടും ഇരിക്കുന്നതുകൊണ്ടു അവയും കക്ഷ്യവസ്ഥയിലുള്ള കുജനെപ്പോലെ സൂക്ഷ്മദർശനത്തിനു സൌകര്യപ്രദങ്ങളായി തീരുന്നില്ല.

ശുക്രനും, കുജനും കൂടക്കൂടെ ഭൂമിയെ സമീപിക്കുന്നുണ്ട്. എന്നാൽ ഭൂമിയിൽനിന്നു ആ ഗ്രഹങ്ങളിലേക്കുള്ള അകലം എപ്പോഴും വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്നു. ചിലപ്പോൾ ശുക്രൻ സൂര്യന്റെ ഒരു ഭാഗത്തും, ഭൂമി സൂര്യന്റെ മറെറാരുഭാഗത്തായി കുജനെ സമീപിച്ചും വരുന്നു. കുജൻ സൂര്യന്റെ ഒരുഭാഗത്തും നേരെമറുഭാഗത്ത ശുക്രനും ഭൂമിയും ആയും, ചിലസമയങ്ങളിൽ കാണുന്നുണ്ട്. എന്നാൽ മറ്റു ചില സമയങ്ങളിൽ ഭൂമിയും കുജനും സൂര്യന്റെ ഇരുഭാഗങ്ങളിലും ശുക്രൻ മദ്ധ്യത്തിലായിട്ടും, അല്ലെങ്കിൽ കുജനും ശുക്രനും സൂര്യന്റെ ഇരുഭാഗങ്ങളിലും ഭൂമി അവയുടെ മദ്ധ്യത്തിലായിട്ടും വരാറുണ്ട്. ഈ മൂന്നു ഗ്രഹങ്ങളുടെ ഗതിയിൽ വരുന്നതായ മുൻപറഞ്ഞ സ്ഥാനഭേദങ്ങളെ വായനക്കാർക്ക് എളുപ്പത്തിൽ മനസ്സിലാക്കുവാൻ ഒരു ഉദാഹരണം പറയാം. ഒരു വൃക്ഷത്തിനുചുറ്റും വൃത്താകാരങ്ങളായി മൂന്നുവഴികൾ ഉണ്ടെന്നു വിചാരിക്കുക. വൃക്ഷത്തിന്നടുത്ത ഒന്നാമത്തെ വഴി രണ്ടാമത്തേതിലും, രണ്ടാമത്തേതു മൂന്നാമത്തേതിലും ചുററളവിൽ കുറഞ്ഞിരിക്കുമെന്നു പറയേണ്ടതില്ലല്ലോ. ഈ വഴികളിൽ കൂടി മൂന്നുകുട്ടികൾ വട്ടത്തിലോടുന്നതായാൽ അവർ മൂന്നു പേരും സദാപി അടുത്തിരിക്കയില്ല. ചിലപ്പോൾ അവർ വൃക്ഷത്തിന്റെ ഒരുഭാഗത്തും, മറ്റുചിലപ്പോൾ രണ്ടുപേർ ഇരുഭാഗത്തും ഒരാൾ മദ്ധ്യത്തിലും, വേറെ ചിലസമയങ്ങളിൽ രണ്ടുപേർ ഒരു ഭാഗത്തും മൂന്നാമൻ മറുഭാഗത്തും ഇങ്ങിനെ പലപ്രകാരത്തിലുമായി വരാവുന്നതാണല്ലോ. ഇപ്രകാരം തന്നെയാണ മേൽപറഞ്ഞ ഗ്രഹങ്ങൾക്കു സ്ഥാനഭേദങ്ങൾ വരുന്നത്.

സൂര്യന്റെ ഏതെങ്കിലും ഒരു വശത്ത് ശുക്രനും, ഭൂമിയും, കുജനും ഒരുവരിയായി വരുമ്പോളാകുന്നു അവയന്യോന്യം ഏററവും

സമീപിക്കുന്നത്. ഇങ്ങിനെ വരുമ്പോൾ തന്നെ ശുക്രനും ഭൂമിയുമായി ഏകദേശം രണ്ടുകോടി അറുപത്‌ലക്ഷം നാഴികയും, ഭൂമിയും കുജനും തമ്മിൽ ഏകദേശം മൂന്നുകോടി അമ്പത്തലക്ഷം നാഴികയും അകലം ഉണ്ടായിരിക്കും. നല്ല അടുപ്പം തന്നെ! എന്നാൽ ശുക്രനും ഭൂമിയുമോ, കുജനും ഭൂമിയുമൊ ആയി പലപ്പോഴും അടുക്കുന്നുണ്ടെങ്കിലും ഈ മൂന്ന ഗ്രഹങ്ങളും സമീപിച്ച് ഒരേരീതിയായിട്ടുള്ളതായിട്ട വരുന്നുള്ളൂ. ഇങ്ങിനെ വരുമ്പോൾ ശുക്രനെക്കാൾ കുജനെ അധികം സ്പഷ്ടമായി നോക്കി മനസ്സിലാക്കാവുന്നതാണ. എന്തെന്നാൽ ശുക്രൻ നമുക്കും സൂര്യനും മദ്ധ്യേയായി വരുന്നതുകൊണ്ടു, നമുക്ക് അഭിമുഖമായി വരുന്ന അതിന്റെ അദ്ധാംശത്തിൽ ഒട്ടും പ്രകാശമില്ലാതിരിക്കുന്നതിനാൽ അതിനെ ആകൃതി കണ്ട് മനസ്സിലാക്കുവാൻ കഴിയുന്നില്ല. എന്നാൽ കുജൻ ഭൂമിയുടെ പരുതിക്കു പുറമെയായി ചരിക്കുന്നതുകൊണ്ട് സൂര്യപ്രകാശത്താൽ അരുണനിറമായി ശോഭിക്കുന്ന അതിന്റെ അംശം നമുക്ക് നേരെയായി വരികയും, അപ്പോൾ അതിനെ നമുക്കു സ്പഷ്ടമായി കാണ്മാൻ കഴികയും ചെയ്യുന്നു. ഇതതിന്റെ അവസ്ഥ വിചാരിച്ചു സ്പഷ്ടമെന്ന പറഞ്ഞുപോയതാണ.

ഇതുകൊണ്ട വളരെ ശക്തിയുള്ള ഒരു ദൂരദശിനിയിൽ കൂടി നോക്കിയാൽ കുജനിൽ വായുക്കാം, വീടുകാം, ജീവികാം ഇങ്ങിയുള്ളവയെ നമുക്ക കാണ്മാൻ കഴിയുമെന്ന വിചാരിച്ചുപോകരുത. ഭൂഖണ്ഡങ്ങളെയും, സമുദ്രങ്ങളെയും കൂടി വ്യക്തമായി കാണ്മാൻ സാധിക്കുന്നില്ല. സാധാരണയായി നമ്മുടെ കണ്ണുകൾക്ക ഗോചരമായി വരുന്നത് പച്ചനിറത്തിലും, ചുമപ്പുനിറത്തിലും ഉള്ള അവ്യക്ത കളങ്കങ്ങളാകുന്നു. ഇതിൽ പച്ചനിറത്തിൽ കാണുന്നത് സമുദ്രവും, ചുമപ്പ കരയുമാണെന്നാണ് വിശ്വസിച്ചുവരുന്നത്. ഇതു കൂടാതെ ഈഗ്രഹത്തിന്റെ ദക്ഷിണോത്തര ധ്രുവങ്ങളോടടുത്ത ചില ധാവള്യ ശകലങ്ങൾ കാണുന്നത് മഞ്ഞ്‌സഞ്ചയിച്ചുള്ള കണങ്ങളാണെന്ന ഊഹിച്ചു വരുന്നു. മേൽപറഞ്ഞ അവ്യക്ത കളങ്കങ്ങൾ എല്ലാകാലത്തിലും യാതൊരുമാററവും കൂടാതെ ഒരേസ്ഥലത്തായിത്തന്നെ കാണപ്പെടുന്നതിനാൽ, ഭൂഖണ്ഡങ്ങളും സമുദ്ര

ങ്ങളും ആയിരിക്കുമെന്ന വിചാരിച്ചു അതുകൾക്കു പ്രത്യേകപ്പേരുകൾ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കൊടുത്തിട്ടുണ്ടു. നിശ്ചയമില്ലാതെ അവിടവിടെയായി കാണുന്ന ചില കളങ്കങ്ങളെ മേഘങ്ങളായിട്ടാണ ഗണിച്ചു വരുന്നത്. കുജനിൽ വ്യക്തമായി കാണാവുന്ന ഒരു കളങ്കത്തെ "ഗ്രഹത്തിന്റെ കണ്ണു" എന്ന വിളിച്ചു വരുന്നു. അധികം ശക്തിയില്ലാത്ത ഒരു ദൂരദർശിനിയിൽ കൂടി ഈ ഗ്രഹത്തെ നോക്കുമ്പോൾ അതിന്റെ ഉപരിഭാഗത്ത് പ്രകാശമുള്ള ഒരു പ്രദേശത്തിന്റെ നടുവിൽ ഒരു പുള്ളിയായി ഈ കണ്ണ് കാണപ്പെടുന്നു. ഈ പ്രദേശത്തിനു ഏകദേശം 1200 നാഴികയും കണ്ണിനു 500നാഴികയും ചുറ്റളവുണ്ടത്രേ!

ക്രിസ്ത്വാബ്ദം 1877-വരെ കുജന്നു സമീപം യാതൊരു ചന്ദ്രനു*മില്ലെന്നാണ് വിചാരിച്ചു വന്നിരുന്നത്. എന്നാൽ പിന്നീടുണ്ടായിട്ടുള്ള പരീക്ഷകൾകൊണ്ടു ഈ ഗ്രഹത്തിനു ചുറ്റും രണ്ടു ചെറിയ ഉപഗ്രഹങ്ങൾ ചരിക്കുന്നതായി കണ്ടറിഞ്ഞിരിക്കുന്നു. കുജനെ പറ്റി വേറെ ചില സംഗതികൾ കൂടി അറിവുണ്ടു.

കുജന്റെ ഒരു പരിഭ്രമണത്തിന് ഏകദേശം 24½ മണിക്കൂറ് വേണ്ടിവരുന്നു എന്നും, സൂര്യനെ ഒന്നു ചുറ്റിവരുന്നതിനു ഈ ഗ്രഹത്തിനു 687ദിവസങ്ങളോളം വേണമെന്നും ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കണ്ടു പിടിച്ചിരിക്കുന്നു. ഭൂമിക്കു ഒരു പരിഭ്രമണത്തിനു 24മണിക്കൂറ വേണമെന്നുള്ള സംഗതി എല്ലാവർക്കും അറിയാമല്ലോ. ഇതിനുപുറമേ ഈ രണ്ടുഗ്രഹങ്ങളുടെയും ധ്രുവങ്ങൾ അവയുടെ ഗ്രഹപദ്ധതികളിലേക്ക് ഒരുപോലെ ചാഞ്ഞിരിക്കുന്നതുകൊണ്ട് ഋതുക്കളുടെ മാറ്റങ്ങൾ ഈ ഗ്രഹങ്ങളിൽ ഒരേകാലത്തായിരിക്കണമെന്നു കൂടി നമുക്ക് ഊഹിക്കാം.

ഭൂമിയിൽ ഉള്ളപോലെ കുജനിലും ഒരു വായുമണ്ഡലമുണ്ടെന്നും, അത ധാരാളം നീരാവിയാൽ സമ്മിശ്രമായിരിക്കുന്നുഎന്നും, ഈ നീരാവി പലപ്പോഴും മേഘങ്ങളായി പരിണമിച്ച് മഴയായിട്ടോ, മഞ്ഞായിട്ടോ വീഴുന്നുഎന്നും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഇ

* 'ചന്ദ്രൻ' എന്ന പദത്തിന്നു സാമാന്യമായിട്ടു ഒരു ഗ്രഹത്തെ ചുറ്റുന്ന 'ഉപഗ്രഹ'മെന്ന ഇവിടെ ജ്യോതിശ്ശാസ്ത്രജ്ഞന്മാർ അർത്ഥം വിവക്ഷിച്ചിട്ടുണ്ടു.

ങ്ങിനെ മഴയുള്ളതായി അറിയുന്നതുകൊണ്ട് ആ ഗ്രഹത്തിൽ തടാകങ്ങളോ, സമുദ്രങ്ങളോ ഉണ്ടെന്നുള്ള ഊഹം മുക്കാലും ശരിയായിരിക്കണം.

ഈ ഗ്രഹത്തിൽ ജീവജാലങ്ങൾ വസിക്കുന്നുണ്ടോ എന്നുള്ള സംഗതിയെപ്പററി നമുക്ക് യാതൊരു അറിവും ഇല്ല. വായുമണ്ഡലം, മേഘം, മഞ്ഞ്, മഴ, കാററ്, സൂര്യപ്രകാശം എന്നിവയുള്ളതുകൊണ്ട ആ പ്രദേശം ഭൂമിയിൽ കാണുന്നതുപോലെയുള്ള ജീവികൾക്ക നിവാസയോഗ്യമായിരിക്കണമെന്ന തീർച്ചപറവാൻ വയ്യാ. കുജനിലെ വായുമണ്ഡലം നമ്മുടെ വായുമണ്ഡലത്തിൽനിന്ന വളരെ വ്യത്യാസപ്പെട്ടിട്ടുള്ളതാണെന്ന ജ്യോതിശ്ശാസ്ത്രജ്ഞന്മാർ എല്ലാവരും സമ്മതിക്കുന്നു. ഭൂമിയേക്കാൾ കുജൻ വളരെ ചെറിയ ഗോളമാണെന്നുള്ള ഏകസംഗതി കൊണ്ടുതന്നെ ഈ അഭിപ്രായം ശരിയാണെന്ന തീർച്ചയാക്കാം. നാം വസിക്കുന്ന ഭൂമിക്കു 8000 നാഴികയോളം മദ്ധ്യവ്യാസമുണ്ട്. എന്നാൽ കുജന് 4000 നാഴികയേയുള്ളു. എല്ലാ ഗോളങ്ങൾക്കും അന്യവസ്തുക്കളെ ആകർഷിക്കുന്നതിനു ഒരു വിശേഷശക്തിയുണ്ട്. ആ ശക്തി അവയുടെ വലിപ്പത്തിന്റെ ഏറ്റക്കുറച്ചിലിനെ അനുസരിച്ചിരിക്കുന്നു. വലിയ ഗോളങ്ങൾക്കു ആകർഷണശക്തി അധികവും, ചെറിയവയ്ക്കു കുറച്ചും ആയിരിക്കും. ഭൂമിയിലെ ആകർഷണശക്തി വായുവിനെ നിലത്തോടു സംബന്ധിപ്പിച്ച്, ജീവികൾക്കു ശ്വസിപ്പാൻ യോഗ്യമാംവണ്ണം അതിനെ ഘനമുള്ളതാക്കിത്തീർക്കുന്നു. എന്നാൽ കുജൻ ഭൂമിയേക്കാൾ ചെറിയതാകകൊണ്ട അവിടെ ഈ ശക്തി കുറഞ്ഞിരിപ്പാനേ വഴിയുള്ളു എന്ന പ്രത്യേകം പ്രസ്താവിക്കേണ്ടതില്ലല്ലൊ. ഇതുകൊണ്ട അവിടെയുള്ള വായു എത്രതന്നെ നിലത്തോടടുത്തിട്ടുള്ളതായാലും, വളരെ ഘനം കുറഞ്ഞതായിരിക്കും എന്ന ഊഹിക്കാവുന്നതാണ്. ഭൂമി വിട്ടു മേല്പോട്ടു പോകുന്തോറും വായുവിന്റെ ഘനം കുറഞ്ഞ് കുറഞ്ഞ് വരുന്നു എന്നുള്ള സംഗതി എല്ലാവർക്കും അറിയാവുന്നതാണല്ലൊ. വായുമണ്ഡലത്തിന്റെ സ്വഭാവം എല്ലാ ഗ്രഹങ്ങളിലും ഇങ്ങിനെതന്നെയാണ്. വളരെ ഉയരമുള്ള ഒരു കുന്ന് കയറുമ്പോൾ ശ്വസിപ്പാൻ ഉണ്ടാവുന്ന ബുദ്ധിമുട്ട്

വായു വളരെ നേൎമ്മയുള്ളതായിത്തീൎന്നതുകൊണ്ടാകുന്നു. ഒരു ഗ്രഹത്തിലെ ജീവികൾക്കും, വസ്തുക്കൾക്കും എല്ലാം ഘനം ഉണ്ടാകുന്നതിന്നു കാരണം ആ ഗ്രഹത്തിലെ ആകൎഷണശക്തിയാണു്. ഒരു വസ്തുവിന്റെ ഘനം എന്നു പറയുന്നതു ഭൂമിക്കു അതിനെ നിലത്തേക്കു വീഴ്ത്തുവാൻ വേണ്ടിവരുന്നതായ ആകൎഷണശക്തിയുടെ ഫലമാകുന്നു. എന്നാൽ ഈ ശക്തി എല്ലാവസ്തുക്കളിലും ഒരുപോലെ പ്രയോഗിക്കേണ്ടിവരുന്നില്ല. അതിനാലാണു് വസ്തുക്കൾക്കു ഘനവ്യത്യാസമുണ്ടാകുന്നതു്. ചന്ദ്രന്റെ ആകൎഷണശക്തി ഭൂമിയുടേതിലും കുറവാകകൊണ്ടു ആ ഗ്രഹത്തിൽ ജീവജാലങ്ങൾ ഉണ്ടെങ്കിൽ തന്നെ അവ ആ നേൎമ്മയുള്ള വായു ശ്വസിച്ചു ജീവിക്കുന്നവയും ഭൂമിയിലെ ജീവികളെക്കാൾ വളരെ ഘനംകുറഞ്ഞവയും ആയിരിക്കണം.

നമ്മുടെ ഭൂമിയെപ്പോലെതന്നെ സകല ഗ്രഹങ്ങളും ജീവികളുടെ അധിവാസത്തിനായി സൃഷ്ടിക്കപ്പെട്ടവയാണെന്നാകുന്നു ചിലരുടെ അഭിപ്രായം. അതിനെയല്ലെങ്കിൽ ആ സൃഷ്ടികൊണ്ടു പ്രയോജനമില്ലെന്നും, നിഷ്പ്രയോജനമായ ഒരു പ്രവൃത്തിക്കു ഈശ്വരൻ ഒരുമ്പെടുകയില്ലെന്നും അവർ വാദിക്കുന്നു. സ്രഷ്ടാവിന്റെ ഉദ്ദേശങ്ങളെ മുഴുവനും മനുഷ്യമനസ്സിലാക്കുവാൻ സാധിക്കാത്ത സ്ഥിതിക്കു ഈ സിദ്ധാന്തം ശരിയാണെന്നോ, അല്ലെന്നോ സ്ഥാപിക്കുവാൻ ഞങ്ങൾ തയ്യാറില്ല. ഭൂമിയെ പോലെതന്നെ മറ്റു ഗ്രഹങ്ങളും ജീവികൾക്കു താമസിക്കുവാൻവേണ്ടി സൃഷ്ടിക്കപ്പെട്ടവയായിരിക്കാം. അല്ലെന്നു ഞങ്ങൾ പ്രതിവാദിക്കുന്നില്ല. പക്ഷെ ഇതിൽ സാരമായ ഒരു സംഗതികൂടി ആലോചിപ്പാനുണ്ടു്. ഭൂമി ഇങ്ങിനെ ജീവികൾക്കു നിവാസയോഗ്യമായിത്തീൎന്നിട്ടുള്ളതു വളരെ വളരെ കാലംകൊണ്ടുമാത്രമാണു. എന്തെന്നാൽ ആദിയിൽ ഭൂമി ഒരു ദീപ്തിമത്തായ ഗ്രഹമായിരുന്നിരിക്കണമെന്നും, വളരെ കാലംകൊണ്ടു് അതിന്റെ താപശക്തി നശിച്ചതിന്നുശേഷം മാത്രമേ നാനാതരം ജീവികൾ അതിൽ ഉണ്ടായിത്തുടങ്ങിയുള്ളൂ എന്നും, ഇതിന്നുശേഷം അനേകായിരം കൊല്ലം കഴിഞ്ഞിട്ടേ മനുഷ്യൎക്കു നിവാസയോഗ്യമായിത്തീൎന്നിട്ടുള്ളു എന്നും ഭൂപ്രകൃതിശാസ്ത്രജ്ഞ

ന്മാർ തെളിയിച്ചഭിപ്രായപ്പെട്ടിട്ടുണ്ട്. ചെറിയ ഒരു ഗോളത്തിന്റെ താപശക്തി വേഗത്തിൽ നശിച്ചുപോകുന്നതാണ്. എന്നാൽ ഗോളം വലുതാകുംതോറും തണുക്കുന്നതിനു അധികം താമസം വേണ്ടിവരുന്നു. ഇങ്ങിനെ തണുത്തതിനുശേഷം വളരെ കാലം കഴിഞ്ഞാൽ മാത്രമേ അത് അധിവാസത്തിനു യോഗ്യമായിത്തീരുന്നുള്ളു. ഭൂമിയിലെ ചൂട് നശിക്കുന്നതിന് കുജന് തണുപ്പാൻ വേണ്ടിവരുന്നതിലും ഒരു ഇരട്ടികാലതാമസം വേണ്ടിവരുന്നു എന്നു കണ്ടുപിടിച്ചിരിക്കുന്നു. ഭൂമിയും കുജനും ഒരേകാലത്തുതന്നെ തണുപ്പാൻ തുടങ്ങിയെന്നും, ആ കാലം ഒരുകോടിഎണ്പതുലക്ഷം വർഷങ്ങൾക്ക് മുമ്പാണെന്നും വിചാരിക്കുന്നതായാൽ ഭൂമിയുടെ ഇപ്പോഴത്തെ സ്ഥിതി, കുജൻ ഒരുകോടി പത്തുലക്ഷം കൊല്ലങ്ങൾക്കു മുമ്പുതന്നെ പ്രാപിച്ചിരിക്കണമെന്നും, ഈ ഒരുകോടി പത്ത്ലക്ഷം കൊല്ലങ്ങൾകൊണ്ട് ഭൂമി ഇനി രണ്ടുകോടി എണ്പതുലക്ഷം സംവത്സരങ്ങൾ കഴിഞ്ഞാൽ പ്രാപിക്കുന്ന സ്ഥിതിയെ കുജൻ ഇപ്പോൾ പ്രാപിച്ചിരിക്കുന്നുവെന്നും കണക്കാക്കീട്ടുണ്ട്. ഈ സംഗതികൊണ്ട് ഭൂമിയിൽ ഇപ്പോൾ കണ്ടുവരുന്നതായ ജീവജാലങ്ങൾ കുജനിൽ ഉണ്ടായിരിപ്പാൻ തരമില്ലെന്നും അഥവാ ഉണ്ടായിരുന്നെങ്കിൽതന്നെ അത് എത്രയോ കാലം മുമ്പായിരിക്കണമെന്നും ഊഹിക്കാവുന്നതാണ്. എന്നാൽ ആ ഗ്രഹത്തിലെ ശോഷമായ വായുമണ്ഡലത്തിന്നനുസരിച്ച് പ്രത്യേകതരം ജീവികൾ അവിടെ ഇല്ലന്നോ, ഇനി ഉണ്ടാവുകയില്ലെന്നോ ഖണ്ഡിച്ചു പറവാനും ഞങ്ങൾ ഒരുങ്ങുന്നില്ല. വിസ്മയകരമായ ജഗൽസൃഷ്ടിയിൽ നമ്മുടെ അറിവിൽപെടാത്തതായി എന്തെല്ലാം രഹസ്യങ്ങളുണ്ട്?

എസ്സ്. വി. ആർ.

സുനീതി.*

:0:

വിശാചപുരം എന്ന രാജ്യം ധനസമൃദ്ധികൊണ്ടും ബുദ്ധിമത്തുക്കളായ ജനങ്ങളെക്കൊണ്ടും പുരാതനമായ കീർത്തിയോടു കൂടിയതായിരുന്നു. ഇത്രപ്രാബല്യവും ഐശ്വര്യവുമുള്ള വേറെ ഒരു രാജ്യം

* ഷേക്സ്പിയർ എന്ന മഹാകവിയുടെ 'ഒതെല്ലോ' എന്ന കഥയാകുന്നു ഇതിന്റെ മൂലം.

ഉണ്ടായിരുന്നില്ല. രാജ്യത്തിൻ്റെ ക്ഷേമത്തിൽ അയൽരാജ്യക്കാർക്കുതന്നെ അസൂയയുണ്ടായിരുന്നു. എന്നാൽ ശത്രുക്കളുടെ ആക്രമണത്തിൽ നിന്നു രാജ്യത്തെ രക്ഷിക്കേണ്ടതിന്ന് അവിടെ സ്ഥിരമായി നിർത്തിയിരുന്ന സൈന്യത്തെ ഭയപ്പെട്ട് ഒരുത്തരും അതിൻ്റെ നേരെ തിരിഞ്ഞു നോക്കുവാൻ കൂടി ധൈര്യമുണ്ടായില്ല.

ഈ സൈന്യത്തിൽ മാർത്താണ്ഡൻ എന്നു പേരായ ഒരു പടയാളിയുണ്ടായിരുന്നു. മാർത്താണ്ഡൻ വലിയ ശൂരനും ബുദ്ധിമാനുമായിരുന്നു. അദ്ദേഹത്തിൻ്റെ ധൈര്യം, നടവടി, യുദ്ധസമയങ്ങളിൽ കാട്ടിയ ബുദ്ധിശക്തി മുതലായ സൽഗുണങ്ങൾ വിശാപുരത്തിലെ ജനനായകന്മാരുടെ ദൃഷ്ടിയിൽപെട്ട മുതൽക്ക് അദ്ദേഹം ആരാജ്യത്തിലുള്ള എല്ലാവരുടെയും ഭക്തി ബഹുമാനാദികൾക്കു പാത്രമായിത്തീർന്നതിന്നു പുറമെ അല്പകാലത്തിനുള്ളിൽ സൈന്യത്തിൻ്റെ നായകനായിത്തീരുകയും ചെയ്തു.

വിശാപുരത്തിലെ ഒരു പ്രഭുവിൻ്റെ മകളായിട്ടു സുനീതിയെന്നു പേരായ ഒരു സ്ത്രീരത്നമുണ്ടായിരുന്നു. സൌന്ദര്യം, ദയ, വിനയം ബുദ്ധി മുതലായ പല സൽഗുണങ്ങളുടെയും വിളനിലമായ ഈ യുവതിയെ ലഭിച്ചാൽ ജന്മസാഫല്യമായി എന്നു വിചാരിച്ചുകൊണ്ടു വിശാപുരത്തിലെ അനേകം ചെറുപ്പക്കാർ കാര്യസാദ്ധ്യത്തിന്ന് യത്നം ചെയ്തുവന്നു. കുലശ്രേഷ്ഠത, സൌന്ദര്യം, ദ്രവ്യം മുതലായി സാധാരണ യുവതികളുടെ മനസ്സിനെ ആകർഷിപ്പാൻ മതിയായ ഗുണങ്ങൾ ഉള്ളവർ ഈ ചെറുപ്പക്കാരിലുമുണ്ടായിരുന്നുവെങ്കിലും ഒരു ഭർത്താവിന്ന് ആവശ്യം വേണ്ടവയിൽ മികച്ച ഗുണങ്ങളും ഇവരിൽ ശൂന്യമായിട്ടാണ നമ്മുടെ സുനീതി കണ്ടതു.

മാർത്താണ്ഡൻ സുനീതിയുടെ അച്ഛൻ്റെ ഒരു സ്നേഹിതനായിരുന്നതിനാൽ അദ്ദേഹം കൂടക്കൂടെ ആ പ്രഭുവിൻ്റെ അടുക്കൽ പോയി ആ സ്ത്രീയുടെ അച്ഛൻചെയ്ത സല്ക്കാരം സ്വീകരിക്കുകയും ഒരു യോദ്ധാവായ തനിക്ക് സംഭവിച്ച പലവിധമായ അപകടങ്ങളെയും അവയിൽ നിന്നു രക്ഷപ്പെടുവാൻ താൻ ചെയ്ത ഉപായങ്ങളെയും പറ്റി പ്രസ്താവിക്കുകയും ചെയ്തു. രസകരങ്ങളായ പല കഥകളും ഈ സന്ദർഭങ്ങളിൽ മാർത്താണ്ഡൻ പറക പതിവായിരു

ന്നു. കഥപറയുമ്പോഴും അദ്ദേഹം അനുഭവിച്ച കഷ്ടതകളെ പറഞ്ഞു കേൾപ്പിക്കുമ്പോഴും സുനീതി ശ്രദ്ധയോടുകൂടി ഏറ്റവും കേൾക്കുക പതിവായിരുന്നു. അദ്ദേഹത്തിൻെറ ഓരോ സൽകൃത്യങ്ങളെപ്പററി കേട്ടമുതൽക്കു സുനീതിക്കു മാർത്താണ്ഡനെ ഭർത്താവായിട്ട് കിട്ടിയാൽ കൊള്ളാമെന്ന് ആഗ്രഹം തോന്നിത്തുടങ്ങി. അന്നു മുതല്ക്ക് അദ്ദേഹത്തെ വിട്ടിരിപ്പാൻ കൂടി മനസ്സില്ലാതാവത്തക്കവണ്ണം പ്രേമം ദിവസന്തോറും വർദ്ധിച്ചുവന്നു. ആ ദിക്കിലെ ആചാരപ്രകാരം വിരോധമില്ലായിരുന്നുവെങ്കിൽ അച്ഛനെ വിവരം അറിയിച്ചു വിവാഹം നടത്തിക്കേണമെന്നു സുനീതിക്കാഗ്രഹമുണ്ടായിരുന്നു. എന്നാൽ അതിന്നു അച്ഛൻ ഒരിക്കലും സമ്മതിക്കുന്നതല്ലെന്നു ദൃഢമായി ഉറപ്പുണ്ടായിരുന്നതിനാൽ അങ്ങിനെ ശ്രമിക്കേണ്ടെന്നു തീർച്ചയാക്കി. ഇതുവരെ തന്നെ പ്രേമഭാജനമായി വിചാരിച്ചു വളർത്തിക്കൊണ്ടുവന്ന അച്ഛനെ ഒരുവിധത്തിലും മുഷിപ്പിക്കാതെ കഴിക്കേണമെന്നുവെച്ചു സുനീതി പലേമാതിരിയും മനസ്സിലാലോചിച്ചുവെങ്കിലും യാതൊന്നും ആഗ്രഹനിവൃത്തി വരുത്തത്തക്കവണ്ണമുള്ളതായി തോന്നാഞ്ഞതിനാലും ആഗ്രഹത്തെ അടക്കുവാൻ അശക്തയായി തീർന്നതിനാലും മാർത്താണ്ഡന് വിരോധമില്ലാത്ത പക്ഷം അദ്ദേഹത്തോടൊരുമിച്ചു ചാടിപ്പോകുവാൻ ഉറച്ചു. വിവരം മാർത്താണ്ഡനെ അറിയിച്ചു. മാർത്താണ്ഡനും കുറേദിവസമായിട്ട് സുനീതിയിൽ പ്രേമം ജനിച്ചിരിക്കുന്നു. എന്നാൽ തനിക്ക് ആ സ്ത്രീരത്നത്തിൻെറ ഭർത്താവാകുവാൻ തരമാവുകയില്ലെന്നു വിചാരിച്ചു ആഗ്രഹം പുറത്തു പറയാതിരുന്നതാണ്. സുനീതിയുടെ ആഗ്രഹം മനസ്സിലായപ്പോൾ അദ്ദേഹത്തിന്നു വലുതായ ഒരു നിധി കിട്ടിയതുപോലെയുള്ള സന്തോഷമുണ്ടായി. ഒരു ദിവസം രണ്ടുപേരും കൂടി തക്കം നോക്കി അവിടെനിന്നു ചാടി.

ജാതികൊണ്ടും പദവികൊണ്ടും മാർത്താണ്ഡന്നു സുനീതിയുടെ ഭർത്താവാകുവാൻ പാടില്ലായിരുന്നു. പുത്രിയെ വീട്ടിൽ കാണ്മാനില്ലെന്നറിഞ്ഞപ്പോൾ പ്രഭു വളരെ വ്യസനത്തിൽപെട്ടു. അന്വേഷണംചെയ്തപ്പോൾ വാസ്തവം മനസ്സിലായി.

തൻെറ ഏകപുത്രിയായ സുനീതി ജാതികൊണ്ടു താഴ്ചയുള്ള ഒരാളെ വിവാഹം കഴിച്ചുവെന്ന വിവരം ആ രാജ്യക്കാർ അറിഞ്ഞാ

ൽ താൻ പരിഹാസത്തിന്ന പാത്രമാവുമല്ലൊ എന്ന് ഓൎത്തിട്ടുള്ള ശ്രമത്തിന്നസമൎത്ഥനായിത്തീൎന്നു. എന്നുതന്നെയല്ല പുത്രിയുടെനേരെയുണ്ടായിരുന്ന സ്നേഹവും ഉടനെ അസ്തമിച്ചു. എത്രയായാലും ധൂൎത്തനായ മാൎത്താണ്ഡനെ വെറുതെ വിടാൻ പാടില്ലെന്ന തീൎച്ചയാക്കി തന്റെ ഏകപുത്രിയായ സുദീതിയെ മാൎത്താണ്ഡൻ മന്ത്രവാദം പ്രയോഗിച്ച് പാട്ടിലാക്കിയിരിക്കുന്നുവെന്ന ഉള്ള ന്യായാധിപന്മാരോട സങ്കടം പറഞ്ഞു. ന്യായാധിപന്മാർ ഉടനെ മാൎത്താണ്ഡനെ വരുത്തി വിസ്തരിച്ചപ്പോൾ താൻ കുറ്റക്കാരനല്ലെന്നു സുദീതിയെ വരുത്തി ചോദിച്ചു താൻ ന്യായവിരോധമായി എന്തെങ്കിലും പ്രവൃത്തിച്ചിട്ടുണ്ടെന്ന ആ സ്ത്രീ പറയുന്നപക്ഷം തന്നെ എന്തു ശിക്ഷക്കും പാത്രമാകുന്നതു സമ്മതമാണെന്നും അദ്ദേഹം പറഞ്ഞതു കേട്ട് അവർ സുദീതിയെ വരുത്തി. ആ കാൎയ്യത്തിൽ മാൎത്താണ്ഡൻ തെറ്റുകാരനല്ലെന്നും ആ സ്ത്രീയുടെ അനുഗ്രഹപ്രകാരം അദ്ദേഹം വിവാഹം ചെയ്യുന്നതാണെന്നും സുദീതി പറഞ്ഞതിനാൽ ന്യായാധിപന്മാൎക്കു യാതൊന്നും ചെയ്യാൻ തരമുണ്ടായില്ല.

മാൎത്താണ്ഡനും സുദീതിയും ഐകമത്യത്തോടു കൂടി വിശാലപുരത്തിൽ താമസിച്ചു. അന്യോന്യം രസിക്കാത്തതും പ്രേമസൂചകമല്ലാത്തതുമായ ഒരു വാക്കുപോലും അവൎക്ക് പറവാൻ സംഗതിയുണ്ടായിട്ടില്ല.

വിശാലപുരം രാജ്യത്തിന്നു കീഴിൽ സുപ്രതീക്ഷം എന്നുപേരായ ഒരു ദ്വീപുണ്ടായിരുന്നു.

രാജ്യക്കാരുടെ കലഹമുണ്ടായാൽ നിൎത്തൽ ചെയ്യുന്നതിന്നും രാജ്യരക്ഷക്കുമായി ഒരു സൈന്യത്തെ അവിടെ പാൎപ്പിച്ചിട്ടുണ്ടായിരുന്നു. സംഗതിവശാൽ ആ സൈന്യത്തെ മാറ്റി മറ്റൊരു സൈന്യത്തെ അങ്ങോട്ടയപ്പാൻ വിശാലപുരക്കാർ തീൎച്ചയാക്കി. ഈ സൈന്യത്തിന്നധിപനായിട്ട തല്ക്കാലം മാൎത്താണ്ഡനെ തന്നെ അയക്കേണ്ടിവന്നു. സുപ്രതീക്ഷമെന്ന ദ്വീപിനെ കൈവശപ്പെടുത്താൻ മറ്റു ചില രാജ്യക്കാർ ശ്രമിക്കുന്നുണ്ടെന്നുള്ള ഒരു ധ്വനിയുണ്ടായിരുന്നു. അതുകൊണ്ട അവിടെയുള്ള സൈന്യത്തിന്റെ നായകനായിരിക്കേണ്ടത് തങ്ങൾക്ക ഏറ്റവും വിശ്വാസയോഗ്യനായ ഒ

രാറാം വെണമെന്ന തോന്നിയതിനാലും മാൎത്താണ്ഡനൊപ്പം ചെങ്ങിലൊരായുള്ള വെറെ ഒരാളില്ലാത്തതിനാലുമാണ കരണകൎത്താക്കന്മാർ അദ്ദേഹത്തെ അയപ്പാൻ തീൎച്ചയാക്കിയത. ധൈൎയ്യം, ശ്രേഷ്ഠത, വിശ്വാസയോഗ്യത മുതലായ സൽഗുണങ്ങളുള്ളവൎക്ക മാത്രമെ ഇങ്ങിനെയുള്ള യോഗ്യത കൊടുക്കാറുള്ളുവെന്ന സംഗതി കൊണ്ട് ആ പദവി ലഭിച്ചതിൽ മാൎത്താണ്ഡന്ന വളരെ സന്തോഷമുണ്ടാകയതിലും യാത്രയുടെ ദൂരവും അസൗകൎയ്യവും മാൎത്താണ്ഡന്റെ പ്രിയപത്നിയായ സുനീതിക്ക വിരോധമായിരിക്കുമോ യെന്ന് ആലോചിച്ചപ്പോൾ ക്രമേണ അദ്ദേഹം ഉന്മേഷരഹിതനായിത്തീൎന്നു.

ഭൎത്താവിന്ന് അത്യുദയം വന്നുകാണ്മാൻ എല്ലായ്പ്പോഴും ആശിച്ചു കൊണ്ടിരുന്ന സുനീതിക്ക വിവരം കേട്ടപ്പോൾ അളവറ്റ സന്തോഷമുണ്ടായി. കീൎത്തിയും പ്രാബല്യവുമുള്ള ആ വിശേഷപുരുഷന്മാ കൎത്താക്കന്മാർ തന്റെ ഭൎത്താവിന്റെ ആന്തരമായ സ്വരാജ്യസ്നേഹവും സ്വഭാവഗുണവും കണ്ടറിവാൻ സാധിച്ചതിൽ ആസ്ത്രീക്ക വളരെ തൃപ്തിതോന്നി. അവരുടെ വ്യവസായതൽപരത്തെ ആത്മനാ അഭിനന്ദിച്ചു. മാന്യനായ ഭൎത്താവിന്റെ യാത്ര പുറപ്പെടാമെല്ലൊ എന്നവിചാരിച്ചു പുറപ്പാടിനുള്ള ദിവസം കാത്തിരിപ്പായി. ഒരു ദിവസം മാൎത്താണ്ഡൻ ഒരു വിജനപ്രദേശത്തിരുന്ന് എന്തൊ ആലോചിച്ചു കൊണ്ടിരിക്കുന്നത സുനീതി കണ്ടു. എന്തൊ കുണ്ഠിത മുണ്ടെന്ന മുഖത്തുനോക്കിയപ്പോൾ മനസ്സിലായിയെങ്കിലും കാരണം അപ്പോൾ ചോദിപ്പാൻ നല്ലസമയമല്ലെന്ന തീൎച്ചയാക്കി. അല്പനേരം കഴിഞ്ഞ് അദ്ദേഹം ഭക്ഷണം കഴിപ്പാനിരിക്കുമ്പോൾ സുനീതി അരികെ ചെന്ന് ഒരു മാന്യപദവി ലഭിച്ചതോൎത്ത സന്തോഷിക്കേണ്ടുന്ന കാലത്ത തീരെ ഉന്മേഷമില്ലാത്തതായിത്തീൎന്നതിന്ന കാരണമെന്താണെന്ന് അറിയാത്തതിനാൽ വ്യസനമുണ്ടെന്ന പറഞ്ഞു. മാൎത്താണ്ഡൻ കുറെനേരം സംസാരിക്കാതെ ഇരുന്നതിന്ന ശേഷം ഇങ്ങിനെ മറുപടി പറഞ്ഞു.

മാൎത്താണ്ഡൻ— എന്റെ പ്രിയതമെ, എനിക്ക ലഭിച്ച മാന്യപദവിയോൎത്ത സന്തോഷിക്കേണ്ടതിന്ന നിന്റെനേരെ എനിക്കുള്ള ഗാഢപ്രേമം ഒരു പ്രതിബന്ധമായിത്തീൎന്നിരിക്കുന്നു. എ

ങ്ങിനെയെന്നാൽ രണ്ടിലൊന്നുവിധം ഞാനിപ്പോൾ പ്രവൃത്തിക്കേണ്ടിയിരിക്കുന്നു. അപായകരമായ ഒരു കപ്പൽയാത്രക്ക് നിന്നെ സന്നദ്ധയാക്കുകയോ അല്ലാത്തപക്ഷം നിന്നെ വിദേശപുരത്തിൽ വിട്ടുപോവുകയോ ചെയ്യണം. ഇത രണ്ടും ഒരുപോലെ ദുസ്സഹമായിട്ടാണ് എനിക്കു തോന്നുന്നത. നിന്നെ കൊണ്ടുപോവുന്നതായാൽ വല്ല അപായവും സംഭവിക്കുമോ എന്നാലോചിച്ച് ഒരു നേരത്തും മനസ്സിന്നു സ്വൈരമുണ്ടാവുന്നതല്ല. നിന്നെപ്പിരിഞ്ഞു പോവുന്നത മരിക്കുന്നതിന്ന സമമാകുന്നു.

സുശീല — ഇങ്ങിനെയുള്ള ആലോചനകളെക്കൊണ്ട് ഭവാൻ മനസ്സിനെ ബുദ്ധിമുട്ടിച്ചുവല്ലോ. കപ്പൽ യാത്ര ചെയ്യുകയെന്നുള്ളതിൽ നേരിടണമെന്നുവന്നാൽ കൂടി ഞാൻ ഭവാനെ വിട്ടിരിക്കുമെന്നു തോന്നിയത് ആശ്ചര്യമല്ലേ? അപകടങ്ങളുണ്ടായാൽ അവയിൽ ഒരു പങ്കു ഞാനും അനുഭവിക്കേണ്ടവളല്ലേ? കപ്പൽയാത്രയിലുണ്ടാവുന്ന ബുദ്ധിമുട്ടുകളാലോചിച്ച് എന്നെ ഇവിടെയാക്കിപ്പോയേക്കാമെന്നും അപകടങ്ങളും ബുദ്ധിമുട്ടുകളും സഹിച്ച് ഒരുമിച്ചു വരുന്നതിനേക്കാൾ ഇവിടെ സുഖമായിരിക്കുന്നതിനാലാണ് എനിക്കു സന്തോഷമുണ്ടാവുകയെന്നും ധരിച്ചു എന്നെ സംശയിക്കുന്നതിന്നെ എൻറെ നിഷ്കളങ്കമായ സ്നേഹത്തെ അറിയുന്നില്ലെന്ന തെളിവാകുന്നു. അങ്ങയൊന്നിച്ചു പുറപ്പെടുവാൻ കാത്തിരിക്കുന്ന ഞാൻ നിമിത്തം ഇനിമേലിലും മനസ്സിനെ ബുദ്ധിമുട്ടിക്കാതെ വേഗത്തിൽ പുറപ്പെടാൻ ശ്രമിക്കണേ.

„ഇപ്പോഴുള്ള പരസ്പരാനുരാഗത്തോടുകൂടി വളരെക്കാലം ജീവിച്ചിരിപ്പാൻ ദൈവം നമുക്കു സംഗതി വരുത്തട്ടെ" എന്നു പറഞ്ഞ മാർത്താണ്ഡൻ പ്രിയപത്നിയെ ഗാഢമായി തഴുകി. വേഗത്തിൽ പുറപ്പാടിനുള്ള ഒരുക്കം കൂട്ടി ശുഭമായ സമയം നോക്കി അവർ പരിവാരങ്ങളോടുകൂടി കപ്പലിൽ കയറി.

മാർത്താണ്ഡൻറെ കീഴിൽ കരുകണ്ണൻ എന്നു പേരായ ഒരു പടയാളിയുണ്ടായിരുന്നു. വാസ്തവത്തിൽ ധൂർത്തനും ചതിയനുമായ കരുകണ്ണൻ തൻറെ സൂത്രങ്ങൾ കൊണ്ട് താൻ വളരെ വിശ്വാസയോഗ്യനും മര്യാദക്കാരനുമാണെന്നു മറ്റുള്ളവരെ എളുപ്പ

ത്തിൽ ലയിപ്പിച്ചു. മാർത്താണ്ഡൻ ശുദ്ധനായതുകൊണ്ട് ഈ ചതിയന്റെ വാസ്തവസ്ഥിതി മനസ്സിലാകാതെ അയാളെ സ്നേഹിച്ചു. ചിലതുകളിൽ വെച്ച് അഗ്രഗണ്യനായ കരുകണ്ണന്റെ ദാസ്യവും വിനയവും കണ്ടാൽ അയാൾ വലിയ ശുദ്ധനാണെന്ന ആരും തെററിധരിക്കും. അന്യന്മാരെ ചതിക്കിൽ ചാടിപ്പാൻ മാത്രം ആലോചിക്കയാണ അയാൾക്ക് എപ്പോഴും പ്രവൃത്തി. കരുകണ്ണനൊന്നിച്ച അയാളുടെ ഭാര്യയുമുണ്ടായിരുന്നു. സുനീതിക്ക് ഈ സ്ത്രീയുടെനേരെ വളരെ സ്നേഹം തോന്നി. മാർത്താണ്ഡൻ കാര്യാലോചനായിൽ പ്രവേശിക്കുന്ന സമയങ്ങളിൽ ഈ സ്ത്രീയുമായി വിനോദങ്ങൾ പറഞ്ഞുകൊണ്ടാണ സുനീതി സമയം കഴിച്ചുകൂട്ടിയത.

ശൈരേന്ദ്രയൻ എന്നുപേരായി വേറെ ഒരു കീഴുദ്യോഗസ്ഥൻ മാർത്താണ്ഡനൊന്നിച്ചുണ്ടായിരുന്നു. ശൈരേന്ദ്രയൻ മാർത്താണ്ഡന്റെ ജീവനായിരുന്നു. നിർദ്ദോഷിയും ശുദ്ധനുമായ ശൈരേന്ദ്രയനെപ്പോലെ സ്വാമിഭക്തിയുള്ള മറെറാരാൾ ഇല്ലെന്നു അയാളുടെ വൈരികൾക്കുകൂടി സമ്മതിക്കാതെ നിവൃത്തിയില്ല. ശൈരേന്ദ്രയൻ മിക്കസമയങ്ങളിലും മാർത്താണ്ഡന്റെ വീട്ടിൽ പോവുക പതിവായിരുന്നു. ഭർത്താവിന്റെ ആശ്രിതനും സത്സ്വഭാവിയുമായതുകൊണ്ട സുനീതിക്ക ശൈരേന്ദ്രയന്റെ നേരെ പ്രീതിതോന്നി. നിന്ദ്യനായ കരുകണ്ണന് ഇതിൽ അസൂയതോന്നിയതിനാൽ മേലധികാരിയായ മാർത്താണ്ഡന്റെ നേരെ കാണിക്കേണ്ട സ്നേഹം, ബഹുമാനം, നന്ദി, വണക്കം എന്നിവയെ മറന്ന പാതിവ്രത്യവും സുശീലയുമായ സുനീതിയെ പാപകരങ്ങളും ലജ്ജാവഹങ്ങളുമായ ആഗ്രഹങ്ങൾക്ക കീഴടക്കുവാനുള്ള ശ്രമം തുടങ്ങി. ശ്രമങ്ങളെപ്പററി മാർത്താണ്ഡന് അല്പമെങ്കിലും അറിവുകിട്ടിയാൽ മരണമാണ അതിന്റെ ഫലമെന്ന നിശ്ചയമുണ്ടായിരുന്നതിനാൽ ആഗ്രഹങ്ങളെ സ്പഷ്ടമായി ആ സ്ത്രീയെ അറിയിപ്പാൻ അയാൾക്ക ധൈര്യമുണ്ടായില്ല. എങ്കിലും താൻ ആ സ്ത്രീ നിമിത്തം കാമാതുരനായിരിക്കുന്നുവെന്ന ഭാവിയത്തിൽ സുനീതിയെ അറിയിച്ചു. സുനീതിയുടെ ഭർത്തൃസ്നേഹം ഗാഢമായിരുന്നതിനാൽ കരുകണ്ണന്റെ വിദ്യകൾ ഫലിച്ചില്ല. നാഗരീകതാപരിചയമുള്ള സ്ത്രീകൾക്കുള്ളസൽ

ക്കാതെ അന്യപുരുഷന്മാരോടു സംസാരിക്കുന്നതുകൊണ്ട് അവരുടെ ആന്തരമായ സ്വഭാവത്തെ എളുപ്പത്തിൽ തെററിദ്ധരിക്കുന്നത് ഇപ്പോഴുള്ള ചില നാട്ടുവിടന്മാരുടെ പതിവാണു. സുനീതി ശങ്കനീച്ചിരിക്കാതെ ഭർത്താവിന്റെ താല്പൎയ്യക്കാരോട് യഥേഷ്ടം സംസാരിക്കുകയും അവരെ ബഹുമാനിക്കുകയും ചെയ്തിരുന്നതു കണ്ടപ്പോൾ ആ സ്ത്രീയെ തന്റെ ആഗ്രഹങ്ങൾക്ക് എളുപ്പത്തിൽ സ്വാധീനപ്പെടുത്താമെന്നാണു ധൂൎത്തനും ദുരാളനുമായ കുരുകണ്ണൻ ധരിച്ചതു. തന്റെ നേരെ സുനീതി കാണിച്ച വിമുഖതക്കു കാരണം മൈനോയനാണെന്നാണു പിന്നെ അയാൾക്കു തോന്നിയതു. അതുകൊണ്ട് അയാളെ വേർപെടുത്തിക്കളയണമെന്നും അതിന്നശേഷവും തന്റെ ആഗ്രഹം സാധിക്കാതെവന്നാൽ അന്നുമുതൽ ആ സ്ത്രീരത്നത്തെ ഭർത്താവൊന്നിച്ച് ഐക്യത്തോടുകൂടിയിരിപ്പാൻ സംഗതി വരുത്തരുതെന്നും ഉറച്ചു. ഇതുപോലെ പാപകരങ്ങളും നിന്ദാവഹങ്ങളുമായ അനേകമാൎഗ്ഗങ്ങൾ ആലോചിച്ചതിന്നു ശേഷം സുനീതി മൈനോയനെ അതിശയിച്ചു സ്നേഹിക്കുന്നുണ്ടെന്നു മാൎത്താണ്ഡനെ അറിയിക്കണമെന്നു തീൎച്ചയാക്കി. മാൎത്താണ്ഡനു ഭാൎയ്യയുടെ നേരെ ഗാഢപ്രേമവും മൈനോയന്റെ നേരെ നിഷ്കളങ്കമായ സ്നേഹവുമുണ്ടെന്നു അയാൾക്കു ബോദ്ധ്യമുണ്ടായിരുന്നതിനാൽ അദ്ദേഹത്തെ എളുപ്പത്തിൽ ഇളക്കിത്തീൎപ്പാൻ സാധിക്കയില്ലെന്നറിഞ്ഞ ചതിപ്രയോഗം തുടങ്ങുവാൻ തക്കസമയവും കാത്തിരുന്നു. കുരുകണ്ണന്റെ ഭാഗ്യംകൊണ്ടോ സുനീതിയുടെ നിൎഭാഗ്യംകൊണ്ടോ അതിന്നു തക്കസമയമുണ്ടാവാൻ അധികം താമസം വേണ്ടിവന്നില്ല. കുരുകണ്ണൻ മൈനോയനേയും മററൊരു ഭടനേയും തമ്മിൽ തല്ലിച്ച് അതുനിമിത്തം ജനങ്ങളുടെ ഇടയിൽ വലിയ ക്ഷോഭമുണ്ടാക്കിത്തീൎത്തു. കുരുകണ്ണന്റെ സാമൎത്ഥ്യനിമിത്തം മൈനോയൻ തെററുകാരനാണെന്നും ആക്കിത്തീൎത്തു. ജനങ്ങളുടെ പ്രീതിക്കുവേണ്ടി മാൎത്താണ്ഡനു മൈനോയനെ ഉദ്യോഗത്തിൽനിന്നു പിരിച്ചുനിൎത്തേണ്ടിവന്നു. തന്റെ പക്കൽ ഒന്നാമതായിവന്ന തെററിനെ മാപ്പുകൊടുപ്പിച്ച് ഉദ്യോഗം തിരിയെ വാങ്ങിക്കൊടുപ്പാൻ സുനീതി വിചാരിച്ചാൽ സാധിക്കുമെന്നും ആ സ്ത്രീ

യോട ചെന്നപേക്ഷിച്ചാൽ സംശയംകൂടാതെ കാൎയ്യം സാധിക്കുമെന്നും കുറുകണ്ണൻ മൈനോയനെ ധരിപ്പിച്ചു. മൈനോയൻ ഉടനെ സുനീതിയുടെ അടുക്കൽ പോയി സങ്കടം പറഞ്ഞു. പ്രകൃത്യാ പരസങ്കടത്തിൽ അനുകമ്പയോടുകൂടിയ സുനീതി മൈനോയനെ സമാധാനിപ്പിച്ചു മടക്കി അയച്ചു ഉടനെ ഭൎത്താവിനോട വിവരം പറഞ്ഞ് മൈനോയനെ തിരിച്ചു വിളിക്കണമെന്നപേക്ഷിച്ചു. ഭാൎയ്യയുടെ നിൎബ്ബന്ധനിമിത്തം അങ്ങിനെ ചെയ്യാമെന്നേറ്റിട്ട വിവരം കുറുകണ്ണനോടപറഞ്ഞു. തന്റെ ചതിപ്രയോഗങ്ങൾ പ്രയോഗിപ്പാനുള്ള സമയം അതുതന്നെയാണെന്നുറച്ചു "സുനീതിക്കുമൈനോയന്റെ സാഹചൎയ്യം വളരെ സുഖപ്രദമായി തോന്നുന്നുണ്ടായിരിക്കാം" എന്ന കുറുകണ്ണൻ പറഞ്ഞു.

മാൎത്താണ്ഡൻ— അതിനെന്താണ കാരണം?

കുറുകണ്ണൻ— ഭാൎയ്യാഭൎത്താക്കന്മാരനുഭവിക്കുന്ന സ്വൈരത്തിന്ന വിഘ്നംവരുത്താൻ ഞാനൊരുക്കമില്ല. അങ്ങയുടെ ഭാൎയ്യയുടെ നടവടി തൃപ്തികരമാണോയെന്ന സൂക്ഷ്മമായി പരിശോധിച്ചാൽ ഞാൻ പറഞ്ഞതിന്റെ അൎത്ഥം മനസ്സിലാവും.

മനസ്സിലുള്ളത വ്യക്തമായിപറവാൻ മാൎത്താണ്ഡൻ വളരെ പ്രാവശ്യം അപേക്ഷിച്ചിട്ടും കുറുകണ്ണൻ ഒരക്ഷരംപോലും പറഞ്ഞില്ല. അയാൾ പറഞ്ഞ വാക്കുകൾ മാൎത്താണ്ഡന്ന ശല്യങ്ങളായിതീൎന്നു. വാക്കുകളുടെ അൎത്ഥം മനസ്സിലാക്കാൻ ശ്രമിക്കുന്തോറും കണ്ണിതം വൎദ്ധിച്ചുവരികയാണ ചെയ്തത. അങ്ങിനെ ബുദ്ധിമുട്ടുന്നതിന്നിടക്ക് ഒരുദിവസം സുനീതിതന്റെ പൂൎവ്വാപേക്ഷയെ ഭൎത്താവിനെ ഓൎമ്മപ്പെടുത്തിയതിന്നശേഷം അനേകകാലം യാതൊരു തെറ്റും കൂടാതെ പ്രവൃത്തിയെടുത്തതിനെ സഫലമായ സംഗതിനിമിത്തം മറക്കുന്നോ കഷ്ടമാണെന്ന പറഞ്ഞപ്പോൾ മാൎത്താണ്ഡൻ കോപിഷ്ഠനായിത്തീൎന്നു.

മാൎത്താണ്ഡൻ— മൈനോയന്റെ കാൎയ്യത്തിൽ നീ ഇത്ര ബുദ്ധിമുട്ടുന്നതിൽ ഞാനാശ്ചൎയ്യപ്പെടുന്നു. അയാൾ നിന്റെ സഹോദരനോ ചാൎച്ചക്കാരനോ അല്ലാതിരുന്നിട്ടും നിനക്കയാളുടെ നേരെ

ഇത്ര അധികം സ്നേഹം തോന്നാൻ ഞാൻ യാതൊരു സംഗതിയും കാണുന്നില്ല.

സുനീതി— ശൈനേയൻ വിശ്വാസയോഗ്യനായ ഒരാശ്രിതനാണെന്ന് അങ്ങുന്ന് പലപ്പോഴും എന്നോടു പറഞ്ഞിട്ടില്ലേ? അങ്ങിനെയുള്ള ഒരാൾ അങ്ങയുടെ കീഴിൽനിന്ന പോകുന്നതിനാലുണ്ടാകും വ്യസനംകൊണ്ടു ഞാനിത്ര ബുദ്ധിമുട്ടിയതാണ. ഇതല്ലാതെ മറ്റുകാരണമൊന്നുമില്ല. ഇത്ര ഈൎഷ്യത തോന്നിക്കത്തക്കവണ്ണമുള്ള ഒരു തെററ ശൈനേയൻ ചെയ്തിട്ടുണ്ടെന്ന് എനിക്കു വിശ്വാസമില്ല. ഉദാരമഹത്തുകൾകൊണ്ടു കോപിഷ്ഠന്മാരായിതീൎന്ന് പ്രതിക്രിയചെയ്യുന്നത് അങ്ങയുടെ കുഡുംബത്തിൽ ജനിച്ചവരുടെ പതിവാണെന്നുള്ളതിന് ഇതൊരു ദൃഷ്ടാന്തമാകുന്നു.

മാൎത്താണ്ഡൻ— അത പരിചയത്താൽ ഉടനെ അറിവാൻ സാധിക്കും. എന്നെ ദ്രോഹിക്കുന്നവൎക്ക് ഞാൻ കഠിനമായ ശിക്ഷ കൊടുക്കുമെന്നുള്ളതിന്ന വാദമില്ല.

ഈ വാക്കുകൾ സുനീതിയെ നന്നെ പേടിപ്പിച്ചു. ഭൎത്താവിനെ കോപിപ്പിച്ചായിട്ടു ആ സാധ്വീസ്ത്രീ ഒന്നാമതായിട്ടിപ്പോഴാണ കണ്ടത. അദ്ദേഹത്തിന്റെ കോപം ശമിപ്പിക്കേണ്ടതിന്ന വേണ്ടി ഉടനെ ഇങ്ങിനെ പറഞ്ഞു.

സുനീതി— പ്രാണനാഥാ, ശൈനേയന്റെ കാൎയ്യത്തെപ്പററി സംസാരിപ്പാൻ നിസ്സാരങ്ങളായ കാരണങ്ങൾ മാത്രമാണെന്നെ ഉത്സാഹിപ്പിച്ചിട്ടുള്ളത. എന്നാൽ ആ കാൎയ്യം അങ്ങേക്കു നീരസഹേതുവായിക്കണ്ടതുകൊണ്ടു മേലിൽ അതിനെപ്പററി പറകയില്ല. ആലോചനയില്ലാതെ വല്ലതെററും ഞാൻ ചെയ്തിട്ടുണ്ടെങ്കിൽ അതിനെ ക്ഷമിച്ചു എന്നെ രക്ഷിക്കണെ.

തന്റെ പേരിൽ നീരസം തോന്നാതിരിപ്പാൻ ചെയ്ത അപേക്ഷയിൽകൂടി സുനീതി ശൈനേയന്റെ തെററിനെ മാപ്പുകൊടുക്കേണമെന്നു സൂചിപ്പിച്ചിട്ടുണ്ടെന്ന ധരിച്ചു മാൎത്താണ്ഡൻ കുത്രകന്റെ വാക്കുകളെ വ്യാഖ്യാനിപ്പാൻ തുടങ്ങി. സുനീതി ശൈനേയനിൽ പ്രേമത്തോടുകൂടിയവളാണെന്നായിരിക്കുമോ കുത്രക

ണ്ണൻ പറഞ്ഞതിന്റെ സാരം എന്നാലോചിച്ചു ഉടനെ അയാളുടെ അടുക്കലേക്ക് ഓടി. കാൎയ്യത്തിന്റെ വാസ്തവം വ്യക്തമായി പറയേണമെന്ന് അയാളോടപേക്ഷിച്ചു. സുനീതിയെ തീരെ വെറുത്തുകൊണ്ടിരുന്ന കുരുകണ്ണൻ ആ സ്ത്രീക്കു വിരോധമായി വല്ലതും പറയേണ്ടിവരുന്നതിൽ വളരെ സുഖക്കേടുണ്ടെന്നും മേലധികാരിയായ അദ്ദേഹത്തിന്റെ ആജ്ഞാപ്രകാരം ചെയ്യാതിരിപ്പാൻ തന്റെ സ്നേഹം സമ്മതിക്കാത്തതുകൊണ്ടു പറയുന്നതാണെന്നുമുള്ള നാട്യത്തോടുകൂടി "അങ്ങേക്കു വളരെ കുണ്ഠിതമുണ്ടാക്കിത്തീൎക്കുന്ന കാൎയ്യം വെളിവായി പറയേണ്ടിവരുന്നതിൽ എനിക്കു വ്യസനമുണ്ടു. എന്നാൽ അങ്ങുന്ന് എന്നെ നിൎബ്ബന്ധിക്കുന്നതുകൊണ്ടും അങ്ങയുടെ നേരെ ഞാൻ കാണിക്കേണ്ടതായ ആദരവിനെ ഓൎത്തും മാത്രം പറയുന്നതാണു. സുഭഗനായ ശൈനോയനെപ്പോലെയുള്ള പുരുഷന്മാർ വിരളമായിരിക്കും. അന്യനാട്ടുകാരനും വിരൂപനുമായ അങ്ങയെ വിവാഹംകഴിപ്പാൻ സംഗതി വന്നതിനാൽ സുനീതി ഇപ്പോൾ പരിതപിക്കുന്നുണ്ടു. സുനീതിയും ശൈനോയനും തമ്മിൽ ഗൂഢസല്ലാപം ഇടവിടാതെ നടന്നുവരുന്നു. ശൈനോയന് ഇപ്പോൾ അങ്ങയുടെ ഗൃഹത്തിൽ വരുവാൻ തരമില്ലാത്തതുകൊണ്ടു സുനീതിയുടെ ആഗ്രഹങ്ങൾ അനായാസേന സാധിപ്പാൻ പ്രയാസമുണ്ടു. ഇത്രയും പറഞ്ഞതുകൊണ്ടു സുനീതിയെ ശൈനോയന്റെ കാൎയ്യത്തിൽ ചെയ്ത യത്നത്തിന്റെ കാരണം വ്യക്തമാവുന്നുണ്ടല്ലോ", എന്നുപറഞ്ഞു. ഈ വാക്കുകൾ മാൎത്താണ്ഡന്റെ ഹൃദയത്തെ പിളൎന്നു. അദ്ദേഹത്തിന്നു കുരുകണ്ണന്റെ വാക്കിൽ വിശ്വാസം തോന്നി. അധികം വിവരം കിട്ടേണ്ടതിന്നു കുരുകണ്ണനെ ഭയപ്പെടുത്തുവാൻ തീൎച്ചപ്പെടുത്തീട്ടു "നിൎദ്ദോഷിയായ എന്റെ പ്രിയപത്നിയെപ്പററി വൃഥാ ദോഷാരോപണംചെയ്ത നിന്റെ നാവറുത്താൽ എന്താണു വരുവാൻ പോകുന്നതു? എന്നുചോദിച്ചു.

കുരുകണ്ണൻ— സ്നേഹാധിക്യം നിമിത്തം ഞാൻ ചെയ്ത ഉപകാരത്തിന്ന് ഇതിലും വലിയ പ്രത്യുപകാരമൊന്നും ഞാൻ ആഗ്രഹിച്ചിട്ടില്ല. എന്നാൽ ഇത്രയും അങ്ങേക്കു ചെയ്യേണ്ടതു എന്റെ പ്രവൃ

ത്തിലാണ്. എനിക്ക് അങ്ങയുടെ നേരെയുള്ള ബഹുമാനത്തിനും സ്നേഹത്തിനും കുറവു വന്നിട്ടില്ലാത്തതിനാൽ കാര്യം വാസ്തവമാണെന്ന ഞാൻ വീണ്ടും പറയുന്നു. വാസ്തവത്തിൽ പ്രേമം മറ്റൊരാളുടെ നേരെയാണെങ്കിലും അങ്ങയുടെ നേരെ ഗാഢമായപ്രേമമുണ്ടെന്ന് ആ സ്ത്രീ നടിക്കുന്നു. സുന്ദരികളുടെ ചതിയിൽ മയങ്ങിപ്പോകുന്ന പുരുഷന്മാർ കാര്യങ്ങളുടെ സൂക്ഷ്മസ്ഥിതി അറിവാൻ സാധിക്കാത്തതിൽ എനിക്കു ലേശംപോലും അത്ഭുതമില്ല. ആളുകൾ എല്ലാവരും ഒരേ സ്വഭാവക്കാരല്ല. ചിലർ തങ്ങളുടെ ഗൃഹവൃത്താന്തങ്ങൾ മറ്റാരെയും അറിയിക്കുന്നതിൽ രസമില്ല. ഗൃഹവൃത്താന്തങ്ങൾ മറ്റുള്ളവർകൂടി അറിഞ്ഞാൽ മാത്രമെ തങ്ങളുടെ സുഖത്തിന്ന പരിപൂർണ്ണത വരികയുള്ളുവെന്ന മറ്റു ചിലർക്ക തോന്നുന്നു. ലൈനോയർ രണ്ടാമത്തെ വകക്കാരിൽ ഒരാളായതുകൊണ്ട വർത്തമാനങ്ങളും എന്നോട പറയുകയുണ്ടായിട്ടുണ്ട. അങ്ങയുടെ ദയവു സമ്പാദിപ്പാൻ മാത്രമായിട്ട ഈ വർത്തമാനങ്ങളും പറവാൻ തോന്നിയതിന്ന ഞാനിപ്പോൾ പശ്ചാത്തപിക്കുന്നുണ്ട. നിഷ്കളങ്കമായ സ്നേഹത്തിന്റെ ഫലം ഇതാണെന്ന് ഇനിമേലിലെങ്കിലും അറിഞ്ഞിരിക്കാമല്ലോ.

മാർത്താണ്ഡൻ— നിങ്ങൾ പറഞ്ഞതിന്റെ പരമാർത്ഥം ഉടനെ എന്നെ ബോദ്ധ്യപ്പെടുത്താതിരുന്നാൽ അതുകൊണ്ടുള്ള ഫലം അനുഭവിക്കേണ്ടിവരും. എന്റെ കണ്ണിൽ കണ്ടാൽ മാത്രമെ എനിക്ക വിശ്വസിപ്പാൻ തരമുള്ളു.

കരുകണ്ടൻ— ലൈനോയർ പരസ്യമായി അങ്ങയുടെ വീട്ടിൽ വസിക്കുന്ന കാലത്തായിരുന്നുവെങ്കിൽ തെളിവിന്ന പ്രയാസമില്ലായിരുന്നു. അയാളെ ആട്ടിക്കളഞ്ഞതുകൊണ്ട കണ്ണിൽ കാണുന്നതിന്ന പ്രയാസമുണ്ട. ഇപ്പോഴും തരംകിട്ടുമ്പോഴൊക്കെയും അവർ തമ്മിൽ കാണുന്നുണ്ടെങ്കിലും അങ്ങയുടെ വിരോധം സമ്പാദിച്ചതിന്നശേഷം ലൈനോയർ വളരെ സൂക്ഷിക്കുന്നുണ്ട. ഇങ്ങിനെയൊക്കെയാണെങ്കിലും അങ്ങയുടെ കണ്ണിൽതന്നെ പെടില്ലെന്ന ഞാൻ വിശ്വസിക്കുന്നില്ല.

ഇങ്ങിനെ പറഞ്ഞ അവർ തമ്മിൽ പിരിഞ്ഞു. ഹൃദയത്തിൽ, ഏറ്റവും കൂർത്തതായ അമ്പ തറച്ചാലുണ്ടാവുന്ന വേദനയോടുകൂ

ടിയാണ മാൎത്താണ്ഡൻ മടങ്ങിപ്പോന്നത. ഇങ്ങിനെയുള്ള അപമാനത്തിന്ന തന്നെ പാത്രമാക്കിച്ചെയ്ത സുമതിയുടെ നേരെ ഇനി യാതൊരു ദയക്കും അവകാശമില്ലാ എന്നാണ തീൎച്ചയാക്കുമ്പോഴും സുമതിയുടെ കപടചാതുൎയ്യാദികൾ ഓൎമ്മവരികയും അങ്ങിനെ തന്നോട പ്രിയപത്നി ചെയ്യുമോ എന്ന സംശയിക്കയും ചെയ്തുകൊണ്ടാണ വീട്ടിലേക്ക പോയത. ജീവപൎയ്യന്തം തന്നെ കഷ്ടസ്ഥിതിയിൽ ആക്കിത്തീൎക്കുന്ന കാൎയ്യം എന്നാണ സംഗതിവന്നത് എന്നും ആലോചിച്ചുകൊണ്ടിരുന്നു.

സുമതിയുടെ സ്വഭാവഗുണങ്ങളെപ്പററി കരുണാകരന നല്ല വിവരമുണ്ടായിരുന്നതിനാൽ മാൎത്താണ്ഡന്റെ കോപത്തിൽനിന്ന രക്ഷപ്പെടുവാൻ താൻ എന്താണ ചെയ്യേണ്ടത് എന്നുള്ളതിനെപ്പററി അയാൾ ഉത്കണ്ഠിതനായി ആലോചിപ്പാൻ തുടങ്ങി. എന്തായാലും പിൻവലിപ്പാൻ തരമില്ലാത്ത നിലയായതുകൊണ്ട എന്തു ചെയ്യും തന്നെ കഷ്ടകാലമെന്ന തീൎച്ചപ്പെടുത്തി. ദൈവഭക്തി, സമസൃഷ്ടികളോടുള്ള ദയ മുതലായവ ചിലപ്പോൾ ധൂൎത്തന്മാരെ കൂടി ദുൎവൃത്തികളിൽ പ്രവേശിപ്പിക്കാതിരിപ്പാൻ ഉപകരിച്ചുകാണാറുണ്ട. എന്നാൽ ഈ വക ഗുണങ്ങൾ കരുണാകരനിൽ തീരെ ശൂന്യമായിരുന്നതുകൊണ്ട് അയാൾക്ക യഥേഷ്ടം എന്തും പ്രവൃത്തിക്കുന്നതിന്ന തടസ്ഥമുണ്ടായിരുന്നില്ല. കാൎയ്യസാദ്ധ്യത്തിന്നുവേണ്ടി മാതാപിതാക്കന്മാരെ ഹനിക്കുന്നതിന്നുകൂടി അയാൾ എപ്പോഴും സന്നദ്ധനായിരുന്നു.

കെ. അപ്പുനമ്പ്യാര. ബി. എ.

തുടരും.

മൈത്രി.

—— :o: ——

ഉത്തമം മദ്ധ്യമം അധമം എന്നിങ്ങനെ എല്ലാററിനെയും മൂന്നായി ഭാഗിയ്ക്കാവുന്ന കൂട്ടത്തിൽ ലോകത്തിലുള്ള ഈശ്വരസൃഷ്ടികളെ ഭാഗിയ്ക്കുന്നതായാൽ, മററുള്ള ജന്തുക്കൾക്കില്ലാത്തതായ 'വിശേഷബുദ്ധി' എന്ന മഹാഗുണത്തോടു കൂടിയ മനുഷ്യരെയാ

ണ ഉത്തമ പദസ്ഥത്തിൽ ചേൎക്കുന്നത് എന്നുള്ളതിന്നു സംശയമില്ലാ. ഇങ്ങിനെയുള്ള മനുഷ്യജന്മം, മറ്റുജന്തുക്കൾപ്പോലെ ആഹാരനിദ്രാ മൈഥുനങ്ങളെക്കൊണ്ടു കാലക്ഷേപം ചെയ്യാനുള്ളതല്ലെന്നും ജനം പ്രയോജനപ്പെടുത്തുവാനുള്ള പല കാൎയ്യങ്ങളേയും സമ്പാദിക്കുവാനുള്ളതാണെന്നും സൎവ്വസമ്മതമായിട്ടുള്ളതാണല്ലോ.

അതുകൊണ്ടു മനുഷ്യരുടെ ലോകയാത്രക്കു മറ്റുള്ള ജന്തുക്കൾക്കു ആവശ്യമില്ലാത്ത പല സാമഗ്രികളും വേണ്ടിവന്നിരിക്കുന്നു.

ഉത്സാഹം, ധൈൎയ്യം, മൈത്രി, മുതലായവകൾതന്നെയാണ് ഇവിടെ സാമഗ്രികളായിരിക്കുന്നതു. ഇവകളിൽ മൈത്രി പ്രാധാന്യമേറിയതാകുന്നു. ഉത്സാഹം ധൈൎയ്യം മുതലായവ വേണ്ടുവോളമുണ്ടെങ്കിലും ഒരുവൻ തനിയെ യത്നിച്ചിട്ട് ഒരു കാൎയ്യം വഴിപോലെ സാധിച്ചു എന്നുവരുന്നതും പലരുംകൂടി ശ്രമിച്ചിട്ട് ഒരു കാൎയ്യം അസാദ്ധ്യമായി എന്നുവരുന്നതും ലോകത്തിൽ ദുൎല്ലഭംതന്നെയാണു.

എല്ലാന്നാമപി വസ്തൂനാം സംഹതിഃ കാൎയ്യസാധികാ.

ഒരുകാൎയ്യ സിദ്ധിക്കായിക്കൊണ്ടു പലരും കൂടി പ്രയത്നിക്കേണമെങ്കിൽ അവർ പരസ്പരം മിത്രത്വമുള്ളവരായിരിക്കേണം. സ്വഹൃദയങ്ങളിൽ പരസ്പരനിൎവ്യാജമായിപതിക്കൊള്ളുന്ന ഒരു സദ്ഭാവമാണു മിത്രത്വം, മൈത്രി, സ്നേഹം, എന്നെല്ലാം പറയപ്പെടുന്നതു. പ്രായേണ സമന്മാരായിട്ടുള്ളവരാണു മിത്രങ്ങളായി ഭവിക്കുക. സമന്മാരെന്നു പറഞ്ഞതു, ജാതികൊണ്ടോ, വയസ്സുകൊണ്ടോ ധനംകൊണ്ടോ, സ്ഥാനംകൊണ്ടോ സമന്മാരെന്നല്ലാ. ഒരുപോലെയുള്ള മനോഗതികൊണ്ടു സമന്മാരായിട്ടുള്ളവർ എന്നു മാത്രമേയുള്ളൂ. ജാതി, വയസ്സ്, ധനം, മുതലായവകളെക്കൊണ്ടു സമന്മാരാണെങ്കിലും വിരോധമായ മനോഗതിയോടു കൂടിയവർ സ്വപക്ഷത്തിൽ ഒരിക്കലും മിത്രങ്ങളായി ഭവിക്കയില്ലെന്നു മാത്രമല്ലാ ചിലപ്പോൾ ശത്രുക്കളായി ഭവിക്കുകയും ചെയ്യും. അതുപോലെതന്നെ ജാത്യാദികളെക്കൊണ്ടു ഭേദവും സമത്വമില്ലാത്തവരാണെങ്കിലും ഒരേ വിധമായ മനോഗതിയോടുകൂടിയവർ ഏതുവിധത്തിലിരുന്നാലും മിത്രങ്ങളായും ഭവിക്കും.

രാവണനെപ്പോലെ തമോഗുണ പ്രധാനനായിട്ടുള്ളവന്റേയും വിഭീഷണനെപ്പോലെ സത്വഗുണനായിട്ടുള്ളവന്റേയും മ

നോഗതികൾ വിരുദ്ധങ്ങളായിട്ടേ ഭവിക്കൂ എന്നുള്ളത നിസ്സംശയമായിട്ടുള്ളതാണല്ലൊ. സത്വഗുണപ്രധാനനെ ആശ്രയിച്ച് തമൊഗുണപ്രധാനനൊ തമൊഗുണ പ്രധാനനെ ആശ്രയിച്ച സത്വഗുണപ്രധാനനൊ വസിക്കെണ്ടതായി വരുമ്പോൾ കാഴ്ചയിൽ അവർ മിത്രങ്ങളാണെന്ന തൊന്നിപ്പോകുമെങ്കിലും സൂക്ഷ്മത്തിൽ അവർ വിരോധികൾ തന്നെയാണ. "ശത്രുക്കളും ശത്രുക്കളാകുന്നു മിത്രഭാവത്തൊടരികെ വസിക്കുന്ന ശത്രുകൾ ശത്രുക്കളാകുന്നതെവൻ" എന്നും "ഉപകർത്രാരിണാ സന്ധിർന്നമിത്രേണാപകാരിണാ" എന്നും പറഞ്ഞിട്ടുള്ളതിന്റെ തത്വം ഇതുതന്നെയാണ. ഒരേ ആഹാരം ഒരേ ശയനം ഇവ ആസ്വദിച്ചിട്ടുള്ള മക്കൾ പരസ്പരം സ്നേഹമില്ലാതെയും വിരോധികളായും ഭവിക്കുന്നതിനുള്ള കാരണം സൂക്ഷ്മത്തിൽ മനോഗതിയുടെ വൈപരീത്യമാണെന്നല്ലെ പറയെണ്ടതു.

കാഴ്ചയിൽ ഇങ്ങിനെയായിരിക്കെ ലോകത്തിൽ പലരും ജാത്യാദികളെക്കൊണ്ടുമാത്രം സമന്മാരായിട്ടുള്ളവരെയാണ മിത്രഭാവേന സ്വീകരിച്ചുവരുന്നത്. ഇതുനിമിത്തം പലക്കും പലപ്പോഴും വലിയ ദോഷങ്ങൾ നേരിട്ടിട്ടുണ്ട്. സൽസ്വഭാവിയായ ഒരാൾ ഇതര സംഗതികളെക്കൊണ്ടു സമനും, ദുസ്സ്വഭാവിയും ആയ ഒരാളെ മിത്രഭാവേന സ്വീകരിക്കുന്നതുകൊണ്ട സൽസ്വഭാവി ദുസ്സ്വഭാവിയായിത്തീൎന്ന ലോകനിന്ദക്കു പാത്രമായിത്തീരുന്നതും ചിലപ്പോൾ ദുസ്സ്വഭാവിയാൽ സൽസ്വഭാവി വഞ്ചിതനായി ഭവിക്കുന്നതും പലക്കും അനുഭവമുള്ള ഒരു കാൎയ്യമാണ. "ശത്രുവായാൽ ഒരു തരക്കാരനാണെന്ന ഞാൻ ആദ്യം വിചാരിച്ചില്ല. ഇപ്പൊഴല്ലെ സ്വഭാവം മനസ്സിലായതു", എന്ന പലക്കും പശ്ചാത്താപത്തൊടുകൂടി പറയുവാനിടവന്നിട്ടുണ്ട്. ഇത സ്വാൎത്ഥതല്പരന്മാരായവരുടെ മനോഗതിയെ മനസ്സിലാക്കാതെ അവരുടെ ചിട്ടിൽ അകപ്പെട്ടു അവരെ മിത്രഭാവേന സ്വീകരിക്കുകയോ വിശ്വസിക്കുകയോ ചെയ്തിട്ടുള്ളതിന്റെ ഫലമാണെന്നുള്ളതിന്ന സംശയമുണ്ടോ? "വചസ്യന്യന്മനസ്യന്യൽകൎമ്മണ്യന്യൽദുരാത്മനാം" എന്നുള്ളത ഒരിക്കലും മറക്കരുതാത്തതാകുന്നു. ലോകമൎയ്യാദയെ അനുസരിച്ച മിത്രമാണെന്ന വിചാരിക്കപ്പെടുന്നവൻ ചിലപ്പോൾ ശത്രുവായും

ശത്രുവാണെന്നു വിചാരിക്കപ്പെടുന്നവൻ മിത്രമായും ഭവിക്കുന്നതാണെന്ന് പറഞ്ഞുവല്ലോ. അതുകൊണ്ടു ഒരാളെ ശത്രുവാണെന്നോ മിത്രമെന്നോ തീർച്ചപ്പെടുത്തുന്നതു വളരെ ആലോചിച്ചു വേണ്ടതാണ്.

ശത്രുവിനെ മിത്രമാണെന്നോ മിത്രത്തെ ശത്രുവാണെന്നോ ധരിച്ചുപോയാൽ അവസാനം വ്യസനിക്കേണ്ടിവരുന്നതാണെന്ന് പലക്കും അനുഭവമുള്ളതായിരിക്കും.

പുറത്തു മിത്രഭാവവും ഉള്ളിൽ കാളകൂടഭാവവും വഹിച്ചുകൊണ്ടിരിക്കുന്ന കാഞ്ഞിരപ്പഴംപോലെയുള്ള ചില വകക്കാരുണ്ട്. "മുൻഭാഗത്തെ പല്ലുകൊണ്ടു ചിരിച്ച് അണയിലെ പല്ലുകൊണ്ടു കടിക്കുന്നവർ" എന്നുപറയുന്നതു ഈ വകക്കാരെക്കുറിച്ചാണ്.

"പരോക്ഷേകാര്യഹന്താരംപ്രത്യക്ഷേപ്രിയവാദിനം-
വർജ്ജയേത്താദൃശംമിത്രംവിഷകുംഭംപയോമുഖം॥

കാണുമ്പോൾ മധുരം പറകയും കാണാതിരിക്കുമ്പോൾ ദോഷംചെയ്യുകയും ചെയ്യുന്നവർ അടിയിൽ വിഷവും മേലെ പാലും ഉള്ള കുടംപോലെയാണെന്നും താദൃശനെയുള്ള മിത്രത്തെ ഉപേക്ഷിക്കേണമെന്നാണ് ഇതിന്റെ താല്പര്യം. ഒരുവൻ മിത്രത്തെ സ്വീകരിക്കുന്നതിനു യോഗ്യതയുള്ളവനോ അല്ലയോ എന്നു തീർച്ചപ്പെടുത്തുവാൻ ആയാളുടെ കുലം, ഗോത്രം, നാമം, മുതലായതിനെക്കുറിച്ചു വിചാരിക്കേണ്ട ആവശ്യമേയില്ല.

"പുംസസ്സ്വഭാവഗുണമേവനിരൂപണീയം
തജ്ജന്മഭൂമിർവ്വിനിരൂപകതാപ്യധൈവ.
കാകോളകൂടമിഹവന്ദതിസാഗരോത്ഥം
കോകാരവിന്ദമിഹനിന്ദതിപങ്കജാതം."

പുരുഷന്റെ സ്വഭാവഗുണത്തെക്കുറിച്ചേ വിചാരിക്കേണ്ടതുള്ളൂ. ജനിച്ചത് എവിടെയാണെന്നും മറ്റും ആലോചിച്ചിട്ടാവശ്യമില്ല. സമുദ്രത്തിലുണ്ടായതാണെന്നു വിചാരിച്ച് വിഷത്തെ വന്ദിക്കുകയോ ചെളിയിലുണ്ടായതാണെന്നു വിചാരിച്ച് താമരയെ നിന്ദിക്കുകയോ ചെയ്യുന്നുണ്ടോ?

ഒരുപോലെയുള്ള സ്വഭാവക്കാരനാണെങ്കിൽ ദുഷ്ടന്മാരുടെ മൈത്രിപോലും കളങ്കമില്ലാത്തതായിരിക്കും. "സ്നേഹം മാത്രമറി

ത്തീട്ടം സപ്തത്തിൻെറ പദങ്ങളെ" എന്നപറഞ്ഞതുപോലെ അവർ പരസ്പരമുള്ള കാപട്യത്തെ അറിവാൻ കഴിവുള്ളവരാകയാൽ പരസ്പരം കപടം കാണിക്കുവാൻ സാധിക്കാത്തതും തന്നിമിത്തം അങ്ങിനെയുള്ളവരുടെ മൈത്രിയിൽ കളങ്കം ഭവിക്കാതിരിക്കുന്നതുമാകുന്നു. രണ്ടു ദോഷക്കാർ തമ്മിൽ ചേൎന്നാൽ അതുകൊണ്ട പരസ്പരം ദോഷം തട്ടുന്നതല്ലെന്ന നമ്മുടെ ജ്യോത്സ്യന്മാരും സമ്മതിക്കുന്നതാണ്. ഭൎത്താവിൻെറ ജാതകത്തിൽ ഏഴാമെടത്ത ചൊവ്വ നിന്നാൽ ഭാൎയ്യക്കും ഭാൎയ്യയുടെ ജാതകത്തിൽ ഏഴാമെടത്തചൊവ്വ നിന്നാൽ ഭൎത്താവിന്നും ദോഷമാണെന്ന പ്രമാണമുണ്ടെങ്കിലും രണ്ടുപേരുടേയും ജാതകത്തിൽ ഏഴാമെടത്ത ചൊവ്വ നില്ക്കുന്നുണ്ടെങ്കിൽ പരസ്പരം യാതൊരു ദോഷവും തട്ടുന്നതല്ലെന്നാണല്ലൊ ജ്യോത്സ്യന്മാർ അഭിപ്രായപ്പെടുന്നത്. സ്വഭാവസാമ്യമുള്ളവരുടെ മൈത്രി കളങ്കമില്ലാത്തതായിരിക്കുമെങ്കിലും ഒരു ദുഷ്ടന്ന വേറെ ഒരു ദുഷ്ടൻ മിത്രമായിവരുന്നത് അമാവാസിയിലെ രാത്രിക്ക് സ്വതെയുള്ള കൂരിരുട്ട മഴക്കാറുകൂടെ കൂടിയാൽ ഒന്നുകൂടി വൎദ്ധിക്കുന്നതുപോലെ ദുഷ്ടത വൎദ്ധിച്ച ഒരുകാലത്തും ഭേദമാകാതെ അവിടം നശിച്ചുപോകുവാനിടയായിത്തീരുന്നതുകൊണ്ട ദുഷ്ടത എന്നുള്ളത അവനവനെ കെടുക്കുന്ന മഹാശത്രുവാണെന്ന അറിഞ്ഞിരിക്കേണ്ടതാണ്. ഈ ഭാഗത്തെക്കുറിച്ച വേറെ അവസരത്തിൽ വിസ്തരിക്കാം. ഒരുവൻ ദുസ്സ്വഭാവിയാണെന്നറിയപ്പെട്ടാൽ അവനെ സൽസ്വഭാവമുള്ളവർ ഒരിക്കലും മിത്രത്തോടെ സ്വീകരിക്കുന്നതല്ല.

ദുരാത്മാക്കളുടെ വിചാരവും വാക്കും പ്രവൃത്തിയും ഒന്നുപോലെയല്ലായ്കയാൽ അവരുടെ കാപട്യം കണ്ടുപിടിക്കുവാൻകഴിവില്ലാത്തതുകൊണ്ടാണ സുദാത്മാക്കളായവർ പലപ്പോഴും അബദ്ധം പററിപ്പോകുന്നത്.

മുമ്പ യാതൊരു പരിചയവുമില്ലാത്ത ഒരാളെ യദൃച്ഛയായി കണ്ടു സംസാരിക്കുവാനിടവന്നാൽ ആയാളെ മിത്രമെന്ന വിചാരിക്കുകയും 'മിത്രമാണ' എന്നും മററും എഴുതിത്തുടങ്ങുകയുംചെയ്യുന്നത സാധാരണ പതിവായിരിക്കുന്നു. അങ്ങിനെയുള്ളവരെ പ

വിചാരക്കാരാണെന്നല്ലാതെ മിത്രങ്ങളാണെന്ന പറഞ്ഞുകൂടാ. ശ്രേയസ്സിനെ കാംക്ഷിക്കുന്നവർ നല്ല മിത്രങ്ങളെ സമ്പാദിക്കുവാൻ സർവ്വദാ ശ്രമിക്കേണ്ടതാണ്.

“പാപാന്നിവാരയതിയോജയതേഹിതായ
ഗുഹ്യാന്നിഗൂഹതിഗുണാൻപ്രകടീകരോതി.
ആപൽഗതംചനജഹാതിദദാതികാലേ
സന്മിത്രലക്ഷണമിദംപ്രവദന്തിസന്തഃ.”

“ദോഷോപദേശംകൊണ്ട് ദുഷ്കർമ്മപ്രവൃത്തിയെ തടുക്കും. സൽക്കർമ്മങ്ങളെ ചെയ്യാൻ ഉത്സാഹിപ്പിക്കും. മറച്ചുവെക്കേണ്ടകാര്യങ്ങളെ മറച്ച്‌വെയ്ക്കും. സൽഗുണങ്ങളെ പ്രസിദ്ധമാക്കും. ആപത്തുകാലത്തുപേക്ഷിക്കയില്ല. വ്യസനാദിസമയത്തിങ്കൽ വേണ്ടതു കൊടുക്കും. ഇതാണ് കൈതവമില്ലാത്ത മിത്രത്തിന്റെ ലക്ഷണം എന്ന് സത്തുക്കൾ പറയുന്നു”. ഇങ്ങിനെയുള്ള മിത്രങ്ങളെയാണ് തിരഞ്ഞെടുക്കേണ്ടത്.

ജാത്യാദിഗുണങ്ങൾ മൈത്രിക്കു കാരണങ്ങളല്ലെന്ന പറഞ്ഞിട്ടുണ്ടല്ലോ. ഒരാൾ നല്ല വിദ്വാനായിരുന്നാലും മിത്രത്തിന്ന വേണ്ടതായ സൽഗുണങ്ങളില്ലാത്ത ദുസ്സ്വഭാവിയാണെങ്കിൽ അയാളെ ഉപേക്ഷിക്കണമെന്നാണ്, മഹാന്മാരുടെ അഭിപ്രായം.

“ദുർജ്ജനഃപരിഹർത്തവ്യോ വിദ്യയാലങ്കൃതോപിസൻ,
മണിനാഭൂഷിതസ്സർപ്പഃകിമസൌനഭയങ്കരഃ”.

ജാത്യാദിഗുണങ്ങളും വിദ്വത്വവും ഉള്ളവർ മിത്രങ്ങളായിരിക്കുവാൻ യോഗ്യതയില്ലെന്നല്ലാ പറയുന്നത്. സ്വഭാവഗുണത്തോടുകൂടി ആവക ഗുണങ്ങളും ഉണ്ടെങ്കിൽ വളരെ വിശേഷംതന്നെയാണ്. സ്വഭാവഗുണമില്ലാതെയും മറ്റുള്ള ഗുണങ്ങൾ തികഞ്ഞും ഇരിക്കുന്ന ഒരാളേക്കാൾ മറ്റുള്ള ഗുണങ്ങളില്ലാതെയും സ്വഭാവഗുണത്തോടുകൂടിയും ഇരിക്കുന്ന ആളാണ മിത്രമെന്ന വിചാരിക്കുവാൻ യോഗ്യൻ എന്നേപറയുന്നുള്ളൂ. സ്വഭാവസാമ്യമുള്ളവരുടെ മൈത്രിക്കേ സ്ഥൈര്യമുണ്ടാകയുള്ളൂ എന്നുപറഞ്ഞിട്ടുള്ളതുകൊണ്ട് മേൽപറയപ്പെട്ട ലക്ഷണത്തോടുകൂടിയ സന്മിത്രത്തിന്റെ ബാന്ധവത്തെ ആഗ്രഹിക്കുന്നവർക്കും ആ ലക്ഷണമുണ്ടായിരിക്കേണ്ടതാണെന്ന സ്പഷ്ടമാകുന്നുണ്ടല്ലോ.

ഇങ്ങിനെയുള്ള ഉത്തമന്മാരക്ക് സിദ്ധിക്കുന്ന സന്മിത്രലാഭം സുവൎണ്ണത്തിന്നു സുഗന്ധം ഉണ്ടാകുന്നതു പോലെതന്നെയാണ്. ഈവിധമുള്ള ഉത്തമ മൈത്രി സകലകാൎയ്യങ്ങളെയും അനായാസേന സാധിപ്പിക്കുന്നതും കളങ്കമില്ലാതെയും നശിക്കാതെയും ഉള്ള കീൎത്തിക്കു കാരണമായിട്ടുള്ളതും ആണെന്നുള്ളതിന്നു യാതൊരു സംശയവുമില്ല.

സുഗ്രീവനോടുള്ള മൈത്രി നിമിത്തം ശ്രീരാമനും ശ്രീകൃഷ്ണനോടുള്ള മൈത്രി നിമിത്തം പാണ്ഡവന്മാരക്കും ലഭിച്ചിട്ടുള്ള വിജയവും സൽകീൎത്തിയും ഇന്നും ഗൃഹംതോറും ഗാനം ചെയ്യപ്പെടുന്നില്ലേ!

ചിററൂർ വരവൂരെ ശാമുമേനോൻ.

* ചില മലയാള വൎണ്ണങ്ങൾ.

:o:

ചില മലയാള പദങ്ങളുടെ അവസാനത്തിൽ വരുന്ന ഒരു സംവൃതസ്വരത്തെ സംബന്ധിച്ച് മലയാളികൾ ഇപ്പോഴും ഭിന്നാഭിപ്രായക്കാരായിരിക്കതന്നെ ചെയ്യുന്നു. 'ആണ്,' 'പെണ്ണ്,' 'കാറ്റ്' മുതലായ പദങ്ങളിലെ അന്ത്യസ്വരത്തെ സംവൃതോകാരം എന്ന് കേരള പാണിനീയകൎത്താവ് വ്യവഹരിക്കുന്നു. അതിന്നും, ഈ സംവൃത സ്വരത്തെ കുറിക്കേണ്ടതു് ഉകാരോപരി ചന്ദ്രക്കലയിട്ടാണെന്നു പറഞ്ഞിരിക്കുന്നു. എന്നാൽ, കേരള പാണിനീയകൎത്താവിന്റെ മതാനുയായികളായി തിരുവിതാംകൂറിൽ പലരും ഉണ്ടെങ്കിലും, ഉത്തര കേരളീയന്മാരക്ക് ഈ സമ്പ്രദായത്തിൽ വിപ്രതിപത്തിയാണുള്ളതെന്നു കാണുന്നു. സംവൃത സ്വരത്തിൽ അവസാനിക്കുന്നതും ഉച്ചരിക്കേണ്ടതും ആയ മേല്പറഞ്ഞ വാക്കുകളെ പല പ്രകാരത്തിൽ എഴുതാറുണ്ട്. അകാരാന്തമായി 'ആണ' എന്നെഴുതിയാൽ മതിയെന്ന് ഉത്തര കേരളീയർ ഏറിയ കൂറും നിഷ്കൎഷിക്കുന്നു; അകാരോപരി ചന്ദ്രക്കലയിട്ട 'ആണ്' എന്ന രീതിയിലാണ് കൊച്ചിയിലും മററുള്ള ആളുകൾ പലരും എഴുതുന്നതു്. എന്നാൽ ദക്ഷിണ മലയാളക്കാർ ഉകാരം മാത്രമാക്കി 'ആണു' എ

* തിരുവനന്തപുരം കാളേജ് മലയാള സമാജത്തിന്റെ ഒരു യോഗത്തിൽ വായിച്ചത്.

ണെഴുതുകയും, മുറുകാരമായി ഉച്ചരിക്കയും ചെയ്തുവരുന്നു. കേരളപാണിനീയാനുവർത്തികൾ ഉകാരോപരി ചന്ദ്രക്കലയിട്ടു 'അതുണ്ട്' എന്നെഴുതുന്നു. അകാരാന്തം മാത്രമായി എഴുതുന്നവർ, ചിലടങ്ങളിലേ സംവൃതസ്വരമായി ഉച്ചരിക്കാറുള്ളു. മററു ചിലതിൽ മലബാർകാർ, നായ് (നായയുടെ), പായ് (പായയുടെ) മുതലായവയെപ്പോലെ അകാരാന്തമായിട്ടുതന്നെ ഉച്ചരിക്കുന്നു.

ഇങ്ങനെ ബഹുവിധത്തിൽ എഴുതുകയും ഉച്ചരിക്കയും ചെയ്യുന്നുണ്ടെങ്കിലും, പദാന്തത്തിൽ ഒരു സംവൃതസ്വരം ഉണ്ടെന്നുള്ള വാദത്തെ എല്ലാവരും സമ്മതിക്കുന്നു. എന്നാൽ, അതിനെ കുറിക്കേണ്ടതു് ഏതു രീതിയിലാണെന്നുള്ള കാര്യത്തിലേ വിസംവാദം കാണുന്നുള്ളു. ഇക്കാര്യത്തെ സംബന്ധിച്ചു് കവനോദയ പ്രവർത്തകൻ രാജശ്രീ കടത്തനാട്ടു ഉദയവർമ്മ രാജാ അവർകളും ഞാനുമായി ഈയിടെ വാദപ്രതിവാദം ചെയ്തപ്പോൾ, അദ്ദേഹം പദാന്ത സംവൃത സ്വരത്തെപ്പററി സമ്മതിച്ചു പറഞ്ഞുവെങ്കിലും ചിഹ്നനരീതിയിൽ കേരളപാണിനീയത്തോടു വിയോജിക്കയും, അകാരാന്തമായെഴുതി സംവൃതസ്വരോച്ചാരണം ചെയ്താൽ മതിയെന്നു വാദിക്കയും ഉണ്ടായി. കേരളീയ വിദ്വാന്മാർ പലരും മേൽപറഞ്ഞ വിധം സംവൃത സ്വരോച്ചാരണത്തെ സംബന്ധിച്ചു് ഏകമതക്കാരായിരുന്നിട്ടും, ചിഹ്നന രീതിയെക്കുറിച്ചു ഭിന്നമതക്കാരായിരിക്കുന്നതിന്റെ ഹേതു എന്താകാം? വാസ്തവത്തിൽ ഇവർ സമ്മതിക്കുന്ന സംവൃത സ്വരത്തെ ഉച്ചരിക്കുന്നതു് ഒരേ പ്രകാരത്തിലല്ലാ. ഇതാണ് ഭിന്നാഭിപ്രായത്തിന് കാരണമെന്നു ഞാൻ വിചാരിക്കുന്നു. തെക്കൻ തിരുവിതാംകൂറുകാരുടെ സംഭാഷണത്തെ ഉററുനോക്കിയാൽ, അവരിൽ പലരും മേല്പറഞ്ഞ സംവൃത സ്വരത്തെ ഒരു സംവൃത-എകാരമായി ഉച്ചരിക്കുന്നുണ്ടെന്നു് ഗ്രഹിക്കാം; ഇതു് തമിഴിനോടുള്ള അടുപ്പംകൊണ്ടുണ്ടായ ഭേദമായിരിക്കണം. ഇവരുടെ ഈഴഞ്ഞ രീതിയെ മററുള്ളവർ വിലക്ഷണമായി കരുതി ആക്ഷേപിക്കുന്നതും പ്രസിദ്ധമാകുന്നു. ഇവർ മേല്പറഞ്ഞ സംവൃത സ്വരത്തെ ഉകാരത്തിന്റെ വകഭേദമായി ഗണിക്കാതിരിക്കയും, ഉകാരോപരി ചന്ദ്രക്കലയിട്ടെഴുതുന്ന വിഷയത്തിൽ

ഉദാസീനരായിരിക്കയുംചെയ്യുന്നത് അത്ഭുതകരമല്ലല്ലോ. തിരുവനന്തപുരം മുതൽ വടക്കോട്ട് കൊച്ചിവരെ പലേടത്തും സംവൃതോകാരമായിട്ടാണ് പലരും ഉച്ചരിക്കുന്നത്: അതിനാൽ, ഉകാരോപരി ചന്ദ്രക്കലയിടുന്നതിൻെറ വൈചിത്ര്യം അവർക്ക് നല്ലവണ്ണം മനസ്സിലാകുവാനിടയുണ്ട്. അതിനാലത്രെ 'കേരളപാണിനീയ' വിധാനത്തെ അനുവർത്തിക്കുന്നതിൽ അവർ, പൂർവ്വാചാരലംഘനവൈമനസ്യമില്ലാതെ, വാസ്തവമായ വൈമത്യം കാട്ടാതിരിക്കുന്നത്. എന്നാൽ, മലബാർകാരുടെ സംവൃതസ്വരം ഉകാരത്തിൻെറയോ എകാരത്തിൻെറയോ വകഭേദമല്ല. കോഴിക്കോട്ടു മുതലായ പ്രദേശങ്ങളിലുള്ളവരുടെ സംഭാഷണരീതിയെ ശ്രദ്ധിച്ചു നോക്കിയാൽ മേല്പറഞ്ഞ സംവൃതസ്വരം ഇകാരത്തിൻെറ ഉൾവലിവാണെന്നു തോന്നും. ആകയാൽ അവർ ഉകാരോപരി ചന്ദ്രക്കലയിട്ടെഴുതുവാൻ മടിക്കുന്നത് വിസ്മയജനകമല്ലല്ലോ. ഇനി സംവൃത-എകാരമായി ഉച്ചരിക്കുന്നവർ ചിലരുണ്ട്; ഇവർ മിക്കവാറും കൊച്ചിസംസ്ഥാനനിവാസികളാകുന്നു. ഇവരും കേരളപാണിനീയത്തെ അനാദരിക്കുന്നതിൽ ആശ്ചര്യപ്പെടുവാനില്ല.

മേൽപറഞ്ഞ സംവൃതസ്വരത്തിൽ അവസാനിക്കുന്ന നാമപദങ്ങളുടെ ബഹുവചനരൂപം നോക്കുമ്പോൾ ആ സ്വരം ഉകാരം (പൂർണ്ണം) ആയി മാറുന്നുവെന്ന് കണ്ടിട്ടാണ് സംവൃതസ്വരം ഉകാരത്തിൻെറ വകഭേദമെന്നു 'കേരളപാണിനി' വിധിക്കുന്നത്. അന്ത്യസ്വരം സംവൃതോകാരമല്ലെന്നുള്ള അഭിപ്രായക്കാർക്ക് ഇപ്പറഞ്ഞ ബഹുവചനരൂപങ്ങളിലെ സ്വരമാററത്തിനു സമാധാനമായി, പ്രത്യയം ചേരുമ്പോൾ അന്ത്യസംവൃതസ്വരം ലോപിച്ചു ഉകാരാഗമം വരുന്നു എന്നു പറയാമല്ലോ; എന്നുവെച്ചാലും, പ്രത്യയത്തിൻെറ മററു സ്ഥലങ്ങളിലുള്ള പ്രയോഗത്തെപ്പററി ആലോചിച്ചാൽ ഈ സമാധാനം അവിടെ സാധുവല്ലാതെ വരുന്നതാണ്. പിന്നെ ഉച്ചാരണത്തെ അനുസരിച്ചു ലിപിയെക്കുറിക്കണമെന്നുള്ള നിഷ്കർഷ നോക്കുമ്പോൾ ഇവരുടെ രീതി അശാസ്ത്രീയമായിരിക്കുന്നുവെന്നു കാണാം. മലബാർകാരുടെ സംവൃതസ്വരം ഇകാരത്തിൻെറ ഉൾവലിവായിരിക്കെ അതിനെക്കുറിപ്പാൻ ഇകാരോ

പരി ചന്ദ്രക്കലയല്ലേ ഇടേണ്ടതുള്ളു ? എന്നാൽ അവർ ഉകാരം മാത്രമായിട്ടാണല്ലോ എഴുതുന്നതു. അതിനാൽ അവരും അവ്യവസ്ഥിതമായി പ്രവൎത്തിക്കുന്നു. സംവൃതാകാരം ഉച്ചരിക്കുന്നവർ അകാരോപരി ചന്ദ്രക്കലയിടുന്നതു് സാധുതന്നെ. സംവൃത ഉകാരക്കാർ ഉകാരോപരി മീത്തലിടുന്നതും ശരിയാണു. പൂൎണ്ണ ഉകാരമെഴുതുന്നവർ അതേവിധം ഉച്ചരിക്കാതെ സംവൃതസ്വരമായി ഉച്ചരിച്ചിരുന്നുവെങ്കിൽ ആക്ഷേപമില്ലാതിരുന്നേനേ. ആകപ്പാടെ നോക്കിയതിൽ കേരളപാണിനീയ വിധിയോടു യോജിക്കുന്നവരാണു് അധികമാളുകളെന്നു തോന്നുന്നു. പ്രസ്തുത സംവൃതസ്വരം വാസ്തവത്തിൽ ഉകാരഭേദമായിരിക്കണം. അല്പ ദേശഭേദം കൊണ്ടും ഇതരഭാഷാസമ്മേളനത്താലും അവിടവിടെ മാറിപ്പോയതായിരിക്കാം. കേരളപാണിനീയകർത്താവ് മദ്ധ്യകേരളീയന്മാരുടെ പ്രയോഗത്തെ അവലംബിച്ച് വിധിചെയ്തിരിക്കയാൽ തിരുവിതാംകൂറിൽ ഭൂരിപക്ഷക്കാരും അതിനെ ആദരിക്കുന്നതിൽ അത്ഭുതപ്പെടാനൊന്നുമില്ലാ. മറ്റുള്ള ഭിന്നോച്ചാരണക്കാർ താന്താങ്ങളുടെ ഉച്ചാരണത്തിനു ചേർന്ന രീതിയിൽ അടയാളം ചെയ്തിരുന്നുവെങ്കിൽ ആവിധം സഹിക്കാമായിരുന്നു. അതു ചെയ്യാതെ അവ്യവസ്ഥിതമായി പ്രയോഗിക്കുന്നതു യുക്തമാണെന്നു തോന്നുന്നില്ലാ. ഈ അന്ത്യസ്വരോച്ചാരണ വിഷയത്തിൽ ഭിന്നഭിന്ന രീതികളെ അവലംബിച്ചിരിക്കുന്ന കാലമത്രയും, സംവൃതസ്വരചിഹ്നകാൎയ്യത്തിൽ മലയാളികൾ വിയോജിച്ചിരിക്കയേ ഉള്ളു എന്നു തോന്നുന്നുണ്ടു്.

ഇനി മറ്റൊരു വൎണ്ണത്തെക്കുറിച്ചു അല്പം പറവാനുണ്ടു്. 'നാനു,' 'പനാ' ഇത്യാദികളിലെ ദ്വിതീയവൎണ്ണത്തെക്കുറിപ്പാൻ പ്രത്യേകലിപി ആവശ്യമെന്നു ഭാഷാശാസ്ത്രജ്ഞന്മാർ നിഷ്കർഷിക്കുന്നു. ഒരു ലിപി ഒരേ ഒരു വൎണ്ണത്തെയേ കുറിക്കാവൂ എന്നും, ഒരു വൎണ്ണത്തെക്കുറിപ്പാൻ ഒരേ ഒരു ലിപിയേ പാടുള്ളൂ എന്നും ശാസ്ത്രം നിഷ്കർഷചെയ്യുന്നുണ്ടു്. ആ നിയമത്തിന് മലയാളഭാഷയിലെ അക്ഷരപങ്ക്തികളും വ്യത്യസ്തമായിരിക്കുന്നു. ഈ നിഷ്കർഷത്തെ അനുസരിക്കയാണെങ്കിൽ, 'നന' യിലെ രണ്ടുവിധവൎണ്ണങ്ങളെയും ഒരേ ലിപികൊണ്ടുകുറിക്കുന്നതു അയുക്തവും ആകുന്നു. 'തിന്നുന്നു,' 'തിന്നു,' 'തി

ന്നം' എന്നിവയിലെ ദ്വിതീയവർണ്ണങ്ങളെ ഒരുപോലെ ഉച്ചരിക്കുന്നതിനു ചിലരെ പ്രേരിപ്പിക്കുന്നതും ഈ ലിപിഭേദമില്ലായ്മയാണല്ലോ. വാസ്തവത്തിൽ, ലിപിഭേദം ചെയ്യുന്നത് മലയാളഭാഷയെ അഭ്യസിച്ചുതുടങ്ങുന്നവർക്ക് സന്ദേഹനിവാരകവും, ശാസ്ത്രീയരീത്യാ ആവശ്യകവുമാകുന്നു. ഈ വർണ്ണത്തെക്കുറിപ്പാൻ കേരളപാണിനീയകർത്താവിനാൽ നിർദ്ദിഷ്ടമായ 'ഺ' എന്ന ലിപിയാണ് സ്വീകരണീയമെന്നുള്ളത്, തമിഴിൽ ഈ വർണ്ണത്തിനുള്ള ലിപി ഇതിന്റെ അനുരൂപമായിരിക്കുന്നു എന്നതിനാൽ സിദ്ധമാകുന്നു. ഈ പുതിയലിപിക്ക് അച്ചുകൂടക്കാർ കുറെ ക്ലേശിക്കുമായിരിക്കാം. 'ഺ' എന്നുണ്ടാക്കുവാൻ 'ണ'യുടെ ഒടുവിലത്തെ കുനിപ്പു തട്ടിക്കളകയോ, 'ഈ'യുടെ താഴത്തെ ഭാഗം എടുത്തുകളകയോ ചെയ്താൽ മതിയാകും. ഉകാരം ചേരുമ്പോഴത്തെ രൂപത്തിന് "ണ്ണു" എന്ന വാക്കിലെ 'ണു'വിനെ പ്രയോഗിക്കയോ, അഥവാ, ഉകാരക്കുറിപ്പായ ചുഴിപ്പു ചേർക്കയോ ചെയ്യാം. ദ്വിത്വത്തിനു 'ഺ'യുടെ അന്ത്യഭാഗം ഛേദിച്ചാൽ കിട്ടുന്ന 'ഺ്' മതിയാകും. ഇങ്ങനെ, ഈ പുതിയ വർണ്ണത്തെ താഴെ കാണിക്കുന്ന പ്രകാരം കുറിക്കാം.

ഉ—ം. (ക) ഇനം. ഇരാം. ഇനി. വാഴീനു. കനകങ്ങൾ. (ഇത്യാദി)

(ഖ) ഇള്ളു. ഇള്ളാഴ്. ഇള്ളിയും. തിള്ളനു. എള്ളു. (ഇത്യാദി)

ഈ വിധം പുതിയ ലിപികളെ ഉപയോഗിക്കുവാൻ അച്ചുകൂടക്കാർ പ്രത്യേകം കരുക്കളുണ്ടാക്കണമെന്നു ഉത്തമമായിരിക്കും. ഇംഗ്ലീഷ് വാക്കുകൾ മലയാളത്തിൽ വന്നുതുടങ്ങിയതു മുതല്ക്കു ചില ഉച്ചാരണങ്ങളെ കുറിപ്പാൻ ലിപികളില്ലാതെ നാം ക്ലേശിക്കാറുണ്ടല്ലോ. 'ഫാദർ' (Father) 'മിഡ്‌വൈഫ്'കൾ 'ഫ്ളഫ്' ഏ മുതലായ വാക്കുകൾ മലയാളത്തിലെഴുതുമ്പോൾ F എന്ന ഉച്ചാരണത്തിന് 'ഫ' എന്നേ അച്ചടിക്കാൻ ഇട വരുന്നുള്ളൂ. ഇതിന്റെ പരിഹാരത്തിനായി ചിലർ ഫയുടെ മീതെ ചന്ദ്രക്കലയിടുകയും, ചിലർ ഇംഗ്ലീഷിലെ, അന്തരചിഹ്നം ഇടുകയും ചിലർ മറ്റുവിധം സൂചിപ്പിക്കയും ചെയ്തുവരുന്നുണ്ട്. ഈയിടെ മലയാള മനോരമ അച്ചുകൂടക്കാർ മറ്റൊരുവിധം ഉപായം ചെയ്തിരിക്കുന്നു. 'ഫ'യു

ളെ ഒട്ടവിലത്തേക്കനോപ്പു് അവസാനിക്കേണ്ടതിന് മുമ്പ് ഇടത്തൊട്ടു ഒരു കുനിപ്പുകൂടെ ചേൎത്തു് എഴുതുന്ന സമ്പ്രദായമാണ് അവർ പ്രയോഗിക്കുന്നതു്. ഇതിന് പുതിയതായി ഒരു കരുവു് വാൎത്തിട്ടുണ്ടെന്ന് തോന്നുന്നു. ഈ വിധം പുതിയ പുതിയ ലിപികളെ അച്ചുകൂടക്കാർ ഉണ്ടാക്കുന്ന പക്ഷം ഩ് കാരത്തിന്റെ കാൎയ്യവും സുലഭമാകുന്നതാണു്. പുതിയ ലിപികൾ പൂൎവ്വാചാരനിഷ്ഠന്മാൎക്കു് രുചിക്കയില്ലെങ്കിലും കാലക്രമേണ ആദരണീയമായിത്തീരുമെന്നതിന് സംശയമില്ല.

ഈ പറഞ്ഞ ഩ് കാരം ഏതുവൎഗ്ഗത്തിൽ ചേൎന്നതാണ് എന്നാണ് ഇനി ആലോചിക്കുവാനുള്ളതു്. കേരള പാണിനീയകൎത്താവു് ഇതിനെ ദന്ത്യങ്ങളുടെ കൂട്ടത്തിൽ ചേൎത്തെഴുതിയിരിക്കുന്നു. മൂൎദ്ധന്യമായ ണ് എയും, ദന്ത്യമായ ന് എയും, ഉച്ചരിക്കുമ്പോൾ, ജിഹ്വാഗ്രം മൂൎദ്ധാവിനോടും ദന്തത്തോടും അടുത്തുവരുന്നതായിട്ട് കാണാം. എന്നാൽ, ഩ എന്ന പ്രസ്തുതവൎണ്ണത്തിന്റെ സ്ഥാനം ഩ് യ്ക്കേതല്ലെന്നും, ണ് ന് എന്നിവകൾക്കു് ഇടയിലാണെന്നും അതിനാൽ, ഩ് കാരത്തെ കേവലദന്ത്യമായി ഗണിപ്പാൻപാടില്ലെന്നും ഗ്രഹിക്കാവുന്നതാണ്. ഩ് കാരത്തെ ഉച്ചരിക്കുമ്പോൾ ജിഹ്വാഗ്രം ദന്തമൂലത്തിന് അല്പം മേലായിരിക്കുന്നു. ഈ വൎണ്ണത്തെ ഉപദന്ത്യം എന്നൊരു പുതിയ ഗണത്തിൽ ചേൎക്കുന്നതല്ലേ യുക്തമായുള്ളതു്? ഩ് എന്നതു് ണകാരം തേഞ്ഞുണ്ടായതാണെന്നാകുന്നു എന്റെ അഭിപ്രായം.

ഈ ഩ് എന്ന വൎണ്ണം ടവൎഗ്ഗത്തിനും തവൎഗ്ഗത്തിനും ഇടയ്ക്കുള്ള ഒരു വൎഗ്ഗത്തിലെ അനുനാസികമാണെന്നു് അല്പം ആലോചിച്ചാൽ മനസ്സിലാകും. പ്രസ്തുതവൎഗ്ഗത്തിന്നു് തൽകാലം ഖിലവൎഗ്ഗം എന്നു പേരിടാം. ഈ ഖിലവൎഗ്ഗത്തിൽ അനുനാസികമായ ഩ് കാരം കൂടാതെ വേറെ വൎണ്ണങ്ങളുമുണ്ടു്. ഇവയിലൊന്നു്, എന്റെ അവന്റെ മുതലായ വാക്കുകളിൽ ഺ എന്ന ലിപിയാൽ കുറിക്കപ്പെടുന്ന ഉച്ചാരണമാകുന്നു. സൂക്ഷിച്ചാൽ, റകാരത്തിനും ഈ വൎണ്ണത്തിന്നും തമ്മിൽ വ്യത്യാസമുണ്ടു്. ജിഹ്വാഗ്രം നോക്കിയാൽ അവ്[illegible] + ഒ

ആണ് (അവന്റെ) എന്നായിട്ടുള്ളത്. ടകാരം തേഞ്ഞു റകാരംകിടയിലുള്ള ഉച്ചാരണമായിത്തീർന്നിരിക്കുന്നു. തൊറാറസ്' ചിററ' മുതലായവയിലെ ററ' ഇല്ലാത്ത ഇടവർണ്ണത്തിന്റെ ഉരുളിപ്പാണ താനും. ഈ പുതിയ വർണ്ണത്തെ കുറിപ്പാൻ റ' ഒ ന്ന തിരിച്ചിട്ടു കാണിക്കാം. ഇപ്രകാരം, ടവർഗ്ഗം തേഞ്ഞുണ്ടായിട്ടുള്ള വർണ്ണങ്ങളിൽ രണ്ടുമാത്രം മലയാളത്തിൽ സാധാരണ നടക്കുന്നുള്ളു. അവയെ ഉദാഹരിക്കാം:—

ട	ഠ	ഡ	ഢ	ണ	(മൂർദ്ധന്യം)
റ	...	...	...	ന	(ഉപദന്ത്യം)

ടവർഗ്ഗത്തിലുള്ള ഠ, ഡ, ഢ, എന്നീമൂന്നിനും എതിരായി റിലവർഗ്ഗത്തിൽ വർണ്ണങ്ങളില്ലാ. ട്ട' എന്ന മിശ്രാക്ഷരത്തിന്റെ എതിരായ ററ' എന്ന വർണ്ണത്തെ മുറയ്ക്ക്, ന്റ' എന്ന ലിപിയെ അല്പം തിരിച്ചിട്ടുണ്ടാകുന്ന (ൻ്റ) എന്ന ചിഹ്നംകൊണ്ടു കുറിക്കാം.

മലയാളത്തിൽ, ന' കാരം ഏകാകിയായി വന്നിട്ടുള്ള ഒരാകൃതി അല്ലെന്നും; ഒരു ലിപിവർഗ്ഗത്തിലുള്ള രണ്ടു വർണ്ണങ്ങളിലൊന്നാണെന്നും; ഈ ലിപിവർഗ്ഗത്തെ ടവർഗ്ഗത്തിന്റെ തേമാനംകൊണ്ടുണ്ടായതായി ഗണിക്കാമെന്നും; ന' കാരത്തെ കേവലദന്ത്യമായി സ്വീകരിക്കുന്നതിനേക്കാൾ പ്രത്യേകമൊരു വർഗ്ഗത്തിൽ ഉൾപ്പെടുത്തിപ്പറകയാണ് വേണ്ടതെന്നും ഞാൻ ശഠിക്കുന്നതിൽ തെറ്റുണ്ടോ എന്നറിയുന്നില്ലാ.

മേല്പറഞ്ഞ അഭിപ്രായങ്ങളെക്കുറിച്ച് 'രസികരഞ്ജിനി' പുസ്തകാധിപരും, പത്രപാരായകന്മാരും ത്യാജ്യഗ്രാഹ്യവിവേചനം ചെയ്യേണമെന്നുള്ള അപേക്ഷയോടുകൂടി ഈ ലേഖനത്തെ തൽക്കാലം ഉപസംഹരിച്ചുകൊള്ളുന്നു.

കെ. രാമകൃഷ്ണപിള്ള.

☞ നമ്മുടെ മാന്യലേഖകന്റെ ആഗ്രഹം സാധിക്കുന്നതിൽ ഞങ്ങൾക്കുള്ള സന്തുഷ്ടിപോലെതന്നെ ഞങ്ങളുടെ വായനക്കാർക്കും ഉണ്ടാകാതിരിക്കയില്ലെന്ന് വിശ്വസിക്കുന്നു.

ര. ര. പ.


ഒരു ഗണനലീലാ.

—— :o: ——

കാശിയിലെ മഹാക്ഷേത്രത്തിൽ ഭൂമിയുടെ നേർ മദ്ധ്യം എന്ന വെച്ചിരിക്കുന്ന സ്ഥലത്ത ഏകദേശം ഒരു മുഴം പൊക്കവും ഒരു തേനീച്ചയുടെ ശരീരത്തോളം വണ്ണവും ഉള്ളതും വൈരം കൊണ്ടുണ്ടാക്കിയതും ആയ മൂന്നു സൂചികൾ ഒരു പിച്ചളത്തകിടിന്മേൽ നാട്ടീട്ടുണ്ടെന്നും അവയിൽ ഒരു സൂചിയിന്മേൽ ൬൪ സ്വൎണ്ണക്കട്ടികൾ കോൎത്തിട്ടുണ്ടെന്നും ഒരു പുസ്തകത്തിൽ കാണുന്നു. ഏററവും വലിയ കട്ടി, ഉള്ളതിലും ചുവട്ടിലും അതിന്റെ മീതെ ശേഷമുള്ളവയിൽ വലിയതും ഇതിനെ ക്രമേണ ഏററവും ചെറിയത ഉള്ളതിലും മുകളിലും ആയിട്ടാണ കോൎത്തിരിക്കുന്നത. ഇത ബ്രഹ്മാവിന്റെ ഗോപുരമാണെന്നും സൃഷ്ടിസമയത്തിങ്കൽ ഉണ്ടാക്കീട്ടുള്ളതാണെന്നും അപ്പോൾ ബ്രഹ്മാവിനാൽ കല്പിക്കപ്പെട്ട അലംഘ്യങ്ങളായ ആജ്ഞകൾക്കു ഭംഗം വരുത്താതെ ക്ഷേത്രത്തിലുള്ള സന്ന്യാസികൾ മേൽ പറഞ്ഞ സ്വൎണ്ണക്കട്ടികൾ ആദ്യത്തെ സൂചിയിന്മേൽ നിന്നും മൂന്നാമത്തെ സൂചിയിന്മേലക്ക മാററുന്നതിന്ന രാവും പകലും ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നും ആ പുസ്തകത്തിൽ വിവരിച്ചു കാണുന്നുണ്ട. ഒരു സമയത്ത ഒരു സ്വൎണ്ണക്കട്ടി മാത്രമെ എടുക്കാൻ പാടുള്ളു എന്നും, ആദ്യത്തെ സൂചിയിന്മേൽ നിന്നും ഒരു കട്ടി രണ്ടാമതായി എടുക്കുമ്പോൾ അത കട്ടികൾ ഒന്നും ഇല്ലാത്തതായ ഒരു സൂചിയിന്മേൽ ഇടേണമെന്നും, ഒരു കട്ടി അതിനെക്കാൾ വലിയതായ ഒരു കട്ടിയിന്മേൽ അല്ലാതെ ചെറിയതായതൊന്നിന്മേൽ വെക്കാൻ പാടില്ലെന്നും ആണ കല്പനകൾ. ഇപ്രകാരം കട്ടികൾ എല്ലാം മൂന്നാമത്തെ സൂചിയിന്മേലക്ക മാററിയ ഉടനെ ഗോപുരവും ബ്രാഹ്മണരും എല്ലാം പൊടിയായിപ്പോവുകയും ലോകം അപ്പോൾ അവസാനിക്കുകയും ചെയ്യുമത്രെ!

മേൽപറഞ്ഞപ്രകാരം കട്ടികളോ സൂചികളോ കാശിയിൽ ഉണ്ടോ എന്ന എനിക്ക അറിഞ്ഞുകൂടാ. എതുവിധമായാലും ഒരു ഉ

പായം ആദ്യമായി കണ്ടുപിടിച്ച ആൾ വലിയ സമൎത്ഥൻ തന്നെ യായിരിക്കണം. ഈ കട്ടികളും ഒന്നോ രണ്ടോ മണിക്കൂറുകൊണ്ടു മൂന്നാമത്തെ സൂചിയിന്മേലേക്ക മാറ്റിക്കളയാമെന്ന ചിലൎക്ക തോന്നിയേക്കാം. എന്നാൽ അത് അത്ര കുറച്ച സമയം കൊണ്ടും മറ്റും സാധിക്കുന്നതല്ല. രണ്ടു കട്ടികൾ മാത്രമുണ്ടായിരുന്നാൽ അവയെ മാറ്റുന്നതിന്ന മൂന്ന നീക്കങ്ങൾ ആവശ്യമുള്ളെന്നും മൂന്ന കട്ടികൾ ഉണ്ടായിരുന്നാൽ ഏഴ നീക്കങ്ങൾ വേണമെന്നും നാല കട്ടികൾക്ക പതിനഞ്ച നീക്കങ്ങൾ വേണമെന്നും സൂക്ഷ പരീക്ഷിച്ച നോക്കിയാൽ അറിയാമല്ലോ.



ഈ ചിത്രം എട്ടു കട്ടികളുടെ മാറ്റങ്ങളിൽ ഒരു നിലയെ കാണിക്കുന്നു.



എ. ബി. സി. എന്ന മൂന്ന കട്ടികൾ. അക്കം ഇട്ടിരിക്കുന്നത് എത്രാമത്തെ നീക്കം എന്ന കാണിപ്പാനാണ ഉ—ം. ബി൬. എന്നവെച്ചാൽ ആറാമത്തെ നീക്കത്തിന്ന ബി. എന്ന കട്ടി അതിന്റെ മുൻ സ്ഥാനത്തിൽ നിന്ന് എടുത്ത മൂന്നാമത്തെ സൂചിയിൽ ഇടണമെന്നാണ.

മൂന്നുകള്ളികൾ ഉണ്ടായാൽ അവയെ മാററുന്നതിന്റെ ക്രമം ചിത്രത്തിൽ കാണിച്ചിട്ടുണ്ടു. ഈ ക്രമത്തിന് ഓരോ കള്ളികൂട്ടുന്നതാറും നീക്കങ്ങളുടെ തുക ഒന്നരട്ടിച്ച് അതിൽ ഒന്നധികമാവുന്നു. അതിനാൽ, എത്ര കള്ളികൾ ഉണ്ടോ അത്ര പ്രാവശ്യം ൨ എന്ന സംഖ്യ എടുത്തു തമ്മിൽ പെരുക്കികിട്ടിയ തുകയിൽ നിന്നു ൧ കുറച്ചാൽ ആവശ്യമുള്ള നീക്കങ്ങളുടെ സംഖ്യ കിട്ടുമെന്നും സ്പഷ്ടമാണു. ബ്രഹ്മാവിന്റെ ഗോപുരത്തിന്നു ൬൪ കള്ളികൾ ഉള്ള അവസ്ഥക്കു ൨ നെ ൬൪ പ്രാവശ്യം അതുകൊണ്ടു തന്നെ പെരുക്കി ൧ കുറച്ചാൽ കിട്ടുന്നേടത്തോളം നീക്കങ്ങൾ ആവശ്യമാണു. ഇതു പ്രഥമ ദൃഷ്ടിയിൽ തോന്നിയേക്കാവുന്ന മാതിരി ചെറുതായ ഒരു സംഖ്യയല്ല.

18, 446, 744, 073, 709, 551, 615 നീക്കങ്ങളാണു ആവശ്യമുള്ളത്. ഒരു നീക്കത്തിന്നു ഒരു സെക്കൻഡ് അനുവദിക്കുന്ന പക്ഷം കള്ളികൾ അറുപത്തിനാലും മൂന്നാമത്തെ സൂചിയിന്മേലേക്കു നീക്കുന്നതിന്നു അൻപതിനായിരം ലക്ഷം നൂററാണ്ടുകളിൽ അധികം വേണ്ടിവരുന്നു! കലിയുഗത്തിന്നു 432000 കൊല്ലവും ഒരു ചതുർയ്യുഗത്തിന്നു അതിൽ പത്തിരട്ടിയും മാത്രമേയുള്ളു. ഈ കണക്കിന് എത്ര ചതുർയ്യുഗങ്ങൾ കഴിഞ്ഞാൽ ആണു നമ്മുടെ സങ്കല്പമായ കാര്യം സാധിക്കുക എന്നുള്ള സംഗതി ഏററവും വിസ്മയജനകമായിരിക്കുന്നു.

ഇപ്രകാരം വിനോദവും അറിവും ഒരുപോലെ കൊടുക്കുന്നതായ ഗണനാലീലകളിൽ പണ്ടുള്ള വിദ്വാന്മാർ വളരെ ശ്രദ്ധയോടെ പരിശ്രമിച്ചു കൊണ്ടിരുന്നു. ചിലർ ഈ പഠിപ്പിനെ ഭോഷന്മാരായ ധനികന്മാരേയും രാജാക്കന്മാരേയും പററിപ്പാനും ഉപയോഗിച്ചിട്ടുള്ളതായി കേട്ടിട്ടുണ്ടു. ഒരിക്കൽ വടക്കെ ഇന്ത്യയിലെ ഒരു രാജാവ് ഒരു സന്യാസിയോടു കൂടി ചതുരംഗം വെക്കുവാൻ തുടങ്ങി. പന്തയത്തിന്റെ കാര്യത്തിൽ ആദ്യം കുറച്ചു തർക്കമുണ്ടായതിനാൽ, രാജാവു തോൽക്കുന്ന പക്ഷം പലകയിൽ ൬൪ കള്ളികൾ ഉള്ളതിൽ ഒന്നാമത്തേതിന്നു ഒരുമണിനെല്ലും രണ്ടാമത്തേതിന്നു രണ്ടുമണിയും മൂന്നാമത്തേതിന്നു നാലുമണിയും ഇങ്ങിനെ ഇരട്ടിവീതം എല്ലാകള്ളികൾക്കും വേണ്ടിവരുന്ന നെല്ലു മുഴുവനും കണക്കാ

കി കൊടുത്താൽ ... എന്ന സന്ന്യാസി പറകയും രാജാവ അതി നെ സമ്മതിക്കുകയും ചെയ്തു. ഒടുവിൽ രാജാവ തോല്ക്കുകയും പന്തയത്തിൻെറ വിധികൊടുപ്പാൻ ഒരു നിവൃത്തിയും ഇല്ലാതെ സന്ന്യാസിയോട മാപ്പുചോദിക്കേണ്ടി വരികയും ചെയ്തു. ഈ കഥ വായനക്കാരിൽ മിക്കപേരും കേട്ടിട്ടുണ്ടായിരിക്കാമെന്നും കേൾക്കാത്തവർക്ക ജിജ്ഞാസയുണ്ടെങ്കിൽ അവർ തന്നെ ആലോചിച്ചുകൊള്ളുമെന്നും ഉള്ള വിശ്വാസത്താൽ പന്തയത്തിൻെറ വിധി ഇവിടെ കാണിക്കുന്നില്ല. മേൽപറഞ്ഞ ബൃഹൽഗോപുരം മാറുന്നതിന എത്രനീക്കങ്ങൾ ആവശ്യമുണ്ടോ അത്രയും നാഴികകളും ആവശ്യമുണ്ടെന്നമാത്രം പറഞ്ഞാൽ മതിയല്ലോ.

കെ. കെ. വാരിയർ ബി. എ.

"മലയാളഭാഷയുടെ താൽകാലികസ്ഥിതി" ദൃഷ്ടാന്തരൂപേണ കാണിക്കാവുന്നതുപോലെ, സി. ഡി. ഡേവിഡ് അവർകൾ ഒഴികെ മറ്റു സകല ഉപന്യാസകന്മാരും മൌനമായി അവലംബിച്ചുകളഞ്ഞു. 'മലയാളഭാഷയുടെ താൽകാലികാവസ്ഥ' എന്ന അലവാചകത്തോടുകൂടി താഴെ വരുന്ന ഉപന്യാസം ആ വിഷയത്തെപ്പററി പലരെ മനസ്സിരുത്തി ആലോചിച്ച അതിൻെറ ഗുണദോഷങ്ങളെ നിർണ്ണയിപ്പാൻ ഞങ്ങൾക്ക സാധിച്ചിട്ടില്ല. മിഥുനമാസത്തിലെ പരസ്യപ്രകാരം ൧൦ ക. സമ്മാനം നിശ്ചയിച്ചിട്ടുള്ളത ഉപകാരസ്മരണമാത്രമായി ഈ ഉപന്യാസകന കൊടുത്തിരിക്കുന്നു. സ്ഥലച്ചുരുക്കത്താൽ പ്രകൃതോപന്യാസത്തിൻെറ പകുതിയിൽ എത്രയും ഭാഗം അധികം മാത്രമേ ഈ ലക്കത്തിൽ പ്രസിദ്ധം ചെയ്തിട്ടുള്ളു. ഞങ്ങളുടെ ചില അഭിപ്രായങ്ങളും കുറിപ്പുകളും അവിടവിടെയായി ഉപന്യാസാന്തത്തിൽ ചേർക്കുകയും സന്ദർഭത്തിനോ പ്രസിദ്ധീകരണത്തിനോ അനുചിതങ്ങളെന്നു തോന്നിട്ടുള്ളതായ ചിലഭാഗം വിട്ടുകളകയും ചെയ്തിട്ടുണ്ട്.

ഈ അവസരത്തിൽ മലയാളപത്രങ്ങളും മാസികകളും (ഇംഗ്ലീഷ് വർത്തമാനപത്രങ്ങളോടും മാസികകളോടും താരതമ്യപ്പെടുത്തി) എന്ന വിഷയത്തെക്കുറിച്ചുള്ള ഉത്തമോപന്യാസത്തിന് ഏട്ടുറുപ്പിക സമ്മാനം മുമ്പു നിശ്ചയിച്ചിട്ടുള്ള വിവരവും വായനക്കാരെ ഓർമ്മപ്പെടുത്തുന്നു. ലേഖകന്മാരുടെ സൌകര്യത്തിന്ന

വേണ്ടി, മുൻനിശ്ചയിച്ചിട്ടുള്ള അവധിയിൽ ഒരു മാസംകൂടി കൂട്ടിക്കൊടുത്തു കന്നിമാസം ൩൦-ാം നു-യോടുകൂടി ഉപന്യാസങ്ങൾ രസികരഞ്ജിനി ആപ്പീസ്സിൽ എത്തിച്ചുതന്നാൽ മതിയെന്നും തീർച്ചപ്പെടുത്തിയിരിക്കുന്നു.

ര. ര. പ

മലയാളഭാഷയുടെ

താൽക്കാലികാവസ്ഥ.

———:0:———

മലയാളഭാഷയുടെ ഉത്ഭവം തമിഴിൽനിന്നാണെന്നു ചിലരും, അതല്ല, സംസ്കൃതത്തിൽനിന്നാണെന്നു മറ്റു ചിലരും, * അഭിപ്രായപ്പെടുന്നതിൽ സ്വീകാരയോഗ്യമായിട്ടുള്ളത് ഏതഭിപ്രായമാണെന്ന്, ഈ അവസരത്തിൽ, ഇവിടെ പ്രസ്താവിക്കണമെന്നു തോന്നുന്നില്ല.

മലയാളഭാഷയിൽ തമിഴുപദങ്ങളും സംസ്കൃതപദങ്ങളും ധാരാളമുള്ളതായി നാം അറിയുന്നു. നമ്മുടെ ഭാഷയിലുള്ള ചില പഴയ ഗ്രന്ഥങ്ങൾ നോക്കുന്നതായാൽ, അവയിൽ തമിഴുപദങ്ങളാണ് അധികമുള്ളതെന്നും, അതിലെ ഭാഷ, സാമാന്യമായി തമിഴിനെയാണ് ആശ്രയിച്ചിരിക്കുന്നതെന്നും കാണപ്പെടും. അന്നത്തെ ആളുകളുടെ ഭ്രമം തമിഴിൽനിന്നു പദങ്ങൾ കടംവാങ്ങുകയും മറ്റും ചെയ്യുന്നതിലായിരുന്നുവെന്നു ഇതിനാൽ വിചാരിക്കേണ്ടതായിവരുന്നു.

ഈ ഭ്രമം അസ്തമിതമായതിനുശേഷമായിരിക്കണം, സംസ്കൃതത്തിൽനിന്നു പദങ്ങൾ കടംവാങ്ങണമെന്നുള്ള ഭ്രമം ഉദിച്ചത്. ഈ ഭ്രമം അസാമാന്യമായി വർദ്ധിക്കയാൽ, സംസ്കൃതവിഭക്തിപ്രത്യയങ്ങളോടുകൂടി, സംസ്കൃതപദങ്ങളെ മലയാളഭാഷയിലേക്കു കൊണ്ടുവന്നു ചേർക്കാമെന്നായി. ആളുകൾക്കു ഓരോ കാലത്ത് ഓരോന്നിലായിരിക്കും ഭ്രമം എന്നുള്ളതു നാമിന്നു കണ്ടും കേട്ടും അറിയുന്ന മുഖ്യ സംഗതികളിൽ ഒന്നാകകൊണ്ടു ഭാഷയെ സംബന്ധിച്ച കാര്യത്തിൽ, ഇതിനൊരു മാറ്റമുണ്ടായതിൽ അത്ഭുതപ്പെടുവാനോ ആരെയും കുറ്റപ്പെടുത്തുവാനോ ഇല്ല.

---

* തമിഴിന്റെ സഹോദരിസ്ഥാനമാണ മലയാളത്തിനുള്ളതെന്നും ചിലർ ശങ്കിച്ചും അഭിപ്രായപ്പെടുന്നുണ്ട്. ര. ര. ഛ.

മലയാളഭാഷയിലെ മാതൃകാകവിതകളെന്നു നിസ്സംശയം വിധിക്കപ്പെട്ടിരിക്കുന്ന ഭക്തിരസപ്രധാനങ്ങളായ രാമായണം, ഭാരതം, മുതലായ പ്രശസ്ത പുസ്തകങ്ങൾ ഭാഷോത്ഭവത്തിൽ വന്നുചേർന്നതു ഏകദേശം ഈ അവസരത്തിൽ തന്നെയായിരിക്കണം. പൂർവ്വകാലങ്ങളിൽ വിദ്വാന്മാർ നന്നെ ചുരുക്കമായിരുന്നുവെന്നു വരികിലും, * ഉണ്ടായിരുന്നവർ അതിയോഗ്യന്മാരായിരുന്നതിനാൽ അക്കാലത്തുണ്ടാക്കപ്പെട്ടിട്ടുള്ള പുസ്തകങ്ങളും വളരെ നല്ലവയാണെന്നും, കവിയെന്നോ ഗ്രന്ഥകർത്താവെന്നോ ഉള്ള പേർ വല്ലവിധത്തിലും സമ്പാദിക്കണമെന്നുള്ള വിചാരത്തോടുകൂടി കണ്ണടച്ചു ചാടി പുറപ്പെടുന്ന ആളുകൾ അക്കാലത്തു ഇല്ലായ്കയാലോ എന്തോ, ഭാഷയാകുന്ന നിർമ്മലവാരിയിൽ കലുഷപുസ്തകങ്ങളാകുന്ന വിഷവസ്തുക്കൾ അധികമായി കലർന്നു ജനസാമാന്യത്തിന്നു ദോഷം വരുത്തുക ഉണ്ടായിട്ടില്ലെന്നും ചിലർ പറയുന്നുണ്ടു. ഈ അഭിപ്രായം സ്ഥാപിച്ചാലും നിഷേധിച്ചാലും അക്കാലത്തുണ്ടായിട്ടുള്ള പുസ്തകങ്ങൾ വളരെ നല്ലവയാണെന്നു പൊതുവിൽ സമ്മതിക്കാതിരുന്നുകൂടാ.

ഇതിന്നശേഷമാണല്ലൊ പ്രസിദ്ധകവിയായ കുഞ്ചൻ നമ്പ്യാരുടെ പുറപ്പാടു. അദ്ദേഹത്തിന്റെ കവിതകൾ വളരെ നന്നെന്നു പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലെന്നാണ തോന്നുന്നത്. ആട്ടകഥകൾ ഉണ്ടാക്കിയ കോട്ടയത്തു തമ്പുരാനെന്നും മറ്റും മാനിക്കുന്നതല്ലൊ. ആ കാലങ്ങളിൽ പദ്യങ്ങളാണ് അധികമായിട്ടുണ്ടായിട്ടുള്ളതു. ഏതു ഭാഷയുടെയും ശൈശവകാലത്തു പദ്യങ്ങളാണ ധാരാളമുണ്ടാവുക എന്നുള്ള അഭിപ്രായം ധിക്കാരയോഗ്യമല്ലെന്നു വിധിക്കപ്പെടുന്നപക്ഷം അക്കാലത്തെ പദ്യഗ്രന്ഥങ്ങൾ അധികമുണ്ടായതിനെപ്പറ്റി ഒന്നും തന്നെ ചിന്തിപ്പാനില്ല.

എങ്കിലും മലയാളഭാഷക്ക് അത്യാവശ്യമായ ഒരു വ്യാകരണവും നിഘണ്ടുവും ഇല്ലെന്നുള്ള ന്യൂനത പരിഹരിക്കപ്പെടാതെ കിടന്നിരുന്നു. ഇങ്ങിനെ ഇരിക്കുമളവിൽ, യൂറോപ്പ് ഖണ്ഡത്തിൽനിന്നു ഇവിടെ വന്നു മലയാളഭാഷ അഭ്യസിച്ച ജനങ്ങളെന്ന പ്രബലമതിമാർ (കേരളീയരെ ലജ്ജിപ്പിക്കേണ്ടതിന്നായിട്ടോ എന്നു തോന്നുമാറു) ആ ന്യൂനതയെ ശക്തിക്കുതക്കവണ്ണം പരിഹരിച്ചുവെ

* വിദ്വാന്മാർ പണ്ടു കുറവായിരുന്നുവെന്നു തോന്നുന്നില്ല. ര. ര. പ.

ന്നല്ല പറയേണ്ടു. അദ്ദേഹം മലയാളഭാഷയെ യഥാൎത്ഥമായി സ്നേഹിക്കയും നമ്മുടെ ഭാഷയുടെ അഭ്യുദയത്തിന്നുവേണ്ടി യത്നിക്കയും ചെയ്തിട്ടുള്ള മഹാമനസ്സനാണെന്നുള്ളതിന്ന സന്ദേഹമില്ല. അദ്ദേഹം കേരളോല്പത്തി, കേരളപ്പഴമ മുതലായ ചില ഗദ്യപുസ്തകങ്ങൾ അച്ചടിപ്പിച്ചതായി പ്രസ്താവമുണ്ട.

കെ. ആർ. കൃഷ്ണപിള്ള അവർകൾ ബി. എ, മുമ്പൊരിക്കൽ എഴുതീട്ടുള്ളതിൽ നിന്ന ഏതാനും വാചകങ്ങൾ ഇവിടെ എടുത്ത കാണിക്കുന്നത സന്ദർഭോചിതമായിരിക്കുമെന്ന നിശ്ചയിച്ച താഴെ ചേൎക്കുന്നു. "ഗദ്യപുസ്തകങ്ങളുടെ അഭിവൃദ്ധിക്ക വളരെ സഹായിച്ചിട്ടുള്ള മിഷ്യനറിമാർ നമ്മുടെ കൃതജ്ഞതക്ക് അൎഹരാകുന്നു എങ്കിലും പദപ്രയോഗത്തിൽ ഇംഗ്ലീഷ്വ്യാകരണത്തെ അധികമായി അനുസരിച്ചിട്ടോ എന്തോ ഇവരുടെ ഗദ്യത്തിന്ന് ഒരു മിഷ്യനറിച്ചുവകൂടി തട്ടിട്ടുണ്ട. ഇംഗ്ലീഷിലെപ്പോലെ അച്ചടിച്ച പൈപാടുചെയ്ത വ്യാകരണപുസ്തകങ്ങൾ ഇല്ലെങ്കിലും, ഒരു വ്യാകരണരീതിയും ചില വാചകസങ്കേതങ്ങളുമുള്ള ഭാഷയാണ മലയാളമെന്ന് ഇവർ മനസ്സിലാക്കിയിരുന്നില്ലെന്ന തോന്നുന്നു. രാമനെ കണ്ടു എന്ന പറയുന്നതിന്ന പകരം രാമനാൽ കണ്ടു എന്നോ, രാമനിൽ കണ്ടു എന്നോ, പറയുന്ന നടപ്പ് ഒരികലും ഇല്ലായിരുന്നു. അതുപോലെതന്നെ ഇനിക്ക കൊടുക്ക എന്നും നീ എന്തിന വന്നിപ്പൂ എന്നും മറ്റുമുള്ള വാചകങ്ങൾ ഇന്നത്തെപ്പോലെതന്നെ അന്നും മലയാളികൾക്ക ദുസ്സഹമായിരുന്നിരിക്കണം. ഈ സംഗതികളെ അത്ര ശ്രദ്ധിക്കാതെ എഴുതിയതിനാൽ മിഷ്യനറിമാരുടെ മലയാളത്തിന്ന് ഒരു വൈരൂപ്യം വന്നു കൂടീട്ടുണ്ട. ബൈബിളിന്റെ ഇംഗ്ലീഷ് നന്നായിട്ടുള്ളേടത്തോളം ബൈബിൾ തൎജ്ജമയുടെ മലയാളവും നന്നായിരുന്നെങ്കിൽ ഈ പുസ്തകത്തെ ഇപ്പോൾ വായിക്കുന്നതിലധികം മലയാളികൾ വായിക്കുമായിരുന്നു" (ഭാഷാപോഷിണി 1074 മകരം). ഇതുകൂടാതെ ഇയ്യിടെ പി. കെ. നാരായണപിള്ള അവർകൾ ബി. എ, ഭാഷാസാഹിത്യത്തിന്റെ ഉൽകൎഷത്തെപ്പറ്റി എഴുതിയിട്ടുള്ളതിൽ [illegible] മൂലഭാഷകളുടെ അറിവില്ലായ്മകൊണ്ടുണ്ടാകുന്ന

അബദ്ധംപോലെതന്നെയാണ, ബൈബിൾ മുതലായവയുടെ തൎജ്ജമകൾ ശ്രമിച്ചിട്ടുള്ള ചില ക്രിസ്ത്യാനികൾക്കു മലയാളത്തിന്റെ അറിവില്ലായ്മകൊണ്ടു നേരിട്ടിട്ടുള്ള അബദ്ധവും" എന്നാപറഞ്ഞിരിക്കുന്നു. (രസികരഞ്ജിനി 1078 ഇടവം ലക്കം ൧൦). ഭാഷയുടെ നന്മക്കു വേണ്ടി മിഷ്യനറിമാർ ശ്രമിക്കുന്നുണ്ടെന്നുവരികിലും നേരെയാകുന്നില്ലെന്നാണല്ലോ ഈ മഹാന്മാരുടെ അഭിപ്രായങ്ങളിൽനിന്ന തെളിയുന്നത.

മിഷ്യനറിമാർ ഇവിടങ്ങളിൽ അച്ചുക്കൂടങ്ങൾ സ്ഥാപിക്കയും പുസ്തകങ്ങൾ അച്ചടിപ്പിച്ചു ഇറക്കുകയും ചെയ്തതോടു കൂടി പുസ്തകമുണ്ടാക്കി അച്ചടിപ്പിക്കണമെന്നുള്ള വിചാരം പലൎക്കും ഉദിച്ചു തുടങ്ങി.

ഏകദേശം ഇതിനോടടുത്ത കാലത്തായിരിക്കണം, കേരളകാളിദാസനെന്ന് എല്ലാവിദ്വാന്മാരാലും സമ്മതിക്കപ്പെട്ടിരിക്കുന്ന വലിയകോയിത്തമ്പുരാൻ തിരുമനസ്സിലെ അദ്ധ്യക്ഷതയിൻകീഴിൽ തിരുവിതാംകൂർ ബുക്കുകമ്മിററി വകയായി വളരെ നല്ലപുസ്തകങ്ങൾ അച്ചടിപ്പിച്ചു സ്കൂളുകളിൽ പാഠപുസ്തകങ്ങളായി സ്വീകരിക്കപ്പെടുകയുണ്ടായിട്ടുള്ളത. കോട്ടയം സി. എം. എസ്സ്, വകയായും ബ്രിട്ടീഷിൽ സ്റ്റാൻഡേർഡ് സ്കൂൾ മിസ്റ്റർഗാത്തുവെററ് സായ്പവർകളുടെ വകയായും, വെക്കോട്ട അച്യുതപണിക്കരവർകളുടെ വകയായും, പാഠപുസ്തകങ്ങൾ ഉണ്ടായിട്ടുണ്ട. ഇതിനെയുള്ള പാഠപുസ്തകങ്ങളിൽ ദേശികഭാഷാപദങ്ങൾ കൂടികലൎന്നിട്ടുണ്ടെന്ന പറയേണ്ടതായി വന്നിരിക്കുന്നു. ഭാഷാശാകുന്തളത്തിന്റെ ആവിർഭാവത്തോടുകൂടി നാടകങ്ങൾ ഉണ്ടായിത്തുടങ്ങി. ഇങ്ങിനെ നൂതന പുസ്തകങ്ങളാകുന്ന ആഭരണങ്ങളെക്കൊണ്ടു ഭാഷാംഗനയെ ഇടക്കിടെ പലരും യഥാശക്തി അലങ്കരിച്ചുകൊണ്ടിരുന്നു എന്നല്ലേ പറയേണ്ടു.

ഇങ്ങിനെ നടന്നു വരുമ്പോളാണ, "കവിസമാജം" ഉണ്ടായത. ഈ സമാജമാണ് ഏറെത്താമസിയാതെ ഭാഷാപോഷിണിസഭയായത് എന്ന് എല്ലാവരും അറിഞ്ഞിട്ടുണ്ടല്ലോ. മലയാളരാജ്യനിവാസികളായ സകലരുടെയും മാതൃഭാഷ മലയാളമാണെന്നു വരികിലും, ദേശമതഭേദാനുസരണമായി, സംസാരിക്കുന്നതിലും

എഴുതുന്നതിലും ചില ഭാഷാഭേദങ്ങൾ ഉണ്ടെന്നുള്ളതിനാൽ ഏകരൂപമായ ഒരു കാൎയ്യമാകകൊണ്ടു ഈ ദോഷത്തെ പരിഹരിച്ചു ഭാഷകളെ ഐക്യപ്പെടുത്തേണമെന്നുള്ളതാണ് ഈ സഭയുടെ മുഖ്യോദ്ദേശങ്ങളിൽ ഒന്ന് എന്നു പ്രസംഗവൃത്താന്തമായി അറിയിക്കുന്നുണ്ടായിരുന്നു. ഈ ഉദ്ദേശം സഫലമാകുന്നതിന് ആരെല്ലാം എന്തെല്ലാം പ്രവൃത്തിച്ചു എന്നും എത്രത്തോളം ഉദ്ദേശം സിദ്ധിച്ചുവെന്നും മറ്റും ആലോചിച്ചു അഭിപ്രായം പറയേണ്ടുന്ന ചുമതല വഹിപ്പാൻ ഇവിടെ ഒരുങ്ങുന്നില്ല. എങ്കിലും ഭാഷാപോഷിണീസഭയുടെ സ്ഥാപനാനന്തരം, പലരും തങ്ങൾക്കു ഒരു പുതിയ ശക്തിസിദ്ധിച്ചിട്ടെന്നപോലെ, പുസ്തകമെഴുതിയുണ്ടാക്കുന്നതിനും അവയെ അച്ചടിപ്പിക്കുന്നതിനും ആരംഭിച്ചു എന്നു പറയുന്നതു മതിയാവും. പലതരത്തിലുള്ള പുസ്തകങ്ങളും പുറത്തുവന്നിട്ടുണ്ടു. അച്ചുകൂടങ്ങൾ വൎദ്ധിക്കയും അച്ചടിക്കൂലി പണ്ടത്തേതിൽ കുറയുകയും നല്ല പുസ്തകങ്ങൾ മാത്രമേ അച്ചടിപ്പിച്ചുകൂടു എന്നൊരു നിയമം ഇല്ലാതിരിക്കയും ചെയ്യുന്ന കാലത്ത്, കവിയശഃപ്രാൎത്ഥികൾ വൎദ്ധിച്ചാൽ, പുസ്തകങ്ങളുടെ തുക വൎദ്ധിക്കാതിരിക്കുന്നതല്ല എന്നുള്ളത ഓൎക്കേണ്ടതായി വന്നിട്ടുണ്ടു. എങ്കിലും ചില മഹാന്മാർ സൽഗ്രന്ഥങ്ങളാകുന്ന മനോഹരലതകളെ കൊണ്ടു ഭാഷയാകുന്ന ഉദ്യാനത്തെ അലങ്കരിച്ചിട്ടില്ലെന്നില്ല. വായനക്കാരുടെ മനസ്സിന് ആഹ്ലാദവും ബുദ്ധിക്കു വികാസവും ജനിപ്പിക്കാത്ത പുസ്തകങ്ങൾ ഉണ്ടെങ്കിൽ അവയെ പക്ഷികളുടെ കൂട്ടത്തിൽ ഇടസന്ധ്യക്കു പറക്കുന്ന കടവാതിലുകളോടു ഉപമിക്കാമെന്നു തോന്നുന്നു. നല്ല ന്യായങ്ങൾ ഉണ്ടായതോടുകൂടി, അല്ലെങ്കിൽ ഉണ്ടായതിനാൽ, കള്ളന്യായങ്ങൾ ഉണ്ടായപ്രകാരംതന്നെ, നല്ലപുസ്തകങ്ങൾ ഉണ്ടായിട്ടുള്ളതിന്റെ അവസ്ഥപോലെ ക്ഷുദ്രപുസ്തകങ്ങളുമുണ്ടായി എന്നു പറയുന്നതിൽ ആശ്ചൎയ്യപ്പെടുവാനൊന്നുമില്ല. എങ്കിലും ചീത്തപ്പുസ്തകങ്ങൾ ഉണ്ടാകുന്നതിനെക്കാൾ പുസ്തകമുണ്ടാകാതിരിക്ക നല്ലൂ എന്നു പറയുന്നതായാൽ അതു ഒരു വലിയ അനീതിയായി വിചാരിക്കപ്പെടുമെന്നു തോന്നുന്നു. പൊല്ലാത്ത ബാലപ്രസവത്തിനേക്കാൾ ഇല്ലാത്ത ബാലപ്രസവം സുഖംപോൽ, എന്നുള്ളത ഇവിടെ ഓൎമ്മവെക്കേണ്ടതായി വന്നിരിക്കുന്നു.

മലയാളഭാഷയുടെ ഇപ്പോഴത്തെസ്ഥിതി ഏതുവിധം ആലോചിക്കുന്നതായാൽ, മാതാപിതാക്കന്മാരും തക്കരക്ഷാകർത്താക്കന്മാരും ഇല്ലാത്ത അലഞ്ഞുനടക്കുന്ന അനാഥക്കുട്ടികളുടെ സ്ഥിതിയോടു തുല്യമായിരിക്കുന്നു എന്ന തെളിയുന്നതാണ. ഭാഷയെ മനഃപൂർവ്വം സ്നേഹിക്കയും ഭാഷയുടെ ഉൽകർഷത്തെ കാംക്ഷിക്കയും ചെയ്യണമെന്നുള്ള വിചാരം പ്രബലപ്പെടേണ്ടതിന്ന വേണ്ടുന്നവഴികളൊന്നും ഇല്ലാതിരിക്കുന്നതു കൊണ്ടാണ നമ്മുടെ ഭാഷ ഇങ്ങിനെ കിടക്കുന്നത. ദ്രവ്യം സമ്പാദിക്കേണ്ടതിന്നുള്ള മാർഗ്ഗങ്ങളിൽ ഒന്നാണ വിദ്യാഭ്യാസമെന്ന് ആളുകൾ കരുതിയിരിക്കുന്ന ഇക്കാലത്ത് അറിവ സമ്പാദിക്കേണ്ടതിന്ന മാത്രമായി വിദ്യ അഭ്യസിപ്പാൻ ആരും ഇല്ലെന്ന പറയത്തക്കവണ്ണം ആളുകളുടെ ഉള്ളു നന്നെ കറുത്തിരിക്കുമെന്നുള്ളതിന്ന വല്ല സംശയവുമുണ്ടൊ? തുല്യയോഗ്യന്മാരായ രണ്ടാളുകളിൽ ഒരാൾ ൧൦ കൊല്ലം മലയാളവും മറേറവൻ ൧൦ കൊല്ലം ഇംഗ്ലീഷും പഠിച്ചു എന്നും ഇവർ ഇരുവരും ഉദ്യോഗത്തിന്നായി ഒരാളുടെ അടുക്കൽ ചെന്നു എന്നും ഇരിക്കട്ടെ. ഇവരിൽ ആരെ ആയിരിക്കും ആദ്യം ഉദ്യോഗത്തിന്ന നിയമിക്കുക? ഇവരിൽ അധികശമ്പളം കിട്ടുന്നത ആൎക്കായിരിക്കും? ഉദ്യോഗവും അധിക ശമ്പളവും കിട്ടുന്നത ഇംഗ്ലീഷ പഠിച്ച ആൾക്കായിരിക്കുമെന്നുള്ളതിൽ സംശയിക്കുന്നവരുണ്ടൊ? ഈസ്ഥിതിക്കു മലയാളഭാഷ വേണ്ടപോലെ അഭ്യസിക്കുന്നതിന്ന ആളുകളുണ്ടാകുമൊ ? ആളുകൾ ഇല്ലെന്നുവന്നാൽ മലയാളപണ്ഡിതന്മാരുടെ സംഖ്യ പ്രതിദിനം കുറഞ്ഞുവരികയില്ലയൊ ? മലയാളപണ്ഡിതന്മാർ ഇല്ലാതെയായാൽ മലയാളഭാഷയിൽ ഉത്തമപുസ്തകങ്ങളുണ്ടാകുന്നതിന്ന് ഇടയില്ലെന്നുവരാതിരിക്കുമൊ ?

ഭാഷയെ പരിഷ്കരിക്കേണ്ടതിന്നായി പുറപ്പെടുന്നവർ ഈ സംഗതിയെക്കുറിച്ചു ഒന്നാമതായും മുഖ്യമായും ചിന്തിച്ചിട്ടുണ്ടായിരിക്കുമെന്ന വിശ്വസിക്കുന്നു.

എന്തായാലും മലയാളപണ്ഡിതന്മാരെ ഉൽക വർദ്ധിപ്പിക്കുന്നതിന്നുള്ള ശ്രമം ഒന്നാമതായി ചെയ്യേണം എന്നു പറയേണ്ടത എത്രയും അത്യാവശ്യമായിരിക്കുന്നു.

സി. ഡി. ഡേവിഡ്.

ജീമൂതവാ— നന്നായിനാഡിവഴിരക്തമൊലിച്ചിടുന്നു
ണ്ടെന്നല്ലിനിയ്ക്കിനിയുമുണ്ടുടലിങ്കൽമാംസം
തോന്നില്ലതൃപ്തിതവ വന്ന വിധത്തിലെന്തോ
തിന്നാതിരിപ്പതു ഭവാൻ മഹനീയമൂർത്തേ! ॥ (൯൭)

ഗരു— (വിചാരം) ആശ്ചര്യം! ആശ്ചര്യം! ഇപ്പോഴും ഈ സ്ഥിതിയിലായിട്ടും ഇദ്ദേഹം ഊർജ്ജിതമായി സംസാരിക്കുന്നുവല്ലോ. (പ്രകാശം) അല്ലേ മഹാസത്വ!

ഹൃദയമതിൽനിന്നിന്നിടെ
രുധിരം ഞാനപഹരിച്ചു കൊക്കുകളാൽ
അധുനാധൈര്യത്താൽമമ
ഹൃദയവുമിന്നപഹരിച്ചു ഹന്ത ഭവാൻ ॥ (൯൮)

അതുകൊണ്ട് അങ്ങ് ആരാണെന്നറിഞ്ഞാൽ കൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു.

ജീമൂ— വിശപ്പുകൊണ്ടു പീഡിതനായിരിക്കുന്ന അങ്ങയെ ഇതൊക്കെപ്പറഞ്ഞു കേൾപ്പിക്കുന്നതു യുക്തമല്ല. അതുകൊണ്ടു രക്തമാംസങ്ങൾ ഭക്ഷിച്ചു തൃപ്തിവരുത്തിയാലും!

ശംഖ— (സംഭ്രമത്തോടുകൂടി അടുത്തുചെന്നിട്ട്) വൈനതേയ! വൈനതേയ! സാഹസം പ്രവൃത്തിക്കരുത്. അദ്ദേഹം സർപ്പമല്ല. അദ്ദേഹത്തിനെ മോചിച്ചാലും! എന്നെ ഭക്ഷിച്ചാലും! അങ്ങേക്കു ഭക്ഷിപ്പാനായിട്ടു വാസുകി കല്പിച്ചയച്ചിരിക്കുന്നതു എന്നെയാണ്. (എന്നു മാറു കാണിക്കുന്നു)

ജീമൂ— (ശംഖചൂഡനെക്കണ്ടിട്ടു വിചാരം) ഈ ശംഖചൂഡൻ ഇപ്പോൾ വന്നതുകൊണ്ട് എന്റെ ആഗ്രഹം ഫലിക്കാതെ വരുമെന്നുണ്ടോ?

ഗരു— (രണ്ടുപേരെയും നോക്കീട്ടു) നിങ്ങൾക്കു രണ്ടുപേർക്കും വദ്ധ്യചിഹ്നമുണ്ടല്ലോ. നിങ്ങളിൽ ആരാണു സർപ്പമെന്നു ഞാൻ അറിയുന്നില്ല.

ശംഖ— ഇവിടെ ഭ്രമമുണ്ടാവാൻ ഒരു വഴിയുമില്ല.

സ്വാസ്ഥ്യമുദ്ധുരസ്സിരുള്ളതുകിൽക്കണ്ടേ, തന്റെ കഞ്ചുകം
പോത്തിലേ, പായുന്നൊരെന്റെ മിഞ്ചയാം നാവും ശണിക്കില്ലയോ
മൂത്തിട്ടും വിഷവഹ്നിധ്യമനിരയാൽ മങ്ങും മണിതപിട്ടുചേ
ന്നത്രൽപ്പെട്ടിഹ വീത്തുവിങ്ങിനാഫണം മൂന്നിതാകാണ്മീലയോ ॥

ഗരു— (ശംഖചൂഡന്റെ ഫണങ്ങളെ കണ്ടിട്ട് ജീമൂതവാഹനനെ നോക്കി) എന്നാൽ ഞാനിപ്പോൾ ഉപദ്രവിച്ചിട്ടുള്ളത് ആരെയാണ് ?

ശംഖ— വിദ്യാധരവംശതിലകനായ ജീമൂതവാഹനനെയാണ് ഉപദ്രവിച്ചത്. കരുണാലേശമില്ലാത്ത താങ്കൾ ഇങ്ങിനെ പ്രവൃത്തിച്ചുവല്ലോ.

ഗരു— (വിചാരം) അയ്യോ! ഇദ്ദേഹമാണോ വിദ്യാധരകുമാരനായ ജീമൂതവാഹനൻ ?

മന്ദരത്താലും മലയ,മേരു,മന്ദരഗുഹാദ്യാലം, മഹേന്ദ്രാചലം
മഞ്ജുശ്രീമജതാദ്രി,ഹിമാലയമെന്നല്ല ഭൂപ്രദേശത്തിലും
ഭക്തികാതിരിച്ച കേൾപ്പൂതിഹലോകാലോകസഞ്ചാരിയായ്
കേളിച്ചീടുമിവന്റെ ചാരണഗണം പാടുംയശോരാശിയേ ॥ (൪൬)

സർവ്വഥാ ഞാൻ വലുതായ പാപപങ്കത്തിൽ നിമഗ്നനായിരിക്കുന്നു.

ജീമൂ— ഹേ സർപ്പാധിപ ! അങ്ങ് ഇങ്ങിനെ പകച്ചുവശമായിരിക്കുന്നത് എന്താണ് ?

ശംഖ— ഇത പകക്കുവാൻതക്ക സമയമല്ലെന്നുണ്ടോ ?
ഉരഗാരിയിൽനിന്നിവന്റെ ഗാത്രം
നിജമെയ്യാലിഹ വീക്ഷണാത്തയെന്നെ ।
നഖമാറസാതലത്തിൽനിന്നും
തലമേശത്തിൽ തയിക്കയുംഞങ്ങമെന്നോ ॥ (൪൭)

ഗരു— ശരി! കരുണാർദ്രചിത്തനായ ഈ മഹാപുരുഷൻ എന്റെ ഭക്ഷണത്തിലേക്കായി നിയമിക്കപ്പെട്ടിരുന്ന ഈ സർപ്പത്തിന്റെ പ്രാണരക്ഷക്കുവേണ്ടി തന്റെ ദേഹത്തെ എനിക്കു ഇരയാക്കുകയാണ് ചെയ്തത്. എന്നാൽ ഇവിടെ എന്റെ പ്ര

വൃത്തി തീരെ തെററായിരിക്കുന്നു. എന്തിനേറെപ്പറയുന്നു ? ബുദ്ധമുനിയെത്തന്നെയാണ് ഞാൻ ഹിംസിച്ചതു. ഈ മഹാ പാപത്തിന്നു അഗ്നിപ്രവേശമല്ലാതെ വേറെ ഒരു പ്രായശ്ചി ത്തവും കാണുന്നില്ല. അതുകൊണ്ടു കുറച്ചു അഗ്നി എവിടെ നിന്നു സമ്പാദിക്കേണ്ടു ? (മുൻഭാഗത്തു നോക്കീട്ടു) ഭാഗ്യം ! ഇതാ ചിലർ അഗ്നിയോടുകൂടി ഇങ്ങോട്ടുതന്നെ വരുന്നുണ്ട ല്ലോ. ഇവരെകാത്തുനിൽക്കുകതന്നെ.

ശംഖ— കുമാര ! ഇതാ അങ്ങയുടെ മാതാപിതാക്കന്മാർ എത്തി ട്ടുണ്ട്.

ജീമൂ— (സംഭ്രമത്തോടുകൂടി) ശംഖചൂഡ ! എന്റെ തോളത്തിലുള്ള ഉത്തരീയംകൊണ്ടു ശരീരം മൂടി എന്നെ താങ്ങിക്കൊള്ളൂ ! അ ല്ലാത്തപക്ഷം അച്ഛനമ്മമാർ രണ്ടാളും എന്നെ ഈ സ്ഥിതി യിൽകണ്ടാൽ ഉടനെ പ്രാണത്യാഗംചെയ്യും.

ശംഖ— (ഒരു ഭാഗത്തു വീണുകിടക്കുന്ന ഉത്തരീയമെടുത്ത് അപ്ര കാരം ചെയ്യുന്നു.)

(അനന്തരം വധൂഭാര്യമാരോടുകൂടി ജീമൂതകേതു പ്രവേശി ക്കുന്നു.)

ജീമൂതകേതു— (കണ്ണീരോടുകൂടി) അയ്യോ ! ഉണ്ണീ ജീമൂതവാഹന !

തെന്ന്യന്റെ തന്റെവംശോന്നതിമുറകളുണായിൽദ്ദോ
ക്കേണ്ടതേകനേയോ
നന്നേറെപ്പേരയോകപ്പെട്ടു സമുചിതമെ
ന്നോർത്തുനീചിന്തിയാഞ്ഞൂ ।
ഇനി.ഞാക്ഷ്യകൽനിന്നിട്ടൊരുപാണിവരനെ
ക്കാക്കുവാൻ നീമരിച്ചാൽ
വന്നു, ഞാ, നമ്മ, യമാൻ, വധുവിതുവിധമീ
വംശമൂന്മൂലനാശം ॥ (൮൦)

വൃദ്ധ— (മലയവതിയോടായിട്ടു) മകളേ ! ക്ഷണനേരം ക്ഷമിക്കു ! നിരന്തരമായി വീഴുന്ന അശ്രുധാരകളാൽ ഈ അഗ്നികെട്ടു പോവാൻ ഭാവിക്കുന്നു. അതുകൊണ്ടു കരയാതിരിക്കൂ !

അഞ്ചാമങ്കം.

(എല്ലാവരും ചുററിനടക്കുന്നു)

ജീമൂതകേതു— അയ്യോ! ഉണ്ണി! ജീമൂതവാഹനാ!

ഗരു— (കേട്ടിട്ട്) "അയ്യോ! ഉണ്ണീ! ജീമൂതവാഹനാ!" എന്നാണ പറയുന്നത്. ഇതുകൊണ്ട ഇദ്ദേഹം ജീമൂതവാഹനന്റെ അച്ഛനാണെന്ന വ്യക്തമാകുന്നു. അപ്പോൾ ഇദ്ദേഹത്തിന്റെ വംശവും അഗ്നിയെപ്പററി ആലോചിച്ചിട്ടാവശ്യമില്ല. പുത്രനെ ഹിംസിച്ചിട്ടുള്ള പാപംകൊണ്ട ഇദ്ദേഹത്തിന്റെ മുഖത്തുനോക്കുവാൻതന്നെ ഞാൻ ശക്തനാകുന്നില്ല. അല്ലെങ്കിൽ അഗ്നിയെപ്പററി ആലോചിച്ചു ബുദ്ധിമുട്ടുന്നത എന്തിനാണ്? കടൽവക്കത്തല്ലേ ഞാൻ നിൽക്കുന്നത? അതുകൊണ്ട ഇപ്പോൾ

മുപ്പാരൊന്നായ്ഗ്രസിപ്പാനിളകിമിന്നജ്ജ്വ
ഹപാമമായ്സ്ഫുരിപ്പാക
പ്രാപ്പിക്കുന്നോ എന്ന തോന്നും പടി വിസ്തൃതമാം
ജ്വാലജാലങ്ങളെന്നും ।
ഉല്പാതക്കാററിനൊക്കും മൂർച്ചിതകളിയാ
വൃദ്ധ ചലത്തായുമല്ലേ
കല്പാന്താത്യുഗ്രമായുള്ളൊരു ബഡവബൃഹൽ
ഭൂതവിൽച്ചാടുവൻഞാൻ ॥

(എന്ന എഴുനീൽക്കുവാൻ ഭാവിക്കുന്നു)

ജീമൂതവാ— അല്ലേ പക്ഷിരാജ! ഈ നിശ്ചയത്തെ ഉപേക്ഷിച്ചാലും! ഈ പാപത്തിന്നുള്ള പ്രായശ്ചിത്തം ഇതല്ല.

ഗരു— (മുട്ടുകുത്തിനിന്ന തൊഴുതുകൊണ്ട) മഹാത്മൻ! എന്നാൽ പിന്നെ എന്താണ്? പറഞ്ഞാലും!

ജീമൂ— അല്പംനേരം നിൽക്കു! എന്റെ മാതാപിതാക്കന്മാർ എത്തിയിരിക്കുന്നു. ഞാൻ അവരെ അഭിവാദ്യം ചെയ്യട്ടെ.

ഗരു— അങ്ങിനെയാവട്ടെ.

ജീമൂതകേതു— (കണ്ടിട്ട സന്തോഷത്തോടുകൂടി) ദേവി! ഭവതി ഭാഗ്യത്താൽ വർദ്ധിക്കുന്നു. ഇതാ ഉണ്ണി ജീമൂതവാഹനൻ

ധീരൻ കല്ലൂരവിപ്രൻ നിജജനകമഹാമാസസത്രം കഴിപ്പാ
നാരംഭിച്ചു തുടങ്ങീ മഴ വിഷമമിതെന്നോർത്തുടൻ ഭക്തിശാലീ
മാരോപചൃതനാനിർമ്മിച്ചുള്ള പുഴവഴിയെച്ചുരുപദങ്ങളുവാഴ
ന്നോതാമ്പുതങ്കരോപകിപ്പെരിയമഴയൊഴിച്ചെന്നലോകപ്രസിദ്ധം.

ഇന്നീമഴശ്ലോകമിതെന്നപേരി
ലൊന്നിച്ചു ചേർത്താദരമച്ചിടുന്ന
തിന്നാലിതിൻ ഭാഷ്യമറിഞ്ഞു ലോകർ
ക്കിന്നിഷ്ടമാനായതുവം മഹാൻ ഞാൻ.

മ ഴ ശ്ലോ ക ങ്ങ ൾ

———:o:———

കല്ലൂർവിപ്രനെഴുതിയ പാഠപഠിതാമാം ശ്ലോകങ്ങൾ വായിച്ചുടൻ
ചൊൽക്കുന്നൊരു ചക്രവർത്തിയോടിപ്പോൾ ധരിപ്പിക്കുവാൻ
വല്ലാതെമഴപെയ്തിട്ടങ്ങു നേരമാററിത്തരേണം ഭവാൻ
വല്ലംകൊണ്ടു ചതുസ്ഥാനത്തിനിവയോടെന്നാൽ കഴിച്ചീടുവൻ

പരിചൊടു പുകഴ്‌ന്നു ചൊന്നും ചക്രവർത്തുരുവാഴ്ം
ഹരിഹരതനയ! നിൻ പാദപത്മം തൊഴുന്നേൻ
ഇതിവരുതി വസതിന്നിതാ മാത്രനിമേഷാ
വരുന്നു കരണായാതെ വർഷമെന്നുള്ളതെല്ലാം.

തിട്ടൂരമെന്നാകഴിച്ചിതാമന്നദിനം ചൊല്ലാം നമസ്കാരവും
നെല്ലാടാംകനാകാട്ടികൊണ്ടു കൃതമാം കല്ലാടിയും ചെയ്തിടാം
വല്ലാതെയെന്നൊരു ശാന്തിയ്ക്കുവഴിപാടുമായിരം നെന്മേനി
നല്ലാനിൻകൃപയാവഹോ മഴയിനിപ്പെയ്യാതെയാകീടണം

കാറ്റിൽപ്പണ്ടോരുകന്നിക്കുത്തുവരികമൊതാവുന്നിതിലയോ
മെയ്യിൽപാതിരുവഴ നാഴികയചിതാ ഗംഗാധരിച്ചീലയോ
വയ്യിപ്പോൾ മഴമാറുവാൻതന്നായന്നൊന്നുള്ളതൊക്കിത്തിയെ
നല്ലപ്പാ! മകച്ചുവളർത്തും ന്യായാവതത്തീലെയാ."

നാട്ടപ്പ റിന്തിവാലികൊണ്ടു നേർപ്പുനേന്നാൽ
ചെട്ടിക്കരിച്ചു മഴയെന്നൊരു ലോകവാമം

ചൊവ്വായി വന്നിടുകിലോതവകൂറവുകാരാ
മിഥ്യാളുകൾക്കു തലപോക്കി നടന്നുകൂടാ. 5

കാർത്തംപഞ്ചകമാകകൊണ്ടുവഴിയേ പത്രങ്ങളെത്താഞ്ഞതോ
ശ്രുതങ്ങൾക്കുറകിട്ടിയാലുടനെ വന്നങ്ങോട്ടുണർത്താഞ്ഞതോ
ചേതം കാലമിതാകകൊണ്ടു ജനതകളെന്നവച്ചോ മഴ
ക്കേളുന്നതൊന്നൊതുമേദമെന്നിയെ ചൊരിഞ്ഞീടുന്നു ശ്രുതേശ പരാ. 6

ഞാനീവണ്ണം സ്തുതിക്കുന്നതു മതിപരമാം ബഹുമാനമെന്നുണ്ടോ
പാനീയമുത്തമല്ലോ പരിചിനൊടുതവാൻ വർഷമേറുന്നകാലം
താനല്ലാതെ വരുന്നോ പരന്ന വരമെന്നാ,മെന്നുചൊല്ലുന്നതോ യം
മാനിച്ചീടേണമല്ലോ മധുമഥനമഹേശാനപുത്രനാപോലും. 7

വെള്ളത്തിൽ സുഖമല്ല ദുഃഖമിതമെന്നുള്ളതിപ്പില്ലാഞ്ഞയാൽ
കള്ളത്താണമിവൻ പറഞ്ഞമൊഴിയെന്നുള്ളിൽ ഭ്രമിച്ചെന്നതോ
മുള്ളോളമൊന്നുമെചെയ്യുകൊണ്ടു തിരവുള്ളപ്പെടുകൊണ്ടോ
ന്നെള്ളോളം മഴമാറാതിടാത്തതു സലിലേ പുള്ളിക്കുറപ്പാകയോ 8

മാതൃംചൊല്ലിനമസ്കരിക്കുമുടനേ പത്ര്യങ്ങൾ നിന്നൊതാകയും
പത്രംതന്നിൽവരച്ചുകൊണ്ടു ചുഴിയിൽതാഴുന്നതൊന്നിങ്ങനേ
ശാസ്ത്രാവേതവശക്തിയില്ല വരിഷംമാറീടുവാനെങ്കിലോ
ശാസ്ത്രത്തിൽപറയുന്നതൊക്കെ വിഫലം നെയ്‍വലക്കിന്നേ സുഖം. 9

മാനത്തെച്ചൊല്ലുമെങ്കിൽപരിചിനൊടഭിലാഷങ്ങൾചൊല്ലീടു
വൻഞാൻ
മാനത്തിന്നുംമഴക്കാറൊതുകട്ടസൗരംചോവുമുണ്ടായിതെല്ലാ
ഷനകാലത്തെപോലെവരണമപിലവും വൈഷമ്യമുണ്ടാക്കരേണം
മാറിക്കണംമവാൻതാൻമഹിമയുമിഹമേഘത്തിലും മാനുഷന്മാർ.

മാതൃപാംക്തവാക്കയോ സ്തുതികളെക്കേട്ടാൽ വെറുപ്പാകയോ
ചെതസ്സുഷ്ടിവരാഞ്ഞയോ ചിലതുഞാൻചെയ്യുന്നപോരാഞ്ഞയോ
ചേതംമെററവനാകയോ ച്ചെവികളിൽ ശ്ലോകങ്ങളെത്താഞ്ഞയോ
ചെയ്യീടും മഴമാററിടാത്തതു ഭവാൻ ശ്രുതേശനല്ലാഞ്ഞയോ. 11

കല്ലൂരനമ്പൂരിപ്പാട്
(ബാലി വിജയ കർത്താവ)

ഭഗവതീസ്തോത്രം.

—— : o : ——

സാവേരി—മുറിയടന്ത.

അന്തകാന്തകകാന്തനാർ, ചെന്തളിരടി
ഹന്ത നീ ഭജ സ്വാന്തമേ
സന്തതമേഷണാബന്ധനം പൂണ്ടു നീ,
സന്താപസിന്ധുവിൽ നീന്തിക്കുഴയൊല്ല.
വിഷയചയമിതു സത്യമോ നിത്യമോ സ്വത്വമോ,
വിഷമഗതിയെ വെടിഞ്ഞിനി-
പ്പരമാത്മചിന്തനയോഗമണക നീ- അന്തകാന്തക.
കംബുകണ്ഠിതന്റെ, ചുംബനാദാനവും,
മന്ദമന്ദസ്മിതാന്തസമ്മാനവും,
മധുരതരകളഗാനവും യാനവും സ്ഥാനവും,
അധരനാമമധുപാനവും
യമനാണയുമളവോളമഫലംതരാ. അന്തകാന്തക.
ഭദ്രകോടീശ്വരി, ഭദ്രപ്രദായിനി
ഭദ്രാണി, ഘോരയോഗ നിദ്രാസ്വരൂപിണി!
സതതമിതിസ്തുതികീർത്തനം ചെയ്തുചേർത്താസ്ഥയാ
സമയമന്തകലയാളുന്നീ
യമനാണയുമളവോളമഫലം വരാ. അന്തകാന്തക.

കെ. കെ. ടി.

ശ്രീശിവഗീത.

—— : o : ——

പൂർവ്വാചാര്യന്മാരായ മഹർഷികൾ സമ്പാദിച്ചിട്ടുള്ള അനേകം തത്വരത്ന നിക്ഷേപങ്ങൾ വെച്ചു സൂക്ഷിക്കുന്ന പെട്ടികളായിട്ടാണ വേദവ്യാസമുനി പതിനെട്ടു പുരാണങ്ങളേയും ശ്രീമഹാഭാരതത്തേയും നിർമ്മിച്ചിട്ടുള്ളത. ലൌകികങ്ങളായും പാരത്രികങ്ങളായുമുള്ള തത്വചിന്താമണികൾ ഈ ആർഷഗ്രന്ഥപ്പെട്ടികളിൽ

* '[illegible]' [illegible]—[illegible].

പ്രാന്തവയറായി വളരെ ദുർല്ലഭമായിട്ടേ കാണുകയുള്ളൂ. സംസ്കൃതഭാഷയിൽ നിർമ്മിക്കപ്പെട്ടിട്ടുള്ള ഈ പുരാണങ്ങളെ മറ്റുള്ള സകല പ്രധാന ഭാഷകളിലേക്കും തർജ്ജമചെയ്തു കാണുന്നതുതന്നെ ഇവയുടെ നല്ല തെളിവാകുന്നു. ഇതിനെയുള്ള ഭാഷാ നിക്ഷേപങ്ങളിൽ കൈവെക്കുവാനുള്ള സാമർത്ഥ്യം മലയാളഭാഷയ്ക്കുണ്ടായി തുടങ്ങിയത് ഇതിന്റെ അഭ്യുദയചിഹ്നമാണെന്ന് നിസ്സംശയം തന്നെ തീർച്ചപ്പെടുത്താവുന്നതുമാണ്.

കിളിപ്പാട്ടുരീതിയിൽ ഭാഷപ്പെടുത്തീട്ടുള്ളതായ ശ്രീശിവഗീത എന്ന പ്രകൃതപുസ്തകം പത്മപുരാണത്തിൽ ഒരു ഭാഗമാകുന്നു. വേദാന്തതത്വമായ ഓരോ തത്ത്വം ശ്രീപരമേശ്വരൻ ശ്രീരാമസ്വാമിക്കു ഉപദേശിക്കുന്നതാകുന്നു. സീതാപഹാരം കഴിഞ്ഞശേഷം ത്രൈലോക്യവിജയിയും പരമമാഹേശ്വരനുമായ രാവണനെ ജയിപ്പാൻ പാശുപതവ്രതം അനുഷ്ഠിക്കേണമെന്നു സാധിക്കേണ്ടുന്നുള്ള അഗസ്ത്യോപദേശപ്രകാരം ശ്രീരാമൻ പാശുപതവ്രതം അനുഷ്ഠിച്ചു ശിവനെ പ്രത്യക്ഷമാക്കിയ സമയം, ഭഗവാൻ പരമേശ്വരൻ ഉപദേശിക്കുന്നതായിട്ടാണ് ഇതിലെ വിഷയം പ്രതിപാദിച്ചിട്ടുള്ളത്. സാക്ഷാൽ ഭഗവൽഗീതയിലെന്ന പോലെ ഇതിലും വിശ്വരൂപം കാണിക്കുകയും മറ്റുമുണ്ട്. ഇതിലെ പ്രമേയങ്ങളും അദ്വൈതതത്വപരങ്ങൾ തന്നെയാകുന്നു. ഭഗവൽഗീതയെക്കാൾ കാര്യങ്ങൾ അധികം എളുപ്പത്തിൽ മനസ്സിലാവത്തക്കവിധമാണ് ഇതിൽ പറഞ്ഞിട്ടുള്ളത എന്നുകൂടി പറയാവുന്നതാകുന്നു.

ഇനി ഇതിന്റെ ഭാഷാന്തരീകരണത്തെപ്പറ്റി ആലോചിക്കുകയാണെങ്കിൽ അതും പ്രശംസനീയ രീതിയിലാണെന്നാണ ആദ്യമേ പറയേണ്ടതു. എഴുത്തച്ഛനെപ്പിന്തുടർന്നു കിളിയെക്കൊണ്ടു പറയിക്കയാണു ഇതിന്റെ കവിയും ചെയ്തിട്ടുള്ളത. അദ്ധ്യായന്തോറും വൃത്തങ്ങളും മാറിമാറി പ്രയോഗിച്ചിട്ടുള്ളതും വായിക്കുന്നവർക്കു രുചി വർദ്ധിപ്പിക്കത്തക്ക പ്രയോഗംതന്നെ. നമ്മുടെ ഭാഷാന്തരകർത്താവായ കൊല്ലങ്കോട്ടു പുത്തൻവീട്ടിൽ ഗോപാലൻ നായർ അവർകൾ സംസ്കൃതഭാഷയിൽ നല്ലവണ്ണം പരിചയിച്ചിട്ടുണ്ടെന്നു ഇതു മൂലവും ഭാഷയും തട്ടിച്ചുനോക്കിയാൽ വെളിപ്പെടുന്നതാകുന്നു.

ഈ കവിയുടെ ഗുരുനാഥനായ പടിഞ്ഞാറെകോവിലകത്തു മാനവിക്രമ ഏട്ടൻ തമ്പുരാൻ എന്ന പ്രസിദ്ധ കവിയായ കോഴിക്കോട്ടു ഏറാൾപ്പാട്ടു തമ്പുരാൻ തിരുമനസ്സുകൊണ്ടു ഈ പുസ്തകത്തെപ്പററി പ്രശംസിച്ചെഴുതീട്ടുള്ളത ശിഷ്യവാത്സല്യം മൂലം യഥാർത്ഥത്തിൽ നിന്നു കവിഞ്ഞ് അതിശയോക്തിയായിപ്പോയി കടന്നിട്ടുണ്ടെന്നു ലേശം പോലും വിചാരിച്ചുകൂടാ. ഞങ്ങൾക്കും അവിടുത്തെ ആ അഭിപ്രായങ്ങളെ എടുത്തു ചർവ്വിത ചർവ്വണം ചെയ്യുവാൻ തോന്നിപ്പോകുന്നു.

എന്നാൽ ഈ കവിക്കു കിളിപ്പാട്ടുരീതിയിൽ അതിപരിചയം സിദ്ധിച്ചിട്ടില്ലായിരിക്കുമോ എന്നു ഞങ്ങൾക്കു ചിലഭാഗങ്ങൾ വായിക്കുമ്പോൾ തോന്നീട്ടുണ്ടെന്നു പറയേണ്ടിവരുന്നു. ഒന്നാമദ്ധ്യായത്തിന്റെ വൃത്തരീതിക്കു ചരണങ്ങളുടെ ഒടുവിലുള്ളതിന്റെ മുന്നക്ഷരം ഗുരുവാക്കി പ്രയോഗിക്കുന്നത് ആവശ്യമാണെന്ന കവി ഓർത്തിട്ടില്ലായിരിക്കാം. "ശേഷമന്നിതായാത്രയായപ്പോൾ മനോവൈവശ്യം; തീരുമാറിനിവന്നാരും പറകനീ" ഈ ഉദാഹരണങ്ങളിൽ "ശൌര്യവേഗം പെട്ടികയും" എന്നോ മറ്റോ മൂന്നാമത്തെ ചരണം അവസാനിപ്പിച്ചാൽ രണ്ടാംചരണംപോലെതന്നെ മേളം ഒപ്പമിടും കിട്ടുമായിരുന്നു. ചിലയിടങ്ങളിൽ സംസ്കൃതവിഭക്തി പ്രയോഗാദി ആവശ്യമില്ലാതെയും പ്രയോഗിച്ചിട്ടില്ലെന്നില്ല. "ശിവഗീതാം—ചൊൽവാൻ" എന്നതിനു പകരം "ശിവഗീത" എന്നുമാത്രം പ്രയോഗിച്ചാലും പോരാത്തതുണ്ടോ? ഇങ്ങിനെ പറഞ്ഞു തുടങ്ങിയാൽ അങ്ങുമിങ്ങുമായിട്ടു വേറെ ചില ദോഷങ്ങളുമുണ്ടായിരിക്കാം. എങ്കിലും കവിതാഗുണവും വിഷയഗുണവും കവിയുടെ മനോഗുണവും കൂടി നോക്കുമ്പോൾ ഉത്തമമായ ഈ ശിവഗീതാപുസ്തകം ഉത്തമങ്ങളായ പ്രബന്ധങ്ങളിൽ വെച്ചു ചേർക്കപ്പെടേണ്ടതായവർക്കുപോലും കേവലം നിർഗ്ഗുണബ്രഹ്മതത്വബോധത്തിന്നു ഉപയുക്തമാകയാൽ എല്ലാവരും വാങ്ങി വായിച്ചു നോക്കേണ്ടതാകുന്നു.

അന്യമതക്കാരായവരും ഈവക ഹിന്ദുമതതത്വങ്ങളെ വായിച്ചറിഞ്ഞിരുന്നു എങ്കിൽ അവർക്കു മതങ്ങളിൽ പരസ്പരമുള്ളതിൽ അധികം ദ്വേഷമുണ്ടാവുകയെന്നു മാത്രമല്ല അന്യമതത്തിൽ നിന്നാഴിവു കിട്ടുവാനും എളുപ്പമുണ്ടാകുമായിരുന്നു.

ഒരു ദുർമ്മരണം.

—:o:—

ഒൻപതാമദ്ധ്യായം.

പെരുവല്ലാനദീതീരത്ത് ജീർണ്ണപ്രായമായി നിൽക്കുന്ന വടവൃക്ഷത്തിന്റെ ചുവട്ടിൽ നിർദ്ദയമായി നടന്ന, ദേവീകുമാരസല്ലാപദിവസം പകൽ ഒമ്പതുമണിക്കു ശേഷം പരിവട്ടത്തു നടന്ന സംഗതിയാണ് ഈ അദ്ധ്യായത്തിൽ ഒന്നാമതായി വിവരിക്കപ്പെടുവാൻ പോകുന്നത്.

പെരുവല്ലാനദി ശിവൻകാവ് വിട്ട പരിവട്ടത്തിനടുക്കുമ്പോൾ, അതിന്റെ ഗതി അർദ്ധചന്ദ്രാകാരേണ ക്രമത്തിൽ തെക്കോട്ടു തിരിഞ്ഞ പരിവട്ടത്തു വീടിന്റെ അടുത്ത പടിഞ്ഞാറെ ഭാഗത്തുകൂടിയും ചേരിപ്പറമ്പുകാരുടെ ചേർപ്പുള്ളയെന്ന കൃഷിസ്ഥലത്തിന്റെ നേർമദ്ധ്യത്തെ നനച്ചുകൊണ്ടും ആകുന്നു. ഈ കൃഷിസ്ഥലത്തിന്റെ വടക്കുകിഴക്കു മൂലയിൽ പരിവട്ടത്തു വീടും കിഴക്കേ അതിര പരിവട്ടത്തുകാരുടെ ഒരു നിലവും ആകുന്നു. പരിവട്ടത്തേക്കുള്ള സാക്ഷാൽ പടിയുടെ സ്ഥാനം വീടിന്റെ വടക്കുവശമുള്ള നാട്ടുവഴിയിലേക്കാണെങ്കിലും മേൽപറഞ്ഞ നെൽകണ്ടത്തിന് അഭിമുഖമായിട്ട തെക്കേപുറത്ത് ഒരു കൊച്ചുപടിയും (കൊട്ടോമ്പടി) ഉണ്ടാക്കിട്ടുണ്ട്. പടികയറിക്കടക്കുവാനുള്ള സൗകര്യത്തിനായി അതിന്റെ രണ്ടുഭാഗം വിലങ്ങത്തിൽ ഉറപ്പിക്കപ്പെട്ടിട്ടുള്ള പലകയുടെ പടികകത്തേക്കുള്ള ഭാഗം പരിവട്ടത്തേയ്ക്കും പടിയുടെമീതേയുള്ള പലകയുടെ രണ്ടാമൊരററം ചേരിപ്പറമ്പിൽ ബാലകൃഷ്ണമേനവന്നും, പലതവണയും ഇരിപ്പിടങ്ങളായിട്ടുപയോഗിച്ചു വന്നിരുന്നു. കൃഷ്യവേക്ഷണമെന്ന വ്യാജേനയോ വാസ്തവത്താലോ ചേരിപ്പള്ളത്തേക്കുള്ള പോക്കുവരവുകളാണ് ബാലകൃഷ്ണമേനവന്ന് അമ്മുവായിട്ട സംഭാഷണത്തിനുള്ള അവസരങ്ങൾ.

ഈ അദ്ധ്യായത്തിൽ പ്രസ്താവിക്കപ്പെടുന്ന സംഭവം നടന്ന ദിവസം ഏകദേശം രണ്ടുനാഴികപ്പകലുള്ളസമയം ബാലകൃഷ്ണമേനവൻ സ്വന്തം വീട്ടിൽനിന്ന പുറപ്പെട്ട റോട്ടിൽ കൂടി ശിവക്ഷേത്രത്തിന്റെ നേരെ വന്നപ്പോൾ ഏതാണ്ടൊട്ടു തിരിഞ്ഞ് ഒരു ഇട

വഴിയിൽ കൂടി നടക്കുവാൻ തുടങ്ങി. ഈ ഇടവഴി ചെന്നു ഇറങ്ങുന്നതു, കറുക, തൊട്ടാവാടി, മുക്കുറ്റി, മുത്തങ്ങ മുതലായവ ഉൾത്തുന്നു നില്ക്കുന്ന ഒരു മൈതാനത്തിലേക്കാണു. ബാലകൃഷ്ണമേനോൻ ഇടവഴിയുടെ മുഖത്ത് എത്തിയപ്പോൾ സന്ധ്യാസൂര്യൻ കാർമേഘത്താൽ ഗ്രസിക്കപ്പെട്ടിരുന്നതു കൊണ്ടു ദൃഷ്ടിയിൽപെട്ട ദിക്കൊക്കെ നിബിഡമായ നിഴലിൽ മുങ്ങികിടന്നിരുന്നു. മൈതാനത്തിൽ അങ്ങുമിങ്ങുമായി മേഞ്ഞുകൊണ്ടു നില്ക്കുന്ന കന്നാലികളും ആടുകളും, അതിന്റെ ഇറമ്പിൽ കിടന്നുറങ്ങുന്ന ഒന്നോരണ്ടോ ഇടയന്മാരും, താഴത്തുള്ള പരിവട്ടപ്പാടത്തു വേലയെടുക്കുന്ന നാലഞ്ചു പുലയന്മാരും പുലക്കള്ളികളും ഒഴികെ, ആപ്രദേശത്തു ചോയത്തക്കമറ്റൊരു ജീവജാലവും ഉണ്ടായിരുന്നില്ല.

ബാലകൃഷ്ണമേനോൻ കണ്ണിലുടക്കായിരുന്ന വഴിവീതി കാലടിപ്പാതയെ ആക്രമിച്ചിട്ടുള്ള തൊട്ടാവാടി തട്ടിനീക്കിക്കൊണ്ടു പാടത്തിന്റെ വക്കത്തെത്തിയപ്പോൾ അല്പം ദൂരെയൊരുവരമ്പത്തു നടക്കുന്ന കുണ്ഡലിമണ്ഡൂകയുദ്ധംകണ്ട് താഴത്തിറങ്ങുവാൻ ഭയപ്പെട്ടു അവിടെത്തന്നെനിന്നു. പാമ്പ സാവധാനത്തിൽ തലമുഴുവനും മടയിൽനിന്നു പുറത്തേക്കു പോക്കുന്നതിനു മുമ്പുതന്നെ നാവുകൾ ഇളക്കുന്നതുകണ്ടു തവള അകലേക്ക് ഒരു ചാട്ടംചാടി. ഉടനെ പാമ്പ തലകീഴ്പ്പോട്ടു വലിച്ചു മടയിൽതന്നെ ഒതുങ്ങി. അല്പംനേരം കഴിഞ്ഞിട്ടു രണ്ടാമതും പാമ്പ തലപൊക്കിയപ്പോൾ തവള തെരുതെരെ ചാടുവാൻ തുടങ്ങി. തൽക്ഷണം അതിതീക്ഷ്ണമായ സീൽക്കാരത്തോടു കൂടി പാമ്പ മടയിൽനിന്നു വാലുകൂടിപ്പുറത്തു ചാടി പിന്നാലെ പാച്ചിൽ തുടങ്ങി. തവള ഭയപ്പെട്ടു വരമ്പത്തുനിന്നു കണ്ടത്തിലേക്കു മറിഞ്ഞു വീഴുകയും ചേടിച്ചു നിലവിളിക്കുന്ന തവളയുടെ കാലിന്മേൽ കടിച്ചുകയും ഒരു നിമിഷത്തിൽ കഴിഞ്ഞു. താഴത്തെകഥ ഇങ്ങിനെയെല്ലാമിരിക്കുമ്പോൾ മേലേ ചിറകുകൾ ചലിപ്പിക്കാതെ വട്ടത്തിൽ പറന്നു കൊണ്ടിരുന്ന ഒരു കൃഷ്ണപ്പരുന്ത് ഈതരംകണ്ടു പാമ്പിനെ റാഞ്ചികൊണ്ടു പോകയും പോകുംവഴി പാമ്പിനാൽ ഉപേക്ഷിക്കപ്പെട്ട തവള പരിവട്ടത്തെക്കുള്ള കൊട്ടിൽപ്പടിയുടെ അരികേ വീഴുകയും ചെയ്തു.

തവള താഴെ വീണിട്ട് അധിക താമസം കൂടാതെ ബാലകൃഷ്ണമേനവനും അവിടെ എത്തി. തവളയെ തട്ടി പാടത്തേക്കിട്ടു പരിചിതമായ സ്വസ്ഥാനത്തു കയറി ഇരുന്നു കഴിഞ്ഞ സംഭവത്തെക്കുറിച്ചു മനോരാജ്യം വിചാരിച്ചുകൊണ്ട സ്വപ്നപ്രായമായി യാതൊരു ചേഷ്ടയും കൂടാതെകണ്ട കുറച്ചുനേരം ഇരുന്നു. അതിന്റെശേഷം അതിലത്തിങ്കൽ നീരാവിയാൽ മൂടപ്പെട്ടതു പോലെ നീലവർണ്ണങ്ങളായും അവ്യക്തങ്ങളായും കാണപ്പെടുന്ന പർവ്വതങ്ങളിലുള്ള വൃക്ഷഗുല്മാദികളുടെ സാദൃശ്യനിർണ്ണയം ചെയ്യുവാൻ ഭൂനിവാസികളുടെ സാധാരണദൃഷ്ടികൾക്കു കേവലം അസാദ്ധ്യമാകുന്നതു പോലെ ഇന്നപ്രകാരമെന്ന വിവരിക്കപ്പെടുവാൻ പ്രയാസമായ ആപൽ ശങ്കയാൽ വ്യാകുലപ്പെട്ടിരിക്കുന്ന മനസ്സിന് ഉന്മേഷമുണ്ടാകുവാനോ, ഭാവിയായോ വർത്തമാനമായോ ഉള്ള ആപത്തിൽ നിന്ന മോചനമാർഗ്ഗം കാണുമ്പോളുണ്ടാവുന്ന സന്തോഷത്താലോ അവർ ചെയ്യുന്നതുപോലെ, താളംപിടിച്ച ഗാനരീതിയിൽ പുളകത്തിക്കൊണ്ടാണ ബാലകൃഷ്ണമേനോൻ മനോരാജ്യസമാധിയിൽ നിന്നും ഉണൎന്നത്.

പ്രകൃത്യാസംഗീതത്തിന്റെ ആപാതമധുരത്വം അറിയാത്തവനും വാസനാരഹിതനും ആയ ബാലകൃഷ്ണമേനവൻ പ്രകൃതിവിരുദ്ധമായ ഈ പ്രയോഗത്തിൽ വൈരസ്യത തോന്നീട്ടോ എന്നു തോന്നുമാറ ചെടുന്നനെ ഗാനരീതിവിട്ടു പുളകത്തുന്നത സാധാരണ മട്ടിലാക്കി.

അമ്മു ആഭരണങ്ങളെല്ലാം അഴിച്ചു ശിഷ്യത്തിയുടെ കയ്യിൽ കൊടുത്തിട്ട തലമുടി കെട്ടാതിപ്പിടിച്ച് തെച്ചകത്തി പൂവാകംചെരു വേർപെടുത്തുകൊണ്ട പുഴക്കടവിലേക്കു പോകും വഴിയാണ പുളകത്തുന്ന ശബ്ദം കേട്ടത്. ഒച്ചയ്ക്ക പരിചയമുള്ളതായിരുന്നുവെങ്കിലും പതിവിൽ വ്യത്യാസപ്പെട്ട പാട്ടുപാടുന്നതായി തോന്നിയതുകൊണ്ട കാട്ടത്തെളിക്കുന്നെ കൂകിവിളികേട്ട പകച്ചുനിൽക്കുന്ന മാൻപേടയെപ്പോലെ അല്പനേരം ചെവി ഓൎത്തുകൊണ്ട സംശയിച്ചുനിന്നു. പത്തായപ്പുരയും ഉരൽപ്പുരയും കൂടിയ ഒരു കെട്ടിടത്തിന്റെ മറവുകൊണ്ട കൊട്ടിൽപ്പടി കാണുവാൻ വയ്യായിരുന്നു.

അധിക താമസം കൂടാതെ ചുളകുത്തുന്നതിന്റെ സമ്പ്രദായം പതിവിൻപടിയായി. ഉടനെ അരയിൽ ചുററിയിരുന്ന മേൽമുണ്ടിന്റെ ഒരു തലകൊണ്ടു മാൎവ്വിടം മറച്ചും, കൈററടികൊണ്ട് മുഖത്തേക്കുവരുന്നതും കറുത്തു നീണ്ടുചുരുണ്ടതുമായ തലമുടിയെ ഒതുക്കിക്കൊണ്ടു തട്ടത്തും, അമ്മുവിന്റെ അനാലംകൃതമായ സുന്ദരരൂപം ബാലകൃഷ്ണമേനാവന്റെ നേരെ ചെന്നു. തന്നിൽ അത്യന്തം അനുരക്തയായ മോഹനാംഗിയുടെ വിനീതവേഷത്തോടുകൂടിയ വരവുകണ്ടിട്ടും നിൎമ്മലമായ മനസ്സിന്റെ ശുദ്ധഗതി ഓൎത്തിട്ടും ബാലകൃഷ്ണമേനാവന്റെ മുഖത്ത് ആദ്യം സ്ഫുരിച്ച ഭാവം ശാന്തശാസ്ത്രപണ്ഡിതന്മാൎക്കുകൂടി ദുൎഗ്രാഹ്യമായിട്ടുള്ളതാണ്. അനുകമ്പയുടെയും പുച്ഛത്തിന്റെയും മദ്ധ്യത്തിൽ ഒരു ഭാവരസമുണ്ടെങ്കിൽ അതാണെന്നു കല്പിച്ചു സമ്മതിക്കാം. എന്നാൽ ഈ ഭാവം അരനിമിഷത്തിൽമാറി വ്യസനസ്പൎശത്തോടുകൂടിയ ഗൌരവഭാവമായിത്തീൎന്നു. മൌനമുദ്രയുടച്ചുവന്ന്

“എന്താ പാട്ടുപഠിച്ചത്?” എന്നു ചോദിച്ചപ്പോൾ ബാലകൃഷ്ണമേനോൻ ഒരക്ഷരവും മറുപടി പറഞ്ഞില്ല. അതുകണ്ട് വിഷാദത്തോടുകൂടി അമ്മു മേനാവന്റെ മുഖത്തു നോക്കി.

“ഞാൻ ദേവകിക്കുട്ടിയെ ചെന്നുകാണാഞ്ഞിട്ടുള്ള പരിഭവമാണെങ്കിൽ ഇന്നുകാലത്ത് ഞാനവിടെപ്പോയിരുന്നു. നിങ്ങളാരും അവിടെയുണ്ടായിരുന്നില്ല. ഉച്ചക്കേ വരുള്ളൂ എന്നു ദേവകിക്കുട്ടി പറഞ്ഞു”

“ജ്യേഷ്ഠനും അമ്മാമനും ഇവിടെയുണ്ടോ?”

“ഇല്ല. അമ്മാമനെ കണ്ടു സംസാരിക്കയുണ്ടായോ?” എന്നു ചോദിച്ച് അമ്മു തലതാഴ്ത്തി, കാലിന്റെ പെരുവിരൽകൊണ്ടു മണ്ണിൽ ചിത്രമെഴുതുവാൻ തുടങ്ങി. ബാലകൃഷ്ണമേനാവൻ അമ്മുവിന്റെ ചോദ്യത്തിന് ‘ക്ഷമിക്ക’ എന്നുമാത്രം മറുപടി പറഞ്ഞിട്ടു,

“അവർ എപ്പോൾ വരും?” എന്നു വീണ്ടും ചോദിച്ചു.

പലവക.

അന്യപത്ര സാരാംശങ്ങൾ.

'ആൎയ്യവൈദ്യസമാജം സെക്രട്ടറി പി. എസ്. വാരിയർ അവർകൾ പറയുന്നു,- ഈ സമാജം വക നിൎമ്മാണസംഘത്തിൽ ഒരു സാമാജികനായ പി. വി. കൃഷ്ണവാരിയർ അവർകൾ മാനേജരും ആയി തൃശ്ശിവപേരൂർ കേരള [illegible] അച്ചുക്കൂടത്തിൽ അച്ചടിച്ച് ഇതുവരെ മലയാളഭാഷയിൽ [illegible] പ്രസിദ്ധം ചെയ്യുന്ന 'ധന്വന്തരി' എന്ന മാസികയിൽ [illegible] 'ജനങ്ങൾക്കു [illegible]' എന്ന [illegible] ലേഖനങ്ങൾ [illegible] പ്രതിപാദിച്ചിരുന്നു. [illegible] വിവരിച്ചിരുന്നപോലെ [illegible] സാധിക്കാതിരിപ്പാനും സാധിച്ചവയുടെ [illegible] [illegible], [illegible], [illegible], ചികിത്സ, [illegible] [illegible] ഇംഗ്ലീഷ് [illegible] [illegible] [illegible] 'ധന്വന്തരി'യുടെ [illegible] 'വിദ്യാഭ്യാസം [illegible] [illegible] 'ധന്വന്തരി'യുടെ [illegible] 'നിസ്സാരമായി' [illegible] 'ധന്വന്തരി'യുടെ [illegible] നിഷ്പക്ഷമായി പ്രവൎത്തിച്ചുവരുന്നു.

'[illegible]' എന്ന ഇംഗ്ലീഷ് [illegible] [illegible] 'ശുദ്ധമായ [illegible]' എന്ന [illegible] [illegible] 'ധന്വന്തരി' [illegible] 'ഹെൽത്ത് പിസ്' എന്ന [illegible] [illegible] സാധിക്കുന്നതിന്നു [illegible] [illegible].

'[illegible] [illegible] ഇതൊക്കെ [illegible] [illegible] [illegible] [illegible] [illegible]. '[illegible]' എന്ന പദത്തെ [illegible], [illegible] [illegible] [illegible] പ്രവൃത്തിക്കുന്നവർ വളരെ ചുരുങ്ങും.

[illegible]

* *

[illegible]

[illegible]

* *

[illegible]

കൃഷി.

ഉഴവ് :—

[illegible]

[illegible]

[illegible]

[illegible]

(എ) [illegible]

(ബി) [illegible] (Chloride of lime) [illegible]

(സി) [illegible]

(ഡി) [illegible]

വൈദ്യം.

1. [illegible]!

2. [illegible]

3. [illegible]

[illegible]

[illegible] 1901-ലെ [illegible] ബി. എ. [illegible]

[illegible]

[illegible]

[illegible]

നോട്ടീസ്.

മേത്തരം സാമാനങ്ങൾ! വില വളരെ സഹായം!

ബൊമ്പായി മുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽ നിന്ന നേരിട്ടുവരുത്തുന്നതും താഴെ വിവരം പറയുന്നതും വെറെയും അനേകം സാമാനങ്ങൾ തൊകപ്പടിയായും ചില്ലറയായും വളരെ സഹായ വിലക്കു വില്ക്കുന്നതാണ്.

പലതരത്തിലുള്ള ഫ്ലന്നൽ ശീലകൾ, ഷീട്ടുകൾ, ചെക്കള്ളുണികൾ, വളരെ ഭംഗിയുള്ള ചീട്ടികൾ ചട്ടകൾ, ബ്ലാങ്കെറ്റുകൾ, തൊപ്പികൾ, സർട്ടുകൾ, മല്ല, ജഗന്നാഥൻ മുതലായ തുണിച്ചരക്കുകൾ. ഏനാമൽ പാത്രങ്ങൾ, പലതരത്തിലുള്ള ഗ്ലാസ്സുകൾ, നാഴികമണികൾ, വാച്ചുകൾ, വിളക്കുകൾ, കണ്ണാടികൾ, കത്തികൾ, ഉലട്ടാപ്പുകൾ, വെവിപസ്സൂത്രങ്ങൾ, കൊടകൾ, ഇരിമ്പുപെട്ടികൾ, ഇരിമ്പുഅലമാരികൾ, ഇരിമ്പുഅടുപ്പുകൾ, അനേകവിധം സൊപ്പുകൾ, ബ്രാണ്ടി, വിസ്കി, മുതലായ ലഹരിസാധനങ്ങൾ, മുത്തുച്ചിപ്പികൊണ്ടുള്ള അനേകവിധ പാത്രങ്ങൾ, ഇവകളും മെലിൻസഫുഡ, കൊക്കൊ, കാപ്പിപ്പൊടി, ടീ ബിസ്കോത്ത മുതലായ വേറെയും അനേകവിധ സാമാനങ്ങൾ വളരെ സഹായവിലക്കു വില്ക്കുന്നു.

ആവശ്യപ്പെടുന്നവർക്ക സാമാനങ്ങൾ വി- പി- ആയി അയച്ചുകൊടുക്കുന്നതാണ്.

എ. ടി. എസ്സ്. മേനോൻ.

ജനറൽ മർച്ചന്റ്.

ചിറ്റൂര.

Subramania & Co.,

താംബൂല വിഹാരം ഒരു സുഖകരമായ സാധനം തന്നെ.

—— : o : ——

വെററിലമുറുക്കിനെ സ്വാദുപിടിപ്പിക്കുന്ന ഒരു രുചിപ്രദമായ സുഗന്ധചൂർണ്ണം.   രമ്യം.   വിശേഷം.   രുചിപ്രദം.

ഇത മേത്തരം കസ്തൂരി, [illegible], അത്തർ മുതൽ സുഗന്ധദ്രവ്യങ്ങൾ എന്നിവ ചേർത്തുണ്ടാക്കിയതായി നൂതനമായ ഒരു ചൂർണ്ണമാകുന്നു. വെററിലമുറുക്കിന്ന അതിവിശേഷം ഉണ്ടാക്കും. മുറുക്കുന്നവർക്ക് ഇത [illegible] സാധനമാകയാൽ അവർ ഈ സാധനത്തെ വാങ്ങി പരീക്ഷിച്ചുനോക്കേണ്ടതാകുന്നു.

	രു.	ണ.
ഒരു കുപ്പിക്കു വില	0	4 മാത്രം
12 കുപ്പികൾക്കു	2	12

തപാൽകൂലി പുറമെ.

DANTaDABANA CHURNA. ദന്തധാവന ചൂർണ്ണം

[illegible] പല്ലു തേപ്പാനുള്ള പൊടി, ഒരു പെട്ടിക്കു വില 0-8 ണ. [illegible] പല്ലുവേദന [illegible] പല്ലിന്മേൽ [illegible] പല്ലിൽനിന്ന [illegible] വായിൽ [illegible] ഒരു പൊടിയാണിത. ഈ പൊടി [illegible] പല്ലുകൾ [illegible] ഈ പൊടി [illegible] പല്ലിന്മേൽ [illegible] ഈ പൊടി [illegible] പല്ലുകൾക്കു [illegible] ഈ പൊടി [illegible] പല്ലിന്ന [illegible] പല്ലുകൾക്കു [illegible] ഈ പൊടി [illegible] ഈ പൊടി [illegible] ഈ ചൂർണ്ണം [illegible] ഈ ചൂർണ്ണം ഉപയോഗിക്കേണ്ടതാണ. [illegible] പല്ലുകൾക്കുള്ള [illegible] വായിക്കു രുചിക്കുറവും [illegible]

[illegible]ങ്ങളുണ്ടാകയാൽ ദേഹസുഖത്തിന്ന ഒരു നല്ല ഔഷധവുമാകുന്നു. ഒന്നും ഉണ്ടാവില്ല. നല്ല ഒരു മണം വായിൽനിന്ന പുറപ്പെടുകയും ചെയ്യും.

KARPURARISTHA. കർപ്പൂരാരിഷ്ടം. [illegible]

ക [illegible]. (വിഷൂചികക്കുള്ള സിദ്ധൌഷധം.) ഒരു കുപ്പിക്ക വില [illegible]. കർപ്പൂ വിഷൂചിക, അതിസാരം, വയറിളക്കം, [illegible], ചെറിയ കുട്ടികളുടെ മ യറ്റിന്ന വീർപ്പം എന്നിവയ്ക്കെല്ലാം [illegible] നല്ല മരുന്നാണ. ഈ പല ജാതിയായ വേദനകളെ തീർത്ത അവയവങ്ങൾക്ക [illegible] പ്രസാദത്തെ [illegible] വരുത്തും. അവയവങ്ങൾക്ക ക്ഷണസംഭവങ്ങളായ വീഴ്ചകൾ പിടച്ചൽ മുതലായ വികാ രങ്ങൾ [illegible]. [illegible] അതിൽ [illegible] കർപ്പൂരം [illegible]. അവിൻ (കറുപ്പ) [illegible] ഉണ്ടാകില്ല. [illegible], [illegible], [illegible], [illegible], [illegible] ഉണ്ടാകുന്നതുമല്ല. [illegible] നിമിഷങ്ങൾക്കുള്ളിൽ [illegible] നിന്ന [illegible]. [illegible] ഹോമിയോപ്പതി [illegible] [illegible] അല്ലോപ്പതി [illegible] കർപ്പൂരം [illegible] എന്നിതുകളി ലു ന്നവരെക്കാൾ [illegible] കർപ്പൂരാരിഷ്ടം ഇന്ത്യയിലെ ജനങ്ങളുടെ [illegible] ന്റെ [illegible] [illegible]. ഇത ഞങ്ങളുടെ [illegible].

☞ [illegible] എല്ലാ [illegible] എഴുതിയ [illegible] ഇംഗ്ലീഷി ലൊ മലയാളത്തിലൊ തമിഴിലൊ എഴുതി ചോദിക്കേണ്ടതാണ.

എന്ന ടി. എസ്സ. സുബ്രഹ്മണ്യം [illegible] കമ്പനിയാര
33. [illegible] സ്ട്രീറ്റ,
മദിരാശി.

സരസ്വതിപ്പേന.

(THE SARASWATI PEN.)

[illegible] 300 മുതൽ 500 വരെ [illegible] എഴുതാം.

സ്തുതിലിഖിതങ്ങൾ.

സർ. വാൾട്ടർ ലോറൻസ് (കെ. സി. ഐ. ഇ.) [illegible] ജനറാളുടെ പ്രൈവറ്റ സിക്രട്ടരി:— സരസ്വതിപ്പേനകൾ വളരെ ഉപയോഗമുള്ളവ യായി കാണുന്നു. നിങ്ങളുടെ [illegible] ഈ കണ്ടുപിടിക്കലിന്ന നിങ്ങൾക്ക എല്ലാ ജയ വും സിദ്ധിക്കട്ടെ.

സർ. ലോറൻസ് ജെങ്കിൻസ് (കെ. സി. കെ. സി. ഐ. ഇ.) [illegible] [illegible] ഹൈക്കോർട്ട ജസ്റ്റിസ്സ്:— സരസ്വതിപ്പേന വളരെ ഉപയോഗമുള്ളതായി ഞാൻ [illegible] ക്കുന്നു. [illegible] ഇവയുടെ [illegible] എനിക്ക അയച്ചുതന്നതിന ഉപകാരം.

ബറോഡാ മഹാരാജാധിരാജ ഖിലജായി ചാനലെ മഹ ന്നാമ് ബഹദൂർ:— ഈ പുസ്തകത്തിൽ വളരെ സന്തോഷിക്കുന്നു.

നാട്ടോർ മഹാരാജാ ബഹദൂർ ജഗദിന്ദ്രനാഥരായി:— കവി തിയും "സപ്ത്" [illegible]

ബഹുമാനപ്പെട്ട രാജാ റാംപാൽ സിങ്ങ് ബഹദൂർ:— ഞാൻ [illegible] തിരെ അഭിനന്ദിക്കുന്നു.

രാജാ പെയരിമോഹന മുക്കർജി:— (സി. എസ്. ഐ):— ഈ പുസ്തകം വളരെ ഉപയോഗപ്രദമായി ഞാൻ കരുതുന്നു.

ബഹുമാനപ്പെട്ട മിസ്റ്റർ ജസ്റ്റിസ് ശാരദ ചരണമിത്രൻ:— ഇതു വളരെ ഉപയോഗമുള്ള ഒരു കണ്ടുപിടിത്തമാണ്.

പണ്ഡിതർ [illegible] ഗാംഗുലി (ബി. എൽ.) [illegible]:— "[illegible]" [illegible] നിൽക്കുന്നതാണ്.

മുഖ്യാഭിപ്രായങ്ങൾ.

[illegible] (ബി. [illegible]) [illegible] ഇതു ഉപയോഗമായ [illegible] വളരെ [illegible]ന്നതാണ്.

മിസ്റ്റർ എച്ച്. വി. വില്യംസ് (ഐ. സി. എസ്.), കമിഷണർ:— [illegible] പഠിക്കാൻ [illegible] എഴുതപ്പെടുന്നതാണ്.

മിസ്റ്റർ കെ. സി. ഡി. (ഐ. സി. എസ്.) കലക്ടർ:— ഇതു വളരെ [illegible] കണ്ടുപിടിത്തം ഏറ്റവും സാമർത്ഥ്യമുള്ളതുതന്നെ.

മിസ്റ്റർ എസ്. സി. മിത്രൻ, ഡിപ്പുടി മജിസ്ട്രേട്ട്:— നല്ല വിദ്യയ [illegible].

മിസ്റ്റർ ജി. ചക്രവർത്തി, സിവിലിയൻ, ബാങ്കൂറ മുനിസിപ്പൽ ചെയർമാൻ:— കണ്ടുപിടിത്തം ഏറ്റവും വളരെ സാമർത്ഥ്യമുള്ളതുതന്നെ. ഇതു വളരെ ഉപയോഗമുള്ള താകുന്നു.

മിസ്റ്റർ സീതാകർമ്മകാരി, [illegible] "[illegible]" [illegible] പ്രസിദ്ധപ്പെടുത്തുന്ന:— താങ്കളുടെ ഉപയോഗകരമായ കണ്ണപിടികൾ [illegible] പ്രാപ്തിയ്ക്കിന്ന ഞാൻ താങ്കളെ അഭിനന്ദിക്കുന്നു.

റെവറണ്ട് ഡോക്ടർ മോറിസൻ ([illegible]):— കണ്ണപിടികൾ [illegible] സാമർത്ഥ്യമുള്ളതാണ്.

ഡോക്ടർ എം. എൻ. ഗാംഗുലി, [illegible]:— ഇതിന്റെ ഫലപ്രാപ്തി [illegible].

പ്രൊഫസർ എച്ച്. സ്റ്റീഫൻ ([illegible]):— [illegible] ഉപയോഗിച്ചു [illegible] വളരെ ഫലപ്രാപ്തിയുള്ളതായി കണ്ടിരിക്കുന്നു.

ഡോക്ടർ സരാട്ട് കെ. മുള്ളിക് ([illegible]):— [illegible] വളരെ [illegible] ഞാൻ [illegible] പറയുന്നു.

ഡോക്ടർ [illegible] ([illegible]):— [illegible]

വില.

			ക.	ണ.	പ.
12 [illegible]	...	...	0	8	0
72-ന	...	...	2	12	0
144-ന	...	...	5	8	0

"വി. പി." [illegible] [illegible].

[illegible] കമ്പനിയോട് [illegible].

ടി. എസ്സ്. സുബ്രഹ്മണ്യം ആൻഡ് കമ്പനിയാര

33- അർമീനിയൻ സ്ട്രീറ്റ്,

മദിരാശി,

T. S. SUBRAMANIA & Co.,

Agents,

33, Armenian Street,

Madras.

വ്യവഹാരചിന്താമണി.

—— :o: ——

ആഗസ്റ്റ 30-ാംനു പ്രസിദ്ധപ്പെട്ടതുടങ്ങുന്നത [illegible].

കൊച്ചി വിധികാം! കൊച്ചി വിധികാം!!

ഈ മാസം മുതൽ കൊച്ചി ചീഫ്കോർട്ടിലെ വിധികൾ ഇതിൽ ചേർക്കുന്നതാണ്. സാധാരണ ഉപകാരമായ പല വിധികളും [illegible].

ചീഫ്കോർട്ടിലെ അതിപ്രധാനമായ ചില വക്കീന്മാർ എഴുതി [illegible] ഇതുകൾ റിപ്പോർട്ടുകളാണ്. കൊച്ചിയിൽ സർക്കാരാലായ വിധികൾ പ്രസിദ്ധപ്പെടുത്തുന്നില്ല. ചീഫ്കോർട്ട് വിധികളുടെ [illegible] "വ്യവഹാരചിന്താമണി" [illegible] നിവൃത്തിയുള്ളൂ.

ആവശ്യക്കാർക്കു വാങ്ങാവുന്ന [illegible], [illegible], [illegible], സാരമായും ഉള്ള 'വ്യവഹാരചിന്താമണി' [illegible] [illegible] [illegible] ഒരു [illegible] [illegible] [illegible]. [illegible] 4-1-0 [illegible].

പത്രാധിപാഭിപ്രായങ്ങൾ.

<u>മനോരമ</u>- ഈ പുസ്തകം [illegible] [illegible] [illegible] [illegible].

<u>കേരളസഞ്ചാരി</u>- ഈ മാസിക [illegible] [illegible] വരുമെന്നതിന്നു സംശയമില്ല.

<u>കേരളപത്രിക</u>- [illegible] വിധികളും [illegible] [illegible] ഇംഗ്ലീഷ് അറിയാത്ത വ്യവഹാരക്കാർക്കു [illegible] ഉപകാരമായിത്തീരുന്നതാണ.

<u>മലയാളമനോരമ</u>- [illegible] [illegible] [illegible] ഈ പുതിയ [illegible] ഈ [illegible] [illegible] ആവശ്യമുണ്ടാവുമെന്നു തോന്നുന്നില്ല.

<u>മലയാളി</u>- വ്യവഹാരികൾക്കും മററും ഉപയോഗിക്കാവുന്ന [illegible] [illegible] [illegible] [illegible] [illegible] ഏറ്റവും [illegible] [illegible].

അപേക്ഷിക്കേണ്ടും മേൽവിലാസം :

ചെങ്കളത്തുകരുണാകരമേനോൻ ബി. എ.

വക്കീൽ, വള്ളുവനാട

നോട്ടീസ്.

ഉത്തമം സാമാനങ്ങൾ! വില വളരെ സഹായം!!

ബൊമ്പായി മുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽ നിന്നു നേരിട്ടു വരുത്തുന്നതും താഴെ വിവരം പറയുന്നതും വെറെയും അനേകം സാമാനങ്ങളും തൊകപ്പടിയായും ചില്ലറയായും വളരെ സഹായ വിലക്കു വില്ക്കുന്നതാണ്.

പലതരത്തിലുള്ള പ്ലാനൽ ശീലകളും, ക്രീപ്പുകളും, ചെക്കുതുണികളും, വളരെ ഭംഗിയുള്ള ചീട്ടികളും പട്ടുകളും, ബ്ലാങ്കറ്റുകളും, തൊപ്പികളും, സർജ്ജുകളും, മല്ല്, ജഗനായ്യൻ മുതലായ തുണിച്ചരക്കുകളും. ഏനാമൽ പാത്രങ്ങളും, പലതരത്തിലുള്ള ഗ്ലാസ്സുകളും, നാഴികമണികളും, റാന്ത്യകളും, വിളക്കുകളും, കണ്ണാടികളും, കത്തികളും, ഉരുളപ്പകളും, തവിപ്പാത്രങ്ങളും, പെട്ടകളും, ഇരിമ്പുപെട്ടികളും, ഇരിമ്പുഅലമാറികളും, ഇരിമ്പുകൂപ്പകളും, അനേകവിധം സോപ്പുകളും, ബ്രാണ്ടി, വിസ്കി, മുതലായ ലഹരിസാധനങ്ങളും, കുട്ടിച്ചിപ്പികൊണ്ടുള്ള അനേകവിധ പാത്രങ്ങളും, ഇവകളും മെലിൻസ്ഫുഡു, കൊക്കൊ, കാപ്പിപ്പൊടി, ടീ ബിസ്കറ്റ മുതലായ വേറെയും അനേകവിധ സാമാനങ്ങൾ വളരെ സഹായവിലക്കു വില്ക്കുന്നു.

ആവശ്യപ്പെടുന്നവർക്ക് സാമാനങ്ങൾ വി. പി. ആയി അയച്ചുകൊടുക്കുന്നതാണ്.

പി. കെ. എസ്സ്. മേനോൻ.
ജനറൽ മർച്ചന്റ്.
ചിറ്റൂർ.

സംഗതിവിവരം.

—:o:—

			ഭാഗം.
൧.	കവിത—	എസ്സ്. വി. ഐ.	൬൭
൨.	സൂര്യൻ—	കെ. എം.	൬൯
൩.	മാമാങ്കം (മൂല്യങ്ങളിൽ മലയാളത്തിലെ മാമാങ്കം)—	പുതൊഴത്ത് ചാത്തുക്കുട്ടി മേനോൻ.	൭൩
൪.	നൃത്തോത്സവം—	സി അന്തപ്പായി.	൭൮
൫.	സുരീതി—	കെ. രാമനാഥയ്യർ. ബി. എ.	൮൦
൬.	ഒരു മൂവഴി (ഭര്തൃസന്ദേശം)—	വിദൂഷകൻ.	൮൩
൭.	മലയാളഭാഷയുടെ താൽക്കാലികാവസ്ഥ—	സി. ഡി. ഡേവിഡ്.	൮൭
൮.	അസാരംതൊറിപ്പായി—	എസ്സ്. വി ഐ.	൯൦
൯.	ബാരാഗ്രത്രയം—	ടി. നാരായണൻ നമ്പി	൯൨
൧൦.	ഒരു വിലാപം—	സി. എസ്സ്. സുബ്രഹ്മണ്യൻ പോററി	൯൫
൧൧.	നാഗാനന്ദം—	പായാട്ട് അച്യുതമേനോൻ	൧൦൦
൧൨.	ഒരു ഉമ്മരണം—		൧൦൨
൧൩.	കൃതജ്ഞതാനിവേദനം—	സി. ശോഭചന്ദ്രൻ തിരുമുല്പാട.	൧൦൪
൧൪.	പലവക.		൧൦൮
	പുസ്തക പരിശോധന.		
	കത്തുകൾ.		
	സ്വാഗതം.		

☞ രസികരഞ്ജിനിക്കു പുതിയ വരിക്കാരെ ഉണ്ടാക്കി അവരുടെ വരിപ്പണം മുഴുവൻ മുൻകൂറായി പിരിച്ച് ചേരുവിവരപ്പട്ടികയോടുകൂടി ഈ സംഘത്തിന്റെ ആപ്പീസിൽ അയക്കുന്നവർക്ക് ൧൦. ഉറുപ്പികയിൽ കുറയാതെയുള്ള സംഖ്യകൾക്കു ൧൦ക്കു ൧ക വീതം കമ്മിഷനും ൩൦. കയിൽ കുറയാതെ പിരിച്ചയക്കുന്നവർക്കു മേൽപറഞ്ഞ കമ്മിഷനും പുറമെ മുപ്പതിലെ ഉറുപ്പികക്കു [illegible]യുടെ ഒരു പ്രതിവീതം സൌജന്യവുംകൊടുക്കപ്പെടും.

സി. ഒ. [illegible]

PRINTED AT THE VIDYA VILASUM PRESS, ERNAKUL

൧൦൭൮-ാമാണ്ടത്തെ വരിസംഖ്യ അടച്ചവരുടെ പേരുവിവരം.

			ക.	ണ.	സ
	കൊച്ചി ൧൩-ാംകൂറ തമ്പുരാൻ തിരുമനസ്സുകൊണ്ടു—	തൃപ്പൂണിത്തുറ—	൫	൦	൦
രാ.രാ.	വി. കെ. രാമൻമേനോൻ.	„	൫	൦	൦
„	മധുരത്തോററ് ഇട്ടൻ നമ്പൂരിപ്പാട്.	„	൫	൦	൦
„	തൊട്ടുവാരമ്പ വാസുദേവൻ നമ്പൂരി.	„	൫	൦	൦
„	മാണമ്പാറ സി. ശങ്കരൻ നായർ.	മദ്രാസ്സ്.	൫	൦	൦
„	[illegible] കൊളേജിമന്നാടിയാർ.	ചിററൂർ.	൫	൦	൦
„	വി. കെ. കുട്ടിരാണി	കൊല്ലങ്കോട്	൫	൦	൦
„	[illegible] ടി. കെ. എം. ചെറിയ നാരായണൻ നമ്പൂരിപ്പാട്.	[illegible]മംഗലം	൫	൦	൦
„	[illegible] ചന്ദ്രശേഖരൻ നമ്പൂരി.	ഇരിഞ്ഞാലക്കുട.	൫	൦	൦
„	വിക്ടോറിയകോളേജ് പ്രിൻസിപ്പാൾ.	പാലക്കാട.		൨	൦
„	വെടിപ്പുര മാത്തിൽ കൊച്ചുണ്ണി [illegible]പ്പാട.	എറണാകുളം.	൫	൦	൦
„	തച്ചാർകേരിൽ കരിയാൻ കൊച്ചാണ്ടി.	ചങ്ങനാശ്ശേരി.	൧	൧൦	൦
„	മൂത്തിയേടത്ത ദിവാകരൻ നമ്പൂരി.	കരിമ്പുഴ	൦	൮	൦

രസികരഞ്ജിനി

൧൦൭൯.

പുസ്തകം ൧. കന്നിമാസം. ലക്കം ൧.

മംഗളം.

—:o:—

തിങ്ങിപ്പൊങ്ങിപ്പരന്നീടിന കലിമഷമാവാം
തോയധിക്കുള്ളിലെന്നും
മുങ്ങിപ്പൊങ്ങിക്കുഴങ്ങീടിനൊരടിയനെന്നി
യ്യതാൽത്തീർത്താത്തമോദം.
സംഗക്രൂരാതപാക്രാന്തതരണിയിലൊന്നയെ
ച്ചേർത്തുടൻ കാത്തിടേണം
ചെങ്ങാതീ തുംഗപ്രമോദാമ്പിതമടിയനുളം
മെങ്ങുകന്ന്യേ വസന്യേ!

വെൺമണി അച്ഛൻ നമ്പൂരിപ്പാട്.

കാലം.

—

(൧)

ഒരുത്തനുകടം വാങ്ങിക്കയു
മൊരുത്തനുകടം കൊടുക്കാതിരിക്കയും
മുതലും തന്നുടെമിത്രവു
മിത്രത്വവും നഷ്ടമാം പലപ്പോഴും.

(ഷേക്സ്പിയർ.)

മിക്കജനങ്ങൾക്കും കൂടക്കൂടെ മനഃക്ലേശമുണ്ടാകുന്നതും അക്കാലങ്ങളിൽ വേറെ ഉപദേശത്തിനും സഹായത്തിനും മറ്റുള്ളവ

ന്ന ആശ്രയിപ്പാൻ ഇടയാകി തീൎക്കുന്നതുമായ 'ദാരിദ്ര്യം' 'ദുൎഭിക്ഷം' എന്നുതുടങ്ങി പല ദുഃഖവിഷയങ്ങളുള്ളതിൽ ധനസംബന്ധമായ ഏതൊരാൾക്കു കൂടി ഉൾപ്പെടുത്തണമെന്നതിനെയല്ല ഇതിന് പ്രധാനസ്ഥാനംതന്നെ കല്പിക്കേണ്ടതുമാണ്. മനുഷ്യരുടെ എല്ലാ ആവശ്യങ്ങൾക്കും ഉപകാരമായ ദ്രവ്യം അടിസ്ഥാനമായി തീൎന്നിരിക്കകൊണ്ടു ധനാൎജ്ജനം വളരെ സാരമായ ഒരു കാൎയ്യമായി ജനങ്ങൾ കരുതിവരുന്നു. ചോരികളു് മുതലായ, സമ്പാദ്യത്തിനുള്ള അന്യായമാൎഗ്ഗങ്ങളിൽ ചിലർ പ്രവേശിച്ചു കാണുന്നതു തന്നെ ഇതിന്നു ഒരു പ്രത്യക്ഷ തെളിവാകുന്നു. ന്യായമായ സമ്പാദ്യത്തിനുള്ള വഴി എന്തെന്ന പ്രാഥമികതത്വങ്ങൾ ധരിക്കാതെ ലോഭംകൊണ്ടു മതിമറന്ന നേൎമാൎഗ്ഗം വെടിയുന്നതും ഇതിനൊരു ദൃഷ്ടാന്തമാണെന്നല്ലേ പറയേണ്ടത്? ദ്രവ്യംകൊടുത്തുവാങ്ങൽ ചെയ്യുന്നവരുടെ ഇടയിൽ എന്നുവേണ്ട, അതുകൊണ്ടു പെരുമാറ്റം ചെയ്യുന്ന എല്ലാവരുടെ സംഘത്തിലും സാമാന്യജനങ്ങളേക്കാൾ പണം കടംകൊടുക്കുന്നവരെ അധികം പൂജ്യന്മാരായി വിചാരിച്ചുവരുന്നതു നാമെല്ലാം അനുഭവസിദ്ധമല്ലേ? ജനസമുദായത്തിൽ കേവലം കൂലിക്കാർ തുടങ്ങി പ്രഭുക്കന്മാർവരെ എല്ലാതരക്കാരുടെ ഇടയിലും കടംവാങ്ങലും കൊടുക്കലും സാധാരണ നടപ്പായി തീൎന്നിരിക്കുന്നു. ഇതിന്റെ ആപൽക്കരമായ ഭവിഷ്യത്തുകളെ പലപ്പോഴും ജനങ്ങൾക്കു കാണ്മാനിടവരുന്നുണ്ടെങ്കിലും ആ നടപടി ചീത്തയാണെന്നുള്ള ബോധ്യം അവൎക്ക് വന്നുതുടങ്ങീട്ടില്ല. കൊള്ളക്കൊടുക്കൽ പല സമ്പ്രദായത്തിലുണ്ടെങ്കിലും അതിനെപ്പറ്റി സവിസ്തരം പ്രസ്താവിക്കുന്നതായാൽ ലേഖനം വല്ലാതെ ദീൎഘിക്കുമോ എന്നു സംശയിച്ചു ബന്ധുമിത്രാദികളുടെ ഇടയിൽ സാധാരണ നടപ്പുള്ള കൊടുത്തുവാങ്ങലിനെ കുറിച്ചു മാത്രമേ ഞങ്ങൾ ഇവിടെ പ്രതിപാദിക്കുന്നുള്ളൂ.

തറവാട്ടാവശ്യങ്ങൾക്ക് സമീപസ്ഥന്മാർ അന്യോന്യം സാധനങ്ങൾ തല്ക്കാലം കടംവാങ്ങിച്ചു പിന്നീട് മടക്കികൊടുക്കുന്ന സമ്പ്രദായത്തെ പറ്റി വളരെ ഗൌരവമായി വിചാരിപ്പാനില്ലെന്ന് മിക്കജനങ്ങളും അഭിപ്രായപ്പെട്ടേക്കാമെങ്കിലും സൂക്ഷ്മമായി ആലോ-

ചിക്കുന്ന പക്ഷം അതു് അവരുടെ സ്വഭാവത്തിലുള്ള മിതമില്ലാ
യ്മയെ വെളിപ്പെടുത്തുകയാണ ചെയ്യുന്നതു് എന്ന നാം ഓർക്കേണ്ട
താണ. പ്രത്യേകിച്ച കൂലിപ്പണിക്കാരുടെ ഇടയിലും കൃഷിച്ചു കഴിച്ചു
ചിന്നുള്ളവരുടെ ഇടയിലും ഇപ്രകാരം അയൽവക്കത്തു നിന്ന സാ
ധനങ്ങൾ കടം വാങ്ങിക്കുന്നതു് എത്രത്തോളം നടപ്പുണ്ടെന്ന ശരി
യായി മനസ്സിലാക്കുന്നതായാൽ എവനും വിസ്മയം തോന്നിപ്പോ
കും. ഒരു കൊഴിച്ചട്ടകത്തിന്റെയോ ചക്കിന്റെയോ ഉടമസ്ഥന്
അതിന്റെ അയൽ വീടുകളിലുള്ള സഞ്ചാരത്തെ പററി എന്തെ
ല്ലാം രസകരങ്ങളായ കഥകൾ പറവാനുണ്ടാകും? ഉപായത്തിൽ കാ
ലക്ഷേപം കഴിച്ചുകൂട്ടുന്നവരുടെ ഇടയിൽ പ്രഥമൻ വെക്കുവാനു
ള്ള ചരക്കു, കോളൻ വെക്കാനുള്ള ഉരുളിയും ഇന്നിന്നവികളിലു
ണ്ടെന്നു പ്രസിദ്ധമായിരിക്കുമല്ലോ. ഇപ്രകാരം അസംഖ്യം വീട്ടുസാ
മാനങ്ങൾ പലവീടുകളിൽനിന്നുമായി വാങ്ങി പൊതുവെ ഉപയോ
ഗിച്ചു വരാറുണ്ട്. ഇതിനെതന്നെ നാഴി ഉപ്പു്, രണ്ടുമണിക്കു
കു് കുറച്ചു ഉലുവാ, ഒരു തവി വെളിച്ചെണ്ണ, എന്നു തുടങ്ങി പല
സാധനങ്ങളും പിന്നീട മടക്കികൊടുക്കാമെന്നുള്ള നിശ്ചയത്തി
ന്മേൽ പലപ്പോഴും അയൽവക്കക്കാർ കടം വാങ്ങികൊണ്ടു പോ
കാറില്ലയോ ? ഇതിനോടുള്ള ചില്ലറസ്സാമാനങ്ങൾ കടംവാങ്ങി
ക്കുന്നതുകൊണ്ടു യാതൊരു ദോഷവുമില്ലെന്ന തീരെ തള്ളിക്കള
വാൻ പാടില്ലെങ്കിലും ഇതിനെ പററി സാരമായ ഉണ്ടാവുന്ന ദോഷ നി
രൂപണത്തിന്ന ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. ഈ വ്യാപാരം കടം വാ
ങ്ങുന്നവരുടെ സ്വഭാവത്തിലുള്ള സാമർത്ഥ്യമില്ലായ്മയേയും ആ
ലോചനക്കുറവുകൊണ്ടുണ്ടാവുന്ന ചോരായ്മയേയും പ്രത്യക്ഷപ്പെ
ടുത്തുന്നതോടുകൂടി കടംകൊടുക്കുന്ന ആൾക്ക് അപ്രിയംപറയു
ന്നതിനുള്ള വൈമനസ്യത്തെയും പ്രദർശിപ്പിക്കുന്നുവെന്നുമാത്രം ഞ
ങ്ങൾ ഇവിടെ സൂചിപ്പിച്ചേക്കാം. കല്യാണം മുതലായ അടിയ
ന്തരങ്ങൾക്ക് ഉപയോഗിക്കുന്നതിന്നായി ആഭരണങ്ങൾ കടം വാ
ങ്ങിക്കുന്ന പതിവും ഒട്ടും നന്നല്ല. ഞങ്ങളുടെ ഈ ഉപന്യാസത്തി
ലെ മുഖ്യസംഗതി സ്നേഹിതന്മാർ തമ്മിൽ പണം കടംകൊടുത്തു
വാങ്ങുന്നതിനെപററിയായിരിക്കുമെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുള്ള

ളുകൊണ്ടു ഈ വിഷയത്തെ കുറിച്ചും അധികം വിസ്തരിപ്പാൻ ഇവിടെ തരമില്ല. "ഇരന്ന പൊന്നിനേക്കാറം തെളിഞ്ഞിരുമ്പു നല്ലൂ" എന്നത് സത്തായ ഒരു ഉപദേശമാകുന്നു.

പണം കടംവാങ്ങിക്കുന്നവർ നാലുതരക്കാരാകുന്നു. (1) ആകസ്മികസംഭവങ്ങളായ കാര്യങ്ങൾ നിവൃത്തിക്കേണ്ടതിലേക്കായി തല്ക്കാലം തങ്ങളെ സന്തോഷപുരസ്സരം സഹായിക്കുവാൻ താല്പര്യത്തോടുകൂടിയവരായ സ്നേഹിതന്മാരുടെ പക്കൽനിന്ന് സംഗതിവശാൽ ദ്രവ്യം കടം വാങ്ങുന്നവർ (അധികം ആക്ഷേപകരമല്ലാത്തത് ഇതൊന്നു മാത്രമേയുള്ളൂ.) (2) കേവലം ദ്രവ്യത്തിനായി, ദ്രവ്യം തിരികെ കൊടുക്കില്ലെന്നുള്ള മുൻകരുതലോടുകൂടിയോ, അഥവാ കൊടുക്കേണ്ടി വന്നാൽ തന്നെ ആയത മനസ്സറിഞ്ഞ മര്യാദക്കു ചെയ്യില്ലെന്നുള്ള സിദ്ധാന്തത്തിന്മേലൊ പതിവായി കടം വാങ്ങിക്കുന്ന ധൂർത്തന്മാർ (3) അതിലാഭം നേടുവാനുള്ള മോഹം കൊണ്ടു തങ്ങളുടെ വ്യാപാരങ്ങളിൽ മുടക്കേണ്ടതിലേക്കായി അന്യന്റെ പണം കടംവാങ്ങി ഉപയോഗിക്കുന്നവർ (4) പണത്തിന്റെ മുട്ടുകൊണ്ടു അതികഠിനമായി കഷ്ടപ്പെട്ട് അതിൽ നിന്നു തല്ക്കാലം ഒരു നിവൃത്തി കിട്ടുവാനായി എന്തുലാഭം കൊടുത്തിട്ടും കടം വാങ്ങുവാൻ ഒരുങ്ങുന്നവർ, ഇത്തരക്കാരെയെല്ലാം പററിയാണു താഴെ പ്രസ്താവിക്കുന്നത്.

ഭാഗ്യക്ഷയംകൊണ്ടോ മറേറാ മുതലെല്ലാം നശിച്ച് ഒരുവൻ കഷ്ടപ്പാടിലായി കഴിയുമ്പോഴും തന്റെ ഒരു പ്രിയസ്നേഹിതൻ ചെയ്യുന്ന ഹൃദയംഗമമായ താല്ക്കാലികസഹായം എത്രതന്നെ ലഘുവാണെങ്കിലും വളരെ കാര്യമായി വിചാരിക്കുന്നതല്ലെ? ഒരുവന്ന് ദ്രവ്യം ഉണ്ടായതുകൊണ്ടുള്ള സുഖങ്ങൾ എന്തെല്ലാമെന്ന് ആലോചിച്ചുനോക്കുന്നതായാൽ അതിൽ പ്രധാനമായിട്ടുള്ളത് അവന്റെ സ്നേഹിതന്മാരെ ഇങ്ങിനെയുള്ള കഷ്ടസ്ഥിതിയിൽനിന്നും കരേറുന്നതിൽ കുറച്ചെങ്കിലും സഹായിക്കുവാൻ സാധിക്കുന്നതുതന്നെയായിരിക്കും. "എന്റെ പ്രിയസ്നേഹിതാ, നിങ്ങൾക്കെന്തെങ്കിലും ഒരു ഉപകാരം ചെയ്യാൻ എനിക്കു സാധിക്കുമൊ? ആ ഒരു ഭാഗ്യം എനിക്കു കിട്ടുമൊ?" എന്ന് യാതൊരു മനസ്സുകളെ,

ട്ടം ഒരു ദ്രവ്യനഷ്ടം പറവാനില്ലെങ്കിൽ ധനികനായ ആ ആളും ഇപ്പോളിയും ഒരുപോലെ എന്ന ഏതിനെയാണ് ചോദിക്കുന്നത്? അത്യന്തം ഔദാര്യശീലം കൊണ്ടും, സ്നേഹാതിശയം കൊണ്ടും ഉണ്ടാകുന്ന ബന്ധുസഹായത്തെ ഒരുവൻ കയ്യേറുന്നതിൽ തെറ്റില്ല. എന്നാൽ അങ്ങിനെയുള്ളവർ തന്റെ ബന്ധുവിനാൽ കഴിയുന്ന സഹായം ചെയ്വാൻ സന്നദ്ധനായിരിക്കണം. കടം വാങ്ങുകയോ കൊടുക്കുകയോ ചെയ്യുന്നതിനെപ്പറ്റി അധിക്ഷേപിച്ചിട്ടുള്ളതുകൊണ്ട് സ്നേഹജന്യമായ സഹായപ്രവൃത്തികളെ ബന്ധുക്കളോ മിത്രങ്ങളോ തമ്മിൽ തമ്മിൽ ചെയ്തുകൊടുക്കരുതെന്നാണ് ഞങ്ങളുടെ അഭിപ്രായമെന്ന് ആരും തെറ്റിദ്ധരിക്കരുത്. മേൽപറഞ്ഞ മാതിരിയിലുള്ള ഉൽകൃഷ്ടാവകാശം ഉണ്ടാവുകയും അവയെ അനുസരിച്ച് പ്രവൃത്തിക്കുകയും ഒരു മനുഷ്യനായാൽ വേണ്ടതാണ്. എന്നാൽ ഇങ്ങിനെയുള്ള കാര്യങ്ങളിൽ, തന്റെ ദ്രവ്യംകൊണ്ടു സഹായിപ്പാൻ സ്നേഹിതന് പ്രാപ്തിയോ, [illegible] കഴിവോ, ഉണ്ടോ എന്നും, സഹായിപ്പാൻ കഴിയുമെങ്കിൽ തന്നെ അയാൾക്ക് പൂർണ്ണമനസ്സുണ്ടോ എന്നും മുമ്പിൽകൂട്ടി വല്ല വിധേനയും അറിഞ്ഞതിന്നുശേഷം മാത്രമെ ഒരുവൻ കടത്തിന്നുള്ള അപേക്ഷ ചെയ്തുകൂടു എന്ന് ധരിച്ചിരിക്കേണ്ടതാകുന്നു. ആത്മാർത്ഥമായി സ്നേഹിക്കുന്നവരുടെ ഇടയിൽനിന്നുപോലും പതിവായി കാണപ്പെടുന്നത് ആലോചനാകുറവായിട്ടുള്ള ഈ സ്നേഹബന്ധത്തിന്റെ ശൈഥില്യത്തിന്ന് അവശ്യം കാരണമായിത്തീരുന്നതുമാകുന്നു. എന്തെന്നാൽ പണത്തിനുള്ള ആവശ്യം എപ്പോളുണ്ടാകുമെന്ന് ആർക്കും മുമ്പിൽകൂട്ടി നിശ്ചയിക്കവയ്യല്ലൊ. അങ്ങിനെയിരിക്കെ കയ്യിൽ പണം ഇരിപ്പില്ലാത്ത സമയത്ത് അത്യന്തം വാത്സല്യമുള്ള ഒരു സ്നേഹിതൻ ദ്രവ്യസഹായം ആവശ്യപ്പെടുന്നതായാൽ ആ സ്നേഹിതനോട് പണമുണ്ടെന്നോ ഇല്ലെന്നോ പറയുന്നതിന് ഏവനും കുണ്ഠിക്കേണ്ടിവരുമല്ലൊ. സ്നേഹിതന്മാരുടെ കഷ്ടാരിഷ്ടങ്ങളിൽ പങ്കുകൊള്ളുകയും അവരെ അതിൽനിന്നും മോചിപ്പിക്കുവാൻ യത്നിക്കുകയും ചെയ്യേണ്ടത് എല്ലാവരുടെയും ധർമ്മമാകുന്നു. എന്നാൽ സ്നേഹിതന്റെ ഇപ്രകാരമുള്ള ഔദാര്യ

കയറി നേരിനെ സദാചാരപുഷ്ടിക്കുന്നവനാണെന്ന് ദുർവ്വിചാ
ത്തിൽ ഒരു മാറ്റം മാത്രം നോക്കുന്നവനായ ഒരുവന്റെസ്വ
ഭാവം എത്ര നിന്ദ്യവും സ്വാർത്ഥവുമായിട്ടുള്ളതാകണമെന്ന് പറ
യേണ്ടതില്ലല്ലോ, എന്നു മാത്രമല്ല സ്നേഹിതന്റെ ഈ വിശിഷ്ട
ഗുണംകൊണ്ട് മെച്ചപ്പെടുവാൻ ഉത്സാഹിക്കുന്നവൻ സ്നേഹവിഹീ
നനും ദുരാഗ്രഹിയുമാണെന്ന് പ്രത്യക്ഷപ്പെടുകയും ചെയ്യുന്നു. ത
ന്റെ സ്നേഹിതനോട് കടംവാങ്ങി മറ്റൊരാൾക്ക് ഒരു പരിചയവു
മില്ലാത്ത അന്യനെ സഹായിക്കുന്നവനും നമ്മുടെ പരിചയങ്ങളി
ൽ ധാരാളം ഉണ്ടാവും. എന്നാൽ ഈ സമ്പ്രദായവും ഒട്ടുംതന്നെ
അഭിനന്ദിക്കത്തക്കതല്ല. പരസ്പരം ഒരുപോലെ സ്നേഹമുള്ളവരാ
ണെങ്കിൽ തന്റെ പ്രവൃത്തികൊണ്ട് മറ്റേയാൾക്ക് ദോഷമുണ്ടാകുമെ
ന്നുള്ള വിചാരം ഒരുപക്ഷം അവരിലൊന്നും ഉണ്ടാവാതിരിക്കയില്ല.
അതുകൊണ്ടാണ് പ്രാണസ്നേഹിതന്മാർ തമ്മിൽ കടംവാങ്ങുന്നത്
അത്ര അഭികാമ്യമല്ലെന്ന് മുമ്പ് പ്രസ്താവിപ്പാൻ കാരണമായ
ത്. ഈ സമഭാവമുള്ളവർ തമ്മിൽ കടംകൊടുക്കുന്നതുകൊണ്ട്
ദോഷമില്ലെന്നു മാത്രമല്ല ആ പ്രവൃത്തി സന്തോഷജനകവുമാ
യിരിക്കും. സാധാരണയായി കടംവാങ്ങിക്കുന്നവരെല്ലാം
മേൽപറഞ്ഞ സൌഹൃദഭാവമുള്ളതായി കാണുന്നതും ഇല്ല.

മടക്കിക്കൊടുക്കയില്ലെന്നുള്ള കരാറിന്മേൽ പരിചയമില്ലാ
ത്തവരുടെ കയ്യിൽനിന്നുകൂടി കിട്ടുമ്പോഴെല്ലാം കടംവാങ്ങിക്കുന്ന
ചോരന്മാരുള്ളതോ പറ്റി "എന്താണ് പറവാനുള്ളത്" എന്ന് പല
രും വിചാരിച്ചേക്കാം. എന്നാൽ ലോകത്തിൽ കടംവാങ്ങുന്നവരി
ൽ അധികം ഈ ജാതിക്കാരാകയാൽ കടത്തെപ്പറ്റിയുള്ള ഒരു ഉ
പന്യാസത്തിൽ ഇവരെ കുറിച്ച് അല്പമെങ്കിലും പറയാതിരിപ്പാൻ
തരമില്ല. ഇങ്ങിനെയുള്ളവർ മറ്റുള്ളവരുടെ ദ്രവ്യം കൈവശപ്പെ
ടുത്തുന്നു എങ്കിലും ഇതിന് ഉടമസ്ഥന്റെ സമ്മതമുള്ളതുകൊണ്ട്
അവരുടെ പ്രവൃത്തി "സാധാരണ കളവ്" എന്ന് പറഞ്ഞുകൂടാ.
എന്നാൽ വാസ്തവത്തിൽ അവരെ ചില സംഗതികൾകൊണ്ട് ക
ള്ളന്മാരെക്കാൾ അധികം നികൃഷ്ടസ്ഥിതിയിൽ ഗണിക്കേണ്ടതാകു
ന്നു. "സാധാരണകളവ്" ചെയ്യുന്നവർക്ക് മുതലുടമസ്ഥനായിട്ട

ഹാരൊരു ബന്ധുതയുമുണ്ടായിരിക്കണമെന്നില്ല. കമ്പോളത്തി ദ്രവ്യം അപഹരിക്കുന്നവൻ ബന്ധുവായ ഉടമസ്ഥനെ തെററിദ്ധരിപ്പിച്ച് അവൻെറ സമ്മതത്തോടുകൂടി കാൎയ്യം നേടുന്നതുകൊണ്ട് അവൻെറ പ്രവൃത്തി ദ്രോഹത്തെ വളരെ ഹീനമായിട്ടുള്ളതാകുന്നു.

എസ്സ്. വി. ചുർ.

സൂൎയ്യൻ.

"അസൌ ആദിത്യോ ബ്രഹ്മ"

"ഈ ആദിത്യൻ ബ്രഹ്മമാകുന്നു" എന്നാണ് മേലെഴുതിയിരിക്കുന്ന തലവാചകത്തിൻെറ അൎത്ഥം. "ഈ ആദിത്യൻ" എന്ന പറഞ്ഞതുകൊണ്ടു പ്രത്യക്ഷമായി നാം കാണുന്ന സൂൎയ്യമണ്ഡലമെന്നൎത്ഥമെടുക്കരുത്. "ഈ ആദിത്യൻ" എന്നതിന്ന് ഈ ആദിത്യനിൽ അധിവസിക്കുന്ന വിരാട്പുരുഷൻ—ജഗദാത്മാ, ജഗദീശ്വരൻ എന്നൎത്ഥം ധരിക്കേണ്ടതാകുന്നു. "ജഗദാത്മാവായി ഈ ആദിത്യനിൽ അധിവസിക്കുന്ന പരമപുരുഷൻ തന്നെയാണ് ബ്രഹ്മം" എന്നാണ് മേലെഴുതിയിരിക്കുന്ന മന്ത്രത്തിൻെറ സാരം. നമ്മുടെ ദൃഷ്ടിക്ക് ഗോചരമായിരിക്കുന്ന ആദിത്യൻ അദ്ദേഹത്തിൻെറ പ്രതിനിധി എന്നപോലെയാണ് കല്പിക്കപ്പെട്ടിരിക്കുന്നത്. അതുകൊണ്ടാണ് "ഈ ആദിത്യൻ ബ്രഹ്മം" എന്ന് പറഞ്ഞിരിക്കുന്നത്. "സ യശ്ചായം പുരുഷേ, യശ്ചാസാവാദിത്യേ സ ഏകഃ—മനുഷ്യൻെറ ഹൃദയത്തിൽ വാസംചെയ്യുന്നവനും, ആദിത്യനിൽ അധിവസിക്കുന്നവനും ഒരാൾ തന്നെയാകുന്നു" (തൈത്തിരീയോപനിഷത്ത്) എന്ന ശ്രുതിവാക്യവും മേൽപറഞ്ഞ അൎത്ഥത്തെത്തന്നെ സൂചിപ്പിക്കുന്നു. "പുരുഷശ്ചാധിദൈവതം" (ഭ. ഗീ. അ. ൮. ശ്ലോ. ൪) എന്ന് ഭഗവദ്വാക്യവുമുണ്ട്. ഇവിടെ "പുരുഷൻ" എന്ന പദത്തെ "ആദിത്യാന്തൎഗ്ഗതനായിരിക്കുന്ന ഹിരണ്യഗൎഭൻ, സൎവ്വപ്രാണികളുടെ ഇന്ദ്രിയങ്ങളാ

* [illegible]

ഷൺമതഗ്രാഹകഃ" എന്നാണ് ശങ്കരാചാര്യസ്വാമികൾ വ്യാഖ്യാനിച്ചിരിക്കുന്നത്. മേൽകാണിച്ച മന്ത്രംകൊണ്ട് അതിനെ ഉച്ചരിച്ച് ത്രിസന്ധ്യയിലുമനുഷ്ഠിക്കപ്പെടുന്ന സന്ധ്യാവന്ദനം എത്രത്തോളം മാഹാത്മ്യമുള്ളതാണെന്നൂഹിക്കാവുന്നതാണ്. സന്ധ്യാവന്ദനാനുഷ്ഠാനംചെയ്യുന്നവൻ ബാഹ്യാന്തരശുദ്ധിയെ വരുത്തുന്നു. തന്നിമിത്തം ബ്രഹ്മജ്ഞാനത്തിന് അവൻ യോഗ്യനായിത്തീരുന്നു. തദ്വാരാ അവന് മോക്ഷസിദ്ധിയുമുണ്ടാകുന്നു. മഹാപ്രസിദ്ധമായ ഗായത്രിമന്ത്രവും മൂർത്തിത്രയാത്മകമന്ത്രാർത്ഥത്തെത്തന്നെയാണ് പ്രകാശിപ്പിക്കുന്നത്. ഇത്രവളരെ മാഹാത്മ്യത്തോടുകൂടിയതും മഹാപാപത്തെ ഉന്മൂലനംചെയ്യുന്നതുമാകുന്നു. പരമാത്മാവിന് ഒരു പ്രതിനിധിയെന്നപോലെ കല്പിക്കപ്പെട്ടിരിക്കുന്നതിനാൽ സൂര്യൻ ശ്രുതിസ്മൃതികളിൽ പലവിധത്തിലും വർണ്ണിക്കപ്പെട്ടിട്ടുണ്ട്. പലവിധത്തിലും സ്തുതിക്കപ്പെട്ടിട്ടുമുണ്ട്. ഇങ്ങിനെ, സൂര്യൻ ഹിന്ദുക്കളുടെ ഇടയിൽ ഇത്രയും പൂജാർഹനാണെങ്കിലും നമ്മുടെ സ്ഥൂലദൃഷ്ടിക്ക് ഗോചരമായ അദ്ദേഹത്തിന്റെ സ്ഥൂലദേഹത്തെ—രശ്മികളോടുകൂടി കാണപ്പെടുന്ന സൂര്യമണ്ഡലത്തെ പറ്റി വിസ്തൃതമായ ഒരു വർണ്ണനാത്മകലേഖനവും കാണപ്പെടുന്നില്ല. ഇതിനെപ്പറ്റി പാശ്ചാത്യജ്യോതിശ്ശാസ്ത്രജ്ഞന്മാർ പ്രതിപാദിക്കുന്ന തത്വങ്ങളിൽ ചിലതിനെ നമുക്ക് ഗ്രഹിക്കുവാൻ ശ്രമിക്കുക.

പ്രഭാതസമയത്ത് നാം പുറത്തിറങ്ങി കിഴക്കോട്ട് നോക്കുമ്പോൾ കാണുന്ന അതിതേജസ്സോടുകൂടി ഉദിച്ചുപൊങ്ങിവരുന്ന സൂര്യൻ, കാഴ്ചയിൽ ഒരു വലിയ ചട്ടത്തോളം മാത്രമേ ഉള്ളവെങ്കിലും, പരമാർത്ഥത്തിൽ മഹത്തായിരിക്കുന്ന ഒരു ഗോളമാകുന്നു. സൂര്യബിംബത്തെ ഉദയത്തിലും അസ്തമനത്തിലും മാത്രമേ നമുക്ക് നോക്കുവാൻ കഴിയുകയുള്ളൂ. പിന്നെയുള്ള സമയങ്ങളിൽസൂര്യൻ അതിപ്രകാശത്തോടുകൂടിയിരിക്കുന്നതിനാൽ നമുക്ക് അതിന്റെനേരെ നോക്കുവാൻതന്നെ വയ്യ. കരിപിടിപ്പിച്ച ഒരു ചില്ലിൽകൂടി നോക്കിയാൽ തപ്തമായ അയഃപിണ്ഡംപോലെ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു ഗോളത്തെകാണാം. ഉദയസമയം സൂര്യബിംബം ദൃശ്യമാകുന്നതിനുമുമ്പ് അതി ദീർഘങ്ങളായ അതിന്റെ കിരണങ്ങളാണ് ആദ്യം കാണപ്പെടുന്നത്.

സദാ പ്രകാശിച്ചുകൊണ്ടിരിക്കുന്ന ഈ ഗോളം എന്തൊരു സ്വഭാവത്തോടുകൂടിയതാകുന്നു ; അതെത്രത്തോളം വലിയതാകുന്നു ; നാമധിവസിക്കുന്ന ഭൂമിക്കും അതിനുമായി വല്ല സംബന്ധമുണ്ടോ ; ഉണ്ടെങ്കിൽ അതെന്താകുന്നു ; നമ്മളിൽനിന്ന് എത്ര ദൂരെയാണ് സൂര്യൻ ; സൂര്യനെന്നു പറയുന്നതുതന്നെ എന്തൊരു പദാർത്ഥമാണ് ; എന്നിങ്ങിനെയുള്ള സംഗതികളെ സാമാന്യമായി വിവരിപ്പാനാരംഭിക്കുന്നു.

സൂര്യൻ എത്ര വലിയതാണെന്നുള്ളത് ചില ഉദാഹരണങ്ങളെക്കൊണ്ടു മാത്രമെ നമുക്കു ബുദ്ധിക്കു വിഷയമാവുകയുള്ളൂ. നാമധിവസിക്കുന്ന ഭൂമിയുടെ ചുറ്റും ഒരു കയറിട്ട് പിടിപ്പാൻ സാധിക്കുമെങ്കിൽ ആ കയറ് ഇരുപത്തിനാലായിരം നാഴികയിൽ കുറയാതെ നീളമുള്ളതായി കാണാവുന്നതാണ്. അല്ലെങ്കിൽ, ഒരുവൻ ഇരുപത്തനാഴിക വീതം ഒരുദിവസം നടന്ന് ഭൂമിയെ പ്രദക്ഷിണം വെക്കുവാനൊരുങ്ങുന്നുവെങ്കിൽ മൂന്നിൽചില്വാനം സംവത്സരം കൊണ്ടേ അവന്റെ ശ്രമം സഫലമാവുകയുള്ളൂ. ഇതിൽനിന്ന ഭൂമിയുടെ വലിപ്പത്തിന്റെ ഏകദേശജ്ഞാനമുണ്ടാകുന്നതാണ്. അങ്ങിനെയിരിക്കുന്ന ഭൂമികൾ പന്ത്രണ്ടുലക്ഷത്തോളം കൊണ്ടുവന്നുകൂട്ടിച്ചേർത്തുവെച്ചാൽ എത്രവലിപ്പമുണ്ടാകുമൊ അത്രയും വലിപ്പമാണ നമുക്കു സൂര്യനുള്ളതെന്ന ശാസ്ത്രജ്ഞന്മാർ കണക്കുകൂട്ടിയിരിക്കുന്നു. അഗ്നിഭഗവാൻതന്നെ ഒരു തീവണ്ടി സൃഷ്ടിച്ചു സൂര്യഗോളത്തിനു ചുറ്റും ഓടിച്ചു വിനോദിപ്പാൻ ഭാവിക്കുന്നുവെങ്കിൽ മണിക്കൂറിൽ നൂറു നാഴികവീതം രാവും പകലും യാത്രചെയ്താൽ അഞ്ചു കൊല്ലംകൊണ്ടു സൂര്യബിംബത്തിന്മേൽ ഒന്നു ചുറ്റിവരുവാൻ സാധിക്കുന്നതാണ. ഇതു കേവലം ബിംബത്തിന്റെ വലിപ്പമാണ ; അതിന്റെ രശ്മികൾതന്നെ അനേകായിരം യോജന നീളമുള്ളവയാകുന്നു. സൂര്യനും ഭൂമിയുമായി ഒരു മത്തങ്ങയും ഒരു കടുകുമണിയുമായിട്ടുള്ള അന്തരമുണ്ട്. ഇതു വലിപ്പംകൊണ്ടുള്ള താരതമ്യമാകുന്നു. ഇനി ഭാരംകൊണ്ടുള്ള അന്തരമെത്രയുണ്ടെന്നു നോക്കുക. ത്രാസ്സിന്റെ ഒരു തട്ടിൽ സൂര്യനേയും മറേറതിൽ മൂന്നുലക്ഷം ഭൂമികളേയുമിട്ടു തൂക്കിനോക്കിയാൽ സൂര്യനിരിക്കുന്ന തട്ടു കുറച്ചു മുന്തുകമായി കാണാവുന്നതാണ്.

സൂൎയ്യന്റെ ഉഷ്ണത്തെപ്പറ്റി ഇനി കുറഞ്ഞൊന്ന പറയാം. പക്ഷെ അതിന്ന മുമ്പായി പ്രകൃതിസംബന്ധമായ ചില തത്വങ്ങളെ പറയുന്നു. എന്തെന്നാൽ ഈ തത്വങ്ങളുടെ പരിജ്ഞാനംകൊണ്ടുമാത്രമെ സൂൎയ്യന്റെ ഉഷ്ണത്തിന്റെ ഏകദേശജ്ഞാനമെങ്കിലുമുണ്ടാവുകയുള്ളൂ.

ഭൂമിയിൽ കാണപ്പെടുന്ന സകലപദാൎത്ഥങ്ങളും ഉഷ്ണത്തിന്റെ ഗുരുലഘുത്വത്തെ അനുസരിച്ച കട്ടിയായിരിക്കുന്ന അവസ്ഥ ദ്രവാവസ്ഥ, വാഷ്പാകാരമായ അവസ്ഥ, എന്നിങ്ങിനെ മൂന്ന വിധത്തിൽ പരിണമിക്കുന്നു. ഒരു വസ്തുവിൽ അത്യുഷ്ണമുണ്ടെങ്കിൽ അത വാഷ്പാകാരമായ അവസ്ഥയെ പ്രാപിക്കുന്നു. ഉഷ്ണം അതിലും കുറച്ചു കുറഞ്ഞാൽ ആ വസ്തു ദ്രവാവസ്ഥയെ പ്രാപിക്കുന്നു. ചൂട കുറെക്കൂടി കുറഞ്ഞാൽ അത കട്ടിയായ അവസ്ഥയേയും പ്രാപിക്കുന്നു. എന്നാൽ, ഓരോ വസ്തുക്കളുടെ കാഠിന്യത്തിന്റെ അവസ്ഥക്ക തക്കം കണിയോടുകൂടിയ ഉഷ്ണത്തിന്റെ ഏറ്റക്കുറച്ചൽകൊണ്ടു മാത്രമെ അതാതവസ്ഥയെ പ്രാപിക്കുകയുള്ളൂ. ഈ സംഗതിയെ ചില ദൃഷ്ടാന്തങ്ങളെക്കൊണ്ട വ്യക്തമാക്കാം. രസമെന്ന പദാൎത്ഥം ദ്രവാവസ്ഥയിലാണ സാധാരണ കാണപ്പെടുന്നത. വളരെ കുറച്ചുമാത്രം ചൂടകൊണ്ട അത വാഷ്പാകാരത്തെ പ്രാപിക്കുന്നു. വെള്ളവും ദ്രവാവസ്ഥയിലാണ സാധാരണ കാണപ്പെടുന്നത. അതിനെ തിളപ്പിക്കുവാൻ ഉപയോഗിക്കുന്ന ചൂട രസത്തെ വാഷ്പാകാരമാക്കുന്നതിന്ന വേണ്ടുന്ന ഉഷ്ണത്തെക്കാൾ വളരെ വളരെ അധികരിച്ചിരിക്കുന്നതാകുന്നു. അതിലും വളരെ അധികം ഉഷ്ണമുണ്ടായാൽ മാത്രമെ അത വാഷ്പാകാരമായി തീരുകയുള്ളൂ. അപ്പോൾ അത നാം ശ്വസിക്കുന്ന വായുവിനെപ്പോലെ, അദൃശ്യമായി ഭവിക്കുന്നു. വാഷ്പാകാരത്തെ പ്രാപിച്ചിരിക്കുന്നജലം, അല്ലെങ്കിൽനീരാവി, വളരെ ശക്തിയുള്ളതാകുന്നു. തീവണ്ടിയുടെ യന്ത്രം, നൊസ്സുയന്ത്രം, ചക്കയന്ത്രം, അച്ചടിയന്ത്രം, എന്നിങ്ങിനെയുള്ള നാനാവിധ ആധുനികയന്ത്രങ്ങളിക്കാം ആവിശക്തിയാൽ പ്രേരിതങ്ങളായിട്ടാണ പലപ്രകാരത്തിലുള്ള വ്യാപാരങ്ങളെ ചെയ്യുന്നത. ജലത്തെ ദ്രവാവസ്ഥയിൽനിന്ന കട്ടിയാക്കണമെങ്കിൽ അതിൽനിന്ന വളരെ ഉഷ്ണത്തെ എടുത്തുകളയേണ്ടതാകുന്നു. അപ്പോൾ ആ കട്ടിയായവെള്ളം ആ

അല്ലെങ്കിൽ മനുഷ്യൎക്കു, നമ്മുടെസ്പൎശത്തിന്ന വളരെ തണുപ്പുള്ളതായിത്തീരുന്നു.

ലോഹങ്ങളെ സാധാരണയായി കട്ടിയായഅവസ്ഥയിലാണകാണപ്പെടുന്നത. അവ തന്നെ ഓരോന്ന ഓരോവിധശക്തിയോടുകൂടിയ ഉഷ്ണംകൊണ്ടഉരുകി ദ്രവാവസ്ഥയെപ്രാപിക്കുന്നു. അവ വാഷ്പാകാരമായിനമുക്കുകാണാറാവില്ല. എങ്കിലും അതിശക്തിയോടുകൂടിയ അഗ്നിയെ ഉണ്ടാക്കാമെങ്കിൽ എല്ലാലോഹങ്ങളും ഉരുകുന്നതിന്ന പുറമെ വാഷ്പാകാരത്തെ തന്നെ പ്രാപിക്കുമെന്നതിന്ന സംശയമില്ല. കൊല്ലന്റെ ഉലത്തീയ്യ സാധാരണഅഗ്നിയെക്കാൾ വളരെ അധികം ശക്തിയുള്ളതാകുന്നു. എങ്കിലും അതിൽ ഇരിമ്പ് ഉരുകി ദ്രവാവസ്ഥയെ മാത്രമെ പ്രാപിക്കുന്നുള്ളു. അതിലും വളരെ അധികം ശക്തിയുള്ളതീയ്യുണ്ടാക്കിയാലെ ഇരിമ്പ വാഷ്പാകാരത്തെ പ്രാപിക്കയുള്ളു. പ്ലാറ്റിനം എന്നൊരുജാതിലോഹമുണ്ട. അതിനെ ഉലയിൽവെച്ച എത്രതന്നെ ഊതിയാലും ചുട്ടുപഴുക്കുന്നതല്ലാതെ ലേശം പോലും ഉരുകുകയില്ല. അങ്ങിനെയുള്ള ലോഹം സൂൎയ്യസന്നിധിയിൽ ഉരുകുമെന്നമാത്രമല്ല അത വാഷ്പാകാരമായിത്തീരുന്നു എന്നുമാണ് ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ഇങ്ങിനെ ചില സംഗതികളെ കൊണ്ടല്ലാതെ സൂൎയ്യന്റെ ഉഷ്ണത്തിന്റെ ഒരു സ്വരൂപജ്ഞാനമുണ്ടാകുവാൻ വളരെ പ്രയാസമാകുന്നു. സൂൎയ്യന്റെ ഉഷ്ണം ഇത്രഡിഗ്രിയുണ്ടെന്ന അളന്ന നോക്കണമെങ്കിൽ നമ്മുടെ ഇടയിൽ ഇപ്പോഴുള്ള തെൎമ്മോമിററർ കൊണ്ട അളക്കുവാൻ സാധിക്കുന്നതല്ല. അസംഖ്യംആയിരം ഡിഗ്രി അളക്കത്തക്ക ഒരു യന്ത്രത്തെ പുതിയതായി സൃഷ്ടിച്ചാൽ എങ്ങിനെയാണെന്ന അറിഞ്ഞില്ല.

ഭൂമിയിൽ നിന്ന സൂൎയ്യനിലേക്ക് തൊള്ളായിരത്തിരുപത്തെട്ടലക്ഷം നാഴിക ദൂരമുണ്ട. ഈ ദൂരത്തിന്റെ സ്വരൂപജ്ഞാനംലേശംപോലുംനമുക്കുണ്ടാകുന്നതല്ല. എന്തെന്നാൽ, ഒരാൾ രാവുംപകലും ഇടവിടാതെ ഒന്ന, രണ്ട, മൂന്ന, എന്നിങ്ങിനെ വേഗമെണ്ണുന്നുവെന്നുവിചാരിക്കുക. എന്നാൽ പത്തുലക്ഷം എണ്ണിക്കഴിയണമെങ്കിൽ മൂന്നാമിദിവസം വേണ്ടിവരും. അപ്പോൾ സൂൎയ്യനിലേക്കുള്ള

ട്ടും ഇത്രമെമസ് എന്ന സംഖ്യയെ എണ്ണിത്തീരുന്നതിന്നുതന്നെ (ഒരുവൻ ഊണും ഉറക്കവുമൊഴിച്ച് മിനിട്ടിൽ ഇരുനൂറുവീതം എണ്ണുമെന്നുവരികിൽ) ഒമ്പതുമാസത്തോളം വേണ്ടിവരും. എണ്ണിഎത്തിച്ചാൽതന്നെ ഒമ്പതുമാസം വേണ്ടിവരുന്നതായ ഒരു സംഖ്യയോളം നാഴിക ദൂരത്തുള്ള വസ്തുവിനെയാണ നാം വിചാരിക്കുന്നതു !

ഗോളാകാരമായി കാണപ്പെടുന്ന അതിതേജസ്സോടുകൂടിയ ഈ സൂര്യബിംബം ഏതെല്ലാം പദാർത്ഥങ്ങളെക്കൊണ്ടാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളതെന്നറിവാനായി ഇപ്പോൾ ഒരു യന്ത്രം കണ്ടുപിടിച്ചിട്ടുണ്ട്. ആ യന്ത്രത്തിൽ (Spectroscope സ്പെക്ട്രാസ്കോപ്പ്) സൂര്യരശ്മികൾ പതിച്ചാൽ നാനാവിധവർണ്ണഭേദങ്ങൾ (അതിൽ) കാണപ്പെടുന്നു. ഇന്നിന്നപദാർത്ഥങ്ങൾ ഉജ്ജ്വലിച്ച്, അതാതിൽനിന്നു പുറപ്പെടുന്ന രശ്മികൾ ആ യന്ത്രത്തിൽ പതിച്ചുവെങ്കിൽ, അതാതിന്നനുരൂപമായ പ്രത്യേകവർണ്ണഭേദങ്ങൾ അതിൽ കാണപ്പെടുന്നുവെന്ന ശാസ്ത്രജ്ഞന്മാർ പരീക്ഷാമൂലം അറിഞ്ഞുവെച്ചിട്ടുണ്ട്. അതിനെ അനുസരിച്ച് സൂര്യരശ്മികളെ പരിശോധിച്ചപ്പോൾ ഭൂമിയിൽ കാണപ്പെടുന്ന മിക്ക ധാതുക്കളും സൂര്യനിൽ ഉണ്ടെന്നും, അവയിൽ അത്യുഷ്ണനിമിത്തം ചിലത് ദ്രവാവസ്ഥയേയും, ചിലത് വാതാകാരത്തേയും, പ്രാപിച്ച് ജ്വലിച്ച് വിളങ്ങിക്കൊണ്ടിരിക്കുന്നുവെന്നും, ജ്യോതിശ്ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിരിക്കുന്നു. അതിന്നുപുറമെ, ഭൂമിയിൽ കാണപ്പെടുന്ന മിക്ക ധാതുക്കളും, ഇവിടെയില്ലാത്തതായ വേറെ അനേകം ധാതുക്കളും, കൂടിചേർന്ന ഒരു മഹത്തായ ഗോളാകാരമായി അതിതീക്ഷ്ണമായ പ്രഭയോടുകൂടി ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു വസ്തുവാണ് നമ്മുടെ ദൃഷ്ടിക്കു ഗോചരമായിരിക്കുന്ന ഈ സൂര്യബിംബമെന്നും അവർ കണ്ടുപിടിച്ചിരിക്കുന്നു. നാം കാണുന്നതു മുഴുവൻ സൂര്യബിംബത്തിൽ ചേർന്നതല്ല. അതിപ്രകാശത്തോടുകൂടിയ ബിംബത്തിന്നു ചുറ്റും ചില വായുക്കളുണ്ട്. അവയെ സ്പഷ്ടമായി കാണണമെങ്കിൽ ബിംബം മുഴുവൻ മൂടുന്നതായ ഒരു സൂര്യഗ്രഹണം വരണം; അപ്പോൾ മാത്രമെ ആ വായുക്കളെ നല്ലവണ്ണം വേർതിരിച്ചു കാണ്മാൻ സാധിക്കയുള്ളൂ. ഗ്രഹണകാലത്ത് ബിംബം മുഴുവൻ മൂടിക്കഴിഞ്ഞാൽ അതി

ന്നപ്പുറവും പലവിധ വസ്തുക്കളോടുകൂടി. ഒരു തേജസ്സിനോടുകാണുന്ന ത ആ വായുക്കൾ നിറഞ്ഞതാകുന്നു.

നമുക്കു നിത്യപരിചയമുള്ള അഹോരാത്രം, പക്ഷം, മാസം, ഋതുക്കൾ, എന്നിവയെല്ലാം പ്രത്യക്ഷത്തിൽ സൂര്യന്റെ ഗതിവിശേഷംകൊണ്ടാണു ഉണ്ടാകുന്നതെന്നു തോന്നുന്നുവെങ്കിലും പരമാർത്ഥത്തിൽ അവ ഭൂമിയുടെ ഗതികൊണ്ടാണെന്നാണല്ലോ ജ്യോതിശ്ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തെ ഇപ്പോൾ കുറച്ചു പഠിച്ചിട്ടുള്ള എല്ലാവരും സ്വീകരിച്ചിരിക്കുന്നു. അങ്ങിനെയാണെങ്കിലും സൂര്യൻ യാതൊരു ചലനവും കൂടാതെ ആകാശത്തിൽ സ്ഥിതിചെയ്യുന്നുവെന്ന ശാസ്ത്രജ്ഞന്മാരഭിപ്രായപ്പെടുന്നില്ല. എന്നാൽ ഭൂമി സൂര്യന്റെ ആകർഷണശക്തിയിൽ പെട്ടിരിക്കുന്നതിനാലും, അതിന്റെ ശക്തി സൂര്യനെ ആശ്രയിച്ചിരിക്കയാലും സൂര്യന്റെ ഗതി ഇന്നപ്രകാരമാണെന്നു ശാസ്ത്രീയമായ ചില തെളിവുകളെക്കൊണ്ടു അനുമാനിപ്പാൻ മാത്രമേ പാടുള്ളൂ.

നമുക്ക് ഏറ്റവുമടുത്ത് സ്വപ്രകാശത്തോടുകൂടിയ വസ്തു സൂര്യനാകുന്നു. ബുധൻ, വ്യാഴം, ശുക്രൻ എന്നിങ്ങിനെയുള്ള ഗ്രഹങ്ങളിൽ കാണപ്പെടുന്ന പ്രകാശം സൂര്യനിൽനിന്നാകുന്നു. സൂര്യരശ്മികൾ, ഭൂമിയിലെന്നപോലെ, അവയിലും പതിച്ച് പിന്നെ അവയിൽനിന്ന് പ്രതിഫലിക്കുമ്പോൾ അവ പ്രകാശവസ്തുക്കളാണെന്ന നമുക്കു തോന്നുന്നു. ഈവക ഗ്രഹങ്ങളിൽ ഒന്നിൽ ഇരുന്നുകൊണ്ടു ഒരുവൻ ഭൂമിയെ നോക്കുന്നതായാൽ ഭൂമിയും പ്രകാശത്തോടുകൂടിയതാണെന്ന അവന്നു തോന്നുന്നതാണ്. അതിനുള്ള കാരണവും മേൽപറഞ്ഞതുതന്നെയാണ്. വ്യാഴം മുതലായ ഗ്രഹങ്ങളും സൂര്യന്റെ ആകർഷണശക്തിയിൽ പെട്ടിരിക്കുന്നു. അതിനാൽ അവയുടെ ഗതിയും സൂര്യനെ ആശ്രയിച്ചുതന്നെയിരിക്കുന്നു.

സൂര്യരശ്മികൾ ഭൂമിയിൽ പതിച്ചു ഭൂമിയുടെ ശീതോഷ്ണങ്ങളെ ഒത്തവസ്ഥയിലാക്കിത്തീർത്തിട്ടില്ലായിരുന്നുവെങ്കിൽ ഭൂമിയിൽ കാണപ്പെടുന്ന ചരാചരാത്മകമായ ചേതനവസ്തുക്കൾ യാതൊന്നും ഉണ്ടാവുന്നതായിട്ട തരമില്ല. സൂര്യരശ്മികൾ ഇങ്ങിനെ ഭൂമിയിൽനി

നാകൎഷിച്ച വൎഷകാലത്തിൽ നമുക്കു വൃഷ്ടിയെ തരുന്നു. സൂൎയ്യരശ്മികൾ ഔഷധിവൎഗ്ഗങ്ങളിൽ പ്രവേശിച്ച് അവയെക്കൊണ്ടു ഭൂമിയിലുള്ള ജലത്തേയും ധാതുക്കളേയും ആകൎഷിപ്പിച്ച് അവയെ പുഷ്ടിയായി വളൎത്തുന്നു. തിൎയ്യഗാദികളും ശ്വാസോച്ഛ്വാസത്തെ ചെയ്യുന്നുണ്ടു. സൂൎയ്യരശ്മിയില്ലെങ്കിൽ അവകളതു സാധിക്കുന്നതല്ല. സൂൎയ്യരശ്മികൾ പ്രാണികളുടെ ജഠരാഗ്നിയായി പരിണമിച്ച് അവർ ഭക്ഷിക്കുന്ന അന്നത്തെ വേണ്ടുംവണ്ണം ദഹിപ്പിച്ച് അവയുടെ ദേഹത്തെ പോഷിപ്പിക്കുന്നു. പ്രാണനായി പരിണമിച്ച് ജീവികളെ പലവിധത്തിൽ ചേഷ്ടിപ്പിക്കുകയുംചെയ്യുന്നു. നാം കുടിക്കുന്ന വെള്ളം ഈ അവസ്ഥയിലിരിക്കുന്നതു സൂൎയ്യരശ്മി നിമിത്തമാകുന്നു. നാം ശ്വസിക്കുന്ന വായു ഈ അവസ്ഥയിലിരിക്കുന്നതു സൂൎയ്യരശ്മിയുടെ സഹായംകൊണ്ടാകുന്നു. നാം ഭക്ഷിക്കുന്ന അന്നം ഈ അവസ്ഥയിലാകുന്നതു സൂൎയ്യരശ്മികൊണ്ടാകുന്നു. നാം കത്തിക്കുന്ന വിറക സൂൎയ്യരശ്മികൾ സംഗ്രഹിക്കപ്പെട്ടതാകുന്നു. നമ്മുടെ ദേഹം തന്നെ സൂൎയ്യരശ്മികൾ സംഗ്രഹിക്കപ്പെട്ടതാകുന്നുവെന്നു മുൻപറഞ്ഞ സംഗതികളിൽനിന്ന് സിദ്ധമാകുന്നുണ്ടു. എന്തിനധികം പറയുന്നു, സൂൎയ്യരശ്മികളില്ലെങ്കിൽ ലോകത്തിൽ ജീവൻഎന്ന വ്യവഹാരംതന്നെ ഉണ്ടാകുന്നതല്ല. ഇതാണ പാശ്ചാത്യപണ്ഡിതന്മാരുടെ അഭിപ്രായം. നമ്മുടെ ശ്രുതിസ്മൃതികളിലും ഈ അഭിപ്രായം തന്നെ പ്രതിപാദിക്കപ്പെടുന്നു. "ആദിത്യനിൽനിന്നു വൃഷ്ടി, വൃഷ്ടിയിൽനിന്നു അന്നം, അന്നത്തിൽനിന്നു പ്രജ" എന്ന സ്മൃതിവാക്യം തന്നെ ഒരു ഉദാഹരണമാകുന്നു.

ഇങ്ങിനെ സകല പ്രാണികൾക്കുമാധാരം സൂൎയ്യനാണെന്നു സിദ്ധമായതിനാൽ സൂക്ഷ്മദൎശികളായിരിക്കുന്ന നമ്മുടെ പുരാതനന്മാർ സൂൎയ്യനെ ജഗദാത്മാവായും, ജഗദീശ്വരനായിരിക്കുന്ന ആ പരമപുരുഷന് പ്രതിനിധിയായി കല്പിച്ച് അദ്ദേഹത്തെ ഗായത്ര്യാദി മന്ത്രങ്ങളെക്കൊണ്ടു ആരാധനചെയ്യുന്നത് യുക്തമ തന്നെ.

ടി. കെ. എം.

മാമാങ്കം

(അല്ലെങ്കിൽ മലയാളത്തിലെ മാമാകം)

:o:

മലയാളത്തിൽ ടിപ്പുസ്സുൽത്താന്റെ ആക്രമണത്തിന്നു മുമ്പുവരെ 'തിരുനാവാ' മണപ്പുറത്തുവെച്ചു ചിങ്ങവ്യാഴകാലങ്ങളിൽ 'മാമാങ്കം' അല്ലെങ്കിൽ 'മാമാകം' എന്നൊരു മഹോത്സവം ആഘോഷിച്ചിരുന്നുവെന്നുള്ള സംഗതി സുപ്രസിദ്ധമാണല്ലോ. 'മാമാങ്കം' എന്ന പദത്തെ ശരിയായി പറയുമ്പോൾ 'മാഘമകം' എന്നാണ് പറയേണ്ടത് (മാഘമാസത്തിലെ മകം. അതായത്, മകരത്തിലെ കറുത്ത വാവുകഴിഞ്ഞു കുംഭത്തിലെ കറുത്ത വാവിന്നകത്തുവരുന്ന മകം). ഇതു സാധാരണ വെളുത്ത വാവു സംബന്ധിച്ചു മാത്രമെ വരികയുള്ളൂ. അതുകൊണ്ടു മാമാങ്കം പ്രായേണ കുംഭമാസത്തിലായിരിക്കും. അഥവാ ചിങ്ങവ്യാഴത്തിലുള്ള മഹത്തായ മാഘമാസത്തിലെ 'മാമാകം' എന്നും പറയുന്നു.

ഒരു സ്ഥിതിക്കു മാമാങ്കകാലം, വർഷംകഴിഞ്ഞ് ഭാരതപ്പുഴയിലെ കലക്കവും തെളിഞ്ഞ്, മണൽത്തിട്ടുകളും തെളിഞ്ഞ്, മകരത്തിലെ മരംകോച്ചുന്ന മഞ്ഞിന്റെ ശക്തി ശമിച്ച്, കൊയ്ത്തുകഴിഞ്ഞിട്ട് അറകളും നിറഞ്ഞ്, സ്വതേതന്നെ പ്രകൃതിദേവി തെളിഞ്ഞിട്ടുള്ള മലയാളത്തിലെങ്ങും ചക്കമാങ്ങ മുതലായ ഫലസമൃദ്ധികൾ നിറഞ്ഞ്, പകൽ അനതിതീവ്രങ്ങളായ സൂര്യകിരണങ്ങളാൽ പ്രകാശമാനങ്ങളായ ദിഗ്ഭാഗങ്ങളോടുകൂടിയും, ഭാരതപ്പുഴയിലെ സ്ഫടികനിർമ്മലങ്ങളായ തിരമാലകളിൽ തട്ടി സ്വച്ഛന്ദമായി വീശുന്ന മന്ദമാരുതനാൽ പരമാനന്ദപ്രദമായും, പ്രദോഷം മുതൽ പ്രഭാതംവരെ ക്രമേണ പ്രശോഭിതനായ ചന്ദ്രന്റെ കൌമുദീ വിലാസങ്ങളാൽ പകലെപ്പോലെതന്നെ ചുറ്റുമുള്ള പദാർത്ഥങ്ങളുടെ 'തത്വബോധിനി'കളായി സകല ജനമനോരമകളായ രാത്രികളോടുകൂടിയും, ഇരിക്കുന്ന ഒരു കാലമാകയാൽ മലയാളത്തിൽ ഈ വിധമുള്ള ഒരു മഹോത്സവം ആഘോഷിക്കുന്നതിന്ന സർവ്വപ്രകാരത്തിലും ഇതിലധികം നന്നായിട്ട് ഒരു കാലം തെരഞ്ഞെടുപ്പാനസാദ്ധ്യമാണെന്ന ഇന്നുള്ളവർക്കും സമ്മതമായി

ഭിക്കകൊണ്ടു ഏതൽപ്രവൎത്തകന്മാരായ പൂൎവ്വന്മാർ ഈ വക വിഷയങ്ങളിൽ ചെയ്തിരുന്ന ദീൎഘാലോചനകളുടെയും, അവരുടെ ഔചിത്യത്തോടും രസികതാപരത്തോടുംകൂടിയുള്ള മനോധൎമ്മത്തിന്റെയും, വൈചിത്ര്യവും മഹത്വവും എത്രമാത്രമുണ്ടായിരുന്നുഎന്നു നല്ലവണ്ണം അനുമാനിക്കാവുന്നതാകുന്നു.

ഇങ്ങിനെയുള്ള ഒരു മഹോത്സവാഘോഷത്തിന്റെ ഉത്ഭവവും അതിന്റെ ചടങ്ങുകളും എന്തെല്ലാമായിരുന്നു എന്നുള്ളതുകൂടി പ്രസ്താവയോഗ്യമാണല്ലോ.

ഇപ്പോൾ അമേരിക്കയിലും മറ്റും ഉള്ള മാതിരി പൂൎവ്വകാലങ്ങളിൽ മലയാളത്തിലും ഒരുവിധം ജനസമൂഹമായരാജ്യഭരണം നടപ്പുണ്ടായിരുന്നു. കേരളീയബ്രാഹ്മണരായ നമ്പൂരിമാർ ഗ്രാമാധിപത്യമുഖേന വളരെക്കാലം ശിക്ഷാരക്ഷാധികാരം വഹിച്ചുവന്നിരുന്നു. പിന്നീട ഒരു നടപ്പുകൊണ്ടു തങ്ങൾക്കു വല്ല അസൌകൎയ്യങ്ങളും നേരിട്ടിട്ടോ മറ്റോ, തങ്ങളുടെ സ്വാതന്ത്ര്യത്തിന്നും അധികാരത്തിന്നും ഭംഗംകൂടാതെ വല്ലപ്രകാരവും ഈ ശല്യം ഒഴിച്ചുവെക്കേണമെന്നുകരുതിട്ടോ എന്തിന്നായെങ്കിലും അവരെല്ലാവരുംകൂടി ആലോചിച്ചു പരദേശത്തുനിന്നും രാജവംശ്യന്മാരിൽ ആരെങ്കിലും ഒരാളെ ഇഷ്ടപ്രകാരം തെരഞ്ഞെടുത്തുകൊണ്ടുവന്നു തങ്ങളുടെ നിശ്ചയങ്ങൾക്കു കീഴടങ്ങി രാജ്യഭാരം ചെയ്യത്തക്കവണ്ണം അവരോധിക്കു (രാജാവായി വാഴിക്കു) പതിവായിരുന്നു. അങ്ങിനെ അവരോധിക്കപ്പെട്ട ഒരാളെ പന്തീരാണ്ടു ചെല്ലുമ്പോൾ ആ സ്ഥാനത്തുനിന്നും മാറ്റി പിന്നെയും മുമ്പിലത്തെപ്പോലെ തന്നെ. വേറെ ഒരാളെ തെരഞ്ഞെടുത്തു വാഴിക്കും ഇങ്ങിനെ അവരോധിക്കുന്നതിന്നു മലയാളത്തിലെ ബ്രാഹ്മണരും നാനാജാതി മതസ്ഥന്മാരായ മറ്റു ജനങ്ങളും ഒന്നിച്ചു ഒരു സ്ഥലത്തുചേരണമെന്നും അതിലേക്കു തൃശ്ശിവപേരൂരുതലായ സ്ഥലങ്ങളിലേക്കാൾ സൎവ്വഥാ സൌകൎയ്യമുള്ളതു തിരുനാവായയാകുന്നു എന്നു തീൎച്ചപ്പെടുത്തിയതുകൂടാതെ, നവയോഗികളുടെ പ്രതിഷ്ഠയായ മേല്പറഞ്ഞ ക്ഷേത്രം പണ്ടേതന്നെ അനന്യസാമാന്യമായ ഈശ്വരചൈതന്യവിലാസത്തിന്നു കീൎത്തിപ്പെട്ടതും, സമീപത്തുള്ള മലയാളത്തിലെ

ഗംഗാനദിയായ ഭാരതപ്പുഴയിൽ സ്നാനംചെയ്തു പിണ്ഡംവെക്കുന്ന
തു പിതൃപ്രീതികരമാകുന്നെന്നു പുരാണപ്രസിദ്ധമായിട്ടുള്ളതുക
കൊണ്ട് കൊല്ലന്തോറും ശിവരാത്രിക്ക് അടുത്ത ത്രിപ്പരങ്ങോട്ട് ഉറ
ക്കൊഴിവുകഴിച്ച് അനേകം മലയാളി ഹിന്തുക്കൾ അവിടെ സ്നാ
നപിണ്ഡാദിക്രിയകൾക്കായി വന്നുകൂടുകയും ചെയ്തിരുന്നു.

മാമാങ്കം ഉണ്ടാകുന്നതു പന്തിരാണ്ടു കൂടുമ്പോളാകുന്നു എന്നു മു
മ്പ പറഞ്ഞുവല്ലൊ. മാമാങ്കം ഇരുപത്തെട്ടു ദിവസംകൊണ്ടു അവ
സാനിക്കുന്നതായ ഒരു മഹോത്സവമാണ്. അതിന്നിടക്കു വളരെ
ക്ഷേത്രങ്ങളിലെ ദേവന്മാരെ (ഇരുപത്തീശ്വരന്മാരെ എന്നാ
ണു കേട്ടിട്ടുള്ളതു.) അവരവരുടെ അവസ്ഥപോലെയുള്ള ആഘോ
ഷങ്ങളോടുകൂടി അവിടെ എഴുന്നെള്ളിച്ചുകൊണ്ടുവരും. ആവക എഴു
ന്നെള്ളിപ്പിൽ അതാതു ക്ഷേത്രനാഥന്മാർ അവരവരുടെ ശക്തിക്കു
യുക്തിക്കും ഭക്തിക്കും തക്കവണ്ണം എന്തെല്ലാം മോടിപിടിപ്പിക്കു
മെന്ന് കേളികേട്ട തൃശ്ശിവപേരൂർപൂരംതന്നെ നോക്കേണ്ടുന്ന അ
റിവുതരുന്നതിനാൽ അധികം വിസ്തരിക്കുന്നില്ല. ഏതിലും മാമാങ്ക
ത്തിൽ എഴുന്നെള്ളിച്ചിരുന്നതാണ്, പട്ടത്തകാലത്തു കോഴിക്കോ
ട്ടു നിന്ന തിരുവഞ്ചൂർദ്ദേവസ്വത്തിന്ന വിഷയമായ സ്വർണ്ണവി
ഗ്രഹമെന്നുള്ള സംഗതി ഇവിടെ പ്രത്യേകം പറയാതിരിപ്പാൻ
പാടില്ല. ഇതുകൂടാതെ മാമാങ്കത്തിൽ എഴുന്നെള്ളിക്കുന്നതിൽ
പ്രധാനിയായ ആനയുടെ മണികൾ, ചങ്ങല മുതലായതുംകൂടി
സ്വർണ്ണംകൊണ്ടുള്ളതായിരുന്നു എന്നുപറയുന്നതു എത്രത്തോളം
വിശ്വസനീയമാണെന്നറിഞ്ഞുകൂടാ. എന്നാൽ പ്രസിദ്ധകവിയാ
യ ശുകസന്ദേശകർത്താവിന്റെ വംശത്തിൽ പണ്ട് ഒരു ചോമ
ശാസ്ത്രപണ്ഡിതനുണ്ടായിരുന്നെന്നും, അദ്ദേഹം തന്റെ ശാസ്ത്ര
സിദ്ധാന്തങ്ങളിൽ ചിലതിനെ തെളിവപ്പെടുത്തുവാനായി ഒരു വാ
ദപരീക്ഷയിൽ മാമാങ്കത്തിൽ എഴുന്നെള്ളിച്ചിരുന്ന ആനയുടെ
പൊന്നുചങ്ങല ഒരുത്തരും അറിയാതെ മോഷ്ടിച്ചു എന്നും ഒരു ഐ
തിഹ്യമുണ്ട്.

മാമാങ്കം തുടങ്ങിയാൽ അവസാനിക്കുന്നതിന്നുമുമ്പിൽ മല
യാളത്തിൽ ഓരോ വിഷയത്തിൽ യോഗ്യന്മാരായിട്ടുള്ളവരെല്ലാം

ഗ്രാമസ്ഥരും അവിടെ ചെന്നുചേരേണ്ടതാണെന്ന് അന്നുള്ള മഹാന്മാൎക്ക് പ്രത്യേകം നിൎബ്ബന്ധമുണ്ടായിരുന്നു. അവരിൽ ചിലരുടെ ആഗമനം അവശ്യം ഒഴിച്ചുകൂടാത്തതായിരിക്കത്തക്കവണ്ണം ചിലൎക്ക് ചില പ്രത്യേകാധികാരങ്ങളും ചുമത്തിയിരുന്നു. ഈ കൂട്ടത്തിൽ കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരെയും പൂഞ്ഞാററിൽ തമ്പുരാക്കന്മാരെയും മററും വംശമൂലമായ ചെല്ലൂർ, ചാക്കര സ്വരൂപത്തിൽനിന്ന മാടം കേറിയതിനുശേഷമേ മാമാങ്കത്തിന്നായി മണപ്പുറത്തു കെട്ടിയുണ്ടാക്കുന്ന ഭോജനശാലയിൽ ബ്രാഹ്മണൎക്ക് ഭക്ഷിപ്പാൻ പാടുള്ളൂ, (മാടം എന്നാൽ രാജാക്കന്മാൎക്ക് എഴുന്നെള്ളിയിരിപ്പാനുള്ള മഞ്ചം.) എന്നാരേൎപ്പാടുണ്ടത്രെ. ഇതുകൊണ്ട് അവൎക്ക് പണ്ടേതന്നെ വംശശുദ്ധിയും സദാചാരനിഷ്ഠയും ഉണ്ടായിരുന്നു എന്നൂഹിക്കാം. എങ്കിലും കൊടുങ്ങല്ലൂർ രാജാക്കന്മാരെ തങ്ങളുടെ പിതൃസ്ഥാനം നിമിത്തം സവിശേഷം ആദരിച്ചുവരുന്ന കോഴിക്കോട്ടു രാജാക്കന്മാർ മാമാങ്കത്തിൽ പ്രാധാന്യം ലഭിച്ചതിനു ശേഷമല്ലയോ ഈ ഏൎപ്പാടുണ്ടായതെന്നു ശങ്കിക്കാനവകാശമില്ലെന്നില്ല.

മേൽപറഞ്ഞപ്രകാരം മാമാങ്കത്തിൽവെച്ചു വളരെക്കാലം അനേകം പെരുമാക്കന്മാരുടെ അവരോധം നടന്നുവരികയും, അതിനിടക്ക് ബ്രാഹ്മണരുടെ സ്വാതന്ത്ര്യാധികാരങ്ങൾ ക്രമേണ ക്ഷയിച്ചും പെരുമാക്കന്മാരുടെ രാജ്യാധികാരവും പ്രഭുശക്തിയും മലയാളത്തിൽ ഒരുമാതിരി ശാശ്വതമായി വേരൂന്നിച്ചും നിലനിന്നു പോരികയുംചെയ്തു എന്നല്ലാ, പെരുമാക്കന്മാരുടെ കീഴിൽ കേരളം പല ഖണ്ഡങ്ങളായി പിരികയും അവിടവിടെ ഓരോ ഉപരാജാക്കന്മാർ ഭരണകൎത്താക്കന്മാരായും തീരുകയും ചെയ്തതിനാൽ അവസാനത്തിൽ പെരുമാക്കന്മാർ കേവലം കേരളചക്രവൎത്തിത്വത്തെ പ്രാപിക്കയുംചെയ്തു.

ഇങ്ങിനെയിരിക്കുന്ന കാലത്തിൽ പെരുമാക്കന്മാരിൽ ഒടുവിലെ ആളായ ഭാസ്കരരവിവൎമ്മനെന്ന പെരുമാളാൽ, തന്റെ അവസാനകാലത്തിൽ കൊടുങ്ങല്ലൂർ മഹോദയപട്ടണത്തിൽ ഇന്നും അതിമാനുഷന്മാരായ ആ മഹാത്മാക്കളുടെ പൂൎവ്വചരിത്രത്തെ

സാക്ഷീകരിച്ചുനില്ക്കുന്ന 'തൃക്കുലശേഖരപുരം' എന്ന തന്റെ പരദേവതാക്ഷേത്രത്തിന്റെ കിഴക്കുവശത്തുള്ള 'ഉദകമംഗലം' എന്ന ക്ഷേത്രത്തിൽവെച്ചു തന്റെ സാമന്തരാജാക്കന്മാരിൽ ഓരോരുത്തൎക്കും പൂൎണ്ണാധികാരത്തോടുകൂടി കേരളരാജ്യത്തെ ഓരോ ഖണ്ഡമായി തിരിച്ചു അതിനെ സംബന്ധിച്ച ഉദകപൂൎവ്വം ദാനംചെയ്യപ്പെട്ടതിൽ മേല്പടി 'തിരുനാവാ' എന്നസ്ഥലം 'വെള്ളാട്ടിരി' രാജാവിന്നു അധീനമാവുകയും, അതിനുശേഷം പെരുമാക്കന്മാരുടെ അപരോധം അവസാനിക്കയാൽ മാമാങ്കത്തിൽ പെരുമാക്കന്മാർ വാണിരുന്ന സ്ഥലത്തു രാജപദവിയോടുകൂടി വെള്ളാട്ടിരി രാജാവു പ്രവേശിച്ചുവരികയുംചെയ്തുവന്നു.

മാമാങ്കത്തിൽ പെരുമാക്കന്മാർ സ്ഥാനാരോഹണംചെയ്തു നില്ക്കുന്നതിനു 'നിലപാടു നില്ക്കുക' എന്നും, ആ സ്ഥലത്തിനു 'നിലപാട്ടുതറ' എന്നും ഇന്നും പറഞ്ഞുവരുന്നതും, അവിടം വളരെ വിശേഷമായ ഒരു സ്ഥലമാണെന്നു കാഴ്ചയിൽ പ്രത്യക്ഷമാകുന്നതുമാണ്. നിലപാടു നില്ക്കുന്നതിനു മുമ്പായി ആൎക്കെങ്കിലും വല്ല സങ്കടവും ഉണ്ടെങ്കിൽ ആയതു അപ്പോൾതന്നെ തീൎക്കയോ അല്ലാത്തപക്ഷം ഇന്ന സമയത്തിനകം തീൎത്തുകൊള്ളാമെന്നു പ്രതിജ്ഞചെയ്കയോ ചെയ്തതിനുശേഷമേ നിലപാടേല്ക്കാൻ പാടുള്ളൂ എന്നൊരു ദൃഢമായ വീരവ്രതവുംകൂടിയുണ്ട്. ഇതിന് 'ശാലീച്ചു ദാനം' എന്നുപേരാകുന്നു.

ഇങ്ങിനെ മാമാങ്കം വെള്ളാട്ടിരിരാജാവിന്റെ ആധ്യക്ഷത്തിൽ കഴിഞ്ഞുവന്നിരുന്നതിനിടക്കു ഒരിക്കൽ കോഴിക്കോട്ടുനിന്നു മാമാങ്കത്തിൽ കച്ചവടത്തിനുപോയി മടങ്ങിവന്ന തന്റെ പ്രത്യേക സേവകന്മാരായ ചില മാപ്പിളമാരോടു സാമൂതിരിപ്പാട് മാമാങ്കം നന്നായോ? വിശേഷം എന്തെല്ലാമായിരുന്നു, എന്നു കല്പിച്ചു ചോദിച്ചതിനു "മാമാങ്കം നന്നായി, എങ്കിലും അടിയങ്ങൾക്കു സുഖമായില്ല" എന്ന് അവർ ഉത്തരംപറഞ്ഞു. "അതെന്താ? കച്ചവടത്തിൽ ലാഭമുണ്ടായില്ലെന്നുണ്ടോ?" "അതല്ല. ഇതുവരെ മലയാളത്തിൽ ഏകാധിപത്യം വഹിച്ചിരുന്ന മഹാന്മാർ നിലപാടു നിന്നിരുന്ന സ്ഥലത്ത് അതിനുതക്ക യോഗ്യതയില്ലാത്ത ഒരാൾ പ്ര

വേശിച്ചുകണ്ടതിനാലാണ്.” “അതിനെന്താണ നിവൃത്തി? ഇപ്പോഠം അങ്ങിനെയുള്ള ഒരാഠം ഇല്ലല്ലൊ”. “നിവൃത്തിയുണ്ട്. അങ്ങിനെ ഒരാളും ഉണ്ട”. “അങ്ങിനെ പറയുന്നതല്ലാതെ സാധിപ്പാൻ തരമില്ലല്ലൊ”. “അങ്ങിനെ പറയുന്നതല്ലാ, അനാവശ്യമെന്നെങ്കിഠം ഇനിയങ്ങെ മാമാങ്കത്തിന്ന് അടിയങ്ങഠം അതു സാധിച്ചുകൊള്ളാം.” “എന്നാൽ ശ്രമിച്ചോളു. വിരോധമില്ലാ” എന്ന് സാമൂതിരിപ്പാട്ടു കല്പിച്ചു.

(ശേഷം)

കുന്നേഴത്ത പരമേശ്വര മേനോൻ.

സുഭദ്രാൎജ്ജുനം.

(൧)

ഒന്നാമങ്കം.

കപടസന്യാസിയായ അൎജ്ജുനൻ സുഭദ്രയെ കട്ടുകൊണ്ടുപോയതും തടുക്കുവാൻചെന്ന രക്ഷികളെ തോല്പിച്ചതും, ഈ സംഗതികളെല്ലാം ബലഭദ്രരെ അറിയിക്കുവാൻ വിക്രമൻ എന്ന രക്ഷകൻ ബദ്ധപ്പെട്ടു വന്നതും പൂൎവ്വാംശത്തിൽ പ്രതിപാദിക്കപ്പെട്ടുന്നു. അനന്തരം ബലഭദ്രർ വൎത്തമാനംകേട്ട് അത്യന്തം കോപിച്ച് കൃഷ്ണനോടും ഉദ്ധവരോടും വൎത്തമാന വിവരം അവരെ അറിയിക്കുകയിൽ അധികം അൎജ്ജുനന്റെ നേരെ വൎദ്ധിച്ചുവന്ന കോപം അടക്കുവാൻ കഴിയാതെ അദ്ദേഹത്തെ വധംചെയ്യുവാൻ പ്രതിജ്ഞചെയ്യുന്നു. അപ്പോഠം ജ്യേഷ്ഠൻ അതിന്ന പുറപ്പെടേണമെന്നില്ലെന്നും താൻതന്നെ അൎജ്ജുനനെ സംഹരിച്ചുകൊള്ളാമെന്നും കൃഷ്ണൻ പറഞ്ഞുവെങ്കിലും, സുഭദ്ര ബാല്യവൈധവ്യദുഃഖം അനുഭവിക്കേണ്ടിവരുമല്ലൊ എന്ന് അവൎക്കെല്ലാവൎക്കുമുണ്ടായ ഭയനിമിത്തം അൎജ്ജുനനെ കൊല്ലണമെന്നുള്ള നിശ്ചയത്തെ അവർ ഉപേക്ഷിക്കയും, പാണ്ഡവന്മാരെയും സുഭദ്രയേയും സമാധാനപ്പെടുത്തുവാൻ ബലഭദ്രകൃഷ്ണന്മാർ ഇന്ദ്രപ്രസ്ഥത്തിലേക്ക് പുറപ്പെട്ടുപോകയും

ശവിടെവെച്ചു ബലഭദ്രർ സുഭദ്രയെ അൎജ്ജുനന്നു ദാനംചെയ്തു എല്ലാവരെയും സന്തോഷിപ്പിക്കയും, ചെയ്തു എന്നാകുന്നു ഉത്തരാംശത്തിന്റെ സംക്ഷേപം.

പൂൎവ്വാംശത്തിൽ വിക്രമമെന്ന ഭടന്റെ സംഭ്രമവും വേത്രവതിയുടെ ജിജ്ഞാസയും സരസമായിട്ടുണ്ടു.

ബലഭദ്രർ സ്വപ്രാന്ധിതനായിട്ടു പറയുന്നതായതു:—

ഭേരികളും ശംഖുകളുമാറെന്താരവമെവിട
ന്നിതുകേൾക്കുന്നതിപ്പോ-
ളീക്കാലം കാരുകാണാതിരിയുടെ നിനദം
കേൾപ്പതിന്നില്ലബന്ധം
വകൊണ്ടതിന്നാകോപ്പിട്ടുസുഭദ്രമാക-
ന്മാരകമാനിച്ചുവാണു-
നാരീകോപദേനാഭിരാളും പക്ഷനാഗേരത്തി
കുന്നതോഘോഷഘോരം ? ”

ഇവിടെ ഉല്ലിഖിതമായ ഭേരീനാദം ശംഖുകളും ശംഖുമാറും ഘോരഘോരമായും ദ്വാരകയിൽനിന്നും അന്തൎദ്ദീപത്തിങ്കൽ കേൾക്കപ്പെടേണമെങ്കിൽ രണ്ടു സ്ഥലങ്ങൾക്കു തമ്മിലുള്ള ദൂരം രണ്ടോ മൂന്നോ നാഴികയിൽ കൂടരുത. എന്നാൽ യഥാൎത്ഥമായ ദൂരം എന്താണാവോ.

“സന്യാസിയെ കന്യകാമന്ദിരത്തിൽ പാൎപ്പിക്കുമ്പോൾതന്നെ ഞാൻ ഒരു വൈഷമ്യമൊക്കെ അറിവിച്ചില്ലേ” എന്നു തന്റെ മാനം ഭഞ്ജിച്ച കൃഷ്ണനും, “പൂൎവ്വബാന്ധവും ശ്രീകൃഷ്ണസ്വാമിക്കു അത്യന്തം സ്നേഹിതനുമായിരിക്കുന്ന അൎജ്ജുനൻ ഇങ്ങിനെ പ്രവൎത്തിച്ചതു വളരെ സാഹസമായി” എന്ന ഉദ്ധവരും, പറഞ്ഞപ്പോൾ ശുദ്ധമതിയായ ബലഭദ്രർ ഉടനെ കോപാക്രാന്തനായിത്തീൎന്നു.

പൊള്ളുന്നൂമുസലത്തെയൊൻപടിരിയോടിഎത്തിട്ടുടൻ
തട്ടത്തിൽ കിരീടിതന്നുടലടിച്ചൊടിച്ചിക്ഷണം
ഇട്ടുന്നുടനെത്തിട്ടുപ്പൊഴുകുമക്കുടംചോരയാൽ
കെട്ടുന്നുവനമാരിഞ്ഞിടും കഠിനമായകോപാഗ്നിയെ.

കപടനാം വിദഗ്ദ്ധനായ കൃഷ്ണൻ ഉടനെ കൊടുത്ത ഉത്തരം അത്ഭുതകരമാംവണ്ണം സമയോചിതമാകുന്നു.

ജ്യേഷ്ഠനാം ഞാനിരിക്കെപ്പോൾ ബകാരാതിയെ
കൊല്ലുവാൻ പ്രേഷ്യനെന്നി-
ന്നാകാമ്പിൽ ചിന്തചെയ്യുന്നു തവ സഹജൻ
പോതമിപ്പോരിനിപ്പോൾ
ശീഘ്രം ചക്രായുധത്താലരിയുടെ ശിരവും
ഉരി നീറാക്കിവാഴ്ക-
ന്നാംകോപം തീർത്തുകൊണ്ടീടുവനാരനിമിഷം
കൊണ്ടുവേണ്ടാലിക്കാലം.

ഇനിമേൽ പാണ്ഡവചരിതം തന്നിയോഗശക്തിക്കമില്ലസന്ദേഹം
നിനവുവെടിഞ്ഞുനാടകം ഇന്നാമിളകിടട്ടേയണാം.

എന്നിവ കൃഷ്ണന്റെ കാപട്യം പരമകാഷ്ഠയെ പ്രാപിക്കുന്നത് ശത്രുക്കൾ തന്നെ വരുന്ന അവസരത്തിന്റെ മറക്കാത്ത വാക്യത്തിലാണ്. "സ്വല്പ ബാല്യമെന്ന ധാർഷ്ട്യമോതാൽ തപിക്കുന്നതാണാം എന്തിനെ കണ്ടു സഹിക്കും" എന്ന ക്രുദ്ധനായ ബലഭദ്രർ ചോദിച്ചതിനുപോലും കൃഷ്ണൻ കൊടുത്ത ഉത്തരം കേട്ടാലും:— "ഒരു താപം കാണാതെ കഴിക്കാം.

പാർത്താൽ നിഷ്ഫലമായ യാദവകുലത്തിങ്കൽ കളങ്കത്തിനോ
ചേർത്താനായവചിന്താരിയെങ്കിലുമുടൻ കൊല്ലാതിരിക്കില്ല ഞാൻ
പാർത്ഥൻ തന്നുടെ കണ്ഠവും പുനരുടൻ ഛേദിച്ചു ഭൂമൗ ചേർത്തീടാമിഹ കാളകൂടവിഷമെന്നിതാർ പിണഞ്ഞുവച്ചീടുമോ?

അതിനാൽ ഞാനിപ്പോൾ തന്നെ പോകുന്നു. ആരാണവിടെ? ദാരുകനോടു വേഗത്തിൽ രഥംകൊണ്ടുവരുവാൻ പറയുക."

ബലഭദ്രകൃഷ്ണന്മാർ രഥാരൂഢന്മാരായി ഇന്ദ്രപ്രസ്ഥത്തിലേക്കു പോകുമ്പോൾ ദാരുകൻ ചെയ്യുന്ന രഥവേഗവർണ്ണനം ഒരു പരിഷ്കാരകാലത്തിൽ എത്രമാത്രം ക്ഷന്തവ്യമാണെന്നു വായനക്കാർ വിധിക്കട്ടെ.

“ഏററംവേഗം ചരിക്കും പവനനടമതാം
പോകുവാനെന്നപോലി-
ന്നേററത്താവേശമിയന്നൊരു ലതമിതിൽനി-
ന്നുതിർപ്പിക്കുമെന്നതാൽ
ചുററും നില്ക്കുംഭൃംഗൌഘം ത്വരിതമൊടധുനാ
തങ്ങളിൽത്തച്ചൊലിപ്പും
മുററും വേഗാലുലഞ്ഞിട്ടിഹ ചിലതളിർമരി
ഞ്ഞും പതിക്കുന്നല്ലമെന്നോ.”

ഇതുപ്രസ്ഥാനത്തിലെ ഉത്തമാനം ഏററവും രമണീയമെന്നു ഖ ണ്ഡത്ര് ആശംസിക്കത്താകെ പറയുന്നു. അതിനുള്ള കാരണമാണ കേൾക്കേണ്ടതു:

“അത്യാനന്ദേനമാവിൻ പുതിയകിസലയം
തിന്നുപോർകോകിലൌഘം
മത്തന്മാരായി മന്ദം മധുരതരമിതാ
പഞ്ചമം പാടിടുന്നു.
നൃത്തംചെയ്യുന്ന വായ്ക്കും കളികളൊടുമയൂ-
രങ്ങളാമടമത്തും
പുത്തൻതേനായു മത്തഭ്രമരനിരകൾതാ
കേളമായ് കൂളിടുന്നു.”

കുയിലുകൾ മാവിന്തളിർ തിന്ന് മത്തന്മാരാകുന്ന സമ്പ്രദായം ഇക്കാലത്തുണ്ടെന്നുള്ളതാണ് സമ്മതിച്ചാലും, വസ്തുക്കളുടെ സാന്നിദ്ധ്യവും മൂല്യവും ആധുനികന്മാർക്ക് എത്രമാത്രം ആഹ്ലാദകരമാണെന്നുള്ളത് ആലോചിച്ചുതീർച്ചപ്പെടുത്തേണ്ടുന്ന ഒരു സംഗതിയാണ്.

ഉള്ളൂർ പറയുന്നതായതു:—

“അളികലകുലസങ്കുലം
വള്ളക്കെട്ടുറപത്തെന്നാർക്കുന്നു.”

മാരകൻ:— “ഇവിടെ മധുപാനത്തിന് വന്നിരുന്നിരിക്കുന്ന വണ്ടുകളാൽ ഈ സരസ്സ് നീലവർണ്ണമായിട്ട് കാണപ്പെടുന്നു”

ഇതു വിലക്ഷണമായ ഒരു അതിശയോക്തിപ്രയോഗം എത്രകാലോചിതമായിരിക്കുമെന്ന് വിദ്യാജനപരിഷ്കൃതയായ ഈ ഗ്രന്ഥകർത്രി വിചാരിച്ചതിനോപകരി ഞാൻ അതിശയിക്കുന്നു.

ബലഭദ്രകൃഷ്ണന്മാരെ ധൎമ്മപുത്രർ കണ്ട് അവരുടെനേരെചെന്ന് യഥായോഗ്യം ഉപചാരംചെയ്തതിന്റെ ശേഷം അവിടെവെച്ചുണ്ടായ സംഭാഷണം വളരെ ഉചിതവും അവരിൽ ഓരോരുത്തന്റെ സ്വഭാവത്തെ വ്യക്തമായി കാണിക്കുന്നതുമാകുന്നു.

“അൎജ്ജുനനെവിടെ? ..... ഒരു വൎത്തമാനവും അറിഞ്ഞില്ലേ? എന്നുള്ള ബലഭദ്രരുടെ ചോദ്യത്തിനു.

“അറിയാറായില്ല.

കൃത്യാകൃത്യവിവേകശൂന്യമതിയായുള്ളോരു ബാലൻവിധി-
വ്യത്യാസാലൊരു നിന്ദ്യകൎമ്മമൊരുനാൾ ചെയ്തീടിലപ്പോളതിൽ
അത്യന്തം കൃപയുള്ള തൽഗുരുജനം ക്രോധിച്ചുവെന്നാകിലും
മത്യാമന്ദതമൂലമായ് പരമവന്നുണ്ടാകുമെല്ലോ ദയം.”

എന്നു ധൎമ്മപുത്രൻ കൊടുത്ത ഉത്തരം വളരെ സ്വാഭാവികവും, സോദരസ്നേഹവും ബലഭദ്രാദികളുടെ നേരെയുള്ള ഭക്തിയും ഒരുപോലെ പ്രത്യക്ഷപ്പെടുത്തുന്നതുമാകുന്നു.

പാഞ്ചാലിയെയും സുഭദ്രയെയും ബലഭദ്രർ കണ്ട് ആത്മഗതമായി പറയുന്നതെന്തെന്നാൽ:—

“ഒരുവനിഹ തരുണന്നാകിലോ ഭാൎയ്യമാരായ്
പെരുകിയൊരു വിരോധം തമ്മിലുണ്ടാകുമെല്ലാം.
കരുതുകിലതുവിട്ടീ ഭദ്രയിൽ പ്രേമമേറും
ദ്രുപദനൃപസുതയ്ക്കിന്നുള്ളതത്യന്തചിത്രം.”

സുഭദ്ര തൽക്കാലം പാഞ്ചാലിയാൽ ഹൎഷാവലംബിതയായിരുന്നു എന്നുള്ളതു മാത്രമല്ലാതെ ബലഭദ്രരുടെ ഈ ശങ്കയ്ക്കു മറ്റു യുക്തിയില്ല. സുഭദ്രയെ പാഞ്ചാലി, തൽക്കാലം കാഴ്ചക്കാരെ സമ്മതിപ്പിക്കുവാനല്ലാതെ, സത്യമായി സ്നേഹിക്കുന്നുണ്ടെന്നുള്ളതിന്ന് ഈ [illegible] ഒരു മതിയായ [illegible]ല്ലെങ്കിലും, ബലഭദ്രരുടെ സ്വഭാവം ഈ സന്ദൎഭം [illegible]യായി വ്യഞ്ജിപ്പിക്കുന്നുണ്ട്.

ഈ അങ്കത്തിന്റെ അവസാനഭാഗത്തിൽ ശ്രീകൃഷ്ണൻ അൎജ്ജുനനോടു “സഖേ! ഭവാന്ന് എന്ത് അഭീഷ്ടമാണ ഞാൻ ഇനിയും സാധിക്കേണ്ടത്?” എന്നു ചോദിച്ചതിൽ മഹത്തായ ഒരു അനൌചിത്യം ഉണ്ടെന്നു തോന്നുന്നു. എന്തുകൊണ്ടെന്നാൽ, സുഭദ്ര

യെ അൎജ്ജുനന്ന കൊടുക്കുന്ന കാൎയ്യത്തിൽ ആദ്യംമുതൽ അവസാനംവരെ ഉത്സാഹിച്ചത കൃഷ്ണനാകുന്നു. അൎജ്ജുനൻ സന്യാസിവേഷം ധരിച്ചതു മുതൽക്കുള്ള കഥയിൽ ദൃഢമതിയായ ബലഭദ്രരെ കൃഷ്ണൻ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ചതിച്ചിട്ടുള്ളതിന്നു കണക്കില്ല. അതിലേറെയില്ലെ, ഈവക വഞ്ചനകളെ വെളിപ്പെടുത്തുന്നവയായ മേൽപറഞ്ഞ വചനങ്ങൾ ബലഭദ്രസമക്ഷത്തിൽ വെച്ചു കൃഷ്ണൻ പറയുക എന്നത തീരെ അസംഭാവ്യമാകുന്നു.

സുഭദ്രാൎജ്ജുനത്തെക്കുറിച്ചുള്ള എന്റെ അഭിപ്രായം പറഞ്ഞു കഴിഞ്ഞിരിക്കുന്നു. ആകപ്പാടെ ഈ നാടകം വലിയ ദോഷങ്ങളാൽ വികൃതമൊ ഗുണങ്ങളാൽ ശ്ലാഘ്യമൊ ആണെന്നു തോന്നുന്നില്ല. ഇതിലെ പദ്യശ്ലോകങ്ങളും ചിലതൊഴികെ ഹൃദ്യങ്ങളാകുന്നു. എങ്കിലും നാടകീയമായ സൌന്ദൎയ്യം പോരെന്നുള്ള ന്യൂനത ഈ കൃതിക്കും മറ്റുപല മലയാള നാടകങ്ങൾക്കും സാധാരണമാകുന്നു. പൂൎവ്വകവികളുടെ പ്രയോഗങ്ങളെ കട്ടെടുത്ത് അനുകരിക്കുന്നതിനുള്ള സംഗതി ചിലേടത്തും കാണുന്നുണ്ട്. കഥയുടെ വിശിഷ്ടഭാഗങ്ങൾക്കു തമ്മിലുള്ള യോജിപ്പ് നാടകങ്ങൾക്കു ഏറ്റവും പ്രധാനമായ ഒരു ആവശ്യമാണെന്നും, പ്രാചീനകവികളുടെ പ്രയോഗങ്ങളെ ചൎവ്വിതചൎവ്വണം ചെയ്യുന്നതു ഏറ്റവും ത്യാജ്യമായ ഒരു ദോഷമാണെന്നും, ഗ്രന്ഥകൎത്താവിന്നു തോന്നുന്നതിൽ എന്റെ ഈ ശ്രമവും ഇതുപോലെയുള്ള മറ്റുശ്രമങ്ങളും സഹായിക്കുന്നപക്ഷം ഏറിക്കുറഞ്ഞ ഉപകാരമുണ്ടായിരിക്കും.

സി. അന്തപ്പായി.

സുനീതി.

സുനീതി ചിലപ്പോഴും കരുണാകരന്റെവീട്ടിൽ പോയി അയാളുടെ ഭാൎയ്യയൊന്നിച്ചു വിനോദിക്കുക പതിവായിരുന്നു. പ്രേമസൂചകമായി മാൎത്താണ്ഡനിൽനിന്നു ലഭിച്ച ഒരു ഉറുമാൽ ആ സ്ത്രീ എപ്പോഴും കയ്യിൽ വെച്ചിരിക്കുന്നത കരുണാകരൻ കണ്ടിട്ടുണ്ട. ആ ഉറുമാൽ കയ്യിൽ കിട്ടിയാൽ കാൎയ്യസാദ്ധ്യത്തിന്നു എളുപ്പ

മുണ്ടാകകൊണ്ട ഒന്നാമതായിട്ട് താൻ കൃതാൎത്ഥനാകുവാനാരംഭിച്ചു. കുരുകണ്ടന് ഒരു ചെറിയ പെൺകുട്ടിയുണ്ടായിരുന്നു. അയാളുടെ വീട്ടിൽ ചെല്ലുന്നസമയം സുനീതി ആ കുട്ടിയെ വാത്സല്യത്തോടു കൂടി ലാളിക്കുക പതിവായിരുന്നു. പതിവുപോലെ ഒരു ദിവസം സുനീതി കുരുകണ്ടന്റെ വീട്ടിൽ ചെന്നപ്പോൾ അയാൾ കുട്ടിയെ എടുത്ത് അടുക്കെ കൊണ്ടുചെന്നു. സുനീതി കുട്ടിയെ എടുക്കുന്നതിനാൽ ഉറുമാൽ താഴെവീണതറിഞ്ഞില്ല. കുരുകണ്ടൻ ഉപായത്തിൽ അതു കയ്യിലാക്കി ഉടനെ അവിടെനിന്നു തിരിച്ചു. സുനീതി കുറെകഴിഞ്ഞപ്പോൾ വീട്ടിലേക്കു പോയി. ഉറുമാലിന്റെ കാൎയ്യം ഓൎമ്മയുണ്ടായതു കുറേനേരംകഴിഞ്ഞപ്പോഴാണ്. ഉടനെ തിരയുവാൻ തുടങ്ങി. വളരെതിരഞ്ഞിട്ടും കാണാത്തതിനാൽ കുണ്ഠിതപ്പെട്ടു. മാൎത്താണ്ഡൻ കൂടക്കൂടെ അതിനെപ്പററി ചോദിക്കാറുള്ളതുകൊണ്ട സുനീതിയുടെ വ്യസനം വൎദ്ധിച്ചു.

അന്നുരാത്രി കുരുകണ്ടൻ ഉറുമാലും കൊണ്ടുപോയി ഭൈറോയന്റെവീട്ടിനകത്തിട്ടു. പിറേറന്നാൾരാവിലെ ഭൈറോയൻ ഉണൎന്ന ഉടനെ ഒരു ഉറുമാൽ നിലത്തുകിടക്കുന്നതുകണ്ട് ആശ്ചൎയ്യപ്പെട്ടു. അത് അവിടെ എത്തിയത് എങ്ങിനെയാണെന്നു മനസ്സിലായില്ലെങ്കിലും പരിശോധിച്ചപ്പോൾ അതു സുനീതിയുടെയാണെന്നു മനസ്സിലായി സുനീതിക്ക് ആ ഉറുമാൽ കയ്യിൽനിന്ന അല്പനേരം ഒഴിച്ചുവെപ്പാൻ മനസ്സില്ലാത്ത വിധത്തിൽ അതിനോടത്ര പ്രേമമുണ്ടായിരുന്നുവെന്നു ഭൈറോയനറിഞ്ഞതുകൊണ്ട അതുടനെ അവിടെ കൊണ്ടുപോയി കൊടുപ്പാനാരംഭിച്ചു. മാൎത്താണ്ഡൻ വീട്ടിലുള്ള സമയത്ത ചെല്ലുവാൻ ധൈൎയ്യമില്ലാത്തതിനാൽ അദ്ദേഹം പുറമെങ്ങും പോയിരിക്കുന്ന സമയം നോക്കി വീട്ടിന്റെ പിൻഭാഗത്ത ചെന്നു. കുറെ നേരം അവിടെ ചുററിമാറിനിന്നതിന്നശേഷം വാതിൽക്കൽ മുട്ടി. ദൈവംപോലും സുനീതിയെ കഷ്ടത്തിലാക്കുവാൻ കുരുകണ്ടനെ സഹായിച്ചുവെന്നു തോന്നുന്നു. ഭൈറോയൻ എത്തിയ തത്സമയം മാൎത്താണ്ഡനും അവിടെ എത്തി. വാതിലിന്റെ ശബ്ദംകേട്ടപ്പോൾ ഭാൎയ്യയുടെ നേരെയുള്ള സംശയം വൎദ്ധിച്ചതിനാൽ ഉടനെയൊന്ന് ആരെങ്കിലുമുണ്ടൊ എന്നു പരിശോധിച്ചു.

മാൎത്താണ്ഡന്റെ ശബ്ദംകേട്ടപ്പോൾ അദ്ദേഹം ദ്രോഹിക്കുമെന്നു ഭയപ്പെട്ടിട്ടു ശൈമേനോയൻ ഒളിച്ചുപോയി. എല്ലാടത്തും പരിശോധിച്ചിട്ടും ആരെയും കാണാഞ്ഞപ്പോൾ വാതിൽക്കൽ മുട്ടിയതാരാണെന്നു ഭാൎയ്യയോടു ചോദിച്ചു. ആരാണെന്നു നിശ്ചയമില്ലെന്നു ആ സ്ത്രീ പറഞ്ഞ മറുവടി അദ്ദേഹം വിശ്വസിച്ചില്ല.

മാൎത്താണ്ഡൻ— ശൈമേനോയനായിരിക്കുമെന്നാണ് എന്റെ വിശ്വാസം.

സുനീതി— ആയിരിക്കാം. ഇന്ന ആളാണെന്ന് എനിക്കു വിവരമില്ലാത്തതിനാൽ എനിക്കൊന്നും വിശ്വസിപ്പാൻ തരമില്ല.

കോപം ആലോചനാശക്തിയെ നശിപ്പിക്കുന്നതു സാധാരണയാണല്ലോ. ഭാൎയ്യ പറഞ്ഞതു വാസ്തവമോ എന്നു അല്പംപോലും ആലോചിക്കാതെ ഉടനെ അവിടെനിന്നു പുറപ്പെട്ടു. കമ്രുകണ്ണന്റെ അടുക്കൽചെന്നു സംഭവിച്ച വൎത്തമാനങ്ങളെല്ലാം പറഞ്ഞതിനുശേഷം ശൈമേനോയന്റെ വീട്ടിൽ പോയി കാൎയ്യത്തിന്റെ സൂക്ഷ്മം അറിഞ്ഞുവരേണമെന്ന് അയാളോടപേക്ഷിച്ചു. തന്റെ സൂത്രങ്ങൾ ഫലപ്രദമാവാൻ തരമുണ്ടെന്നറിഞ്ഞ കമ്രുകണ്ണനു വളരെ സന്തോഷമുണ്ടായി. ഉടനെ അയാൾ ശൈമേനോയനെ അന്വേഷിച്ചു പുറപ്പെട്ടു. ശൈമേനോയനും കമ്രുകണ്ണനും തമ്മിൽ പല നേരംപോക്കുകളും പറഞ്ഞിരുന്നതിനുശേഷം കമ്രുകണ്ണൻ പിറേറന്നാൾ ശൈമേനോയനോടു തന്റെ വീട്ടിലേക്കു വരുവാൻ ഏല്പിച്ചു യാത്ര പറഞ്ഞുപോന്നു. കമ്രുകണ്ണൻ അപ്പോൾ തന്നെ മാൎത്താണ്ഡന്റെ അടുക്കൽ പോയി വൎത്തമാനങ്ങൾ പലതും ശൈമേനോയൻ പറഞ്ഞുവെന്നും മുഴുവൻ പറയേണ്ടതിന്നു പിറേറന്നാൾ തന്റെ വീട്ടിലേക്കു വരാമെന്ന് ഏററിട്ടുണ്ടെന്നും അവർ തമ്മിൽ സംസാരിക്കുമ്പോൾ മറഞ്ഞുനിന്നു നോക്കിയാൽ ആ കാൎയ്യത്തെപ്പററി സംസാരിക്കുമ്പോൾ ശൈമേനോയനുണ്ടാവുന്ന സന്തോഷം മനസ്സിലാക്കാമെന്നും പറഞ്ഞു.

പിറേറന്നാൾ രാവിലെ ശൈമേനോയൻ കമ്രുകണ്ണന്റെ വീട്ടിലെത്തി. മാൎത്താണ്ഡനു കാണ്മാൻ സാധിക്കുന്ന ഒരു സ്ഥലത്തേക്കു കമ്രുകണ്ണൻ ശൈമേനോയനെ കൂട്ടിക്കൊണ്ടുപോയി. അവർ തമ്മിൽ

ഘോര കാൎയ്യങ്ങളെപ്പറ്റിയാണ സംസാരിച്ചിരുന്നത. സംസാരിക്കുമ്പോൾ രണ്ടുപേരും കൈകൊട്ടി ഉച്ചത്തിൽചിരിക്കയും ഓരോ ആംഗ്യങ്ങൾകാട്ടിക്കൊണ്ടിരിക്കയുംചെയ്തിരുന്നു. എല്ലാം കണ്ടുകൊണ്ട ദൂരെനിന്നിരുന്ന മാൎത്താണ്ഡൻ ശൈനോയന്റെ ആംഗ്യങ്ങളെ ഓരോന്നായി വ്യാഖ്യാനിപ്പാൻതുടങ്ങി. കുറെ നേരം സംസാരിച്ചതിന്റെശേഷം ശൈനോയൻ വീട്ടിലേക്ക പോയി. മാൎത്താണ്ഡൻ ഉടനെ കരുകണ്ണന്റെ അടുക്കൽ ചെന്ന ശൈനോയൻ പറഞ്ഞ വിവരങ്ങൾ വിസ്തരിച്ച പറഞ്ഞുകൊടുക്കേണമെന്നപേക്ഷിച്ചപ്പോൾ അയാൾ ഇങ്ങിനെ പറഞ്ഞു.

കരുകണ്ണൻ— ശൈനോയൻ എന്നിൽനിന്ന യാതൊന്നും മറച്ചുവെക്കാറില്ല. അയാൾ പരമാൎത്ഥമൊക്കെ എന്നോട പറഞ്ഞു. അടുത്ത വീട്ടിൽനിന്ന പുറത്തു പോകുമ്പോഴൊക്കെ അവിടെ ചെല്ലേണ്ടതിന്ന അയാൾക്ക സുനീതിയുടെ കല്പനയുണ്ട. കല്പനപ്രകാരം ശൈനോയൻ ചെയ്യുന്നു. ഇതിന്നുപുറമെ അയാൾ എന്നോട ഒരു കാൎയ്യംകൂടി പറകയുണ്ടായി. അടുത്ത സുനീതിക്ക കൊടുത്തിരുന്ന ഒരു ഉറുമാൽ ആ സ്ത്രീ ഇപ്പോൾ അയാൾക്ക കൊടുത്തിട്ടുണ്ട. ഉറുമാലിന്റെ കാൎയ്യം കേട്ടപ്പോഴേക്കും മാൎത്താണ്ഡന്റെ കാൎയ്യം നന്നെ പരുങ്ങലായി. ഉറുമാൽ സുനീതിയുടെ കൈവശമില്ലാത്തപക്ഷം തെളിവിന്ന പിന്നെയാതൊരു സംഗതിയും വേണ്ട എന്ന തീൎച്ചപ്പെടുത്തി. കരുകണ്ണനെ പറഞ്ഞയച്ച ഉടനെ സുനീതിയുടെ അടുക്കൽ ചെന്നു.

താൻ കൊടുത്തിട്ടുള്ള ഉറുമാൽ കാണേണമെന്ന ഭാൎയ്യയോടാവശ്യപ്പെട്ടു. എന്താണ മറുപടി പറയേണ്ടതെന്ന വിവരമില്ലാതെ സുനീതി വളരെ പരിഭ്രമിച്ചു. പരിഭ്രമം ഭൎത്താവറിയാതിരിക്കേണ്ടതിന്നുവേണ്ടി ഉടനെ അകത്തേക്ക പോയി. ഉറുമാൽ ചോദിച്ചപ്പോൾ ഭാൎയ്യ പ്രദൎശിപ്പിച്ച സ്വേദം മാൎത്താണ്ഡൻ കണ്ടതിനാൽ കാൎയ്യം ശരിയാണെന്ന മിക്കവാറും ബോദ്ധ്യമായി. സുനീതി ഉടനെ മടങ്ങിവന്ന അത കാണുന്നില്ലെന്ന പറഞ്ഞിട്ട അദ്ദേഹം എടുത്തുവെച്ചിട്ടുണ്ടോ എന്ന ചോദിച്ചപ്പോൾ മാൎത്താണ്ഡന്ന കോപം സഹിപ്പാൻ വയ്യാതായി. സുനീതി ഒരു കള്ളിയാണെന്ന മാൎത്താ

ണ്ഡനെ പോലെയും വനംകഴിഞ്ഞു. ആ സ്ത്രീയുടെ അനിൎവ്വചനീയമായ സൌന്ദൎയ്യത്തെ ഓൎക്കുന്നപ്പോഴും കഠിനമായ യാതൊരു പ്രവൃത്തിയും ചെയ്വാൻ മനസ്സു വന്നില്ലെങ്കിലും കരുകണ്ണൻ ഉണ്ടാക്കിവെച്ചത്തിയ വിഷമചാല ശരീരമാസകലം പകൎന്നുപിടിച്ചതോടുകൂടി മാൎത്താണ്ഡന്നു സുനീതിയുടെ നേരെയുണ്ടായിരുന്ന പ്രേമം കേവലം നഷ്ടമായിത്തീൎന്നു. നിഷ്കളങ്കയായ സുനീതിക്കു ദൂഷണമായ യാതൊരാലോചനയും ഇതിന്നശേഷം മാൎത്താണ്ഡന്റെ മനസ്സിലുണ്ടായിട്ടില്ല. സുനീതിയേയും മൈനേയയേയും കലഹിപ്പിച്ച് അതുനിമിത്തം ശിക്ഷയിൽപെടാതെ കഴിക്കാനുള്ള ആലോചനചെയ്യുവാനാണ മാൎത്താണ്ഡൻ ഇതിന്നു ശേഷം ചെയ്തത്. രാവും പകലും ഇതിന്നുള്ള ആലോചനയിൽ മഗ്നനായിരുന്നതുകൊണ്ടു ഭക്ഷണംകഴിക്കേണ്ടുന്ന സമയങ്ങളിൽകൂടി വീട്ടിൽ ചെല്ലാതായി. സുനീതിയെ വേർപിരിഞ്ഞു താമസിക്കുന്നതു മരിക്കുന്നതിന്നു സമമാണെന്നു വിചാരിച്ചിരുന്ന മാൎത്താണ്ഡന്നു ഇപ്പോൾ ആ സ്ത്രീയെ കാണുന്നതു ദുസ്സഹമായിത്തീൎന്നു. കേവലം ഒരു ഭ്രാന്തന്റെ മട്ടിൽ അങ്ങുമിങ്ങും നടന്നു സമയം കഴിച്ചുകൂട്ടി.

ഭൎത്താവിന്നു എന്തോ സുഖക്കേടിന്നു വഴിയുണ്ടായിട്ടുണ്ടെന്നു സുനീതിക്കു മനസ്സിലായപ്പോൾ വിവരം അദ്ദേഹത്തോടു ചോദിച്ചറിവാൻ തീൎച്ചയാക്കി.

സുനീതി— പ്രാണനാഥാ, അങ്ങയെ ഒരു ദിവസം ഒരിക്കൽകൂടി എനിക്കു കാണ്മാൻ തരമില്ലാതെയായിരിക്കുന്നുവല്ലൊ. എപ്പോഴും ഉന്മേഷത്തോടുകൂടിയിരുന്ന അങ്ങുന്ന് അല്പദിവസമായിട്ടു വല്ലായ മൌഢ്യത്തോടുകൂടിയിരിക്കുന്നുവല്ലൊ. കാരണം അറിയാത്തതിനാൽ എനിക്കു വളരെ സുഖക്കേടുണ്ട്. എന്തായാലും എന്നോടു പറവാൻ മടിക്കരുതെ.

മാൎത്താണ്ഡൻ പല വ്യാജകാരണങ്ങളും സുനീതിയെ പറഞ്ഞുകേൾപ്പിച്ചു. എന്നാൽ അവയിൽ ഒന്നും ആ സ്ത്രീക്കു തൃപ്തികരമായിതോന്നിയില്ല. ഭൎത്താവിന്നു സുഖക്കേടുണ്ടാവത്തക്ക വല്ല തെറ്റും താൻ ചെയ്തിട്ടുണ്ടായിരിക്കുമോ എന്നു വളരെ നേരം ആലോചിച്ചിട്ടും ഒന്നും തോന്നിയില്ല.

ഭൎത്താവിൻെറ തന്നോടുള്ള സ്നേഹം ക്രമേണ കുറഞ്ഞുവരുന്ന തു സുനീതിക്കു മനസ്സിലായി. ആ സ്ത്രീ വലിയ ആധിയിൽപെട്ടു. ഒരു ദിവസം കുരുക്കണ്ണൻെറ ഭാൎയ്യയുമായി സംസാരിക്കുമ്പോൾ ആ സ്ത്രീ ഇങ്ങിനെ പറഞ്ഞു.

സുനീതി— എൻെറ ഭൎത്താവിനെപ്പറ്റി എന്താണ പറയേണ്ടത എന്ന എനിക്ക നിശ്ചയമില്ല. അദ്ദേഹത്തിന്ന എൻെറ നേരെ ഗാഢമായ പ്രേമമുണ്ടായിരുന്നു. അല്പദിവസമായിട്ട സ്വഭാവം വളരെ മാറീട്ടുള്ളതായിതോന്നുന്നു. ഞാൻ യാതൊരു തെറ്റും ചെയ്തിട്ടുള്ളതായി ഓൎക്കുന്നില്ല. മാതാപിതാക്കന്മാരുടെ ഇഷ്ടത്തിന്ന വിപരീതമായി ധനം, പ്രായം, രൂപം, വിദ്യ എന്നിവകൊണ്ടു യോജിക്കാത്തവരെ വിവാഹംകഴിക്കുന്നത മനോദുഃഖത്തിന്നുള്ള മാൎഗ്ഗമാണെന്ന ഞാൻ നിമിത്തം മറ്റു സ്ത്രീകൾക്കു മനസ്സിലാക്കുവാൻ സംഗതിവരുമോ എന്ന ഞാൻ ഭയപ്പെടുന്നു. നിങ്ങളുടെ ഭൎത്താവ അദ്ദേഹത്തിൻെറ ആത്മസ്നേഹിതനാണ. അവർ തമ്മിൽ ആലോചിച്ചല്ലാതെ യാതൊന്നും പ്രവൃത്തിക്ക പതിവില്ല. നിരസത്തിന്നുള്ള വല്ല കാരണവും നിങ്ങൾക്കറിവുണ്ടെങ്കിൽ എന്നോട പറഞ്ഞുതരണം. നിൎഭാഗ്യയും അനാഥയുമായ എനിക്ക വന്നുചേരുന്ന അനൎത്ഥങ്ങൾ ഒഴിച്ചുകളവാൻ മറ്റാരുമില്ല.

ചതിപ്രയോഗങ്ങളെപ്പറ്റി കുരുക്കണ്ണൻ ഭാൎയ്യയോട പറഞ്ഞിട്ടുണ്ടായിരുന്നതിനാൽ വിവരങ്ങൾ ആ സ്ത്രീക്കറിവുണ്ടായിരുന്നു. എങ്കിലും നിൎദ്ദയനും ഭയങ്കരമൂൎത്തിയുമായ ഭൎത്താവിനോടുള്ള ഭയം കൊണ്ട യാതൊന്നും പുറത്തു പറവാൻ ധൈൎയ്യമുണ്ടായില്ല. തനിക്ക മോശംവരാത്ത വിധത്തിൽ സുനീതിയെ സഹായിക്കേണമെന്ന തീൎച്ചയാക്കീട്ട “ഭൎത്താവിന്ന സംശയം ജനിപ്പാൻ സംഗതിവരുത്തരുത. നിങ്ങൾ ആന്തരമായി അദ്ദേഹത്തെ സ്നേഹിക്കുന്നുണ്ടെന്ന വിശ്വാസം തോന്നിപ്പിക്കണം” എന്നുമാത്രം മറുപടി പറഞ്ഞു.

ഉറുമാൽ ശൈനോയൻെറവക്കൽ കാണുന്നപക്ഷം കാൎയ്യം ശരിയാണെന്നുള്ളതിന്ന വാദമില്ലെന്ന മാൎത്താണ്ഡൻ മുമ്പുതന്നെ തീൎച്ചപ്പെടുത്തിട്ടുണ്ടല്ലൊ. അതുകൊണ്ട ആ കാൎയ്യം തീൎച്ചപ്പെടുത്ത

കൊടുക്കേണമെന്ന കരുകണ്ണനോടു പറഞ്ഞപ്പോൾ പ്രയാസമുണ്ടെന്നും കഴിയുന്നത ഉത്സാഹിക്കാമെന്നല്ലാതെ ഉറപ്പുപറവാൻ തരമില്ലെന്നും അയാൾ മറുവടിപറഞ്ഞു.

സുനീതിയുടെ കഷ്ടകാലം മൂൎദ്ധന്യത്തിലെത്തിയിരുന്നുകൊണ്ടു കരുകണ്ണന്റെ യത്നങ്ങളെല്ലാം അനായാസേന ഫലിച്ചു. മൈക്കേനോയന്റെ വീട്ടിലുണ്ടായിരുന്ന ഒരു സ്ത്രീക്കു തയ്യൽപണിയിൽ നല്ല വിശേഷതയുണ്ടായിരുന്നു. സുനീതിയുടെ ഉറുമാൽ കണ്ടപ്പോൾ ആ സ്ത്രീക്കു അതിന്മേൽ അതിയായ പ്രേമം തോന്നിയതുകൊണ്ടു ഉടമസ്ഥനു മടക്കികൊടുക്കുന്നതിന്നുമുമ്പ അതുപോലെ ഒന്നു തൈച്ചുണ്ടാക്കേണമെന്നു തീൎച്ചയാക്കി. ഉറുമാൽ എടുത്തു കാളികയുടെ മുകളിൽ പോയി ഒരു ജനവാതിലിന്നരികെ ഇരുന്നു തുന്നൽപ്പണി ആരംഭിച്ചു. വീട്ടിന്നരികെക്കൂടിയുള്ള പാതയിൽകൂടി കരുകണ്ണൻ പോകുമ്പോൾ ഉറുമാൽ ജാലകത്തിന്റെ അഴിമേൽ തൂക്കിയിട്ടിരിക്കുന്നതുകണ്ടു. ഇതുതന്നെയാണ നല്ല അവസരമെന്നു തീൎച്ചയാക്കി ഉടനെ പോയി മാൎത്താണ്ഡനെ കൂട്ടിക്കൊണ്ടു ആ സ്ഥലത്തേക്കു ചെന്നു, ഉറുമാൽ കാണിച്ചുകൊടുത്തു. അവിടെ കണ്ടതു താൻ സുനീതിക്കു കൊടുത്ത ഉറുമാൽതന്നെയാണെന്നബോദ്ധ്യമായപ്പോൾ തന്റെ ഭാൎയ്യ ഒരു കുലടയാണെന്നു വിചാരിച്ചതിൽ ഒട്ടും സന്ദേഹിപ്പാനില്ലെന്നു പൂൎണ്ണബോദ്ധ്യമായി.

തന്റെ ശത്രുക്കളായ സുനീതിക്കും മൈക്കേനോയന്നും മരണത്തിൽ കുറഞ്ഞ ഒരു ശിക്ഷ കൊടുത്താൽ പോരെന്നു തീൎച്ചയാക്കി. മൈക്കേനോയനെ കൊല്ലേണ്ടുന്ന ഭാരം അയാൾ ഏല്ക്കേണമെന്നും അങ്ങിനെ ചെയ്താൽ ആ ഉപകാരത്തിന്നു താൻ ആജീവനാന്തം നന്ദിയുള്ളവനായിരിക്കുന്നതാണെന്നും കരുകണ്ണനോടു പറഞ്ഞപ്പോൾ അപായകരമായ ആ പ്രവൃത്തിക്കു താൻ ആളല്ലെന്നു അയാൾ മറുവടിപറഞ്ഞുവെങ്കിലും അനവധി സമ്മാനങ്ങൾ കൊടുത്തു വീണ്ടും അപേക്ഷിച്ചപ്പോൾ അയാൾ ഒരുവിധം സമ്മതിച്ചു. മൈക്കേനോയൻ മിക്കദിവസങ്ങളിലും ഒരു വേശ്യാഗൃഹത്തിൽ പോയി അവിടെനിന്നു അൎദ്ധരാത്രി മടങ്ങിപ്പോരുന്ന പതിവുണ്ടെന്നു കരുകണ്ണനു വിവരമുണ്ടായിരുന്നു. അങ്ങിനെ വരുന്നവഴിക്കു അയാളു

ഒടുക്കം കഴിപ്പാൻ തീർച്ചയാക്കി. ഒരു ദിവസം കൂരിരുട്ടത്ത വഴിയിൽ കാത്തിരുന്നു. ചെല്ലപ്പാട്ടും പാടിക്കൊണ്ടു വരുന്നതു മൈനേയരുടെ ശബ്ദമാണെന്നു തോന്നി. ശബ്ദംകേട്ടപ്പോൾ കരുകണ്ണന്റെ മനസ്സിളകി. ഉറയിൽനിന്നു വാളൂരി വെട്ടാൻ ഒരുങ്ങിനിന്നു. അടുത്തെത്തിയെന്നു കണ്ടപ്പോൾ കാലിന്നൊരു വെട്ടുകൊടുത്തു. വെട്ടുകൊണ്ടപ്പോൾ മൈനേയർ മറിഞ്ഞുവീണു. ഉടനെ കഥകഴിക്കണമെന്നുവെച്ചു കരുകണ്ണൻ അടുത്തു. ഇരുട്ടിന്റെ ശക്തി മൈനേയരെ രക്ഷിച്ചു. മൈനേയർ വേദനയിൽ എഴുന്നേറ്റു നിലവിളിച്ചുകൂട്ടിയപ്പോൾ കരുകണ്ണൻ ഓടിപ്പോയി. "സഹായിപ്പിൻ! സഹായിപ്പിൻ!" എന്നു ഉറക്കെ നിലവിളിച്ചു പറയുന്നതു കേട്ടു പലരും ഓടിയെത്തി. കുറെ ദൂരം പോയതിന്നുശേഷം ശബ്ദംകേട്ടു പുറപ്പെട്ടതാണെന്നുള്ള നാട്യത്തോടു കൂടി കരുകണ്ണനും അവിടെ വന്നുചേർന്നു. മറ്റുള്ളവരോടൊന്നിച്ചു മൈനേയരുടെ അടുക്കൽ ചെന്നു അയാളുടെ കാലിൽപ്പറ്റിയ മുറി സൂക്ഷ്മമായി പരിശോധിച്ചു. കുറെനേരം ഉറക്കെ ... ആലോചിച്ചു സ്വല്പനേരം ഒന്നിന്മേലിന്നും ഒരു സമയം ആ മുറികൊണ്ടു ആയാൾ മരിക്കാൻ ഇടയുണ്ടെന്നു മാത്രം സമാധാനിച്ചു. കരുകണ്ണനു മൈനേയരുടെ കച്ചവടത്തിൽ മാത്രമേ സന്തോഷമായിട്ടുള്ളൂ. എന്നാൽ മറ്റുള്ളവരെ ബോധിപ്പിക്കേണ്ടതിന്നു വേണ്ടി വളരെ ക്ഷണിയാവുന്നെന്നു നടിച്ചു കണ്ണിൽനിന്നു കണ്ണുനീർ തുള്ളികളും ആവിധത്തിൽ പുറപ്പെടുവിച്ചു.

മൈനേയരെ ആരോ വെട്ടി മുറിവേല്പിച്ചിരിക്കുന്നുവെന്നുവിവരം പിറ്റേന്നാൾ രാവിലെ നാടൊക്കെ പരന്നു. വിവരംകേട്ടപ്പോൾ സുശീലക്ക വളരെ വ്യസനം തോന്നി. വ്യസനം പുറത്തുകാണിക്കുന്നതു തനിക്കു ഉചിതമാണെന്നാലോചിപ്പാൻ അവകാശമില്ലാത്തതിനാൽ ആ സാധുസ്ത്രീ സ്വഭാവകോപത്തെപ്പറ്റി പലരോടും പ്രസ്താവിച്ചു. മാതാപിതാക്കൾ സുശീലയുടെ നേരെയുള്ള കോപം വർദ്ധിക്കയും മൈനേയരെ വെട്ടിയതാരെന്നാലോചിച്ചു സുശീലക്കു ഭ്രാന്തായിരിക്കുന്നുവെന്നു കരുകണ്ണനോടു പറകയും ചെയ്തു. കരുകണ്ണൻ ഇതുകേട്ടപ്പോൾ ഇങ്ങിനെ പറഞ്ഞു.

കരുകണ്ണൻ— അങ്ങിനെയല്ലാതെ വരാൻ തരമുണ്ടോ? സുനീതിയുടെ ആത്മാവും ദേഹവും ശൈത്താന്റെയതല്ലെ.

മാർത്താണ്ഡൻ— അവളുടെ ആത്മാവും ദേഹവും ശൈത്താന്റെയതാണോ? ആകട്ടെ എന്നാൽ ആത്മാവിനെ ദേഹത്തിൽനിന്നു വേർപെടുത്താനുള്ളവൻ ഞാനായിക്കളയാം. അവളെ ഇനി ജീവിച്ചിരിപ്പാൻ സമ്മതിക്കുന്നത എന്റെ പൌരുഷത്തിന്ന് ഇളിച്ചിലാണ. അതുകൊണ്ട എതുവിധത്തിലാണ് അവളുടെ ജീവനാശം വരുത്തേണ്ടതെന്നുതന്നെ ആലോചിച്ചുറക്കണം. വിഷംകൊടുക്കുന്നതായാൽ അവൾക്ക ബുദ്ധിമുട്ടാതെ മരിക്കാം. ഈവക കുലടകളെ അങ്ങിനെ മരിപ്പാൻ സമ്മതിക്കുന്നത പാപമാണ. മൂർച്ചയുള്ളൊരു കട്ടാരം ഹൃദയത്തിന്ന നേരേ താഴ്ത്തിക്കളയാം. കിടന്ന പിടയട്ടേ!

കരുകണ്ണൻ— അങ്ങുന്നാലോചിക്കുന്നതൊന്നും തരക്കേടില്ല. പക്ഷെ അങ്ങിനെ ചെയ്യുന്നതായാൽ നമ്മളും ശിക്ഷക്കു പാത്രമാവുന്നതാണ. അതുകൂടാതെ കഴിക്കേണ്ടതല്ലെ. ഞാൻ ഒരു മാർഗ്ഗം ഉപദേശിക്കാം. അത തരക്കേടില്ലെന്ന തോന്നുന്ന പക്ഷം അങ്ങിനെ ചെയ്യുന്നതാണ നല്ലത. ഒരു മുണ്ടിൽ മണൽ നിറച്ച ആ കിഴികൊണ്ട നല്ല പ്രഹരം കൊടുത്താൽ മതി. ഈവിധമാണ മരിച്ചതെന്നറിവാൻ ദേഹത്തിൽ യാതൊരടയാളവും കാണുന്നതല്ല. മരിച്ചതിന്ന ശേഷം ഒരു കിടക്കയിൽകിടത്തി വീട്ടിന്റെ തട്ട ഒരു ഭാഗം വലിച്ച തലമേൽ വീഴ്ത്തിയാൽ തലക്ക ചതവുപറ്റും. അങ്ങിനെ മരിച്ചുവെന്ന എല്ലാവരും വിശ്വസിക്കുകയും ചെയ്യും. വീട്ട നന്നെ പഴക്കമുള്ളതാകയാൽ തട്ട വലിച്ച വീഴ്ത്തുവാൻ എളുപ്പത്തിൽ കഴിയുന്നതാണ.

ഉപദേശപ്രകാരം ചെയ്വാൻ മാർത്താണ്ഡൻ സമ്മതിച്ചു. വേണ്ടുന്ന എല്ലാ ഏർപ്പാടുകൾ ചെയ്തതിന്ന ശേഷം കാര്യം നടത്തേണ്ടതിന്ന ദിവസവും ഉറച്ചു. അന്ന കരുകണ്ണൻ ഗോപ്യമായിട്ട മാളികയുടെ മുകളിൽ മാർത്താണ്ഡനും ഭാര്യയും കിടക്കുന്ന മുറിക്കരികെ ഇരുന്നിട്ടുണ്ടായിരുന്നു. ദമ്പതിമാർ മുറിയിൽപോയി കിടപ്പായ ഉടനെ കരുകണ്ണൻ ഒരു ശബ്ദം പുറപ്പെടുവിച്ചു. ശബ്ദംകേട്ട ഉടനെ അതെന്താണെന്ന നോക്കിവരുവാൻ മാർത്താണ്ഡൻ സുനീതി

യോടു പറഞ്ഞു. ഭർത്താവിന്റെ ആജ്ഞപ്രകാരം സുനീതി ഉടനെ ഒരു വിളക്കും കത്തിച്ചുകൊണ്ട് അന്വേഷിപ്പാൻ പുറപ്പെട്ടു. അല്പദൂരെയുള്ള ഒരു മുറിയിലേക്കു കടന്നപ്പോൾ കള്ളകണ്ണൻ ഉടനെ ആ സാധുസ്ത്രീയുടെ കഴുത്തിൽ പിടിച്ചു മണൽകിഴികൊണ്ടു പ്രഹരിപ്പാൻ തുടങ്ങി. രണ്ടുമൂന്നടികൊണ്ടപ്പോൾ സുനീതി ശ്വാസമെടുപ്പാൻ കൂടിവയ്യാതായി നിലത്തുവീണു കിടന്ന കിടപ്പിൽ "രക്ഷിക്കണെ" എന്നശബ്ദാക്ഷരത്തോടുകൂടി ഭർത്താവിന്റെ പേർ വിളിച്ചു നിലവിളിച്ചു. മാർത്താണ്ഡൻ പെട്ടെന്നു ഭാര്യയെ നോക്കി "ഭർത്താവിനെ സ്നേഹിക്കാതെ ദുർവൃത്തികളിൽ പ്രവേശിക്കുന്ന നിന്നെപ്പോലെയുള്ള കുലടകൾക്കു ഇതുതന്നെയാണ് ഫലം. ജാരനായവൻ വന്നുരക്ഷിക്കട്ടെ. അവനെ വിളിച്ചു നിലവിളിക്കു" എന്നു പറഞ്ഞു. ഇതിനിടക്കു കള്ളകണ്ണൻ പിന്നെയും അടിച്ചു. മരണം നേരിടുമെന്നറിഞ്ഞപ്പോൾ സുനീതി കണ്ണുമിഴിച്ചു ഭർത്താവിന്റെ മുഖത്തു നോക്കി "എന്റെ പരമാർത്ഥം ദൈവം അറിയട്ടെ" എന്നുമാത്രം പറഞ്ഞ ഉടനെ കള്ളകണ്ണൻ രണ്ടടികൂടി കൊടുത്തപ്പോൾ ആ നിർദ്ദോഷിയായ സ്ത്രീരത്നം പരലോകം പ്രാപിച്ചു.

നിശ്ചയിച്ചപ്രകാരമെല്ലാം ചെയ്തതിനുശേഷം മാർത്താണ്ഡൻ ഉറക്കെ മുറവിളികൂട്ടി. നിലവിളി കേട്ടവരെല്ലാം അവിടെ ഓടിയെത്തി. സുനീതിയുടെ സ്വഭാവഗുണത്തെപ്പററി വിവരമില്ലാത്തവർ വളരെ പുതുകമായിരുന്നതിനാൽ എല്ലാവർക്കും നിസ്സാരമായ വ്യസനം തോന്നി. ഗുണദോഷങ്ങളെ ശരിയായി കണ്ടറിയുന്ന ദൈവം ഈ സാഹസകൃത്യം ചെയ്ത പാപികളെ വെറുതെ വിടില്ല. പ്രേമഭാജനമായിരുന്ന സുനീതിയുടെ മരണാനന്തരം മാർത്താണ്ഡന്റെ ബുദ്ധിക്കു യാതൊരു സ്ഥിരതയും ഇല്ലാതായിത്തീർന്നു. ഭാര്യയെ തന്റെ ആവശ്യപ്രകാരം കള്ളകണ്ണൻ കൊന്നുവെന്നുള്ള കഥ മറന്ന് ആ സാധുസ്ത്രീയെ തിരഞ്ഞു വീട്ടിൽ അങ്ങുമിങ്ങും നടപ്പാൻ തുടങ്ങി. ഇടക്കിടക്കു സ്വസ്ഥബുദ്ധിയുണ്ടാവുമ്പോൾ വാസ്തവമായി സംഭവിച്ച വർത്തമാനങ്ങൾ ഓർമ്മവന്നിരുന്നു. ഇങ്ങിനെ ഒരിക്കൽ സ്വന്തം സ്വബോധത്തെ ഇല്ലാതാക്കിചെയ്തു തന്റെ ബുദ്ധി ചിത്തഭ്രമമായിത്തീർന്ന കള്ളകണ്ണന്റെ നേരെ വലിയ വെറുപ്പും താൻ ചെയ്ത സാഹസകൃത്യത്തെ

പ്പററി പശ്ചാത്താപവും തോന്നി. കരുകണ്ണനു തന്റെ കൂട്ടാരത്തിന്ന ഇരയാക്കിത്തീൎപ്പാൻ മനസ്സുണ്ടായിരുന്നെങ്കിലും പിശാചപുരത്തിലെ നിയമകാഠിന്യത്തെപ്പററിയുള്ള ഭയംകൊണ്ടു അതിന്ന ധൈൎയ്യമുണ്ടായില്ല. ഉടനെതന്നെ അയാളെ ഉദ്യോഗത്തിൽനിന്ന പിരിച്ചു. അന്നുമുതല്ക്കു മാൎത്താണ്ഡനും കരുകണ്ണനും തമ്മിൽ നീരസം തുടങ്ങി. മാൎത്താണ്ഡന്റെ കഥ ഉടനെ കഴിക്കാഞ്ഞാൽ കാൎയ്യമെല്ലാം വെളിപ്പെട്ടുമെന്നും അതുനിമിത്തം തനിക്കു അനൎത്ഥം നേരിടുമെന്നും ഓൎത്ത് അതിന്നുള്ള മാൎഗ്ഗങ്ങളെപ്പററി കരുകണ്ണൻ ആലോചിപ്പാൻ തുടങ്ങി. കാൎയ്യങ്ങളെല്ലാം ആലോചിച്ചുറച്ച ശൈരേയന്റെ അടുക്കൽപ്പോയി അയാളോടിങ്ങിനെ പറഞ്ഞു.

കരുകണ്ണൻ— സ്നേഹിതാ, നിങ്ങളെ മൂകനാക്കിത്തീൎത്ത മഹാ പാപിയോട നിങ്ങൾ പ്രതിക്രിയയൊന്നുമാതെ ഇരിക്കുന്നതിൽ എനിക്കു അത്ഭുതം തോന്നുന്നു. വൈരികളോട പ്രതിക്രിയ ചെയ്യാതിരിക്കുന്നത പുരുഷധൎമ്മമാണൊ. എന്റെ നിഷ്കളങ്കമായ സ്നേഹശക്തി നിങ്ങളറിയുന്നില്ലെന്ന തീൎച്ചയാണ. നിങ്ങളെ ദ്രോഹിച്ച മഹാപാപിയാരാണെന്നന്വേഷിച്ചറിവാൻ ഞാൻപെട്ടപാട നിങ്ങളറിയുന്നുണ്ടോ. ആളെ സൂക്ഷ്മമായി അറിഞ്ഞിട്ടാണ ഞാനിപ്പോൾ ഇങ്ങോട്ടുപോന്നത. ഇനിയെങ്കിലും പകരം ചോദിക്കാതിരിക്കുന്നത ഭോഷത്വമാണ. അതുകൊണ്ടു ഉടനെ എന്റെ കൂടെ വന്നാൽ ഞാൻ ആളെ പറഞ്ഞുതരാം. ഇവിടെ വെച്ചു ഞാൻ പേരുപോലും പറകയില്ല.

ശൈരേയൻ— എനിക്കവേണ്ടി ഇത്രബുദ്ധിമുട്ടിയ നിങ്ങളോട ഞാൻ എങ്ങിനെയാണ നന്ദിപറയേണ്ടത എന്നറിയുന്നില്ല. ആളെ അറിയാഞ്ഞതിനാൽ ഞാൻ പ്രതിക്രിയയൊന്നും ചെയ്യാഞ്ഞതാണ. നിങ്ങൾ സഹായിക്കുന്നതായാൽ ഞാൻ ഏതുചെയ്യാനും ഒരുക്കമാണ.

അവർ രണ്ടുപേരുംകൂടി ഉടനെ പിശാചപുരത്തിലേക്കു പുറപ്പെട്ടു. അവിടെ എത്തിയപ്പോൾ ശൈരേയന്റെ ശത്രു മാൎത്താണ്ഡനാണെന്നും അയാൾ ഭാൎയ്യയുമായി സഹവാസമുണ്ടെന്ന സംശയിച്ച [illegible] ഇരുവരേയും കൊല്ലേണമെന്ന തീൎച്ചയാക്കിയതാണെന്നും സ്വാമി

തിയെ മാൎത്താണ്ഡൻ അടിച്ചുകൊന്നതിന്നുശേഷം മറുവിധത്തിൽ പറഞ്ഞതാണെന്നും കരുകണ്ണൻ അയാളോട പറഞ്ഞുകൊടുത്തു. തന്നെ ദ്രോഹിച്ചിട്ടുണ്ടെങ്കിലും സൈരേന്ദ്രയൻ മാൎത്താണ്ഡന്റെനേരെയുള്ള ഭയംകൊണ്ടു കുറച്ചു വഴങ്ങിയിരുന്നു. എന്നാൽ സുനീതിയെ മാൎത്താണ്ഡൻ കൊന്നതാണെന്നു കേട്ടപ്പോഴുണ്ടായ കോപംകൊണ്ടും കരുകണ്ണന്റെ സാമൎത്ഥ്യത്തിന്റെ ശക്തികൊണ്ടും സൈരേന്ദ്രയൻ ഉടനെ ഭരണകൎത്താക്കന്മാരുടെ അടുക്കൽ പോയി സകലം പറഞ്ഞു. കാൎയ്യം തെളിയിക്കുന്നതിന് അയാൾ കരുകണ്ണനെ സാക്ഷികൊടുത്തു. കരുകണ്ണന്റെ യുക്തിയോടുകൂടിയ വാക്കിൽ വിശ്വപുരത്തിലെ നീതിഭരണകൎത്താക്കന്മാൎക്ക് വിശ്വാസംതോന്നി. എത്രതന്നെ ശ്രമിച്ചിട്ടും മാൎത്താണ്ഡനെക്കൊണ്ട കുറ്റം സമ്മതിപ്പിപ്പാൻ സാധിച്ചില്ല. കുറ്റസമ്മതം കൂടാതെ മരണശിക്ഷ കൊടുപ്പാൻ നിയമം സമ്മതിക്കാത്തതിനാൽ മാൎത്താണ്ഡനെ കുറെക്കാലം തടവിൽ വെച്ചതിന്നുശേഷം അദ്ദേഹത്തെ ജീവപൎയ്യന്തം നാടുകടത്തി. സൈന്യനായകനായി പ്രതാപത്തോടു കൂടികഴിഞ്ഞിരുന്ന മാൎത്താണ്ഡൻ അഗതിയായി കുറെക്കാലം ഉഴന്നുനടന്നതിന്നുശേഷം ഒരു ദിവസം സുനീതിയുടെ ഒരു ചാൎച്ചക്കാരനായ ഒരാളുമായി അടിപിടികൂടി. ആ കലഹത്തിൽ അയാൾക്ക മരണംനേരിട്ടു.

കരുകണ്ണൻ ശത്രുക്കളെ ഓരോരുത്തരെയായി യമപുരത്തേക്കയച്ചു. ഇനിയും അയാൾ ചതിപ്രയോഗങ്ങൾ നിൎത്തിയില്ല. കുറേക്കാലം കഴിഞ്ഞപ്പോൾ അയാൾ ഒരു സ്നേഹിതന്റെ പേരിൽ കളവുകുറ്റം ചുമത്തി. കരുകണ്ണന്റെ സ്നേഹിതൻ കുറ്റം സമ്മതിക്കുന്നില്ലെന്നുകണ്ടപ്പോൾ ഒരുസമയം അയാൾ നിൎദ്ദോഷിയായിരിക്കുമോയെന്ന സംശയിച്ചു യോദ്ധാക്കന്മാർ കരുകണ്ണന്റെ നേരെ തിരിഞ്ഞടുത്തു. അയാൾ കള്ളംപറഞ്ഞതാണെന്ന ബോദ്ധ്യംവന്നതിനാൽ നല്ല പ്രഹരംകൊടുത്തു. പ്രഹരംകൊണ്ടിട്ടു കരുകണ്ണന്റെ എല്ലുകൾ നുറുങ്ങി. അല്പദിവസം കഴിഞ്ഞപ്പോൾ അയാൾ മരിച്ചു. നിൎദ്ദോഷിയും സാധുവുമായ സുനീതിയെ കൊന്നവൎക്ക് തക്കതായ ദൈവശിക്ഷ കിട്ടിയെന്ന കാണുന്നതിൽ

ഷ്ടാനു സന്തോഷമുണ്ടാവാത്തതു! ഭയങ്കരമൂർത്തിയായ കൃഷ്ണ
ന്റെ മരണാനന്തരം അയാളുടെ രാജ്യം പറഞ്ഞിട്ടാണു വാസ്തവം
എല്ലാവർക്കും മനസ്സിലായത.

“ ശത്രുദുസ്സഹം, പരമദയ, വിരഹാസമെന്നീവണ്ണമോ
ഷോത്താൽ സത്താംവിള്ളനിലമതാനൃന്ദരാംഗീന്യനിതിം
മാത്താണ്ഡനൊർത്തൻ കാരാതമാകോപമതിനാത്താഴ്മാകി
ത്തീർത്താരെത്രഹന്ത്രികെനിധിതൻവൃത്തമത്യന്തകഷ്ടം !!”

കെ. അപ്പുനായർ. ബി. എ.

ഒരു മറുവടി.

(മയൂരസന്ദേശം)

കഴിഞ്ഞ ലക്കത്തിലെ രസികരഞ്ജിനിയിൽ “മയൂരസന്ദേശം” എന്ന പുസ്തകത്തെപ്പറ്റി ഞാനെഴുതിയ ഒരു ലേഖനത്തെ ആക്ഷേപിച്ചുകൊണ്ടു കെ. രാമകൃഷ്ണപിള്ള അവർകൾ ഏഴാമത്തിലെ ലക്കത്തിൽ എഴുതിയ ലേഖനം ഞാൻ വളരെ രസത്തോടെ വായിച്ചു. എന്റെ ലേഖനം ഒരാളെങ്കിലും ഇത്ര ശ്രദ്ധവെച്ചു വായിച്ചിട്ടുണ്ടെന്നു കാണുമ്പോൾ മനസ്സിനു അല്പമായ കൃതാർത്ഥതയുണ്ടു. പക്ഷെ രാമകൃഷ്ണപിള്ള അവർകൾ ദയചെയ്തു കുറേകൂടി ശ്രദ്ധ എന്റെ ലേഖനത്തിനു കൊടുത്തിരുന്നുവെങ്കിൽ അദ്ദേഹം എഴുതിയ ലേഖനം ഈ വിധത്തിലാവില്ലായിരുന്നു. നല്ല ലേഖകന്മാരുടെ കൂട്ടത്തിൽ കെ. രാമകൃഷ്ണപിള്ള അവർകളുടെ പേരു കേൾക്കുവാൻതുടങ്ങീട്ടു കുറച്ചുകാലമായി. അതുകൊണ്ടു അദ്ദേഹം എന്റെ ലേഖനത്തെപ്പറ്റി ആക്ഷേപിച്ചിട്ടുണ്ടെന്നു അറിഞ്ഞപ്പോൾ ആ ആക്ഷേപത്തിൽനിന്നു പലതും ഗ്രഹിക്കുവാനുണ്ടാകുമെന്നായിരുന്നു എനിക്കു ആദ്യത്തിലുണ്ടായ വിചാരം. എന്നാൽ ലേഖനം വായിച്ചപ്പോൾ എന്റെ ആ വിചാരത്തിനു വളരെ ഭംഗംവന്നുപോയി. രാമകൃഷ്ണപിള്ള അവർകൾ ചെയ്ത ആക്ഷേപങ്ങൾക്കു യാതൊന്നും സമാധാനം പറ

ഭേദതിക്കുന്ന വിചാരിച്ചിട്ടായിരുന്നു ഞാൻ ഇതുവരെ സ്വസ്ഥനായിരുന്നതു. ഇപ്പോഴാം തന്നെ എന്റെ ചില സ്നേഹിതന്മാർ പറഞ്ഞില്ലെങ്കിൽ ഞാൻ ഈ ലേഖനം എഴുതില്ലായിരുന്നു.

രാമക്കുറുപ്പുപിള്ള അവർകൾ എന്റെ ലേഖനത്തിലുള്ള ആക്ഷേപങ്ങളുടെ "അനൌചിത്യത്തെയും അസംബന്ധതയേയും" ചൂണ്ടികാണിക്കുന്നകൂട്ടത്തിൽ പ്രധാനമായി പറഞ്ഞിരിക്കുന്നതു, കുഞ്ഞികൃഷ്ണമേനോനവർകളുടെ വ്യാഖ്യാനം എല്ലാവ്യാഖ്യാനങ്ങളുടെയും പ്രഥമോദ്ദേശ്യമായ കാവ്യാൎത്ഥവിശദീകരണം സാധിക്കുന്നുണ്ടെന്നും, അതുകൊണ്ടു അതിനെപ്പറ്റി ഞാൻ പറഞ്ഞതു ശരിയായിട്ടില്ലെന്നുമാണ്. ഈ സംഗതി പറയുന്ന അവസരത്തിൽ മേൽപറഞ്ഞ വ്യാഖ്യാനം വായിക്കുവാനുള്ള അധികാരികൾ ഇന്നവരാണെന്നും അവരുടെ ലക്ഷണമിന്നതാണെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതിന്റെശേഷം പ്രസ്തുത പുസ്തകത്തിലെ സംസ്കൃതശ്ലോകങ്ങളുടെ അച്ചടിയിലുള്ള തെറ്റുകളെപ്പററി ഞാനാക്ഷേപിച്ചതു വളരെ അസംബന്ധമായിരിക്കുന്നു എന്നുമാണ് അദ്ദേഹം പറഞ്ഞിരിക്കുന്നതു. ഈ സംഗതികളെപ്പററിത്തന്നെ ആകുന്നു ഞാൻ ഈ ലേഖനത്തിൽ പറയുവാൻ പോകുന്നതു്. മേൽപറഞ്ഞ സംഗതികളിൽവെച്ചു ഏററവും പ്രധാനമായതു ഒന്നാം പറഞ്ഞതാകുന്നു. ഏതിനും അതിനെപ്പററി അല്പം അധികം പറയുവാനുള്ളതുകൊണ്ടു് അതു ഒടുവിലേക്കു നീട്ടിവെച്ചുംകൊണ്ടു മറെറല്ലാസംഗതികളേയും പറയട്ടെ.

കുഞ്ഞികൃഷ്ണമേനോനവർകളുടെ വ്യാഖ്യാനം വായിക്കുവാനുള്ള അധികാരികളെപ്പററിപ്പറയുന്നേടത്തിൽ പിള്ള അവർകൾ ഇപ്രകാരം പറയുന്നു. "എന്നാൽ കുഞ്ഞികൃഷ്ണമേനോൻ അവർകൾ വ്യാഖ്യാനമെഴുതീട്ടുള്ളതു് പദാൎത്ഥജ്ഞാനം സിദ്ധിക്കാത്ത മന്ദപ്രജ്ഞന്മാൎക്കായിട്ടല്ലെന്നും സാമാന്യം പഠിത്തമുള്ളവൎക്കായിട്ടാണെന്നും അതിന്റെ സമ്പ്രദായം നമ്മെ ഗ്രഹിപ്പിക്കുന്നുണ്ടു്. വീരകേസരിയിൽ ഈ സന്ദേശങ്ങളെ വായിക്കുവാൻ പുറപ്പെടുന്നതിനു മുമ്പായി വേറെ ലഘുകാവ്യങ്ങൾ വായിച്ചു വാക്യങ്ങളെ അപഗ്ര

ഥിച്ച പദപരിച്ഛേദം ചെയ്ത് അത്ഥം മനസ്സിലാക്കി ഉപരിഗ്ര ന്ഥങ്ങൾ വായിക്കേണ്ടതിനുള്ള പടിവാതില്ക്കൽ എത്താറായിരുന്നു". ഇത രാമകൃഷ്ണപ്പിള്ള അവർകൾ വീരകേസരിക്കു കൊടുത്ത ഒരു മറുപടിയോ മറ്റോ ആണെങ്കിലും ഇതിൽനിന്ന പിള്ള അവർകൾ സാധാരണ മനുഷ്യരുടെ പഠിത്തം അത്ര തന്നെ മട്ടാക്കി മനസ്സിലാക്കാം. ചില ലഘുകാര്യങ്ങളെ പിള്ള അവർകൾ പറയുന്നപ്രകാരമൊക്കെ പഠിച്ച് മനസ്സിലാക്കി ഉപരിഗ്രന്ഥങ്ങൾ വായിക്കേണ്ടുന്ന പടിവാതില്ക്കൽ എത്തീട്ടുള്ളവരെ സാമാന്യ പഠിത്തക്കാരെന്ന പറയുന്നതായാൽ, ചില പ്രൌഢകാര്യങ്ങളെ പഠിച്ച് ശാസ്ത്രഗ്രന്ഥങ്ങൾ പഠിക്കുവാൻ ഉത്സുകരായിട്ടുള്ളവരെ അസാമാന്യ പഠിത്തക്കാർ എന്ന പറയേണ്ടിവരുമല്ലോ. മേൽപറഞ്ഞ പഠിത്തത്തിനപ്പുറമെ വല്ല ശാസ്ത്രത്തിന്റെയും ഒരു വക കടിച്ചിട്ടുള്ളവർ ഒരം തോതിൽ പിള്ള അവർകൾ എന്നുമ്പോഴാണ കൊള്ളുക? ഏതെങ്കിലും ഒരു ശാസ്ത്രത്തിൽവ്യുൽപത്തി തികഞ്ഞിട്ടുള്ള ഒരു വിദ്വാൻ പിള്ള അവർകൾക്കു ഒരു വാക് മനസ്സമാധാനമായിത്തന്നെ ഇരിക്കുമെന്നാണ എനിക്കു തോന്നുന്നത. പിള്ള അവർകൾ ഉപയോഗിക്കുന്ന അളവുകോൽ പ്രമാണമാണെന്ന, ശേഷമുള്ളവർ ഉപയോഗിക്കുന്ന മാനദണ്ഡം ഉപയോഗിക്കാത്തതുകൊണ്ട് ഞാൻ പിള്ള അവർകളെ തെറ്റുപറയുന്നില്ല. ആറാളോളം പൊക്കമില്ലാത്ത ഒരു ചോലപത്തനനാട്ടുകാരൻ സാധാരണ മനുഷ്യർ ഉപയോഗിച്ചുവരുന്ന മാനദണ്ഡങ്ങൾ ഉപയോഗിക്കുന്നില്ലെന്നുവെച്ച് അവനെ ആരെങ്കിലും തെറ്റുപറയുമാറുണ്ടോ ?

ഇനി പിള്ള അവർകളുടെ സാമാന്യ പഠിത്തക്കാർ നമ്മുടെ പ്രകൃതമായ സന്ദേശകാര്യങ്ങളെ എത്രത്തോളം മനസ്സിലാക്കുവാൻ കഴിയുമെന്ന വിചാരിക്കുക. ഈ വക ഗ്രന്ഥങ്ങളെ വായിക്കുവാനുള്ള പടിവാതില്ക്കൽ എത്തിയിട്ടുള്ള ഇവർ ബുദ്ധിമുട്ടി പടിവാതിൽ തുറന്ന അകത്തു കടന്നാൽ തന്നെ അന്യസഹായമില്ലെങ്കിൽ അവയുടെ പുറമെയുള്ള വല്ല ചിത്രപ്പണികളാലും ആപ്ലുതചി

ത്തന്മാരായോ, മരുഭൂമിയാത്രനകിടക്കുന്ന വല്ലതിനേലയുൾച്ചേർത്തു ദ്വാരത്തിൽ കൂടി കഷ്ടിച്ചുകാണാവുന്ന വല്ലപദാർത്ഥങ്ങളെയും കണ്ടു ഉള്ളിലുള്ളതെല്ലാം കണ്ടുഎന്നുവെച്ചു സന്തുഷ്ടന്മാരായോ തീരുന്നതല്ലാതെ മഹാകവി ഗ്രന്ഥമാതിവെച്ചിട്ടുള്ള വിലപിടിച്ച അവകാശ സമ്പത്തിനെയാകട്ടെ രസസമുദായസമൃദ്ധിയെയാകട്ടെ എടുത്തനുഭവിപ്പാൻ ശക്തന്മാരാകുമെന്ന തോന്നുന്നില്ല. ഇവരെ അർത്ഥവക്രമാർഗ്ഗങ്ങളിൽ കൂടി കൊണ്ടുപോയി അതാതരഹസ്യസ്ഥലങ്ങളിൽ വെച്ചിട്ടുള്ള രത്നവസ്തുക്കളെ കാട്ടിക്കൊടുത്ത അവയെ അനുഭവിക്കത്തക്കനിലയിൽ സഹായിക്കുകയാണല്ലോ വ്യാഖ്യാതാക്കന്മാരുടെ പ്രവൃത്തി. ഈ പ്രവൃത്തി കുഞ്ഞിക്കുട്ടമേനോൻ അവർകൾ തന്റെ വ്യാഖ്യാനംകൊണ്ടു സാധിക്കുന്നില്ല. മേൽപറഞ്ഞ തരക്കാർക്ക വേണ്ടിയാണ് ഈ വ്യാഖ്യാനമെഴുതിയിരിക്കുന്നതെങ്കിൽ അവർക്ക ആവശ്യമുള്ളതായും കാവ്യങ്ങളിൽ നിന്ന് ഗ്രഹിക്കേണ്ടുന്നതായും ഉള്ള സാധനങ്ങളെ വിവരിക്കുന്നതല്ലേ വ്യാഖ്യാനത്തിന്റെ ഉദ്ദേശം? ഓരോരോ ദേശചരിത്രങ്ങളെ പറയുക പ്രധാനമാക്കിപ്പിടിച്ച കാവ്യരസാനുഭവാദി വിട്ടുകളഞ്ഞിട്ടുള്ള ഈ വ്യാഖ്യാനം മേൽപ്പറഞ്ഞവർക്കു വേണ്ടിയാണെന്ന വിചാരിപ്പാൻ ന്യായംപോരാ. ചുരുക്കിപ്പറയുന്നതാണെങ്കിൽ, സാമാന്യ പഠിത്തക്കാർ എന്നുവെച്ചാൽ രാമക്കുറുപ്പിള്ള അവർകൾ പറയുന്ന വിധത്തിലുള്ളവരല്ല. അദ്ദേഹം പറഞ്ഞവിധത്തിലുള്ളവരാണെങ്കിൽ തന്നെ അവർക്കായി എഴുതുന്ന വ്യാഖ്യാനം ഈ വിധത്തിലല്ലാ വേണ്ടതും.

ഇനി പ്രകൃതപുസ്തകത്തിലെ സംസ്കൃത ശ്ലോകങ്ങളുടെ അച്ചിലുള്ള തെറ്റുകളേ പറ്റിയുള്ള എന്റെ ആക്ഷേപത്തെക്കുറിച്ച പിള്ള അവർകൾ പറഞ്ഞതു ഞാൻ പരിശോധിക്കട്ടെ. പുസ്തകത്തിൽ വളരെ തെറ്റുകളുണ്ടെന്ന പിള്ള അവർകൾക്കു ബോദ്ധ്യമാണ. എന്നാൽ ആ തെറ്റുകൾക്കു ഞാൻ ഗ്രന്ഥകർത്താവിനെ തെറ്റു പറഞ്ഞതാണുപോൽ അദ്ദേഹത്തിന്ന രസിക്കാത്തത്. പിള്ള അവർകളുടെ ലേഖനം മാത്രം വായിച്ചിട്ടുള്ളവർക്ക അദ്ദേഹം പറയുന്നത ശരിയാണെന്നതോന്നുവാൻ ഇടയുണ്ട്. എന്നാൽ അവർ ദയവുചെയ്തു എന്റെ ആദ്യത്തെ ലേഖനത്തിന്റെ ഒടുക്കത്തെ ഖ

ണ്ടാം ഒരു വായിച്ചുനോക്കുന്നതായാൽ എനിക്കു വളരെ ഉപകാരമായിരുന്നതാണ്. ഞാൻ അതിൽ ഗ്രന്ഥകൎത്താവിനെ തെറ്റുപറ്റുകളുണ്ടായിട്ടില്ലെന്നു മാത്രമല്ല "പ്രസാധകന്മാരെ" യാണു തെറ്റുപറയുന്നതെന്നു സ്പഷ്ടമായിപറഞ്ഞിട്ടുമുണ്ട്. അങ്ങിനെയിരിക്കെ പിള്ള അവർകൾ ഈവിധമെല്ലാം എഴുതിയതിന്റെ കാരണം മനസ്സിൽ ഒന്നുംകൂടി "പ്രസാധകന്" എന്ന പ്രസിദ്ധമായ പദത്തിന്റെ അൎത്ഥം അറിഞ്ഞുകൂടാഞ്ഞു, മുകളിൽ എന്റെ ലേഖനം മനസ്സിരുത്തിവായിക്കാഞ്ഞോ ഇതു രണ്ടിൽ ഒന്നാവാതെ നിവൃത്തിയില്ല. ഒരു രാമക്കുറുപ്പിള്ള അവർകളെ "പ്രസാധകന്മാരെന്നും സിദ്ധിക്കാത്ത മന്ദപ്രജ്ഞ"ന്മാരുടെ കൂട്ടത്തിൽ കൂട്ടുവാൻ വഴിയില്ലല്ലോ. അതുകൊണ്ട അദ്ദേഹം എന്റെ ലേഖനം മനസ്സിരുത്തി വായിച്ചിട്ടില്ലെന്നേ പറയുവാൻ പാടുള്ളു. അദ്ദേഹം നമ്മുടെ പ്രകൃതപുസ്തകത്തിന്റെ പുറംകലാസ്സ് ഒന്നു മറിച്ചുനോക്കിയിരുന്നാൽ താല്പര്യത്തിന്നു ഒരു തെറ്റുവരുമായിരുന്നില്ല. പിള്ള അവർകൾ സൂചിപ്പിക്കുന്ന പ്രകാരമൊന്നും മലയാളത്തിലുള്ള അച്ചടിശാലാപ്രവൎത്തകന്മാരും അച്ചുനിരത്തുകാരും വളരെ ഭാഷാപരിജ്ഞാനമുള്ളവരല്ലെന്നു എനിക്കും ബോദ്ധ്യമാണു. അതുകൊണ്ട പുസ്തകങ്ങൾ അച്ചടിപ്പിക്കുന്ന കാൎയ്യത്തിൽ പ്രസാധകന്മാർ കുറച്ചധികം മനസ്സിരുത്തേണ്ടതാണെന്നു ഞാൻ പറഞ്ഞതിന് അൎത്ഥമുള്ളു.

കുഞ്ഞിക്കുട്ടമേനോനവർകളുടെ വ്യാഖ്യാനങ്ങളെപ്പററി വല്ലതും പറയുന്നതിന്നുമുമ്പ് 'വ്യാഖ്യാന'മെന്നാൽ എന്താണെന്നു പറയാം. വ്യാഖ്യാനമെന്ന പദത്തിന്നു വിശേഷേണയുള്ള ആഖ്യാനമെന്നാകുന്നു അൎത്ഥം. ഒരു കാവ്യത്തിന്റെ വ്യാഖ്യാനമെന്നുവെച്ചാൽ ആ കാവ്യത്തിൽ കവി വിവക്ഷിച്ചിട്ടുള്ള അൎത്ഥത്തെ വ്യക്തമാക്കുകയാണ്. അതുകൊണ്ട ഒരു വ്യാഖ്യാനമെഴുതുകയാണെങ്കിൽ അതിന്റെ വിഷയമായ കാവ്യാൎത്ഥത്തെ വ്യക്തമാക്കുവാൻ വേണ്ടതെല്ലാം പറയേണ്ടിവരും. എന്നാൽ സാധാരണ വ്യാഖ്യാതാക്കന്മാർ അവരവരുദ്ദേശിച്ച അധികാരികളെ അനുസരിച്ച വ്യാഖ്യാനത്തിന്റെ ചില ഭാഗങ്ങളെ വിട്ടുകളഞ്ഞും മറ്റു ചിലഭാഗങ്ങളെക്കുറെ വിസ്തരിച്ചും എഴുതിവരാറുണ്ട. അതുകൊണ്ട വ്യാഖ്യാനത്തി

ന്റെ ഗുണദോഷം പറയുന്നതിന്നുമുമ്പെ അതിന്റെ അധികാരിയെക്കൂടി മനസ്സിലാക്കേണമെന്നുതന്നെയാണ എന്റെ അഭിപ്രായം. പിള്ള അവർകൾ പ്രകൃതവ്യാഖ്യാനത്തിന്റെ അധികാരികളെപ്പററി പറയണമെന്ന വിചാരിച്ചതിൽ ആക്ഷേപം തെററില്ല. എങ്കിലും അവർ ഇന്നവരാണെന്നു പറഞ്ഞതാണ ശരിയാവാഞ്ഞത്. പിള്ള അവർകളുടെ "സാമാന്യപഠിത്തക്കാർക്ക്" അതായത, പരാശ്രയം കൂടാതെ കാവ്യാർത്ഥം മനസ്സിലാക്കുവാൻ ശക്തിയില്ലാത്തവർക്ക്, വേണ്ടിയാണ് മേനോൻ അവർകളുടെ വ്യാഖ്യാനമെന്നു വിചാരിക്കുവാൻ ന്യായം കാണുന്നില്ലെന്ന ഞാൻ അല്പം മുമ്പ പറഞ്ഞുവല്ലൊ. പരാശ്രയം കൂടാതെ കവിതാചാതുർയ്യം മനസ്സിലാക്കുവാൻ ശക്തിയുള്ളവർക്ക്വേണ്ടിയാണ മേല്പടി വ്യാഖ്യാനമെന്നും വിചാരിക്കുവാൻ തരമില്ല. അങ്ങിനെ ആയിരുന്നുവെങ്കിൽ ൟ വ്യാഖ്യാനത്തിൽനിന്ന പല ഭാഗങ്ങളും വിട്ടുകളയാമായിരുന്നു. ൟ മട്ടിൽ പറഞ്ഞ തരക്കാർക്ക്, ശു. സ. പൂർവ്വഭാഗം ൭, ൧൩, ൨൭. ൟ നാല്ല ശ്ലോകങ്ങളുടെ വ്യാഖ്യാനങ്ങളെക്കൊണ്ട എന്താണ് ആവശ്യമുള്ളത? വ്യാഖ്യാനമെഴുതുന്ന സമയം മേനോൻ അവർകൾ പ്രത്യേകിച്ചൊരധികാരിയേയും ഉദ്ദേശിച്ചിട്ടില്ലെന്നാണ് എനിക്ക തോന്നുന്നത്. അതുകൊണ്ട് അദ്ദേഹത്തിന്റെ വ്യാഖ്യാനം എല്ലാവർക്കും വായിച്ചാൽ ഉപകരിക്കത്തക്കവിധത്തിലാവേണ്ടിയിരുന്നു. ൟ അഭിപ്രായത്തോടുകൂടി നോക്കുമ്പോൾ മേല്പടി വ്യാഖ്യാനത്തിൽ ചില ന്യൂനതകളെ ഞാൻ കാണുന്നുണ്ട്.

ഒന്നാമത ൟ വ്യാഖ്യാനങ്ങൾ പ്രകൃത കാവ്യങ്ങളുടെ എത്രയോ ഒരു ചെറിയഭാഗം മാത്രമേ തൊടുന്നുള്ളൂ. ശുകസന്ദേശത്തിലും കോകിലസന്ദേശത്തിലും കൂടി ആകെ മുന്നൂററിരുപതിലധികം ശ്ലോകങ്ങളുണ്ട. ഇവയിൽവെച്ച ഏറെക്കുറെ എഴുപതു ശ്ലോകങ്ങൾക്ക്, അതായത, നാലിലൊരംശത്തെക്കാൾ ചെറുതായ ഒരു ഭാഗത്തിന്ന മാത്രമേ മേനവൻ അവർകൾ വ്യാഖ്യാനം ചെയ്തിട്ടുള്ളൂ. ഇതിൽതന്നെ ഒരു ശ്ലോകമൊഴികെ ശേഷമെല്ലാം പൂർവ്വഖണ്ഡങ്ങളിലുള്ളവയാകുന്നു. അതുകൊണ്ട സന്ദേശകാവ്യങ്ങളിൽ പ്രധാനമേറുന്ന ഉത്തരഭാഗങ്ങളെ വ്യാഖ്യാതാവ് തൊട്ടിട്ടുതന്നെ ഇല്ലെ

ന്നു പറയാം. അദ്ദേഹം എഴുതിയ വ്യാഖ്യാനത്തിന്റെ ഒരു വലിയഭാഗം ഓരോരോ ദേശചരിത്രങ്ങളാകുന്നു. ഈ ദേശചരിത്രങ്ങളിൽ ചിലഭാഗങ്ങളും കാവ്യാൎത്ഥം മനസ്സിലാക്കുന്നതിൽ യാതൊരു ഉപകാരവും ചെയ്യുന്നില്ല. ശുകസന്ദേശത്തിന്റെ വ്യാഖ്യാനത്തിൽ കാണുന്നചില ദേശചരിത്രങ്ങൾ പ്രകൃതകഥ നടന്നതിന്നു വളരെക്കാലം പിന്നെ ഉണ്ടായവയാകുന്നു. ദേശചരിത്രങ്ങൾ മനസ്സിലായിട്ടു കാവ്യാൎത്ഥം മനസ്സിലാക്കുവാൻ ഒരു പ്രയോജനവും ഇല്ല.(ശു. സ. ൩൬. ൩൭. ഈ ശ്ലോകങ്ങളുടെ വ്യാഖ്യാനം നോക്കുക.) ഇതിൽ പറഞ്ഞതെല്ലാം പ്രകൃതകഥനടന്ന കാലമായ കലിവൎഷം നൂറ്റൊന്നാമതിന്നു വളരെ ഇപ്പുറത്തുള്ള സ്ഥിതിയാകുന്നു. അതുകൊണ്ടു ചരിത്രങ്ങളെ പറഞ്ഞതു മുഴുവൻ വേണ്ടവിധമായിട്ടെന്നു പറഞ്ഞുകൂടാ. ദേശചരിത്രമൊഴികെ വേറെയുള്ളതും പറഞ്ഞിട്ടുള്ള ഭാഗങ്ങളിൽ അല്പംചിലതു യാതൊരുവിലയുമില്ലാത്തതായും വേറെചിലതു കുറച്ചു കുറച്ചു തെറ്റുള്ളതായും കാണുന്നില്ലെന്നില്ല. ശു. സ. പത്താമത്തെ ശ്ലോകത്തിന്റെ വ്യാഖ്യാനത്തിന്നു എന്തൊരു വിലയാണുള്ളതു? അതിൽതന്നെ [illegible]മത്തെ ശ്ലോകത്തിന്റെ വ്യാഖ്യാനവും അതുപോലെതന്നെ. വാലന്മാരുടെ തൊഴിൽ ആൎക്കെങ്കിലും അറിഞ്ഞുകൂടാ എന്നുവരുമോ? ശു. സ. ൨൧ാംശ്ലോകത്തിന്റെ വ്യാഖ്യാനത്തിൽ പറഞ്ഞതു തെറ്റല്ലേ? സ്ത്രീകൾ ചവിട്ടിയാൽ മാത്രമേ അശോകം പൂക്കുള്ളൂ എന്നു ആൎക്കെങ്കിലും സംശയമുണ്ടോ? കുമാരസംഭവം മൂന്നാംസൎഗ്ഗത്തിൽ വസന്തവൎണ്ണനയുടെ ഘട്ടത്തിൽ "അസൂത സദ്യഃ കുസുമാന്യശോകഃ സ്കന്ധാൽപ്രഭൃത്യേവ സപല്ലവാനി പാദേന നാപൈക്ഷത സുന്ദരീണാം സമ്പൎക്കമാശിഞ്ജിതനൂപുരേണ" എന്നൊരു ശ്ലോകമുണ്ടു. ഇതു കാളിദാസന്റെ തെറ്റായിരിക്കാം. ശു. സ. ൭-ാമത്തെ ശ്ലോകത്തിന്റെ പൂൎവ്വാൎദ്ധത്തിന്നു വ്യാഖ്യാതാവു ഇപ്രകാരം വ്യാഖ്യാനമെഴുതിയിരിക്കുന്നു. "അൎത്ഥം നോക്കുന്നതിലും അനൎത്ഥം നീക്കുന്നതിലും മഹാമനസ്സുകൾ ഇതരന്മാരെ അവരവരെപ്പോലെ വിചാരിക്കുന്നു" എന്നു. മൂലശ്ലോകത്തിന്റെ അൎത്ഥത്തിൽനിന്നു ഭേദപ്പെടാതെ ഇങ്ങിനെ വ്യാഖ്യാനിക്കുന്നതുകുറെ പ്രയാസമാകുന്നു.

ന്നാണ എനിക്കുതോന്നുന്നത. മൂലത്തെ അനുസരിച്ചുകൊണ്ടുത
ന്നെയാണ തൎജ്ജമക്കാരൻ തൎജ്ജമചെയ്തിരിക്കുന്നത. “ആദരംനേ
ടുന്നതിലും അനാദരം നടിക്കുന്നതിലും മഹാമനസ്സുമാർ ഇതരന്മാ
രെ എല്ലാവരെയും ഒരു പോലെ വിചാരിക്കുന്നു.” എന്നായിരുന്നാ
ൽ ഇതിലധികം ശരിയായിരുന്നു. ശ്ലോകങ്ങൾതോറി വ്യാഖ്യാനിച്ചു
കവികൾക്കു കീൎത്തിവരുത്തുന്നത വ്യാഖ്യാതാവിന്റെ ധൎമ്മമാണെ
ന്നു ഞാൻ ധരിച്ചിട്ടില്ല. ചിലദിക്കിൽ തൎജ്ജമക്കാരനും അല്പം ചില
തെറ്റുകൾ വന്നിട്ടുണ്ട. അവിടെയൊന്നും വ്യാഖ്യാതാവ ശ്രദ്ധിച്ചി
ട്ടേ ഇല്ല. കൃ. സ. ൩൩-ാം ശ്ലോകത്തിന്റെ തൎജ്ജമ നോക്കുക. അ
തിലുള്ള വിഷയ വിഷയികളെ യാതൊരു നിയമവും കൂടാതെ മാ
റിയും മറിച്ചുംവെച്ചു തൎജ്ജമചെയ്തതുകൊണ്ട അതിലുള്ള അ
ലങ്കാരത്തിന്ന എത്ര ദോഷം പററിയിരിക്കുന്നു! ഇങ്ങിനെയു
ള്ളദിക്കിൽ വല്ലതും ചിലത പറയേണ്ടതല്ലെ? അതിൽ തന്നെ
൩൪-ാം ശ്ലോകത്തിന്റെ തൎജ്ജമ നോക്കുക. ഇവിടെ തൎജ്ജമ മൂല
ത്തെ വളരെ അനുസരിക്കുന്നുണ്ടെങ്കിലും മൂലത്തിലെ പ്രധാനമാ
യ ഒരു പദം വിട്ടുകളഞ്ഞതുകൊണ്ട അതിന്ന അല്പം പോരായ്മയി
ല്ലെ? മൂലത്തിൽ പ്രകൃതമായ താരുപൎണ്ണികം “ഗ്രാവന്തി”യെന്നൊരു
വിശേഷണം കൊടുത്തിട്ടുണ്ട. അതിന്ന ഒരു അഭിപ്രായവും കവി
ക്കതിലുണ്ടെന്ന വായനക്കാൎക്ക തോന്നുകയും ചെയ്യും. അതുത
ൎജ്ജമയിൽ വിട്ടുകളഞ്ഞതിനെപ്പറ്റി വല്ലതും വ്യാഖ്യാതാവ പ
റയേണ്ടിയിരുന്നു. വ്യാഖ്യാതാവ അല്പം ചില ദിക്കിൽ ചില അ
ലങ്കാരങ്ങളെ വിവരിക്കുവാൻ ഭാവിച്ചിട്ടുണ്ട. അതെല്ലാം വളരെ
എളുപ്പമായ ദിക്കിലാണ. കൃ. സ. ൩൫-ാം ശ്ലോകത്തിന്റെ വ്യാ
ഖ്യാനം നോക്കുക. “പേശലം” എന്ന ഒരു പദത്തെ അവലംബി
ച്ചു നില്ക്കുന്ന ഒരു ശ്ലേഷയെ ഇത്രയധികം വിവരിക്കുവാനുണ്ടോ?
അതു വിവരിച്ച അവസരം 64-ാമത്തെ ശ്ലോകത്തിലെ ശ്ലേഷയെ
അല്പം വിവരിക്കേണ്ടതായിരുന്നു. ൩൦-ം ഭാഗത്തിൽ; പറഞ്ഞ ശ്ലേഷ
കം മുൻപറഞ്ഞതിനേക്കാൾ അല്പം കാഠിന്യം അധികമല്ലെ? കൃ.
സം. ൮൬-ാം ശ്ലോകത്തിൽ പ്രഭാതസമയത്തെ കോഴികൂകുന്നതിനെ
ആദിൽപറഞ്ഞപ്രകാരം ഉൽപ്രേക്ഷിച്ചതുകൊണ്ട പ്രകൃതത്തിന്ന

എന്താണ ഗുണമെന്ന രണ്ടക്ഷരംകൊണ്ട പറഞ്ഞിരുന്നാൽ വ്യാഖ്യാനത്തിന്ന വല്ലകുറവും വരുവാനുണ്ടൊ? അതിൽതന്നെ ൯-ാമത്തെ ശ്ലോകത്തിന്റെ വ്യാഖ്യാനത്തിൽനിന്ന ചിലത പഠിക്കുവാനുണ്ടെങ്കിലും അതിൽപറയേണ്ടത മുഴുവനായിട്ടില്ല. ആ ശ്ലോകത്തിന്റെ പൂൎവ്വാൎദ്ധത്തിൽ പറഞ്ഞ സംഗതികൾക്കും പ്രകൃതപാത്രത്തിന്റെ ‟വക്ര"മെന്ന പേരിനും തമ്മിലുള്ള സംബന്ധത്തെക്കുറിച്ച അല്പം പറഞ്ഞിരുന്നുവെങ്കിൽ ആ വ്യാഖ്യാനം കുറേകൂടി നന്നാവുമായിരുന്നു. ഇങ്ങിനെ ചിലസംഗതികളാണ എനിക്കു മേനോൻ അവർകളുടെ വ്യാഖ്യാനത്തെപറ്റി പറയുവാനുള്ളത. കോകിലസന്ദേശത്തിലും ചിലസംഗതികൾ പറയുവാനുള്ളത, അതെല്ലാം പറയുന്നതായാൽ ഇനിയും എന്റെ ലേഖനം നീണ്ടുപോകുമെന്ന ഭയപ്പെട്ട ഇപ്പോൾ നിൎത്തുന്നു. ആകപ്പാടെ നോക്കുന്നതായാൽ മേനവൻ അവർകളുടെ വ്യാഖ്യാനം കാവ്യങ്ങളുടെ സ്വല്പം ചില ദിക്കമാത്രമെ തൊടുന്നുള്ളു. തൊട്ടദിക്കിൽതന്നെ കുറെഭാഗം അനാവശ്യവും, വേറെ ചിലഭാഗം ഉന്മേഷപ്രദങ്ങളും, മറ്റു ചിലഭാഗം അല്പാല്പം ചില തെറ്റുള്ളതും ആകുന്നു.

‟ചിത്രം ചിത്രം ബത ബത മഹച്ചിത്രമേതദ്വിചിത്രം
ജാതോ ദൈവാദുചിതരചനാസംവിധാതാ വിധാതാ
യന്നിംബാനാം പരിണതഫലസ്ഫീതിരാസ്വാദനീയാ
യച്ചൈതസ്യാഃ കബളനകലാകോവിദഃ കാകലോകഃ"

വീരകേസരി.

മലയാളഭാഷയുടെ

താൽകാലികാവസ്ഥ.

———:0:———

([illegible])

ഭാഷയെ പരിഷ്കരിക്കുന്നതിന്ന സാമൎത്ഥ്യമുള്ള ആളുകൾ ഉണ്ടായി എന്നുള്ള ഏകസംഗതികൊണ്ട ഭാഷ നന്നാകുന്നതല്ലായ്കയാൽ അങ്ങിനെയുള്ള മഹാന്മാർ ഭാഷയെ പരിഷ്കരിക്കുന്നതിന്ന വേണ്ടത പ്രവൃത്തിച്ചുകൊണ്ടിരിക്കണമെന്ന തെളിയുന്നു. മല

യാളപണ്ഡിതന്മാർ ഭാഷയെ സംബന്ധിച്ചകാൎയ്യത്തിൽ പ്രവൃത്തിക്കേണമെങ്കിൽ മുഖ്യമായി ദ്രവ്യനഷ്ടം ഇല്ലെന്ന വരണം. ഇരുപതാംനൂററാണ്ടിൽ നമുക്കൊരാളും മലയാളപണ്ഡിതന്മാർ ഉണ്ടായിരിക്കെ ഒരു യൂറോപ്യമഹാൻ (Mr. Marsden) എഴുതിയ മലയാള പുസ്തകങ്ങൾ നമ്മുടെ സ്കൂളുകളിൽ പാഠപുസ്തകങ്ങളായി സ്വീകരിക്കേണ്ടി വന്നതിൽ ദൃശ്യമായിരിക്കുന്ന അഭംഗിയെപ്പററി എന്തു പറയേണ്ടു? ആ പുസ്തകങ്ങൾതന്നെയും ഭാഷാരീതിയേയും വ്യാകരണസൂത്രങ്ങളെയും ശുദ്ധമായി അനുസരിച്ചിട്ടുള്ളവയാണൊ എന്നറിവാൻ വായിച്ചുനോക്കീട്ടുള്ള പണ്ഡിതന്മാർ എന്തുപറയുന്നുവെന്ന് കേട്ടാൽ കൊള്ളാം.

പാഠപുസ്തകങ്ങൾ തിരഞ്ഞെടുക്കേണ്ടതായിവരുന്ന അവസരങ്ങളിൽ പ്രത്യേകം നോക്കേണ്ടതും നോക്കുന്നതും പുസ്തകം ഉണ്ടാക്കിയ ആൾ എന്തെല്ലാം പരീക്ഷകളാണ ജയിച്ചിട്ടുള്ളത എന്നൊ, ആ ആളുടെ ഉദ്യോഗം എന്താണെന്നൊ അല്ലാ, കമ്മിററിമുമ്പിലിരിക്കുന്ന പുസ്തകം എത്രത്തോളം നന്നായിട്ടുണ്ടെന്നും നന്നായിട്ടുണ്ടെങ്കിൽ ഉദ്ദേശസിദ്ധിക്കു മതിയായിട്ടുണ്ടൊ എന്നുമാണ എന്നുള്ള വിവരം സകലരും അറിവാനവശമായാൽ മലയാളപണ്ഡിതന്മാർ പാഠപുസ്തകങ്ങൾ ഉണ്ടാക്കുന്നതിൽ മടികാണിക്കയില്ലെന്നാണ തോന്നുന്നത. പുസ്തകം ഉണ്ടാക്കി അച്ചടിപ്പിച്ചാൽ നഷ്ടവും ബുദ്ധിമുട്ടും വരികയില്ലെന്നുള്ള നിശ്ചയം ഗ്രന്ഥകൎത്താക്കന്മാൎക്ക ഉണ്ടാകത്തക്കവണ്ണം നല്ലപുസ്തകങ്ങളുണ്ടാക്കുന്ന ആളുകളെ പലപ്രകാരത്തിലും സഹായിക്കയും ഉത്സാഹിപ്പിക്കയും ബദ്ധശ്രദ്ധപ്പെടുത്തുകയും ചെയ്യുന്നതിന്നു പോരുന്ന ആളുകളുണ്ടായിരിക്കണം. പുസ്തകം നല്ലതാണെങ്കിൽ വിലകൊടുത്തു വാങ്ങുന്നതിന്ന ആളുകളുണ്ടാകുമെന്ന വിചാരിപ്പാൻ ന്യായമുള്ളതുകൊണ്ടു മേൽപ്രകാരം ഗ്രന്ഥകൎത്താക്കന്മാരെ ഉത്സാഹിപ്പിക്കയും മററും ചെയ്യിട്ടെന്തുകാൎയ്യമെന്ന ചിലർ പക്ഷെ ചോദിക്കുമായിരിക്കാം. അവരവരുടെ കുഡുംബങ്ങളിൽതന്നെ ശക്തിക്കുതക്കവണ്ണം ഒരു പുസ്തകസഞ്ചയമുണ്ടായിരിക്കണമെന്ന തീൎച്ചപ്പെടുത്തീട്ടുള്ള ആളുകൾ പുസ്തകങ്ങൾ വാങ്ങാറുള്ളതുപോലെ ഇവിടങ്ങളിലുള്ളവർ പ്ര

വൃത്തിക്കുന്നതിനുള്ള കാലം സമീപിച്ചിട്ടില്ല, എന്നുമാത്രമല്ല ഒരു പുസ്തകം എത്രമേൽ നല്ലതായിരുന്നാലും അതുനല്ലതാണെന്നുള്ള തത്വം സകലരും ഗ്രഹിച്ച പുസ്തകം വാങ്ങിത്തുടങ്ങുന്നതിന്ന് അധികനാളം വേണ്ടിവരുമെന്നുകൂടി വന്നേക്കാം. ഇങ്ങിനെ ഇരിക്കയാൽ പുസ്തകം നല്ലതായിരുന്നാലും ഗ്രന്ഥകൎത്താവിന്ന ഒട്ടാകെ നഷ്ടമൊ മറ്റൊ വന്നേക്കാമെന്ന പറയുന്നതിൽ ഇവിടെ ഒന്നുകൊണ്ടും അധൈൎയ്യപ്പെടുവാനില്ല. ഈ സ്ഥിതിക്കു പുസ്തകമുണ്ടാക്കണമെന്നുള്ള വിചാരം മലയാളപണ്ഡിതന്മാരിൽ അത്യധികം പ്രബലപ്പെടുത്തുകയല്ലാ അവരെ സഹായിക്കയും ഉത്സാഹിപ്പിക്കയും ധൈൎയ്യപ്പെടുത്തുകയും ചെയ്യണമെന്ന ഇവിടെ പറയാതിരുന്നാൽ ഞാനെന്റെ ചുമതലയെ നിൎവ്വഹിക്കുന്നതിൽ വലിയ ഉപേക്ഷകാണിച്ചതായി വിചാരിക്കപ്പെടുമെന്നാണ എന്റെ ഉത്തമവിശ്വാസമെന്ന സവിനയം വീണ്ടും അറിയിക്കേണ്ടതായി വന്നിരിക്കുന്നു.

മലയാളപണ്ഡിതന്മാർ ധാരാളമുണ്ടാകയും പുസ്തകമുണ്ടാക്കുന്നതിന്ന അവർ സന്നദ്ധന്മാരായിരിക്കയും ചെയ്യുന്നതുകൊണ്ടായില്ല. മലയാളഭാഷയിൽ ഇല്ലാത്തതും ഭാഷാപോഷണത്തിന്നാവശ്യമായിട്ടുള്ളതുമായ പുസ്തകങ്ങൾ ഏതെല്ലാമെന്ന തീൎച്ചപ്പെടുത്തി അതാതകാലങ്ങളിൽ പണ്ഡിതന്മാൎക്കറിവുകൊടുപ്പാൻ ഒരു സഭയുണ്ടായാൽ വളരെ നന്നായിരിക്കും. പണ്ഡിതന്മാർ ഈ സഭയുടെ നിശ്ചയപ്രകാരം പുസ്തകമുണ്ടാക്കുകയും സഭ അതു പരിശോധനകഴിച്ച നന്നായിട്ടുണ്ടെന്ന കാണപ്പെടുന്നപക്ഷം അച്ചടിപ്പിക്കയും ചെയ്യുന്നതായാൽ നമ്മുടെ ഭാഷയിലെ ഗ്രന്ഥദൌൎബ്ബല്യം ക്രമേണ നീങ്ങുന്നതാണ. ഇങ്ങിനെയുള്ള ഏൎപ്പാടുകളൊന്നും ഇല്ലായ്കയാലാണ, ഒരേതരത്തിൽതന്നെയുള്ള പുസ്തകങ്ങൾ വളരെയുണ്ടായതായും നെല്ലുകൾക്കിടയിൽ കളകളെന്നപോലെ പുസ്തകങ്ങൾക്കിടയിൽ ക്ഷുദ്രപുസ്തകങ്ങൾ വൎദ്ധിച്ചതായും കാണ്മാനിടവന്നിട്ടുള്ളത. ഓരോ തരത്തിൽ ഓരോ പുസ്തകംവീതം ഉണ്ടായതിന്നശേഷം, ഒരു തരത്തിൽ ഒന്നിലധികം പുസ്തകങ്ങൾ ഉണ്ടാക്കുകയാണ അധികം നല്ലതെന്ന മാത്രമെ ഇവിടെ പറയുന്നുള്ളു.

ക്ഷുദ്രപുസ്തകങ്ങളുടെ പ്രവേശനത്തെ തീരെ തടുക്കുകയും നല്ല പുസ്തകങ്ങളുടെ സംഖ്യ വൎദ്ധിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കണം. ഇങ്ങിനെയുള്ള കാൎയ്യങ്ങളിൽ ഏൎപ്പെടുന്നവൎക്കു ഐകമത്യവും ക്ഷമയും അത്യാവശ്യമാണ.

ഇംഗ്ലീഷ്ഭാഷ അഭ്യസിച്ചു ഉയൎന്നതരം പരീക്ഷകൾ ജയിച്ചിട്ടുള്ള നമ്മുടെ ആളുകൾ, മലയാളം സംസാരിക്കുമ്പോൾ പതിനഞ്ചുവീതം ഇംഗ്ലീഷവാക്കുകൾ ചേൎക്കാറുണ്ടെന്നുള്ള ഇവാദം ശരിയായിട്ടുള്ളതാണെങ്കിൽ, മലയാളഭാഷ അഭ്യസിച്ചിട്ടുള്ള ഇംഗ്ലാണ്ടുകാർ സംസാരിക്കുമ്പോൾ, അവർ ഇംഗ്ലീഷ വാക്കുകൾക്കിടയിൽ മലയാളവാക്കുകൾ ചേൎക്കാറുണ്ടോ എന്നുള്ളതിനെപ്പറ്റി ചിന്തിച്ചാൽ കൊള്ളാമെന്നറിയിക്കേണ്ടതാവശ്യമെന്ന തോന്നുന്നു. മനോവിചാരത്തെ പൂൎണ്ണമായും വ്യക്തമായും പറഞ്ഞറിയിക്കേണ്ടതിന്നുതക്ക വാക്കുകൾ മലയാളഭാഷയിൽ ഇല്ലായ്കനിമിത്തം ഇംഗ്ലീഷപദങ്ങൾ ചേൎക്കുന്നതാണെന്ന ചിലർ പറയുമായിരിക്കാം. പിഴക്കാതെ സംസാരിപ്പാനും മറ്റും നമുക്കു കഴിവില്ലാതിരുന്ന കാലത്ത നമ്മുടെ മാതാപിതാക്കന്മാർ നമ്മെ തള്ളികളയാതെ വിദ്യ അഭ്യസിപ്പിക്കയും മറ്റും ചെയ്തപ്രകാരംതന്നെ നാം നമ്മുടെ ഭാഷ ഇപ്പോൾ അപരിഷ്കൃതയാണെന്ന നിശ്ചയിച്ചു ധിക്കരിക്കാതെ ഭാഷയുടെ പോഷണത്തിന്ന വേണ്ടതെല്ലാം പ്രവൃത്തിച്ചു ഭാഷയെ നല്ല സ്ഥിതിയിലാക്കേണ്ടതാണ. നമ്മുടെ ഭാഷയുടെ അപരിഷ്കൃതാവസ്ഥ സൂക്ഷ്മത്തിൽ നമ്മുടെ അപരിഷ്കൃതാവസ്ഥയെ മാത്രമെ തെളിയിക്കുന്നുള്ളു. ഇംഗ്ലീഷുകാർ തങ്ങൾ ചെല്ലുന്ന ദിക്കുകളിലെല്ലാം ഇംഗ്ലീഷ സ്കൂളുകൾ സ്ഥാപിക്കയും ഇംഗ്ലീഷഭാഷക്കു പ്രധാന്യം കല്പിക്കയും ചെയ്തിട്ടുള്ളതിൽനിന്ന നാമെന്താണ മനസ്സിലാക്കേണ്ടത ? ഭാഷകളുടെ റാണി എന്നോ അറിവിന്റെ താക്കോൽ എന്നോ പറയപ്പെടാവുന്ന നിലയിൽ ഇപ്പോൾ എത്തിയിരിക്കുന്ന ഇംഗ്ലീഷഭാഷ, ഒരു കാലത്ത നമ്മുടെ ഭാഷ എന്നപോലെ, അപരിഷ്കൃതാവസ്ഥയിലായിരുന്ന കിടന്നിരുന്നത എന്ന ഓൎക്കുകയും ആ ഭാഷ ഉന്നതനിലയിൽ എത്തിയത എങ്ങിനെ എന്നുള്ളതിനെപ്പറ്റി ചിന്തിക്കയും ചെയ്യുന്ന മതിമാന്മാർ നമ്മുടെ

ഭാഷയെ പരിഷ്കരിക്കുന്ന കാൎയ്യത്തിൽ ഒരു പ്രകാരത്തിലും നിരു ത്സാഹന്മാരായി ഭവിക്കുന്നതല്ല. ഇംഗ്ലണ്ടുകാർ തങ്ങളുടെ ഭാഷയെ സ്നേഹിക്കുന്നപ്രകാരം നാമും നമ്മുടെ ഭാഷയെ സ്നേഹിച്ചുകൊണ്ടിരിക്കുന്നതായാൽ നമ്മുടെ ഭാഷ, ഒരു കാലത്തു, ഉൽകൃഷ്ട ഭാഷകളിൽ ഒന്നെന്നഗണിക്കപ്പെടും നിശ്ചയം. ഭാഷാപോഷണത്തെ ചിലരുടെ ശ്രമംകൊണ്ടു, ഏതാനും സംവത്സരംകൊണ്ടു, നിഷ്പ്രയാസമായി സാധിക്കാവുന്ന ഒരു കാൎയ്യമല്ല. അതുകൊണ്ടു സ്വദേശഗവൎമ്മെന്റുകളുടേയും ധനവാന്മാരുടെയും മറ്റും സഹായം അത്യന്താപേക്ഷിതമെന്ന പറയേണ്ടതില്ലല്ലൊ.

ഈ അവസരത്തിൽ എനിക്കനുവദിച്ചിട്ടുള്ള സ്ഥലത്തെ (പ്രഭാഗത്തെ) ഞാൻ അതിക്രമിച്ചതായി കാണപ്പെടുന്ന പക്ഷം ദയാപൂൎവ്വം ക്ഷമിക്കേണമെന്നപേക്ഷിച്ചുകൊണ്ടു "ഭാഷയുടെ ഐകരൂപ്യ"ത്തെപ്പറ്റി അല്പം പറഞ്ഞുകൊള്ളട്ടെ.

ഭാഷക്കു ഐകരൂപ്യം വരുത്തേണമെന്ന പറയുന്നതായിട്ടില്ലാതെ അതിനുള്ള മാൎഗ്ഗങ്ങളെന്തെല്ലാമെന്ന ആലോചിച്ചു വേണ്ടപോലെ പ്രവൃത്തിച്ചതായി കാണുന്നില്ല. ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കമാത്രം ചെയ്യുന്നതുകൊണ്ടു എന്തുപ്രയോജനമാണുള്ളതു? "പരോപദേശേ പാണ്ഡിത്യം സൎവ്വേഷാം സുകരംനൃണാം" എന്നുള്ളതു ഇവിടെ ഓൎമ്മയിൽ വരുന്നു. ഭാഷക്കു ഐകരൂപ്യം വരുത്തുവാൻ ഉള്ള മാൎഗ്ഗങ്ങളിൽ ചിലതു പറയാം.

1. സൎവ്വസമ്മതമായുള്ള ഒരു വ്യാകരണം നമുക്കാവശ്യമായിരിക്കുന്നു. ഈ കാൎയ്യത്തിൽ മലയാളരാജ്യത്തിന്റെ നാനാഭാഗത്തുമുള്ള പണ്ഡിതവൎയ്യന്മാർ യോജിച്ചു പ്രവൃത്തിക്കണം.

2. ഒരു നിഘണ്ടു ആവശ്യമാണു. മലയാളരാജ്യത്തെങ്ങും ഒരുപോലെ നടപ്പുള്ള മലയാളപദങ്ങൾ എല്ലാം ഈ നിഘണ്ടുവിൽ ഉണ്ടായിരിക്കണം. ഈ നിഘണ്ടുനോക്കി അതിൽനിന്ന പദങ്ങൾ എടുത്തു വാചകം എഴുതുന്നതായാൽ, മലയാളരാജ്യത്തെങ്ങും ഒരുപോലെനടപ്പുള്ള വാക്കുകൾ മാത്രമെ ആ വാചകങ്ങളിൽ കാണപ്പെടുകയുള്ളു എന്ന [illegible] വിധത്തിൽ ഒരു നിഘണ്ടു ഉണ്ടായിരിക്കണമെന്നാണു ഇവിടെ പറയുന്നതു.

3. ബ്രിട്ടീഷിലും കൊച്ചിയിലും തിരുവിതാംകൂറിലും ഉള്ള വിദ്യാഭ്യാസ ഡിപ്പാൎട്ടുമെന്റിലെ മേലധികാരികൾ ഒരുമിച്ചുകൂടി മലയാള പാഠപുസ്തകങ്ങൾ ഉണ്ടാക്കുകയും ഈ മൂന്നുരാജ്യത്തുമുള്ള സകല പള്ളിക്കൂടങ്ങളിലും ആ പുസ്തകങ്ങൾ മാത്രമെ മലയാളപാഠപുസ്തകങ്ങളുടെ സ്ഥാനത്തു പഠിപ്പിച്ചുകൂടു എന്നു തീൎച്ചപ്പെടുത്തുകയും ചെയ്യുക ആവശ്യമാണ്. കഴിവോളം രാജ്യത്തെങ്ങും ഒരുപോലെ നടപ്പുള്ള മലയാളപദങ്ങൾ മാത്രമെ ഈ പാഠപുസ്തകങ്ങളിൽ കാണപ്പെടാവു.

4. ഇപ്പോൾ പലരും ഗദ്യമെഴുത്തുകളും പദ്യഗ്രന്ഥങ്ങളുണ്ടാക്കുകയും ചെയ്യുന്നതായി കാണപ്പെടുന്ന സ്ഥിതിക്കു, അവരുടെ ആഗ്രഹം സജ്ജനസമ്മതമാംവണ്ണം നിവൎത്തിച്ചതായികണ്ടു സന്തോഷിപ്പാൻ അവൎക്കും, അനുമോദിപ്പാൻ മറ്റുള്ളവൎക്കും, സംഗതിവരണമെങ്കിൽ, ഏതെല്ലാം പുസ്തകങ്ങളെയാണു ഉത്തമമാതൃകകളായി സ്വീകരിക്കേണ്ടതു എന്നു തീൎച്ചപ്പെടുത്തിവെക്കുക അത്യാവശ്യമാകുന്നു.

5. പത്രാധിപന്മാർ പുസ്തകങ്ങളെക്കുറിച്ചു അഭിപ്രായംപറയുന്ന സമയങ്ങളിലൊക്കെയും, ഒരു പ്രത്യേകദിക്കിൽമാത്രം നടപ്പുള്ളതായി പുസ്തകങ്ങളിൽ കാണുന്ന പദങ്ങളെ പ്രത്യേകം എടുത്തുകാട്ടുകയും അങ്ങിനെയുള്ള പദങ്ങൾ ആരും പ്രയോഗിക്കാതിരിപ്പാൻ താല്പൎയ്യത്തോടുകൂടി ഉപദേശിക്കുകയും ചെയ്താൽ കൊള്ളാം.

6. പത്രങ്ങളിലും മാസികകളിലും പ്രസിദ്ധംചെയ്യാനായി അയക്കപ്പെടുന്ന ലേഖനങ്ങളിൽ ദേശഭാഷാപദങ്ങൾ കലൎന്നിട്ടുള്ളതായി കാണപ്പെട്ടാൽ, അങ്ങിനെയുള്ള ലേഖനങ്ങൾ ഉപേക്ഷിച്ചുകളകയൊ, അപ്രകാരമുള്ള പദങ്ങൾ നീക്കി അതിനു പകരമായി സൎവ്വസാധാരണപദങ്ങൾ * ചേൎത്തു പ്രസിദ്ധപ്പെടുത്തുകയൊ ചെയ്താൽ വലിയ ഉപകാരമായിരിക്കും. ലേഖകന്മാർ എഴുതി അയക്കുന്ന ഉപന്യാസങ്ങളെ സംബന്ധിച്ചു

---

* അതേ അൎത്ഥത്തിൽ സൎവ്വസാധാരണങ്ങളായ പദങ്ങൾ ഇല്ലാതെവന്നാൽ ഏതുവഴിയാണ ഉപന്യാസകൻ കരുതീട്ടുള്ളതെന്നു അറിയുന്നില്ല. ര. ര. പ.

ഇങ്ങിനെ പറഞ്ഞിട്ടുള്ള സ്ഥിതിക്കു, പത്രാധിപാലോചനങ്ങളിൽ മേൽപ്രകാരമുള്ള പരിണാമം അശേഷം കാണപ്പെടുന്നതെന്ന പറയേണ്ടുന്ന ആവശ്യമില്ലല്ലൊ.

ഇങ്ങിനെയുള്ള ഓരോ സംഗതികളെക്കുറിച്ച് പര്യാലോചനചെയ്തു ശ്ലാഘ്യമായ വിധത്തിൽ പ്രവൃത്തിച്ചുകൊണ്ടിരുന്നാൽ, തല്കാലത്തു, നമ്മുടെ ഭാഷക്കു സാർവ്വത്രികമായ ഐകരൂപ്യം ഭവിച്ചുഎന്ന വരാവുന്നതാണ.

ഭാഷാപോഷണപടുക്കളായ മഹാന്മാർ, മേൽപറഞ്ഞസംഗതികളെക്കുറിച്ചു ആലോചിച്ചു നമ്മുടെ ഭാഷാ, പരിഷ്കൃതഭാഷകളിൽ ഒന്നെന്ന എണ്ണപ്പെടേണ്ടതിന്ന വേണ്ടുന്ന പുസ്തകങ്ങളെല്ലാമുണ്ടാക്കുകയും ഭാഷക്കു ഐകരൂപ്യം വരുത്തുകയും ചെയ്യുമെന്നു വിചാരിക്കാതിരിപ്പാൻ മാർഗ്ഗം ഒന്നും കാണുന്നില്ല.

നമ്മുടെ ഭാഷയുടെ താൽക്കാലികാവസ്ഥയെക്കുറിച്ചുള്ള അന്വേഷണം, ഭാഷയെ പരിഷ്കരിക്കേണ്ടുന്ന കാര്യത്തിൽ എന്തെല്ലാം എങ്ങിനെയെല്ലാം പ്രവൃത്തിക്കണമെന്നുള്ള യോഗ്യമായ ആലോചനയിൽനിന്നുത്ഭവിച്ചിട്ടുള്ളതായി വിചാരിക്കാവുന്നതിനാൽ, നമ്മുടെ ഭാഷയുടെ ഭാഗ്യകാലം സമീപിച്ചിരിക്കുന്നുഎന്ന പറയാമെന്നുള്ള സന്തോഷവാർത്തയെ സഹർഷം അറിയിച്ചുകൊണ്ടു വിരമിക്കുന്നു.

സി. ഡി. ഡേവിഡ്.

അസാരം തെറ്റിപ്പോയി.

:0:

"പഴഞ്ചൊല്ലിൽ പതിരുണ്ടെങ്കിൽ പശുവിൻപാലു് കയ്ക്കും" എന്ന കേട്ടിട്ടില്ലെ? എന്ന നാറു അമ്മായി താല്പര്യത്തോടുകൂടിഎന്നോട ചോദിച്ചു.

ഞാൻ— ഉവ്വ അതു വളരെ ശരിയാണ.

അമ്മായി— "തെങ്ങായാൽ തേങ്ങവേണം" എന്നുള്ളതും നീ സമ്മതിക്കാതിരിക്കുമൊ?

സാധാരണ ലോകസമ്പ്രദായം ഇങ്ങിനെയാണല്ലൊ എന്നുവിചാരിച്ചു് ഇതിന്നും ഞാൻ അനുകൂലിച്ചു് മറുപടിപറഞ്ഞു.

അമ്മായി— എന്നാൽ നീ സംബന്ധം തുടങ്ങണം.

ഈ കാൎയ്യം എന്നെസംബന്ധിക്കുന്നതാകയാൽ 'ആവാം' എന്നുപറവാൻ അല്പം മടിയുണ്ടായി. 'ഞാൻ കുട്ടിയല്ലെ?' എന്നുമാത്രംചോദിച്ചു. അമ്മായിയും ഞാനുമല്ലാതെ അവിടെ എന്റെ അമ്മമാത്രമേ ഉണ്ടായിരുന്നുള്ളു. ഞങ്ങളെല്ലാവരും വീട്ടിന്റെ പടിഞ്ഞാറ്റപ്പുറത്തുള്ള പുറത്ത് ഊണുകഴിഞ്ഞ് ഉച്ചക്ക് ചുററുമുള്ള വയലുകളിൽനിന്നു വരുന്ന കാറേററുംകൊണ്ട് നേരംപോക്കു പറഞ്ഞ് രസിച്ചിരിക്കയായിരുന്നു.

അമ്മായി— (അമ്മയുടെ മുഖത്തുനോക്കി) നമ്മുടെ മാധവന്ന ഒരു സംബന്ധം ആലോചിക്കേണ്ടേ? എവിടെയാണ വേണ്ടത?

അമ്മ ഇത് കേട്ട തലകുലുക്കി— 'നല്ല ഒരു തറവാട്ടുകാരിയും രൂപലാവണ്യവും സ്വഭാവഗുണവും ഉള്ള ഒരുത്തി ആയിരിക്കണമെന്നുമാത്രമേ എനിക്ക പറവാനുള്ളൂ' എന്നുപറഞ്ഞു.

അമ്മായി— ഒരുവീട്ടിലെ തങ്കമണിയായാലോ?

അമ്മ— ഉവ്വോ. അവളെ എന്റെ കുട്ടന ബോധിക്കുകയില്ല.

അമ്മായി— തെക്കേതിലത്താരയോ?

അമ്മ— അവളുടെ ദേഹം കറെ. (കയ്യുകൊണ്ട കാണിച്ചു)- അല്ലേ? കുട്ടനോ വല്ലതെ കൃശനുമാണല്ലൊ.

അമ്മായി— അവളുടെ സൌന്ദൎയ്യം കണ്ടിട്ടാണ് പറഞ്ഞത്. അല്ലെങ്കിൽ നമ്മുടെ പാറുക്കുട്ടിയുണ്ടല്ലൊ. അവളുടെ സഹോദരന്മാരുടെ കാലംകഴിഞ്ഞാൽ അവൾക്കുവരുന്ന സ്വത്തിന്ന കണക്കുണ്ടോ?

ഞാൻ— എളുപ്പത്തിൽ സാധിക്കാം. എഴുപേരല്ലേ ഉള്ളു?

അമ്മായി— അല്ലെങ്കിൽ പുല്ലത്ത് മീനാക്ഷി ആയിക്കോട്ടെ.

അമ്മ— കൊള്ളാം. അവൾക്കും അടുക്കളപ്പണിക്ക നല്ല സാമൎത്ഥ്യമുണ്ട്.

ഞാൻ— ഇത് പിന്നെ ഒട്ടും നിശ്ചയമില്ലാത്തതാണല്ലൊ!

എന്റെ വാക്ക് അമ്മായിക്ക് ഒട്ടും രസിച്ചില്ല. 'പറഞ്ഞതൊന്നും ബോധിക്കയില്ലെങ്കിൽ, മാധവൻതന്നെ നിശ്ചയിച്ചുകൊള്ളു' എന്നുപറഞ്ഞു.

അമ്മ— അവൾ നല്ലതറവാട്ടുകാരിയായിരിക്കണം.

അമ്മായി— പണക്കാരിയും.

അമ്മ— ഈശ്വരഭക്തിയും ഉള്ളവളായിരിക്കണം.

അമ്മായി.— നന്നെ കുട്ടിയാവരുത.

ഞാൻ— പഠിപ്പുവേണമല്ലോ.

അമ്മ— അത്രമാത്രംപോര. നല്ല വകതിരിവുംവേണം.

ഞാൻ— അവളോട പറഞ്ഞുനോക്കാം.

അമ്മായി— അപ്പോ, നീ ആരെയാണ് കരുതിയിരിക്കുന്നതു?

ഞാൻ— (കുറെ ആലോചിക്കുന്ന ഭാവംനടിച്ചു) ചെമ്പശ്ശേരിമാധവിയെ നിങ്ങൾക്ക് സമ്മതമാണോ?

അമ്മായി— ആ അസത്തോ?

അമ്മ— അയ്യോ എന്റെ കുട്ടി!

ഞാൻ— എന്താണ് വിരോധം?

അമ്മ— ആ ചോരത്തറവാട്ടിലോ? ആ ദുഷ്പ്പെണ്ണിനെയോ?

ഞാൻ— എന്താ, സൌന്ദര്യം മതിയായില്ലെന്നുണ്ടോ?

അമ്മായി— ആ ചന്തം ഇവിടെ കാണേണ്ട,

ഞാൻ— (ദൃഢനിശ്ചയത്തിൽ) മാധവിയെത്തന്നെ വേണമെന്നാണ നിശ്ചയമായിരിക്കുന്നത്. അവൾക്കും എന്നിൽ പ്രേമമുണ്ട്. എന്നിതന്നെയല്ല—

അമ്മ— കേട്ടോ. നിനക്ക് എന്നെ ഇത്ര സ്നേഹമില്ലാതെയായോ? എന്റെ കാലം കഴിയാറായില്ലേ? നിന്നെ ഞാൻ ഇനി എത്രകാലംതന്നെ ബുദ്ധിമുട്ടിക്കും? എന്ന പറഞ്ഞു മുണ്ടിന്റെ കോന്തലകൊണ്ട് കണ്ണുതുടച്ചു.

അമ്മായി— നീ നശിക്കാൻ തീർന്നവനാണ്. നിന്റെ നാ പ്പ് [illegible] എന്റെ [illegible] [illegible]. [illegible] നീ [illegible] പിന്നെ എന്നെ [illegible].

ഞാൻ— [illegible] വിരോധമുണ്ടെങ്കിൽ വേണ്ട.

അമ്മായി— അതാണ നല്ലത്.

ഞാൻ— ഈ കാര്യം ഞാൻ വെറുതേ പറഞ്ഞതാണ്.

കണ്ടുപോയോ. ആഹാ!

ഞാൻ— സത്യം പറയുന്നതാണെങ്കിൽ (പതുക്കെ) ഇനിക്ക് താല്പര്യം വേറെ ഒരെടത്തിലാണ്.

അമ്മ— നീ ആ വർത്തമാനം തന്നെ പറകയുണ്ടായിട്ടില്ലല്ലോ.

ഞാൻ— അവൾക്കു സ്വാതന്ത്ര്യം ഇല്ല. അതാണു ദുഃഖം.

അമ്മായി— എന്താ, ഭർത്താവുള്ളവളല്ലല്ലോ ?

ഞാൻ— അതല്ല. എന്നാൽ അവളെ മറ്റൊരാൾക്കു കൊടുപ്പാൻ നിശ്ചയിച്ചുപോയി.

അമ്മ— ആ കുട്ടി ഏതാണ് ?

ഞാൻ— (കുറെനേരം മൌനം അവലംബിച്ചു)- പുതുക്കാട്ടിൽ ദേവകിക്കുട്ടിയാണ്.

അമ്മ— അവളാണെങ്കിൽ നിനക്കു യോജിപ്പാകുമായിരുന്നു. എന്തുചെയ്യാം ?

അമ്മായി— ഹാ, മാധവന് എത്ര അനുരൂപയായിരിക്കും !

ഇതിനുശേഷം അല്പനേരം ആരും സംസാരിച്ചതേയില്ല.

അമ്മായി— ദേവകിക്കുട്ടിയെ ഒരാൾക്കുകൊടുപ്പാൻ നിശ്ചയിച്ചതായി ഞാൻ അറിഞ്ഞിട്ടില്ലല്ലോ.

ഞാൻ— അതു സ്വകാര്യമാണ്. ആരോടും പറയരുത്.

അമ്മായി— ഇതിലെന്താണ് സ്വകാര്യം ? പുറത്തുവരുവാനുള്ളതല്ലേ ? നിന്നോടാരാണ് പറഞ്ഞത് ?

ഞാൻ— അവൾതന്നെയാണ് പറഞ്ഞത്.

അമ്മായി— പുരുഷനാരാണ് ?

ഞാൻ— പേര് ഞാൻ പറകയില്ല.

അമ്മായി— അവൾ താനേ തോന്നിയായിപ്പോകയില്ലല്ലോ ?

'ആരോ' എന്ന അർത്ഥത്തിൽ ഞാൻ കൈമലർത്തി.

അമ്മായി— അയാളെ മാധവനു പരിചയമുണ്ടോ ?

ഞാൻ— ഉം

അമ്മായി— അയാൾ ആര്- ആര്- ?

അതിനും സംശയിച്ചു ഞാൻ മറുപടിയായി സംജ്ഞകാണിച്ചു.

അമ്മായി— അവൾ പറഞ്ഞ് എന്താണ് നീ കേട്ടിട്ടുള്ളത് ?

ഞാൻ— ഈ വക സംഗതികൾ ഞാൻ പുറത്ത് പറയുന്നത് അത്ര ഭംഗിയല്ല.

അമ്മ— ഞാൻ പുറത്ത് പറയുമോ ?

അമ്മായി— എന്നാലും വിശ്വസിച്ചുകൂടേ ?

ഞാൻ— അയാൾ അമ്മയെ സ്നേഹമില്ലാത്തവനാണെന്ന കേട്ടു.

ബന്ധുപോലും. സത്യംതന്നെയോ ?

ഞാൻ— അയാളുടെ അമ്മയാണ് ഇതെന്നോട് പറഞ്ഞത്.

അമ്മ— അയ്യ്- കഷ്ടം തന്നെ !

അമ്മായി— പിന്നെയോ. കേൾക്കട്ടെ.

ഞാൻ— അയാളുടെ മറ്റൊരു ഗുണം അയാൾ ദുർന്നടപ്പുകാരനാണെന്ന് പറകയുണ്ടായി.

അമ്മ— കഷ്ടം ! ദേവകിക്കുട്ടിക്ക് ഇതിനൊ വന്നുവല്ലോ !

ഞാൻ— രോഗികാൻ തിന്നിട്ടുള്ളവനാണെന്നുകൂടികേട്ടു.”

അമ്മായി— ഈ കേൾവിക്ക് കള്ളം കുറച്ചുകൂടിയുണ്ടായിരിക്കണം.

അമ്മ— ദേവകിക്ക് ഈ വിവരം അറിയാമോ ?

ഞാൻ— ഇനിക്ക് തോന്നീട്ടില്ല.

അമ്മ— നീ പറഞ്ഞില്ലേ ?

ഞാൻ— ഇല്ല.

അമ്മ— ഈ സ്ഥിതിക്ക് നീ പറയേണ്ടതല്ലേ ?

ഞാൻ— ഞാൻ പറയുന്നത് ശരിയാണോ ?

അമ്മായി— എന്നാൽ ഞാൻ നിശ്ചയമായും അവളോട് പറയും.

ഞാൻ— നിങ്ങളെ വിശ്വസിച്ചിട്ടല്ലേ ഞാനിതൊക്കെ പറഞ്ഞത് ?

അമ്മായി— എന്നാലും വേണ്ടില്ല. ഞാൻ പറയും.

ഞാൻ— അയ്യോ. പറയരുതേ.

അമ്മായി. ഇനിക്ക് ദേവകിയെ വലിയ കാര്യമാണ്. അവൾ ഈ കൊള്ളരുതാത്തവനോട് ചേരുവാൻ ഞാൻ ഒരിക്കലും സമ്മതിക്കുകയില്ല.

ഞാൻ ഇതുകേട്ടപ്പോൾ വല്ലാതെ ഒന്ന് കോച്ചിപ്പോയി. “നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യു. പക്ഷേ എന്റെ പേരുമാത്രം പറയരുത്.” ഓ- ശരിതന്നെ. അവൾ ഇന്ന ഇവിടെ വരുമെങ്കിൽ

പറഞ്ഞിട്ടുണ്ടല്ലൊ"— എന്നു ഞാൻ പറഞ്ഞു.

ഉടനെതന്നെ പടിവാതുക്കൽ ആരോ മുട്ടുന്ന ശബ്ദംകേട്ടു.

അമ്മായി— അത് ദേവകിതന്നെയായിരിക്കുമോ ? (എഴുനീറ്റുനിന്നു നോക്കീട്ടു) അതെ. അവൾതന്നെയാണ്.

ഇത്കേട്ടുഉടനെ ഞാൻ പൂമുഖത്തുനിന്നു എന്റെ മുറിയിലേക്ക്പോയി. അകത്തേക്ക് ചുമരിൽ ഉണ്ടായിരുന്ന സുഷിരത്തിൽകൂടി അവർ സംസാരിക്കുന്നത് കേൾപ്പാനും അവരെ കാണ്മാനും എനിക്ക് കഴിയുമായിരുന്നു.

അമ്മായി— ആ കള്ളന്റെ ദോഷങ്ങളെല്ലാംകൂടി ദേവകിയെ മനസ്സിലാക്കണം. എന്നാൽ നമ്മുടെ ആഗ്രഹം സാധിച്ചേക്കാം.

അമ്മ ഇതിന് മറുപടി ഒന്നുംപറഞ്ഞില്ലെങ്കിലും മുഖഭാവംകൊണ്ട് ഈ അഭിപ്രായത്തോടു യോജിച്ചിരുന്നുഎന്നു കാണിച്ചു. അപ്പോഴേക്കും ഭൃത്യൻ വാതിൽതുറന്നു. ദേവകി പടികടന്നു് അവരുടെ അടുക്കൽ എത്തിക്കഴിഞ്ഞു.

അമ്മ— ദേവകിക്കുട്ടി! നിന്നെകണ്ടത് വളരെ സന്തോഷമായി.

അമ്മായി— ഇപ്പോൾതന്നെയാണ് ഞങ്ങളും നിന്റെ വർത്തമാനം പറഞ്ഞതു്. ഇരിക്കു.

ദേവകി— (ഇരുന്നിട്ടു) ഞാൻ നിങ്ങളോട് ഒരു കാര്യംപറവാനാണ് വന്നത്.

അമ്മായി— നിന്റെ ബാന്ധവവർത്തമാനമാണെങ്കിൽ ഞങ്ങളും കേട്ടുകഴിഞ്ഞു.

ദേവകി— അപ്പോഴേക്കും കേട്ടുവോ ?

അമ്മായി— കേൾക്കുകയും വ്യസനിക്കുകയും ചെയ്തു.

ദേവകി— (ഇതുകേട്ടപ്പോൾ ഒന്നു പരിഭ്രമിച്ച്) ഈ കാര്യം നിങ്ങൾക്ക് സമ്മതമല്ലെന്നുണ്ടോ ?

അമ്മ— നിന്നെ സ്നേഹമുള്ള ഞങ്ങളും അതിങ്ങിനെ സമ്മതിക്കും ?

ദേവകിക്ക് പരിഭ്രമം വർദ്ധിച്ചുവശായി.

അമ്മായി— ആ കള്ളന് നീ ചേരില്ല.

ദേവകി— എന്ത ! നാളു അമ്മ ഈ പറഞ്ഞതിന്റെ താല്പര്യമെന്താണ് ?

അമ്മായി— ഇവനെ നീ സ്വീകരിച്ചാൽ ഒടുവിൽ നിശ്ചയമായും ദുഃഖിക്കും.

അമ്മ— (ദേവകിയുടെ കണ്ണ് വച്ച്) നാളു ഇതുകാലും ഇത്ര വേഗത്തിൽ പറയേണ്ടിയിരുന്നില്ല.

അമ്മായി— ദേവകിയോടു പരമാർത്ഥം പറയേണ്ടതു് നമ്മുടെ ചുമതലയാണു്. അവൾ കണ്ണടച്ചു ഇവനെ സ്വീകരിക്കരുതല്ലോ.

ദേവകി— (ഉൽകണ്ഠയോടെ) അദ്ദേഹത്തിനു എന്താണു ദോഷം?

അമ്മായി— അതോ— അവൻ കള്ളു കുടിക്കും. ഇതുകേട്ടപ്പോൾ ദേവകി വ്യസനിച്ചു ദീർഘനിശ്വാസം ചെയ്തു "ഇതു് എനിക്കു വിശ്വാസം വരില്ല" എന്നു പറഞ്ഞു.

അമ്മായി— (ഉച്ചത്തിൽ) അവൻ അമ്മയെ വേണ്ടമാതിരി നോക്കുന്നില്ല. തല്ലുകയും ചെയ്യും.

ദേവകി— ഇതു് അശേഷം ശരിയാവില്ല. ഉവ്വോ അമ്മേ?

അമ്മ— (വ്യസനത്തോടെ തലതാഴ്ത്തി) കഷ്ടം! ഞാനാ പറവാൻ പാടുണ്ടോ?

ദേവകി— (പെട്ടെന്നു എഴുന്നേറ്റു) ഇതു് ദ്രോഹം തന്നെ. ഞാനിതൊരിക്കലും വിശ്വസിക്കയില്ലായിരുന്നു. ഇതൊക്കെ ദുസ്വപ്നം പോലെ തോന്നുന്നല്ലോ.

അമ്മ— (എഴുന്നേറ്റു ദേവകിയുടെ കൈപിടിച്ചു) അയ്യോ, കുട്ടി, നിന്റെ—. അമ്മായി പിന്നെയും അവസാനിപ്പിക്കാനുള്ള ഭാവമില്ല. "അവൻ വലിയ ഒരു ദുർന്നടപ്പുകാരനാണു. എന്തിനു വളരെ പറയുന്നു അവൻ നശിക്കാൻ തീർന്നവനാണു്. ഒട്ടുന്നവർക്കാർക്കും അവനെ കണ്ടുകൂടാ." എന്നു കോപത്തോടു കൂടി പറഞ്ഞു.

ദേവകി— വ്യസനം സഹിക്കവയ്യാതെ അമ്മയുടെ മാറത്തു് തലവച്ചു തേങ്ങിക്കരഞ്ഞു. "കഷ്ടം! ഞാൻ അദ്ദേഹത്തെ എത്രവളരെ സ്നേഹിച്ചു. അവസാനം ഇങ്ങിനെയായല്ലോ!" ഈ വാക്കുകൾ കേട്ടപ്പോൾ ഞാൻ അസ്വസ്ഥനായിത്തീർന്നു എന്നു പറയേണ്ടതില്ലല്ലോ.

അമ്മായി— (ഇവളുടെ വ്യസനം കണ്ടു ദയതോന്നി) ഈ സംഗതി പുറത്താക്കരുതെന്നു മാധവൻ ഏല്പിച്ചിരുന്നു എങ്കിലും നി

ന്റെ പേരിലുള്ള വാത്സല്യംകൊണ്ടു ഞാൻ ഇത്രയും പറഞ്ഞുപോയതാണ്.

ദേവകി— (അമ്മയോട്) എന്റമ്മേ! അദ്ദേഹം ഇങ്ങിനെയായിത്തീരുമെന്ന ഞാൻ ഈ ജന്മം വിചാരിച്ചിരുന്നില്ല.

അമ്മ— ദേവകിയുടെ സങ്കടം കണ്ടു അവളെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു.

ദേവകി— ഈ കാര്യം എന്നോടു പറവാൻ നിങ്ങൾ എത്ര സങ്കടപ്പെട്ടിരിക്കും? (കണ്ണുനീർതുടച്ച്) അതു നിങ്ങളുടെ സ്വഭാവഗുണം തന്നെ. ഇനി അയാളുടെ വർത്തമാനം തന്നെ ഇനിക്കു കേൾക്കേണ്ട. എന്താ! സ്വന്തം അമ്മയെ കൂടി ഇങ്ങിനെ ദ്രോഹിക്കുകയോ? കഷ്ടം! പാർവ്വതി അമ്മേ! നിങ്ങൾക്കു ഈ അവസ്ഥ വന്നുവല്ലോ.

അമ്മ— (സംശയിച്ച്) നിന്റെ സ്ഥിതി ഓർത്ത് ഞാനല്ലേ ദുഃഖിക്കേണ്ടത്?

ദേവകി— ഇത് സ്വപ്നത്തിലും കൂടി വിചാരിച്ചിരുന്നില്ല. അയാളെപ്പറ്റി നിങ്ങൾക്കു അതിവാത്സല്യമുണ്ടായിരുന്നു എന്നാണ ഞാനെല്ലാം കേട്ടിട്ടുള്ളതു. എന്നിട്ടും അയാൾ ഇത്രകൊള്ളരുതാത്തവനായിത്തീർന്നുവല്ലോ. ഇത്രകാലം നിങ്ങൾ ഈ വ്യസനം അടക്കിയിരുന്ന കഥ വിചാരിച്ചാൽ നിങ്ങളുടെ പ്രകൃതിഗുണത്തെപ്പറ്റി അത്ഭുതം തോന്നാതിരിക്കയില്ല.

അമ്മയും അമ്മായിയും മുഖത്തോടുമുഖം നോക്കി.

അമ്മായി— ആളാരാണെന്ന് അറിയണമല്ലൊ.

അമ്മ— (ദേവകിയോട്) അയാളെ നീ എവിടെവെച്ചാണ് പരിചയമായ്തു?

ദേവകി— എവിടെവെച്ചെന്നോ? ഇവിടെവെച്ച് തന്നെ.

അമ്മ— ഓ. ഹോ. അങ്ങിനെയാണോ.

ദേവകി— ഈ വർത്തമാനം നിങ്ങൾക്കു സന്തോഷകരമായിരിക്കുമെന്ന കരുതി നിങ്ങളോട് പറവാനായി ബദ്ധപ്പെട്ടു ഞാൻ വന്നതാണ്.

അമ്മായി— മാധവനെ തെറ്റിപ്പോയിരിക്കുമോ?

അമ്മയും പരമാർത്ഥം മനസ്സിലാവാതെ, പരിഭ്രമിച്ചുനിന്നു.

ദേവകി— എന്റെ ഈ ജന്മത്തെ സ്വാധീനം.

അമ്മ— അങ്ങിനെ പറയരുതേ. ഒരു സമയം ഞങ്ങൾക്കു പ
റ്റിയത തെറ്റായേക്കാം.

ദേവകി— നിങ്ങൾക്കു എന്തിനെയാണ് തെറ്റുന്നത് ?

അമ്മായി— എയ് - ഒരിക്കലും തെറ്റുവാൻ തരമില്ല.

ദേവകി— നിങ്ങളെ ദ്രോഹിക്കുവാൻ അദ്ദേഹത്തിന്നെങ്ങിനെയാണ് മനസ്സുവരുന്നത് ?

അമ്മ— എന്നേയോ ?

ദേവകി— അതെ. നിങ്ങളെ ദ്വേഷിക്കണമെന്നല്ലേ നിങ്ങൾ പറഞ്ഞത ?

ബന്ധുജനം- നീ ആരെക്കുറിച്ചാണ പറയുന്നത ?

ദേവകി— മാധവമേനോനെക്കുറിച്ചുതന്നെ. അമ്മയും അമ്മായിയും ഞെട്ടുന്നു ഇരുന്നു.

അമ്മായി— നീ മാധവനെ അല്ലേ സ്വീകരിപ്പാൻ ഉറച്ചിരുന്നതു ?

ദേവകി— അല്ലാതെപിന്നെ ആരെയാണ്? . നിങ്ങൾക്കെല്ലാവർക്കും അസാരം തെറ്റിപ്പോയി' എന്നു പറഞ്ഞുകൊണ്ടു ഈഷത്തിൽ ഞാനും അവരുടെ മുമ്പിൽ ചാടിവീണു എന്നു പറഞ്ഞാൽ മതിയല്ലോ.

എസ്സ്. പി. ആർ.

വൈരാഗ്യത്രയം.

—:o:—

എങ്ങനെനാളിനിന്നിട്ടും വിഷയസമ്പത്തന്നാ ചിരതയധി
ച്ചന്നന്നങ്ങിനെ വെച്ചുപോന്നൊരുക്കാ ദുഃഖമൃത്തിൻഫലം
മന്നന്നാലുമിതില്ലുസാദൃശ്യമവിലം നിങ്കൽസമർപ്പിച്ചുടാ
ലൊന്നൊന്നായൊഴിവാക്കിമേലിലിവനൊക്കാതിരിക്കാത്മായിനി! 1

എന്താണിഞാൻപിറന്നതുള്ളൊരഹമിന്നിമേ
ലെന്തുചേരുകന്നിതോയെൻ
താതൻപാർക്കിലാരാണിനിയിവിടെയെന്തി
ന്നുള്ളകർത്തവ്യമെന്നും
ജാതാഹങ്കാരമോക്കാതിഹമഹിതതരം
കൈതവംചൊല്ലതെല്ലാം
ചേതോജാതാരിനാഥേ ! തവപദകമലേ
കെല്ലാൻപ്പിച്ചിട്ടുന്നേൻ

ഭാരാകാര്യംനിമിത്തം പലതരമധികം
മത്സരിച്ചുംരസിച്ചും
നേരംപോക്കീടുവാനായൊരുനിമിഷവുമി
ല്ലാതെയെന്നാലയാതെ
ചാരംപൂശിജ്ജടാരുദ്രാക്ഷമൊക്കെത്തരിച്ചാരണം
ചിന്തചെയ്യുന്നവരംഗശ
ചേതസ്സോരേനാഥസംശിവഭഗവതിനി! പാഹി
[illegible]

പി. നാരായണൻ നമ്പി,

ഒരു വിലാപം.

(൧) ഒരു സംഗതിയിന്നപോലെ താൻ
വരുമെന്നാക്ഷമറിഞ്ഞിടാൻ പണി
പെരുതുണ്ടുകഴിപ്പമെങ്കിലും
നിരുപിക്കിൽ ചിലരീതികണ്ടിടാം.
(൨) വെളിവാക്കുവതിന്നുവേണ്ടപോൽ
തെളിവിന്നാസ്പദമായും ഗോചരേ
അതുലം പൊതുതായസംഭവം
പലതായ്ത്തീർന്നൊരു ദുഃഖസംഭവം.
(൩) ഇതുസാധുവാണെന്നാരൊക്കെ-
യതുനേരമതു കേട്ടിടുന്നഹോ?
ഇതുനാശകരമെന്നതോന്നമാ-
യതുവർദ്ധിപ്പിതനാശകം ഇവി.
(൪) ഒരുവന്നു നികൃഷ്ടമൊന്നുതാൻ
പരമോൽകൃഷ്ടമതന്യനൊത്തിടും,
ഒരുകണ്ണിന് നല്ലതൊക്കെ മ-
റ്റൊരുകണ്ണിന്നു മഹാവിലക്ഷണം;
(൫) ഇതിലീവിധമൊക്കെ വന്നിടാ-
മിതിപാരം, വിപരീതമായതും,
അതിവിസ്മയമിപ്രപഞ്ചമി-
ന്നതിരറ്റുള്ള മഹാരഹസ്യമാം.

പി. കെ. സുബ്രഹ്മണ്യൻ പോറ്റി

ജീവിച്ചിരിക്കുന്നു എന്നുമാത്രമല്ല. ഗരുഡൻ ശിഷ്യനെപ്പോലെ തൊഴുതുകൊണ്ടു ഉണ്ണിയെ സേവിക്കുകയുംകൂടി ചെയ്യുന്നു.

വൃദ്ധ— (സന്തോഷത്തോടുകൂടി) മഹാരാജാവേ! ഞാൻ കൃതാൎത്ഥയായി. അക്ഷതശരീരനായ എന്റെ ഉണ്ണിയുടെ മുഖം കാണ്മാൻ സംഗതിവന്നുവല്ലോ.

മലയ— ആൎയ്യപുത്രനെ വാസ്തവത്തിൽ കാണുന്നുണ്ടെങ്കിലും എന്റെ ഹൃദയത്തിൽ വിശ്വാസംവരുന്നില്ലല്ലോ. ഇതെന്താണ്?

ജീമൂതകേ— (അടുത്തുചെന്നു) ഉണ്ണീ! വരു! വരു! എന്നെ ആലിംഗനംചെയ്യൂ!

ജീമൂതവാ— (എഴുനീല്ക്കാൻ ഭാവിച്ചപ്പോൾ ഉത്തരീയം വീഴുകയും മോഹിക്കുകയും ചെയ്യുന്നു.)

ശംഖ— കുമാരാ! ആശ്വസിക്കൂ! ആശ്വസിക്കൂ!

ജീമൂതകേ— അയ്യോ ഉണ്ണീ! നീ എന്നെ കണ്ടിട്ടും ഉപേക്ഷിച്ചു പോകുന്നുവോ? !

വൃദ്ധ— അയ്യോ! മകനേ! നീ എന്നെ വാക്കുകൊണ്ടു പോലും ആദരിച്ചില്ലല്ലോ.

മലയ— അയ്യോ ആൎയ്യപുത്രാ! അങ്ങ് ഗുരുജനത്തെക്കൂടി എങ്ങിനെ ഉപേക്ഷിച്ചു?

(എല്ലാവരും മോഹിക്കുന്നു)

ശംഖ— കഷ്ടം! ദുഷ്ടനായ ഗരുഡ! പരാൎത്ഥരക്ഷിത പ്രാണ! മാത്രക്ക മാത്രക്ക മരണത്തെക്കാൾ കഠിനമായ ദുഃഖം അനുഭവിക്കുന്ന നിസ്സഹായനായിരിക്കുമ്പോൾ തന്നെ നശിച്ചു പോയില്ലല്ലോ.

ഗരു— ഇതൊക്കെയും നിന്ദ്യനായ എന്റെ വിചാര ശൂന്യയായ പ്രവൃത്തിയുടെ വിലാസമാണ്. അതുകൊണ്ടു ഇതിനെ ചെയ്യാം (സ്വപക്ഷങ്ങളാൽ വീശിക്കൊണ്ടു) ഹേമഹാത്മൻ! ആശ്വസിക്കൂ! ആശ്വസിക്കൂ!

ജീമൂതവാ— (ആശ്വസിച്ചിട്ട്) ശംഖചൂഡ! ഗുരുജനങ്ങളെ ആശ്വസിപ്പിക്ക!

ശംഖ— താത ആശ്വസിക്ക! അമ്മേ! ആശ്വസിക്ക! ജീമൂതവാഹനൻ ആശ്വസിച്ചിരിക്കുന്നു. അദ്ദേഹം നിങ്ങളെ ആശ്വസിപ്പിക്കുന്നതിന്നായി എണീറ്റു വന്നിരിക്കുന്നതു നിങ്ങൾ കാണുന്നില്ലേ?

(രണ്ടുപേരും ആശ്വസിക്കുന്നു)

വൃദ്ധ— മകനേ! ഞങ്ങൾ ശോകിക്കാതിരിക്കുമ്പോൾതന്നെ ദുഷ്ടനായ കൃതാന്തൻ നിന്നെ പിടിച്ചു വലിക്കുന്നു വല്ലോ.

ജീമൂതകേ— ദേവി! ഭവതി ഇങ്ങിനെ അമംഗലം പറയാതിരിക്ക! ഉണ്ണി ജീവിച്ചിരിക്കുന്നുണ്ടല്ലോ. മകളേ ആശ്വസിപ്പിക്ക!

വൃദ്ധ— (വസ്ത്രംകൊണ്ട് മുഖംപൊത്തി കരഞ്ഞുകൊണ്ട്) അമംഗലം നശിക്കട്ടേ. ഞാൻ കരയുന്നില്ല. (മലയവതിയെ ഉദ്ദേശിച്ച്) മകളേ! ആശ്വസിക്ക! ആശ്വസിക്ക! മലയവതി! എണീക്ക! എണീക്ക! ഇപ്പോഴുള്ള സമയം ശ്രേഷ്ഠമായ ഭർത്തൃമുഖം ദർശിച്ചാലും.

മലയ— (ആശ്വസിച്ചു) ഹാ ആര്യപുത്ര!

വൃദ്ധ— (മലയവതിയുടെ മുഖം പൊത്തീട്ട്) മകളേ കരയാതിരിക്ക! കരയുന്നതമംഗലമാണ്.

ജീമൂതകേ— (കരഞ്ഞുകൊണ്ട് വിചാരം)

മറ്റുള്ളശോണിതമൂടികയാൽകച്ചുറവുമാലംബമില്ലാ
ഞ്ഞിട്ടോഎന്നല്ലാതവിധമുടൻപോന്നുകണ്ഠത്തിൽവന്ന
ചുറ്റുംപ്രാണൻവെടിയുമൊരു മൽപുത്രനെക്കണ്ടുകൊണ്ടി
ട്ടുഷ്ടൻഞാനെങ്ങിനെനന്നമരിക്കാതിരിക്കുന്നു കഷ്ടം! ॥൧൨൦॥

മലയ— ആര്യപുത്രനെ ഈ അവസ്ഥയിൽകണ്ടിട്ടും പ്രാണനെ ഉപേക്ഷിക്കാതിരിക്കുന്ന ഞാൻ മഹാപാപിതന്നെ.

വൃദ്ധ— (ജീമൂതവാഹനന്റെ അംഗങ്ങളെ തൊട്ടുതലോടിക്കൊണ്ട് ഗരുഡനോടായിട്ട്) ഹാ നിർഘൃണനായ വൈനതേയ! ആഭരണങ്ങൾക്കുകൂടി ശോഭാവഹമായ എന്റെ ഉണ്ണിയുടെ ശരീരത്തെ അങ്ങ് എങ്ങിനെ ഈ സ്ഥിതിയിലാക്കി?

ജീമൂതവാ— അമ്മേ! ഇങ്ങിനെ പറയരുത്. ഇദ്ദേഹം എന്താണ് ചെയ്തത്? പരമാർത്ഥത്തിൽ ശരീരത്തിന്റെ സ്ഥിതി മുഴുവൻ തന്നെ ഈ വിധത്തിലാണല്ലോ.

രക്താസ്ഥിമജ്ജവസാമാംസമിശ്രതാകയും ചേ
ർത്താരെത്താലുംകൊണ്ടുപുറമേ പുതുതായ്മൂടിയത് ।
തീർത്തുള്ളോരീയുടലിനൊരന്തരാ ഭംഗിയുള്ള
തോന്നീടിലെന്തു വകയാണിതു കാണ്മതിങ്കൽ ॥ (പ്രസ)

ഗരു— ഹേ മഹാത്മൻ! നരകാഗ്നിയുടെ ജ്വാലാമാലകളാൽ ഇപ്പോഴേ ദഹിക്കപ്പെട്ടതായി തോന്നുന്ന എന്റെ ഈ സ്ഥിതി വളരെ ദുഃഖാവസ്ഥയിലാണ്. അതുകൊണ്ട് എന്റെ ഈ പാപശാന്തി വരുന്നതിനുള്ള മാർഗ്ഗം ഉപദേശിച്ചാലും!

ജീമൂതവാ— ഇദ്ദേഹത്തിന്ന പാപപ്രായശ്ചിത്തമുപദേശിപ്പാൻ അച്ഛൻ അനുവാദം തരണം.

ജീമൂതകേ— ഉണ്ണി! അപ്രകാരം ചെയ്യാലും.

ജീമൂതവാ— വിനതാനന്ദന! കേട്ടാലും.

ഗരു— (മുട്ടുകുത്തിനിന്ന തലയിൽ കൈവെച്ചു തൊഴുതുകൊണ്ട്) ഭവാൻ കല്പിച്ചാലും!

ജീമൂ— വിട്ടാലും ഹിംസ മുൻചെയ്തതിനാലനുതാ
പംചെയ്തിപ്പൊഴുതാറാം
ഉദ്യോഗാലുല്പ്രജാസന്താനമതല്ലിനാൽ
പുണ്യമാർജ്ജിക്കയെന്നാൽ ।
ചെററിമട്ടാചരിച്ചാൽപ്പരിണതതരമാം
പ്രാണിഹിംസോത്ഥപാപം
പററില്ലാ വൻകയത്തിൽ സലിലമതിയില
ന്നുപ്പുമാമുപ്പുപോലേ ॥ (പ്രഹ)

ഗരു— അങ്ങയുടെ കല്പനപോലെ
അജ്ഞാനനിദ്രയിലുറക്കമുറങ്ങുമെന്നെ
വിജ്ഞാനിയാകിയ ഭവാനുണർത്തിയല്ലോ ।

ഇന്ദ്രാത്മജാലംപരിചരിതാമിന്നത്തോട്ടു
വാഴിച്ചതാനിനിവിന്ദിതരയിൽവാണുകൊള്ളാം ॥ (൧൫)

ഇപ്പോളാകട്ടെ

ആവിര്‍മ്മോദം മണൽത്തിട്ടെത്തുന്നനിരയാൽ
ദ്വീപമോക്കൊരത്തോരെ
താവത്ഭ്രാന്തിചേക്കും പരിചിൽവലയിതാ
കാന്തമായുള്ളറാതേം !
കൂലാൽക്കുലംഗമിക്കുമൊഴുക്കു ചിറകള്ളോ
രോമത്താരേടത്തിവണ്ണം
ചാലേസപ്പൂർവമിപ്പുപ്പടികൾനാടുവിൽ
കേളികൊണ്ടിടട്ടേ ॥ (൧൬)

പിന്നെയും

ഇന്നാഗസ്ത്രീകാം കെട്ടുറാതിതൊട്ടുമിതാംനേർ
കാന്തിപാർത്തുന്നവോളം
സിന്ദൂരംതൊട്ടമട്ടിൽ പ്രഭമരവികരാ
ക്രാന്തമാംഗന്ധമാദോളം !
നാനാരത്നാളിയാലും സതതമഴൽനിന്നു
ത്സാമതായിപ്പൂന്തനാകാ
ട്ടിന്ദ്രേരാഗമോടിസ്സുരസ്തനമെവൽ
കീർത്തിതാൻ പാടിടട്ടേ ॥ (൧൭)

ജീമൂതവാ— കൊള്ളാം മഹാത്മൻ! കൊള്ളാം. ഞാൻ ഏറ്റവും അഭിനന്ദിക്കുന്നു. സർവ്വഥാസത്വസന്ധനായി ഭവിച്ചാലും! (ശംഖചൂഡനോടായിട്ട്) ശംഖചൂഡ! ഇനി അങ്ങു സ്വഗൃഹത്തിലേക്കു ഗമിച്ചാലും!

ശംഖ— (നെടുവീർപ്പിട്ടു അധോമുഖനായി നിൽക്കുന്നു)

ജീമൂതവാ— (നെടുവീർപ്പിട്ടു മാതാവിനെ നോക്കിക്കൊണ്ട്) ശംഖചൂഡ! വേഗംപോവു! ദുഃഖത്താൽ ആകുലയായ ആ അമ്മയുടെ സ്ഥിതി ആലോചിക്കു!

ഒരു ദുർമ്മരണം.

——:o:——

ഒട്ടും നിശ്ചയമില്ല. രണ്ടുപേരുംകൂടി അടിയന്തരമായിട്ട ആരേയോ കാണ്മാൻ പോയിരിക്കയാണെന്നാശിഷ്യത്തി പറഞ്ഞു. വളരെ നേരമായില്ല പോയിട്ട്. ഊണകഴിച്ച് പോയാൽ മാ[illegible] അപ്പോഴക്കും അവർ വരാതിരിക്കില്ല." അമ്മുവിന്റെ ഈ കഥനം സ്വീകരിച്ചുവോ ഇല്ലയോ എന്ന സൂക്ഷ്മമറിവാൻ പ്രയാസമായിട്ടുള്ള വിധത്തിൽ അധരോഷ്ഠങ്ങളേയും ദന്തങ്ങളേയും മാത്രം വ്യാപിച്ചതായ ഒരുമാതിരി വികൃതമന്ദഹാസംകൊണ്ട മറുവടിയുടെ ഭാരം നിർവ്വഹിച്ചിട്ട, മനസ്സിൽ കടന്നുകൂടിയിരിക്കുന്ന ശങ്കക്ക സമാധാനം വരുത്തുവാനായി ബാലകൃഷ്ണമേനോൻ ഇപ്രകാരം ചോദിച്ചു.

"ഇത്ര അടിയന്തരമായ കാൎയ്യമെന്താണ? അവർ എങ്ങോട്ടാണ പോയിരിക്കുന്നത?"

"ഒട്ടും തീൎച്ചയില്ല. ഇന്നകാലത്ത പുലൎച്ചയ്ക്ക കാൎയ്യസ്ഥൻ ഇവിടെ പന്ത്രണ്ടിന വന്നിരുന്നു. അപ്പോൾ സ്റ്റേഷനാപ്പീസറെ കാണണമെന്നോ എന്താണ്ട ചിലതൊക്കെപ്പറയുന്നതു കേട്ടു."

"എന്നിട്ട്!" എന്ന ചോദിക്കാതിരിക്കുവാൻ ബാലകൃഷ്ണമേനോന ക്ഷമയുണ്ടായില്ല.

"പിന്നത്തെ വർത്തമാനമൊന്നും എനിക്ക രൂപമില്ല. ഞാൻ മേൽകഴുകുവാൻ [illegible] കഴിഞ്ഞ തിരിയെ വന്നപ്പോൾ കുറച്ച വൈകി. എന്നിട്ട തിടുക്കപ്പെട്ട കുളികഴിച്ച അകത്തേക്ക പോകുംവഴിയാണ ഇത കേട്ടത്. ഈറൻമാറ്റവും മറ്റും കഴിച്ച പുറത്തേക്ക വന്നപ്പോൾ കാൎയ്യസ്ഥൻ ഊണകഴിച്ച പോയികഴിഞ്ഞു."

ആരംഭത്തിൽ ഉദ്ദേശിക്കപ്പെട്ട കാൎയ്യം ചോദിച്ചു തീ[illegible]ക്കുന്നതിന്ന മുമ്പ് സംവാദത്തിന്റെ ഗതി ദീൎഘമായ[illegible] യേ തിരിഞ്ഞതോടുകൂടി ബാലകൃഷ്ണമേനവന്റെ [illegible] അന്തരംഗങ്ങളുടെ അതിനോ അടിക്കടി പിന്തുടരേണ്ടിവന്നു[illegible]ണ്ടു, ആ വഴി തീരേ മുട്ടിപ്പോന്ന ബോദ്ധ്യമാവുന്നതുവരെ ബാലകൃഷ്ണമേനവന മനസ്സിനെ പിൻവലിക്കുവാൻ സാധിച്ചില്ല. ഇക്കാൎയ്യങ്ങളെപ്പറ്റി അമ്മുവിന്ന് എത്രമാത്രം അറിയാമായിരുന്നുവോ അതു മുഴുവനും പറഞ്ഞുതീൎന്നുവെന്ന തീൎച്ചവന്നപ്പോൾ.

“വേണ്ട. മണൽപ്പുറത്തേക്കു പോവ്വു. മറെറ കാൎയ്യമൊന്നും പറഞ്ഞില്ലല്ലൊ” എന്നുപറഞ്ഞുംകൊണ്ടു കൊട്ടിൽപടിമേൽനിന്ന താഴത്തിറങ്ങി. അമ്മു ഇതുവരെയും ഇറങ്ങീട്ടില്ല. മേൽകഴുകുവാൻ പോകേണ്ട സമയമായെന്നുവിചാരിച്ചു നിൽക്കുകയായിരിക്കുമെന്ന ബാലകൃഷ്ണമേനോൻ ശങ്കിച്ചിരിക്കുമോ എന്ന സംശയിച്ചു,

“വരട്ടെ, അവിടേയിരിക്കു. ഞാനും ഇവിടെ ഇരിക്കാം” എന്നുപറഞ്ഞു.

“ഛെയ്. അങ്ങിനെയല്ല. മഴക്കാറൊക്കുന്നുണ്ടു. ഇനി പുഴയിലേക്കു പോകുവാൻ അമാന്തിക്കണ്ട. പോകുംവഴി സംസാരിക്കാമല്ലൊ,” എന്നുപറയുന്നതിനിടയിൽ അവൾ കിടന്നിരുന്ന മിക്കിലേക്കു ഓട്ടുകണ്ണിട്ടു നോക്കീട്ടു വടിയും കക്ഷത്തിൽ തിരുകി കയ്യും കെട്ടി നടക്കുവാൻ തുടങ്ങി. അമ്മുവും പിന്നാലെ പുറപ്പെട്ടു.

“ജ്യേഷ്ഠൻ ശങ്കരമേനോനെ ഗോപിതൊടീക്കുമെന്നതന്നെയാണ എനിക്ക് തോന്നുന്നത. ദേവകിക്കുട്ടിക്കു അയാളെ കണ്ണിന്നുനേരെ കണ്ടുകൂട.” എന്ന സോദരീസോദരന്മാരെപ്പററി ഏതദ്വിഷയമായ വൎത്തമാനം തുറന്ന സംസാരിക്കുന്നതിൽ പരിചയക്കേടുംകൊണ്ടൊ മററൊ ക്രൂസൽതീനിട്ടുള്ളപോലെ ദേവകി ട്ട് അന്നുകാലത്തു നടന്ന സംഭാഷണത്തിന്റെ ഫലത്തെക്കുറിച്ചു അമ്മു പ്രസംഗിക്കുവാൻ തുടങ്ങി.

“ശങ്കരമേനോനെ കന്തമാക്കുവാൻ ആരാണെന്ന തീൎച്ചയാക്കുന്നതിന്ന അവളുടെ വീട്ടിൽ വേറെ ചിലരുണ്ടല്ലൊ. ഞാൻ അമ്മുവിനോട പറഞ്ഞിട്ടുള്ള സംഗതി മുഴുവനും അവരോട പറഞ്ഞിരുന്നെങ്കിൽ അവർ വേണ്ടവഴിക്കുതന്നെ പോയേനെ.”

“ഓഷ്ഠോ! ഞാൻ പഠിച്ച പണി പതിനെട്ടും നോക്കി. ഇനിയും അവൾക്ക് വിശ്വാസമായിട്ടില്ല. ഞാനെന്താണ ചെയ്യുന്നത്!”

“അവളുടെ ഇപ്പഴത്തെ നടപടി ഞങ്ങൾക്കു സമ്മതമല്ലെന്ന അവളെ മനസ്സിലാക്കിയോ.”

“അതു പണ്ടേതന്നെ അവൾക്ക് അറിയാമത്രെ. എന്നാൽ നിങ്ങൾക്കു ഈ കാൎയ്യത്തിൽ അഭിപ്രായം പറവാൻ അവകാശമില്ലെന്നാണ അവർ സിദ്ധാന്തിക്കുന്നത.” ഇതു കേട്ടപ്പോൾ ബാലകൃഷ്ണമേനവന്റെ മുഖമൊന്നു ഇരുണ്ടു. എന്നിട്ടു,

“ഇതല്ലാതെ പിന്നെ ചിലതു ഞാൻ പറഞ്ഞിരുന്നുവോ?” എന്നുചോദിച്ചപ്പോൾ അമ്മു മുഖം താഴ്ത്തി കുറച്ചു നേരത്തേക്ക് ഒന്നും മിണ്ടിയില്ല. അതിന്റെശേഷം.

"ഒട്ടുമുക്കാലും ഞാൻ പറഞ്ഞു. അതു കേട്ടപ്പോൾ അവർ തല കുലുക്കിയതല്ലാതെ മനസ്സിന്നു യാതൊരിളക്കവും തട്ടിയില്ല." എന്നായിരുന്നു അമ്മുവിന്റെ ഉത്തരം.

അവരുടെ സംസാരം ഈ നിലയിൽ എത്തിയപ്പോൾ പടവു കെട്ടിയിരിക്കുന്ന കടവിന്റെ അല്പം താഴെ മണലും വക്കോലുംചോണ്ടകളുംകൂടിചേൎന്നു കിഴക്കുമറിഞ്ഞു വൃത്തിഹീനമായികിടക്കുന്ന ഒരുകന്നാലികടവിൽകൂടി ബാലകൃഷ്ണമേനവൻ മണൽപ്പുറത്തുകയറങ്ങി. പെരുവല്ലാനദി കടക്കുവാനുള്ള പാലം, നദിയുടെ തെക്കോട്ടുള്ളവളവിങ്കലായതുകൊണ്ടു കന്നാലികടവിൽനിന്നു വളരെ അകലത്തല്ലെന്നുമാത്രമല്ല, അവിടെ നിന്നാൽ അതു ശരിയാംവണ്ണം കാണുകയുംചെയ്യാമായിരുന്നു. ബാലകൃഷ്ണമേനോൻ പാലത്തിന്റെ നേരെ തിരിഞ്ഞു നിലഉറപ്പിച്ചു. അമ്മുവാകട്ടെ അശ്രീകരമായ കടവിൽകൂടി ഇറങ്ങുവാൻ മടിച്ചിട്ട് ഒരു അററത്തേക്കു മാറി പുഴയുടെ എറവിൽതന്നെ നിന്നതേ ഉള്ളൂ. തിങ്ങിവിങ്ങിനില്ക്കുന്ന ഇല്ലിപ്പട്ടിലുകളുടെ മറവുകൊണ്ടു ഈ സ്ഥലത്തുനിന്നു പാലത്തിന്റെ കാഴ്ച അടഞ്ഞിരുന്നു.

പന്ത്രണ്ടിന് അടുക്കിക്കളിച്ചതു കവിയിൽ കലാശിച്ചുവെന്ന അറിയാൻ വേണ്ടതിലധികം അമ്മുവിന്റെ അവതാരികകൾ ബാലകൃഷ്ണമേനവനെ സന്തുഷ്ടിപ്പിച്ചിട്ടുണ്ടായിരുന്നു. മേലാൽ ദേവകികുട്ടിയുടെ അടുക്കൽ കള്ളപ്പാശി ഉണ്ടാക്കീട്ടു പ്രയോജനമില്ലെന്നു മേനവനു പൂൎണ്ണബോധംവന്നു. അതോടുകൂടി അമ്മുവായിട്ടുള്ള സംഭാഷണത്തിൽ ആസ്ഥയും കുറഞ്ഞു. വേറെ ചില കാൎയ്യങ്ങൾക്കു മനസ്സിരുത്തേണ്ട സമയം അതിക്രമിച്ചതുകൊണ്ടു കോട്ടിക്കലാശത്തിന്നുള്ള വട്ടംകൂട്ടുവാൻ നിശ്ചയിച്ചു ചോദ്യത്തിന്റെ ശ്രുതിയൊന്നു മൂപ്പിച്ചു.

"ജ്യേഷ്ഠന്റെ ചില ദുൎന്നടപ്പുകളെപ്പററി ഞാൻ പറഞ്ഞിരുന്നതും അവളോടു പറഞ്ഞുവോ?" എന്നതിന്നു സമാധാനം പറവാൻ അമ്മു വളരെ മടിച്ചു.

"എന്താമടിക്കുന്നതു? കുമാരൻനായരുടെ ഹൃദയം കവൎന്നിരിക്കുന്നതു മറെറാരുവളാണെന്നുള്ളതിന്നു പലതെളിവുകളും ഞാൻ പറഞ്ഞിട്ടില്ലേ. അറിഞ്ഞുകൊണ്ടു എന്റെ ഉടപ്പിറന്നവളെ കുണ്ടിൽ ചാടിക്കുവാൻ അമ്മുവിന്നു ധൈൎയ്യമുണ്ടെങ്കിൽ എന്തെല്ലാം ചതിക്കുവാനും മടിയുണ്ടാവില്ല."

"കഷ്ടം! എന്താണ നിങ്ങളിങ്ങിനെ പറയുന്നത! ചിലതൊക്കെ ഞാൻ സൂചിപ്പിച്ചു പറഞ്ഞു. നിങ്ങൾ തെറ്റിദ്ധരിച്ചിരിക്കയാണെന്നാണ അവർ പറയുന്നത. അങ്ങിനെയാണെങ്കിൽ നമ്മുടെ തറവാട്ടുകാർ തമ്മിലുള്ള ബന്ധുത്വം വൎദ്ധിപ്പിക്കുവാനല്ലെ നമ്മൾ ഉത്സാഹിക്കേണ്ടത?"

ഈ സമയത്ത പാലത്തിന്മേൽ ഒരാൾ വന്ന കയറുന്നത ബാലകൃഷ്ണമേനവന്റെ ദൃഷ്ടിയിൽ പെട്ടു. ഉടനെ

"എന്നെ വിശ്വസിച്ചില്ലെങ്കിൽ ഇനി ഞാനിവിടെ വരുന്നില്ല" എന്നപറഞ്ഞ പുഴവക്കിൽ കൂടി ധൃതിപ്പെട്ട നടന്ന തുടങ്ങി. ഇതെല്ലാം നേരം പോക്കായിരിക്കുമെന്ന കരുതി അമ്മുക്കുറച്ചുനേരം സ്വസ്ഥമായിട്ടുനിന്നു. മേനവൻ തിരിക്കുവാനുള്ള ഭാവമില്ലെന്ന കണ്ടപ്പോൾ വിശ്വാസമില്ലാതായി. നടപ്പിന്റെ വേഗം ചുരുക്കുവാൻകൂടി ഭാവമില്ലെന്നുകണ്ടപ്പോൾ വല്ലാതെ വ്യസനിച്ചു, വൃത്തികെട്ട കയ്യിൽകൂടിതന്നെ മണൽപ്പുറത്തിറങ്ങി ഓടുവാൻ തുടങ്ങി. ബാലകൃഷ്ണമേനവൻ അപ്പോഴെക്കു മറഞ്ഞു കഴിഞ്ഞു. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട ആ യുവതികാലും കയ്യുംകുഴഞ്ഞതായി ചരലിൽ വീഴുകയും, ചിന്നിച്ചിതറിക്കിടക്കുന്ന തലമുടിയായ കാറ്റിനിയമാക്കി വസ്ത്രത്തിന്റെ തലപ്പുകൊണ്ട മുഖവുംമറച്ചു അതിദയനീയമാംവണ്ണം വിലപിക്കുവാൻ ആരംഭിക്കയും ചെയ്തു.

ഈ സമയത്ത അനാഥയായ ആ അബലാരത്നത്തെ സമാധാനപ്പെടുത്തുവാനോ എന്നതോന്നുമാറ കാർമേഘങ്ങളിൽ നിന്ന വിമുക്തനായ ബാലചന്ദ്രന്റെ ശുഭ്രകിരണങ്ങൾ അവളുടെ പൂമേനിയെ കുളുപ്പിക്കുവാൻ തുടങ്ങി.

ബാലകൃഷ്ണമേനവന്റെ ശ്രദ്ധയെ ആകർഷിച്ച പുരുഷൻ ഇക്കരെ എത്തിയപ്പോഴെക്കു ബാലകൃഷ്ണമേനവനും അടുത്തുകൂടി. അവർതമ്മിൽ അല്പനേരം സംസാരിച്ചു നിന്നതിന്റെ ശേഷം ബാലകൃഷ്ണമേനവൻ പരിവട്ടത്ത വീട്ടിന്റെ ഉള്ളിൽകൂടി വന്നവഴി സ്വന്തം വീട്ടിലേക്കും മറ്റെയാൾ പിന്നാക്കവും തിരിച്ചു. അമ്മുവിന്റെ രീതിയിലുള്ള ചോദ്യങ്ങൾക്ക് യാതൊരു സമാധാനവും പറയാതെ അവളെ പുഴക്കടവിലേക്ക ഓടിക്കുവാൻ വഴിയാക്കിത്തീർത്തിട്ട് ചേരിപ്പുറമ്പിൽ ചെന്ന കയറി കോലായിൽ നിൽക്കുമ്പോഴാണ ആറാമദ്ധ്യായത്തിൽ പറഞ്ഞപോലെ വേലക്കുട്ടി ജ്യേഷ്ഠന്റെ നേരിട്ട ചെന്നത്.

ആത്മനിർവ്വേദനം.

ക്ഷുത്തൃട്ക്ലേദപുരീഷകീടതിമോഹോജ്ജൃംഭിച്ചു വാഴുമ്പോഴും
ചിന്താവേശമൊഴുകുവാൻ വിഷമമായ് കാലം കഴിക്കുമ്പോഴും ।
വിദ്യാഭ്യാസവിധിക്കുഴന്നവരൊരായ്ത്തീരുമ്പോഴും പാർക്കിലി
ന്നാദ്യന്തം സുഖമെന്നതെന്തു പരമാത്മധ്യാനമൊന്നെന്നിയെ ॥
ഭൂശാപാശതന്തുക്കളാഡ്യനിരമാത്സര്യാഢ്യരുണ്ടാകുവാൻ
ക്ലേശിച്ചേറ്റമുഴന്നിട്ടും കരവിരിക്കൊട്ടയുമാകുമ്പോഴഹോ ।
ദേശശ്രീയശരൊരാധ്യവഷ്കിടമതം നൽകാൻ കഴിഞ്ഞും മഹാ
ഖേദംതന്നിൽ സുഖമെന്നതെന്തു പരമാത്മധ്യാനമൊന്നെന്നിയെ ॥
കനകം, കാടുകളും, നിറഞ്ഞ പുഴയും, മാതൃം മഴക്കാറ്റുമ
ക്കന്നിക്കന്നൊഴുകിവരും കലശം കാവും, കാവുതാഴങ്ങളും ।
ഒന്നാംതന്നെ നിനച്ചിടാതമ്പവരെയൊപ്പുമ്പോൾ സ്വദേഹത്തിനി
കന്നാർക്കും സുഖമെന്നതെന്തു പരമാത്മധ്യാനമൊന്നെന്നിയെ ॥
വിദ്യാവൈഭവമൂത്തമാനവരരുതും വിദ്യാതി വിത്താഢ്യരും
ഹൃദ്യസ്വാന്തവിവേകസിദ്ധിയുതരും കൂസാതെ ദേശാന്തരേ ।
സോദ്യോഗം കളിയാടിടും കവിവരന്മാർക്കും നിനച്ചാൽ പര
പദ്യശ്രീസുഖമെന്നതെന്തു പരമാത്മധ്യാനമൊന്നെന്നിയെ
കാര്യംകണ്ടുമറക്കുവാൻ വിഷമമായാസന്നമായ് മൃത്യുവ
കാലേ കാന്തവിവേകമിന്നു തെളിവാകുന്നീ മംഗനിലമേ ।
മേലാകാശതിരയെന്തിനെന്നു പറയിട്ടുള്ളൽപ്പെടുന്നാത്മമാം
കാലത്തിൽ സുഖമെന്നതെന്തു പരമാത്മധ്യാനമൊന്നെന്നിയെ ॥
ദാരാപത്യസുഹൃജ്ജനാങ്ങളൊയന്നാളുള്ളന്നേരം നശിച്ചീടും
ദാരിദ്ര്യസ്ഥിതിയായിടുന്നൊരുവർ താൻ നിന്ദിച്ചിടും നിസ്പൃഹം ।
ദ്രോഹിച്ചീടിനതോം നീക്കുവതിനാളില്ലാതെയല്ലാതെയ
ക്കോലന്നോനസുഖമെന്നതെന്തു പരമാത്മധ്യാനമൊന്നെന്നിയെ ॥
എന്നാൽ മാമകചിത്തമേ ചലചലസംസർഗ്ഗാദിസർവ്വം വെടി
ഞ്ഞെന്നന്നീവിഷയായ്ത്തീർന്നതിരകളിൽ പ്പാടാതെയാടാതഹോ ॥
എന്നാകം സ്ഥിരമായനന്തഗുണമായ് നിവൃത്തിമാർഗ്ഗമാ
കുന്നമെച്ചം ഭക്തസാന്ദ്രതിസുഖസമ്പത്തോടു വാഴ്കെട്ടൊ ॥

സി. ഗോദവർമ്മൻ തിരുമുല്പാട്.

പലവക

—— :o: ——

(പുസ്തകപരിശോധന)

[illegible]

[illegible]

കരകൌശലം

[illegible]

സ്വന്തം


[illegible]

[illegible]

ര. ത. പ.

൧-ലക്ഷ്മീകരകസ്തൂരിഗുളികകൾ.

താംബൂലം ഉപയോഗിക്കുന്നവർ എല്ലാവരും അവശ്യം ഉപയോഗിക്കേണ്ട വിലയേറിയ ഈ ഔഷധം,—മന്ദബോധം, [illegible], അജീർണ്ണം, [illegible], ഇവയെ ശമിപ്പിക്കും.



[illegible] താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. [illegible] കൂടി [illegible] ഗുളികകളെ ഉപയോഗിച്ചാൽ [illegible] [illegible] താംബൂലത്തോടു കൂടി ഉപയോഗിച്ചാൽ [illegible] അടുക്കുകയില്ല. [illegible] ഇതിൽ ചേർത്തിട്ടില്ല. കസ്തൂരി [illegible], പച്ചക്കർപ്പൂരം മുതലായ [illegible] വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട. [illegible] മുതലായ [illegible] ഗുളികകൾ [illegible] സുഖപ്പെടും.

൧൦൦ ഗുളികകൾ ഉള്ള കുപ്പി ൧-ക്കു വില ൪ അണ ൩. ൧-ൽ കൂടുതൽ ൧൦-൧൨ കുപ്പികൾ [illegible] ബാക്കി ൧-ക്കു തപാൽ കൂലി ൪-അണ.

൨-ദന്തചൂർണ്ണം.

സുഗന്ധമായുള്ള [illegible] പല്ലുദീനങ്ങളെയും നീക്കും.

വില, കുപ്പി ഒന്നിന്നു മൂന്നണ. തപാൽചിലവു രണ്ടു കുപ്പിവരെ ൪-അണ വേറെ.

൩-ജ്വരഹരി.

കുളിർപ്പനി, [illegible], [illegible], [illegible]ജ്വരം, [illegible]ജ്വരം, [illegible]ജ്വരം മുതലായ [illegible] നന്ന.

വില കുപ്പി ഒന്നിന്നു ൧-ക, തപാൽചിലവു ൩-അണ വേറെ.

൪-ലോകപ്രസിദ്ധമായ സുഗന്ധകേശതൈലം.

ഈ തൈലം പുരട്ടിയാൽ [illegible], [illegible], [illegible] ബുദ്ധിപുഷ്ടിയും, [illegible] കറുപ്പും വരുത്തും. കണ്ണിന്നു കുളുർമ്മയുണ്ടാകും. [illegible] തലവേദന [illegible] നീങ്ങും. [illegible] കണ്ണിന്നു നല്ല തെളിച്ചമുണ്ടാകും.

വില, കുപ്പി ഒന്നിന്നു ൧൨-അണ. തപാൽചിലവു ൪-അണ വേറെ.

൫-രോമസംഹാരി.

[illegible] പുരട്ടിയാൽ [illegible] രോമം [illegible].

വില, കുപ്പി ഒന്നിന്നു ൮-അണ. തപാൽചിലവു മൂന്നു കുപ്പികൾ വരെ ൪-അണ വേറെ.

പി. സുബ്ബരായി
പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.
P. SUBBAROY *Porto Novo.*

[illegible]-അഗ്നിമാന്ദ്യസംഹാരി.

[illegible] പിത്തസംബന്ധമായ [illegible] തീ [illegible]

ഡപ്പിക്കു [illegible] തപാൽകൂലി [illegible] വരെ.

[illegible]-കണ്ണുബിന്ദു.

[illegible] മുതലായ കണ്ണുരോഗങ്ങളെ [illegible]

വില, കുപ്പി ഒന്നിന്ന [illegible]. തപാൽചിലവു മൂന്ന കുപ്പികൾ വരെ [illegible] വേറെ.

[illegible]-സുവർണ്ണഗുളികകൾ.

[illegible] പിത്തസംബന്ധം, വായു, [illegible] മുതലായ [illegible] രോഗങ്ങളേയും [illegible]

വില, ഡപ്പി ഒന്നിന്ന [illegible]. തപാൽചിലവു ഒന്നു മുതൽ [illegible] വരെ ഡപ്പികൾക്കു [illegible] വേറെ.

[illegible]-നേത്രബിന്ദു.

കണ്ണുനോവു, [illegible] മുതലായ [illegible]

വില, കുപ്പി ഒന്നിന്ന [illegible]. തപാൽചിലവു മൂന്ന കുപ്പികൾ വരെ [illegible] വേറെ.

[illegible]-സ്ഖലിതരക്ഷണി.

[illegible]

വില, ഡപ്പി ഒന്നിന്ന [illegible]. തപാൽചിലവു [illegible] വരെ ഡപ്പികൾക്കു [illegible] വേറെ.

[illegible]-മൃഗകസ്തൂരി.

[illegible] കസ്തൂരി എപ്പോഴും [illegible] ഉണ്ടു.

തോലക്കത്തിന്ന [illegible]. വില ഒരു രൂപാ മുതൽക്കുള്ള എല്ലാ സമ്പ്രദായം [illegible] തപാൽച്ചിലവുപുറമെ. എഴുത്തുകൾ എല്ലാം ഇംഗ്ലീഷിലോ തമിഴിലോ ആയിരിക്കണം.

പി. സുബ്ബരായി

പോർട്ടോനോവോ, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo*.

൧൬- ജ്വരവിഷത്തിന്ന സിദ്ധൌഷധം.

[illegible] ... എല്ലാ [illegible] ... ഈ [illegible] ഒരു കുപ്പി [illegible] ...

വില കുപ്പി ൧- ക്ക ൧- ക ൯-ണ. ൧൨ കുപ്പിയിൽ കുറ ഞ്ഞ ഒന്നിച്ച വാങ്ങുന്നവർക്ക ഡസൻ ൧ ക്ക ൧൨ ക ൮ ണ, ഉള്ള വില യിൽ കുറച്ച മാത്രമെ വില ചുമത്തുന്നുള്ളു. വി-പി- കമീഷൻ ൫ ണ പുറമെ.

ഇൻഡ്യയിലും ബർമ്മയിലും ൧൨ കുപ്പിവരെ വി-പി- കമീഷ ൻ ൫ ണ സിലോൺ ടി ൭ ണ.

൧൭- വ്രണവിരോപണ തൈലം.

ഈ [illegible] എല്ലാവിധ വ്രണങ്ങൾക്കും [illegible] ഇത സകല ക്രിമികളേയും നശിപ്പിച്ച എല്ലാ വ്രണങ്ങളേയും [illegible] വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു.

വില പ്പ ണ. മൂന്ന കുപ്പിവരെ വി-പി- കമീഷൻ ൫ ണ മാത്രം.

൧൮- കണ്ഠശുദ്ധി ഗുളിക.

ഇത കണ്ഠം തെളിഞ്ഞ ശാരീരം നന്നാവുന്നതിന്ന അതിവിശേഷമായ ഔഷധമാകുന്നു, പ്രത്യേകിച്ച സംഗീതക്കാർക്കും, പ്രസംഗക്കാർക്കും, പണ്ഡിതന്മാർക്കും, [illegible] അഭ്യാസം ചെയ്യുന്നവരായ മറ്റെല്ലാവർക്കും വളരെ ഉപയോഗപ്പെടുന്നതാകുന്നു.

വില പ്പ ണ വി-പി- കമീഷൻ ൩ കുപ്പിവരെ ൩ ണ.

൧൯. സ്നാനചൂർണ്ണം.

ഈ പൊടിതേച്ച കുളിക്കുന്നതിന്ന വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ അഴുക്കും [illegible] കളയുന്നു, ഉന്മേഷവും [illegible] ഉണ്ടാക്കുന്നു. ഇതിനാൽ [illegible] ദേഹത്തിന്ന [illegible] എല്ലായ്പോഴും [illegible]. ഇത ഇന്ത്യയിലുള്ള എല്ലാവർക്കും [illegible].

വില പ്പ ണ വി-പി- കമീഷൻ ൩ ണ.

പി. സുബ്ബരായി

പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ലം.

P. SUBBAROY, porto Novo,

൨൦. സഞ്ജീവവല്ലിക.

കുട്ടികൾക്കുണ്ടാവുന്ന പനി, ഛൎദ്ദികൾ, അതിസാരം, ചുമ, അജീൎണ്ണം, ... മലബന്ധം, ... എന്നീ മുതലായി എല്ലാ ബാലരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ളതാകുന്നു. ഇത ... ഉപകരിക്കുന്നതാകുന്നു.

വില ൧൨ ണ വി-പി- കമീഷൻ ൩ കുപ്പിവരെ ൪ ണ.

൨൧. ഒന്നാംതരം ഗോരോചനഗുളിക.

എല്ലാവിധ പനികൾക്കും ... ഉപയോഗങ്ങൾക്കും ... ചുമ, അജീൎണ്ണം, ... മലബന്ധം, ... മുതലായി എല്ലാ ബാലരോഗങ്ങൾക്കും ... യാകുന്നു.

വില ൪ ണ വി-പി- കമീഷൻ ൩ കുപ്പിവരെ ൪ ണ.

൨൨. ബാലരോഗ പരിഹാരി.

ഈ ഔഷധം ..., ..., ..., ..., ..., ചുമ, ..., ...ണം, മുതലായ ... എല്ലാ ബാലരോഗങ്ങൾക്കും ഏറ്റവും നല്ല ഔഷധമാകുന്നു. ഇത ... പുറമെ മാത്രം ഉപയോഗിച്ചാൽ മതി.

വി-പി- കമീഷൻ ൪ ണ.

			ക.	ണ.	സ.
ഒന്നാംതരം ഗോരോചനം	തൂക്കം	൧ ക്കു	൨൦	൦	൦
ടി	രണ്ടാം ടി	൧ ക്കു	൧	൦	൦
ടി	പച്ചക്കർപ്പൂരം ടി	൧ ക്കു	൧	൦	൦

മേൽവിലാസം തമിഴിലോ ഇംഗ്ലീഷിലോ വിശദമായി എഴുതണം.

പി. സുബ്ബരായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo.*

P. SUBBAROY, porto Novo,

PATENT MEDICINES.

	RS.	A.	P.
Scott's Emulsion of pure Cod Liver Oil.	1	6	0
Maltine with Cod Liver Oil.	1	12	0
Mellin's Emulsion Cod Liver Oil.	1	6	0
Dr. D Jong's Cod Liver Oil.	1	10	0
Kepler Malt Extract.	1	8	0
Kepler Malt Extract of Cod Liver Oil.	1	10	0
Extract of Malt with Cod Liver Oil.	1	8	0
Kemp and Co. Gom Pouder.	0	1	0
Malt pepsin.	4	12	0
Sulphate of Quinine	1	12	0
Vaseline 2 oz. bottle.	0	6	0
Pomade Vaseline	0	6	0
Vaseline yellow	2	0	0
Brands Essence of chiken per tin.	2	0	0
Brands Essence of mutton.	1	8	0
Senico meat large size.	1	4	0
Benger's food.	1	4	0
Nestle's milk food, tin	1	3	0
Mellin's food large size	1	10	0
Do. Small size.	1	0	0
Bovril.	1	0	0
Do. Bottle.	1	2	0

	RS.	A.	P.
Borex Soap.	0	12	0
Burogoyn's chemical food per bottle.	0	12	0
Easton's Syrup.	1	0	0
Cadbury's Cocoa per tin.	0	10	0
Van Houten's cocoa.	0	12	0
Setchford's carbolic tooth powder.	0	6	0
Calvert's Do.	0	6	0
Tyra Hari.	0	8	0
Stearn's Headache cure per book.	1	0	0
Pria & Co's Golden oil for the Hair	1	0	0
Grimault's Indian cigarettes.	1	4	0
Smelling salt.	0	10	0
Cough Lozenges.	1	4	0
Pain Tiller.	0	10	0
Mother seigels Syrup.	1	4	0
Cormolt santol midy.	2	8	0
Fellin's Syrup.	2	2	0
Menthol.	0	5	0
Dr. William Pink Pills.	2	8	0
Birgoynes Sarsaparilla	1	12	0
Carmolt's do.	2	0	0
Red Jamaica do.	1	8	0
Cooper's do.	1	4	0
Clarke's Blood mixture.	2	8	0
Dr. Fallets Pepto per.	4	0	0
Bolivian Cocoa vine.	2	12	0
Peptone wine.	3	0	0
Cuticura Soap per cake.	0	12	0
Barly powder	0	9	
Crosse & Blackwell's Lucca Oil.	1	0	0

	RS.	A.	P.
Olive Oil.	0	6	0
Medecal Skin Soap.	0	14	0
Do. Salutes Soap.	0	8	0
Vinolia Pomade.	1	4	0
Philowne Pomade	0	4	0
Beecham's Patent Pills.	0	10	0
Cockle's Pills.	0	14	0
Oriental Balm.	1	0	0
Vaseline Jelly.	0	6	0

	RS.	A.	P.
Cosmentique Blance.	0	5	0
Johan Maria Farina Eaude coloque.	0	8	0
Do. No. 4	1	4	0
Fresman's chlorodyne.	0	10	0
Dr. J. Collis Broundu.	0	14	0
Japan canaga water.	0	10	0
Fss nce of Ginger.	0	10	0
Do. Peppern.ent.	0	12	0

P. M. MURPHY MOHAMAD BEERAN COOTY.

Cochin and Ernakulam,

Wholesale and retail Merchant.

Begs to advise he is ready to send articles to any place per. V. P. Post. Things taken by dozens will be given at a reduced price.

THE MALABAR QUARTERLY REVIEW.

EDITED BY

C. V. SUBRAMANYA AIYAR, B. A.

Annual subscription inclusive of postage, Rs. 5.

To understand the character and the scope of the journal and the standard of the contributions that appear in it intending subscribers should refer to the pages of any number of the Review, a copy of which can be had on payment of Rs. 1—6—0, to

The MANAGER,

The Malabar Quarterly Review,

Ernakulam

—:0:—

പി. ഏം. മർഫി ബീരാൻകുട്ടി.

ജനറൽ മർച്ചൻറ്; എറണാകുളം കൊച്ചി.

പുതിയതായ പലമാതിരി സാമാനങ്ങൾ ! ചരക്കെല്ലാം !!


വില ചുരുക്കം !!!

	ക.	ണ.	സ.
ശീമക്കഷായം			
ഒന്നാന്തരം വീപ്പ 1ക്കു വില	11	4	0
രണ്ടാന്തരം ടി 1ക്കു	10	4	0
മൂന്നാന്തരം ടി 1ക്കു	9	4	0
നാലാന്തരം ടി 1ക്കു	7	4	0
ചായങ്ങൾ			
ഹെമ്പക് സിങ്ക് വെള്ള ച്ചായം റാത്തൽ 28ക്കു	7	0	0
ടി രണ്ടാന്തരം റാത്തൽ 20ക്കു	3	0	0
ടി മൂന്നാന്തരം റാത്തൽ 20ക്കു	2	0	0
ശേഷം എല്ലാ നിറങ്ങൾക്കും വീപ്പ 1ക്കു ...	2	0	0
പൊടിച്ചായങ്ങൾ			
ചുകപ്പു കെട്ടു 1ക്കു	0	6	0
പച്ച കെട്ടു 1ക്കു	0	6	0
നീല കെട്ടു 1ക്കു	0	4	0
മഞ്ഞ കെട്ടു 1ക്കു	0	4	0
വെള്ള കെട്ടു 1ക്കു	0	4	0
തൈലങ്ങൾ			
കേരഞ്ജുൻ തൈലം കുപ്പി 1ക്കു ...	1	1	0
കാസ്സുറായിൽ തൈലം കുപ്പി 1ക്കു ...	1	0	0
ഫോർസ്സരെ തൈലം കുപ്പി 1ക്കു ...	1	8	0
വള്ളി ച്ചൂരൽ റാത്തൽ 1ക്കു	0	4	6

ഇതുകൂടാതെ പലതരം സാമാനങ്ങളും ചുരുങ്ങിയ വിലക്കു കൊടുക്കുന്നതാകുന്നു.

P. SUBBAROY'S

World-Renowned and Most Efficacious Ayurvedic Medicines.



ഔഷധം സേവിക്കുന്നതിനു മുമ്പ

പി. സുബ്ബരായിയുടെ ലോകപ്രസിദ്ധ
ങ്ങളും ഏറ്റവും ഫലവത്തുകളും
ആയ ആയുർവ്വേദ ഔഷധാലയം
൧. ലോകപ്രസിദ്ധമായ ധാതുപുഷ്ടികാരി.

[illegible]



ഔഷധം സേവിച്ചതിനു ശേഷം

ഡപ്പി ഒന്നുക്കു വില രൂപാ ൧. തപാൽ ചിലവുവകയ്ക്കു അണ ൩-വേറെ.

൨. പ്രമേഹ നിവാരണി.

[illegible]

കുപ്പി ൧-ക്കു വില രൂപ ൧. മൂന്നു കുപ്പികൾ വരെയുള്ള ബുക്കിംഗ തപാൽചിലവു അണ ൪.

൩. സർവ്വവേദനാ സംഹാരി.

[illegible]

കുപ്പി ഒന്നുക്കു വില രൂപാ ൧. തപാൽചിലവു അണ ൩.

൪. മണ്ഡലകുഷ്ഠസംഹാരി.

[illegible]

വില, കുപ്പി ഒന്നിനു ൪-അണ. തപാൽചിലവു മൂന്നു കുപ്പിവരെ ൩-അണ വേറെ.

പി. സുബ്ബരായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo*

൧൦-അഗ്നികാന്ത്യസംഹാരി.

[illegible]

ഡപ്പിഒന്നിന്ന ൧൨ അണ ൮-തപാൽക്കൂലി അര അണ ൮-വരെ.

൧൧-കണ്ണുബിന്ദു.

[illegible]

വില, കുപ്പി ഒന്നിന്ന ൧൨ അണ. തപാൽചിലവു മൂന്ന കുപ്പികൾ വരെ ൩-അണ വേറെ.

൧൨-സുഖഭേദിഗുളികകൾ.

[illegible]

വില, ഡപ്പി ഒന്നിന്ന ൧൨ അണ. തപാൽചിലവു ഒന്നു മുതൽ ൧൦-വരെ ഡപ്പികൾക്കു ൩-അണ വേറെ.

൧൩-നേത്രബിന്ദു.

[illegible]

വില, കുപ്പി ഒന്നിന്ന ൧൨ അണ. തപാൽചിലവു മൂന്ന കുപ്പികൾ വരെ ൩-അണ വേറെ.

൧൪-സ്ഖലിതരക്ഷണി.

[illegible]

വില, ഡപ്പി ഒന്നിന്ന ൧൨ അണ. തപാൽചിലവു ൬-വരെ ഡപ്പികൾക്കു ൩-അണ വേറെ.

൧൫-മൃഗകസ്തൂരി.

[illegible]

ഉറുപ്പികത്തൂക്കത്തിന്ന ൧൨-ക. വില ഒരു ഉറുപ്പിക മുതൽക്കുള്ള ഏതു സമ്പ്രദായവും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽച്ചിലവു പുറമെ. എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലോ തമിഴിലോ ആയിരിക്കണം.

പി. സുബ്ബരായി
പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.
P. SUBBAROY, *Porto Novo.*

൧൩- ജ്വരവിഷത്തിന്ന സിദ്ധൌഷധം.

മേൽകാണിച്ച സകല രോഗങ്ങളുമി ഔഷധം കൊണ്ടു ശമിക്കും. ഒരു കുടുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത.

വില കുപ്പി ൧-ക്ക ൧-ക ൪-ണ. ൧൨ കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവർക്ക ഡസൻ ൧ ക്ക ൨ ക ൮ ണ, ഉള്ള വിലയിൽ കുറച്ചു മാത്രമെ വില ചുമത്തുന്നുള്ളൂ. വി-പി- കമീഷൻ ൭ ണ പുറമെ.

ഇൻഡ്യയിലും ബർമ്മയിലും ൧൨ കുപ്പിവരെ വി-പി- കമീഷൻ ൫ ണ സിലോൺ ൭ ണ.

൧൪- വ്രണവിരോപണ തൈലം.

ഈ കഴമ്പ പിണ്ണപ്പുണ്ണ മുതലായ എല്ലാവിധ വ്രണങ്ങൾക്കും ഫലിക്കുന്ന ഔഷധമാകുന്നു. ഇത സകല കൃമികളേയും നശിപ്പിച്ച എല്ലാ വ്രണങ്ങളേയും വിശുദ്ധീകരിച്ച വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു.

വില ൮ ണ. മൂന്ന കുപ്പിവരെ വി-പി- കമീഷൻ ൫ ണ മാത്രം.

൧൫. കണ്ഠശുദ്ധി ഗുളിക.

ഇത കണ്ഠം തെളിഞ്ഞ ശാരീരം നന്നാവുന്നതിന്ന അതിവിശേഷമായ ഔഷധമാകുന്നു, പ്രത്യേകിച്ച സംഗീതക്കാർക്കും, പ്രസംഗക്കാർക്കും, പാഠിതിമാർക്കും, ശബ്ദാഭ്യാസംകൊണ്ട അത്യായാസം ചെയ്യേണ്ടവരായ മറ്റെല്ലാവർക്കും വളരെ ഉപയോഗമുള്ളതാകുന്നു.

വില ൮ ണ വി-പി- കമീഷൻ ൬ കുപ്പിവരെ ൬ ണ.

൧൬. സ്നാനചൂർണ്ണം.

ഈ പൊടിതേച്ചു കുളിക്കുന്നതിന്ന വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ അഴുക്കും ദുർഗ്ഗന്ധവും കളഞ്ഞ, ശുദ്ധിയും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്ന ശൈത്യവും സുഖവും എല്ലായ്പോഴും തോന്നും. ഇത ഇന്ത്യയിലുള്ള എല്ലാവർക്കും വേണ്ടതാകുന്നു.

വില ൮ ണ വി-പി- കമീഷൻ ൩ ണ.

പി. സുബ്ബരായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, porto Novo.

൨൦. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാവുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം, അജീർണ്ണം, ഓക്കാനിപ്പു, ജ്വരം, ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപകാരമായിട്ടു കാണപ്പെടുന്നു. ഇതു വലിയവയസ്സുള്ളവർക്കും ഒരുപോലെ ഉപകരിക്കുന്നതാകുന്നു.

വില ൧൦ ണ വി-പി- കമീഷൻ ൩ കുപ്പിവരെ ൩ ണ.

൨൧. ഒന്നാംതരം ഗോരോചനഗുളിക.

എല്ലാവിധ പനികൾക്കും ഇതു സാമാന്യമായി ഉപയോഗിക്കാം. കുട്ടികളിൽ ഉണ്ടാവുന്ന ഉപദ്രവങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അജീർണ്ണം, ഓക്കാനിപ്പു, ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു.

വില ൫ ണ വി-പി- കമീഷൻ ൩ കുപ്പിവരെ ൩ ണ.

൨൨. സർവ്വരോഗ പരിഹാരി.

ഈ ഔഷധം തിമിർപ്പ്, ചൊറി, ചൊറിച്ചൽ, കരപ്പൻ, ചൊറിയൽ, ചുടു, പുഴുക്കടി, വ്രണം, മുതലായ തടിപ്പും ചൊറിച്ചലും ഉള്ള എല്ലാ ത്വക്ക്രോഗങ്ങൾക്കും ഏറ്റവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി.

വി-പി- കമീഷൻ ൩ ണ.

		രു.	ണ.	സ.
ഒന്നാംതരം ഗോരോചനം	രൂപാത്തൂക്കം ൧ ക്കു	൭	൦	൦
ടി മദ്ധ്യം	ടി ൧ ക്കു	൧	൦	൦
ടി പച്ചകർപ്പൂരം	ടി ൧ ക്കു	൧	൦	൦

മേൽവിലാസം തമിഴിലോ ഇംഗ്ലീഷിലോ വിശദമായി എഴുതണം.

പി. സുബ്ബരായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo*.

നോട്ടീസ്.

മേത്തരം സാമാനങ്ങൾ ! വില വളരെ സഹായം !!

ബൊമ്പായിമുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽ നിന്നനേരിട്ടുവരുത്തുന്നതും താഴെ വിവരം പറയുന്നതും വെറെയും അനേകം സാമാനങ്ങൾ തൊകപ്പടിയായും ചില്ലറയായും വളരെ സഹായ വിലക്ക വില്ക്കുന്നതാണ്.

പലതരത്തിലുള്ള ഫ്ലാനൽ ശീലകൾ, ടവീഡുകൾ, ചെക്കത്തുണികൾ, വളരെ ഭംഗിയുള്ള ചീട്ടികൾ പട്ടുകൾ, ബ്ലാങ്കെറ്റുകൾ, തൊപ്പികൾ, ഷർട്ടുകൾ, മല്ല്, ജഗന്നാഥൻ മുതലായ തുണിച്ചരക്കുകൾ. ഇനാമൽ പാത്രങ്ങൾ, പലതരം അരികുള്ള ഗ്ലാസ്സുകൾ, നാഴികമണികൾ, ലാമ്പുകൾ, വിളക്കുകൾ, കണ്ണാടികൾ, കത്തികൾ, ഇരട്ടാപ്പുകൾ, തപാൽപ്പെട്ടകങ്ങൾ, കോലുകൾ, ഇരിമ്പുചെല്ലികൾ, ഇരിമ്പലമാരികൾ, ഇരിമ്പുപെട്ടികൾ, അനേകവിധം സോപ്പുകൾ, ബ്രാണ്ടി, വിസ്കി, മുതലായ ലഹരിസാധനങ്ങൾ, മുത്തുച്ചിപ്പികൊണ്ടുള്ള അനേകവിധ പാത്രങ്ങൾ, ഇവകളും മെലിൻസ ഫുഡ, കൊക്കൊ, കാപ്പിപ്പൊടി, ടീ ബിസ്കറ്റ് മുതലായ വേറെയും അനേകവിധ സാമാനങ്ങൾ വളരെ സഹായവിലക്ക വില്ക്കുന്നു.

ആവശ്യപ്പെടുന്നവർക്ക സാമാനങ്ങൾ വി. പി. ആയി അയച്ചുകൊടുക്കുന്നതാണ്.

എ. ടി. എസ്സ്. മേനോൻ.
ജനറൽ മർച്ചന്റ്.
ചിററൂർ.

പുസ്തകം ൨.   നമ്പ്ര ൪.

വ്യവഹാരചിന്താമണി.

എല്ലാ ഇംഗ്ലീഷ മാസവും 30-ാം൹ പ്രസിദ്ധപ്പെടുത്തുന്ന
ഒരു വിശേഷനിയമമാസിക.

പത്രാധിപർ

ചെങ്കളത്ത കരുണാകരമേനോൻ ബി. എ.

—:0:—

1903 ആഗസ്റ്റ.

സംഗതിവിവരം.

൧. കാണം 1—ാം ... മേനോൻ, ബി. എ., ബി. എൽ.

൨. പത്രാധിപക്കുറിപ്പുകൾ.

൩. മരിമക്കത്തായ ... ലേഖനം

ബി. ഗോവിന്ദൻ നമ്പ്യാർ, ബി. എ. ബി. എൽ.

൪. ഹൈക്കോർട്ട് വിധി സംഗ്രഹം.

൫. കൊച്ചി വിധികൾ—... മേനോൻ, ബി. എ., ബി. എൽ.

കാരാട്ട അച്യുതമേനോൻ, ബി. എ., ബി. എൽ.

൬. തിരുവിതാംകൂർ വിധികൾ ടി. കരുണാകരമേനോൻ, ബി. എ., ബി. എൽ.

ഒരു ... നിയമകാര്യങ്ങളിൽ ഉപദേശങ്ങൾ,

... പുതിയ ... ഒരു പുസ്തകം പ്രസിദ്ധീകരിച്ചു.

... സകല ... വക്കീൽമാരും വായിക്കേണ്ടതാണ.

... ലക്ഷണം.

... കൊച്ചി വിധികളുടെ ... "ചിന്താമണി" എന്ന ...

വരിസംഖ്യ—മുൻകൂറ ...

ഒരു കൊല്ലത്തേക്ക്   ആറു മാസത്തേക്ക്

വി. പി. ൩—൨—൦   വി. പി. ൨—൧—൦

കൊച്ചി വിധികൾ ൧-ാം നമ്പ്ര മുതൽക്കും, തിരുവിതാംകൂർ വിധികൾ ൪-ാം നമ്പ്ര മുതൽക്കും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. എന്ന വ്യവഹാരചിന്താമണി   മാനേജർ,

വള്ളുവനാട്, മലബാർ.

സംഗതിവിവരം.

—— : o : ——

☞ രസികരഞ്ജിനിക്കു പുതിയ വരിക്കാരെ ഉണ്ടാക്കി അവരുടെ വരിപ്പണം മുഴുവൻ മുൻകൂറായി പിരിച്ച് പോസ്റ്റാഫീസ് വഴിയായി അയച്ചുതരുന്നവർക്ക് ൧൦. ഉറുപ്പികയിൽ കുറയാതെ ഉള്ള സംഖ്യകൾക്ക് ൧൦൦-ക്ക ൧൦-ക വീതം കമ്മിഷനും ൩൦. ക്കയിൽ കുറയാതെ പിരിച്ചുതരുന്നവർക്ക് മേൽ പറഞ്ഞ കമ്മിഷനും പുറമെ മുപ്പതിനാ ഉറുപ്പികക്കു രഞ്ജിനിയുടെ ഓരോ പ്രതിവീതം സൌജന്യമായും കൊടുക്കപ്പെടും.

ര. മ. മാനേജർ.

PRINTED AT THE VIDYA VILASUM PRESS, ERNAKULAM.

ഗ്രന്ഥവിലവക പണമടച്ചവരുടെ പേരുവിവരം.

———:0:———

ബഹുമാനപ്പെട്ട കൊച്ചിത്തമ്പുരാൻ	...	...	൧൦	൦	൦
കൊച്ചി വലിയ തമ്പുരാൻ		തിരുമനസ്സുകൊണ്ടു	൫	൦	൦
,,	൨-ാം കൂറു തമ്പുരാൻ	...	൫	൦	൦
,,	൩-ാം കൂറു കൊച്ചുണ്ണിത്തമ്പുരാൻ	...	൫	൦	൦
,,	൫-ാം കൂറു തമ്പുരാൻ	...	൫	൦	൦
,,	൯-ാം കൂറു തമ്പുരാൻ	...	൫	൦	൦
,,	൧൦-ാം കൂറു തമ്പുരാൻ	...	൫	൦	൦
,,	൧൧-ാം കൂറു തമ്പുരാൻ	...	൫	൦	൦
,,	൧൩-ാം കൂറു തമ്പുരാൻ	...	൫	൦	൦
,,	൨൦-ാം കൂറു തമ്പുരാൻ	...	൫	൦	൦
,,	൨൧-ാം കൂറു തമ്പുരാൻ	...	൫	൦	൦
,,	വലിയ ഇക്കണ്ടത്തമ്പുരാൻ	...	൫	൦	൦
,,	അവിട്ടത്തമ്പുരാൻ	...	൫	൦	൦
,,	മൂത്ത കോവിലകത്തെ കുഞ്ഞിക്കാവമ്മതമ്പുരാൻ		൫	൦	൦
,,	ടി. ഇക്കാവുത്തമ്പുരാൻ	...	൫	൦	൦
,,	കൊച്ചിക്കാവുത്തമ്പുരാന്റെ കുഞ്ഞിക്കാവു തമ്പുരാൻ	...	൫	൦	൦
,,	ശ്രീ ഇളയ വലിയതമ്പുരാന്റെ വലിയ കുഞ്ഞിക്കാവത്തമ്പുരാൻ	...	൫	൦	൦
,,	ടി. ഇക്കാവുത്തമ്പുരാൻ	...	൫	൦	൦
,,	ടി. കാവുത്തമ്പുരാൻ	...	൫	൦	൦
,,	ടി. ഇക്കണ്ടത്തമ്പുരാൻ	...	൫	൦	൦
,,	ടി. കുഞ്ഞിക്കാവുത്തമ്പുരാൻ	...	൫	൦	൦
,,	ടി. മങ്കത്തമ്പുരാൻ	...	൫	൦	൦
,,	വലിയതമ്പുരാന്റെ മങ്കത്തമ്പുരാൻ	...	൫	൦	൦
ബ്രഹ്മശ്രീ എളമന കേരളൻ നമ്പൂതിരിപ്പാട്			൫	൦	൦
,,	പട്ടിപ്പുറത്ത് നാരായണൻ നമ്പൂതിരിപ്പാട്		൫	൦	൦
,,	മണ്ണൂർ കേരളൻ നമ്പൂതിരി		൫	൦	൦
,,	സി. പരമേശ്വരൻ നമ്പൂതിരിപ്പാട്	പുത്തൻ കളിയ	൫	൦	൦
മ. രാ. രാ. ടി. രാമനുണ്ണി		പാപ്പായി	൫	൦	൦
,,	എം. കിട്ടൻ	ചിറയിൻകീഴ്	൨	൦	൦
തിരുവനന്തപുരം മലയാള സംസ്കൃത വിദ്യാർത്ഥിസംഘം					
		ഡിപ്പാട്ടി	൧	൦	൦

ലക്ഷ്മീഭായി

൧൦൮൧.

പുസ്തകം ൧. തുലാമാസം. ലക്കം ൩.

മംഗളം.

മുക്കണ്ണൻതന്റെക്കണ്ണേറ്റുടനുടനുരുകി
പ്രേമപൂർവ്വം പരന്നോതാൻ
തൃക്കണ്ണാൽത്തന്നെ വീണ്ടും പുതുമയതുദയം
ചേർത്തുകാത്തോരുതായേ !
ഉൾക്കൊള്ളുംമോഹമെല്ലാമുടനുടനുതിപതം
മാറ്റുന്നീക്കുന്നൊരെന്നെ
തൃക്കണ്ണാൽതീർത്തുകൊണ്ടെന്നാൻ ത്രിപുരഹരപുരാ
പുണ്യപൂരത്തിടമ്പേ ! ॥

പറയാട്ട് അച്യുതമേനോൻ.

അഹംഭാവം.

——:o:——

ജന്തുക്കൾക്കു നരജന്മം ദുർല്ലഭമായിട്ടുള്ളതാണ് എന്നു ആചാര്യസ്വാമികൾ പറഞ്ഞിട്ടുണ്ടു. മനുഷ്യജന്മം പുണ്യോൽകർഷത്തിന്റെ ഫലവും മോക്ഷം ഉത്തമമായ മനുഷ്യജന്മത്തിന്റെ ഫലവും ആണെന്നു, വിദ്വാന്മാരെല്ലാവരും സമ്മതിക്കും. സാധാരണ

പാമരന്മാര്‍ പോലും "എന്നാല്‍ മോക്ഷമുണ്ടോ" എന്ന സംഭാഷണങ്ങളില്‍ പലപ്പോഴും പറഞ്ഞുവരാറുള്ളതുകൊണ്ടു തന്നെ മോക്ഷം പരമാനന്ദമായിട്ടുള്ള ഒരവസ്ഥയാണെന്നു സാമാന്യം അറിയാനിക്കാവുന്നതാണ്. ഏതുജന്മത്തില്‍ മുക്തനാവുകയോ മുക്തനാവുന്നതിന്നു ശ്രമിക്കുകയോ ചെയ്യുന്നുവോ, ആ ജന്മം സഫലവും അങ്ങിനെ അല്ലാത്തജന്മം നിഷ്ഫലവും ആണെന്നുള്ളതു വിസ്പഷ്ടമായിട്ടുള്ളതാകുന്നു.

"യോനിത്യഃശാന്തിയാതൃപ്താത്മസ്സ്വഭാവേ ദുരാധയഃ.
തസ്യൈവംശാന്തചേതസ്സ്ഥിതമോക്ഷം വിദാന്ത്യതി—
ശ്രുത്വാസ്പൃഷ്ട്വാചദൃഷ്ട്വാചഭുക്ത്വാഘ്രാത്വാചശുഭാശുഭം,
നഹൃഷ്യതിഗ്ലായതിയഃ സശാന്തഇതികഥ്യതേ"

എന്നുംമറ്റുമുള്ള പ്രമാണങ്ങളെക്കൊണ്ടു മോക്ഷം സിദ്ധിക്കുവാന്‍ ആവശ്യമുള്ളവയില്‍ ശാന്തി പ്രാധാന്യമേറിയ ഒന്നാണെന്നും ദുഃഖംവരുമ്പോള്‍ വിഷാദിക്കാതെയും സുഖംവരുമ്പോള്‍ സന്തോഷിക്കാതെയും ഇരിക്കുന്നവനാണു ശാന്തനെന്നും പറയപ്പെടുന്നു.

ഇതിനെയുള്ള ശാന്തിയെ ലഭിക്കാതെ മനുഷ്യര്‍ വിചാരമില്ലാത്തവരും ഗര്‍വ്വികളുമായി കാലംകഴിച്ചുകൂട്ടുന്നത് ഏറ്റവും കഷ്ടമായിട്ടുള്ളതാണ്. താന്‍വലിയ യോഗ്യനാണെന്നും മററാരും തനിക്കു സമന്മാരല്ലെന്നും തോന്നുകയാണു പ്രായേണ ഗര്‍വ്വിന്നു കാരണമായിത്തീരുന്നത്.

എല്ലാവര്‍ക്കും ഒരേവിധമായ അഭിപ്രായംതന്നെ ഓരോകാര്യത്തിലും ഉണ്ടാവുന്നതല്ല. ഏതുകാര്യത്തിലും ഏതുകാലത്തും അഭിപ്രായഭേദങ്ങള്‍ ഉണ്ടായിക്കൊണ്ടുതന്നെയിരിക്കും. ഒരുകാര്യത്തെ കുറിച്ച് രണ്ടിലധികം അഭിപ്രായങ്ങളുണ്ടാകുമ്പോള്‍ എല്ലാ അഭിപ്രായങ്ങളിലും പരമാര്‍ത്ഥമുണ്ടെന്ന് എപ്പോഴും പറയാവുന്നതല്ല.

ഓരോ വസ്തുവിനേയും കുറിച്ച് ഒരു അഭിപ്രായം ജനിക്കുന്നത യഥാര്‍ത്ഥമായ കാരണത്തെ ആശ്രയിച്ചായിരിക്കുമ്പോള്‍ ആ അഭിപ്രായത്തെ എല്ലാവരും സ്വീകരിക്കുകയും അതിനെ പ്രസി

ഭോസ്തപകരം" (സ്വഭാവമായ ജ്ഞാനം, അതായത സൂക്ഷ്മാലോചനായുടെ ഫലമായി ലഭിക്കപ്പെട്ടതാം അത് ഏതോ, ആ പക്ഷം) എന്ന് പറയുകയും ചെയ്യുന്നു. തക്കതായ കാരണത്തെ അവലംബിച്ചല്ലാതെയോ യാതൊരു കാരണവുമില്ലാതെയോ വല്ലതും ധരിക്കുകയോ പറയുകയോ ചെയ്യുന്നത പലപ്പോഴും ആക്ഷേപത്തിന്നും ചിലപ്പോൾ പരിഹാസത്തിന്നും കൂടി ഹേതുവായിത്തീരുന്നതാണ.

രാജാവെന്നു കേട്ടിട്ടുള്ളതല്ലാതെ ജനനം മുതൽക്ക കണ്ടിട്ടില്ലാത്തതുകൊണ്ട രാജാവു മനുഷ്യവർഗ്ഗത്തിൽ നിന്നു ഭേദിച്ച ഒരു മാതിരി സൃഷ്ടിയാണെന്നു ധരിച്ചിരുന്നതിനാൽ ഒരിക്കൽ ഒരു രാജാവിനെ കാണ്മാൻ സംഗതിവന്ന ഒരു ഭൃത്യസ്ത്രീ "അല്ലാ, രാജാവ്, രാജാവ് എന്നുകേൾപ്പോഴും ഞാൻ എന്തോ എന്നു വിചാരിച്ചു. ഇത ഒരാളാണ്" എന്നു പറഞ്ഞിട്ടുള്ളത് ഓർമ്മയിൽ വരുന്നു. ഈ ഭൃത്യസ്ത്രീയെപ്പോലെയുള്ളവരെയോ ഇതിലും കുറച്ചുകൂടി മേലെയായിട്ടുള്ളവരെയോ നാട്ടിൻപുറം ധാരാളം കാണ്മാൻ കഴിയും.

ഇങ്ങിനെ യാതൊരു കാരണവുമില്ലാതെയോ തക്കതായ കാരണം കൂടാതെയോ വല്ലതും ധരിക്കുകയോ പറയുകയോ ചെയ്യുന്നത് ഒരു വിധം ആലോചിച്ചാൽ സഹിക്കാവുന്നതാണ്. അഭിപ്രായഭേദവും തെറ്റിദ്ധരിക്കലും പലർക്കും പലകാര്യത്തിലും ധാരാളം വന്നുപോകുന്നതാണ.

എന്നാൽ "ഞാൻധരിച്ചതുശരി" "ഞാൻ പറയുന്നതു സത്യം" എന്നുള്ള നാട്യത്തോടുകൂടിയും, മറ്റുള്ളവർ എത്രവളരെ യുക്തിയോടുകൂടിപ്പറഞ്ഞാലും സമ്മതിക്കാതെയും, അതിനെപ്പറ്റി ആലോചിക്കാതെയും ഇരിക്കുന്ന ചിലരുണ്ട്. അവരുടെ അവസ്ഥയാണ വളരെ ശോചനീയമായിട്ടുള്ളത്. ഇങ്ങിനെയുള്ള പിടിവാശിം "ഞാൻതന്നെ പ്രമാണി" "ഞാനൊരു സമർത്ഥൻ" എന്നിങ്ങിനെ അവനവനെപ്പറ്റി അവനവനുതന്നെ ഉണ്ടായിട്ടുള്ള വിചാരത്തിന്റെ ഫലമാണെന്നേ പറഞ്ഞുകൂടു.

അറിവിനെ ആശ്രയിച്ച് "ഞാൻ പ്രമാണി"എന്ന നടിച്ചു നടക്കുന്നവർ ഒന്നും അറിഞ്ഞുകൂടാത്ത മൂഢന്മാരാണെന്നു പറഞ്ഞുകൂടാ. ഒന്നുമറിഞ്ഞുകൂടാത്തവരാണെങ്കിൽ മറ്റുള്ളവർ പറയുന്നതിനെ വിശ്വസിച്ചുകൊള്ളുന്നതാകയാൽ അങ്ങിനെയുള്ളവരെ വ

ള്ള കാൎയ്യവും പറഞ്ഞു ബോദ്ധ്യപ്പെടുത്തുന്നത് എളുപ്പമായിട്ടുള്ളതാണ്. വിശേഷജ്ഞന്മാരായ മഹാത്മാക്കളെ കാൎയ്യം ബോദ്ധ്യപ്പെടുത്തുന്നതും വളരെ എളുപ്പമാണല്ലോ.

“താൻപ്രമാണിത്തം” നടിക്കുന്ന കൂട്ടര് ഈ തരത്തിലും പെട്ടവരല്ല. കാൎയ്യ വല്ലതും അറിഞ്ഞിരിക്കും. ഇനിയും വളരെ അറിവാനുണ്ടെന്ന മനസ്സിലാകുകയുമില്ല. ഇങ്ങിനെയുള്ളവരാണ് “ഞാൻ യോഗ്യൻ” “മററവരെല്ലാം കോരം” എന്നുധരിച്ചുപോകുന്നത്. “അപിവേത്തി ഷഡക്ഷരാണ്ചോള്ള പിറയും ശിതികണ്ഠമിചരതി” എന്നുപറഞ്ഞിട്ടുള്ളത ഈ വകക്കാരെപ്പററിത്തന്നെയാണ്.

ഇങ്ങിനെയുള്ളവരുടെ ഭാവവും അവരോട് സംസാരിക്കേണ്ടതായിവരുമ്പോഴും മററുള്ളവൎക്കു നേരിടുന്ന സങ്കടവും പറകവയ്യാത്തതല്ല. “അജ്ഞാനലവദുൎവ്വിദഗ്ദ്ധം ബ്രഹ്മാപിനരം നരഞ്ജയതി” “അല്പവിദ്യാൻ മഹാഗൎവ്വീ,” എന്നും മററും പറഞ്ഞിട്ടുള്ള മഹാന്മാരെ നാമെല്ലാന്നിഞ്ഞ നൂറു പ്രാവശ്യം തൊഴുതാൽ പോരാ.

കാലക്രമംകൊണ്ട അറിവു വൎദ്ധിക്കുമ്പോ ഒരു യോഗ്യൻ ഒരവസരത്തിൽ പറഞ്ഞതുപോലെ “യൌവനത്തിന്റെ ശക്തികൊണ്ടുള്ള ചോരത്തിളപ്പിനാൽ കാട്ടുകയാ” ചെയ്യുമ്പോഴും ഇവരുടെ “ഞാൻതന്നെ പ്രമാണി” എന്നുള്ള ഭാവം നിശ്ശേഷം നശിക്കുന്നതും അപ്പോഴും അവൎക്കു മുമ്പുണ്ടായിരുന്ന മൂഢത്വത്തെയും തന്നിമിത്തം കാണിച്ചതായ ചാപല്യങ്ങളേയും ഓൎത്തു പശ്ചാത്തപിച്ചുകൊള്ളുന്നതുമാണ്.

“യദാകിഞ്ചിജ്ജ്ഞോഹംഗജ ഇവമദാന്ധസ്സമഭവം
തദാസൎവ്വജ്ഞോസ്മീത്യഭവദവലിപ്തംമമമനഃ
യദാകിഞ്ചിൽകിഞ്ചിൽബുധജനസകാശാദവഗതം
തദാമൂൎഖോസ്മീതിജ്വരഇവമദോമേവ്യപഗതഃ.”

എന്നുപറഞ്ഞിട്ടുള്ളതുകൊണ്ട് അറിവുകുറഞ്ഞിരിക്കുന്നകാലത്ത താൻ സൎവ്വജ്ഞനെന്നും അറിവു വൎദ്ധിച്ചിട്ടുള്ള കാലത്ത താൻ അറിവുകുറഞ്ഞവനാണെന്നും തോന്നിപ്പോകുന്നത് ഒരു പതിവാണെന്നറിയാറിക്കേണം. അതുകൊണ്ടാണ വിദ്യയുടെ ഫലം വിനയമാണെന്ന യോഗ്യന്മാർ പറയുന്നത്.

ഇങ്ങിനെയുള്ള ദുർവ്വിദഗ്ദ്ധന്മാർ പോലെ പ്രസംഗത്തിങ്കൽ പക്ഷെ ഇല്ലാഷ കണ്ടേവേണ്ടു" എന്നതിലിരിക്കും ഞങ്ങൾ ലോകത്തിലുള്ള പാതിവ്രത്യപ്പെട്ടിട്ടുള്ളവരാണെന്നുള്ളത് ഈ ദുർവ്വിദഗ്ദ്ധന്മാരുണ്ടാവുന്നവരെ ഒരിക്കലും മനസ്സിലാകുന്നതല്ല.

ഇനി ധനത്തെ ആശ്രയിച്ച മേൽപറഞ്ഞവിധം നടിക്കുന്നവരുടെ നമുക്ക് നോക്കുക. ഭക്ഷണമാത്രമാണെന്നാൽ, യക്ഷന്മാരെയും ജയിച്ചിട്ടുണ്ടാവണം. കാഴ്ചയിൽ ദരിദ്രരായാലും ഒരു തിരി പണക്കാരാണെന്ന് പറയാറില്ല ഭാഗ്യമില്ലാത്തവരുള്ളവരുടെ കഥയെന്തു പറയേണ്ടു!

വല്ലവരെയും കണ്ടാൽ യാതൊന്നും സംസാരിക്കാതെ ബഹുഗൌരവം നടിച്ചിരിക്കുക. ആരെങ്കിലും വല്ലതും ചെന്നു പറഞ്ഞാൽ ഒരു തലയാട്ടൽ. ഇങ്ങിനെ ഇവർ കാട്ടുന്ന ഗോഷ്ഠികളെല്ലാം പറഞ്ഞുതുടങ്ങിയാൽ കണക്കെയില്ല. പണം കണ്ടു പരിചയവും മറ്റും ഉള്ള വല്ലവരെയും ചിലപ്പോൾ കണ്ടാൽ കണ്ടില്ലെന്ന് ഭാവിക്കുക കണ്ടതായി നടിച്ചാൽതന്നെയും പരിചയമുള്ള ഭാവമില്ലെന്ന നടിക്കുക, മുതലായ പലതും പ്രകൃതത്തിന്റെ അംശമെന്നാണ ഭാവിച്ചിരിക്കുന്നത്. ആരും തങ്ങളെ അറിവില്ല, സർവ്വദാ തങ്ങൾ പൂജ്യന്മാരാണ്, എന്നുള്ള വിചാരം ഇവരിൽതന്നെയാണ കുടികൊള്ളുന്നത്. സ്വാതന്ത്ര്യന്മാരും ഉദ്യോഗസ്ഥന്മാരുമായ ചിലർ വെറുപ്പുതോന്നത്തക്കവണ്ണം ഔദ്ധത്യമായി പലതും സംസാരിപ്പാൻ ഇവർക്ക് യാതൊരു ശങ്കയുമുണ്ടാവുകയില്ല.

ഇങ്ങിനെ ദുരഭിമാനികളായിട്ടുള്ളവർക്ക് വളരെ അനർത്ഥങ്ങൾ നേരിടുവാൻ എളുപ്പമുള്ളതും നേരിട്ടിട്ടുള്ളതും ആണ്. ദ്രോണരുടെയും പാഞ്ചാലരാജാവിന്റേയും കഥ ഇവിടെ ഉദാഹരണമായിട്ടു വിചാരിക്കാം.

ഇങ്ങിനെയുള്ള ചിലർ തങ്ങളുടെ സ്ഥിതി എന്താണെന്നും എങ്ങിനെയാണ് ലോകത്തിൽ വർത്തിക്കേണ്ടതെന്നും ഉള്ളതിനെ കുറിച്ചു യാതൊരു വിചാരവുമുണ്ടാകയില്ല. ഇവരെ ബാധിച്ചിട്ടുള്ള തിമിരം നമ്മുടെ ചില ചെറുപ്പക്കാരെ ബാധിച്ചിട്ടുള്ള ഉദ്യോഗതിമിരത്തിൽനിന്ന ഒട്ടും താണതായിരിക്കയില്ല.

ഏതാനും സ്വത്ത് സ്വാധീനത്തിൽ ആയാൽ തൽക്ഷണം പൂവ്വികന്മാരെയെല്ലാം മറന്നു. നടപടിയെല്ലാം മാറി. പിന്നെ കളിപ്പാൻ പോകേണമെങ്കിലും കോണാവുവേണം. കുറച്ചുകഴിഞ്ഞാൽ ധൂർത്തിന്റെ ശക്തികൊണ്ടു പണം സാമാന്യം നശിച്ചു മേനാവു കേടിനാകവോർ സാധിക്കയില്ലെന്നാവും. അപ്പോൾ കുതിരവണ്ടിയാകും. പിന്നെയും കുറച്ചുകഴിഞ്ഞാൽ കാളവണ്ടിയായി. കുറച്ചുകൂടികഴിഞ്ഞാൽ അതിനും നിവൃത്തിയില്ലാതെയായിട്ട് വാലിയക്കാരനാം ചെല്ലപ്പെട്ടിയുമായിട്ടുകാണാം. അവസാനം "ഉള്ള ഇടപാടുകളുടെ ഉണ്ടിയലൊക്കെ" എന്നായിത്തീരും.

ഇതിനാൽ "ഭോഗത്തിനൊത്തമേ ജീവിപ്പിരിക്കിലും" എന്ന കുട്ടത്തിലുള്ളവർ ഇപ്പോൾ വളരെയുണ്ട്. "പരമിത സമ്മാനം ചിലവുചെയ്യേണം" എന്നുള്ളത് എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്. അവസ്ഥ നോക്കിട്ടും ഒന്നാമത്തെ കാര്യമല്ലാതെ വല്ലകാര്യങ്ങൾക്കും വേണ്ടി ഒരു ചെമ്പു കാശും ഈ വകക്കാർ ചിലവുചെയ്യ എന്ന വരികയില്ല. സൽപാത്രങ്ങളാകുകൊണ്ടു മറ്റുമാണ ധനം ക്ഷയിച്ചതെ എങ്കിൽ "പരോപകാരാർത്ഥമിദം ശരീരം", എന്ന പറഞ്ഞിട്ടുള്ള ഇടപാടുകൾ അവർ ലോകത്തിലെപ്പോഴും സന്മാന്യന്മാരായിരിക്കുന്നതാണല്ലോ.

കണക്കില്ലാതെയുള്ള ദുർവിനിയോഗമാണ് ഇവരെ നശിപ്പിക്കുന്നതും ലോകനിന്ദക്ക പാത്രമാക്കുകയും ചെയ്യുന്നത്.

ഒരിക്കൽ ഒരാൾ ഒരു കയ്യിൽ പരിചയും മറ്റേകയ്യിൽ വാളും ധരിച്ചുകൊണ്ടു നടക്കുമ്പോൾ "ഇതെന്തിനാണ്" എന്ന ആരോ ചോദിച്ചതിന്ന "പണ്ടു ഞങ്ങളുടെ തറവാട്ട വളരെ സ്വത്തുള്ളതും കേളികേട്ടതുമായിരുന്നു. അന്ന് അകമ്പടികൂടാതെ പുറത്തിറങ്ങുക പതിവില്ല. ഇപ്പോൾ സ്വത്ത അധികമില്ലെങ്കിലും സ്ഥാനമാനങ്ങൾ കളഞ്ഞുകൂടല്ലോ എന്നവിചാരിച്ചു വല്ലടിക്കിലേക്കും പോകേണ്ടിവരുമ്പോൾ ഞാൻതന്നെ വാളും പരിചയും കയ്യിലെടുക്കുകയാണ്" എന്ന മറുവടിപറഞ്ഞതായി കേട്ടിട്ടുണ്ട്. ഇതിനെയുള്ള അഭിമാനം നീങ്ങാതെയിരിക്കുന്നതുവരെ ഇവങ്ങളുടെയിടയിൽ ക്ഷേമമെങ്ങിനെ വർദ്ധിക്കും. ശ്രേഷ്ഠിപ്പഴമ്മതോ

ളുമഹാരാജ്യകുണ്ഡലിപ്പികിലെങ്ങും വിളങ്ങുന്നതാം" എന്നുള്ളത് ഒരിക്കലും മറക്കത്തക്കതല്ല.

ഇതിനെ പലപ്രകാരത്തിലും അഹങ്കാരം, മമകാരം, ഗർവ്വം എന്നും മറ്റും പറയുന്നതാകുന്നുള്ള "ഞാനെന്നാനെന്നാ" എന്നുള്ള ഭ്രമം ബാധിക്കാത്തവരില്ല. ഈ ഭ്രമം ബാധിച്ചാൽ ഒരോരുത്തന്മാർ കാണിക്കുന്ന ഗോഷ്ടി ഓരോ വിധമായിരിക്കും. അതെല്ലാം ഇവിടെ വിസ്തരിച്ചു സമയം കളയുന്നില്ല. ഏതു വിധമായിരുന്നാലും ഈ ഭ്രമം ബാധിക്കാതെ കഴിഞ്ഞുകൂടുന്നത് മഹാഭാഗ്യവും ഈ ഭ്രമം ബാധിക്കുന്നത് വലുതായ നാശത്തിന്നു ഹേതുവും ആണെന്ന് മഹാന്മാരെല്ലാവരും ഒരുപോലെ സമ്മതിക്കുന്നതാകയാൽ ഈ ബാധകൂടാതിരിക്കുവാൻ എല്ലാവരും സർവ്വദാ ശ്രമിക്കേണ്ടതാണ്.

"ഞാനെന്നാനെന്നാ", ഇതിൽ എന്തർത്ഥമാണ് ഗ്രന്ഥകർത്താക്കൾ. ഇതിനെ സർവ്വജ്ഞന്മാരായ ഈ ഭ്രമം ബാധിച്ചിട്ടുള്ളവരുടെ അവസ്ഥയും സർവ്വജ്ഞത്വംതന്നെയാണെന്ന് വിശേഷിച്ചു പറയേണമെന്നുണ്ടോ?

എന്തിനധികം പറയുന്നു യഥാർത്ഥത്തിൽ യോഗ്യന്മാരാണെങ്കിൽ അവർക്ക് നാശകരമായ ഈ ഒരു ഭാവം ലേശംപോലും ഉണ്ടാകുന്നതല്ല. "മന്ദകവിയശഃപ്രാർത്ഥീ ഗമിഷ്യാമ്യുപഹാസ്യതാം" എന്ന മഹാത്മാവും മഹാകവിയുമായ ശ്രീകാളിദാസനും "ബോധജ്ഞാനാംബോധിനാ മാത്രനായുള്ളോരു ഞാൻ" എന്നും മറ്റും മഹാനായ തുഞ്ചത്തെഴുത്തച്ഛനും പറഞ്ഞിട്ടുള്ളതിനെ ആലോചിച്ചാൽ "ഞാനെന്ന ഭാവം ഇല്ലുന്നില്ല"ന്നുള്ള വാക്യം വളരെ വാസ്തവമായിട്ടുള്ളതാണെന്ന് എളുപ്പത്തിൽ തീർച്ചപ്പെടുത്തുവാൻ കഴിയുന്നതാണ്.

ഒന്നുകൂടി ആലോചിച്ചുനോക്കുക. രണ്ടായിരംചതുർയ്യുഗം തികഞ്ഞാൽ ഒരു ദിവസവും, അങ്ങിനെ മുപ്പതു ദിവസം കൂടിയത് ഒരു മാസവും, അങ്ങിനെ പന്ത്രണ്ടുമാസം കൂടിയത് ഒരു സംവത്സരവും, അങ്ങിനെയുള്ള നൂറു സംവത്സരം ആയുഷ്കാലവും, ആയ ബ്രഹ്മാവിന്റെ ആയുസ്സ്കാലത്തിന്റെ അന്ത്യതാം ആലോചിച്ചാ

ൽ നിസ്സാരമാണെന്ന പറയേണം. ബ്രഹ്മാവിനുള്ള ആയുസ്സിന്റെ അവസ്ഥയാലോചിച്ചാൽ എഴുപതൊന്ന ചതുൎയ്യുഗം മാത്രം ജീവിച്ചിരിക്കുന്ന ഒരു മനുവിന്റെ ആയുസ്സ് അതിലും വളരെ വളരെ നിസ്സാരമെന്നല്ലേ വിചാരിപ്പാൻ തരമുള്ളു. ഇങ്ങിനെ നോക്കുന്നതായാൽ എത്രയോ ചുരുങ്ങിയ കാലമായിത്തോന്നുന്ന ഒരുനൂറു മനുഷ്യസംവത്സരമാണ് ഒരു മനുഷ്യന്റെ പരമായുസ്സ്. ഇതുപോലെതന്നെ, അല്ലയോ കേരളീയരേ! അനേകകോടി ബ്രഹ്മാണ്ഡങ്ങളുള്ളതിൽ ഒരു ബ്രഹ്മാണ്ഡത്തിൽ ചുരുങ്ങിയ ഒരു ഭാഗമായ ഭൂമിയുടെ ഖണ്ഡങ്ങളിൽ ചെറിയ ഖണ്ഡമായ ഭാരതഖണ്ഡത്തിൽ ചെറുതായ ഒരു ജില്ലയിലോ സംസ്ഥാനത്തിലോ എവിടെയോ ഒരു താലൂക്കിൽ ഏതോ ഒരു ദേശത്തിന്റെ ഒരു കോണിലുള്ള ഒരു ഭവനത്തിലാണ നാം ജനിച്ചുവളരുന്നത്.

ഇത്രവളരെ ചുരുങ്ങിയ ഒരു കാലത്തിന്റെയും സ്ഥലത്തിന്റെയും അകത്ത് ഉത്ഭവിച്ചു നശിക്കുന്നവനായ ഒരു മനുഷ്യന് അഹങ്കാരവും കാണിച്ചു നടക്കുന്നതിന് വല്ലതും കാരണമുണ്ടെങ്കിൽ അത്രു വലുതായ ഐശ്വൎയ്യത്തിന്റെ തള്ളിച്ചയാണെന്നല്ലാതെ മറ്റെന്താണ് പറവാനുള്ളത്!

ചിറ്റൂർ നാരായണ കൊച്ചുമേനോൻ.

കുചേലവൃത്തം.

വഞ്ചിപ്പാട്ട്.

വഞ്ചിക്കളി അല്ലെങ്കിൽ വള്ളംകളി തിരുവിതാംകൂറിലെ നാട്ടുകാരുടെ പ്രിയതമമായ ഒരു വിനോദവും ആരോഗ്യകരമായ ഒരു വ്യായാമവും ആകുന്നു. വിസ്തൃതങ്ങളായ തടാകങ്ങളെക്കൊണ്ടും, രമണീയങ്ങളായ നദികളെക്കൊണ്ടും സൎവ്വത്രവ്യാകീൎണ്ണമായ ഈ രാജ്യത്തിൽ ഈ വിനോദത്തിന് ഇത്ര പ്രചാരവും പുഷ്ടിയും സിദ്ധിച്ചത് ആശ്ചൎയ്യമല്ലല്ലോ. നേരെ മറിച്ച് ഈ നാട്ടിൽ വള്ളംകളി ഇല്ലായിരുന്നുവെങ്കിൽ അത് നാട്ടുകാൎക്ക് ലജ്ജാവഹ

മെന്നുതന്നെ പറയാമായിരുന്നു. ഈ കളിക്കാരുടെ ഉത്സാഹത്തിന്നായി ഉണ്ടാക്കപ്പെട്ടിട്ടുള്ള ഗാനകാവ്യങ്ങൾക്ക് വള്ളപ്പാട്ടുകൾ അല്ലെങ്കിൽ വഞ്ചിപ്പാട്ടുകൾ എന്നുപേർ പറയപ്പെടുന്നു. ഇപ്പോൾ അറിവിൽപെട്ടിട്ടുള്ള വഞ്ചിപ്പാട്ടുകളിൽവച്ച് ഉത്തമമായിട്ടുള്ളത് ഈ ലേഖനത്തിന്റെ വിഷയമായ വഞ്ചിപ്പാട്ടാണെന്ന് നിസ്സംശയം പറയാവുന്നതാണ്.

ദീർഘാവലോകനം ആവശ്യപ്പെടാതെ പ്രഥമദൃഷ്ടിയിൽതന്നെ മഹത്തായ ധർമ്മോപദേശംചെയ്യുന്ന ഒരു പുരാണകഥയാണ കുചേലവൃത്തം. സാക്ഷാൽ ശ്രീനാരായണൻതന്നെ ലോകരക്ഷണത്തിനായി മനുഷ്യരൂപേണ അവതീർണ്ണനും തന്റെ അതിമാനുഷകൃത്യങ്ങളെക്കൊണ്ട ബാല്യത്തിൽതന്നെ ലോകത്തെ വിസ്മയഭരിതമാക്കിത്തീർത്തവനുമായ ശ്രീകൃഷ്ണൻ കംസവധാനന്തരം വിദ്യാഭ്യാസത്തിനായി സാന്ദീപനിയുടെ അടുക്കൽ ചെല്ലുന്നു. എത്രയും അപ്രസിദ്ധനായ ഒരു ബ്രാഹ്മണബാലൻ അവിടെവെച്ച ഭഗവാന്റെ സതീർത്ഥ്യതയ്ക്കും സ്നേഹത്തിനും പാത്രീഭവിക്കുന്നു. വിദ്യാഭ്യാസാനന്തരം ഇവർ പിരികയും പിന്നീട അന്യോന്യദർശനത്തിനുപോലും ഇടയാകാതെ അനേകവർഷങ്ങൾ കഴിയുകയുംചെയ്യുന്നു. ഇതിനിടയിൽ ഭഗവാൻ ഘോരതരമായ അവതാരകാര്യങ്ങളെ എല്ലാം ചെയ്തുതീർത്തു ദ്വാരകയിലെ രാജാവായിട്ടും യാദവവംശത്തിൽ സർവ്വദാ ഏകപുരുഷനായിട്ടും ഇഷ്ടായത്തമായ തന്റെ ഐശ്വര്യത്തിന്റെ ഔൽകൃഷ്ട്യത്തെ അനുസരിച്ച ദ്വാരകയിൽ സുഖവാസത്തെ അംഗീകരിക്കുന്നു. ഈ സന്ദർഭത്തിൽ "സ്വചേഷ്ടിതംകൊണ്ടുജഗൽപ്രസിദ്ധൻ" എന്ന മെച്ചം മാത്രമുള്ളവനും ദരിദ്രശിരോമണിയും ആയ തന്റെ സതീർത്ഥ്യൻ ഭാര്യയുടെ നിർബ്ബന്ധത്താൽ വല്ലതും യാചിക്കാനായി ഭഗവാന്റെ അടുക്കൽ വന്നുചേരുന്നു. "പ്രഭവമുള്ളവരെ പ്രാകൃതൻ കാണുമ്പോൾ പ്രാഭൃതം വേണമെന്നുണ്ട്" എന്നുള്ള ന്യായത്തെ അനുസരിച്ച് ഇദ്ദേഹം ഒരു കീറത്തുണിയിൽ കുറെ അവലും പൊതിഞ്ഞുകെട്ടിക്കൊണ്ടുവന്നിട്ടുണ്ട്. എങ്കിലും ഇപ്രകാരമുള്ള തന്റെ സതീർത്ഥ്യനോടുഗൽഭ്യവായ ഭഗവാൻ എതിരേൽക്കുന്നതും, പൂജിക്കുന്നതും, മഹിതവസ്ത്രത്തിൽ

സഞ്ചിതമായ അവലിനെ ഭക്ഷിച്ച് അത്ഭുതപൂർവ്വമായ സന്തൃപ്തിയെ അനുഭവിക്കുന്നതും, ഒടുവിൽ ദരിദ്രനായ തന്റെ സ്നേഹിതന് ഉൽഹാസോല്പാദകമായ ഐശ്വര്യസമ്പത്തിനെ പ്രദാനംചെയ്യുന്നതും, വിരക്തനും മോക്ഷാർത്ഥിയുമായ ഒരു ബ്രാഹ്മണന് ഇതെല്ലാം ആവശ്യപ്പെട്ടിട്ടില്ല, പിന്നെയോ, ലോകത്തിൽ സ്ഥിരവും നിർവ്യാജവും ആയ സ്നേഹം, സ്ഥാനോൽക്കർഷം, ഐശ്വര്യധോരണിമുതലായ ഉച്ചസംഗതികളെ അവലംബിച്ചുള്ള സ്ഥിതിചെയ്യുന്നതെന്നുള്ള അനർഘതത്ത്വത്തെ ലോകങ്ങൾക്ക് ഉപദേശിക്കാൻ മാത്രമാകുന്നു. ദരിദ്രനായ സതീർത്ഥ്യനും അർത്ഥാപേക്ഷിയുമായ ദ്രോണനെ അവമാനിച്ച ദ്രുപദന്റെ ചരിത്രത്തോടുകൂടി ആലോചിക്കുമ്പോൾ ഈ കഥ എത്ര സൗമമായ ഉപദേശത്തെ ഉണ്ടാക്കുന്നത്.

ഈ മനോഹരകൃതിയുടെ കവി മീനച്ചൽതാലൂക്കിൽ രാമപുരം എന്ന ദിക്കിലുണ്ടായിരുന്ന ഒരു വാര്യർ ആണ്. ഇദ്ദേഹത്തെ ഇപ്പോഴും രാമപുരത്തു വാര്യർ എന്നുതന്നെ പറഞ്ഞുവരുന്നു. ഇദ്ദേഹം വളരെ വിദ്വാനും എന്നാൽ വളരെ വിദ്വാന്മാരെപ്പോലെ വൃത്തിയിൽ അചതുരനെങ്കിലും ദാരിദ്ര്യത്താൽ പീഡിതനും ആയിരുന്നുവത്രേ. ഇദ്ദേഹം ഈ വഞ്ചിപ്പാട്ടുണ്ടാക്കിയതിനെപ്പറ്റി മലയാളഭാഷാചരിത്രത്തിൽ ഈപ്രകാരം പറഞ്ഞിരിക്കുന്നു.

കാർത്തികതിരുനാൾ മഹാരാജാവ ൯൨൫-ൽ വടക്കോട്ട എഴുന്നെള്ളിയിരുന്നസമയം വൈക്കത്ത് അല്പദിവസം എഴുന്നെള്ളിതാമസിച്ചു എന്നും ഈ വർത്തമാനം വാര്യരുടെ ശിഷ്യന്മാരറിഞ്ഞതെവിധത്തിൽ വാര്യരേ പറഞ്ഞുസമ്മതിപ്പിച്ച് പത്തു ശ്ലോകങ്ങളുണ്ടാക്കിച്ചുകൊണ്ടു വസ്തുതകൾ കൊണ്ടുപോകയും അവിടെ അടിയറ വയ്ക്കുകയുംചെയ്തു എന്നും ആൾ കവി യോഗ്യനും വിദ്വാനും ആണെന്ന മഹാരാജാവ് ശ്ലോകങ്ങൾകൊണ്ടു നിശ്ചയിച്ചു ഭക്ഷണംകൊടുക്കുന്നതിന്നു ചട്ടംകെട്ടി എന്നും തിരികെഎഴുന്നെള്ളുന്ന സമയം വാര്യരു കൂടവിൽ ഹാജരുണ്ടായിരുന്നു എന്നും ബോട്ടിൽകൂടി കയറുന്നതിന്നു കല്പിക്കയും വാര്യർ അതിൽ കയറുകയും ചെയ്തു എന്നും അനന്തരം ഒരു വഞ്ചിപ്പാട്ടുണ്ടാക്കി പാടുന്നതിന്നു ക

ല്ലിച്ചുപോന്നു തൽക്കാലം രോഗാതുരനാകയാൽ വാഴ്ച്ചർ അല്പം ക്ഷീണിച്ചപ്പോഴും പരമഭക്തനാകയാൽ പെരുന്തൃക്കോവിലപ്പനെ ധ്യാനിച്ചുകൊണ്ട് "കുചേലവൃത്തം" വഞ്ചിപ്പാട്ടായിട്ടു തുടങ്ങിച്ച് പാതി തീർന്നപ്പോഴേക്കും തിരുവനന്തപുരത്തെഴുന്നള്ളിയതും കഥ അവസാനിപ്പിച്ചതും ശരിയായിട്ടിരിക്കാമെന്നും" എന്നുണ്ട്.

ഇതേപ്പറ്റി കുറച്ചു പറയാനുള്ളതു പിന്നീടു പറഞ്ഞുകൊള്ളാം. ഏതായാലും തിരുവിതാംകൂർ മഹാരാജാവിന്റെ ആജ്ഞയെ അനുസരിച്ചാണ് ഈ കൃതിയെ കവി നിർമ്മിച്ചതെന്നുള്ളതിനു സംശയമില്ല. ഈ സംഗതിയെ അടിസ്ഥാനമാക്കി ഒരു ഉപമാലങ്കാരമുപന്യസിച്ചാണു കവി തന്റെ കഥാവിഷയത്തെ അവതരിപ്പിക്കുന്നത്.

> ഭൂദേവനാമജനായിട്ടവതരിച്ചിരിക്കുന്ന
> ഭൂതിപാലമൗലിയുടെ കൃപയ്ക്കുപാത്രൻ
> പണ്ഡിതനായ്‌ക്കൊണ്ടവർകളൊന്നിരിച്ചു വാഴുങ്കാലം
> വഞ്ചിപ്പാട്ടുണ്ടാക്കണമെന്നരുളിച്ചെയ്തു. —കുന്ന
> വേദശാസ്ത്രപുരാണേതിഹാസകാവ്യനാടകാദി
> വേദികളായിരിക്കുന്ന കവികളുടെ
> മേളനങ്ങളായ ശാസ്ത്രപത്രങ്ങളെ ത്തുവിക്കുന്ന
> മേദിനീന്ദ്രനങ്ങനോരോന്നുറപ്പിച്ചതോർപ്പു
> ബാണാവലി നിറവോളമരുളിച്ചെയ്ത ഭഗ
> വാന്റെ കുചേലകഥാ ചിന്തകമെന്നോണം
> വാണിളുന്നരൊക്കാരോരോരും പ്രീണിപ്പിക്കും വഴിവണ്ണം
> പാണികൾ പാട്ടിതുമാക്കാനായ് തൊഴുന്നേൻ".

ഇങ്ങനെ കഥാവിഷയത്തെ പ്രസ്താവിച്ചതിന്റെശേഷം കവി തിരുവനന്തപുരം പട്ടണത്തിന്റെ ശില്പവൈചിത്ര്യത്തെയും മാർത്താണ്ഡവർമ്മമഹാരാജാവിന്റെ അപദാനങ്ങളേയും പ്രശംസിപ്പാൻ തുടങ്ങുന്നു. തന്റെ സ്വാമിയും അന്നദാതാവുമായ മഹാരാജാവിലുള്ള ഭക്ത്യതിശയത്താലും സാക്ഷാൽ വിശ്രുതനായ ആ രാജസിംഹത്തിന്റെ പരാക്രമങ്ങളെക്കണ്ടുണ്ടായ വിസ്മയാധിക്യത്താലും വിമുഗ്ധനായിത്തീർന്ന് കവി ഓരോരുത്ത മഹാദിഗ്വിജ

ന്റെ ഒരു അവതാരമെന്നുതന്നെ കല്പിക്കുന്നു. എട്ടുവീട്ടിൽ പിള്ളമാർ മുതലായ "സ്വാമിദ്രോഹികൾക്കു വംശവിച്ഛേദം വരുത്തിയതും" ശ്രീപത്മനാഭക്ഷേത്രം പണികഴിപ്പിച്ചതും ഭദ്രദീപം മുതലായ പുണ്യാനുഷ്ഠാനങ്ങളെ സ്ഥാപിച്ചതും ഇങ്ങിനെ മാർത്താണ്ഡവർമ്മമഹാരാജാവിന്റെ രാജ്യഭാരത്തിൽ നടന്ന മുഖ്യസംഭവങ്ങളെല്ലാം അത്യന്തം രസകരമായ വിധത്തിൽ സൂചിതങ്ങളായിരിക്കുന്നു. തിരുമനസ്സിലെ പുണ്യചേഷ്ടകളെ കണ്ട് കവിയുടെ മനസ്സിൽ തിങ്ങുന്ന സന്തോഷം—

"മാർത്താണ്ഡമഹീപതിതൻ വെറുതേയോ ജയിക്കുന്നു.
മാലോകരെന്നതായാലീവണ്ണം വേണ്ടൂ"

എന്നുള്ള വാക്കുകളായി പുറത്തേക്കു പ്രസരിക്കുന്നു. സ്യാനന്ദൂര നഗരത്തിന്റെ ശില്പവൈശിഷ്ട്യം കണ്ടിട്ട് കവിക്കുണ്ടാകുന്ന വിസ്മയവും അനല്പമാകുന്നു. മതിലകവും കൊട്ടാരവും സംബന്ധിച്ചുള്ള എല്ലാക്കെട്ടിടങ്ങളും സ്ഥലവും നല്ല ശൈലിയായി വർണ്ണിക്കപ്പെട്ടുണ്ട്. അനന്തരം കവി അനന്തപുരത്തിൽ അനന്തതല്പശയനായ പത്മനാഭന്റെ ദശാവതാരങ്ങളെ സൂചിപ്പിക്കയും കൃഷ്ണാവതാരം മുതൽ കുചേലോപാഖ്യാനംവരെ ഉള്ള ഭാഗവതകഥയെ എത്രയും ചുരുക്കത്തിൽ വിവരിക്കയുംചെയ്യുന്നു. ഈ വിവരത്തിൽ ഒരു മനോധർമ്മം പ്രത്യക്ഷമായിക്കാണുന്നുണ്ട്. ശ്രീകൃഷ്ണന്റെ ഉത്കൃഷ്ടഗുണങ്ങളിൽവച്ച് പ്രസ്തുതമായ കുചേലോപാഖ്യാനത്തിൽ സർവ്വോപരിയായി പ്രകാശിക്കുന്നത് അദ്ദേഹത്തിന്റെ ഭക്തവാത്സല്യമാണല്ലോ. സ്വാമിയുടെ ഈ ഭക്തവാത്സല്യം സർവ്വോപരിയായി പ്രകാശിച്ചിട്ടുള്ളതു പാണ്ഡവന്മാർ വിഷയമാണെന്നുള്ളതിന് സംശയമില്ല. അതിനാൽ "പാണ്ഡവന്മാരിൽ പക്ഷപാതി"യായ ഭഗവാൻ അവർക്കുവേണ്ടി ചെയ്തിട്ടുള്ള സഹായങ്ങളെ കവി ഒരുവിധം സവിസ്തരമായി വായനക്കാരുടെ മനസ്സിനാകർഷിക്കുന്ന അറിയിക്കുന്ന വിധത്തിൽ വിവരിക്കുന്നു. ഇതിന ഉദാഹരണമായി ചില വരികളെ ഇവിടെ എഴുതുന്നു.

"ധർമ്മപുത്രരുടെ കാര്യക്കാരനോ കാരണമന്ത്രൻ
ധർമ്മദൈവമോ ദൂതനോ ഞാനറിഞ്ഞില്ല.

സമ്മതിയാമെന്നുള്ളതിന്റെ സഖിയോ സ്വതന്ത്രോപത
ചിന്തയാൻ ഉൾത്തൂത്തതോ ഞാനറിഞ്ഞീല
സുരാസുരന്മാരെല്ലാരെജ്ജയിച്ച സവ്യസാചിയെ
ഇരാനരാജിതനായ നാഴീതനായൻ
ശരചാപധരനാകി പോരിലെപ്പോഴുപ്പോരിലൊരു
മഹാചാപപ്രചണ്ഡനാം പതി കോപിച്ചു,
കമ്മട്ടമല്ലിപ്പോലെന്റെ കളിയെന്നിട്ടു കയറും
ചമ്മട്ടിയുംവച്ചിട്ടു നായുധനാം സത്യം
കൈവിട്ടും കളഞ്ഞു ചക്രമെടുപ്പതും ചെയ്തു രാജ
കൺവെട്ടത്തിറങ്ങി. ദേവവ്രതന്റെ നേരെ"

ഭാരതയുദ്ധകഥ അവസാനിപ്പിക്കുമ്പോൾ

"കേളിയല്ലേ കർണ്ണന്റെയും ദുര്യോധനന്റെയും വധം ഏതു താമോപായഭക്തിബന്ധമില്ലാഞ്ഞാൽ" എന്നു കവി ചോദിക്കുന്നതു പാണ്ഡവന്മാർക്ക് ഭഗവാനിൽനിന്നു ലഭിച്ചിട്ടുള്ള സഹായ്യത്തിന്റെ ഗൌരവത്തെ പ്രത്യക്ഷപ്പെടുത്തുന്ന ഒരു ചോദ്യമാകുന്നു.

അനന്തരം "ചില്കാതല്ലൂ സതീധർമ്മം" ദ്രുപദാത്മജനാണെന്നതാൽ ദാരിദ്ര്യമേതോ വിസ്മരിച്ചതാണാ കുചേലന്റെ ധർമ്മപത്നി തന്റെ ഭർത്താവിനോട് തങ്ങളുടെ ദരിദ്രാവസ്ഥയെപ്പറ്റി സ്വല്പം പറയുന്നു. "കുടുംബസംരക്ഷണത്തിനു അശക്തനായ നിങ്ങൾ എന്തിനു വിവാഹം കഴിച്ചു" എന്നു് കുചേലന്റെ ഭാര്യ അദ്ദേഹത്തോടു ചോദിക്കുന്നതായി ഒരു പദ്യകാവ്യത്തിൽ വായിച്ചിട്ടുണ്ട്. ഈ വികൃതമായ ഒരു ചോദ്യം ആ സതീശിരോമാലികയെക്കൊണ്ട് ചോദിപ്പിച്ചതു കഠിനമായിപ്പോയി എന്നു് ഉള്ളാസഹൃദയന്മാരും സമ്മതിക്കുന്നതാണ്. ഈ സംഗതിയിൽ ശ്രീകൃഷ്ണചരിതത്തിൽ നമ്പ്യാരുടെ പ്രയോഗംതന്നെയും കുറെ അധികമായില്ലയൊ എന്നു സംശയിക്കാം. എന്നാൽ ഈ വഞ്ചിപ്പാട്ടിൽ വിപ്രപത്നിയുടെ ആവലാതിയുള്ളതു മിതവും വിനീതവും ആയ സ്വരത്തിലാണ്.

"ചില്ലീനമാനസപത്മേ ചിരന്തനനായപുമാൻ
ചില്ലിചുളിച്ചാൽ കടാക്ഷിപ്പാനൊക്കേണം
ഇല്ലദാരിദ്ര്യത്തിനോളം വലുതായിട്ടൊരാർത്തിയും

ഇപ്പൊഴീമകത്തുമാറായത്തുകണ്ടാലും
വൃദ്ധകേട്ടാലും പരമാത്മമനായവനാൻ
വൃദ്ധയുടെ വിശപ്പുമറിയുന്നില്ല"

എന്നുപറഞ്ഞതിന്റെശേഷം ഭഗവാനെക്കാണ്മാൻ പോ
നാമെന്ന് അപേക്ഷിക്കുകമാത്രം ചെയ്യുന്നു. ഈ അപേക്ഷയെ സ്വീ
കരിച്ച് പിറ്റേദിവസം പ്രഭാതത്തിൽ കുചേലൻ പ്രാത്ഥനസഹി
തനായിപ്പുറപ്പെടുന്നതിനെ എത്ര മനോഹരമായി വർണ്ണി
ച്ചിരിക്കുന്നു.

"കുലമകക്ഷത്തുഹലം കെട്ടയ്യൊരുതുണിളന്ന
ക്രൂദ്ധനായപത്നി മാറ്റ യാത്രയുംചൊല്ലി
ബാലമിത്രവെർരുമുടത്തിയതോരം കൃഷ്ണനാമ
ജാലങ്ങളെ ജപിപ്പുതാം ചെയ്തുകുചേലൻ
ചാലവെ വടനടത്തോരത്തുപാകോരമിപക്ഷിയുടെ
കോലാഹലം കേട്ടുകൊണ്ടുനിന്നൂ നീങ്ങി".

മാർഗ്ഗത്തിൽ അദ്ദേഹത്തിന്റെ വിചാരങ്ങളും [illegible]
ത്തിന് ദൃഷ്ടാന്തം ആയുതങ്ങളായിരിക്കുന്നു. വിദ്യാഭ്യാസം കഴി
ഞ്ഞ് പിരിഞ്ഞതിൽപിന്നെ ഇതുവരെ സ്വാമിയെച്ചെന്നു കാണാ
ത്ത ഞാൻ ഇപ്പോഴ് ചെന്നാൽ ഭഗവാന് എന്തുതോന്നുമെന്നും
എന്റെ അപേക്ഷ നോക്കിക്കേറിവന്നായെന്നുപോലൊ?" എ
ന്നും, മറ്റും ആക്ഷേപിച്ചും എങ്കിലും ഭഗവാന് എന്നോട് അപ്ര
കാരമൊന്നും തോന്നുകയില്ലെന്നും

"തോണ്ടപറഞ്ഞുണ്ടായസാക്ഷ്യം പതിനാരതന്നെപറഞ്ഞു
കണ്ടതുമാത്രമചിലരെന്നോടിരപ്പാനിവൻ
ഉണ്ടാണ്ട് ഭൂപതനാലെന്നപോലെനിന്ദിക്കപ്പെടുക
വേണമെന്നില്ലാത്തതല്ലേപ്രഭുവല്ലല്ലോ"

എന്നും മറ്റും സമാധാനം ചെയ്തും കുചേലൻ ദ്വാരവതിയുടെ സ
മീപത്തിൽ എത്തുന്നു. ഇവിടെ ദ്വാരവതിയുടെ വർണ്ണനം കവി
കളുടെ വർണ്ണനത്തിലുള്ള പാടവത്തെ ധാരാളം പ്രത്യക്ഷീകരിക്കു
ന്നു. ഈ പട്ടണം കണ്ടപ്പോഴ് കുചേലനുണ്ടായ സന്തോഷത്തെ
കവി ഇപ്രകാരം വർണ്ണിക്കുന്നു.

ധോമാനാജ്ഞാഞ്ചിതരാജധാനീസൽക്കരിച്ചേകിയ
ക്ഷൌമാണ്യനല്പ്പാംബരമിറ്റായിരിക്കവേ
സീമാതീതാനന്ദാബ്ധിയിൽ കളിക്കകൊണ്ടുകുചേല
ഭോമാതിരിക്കുന്നച്ചുകളായിപ്പറഞ്ഞു.
ഭക്തിയായകാറുമെഴുന്നേകിവേറു ചെന്നകിയ
ഭാഗ്യപാരാവാരമംഗോപാലനായ
ഭക്തിയോടുകൂടിവന്നു മാറിമാറിമറുകത്തിട്ട
ഭാർഗ്ഗവിയുടെ പുരമാരം പുകിക്കപ്പെട്ടു".

ഇത് അലങ്കാരയോഗികൊണ്ടും ഭാവരസംകൊണ്ടും ഏതു സഹൃദയന്റെ മനസ്സിനെ ആണ് ആനന്ദിപ്പിക്കാത്തത്?

അപ്പോൾ "ഏറ്റമാളികമുകളിലിരുന്നുള്ളം-
ഏഴുമൊട്ടുംപെരുവഴിയാമതന്നുമാണ്ട്"

തന്റെ വയസ്യന്റെ വരവിനെക്കണ്ടിട്ട് താഴെ എഴുന്നള്ളി
"മോദാശ്രുവീചിയപ്പുവെള്ളംകൊണ്ടു നാവുമനസ്സിനെയും
മാറത്തുണ്ടായിട്ടൊപ്പം ശോഭപൂണ്ടന്ന
ഭുജമൂലംതന്നെക്കൊണ്ടുകൈപിടിച്ചുകൊണ്ടുപടി
കേറിക്കൊണ്ടുപോകുന്നൂ പള്ളിത്തിണ്ണമേലിരുത്തിന്നു"

എന്നുള്ളത് ഭക്തന്മാരേപ്പോലെ ഉള്ളവർക്ക് ഏതു സാരമായ പാഠമായിരിക്കുന്നു. അനന്തരം ഭഗവാന്റെ സല്ക്കാരവും ചിത്രം ചിത്രമായൊട്ടു ചെന്നായേറുന്ന മഹാനീതിശ്രമിത്രത്തോടുള്ള മാന്യത കൊണ്ടു നന്നായി" എന്നിത്യാദിയായ കരമപ്രാർത്ഥ്യം മഹത്തായ ലോകോപദേശമായിരിക്കുന്നു. അനന്തരം വിദ്യാഭ്യാസകാലത്തു നടന്ന സംഗതികളെപ്പറ്റി സംഭാഷണം സ്വാഭാവികമായി പ്രവർത്തിക്കുന്നു. ഈ സംഭാഷണത്തെപ്പെട്ടെന്ന നിറുത്തിയിട്ട് ഭഗവാൻ തന്റെ പ്രിയസഖൻ കൊണ്ടുവന്നിട്ടുള്ള പ്രാഭൃതത്തെ അപേക്ഷിക്കുന്ന വരികളാം ഹൃദയത്തെ ബലാൽ ആകർഷിക്കുന്നു.

"വിശേഷങ്ങളിനിയും പറഞ്ഞുകൊള്ളാമെന്നപ്പോൾ
വിരഞ്ഞന്നു നാഥൻ സഹർഷ്യമായ
വിഷ്ണുഭഗവാനായഭവാന്റെ മഹിമാതീതനാമോമി
വാക്കുകൾ കേട്ടാൽ മിക്കവാറും തിരിയാത്തു"

പൊതായല്ലാഞ്ഞാലുതന്നാലും ലജ്ജിക്കേണ്ട ഗോപികാന്ത
കൊതിയനെന്നിതു ജനങ്ങളതു പറവുതോമം"

ഇപ്രകാരം അരുളിച്ചെയ്തതിന്റെ ശേഷം ഭഗവാൻ അവൽ പ്പൊതി കയ്യിലാക്കി തൊലിച്ച് അവൽ ഭക്ഷിക്കയും,

കേശ്യലക്ഷ്മമൊന്നിപ്പാവത്തിന്റെ കക്ഷമാരപ്പിച്ചാൽ
കമ്മംകൊണ്ടതിരക്കളവുമൊന്നിക്കൃതം."

എന്ന സന്തോഷത്തോടെ പറയുകയും ചെയ്യുന്നു. അനന്തരം പ്രിയവയസ്യനും പരമഭക്തനുമായ ബ്രാഹ്മണനു താൻ ദാനംചെയ്യാൻ നിശ്ചയിച്ചിരിക്കുന്ന ഐശ്വര്യത്തിന്റെ സൂചകമായി ഭഗവാൻ.

ശ്രീയുംതവസ്ത്രീയുമാണോ എന്നുപിടംതന്നെ ചൊന്നാ
ജായയോട പറഞ്ഞുള്ളമവചനം."

എന്നുമാത്രം പറയുന്നു. ഇതിനുപുറം കുചേലന്റെ ഉത്തരം എത്രയും മധുരവും വിനീതവും ആയിരിക്കുന്നു. ചിരവിരഹിതനായ തന്റെ വയസ്യനോ അഥവാ വേദാന്തവേദ്യനായ ജഗദീശ്വരനോടുകൂടുണ്ടായ സന്തോഷത്താലും, അദ്ദേഹത്തിന്റെ സൽക്കാരരീതിയാലും, മതിമറന്നുപോയ ആ മഹാ ബ്രാഹ്മണൻ തന്റെ ഭാര്യയുടെ അപേക്ഷയെപ്പററി ഭഗവാനോടു യാതൊന്നും പറയാതെയും പിറേറദിവസം പ്രഭാതത്തിൽ യാത്രപറഞ്ഞ് പിരികയും ചെയ്യുന്നു.

അപ്പുറം.

"വിയർത്തൊലിച്ചിട്ടു പൂതിഗന്ധമേറും വിരൂപനോ
വയസ്യനെന്നിട്ടതിപതിപിതാവാം
ശ്രീമഹാപതിമാറത്തു ചേർത്തതിഗാഢം പുണർന്നതും
ഭയപ്പെട്ടിട്ടാരുമൊന്നും പറയാഞ്ഞതും
ദാസ്യന്മാരാം ഭൃത്യന്മാരമരികാതിപ്പുറക
മാസ്യത്തിലിട്ടതാക്കിട്ടിറക്കിയതും,"

മററും വിചാരിച്ചു വിചാരിച്ചുണ്ടായ സന്തോഷത്താൽ, ജഡീഭൂതനായ ഇദ്ദേഹം കുറെവഴി നടന്നതിന്റെ ശേഷം തന്റെ ഭാര്യയുടെ അപേക്ഷയെ സ്മരിക്കയും അതുനിഷ്ഫലമായിത്തീർന്നതി

നാൽ അത്യന്തം വ്യസനിക്കയും ചെയ്യുന്നു. ഇപ്രകാരം കീചകന്റെ ചോദ്യത്തിന്റെ ശേഷം അദ്ദേഹം സൌധവനം കാണുന്നതിനേയും അതിലുള്ള ഐശ്വര്യപുഷ്ടിയേയും കീചകന് അവിടെ ഉണ്ടായ സൽക്കാരങ്ങളേയും കവി ഇത്രയും ഹൃദയംഗമമായവിധത്തിൽ വർണ്ണിക്കുന്നു.

„വെൺകൊററാതപത്രം തഴ വെൺചാമരം താലവൃന്തം
തങ്കക്കോളാമ്പി താംബൂലച്ചെപ്പെൻകോപ്പും
മങ്കമാരെടുത്തുംകൊണ്ടുവേണ്ടുകിലും ചുററുംകൂടി
പ്പങ്കജാക്ഷകൃപകൊണ്ടുകൂട്ടി കീചകൻ.

ഇങ്ങിനെയുള്ള ഐശ്വര്യപുഷ്ടിയുടെ സ്വാഭാവിക ഫലം മദപുഷ്ടിയാണല്ലോ. എന്നാൽ

„കീചകനും പ്രേയസികളും സമ്പത്തുണ്ടായതിൽതന്നു
കശ്മശയലോചനങ്ങൾ ചതിരളിച്ചു.
കീചകനായായിരതിക്കുന്നെന്നൊപ്പം കൊള്ളുന്നാലും
ശ്രേഷ്ഠതരതരമായികണ്ടം ശേഷിച്ചു.”

ഈകാവ്യത്തിന്റെ കർത്താവ കവിതാവാസനയും മനോധർമ്മവും കല്പനാശക്തിയും ധാരാളമുള്ളവനും കവിയശസ്സിന്ന ധാരാളം അർഹനായ ഒരു കവിയാണെന്ന നിസ്സംശയം പറയാവുന്നതാണ്. രസോൽക്കർഷത്തിൽ ഞാൻ ഇവിടെ ഉദ്ധരിച്ചിട്ടുള്ളവരികളേക്കാൾ ഒട്ടുംതാഴെയല്ലാത്ത വരികൾ ഇനിയും ഈകാവ്യത്തിൽവളരെ ഉണ്ട്. എന്നാൽ വിസ്താരഭയംകൊണ്ട് അവയേക്കൂടി ഉദ്ധരിക്കാൻപാടില്ലാതിരിക്കുന്നു. ശബ്ദാർത്ഥാലങ്കാരങ്ങളാൽ കാവ്യത്തിന്ന സിദ്ധിക്കേണ്ട ചമല്ക്കാരം ഈകാവ്യത്തിന്ന നല്ലവണ്ണം ലഭിച്ചിട്ടുണ്ട്. ഇതിന്നുപുറമേ വാക്യങ്ങളായി അന്വയിക്കാൻക്ലേശമുള്ള ഒരു വരിയും ഈ പുസ്തകത്തിൽ ഇല്ലെന്നുള്ളതും കവിയുടെ വിദഗ്ദ്ധത്വത്തിന്ന് സാക്ഷിയാകുന്നു. എല്ലാംകൊണ്ടും വിദ്വാന്മാരും സഹൃദയന്മാരുമായ എല്ലാവായനക്കാരുടേയും ശ്രദ്ധക്ക് ഇപ്പോഴത്തേതിൽക്കൂടുതലായി വിഷയീഭവിക്കുന്നതിന്ന വേണ്ട യോഗ്യതകൾ ഈ കാവ്യത്തിന്നുണ്ടെന്ന് നിസ്സംശയം അഭിപ്രായപ്പെടാം.

ഇനി ഈകാവ്യത്തിന്റെ ജനനകാലത്തെപ്പററി രണ്ടു സംശയം ഉള്ളതിനെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഈകാവ്യം, ൯൭൩-ൽ നാടുനീങ്ങിയ കാർത്തികതിരുനാൾ മഹാരാജാവിന്റെ കാലത്ത് അദ്ദേഹത്തിന്റെ ആജ്ഞാപ്രകാരം എഴുതപ്പെട്ടതായി ഭാഷാചരിത്രത്തിൽ കാണുന്നു. ഈ ഊഹത്തിനെ ബലപ്പെടുത്തുന്നതായി ആഭ്യന്തരമായ യാതൊരു തെളിവും ഈകാവ്യത്തിൽ കാണുന്നില്ല. കാർത്തികതിരുനാൾ തിരുമനസ്സിലെ നാമധേയം രാമവർമ്മ എന്നായിരുന്നു. എന്നാൽ കവിവാഴ്ത്തുന്നതെല്ലാം മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ പരാക്രമത്തെ ആകുന്നു. ഇത് കാർത്തികതിരുനാൾ തിരുമനസ്സിലെ അമ്മാമനും തിരുവിതാംകൂർ രാജ്യസ്ഥാപകനുമായ രാജർഷിയെ ഉദ്ദേശിച്ചാണെന്നുള്ളതിനു സംശയമില്ല. അവിടുത്തെ അപദാനങ്ങളുടെ കീർത്തനം ഭാഗിനേയനായ തിരുമനസ്സിലേക്ക് പ്രീതികരമായിത്തന്നെ ഇരിക്കുമെങ്കിലും, നാടുവാണിരുന്ന മഹാരാജാവിനെക്കുറിച്ച് കവി ഒരക്ഷരം പോലും പറയാതെ ഇരിക്കുമെന്നുള്ളത് അസംഭാവ്യമായിത്തോന്നുന്നു. മാർത്താണ്ഡവർമ്മമഹാരാജാവിന് സർവഥാ അനുരൂപനായ ഭാഗിനേയനായിരുന്ന രാമവർമ്മ മഹാരാജാവെന്നുള്ള വാസ്തവം ഈ അസംഭാവ്യതയെ ഏററവും ബലപ്പെടുത്തുന്നു എന്നുമാത്രമല്ല മാർത്താണ്ഡവർമ്മ മഹാരാജാവിനെ വാഴ്ത്തുന്നതിൽ

"മാർത്താണ്ഡ മഹീപതിന്നു വെറുതെയോ ജയിക്കുന്നു."

എന്നുമെററും അനേകം പ്രയോഗങ്ങളും വർത്തമാന കാലത്തിൽ തന്നെയാണ്

"നാട്ടിന്നൊന്നാകിയശ്രീമാർത്താണ്ഡ ജയസ്യമേ
നാട്ടിലിന്നവതാരമെന്നു തോന്നുന്നു"

എന്ന തദാനീന്തനമായ രാജ്യഭരണവൈശിഷ്ട്യ സൂചകങ്ങളായുള്ള ഭാവിപ്രയോഗവും കാണുന്നുണ്ട്. മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്ത് ഈകാവ്യം എഴുതപ്പെട്ടു എന്നാണ് ഈസംഗതികളിൽനിന്നും ഊഹിക്കേണ്ടിയിരിക്കുന്നത്. ഈഭാഗം വായനക്കാർ തീർച്ചയാക്കട്ടെ.

കെ. ആർ. കൃഷ്ണപിള്ള. ബി. എ.

മാമാങ്കം

(താല്പൎയ്യത്തിൽ മലയാളത്തിലെ മാമാകം.)

---:0:---

അതിനുശേഷം പിന്നത്തെ മാമാങ്കത്തിന്നുമുമ്പിൽ മാപ്പിളമാർ വെള്ളാട്ടരാജാവിനെ ചെന്നുകണ്ടു വളരെ ശ്ലാഘിച്ചകൂട്ടത്തിൽ "മാമാങ്കത്തിൽ നിലപാടുനില്പാൻ അവിടേക്കല്ലാതെ മറെറാരു രാജാവിന്നും ശക്തിയുണ്ടായില്ലല്ലൊ അതുതന്നെ അവിടുത്തെ മഹത്വത്തെ പ്രത്യക്ഷപ്പെടുത്തുന്നുണ്ട" എന്നുപറഞ്ഞു. അതുകേട്ടു രാജാവ "അത് എന്റെ സംഗതിവശാൽ സിദ്ധിച്ചതല്ലേ അതൊരു മഹത്വസാക്ഷ്യമാകുന്നതല്ലല്ലൊ". "അതല്ല. അങ്ങിനെ അവിടേക്കു സംശയമുണ്ടെങ്കിൽ അടുത്ത മാമാങ്കത്തിന്ന ഒരു വീരപരീക്ഷ നിശ്ചയിക്കാം" "അതിന്നെന്താണ. ഏതുപ്രകാരം വേണമെന്നു നിശ്ചയിക്കുവിൻ" "എന്നാലവിടുന്ന നിലപാടുനില്ക്കുമ്പോൾ അവിടുത്തെ സൈന്യങ്ങൾ മുമ്പിൽ രണ്ടു വരിയായി ആയുധപാണികളായി നേരെ നില്ക്കുക. അപ്പോൾ സാമൂതിരിപ്പാട്ടിലേയോ മറ്റു വല്ല രാജാക്കന്മാരുടേയോ ഭാഗത്തിൽനിന്ന ആരെങ്കിലും ഒരാൾ ഒററക്ക കടന്നുവന്ന ഇവിടുത്തെ സൈന്യങ്ങളെ ജയിച്ചു നിലപാടുനില്പാനുള്ള സ്ഥലത്തു പ്രവേശിക്കുന്നതായാൽ നിലപാടുനില്പാനുള്ള അധികാരം അയാൾക്കു, അതുപോലെതന്നെ അവിടുന്ന നില്ക്കുമ്പോൾ ഇവിടുത്തെ ആരും ജയിച്ചുവെങ്കിൽ ആ സ്ഥാനം ഇവൎക്കും വിട്ടുകൊടുക്കത്തക്കവണ്ണം ഒരു നിശ്ചയം ചെയ്യു. എന്നാൽ ഇതിൽവെച്ച് ആൎക്കാണ യോഗ്യത എന്നറിയാമല്ലൊ" എന്നുപറഞ്ഞു.

രാജാവ അതിനെ സമ്മതിക്കയുംചെയ്തു. പിന്നത്തെ മാമാങ്കത്തിന്ന ആപ്രകാരം പരീക്ഷിച്ചതിൽ ആയുധാഭ്യാസത്തിൽ അതിസമൎത്ഥന്മാരായ വെള്ളാട്ടരാജാവിന്റെ സൈന്യത്തെയെല്ലാം സാമൂതിരിപ്പാട്ടിലെ ഒരുനായരിൽ ഒരുവൻ തോല്പിച്ചതിനാൽ ആവഴിക്കു നിലപാടുനില്പാനുള്ള അവകാശം സാമൂതിരിപ്പാട്ടിലേക്കു സിദ്ധിക്കയുംചെയ്തു. അതിൽപിന്നെ പലതവണയും സാമൂതിരിപ്പാട്ടിലേയും വെള്ളാട്ടരാജാവിന്റേയും സൈന്യങ്ങൾ തമ്മിൽ രണം നിലവര

ട്ടനില്ലിനെപ്പററി മഹാശയന്മാരായ പലേഋഷീശ്വരന്മാരും ഉണ്ടായിട്ടുള്ളതായി കേൾവിയുണ്ട്. എങ്കിലും അതിലെല്ലാം സാമൂതിരിപ്പാട്ടുതന്നെ ഇരിച്ചു കേറിയ സ്ഥാനത്തുനിന്നും ഇറങ്ങാതെതന്നെ മാമാങ്കം അവസാനിച്ചു എന്നാണ ഐതിഹ്യം.

എന്നാൽ അന്നു മലയാളത്തിലുള്ള മററു രാജാക്കന്മാർക്കും ഈ സ്ഥാനലബ്ധിക്കു സ്വാഭാവികമായി ആഗ്രഹം ജനിപ്പാനവകാശമുണ്ടായിരുന്നിരിക്കാമെങ്കിലും അന്നു കൊച്ചിതിരുവിതാംകൂർ മുതലായ തെക്കുള്ള രാജാക്കന്മാർക്കൊന്നും ഇന്നുള്ള പ്രാബല്യം സിദ്ധിച്ചിട്ടുണ്ടായിരുന്നില്ല. അതിനാൽ സാമൂതിരിപ്പാട്ടിലെ ജയിപ്പാൻ ശക്തിയുള്ള രാജാക്കന്മാർ ചുരുക്കമായിരുന്നതുകൊണ്ടു മററുള്ളവരാരും ഈ കാര്യത്തിൽ പ്രവേശിക്കാതിരുന്നതാണെന്നൂഹിപ്പാൻ മതിയായ കാരണമുണ്ട്.

ഇങ്ങിനെ സാമൂതിരിപ്പാട്ടായിട്ടും വളരെക്കാലം മാമാങ്കം നടത്തിവന്നിരുന്നതിനിടക്ക ഒരിക്കൽ മലയാളത്തിൽ അതിനുമുമ്പൊരിക്കലും കേട്ടുകേൾവിപോലുമുണ്ടായിട്ടില്ലാത്ത പ്രകാരം ഒരു ദിവസം അഞ്ചാറു നാഴികപ്പകലെ കാററും കറുപ്പും ഇടിയും മിന്നലും കാറും ഒന്നും കൂടാതെതന്നെ യദൃച്ഛയാ ഭാരതപ്പുഴയിൽ ഒരു വെള്ളപ്പൊക്കമുണ്ടായി. കുംഭമാസക്കാലത്ത മലയാളത്തിലെ ഒരു നദിയിൽ ജലപ്രവാഹമുണ്ടാകുന്ന കാര്യം ആരെങ്കിലും സ്വപ്നേപി സംശയിക്കുന്നതാണോ. എന്തിനു പറയുന്നു, വെള്ളം പൊങ്ങിയെന്നല്ലാ അതിവിശാലമായ മണപ്പുറത്തു നിരത്തിക്കെട്ടിയിരുന്ന അസംഖ്യം കുടിലുകളിലുണ്ടായിരുന്ന അനേകായിരം ഉരുപ്പടികളുടെ കച്ചവടസ്സാമാനങ്ങളും, കച്ചവടക്കാരുടേയും കാഴ്ചക്കാരുടേയും പാർപ്പിടങ്ങളും അവയിലുണ്ടായിരുന്ന കിണ്ണം, കിണ്ടി, കരണ്ടി മുതലായ പൊന്നു, വെള്ളി, വെങ്കലപാത്രങ്ങളും, മററുമെപ്പേർപ്പെട്ടതും കുത്തിച്ചാടിയൊലിച്ച് പൊന്നാനി അഴിയിൽചെന്നു സമുദ്രപതനംചെയ്യുകയും; മനുഷ്യരെല്ലാം ഒരുവിധം നീന്തിത്തുടിച്ച്, വെള്ളം കുടിച്ച്, ചത്തും ചാകാതേയും, കരയിൽ കയറിരക്ഷപ്പെടുകയുംചെയ്തു.

ഈ അപൂർവ്വസംഭവം നടന്ന സമയം അവിടെ കൂടിയിരുന്ന പല മഹാന്മാരുംകൂടി ഈ സംഗതി പിൽക്കാലത്തെ ജനങ്ങളുടെ

അറിവിന്നായി എന്തെങ്കിലും പ്രകാരത്തിൽ വിചാരിക്കേണമെന്ന ഉദ്ബോധിപ്പിച്ചു.

എന്നാൽ പണ്ടത്തെക്കാലത്തെ ഹിന്തുക്കൾ എന്തെങ്കിലും ഒരു വിശേഷസംഗതിയുണ്ടായാൽ അതിനെക്കുറിച്ചു ഒരു ചരിത്രമെഴുതുകയെന്ന സമ്പ്രദായം ഇതം ചുരുക്കമായിരുന്നു. എങ്കിലും ആ സംഗതിയുടെ ഒരു ചുരുക്കം സൂചിപ്പിക്കുന്നതും, അതുണ്ടായ ദിവസം സമയത്തെപ്പോലും ക്ലിപ്തമായി കാണിക്കുന്നതും ആയ വാക്യങ്ങൾകൊണ്ടു കലിദിനസംഖ്യക്ക ഒരു നാമകരണം ചെയ്യുന്നതു സാധാരണ പതിവായിരുന്നു. ഇങ്ങിനെ ചുരുക്കി മിതാക്ഷരങ്ങളെക്കൊണ്ടു സംഗതിയെ സൂചിപ്പിക്കുകയും പരല്പേർപ്രകാരം സംഖ്യ തെളിയിക്കുകയും ചെയ്യത്തക്കവണ്ണം കലിദിനങ്ങളായവയുടെ നാമകരണം ചെയ്യുന്നതിനു പണ്ടുള്ള യോഗ്യന്മാരിൽ പലൎക്കും വളരെ പാടവമുണ്ടായിരുന്നു എന്നുള്ളത നമുക്ക പ്രത്യേകം സ്മരണീയമാണ്.

ഒരുവക വിനോദമായതിൽ പ്രത്യേകം കേമത്വപ്പെട്ട ഒരാളായിരുന്നു നമ്മുടെ മേല്പുത്തൂർ നാരായണ ഭട്ടതിരിപ്പാട.

മലയാളത്തിലെ വിദ്യാകലാവിചക്ഷണന്മാരായ പണ്ഡിതന്മാരെല്ലാം മാമാങ്കത്തിൽ വന്നുചേർന്നിരുന്നു എന്നു മുൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അങ്ങിനെ വന്നുചേരുന്ന വിദ്വാന്മാർ അവിടെ ഓരോ സദസ്സുകളായി തിരിഞ്ഞ അതിൽ വെച്ചു താന്താങ്ങളുടെ വാസനയേയും അഭ്യാസത്തെയും പ്രകടിപ്പിപ്പാനായി ശാസ്ത്രവാദങ്ങൾ, സമസ്യകൾ മുതലായ സാഹിത്യ സംഗീത പരീക്ഷകൾ നടത്തുകയും, അതിൽ വെച്ചു ജയാപജയങ്ങളുടെ താരതമ്യത്തെ ക്ലിപ്തപ്പെടുത്തി അവസ്ഥാനുസാരം സംഭാവനാദികൾ നൽകുകയും ചെയ്തുവന്നിരുന്നതിനാൽ അക്കാലത്തു വിദ്യാഭിവൃദ്ധിക്കുകൂടി മാമാങ്കം ഒരു മുഖ്യ പ്രയോജകമായിരുന്നു.

ഈ കൂട്ടത്തിൽ അന്നുള്ള വിദ്വാന്മാരിൽ ഏറ്റവും ഉയൎന്ന ഒരു സ്ഥാനം സിദ്ധിച്ചിരുന്ന ഭട്ടതിരിപ്പാടും മേല്പറഞ്ഞ സംഭവം നടന്ന സമയം അവിടെ ഉണ്ടായിരുന്നു. അവരെല്ലാവരും കൂടി ആലോചിച്ചതിൽ അന്നത്തെ കലിദിനസംഖ്യയായ ൧൬൮൬൭൯൬ എന്നതിന് ഒരു പേരിട്ടു പ്രസിദ്ധപ്പെടുത്തേണ്ടതാവശ്യമാണെന്ന തീർച്ചയാക്കി. പലരും ഓരോ പേരുകളിട്ടുതുടങ്ങി. അതിനിടക്ക ഭട്ടതിരി 'നരീചുഷ്ടിരസഹ്യാ' എന്നൊരു പേരിട്ടു. അതുകേട്ടപ്പോൾ

വേറെ ഒരു നമ്പൂരി ചോദ്യത്തിന്റെ അവസാനം ഇതിന്റെ ക്രമത്തി ലൊരു ചോദിച്ചുകൊണ്ടു വിശേഷമായിട്ടു, ഈ അവസാനക്കാരോ ന്ന അർത്ഥത്തിൽ തന്നെ ഈ സംഖ്യകം വിപരീതമായി ഒരു ചോദ്യം കൂടി ഇരുന്നാൽ ഞാൻ സമ്മതിക്കാം" എന്നു പറഞ്ഞു. അപ്പോൾ ഒരുത്തിരി 'ഗോത്രസാമ്യമെഴുതാതെ' എന്ന് വിപരീതമായി ഒരു ചോദ്യംകൂടി ഉണ്ടാക്കി. ഇങ്ങിനെ ഇപ്പോൾ വേറൊരു ജ്യോത്സ്യൻ ചൊല്ലി: ഇതുപോലെ ഒരു ശ്ലോകം ഉണ്ടാക്കിത്തീർക്കേണം. എന്നാൽ പത്തും ഈ സംഖ്യകളെ ചോദിച്ചതിന്നെ ഇതൊരു ശ്ലോകമാകുമോ തോ?" എന്നായി. അപ്പോൾ കുറവായ മാത്രാൻ "എന്നാൽ അതും, ഒരു പാദം ക്രമസംഖ്യയും, മറ്റൊരു വിപരീതസംഖ്യയേയും കാണിക്കുന്ന രണ്ടു ചോദ്യങ്ങളായിരിക്കണം; അതൊക്കെ പ്രകൃതത്തിന്നു യോജിച്ചതായിരിക്കേണമെന്നു പറയേണ്ടതില്ലല്ലോ" എന്നായി. അപ്പോൾ ഒരുത്തിരി 'ഗോത്രജാൽക്കീർത്യാൽ സാധാരണ, നഷ്ടാത്ത്യ പ്രയത്നാൽക്കാന്' എന്നിതിനെ രണ്ടു ചോദ്യങ്ങളെക്കൊണ്ടുതന്നെ അവർ രണ്ടു ചോദ്യത്തെയും ഇഷ്ടപ്രകാരം ശ്ലോകവും പൂരിപ്പിച്ചു.

ഈ കവിതാസാമ്യംകൊണ്ടു നോക്കിയാൽ നാരായണീയ നിർമ്മാണത്തിനുശേഷം ഇരിപത്തഞ്ചുകൊല്ലം കഴിഞ്ഞിട്ടാണ് ഈ സംഭവം നടന്നതെന്നു കാണാം. നാരായണീയ കൃതി പട്ടതിരിയുടെ ചെറുപ്പത്തിലാണെന്നു പ്രസിദ്ധമാണല്ലോ. അതുകൊണ്ട ഈ ചോദ്യകാരം പട്ടതിരിയുടെ തന്നെയാണെന്നു വിശ്വസിക്കുവാൻ ന്യായവിരോധമില്ല.

മാമാങ്കം ഇതിനുശേഷം പിന്നെയും വളരെക്കാലം നിലനിന്നുപോന്നു, ഒടുവിൽ മലയാളത്തിലെ പൂർവ്വമഹത്വ സമ്പത്തിനെ ഒരു ധൂമകേതുവായി തീർന്ന ടിപ്പുസുൽത്താന്റെ ആഗമനത്തോടുകൂടി കൊല്ലം ൯൫൦-ന് അടുത്ത ഒരു കാലത്തിൽ അവസാനിച്ചുപോയെന്നാണ വിശ്വാസമായ രേഖയുള്ളത്.

എന്തായാലും പ്രകൃതി കാര്യങ്ങളെപ്പോലെയും കാലാന്തരത്തിൽ കണ്ടുവരുന്നതുപോലെയുള്ള പരിണാമഭേദംതന്നെയായിരിക്കാം ഈ വിഷയത്തിലും സംഭവിച്ചത്. എന്നാലും ഇന്നുള്ള മലയാളികളുടെ ഭാഗ്യദോഷം കൊണ്ടാണെന്നു മാത്രമേ ഞാൻ വിശ്വസിക്കുന്നുള്ളു.

കുന്നേഴത്തു പരമേശ്വരമേനോൻ.

ചില മലയാള വൎണ്ണങ്ങൾ.

—— :o: ——

അടുത്തുകഴിഞ്ഞ ചിങ്ങത്തിലെ രസികരഞ്ജിനിയിൽ കെ. രാമകൃഷ്ണപിള്ള അവർകൾ ചില മലയാള വൎണ്ണങ്ങളെപ്പററി എഴുതിയിരുന്ന ലേഖനവും അതിന്റെ അവസാനത്തിൽ പത്രപാഠകന്മാർ ആദ്ദേഹത്തിന്റെ അഭിപ്രായങ്ങളെക്കുറിച്ചു ത്യാജ്യഗ്രാഹ്യവിവേചനം ചെയ്യണമെന്നുള്ള അപേക്ഷയും ഞാൻ വായിക്കയുണ്ടായി.

മേൽ പറഞ്ഞ ലേഖകന്റെ അഭിപ്രായങ്ങളെപ്പററി ത്യാജ്യഗ്രാഹ്യവിവേചനം ചെയ്വാൻ പ്രാപ്തനാണെന്നുള്ള അഭിമാനം എനിക്കില്ല. എങ്കിലും ഈ വിഷയങ്ങളെപ്പററി ഭാഷാപോഷിണിയിലും മററും പലർ ആദ്യന്തം വാക്തൎക്കമായി പ്രതിപാദിച്ചുവരുന്നത വായിക്കാറുള്ളതുകൊണ്ടും ഇങ്ങിനെ ഒരു വിഷയത്തിൽ പ്രസംഗിക്കുന്നത മലയാളഭാഷാതല്പരന്മാരായ എല്ലാവരുടെയും ഒരു ധൎമ്മമാണെന്നുള്ള എന്റെ പൂൎണ്ണവിശ്വാസം കൊണ്ടും എനിക്കു തോന്നുന്ന ചില അഭിപ്രായങ്ങൾ പറവാൻ ഞാൻ ഒട്ടുംമടിക്കുന്നില്ല.

പിള്ള അവർകളുടെ ലേഖനാന്തൎഗ്ഗതമായ വിഷയങ്ങളിൽ പ്രധാനമായി എന്റെ ശ്രദ്ധയെ ആകൎഷിച്ചതു് സംവൃതസ്വരത്തെപ്പററിയുള്ളതാണ്. ഈ വിവാദം തുടങ്ങീട്ട് വളരെക്കാലമായല്ലൊ. ഈ സ്വരം സംവൃതാകാരമൊ സംവൃതോകാരമൊ എന്നായിരുന്നു ആദ്യത്തെ സംശയം. സംവൃതാകാരമെന്നു ചിലർ വാദിപ്പാൻ ഇടയായതിന്നു കാരണമെന്തായിരിക്കും? "ഹ്രസ്വാവൎണ്ണസ്യോച്ചാരണേസംവൃതം" എന്ന സൂത്രസിദ്ധാന്തത്തെ അനുസരിച്ച് ഒരു സംസ്കൃതപദത്തിന്റെ അവസാനത്തിലുള്ള ഹ്രസ്വാകാരം സംവൃതമാക്കി ഉച്ചരിക്കേണ്ടതാണല്ലൊ. ഈ പാണിനീയശിക്ഷയെ അനുസരിച്ചായിരുന്നു പണ്ടുള്ള ആൎയ്യബ്രാഹ്മണർ പദാന്തത്തിലുള്ള ഹ്രസ്വാകാരത്തെ ഉച്ചരിച്ചിരുന്നത്. ഇതിന്നു ദൃഷ്ടാന്തമായി ഇപ്പോഴുള്ള ഉത്തരദേശാൎയ്യബ്രാഹ്മണരുടെ ഉച്ചാ

ണ്ടതെ സ്വീകരിക്കാവുന്നതാകുന്നു. അവർ എഴുതുന്നതു് "പോയാതു" എന്നാണെങ്കിലും ശബ്ദിക്കാറുള്ളതു് "പോയാതു്" എന്നാകുന്നു. ഇപ്രകാരംതന്നെയായിരിക്കുമോ നമ്മുടെ മലയാളത്തെ കീഴടക്കിയ തമിഴ് പുരാതനന്മാരും അനുഷ്ഠിച്ചിരുന്നതു് ? ഇവരുടെ ഈ സംവൃതോകാരത്തോടു നമ്മുടെ വിവാദഗ്രസ്തമായ സംവൃതസ്വരത്തിന്നു് ശ്രുതിസാദൃശ്യമുണ്ടാകയാൽ, പൂർവ്വികന്മാർ കാടു് വീടു് എന്നു ശബ്ദിച്ചുവന്ന പദങ്ങളെ തമിഴന്മാർ "പോയാതു" എന്നു് എഴുതുന്ന രീതിയെ അനുകരിച്ചു് കാടു, വീടു, എന്നു് എഴുതുകയും, അന്നിമിത്തം "പോയാതു" എന്നതിലെ അന്ത്യസ്വരംപോലെ ഇവകളിലെ അന്ത്യസ്വരവും ഉകാര സംബന്ധിയെന്നു് അവർ പ്രമാണികമായി വിശ്വസിക്കയും ആ വിശ്വാസം ചില ആധുനികന്മാരിലും പരമ്പരയായി നിലനിന്നു വരികയും ചെയ്തതിനാലോ തമിഴ് വ്യാകരണത്തിലുള്ള "കുറ്റിയലുകരം, മുറ്റിയലുകരം" ഇവയെപ്പറ്റി ഇവർ തീരെ അപരിചിതന്മാരായിരുന്നതിനാലോ ആയിരിക്കാം മേൽപ്പറഞ്ഞ വാദത്തിന്നു കാരണമായിത്തീർന്നതു്.

എന്നാൽ ഈ സ്വരം സംവൃതോകാരമാണെന്നു മലയാളത്തിലുള്ള മിക്ക വിദ്വാന്മാരും ഇപ്പോൾ ഒത്തൊരുമിച്ചു് സമ്മതിച്ചിരിക്കുന്നു എന്നതിന്നു് ഭാഷാപോഷിണി ഒരു ബലമായ തെളിവാകകൊണ്ടു് ഞാൻ ഇപ്പോൾ സംവൃതോകാരമല്ലെന്നു വീണ്ടും സ്ഥാപിപ്പാനായിത്തുനിയാതെ സംവൃതോകാരത്തിൽ പ്രവേശിക്കാം. ഈ സംവൃതോകാരത്തെ അക്ഷരത്തോടുചേർത്തെഴുതുമ്പോൾ കേരളപാണിനീയത്തെ അനുസരിച്ചു ഉകാരവും മീതേ സംവൃതോകാര ചിഹ്നമായ ചന്ദ്രക്കലയും (്) രണ്ടും വേണമോ എന്നും അല്ല ആ ലിപിയുടെ മീതേ ചന്ദ്രക്കലമാത്രം ഇട്ടാൽ മതിയോ എന്നുമാണു് മുഖ്യമായ വാദം. ചന്ദ്രക്കലതന്നെ സംവൃതോകാരചിഹ്നമാകനിമിത്തം ഉകാരവും (്) ചന്ദ്രക്കലയും കൂടുമ്പോൾ രണ്ടു ഉകാരമായില്ലേ ? അതുകൊണ്ടു് ഉകാരം അനാവശ്യമെന്നാണു് തോന്നുന്നതു്. എന്നാൽ (്) ചന്ദ്രക്കലമാത്രം ചേർക്കുന്നതായാൽ അകാരവും സംവൃതോകാരവുംകൂടി രണ്ടു സ്വരമായില്ലേ? എന്നു ചോദിക്കമായിരിക്കാം. ഈ സന്ദേഹം മലയാളഭാഷയിൽ സ്വരചിഹ്ന

ങ്ങൾ വർണ്ണമാലയോട ചേൎന്ന ക്രമം സൂക്ഷ്മദൃഷ്ട്യാ നോക്കുമ്പോ ക്ഷം തീരുന്നതാകുന്നു. മലയാളത്തിൽ ു, ൌ മുതലായ സ്വരങ്ങളുടെ ചിഹ്നമാകുന്ന ി. ീ. മുതലായവ കകാരത്തോടുചേൎത്തെഴുതുമ്പോളാണല്ലോ കി. കീ. എന്നായിത്തീരുന്നത്. ഇതിനെ ചേൎത്തെഴുതുമ്പോഴാണ് കി എന്നക്ഷരത്തിൽ അ്കാരവും ഇ്കാരവും കൂടി രണ്ടു സ്വരങ്ങളുണ്ട്. ഇല്ലാത്തപക്ഷം അതുപോലെതന്നെ ക് എന്നതിനോട (്) അരയുകാരസ്വരചിഹ്നം ചേൎത്തെഴുതീട്ടുണ്ടാകുന്ന ക് എന്നതിൽ മാത്രം സ്വരലോപചിഹ്നങ്ങളുണ്ട് എന്നുപറയുന്നത് യുക്തിയോ? അതുകൊണ്ട ചന്ദ്രക്കല മാത്രം മതിയെന്നും ഉകാരം ആവശ്യമില്ലെന്നും ആണ് എന്റെ അഭിപ്രായം.

കടത്തനാട്ട് ഉദയവൎമ്മ തമ്പുരാനവർകളും, മിസ്റ്റർ തോമസ് പ്ളൂച്ചിയിൽ മുതലായവരെല്ലാവരും മേൽപറഞ്ഞ അഭിപ്രായത്തോട യോജിച്ചിട്ടുണ്ട്. പണ്ഡിതർ ആർ. വി. കൃഷ്ണമാചാൎയ്യരവൎകളും ഒരു അഭിപ്രായത്തിനോടാണ് ഉള്ളത് എന്ന് അദ്ദേഹത്തിന്റെ ഒരു ലേഖനത്തിൽനിന്ന എനിക്ക അറിവാൻ സംഗതിയായിട്ടുണ്ട്.

മലബാർകാരുടെ സംവൃതസ്വരം ഇകാരത്തിന്റെ ഉറവലിവായിരിക്കെ അതിനെ കുറിപ്പാൻ ഇകാരോപരിചന്ദ്രക്കലയല്ലേ ഇടേണ്ടത്?" എന്ന മിസ്റ്റർ പിള്ള ചോദിച്ചതിനെപ്പറ്റി ആശ്ചൎയ്യപ്പെടുന്നു. മലബാറിൽ ഈ സംവൃതസ്വരം ഇകാരത്തിന്റെ ഉറവലിവായി ഉച്ചരിക്കുന്നത് മലബാർകാരനായ എന്റെ അറിവിൽ ഇതേവരെ പെട്ടിട്ടില്ല. അഥവാ അങ്ങിനെ ഉണ്ടെന്ന ഊഹിക്കുന്നപക്ഷംതന്നെ ഇകാരോപരിചന്ദ്രക്കല ഇടേണമെന്നുണ്ടോ? ഒരു വിഷയത്തിൽ കേരളപാണിനീയത്തോട യോജിക്കുന്നപക്ഷമല്ലേ അതിനെ ചോദ്യമെങ്ങുള്ളൂ? "ഏതുകൊണ്ടും നോക്കിയതിൽ കേരളപാണിനീയത്തോട യോജിക്കുന്നവരാണ് അധികമാളുകളെന്നുതോന്നുന്നു." എന്ന പറഞ്ഞതിന്ന് അടിസ്ഥാനമെന്താണ് അറിയുന്നില്ല. തിരുവിതാംകൂറിൽ ഭൂരിപക്ഷക്കാരും പാണിനീയത്തെ അനുസരിച്ച് എഴുതിവരുന്നുണ്ടെങ്കിലും മദ്ധ്യകേരളത്തിലാകട്ടെ ഉത്തരകേരളത്തിലാകട്ടെ അപ്രകാരം ചെയ്യുന്നില്ലെന്ന നിസ്സംശയം പറയാവുന്നതാകുന്നു.

ത്തം അന്ത്യസ്വരോച്ചാരണത്തിൽ ദേശാന്തരങ്ങളിൽ വല്ല സ്വല്പഭേദവും ഉണ്ടെങ്കിലും എഴുതുന്നതിൽ ഏകരീതിത്വം സാധിക്കേണമെങ്കിൽ ഇതും മറ്റും ദൃഷ്ടിപിടിക്കാതെ കാൎയ്യത്തിന്റെ യഥാൎത്ഥതത്വത്തെ സൂക്ഷ്മമായി അറിഞ്ഞ് യുക്തിക്കനുസരിച്ച് പ്രവൃത്തിക്കുന്നതായാൽ ഒരു വിഷമവും ഇല്ല.

ഇനി "നേര" "ചെന" ഇവയെപ്പറ്റിയാണ് കുറച്ച് പറവാനുള്ളത്. ഇതിലെ അന്ത്യലിപി "ണ" എന്ന് എഴുതേണമെന്നാണല്ലോ പിള്ള അവർകളുടെ അഭിപ്രായം. അച്ചടിച്ചിതന്മാൎക്ക് പ്രഥമദൃഷ്ടിയിൽ പരിഭ്രമമുണ്ടാക്കിത്തീൎക്കുന്ന ഒരു വക വൎണ്ണങ്ങൾ പുതുതായി സൃഷ്ടിക്കുന്നതിനെക്കാൾ നമ്മുടെ പൂൎവ്വികന്മാർ ഉപയോഗിച്ചിരുന്ന വല്ല സൂത്രവും ഉണ്ടെങ്കിൽ അതു സ്വീകരിക്കുന്നതല്ലേ നല്ലത്? ചെന എന്നതിലെ നകാരത്തിന്റെ ആദ്യത്തെ കുനിപ്പ് ചെറുതായും "നേരി" എന്നതിലെ നകാരത്തിനു ഇപ്പോഴുള്ളപോലെതന്നെ രണ്ടു കുനിപ്പും ഒരുപോലെയും ആയിട്ടാണവരെല്ലാം പണ്ടുള്ളവർ എഴുതിയിരുന്നത്. ഇതിനു ശരിയായ തെളിവ് മിസ്റ്റർ ജോസഫ് മൂളിയിൽ കാണിച്ചതായി ഭാഷാപോഷിണിയിൽ കാണുന്നതും ഉണ്ട്. അദ്ദേഹം തെളിയിച്ചിട്ടില്ലാത്ത പക്ഷത്തിലും ഒരു യുക്തിയാണ് സ്വീകാരയോഗ്യമെന്നാലോചിച്ചാലറിയാവുന്നതാകുന്നു. "ചെ" കാര "നെ" കാരങ്ങൾ തമ്മിലുള്ള ഭേദം ഇതിനെ ബലപ്പെടുത്തുകയും ചെയ്യുന്നു. അതുകൊണ്ട് പഴയ സമ്പ്രദായത്തെത്തന്നെ അനുസരിച്ച് "ചെന" യിലെ നകാരം ആദ്യത്തെ കുനിപ്പ് ചെറുതാക്കി എഴുതുന്നതായാൽ ഉചിതമായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ററ എന്നതു റ്റ എന്നെഴുതുന്നതിനും മതിയായ കാരണം കാണുന്നില്ല. ഇങ്ങിനെ മുമ്പുള്ള അക്ഷരങ്ങളെ ഉപേക്ഷിച്ച് വാക്കിനും സൎവ്വശബ്ദങ്ങൾക്കും ശരാശരിയായി നൂതന അക്ഷരങ്ങൾ സൃഷ്ടിപ്പാനും ശ്രമിക്കുന്നപക്ഷം നമ്മുടെ ഭാഷക്ക് അന്യഭാഷകളായി സമ്മേളനം വൎദ്ധിക്കുന്തോറും ഓരോ ലിപികളെ ചേൎക്കേണ്ടിവരുന്നതാകയാൽ കാലക്രമംകൊണ്ട് അക്ഷരകാണ്ഡം ചതുൎബ്രഹ്മപോലെ അനന്തമായിത്തീരുകയും, നമ്മുടെ പിന്തുടൎച്ചക്കാൎക്ക് ഇക്കാലത്തെ വല്ല ഗ്രന്ഥങ്ങളോ പുസ്തകങ്ങളോ വായിച്ച് മനസ്സിലാക്കേണമെങ്കിൽ അസാദ്ധ്യമായി വരികയും ചെയ്യും.

സി. രാമപ്പൊതുവാൾ.

ക ടം.

ഇപ്രകാരം മറ്റുള്ളവരെ വഞ്ചിക്കുന്ന കള്ളൻ തന്റെ അന്യായാൎജ്ജിതമായ ധനം നഷ്ടപ്പെടുവാൻ പ്രാപ്തിയുള്ളവരോട കൈവശപ്പെടുത്തീട്ടുള്ളതാകയാൽ കേവലം തസ്കരനേക്കാൾ അല്പംഭേദമാണെന്നും അല്ലെങ്കിൽ അവനു പണം എന്തിനു കടം കൊടുത്തു എന്നും മറ്റും ചിലർ പ്രതിവാദിക്കുമായിരിക്കും. എന്നാൽ ഇതിന് കടം കൊടുത്തവരെ കുറ്റപ്പെടുത്തുവാനില്ല. കടം കൊടുക്കുന്ന സമയം തന്റെ പണം വേഗത്തിൽ മടക്കി കിട്ടുമെന്നായിരിക്കുമല്ലോ എവരുടെയും പൂൎണ്ണവിശ്വാസം. അപ്പോൾ തനിക്കു നഷ്ടപ്പെടേണ്ടി വരുമോ എന്നും മറ്റും ആലോചിക്കുന്ന കാൎയ്യം അത്ര തിൎച്ചയില്ല. ഈ ഒരു സംഗതി വിചാരിച്ചെങ്കിലും മുഴുത്ത കള്ളൻ പണം ഉടമസ്ഥന മടക്കികൊടുത്തുകളയാമെന്ന് വിചാരിക്കുമോ? ഒരിക്കലുമില്ല. ലജ്ജാഹീനന്മാരും എത്രതന്നെ കടം വാങ്ങിയാലും തൃപ്തിപ്പെടാത്തവരും ആയ ഈ ജാതിക്കാരുടെ സമ്പ്രദായം മുഴുവനും കണ്ടു മനസ്സിലാക്കീട്ടില്ലാത്ത ഒരാൾക്ക് ഇവർ പണം കൈവശപ്പെടുത്തുവാൻ എന്തെല്ലാം ഉപായങ്ങൾ പരീക്ഷിച്ചുനോക്കുമെന്നും എത്രപേർ കഷ്ടപ്പെട്ടിരിക്കുമെന്നും അറിവാൻ സാധിക്കുന്നതല്ല. ഞങ്ങളുടെ പരിചയക്കാരോടെല്ലാം കടം വാങ്ങുന്നവരും യാതൊരാൾക്കും സംഖ്യമടക്കികൊടുക്കാത്തവരും, ആയ പലരെയും നമ്മൾക്കു കാണുവാൻ കഴിയുന്നതാണ്. ജനങ്ങളെ ആസകലം ഇപ്രകാരം ചെണ്ടകൊട്ടിക്കുന്നതിന് അവർക്ക് എളുപ്പമായ ഒരു വഴിയുണ്ടു. അതെന്തെന്നാൽ എതെങ്കിലും ഒരാളുമായിട്ടു പരിചയമായാൽ ഉടനെതന്നെ അയാളോട സ്വല്പമായ വല്ല സംഖ്യയും വായ്പചോദിക്കുകതന്നെയാണ്. പരിചയം പുതുതായിരിക്കുമ്പോൾ തന്നെ ഇങ്ങിനെ യാചിക്കുന്നതുകൊണ്ടു രണ്ടു ഗുണങ്ങളുണ്ട്. (1) തന്റെ ചരിത്രം അറിവില്ലാത്ത ആളുടെ മുമ്പിൽ സാധുത്വം അഭിനയിക്കുവാനും, തന്നിമിത്തം അയാളെ അനുകൂലിപ്പിക്കുവാനും യാചകന് എളുപ്പത്തിൽ സാധിക്കുന്നതാണ്. (2) അപേക്ഷ കുറെദിവസം കഴിഞ്ഞു ചെയ്യുന്നതാണെങ്കിൽ വല്ല സ്നേഹിതന്മാരും

പരമാൎത്ഥം മനസ്സിലാക്കി ഉപകാരതല്പരനായ അയാളെ രക്ഷി പാനും ഇടവന്നേക്കാം. ആൎത്തികൾ ഈ ഔദാൎയ്യത്തിന്ന് വഴിയില്ലല്ലോ. പതിവായി ഇങ്ങിനെ കടം വാങ്ങുന്നവരിൽ സംഭ്രമക്കി കൊടുക്കുന്നവർ മരിക്കാറും ഉണ്ടാകുന്നതല്ല. എന്നുമാത്രമല്ല ഇവരിൽ ചിലർ കടക്കാരനെ കാണുമ്പോൾ ഒളിച്ചുമാറുന്നവരുംകൂടി ആയിരിക്കും. പട്ടിണികൊണ്ട ചാവാതെയും ജയിലിൽ പോകാതെയും വളരെക്കാലം കഴിച്ചുകൂട്ടുവാൻ ഈ കൂട്ടരിൽ അധികം പേൎക്ക് സാധിക്കുന്നുണ്ടല്ലോ! ഇതു അദ്ഭുതം തന്നെ!

അതിലാഭം കിട്ടുവാൻ മാൎഗ്ഗമുള്ള വ്യാപാര വിഷയത്തിൽ ദ്രവ്യം കടം കിട്ടേണമെന്ന പരസ്യപ്പെടുത്തുമ്പോൾ തന്നെ കാൎയ്യസാമൎത്ഥ്യമില്ലാത്ത പല ഗൃഹസ്ഥന്മാർ പണം കൊടുത്തുപോകുന്നു! ഈ വ്യാപാരങ്ങളിൽ ലാഭം കിട്ടുമ്പോലെതന്നെ നഷ്ടവും വന്നേക്കാമെന്നുള്ള കഥ ആരും ഓൎക്കുന്നില്ല. ഒരുവന്ന വ്യാപാരത്തിന്നാവശ്യമുള്ള ദ്രവ്യം കയ്യിലില്ലെങ്കിൽ അന്യന്റെ പണം കടം വാങ്ങിക്കുന്നതിലും നല്ലത അവനെ സഹായിപ്പാൻ ത്രാണിയുള്ള മറ്റൊരുവനെ കൂട്ടാളിയായി ചേൎക്കുന്നതാകുന്നു. എന്തെന്നാൽ ഇങ്ങിനെ മറ്റൊരാളെ കൂട്ടായി ചേൎക്കുന്നതുകൊണ്ട് വ്യാപാരത്തിൽ നോട്ടവും ജാഗ്രതയും അധികം ഉണ്ടാവാൻ ഇടയുണ്ട്. എന്നുമാത്രമല്ല അന്യന്റെ പണം കടംവാങ്ങി ഉപയോഗിക്കുമ്പോൾ സ്വന്തം പണം ചിലവുചെയ്യുമ്പോളുണ്ടാവുന്നപോലെയുള്ള ശുഷ്കാന്തി സാധാരണയായി ആൎക്കും കണ്ടുവരാറുമില്ലല്ലോ.

(കടം) വാങ്ങിടുകിലൊ
ദ്രവ്യം പാകംനോക്കിച്ചിലവിടലതിൽ മൂൎച്ചകളയും”

എന്ന ആംഗ്ലേയകവിശിരോമണിയായ ഷേക്സ്പീയരുടെ വാക്കിന്റെ താല്പൎയ്യവും ഇതുതന്നെയാണ്.

കടംവന്ന അതി കഠിനമായ ബുദ്ധിമുട്ടിൽ അകപ്പെട്ടിരിക്കുമ്പോൾ തല്ക്കാലനിവൃത്തിക്കുവേണ്ടി വായ്പവാങ്ങിക്കുന്ന സമ്പ്രദായവും വളരെ ചീത്തയായിട്ടുള്ളതുതന്നെ. ഈ ഘട്ടങ്ങളിൽ പണം കിട്ടുന്നതിന്ന് അന്യായപലിശ കൊടുക്കേണ്ടിവരുന്നു. ആലോചനക്കുറവുള്ള ഒരാൾ കടത്തിലകപ്പെട്ടാൽ അയാളുടെ യഥാൎത്ഥസ്ഥി

തിയറിഞ്ഞ കഴിയുന്ന ദേശത്തിൽ മോചനത്തിനുള്ള മാർഗ്ഗങ്ങളെ ആലോചിക്കാതെ പിന്നെയും തൽക്കാലനിവൃത്തി മാത്രം കരുതി കടം വാങ്ങിക്കയാണ ചെയ്യുന്നത. അവർ ഇപ്രകാരം പിന്നെയും പിന്നെയും കടംവാങ്ങി ഒടുവിൽ തീരെ നശിച്ചുപോകുവാൻ ഇട വരുന്നു. വ്യാമോഹിതചിത്തന്മാരായ ഇവരുടെ സ്ഥിതി മോർഫിയാ (Morphia) എന്ന ഔഷധത്തിന് അടിമപ്പെട്ടുപോയ ഒരു രോഗി യുടെ അവസ്ഥപോലെയാണ. വാതരോഗം ക്ഷയം മുതലായുള്ള രോഗം കൊണ്ട് പ്രാണവേദന അനുഭവിക്കുന്ന സമയം ഈ ഔഷ ധം ദേഹത്തിൽ പ്രവേശിപ്പിച്ചാൽ തൽക്കാലം ഒരാശ്വാസം കിട്ടു ന്നതുകൊണ്ട് ആയതിനെ കൊതിച്ച ദീനക്കാർ ഈ മരുന്നിന്റെ വൈഷമ്യം ആലോചിക്കാതെ കൂടക്കൂടെ ഉപയോഗിക്കുന്നു. ഒടുവി ൽ അവർ ഈ ഔഷധത്തിൽ ചേർന്നിട്ടുള്ള കറുപ്പിന്റെ മോഹശ ക്തിക്കധീനപ്പെട്ട മരണത്തെത്തന്നെ വരുത്തിക്കൂട്ടുകയും ചെയ്യുന്നു. കടം വാങ്ങുന്നവരുടെ വ്യാമോഹാവസ്ഥയും അധഃപതനവും ഇങ്ങി നെതന്നെയാണ്.

ഈ സ്ഥിതിയിലുള്ളവർ ദാസ്യഭാവന്മാരായി ഹുണ്ടികക്കാ രുടെ അടുക്കൽ ചെല്ലുമ്പോൾ അനുഭവിക്കുന്ന നഷ്ടത്തെപ്പറ്റി നാ മുക്ക ഊഹിക്കാവുന്നതാണ. ഹുണ്ടികക്കാർ തങ്ങൾക്കു നഷ്ടം വ രാതിരിപ്പാനുള്ള സകല വഴികളും നോക്കാതിരിക്കയില്ല. ഹുണ്ടി കക്കാരുടെ കാര്യം കളിയാകുന്നതോടുകൂടി മറ്റുള്ളവരുടെ കാര്യം ഓട്ടമാവുന്നതും തീർച്ചയാണ. ഇങ്ങിനെ കയത്തിൽ കിടന്നു മുങ്ങുന്ന ഒരുവൻ അടുത്ത സ്നേഹിതനോട കൂടെയും കടംവാങ്ങിച്ച അവ നെയും തന്റെ സ്ഥിതിയിൽത്തന്നെയാക്കുവാൻ ഉത്സാഹിക്കുന്നത് ഏറ്റവും ജുഗുപ്സാവഹമായ പ്രവൃത്തിതന്നെയാണ. ഈ സംഗതി യെപ്പറ്റി എന്തെല്ലാംവിധത്തിൽ ഗുണദോഷനിരൂപണം ചെയ്തു നോക്കുന്നതായാലും നിവൃത്തിയില്ലാത്ത ഘട്ടത്തിൽ അന്യായമാ യ കാര്യസാദ്ധ്യത്തിന്നായി വ്യാപാരികൾ തമ്മിൽ ഉടനെ മടക്കി ക്കൊടുക്കുവാനുള്ള മാർഗ്ഗം കണ്ട കടംവാങ്ങിക്കുന്നതൊഴികെ ദോഷ മുള്ള സമ്പ്രദായങ്ങളെല്ലാം ആപത്തിൽ പര്യവസാനിപ്പാനേ വ ഴിയുള്ളു.

കടംകൊടുക്കുമ്പോൾ പ്രായേണ ജനങ്ങളുടെ വിചാരം എന്തായിരിക്കാമെന്നുംകൂടി ഇനി അല്പം ആലോചിക്കുക. കയ്യിൽ ദ്രവ്യം വെച്ചുംകൊണ്ട് ഇല്ലെന്നുപറയുന്നത് എങ്ങിനെ? ഇത് നീതികേടാണെന്നു വിചാരിക്കേണ്ടതല്ലേ? സാമാന്യം മനുഷ്യരുടെ അഭിപ്രായം ഇങ്ങിനെയായിരിക്കും. പിന്നെ സാധാരണയായി പണം വാങ്ങുവാൻ ചോദിക്കുന്നതും "ഇല്ല" എന്നുപറവാൻ പ്രത്യേകം മനസ്സില്ലാത്തവരോടായിരിക്കയില്ലയോ. കൈവശം ധാരാളം പണമുണ്ടായിരിക്കെ "എന്റെ കയ്യിൽ ഇരിപ്പില്ല" "ഞാൻ കൊടുക്കയില്ല" എന്നും മറ്റും നേരിട്ടു പറവാൻ യാതൊരു കൂസലുമില്ലാത്തവരോട് ആരെങ്കിലും കടംചോദിപ്പാൻ വിചാരിക്കുമോ? അവരുടെ മനസ്സിന്റെ കാഠിന്യം എത്ര അധികമാണെന്ന് കണ്ടും കേട്ടും എല്ലാവർക്കും അനുഭവസിദ്ധമായിരിക്കയില്ലേ? പരിചയക്കാരിൽ ആരെങ്കിലും കുറെ പണം അല്പകാലത്തേക്കു കിട്ടിയാൽ കൊള്ളാമെന്ന് ആഗ്രഹിച്ചുപറയുമ്പോൾ അതിനെ കൈക്കൊള്ളാതെ തള്ളിക്കളയത്തക്കവണ്ണം മനസ്സിന്നു കാർക്കശ്യം ലോകത്തിൽ അധികം ജനങ്ങൾക്കു ഉണ്ടായിട്ടില്ല. എങ്കിലും അന്യന്നു കടംകൊടുപ്പാൻ ഇതുതന്നെ കാരണമായിത്തീരുമെന്നു ഞാൻ വിചാരിക്കുന്നില്ല. അന്യനോടു ന്യായരഹിതമായ ഒരു അപേക്ഷ ഒരുവൻ ചെയ്യാമെന്നാണെങ്കിൽ അതു താൻ സ്വീകരിക്കില്ലെന്നുപറവാൻ മറ്റേവന് മടി വിചാരിച്ചിട്ടുള്ള ആവശ്യം എന്ത്? കടക്കാരനെ വല്ലവിധത്തിലും ദ്രവ്യനാശം വരുന്നതാണെങ്കിൽ അതു കടംകൊടുത്തിട്ടുള്ളവനേക്കൂടി ബാധിക്കുന്നതാകകൊണ്ടു കടംകൊടുക്കുന്നതിനുമുമ്പായി കടക്കാരന്റെ സ്ഥിതിയെ അന്വേഷിച്ചറിഞ്ഞ് ഇടപാടുചെയ്യുന്നതിലുള്ള ഗുണദോഷത്തെ നല്ലവണ്ണം പര്യാലോചിച്ചു തീർച്ചപ്പെടുത്തേണ്ടതാരം കടംകൊടുക്കേണ്ടവരല്ലേ? പണം നിരർത്ഥകമായ കാര്യാദികളിൽ ധൂർത്തായി വ്യയംചെയ്യുന്നതല്ലെന്നും കടക്കാരന് ആവശ്യം വേണ്ടിവന്നിട്ടുള്ളതും നിശ്ചയമായും സഹായമായിത്തീരുന്നതും ആണെന്നും പൂർണ്ണമായി ബോദ്ധ്യപ്പെടാതെ ഒരുവൻ ആർക്കെങ്കിലും കടംകൊടുക്കുന്നതായാൽ തന്റെ പ്രവൃത്തികൊണ്ട സ്വന്തം പണം നഷ്ടമാകുന്നതുകൂടാതെ തന്റെ സ്നേഹിതനായ കടക്കാരന്

അത് ഏതുവിധത്തിൽ ശോഷണംചെയ്യുന്നതും, അവർ തമ്മിലുള്ള സ്നേഹബന്ധത്തിന്നു നിസ്സംശയം ഭംഗംവരുത്തുന്നതുംകൂടി ആകുന്നു.

സ്നേഹത്തിന്നു കടംകൊടുക്കുമ്പോഴാം വാഗ്ദത്തപത്രം എഴുതിവാങ്ങുന്നതും ആ സംഖ്യക്കു പലിശ വാങ്ങുന്നതും ശരിയാണോ എന്നു ഇനി ആലോചിക്കാം. കൊടുക്കുന്ന സംഖ്യക്കു ലക്ഷ്യം വാങ്ങിക്കേണമെന്നു സ്വപ്നേപി വിചാരിക്കാത്തവരായുള്ളവർക്കു മാത്രമേ സ്നേഹം പ്രമാണിച്ച് ധനസഹായം ചെയ്യാവു എന്നാണ ഞങ്ങൾക്കു തോന്നുന്നതു. മതിയായ ഉറപ്പ്കൊടുത്ത കടംവാങ്ങിക്കുന്നതു "കൊള്ളുവാങ്ങൽ" തൊഴിലായിട്ടുള്ളവർ തമ്മിൽ ചെയ്യേണ്ടതാണ. സ്നേഹിതന്മാർ തമ്മിൽ ഇപ്രകാരംചെയ്യുന്നതു തീരെ അസംബന്ധമായിരിക്കും. "കൊള്ളുവാങ്ങൽ" തൊഴിലല്ലെങ്കിൽ സ്നേഹിതന്റെ ആവശ്യത്തിന്നായി സ്വന്തം നിലവിട്ടു ഏററികക്കാരനാകുന്നതു എന്തിന്? ഇതിന്നു വിരോധമില്ലെന്നുവിചാരിക്കുന്നതായാൽ ഈ സംഗതിയിൽ "സ്നേഹിതന്മാർ" എന്നുള്ള ശബ്ദത്തിന്ന് എന്തവകാശമാണുള്ളത്? സാധാരണയായി ഉറപ്പുവാങ്ങി പലിശക്കു പണം കൊടുക്കുന്നവരുടെ നേരെ നന്ദിയോ സ്നേഹമോ ഉണ്ടായിരിക്കയില്ല. ചുരുക്കിപ്പറയുന്നതായാൽ കൊടുത്തതു തിരിയെ കിട്ടിയില്ലെങ്കിലും വിരോധമില്ലാത്തവരാണെന്ന ഘട്ടങ്ങളിലെ സ്നേഹിതന്മാർ കടംകൊടുത്തുകൂടു എന്നാണ ഞങ്ങളുടെ ഉപദേശം. പരസ്പരം പരിപൂർണ്ണമായ വാത്സല്യവിശ്വാസാദിഗുണങ്ങളും, കൊടുക്കുന്നവർക്കു സന്തോഷവും, വാങ്ങുന്നതിൽലേശംപോലും മാനക്ഷയമില്ലാത്ത വാങ്ങുന്നവന്നു ഐശ്വര്യവും ഉണ്ടാകുന്ന സംഗതികളിൽ ചെയ്യുന്നതൊഴിച്ചു മറ്റു യാതൊരുവിധത്തിലുള്ള ഏർപ്പാടുകൾ സ്നേഹിതന്മാർ തമ്മിൽ ചെയ്യരുതാത്തതാണെന്നുമാത്രമാണ പ്രസ്തുതവിഷയത്തിന്റെ സാരസംഗ്രഹം.

ഇഹലോകം പരലോകമെന്നിവകളിൽകീർത്തിക്കു മൂലംസദാ
മാലോകർക്കതിനിന്ദ്യമാമൊരു പലിശയ്ക്കേററമേകും കടം
കാലേററിക്കടുകോപിയായ ധനികൻ വല്ലാതെ നോക്കാതെയി
ന്നുലോകത്തിലിരിപ്പതിന്നവനവൻതന്നേ മഹാഭാഗ്യവാൻ.

(പണധർമ്മശതകം)

എസ്സ്. പി. ആർ.

സന്ന്യാസിധർമ്മം.

നമ്മുടെ കേരളനിവാസികളായ മഹാജനങ്ങൾക്ക് "ദുരാ സ്വാർത്ഥം സന്ന്യാസിവേഷം കെട്ടി നടക്കുന്നവരും ആയ ചില മനുഷ്യപിശാചുക്കളിൽനിന്നും" നേരിട്ടുവരുന്നതായ "കഷ്ടനഷ്ടാപരാധങ്ങളെ ഉന്മൂലനം ചെയ്യുന്നതിൽ സഹായകങ്ങളായി പുറപ്പെട്ടിരിക്കുന്ന, വി. ടി. ഗോപാലമേനോൻ എന്ന മഹാശയന്റെ ൧൮-ാം ലക്കം രസികരഞ്ജിനിയിൽ "ശാസ്ത്രാനുസരണമായി സന്ന്യാസിധർമ്മത്തെ വിവരണം" ചെയ്ത ഉപന്യാസത്തെ ദൈവഗത്യാ ഞാനും വായിക്കുന്നതിനിടയായി.

ഹിന്തുക്കളായ നമ്മുടെ പൂർവ്വീക മഹാശയന്മാരാൽ വളരെ കാലം ശ്രമിച്ചു പരീക്ഷിക്കപ്പെട്ടതും അനേക യുഗസഞ്ചിതമായ കർമ്മഫലങ്ങളെ ഭസ്മീകരിക്കുന്നതിൽ അത്യുഗ്രാനലനായിരിക്കുന്ന സന്ന്യാസം എന്താണാകുന്നതെന്നും അതിനെപ്പറ്റിയുള്ള സന്ന്യാസമുള്ളവൻ എങ്ങിനെയുള്ള ധർമ്മത്തോടുകൂടിയവനായിരിക്കേണമെന്നും എങ്ങിനെയായിരിക്കരുതെന്നും ശാസ്ത്രാനുസരണം കേരളഭാഷയിൽ ഒരു വിവരണം ചെയ്യുന്നത് ഈ കാലയിൽ ഇന്നു വിധമുള്ള ഈ വക ദൌർഗ്ഗത്യ്യമായിരിക്കെ അനേക ജനങ്ങൾക്കു ഉപകാരമാകുമെന്നുള്ളതും ഇതിലേക്കായി ശ്രമിച്ച മിസ്റ്റർ ഗോപാലമേനോനവർകൾ സർവ്വജനശ്ലാഘാപാത്രമാകുമെന്നുള്ളതും തർക്കമററ സംഗതികളാകുന്നു.

എന്നാൽ മഹാമനസ്സനായ ഇദ്ദേഹത്തിന്റെ ഈ ഉപന്യാസം ഉദ്ദിഷ്ടധർമ്മത്തെ പൂർണ്ണമായി വെളിപ്പെടുത്തുന്നതിൽ കുറഞ്ഞൊന്നു വൈമുഖ്യത്തെ കാണിച്ചിട്ടുണ്ടെന്നുതന്നെയല്ല ചിലഘട്ടങ്ങളിൽ വിപരീത സരണിയെ അവലംബനം ചെയ്തിട്ടില്ലയോ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു.

ഒന്നാമതായി ഇദ്ദേഹം "ശാസ്ത്രാനുസരണം" വെളിപ്പെടുത്തുന്നത് "സന്ന്യാസിവേഷമാത്രത്തെ കെട്ടിക്കാട്ടിയതുകൊണ്ടു യഥാർത്ഥസന്ന്യാസിയാകുമോ" എന്നതുതുടങ്ങിയുള്ള അമ്പതു ചോദ്യങ്ങ

ളും ഇപ്രകാരങ്ങളായ ഗുണങ്ങൾ തികഞ്ഞിട്ടുള്ള യാതൊരുവനും യഥാൎത്ഥസന്യാസിയാകയില്ല" എന്ന് ഈ വക ചോദ്യങ്ങൾക്ക് ഉത്തരവും, "സന്യാസിവേഷം കെട്ടുന്നത് എളുപ്പവും ധൎമ്മത്തെ അനുഷ്ഠിക്കുന്നതും ഫലത്തെ പ്രാപിക്കുന്നതും പ്രയാസവും ആകുന്നു" എന്നാണ നിശ്ചയവും ആകുന്നു. ഈ ചോദ്യോത്തരനിശ്ചയങ്ങളുടെ ആശയം മുൻപറഞ്ഞ ലക്ഷണങ്ങൾ മാത്രമുള്ളവൻ സന്യാസിയാകയില്ലെന്നാണെങ്കിൽ അതു യഥാൎത്ഥവും, ആ വക ലക്ഷണം യഥാൎത്ഥസന്യാസിയിൽ പ്രകാശത്തിൽ അന്ധകാരം എന്നപോലെ ഒരിക്കലും ഇരിക്കുന്നതല്ലെന്നാണെങ്കിൽ അതു അയഥാൎത്ഥവും ആണെന്നാണ എനിക്കു തോന്നുന്നത്.

ജനകമഹാരാജാവ് ഏററവും മനസ്സിരുത്തി പ്രവൎത്തിക്കേണ്ടതായ അനേകം ഗൌരവമുള്ള ലൌകികകൎമ്മങ്ങൾക്ക് ഒരു നിധിയായും, അതേസമയത്തിൽ തന്നെ അദ്ദേഹം ഒരു നിഷ്കാമകൎമ്മിയായ യഥാൎത്ഥ സന്യാസിയായും ഇരുന്നിരുന്നു എന്ന പുരാണമൂലം അറിയപ്പെടുന്നതാണ. നാരദപ്രഭൃതികളായ അനേക മഹൎഷിമാരിൽ മാത്സൎയ്യാദികളായ അനേക ദോഷങ്ങൾ കടിയിരുന്നില്ലയോ എന്നുകൂടി ആലോചിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു മേനവൻ പറയുന്ന പിശാചുക്കളിൽ ചിലരെങ്കിലും താദൃശയായ പരവിദ്യയേയോ മററാ ആശ്രയിച്ചവരല്ലെന്നു തീൎച്ചപ്പെടുത്തുവാൻ അല്പബുദ്ധിയായ എനിക്കു ധൈൎയ്യംവരുന്നില്ല. "ചുമ്പൊനചുംബവിഷയക്ഷണതല്പരോപി ബ്രഹ്മാവലോകനനിഗ്രഹമനാഹിയോഗീ" ഇത്യാദി പ്രമാണങ്ങൾ ഇത്തരക്കാരെ വേണ്ടിടത്തോളം സഹായിക്കുന്നുമുണ്ട്. അതുകൊണ്ടു മേനവന്റെ വിശേഷണപദങ്ങൾ സാഹസശീലങ്ങളല്ലയോ എന്നുകൂടി സംശയിക്കുന്നു.

രണ്ടാമതായി മേനവൻ സന്യാസാശ്രമങ്ങളുടെ ലക്ഷണപ്രഖ്യാനത്തിന്ന ഒരുങ്ങുന്നു. സാധനചതുഷ്ടയസമ്പത്തി അഭ്യാസിയായ ഒരുവന്റെ ലക്ഷണമെന്നല്ലാതെ ആരൂഢനായ ഒരുവങ്കലും അതു കണ്ടേ മതിയാവു എന്നശഠിക്കുന്നത് അബദ്ധമാണെന്നുകൂടി വന്നേക്കാം.

മൂന്നാമതായി അദ്ദേഹം സന്യാസിയുടെ ലക്ഷണത്തെ വിവരിക്കുന്നു. "സന്യാസിക്കയെന്നാൽ സൎവ്വകൎമ്മങ്ങളേയും പരിത്യജി

കം എന്നൎത്ഥമായിരിക്കകൊണ്ട സന്ന്യസിച്ചവൻ സൎവ്വകൎമ്മങ്ങളേയും പരിത്യജിക്കേണ"മെന്നുപറയുന്നു. ഇതിന്ന ലക്ഷ്യമായി ശങ്കരാചാൎയ്യസ്വാമികളുടെ ഗീതാഭാഷ്യത്തിന്റെ മുഖവുരയിൽനിന്നു ഒരു വാക്യത്തെ എടുത്തു ഭാഷപ്പെടുത്തികാണിക്കുകയുംചെയ്യുന്നു. അനാത്മവിഷയാകാരഭേദസംബന്ധമില്ലാതെ മനസ്സ് ബ്രഹ്മാകാരപരിണാമൈകരൂപമായിരിക്കേണമെന്നല്ലാതെ കൎമ്മം ചെയ്യുന്നതിനൊരു വാക്യാൎത്ഥം നിഷേധിക്കുന്നതാണെന്നുതോന്നുന്നില്ല. എന്തെന്നാൽ ഗീതയെ വ്യാഖ്യാനിച്ച് അതിൽ പ്രതിപാദിതങ്ങളായ വിഷയങ്ങളിൽനിന്നും മനുഷ്യദൃഷ്ടികളെ ഭവിയസിയായ പരമപിതാവിലേക്ക നയിപ്പിക്കണമെന്ന് ആചാൎയ്യസ്വാമികൾ നിഷ്പ്രയാസമുണ്ടായിരുന്നു എന്ന നമുക്ക് ഊഹിക്കാൻ ഒരു മാൎഗ്ഗവും കാണുന്നില്ല. ഗീത തന്നെ അനുഷ്ഠാന കൎമ്മത്തിൽ വൈമുഖ്യം വന്നപ്പോഴും അതു ചെയ്യേതീരൂ എന്നു അദ്ദേഹത്തോടു ഭഗവാൻകൃഷ്ണൻ ഉപദേശിക്കുന്നതാകുന്നു. ഈ ഗീതയിൽ ൧൮-ാം അദ്ധ്യായം സന്ന്യാസിയായുള്ളവൻ സദാകാലവും ചെയ്യേണമെന്നും തദ്വിപരീതന്മാർ മൂഢന്മാരെന്നും ഉപദേശിക്കുന്നു. ഈ അവതാരപുരുഷൻതന്നെ മേൽപറഞ്ഞ ഉദ്ദേശത്തെ അനുകരിച്ച ജനങ്ങളിൽ കൃത്യബോധം ഉണ്ടാക്കിക്കൊടുത്തുകൊണ്ടിരുന്നിരുന്നത്.

മേനാവൻ പറയുന്നപോലെയുള്ള സന്ന്യാസിയുടെ മറ്റുലക്ഷണങ്ങളിൽ അധികവും അഭ്യാസികൾക്കല്ലാതെ ആത്മജ്ഞന്മാൎക്ക ഒരിക്കലും അപേക്ഷിതങ്ങളായവ തീരെ എന്നുള്ളവയല്ലാത്തതുകൊണ്ട് ഉപന്യാസത്തിന് "അഭ്യാസിധൎമ്മം" എന്നുപേരിട്ടിരുന്നു എങ്കിൽ പ്രസ്തുതവിഷയം ഇതിനേക്കാൾ അധികം യോജിച്ചിരിക്കുമെന്നുതോന്നുന്നു. സന്ന്യാസി കാട്ടിലേ ഇരിക്കാവൂ, ഭിക്ഷാന്നമേ ഭക്ഷിക്കാവൂ, എന്നും മറ്റുമുള്ള അഭിപ്രായങ്ങളെ "ജ്ഞാനവാസിഷ്ഠം മുഴുവനും അതിൽ വിശേഷിച്ച" ശിഖിധ്വജോപാഖ്യാനവും നിൎമ്മൂലനംചെയ്യുന്നതിൽ ഉന്മേഷത്തോടുകൂടി ഇരിക്കുന്നു.

ഋണത്രയങ്ങളെ തീൎക്കുന്നതിന്ന പുത്രസമ്പത്ത വേണമെന്നും അതില്ലെങ്കിൽ നരകപ്രാപ്തിയുണ്ടെന്നുമുള്ള അഭിപ്രായത്തെ പ്രസിദ്ധന്മാരും മഹാത്മ സന്ന്യാസികളുമായ നവയോഗികളും, സ

നകാദികൾ, നരനാരായണന്മാർ, ശുകൻ, ജാമദഗ്ന്യൻ, ശങ്കരാചാര്യർ, മുതലായ ശ്രേഷ്ഠന്മാർ തങ്ങളുടെ സന്ന്യാസകാലംകൊണ്ട് എത്രമാത്രം ഛിന്നഭിന്നമാകുന്നതാണെന്നുള്ളതു മേനവന്റെ സ്മരണയിൽ വരാത്തതെന്തുകൊണ്ടെന്നറിയുന്നില്ല. ഇവരിൽ നവീനനായ ശങ്കരാചാര്യസ്വാമികൾ ഭാരതത്തിൽ അധിവസിക്കാത്ത അത്യുത്സാഹത്തോടും പരോപകാരതല്പരതയോടും കൂടി മതസ്ഥാപനം, മഠസ്ഥാപനം മുതലായ അനേക കർമ്മങ്ങൾ ചെയ്തുവന്നിരുന്നവിവരം ഓർക്കപ്പെടാനായിട്ടുള്ളതെന്ന തോന്നുന്നില്ല. അതുകൊണ്ട വിധിനിഷേധാനുബന്ധമല്ലാത്ത ജീവന്മുക്തനോ സന്ന്യാസിയാണെന്നും അദ്ദേഹം ലോകത്തിൽ എത്രമാതിരി കാലയാപനം ചെയ്യുന്ന എന്നോ എത്രമാതിരി ചെയ്യണമെന്നോ നിയമനം ചെയ്യാൻ പാടില്ലാത്തതാണെന്നും അങ്ങിനെ ചെയ്യുന്നതായാൽ അതു പാപമാണെന്നും പറയാതെ കഴിയുന്നതല്ലോ.

ഞാനിങ്ങിനെ പറയുന്നതുകൊണ്ട സന്ന്യാസിധർമ്മത്തെ ഉല്ലംഘനം ചെയ്യുന്ന യതിവേഷധാരികൾ ഇല്ലെന്ന തെറ്റിദ്ധരിച്ചു പോകരുത. അങ്ങിനെയുള്ളവർ ഉണ്ടിന്ന കള്ളകളാണെന്ന കൂടിക്കാണിക്കാൻ നാം ഒരുങ്ങുന്നതു പക്ഷെ അനാവശ്യമായിരിക്കയില്ലയോ എന്ന സംശയിക്കുക മാത്രമേ ചെയ്യുന്നുള്ളൂ.

മേനവൻ പറയുന്നതുപോലെ ഇപ്രകാരമുള്ള വേഷക്കാരിൽ നിന്നും നാനാവിധ കഷ്ടനഷ്ടങ്ങളും ഉണ്ടാകാറുണ്ടാകാം. പക്ഷെ സന്ന്യാസികളെന്ന പേരെപ്പോലും ധരിക്കാതെ തങ്ങളുടെ വാഗ്ധോരണിയാലോ കൌശലങ്ങളാലോ ദുരുപദേശങ്ങളാലോ സ്വകർമ്മപഥത്തിൽ നിന്നും അസംഖ്യം പാവങ്ങളെ വ്യാമോഹിപ്പിച്ച് അന്ധകാരമയങ്ങളായ വനാന്തരങ്ങളിലേക്ക നയിപ്പിക്കുന്ന അനവധി ബുദ്ധിശാലികളായ മതപ്രചാരികളും മനുഷ്യർ എന്നുള്ള നാമത്തെ പരാൽ സ്വീകരിച്ചു പോരുന്നതു നമുക്ക അറിവുള്ള ഒരു സംഗതിയാണ്. അതിനാൽ സർവ്വസാധാരണമായും നിത്യാനുഭവമായും ഗണനം ചെയ്യുന്നതുകൊണ്ട മാത്രമായിരിക്കാം നാം അതിനെക്കുറിച്ചു പര്യാലോചിക്കാതെ മഠങ്ങളെ സ്ഥാപിച്ചു സമാജങ്ങളെക്കുറിച്ചു ഒരു സ്ഥിരപ്രതിപത്തി ഉണ്ടാകുവാൻ ഇട്ട

ന്മാരായിരുന്ന ആചാൎയ്യസ്വാമികളുടെ കാലം, നമ്മുടെ മേനവൻ ജീവിച്ചിരിക്കുന്നതായിരുന്നു എങ്കിൽ ഇദ്ദേഹത്തിന്റെ താമസോടു കൂടിയ വാണീവിലാസം അനൎഗ്ഗളമായി പ്രവഹിക്കാതിരിക്കയില്ലെന്നു തന്നെ പറയാം. മഠങ്ങളെ സ്ഥാപിച്ചും പ്രസംഗങ്ങൾ ചെയ്തും മതത്തെ ഒന്നുകൂടി നമ്മുടെ നാട്ടുകാരിൽ കേരളീയന്മാരുടെ ഇടയിൽ സ്ഥാപിപ്പാനുള്ള കാലം അതിക്രമിച്ചിരിക്കുന്നു. കൊണ്ടു ആ പ്രവൎത്തകന്മാരായി ആരുംകാണാതെ വരുവാൻ ഇടവരുന്നെങ്കിൽ അതിന്നു ഇനി ഭാവിയായ ഒരു കാലമല്ല നല്ലത് എന്നുകൂടി മഹാജനങ്ങളെ അറിയിച്ചുംകൊണ്ടു വിരമിച്ചു കൊള്ളുന്നു.

പി. നാരായണക്കുറുപ്പ്.

സമ്മാനലേഖനം.

(എട്ടുപ്പീക സമ്മാനം)

ഉത്തമരീതിയിൽ നടത്തിവരുന്ന ഇംഗ്ലീഷുപത്രങ്ങളോടും മാസികകളോടും താരതമ്യപ്പെടുത്തി നമ്മുടെ മലയാള പത്രങ്ങളേയും മാസികകളേയുംപററി ഉപന്യസിക്കുന്നതായാൽ അവകളുടെ ഉൽകൎഷത്തിന്റെ മാൎഗ്ഗം കണ്ടറിഞ്ഞ കാലദേശാവസ്ഥകൊണ്ടു വളരെ വ്യത്യാസപ്പെട്ടിരിക്കുന്ന നമ്മുടെ മാസികാപത്രങ്ങളുടെ അഭിവൃദ്ധിക്കായി നാം എത്രത്തോളം പ്രയത്നിച്ചിട്ടുണ്ടെന്നും, ഈ പ്രയത്നം എത്ര ഫലിച്ചിട്ടുണ്ടെന്നും, ഇനിയും എന്തെല്ലാം ചെയ്വാൻ കഴിയുമെന്നും അറിയാറാവണമെന്നുള്ള ഉദ്ദേശ്യത്തിന്മേലാണ മേൽപറഞ്ഞ വിഷയത്തെക്കുറിച്ചുള്ള ഉത്തമോപന്യാസത്തിന്നു ഞങ്ങൾ ചുരുങ്ങിയ ഒരു സമ്മാനം കൊടുപ്പാൻ നിശ്ചയിച്ചു പരസ്യം ചെയ്തിരുന്നതു.

ഈ വിഷയത്തിൽ എട്ടുപന്യാസം ഞങ്ങൾക്കു കിട്ടീട്ടുണ്ട്. ഇവയിൽ മഞ്ചേരിയിൽ നിന്നൊന്നും, തൃശ്ശിനാപ്പിള്ളിയിൽനിന്നൊന്നും, വെള്ളനാട്ടിൽനിന്നൊന്നും, തൃശ്ശിവപേരൂരുനിന്നൊന്നും

കോട്ടയത്തുനിന്നൊന്നും, എറണാകുളത്തുനിന്നൊന്നും, തൃശ്ശിവപേരൂരിൽനിന്നൊന്നുമാണു വരുത്തിച്ചേർത്തിട്ടുള്ളത്.

ഉപന്യാസബാഹുല്യംകൊണ്ടു കഴിഞ്ഞതവണ താമസിച്ച ഈ ഭാഗം വിചാരിക്കുമ്പോൾ ഇത്തവണ ഞങ്ങൾക്കു അനല്പമായ സന്തോഷത്തിന്നവകാശമുണ്ട്. ഇതിന്നു ഞങ്ങൾ മേൽപറഞ്ഞ എട്ടു ഉപന്യാസകന്മാരോടും കടപ്പെട്ടിരിക്കുന്നു. വിശേഷിച്ചു സമ്മാനത്തിന്നവകാശിയായ ചൂണ്ടയിൽ സി. രാഘവപ്പുതുവാളവർകളെ അഭിനന്ദിക്കയും ചെയ്യുന്നു.

ഇംഗ്ലീഷിലും മലയാളത്തിലുമുള്ള മാസികാപത്രങ്ങളെ താരതമ്യപ്പെടുത്തി അവയുടെ ഉദയം, വൃദ്ധി, തൽക്കാലികാവസ്ഥ, ഗുണദോഷനിരൂപണം, പ്രതിബന്ധപരിഹാരം, പ്രചാരണോപായം എന്നിവയാലോചിക്കപ്പെടുന്ന ഈ ഉപന്യാസത്തിൽ മുഖ്യമായിട്ടു വേണ്ടുന്നത്. ഇതുവഴിച്ചു എട്ടുഭാഗത്തിൽ വളരെ കവിയാതെയും ക്രമമൊപ്പിച്ചു ഒരുവിധം എല്ലാ വിഷയങ്ങളും പ്രതിപാദിച്ചും എഴുതപ്പെട്ടിട്ടുള്ള ലേഖനം തൃശ്ശിനാപ്പിള്ളിയിൽ താമസിക്കുന്ന വിദ്യാർത്ഥിയും മലബാർകാരനുമായ രാഘവപ്പുതുവാളുടേതാണെന്നു പത്രാധിപനും ഉടമസ്ഥനും പുറമെ മൂന്നാളും അന്യോന്യം ആലോചിക്കാതെയും പേരുകൾ നോക്കാതെയും പരിശോധിച്ചു തീർച്ചപ്പെടുത്തിയ അഭിപ്രായമാകുന്നു.

പ്രസിദ്ധപ്പെടുത്തുന്ന ഈ സമ്മാനലേഖനത്തിൽ ഞങ്ങൾക്കു പറവാനുള്ളത് അതാതു ഭാഗങ്ങളുടെ അവസാനത്തിൽ ചേർത്തിരിക്കുന്നു.

ര. ര. പ.

മലയാളപത്രങ്ങളും

മാസികകളും.

—:o:—

ഏകദേശം നൂറുകൊല്ലങ്ങൾക്കു മുമ്പ് അതായത് ബ്രിട്ടീഷ്കാർ രാജ്യഭരണം ചെയ്വാൻ ആരംഭിച്ചപ്പോൾ കേരളീയരായ നമ്മുടെ സ്ഥിതി എന്തായിരുന്നു? അന്നത്തെ അവസ്ഥയും ഇപ്പോഴത്തെ അവസ്ഥയുംകൂടി നോക്കുമ്പോൾ എത്രത്തോളം വ്യത്യാസ

മുണ്ടു? ഇതുവലിയ ഒരു ഭേദഗതിക്ക് എന്താണ കാരണം? ഈ ചോദ്യങ്ങളെപ്പററി ഓരോ നല്ലവണ്ണം ആലോചിക്കുന്നതായാൽ അത്യന്തം അതിശയിക്കാതിരിക്കയില്ല. എന്താദൃശങ്ങളായ ദൃഷ്ടാന്തങ്ങളിൽ നിന്നാകുന്നു മനുഷ്യരുടെ അഭിവൃദ്ധി ഗ്രഹിക്കേണ്ടത്. പണ്ട് ഒരു ചുകന്ന തലയിൽക്കെട്ടുകാരനെ കണ്ടാൽ ശിവ ശിവ! "പുതിയ നിയമക്കാരൻ" എന്നു പറഞ്ഞ എത്ര ദൂരമായാലും വല്ല കുഴിയിലോ മൂലയിലോ പോയി ഒളിച്ചിരുന്നുവത്രെ. ഇപ്പോഴാകട്ടെ മൂന്നു വയസ്സായ ഒരു കുട്ടിപോലും കൊറിഷ്ട്രിയപ്പിയെയൊ ഗ്രാകിടി സായ്പിനെയോ കണ്ടു ഭയപ്പെട്ടു എന്ന കേൾക്കാറുണ്ടോ? ജനങ്ങളുടെ ഇടയിൽ ഇതുവലിയ ഒരു പ്രകൃതഭേദം ഉണ്ടായിത്തീർന്നതിന്ന പല കാരണങ്ങളും ഉണ്ടെങ്കിലും അവയിൽ മുഖ്യമായ ഒന്ന നമ്മുടെ പരിഷ്കാരപ്പുഷ്ടിയാണെന്ന നിർവ്വിവാദമാകുന്നു. ഈവിധം ഒരു പരിഷ്കാരം നമ്മുടെ ഇടയിൽ ഉണ്ടാകുവാൻ കാരണമെന്തെന്ന് മനസ്സിരുത്തി പര്യാലോചനചെയ്താൽ പ്രധാനമായ കാരണം കാലവിശേഷം മാത്രമാണെന്നു ചിലർ പറയുമെങ്കിലും ഉചിതമായ മറെറാരു കാരണം വർത്തമാനക്കടലാസ്സുകളുടെ പ്രചാരമാണെന്ന് അറിയാവുന്നതാകുന്നു. ഇതുവലിയ ഒരു വിഷയത്തിന്ന ഹേതുഭൂതമായിത്തീർന്നിരിക്കുന്ന വർത്തമാനപത്രത്തെപ്പററി ചില അറിവു നമുക്കുണ്ടാവേണ്ടത അത്യാവശ്യമാകയാൽ അവയുടെ ഉൽപ്പത്തിയേയും ഇപ്പോഴത്തെ സ്ഥിതിയേയും മററും ആലോചിക്കേണ്ടത നമ്മുടെ ഒരു പ്രത്യേക ധർമ്മമാണല്ലോ.

ഇംഗ്ലണ്ടിൽ എലിസബത്ത് രാജ്ഞിയുടെ കാലത്തിൽ 1588-ാമത വർഷം മുതൽക്ക ഒന്നുരണ്ടു നിശ്ചയങ്ങളോ മാത്രമടങ്ങിയ ഒരുവിധം ഗവർമ്മെണ്ടു ഗെസററ * പുറപ്പെടുകയും അതുകൊണ്ടുള്ള ഉപകാരം ഇത്രത്തോളമെന്ന ജനങ്ങൾക്കു അനുഭവസിദ്ധമാകയാൽ ചില വർത്തമാനപത്രങ്ങളും മാസികകളും തങ്ങളുടെ ഇടയിൽ നടപ്പാക്കേണമെന്നുവെച്ച അവർ പ്രോത്സാഹിപ്പിക്ക

* ഇംഗ്ലണ്ടിലെ "ഗെസററ്" എന്നൊന്നു ഇറങ്ങിയതുതന്നെ, ക്രി. 1665ൽ ആണെന്ന 'ക്യാസൽ' എന്നാളുടെ ലഘുസർവ്വസംഗ്രഹത്തിലും (Cassell's Concise Cyclopaedia), 1622ൽ 'വീക്ക്ലി ന്യൂസ' (Weekly News) എന്ന പത്രം അച്ചടിച്ചുതുടങ്ങിയെന്ന ആംഗ്ലേയ ശബ്ദ കല്പദ്രുമത്തിലും (Encyclopaedia Britanica) കാണുന്നു.

ക്കും ചെയ്തു. പക്ഷേ ആൻ' രാജ്ഞി സിംഹാസനാരോഹണം ചെയ്തതിന്റെ മൂന്നാം ദിവസമായ 1702. മാർച്ച് 11-ാംനു- മുതൽ ക്കാണ ക്രമമായി ഒരു പ്രതിവാസരപത്രം "Daily courant" പുറപ്പെട്ടുതുടങ്ങിയത്. ആദ്യകാലങ്ങളിൽ ഒരു പത്രങ്ങളുടെയും മാസികകളുടെയും ഉദ്ദേശ്യം ഗവർമ്മേന്റിനെ പരിപുഷ്ടിക്കേണമെന്നും ജനങ്ങൾക്കു രാജ്യഭരണവിഷയത്തെപ്പറ്റി അറിവുകൊടുക്കേണം എന്നും മാത്രമായിരുന്നു. ഗവർമ്മേണ്ടിന്നു ഇതൊട്ടും രസിച്ചിരുന്നില്ലെന്നു മാത്രമല്ല പാർല്യമെണ്ടിന്റെയോ ഗവർമ്മേണ്ടിന്റേയോ പേരിൽ ആക്ഷേപിച്ച പത്രാധിപന്മാരെ കഠിനമായി ശിക്ഷിക്കയും ചെയ്തിരുന്നു. ഇതുകൊണ്ടൊന്നും ഈ വകക്കാർക്കു ക്ഷയമുണ്ടായില്ല. മെല്ലെത്തിന്നാൽ മുള്ളും തിന്നാം" എന്നുവിചാരിച്ചു ക്ഷമിച്ചിരുന്നു. കാലക്രമംകൊണ്ടു ജനങ്ങൾ ഗവർമ്മേണ്ടിനെപ്പറ്റി ഗുണദോഷവിവേചനം ചെയ്വാൻ വീണ്ടും ആരംഭിച്ചു. അതിന്നുള്ള പത്രങ്ങളും മാസികകളും ഒരുപോലെ ഗവർമ്മേണ്ടിനെ പരിഷ്കരിച്ചുപോന്നു. എന്നിട്ടും ക്രമേണ മാസികകൾ ഗവർമ്മേണ്ടുവിഷയം പ്രതിപാദിക്കുന്നത തന്റെ മുഖ്യധാരമെന്ന കരുതാതെ ഇംഗ്ലീഷുഭാഷയെ പരിഷ്കരിപ്പാനും പോഷിപ്പാനും അധികമായി ശ്രമിച്ചുപോന്നു. തപാൽ, കമ്പി, തീവണ്ടി മുതലായവ പുറപ്പെട്ടപ്പോൾ പത്രങ്ങൾക്കു സൌകര്യം വർദ്ധിച്ചു. 1861-ൽ കടലാസ്സിന്റെ ചുങ്കം എടുത്തുകളകയും ക്രമേണ അച്ചുകൂടങ്ങൾ വർദ്ധിക്കയും തന്നിമിത്തം അച്ചടിക്കൂലി വളരെ കുറകയും ചെയ്തപ്പോൾ വർത്തമാനപത്രങ്ങളുടെ എണ്ണം വർദ്ധിച്ചുവന്നു. ഇപ്പോൾ ഓരോ ദിക്കുകളിലായി നടപ്പുള്ള ഇംഗ്ലീഷുപത്രങ്ങൾക്കും മാസികകൾക്കും അറ്റമുണ്ടോ ? ഇംഗ്ലീഷുകാർ കുടിയേറി പ്പാർത്തദിക്കിലെല്ലാം ഇംഗ്ലീഷുപത്രങ്ങളും ധാരാളമായി നിറഞ്ഞിട്ടുണ്ട്. 1897 ഫിബ്രുവരിമാസത്തിൽ കണക്കുനോക്കിയപ്പോൾ ആകപ്പാടെ ഇംഗ്ലീഷുഭാഷയിൽ 15000 വർത്തമാനപത്രങ്ങൾ നടപ്പുണ്ടായിരുന്നു. ഇപ്പോൾ അതിലും അധികമുണ്ടായിരിക്കുമല്ലോ.

ഇംഗ്ലീഷുകാർ ഇന്ത്യയെ കീഴടക്കിയപ്പോൾ നമുക്ക് അവരോടുള്ള സംസർഗ്ഗം വർദ്ധിക്കയും ആനുകൂല്യം അവരുടെ പല പരി

കാരങ്ങളും നന്മ സാധിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ ഇടയിൽ നടപ്പായിരുന്ന പലേ സമ്പ്രദായങ്ങളും നമ്മുടെ ഇടയിൽ നടപ്പാക്കുവാൻ പലരും ആഗ്രഹമുള്ളവരായിരുന്നു. അവർ കാണിച്ചപോലെ കാണിപ്പാനും അവർ നടന്നപോലെ നടപ്പാനും പലരും ശ്രമിച്ചുവന്നു. എന്തിനു വളരെപ്പറയുന്നു? ഒരു ഇംഗ്ലീഷുപത്രങ്ങളും മാസികകളും കണ്ടിട്ടു ബോധിച്ചെന്നു തോന്നുകയാൽ ക്രമേണ സ്വദേശാഭിമാനികളായ പലരും ഇന്ത്യയിൽ തങ്ങളുടെ ഭാഷയിലും വർത്തമാനപത്രങ്ങൾ നടത്തുവാൻ തുടങ്ങി. പക്ഷേ മലയാളത്തിൽ ഈ സമ്പ്രദായം കടന്നുപിടിച്ചിട്ട് ഇപ്പോൾ 30. കൊല്ലത്തിൽ അധികമായിട്ടില്ല. മലയാളത്തിൽ വർത്തമാനക്കടലാസ്സുകൾ ഉണ്ടെന്ന് ജനങ്ങൾക്ക് മനസ്സിലാക്കിയത് തന്നെ കേരളപത്രികയാണെന്നുകൂടിപ്പറയാവുന്നതാകുന്നു. അപരിഷ്കൃതന്മാരായ കാരണവന്മാർ ഇപ്പോഴും എല്ലാ വർത്തമാനക്കടലാസ്സുകളേയും കേരളപത്രിക എന്നു വിളിച്ചുവരുന്നുണ്ടല്ലോ. എന്തായാലും ഒരു 30. കൊല്ലത്തിനിടയിൽ അനവധി പത്രങ്ങളും മാസികകളും പുറപ്പെടുകയും അനവധി അല്പായുസ്സായി അവസാനിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ മലയാളഭാഷയിൽ മാസികകളും പത്രങ്ങളുമായി അൻപതിൽ അധികം ഉണ്ടെന്നു തോന്നുന്നില്ല.

മലയാളപത്രങ്ങളിൽ മിക്കതിലും മുഖ്യമായി ഗവൎമ്മേണ്ടിനെപ്പററിയും സ്വദേശവർത്തമാനങ്ങളെപ്പററിയും ഉള്ളതും ചില പരദേശവർത്തമാനങ്ങളെപ്പററിയുമാണു പ്രതിപാദിക്കാറുള്ളതു. മാസികകളിലാകട്ടെ ഗവൎമ്മേണ്ടിനെപ്പററി ഒന്നുംതന്നെ ഇല്ല. അവയുടെ പ്രവൃത്തി ഭാഷയെ പോഷിപ്പിക്കയും ജനങ്ങളെ പരിഷ്കരിക്കുകമാണ്. എല്ലാംകൊണ്ടും ഇംഗ്ലീഷുകടലാസ്സുകളെ മാതൃകകളാക്കിത്തന്നെയാണു മലയാളക്കടലാസ്സുകൾ പുറപ്പെടുന്നതെന്നു അവ വായിച്ചാൽ നല്ലവണ്ണം വെളിവാകുന്നുണ്ട്.

* "സത്യനാദകാഹള"ത്തിന്റെ ഇടയായ "സത്യനാദ"ത്തിനു 27-ഉം "ഭക്തമിത്ര"ത്തിനു 23-ഉം "കേരളപത്രിക" 20 മാത്രവും കൊല്ലത്തെ പഴക്കമുള്ളതായി കാണുന്നു.

‡ 16 വർത്തമാനപത്രങ്ങളും 14 മാസികകളും കൂടി ആകെ 30 മാത്രമേ ഉള്ളു.

ഈവിധം നമ്മുടെ പത്രങ്ങളുടേയും മാസികകളുടേയും† ഉല്പത്തിയും അവക്ക് കാലാനുസരണമായി സംഭവിച്ച അഭിവൃദ്ധിയും പറഞ്ഞുകഴിഞ്ഞതിന്റെശേഷം ഇനി നാം വായിച്ചുവരുന്നതും ഇപ്പോൾ നടപ്പുള്ളതുമായ ഇംഗ്ലീഷ്മലയാളപത്രങ്ങളുടെ സ്ഥിതിയെപ്പററി ആലോചിക്കുന്നത് അനാവശ്യമായിരിക്കയില്ലല്ലൊ. ഭാഗ്യവശാൽ മുന്നൂറു കൊല്ലങ്ങൾക്ക് മുമ്പുമുതലായി വളരെ അഭിവൃദ്ധിയോടുകൂടി വരുന്ന ഇംഗ്ലീഷ്പത്രങ്ങളെ ഒരു മുപ്പതു കൊല്ലമായുണ്ടായ മലയാളപത്രങ്ങളോട താരതമ്യപ്പെടുത്തുന്നത് തീരെ അനുചിതവും അസാദ്ധ്യവുമാകുന്നെന്നും പലരും അഭിപ്രായപ്പെടാതിരിക്കയില്ല. സെൻചുറി, മദ്രാശിമെയിൽ, മുതലായ ഇംഗ്ലീഷ പത്രങ്ങളുടേയും മാസികകളുടേയും സ്ഥിതി എവിടെക്കിടക്കുന്നു? മനോരമ, കേരളമിത്രം, പോഷിണി മുതലായ മലയാളപത്രങ്ങളുടെ സ്ഥിതി എവിടെക്കിടക്കുന്നു? അവാസ്തവികങ്ങളായ വിഷയങ്ങളെ പ്രതിപാദിക്കുന്നതിന്നു ഇംഗ്ലീഷ്പത്രങ്ങൾ പ്രത്യേകമായി ശ്രദ്ധവെച്ചുവരുന്നുണ്ട്. പ്രകൃതിശാസ്ത്രം, സാമുദായപരിഷ്കാരം, മതവിശ്വാസം, ഗവർമ്മെണ്ടുവിഷയം മുതലായവയെ പ്രതിപാദിപ്പാൻ ഇംഗ്ലീഷിൽ വെവ്വേറെ പത്രങ്ങളും മാസികകളും ഉള്ളതുകൊണ്ട അതാതിന്റെ പ്രവൃത്തി അതാതുപത്രം ശരിയായി ചെയ്യുകയും തന്നിമിത്തം സർവവിഷയത്തിലും ഒരുപോലെ അഭിവൃദ്ധി ഉണ്ടാവുകയും ചെയ്യുന്നു. വളരെ യോഗ്യന്മാരായിട്ടുള്ളവരെയാണ് ഇംഗ്ലീഷ്പത്രങ്ങളിൽ ലേഖകന്മാരായി നിശ്ചയിക്കാറുള്ളത്. അതുകൊണ്ട് ഒരു ഉന്നതപദവി ഇംഗ്ലീഷ്പത്രങ്ങൾക്ക് സിദ്ധിച്ചിട്ടുണ്ടെന്നതിന്ന് സംശയമില്ല.

എന്നാൽ ഒരാൾ സൂക്ഷ്മദൃഷ്ട്യാ നോക്കുമ്പോൾ പല ഇംഗ്ലീഷ്പത്രങ്ങളിലും ഓരോ ദൂഷ്യങ്ങൾ കാണുമായിരിക്കാം. എങ്കിലും രണ്ടുംകൂടി തട്ടിച്ചുനോക്കുമ്പോൾ ഇംഗ്ലീഷ്പത്രങ്ങൾ വളരെ അധികം യോഗ്യതയുള്ളവയെന്നുമാത്രമേ പറയുന്നുള്ളൂ. ഇംഗ്ലീഷ് ഭാഷാജ്ഞാനമാകയാലും ജനങ്ങൾക്ക് രാജഭക്തി വർദ്ധിക്കുന്നത സാധാരണയാകയാലും പുതിയ പരിഷ്കാരികൾ ഇംഗ്ലീഷ്പത്രങ്ങളെ ബ

† മാസികകളുടെ കാര്യത്തിൽ ചരിത്രാഭിപ്രായമായി കുറച്ചുകൂടി പറയേണ്ടതുണ്ട്,

ഹുമാനിക്കാറുണ്ടെന്നതിനെ അനുസരിച്ചോ അടിസ്ഥാനമാക്കിയോ ഞാൻ പറയുന്നില്ല. ഭാഷാനൈപുണ്യം ഇതിൽ നോക്കേണ്ട ആവശ്യമുണ്ടോ ?

മലയാളത്തിൽ പല പത്രങ്ങളും മാസികകളും നടക്കുന്നുണ്ടല്ലോ. ഇവയിൽ ഒന്നിന്റെയും ഉദ്ദേശ്യം യഥാർത്ഥമായി നോക്കുമ്പോൾ വായിക്കുന്നവരെ രസിപ്പിക്കേണമെന്നോ ഗുണദോഷങ്ങളെ വ്യാജോക്തി കൊള്ളിയൊഴിച്ച് രസിപ്പിക്കേണമെന്നോ ആയിരിക്കയില്ലെന്ന നിസ്സംശയം പറയാവുന്നതാകുന്നു. എന്നാൽ ഇപ്പോൾ കണ്ടുവരുന്ന ചില പത്രങ്ങളുടെയും അവയെ വരുത്തി വായിക്കുന്നവരുടെയും ഏർപ്പാടിനെ ആലോചിച്ചാൽ ആരും പരിതപിക്കാതിരിക്കുമോ ? “ജനങ്ങൾക്കുപകാരം” എന്നിരിക്കെ പത്രപാരന്മാരെ എല്ലാവരെയും ഒരുപോലെ രസിപ്പിക്കേണമെന്ന് ഞാൻ വിവക്ഷിക്കുന്നില്ല. അപ്രകാരം വിവക്ഷിച്ചാൽത്തന്നെ അത് ന്യായമാവുകയുമില്ല. പക്ഷേ അധികപക്ഷം വായനക്കാരെയെങ്കിലും രസിപ്പിക്കേണ്ടയോ എന്ന ഞാൻ ശങ്കിക്കുന്നു. അനാവധി ജനങ്ങൾ പത്രം വരുത്തി പലസാധനം പൊതിയുവാൻ ഉപയോഗിക്കുന്നു. അനാവധി ജനങ്ങൾ പത്രാധിപന്മാരുടെയോ മാനേജരുടെയോ സേവക്ക് പത്രം വരുത്തി തങ്ങളുടെ കുട്ടികൾക്ക് പുസ്തകം പൊതിയുവാൻ കൊടുക്കുന്നു. അനാവധിപേർ അഭിമാനത്തിന്നു വേണ്ടി വർത്തമാനപത്രങ്ങൾ വരുത്തുകയും വായിക്കാതെ വൃഥാ കെട്ടിവെക്കുകയും ചെയ്യുന്നു. ഇതിനെല്ലാം കാരണമെന്തായിരിക്കും. ആദ്യം ഒന്നുരണ്ടു പത്രങ്ങൾ വായിച്ചുനോക്കുമ്പോൾ സ്വീകാരയോഗ്യമോ ഗ്രാഹ്യമോ ആയി യാതൊരു വിഷയവും ഇല്ലെന്നു കണ്ടാൽ പിന്നെ ആ പത്രം വരുമ്പോൾ ആരെങ്കിലും തിരിഞ്ഞു നോക്കുമോ ? ചില പത്രാധിപന്മാർ വല്ല കല്ലുവെച്ച വിഡ്ഢിത്തവും എഴുതി കലാസ്സിലെ സ്ഥലം ഒരുവിധം കഴിക്കും. ചിലർ നാട്ടുകാരെയും ഗവർമ്മെണ്ടിനെയും വൃഥാ ദുഷിച്ച് മാനനഷ്ടക്കേസ്സിലും വികടങ്ങളിലും ചാടിവീഴും. ചിലർ ഉദ്യോഗസ്ഥന്മാരുടെയും മഹാന്മാരുടെയും സേവക്ക് മുഖസ്തുതിവെച്ച് വിലക്കി പത്രസ്ഥലം മുടക്കും. ചിലർ ആറുപ്പാതെ നാലു ഭാഗമുള്ള പത്രത്തിൽ മൂന്നുഭാഗ

പ്യം പരസ്യവും വഷളായ ചിത്രവുമായിരിക്കും. ഇവയുടെ ഇടയിൽ നാമയുടെ വല്പതെ കഷ്ടംപെട്ടാൽ പത്രപാഠകന്മാരുടേയും ലോകത്തിന്റേയും. സ്വന്തം. രൂംപിയതാപാകന്നുള്ളവിഷങ്ങളിൽ നാപ്പുള്ള മികച്ച ഹിയൂപത്രങ്ങളുടേയും സ്ഥിതി. മാസികകളുടെ സ്ഥിതി ഏറെക്കുറെ ഇതുപോലെതന്നെയാണ്. എങ്കിലും രാജസേവയും മുഖസ്തുതിയും കുറയുമെന്ന് ചുരുങ്ങിയ ഒരാശ്വാസമുണ്ട്. വള്ള കവിതാപ്രാന്തികളും,

ഉത്തമിപ്പാതരിപ്പുമാന്തേന്ദ്രരൂപം പ്രകാശാളയസമാഃ
മഞ്ചാഞ്ചമായ തേരകച്ചവമനെത്തുന്നിവെട്ടിച്ചപ്പറി"

എന്നപോലെ വല്ല മുറിശ്ലോകമുണ്ടാകിൽ അയച്ചാൽ അവക്ക് നിശ്ചയമായും ഇപ്പോഴത്തെ മാസികകളിൽ ഒരു വ്യവസായമായി വരിക്കുന്നതാകുന്നു.

മലയാളപത്രങ്ങൾ ഇങ്ങനെ പോലെ നടത്തുന്നതായാൽ വളരെ നഷ്ടമാണ്. പത്രങ്ങൾ കൊണ്ടുള്ള ഉപകാരങ്ങളിൽ ഒന്ന് രാഷ്ട്രകാര്യങ്ങൾ സർക്കാർ ഗവൺമെന്റിനെ അറിയിച്ച് അവയെ പരിഹരിക്കുന്നതാണല്ലോ. ഇതിനുള്ള സ്വാതന്ത്ര്യം ഇംഗ്ലീഷുപത്രങ്ങൾക്കും മലയാളപത്രങ്ങൾക്കും ഒരുപോലെയാണെങ്കിലും സായ്പന്മാരുടെ അടുക്കലേക്ക് യഥേഷ്ടം സങ്കടങ്ങൾ കൊണ്ടുചെല്ലുവാനും മറ്റും തടസ്സമില്ലാതെ ഇറങ്ങി ചെല്ലുവാനും നല്ലത് ഇംഗ്ലീഷുപത്രങ്ങളാണല്ലോ. ഇതിനെ മലയാളപത്രങ്ങൾക്കു ഒരു ന്യൂനതയുണ്ടെന്ന് ചിലർ സന്ദേഹികമായി വാദിക്കമെങ്കിലും മലയാളപത്രങ്ങളുടെയും കൂടി ഒരു സംഗ്രഹം തർജ്ജമക്കാർ മുഖേന ഗവൺമെണ്ടുകാർ ഗ്രഹിക്കാറുണ്ടെന്ന് നമുക്കു സമാധാനിപ്പാനും വഴിയില്ലേ ?

ഇതിന്റെ പുറമെ വർത്തമാനക്കടലാസ്സുകൾ വഴിയായി നാനാദിഗന്തങ്ങളിലുള്ള നാനാജനങ്ങളുടെ അഭിപ്രായഭേദവും സ്ഥിതിയും അറിയുവാനും നാനാമതക്കാർ തമ്മിൽ ഗൌരവമുള്ള വിഷയങ്ങളെപ്പറ്റി വാദപ്രതിവാദം ചെയ്ത് സംശയനിവാരണം ചെയ്യുവാനും നാനാരാജ്യക്കാരുടെ ആലോചനകളും പ്രകൃതികളും ഗ്രഹിപ്പാനും നമുക്ക് കഴിയുന്നു. ഇപ്പോഴത്തെക്കാലത്തിൽ

പത്രരംഗത്തിലാണ എല്ലാവൎക്കും ഒത്തൊരുമിച്ച് ആലോചനം ചെയ്വാൻ സുലഭമായി സാധിക്കുക. ഈ ഉദ്ദേശം അധികം ഇംഗ്ലീഷു പത്രങ്ങൾക്കല്ലയൊ സാധിക്കുന്നത്? ഇന്ത്യയിൽ എന്നല്ല ലോകത്തിൽ മിക്കപ്രദേശങ്ങളിലും പരന്നു പിടിച്ചിരിക്കുന്ന ഇംഗ്ലീഷുഭാഷയിൽ പ്രസിദ്ധപ്പെടുത്തിയ പത്രങ്ങൾ നാനാമനുഷ്യവംശക്കാരായവരുടേയും ഇടയിൽ സഞ്ചരിപ്പാനും തങ്ങളിൽ പ്രതിപക്ഷത തോന്നിപ്പാനും കഴിയുമല്ലൊ. എന്നാൽ മലയാളത്തിൽ മാത്രം സഞ്ചരിച്ച് തദ്ദേശവാസികളെ ഏകയോഗക്ഷേമകാംക്ഷികളാക്കേണ്ടതിന് മാത്രമാകുന്നു മലയാള പത്രങ്ങളെ നിശ്ചയിച്ചിട്ടുള്ളത്. അതുകൊണ്ട് ഇംഗ്ലീഷുപത്രങ്ങൾ അവയുടെ പ്രവൃത്തി ചെയ്യുന്നപോലെ നമ്മുടെ പത്രങ്ങൾ അവയുടെ പ്രവൃത്തി ചെയ്താൽ മതിയായിരുന്നു. പിന്നെ അവക്ക ന്യൂനതയുണ്ടെന്ന് പറഞ്ഞുകൂടാ.

മലയാള പത്രങ്ങൾ ഇംഗ്ലീഷുപോലെ നടത്തിയാൽ മലയാളത്തിൽ മലയാളപത്രങ്ങൾക്ക മാന്യസ്ഥാനം കൊടുക്കേണ്ടി വരില്ലയോ എന്നുകൂടി ഞാൻ ശങ്കിക്കുന്നു. നാട്ടുവൎത്തമാനങ്ങൾ അറിയിക്കേണ്ടുന്ന സാമൎത്ഥ്യം രണ്ടിന്നും ഒരു പോലെയാണല്ലോ. ഇംഗ്ലീഷറിയാത്ത നമ്മുടെനാട്ടുകാരെക്കൂടി മലയാള പത്രങ്ങൾക്ക വൎത്തമാനങ്ങൾ ധരിപ്പിപ്പാൻ കഴികയില്ലെ?

ഇവിടങ്ങളിൽകാണുന്ന മാസികകളിൽ ഗവൎമ്മെണ്ട് വിഷയങ്ങൾ ഒന്നും പ്രതിപാദിക്കാറില്ലെന്നു ഞാൻ പറഞ്ഞുവല്ലോ. അതുകൊണ്ട് ഇവയെക്കൊണ്ടുള്ള ഉപയോഗം ജനങ്ങൾക്ക് ഗവൎമ്മെണ്ടിനെപ്പററി വല്ലതും അറിവു കൊടുക്കേണമെന്നല്ലെന്നും ഭാഷയെ പരിഷ്കരിച്ചും പോഷിപ്പിച്ചും ഒരു ഉന്നതപദവിയിൽ വരുത്തേണമെന്നുമാത്രമേ അവ വിചാരിക്കുന്നുള്ളൂ എന്നും വെളിവാകുന്നു. ഗവൎമ്മെണ്ടിനെപ്പററി പഠിപ്പിപ്പാൻ പത്രങ്ങൾ ശ്രമിക്കെ മാസികകൾ അവയുടെപ്രവൃത്തി ശരിയായി ചെയ്താൽ പോരെന്നില്ല. ഇംഗ്ലീഷിലുള്ളതുപോലെ മതവിഷയമായും മററും പ്രതിപാദിപ്പാൻ വെവ്വേറെ മാസികകൾ മലയാളത്തിൽ ഇല്ലാത്തത ഒരു ചെറിയന്യൂനതയെന്ന് പറവാൻ വഴിയുണ്ട. ഇയ്യിടെ ഒരു വൈദ്യമാസിക പുറപ്പെടുത്തിത്തുടങ്ങിയത വളരെ നന്നായിട്ടുണ്ട്. *

* “[illegible] ചിന്താമണി” എന്നുള്ളമാസിക ഏററവും നല്ലത,

മലയാളത്തിൽ ഇംഗ്ലീഷിലുള്ളതുപോലെ നോവൽ മുതലായ ഗദ്യപുസ്തകങ്ങൾ ധാരാളമില്ലാത്തതുകൊണ്ട് ഭാഷക്കുള്ള ന്യൂനത ഇതാണെന്ന് അറികയാൽ ചില മാസികകളിൽ ചില നോവലുകളും മററു സരസ ഗദ്യങ്ങളും പ്രസിദ്ധപ്പെടുത്തിവരുന്നതു അത്യന്തം ഉചിതവുമാകുന്നു. ഇംഗ്ലീഷുഭാഷയിൽ തന്നെ നോവൽ എന്നൊരുവിധം ഗദ്യങ്ങൾ പുറപ്പെടുവാൻ ഇംഗ്ലീഷുമാസികകളാകുന്നു കാരണമായതു്, എന്നു ചരിത്രത്തിൽ പറയുന്നുണ്ടു. വർത്തമാനപത്രങ്ങളിലും മാസികകളിലും ചില പുതിയ രീതിയായ സംഭാഷണങ്ങളും കഥകളും ആദ്യം പ്രസിദ്ധപ്പെടുത്തി വരികയും അവയെ വായിച്ച ജനങ്ങൾക്കു രസം തോന്നുകയാൽ സ്കോട്ട് മുതലായവർ നോവൽ എന്നൊരുവിധം പുതിയ പുസ്തകങ്ങൾ എഴുതി തുടങ്ങുകയും ചെയ്തു. ഈവിധം തന്നെയാണ എല്ലാ ഭാഷകളിലും സാധാരണ നോവലിന്റെ ഉല്പത്തി എന്നു പറയാം. എന്നാൽ മുഖ്യം ചില ഭാഷകളിൽ നോവലുണ്ടാവുന്നതു് മററു ഭാഷകളിൽ നിന്നു് തർജ്ജമപ്പെടുത്തീട്ടും ആയേക്കാം. മലയാളത്തിലും നമ്മുടെ മാസികകളുടെ ശ്രമത്താൽ ഇംഗ്ലീഷിലെന്നപോലെ കാലക്രമേണ നോവൽ മുതലായ പലവിധ ഗദ്യപുസ്തകങ്ങൾ വർദ്ധിച്ചുവരുവാൻ ദൈവം കടാക്ഷിക്കട്ടെ.

അവസാനം ആലോചിപ്പാനുള്ളതു് ഏതുവിധമായാൽ നമ്മുടെ പത്രങ്ങൾക്കും മാസികകൾക്കും അഭിവൃദ്ധിയുണ്ടാവുമെന്നാകുന്നു. ഇംഗ്ലീഷുപത്രങ്ങളുടെ ആദ്യകാലമായ പതിനെട്ടാം നൂററാണ്ടിൽ ഇംഗ്ലീഷുകാരുടെ സ്ഥിതി എന്തായിരുന്നു? അവരുടെ ഇടയിൽ അന്നുണ്ടായിരുന്ന ദുർനടപ്പുകളും——ഇപ്പോഴും അവർ കാററതിന്ന് ആശാന്മാരായി എന്നു ഞാൻ പറയുന്നില്ല. അന്നത്തെ കാപ്പി ഷാപ്പ് എന്നേടുള്ള——സഭാ ക്ലബ്ബിലും നാടകപ്പുരയിലും ആയി കാലം കഴിച്ചിരുന്ന സാമാന്യന്മാരുടെ ദുർവൃത്തിയും വിചാരിച്ചാൽ ബഹു ലജ്ജാവഹം തന്നെ. ലൌകികവിഷയങ്ങളിൽ ഭ്രമിച്ചുമുങ്ങിയവരും പരിഹാസം, പുഛം, ആത്മപ്രശംസ മുതലായ

ലോകാനിവഹങ്ങളുടെ അവതാരമൂർത്തികളുംഷിരോമണികളും ദീപാളികളിക്കുന്നതിൽ അസാമാന്യനൈപുണ്യമുള്ളവരായിരുന്നവരെന്നതുമിക്ക സാഹിത്യന്മാരും ഇതിനോ അവർക്കുണ്ടായിരുന്ന ഉദ്ദേശങ്ങളും ഗ്രന്ഥപ്പകർപ്പുകളും അല്പംപോലുമറിയാത്ത വർത്തമാനകാലപ്രസ്സുകളാണെന്ന് ആലോചിച്ചാൽ അറിയാവുന്നതാകുന്നു. ഷേക്സ്പിയരുടെ കൃതികളും പഠിഹാസചരിത്രപുസ്തകങ്ങളായ ഉപന്യാസങ്ങൾ കണ്ടാൽ ആരുതന്നെയാണ് മനസ്സിളകാത്തത്? വിശേഷിച്ച് അഡിസൻ, സ്റ്റീൽ, സ്വിഫ്റ്റ്, ജോൺസൺ, ഗോൾഡ്സ്മിത്ത്, താക്കറെ മുതലായ അനേകലേഖകശിരോമണികളുടെ ബുദ്ധിയിൻെറ മുന ശുഭ്രം ശിലപ്രായന്മാരുടെ ഹൃദയത്തിൽകൂടി തറക്കാതിരുന്നിട്ടില്ല. പരമരസികന്മാരായ അന്നത്തെ ഇംഗ്ലീഷ്ലേഖകന്മാർ മനുഷ്യരുടെയല്ല മൃഗങ്ങളുടേയുംകൂടി പ്രകൃതി നന്നാക്കുവാൻ കഴിയുമായിരുന്നു. ഇവരെപ്പോലെയുള്ള ചില വിശേഷബുദ്ധികൾ അതിൽപിന്നെയും ഉണ്ടായിട്ടുണ്ട്. ഇപ്പോഴും ഇല്ലെന്നില്ല. ലേഖകന്മാരുടെ പ്രാപ്തിയിലാകുന്നു ജനങ്ങളുടെ അഭിവൃദ്ധിയും കാണുന്നത്. നമ്മുടെ മലയാളമാസികകളിലാകട്ടെ പത്രങ്ങളിലാകട്ടെ എഴുതുന്ന അനവധി ലേഖകന്മാരുടെ യോഗ്യത ഞാൻ പറയാതെ അവരുടെ ലേഖനങ്ങളിൽനിന്നുതന്നെ ഗ്രഹിപ്പാൻ കഴിയുന്നതാണല്ലോ. "ചരക്കിന്നു വില കയറിയിരിക്കുന്നു. കാലം ചീത്തയാണ്. മഴ പെയ്യാറില്ല. പഞ്ചസാര മധുരിക്കും" എന്നും മറ്റും എഴുതി നിറച്ച ലേഖനങ്ങൾ വായിച്ചാൽ ആർക്കാണ് തലവേദനയുണ്ടാകാത്തതു? അതുകൊണ്ട ലേഖകന്മാർ വളരെ യോഗ്യന്മാരായിരിക്കയും അവരുടെ ലേഖനത്തിൻെറ യോഗ്യതയെ അറിയത്തക്ക യോഗ്യതയുള്ളവർ പത്രാധിപന്മാരായിരിക്കയും, ചെയ്താൽ നമ്മുടെ പത്രങ്ങൾക്കും മാസികകൾക്കും, ഇംഗ്ലീഷുപത്രങ്ങളോടും മാസികകളോടും ഏകദേശ സാമ്യം ലഭിക്കയും, പത്രവായനക്കാരെയെന്നല്ല. നാട്ടുകാരെ എല്ലാം പരിഷ്കരിച്ച് സദ്വൃത്തന്മാരാക്കുകയും, മലയാളഭാഷക്ക് ഒരു നല്ല പദവി ലഭിക്കയുംചെയ്യുമെന്നതിന് രണ്ടുപക്ഷമില്ല.

ചുങ്കയിൽ സി. രാഘവപ്പൊതുവാൾ.

പത്രീന്ദ്രനപ്പരമമാരകഘോര കൊക്കുകൊണ്ടു
കൊത്തിത്തുലച്ച നവചാരുശരീരമെന്നായ്
മെത്താന്ത്രഹന്ത ചലമായ വരങ്ങളുള്ള
മസ്ത്രാന്ത്രിപൂണ്ടു മരുവീടുകയാണനൂനം ॥ (ഗദ്യ)

വൃദ്ധ— (കണ്ണീരോടുകൂടി) ഗരുഡന്റെ മുഖത്തിങ്കൽ പതിതനായിട്ടും അക്ഷതശരീരനായിട്ടുതന്നെ തന്റെ പുത്രന്റെ മുഖം കാണ്മാൻ സംഗതിവന്ന ആ അമ്മ ഭാഗ്യവതിതന്നെ.

ശംഖ— അമ്മേ! കുമാരൻ സ്വസ്ഥനായിരിന്നാൽ ഇത് വാസ്തവം തന്നെ.

ജീമൂതവാ— (വേദനനടിച്ചുകൊണ്ട്) ഹാഹാ! പരാർത്ഥസമ്പാദനത്തിനുള്ള അമൃത്യുനുഭൃത്യംകൊണ്ടു ഇത്രനേരവും അറിയാതെകഴിഞ്ഞു. ഇപ്പോൾ ഇതാ മർമ്മഭേദികളായ വേദനകൾ എന്നെ ഉപദ്രവിപ്പാൻ തുടങ്ങിയിരിക്കുന്നു. (മരണാവസ്ഥനാകുന്നു)

ജീമൂതകേ— (സംഭ്രമത്തോടുകൂടി) ഉണ്ണി! മകനേ! നീയെന്താണിങ്ങിനെ ചെയ്യുന്നത്?

വൃദ്ധ— അയ്യോ! എന്താണാവോ ഇങ്ങിനെ പറയുന്നത്. (മാറത്തടിച്ചുകൊണ്ട്) രക്ഷിക്കണേ! രക്ഷിക്കണേ! ഇതാ എന്റെ പുത്രൻ അത്യാപത്തിൽ അകപ്പെടുന്നു.

മലയ— ആര്യപുത്ര! എന്നോടുകൂടാതെ പോകുന്നത് അങ്ങേക്ക് യുക്തമല്ല.

ജീമൂ— (കൈകൂപ്പുവാൻ ഭാവിച്ചുകൊണ്ട്) ശംഖചൂഡ! എന്റെ കൈകൾ ഒന്ന് യോജിപ്പിക്കു!

ശംഖ— (അപ്രകാരം ചെയ്തുകൊണ്ട്) കഷ്ടം! ലോകം അനാഥമായി.

ജീമൂ— (കണ്ണുകളൊന്നുമിഴിച്ച് മാതാപിതാക്കന്മാരെ നോക്കിക്കൊണ്ട്) അച്ഛ! അമ്മേ! ഇത് എന്റെ അന്ത്യമായ നമസ്കാരമാണ്. എന്തെന്നാൽ.

ചൈതന്യം ഗതമായൊരീയവയവം ചെറുതും ചലിക്കുന്നതി
ല്ലുച്ചൈഃകേൾക്കുവതില്ലഹോ ചെവികളാലെ സുവ്യക്തമാകുംവിധം

അനന്തരം

സാമത്താസഹസാമയത്തിമിഴിയും ഹാ താത! കഷ്ടം മരോ
രാതങ്കം കലശമെന്നാമനാഭയൊരി പ്രാണനാഥൻ പോകുന്നിതാ ॥

അപ്പോൾ ഇങ്ങിനെ പ്രലപിക്കുന്നത് എന്തിനാണ്?
(സപരിഹാസമേ പിടഞ്ഞിരിക്കുന്നവരെ ചൊല്ലുന്നതിന്" എന്നുള്ള ശ്ലോകം ചൊല്ലിവീഴുന്നു)

വൃദ്ധ— അയ്യോ! മകനേ! അയ്യോ കുഞ്ഞേ! ഗുരുജനവത്സലനായുള്ള വത്സാ! നീ എവിടെ പോയിരിക്കുന്നു. എന്നോട് ഉത്തരം പറഞ്ഞാലും! ഹാ നാഗനാഥാ! ഹാ ജീമൂതവാഹന! ഇനി നിന്നെ എങ്ങിനെ കാണ്മാൻ കഴിയും.

ജീമൂ— ഹാ പുത്ര! ജീമൂതവാഹന! ഹാ നിഖിലജനവത്സല! ഹാ സർവ്വഗുണനിധേ! നീ എവിടെ ഇരിക്കുന്നു? എനിക്ക് ഉത്തരം മാനം ചൊല്ലാവൂ (കൈ പൊക്കീട്ട്) കഷ്ടം! കഷ്ടം!

ധൈര്യത്തിനിടമില്ലുകൊണ്ടുപോയ് ദൈന്യമാർന്ന കരുണാത്മമാ
യാരൊരുത്തൻ ക്ഷമയ്ക്കവലമ്പമിനിനി, ജ്ഞാനോപദേശിയായ് ।
നേരായ്തോന്നുകില്ല, സാധുക്കൾ പിന്നാരെ സേവിപ്പതും
പ്പാരം ശൂന്യമതായിഹാ! തനയ! നീ ലോകാന്തരം പോകവേ ॥

മലയ— ഹാ ആര്യപുത്ര! അങ്ങ് എന്നെ ഉപേക്ഷിച്ചുപോയിരിക്കുന്നുവോ? നിർഘൃണഹൃദയനും നിഷ്കരുണഹൃദയമായ മലയവതി! നീ പ്രാണനാഥനോടു കൂടാതെ ഇന്നും ജീവിച്ചിരിക്കുന്നുവല്ലോ.

ശംഖ— ഹാ! നിഷ്കാരണപരോപകാരവ്യഗ്ര! അങ്ങ് പ്രാണനേക്കാളും അധികം വിശ്വസിച്ചിരുന്ന ഇവരെക്കൂടി ഉപേക്ഷിച്ചു പോകുന്നുവോ? എന്നാൽ ശംഖചൂഡൻ നിശ്ചയമായിട്ടും അങ്ങയെ അനുഗമിക്കുന്നതാണ്.

ഗരു— കഷ്ടം! മഹാത്മാവായ ഇദ്ദേഹത്തിന്റെ കാര്യം കഴിഞ്ഞു പോയല്ലോ. ഇനി ഞാനിപ്പോൾ എന്ത് ചെയ്യേണ്ടു.

വൃദ്ധ— കണ്ണീരോടുകൂടി ഉയർന്ന ആകാശത്തു നോക്കീട്ട്) ഭഗവാന്മാരായ ലോകപാലന്മാരേ! അമൃതവർഷം ചെയ്തിട്ടെങ്കിലും എന്റെ പുത്രനെ ജീവിപ്പിക്കണേ!

ഗരു— (സന്തോഷത്തോടുകൂടി വിചാരം) ഹൊ! അതിന്റെ കഥയാൽ നല്ല ഓൎമ്മയുണ്ടായി. ഇപ്പോഴാം ഞാൻ എന്റെ ദുൎയ്യശസ്സു തീരെ നശിച്ചതായി വിചാരിക്കുന്നു. വേഗത്തിൽ ചെന്ന് ദേവേന്ദ്രനോട് അപേക്ഷിച്ച് അദ്ദേഹം തന്നെ അമൃതിനെ വൎഷിച്ച് ജീമൂതവാഹനനേ എന്നുവേണ്ട പൂൎവ്വഭക്ഷിതന്മാരായി അസ്ഥിമാത്രാവശേഷന്മാരായ ഈ സൎപ്പാധിപന്മാരെയും ജീവിപ്പിച്ചുകൊള്ളണം. അപേക്ഷിച്ചിട്ടു അദ്ദേഹം തരാതിരിക്കുന്നതായാൽ ഞാൻ

പക്ഷങ്ങളാലബ്ധിമാററിപ്പവനനൊഴുകവേ
ശേഷപായിച്ച പന്ന
ങ്ങൾ ഭാൎയ്യമാരൊത്തു മണികുടുംഗേഹാലയാ
ഫേനാമോഹം വരുത്തി ।
കൊണ്ടിട്ടിന്ദ്രന്റെ വജ്രം ഘനശേഷമാ
കാലമിന്ദ്രം തകൎത്താ
മിത്ത്രാനഘത്തിണങ്ങിച്ചിട്ടുതട്ടു മഴപൊഴി
ച്ചിട്ടുവൻധാരയോടേ ॥ (൧൬൧)

എന്നാൽ പോവുകതന്നെ. (എന്നു കോപത്തോടു കൂടി ചുറ്റിനടന്നു പോയി)

ജീമൂതകേ— വത്സശംഖചൂഡ! ഇനിയും നാം എന്തിനേ കാത്തു നിൽക്കുന്നു? വിറകുകൊണ്ടുവന്ന് എന്റെ പുത്രന്നുവേണ്ടി ഒരു ചിത ഉണ്ടാക്കു! ഞങ്ങളും ഭാൎയ്യയോടെ അനുഗമിക്കുക തന്നെയാണ്.

വൃദ്ധ— മകനേ! വേഗം തെയ്യാറാക്കു! നിന്റെ ഭ്രാതാവ് ഞങ്ങളെ പിരിഞ്ഞിട്ട് ദുഃഖിച്ചിരിക്കയാണ്.

ശംഖ— (കണ്ണീരോടു കൂടി) ഇതു കാരണവന്മാരുടെ കല്പനപോലെ. എന്നാൽ ഞാൻ നിങ്ങളുടെ കൈമുമ്പിൽ ഗമിപ്പാനാണ് തീൎച്ചയാക്കിയിരിക്കുന്നത്. (എണീററ് ചിതയുണ്ടാക്കീട്ട്) താത! അമ്മേ! ഇതാ ചിത തയ്യാറായി.

ജീമൂതകേ— കഷ്ടം! കഷ്ടം!

ഉഷ്ണീഷംമൂടിതന്നിൽ,ഭൂർണ്ണപുരികങ്ങൾക്കുള്ളി,ചെപ്പോചമമ
കണ്ണാച്ചക്രമൊടൊത്തകൈകളുരഗപതിയ്യോടൊന്നോ വക്ഷസ്ഥലം।
ഇവയൊക്കെയിരിക്കെയിന്നിഹ ഹാ ഹാ വത്സ! മൽദുഷ്കൃതാൽ
നീവിദ്യാധരചക്രവർത്തിപദമിന്നേൽക്കാതെപോകുന്നല്ലോ॥ (ഹ.റ.)

ദേവി! എന്തിനിനിയും നിലവിളിക്കുന്നു? എണീക്ക നമുക്ക് ചിതയിൽ പ്രവേശിക്കാം.

(എല്ലാവരും എണീക്കുന്നു)

മലയ— (കൈകൂപ്പി മേൽപ്പോട്ടുനോക്കിക്കൊണ്ട്) ഭഗവതി ഗൌരി! 'വിദ്യാധര ചക്രവർത്തി നിന്റെ ഭർത്താവായിരിക്കും' എന്നു ഇവിടുന്ന് അരുളിച്ചെയ്തിട്ടുണ്ടായി. എന്നാൽ മന്ദഭാഗ്യയായ ഞാൻനിമിത്തം ഇവിടുന്ന് അസത്യവാദിനിയായി തീർന്നിരിക്കുന്നു.

(അനന്തരം സംഭ്രമത്തോടുകൂടി ഗൌരി പ്രവേശിക്കുന്നു)

ഗൌരി— ജീമൂതകേതു മഹാരാജാവേ! സാഹസം പ്രവൃത്തിക്കരുത്.

ജീമൂതകേ— ആശ്ചര്യം! അമോഘദർശനയായ ഗൌരിയോ?

ഗൌരി— (മലയവതിയോടായിട്ട്) വത്സേ! ഞാൻ അസത്യവാദിനിയായിത്തീരുമോ?

(നായകന്റെ അടുത്തുചെന്ന് കിണ്ടിയിൽനിന്ന് വെള്ളം എടുത്ത് തളിച്ചിട്ട്)

ജീവൻകളഞ്ഞു ഭുവികിന്നുപകാരമേവം
ജീവൽപ്രമോദമൊടു ചെയ്യുന്നൊരിന്റെപേരിൽ ;
ജീമൂതവാഹന! പരം പരിതുഷ്ടയായ് ഞാൻ
ജീവിക്ക നീ ജവമോടെൻ പ്രിയമേറുമുണ്ണി !

ജീമൂതവാഹനൻ— (എണീക്കുന്നു)

ജീമൂതകേതു— (സന്തോഷത്തോടുകൂടി) ദേവീ! ഭവതി ഭാഗ്യത്താൽ വർദ്ധിക്കുന്നു. ഉണ്ണി വീണ്ടും ജീവിച്ചുവല്ലോ

വൃദ്ധ — ഭഗവതിയായ ഗൌരിയുടെ പ്രസാദത്താൽ.

ജീമൂതവാ — (ഗൌരിയെ കണ്ടിട്ട് തൊഴുതുകൊണ്ട്) ആശ്ചൎയ്യം!

അമോഘദൎശനയായ ഭഗവതിയോ?
നമിക്കുവോൎക്കാലത്തു നീ കനിവിയലുമാ
ക്രമത്തിലേറ്റം വരമേകുവോളേ!
നമിച്ചിടുന്നേൻ ചരണാംബുജന്യേ!
സമസ്തവിദ്യാധരവന്ദിതേ! തേ ॥ (ഹരണം)

(പിന്ന് ഗൌരിയുടെ കാൽക്കൽവീഴുന്നു)

(എല്ലാവരും മേല്പോട്ടു നോക്കുന്നു)

ജീമൂതകേ — എന്ത്! കാറില്ലാതെകണ്ട് മഴപെയ്യുന്നുവോ? ഭഗവതി! ഇതെന്താണ്?

ഗൌരി — രാജാവേ! പശ്ചാത്താപത്തോടു കൂടിയ ഗരുഡൻ ജീമൂതവാഹനനേയും അസ്ഥിമാത്രാവശേഷങ്ങളായ സൎപ്പങ്ങളേയും ജീവിപ്പിക്കേണ്ടതിന്നായി ദേവലോകത്തിൽ നിന്ന് അമൃതവൎഷം ചെയ്യുന്നതാണ് ഇത്. (വിരൽകൊണ്ടു ചൂണ്ടിക്കാണിച്ച്) ഇതാ അങ്ങു കാണുന്നില്ലേ?

ദന്താള്ളുഞ്ഞോരാത്മമെല്ലും നാഗമണിരുചിയാൽ
ശ്രീപ്രകാമം മൌലിയും ചേ
ൎന്നോരനാഗീഷ്ടഫലോദയാൽ പൃഥിവിയധികമാ
ശോഭനാംഗംചെയ്യുകൊണ്ട്
ഇന്നിസ്സൎപ്പേന്ദ്രസംഘം മലയഗിരിസരി
ദ്വാരിപൂരങ്ങൾ പോലെ
മാൎഗ്ഗംവിട്ടുംവളഞ്ഞുമുള്ളോരുഗതികളോടും
വാരിധിയിൽച്ചേൎന്നിടുന്നു ॥ ഹരിണി

(ജീമൂതവാഹനനോടായിട്ട്) വത്സ! ജീമൂതവാഹന! ഭവാൻ പ്രാണദാനത്തിന്നുമാത്രം അൎഹനായ ആളല്ല. അതിനാൽ ഇതാവരേ എന്റെ പ്രസാദവും കൂടി ഇരിക്കട്ടെ.

അന്തത്തിൽ ചുമൽ കൊണ്ടുപോന്ന കനകാബ്ജപ്പൂമ്പൊടിപ്പൂമൊ-
ന്റിന്നൊമാനസജാതമായ് സ്രുചിയതായിപ്പോവാതെയവുള്ളതാം
തണ്ണീച്ചപ്പടി തീർത്ത പൊൻകുടമായിൽച്ചേർത്തമനീരാടിഞ്ഞാൻ
നിന്നെപ്രീതിയൊടിന്നു ചെയ്യുവാനിതാ വിദ്യാധരാധ്യക്ഷനായ് ॥

ഇനിയും

കനകരുചിരപത്രം നല്ല നാഗേന്ദ്രമാലാ-
കുളരുചികരിവീരൻ, ശ്യാമമാമശ്വമാണം ।
മലയവതിയിതെല്ലാം രത്നജാതങ്ങളുമ്ന്ന
കലിവൊടു മിഹ തന്നേൻ കാമമേഹേ ചക്രവർത്തിൻ ॥ (൧൭൩)

അതിനും പുറമേ ഇതാ !

എല്ലാവരും കേൾപ്പിച്ചാലും ! ഭഗവാൻ ഇക്കിവ്യുള്ള വിദ്യാധരപതികൾ ശരൽക്കാലത്തിലെ ചന്ദ്രനെപ്പോലെ ധവളങ്ങളായ ചാമരങ്ങൾ കയ്യിലെടുത്തുകൊണ്ടും തലയാൽ പൃഥ്വികായത്തെ നമിച്ചുകൊണ്ടും അഭിവാദ്യം ചെയ്കയും നമസ്കരിക്കുകയും ചെയ്യുന്നു. അതുകൊണ്ടു പറയൂ ! ഇനി ഞാൻ അങ്ങേക്ക് എന്ത് ഇഷ്ടമാണ് ചെയ്യേണ്ടത്.

ജീമൂതവാ— ഇതിലും അധികമായിട്ടെന്തിഷ്ടമാണുള്ളത്.

കൈക്കൊച്ചുചെപ്പുദ്ധാനങ്ങൾ ശംഖചൂഡനിൽ നി-
ന്നിട്ടു, താർക്ഷ്യനെക്കൂടെ
ശിക്ഷിച്ചുണ്ടാക്കി, മുൻതിന്നൊരുഗ്രഗരള
ക്കാരെക്കയുണ്ടാക്കിജ്ജീവൻ ।
രക്ഷപ്പെട്ടു മരിക്കാതിഹ ഉരഗന്മാർ
പ്രാണനോടൊത്ത്, സമക്ഷം :
വീക്ഷിച്ചു ദേവി! ഞാനങ്ങയെയിനിയുമിനി
ക്കാര്യമെന്താണുള്ളൂ ॥ (൧൭൪)

എന്നാലും ഇതിരിക്കട്ടെ

(ഭരതവാക്യം)

നാഗാനന്ദം.

കാലേ വർഷിച്ചിടട്ടേ മഴയിൽ പ്രകൃതം മതി
ച്ചീട്ടു മാരാമ്പുജാലം
ചാലേ ഭൂലോകമെല്ലാം പരമവികല സ
സ്യങ്ങളാൽ മൂടിടട്ടേ ।
ഈ ലോകം മത്സരിക്കാതെയും മുപകാരമേ
ലാതെയും ബന്ധുവർഗ്ഗ
ത്താലുമെല്ലാം സൌഖ്യസമ്പത്തുകളിൽ നൃപതിയുമാ
ത്തിച്ചു വർത്തിച്ചിടട്ടേ ॥
(ഭരതവാക്യം പോലെ.)

———:o:———

അഞ്ചാമങ്കം കഴിഞ്ഞു.

നാഗാനന്ദം നാടകം സമാപ്തം.

ശുഭം.

കളിശ്ശീട്ട.

കറുത്തു കാഴ്ചവെച്ചോരു ചെറുതായിട്ടു തുല്യമായ് ।
ഇരിപ്പുമിസ്സിളീട്ടുന്നാ ധരിച്ചീടണമേവരും ॥
ഭദ്രാസനേ പ്രതിപത്തിക്കുത്തദ്ധിംഗം കണക്കിനേ ।
ചിത്രമ്പൂട്ടാതെ കാണുന്നതു ദ്ദേശാൽക്കാവലാണ്ടതും ॥
ശാലികം പൂട്ടുതായുള്ള തധികത്തിൻെറ വസ്ത്രമായ് ।
ചതുരക്കോണമായ് കാണുന്നതുമൈ മന്ത്രതാണ്ടതും ॥
പാരാതെയൊട്ടിച്ചൊട്ടിച്ച പേരാലിലയോടൊപ്പമായ് ।
പാരം ചൂതിനു കണ്ടീടുന്നോരു ശീട്ടാഖ്യനാണ്ടതും ॥

വെണ്മണി അച്ഛൻ നമ്പൂതിരിപ്പാട്.

ഒരു വിലാപം.

൧. അമ്മനാവൃഷ്ടനായോരീശ പരൻ
നിജസന്തോഷമതിനൊതമന്നയോ
പലമട്ടുവിചിത്രപൂർണ്ണമാ
മുലകാഹന്ത! ചമച്ചതീവിധം.

൭. പലപേരാഗമപേതവും
ഉപദിഷ്ഠങ്ങളാം മതസംഘമായ്
പലരുമുപാസിതയാട്ടു
തലമെങ്ങും പരിപൂർണ്ണമത്രയും.

൮. ചെറുപുല്ലുകൾ പോലുമേതുമേ
വെറുതേയല്ല ജനിപ്പതൂഴിയിൽ
സകലത്തിനുമുണ്ടുതാനിതിൻ
വികൃതം ചേർന്നുള്ളതാൻ പ്രപഞ്ചവും.

൯. പലവൃക്ഷലതാദിയെന്നിയാൽ
ഇലയാമൊരു ഹരിലോമിവസ്ത്രവും !
ബഹുപക്ഷിമൃഗാദിജാലവും
ബഹുധാ ഭൂമിയിലുണ്ടവന്ന്യമായ് !

൰. ഇവസർവ്വവുമീശ്വരന്റെ കൈ
വശമെന്ന്യാദി ഗുണങ്ങളാന്തരംഗ
പരിപൂർണ്ണതപൂണ്ട ചിഹ്നസം
ഘതിതാൻ കർത്തൃതചാരമേകവാൻ.

സി. എസ്സ്. സുബ്രഹ്മണ്യൻപോററി.

ബാലാപഞ്ചകം.

കട്ടികാലത്തുമെത്തും കതിരവ, നൊതിരാ
യാതമിപ്പാരിലെന്നെ
ച്ചൊട്ടിക്കാനില്ല"യെന്നോർത്തുകൊണ്ടു വിട്ടമാ
മൈവലിന്തം തോലിയേകി
തട്ടിക്കേറുന്ന മാററാരുടെ വലിമതരം
വമ്പിനെപ്പിഴിലാക്കം
മട്ടിൽ കത്തുന്ന, കാലാന്തകവരദയിതാ
കാന്തി, കാമന്തരട്ടെ. (1)

ഘോരാളും നിങ്ങൾതമ്മിൽ ചെതകിവങ്ങമാരി
മുഷ്ടകൻ രാജിയായി

തഴീരാൻ ഭോഗകേണങ്ങളെന്നാഹ്ലാദിയുമൊഴുണം
ചിട്ടിട്ടും കണ്ടിലോരാൻ
താരാമണനാന്തുളൂലസ്സാചിഹ്നമപചടി
കൈതവം കൊണ്ടു വന്നി
ആരാജ്ഞാലംബര ചേരുന്നാര കരമിപ്രമേ
നന്ദ സൌഖ്യം തരട്ടെ. (2)
പ്രേമൽ തന്നെ നാമകന്ത്യാ തരകൊണ്ടു പണിയു
ന്നോർക്കുകള്ള സ്വസ്ഥ്യമാനി
ശ്രുതം ലാളിസ്സ്വരികലാനനാദ്യാലോവാലിലെ
ഹൃദ്യനാരന്നാകാൽ
അങ്ങനെയാണിൽപ്പുംതോഴരൊരാവിരന്യകളാൽ
ചൂറ്റു കം ദേഹമാം അ
ന്നങ്ങതിൽ ചേർന്നുവെച്ചിട്ടുമാതപാതകം
സന്തതം തന്നിടട്ടെ. (3)
പാരംസംസാരമാകും കടലിന്നാട്ടറിൽ
ജായമാനായകള്ള
നരാൻ പോകാതമിച്ചാഴ്ത്തിട്ടമരുതരി
കാരണൻ സൽഭക്തരെല്ലാം
സാരംമൊഴിഞ്ഞൊരിച്ചു കരയണയുന്നിതാ
ട്ടുട്ടിട്ടും നൽപതാകാ
ഹിതം, സാക്ഷീഭിക്ഷ്ട്രം, പരമപാതകം
ചേർക്കമന്നേക്കസൌഖ്യം. (4)
മിന്നംഗ്രൂലാകമാല്യം ചെട്ടമൊതകരൂമ
പ്പൂന്യകാമന്തിഴുശം
മിന്നമൈകരാദ്യമറ്റുകള്ളാതകരുമിവച്ചാം
നാലുത്തൂക്കം കളോട്ടം
ഇന്നംകല്ഹാരപുഷ്പത്തിനനടുവണിവി
ക്കന്നൊരാകാന്തിവന്നി
ട്ടെന്നും, ഹൃൽകൃന്തങ്ങളെത്തഴ്കൊട്ട വിളയാ
ടീടണം മോദിയോടെ (5)

പി. സി. ബാലകൃഷ്ണമേനോൻ.

ഒരു ദുൎമ്മരണം.

വീട്ടിൽ നിന്ന കാൎയ്യസ്ഥൻ പുറമേക്ക പോയിരിക്കുന്ന കുഞ്ഞിരാമൻനായരെപ്പറ്റിയും കുമാരൻനായരെപ്പറ്റിയും മനോഗതം ആശങ്കിച്ചപോലെ കൃഷ്ണമേനവനെ കാണ്മാൻതന്നെയായിരുന്നു. അദ്ദേഹം കേസ്സ് കഴിഞ്ഞ തിരിച്ചുവരുംവഴി കണ്ടുമുട്ടുന്നതായാൽ എളുവല്ലുകൾ സംസാരിക്കാതെ കഴിക്കാമെന്ന കരുതിയവർ മജിസ്ട്രേട്ടു കോടതിയിലേക്കാണ പുറപ്പെട്ടത്. അഥവാ സ്റ്റേഷൻമാസ്റ്റർ കോടതിയോളം എത്തുകിൽ എളുവല്ലൂക് മടങ്ങിക്കഴിയുമെങ്കിൽ അപ്പോൾതന്നെയവർ അങ്ങോട്ടുപോകുവാനും ഒരുക്കമായിരുന്നു. എങ്കിലും അവൎക്ക പാടം കടക്കാതെ, അഞ്ചുനാഴി നിവൎത്തിച്ചുള്ളതുകൊണ്ടതായിവന്നില്ല.

സ്റ്റേഷൻമാസ്റ്റൎക്ക് ഹാജരാകുവാൻ സാധിക്കാഞ്ഞതിനാൽ അന്നത്തെതിയ്യതി വിചാരണക്ക വെച്ചിരുന്ന കവൎച്ചക്കേസ്സ് ഏട്ടാന്തിയ്യതിക്കാണ നീട്ടിയത്. നീട്ടിവെച്ച കേസ്സ് മുമ്പിലെടുത്തുകൂടാതെയാവിചാരിച്ച കൃഷ്ണമേനോൻ അന്നത്തെദിവസം കോടതി കൂടിയപ്പോഴും അവിടെ ഹാജരായിരുന്നു. പക്ഷെ 'കോടതിയുണ്ടാവും' എന്ന പതിവായിരുന്നതിനാൽ കോടതിപിരിഞ്ഞതും സ്റ്റേഷൻമാസ്റ്ററുടെ ജോലി തുടങ്ങിയതും ഒരുമിച്ചായിരുന്നു. അദ്ദേഹം അവിടെനിന്ന് ഇറങ്ങിപ്പുറപ്പെട്ടപ്പോൾ കുഞ്ഞിരാമൻനായരും കുമാരൻനായരും എതിരായിട്ടു വരുന്നതും പരിഭ്രമമില്ലാതെ ചിന്താശൂന്യനായി നടക്കുന്ന പരിവാരപ്പട്ടുടയനായ മജിസ്ട്രേട്ടിന്ന വഴി മാറിക്കൊടുക്കുന്നതും കണ്ടുവെങ്കിലും പരിവാരങ്ങളെ തിരക്കുമൂലം വിചാരിച്ചവേഗത്തിൽ പുറത്തു ചാടിവീഴുവാൻ കഴിഞ്ഞില്ല. വളരെക്കുന്ന ശ്രമിച്ചതോടുകൂടി കൃഷ്ണമേനോൻ അവരുടെ സമീപത്തു ചെന്നുചേൎന്നു.

വിശേഷിച്ച വല്ലതും ഉണ്ടായിട്ടോ? കാൎയ്യസ്ഥൻ ഇന്നു കാലത്തു വീട്ടിൽ വന്നിരുന്നു അല്ലേ? പത്തുമണികഴിഞ്ഞ പതിനൊന്നു മണിയോടുകൂടി കിഴക്കോട്ടു പോയിരിക്കണം. പരിഭട്ടത്തുതന്നെ ഉത്തരം പറഞ്ഞിരിക്കണം. ഞാൻ അങ്ങോട്ടു വരണമെന്നു വിചാരിച്ചിരിക്കയായിരുന്നു. കണ്ടതേതെങ്കിലും നന്നായി എ

ന്നു നേരംപോക്കായിട്ടു ചിരിച്ചുംകൊണ്ടു പറഞ്ഞു. സംസാരിക്കുന്ന സമയത്തെ ദൃഷ്ടി കുഞ്ഞിരാമൻനായരുടെ മുഖത്തായിരുന്നില്ല. ഉദാസീനനെന്നപോലെ വഴിയുടെ വലത്തുവശത്ത് സഞ്ചരിക്കുകയായിരുന്നു.

സ്ലേഷനാമ്പൂരുടെ വാക്കിൽനിന്നു കുഞ്ഞിരാമൻനായർ യഥാർത്ഥമായ അൎത്ഥം ഗ്രഹിച്ചിട്ട്-

“അല്ലാ! കാര്യസ്ഥനെക്കണ്ടു സംസാരിക്കുക കഴിഞ്ഞുവോ? ഞങ്ങൾ ഈ വഴിയൊക്കെ നടന്നുവന്നത് നിഷ്ഫലമായിഎന്നുണ്ടോ?”എന്നു ചോദിച്ചതിന്നുത്തരമായി,-

“ഇല്ല” എന്നരണ്ടക്ഷരം ഒരുചോദ്യത്തിന്നുകൂടി എടകൊടുത്തു.

“എന്നാൽ വല്ലവരും പറഞ്ഞിരിക്കാം അല്ലേ?” എന്നതിന്നു,

“ഒന്നും ഇല്ല” എന്നായിരുന്നു സമാധാനം. ഇതു മാസ്റ്റരമേനോൻ വിചാരിച്ചപോലെ ഫലിച്ചു. ചെപ്പിടിവിദ്യകാട്ടുകയോ കടംപറകയോ ചെയ്യുമ്പോൾ ബാലന്മാൎക്കുണ്ടാവുന്നതുപോലെയുള്ളൊരൽഭുതഭാവം കുമാരൻനായരുടെ മനസ്സിലുദിച്ചതു മുന്നോട്ടു തള്ളിയ മുഖത്തിലും മലൎക്കവിടൎത്തിയ മിഴികളിലും ധാരാളം തെളിഞ്ഞിരുന്നു. കുമാരൻനായരുടെ മനസ്സിലുദിച്ച് മുഖത്തു തെളിഞ്ഞ ആശ്ചര്യഭാവം വാചകരൂപേണ സ്ലേഷനാമ്പൂരുടെ ചെവികളിലേക്ക പകൎന്നതു കുഞ്ഞിരാമൻനായരായിരുന്നു.

“പിന്നെയെങ്ങിനെയാണ് നിങ്ങൾക്കിതുമനസ്സിലായത്.”

“കാര്യസ്ഥനെ കണ്ടുകിട്ടിയാൽ വിവരം ചോദിച്ചറിഞ്ഞ് എന്നോടു വന്നുപറഞ്ഞുകൊള്ളാമെന്നു നിങ്ങൾതന്നെ പറഞ്ഞിട്ടില്ലേ?”

“കാര്യസ്ഥന്റെ ചരിത്രം മുഴുവനും ഇതുകൊണ്ടറിയാറായോ?”

“ഇതുകൊണ്ടു നിങ്ങൾ കാര്യസ്ഥനെക്കണ്ടു എന്നൂഹിക്കുന്നതോ? നിങ്ങളുടെ ചടികൾ മുൻഭാഗം അധികം പതിഞ്ഞിട്ടുള്ള കുറെ അടികൾ കണ്ടു. മുടന്തന്മാരുടെയാണെങ്കിൽ രണ്ടടികളും ഒരുപോലെയായിരിക്കുവാൻ തരമില്ല. മടമ്പുയൎത്തി നടക്കുന്ന ചിലവകക്കാരുണ്ട്. അവരുടെയാണെങ്കിൽ ഉപ്പൂറ്റി മണ്ണിൽ പതിഞ്ഞു കാണുവാനും വഴിയില്ല. ഈസംഗതികളിൽ നിന്ന് ഞാനുള്ള

ഒരാളുടെ ആയിരിക്കണമെന്നല്ലേ വിചാരിക്കേണ്ടതു്? അടിയുടെ ആകൃതിയുംവലിപ്പവും നോക്കിയപ്പോൾ കാൎയ്യസ്ഥന്റേതന്നെയെന്നു തീൎച്ചയായി. ഞാൻ പടിവട്ടത്തെ പടി പിന്നിട്ടപ്പോൾ പത്തുമണി കഴിഞ്ഞിരിക്കുന്നു. അടികളുടെ ഗതികൊണ്ടു് അതുവരെ കാൎയ്യസ്ഥൻ തിരിച്ചുപോയിട്ടില്ലെന്നും മനസ്സിലായി.”

“പതിനൊന്നാമണിക്കു കിഴക്കോട്ടു പോയിരുന്നു ഉറക്കം കഴിഞ്ഞുവെന്നും എങ്ങിനെയാണു മനസ്സിലായതു്?” എന്നു ചോദിച്ചതു കുമാരൻനായരാണു്.

“ഞാൻ പറഞ്ഞതുപോലെയുള്ള അടികൾ കാണുന്നതു നടപ്പുന്നവഴിയുടെവലത്തുപുറത്തുള്ള മണൽപ്രദേശത്തു നോക്കൂ. അവരുടെ പോക്കു് കിഴക്കോട്ടല്ലേ? അവയിൽ ചിലതു കോടതിക്കു വരുന്നവരുടെ കാലടികളെക്കൊണ്ടു് കാണാതെയായിട്ടുണ്ടു്. പതിനൊന്നുമണിയോടുകൂടി ആളുകളും കോടതിയിലെത്തിക്കഴിഞ്ഞിരിക്കുന്നു. വിശേഷിച്ചു് തെളിഞ്ഞിട്ടുള്ള അടികൾ അടുത്തടുത്തിരിക്കുന്നില്ല. ഒന്നുനോക്കൂ. കുന്നുള്ളവൎക്കു വയറു നിറഞ്ഞിരിക്കുമ്പോൾ കാലകത്തിവെക്കുവാൻ സാധിക്കില്ല. പിന്നെ പരിചയക്കാരുടെ വീട്ടിൽ കാലത്തുചെന്നു് ഉച്ചവരെ താമസിച്ചാൽ പട്ടിണിയിട്ടു പറഞ്ഞയക്കാറുണ്ടോ?”

“ഇനി കാററിന്റെ ഗതിയിൽനിന്നു് കാൎയ്യസ്ഥൻ പോയതുകൂടി മനസ്സിലാക്കിക്കഴിഞ്ഞിട്ടുണ്ടെങ്കിൽ ഞങ്ങൾ വന്നവഴിയെ പൊയ്ക്കൊള്ളാം. നിങ്ങൾ വെറുതെ ബുദ്ധിമുട്ടേണ്ട.” എന്നു കുഞ്ഞിരാമൻനായർ പറഞ്ഞതിൽ പ്രച്ഛന്നാസൂയാവിശേഷമായ ഒരു പ്രയോഗം കുമാരൻനായൎക്കു രസമായില്ല.

“നല്ലവണ്ണം മനസ്സിലാക്കുവാനുള്ള മിടുക്കും അതിനൊത്ത പരിചയവും ഉള്ളവൎക്കു് വായുവിന്റെ ഏററവും സൂക്ഷ്മമായ ചലനഭേദത്തിൽനിന്നു ഏററവുമകലെനിന്നിട്ടുള്ള ഗന്ധവുംകൂടി വേൎതിരിച്ചറിയുവാനുള്ള ഒരു പ്രത്യേകശക്തി ഉണ്ടാവുന്നതല്ലെന്നു സിദ്ധാന്തിക്കുന്നില്ല. പക്ഷെ ഞാൻ അതു ശീലിച്ചിട്ടില്ല. അതുകൊണ്ടു കാൎയ്യസ്ഥൻ ഇന്നു നിങ്ങളോടു പറഞ്ഞതു് എനിക്കുമനസ്സിലാവണമെങ്കിൽ നിങ്ങൾ പറഞ്ഞുകേൾക്കതന്നെവേണം. വരൂ. ഇനി എന്തെങ്കിലും താമസിക്കേണ്ട. നടക്കുന്ന വഴിക്കു സംസാരിക്കാം.”

എന്നു പറഞ്ഞിട്ടു കുഞ്ഞിരാമൻനായരൊന്നിച്ചു നടന്നുതുടങ്ങി. കുമാരൻനായർ അടുത്തു പിന്നാലെയും പുറപ്പെട്ടു.

വളരെ താഴ്ന്ന ശ്രുതിയിലാണ് അവർതമ്മിൽ സംസാരിച്ചിരുന്നത്. സംഭാഷണത്തിന്റെ അധികം ഭാഗവും കുഞ്ഞിരാമൻനായരുടെ ഓഹരിയിൽപ്പെട്ടതായിരുന്നു. പിന്നാക്കം തിരിഞ്ഞ് “അതേ കുമാരാ” എന്നു ചോദിക്കുമ്പോൾ, അമ്മാമൻ പറഞ്ഞതിനോക്കിവെയ്ക്കുകയോ അമ്മാമന്റെ അഭിമതസ്സഹായിക്കുകയോ ചെയ്യുകമാത്രമേ മരുമകന്നു ഭാരമുണ്ടായിരുന്നുള്ളൂ. സ്നേഹനാപ്പുറത്ത ജോലി എടക്ക ചില ചോദ്യങ്ങൾ ചോദിക്കുകമാത്രമായിരുന്നു. “ഇവിടന്നു മൊഴ്യത്തെ”ന്നും, “ശിഷ്യനാ”ന്നും “ശങ്കരമേനവനോ”ന്നും “ചെറുപിള്ളകുട്ടി”യെന്നും “കൂട്ടിപ്പോ”എന്നും “അവിടന്നല്ല, വാല്ലുമേനവന്റെ അഭിപ്രായപ്രകാരം ഇതിന്മുമ്പും അങ്ങു അവരെ കാണ്മാൻ പോയിട്ടുണ്ട്” എന്നും മറ്റും പറഞ്ഞും ചോദിച്ചും തെരുവിലൂടെ അവർ മൂന്നുപേരും ശിവക്ഷേത്രത്തിങ്കലോളം എത്തി. ഇവിടെവെച്ചു കുഞ്ഞിരാമൻനായർ പിന്നാക്കം തിരിഞ്ഞ്

“കുമാരാ, കുമാരൻ പോയി കണ്ണിനായരിൻസ്പെക്ടർ വന്നിട്ടുണ്ടോ ഉണ്ടെങ്കിൽ എന്നാണവരും എന്നൊക്കെ അന്വേഷിച്ചുവരു. വന്നിട്ടുണ്ടെങ്കിൽ കാഴ്ചയ്ക്ക് എന്നാണ് ഹാജരാവേണ്ടത് എന്നുകൂടി അറിഞ്ഞുവരണം” എന്നു മരുമകനോടു കല്പിച്ചിട്ട് ഭാസ്കരമേനവനോടുകൂടി പതിവട്ടപ്പാടത്തേക്കുള്ള എടവഴിയിലേക്കു തിരിച്ചു.

കുമാരൻനായർ ‘ഇപ്പഴെ കൊള്ളാം വാദം കളിക്കാം’ എന്നു കരുതി സ്വല്പ ചരംഗം പ്രവേശിപ്പാനായി ശിവൻകോവിലേക്കു പുറപ്പെട്ടപ്പോൾ കുഞ്ഞിക്കുട്ടൻ അത്താഴത്തിനുള്ള അരിയും വാങ്ങിക്കൊണ്ടു ചെറിപ്പുറത്തേക്കുള്ള യാത്രയായിരുന്നു.

“കുഞ്ഞിക്കുട്ടാ!” എന്നു കുറച്ചുകൂടി വിളിച്ചപ്പോൾ അയാൾ ഞെട്ടിത്തിരിഞ്ഞു കുമാരൻനായരെക്കണ്ടു താമസം അവിടെത്തന്നെ നിന്നു. എന്നിട്ടു തൊറിച്ചുപിടിച്ച വായ ഒരു പുറത്തേക്കു കോട്ടി എന്തെന്നില്ലാത്ത അസഹ്യതയുള്ളതുപോലെ

“എന്താവേണ്ടത്?” എന്നു കഴുത്തുവെട്ടിച്ചുകൊണ്ടു ചോദിച്ചു. ഇതുകഴിഞ്ഞപ്പോൾതന്നെ കുമാരൻനായർക്ക് സാമാന്യത്തിലധികം തൃപ്തിയായി എങ്കിലും ആശ്ചര്യം തന്റെ മായിച്ചുപോയല്ലോ എന്നു വിചാരിച്ചു ഒരു ദീർഘനിശ്വാസമെടുത്തു.

ഒരെഴുത്ത്.

—— : o : ——

(വിവേകാനന്ദസ്വാമികൾ ഒരു സ്നേഹിതനായച്ചതു്)

കല്പിക്കുന്നു വെളിച്ചമായിതളുമെങ്ങാനന്ദസാരൂപ്യമായ് ധ്രുവം
നില്പുക്ഷാന്തരമായ് നടപ്പുവിടെയിന്നാരോഗ്യമായ് രോഗവും
അല്പോൽപ്പന്ന ശിശുക്കളെച്ചിലെ വിതജീവോദയം ചൊല്ലുന്നു
തല്പാതിൽസ്വമതേ: സ്വഭാവമവരെന്നോ നിസ്സ്വന്നു നീ! ॥ 1.
കാളും കാന്തിയിൽ നാകവും നരകവും കൂടിക്കഴിച്ചായതാ
ണീലോകം പുനരോർക്കിലീയതിരുചിട്ടാക്കം ഗമിക്കാവതോ?
കാലേ തങ്ങടെ കർമ്മാം കയറിനാൽകെട്ടും കട്ടകിട്ടു താൻ
മാലേന്തുന്നമിപ്രവൃത്തിയൊഴിയും നാമെന്തുചെന്നാലിനി? 2.

(തർജ്ജമ) എൻ. കുമാരൻ ആശാൻ.

(തുടരും)

പലവക.

—— : o : ——

(പുസ്തകപരിശോധന.)

ധർമ്മപുരവിജയം (കഥകളിപ്പാട്ടു):—നടുപ്പുറത്തു് നാരായണൻനമ്പി അവർകളുടെ കൃതിയായ മേല്പറഞ്ഞ പുസ്തകം ഞങ്ങൾ സന്തോഷത്തോടെ കൈപ്പറ്റിയിരിക്കുന്നു. പ്രസ്തുതപുസ്തകത്തിലെ ശ്ലോകങ്ങൾ മുഴുവൻ സംസ്കൃതവും പദങ്ങളെല്ലാം മണിപ്രവാളവുമാണ്. കഥകളിയിൽ പ്രവേശന വിഷയമായിരിക്കുന്ന കഥയായികൾ ഇതിലെ ഈ കൃതിയെപ്പറ്റി ഗ്രഹിക്കുന്നതിനു കവിത സാമാന്യത്തിലധികം നന്നായിരിക്കുന്നു എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. "എന്നാൽ ഒരു കവിത വായിക്കുമ്പോൾ ഉണ്ടാകുന്ന ഭാവം ഇതിനെപ്പറ്റി ഗ്രഹിക്കാതിരിക്കയില്ലെന്നാണ് ഞങ്ങൾക്കു തോന്നുന്നത്. കവിതയ്ക്കു പഴക്കവും മെച്ചവും ഉണ്ടെന്ന മാത്രമല്ല കഥകളിയിൽ സാധാരണ ചെയ്യേണ്ട സംഗീതസ്വഭാവികമായ പദങ്ങളും ഇതിൽ ധാരാളമുണ്ട്." എന്നും മറ്റും പറഞ്ഞുകൊണ്ടു ഞങ്ങൾ വായനക്കാരെ മുഷിപ്പിക്കുന്നില്ല. ധർമ്മപുരർ ആദ്യമതിലുള്ള അദ്ധ്യായം നേരിട്ടു കാണുമ്പോൾ പിഴച്ചിരിക്കുന്നുവെന്നും കവിയുടെ മനോധർമ്മത്തിനനുരൂപമായിരിക്കുന്നു. ആര്യവൃത്ത പരിജ്ഞാനമില്ലാത്ത പലരും ഉപയോഗിച്ചു പാടുന്നതിനു ചേർന്നതുതന്നെ. എന്നാൽ അച്ചടി മനോമാത്രമാണ് ശ്ലാഘനീയമായിരിക്കുന്നത്.

സ്വാന്തം.

പഞ്ചദശാവിവേകപ്രകരണം, കേശിനാശത്തുസ്തകം, ശ്രീമദ് ഭഗവൽഗീത, ഈ പുസ്തകങ്ങൾ സന്തോഷത്തോടെ കൈപ്പറ്റിയിരിക്കുന്നു. അഭിപ്രായങ്ങൾ പുറകെ.

[illegible]

KARPURARISTHA. **കർപ്പൂരാരിഷ്ടം.** [illegible]

[illegible]

[illegible]

[illegible]

മരിക്കൾ.

സരസ്വതിത്തൂവൽ.

(THE SARASWATI PEN.)

[illegible] 300 മുതൽ 500 വരെ [illegible]

സ്തുതിലിഖിതങ്ങൾ.

സർ. വാൾട്ടർ ലൊറൻസ് (കെ. സി. ഐ. ഇ.) [illegible]

സർ. ലൊറൻസ് ജെങ്കിൻസ് (കെ. സി. ഐ. ഇ.) [illegible]

ബഡോഡാൻ മഹാരാജാധിരാജ ഷീയാജി [illegible] തുൎന്ന് ബഹദൂർ— [illegible]

നാട്ടോർ മഹാരാജ ബഹദൂർ ജഗദിന്ദ്രനാഥരായി:— [illegible]

ബഹുമാനപ്പെട്ട രാജാ റാംപാൽ സിംഗ് ബഹദൂർ:— [illegible]

രാജാ പ്യാരിമോഹന മുഖർജി:— (സി. എസ്സ്. ഐ):— [illegible]

ബഹുമാനപ്പെട്ട മിസ്റ്റർ ജസ്റ്റിസ്സ് ശാരദ ചാരുമിത്രൻ:— [illegible]

പണ്ഡിതർ കെ. എം. ഗാംഗുലി (സി. ഇ.) [illegible]

ബഹുമാനപ്പെട്ട മിസ്റ്റർ എൻ. ടി. ഗുപ്ത (ഐ. സി. എസ്സ്.) [illegible]

മിസ്റ്റർ എച്ച്. ഡി. വില്യംസ് (ഐ. സി. എസ്സ്.), കലക്ടർ:— [illegible]

മിസ്റ്റർ കെ. സി. ഡി. (ഐ. സി. എസ്സ്.) ജഡ്ജി:— [illegible]

മിസ്റ്റർ എസ്സ്. സി. മിത്രൻ, ഡിപ്പുട്ടി മജിസ്ട്രേട്ട്:— നല്ല വിദ്യ [illegible]

മിസ്റ്റർ ജി. ചക്രവൎത്തി, സിവിലിയൻ, ബാംഗ്ലൂ മുനിസിപ്പൽ ചെയർമാൻ:— [illegible]

മിസ്റ്റർ സീതാരാമാചാരി, [illegible] "[illegible]" [illegible]
[illegible]

റവറണ്ട് ഡോക്ടർ മോറിസൻ (എം. എ):— കണ്ടുപിടിച്ച [illegible]
[illegible]

ഡോക്ടർ എം. എൻ. ഗാംഗുലി, [illegible]:— [illegible]
[illegible]

പ്രൊഫസർ എച്ച്. സ്റ്റീഫൻ (എം. എ):— [illegible]
[illegible]

ഡോക്ടർ സറാട്ട് കെ. മുള്ളിക് (എം. ഡി. സി. എം.):— [illegible]
[illegible]

ഡോക്ടർ എസ്സ്. സി. ബാനർജി (എം. എ, എൽ. എൽ. ഡി):—
[illegible]

വില.	ക.	ണ.	പ.
12 ഗുളികയ്ക്ക്	0	8	0
72-ന	2	12	0
144-ന	5	8	0

"വി. പി." പോസ്റ്റായി അയപ്പാൻ [illegible],
[illegible]

ടി. എസ്സ്. സുബ്രഹ്മണ്യം ആൻഡ് കമ്പനിയാര
33. ആർമീനിയൻ സ്ട്രീറ്റ്,
മദിരാശി,

T. S. SUBRAMANIA & Co.,
Agents,
33, Armenian Street,
adras.

T. S. Subramania & Co.,

താംബൂല വിഹാരം ഒരു സുഖാനുഭവ സാധനം തന്നെ.

—— : 0 : ——

വെററിലമുറുക്കിനെ സ്വാദുപിടിപ്പിക്കുന്ന ഒരു രുചിപ്രദമായ സുഗന്ധദ്രവ്യം. ശുദ്ധം. വിശേഷം. രുചിപ്രദം.

[illegible]

		ക.	ണ.
ഒരു ഡപ്പിക്കു വില	... ...	0	4 ണയ്.
12 ഡപ്പികൾക്കു	... ...	2	12

തപാൽകൂലി പുറമെ.

DANTADABANA CHURNA. ദന്തധാവന ചൂർണ്ണം

[illegible]

സ്ത്രീകളുടെ ഗുഹ്യരോഗങ്ങൾക്കു ഒരു നല്ല ഔഷധമാകുന്നു. വായനാറ്റം ദന്തരോഗങ്ങളും ഒന്നും ഉണ്ടാവില്ല. നല്ല ഒരു മണം വായിൽനിന്നു പുറപ്പെടുകയും ചെയ്യും.

KARPURARISTHA. **കർപ്പൂരാരിഷ്ടം.** സമ്പൂർണ്ണമായിട്ടുള്ള പ്രത്യേക ഔഷധം. (വിഷൂചികക്കുള്ള സിദ്ധൌഷധം.) ഒരു കുപ്പിക്കു വില 8 ണ. കർപ്പൂരാരിഷ്ടം, വിഷൂചിക, അതിസാരം, വയറ്റിൽകടി, ഛർദ്ദിക്കുക, ചൊറിയുന്നതുപോലെ ഒരു, അടി വയറ്റിന്ന വിസ്തരം എന്നിവയ്ക്കൊക്കെ രോഗങ്ങൾക്കു നല്ല മരുന്നാണ്. ഈ ഔഷധം കൊണ്ട് അതിയായ വേദനകളെ തീർത്തു അവയവങ്ങൾക്കു ബലമായ പ്രസാദമുണ്ടാകുന്നതു മാത്രമല്ല. അവയവങ്ങൾക്കു ക്ഷീണസംഭവങ്ങളായ നിറങ്ങൾ പിടിച്ചുകൾ മുതലായ വികൃതികളെ മാറും. ശരീരത്തിന്റെ അവയവങ്ങൾ മാറി മുഖത്തെ കണ്ണു മലബന്ധം വരുത്തി അസ്വസ്ഥത. അവീൻ (കറുപ്പു) ചേർത്തുള്ള അന്യ മരുന്നുകളെപ്പോലെ ഈ ഔഷധം അപായകരമായ ഉണ്ടാകില്ല, തലതിരിച്ചൽ, മറക്കം, ദാഹം, ആലസ്യം, ഛർദ്ദം മുതലായതുകളെ ഉണ്ടാക്കുന്നതുമല്ല. അല്ല നിമിഷങ്ങൾക്കുള്ളിൽ കുട്ടിയും വേദനയും ഒന്നുമില്ലാതെ സുഖം പോകും. എല്ലാ ശ്രുതിപ്പെട്ടവരായ ഡാക്ടർ വൈദ്യന്മാർ ഇതിന്റെ ഗുണം കണ്ടു അതിശയിച്ചു കർപ്പൂരാരിഷ്ടം ഉപയോഗിക്കുന്ന ഡാക്ടർമാർ എന്നിവരുടെ ഒരു സാക്ഷ്യപത്രങ്ങൾ അവരുടെ കർപ്പൂരാരിഷ്ടം ഉപയോഗിച്ചു അവരുടെ അഭിപ്രായങ്ങളും ഞങ്ങളുടെ സംഗ്രഹപത്രങ്ങളിലും പറഞ്ഞിട്ടുണ്ട്, ഇത് ഞങ്ങളുടെ അനുഭവമാണ്.

☞ ഞങ്ങളുടെ എല്ലാ മരുന്നുകളുടെ വിവരം എഴുതിയ കാറ്റലോഗിൽ ഇംഗ്ലീഷിലോ മലയാളത്തിലോ തമിഴിലോ എഴുതി ചോദിക്കേണ്ടതാണ്.

എസ്. ടി. എസ്സ്. സുബ്രഹ്മണ്യം ആന്റ് കമ്പനിയാര
33. ബക്കിംഗ്ഹാം സ്ട്രീറ്റ്,
മദിരാശി.

സരസ്വതിപ്പേന.

(THE SARASWATI PEN.)

ഒരിക്കൽ മഷി മുക്കിയാൽ 300 മുതൽ 500 വരെ വാക്കുകൾ എഴുതാം.

സ്തുതിലിഖിതങ്ങൾ.

സർ. ഫ്രെഡറിക് ലോറൻസ് (കെ. സി. ഐ. ഇ.) മദ്രാസ് ഗവർണ്ണരുടെ പ്രൈവറ്റ് സിക്രട്ടറി:— സരസ്വതിപ്പേനകൾ നല്ല ഉപകാരമായിരുന്നു എന്നു കാണുന്നു. അവരുടെ സ്തുതനായ ഈ കണ്ടുപിടിക്കുന്ന ആൾക്ക് എല്ലാ ജയവും സിദ്ധിക്കട്ടെ.

സർ. ലോറൻസ് ജെങ്കിൻസ് (കെ. സി. ഐ. സി. ഐ. ഇ.) ബോംബേ ഹൈക്കോർട്ട് ചീഫ്ജസ്റ്റിസ്:— സരസ്വതിപ്പേന ഉപയോഗിച്ചു ഞാൻ തൃപ്തിപ്പെടുന്നു. കണ്ടുപിടിച്ചവർക്കു നമ്മൾ എന്റെ അഭിനന്ദനങ്ങൾ പ്രകാരം.

ബർദ്ധ്വാൻ മഹാരാജാധിരാജ ബിജയ്ചന്ദ് മഹതാബ് ബഹദൂർ:— ഈ ഗ്രന്ഥ[illegible] നാം വളരെ സന്തോഷിക്കുന്നു.

നാട്ടോർ മഹാരാജ ബഹദൂർ ജഗദിന്ദ്രനാഥറോയി:— [illegible] "[illegible]" [illegible] ഉപകാരപ്രദമായിരിക്കുന്നതാണ്.

ബഹുമാനപ്പെട്ട രാജാ റാംപാൽ സിങ്ങ് ബഹദൂർ:— [illegible] പരിശ്രമങ്ങൾ [illegible] അഭിനന്ദിക്കുന്നു.

രാജാ പെയറിമോഹന മുകർജി:— (സി. എസ്സ്. ഐ.):— [illegible] ഇതാൻ വളരെ ഉപയോഗപ്രദമായി ഞാൻ കണ്ടിരിക്കുന്നു.

ബഹുമാനപ്പെട്ട മിസ്റ്റർ ജസ്റ്റിസ്സ് ശാരദ ചരണമിത്രൻ:— ഇതു വളരെ ഉപയോഗപ്രദമായ ഒരു [illegible]മായാണ്.

പണ്ഡിതർ കെ. പി. [illegible] (ബി. എൽ.) [illegible]:— "[illegible]" ഉപയോഗിക്കുന്ന എല്ലാവർക്കും [illegible] ഇതു [illegible] നിൽക്കുന്നതാണ്.

ബഹുമാനപ്പെട്ട മിസ്റ്റർ ആർ. ടി. ഗ്രീയർ (ഐ. സി. എസ്സ്.) കല്ക്കത്താ മുനിസിപ്പാൽ ചെയർമാൻ:— [illegible] ഇവൾ [illegible] കരുതിയിരിക്കുന്നു. [illegible] വളരെ [illegible]മായാണ്.

മിസ്റ്റർ എച്ച്. ഡി. വില്യംസ് (ഐ. സി. എസ്സ്.), [illegible]:— [illegible] ഇതുവരെ [illegible] ഇല്ല. [illegible]

മിസ്റ്റർ കെ. സി. ഡി. (ഐ. സി. എസ്സ്.) [illegible]:— ഇവൾ വളരെ [illegible] കണ്ടുപിടിച്ചു [illegible].

മിസ്റ്റർ എസ്സ്. സി. മിത്രൻ, [illegible]:— [illegible] ഉള്ള [illegible].

മിസ്റ്റർ ജി. ചക്രവർത്തി, സോളിസിറ്റർ, [illegible] മുനിസിപ്പാൽ ചെയർമാൻ:— കണ്ടുപിടിച്ച [illegible] വളരെ [illegible]. ഇവൾ വളരെ ഉപയോഗപ്ര[illegible]മാകുന്നു.

മിസ്റ്റർ സീതാകഹോരി, ജപ്പാൻ "[illegible]" [illegible] പ്രസിദ്ധമായ:— താങ്കളുടെ [illegible] കണ്ടുപിടിക്കൽ [illegible] ക്കുന്നതിനാൽ ഞാൻ താങ്കളെ അഭിനന്ദിക്കുന്നു.

റവറണ്ട് ഡോക്ടർ മോറീസൺ (എം.എ):— കണ്ടുപിടിച്ച സൂത്രം സാമർത്ഥ്യമുള്ളതുതന്നെ.

ഡോക്ടർ എം. എൻ. ഗാംഗുലി, [illegible]:— [illegible] [illegible] കഴിവില്ലാത്തവരെന്നതാണ്.

പ്രൊഫസർ എച്ച്. സ്റ്റീഫൻ (എം. എ):— [illegible] ൻ ഉപയോഗിച്ചുനോക്കിയതിൽ [illegible] കണ്ടിരിക്കുന്നു.

ഡോക്ടർ സദാട്ട് കെ. മുള്ളിക് (എം. ബി. [illegible]):— [illegible] ന്നുന്ന [illegible] [illegible] പറയുന്നു.

ഡോക്ടർ എസ്സ്. സി. [illegible] (എം. ഡി, എൽ. എൽ. ഡി):— [illegible] ഉപയോഗിക്കുന്ന [illegible] ഉപയോഗി ച്ചുനോക്കിയതിൽ [illegible] കാണാതിരിക്കില്ല.

വില.

	ക.	ണ.	പ.
12 കുപ്പികൾക്ക്	0	8	0
72-ന്ന	2	12	0
144-ന്ന	5	8	0

"വി. പി." [illegible] അയപ്പാൻ [illegible]

[illegible] കമ്പനിയോട് [illegible].

ടി. എസ്സ്. സുബ്രഹ്മണ്യ [illegible] കമ്പനിയാര

33. അർമ്മീനിയൻ സ്ട്രീറ്റ്,

മദിരാശി,

T. S. SUBRAMANIA & Co.,

Agents,

33, Armenian Street,

Madras.

സംഗതിവിവരം.

—:o:—

ഈ രസികരഞ്ജിനിക്കു പുതിയ വരിക്കാരെ ഉണ്ടാക്കി അവരുടെ വരിപ്പണം മുഴുവൻ മുൻകൂറായി പിരിച്ച് പേരുവിവരപ്പട്ടികയോടുകൂടി ആ സംഖ്യ ആപ്പീസിൽ അടക്കുന്നവർക്ക് ൧൫. ഉറുപ്പികയിൽ കുറയാതെയുള്ള സംഖ്യകൾക്ക് ൧൦ക്ക ൧ക്ക് വീതം കമ്മിഷനും ൩൦. കയിൽ കുറയാതെ പിരിച്ചടക്കുന്നവർക്ക് മേൽ പറഞ്ഞ കമ്മിഷനും പുറമേ ൧൫ ഉറുപ്പികക്ക രഞ്ജിനിയുടെ ഓരോ പ്രതിവീതം സൌജന്യവുംകൊടുക്കപ്പെടും.

ര. ര. മാനേജർ.

PRINTED AT THE VIDYA VILASUM PRESS, ERNAKULAM.

[illegible] പേരുവിവരം.

[illegible]	[illegible]	[illegible]	[illegible]	[illegible]
[illegible]	[illegible]	൩	൦	൦
[illegible]	[illegible]	൩	൦	൦
[illegible]	...	൩	൦	൦
[illegible]	...	൩	[illegible]	൦
[illegible]	... ...	[illegible]	[illegible]	[illegible]
[illegible]		൩	൦	൦
[illegible]	... ...	൩	൦	൦
[illegible]	... ...	൩	൦	൦
[illegible]	... ...	൦	[illegible]	൦
[illegible]	... ...	൩	൦	൦
[illegible]	[illegible]	൩	൦	൦
[illegible]	[illegible]	൩	൦	൦
[illegible]	[illegible]	൩	൦	൦
[illegible]	[illegible]	൦	[illegible]	൦
[illegible]	[illegible]	[illegible]	[illegible]	൦
[illegible]		൩	൦	൦
[illegible]	[illegible]	൩	൦	൦
[illegible]	...	൩	൦	൦

[illegible] 1903 [illegible] വിശ്വസിക്കുന്നു.

[illegible]

റോക്കമിൻ! റോക്കമിൻ!!

ചേരയിൽ പരമേശ്വര [illegible].

[illegible], [illegible], [illegible].

[illegible]

വരുവിൻ!! വരുവിൻ!!

൧൦൭൫.

പുസ്തകം ൨. വൃശ്ചികമാസം. ലക്കം ൪.

മംഗളം.

ശാംഭവപ്പാർസഗം സാപ്പുടവതിനായമൻ
നില്പിടം മൂന്നാകെ
ചൊൽക്കൊള്ളും വിഷ്ണുപാദാന്തണിമതിളമാ
ഗ്ഗോതമാദ് മൂന്നൊഴുകോ
മുക്കണ്ണൻ ചൊല്പിൽ മൂന്നന്തിയുമണയുവതോ
യെന്നവാനോർന്നിനാക
ന്നകാളിദ്രുമമേല്പും മാറിഷന്നിണമൊഴു
കത്തു മൂന്നാം ജയിപ്പൂ.

നാടുവത്ത് മഹൻ നമ്പൂരി.

മാനുഷ പരിഷ്ക്കാരണം.

പരിഷ്കാരം എന്നതിൽ ഉൾപ്പെട്ടിരിക്കുന്ന യോഗ്യതാംശങ്ങൾ ഏതെല്ലാം? ഈ ചോദ്യത്തിന് സർവ്വസമ്മതമായ ഒരു ഉത്തരം കല്പിക്കുന്നതു കുറെ വിഷമമാണ്. ഓരോ ജാതിക്കാരുടെ ഇടയിൽ ഒരു കാലത്തുതന്നെ പരിഷ്കാരത്തെപ്പറ്റി ഏകരൂപമായ ഒരു ധാ

ഗുണമോ അഭിപ്രായമോ ഉണ്ടായിരിക്കുന്നില്ല. വിദ്യാപ്രചാരം കുറവുള്ള ജനങ്ങളുടെ ഇടയിൽ കുറെ വാക്യവും ചാതുര്യം, പതിനാലുവൃത്തവും, ഇരുപത്തിനാലു വൃത്തവും, നാലഞ്ചു സംസ്കൃത ശ്ലോകങ്ങളും അറിഞ്ഞിരിക്കുന്ന ഒരു ആശാനെയോ എഴുത്തച്ഛനെയോ പരിഷ്കൃതപുരുഷനാണെന്ന വിചാരിക്കപ്പെട്ടുവരുന്നു. പ്രായേണ അപരിഷ്കൃതന്മാരായ ജാതിക്കാരുടെ ഇടയിൽ വല്ലതും എഴുതാനും കുട്ടിവായിക്കാനും അറിയാവുന്നവർ വലിയ വിദ്വാന്മാരെന്ന നിലയെ പ്രാപിച്ചിരിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസം സർവ്വവ്യാപ്തമായിരിക്കുന്ന ചില രാജ്യങ്ങളിൽ, ചില ചില്ലറപരീക്ഷകൾ ജയിച്ചുംകൊണ്ട പത്രങ്ങൾക്കു വല്ല ലേഖനമോ, ശ്ലോകങ്ങളോ എഴുതി തട്ടിക്കൂട്ടിക്കുന്ന പൊട്ടരസികന്മാർ വ്യുല്പത്തിയുള്ളവരാണെന്നു ഗണിക്കപ്പെട്ടുവരുന്നു. ഉയർന്നതരം വിദ്യാഭ്യാസത്തിനും കലാവിദ്യാപരിശീലനത്തിനും ആയി സ്ഥാപിതങ്ങളായ മഹാപാഠശാലകളും, കലാവിദ്യാലയങ്ങളും ഉള്ള പാശ്ചാത്യ രാജ്യങ്ങളിലും, ഈ കൊല്ലത്തിനിപ്പുറം നമ്മുടെ ഇന്ത്യാമഹാരാജ്യത്തിലും, 'വിദ്യാഭ്യാസം' എന്ന പദത്തിനുള്ള അർത്ഥം, നാൾക്കുനാൾ വിസ്തൃതമായിത്തീർന്നുവരുന്നതിനാൽ, ആ രാജ്യങ്ങളിൽ വിദ്യാഭ്യാസത്തിൻെറ ഉത്തമഫലമായ പരിഷ്കാരത്തിനും, അർത്ഥവിസ്താരം സിദ്ധിക്കുന്നു. പാശ്ചാത്യ രാജ്യങ്ങളിലാവട്ടെ ആധുനിക ഇന്ത്യയിലാകട്ടെ തന്നെ 'പരിഷ്കൃതൻ' എന്ന നാമധേയം ഇപ്പോൾ അത്ര എളുപ്പത്തിൽ ലഭിക്കുന്നില്ല. ഏതാനും ചില മനുഷ്യഗുണങ്ങളെയോ യോഗ്യതകളെയോ സമുച്ചയം ആണല്ലോ പരിഷ്കാരം. യോഗ്യന്മാരായ വിദ്വാന്മാരുടെ അഭിപ്രായപ്രകാരം സർവ്വോത്തമമായ പരിഷ്കാരത്തിൽ ഏതെല്ലാം യോഗ്യതകളോ ഗുണങ്ങളോ ഉൾപ്പെട്ടിരിക്കുന്നു എന്നുള്ളത് ചിന്തിക്കാം.

കലിപ്രഗ്രഹണശക്തി, അനുകമ്പ, സ്നേഹശീലം, സ്വാതന്ത്ര്യബുദ്ധി, തന്മയത്വം, വിനയം, സത്യനിഷ്ഠ, നിഷ്കപടത, മിതശീലം, ധീരത, ശാന്തത, ഉൽകർഷേച്ഛ, ഇത്യാദി ഗുണങ്ങൾ തന്നെ ഉണ്ടെങ്കിൽ അവൻ സാക്ഷാൽ പരിഷ്കൃത പുരുഷൻ തന്നെ എന്ന് ഒരു മഹാവിദ്വാൻ പറഞ്ഞിരിക്കുന്നു. ആത്മികമായും കായികമാ

യും ഉള്ള സൽഗുണമാഹാത്മ്യം ആണ് പരിഷ്കാരം. ഈ മതപ്രകാരം പരിഷ്കാരം സാൎവ്വത്രികമായ വിദ്യാഭ്യാസത്തിന്റെ പരിണാമം ആകുന്നു.

ഉൽകൃഷ്ട വിദ്യാഭ്യാസനിയമത്തിൽ മാനവപ്രകൃതിയുടെ സംസ്കൃതി, ശാസ്ത്രപരിശീലനം ഈ രണ്ടു വിധികളും അന്തൎഭവിച്ചിരിക്കേണമെന്നു ആൎണ്ണോൾഡ് പണ്ഡിതാഗ്രേസരൻ ശാസനം ചെയ്തിരിക്കുന്നു. ഈ സിദ്ധാന്തം അദ്ധ്യാപകന്മാരാൽ ആദരണീയമായതാണു.

അമേരിക്കയിലെ ഉത്തമ ഗ്രന്ഥകാരന്മാരിൽ ഗണ്യനായ എമേൎസൺ അഭിപ്രായപ്പെട്ടിരിക്കുന്നതു വിദ്യാഭ്യാസപരിപൂൎത്തിക്കു കായികനിപുണതയും ആവശ്യകമെന്നാകുന്നു. പുരാതനകാലത്തിൽ സൎവ്വജ്ഞന്മാർ എന്ന സ്ഥാനത്തിനു അൎഹനായിരുന്ന ഒരു ഋഷിക്കു സംഗീതസാമൎത്ഥ്യവും കായികബലവും ആവശ്യമായിട്ടാണ ഗണിക്കപ്പെട്ടിരുന്നത്.

ജീവികാമാൎഗ്ഗങ്ങളിൽ സുഖപ്രദായകങ്ങളായ സംഗതികളിൽ തെല്ലും അപ്രധാനമല്ല അന്തരീക്ഷപ്രവൃത്തികളെസ്സംബന്ധിച്ചുള്ള തത്വജ്ഞാനം എന്നു മാന്യസ്ഥരായ മഹാന്മാർ സമ്മതിച്ചിരിക്കുന്നു. ഈ ജ്ഞാനം ബാല്യംമുതൽതന്നേ പ്രദാനം ചെയ്യപ്പെടേണ്ടതും കാലക്രമത്തിൽ വൎദ്ധനമായ അഭ്യസനവും ആകുന്നു. ഇങ്ങനെ ആയാകുന്നതിൽ പ്രാപഞ്ചികവാസനയും ക്രമേണ വൎദ്ധിക്കുന്നതാകുന്നു. പ്രകൃതി, പ്രേമം വിനയം വിസ്മയം എന്ന മാനസികവൃത്തികളെ ഉദ്ദീപിപ്പിക്കുന്ന ഒരു അക്ഷീണപ്രസംഗിനിയാണെന്നു ജ്ഞാനേച്ഛുക്കൾ ഗ്രഹിക്കേണ്ട സംഗതിയാകുന്നു. അദ്ധ്യാപകന്മാരെപ്പോലെ തന്നെ ശാസ്ത്രഗ്രന്ഥകാരന്മാരും പ്രകൃതിതത്വബോധനം, ബാലവിദ്യാഭ്യാസ വിധികളിൽ ഉൾപ്പെട്ടതേണമെന്നു നിശ്ചയിച്ചുപോന്നതാണ്.

മേൽപറഞ്ഞകാരണങ്ങളാൽ വിദ്യാഭ്യാസത്തിന്റെ മുഖ്യമായ ഉദ്ദേശ്യം, സ്വഭാവസംസ്കരണമാണെന്നു പ്രത്യക്ഷമാകുന്നുവല്ലൊ. ഇനി ഇതിനുള്ള മാൎഗ്ഗങ്ങളെ വിചിന്തനം ചെയ്യുന്നു.

ആത്മസ്വഭാവത്തെപ്പറ്റി തന്നെ ആലോചിക്കാം. പരിഷ്കാരി

എന്നു് ചരിമനൊ ആഗ്രഹിക്കുന്ന ഒരുവന്റെ സ്വഭാവത്തിനു ചില ഗുണങ്ങൾ ഉണ്ടായിരിക്കണമല്ലൊ. ഗുണങ്ങൾ ഏവ; എവിടെനിന്നു സമ്പാദിക്കേണ്ടവ? പഴയകാലങ്ങളിൽ സന്യാസികളും മുനിമാരും സ്വഭാവസംസ്കൃതിസമ്പാദിച്ചുവന്നതു് വനാന്തരത്തിലും, ആശ്രമങ്ങളിലും, ഇതരജനശൂന്യമായ മഠങ്ങളിലും, ആയിരുന്നു. അക്കാലത്തു ജനസാമാന്യത്തിനു വിദ്യാഭ്യാസത്തിനും, ജ്ഞാനാഗമത്തിനും, സൌകൎയ്യങ്ങൾ വളരെ കുറവായിരുന്നു. എന്നാൽ ഇക്കാലത്തെസ്ഥിതി എത്രയോ വ്യത്യാസപ്പെട്ടിരിക്കുന്നു. ഇപ്പോൾ ജീവിതമത്സരത്തിൽ, ശരണ്യമായ ഒരു പദാൎത്ഥം സ്വകീയമാക്കേണമെന്നു കരുതുന്ന ഒരുവൻ, സ്വഭാവപരിഷ്കരണത്തെ പരിശീലിക്കേണ്ടതു, ജനതതികളാൽ കൃത്യാന്തരകോടികളുടെ മദ്ധ്യേ തന്നെവേണ്ടിയിരിക്കുന്നു. ഒരു സ്വഭാവസംസ്കൃതിക്കു സഹായമായ മാൎഗ്ഗം ചരിത്രകാരികകളുടെയും സാഹിത്യഗ്രന്ഥങ്ങളുടെയും പഠനമാകുന്നു. മനുഷ്യസ്വഭാവഗതിയെ വിഷയമാക്കി വ്യവഹാരം ചെയ്യുന്ന കൃതികളത്രെ ചരിത്രകാവ്യാദികൾ. ആധുനികയുവാക്കന്മാൎക്കു് ഗ്രഹണയോഗ്യങ്ങളായ നാനാവിധ തത്വങ്ങൾ, പ്രമാണങ്ങൾ, വിധികൾ, ശാസനങ്ങൾ, അനുമാനങ്ങൾ എന്നിവ ഇമ്മാതിരി ഗ്രാഹ്യകൃതികളിൽ അടങ്ങിയിരിക്കുന്നു. ഗുണദോഷവിവേചനം, സത്ഭാവം, പരോപകാരതല്പരത, അനാഥപരിപാലനം, ഇത്യാദിസ്വഭാവഗുണങ്ങൾ ചരിത്രസാഹിത്യാദിഗ്രന്ഥസമുച്ചയപരിശീലനത്തിൽ നിന്നും ഉത്ഭൂതമാകേണ്ട ഗുണവൈശിഷ്ട്യമാകുന്നു.

പ്രാപഞ്ചിക ചരിത്രത്തിൽ ഗുണദോഷങ്ങൾ സമ്മിശ്രസ്ഥിതിയിലല്ലെ കാണപ്പെടുന്നതു് എന്ന ചോദ്യം ഉണ്ടാകാം. ശരിതന്നെ. ഇതു സ്വാഭാവികവിശേഷമല്ലല്ലൊ. പ്രപഞ്ചത്തിലുള്ള സ്ത്രീപുരുഷന്മാർ നാനാതരത്തെ ദൃഷ്ടാന്തീകരിക്കുന്നവരാണല്ലൊ. ചിലർ ശുദ്ധഗുണികളും ചിലർ ആജന്മദുഷ്ടന്മാരും, ചിലർ സമ്മിശ്രന്മാരും ആണെന്നല്ലെ ലോകസമ്മതം. സമുദ്രത്തിലെ പാറകളും അപകടസ്ഥാനങ്ങളും നാവികന്മാരെ എത്രവിധം സുഗമമായ മാൎഗ്ഗത്തെ പിന്തുടരേണ്ടതിനു നിൎദ്ദേശിക്കുന്നുവോ അപ്രകാരം ക

ചരിതനായകരുടെ പ്രവൃത്തികൾ ദൃഷ്ടാന്തരൂപേണ വിദ്യാൎത്ഥികളെ നല്ല വഴികളിലേക്കു പ്രേരിപ്പിക്കുന്നതെന്നാണ നാം വിചാരിക്കേണ്ടതു. പുരാണ ഗ്രന്ഥങ്ങളിലും ചരിത്ര പുസ്തകങ്ങളിലും അറിവിന്റെ കുത്സിതങ്ങളായ പാപകൃത്യങ്ങളും അവയിൽ നിന്നും ജനങ്ങൾക്കുണ്ടായിട്ടുള്ള ആപത്തുകളും വിവരിക്കപ്പെട്ടിരിക്കുന്നതു വിദ്യാൎത്ഥികൾക്കു വായനക്കാൎക്കു, സദ്വൃത്തിയുടെ ഗുണത്തെയും അസദ്വൃത്തിയുടെ ദോഷത്തെയും കുറിച്ചു ഉപാഖ്യാനം ചെയ്യുന്നതിലേക്കു മാത്രമാകുന്നു. ഓരോ രാജ്യങ്ങൾക്കു പ്രത്യേകമായ സന്മാൎഗ്ഗനിഷ്ഠയും, സമുദായങ്ങൾക്കു ഉത്ഭവഹേതുകമായ പരിഷ്കാരവും, സാഹിത്യചരിത്രങ്ങളിൽ പ്രതിപാദിക്കപ്പെടുന്നവിഷയങ്ങൾ പ്രദാനം ചെയ്യുന്നു എന്നുള്ളതു് അവിതൎക്കിതമാകുന്നു.

രണ്ടാമതായി നമ്മുടെ ശ്രദ്ധയെ ആകൎഷിച്ചിട്ടുള്ളതു ഭാഷാപ്രസംഗം ആകുന്നു. ചരിത്രജ്ഞനായ ഏവനും കുറഞ്ഞതു ഒരു ഭാഷയിൽ സമഗ്രമായും ശരിയായും, എഴുതുന്നതിനും സംസാരിക്കുന്നതിനും, ശീലിക്കേണ്ടതായിരിക്കുന്നു. ഒരെഴുത്തുഭാഷ പൂൎവ്വകാലം മുതല്ക്കു ഉണ്ടായിട്ടുള്ളതാണ്. വിദ്വാൻ എന്നു പേരിനെ ഇച്ഛിക്കുന്ന ഇന്ത്യൻ സഭാഭാഷയായ്കൂടി സംസ്കൃതവും അഭ്യസിക്കേണമെന്നു പണ്ടുപണ്ടേ ഉണ്ടായിട്ടുള്ള ഒരു ഏൎപ്പാടാണല്ലൊ. സംസ്കൃതത്തിനു പകരമായി ഇംഗ്ലീഷുഭാഷ ഒന്നുമാത്രമതിയെന്നുവന്നിട്ടു് ൫൦ വൎഷത്തിലധികമായിട്ടില്ല. ഇന്ത്യയിൽ സംസ്കൃതഭാഷ ഉത്തമഭാഷയായി സ്വീകരിക്കപ്പെട്ടുവന്നിരുന്നതുപോലെ യൂറോപ്പിൽ മദ്ധ്യകാലങ്ങളിൽ ലത്തീൻഭാഷ സ്വീകരിക്കപ്പെട്ടുവന്നിരുന്നു. അപൂൎവ്വം ചിലേടങ്ങളിൽ ഒരു പ്രധാനസ്ഥാനം ഗ്രീക്കിനൊ ഹീബ്രുവിനൊ ആയും കല്പിക്കപ്പെട്ടു വന്നിരുന്നു. ഈ സങ്കല്പത്തിന്റെ മുഖ്യകാരണം വേദപുസ്തകവും ശാസ്ത്രവിധികളും, ഈ ഭാഷകളിൽ എഴുതപ്പെട്ടിരുന്നതും, മതപണ്ഡിതന്മാർ ഈ ഭാഷകളിലൊന്നിനെമാത്രം, ആദരപുരസ്സരം അഭ്യസിച്ചുപോന്നിരുന്നതും ആകുന്നു. തദനന്തരം എത്രയോ വൎഷങ്ങൾ കഴിഞ്ഞതിൽ പിന്നാണ്, ഇതരങ്ങളും നവീനങ്ങളുമായ ഇതാലിയൻ, സ്പാനിഷ്, ഫ്രെഞ്ച്, ജെൎമൻ, റഷ്യൻ, ഇംഗ്ലീഷ് എന്നീഭാഷകൾക്കു ജന

സാമാന്യ പ്രചാരവും ദേശപ്രാധാന്യവും ഉണ്ടായിത്തുടങ്ങിയത്. സംസ്കൃതത്തെ കുറിച്ചു നാമമാത്രമായ അഭിമാനംപോലും പാശ്ചാത്യന്മാർക്കുണ്ടായത് എന്നും പറയാമത്രേ. ഇന്ത്യയിലും, സംസ്കൃതത്തിനു പുറമെ ഹിന്ദുസ്ഥാനി, മറാത്തി, ദ്രാവിഡഭാഷകൾ, ഇവയുടെ പ്രാധാന്യവും, ഇവയിൽ പ്രത്യേകമായി ഗ്രന്ഥശേഖരവും ഉണ്ടാകുന്നതു നവീനകാലങ്ങളിൽ തന്നെയെന്നു സമഷ്ടിയായി പറയാവുന്നതാണ്.

കെ. പരമുപിള്ള. എം. എ.

ഇടശം.

പുരാണപുരുഷന്മാർ

ധർമ്മപുത്രൻ.

— : o : —

പുരാണങ്ങളിലും ഇതിഹാസങ്ങളിലും മറ്റുമുള്ള കഥാപുരുഷന്മാരെത്തന്നെ കാവ്യനാടകാദികളിലെ പാത്രങ്ങളായിട്ട് സ്വീകരിക്കുമ്പോൾ മൂലത്തിൽനിന്നു വ്യത്യാസപ്പെടുത്തിയും ചിലപ്പോൾ സാധാരണ ലൗകികസ്ഥിതിക്കു വിരോധമായും പ്രകൃതത്തിനു തക്കവണ്ണം പല ഭേദഗതികളും മനോധർമ്മംപോലെ വരുത്തുമാറുണ്ട്. ശാകുന്തളത്തിലെ ദുഷ്യന്തൻതന്നെ ഇതിനൊരു ദൃഷ്ടാന്തമാണല്ലോ. ദുഷ്യന്തമഹാരാജാവ് കാട്ടിൽവെച്ച് ശകുന്തളയെ ഗാന്ധർവ്വമായി വിവാഹംചെയ്തിട്ടുണ്ടെങ്കിലും നാട്ടിൽ വന്നതിനു ശേഷം അന്തഃപുരവിഹാരങ്ങൾകൊണ്ടും മറ്റും വിസ്മരിച്ചുപോയിഎന്നുള്ള വാസ്തവം നായകന്റെ മനസ്സിൽനിന്നു മാഞ്ഞുപോവാത്തതുഗുണമില്ലാത്തതിട്ടാണോ എന്നു ശങ്കിക്കാവുന്നതിനാൽ നായികക്കു ന്യൂനതയൊന്നുമില്ലാതിരിപ്പാൻവേണ്ടി ദുർവ്വാസാവിന്റെ ശാപവുംകൂടി നായികക്കു കൊള്ളിച്ചുംകൊണ്ടാണ് ഈ കഥ ഭാരതത്തിൽനിന്നു നാടകത്തിലേക്ക് കാളിദാസൻ കൊണ്ടുവന്നിട്ടുള്ളത്. ഇതിൽ ലൗകികസ്വഭാവത്തിനു യോജിക്കുന്നത് ഭാരതമോ നാടകമോഎന്നു സംശയിപ്പാനുണ്ടോ? സൌന്ദര്യവതികളായ അനേകം അന്തഃ

പ്പസ്ത്രീകളോടുകൂടിയ ഒരു രാജാവ് സംഗതിവശാൽ കാട്ടിൽവെച്ച സംസൎഗ്ഗത്തിന്നിടയായിട്ടുള്ള ഒരു സ്ത്രീയെ മറന്നുപോയി എന്നത് സംഭവിക്കാവുന്നതാണ്. ഇതുതന്നെ കാളിദാസൻ ശകുന്തളയുടെസഖികളെക്കൊണ്ട് രാജാവിനോട് പറയിപ്പിച്ചിട്ടില്ലെന്നുമില്ല. അതുകൊണ്ട് ലോകസ്വഭാവത്തിന്ന അനുരൂപങ്ങളായ ഗുണദോഷങ്ങൾ കലൎന്നിട്ടുള്ള കഥാപാത്രങ്ങൾ കാവ്യനാടകാദികളിലേക്കാൾ പുരാണാദികളിലായിരിക്കും അധികമുണ്ടായിരിക്കുകയെന്ന വ്യക്തമാകുന്നു. നമ്മുടെയിടയിൽ ഉണ്ടായിട്ടുള്ള യോഗ്യന്മാരുടെ ജീവചരിത്രമറിവാൻ പ്രയാസമായിരിക്കെ പുരാണാദികളിൽ വിവരിക്കപ്പെട്ടിട്ടുള്ള ഓരോ മഹാന്മാരുടെ സ്വഭാവവൎണ്ണനത്തിന്ന ശ്രമിക്കുന്നത് ഉപകാരമാകാതിരിപ്പാൻ തരമില്ല.

ശ്രീമഹാഭാരതത്തിലെ കഥാനായകൻ ധൎമ്മപുത്രരാണല്ലൊ. അദ്ദേഹത്തെക്കുറിച്ചുതന്നെ ഇത്രയും പ്രസ്താവിക്കാം. പാണ്ഡുമഹാരാജാവിന്റെ സ്വൎഗ്ഗാരോഹണത്തിനുശേഷം ശതശൃംഗപൎവ്വതത്തിൽനിന്ന് ഹസ്തിനപുരത്തിലെത്തിയതിൽപിന്നെ തന്റെ വലിയച്ഛനായ ധൃതരാഷ്ട്രരെ അച്ഛനെപ്പോലെയാണ് അദ്ദേഹം വിചാരിച്ചിരുന്നത്. ധൃതരാഷ്ട്രർ തന്റെ മക്കളോടൊന്നിച്ച് പാണ്ഡുപുത്രന്മാരായ ധൎമ്മപുത്രാദികളേയും കൃപാചാൎയ്യരുടെ അടുക്കൽ വിദ്യാഭ്യാസംചെയ്യിപ്പിച്ചു. അക്കാലത്ത് ബാല്യപ്രായത്തിൽ ഈ കുട്ടികൾ കളിച്ചുകൊണ്ടിരിക്കുമ്പോൾ കളിസ്സാമാനം കിണറ്റിൽ വീണുപോയി. അതെടുപ്പാൻ വയ്യാതെയിരിക്കുന്ന സമയം ഒരു ബ്രാഹ്മണൻ ഭാൎയ്യയോടും പുത്രനോടുംകൂടി അവിടെ വന്നു. “മൂന്നുദിവസമായിട്ട് ഭക്ഷണം കിട്ടാതെ വിശന്നുകിടന്നുവലയുന്ന ഞങ്ങൾക്ക് ഭക്ഷണം തരാമെങ്കിൽ നിങ്ങളുടെ കളിസ്സാധനം എടുത്തുതരാം” എന്ന് ആ ബ്രാഹ്മണൻ പറഞ്ഞപ്പോൾ ഭോജനവും ദക്ഷിണകളും തരാമെന്ന് ഉറച്ചുപറയുവാൻ ധൎമ്മപുത്രർ മാത്രമേ ഉണ്ടായുള്ളൂ. പാഞ്ചാലരാജ്യത്ത്നിന്ന് ഭാൎയ്യാപുത്രരോടുകൂടി വന്ന ദ്രോണാചാൎയ്യരായ ആ ബ്രാഹ്മണന്റെ നേരെ ധൎമ്മപുത്രർ കാണിച്ച ഔദാൎയ്യവും ദയയും പിന്നീട് കുരുപാണ്ഡവന്മാരുടെ ഉൽകൎഷത്തിന്നും പ്രസിദ്ധിക്കും കാരണമായിത്തീൎന്നു. കുരുകുല

കാൎയ്യനായിത്തീൎന്ന ദ്രോണാചാൎയ്യരുടെ അടുക്കൽ ഇവരുടെ ആയുധവിദ്യാഭ്യാസം കഴിഞ്ഞതിന്നശേഷം ധൃതരാഷ്ട്രൎക്കു ക്രമേണ തന്റെ പുത്രന്മാരിൽ പ്രതിപത്തി അധികമായി തോന്നിത്തുടങ്ങി. എന്നാൽ മറ്റുള്ളവൎക്കെല്ലാം ധൎമ്മപുത്രരിലായിരുന്നു അധികം പ്രീതി. അതിന്നു കാരണം അദ്ദേഹത്തിന്റെ ദാക്ഷിണ്യാദിഗുണങ്ങളാണ്. നാട്ടുകാൎക്കുള്ള പ്രതിപത്തി കുറയുന്നതിന്നാവേണ്ടി വാസ്തവത്തിൽ രാജ്യാവകാശിയായ ധൎമ്മപുത്രരെ ഉപായത്തിൽ വാരണാവതത്തിലേക്കു മാറ്റിത്താമസിപ്പിക്കുവാൻ ധൃതരാഷ്ട്രർ ആലോചിച്ചു. തന്റെ രാജ്യ[illegible]ത്തിന്നു പ്രതിബന്ധകവും പക്ഷെ ജീവഹാനികൾക്കു നിമിത്തവുമായ ഒരു സ്ഥലംമാററം ഇരുകൈകൊണ്ടും സഹോദരന്മാരൊത്തു പോകാനും ധൎമ്മപുത്രർ നിസ്സംശയം സമ്മതിച്ചു. ഒരു പ്രവൃത്തിതന്നെ പ്രസംഗവശാൽ അദ്ദേഹത്തിന്റെ പേരിലുള്ള പ്രതിപത്തിക്കു കാരണമായി. വാരണാവതത്തിൽവെച്ച് വഹ്നിവിഷാദികളെക്കൊണ്ട് പാണ്ഡവന്മാരെ നശിപ്പിക്കുവാൻ ചെയ്തതായ ദുൎയ്യോധനാദികളുടെ ചതിപ്രയോഗം ഇതുകൊണ്ടാണ്. ഒരു പ്രസാദംകൊണ്ടും യാത്രപുറപ്പെട്ടപ്പോൾ വിദുരർ യവനഭാഷയിൽ വെളിച്ചപ്പെടുത്തിയുള്ള സൂചനകളും ധൎമ്മപുത്രർ ചെയ്ത മുൻകരുതലുംകൊണ്ടും നിഷ്ഫലമായിത്തീൎന്നുവെങ്കിലും അദ്ദേഹത്തിന്ന് കുറച്ചുകാലം അനുജന്മാരോടും അമ്മയോടുംകൂടി പ്രച്ഛന്നസഞ്ചാരംചെയ്യേണ്ടിവന്നു. ഭീമസേനന്റെ ഹിഡിംബവധം, ഘടോൽകചോല്പത്തി, ബകവധം, ഇവയും അൎജ്ജുനന്റെ ഗന്ധൎവ്വവിജയം, ചക്ഷുൎവിദ്യ, ഇവയും ഒരു പ്രച്ഛന്നസഞ്ചാരത്തിന്റെ ഫലമാണ്. പാഞ്ചാലീസ്വയംവരത്തിന്നു ശേഷമാണ് പാണ്ഡവന്മാർ മരിച്ചിട്ടില്ലെന്നു ജനങ്ങൾക്കറിയാറായത്.

ജ്യേഷ്ഠാനുജന്മാരഞ്ചുപേരുംകൂടി പാഞ്ചാലിയെ വിവാഹംചെയ്തത എത്രത്തോളം ന്യായമായിരിക്കുമെന്നാലോചിക്കുക. "ഒരു പുരുഷൻ പല ഭാൎയ്യമാരെ കെട്ടാറുണ്ടെങ്കിലും ഒരു സ്ത്രീ പല പുരുഷന്മാരെ മേൽകൂടികെട്ടുന്നതിന്ന് വിധിച്ചിട്ടില്ല." എന്നുള്ള അന്യാപദേശമായ വേദവാക്യംകൊണ്ടും സ്മൃതികളെക്കൊണ്ടും ഒരു സ്ത്രീക്കു അനേകം ഭൎത്താക്കന്മാരുണ്ടാകുന്നത് നിഷിദ്ധമാണല്ലോ. അതിനെയിരിക്കെ

ധൎമ്മപ്രവൎത്തകനായ ധൎമ്മപുത്രൻ നാലനുജന്മാരോടുകൂടി പാഞ്ചാലിയെ വേട്ടത് വേദത്തിന്നും ധൎമ്മശാസ്ത്രങ്ങൾക്കും ലോകമൎയ്യാദക്കും വിരോധമല്ലേയെന്നാണെങ്കിൽ ഇതിന്നു ദൈവികമായിട്ടും ലൌകികമായിട്ടും സമാധാനമുണ്ട്. "പ്രചേതസ്സുകൾ പത്തുപേരുംകൂടി ഒരു കന്യകയെ വിവാഹം ചെയ്തിട്ടുള്ളപോലെ നിങ്ങളഞ്ചുപേരുംകൂടി പാഞ്ചാലിയെ വിവാഹംചെയ്യിൻ. അതു സദാചാരമാകാതിരിക്കയില്ല." എന്നു വേദവ്യാസൻ ധൎമ്മപുത്രരോട് വഴിക്കുവെച്ചുപദേശിച്ചിട്ടുണ്ട്. പാണിഗ്രഹണസമയത്തിങ്കൽ സംശയഗ്രസ്തനായ ദ്രുപദരാജാവിനോടും നാളായനീചരിതം അല്ലെങ്കിൽ പഞ്ചേന്ദ്രോപാഖ്യാനകഥ പറഞ്ഞിട്ട് ഒരു അഞ്ചിന്ദ്രന്മാരാണ് പാണ്ഡവന്മാരെന്നും അവരുടെ ഭാൎയ്യയാണ് പാഞ്ചാലിയെന്നും വ്യാസൻ രാജാവിനെ പ്രത്യക്ഷത്തിലനുഭവപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്നുപുറമെ ഭാൎഗ്ഗവകൎമ്മശാലയിൽനിന്നുതന്നെ കുന്തീദേവിയോട് "ഇന്നു ഞങ്ങൾക്കൊരു ഭിക്ഷ കിട്ടിയിരിക്കുന്നു" എന്ന് പാഞ്ചാലിയെ ഉദ്ദേശിച്ചു ധൎമ്മപുത്രർ പറഞ്ഞപ്പോൾ "അഞ്ചാളുംകൂടി അനുഭവിക്കുവിൻ" എന്നു "ഭിക്ഷ" കാണാതെ കുന്തി പറഞ്ഞതിന്നുശേഷം പാഞ്ചാലിയെ കണ്ടപ്പോൾ "ഇതേവരെ അസത്യം പറയാത്ത എന്റെ വാക്ക് മിത്ഥ്യയാകരുതേ" എന്ന് വ്യസനിക്കുന്ന അമ്മയുടെ വാക്കിനെ സത്യമാക്കുവാൻ വേണ്ടിയാകുന്നു ധൎമ്മപുത്രാദികളിപ്രകാരം ചെയ്തതെന്ന് ലൌകികമായിട്ടും ഒരു തക്കസമാധാനമുണ്ട്. ഗുരുവാക്യം തെറ്റിക്കരുതെന്നുള്ളതിന് അച്ഛന്റെ കല്പനപ്രകാരം അമ്മയുടെ തലവെട്ടിയ പരശുരാമൻ ദൃഷ്ടാന്തമാണല്ലോ. "ഗുരോർദ്ദശഗുണം മാതാ മാതുർദ്ദശഗുണം പിതാ". "ദൈവേ തുഷ്ടേ നു സൎവ്വാ ആജ്ഞേന്നിഷ്ടാ കൎമ്മണാ", ഇത്യാദി പ്രമാണവരാൽ ഗുരുത്വംകൊണ്ട് അച്ഛനെക്കാളധികം അമ്മയാണ വലുതെന്നും ഇതുവാക്യം തെറ്റിക്കരുതെന്നുമാണല്ലോ സാധിക്കുന്നത്. അതുകൊണ്ട് ധൎമ്മപുത്രരുടെ ഈ പ്രവൃത്തി അദ്ദേഹത്തിന്റെ ധൎമ്മനിഷ്ഠയെ കൂടുതൽ ബലപ്പെടുത്തുകയാണ ചെയ്യുന്നത്. മാതുലപുത്രനായ ശ്രീകൃഷ്ണന്റെ സഹായത്തോടുകൂടി സകലരാജാക്കന്മാരെയും ജയിച്ചിട്ടും പിണക്കീട്ടും കീഴടക്കി രാജസൂയയാഗം ചെയ്തിരിക്കുന്ന ഈ മഹാപുരുഷന്റെ മഹാഭാഗ്യം പ്രസിദ്ധമാണല്ലോ.

• ക്ഷത്രിയന്മാരാണെന്ന് അറിഞ്ഞുകൊണ്ട് ദുര്യോധനാദികളോട് ഇത്രമാത്രം ചൂതുപൊരുതിയത് എന്തുകൊണ്ടാണ്? "ഞാങ്ങനോരവും വീണ്ടും കളികളും" കളിച്ചുകളഞ്ഞ് പിന്നെ അനുജന്മാരേയും തന്നേയും പാഞ്ചാലിയേയും പണയംവെച്ചത് മൗഢ്യലക്ഷണങ്ങളും ഔദ്ധത്യവുമല്ലേ? ദുശ്ശാസനൻ രാജസഭയിൽവെച്ച് ദ്രൗപദിയുടെ വസ്ത്രാക്ഷേപം ചെയ്യുന്നത് കണ്ടുംകൊണ്ട് മിണ്ടാതിരുന്നത് പൗരുഷത്തിന്നു തക്കതായോ? എന്നു ചോദിക്കുകയാണെങ്കിൽ സമാധാനം പറയാം. "ആഹൂതോ ന നിവർത്തേയം ദ്യൂതായ ച രണായ ച"* എന്ന് രാജസൂയത്തിൽ വെച്ച് ചെയ്ത ശപഥംനിമിത്തം പോരിന്നോ ചൂതിന്നോ വിളിച്ചാൽ ധർമ്മപുത്രന്ന് പോകാതിരിപ്പാൻ നിവൃത്തിയില്ല. ഏൽക്കവെച്ച പിൻവലിക്കുന്നതോ സത്യത്തിന്നും ധർമ്മത്തിന്നും ചേരാത്തതാണല്ലോ. അതുകൊണ്ട് തൻ്റെ സകല മുതലുകളും അനുജന്മാരേയും തന്നേയും പണയം വെക്കേണ്ടി വന്നതാണ്. ജയാപജയങ്ങൾ ഈശ്വരാധീനമാണല്ലോ. എന്നാൽ പാഞ്ചാലിയെ പണയംവെച്ച കാര്യത്തിൽ ഭീഷ്മാദികൾ സ്വത്ത ചൂണ്ടിക്കാണിച്ച പണയം വെപ്പിക്കുന്നത യുക്തമല്ലെന്നും വിശേഷിച്ച് പണയസ്വത്തിന്ന് അതായത് അടിമയായ ധർമ്മപുത്രർക്ക് പൂർവ്വസ്വത്തായ പാഞ്ചാലിയിലുള്ള അവകാശം നശിച്ചതുകൊണ്ട് പണയംവെയ്പാനുള്ള അധികാരമില്ലെന്നും ഒരു ഭാഗക്കാരും സർവ്വസ്വത്തുകളേയും പണയം വെച്ചപ്പോൾതന്നെ പാഞ്ചാലി അതിലുൾപ്പെട്ടുപോയിട്ടുണ്ടെന്നും അഥവാ അതില്ലെങ്കിൽതന്നെ ഭാര്യ ഭർത്താവിന്നു എപ്പോഴും അടിമയായതുകൊണ്ട് ധർമ്മപുത്രർക്ക് പാഞ്ചാലിയെ പണയം വെപ്പാനുള്ള അധികാരമുണ്ടെന്നു മറുഭാഗക്കാരും വാദിക്കുന്നതായ ഒരു വിഷയത്തിൽ ഭീഷ്മദ്രോണാദികൾക്കു പോലും ഒരു തീർച്ചചെയ്യാൻ സാധിക്കാത്തതാണ്. അത എങ്ങിനെയെങ്കിലും ഇരിക്കട്ടെ, ധർമ്മപുത്രരെ സംബന്ധിച്ചേടത്തോളം അദ്ദേഹത്തിൻ്റെ പ്രവൃത്തി അനീതിയാവാൻ തരമില്ല. എന്തെന്നാൽ താൻ അടിമയായിരിക്കുന്ന അവസ്ഥക്ക് എജമാനൻ കല്പിക്കുന്ന പ്രകാരം ചെയ്യാതിരിപ്പാൻ നിവൃത്തിയുള്ളതല്ലല്ലോ. അസ്വാതന്ത്ര്യനാക

* പോരിനും ദ്യൂതവും അന്നത്തെ കാലത്ത് ഒരുപോലെ വീരധർമ്മമായിരുന്നു രാജാക്കന്മാർ വിചാരിച്ചുവന്നിരുന്നത്.

യാൽ പാഞ്ചാലിയുടെ വസ്ത്രാക്ഷേപവും കണ്ടുനിന്നു സഹിക്കകയാ ല്ലതമെയുള്ളൂ. "ധൎമ്മസ്യഗഹനാഗതിഃ" എന്നാണല്ലോ.

ദ്യൂതകളിയിൽ തോറ്റു കാട്ടുകേറിയ ഉടൻ ഭീമസേനൻ കുരുവംശം നശിപ്പിപ്പാനായ്ത്തന്നെ പുറപ്പെടണമെന്നും മറ്റും ചൊടിച്ചു പറഞ്ഞ് ചാടിപ്പുറപ്പെട്ടപ്പോൾ ദുൎയ്യോധനാദികളുടെ അയുക്തതയെ സയുക്തികമായി പറഞ്ഞു ബോദ്ധ്യപ്പെടുത്തി ക്ഷമിപ്പിച്ച് യുദ്ധനിവൃത്തിയതിൽ ധൎമ്മപുത്രരുടെ ക്ഷമയും, സത്യനിഷ്ഠയും, ധൎമ്മബുദ്ധിയും നീതിനൈപുണ്യവും, വാഗ്മിതാപവും, വേണ്ടുവോളം വെളിപ്പെടുന്നതാണ്. വനവാസകാലത്ത് പതിനെണ്ണായിരം ബ്രാഹ്മണർക്ക് അക്ഷയപാത്രംകൊണ്ടു ഭക്ഷണംകൊടുത്തു പോന്നതിൽ അദ്ദേഹത്തിന്റെ ദേവബ്രാഹ്മണഭക്തിയും, ധൎമ്മശക്തിയും, ദയാലുത്വവും, ഔദാൎയ്യവും, ഉപൽക്കാലത്തുപയോഗിച്ചതാകയാൽ ഉന്നതമായ് വിട്ടകലാതെ അധികം പ്രകാശിക്കുന്നു. വനവാസത്തിൽ സൎവ്വത്ത്യാഗധനരായ അനേകം മഹൎഷിമാരുടെ സംസൎഗ്ഗത്തിന്നിടയാകയാൽ അദ്ദേഹത്തിന് വൈദികമായും ലൌകികമായുമുള്ള അറിവ് ഉരുക്കിവരുത്ത കാഞ്ചനംപോലെ അധികശുദ്ധിയും മാറ്റും കൂടിയതായി വന്നിട്ടുണ്ട്. വനവാസത്തിലേക്കാൾ അജ്ഞാതവാസത്തിലാണ് അദ്ദേഹത്തിന്റെ സഹനശക്തി അധികം വെളിപ്പെട്ടിട്ടുള്ളത്.

പാഞ്ചാലിയുടെ വസ്ത്രാക്ഷേപംകണ്ടു മിണ്ടാതിരുന്നതിനേക്കാളും കീചകന്റെ ചവിട്ടും കുത്തും ഇടിയും ഏറ്റ സങ്കടപ്പെട്ട് വിരാടസഭയിൽ ചെന്ന് മുറയിട്ടുപറയുന്ന പാഞ്ചാലിയുടെ സ്ഥിതികണ്ടുസഹിച്ചതാണ് അധികം അൽഭുതം.

ഭാരതയുദ്ധത്തിനു വേണ്ടുന്ന സകല സന്നാഹങ്ങളും ഒരുക്കിയതിന്നുശേഷം ദുൎയ്യോധനാദികളോടു വളരെ താഴ്ന്ന നിലയിലും സന്ധിക്കു സമ്മതിച്ചുകൊണ്ട് ഭഗവാനെ ദൂതിനയച്ചതിൽ അദ്ദേഹത്തിന്റെ ബന്ധുസ്നേഹവും, പ്രജാവാത്സല്യവും, ലോകമൎയ്യാദയും ഏറ്റവും തെളിയുന്നു. യുദ്ധത്തിന്നു ഇരുകക്ഷികളും വ്യൂഹമുറപ്പിച്ചു നിരന്നുനിൽക്കുന്നതിന്റെ മദ്ധ്യത്തിൽവെച്ച് ജ്ഞാതികളായ ഭീഷ്മദ്രോണാദിഗുരുക്കന്മാരോട് യുദ്ധത്തിന്നനുവാ

മോടും ജയത്തിന്നനുഗ്രഹവും വാങ്ങിച്ചതിൽ അദ്ദേഹം കാണിച്ചിട്ടുള്ള നിഷ്കപടമായ ഗുരുഭക്തി ഏററവും പ്രശംസിക്കത്തക്കതു തന്നെ.

യുദ്ധത്തിൽ ധൎമ്മപുത്രൎക്കു ജയം കിട്ടിയെങ്കിലും യുദ്ധമൎയ്യാദ വിട്ടു് ചില അക്രമങ്ങൾ ചെയ്തിട്ടുണ്ടെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. ഉദാഹരണം ബ്രാഹ്മണശ്രേഷ്ഠനായ ദ്രോണാചാൎയ്യരോടു് അശ്വത്ഥാമാവിനെക്കൊന്നുവെന്നു ഗൂഢമൊഴി പറഞ്ഞു വില്ലുവെപ്പിച്ചു് അദ്ദേഹത്തിനെ കൊലപ്പെടുത്തിയതു് കപടനാടകനായ ശ്രീകൃഷ്ണന്റെ നിൎബ്ബന്ധപ്രകാരമാണെങ്കിലും ധൎമ്മപുത്രൎക്കു എന്നെന്നേക്കും പശ്ചാത്താപത്തിന്നു കാരണമായും പ്രത്യക്ഷത്തിൽ ഭൂസ്പൎശമില്ലാത്ത തന്റെ തേർ താണുപോകയാൽ അധഃപതനത്തിന്നു നിമിത്തമായും ഒഴിച്ചുകൂടാത്തതായും ഉള്ള ഒരു വലിയ അധൎമ്മമാണെന്നു പറയാതെ കഴിയില്ല. അധൎമ്മം ചെയ്തിട്ടു ശത്രുജയം സാധിക്ക എന്നായിവരുന്ന ധൎമ്മസങ്കടത്തിൽ അധൎമ്മവും ന്യായമാണെന്നുള്ള ദേവലോകനടപടിമാത്രമെ ഇവിടെ ശരണമായിക്കാണുന്നുള്ളൂ. ഇതുതന്നെയാണു് ധൎമ്മാധൎമ്മസ്വരൂപിയായ ഭഗവാൻ ശ്രീകൃഷ്ണന്റെ വിധി.

ബൃഹസ്പതി.

—:o:—

കുജപഥത്തിന്നു പുറമെ, ഭൂമിയുടെ അണ്ഡാകാരപഥത്തിൽനിന്നു വളരെ വളരെ ദൂരത്തായി, സൂൎയ്യഗ്രഹത്തിന്റെ അത്യന്തികത്തെ, അതിസൂക്ഷ്മങ്ങളായ അസംഖ്യം ഉപഗ്രഹങ്ങളുടെ സമ്മിശ്രമായ വക്രഗതികൾക്കു യാതൊരു തടസ്ഥവും തട്ടാത്തവിധം ദിഗന്തരത്തിൽ അത്യന്തം പ്രതാപോൽകൃഷ്ടതയോടുകൂടി ഭീമവിഗ്രഹനായ ബൃഹസ്പതി സദാ സൂൎയ്യമണ്ഡലത്തെ ചുററിസ്സഞ്ചരിക്കുന്നു. സൂൎയ്യതേജസ്സുകൊണ്ടു് പ്രകാശിക്കുന്നവയും വലിയ ഗോളങ്ങളും ആയ ബുധൻ ശനി മുതലായ വേറെ ചില ഗ്രഹങ്ങളും ഇതിലും അകലെയായി ചരിക്കുന്നുണ്ടു്. എന്നാൽ ബൃഹസ്പതിയോളം വലി

ത്തായിട്ട് ഈ സൌരജഗത്തിൽ മററ് ഒരു ഗ്രഹവും ഇല്ലെന്നു മാത്രമല്ല, ആ ഗ്രഹങ്ങളെല്ലാം ഒന്നിച്ചുകൂടി ഒരു ഗോളമായിത്തീരുന്നതാകണമെങ്കിൽതന്നെ അതിന് ഇത്ര വലിപ്പം ഉണ്ടാകുന്നതും അല്ല. ശുക്രൻ, കുജൻ, എന്നീഗ്രഹങ്ങളെപ്പോലെതന്നെ ബൃഹസ്പതിയേയും നമുക്ക് എല്ലാകാലത്തും ഉജ്ജ്വലപ്രഭയോടെ കാണ്മാൻ സാധിക്കുന്നില്ലെങ്കിലും സൂൎയ്യചന്ദ്രശുക്രന്മാർ കഴിഞ്ഞാൽ പിന്നെ അധികം പ്രകാശമുള്ള ഗോളം ബൃഹസ്പതിയാണ്. ഭൂമിയും ബൃഹസ്പതിയും സൂൎയ്യന്റെ ഒരേ ഭാഗത്തായിവന്ന് തമ്മിൽ ഏററവും സമീപിക്കുന്നത് പന്ത്രണ്ടുകൊല്ലങ്ങളിൽ ഒരിക്കൽമാത്രമാണെന്നും ആസമയം ബൃഹസ്പതി കാഴ്ചക്ക് അതിമനോഹരമായിരിക്കുമെന്നും കണ്ടറിഞ്ഞിരിക്കുന്നു. എന്നാൽ ഈ ഭാസുരഗ്രഹത്തിലേക്ക് ഇവിടെനിന്ന് എത്ര ദൂരമുണ്ടെന്ന് ഇനി അല്പം ആലോചിക്കുക.

ശുക്രൻ ഒന്നരക്കോടി അറുപതുലക്ഷം നാഴികയും കുജൻ മൂന്നുകോടി അമ്പതുലക്ഷം നാഴികയും അടുത്ത ചില സമയങ്ങളിൽ, വരുമെന്ന് അവരെപ്പററിയുള്ള ലേഖനങ്ങളിൽനിന്ന് നമുക്കറിയാറായിട്ടുണ്ടല്ലോ. ഭൂമിയും സൂൎയ്യനുമായിട്ടുള്ള അകലം ഒമ്പതു കോടി മുപ്പതുലക്ഷം നാഴികമാത്രമേയുള്ളു എന്നാണ് ജ്യോതിശ്ശാസ്ത്രജ്ഞന്മാർ പറയുന്നത. ഇത് ഒരു ചുരുങ്ങിയ ദൂരമല്ല നിശ്ചയം. എന്നാൽ ബൃഹസ്പതി സ്ഥിതിചെയ്യുന്നത് ഇതിലും നാലിരട്ടി അകലെയാണത്രെ. എന്നിട്ടും അതിന് എത്ര ശോഭതോന്നുന്നുണ്ട്! ഇതിനുള്ള മുഖ്യകാരണം അതിന്റെ മഹാവലിപ്പംതന്നെയാണ്.

ശുക്രന്റേയും നാം വസിക്കുന്ന ഭൂമിയുടേയും മദ്ധ്യളവ് ഏകദേശം എണ്ണായിരം നാഴികയാണെന്ന് ശുക്രനെപ്പററിയുള്ള ഉപന്യാസത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. എന്നാൽ ബൃഹസ്പതിക്ക സുമാറ് 85,000 നാഴിക മദ്ധ്യളവുണ്ട്. ഭൂമിയോട് ഒത്തുനോക്കുമ്പോൾ ഈ വലിപ്പം അതിവിപുലമായിതോന്നുമെങ്കിലും സൂൎയ്യന്റെ കഥ ആലോചിക്കുമ്പോൾ അത് എത്രയോ നിസ്സാരമായിത്തീരുന്നു. ബൃഹസ്പതിയുടെ പരിമാണനിൎണ്ണയത്തിന് ഒരു കണക്ക പറയാം. ഈ ഗ്രഹത്തിന്റെ മദ്ധ്യരേഖയോളം നീളമുള്ള ഒരു ചരടിന്മേൽ ഭൂമിയോളം വലിപ്പമുള്ള ഒമ്പതു ഗോളങ്ങളെ

ക്കാൻ കെട്ടാവുന്നതും ഇങ്ങിനേയുള്ള എട്ടു ബൃഹസ്പതിഗോളങ്ങളെ സൂൎയ്യബിംബത്തിൽ ഇപ്രകാരംതന്നെ അടക്കാവുന്നതും ആകുന്നു. ആയിരത്തിമുന്നൂറ ഭൂമികൾ കൂട്ടിയാൽ മാത്രമേ ബൃഹസ്പതിയുടെ വലിപ്പം ഉണ്ടാകയുള്ളൂ. ബൃഹസ്പതിയോളം വലിപ്പമുള്ള എഴിനൂറ ഗോളത്തിനുള്ളിൽ ആയിരത്തോളം ഭൂമികളെ കൊള്ളിക്കാമെന്നും അത്രതന്നെ ബൃഹസ്പതിമാരെ സൂൎയ്യഗോളത്തിനുള്ളിൽ ഒതുക്കാമെന്നും ശാസ്ത്രജ്ഞന്മാർ കണക്കാക്കി പറയുന്നുണ്ട്.

എന്നാൽ ബൃഹസ്പതിക്ക് ഈ വലിപ്പത്തിനൊത്ത ഘനമുണ്ടായെന്ന് നോക്കുക. ഗ്രഹങ്ങളെ തൂക്കിനോക്കുവാൻ നമുക്ക് സാധിക്കാത്ത സ്ഥിതിക്ക് അവകളുടെ ഘനം ക്ലിപ്തപ്പെടുത്തി പറയുവാൻ ഉത്സാഹിക്കുന്നത് കേവലം വിഡ്ഢിത്തമാണെന്ന് ചിലൎക്ക് തോന്നുവാൻ ഇടയുണ്ട്. എന്നാൽ ഗോളങ്ങളുടെ ഘനം നിശ്ചയിക്കുന്നതിനു തക്ക ഉപായം ആവിശ്യമില്ല. ഗണിതശാസ്ത്രം ഒരു വഴിവെച്ചിട്ടുണ്ട്. അതിനെ സംക്ഷേപിച്ച് പറയാം. പരസ്പരം ആകൎഷിക്കുന്നതിന് എല്ലാ ഗോളങ്ങൾക്കും സാധാരണമായി ഒരു ശക്തിയുണ്ട്. ഈ ശക്തി അവയുടെ വലിപ്പത്തെ അനുസരിച്ചിരിക്കുന്നു. അതിനാൽ ചെറിയ ഗോളങ്ങൾ വലിയഗോളങ്ങളുടെ ആകൎഷണശക്തിക്ക് അധീനപ്പെട്ടവരാകുന്നു. ബൃഹസ്പതി ഗ്രഹങ്ങളിൽവെച്ച് ഏറ്റവും വലിയതാകയാൽ അടുത്തുള്ള ഗോളങ്ങളെയെല്ലാം അതിലേക്കാകൎഷിക്കുന്നു. ഈ ശക്തിയുടെ ഏറ്റക്കുറച്ചിൽ അനുസരിച്ച് ആ ചെറിയ ഗോളങ്ങൾക്കെല്ലാം പലവിധമുള്ള ചലനങ്ങളുണ്ടാകുന്നുണ്ട്. ഒരു ദൂരദൎശിനിയിൽകൂടി നോക്കിയാൽ ഈ ചലനങ്ങളുടെ സമ്പ്രദായം നല്ലവണ്ണം കാണ്മാനും അവയുടെ ശക്തി എത്രത്തോളമുണ്ടെന്ന് നമുക്ക് സൂക്ഷ്മമായി ഗ്രഹിപ്പാനും കഴിയും. പിന്നെ ഗണിതശാസ്ത്രസഹായം കൊണ്ട് ഈ ചലനങ്ങൾക്ക് കാരണഭൂതമായ വലിയഗോളത്തിന്റെ ആകൎഷണശക്തി എത്രയുണ്ടെന്നും, അതിൽനിന്നു ഗോളത്തിന്നു എത്ര ഘനമുണ്ടെന്നും കണക്കാക്കാവുന്നതാകുന്നു. 1200ഭൂമികളോളം വലിപ്പമുള്ള ബൃഹസ്പതിക്ക് ഇങ്ങിനെ കണക്കാക്കി നോക്കുമ്പോൾ ഭൂമിയെക്കാൾ 310. ഇരട്ടിഘനം മാത്രമെ കാണുന്നുള്ളൂ.

ഈ ഗോളത്തിന്റെ പരിമാണത്തിന് അനുസരണമായ ഘനം ഉണ്ടാവാത്തതെന്താണ്? വസ്തുക്കളിൽ പരമാണുക്കൾ എത്രത്തോളം അടുത്ത് യോജിച്ചിരിക്കുന്നുവോ അത്രതന്നെ അവക്ക് ഘനവും കൂടിയിരിക്കും. ഇതിനാലാണ് ഒരേവലിപ്പത്തിലുള്ള ഒരു ഘനവസ്തുവിന് ദ്രവവസ്തുവിലും, ദ്രവവസ്തുവിന് വായവ്യവസ്തുവിലും ഘനംകൂടികാണുന്നതു. നമ്മുടെ ഭൂമി തന്നെ ഒരു ഘനവസ്തുവാണ്. എന്നാൽ ബൃഹസ്പതി ഇതു തരത്തതല്ലെന്നും, ഈ ഗ്രഹത്തിന്റെ അന്തർഭാഗം എങ്ങിനെയിരിക്കുന്നുവെന്ന് തീർച്ചയായി പറവാൻ സാധിക്കയില്ലെങ്കിലും ബഹിർഭാഗം ഘനവസ്തുവാകട്ടെ ദ്രവവസ്തുവാകട്ടെ അല്ലെന്നും ജ്യോതിശ്ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കി പറയുന്നുണ്ട്. അതിനാൽ ബൃഹസ്പതിക്ക് വലിപ്പം അധികമുണ്ടെങ്കിലും അതിലെ പരമാണുക്കൾ വളരെ സംയോജിച്ചിട്ടുള്ളതായി കാണുന്നില്ലാത്തതുകൊണ്ട് വലിപ്പത്തിനൊത്ത ഘനം ആ ഗോളത്തിനുണ്ടാവാൻ തരമില്ല. ഈ ഗ്രഹത്തിന്റെ താപശക്തി നശിക്കുന്തോറും വലിപ്പം കുറയുകയും പരമാണുക്കൾ യോജിച്ച് തിങ്ങിവരാറാകയും ചെയ്യും.

സൂര്യനിൽനിന്ന് അകലെയകലെയായി സ്ഥിതിചെയ്യുന്ന ഗ്രഹങ്ങൾക്കു ഗമനവേഗം കുറഞ്ഞു കുറഞ്ഞു കാണുന്നുണ്ട്. ഭൂമി ഒരു നിമിഷത്തിൽ 18 നാഴിക സഞ്ചരിക്കുന്നുണ്ടെങ്കിലും ബൃഹസ്പതി ആ സമയംകൊണ്ട് 8 നാഴിക മാത്രമെ പോകുന്നുള്ളൂ. ഇതിനാൽ ബൃഹസ്പതിക്കു സൂര്യനെ ഒന്നു ചുററിവരുവാൻ 4332 ദിവസം (ഏകദേശം 12 കൊല്ലം) വേണ്ടിവരുന്നു. ബൃഹസ്പതിയിലെ ഒരു കൊല്ലം നമ്മുടെ 12 കൊല്ലത്തോടു ശരിയായിരിക്കും. അതുകൊണ്ട് ബൃഹസ്പതിയിങ്കൽ ഋതുഭേദങ്ങൾ ഭൂമിയിലെപ്പോലെ വേഗത്തിൽ ഉണ്ടാകുവാൻ തരമില്ല.

ശുക്രൻ, ഭൂമി, കുജൻ എന്നുള്ള ഗ്രഹങ്ങളെപ്പോലെതന്നെ ബൃഹസ്പതിയും അതിന്റെ അച്ചുതണ്ടിന്മേൽ സദാതിരിഞ്ഞുകൊണ്ടിരിക്കുന്നു. ഈ തിരിച്ചൽ അതിവേഗത്തിലാകയാൽ 9 മണിക്കൂറ 55½ മിനിട്ട്കൊണ്ട് ഒരു പരിഭ്രമണം ഉണ്ടാകുന്നു. ബൃഹസ്പതി ഭൂമിയെക്കാൾ എത്രയോ വലിയതാണെങ്കിലും അതിന്റെ ഒരു പ

തിരുമണത്തിന്ന ദുഃഖിക്കവേണ്ടി വരുന്നതിൽ പകുതി സമയംകൂടി ആവശ്യപ്പെടുന്നില്ലെന്നുള്ള സംഗതി ആലോചിക്കുമ്പോൾ ആ പലനത്തിന്ന എന്ത് പേരാണുണ്ടായിരിക്കേണമെന്ന വായനക്കാർ ഊഹിക്കാവുന്നതാണ.

(ശുഭം)

എം. ശങ്കരപ്പൊതുവാൾ ബി. എ. ബി. എൽ.

ഒരു നീളംകുറഞ്ഞ കത്ത്

—:o:—

"കാര്യം കുഴക്കിലകപ്പെട്ടതിലാകല്ലോ. ആ കത്തുതന്നെകെട്ടവൻ അന്ന്യായംകൊടുത്തു കഴിഞ്ഞു. ഇനി ഒന്നാലോചിക്കാതെ കഴികയില്ല.' എന്നുപറഞ്ഞുംകൊണ്ടാണ കൃഷ്ണമേനോൻ ആപ്പീസ്സമുറിയിൽ കേറിവന്നത. ഞാൻ കാലത്തെ കാപ്പികുടിയും കഴിഞ്ഞ എട്ടൊമ്പതു് മണിസമയത്ത് അന്നെക്ക വെച്ചിട്ടുള്ള മൂന്നുനാല കേസ്സുകളുടെ റിക്കാർട്ടുകളൊക്കെ നോക്കികഴിഞ്ഞ കക്ഷികളെ പ്പിരിച്ചയച്ച ഒരുങ്ങിയുള്ളു. അപ്പോഴാണ കൃഷ്ണമേനോൻ വന്നത.

ഞാൻ— കുഞ്ഞുണ്ണിമേനോൻ അന്ന്യായംകൊടുത്തു ഇല്ലേ. ഞാൻ മൂന്നുനാല ദിവസം മുമ്പ കോടതിയിൽവെച്ച കേട്ടു. പക്ഷെ കാര്യത്തിന്റെ സ്വഭാവം മുഴുവനും മനസ്സിലായില്ല. സമർസ്സ് കിട്ടിയാൽ നിങ്ങൾ ഇവിടെ വരാതിരിക്കില്ലെന്നും അപ്പോൾ കാര്യം മുഴുവൻ മനസ്സിലാക്കാമെന്നും വിചാരിച്ചിരിക്കയാണ. ആയാൾ ഒരു മഹാകുനാമന്ദിക്കാരനാണെന്ന നിങ്ങൾക്കുതന്നെ പലസംഗതിവശാലും അറിവാനിടയുണ്ടായിട്ടുള്ളതാണ, പോരെങ്കിൽ ഞാനും നിങ്ങളോട പലപ്രാവശ്യവും പറഞ്ഞിട്ടുണ്ട. അങ്ങിനെ ഇരിക്കെ നിങ്ങൾ ആയാളോട എടവാട ചെയ്യാനാലോചിച്ചതേ തെററാണ.

അതൊക്കെ ഇപ്പോൾ പറഞ്ഞിട്ട കാര്യമില്ലല്ലോ. റിക്കാർട്ടുകളൊക്കെ ക്രമത്തിലൊന്ന വായിച്ചുനോക്കിയാൽ നന്ന' എന്ന പറഞ്ഞ കൃഷ്ണമേനോൻ കെട്ടഴിച്ചു.

കൃ- മേ— എന്റെവക പൂവള്ളിപറമ്പും പത്തായപുരയും അതോടുചേൎന്ന ഒരു ഇടുപറമ്പുംകൂടി വില്പാനാലോചിച്ചപ്പോൾ ഈ കുഞ്ഞുണ്ണിമേനോൻ അതെല്ലാംകൂടി ആയിരത്തിതൊള്ളായിരം ഉറുപ്പികക്കു എടുക്കാമെന്നും ആ സംഖ്യക്കു ഞാൻ കൊടുക്കാമെന്നും ഒരു ദിവസം- കഴിഞ്ഞ വൃശ്ചികം ആദ്യത്തിലാണ. ആയാൾ എന്റെ വീട്ടിൽ വന്ന സംസാരിച്ച തീൎച്ചയാക്കി. അവിടന്ന നാലൊ അഞ്ചൊ ദിവസം കഴിഞ്ഞിട്ട ആയാൾ ഇനിക്ക ഒരെഴുത്തയച്ച ആ എഴുത്താണ ഇത.

൧൦൭൨ വൃശ്ചികം ൧൫-ാംനു

ശ്രീ.

മുഖദാവിൽ കണ്ട സംസാരിച്ച പിരിഞ്ഞ കാൎയ്യത്തിൽ തീൎച്ചയാക്കും ഒരു മറുവടി ഈ എഴുത്തുകൊണ്ടുവരുന്ന ആൾവശംതന്നെ അയപ്പാനപേക്ഷ. സംഖ്യ കുറെ അധികമാണെന്നാണ ഇവിടെ ഉള്ളവരുടെ അഭിപ്രായം. സംഖ്യ കുറെകൂടി കുറഞ്ഞ കിട്ടിയാലെ നാശംകൂടാതെ ഇരിക്കയുള്ളൂ. മറുവടിക്ക കാക്കുന്നു. എന്ന രാ. രാ. ആറുപറമ്പത്ത കൃഷ്ണമേനോൻ അവൎകൾക്ക ആടലോടകത്ത കുഞ്ഞുണ്ണിമേനോൻ (ഒപ്പ)

കൃ- മേ— ഈ എഴുത്തിന്ന ഞാൻ മറുവടി അയച്ചതിന്റെ പകൎപ്പാണ ഇത. ഇത നല്ലവണ്ണം മനസ്സുവെച്ച നോക്കണം.

൧൦൭൨ വൃശ്ചികം ൧൭-ാംനു

ശ്രീ.

മുഖദാവിൽ സംസാരിച്ച കാൎയ്യത്തിൽ തീൎച്ച മറുവടി ആവശ്യപ്പെട്ട നിങ്ങൾ എഴുതിയ എഴുത്തുകിട്ടി. മുഖദാവിൽ തീൎച്ചയാക്കിയതിൽനിന്ന ഇനിയും സംഖ്യ കുറക്കുന്നതായാൽ ഇനിക്ക വലിയ നഷ്ടമുണ്ടു. പൂവ്വള്ളിപറമ്പും പത്തായപുരയും ഇടുപറമ്പോടുകൂടി ആയിരത്തിതൊള്ളായിരം ഉറുപ്പികക്കായി അന്ന തീൎച്ചയാക്കിയതല്ലെ. താങ്കളെയാണെങ്കിൽ നിങ്ങൾക്ക തരാം. അതിൽ ചുരുങ്ങിയാൽ തരമില്ല. എന്ന.........കൃ- മേ. (ഒപ്പ)

കൃ. മേ.— ഈ എഴുത്തിന്നശേഷം കുഞ്ഞുണ്ണിമേനോൻ അയച്ച എഴുത്തനോക്കണം. ഇതാ.

൧൦൬൨ വൃശ്ചികം ൨൮ാം൹

ശ്രീ.

ഇന്നലെ അയച്ച എഴുത്ത കിട്ടി അതിൽ പറയുംപ്രകാരം പൂവ്വള്ളിപറമ്പും പത്തായപുരയും മുഖദാവിൽ തീൎപ്പെടുത്തിയപോലെതന്നെ തൊള്ളായിരം ഉറുപ്പികക്ക ഞാൻ എഴുതികൊള്ളാം നിങ്ങൾ കുറച്ചതിലെന്ന പറയുന്ന സ്ഥിതിക്ക നിങ്ങളോട അതുമൊക്കെ തൎക്കം പിടിപ്പാൻ പാടില്ലല്ലൊ. ഉറുപ്പിക തയ്യാറുണ്ട, കടലാസ്സിന്ന ആളെ അയക്കുന്നു. ഇന്നുതന്നെ നിരത്തി കൈമാറികളയാം എന്ന.........കു. മേ. (ഒപ്പ്).

ഞാൻ— എന്ത ? തൊള്ളായിരം ഉറുപ്പികയൊ ! ആയിരത്തി തൊള്ളായിരം എന്നല്ലെ നിങ്ങളുടെ എഴുത്തിൽ ?

കൃ. മേ.— അതെ, എന്റെ സ്വന്തം പകൎപ്പിലതിന്നൊതന്നെയാണ. പക്ഷെ അസ്സലെഴുതിയതിൽ ഒരബദ്ധം പററി. അതാണ ഈ കുഴപ്പമൊക്കെ ഉണ്ടാക്കിയത. ആ എഴുത്ത കടലാസ്സ എടുത്ത മുമ്പെ ഒന്നിൽ പകൎപ്പെഴുതി-അതാണ ഇപ്പോൾ നോക്കിയത- മറെറാ കടലാസ്സിൽ ഇതുനോക്കി അസ്സലെഴുതി ലക്കോട്ടിലാക്കി എഴുത്തകൊണ്ടുവന്നവന്റെ കയ്യിൽ കൊടുത്തയക്കുകയും ചെയ്തു. ഇപ്പോൾ കോടതിയിൽനിന്ന ആ എഴുത്തിന്റെ പകൎപ്പ് വാങ്ങിനോക്കിയപ്പോഴാണ കാൎയ്യം മനസ്സിലായത. അതിലെഴുതിയിരിക്കുന്നത പൂവ്വള്ളിപറമ്പും പത്തായപുരയും തൊള്ളായിരം ഉറുപ്പികക്ക കൊടുപ്പാൻ ഞാൻ സമ്മതിച്ചതായിട്ടാണ.

ഞാൻ— "ഇതാണ സൂക്ഷ്മമില്ലാത്തവന്റെ മുതൽ നാണമില്ലാത്തവൻ കൊണ്ടുപോകും" എന്ന പറയുന്നതിന്റെ താല്പൎയ്യം. ഇനി ഒരുയാറം പിടിച്ചു, വേഗം കിട്ടുന്നത മേടിച്ചു വസ്തു കൊടുക്കുന്നതാണ നല്ലത.

കൃ. മേ.— അങ്ങിനെപറയാൻ വരട്ടെ, വിഡ്ഢിത്തം പററിയത ഞാൻ സമ്മതിക്കാം. മുഴുവനും കേട്ടിട്ട വല്ലതിപ്രായത്തിക്കാ

വഴിയുണ്ടോ എന്ന ആലോചിക്കാതെ കഴിയില്ല. കുഞ്ഞുണ്ണിമേനൊന്റെ ഈ എഴുത്തിന്ന ഞാൻ ആയവൎക്ക ഇങ്ങിനെ ഒരെഴുത്തയച്ചു- റോകിൻ.

൧൦൭൭ വൃശ്ചികം ൧൭-ാം നു-

ശ്രീ

നിങ്ങളുടെ എഴുത്തിൽ 'തൊള്ളായിരം ഉറുപ്പിക' എന്ന എഴുതികാണുന്നതിന്റെ അൎത്ഥം എനിക്ക മനസ്സിലാകുന്നില്ല. ഇണ്ട പറമ്പിനെപ്പറ്റി അതിൽ യാതൊന്നും പറഞ്ഞിട്ടും ഇല്ല. പൂവ്വള്ളിപ്പറമ്പും പത്തായപ്പുരയുംകൂടി തൊള്ളായിരം ഉറുപ്പികക്ക കിട്ടുന്നതല്ലെന്നും അത രണ്ടുംകൂടി ആ സംഖ്യക്ക ഞാൻ തരാമെന്ന പറഞ്ഞിട്ടില്ലെന്നും നിങ്ങൾക്ക അറിവുള്ളതാണ. പറമ്പും പുരയും വില്ക്കുന്നപക്ഷം അതോടുചേൎന്ന ചെറിയ ഇണ്ട പറമ്പുകൊണ്ട ആൎക്കും ഉപയോഗമുണ്ടാകാത്തതിനാൽ അതിന്നധികം വില കിട്ടില്ലെന്നവിചാരിച്ചാണ പൂവള്ളിപറമ്പിന്നും പത്തായപുരക്കുംകൂടി ആയിരത്തെണ്ണൂറ ഉറുപ്പികയും ഇണ്ടപറമ്പിന്ന നൂറുറുപ്പികയും കൂടി ആയിരത്തിതൊള്ളായിരം ഉറുപ്പിക ഞാൻ തരാമെന്നും നിങ്ങൾ അപ്രകാരം വാങ്ങാമെന്നും ഒന്നാം ആദ്യംകണ്ട സംസാരിച്ചപ്പോൾ നിശ്ചയംചെയ്തു പിരിഞ്ഞതും, പിന്നീടും തീൎച്ചപറയേണമെന്നാവശ്യപ്പെട്ട നിങ്ങൾ എഴുതി അയച്ചപ്പോൾ ഞാൻ നിങ്ങൾക്ക മറുപടിയായി എഴുതി അയച്ചതും ഉണ്ടായിട്ടുള്ളത. അതുപ്രകാരം നടക്കുന്നതിന്ന നിങ്ങൾക്ക സമ്മതമല്ലെങ്കിൽ ഈ കാൎയ്യത്തിൽനിന്ന ഞാൻ പിൻവലിക്കുന്നു. തൊള്ളായിരം ഉറുപ്പിക എന്ന എന്റെ എഴുത്തിൽ എഴുതീട്ടുണ്ടെങ്കിൽ അത' കയ്യബദ്ധം പറ്റിയതാണെന്ന നിങ്ങൾക്കതന്നെ ഊഹിപ്പാനിടയുള്ളതാണ. ഇനിക്ക ആ എഴുത്തൊന്ന കാണ്മാൻ അയച്ചുതന്നാൽകൊള്ളാം. എന്ന...... കു. മേ- (ഒപ്പ്).

(പകൎപ്പ്)

കു- മേ— ഇതിന്ന ബദലായി കുഞ്ഞുണ്ണിമേനോൻ അയച്ചത റജിസ്ത്രകത്താണ- ഇതാണത.

[illegible] വൃശ്ചികം [illegible]-ാംനു

(രജിസ്ത്രുകത്ത്)

മിനിഞ്ഞാന്നത്തെ എഴുത്തു കിട്ടി. മുഖദാവിൽ തീർച്ചപ്പെടുത്തിയപ്രകാരവും നിങ്ങടെ വൃശ്ചികം ൧൫-ാംനു-ലെ എഴുത്തുപ്രകാരവും നിങ്ങൾ ഇപ്പോൾ നടപ്പാൻ തയ്യാറില്ലെന്നാണു നിങ്ങടെ എഴുത്തുകൊണ്ടു ഞാൻ മനസ്സിലാക്കുന്നതു. എനിക്കു ഇതുനിമിത്തം വളരെ നഷ്ടത്തിന്നു ഇടവരും. പുല്ലുള്ളിപറമ്പും പത്തായപുരയും ഇന്ദുപറമ്പും കൂടി ഞാൻ എടുക്കാമെന്നു പറഞ്ഞതായി എനിക്കു ഓർമ്മ തോന്നുന്നില്ല. എന്നു മാത്രമല്ല ഇന്ദുപറമ്പു എനിക്കു ആവശ്യമില്ലെന്നു അന്നുതന്നെ വെളിവായി പറഞ്ഞിട്ടും ഉണ്ടു. നിങ്ങളുടെ വാക്കിനേയും എഴുത്തിനേയും വിശ്വസിച്ചു ടി സ്ഥലം ധനു ൧-ാംനു മുതൽക്കു ക്രിമിനാൽ വക്കീൽ മിസ്റ്റർ ഇട്ടിക്കോരമേനോന്നു വാടകെക്കു കൊടുക്കാമെന്നു ഞാൻ വാഗ്ദത്തം ചെയ്തും ഇരിക്കുന്നു. കരാറുപ്രകാരം ഒരാഴ്ചദിവസത്തിനകത്തു ആധാരം എഴുതി കൈമാറി വസ്തു കൈവശംതന്നില്ലെങ്കിൽ നിങ്ങടെ പേരിൽ വ്യവഹാരം കൊടുക്കുന്നതും എനിക്കു വരുന്ന സകല നഷ്ടത്തിന്നും നിങ്ങൾ ഉത്തരവാദിയാകുന്നതും ആകുന്നു. എന്നു............കു- മേ. (ഒപ്പു).

കു- മേ.— ഇതാണു റിക്കാർഡുകളുടെ സ്വഭാവം. അയാളുടെ അന്യായം എന്റെ എഴുത്തുപ്രകാരമുള്ള കരാറിനെ സ്ഥാപിച്ചു വസ്തു കൈവശം കിട്ടുവാനാണു. അതിനെപ്പറ്റി വേണ്ടവഴി ആലോചിക്കുക.

ഞാൻ— എന്റെ അഭിപ്രായത്തിൽ കേസ്സു നിങ്ങൾക്കു ദോഷമാണു. മിസ്റ്റർ ഇട്ടിക്കോരമേനോൻ അയാളുടെ മുഖ്യസാക്ഷിയാണു അല്ലേ?

കു- മേ.— അതെ, ക്രിമിനാൽ സന്നതും സിവിൽ കോടതികളിൽ പ്രാക്ടീസ്സും ഉള്ള വക്കീൽ അയാൾ മാത്രമല്ലേ ഉള്ളു.

ഞാൻ— വ്യവഹാരത്തിലെ നഷ്ടം കൂടിവരാതെ കഴിക്കണമെങ്കിൽ അയാളുടെ ഇഷ്ടപ്രകാരം വേഗം ചെയ്യൂ. നിങ്ങളുടെ കുടുമ കയ്യിൽ കിട്ടി. അതു കണ്ടുണ്ണിമേനോൻ വിടില്ല. മിസ്റ്റർ ഇട്ടിക്കോരമേനോൻ വിടുവാൻ സമ്മതിക്കുകയുമില്ല.

ശൂ-മേ — നാശം ഒന്നും കൂട്ടാക്കുന്നില്ല. ഇതിലധികം വന്നാലും സഹിപ്പാൻ ഞാൻ ത്രാണിയുള്ളവനാണെന്ന നിങ്ങൾക്കുതന്നെ അറിയാമല്ലൊ. എന്നാൽ ഞാൻ ആലോചിച്ചിട്ടോ ആലോചിക്കാതെയോ ഒരുപ്രകാരത്തിൽ ഒരിക്കൽ ഒരു സമ്മതംകൊടുത്തിട്ട പിന്നീട മറിച്ചുപ്രവൃത്തിച്ചുഎന്ന കാൎയ്യ സംബന്ധം അറിയുന്നവർ ആക്ഷേപിക്കയില്ലെങ്കിലും, മറിച്ചു പ്രവൃത്തിക്കുന്നതിനാൽ എന്റെ മനസ്സാക്ഷിക്കു ഉണ്ടാകുന്ന ഒരു ഖേദവും, അല്ലെങ്കിൽ ഈരണ്ടു ജനദ്രോഹികളുടെ ഞെരുക്കങ്ങൾക്കു കീഴടങ്ങി ഉൾപ്പെട്ട അവരുടെ ഇഷ്ടം പോലെ പ്രവൃത്തിച്ചു എന്നവരുന്നതിനാലുണ്ടാകുന്ന ഒരു സ്വാധികാരനാശവും, ഇതിനെ രണ്ടു സംഗതികൾ ഉള്ളതിൽ ഏതിനെയാണ അധികം ആലോചിക്കേണ്ടത എന്നമാത്രമാണ ഇപ്പോഴത്തെ വിചാരം.

ഞാൻ— ഈ കാൎയ്യത്തിൽ മനസ്സാക്ഷിക്കു ഖേദമുണ്ടാകേണ്ട ആവശ്യമില്ല. നിങ്ങൾക്ക ശാസ്ത്രജ്ഞാനിമിത്തം ഒരു അഭിപ്രായം പറയാമല്ലൊ. ആ അഭിപ്രായത്തെ അപേക്ഷിച്ച മനഃപൂൎവ്വമായി അന്യായമായ ലാഭം സമ്പാദിക്കാമെന്നു ഒരുങ്ങിയിരിക്കുന്നവരുടെ ദുരുദ്ദേശം ഫലിക്കാതിരിപ്പാൻ മാൎഗ്ഗമുണ്ടെങ്കിൽ അതുതന്നെയാണ മുമ്പിൽ ആലോചിക്കേണ്ടത. ആകട്ടെ, നിങ്ങൾ മുഖദാവിൽ സംസാരിച്ചു തീൎച്ചപ്പെട്ടതുപോലെ കേട്ടതായിട്ട വല്ലസാക്ഷിയും ഉണ്ടോ?

ശൂ-മേ— ഇല്ല. എന്നാൽ പറമ്പും പുരയുംകൂടി ഒരുലക്ഷം ഉറുപ്പികയിലും വളരെ അധികം വിലപിടിക്കുന്നതാണെന്നും ആയിരത്തഞ്ഞൂറുറുപ്പികക്കും കലക്കത്തരാമൻനായര ചോദിച്ചിട്ടുണ്ടെന്നും തെളിയിക്കാം.

ഞാൻ— അതിനെ ഒരു തെളിവ ആവശ്യംതന്നെ. എന്നാൽ രേഖാമൂലം ഉള്ള നിങ്ങളുടെ വെളിവായ സമ്മതത്തിനെ ആ തെളിവ എത്രത്തോളം ഇളക്കുന്നൊ? സാരമില്ല.

ശൂ-മേ— എങ്ങിനെയായാലും വേണ്ടില്ല. പാലിക്കാതിരിപ്പാൻ വിചാരിക്കുന്നില്ല. ഹൈക്കോടതിവരെ ഈ ഇട്ടിക്കോരയും മു

ട്ടിക്കൊന്തനുംകൂടി വിധി സമ്പാദിക്കട്ടെ, എന്നിട്ടുവസ്തു നടത്തിച്ചുകൊണ്ടുപോകട്ടെ ഞാൻമനസ്സാലെ കൊടുക്കയില്ലെന്നതീർച്ചതന്നെ. പുത്രധൎമ്മത്തിന്നു വിരോധമായി ഭീഷണിക്കു കീഴൊതുങ്ങുവാൻ വിചാരിച്ചിട്ടും ഇല്ല. ഇമ്മട്ടിനോട ഒരു വക്കാലത്ത എഴുതികൊണ്ടുവരുവാൻ പറയിൻ.

ജാൻ — വരട്ടെ. ഇട്ടികൊന്തമേനോൻ വക്കീലായോ സാക്ഷിയായോ ഉള്ള യാതൊരു കേസ്സിലും ഞാനും എന്നെപോലെതന്നെ മറ്റും ചില വക്കീലന്മാരും ആയാളുടെ പേരിൽ ഞങ്ങൾക്കുള്ള വെറുപ്പ കാണിപ്പാൻവേണ്ടി വക്കാലത്ത എടുക്കയില്ലെന്ന ഒരു നിശ്ചയം ചെയ്തിട്ടുണ്ട്. ഈ കേസ്സിൽ നമുക്കുരാഘവമേനവക്കാലത്തകൊടുക്കുക. ആൾ സമർത്ഥനാണ്. നല്ല ബുദ്ധിയും ആലോചനയും ഉണ്ട്. മദ്രാശിക്കാരോട വളരെ എളുപ്പക്കാരനാം മിസ്റ്ററെപോലുള്ളവൎക്ക്, അങ്ങോട്ടൊക്കെ ഒരു പക്ഷിയുമാണ്. മിസ്റ്ററെപ്പറ്റി രാഘവമേനോൻ കണ്ടാൽമതി, എവിടെവെച്ചാലും വേണ്ടതില്ലയോരോ വക്കീലായിട്ടുണ്ടെങ്കിലും പറഞ്ഞു വക്കീലാകയില്ലെന്നിൽ ഒട്ടേറെ ഉണ്ടാവാൻ മതിയാകയില്ല. അതുകൊണ്ട രാഘവമേനോൻ ഉള്ളതിൽ ആ സാധുമനസ്സ്യനായ കൂട്ടിൽ ഒരു മിനിട്ട നില്ക്കും ഇരിക്കയില്ല. രാഘവമേനോനാണ എന്റെ വക്കീൽ എന്നറിയുമ്പോൾതന്നെ മിസ്റ്ററുടെ മനസ്സ ഒന്നു ചുരുങ്ങിപ്പോകും. രാഘവമേനോന കേസ്സ മുഴുവൻമനസ്സിലാക്കി വക്കാലത്തുംതന്നെ കൊടുക്കുക. ഞങ്ങൾ ഒരുപോലെകൂടി അന്യായക്കാരനുനിന്ന ഹേലയാക്കീട്ടുള്ള അസ്സൽമേൽ ഇന്നുതന്നെ കോടതിയിൽവെച്ച പരിശോധിക്കാം. നാളെ പത്രിക തയ്യാറാക്കി കൊടുക്കാം. ഒരു എഴുത്തുകൊടുത്ത കൃഷ്ണമേനോനെ രാഘവമേനോന്റെ അടുക്കലേക്ക അയക്കുകയും ചെയ്തു.

* * *

കേസ്സ വിചാരണക്ക വെച്ച ദിവസം ജഡ്ജി വരുന്നതിന്ന പത്ത പതിനഞ്ച മിനിട്ട മുമ്പ ഞങ്ങളും വക്കീലന്മാരും ഭേദമായിട്ടുള്ള ചില കക്ഷികളുംകൂടി വക്കീൽ മുറിയിൽകൂടിയിരുന്നു. ഞങ്ങളും

ൾക്കു വെടിപറയുവാനുള്ള വിഷയം അനേകം ഒച്ചിട്ടുള്ള കിട്ടുണ്ണിമേനോന്റെ കേസ്സും മിസ്റ്റർ ഇട്ടികോരമേനോന്റെ ഓരോ കഥകളും തന്നെ ആയിരുന്നു. ഒരു വക്കീലിനൊഴികെ മിസ്റ്ററെ പറ്റി ഒരു കഥ എങ്കിലും പറയുവാനില്ലാതെ ഉണ്ടായിട്ടില്ല, മിസ്റ്റർ ഒരു കേസ്സിൽ കള്ളസാക്ഷി പറഞ്ഞ കഥ ഒരാൾ പറയുമ്പോഴേക്കു ആയാൾ മറ്റൊരു കേസ്സിൽ തന്റെ കക്ഷിക്കു ഒരു കള്ളആധാരം ഉണ്ടാക്കി കൊടുത്ത കഥ മറ്റൊരാൾ പറയും, ഉടനെ, മിസ്റ്റർ ഒരു കക്ഷിയെ അനാവശ്യമായ ഒരു വ്യവഹാരത്തിൽ ചതിച്ചിറക്കി പാപ്പരാക്കിയ കഥ വേറൊരാൾ പറയും. ഒരു നേരംപോക്കിന്റെ മദ്ധ്യേ മിസ്റ്റർ ഇട്ടികോരമേനോൻ വക്കീൽ മുറിയിലേക്കു തലയിട്ടുംകൊണ്ടു നോക്കി 'വരിൻ വരിൻ, കാര്യമൊക്കെ മനസ്സിലായി കൂട്ടിൽ കയറിയാൽ കള്ളിയൊക്കെ പുറത്തു ചാടിക്കാം' എന്നു പറഞ്ഞുംകൊണ്ടു രാഘവമേനോൻ അഭിവാദ്യം ചെയ്തു ഞങ്ങൾ എല്ലാവരെയും ചൊടിച്ചിരിച്ചതും മൂപ്പർ ഉള്ളിലേക്കിട്ട തല പുറത്തേക്കു വലിച്ചു അവിടെ നിന്നു മറഞ്ഞതും ഒരു സമയത്തുണ്ടായി. പ്രസ്തുത വ്യവഹാരത്തെപറ്റി ഞങ്ങൾ വക്കീലന്മാരെല്ലാവരുടെയും അഭിപ്രായം കൃഷ്ണമേനോന്നു ദോഷം വരുമെന്നു തന്നെ ആയിരുന്നു. എങ്കിലും രാഘവമേനോന്റെ സംസാരത്തിൽ നിന്നു അദ്ദേഹം അതിൽ എന്തോ ഒരു സൂക്ഷ്മസംഗതി കണ്ടുപിടിച്ചിട്ടുണ്ടെന്നും അതു വിസ്താരത്തിങ്കൽ വെളിപ്പെടുത്തി കേസ്സു ജയിച്ചുകൊള്ളാമെന്നു തനിക്കൊരു ധൈര്യമുണ്ടെന്നും എല്ലാവർക്കും ഊഹിപ്പാൻ ഇടയുണ്ടായിട്ടുണ്ട്. അതു ഇന്നതാണെന്നു കക്ഷിയായ കൃഷ്ണമേനോന്നു കൂടി മനസ്സിലാക്കീട്ടില്ല. എഴുത്തിൽ പൈവള്ളിപറമ്പും പത്തായപ്പുരയും തൊള്ളായിരം ഉറുപ്പികക്ക്' എന്നു എഴുതിയതു അബദ്ധം പറ്റിപോയതാണെന്നു വാദിച്ചു ജയം കിട്ടുന്നതായാൽ മതിയെന്നു മാത്രമായിരുന്നു കൃഷ്ണമേനോന്റെ മോഹം. എന്നാൽ രാഘവമേനോൻ പത്രികയിൽ ആ എഴുത്തിനെ മുഴുവൻ സമ്മതിച്ചുംകൊണ്ടു അന്യായം കളവാണെന്നുമാത്രമാണു വാദിച്ചിട്ടുള്ളതു. ഈ രണ്ടുവാദങ്ങളെയും രാഘവമേനോൻ എങ്ങിനെയാണു യോജിപ്പിക്കുന്നതു എന്നറിവാൻ ഞങ്ങൾക്കെല്ലാവർക്കും വലുതായ ജിജ്ഞാസയുണ്ടായിരുന്നു.

അതുകൊണ്ടു ജഡ്ജി ജനാൎദ്ദനാചാൎയ്യര ബെഞ്ചിൽ വന്നിരുന്നു ഈ കേസ്സ എടുത്തപ്പോൾ ബാറിൽ സകല വക്കീലന്മാരും കോട്ടിൽ തിക്കിതിരക്കികൊണ്ടു ജനങ്ങളും നിറഞ്ഞിരുന്നു.

അന്യായഭാഗം ഒന്നാംസാക്ഷി മിസ്റ്റർ ഇട്ടികോതമേനോൻ കൂട്ടിൽ കേറി സത്യം ചെയ്തിട്ടു. പ്രഥമവിസ്താരത്തിൽ തനിക്കറിവുള്ള സംഗതികളായി താഴെ പറയുന്ന പ്രകാരം കല്പിച്ചു കൊടുത്തു.

പ്രതിയായ എറുവചാരമ്പത്ത കൃഷ്ണമേനോൻ തന്റെവക പൂവള്ളിപറമ്പും അതിലുള്ള ഒരു പത്തായപ്പുരയും, വില്പാൻ വിചാരിക്കുന്നതായി കേട്ടു അന്യായക്കാരൻ ആൎദ്ദോടകത്ത കുഞ്ഞുണ്ണിമേനോന്റെ ആവശ്യപ്രകാരം കുഞ്ഞുണ്ണിമേനോനും ഞാനുംകൂടി കൃഷ്ണമേനോന്റെ വീട്ടിൽപോയി വസ്തുവാങ്ങുന്ന കാൎയ്യത്തെപ്പറ്റി സംസാരിക്കയുണ്ടായി. അന്നു പൂവ്വള്ളിപറമ്പും പത്തായപ്പുരയുംകൂടി തൊള്ളായിരം ഉറുപ്പികക്കു കൃഷ്ണമേനോൻ കൊടുക്കാമെന്നും കുഞ്ഞുണ്ണിമേനോൻ വാങ്ങാമെന്നും തീൎച്ചയാക്കിവെച്ചിരിക്കയുണ്ടായിട്ടുണ്ട. ഇതു കഴിഞ്ഞ വൃശ്ചികമാസം ഒടുവിലാണ. പിന്നീട ഒരു ദിവസം കുഞ്ഞുണ്ണിമേനോൻ എഴുതിഅയച്ചതിന്നു മറുപടിയായി കൃഷ്ണമേനോൻ കുഞ്ഞുണ്ണിമേനോന്നു ഒരു എഴുത്തയച്ചതു കുഞ്ഞുണ്ണിമേനോന്നു കിട്ടുമ്പോൾ ഞാൻ കുഞ്ഞുണ്ണിമേനോന്റെ വീട്ടിലുണ്ടായിരുന്നു. ആ എഴുത്തിലും മേൽപറഞ്ഞപ്രകാരം സമ്മതിച്ചു എഴുതീട്ടുണ്ടു. (ആ എഴുത്തു കാണിച്ചു 'എ' എന്നടയാളമിട്ടു ഫയലാക്കി).

കൃഷ്ണമേനോൻ രാഘവമേനോന്റെ പിന്പുറത്തു കൂട്ടിൽ വിരല്വെച്ചു വല്ലാത്ത വെറുപ്പും ദേഷ്യവും കലൎന്ന ഒരു ഭാവത്തിൽ ഇട്ടികോതമേനോന്റെനേരെനോക്കികൊണ്ടു നില്ക്കുന്നു.

ജഡ്ജി— (രാഘവമേനോന്റെ നേരെനോക്കി) നിങ്ങൾ 'എ' എന്ന എഴുത്തിനെ പത്രികയിൽ സമ്മതിക്കുന്നുണ്ടു, ഇല്ലേ?

രാ— മെ- ഉവ്വ

ജഡ്ജി— നിങ്ങൾ പിന്നെയെന്താ ഈ കേസ്സിൽ തെളിവുകൊടുക്കാൻ പോകുന്നതു?

രാ— മെ- ഞങ്ങൾക്ക അന്യായക്കാരനെ മാത്രം വിസ്തരിക്കാനുണ്ടു അത്രെയുള്ളു.

ജഡ്ജി— എന്നാൽ ഈ സാക്ഷിയുടെ എതൃവിസ്താരം തുടങ്ങു.

രാഘവമേനോൻ ഇതിന്നുത്തരം പറഞ്ഞത 'ഈ സാക്ഷിയെ എതൃവിസ്താരം ചെയ്തു കോടതിയുടെ സമയം കളഞ്ഞിട്ട എൻറെ കെസ്സിന്ന ഒരു പ്രയോജനവും ഇല്ല.' എന്നായിരുന്നു. അതുവരെയും എതൃവിസ്താരത്തിൽ രാഘവമേനോൻറെ അസ്ത്രങ്ങൾ തൻറെ ഏതേത മർമ്മങ്ങളിലൊക്കെയാണ വന്നുതറക്കാൻ പോകുന്നത എന്ന ഭയപ്പെട്ട കൊണ്ട കൂട്ടിൽ നിന്നിരുന്ന മിസ്റ്റർ, എതൃവിസ്താരത്തിന്ന ഭാവമില്ലെന്ന രാഘവമേനോൻ പറഞ്ഞപ്പോൾ താൻ എന്തൊ അതിഭയങ്കരമായ ഒരു അപകടത്തിൽ ചാടുവാൻ പോയപ്പോൾ ദൈവഗത്യാ ആരോ തന്നെ അതിൽനിന്ന എങ്ങിനെയോ രക്ഷപ്പെടുത്തിയാൽ ഉണ്ടാവുന്ന ഒരു ഭാവത്തോടു കൂടി കൂട്ടിൽനിന്നിറങ്ങി ബാറിൽ തൻറെ സ്ഥാനത്ത വന്നിരുന്നു. മിസ്റ്ററെ ഇങ്ങിനെ ഉപായത്തിൽ വിട്ടയച്ച കാര്യത്തിൽ ക്രൂഷ്ണമേനോന നല്ല സുഖമായില്ല. ബാറിൽഇരുന്നവരിൽ വളരെ ആളുകൾക്കും അങ്ങിനെതന്നെ (അന്യായക്കാരനെ കൂട്ടിൽ കേറ്റി സത്യംചെയ്യിച്ചു.)

രാ- മേ— (ഡി' എന്ന രേഖ എടുത്തുകാണിച്ചു) ക്രൂഷ്ണമേനോൻറെ എഴുത്താണിത അല്ലെ ?

ക്രൂ- മേ— അതെ, എനിക്കയച്ചതാണ.

രാ- മേ— ക്രൂഷ്ണമേനോൻറെ കയ്യക്ഷരം കണ്ടാലറിയുമൊ ?

ക്രൂ- മേ— ഉവ്വ.

രാ- മേ— (ഒരു എഴുത്തിന്ന ക്രൂഷ്ണമേനോൻറെ കൈവശം ഉണ്ടായിരുന്ന പകർപ്പെടുത്ത കാണിച്ചു) ഇതും ക്രൂഷ്ണമേനോൻറെ കയ്യക്ഷരമല്ലെ ?

(അതിനെ 'ഫ' എന്ന അടയാളമിട്ടു)

ക്രൂ. മേ— എനിക്ക തീർച്ചപറവാൻ വയ്യ.

രാ. മേ— ക്രൂഷ്ണമേനോൻറെ കയ്യക്ഷരം കണ്ടാലറിയും എന്ന പറഞ്ഞില്ലെ. ഒന്നുകൂടി നന്നനോക്കി പറയു.

ക്രൂ. മേ— ക്രൂഷ്ണമേനോൻറെ എഴുത്തപോലെ ഇരിക്കുന്നുണ്ട.

രാ. മേ— അത്രെ പറവാൻ കഴികയുള്ളു ? ഒന്നുകൂടി നോക്കി പറയു.

കൃ. മേ— ശാരത കൃഷ്ണമേനോൻ തന്നെ.

രാ. മേ— നിങ്ങളുടെ ഭാഗത്തുനിന്നു ഹാജരാക്കിയ 'ഏ' എന്ന രേഖയും പ്രതിഭാഗം 'ബി' എന്ന രേഖയും തമ്മിൽ സാരമായ വല്ല വ്യത്യാസവും ഉണ്ടോ ? ഉണ്ടെങ്കിൽ എന്താണ ?

കൃ. മേ— 'ബി' എന്ന രേഖയിൽ ചിലതെല്ലാം കൂട്ടി എഴുതീട്ടുണ്ട.

രാ. മേ— 'ബി' എന്ന എഴുത്തിൽ കൂട്ടിയെഴുതികാണുന്നത 'ഏ' എന്ന എഴുത്തിൽ ഇല്ല. അതല്ലെ നിങ്ങൾ പറയുന്നത ?

കൃ. മേ— അതല്ല. 'ഏ' എന്ന എഴുത്തിൽ ഇല്ലാത്ത ചില സംഗതികൾ 'ബി' എന്ന എഴുത്തിൽ കൂട്ടി എഴുതിയിട്ടുണ്ട എന്നാണ്.

രാ. മേ— 'ഏ' എന്ന രേഖയും 'ബി' എന്ന രേഖയും കൂടി നോക്കിയാൽ രണ്ടുകടലാസ്സുകളും തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ ? ഈ ചോദ്യത്തിന്നു സമാധാനം പറവാൻ കൃഷ്ണമേനോൻ കൂട്ടിൽനിന്നു പരുങ്ങുന്നസമയത്ത രാഘവമേനോൻ പെട്ടെന്ന ഒച്ച ഉയത്തിയും മുഖഭാവം വല്ലാതെ ഒന്നു പകർന്നുംകൊണ്ടു അതിന്നു തുടർച്ചയായിതന്നെ 'വ്യത്യാസങ്ങളുണ്ടെങ്കിൽ എന്തെല്ലാമെന്ന പറയു, വേഗംപറയു' എന്ന ഇടിവെട്ടുന്നമാതിരി ഒരു ചോദ്യംകൂടി ചെയ്തു. രണ്ടുകടലാസ്സുകളും തമ്മിൽ ഒരു വ്യത്യാസം മാത്രം ഉള്ളത തനിക്കറിവുള്ളതിനാൽ അതിനെ അപ്പോൾ പറയുന്നത താൻ ചെയ്ത കൃത്രിമത്തെതന്നെ വെളിപ്പെടുത്തുവാൻ സഹായിക്കുമല്ലൊ എന്ന ഭയപ്പെട്ടു 'വ്യത്യാസമില്ല. ഒരേതരത്തിലുള്ള എഴുത്തുകടലാസ്സുകളാണ' എന്ന മറുപടിപറഞ്ഞു.

രാ. മേ— 'ഏ' എന്ന രേഖയിൽ ആദ്യത്തെഭാഗത്ത ഒടുവിലെ വരിവായിക്കു.

കൃ. മേ— 'പുവ്വള്ളിപറമ്പും പത്തായപുരയും'

രാ. മേ— 'ബി' എന്ന രേഖയിൽ ഒടുവിലത്തെവരി എന്താണ.

കൃ. മേ— 'തുണ്ടുപറമ്പോടുകൂടി ആയിരത്തി'

രാ. മേ— ഇനി 'ഏ' എന്ന രേഖയിലെ ഒടുവിലെവരിയും 'ബി' എന്ന രേഖയിലെ ഒടുവിലെവരിയും കൂട്ടിവായിക്കു.

ക. മേ— "ഇരുപത്തൊന്നാമാണ്ടോടുകൂടി ആയിരത്തി പൂവ്വള്ളിപറമ്പും പത്തായപുരയും" എന്നു വായിക്കുന്നു.

കാ. മേ— അമ്പമ്പടകേമ! ചെയ്തിട്ടുള്ള കൃത്രിമം ഇന്നതാണെന്ന് ഇനിക്കു മനസ്സിലായിട്ടില്ലെന്നു വല്ല ശങ്കയും ഉണ്ടെങ്കിൽ അതു തീരെ കളഞ്ഞേക്കണം. ആ രണ്ടുവരികളും ക്രമംപോലെ കൂട്ടിവായിക്കൂ.

ക. മേ— ഇപ്പോൾ വായിച്ചപോലെയല്ലാതെ വേറെ വിധത്തിലിനിക്കു വായിക്കാൻ അറിഞ്ഞുകൂടാ.

കാ. മേ— എനിക്കറിയാം. രണ്ടാമതായി വായിച്ച വരിയെ മുമ്പിൽചേർത്തുവായിക്കൂ.

ക. മേ— ചേർത്തുവായിക്കുന്നതെന്തിന്? ഞാൻ വായിച്ചിട്ട് ആവശ്യമെന്താണ്?

ജഡ്ജി. ഉം— കോടതിയാണെന്ന് ഓർമ്മവേണം. ചോദിച്ചതിന്നുത്തരം ശരിയായി പറയൂ.

ക. മേ— (കണ്ണും കാലും വിറയലും ദേഹത്തിൽ വിയർപ്പും തുടങ്ങി) "പൂവ്വള്ളിപറമ്പും പത്തായപുരയും ഇരുപത്തൊന്നാമാണ്ടോടുകൂടി ആയിരത്തി" എന്നു വായിക്കുന്നു.

കാ. മേ— ഇതാണല്ലൊ 'ഇ' എന്ന രേഖയിലെ ആദ്യത്തെ ഭാഗത്തുള്ള ഒടുവിലെ രണ്ടുവരികളും കൂടി വായിച്ചാൽ കിട്ടുന്നത്?

ക. മേ— അതെ.

കാ. മേ— ഒന്നാമത്തേതിലും രണ്ടാമത്തെ ഭാഗങ്ങളും തമ്മിൽ ഒത്തുനോക്കിവായിച്ചാൽ കൂട്ടത്തിലൊ കുറവൊ കാണുന്നുണ്ടോ?

ക. മേ— ഇല്ല.

കാ. മേ— ഇനി രണ്ടാമത്തെ ഭാഗത്തോടുകൂടി വായിച്ചാൽ "പൂവ്വള്ളിപറമ്പും പത്തായപുരയും ഇരുപത്തൊന്നാമാണ്ടോടുകൂടി ആയിരത്തിതൊള്ളായിരം ഉറപ്പിക്ക്" എന്നു കിട്ടില്ലെ?

ക. മേ— ഉവ്വ്. (കണ്ടുണ്ണിമേനോൻ ജഡ്ജിയുടെയും പിന്നീട ഇട്ടിക്കോമ്പമേനോന്റെയും മുഖത്ത പരുങ്ങലോടുകൂടി നോക്കുന്നു)

രാ. മേ— രണ്ടെഴുത്ത കടലാസ്സുകളും തമ്മിൽ വ്യത്യാസമില്ലെന്ന മുമ്പ ബോധിപ്പിച്ചില്ലെ. എന്നാൽ സാരമായ ഒരു വ്യത്യാസമുണ്ടെന്ന ഞാൻ ബോധ്യപ്പെടുത്തിത്തരാം. 'ഫ' എന്ന രേഖയുടെ മീതെ 'ഏ' എന്ന രേഖയെ വെച്ച രണ്ടിന്റെയും മുകൾഭാഗം ഒപ്പിച്ച പിടിച്ചുനോക്കു.

(കണ്ടുണ്ണിമേനോൻ അപ്രകാരം ചെയ്യുന്നു)

രാ. മേ— അടിയിൽ വെച്ചിട്ടുള്ള 'ഫ' എന്ന രേഖയിലെ ഒപ്പുകളോടുകൂടി 'ആയിരത്തി' എന്ന വരി 'ഏ' എന്ന രേഖയുടെ താഴത്തെ വക്കുവിട്ട പുറത്തേക്ക തള്ളികാണുന്നില്ലെ?. (കണ്ടുണ്ണിമേനോൻ ഉത്തരം പറയാതെ കൂട്ടിൽനിന്ന പരുങ്ങി തുടങ്ങി. തന്റെ മുമ്പുതന്നെ തുടങ്ങിയ വിറ ഒന്നു അധികമാവുകയും മുഖം പാടെ കറുത്തു വിയൎപ്പൊലിച്ച ഒലിച്ചിറങ്ങുകയും ചെയ്തു. മിസ്റ്റർ ഇട്ടിക്കോമ്പമേനോന്റെ മുഖം ഒക്കെ പ്രസാദം കുറഞ്ഞ വിളൎത്തു തുടങ്ങി) തള്ളികാണുന്നില്ലെ പറയു ആ ഒരു വരി 'ഏ' എന്ന രേഖയിൽനിന്ന വെളിക്കുള്ളത ബോറാം മദ്ധ്യത്തിൽ വെച്ചു കത്തിരി അസാരം പാളിപ്പോയിട്ടുള്ളത അത്ര വകവെക്കേണ്ട. മറുപടി പറയു, വേഗം പറയു.

കണ്ടുണ്ണിമേനോൻ എഴുത്തിൽ പ്രവൃത്തിച്ച കൃത്രിമം ഇന്നതാണെന്ന അവിടെ ഉണ്ടായിരുന്ന എല്ലാവൎക്കും പെട്ടെന്ന മനസ്സിലായതും, ജനാൎദ്ദനാചാൎയ്യർ ബെഞ്ചിൽനിന്ന 'റാസ്കാൾ' എന്ന ഒരു ശബ്ദം പുറപ്പെടുവിച്ച കണ്ടുണ്ണിമേനോന്റെ നേരെയും ഇട്ടിക്കോമ്പമേനോന്റെനേരെയും തീക്ഷ്ണമായി ഒരൊന്ന നോക്കിയതും കണ്ടുണ്ണിമേനോൻ തലചുറ്റി കൂട്ടിന്നുള്ളിൽ വീണതും ഏകസമയത്താണുണ്ടായത. രണ്ടു മൂന്ന ശിപായിമാർ വന്ന കണ്ടുണ്ണിമേനോനെ പതുക്കെ കൂട്ടിൽനിന്ന വലിച്ച പുറത്തേക്കെടുത്ത ജഡ്ജിയുടെ കല്പനപ്രകാരം പുറത്തെ കാറ്റത്തേക്കുകൊണ്ടുപോയി കിടത്തി. ഈ ലഹളയുടെ ഇടയിൽ നമ്മുടെ മിസ്റ്റർ ആരും അറിയാതെ പുറത്തേക്കചാടി.

എഴുത്തിൽ കുഞ്ഞുസ്റ്റീമേനോൻ ചെയ്ത കൃത്രിമപ്രയോഗം വായനക്കാർക്ക് എളുപ്പത്തിൽ മനസ്സിലാവാൻവേണ്ടി താഴെ ആ എഴുത്തിന്റെ ഒരു ഛായ കാണിക്കാം.

[illegible] ശ്രീ [illegible]	അതാതു ദിവസം ഉറപ്പിക്കായി [illegible] തിട്ടപ്പെടുത്തിയതല്ല [illegible] കുഞ്ഞുസ്റ്റീമേനോൻ [illegible] (ഒപ്പ്).

എഴുത്തിന്റെ ഒന്നാം ഭാഗം

എഴുത്തിന്റെ രണ്ടാം ഭാഗം

* * *

കുഞ്ഞുസ്റ്റീമേന്റെ അന്യായം ചിലവുസഹിതം തള്ളി എന്നു പ്രത്യേകിച്ചു പറയേണ്ടല്ലോ. എന്നാൽ അവിടെ വ്യവഹാരം അവസാനിച്ചില്ല. ചുരുക്കിപ്പറയുന്നതായാൽ നമ്മുടെ കുഞ്ഞുമേനോൻ റിക്കാർട്ട് കെട്ടിവെച്ചതു മറ്റുള്ളവരെ ബോധിപ്പിക്കുവാൻ അയച്ചതിന്നശേഷമാണ്. ഒടുക്കം ക്രിമിനൽ കേസായി കുഞ്ഞുസ്റ്റീമേനെ ചങ്ങലവെപ്പിച്ച് ജേലിലേക്കും മിസ്റ്റർ മുകുന്ദമേനോൻ ഇട്ടിക്കോരമേനോനെ സന്തോഷം വെപ്പിച്ചു വീട്ടിലേക്കും.

സി. എസ്. ഐ. പി.

പത്രചരിത്രം.

ശ്രീ.

ഇഹലോകത്തിലുള്ള സകല ചരാചര വസ്തുക്കളുമെന്നവേണ്ട അനന്തമായ ബ്രഹ്മാണ്ഡകടാഹം തന്നെ സൃഷ്ടിമഹിതിയിലു

കാരണമായ ഒരു മഹാശക്തിക്കധീനമാകുന്നതല്ലൊ പൂർവീകന്മാരായ വിദ്വാന്മാർ യുക്തിപൂർവ്വം അഭിപ്രായപ്പെട്ടിട്ടുള്ളത്. കാലദേശാവസ്ഥകളെ അനുസരിച്ച് സകല പദാർത്ഥങ്ങൾക്കും, ഉദയം, വൃദ്ധി, ക്ഷയം, എന്നിവയെ ക്രമപ്പെടുത്തുന്നത് ഉദാസീനന്മാരായ ശാസ്ത്രജ്ഞന്മാരും സമ്മതിക്കുന്നത്. അനുഭവത്തിൽനിന്നുള്ള ജ്ഞാനമാണ് ഈ വക സാമാന്യമായുള്ള സകല അഭിപ്രായങ്ങൾക്കും അടിസ്ഥാനമായിരിക്കുന്നത്. പല കാലങ്ങളിലായിട്ട് പലരുടെയും അനുഭവങ്ങളെ ഒത്തുനോക്കി അവയുടെ സാരത്തെ സംഗ്രഹിച്ചുണ്ടാവുന്ന ജ്ഞാനം മാത്രമേ യുക്തികൊണ്ടും വിശ്വാസയോഗ്യമായിരിക്കയുള്ളൂ. ചരിത്രത്തിന്റെ അപേക്ഷകൂടാതെ ഇതു സാധിക്കുന്നതുമല്ല. എന്നാൽ ഈ ലേഖനത്തിൽ പത്രചരിത്രത്തെക്കുറിച്ചുമാത്രമാണ ഞാൻ ചിലതു പറവാൻ ഉത്സാഹിച്ചിട്ടുള്ളത്.

ലോകവർത്തമാനങ്ങളിൽ താല്പര്യത്തോടുകൂടിയ നാനാദേശവാസികളുടെയും ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്ന വർത്തമാനപത്രത്തിന്റെ ജന്മഭൂമി ജർമ്മനിയിലുള്ള ഫ്രാങ്ക്ഫർട്ട് ഓൺ മേയിൻ (Frankfort-on-Main) എന്ന സ്ഥലമാകുന്നു. കച്ചവടാവശ്യത്തിനുവേണ്ടി രാജ്യക്ഷേമങ്ങളെപ്പറ്റി വ്യാപാരികളുടെയിടയിൽ നടന്നുകൊണ്ടിരുന്ന വർത്തമാനക്കത്തുകളെ അടിസ്ഥാനമാക്കി ഇഗ്നോൾഫ് എമ്മൽ (Egnolph Emmel) എന്ന വ്യാപാരി 1615 ൽ ആരംഭിച്ച ഫ്രാങ്ക്ഫർട്ടർ (Fankfurter journal) എന്ന പ്രസിദ്ധപത്രമാണ സാധാരണ ലക്ഷണങ്ങളോടുകൂടി ആദ്യമായി പുറപ്പെട്ടിട്ടുള്ള വർത്തമാനപത്രം. അതേ കാലത്തിൽ ആന്റ്‌വെർപ്പ് (Antwerp) എന്ന ദിക്കിൽ ന്യൂമാർട്ടിൻഡിംഘൻ (Nieune Tindinghen) എന്ന പേരോടുകൂടി ആ തരത്തിൽത്തന്നെ വേറെ ഒരു പത്രവും ജനിച്ചു. ഐശ്വര്യാദി സമ്പത്തുകൾ സമ്പൂർണ്ണമായിരിക്കുന്ന ലണ്ടൻ പട്ടണത്തിന്നു ഒരു പത്രംകൂടി ഉണ്ടാവാൻ പിന്നെയും ഏഴുകൊല്ലം കഴിയേണ്ടതായിരുന്നു. നതാനൽബട്ടർ (Nathanel Butter) എന്ന മഹാന്റെ ബുദ്ധിശക്തിയുടെ ഫലമായി 1622-ൽ അവിടെയും ഒരു പത്രസന്താനമുണ്ടായി. ആ ശി

ത്തുവാണ ഒന്നാമതു പുറപ്പെട്ട വീക്ക്‌ലിന്യൂസ്സ് (Weekly News) എന്ന പത്രം. വർത്തമാനപത്രം എന്നതു് ഭക്ഷണസാധനമാണോ പാനീയമാണോ എന്നു ചോദിക്കുവാൻ തക്ക നിലയിലായിരുന്നു മലയാളത്തിലെ എന്നുവേണ്ട ഭാരതവർഷത്തിലേയും അക്കാലത്തെ സ്ഥിതി. ആദ്യകാലത്തു് പത്രങ്ങളിൽ പ്രതിപാദിച്ചിരുന്ന വിഷയം കച്ചവടകാര്യങ്ങളെ സംബന്ധിച്ചായിരുന്നതുകൊണ്ടു് പത്രങ്ങളും വണിഗ്വർഗ്ഗങ്ങളിലൊന്നാണെന്നായിരുന്നു ജനങ്ങളുടെ വിചാരം. പ്രസിദ്ധ പത്രങ്ങളിൽ സ്വിഫ്റ്റ് (Swift) എന്ന മഹാന്റെ ഡെയിലി കൊറാന്റ് (Daily courat) ക്രിസ്താബ്ദം 1703-ലും പത്രഗ്രന്ഥങ്ങൾക്കു മാതൃകയായി സ്റ്റീഫൻവില്ലൻറ്റ് എടുത്തുകൊള്ളത്തിന്റെ ...ത്തിയിൽ ജനിച്ച സഹോദരന്മാരാകുന്നു. രാജ്യകാര്യങ്ങളെപ്പറ്റി 1704-നും 40-നും മദ്ധ്യേ മേൽപറഞ്ഞ പത്രാധിപന്മാർ തങ്ങളുടെ പത്രങ്ങളിൽ പ്രസ്താവിപ്പാൻ തുടങ്ങിയതുമുതൽക്കു മുഖ്യലേഖനം (Leading article) എന്ന വിശേഷപ്പേരിന്നിടയായി തീർന്നു. സന്ദർഭോചിതങ്ങളായ കാര്യങ്ങളോടുകൂടി പരിഷ്കൃത രീതിയിലുള്ള പത്രങ്ങൾ പുറപ്പെട്ടിട്ട് 50 കൊല്ലം കഴിഞ്ഞിട്ടില്ല. രാജ്യങ്ങളെ പ്രതിപാദിക്കുന്നവയെക്കാൾ രാജ്യകാര്യങ്ങളെ പ്രതിപാദിക്കുന്ന പത്രങ്ങൾക്കു ക്രമേണ പ്രചാരം കൂടിത്തുടങ്ങി. പത്രങ്ങൾക്കു പ്രചാരം വർദ്ധിക്കും തോറും പത്രാധിപന്മാർക്കു സ്വാതന്ത്ര്യവും കൂടിവന്നു. രാജ്യതന്ത്രങ്ങളിലുള്ള വീഴ്ചകളെ ഉടനുടൻ പരസ്യപ്പെടുത്തുന്നതുകൊണ്ടു് തന്ത്രവിദ്വാന്മാർക്കു പത്രങ്ങളുടെനേരെ നീരസത്തിന്നിടയായി. അവർ പത്രാധിപന്മാരെ കാരാഗൃഹപ്പെടുത്തുവാൻ ശ്രമിച്ചിരുന്നു എങ്കിലും ഫലിച്ചതു കുറച്ചുമാത്രമാണു. ശകാരം, താക്കീതു, തടവു, ഇന്നുവേണ്ട ജീവഹാനികൂടി സംഭവിക്കുന്നതായാലും അവയെല്ലാം ക്ഷമയോടുകൂടി സഹിച്ചു് പൊതുജനങ്ങളുടെ അഭിപ്രായം പത്രങ്ങളിൽ പ്രസ്താവിക്കുന്നതു് പത്രാധിപന്മാരാണെന്ന അക്കാലത്തെ ധൈര്യത്തെ പാർക്കേണ്ടതായിട്ടുണ്ടു. ഉത്തമരീതിയിൽ നടത്തപ്പെടുന്ന പത്രങ്ങൾ ലോകപ്രതിനിധികളായി തീർന്നു. പത്രങ്ങൾക്കു പ്രചാരം വർദ്ധിച്ചുകൊണ്ടിരുന്ന കാലത്തു ഗവർമ്മെന്റിലേക്കു പത്രവരിക്കൊള്ള

ർക്കെണമെന്നുള്ള ഏർപ്പാടുവന്നു. വരിസംഖ്യ പത്രങ്ങളുടെ താരതമ്യംപോലെ അരപ്പെന്നിമുതൽ നാലുപെൻസ് വരെയുണ്ട്. വരിനടപ്പാക്കിയതോടുകൂടി ചില പത്രങ്ങളുടെ പ്രചാരം തീരെ നിന്നുപോയിയെങ്കിലും പിന്നീടുണ്ടായ വൎദ്ധന താഴെ കാണുന്നവിധത്തിലായിരുന്നു. ബ്രിത്തനിയിൽ പത്രങ്ങളും പത്രഗ്രന്ഥങ്ങളും കൂടി 1782-ൽ 50-ം 1793-ൽ 72-ം 1846-ൽ 228-ം ഇങ്ങിനെ ക്രമത്തിൽ വൎദ്ധിച്ചു 1900-ാമതിൽ 2902- എന്ന തുകയിൽ എത്തി. ഇവയിൽ 258 പ്രതിദിനപത്രങ്ങളാകുന്നു. 1622-ൽ ഏകപത്രവിഷയമായിരുന്ന ലണ്ടൻകുടുംബത്തിൽനിന്ന് 659- പത്രസന്താനങ്ങളുണ്ടായിരുന്നു. ഇവയിൽ 40 എണ്ണം പരോപകാരത്തിനുവേണ്ടി ദിനസരി അച്ചടിക്കുന്നവയാണ്. എല്ലാവിധ രാജ്യങ്ങളേയും പ്രത്യേകം ഘോഷിക്കുന്നവയും ധാരാളമുണ്ട്. ഇത്ര വലിയ ഒരു കുടുംബത്തിൽ ഇടക്കിടെ ബാലമരണം ഉണ്ടായിട്ടുണ്ടെങ്കിലും അതിനെപ്പറ്റി വ്യസനിക്കാനില്ല.

ഇംഗ്ലീഷ പത്രങ്ങളിൽ അധികം പ്രചാരമുള്ളത 1843-ൽ ആരംഭിച്ച 'ന്യൂസ്ഓഫ്ദി വാർൾഡ്' (News of the world) എന്ന പ്രതിവാരപത്രമാകുന്നു. ഇതിന്ന ശരാശരി 109106 വരിക്കാരുണ്ടുത്രെ. 1785മുതൽക്കു നടത്തിവരുന്ന 'ടയിംസ്' (Times) എന്ന ദിനസരിപത്രത്തിന്ന് ശരാശരി 51618 പ്രതിദിനപ്രചാരമായിരിക്കുന്നു. വൎത്തമാനങ്ങൾകൊണ്ടും പ്രചാരംകൊണ്ടും ഇതിനെ കവച്ചുവെക്കുന്ന പത്രങ്ങളുണ്ടെങ്കിലും സംഭവങ്ങളുടെ സൂക്ഷ്മഗ്രഹണവും കാൎയ്യകാൎയ്യവിവേചനശക്തിയും ഇതുപോലെ മറ്റൊരു പത്രത്തിനും ഇല്ലെന്ന പരക്കെ സമ്മതിച്ചിട്ടുള്ളതാണ. ഗൌരവമേറിയ സംഗതികളിൽ ഗവൎമ്മെണ്ടിന്ന സംശയമുണ്ടായാൽ ടൈംസ്സിന്റെ അഭിപ്രായത്തെ അനുസരിച്ച് പ്രവൃത്തിച്ചിട്ടുള്ള കാൎയ്യങ്ങൾ അനവധിയുണ്ടായിട്ടുണ്ട്. ഈതരത്തിലൊരു മാഹാത്മ്യം പത്രത്തിനുണ്ടാവാനിടവന്നാൽ (വന്ന കാൎയ്യംപലരെസംശയത്തിലാണ്) അതിനെപ്പഹിച്ചുപോരുന്നതെല്ലാമെന്നു ചിലർ ശങ്കിക്കുന്നുണ്ടെങ്കിൽ ഇങ്ങിനെയുള്ള അസാദ്ധ്യപ്രവൃത്തി ചെയ്യുന്നതുകൊണ്ടുമാത്രമല്ലെന്നും മൂന്നുനാഴിക നീളമുള്ള ഒരു കടലാസ്സ് അച്ചടിച്ചു, മടക്കി,

ചെട്ടി, 2500-ത്തോളം വൎത്തമാനപത്രങ്ങളാക്കിത്തീൎക്കുന്നതിന്നു ഒരു മണിക്കൂറിലധികം സമയം ആവശ്യപ്പെടാത്തതായ യന്ത്രപ്പണിത്തരങ്ങളുടെ ശക്തിവിശേഷംകൊണ്ടാണെന്നും പറയുമ്പോഴേ സംശയം തീരുന്നതാണല്ലോ. ഇനി ഭാരതവൎഷത്തിൽ പ്രവേശിച്ചു നോക്കട്ടെ.

ഇൻഡ്യയിൽ ഏതുകാലംമുതൽക്കാണ പത്രം ഉത്ഭവിച്ചിട്ടുള്ളതെന്നു താഴെ പറയുന്ന സംഗതികളിൽനിന്നനുമാനിക്കാമെന്നല്ലാതെ നിശ്ചയിച്ചു പറയുന്നതിന്നതക്ക തെളിവൊന്നും കാണുന്നില്ല. നാലാമത്തെ ഗവൎണ്ണർജനറാളായിരുന്ന ലാൎഡ്വെല്ലസ്ലി (Lord Wellesley) യുടെ കാലംമുതൽക്കാണ് വൎത്തമാനപത്രങ്ങളേപ്പറ്റി ചിലതെല്ലാം പ്രസ്താവിച്ചുകാണുന്നതു. അന്ന് പത്രങ്ങൾക്കും മുദ്രാലയങ്ങൾക്കും അശേഷം സ്വാതന്ത്ര്യം ഉണ്ടായിരുന്നില്ല. ഗവൎമ്മേണ്ടിന്നോ മതങ്ങൾക്കോ വിരോധമുണ്ടാവാനിടയുള്ള വൎത്തമാനങ്ങൾ പത്രങ്ങളിൽ പ്രസ്താവിച്ചിരുന്നാൽ പത്രാധിപന്മാരിൽ ഇംഗ്ലീഷുകാരെ ശീമയ്ക്കു അയക്കുകയും മറ്റുള്ളവരെ ശിക്ഷിക്കുകയും പതിവായിരുന്നു. 1794-ൽ കൽക്കട്ടയിലുണ്ടായിരുന്ന വേൾഡ് (World) എന്ന പത്രത്തിൽ സൈന്യങ്ങൾക്ക് ദ്വേഷഹേതുജനകമായ സംഗതി പ്രസിദ്ധപ്പെടുത്തിയ കാരണത്തിന്നു പത്രാധിപർ മിസ്റ്റർഡ്വൈയാൻ (Dwane) എന്നാളെ ബിലാത്തിക്കയച്ചു. അടുത്ത കൊല്ലത്തിൽതന്നെ മജിസ്ത്രേട്ടിന്റെ നടപടിയെപ്പറ്റി ടെല്ലിഗ്രാഫ് (Telegraph) എന്ന പത്രത്തിൽ പ്രസ്താവിച്ചകാരണത്താൽ ആ പത്രാധിപക്കും ഇൻഡ്യാരാജ്യം ഉപേക്ഷിക്കേണ്ടിവന്നു. മറ്റൊരു സംഗതിക്ക് കൽക്കട്ടജൎണ്ണലിന്റെ പത്രാധിപൎക്കും ഇൻഡ്യ വിട്ടുപോകുവാനുള്ള കല്പനകിട്ടി. ഇതിന്നു ശേഷം 1823-ൽ അച്ചടിലൈസൻസ്സാക്ട് നടപ്പാക്കി. അതുകൊണ്ടു ലൈസൻസ്സ് കൂടാതെ ഏൎപ്പെടുത്തുന്ന മുദ്രാലയങ്ങളെയും ആവശ്യമെന്നുതോന്നുന്നപക്ഷം ഒരു വ്യക്തിയുടേയോ പത്രത്തിന്റെയോ പ്രചാരത്തെയും ഇല്ലായ്മചെയ്യുന്നതിന്നും ഗവൎമ്മേണ്ടിലേക്കു അധികാരം സിദ്ധിച്ചു. ഈ അധികാരം ആദ്യമായി ചെലുത്തിയതു കൽക്കട്ടജൎണ്ണലിന്റെ നേരെതന്നെയായിരുന്നു. പരിഷ്കാരത്തിന്റെ

ശാസകന്മാർ ഈവിധം പൊതിപ്പിടിച്ചിരുന്ന കാലത്തും പരാക്രമംകൊണ്ടു പൊട്ടിപ്പുറപ്പെട്ട ദീനപ്രസംഗംപോലെ ഇടക്കിട ചില പത്രങ്ങൾ ഉത്ഭവിച്ചിരുന്നു. അവയെല്ലാം അല്പപ്രചാരംകൊണ്ടു അകാലമരണം പ്രാപിച്ചുവരുന്നു. ചെലുസർ സ്റ്റാകു മെറ്റ്കാഫ് (Metcalph) എന്ന മഹാമാന്യൻ കാലത്ത 1836 ൽ ഗൃഹ്യപ്പെടുത്തി പത്രങ്ങളിൽ അഭിപ്രായം യഥേഷ്ടം (വെളി)പ്പെടുത്താനുള്ള സ്വാതന്ത്ര്യം കൊടുത്തു. അത 1857വരെ നിലനിന്നു. അതിനിടയിൽ 5. നാട്ടുപത്രങ്ങളും 3. ദിനസരിപത്രങ്ങളോടുകൂടി 6. ഇംഗ്ലീഷുപത്രങ്ങളുമുണ്ടായിരുന്നു. ഇന്നിപ്പൊ ദിവസംതന്നെ മരഞ്ഞാലുംകൊണ്ടു ദിനസരിപത്രങ്ങളായതാണെന്നുള്ള പരിഹാസവാക്കിന് അന്നത്തെചില പത്രങ്ങളും പാത്രങ്ങളായിത്തീർന്നിട്ടുണ്ട്.

എം. നാരായണപ്പൊതുവാൾ.

ആലോചനകൾ.

—:o:—

താൻ മറ്റുള്ളവരുടെ ഇടയിൽ എന്തു തരക്കാരനാണെന്ന് അറിവാനുള്ള ആവേശം പലമാതിരി ആശാപാശങ്ങളെക്കൊണ്ടു കെട്ടപ്പെട്ട് കിടക്കുന്ന ജനസമുദായത്തിനൊട്ടും അപ്രധാനമായിട്ടുള്ളതല്ല. ഒരു മോഹം സാധിപ്പിക്കുവാനായിത്തുനിഞ്ഞുപുറപ്പെട്ടവർ അവസാനം പശ്ചാത്തപിക്കാതിരിക്കുന്നതും അപൂർവ്വം തന്നെ. ഒരുവനെപ്പറ്റിയുള്ള അഭിപ്രായം അയാളുടെ നേരെവെച്ചു പറയുന്നതിനധികം സ്വാതന്ത്ര്യമായിപ്പുറപ്പെടുവിക്കുന്നത അയാളില്ലാത്തസമയത്താണെന്നുള്ളതിനു തർക്കമില്ല. ആളെ കാണാതെ പറയുമ്പോൾ കുറവുകളെല്ലാം പെരുപ്പിച്ചു എടുത്തു കാണിക്കും. നടപടിദോഷത്തെപ്പറ്റി കഠിനമായി ആക്ഷേപിക്കും. ജീവനടപടി മുഴുവൻ പരിശോധിച്ചു കാണുന്ന അഭിപ്രായം കലവറ കൂടാതെ നിഷ്പക്ഷമായിത്തുറന്നു പറവാനുള്ള സമയവും അതുതന്നെയാണ്. അതുകൊണ്ടു ഒരുവനെപ്പറ്റി ജനങ്ങളുടെയിടയിലുള്ള ആക്ഷേപം അയാൾ മറഞ്ഞുനിന്നു കേൾക്കുന്നതായാൽ താൻ

ക്ക് അശേഷം രസിക്കാത്തതായ പല സംഗതികളും ഗ്രഹിക്കാനിടയാകുമെന്നു മാത്രമല്ല അതുവരെ സ്വന്തം ദൃഷ്ടിയിൽപ്പെടാത്തതായ കാര്യങ്ങളെ കണ്ടെത്തുവാനും വഴിയുണ്ട്. ബന്ധുമിത്രങ്ങളും താല്പര്യത്തോടും ശുഷ്കാന്തിയോടും ചെയ്യുന്ന ഉപദേശത്തിൽ ഒരുവന്ന് ഭിന്നാഭിപ്രായം ജനിക്കുമ്പോഴും അത് തന്റെ ദുർന്നടപ്പിനെക്കുറിച്ച് വീണ്ടുവിചാരം ചെയ്യിക്കുന്നതിനും, കഠോരമായ പ്രവൃത്തികളിൽ നിന്നു വിമുഖനാക്കിത്തീർക്കുന്നതിനും, യദൃച്ഛയായി ചെയ്തുപോകുന്ന കൃത്രിമ പ്രവൃത്തികൾക്കു ശമനം വരുത്തുന്നതിനും പകരം ഉപദേഷ്ടാക്കളോടു നിലവിട്ടു ദ്വേഷിച്ചു പൂർവ്വസ്നേഹത്തെ കൂടി ഉപേക്ഷചെയ്യുന്നതിനുള്ള ചെറുവഴിയായി പരിണമിക്കുന്നത് അസാധാരണമല്ല. ബന്ധുമിത്രങ്ങളുടെ ഉപദേശം തിന്മയാണെന്നു കരുതി ചാപല്യം പറഞ്ഞവരെ പഴിപറഞ്ഞ വിരോധം ഭാവിക്കുന്ന ഒരാൾക്ക് അനാവശ്യമായി അന്യമുഖത്തിൽ നിന്നുണ്ടാകുന്ന പുലഭ്യവചനം കേൾക്കുമ്പോൾ മനസ്സിൽ എന്തെല്ലാം വിധത്തിലുള്ള ദുഃഖങ്ങൾ വന്നുപോയിക്കൊണ്ടിരിക്കുമെന്നോ അവ എത്രത്തോളം തരത്തിൽ പര്യവസാനിക്കുമെന്നോ പറവാൻ പ്രയാസം.

അതുകൊണ്ടു സ്വേച്ഛാചാരി അന്യന്മാർ എന്തു പറയുന്നുവെന്നു മറുത്തുനിന്നു കേൾക്കുവാൻ സഹിക്കാത്ത അധികപക്ഷവും ആപൽക്കരമാണെന്നുള്ളതിനാക്ഷേപമില്ല. അയാളുടെ ഒരു പ്രവൃത്തി വെളിപ്പെടുന്നപക്ഷം വാക്ശരങ്ങളെക്കൊണ്ടുണ്ടായിട്ടുള്ള വ്രണവൈരൂപ്യം പിന്നീടു തന്നെ ചുരുങ്ങുന്നതുകൊണ്ടോ മറ്റനേകം തരത്തിലുള്ള പ്രവൃത്തികളെക്കൊണ്ടോ മാഞ്ഞുപോകത്തക്കതായിരിക്കയില്ല. എന്തെന്നാൽ കഠോരം പറഞ്ഞവനും മറഞ്ഞിരുന്നു കേട്ടവനും തമ്മിൽകാണുമ്പോളെല്ലാം മനസ്സിൽ പട്ടകെട്ടിക്കിടക്കുന്ന പഴയ വ്രണം പൊഴിഞ്ഞ് നീർവരും വീണ്ടും ഉണ്ടാവാനാണ് അധികം എളുപ്പം.

"ഭിന്നരുചിർഹി ലോകഃ" എന്നുള്ളത ഒരിക്കലും മറന്നുകളയത്തക്കതല്ല. കഴിയുന്നത്ര മനസ്സിനിണങ്ങിച്ചെയ്യുന്നതായ തന്റെ പ്രവൃത്തിയിൽ മറവുള്ളവർ ഏതോ കഠോരങ്ങളും കാണാതിരിക്കുന്നത

ല്ല. അതുപോലെതന്നെ ഉണ്ടാക്കേണ്ടതാം കാണുന്നതും അപൂർവ്വമാ യിരിക്കുമെന്നില്ല. ഇത ഞാൻ ഒരു ചെറിയ കഥകൊണ്ടു ദൃഷ്ടാ ന്തപ്പെടുത്താം.

നാലുദിക്കിലും നടന്നു വിരുതുനേടിയ ഒരു ചിത്രമെഴുത്തുകാര ൻ മനസ്സിരുത്തി എഴുതീട്ടുള്ള ഒരു പടം പല യോഗ്യന്മാരെയും കാണിച്ചു. അവരെല്ലാം ഒരുപോലെ സ്തുതിച്ചതല്ലാതെ ആരും ഒരു കുറവും പറഞ്ഞില്ല. അയാൾ ഇതുകൊണ്ടു തൃപ്തിപ്പെടായ്കയാൽ ആ പ ടം നാലുംകൂടിയ പെരുവഴിയിൽ കെട്ടിത്തൂക്കി ഒരു പരസ്യവും എഴുതിപ്പതിച്ചു. അതായതു "ഈ പടത്തിന്റെ ഏതംശത്തിലെങ്കി ലും വല്ല ന്യൂനതയും ആരെങ്കിലും കാണുന്നുവെങ്കിൽ ആ ഭാഗ ത്ത് അടയാളം ചെയ്യുവാൻ അപേക്ഷ" എന്നായിരുന്നു. അയാൾ സന്ധ്യയോടുകൂടി വന്ന ചിത്രം എടുത്ത നോക്കിയപ്പോൾ അതിൽ എള്ളിട ഒരു സ്ഥലം കോറപ്പിപ്പാതെ കണ്ടു. ചിത്രകാരന്ന വല്ലാ തെ കുണ്ഠിതമുണ്ടായി എന്ന പറയേണ്ടതില്ലല്ലൊ. അയാൾ പി റേറദിവസം അതുപോലെയുള്ള വേറെയൊരു ചിത്രം കൊണ്ടുവ ന്ന തൂക്കി എന്തെങ്കിലും ഗുണാംശം അടയാളപ്പെടുത്തേണമെന്ന പരസ്യം ചെയ്തു. അന്ന സന്ധ്യക്ക ചിത്രം നോക്കിയപ്പോൾ മുമ്പ കുററമാണെന്നു കാണിച്ചിരുന്ന ഭാഗം മുഴുവനും ഗുണസൂചകമായ രേഖകളെക്കൊണ്ടു നിറഞ്ഞിട്ടുള്ളതായിക്കണ്ടു. ആദ്യത്തെ ചിത്രം കണ്ടപ്പോളുണ്ടായ ആശാഭംഗം ഇതുകൊണ്ടു നിർമ്മൂലനം ചെയ്ത തായി വിചാരിക്കാമല്ലൊ.

തന്നെപ്പററി മററുള്ളവരുടെ ഇടയിലുള്ള അഭിപ്രായം അ റിവാൻ ശ്രമിക്കുന്നതിലധികം സൂക്ഷിക്കേണ്ടത് അന്യരെപ്പററി താൻ വല്ലതും പറവാൻ തുടങ്ങുമ്പോളാണ. തന്റെ അഭിപ്രായം ഒരാളോടു പറയുന്നതിന്ന മുമ്പ അയാൾ എന്തുതരക്കാരനാണെ ന്നും ആരാണെന്നും അറിയേണ്ടത ചുമതലയാണ. ആളെ അറിയാ തെ പറയുന്ന മുള്ളവാക്കോ, പരിഹാസമോ, സ്തുതിയോ, തന്റെ സദാചാരത്തിന്റെ ഗതിയെ തടസ്ഥപ്പെടുത്തുകയും, മൈത്രീബ ന്ധത്തെ ഭേദിപ്പിക്കുകയും ചെയ്യും എന്ന മാത്രമല്ല ഒരു വിഡ്ഢി യായനാണെന്നുള്ള പേരുകൂടി സമ്പാദിക്കുകയും ചെയ്യും. ഈ അ

അവസരത്തിൽ അത്ഭുതമായ ഒരു സംഭവം എൻെറ ഓൎമ്മയിൽ വരുന്നതു അധികം ഗൌരവമുള്ളതല്ലെങ്കിലും ഉദാഹരിക്കാൻ ധാരാളം മതിയാകുന്നതാണ്.

ജനാവലി തിക്കിത്തിരക്കി കൂടീട്ടുള്ള നാടകപ്പുരയിൽ ഒരു ധാടികാരൻെറ അടുക്കൽ ഞാനും ഒരു കസാലക്കാരനായി ചെന്നിരുന്നു. പുതുമാറ്റത്തിൽപെട്ടവരെപ്പോലെ പല്ലുതേച്ചു പരിചയിക്കുവാൻ മതി സമൎത്ഥനാണെന്ന് ആ വസ്ത്രധാരണം തോന്നിക്കുന്ന അദ്ദേഹത്തിൻെറ ചമത്കാരം ചേൎത്തും ഉള്ള തോൾക്കൊണ്ടു ഞാൻ മനസ്സിലാക്കി. ഞങ്ങൾ അപരിചിതന്മാരായിക്കൊണ്ട് ആദ്യം ഒന്നും സംസാരിച്ചില്ല. അല്പസമയം കഴിഞ്ഞപ്പോൾ, ഞങ്ങൾ ഇരിക്കുന്നതിനു കുറച്ചു ദൂരത്തുകൂടി മേൽപറഞ്ഞ വസ്ത്രത്തിൽ ഒരാൾ അകത്തേയ്ക്കു പോകുന്നതു കണ്ട് 'ആരാണു അദ്ദേഹം?' എന്നു മൂപ്പർ എന്നോടു ചോദിച്ചു. ഞാൻ താഴ്മയോടുകൂടി എൻെറ സോദരിയാണെന്നു പറഞ്ഞു. മൂപ്പർ ലജ്ജിച്ച് ചമ്മിപ്പോയി. 'ക്ഷമിക്കണം, ഞാൻ അതു ചോദിച്ചതു്. അവരുടെ അടുക്കൽ ഇരിക്കുന്ന ക്രൂപ്പർമാരെപ്പോലെയുള്ള ആ ആകൃതി കണ്ടു ഞാൻ അതിശയിച്ചുപോയിരുന്നു' എന്ന വിനോദത്തെക്കൊണ്ടു പുള്ളി വിവരിച്ചു. നീണ്ടും ആചാരം മാറപ്പെട്ടുവരുന്ന സമ്പ്രദായം ചുരുക്കമാണല്ലോ. ഈ ചോദ്യത്തിനും ഞാൻ ക്ഷമയോടുകൂടി പറഞ്ഞ മറുപടി അവർ എൻെറ ഭാൎയ്യയാണ് എന്നായിരുന്നു. ഇതിലധികം വലുതായ ഒരു വിഷ്ളിത്തത്തിൽ അദ്ദേഹം ചെന്നുചാടാനില്ല. മൂത്രം കടിച്ച മൂരിയെപ്പോലെ മുകറികളിഞ്ഞു.' മാപ്പെന്ന് പച്ചമലയാളത്തിൽ പറഞ്ഞാൽ ശങ്കിച്ചോടുകയാണെന്നു കരുതി ഈവിധത്തിൽ 'അപ്പാളജി'യും 'എക്സ്ക്യൂസും' 'പാർഡനും' ചോദിച്ചുതുടങ്ങി. അടുത്തിരിക്കുന്നവർ എൻെറ മുഖത്തു നോക്കിച്ചിരിക്കുന്നു. എൻെറ പ്രകൃതം മാറുമെന്നു വിചാരിച്ചിട്ടോ തൻെറ വിഡ്ഢിവേഷത്തിനു കിരീടംവെച്ചതുകൊണ്ടോ, മൂപ്പർ നാടകം കാണാതെ എണീററു നടന്നു. പുള്ളി ചോദിച്ച സ്ത്രീകൾ എൻെറ സോദരിയുമല്ല, ഭാൎയ്യയുമല്ല. ആരോ? എന്തോ?

കിളിയാടി കുട്ടൻ. പി. എം.

പച്ച മലയാളം.

ഞാൻ ഒരു പച്ച മലയാളിയാണ്. ഇങ്കിരീസ്സും പരന്ത്രീസ്സും ചമല്ക്കൃതവും മറ്റും എനിക്കറിഞ്ഞുകൂടാ. എന്നാൽ എന്റെ കൂട്ടുകാരാണെങ്കിൽ അവക്ക് ഇവയൊക്കെ കടുകട്ടിയാണെന്നാണ് തോന്നിട്ടുള്ളത്. ഇവർ കാണിക്കുന്ന ചേഷ്ടയൊക്കെയുള്ള അറിവ് ഈ കൂട്ടരില്ലെന്ന മറ്റുള്ളവർ ഇവരെച്ചിരിച്ചപ്പോൾ കളിയാക്കുന്നതിൽ നിന്ന് എനിക്ക് നല്ലവണ്ണം ഊഹിക്കുവാൻ കഴിഞ്ഞിരുന്നെങ്കിലും തുറന്നു പറയുവാനുള്ള കോപ്പ ഇല്ലാഞ്ഞതുകൊണ്ട് എന്നാളിപ്പോഴത്തോളം അവരെ ഉപദ്രവിക്ക യാതൊരാഗ്രഹവും ഉണ്ടാവാറില്ല. എന്നുതന്നെയല്ല, കടകവും തലക്കവും നാട്യം പിണച്ചുവെച്ചിട്ടുള്ളതൊക്കെയും കടപടയെന്നോ ചില ശബ്ദങ്ങളെ പുറപ്പെടുവിച്ച് ഇടക്കിടെ മലയാളമൊഴികളെച്ചൊട്ടും ചെവിയും കലർത്തി മറിച്ചൊരിയുമ്പോലെ അവർ തുരുതുരെ പ്പറയുമ്പോൾ പലപ്പോഴും എനിക്ക് അരിശം കൊള്ളാറുണ്ട്. ചിലപ്പോൾ അവർ എന്നെ പരന്ത്രീസ്സിൽ ശകാരിക്കും, ചിലപ്പോൾ ഇങ്കിരീസ്സിലും ചമല്ക്കൃതത്തിലും കലശൽകൂട്ടും എന്റെ തലയിലെഴുത്തിന്റെ വലിപ്പംകൊണ്ട് ഇതിനൊക്കെ ഇരയാകേണ്ടിവന്നതാണല്ലോ, എന്നുമറ്റും മാത്രമാണ് പലകുറിയും എന്റെ ഉള്ളു ചുട്ടുപുകയാറുണ്ട്. ഇങ്ങിനെ കേട്ടുകേട്ടു പൊറുതിമുട്ടി ("തല്ലുകൊണ്ടാൽ തലവു പഠിക്കും" എന്നു പഴഞ്ചൊല്ലുണ്ടല്ലോ) എന്തെങ്കിലും ഞാനും ചില മൊഴികളെടുക്കുവാനൊരുങ്ങി. ഒരിക്കൽ, കൂട്ടർകൂടി വട്ടമിട്ട് എന്നെ പ്പുതിയതിൽ കയറ്റിവിട്ട് വിഡ്ഢിയാക്കുവാനും എന്റെ നേരെ നോക്കിക്കൊണ്ടു ചിരിക്കുവാനും തുടങ്ങിയപ്പോൾ എനിക്ക് അതു പൊറുക്കുവാനുള്ള കെല്പു തീരെയില്ലാതെയായി. എന്നിട്ട ഞാൻ അവരുടെനേരെ തിരിഞ്ഞ്. "കെമ്പാതഴക്കുമ്മച യങ്ങുയിലുള്ളരാളതെരുവിപ്, നസരാക്കപ്പിസാഹരച്ചു; കെമ്മാപ്ണാം നഴഹചിതഴരാൻ." എന്നു തട്ടിമിന്നിച്ചു. ഇതുകേട്ടപ്പോൾ കൂട്ടർ ഒന്നു പകച്ചു പോയി. എന്നിട്ടെന്നോട് "എന്താണീ മനുഷ്യൻ പറയുന്ന

തീ" എന്നായി. "നിങ്ങളെന്താ കൂട്ടക്കമ്പം ചോദിക്കുന്നത്" എന്ന ഞാനാരോടും ഒട്ടും കാര്യമില്ല. "മലയാളം കിട്ടാഞ്ഞിട്ട് ഇംഗ്ലീഷോ ചമല്ക്കരിക്കാ ചേർത്തു സംസാരിക്കേണ്ടി വരുന്നതാണെന്ന അവർ മറുപടി പറഞ്ഞപ്പോൾ "മലയാളത്തിന്റെ നേരെ വെറുപ്പു കൊണ്ട് "ഇംഗ്ലീഷോ" സംസാരിച്ചതാണെന്ന [illegible] പറഞ്ഞിട്ട് അതിന്റെ മലയാളം "എന്താ പറയുന്നത്" ശേ കാരിക്കുകയാണെങ്കിൽ മലയാളത്തിലാവട്ടേ എന്നാൽ ഞാൻ മറുപടി പറയാം." എന്നാണന്നും അവരോടു ഞാൻ പറഞ്ഞു.

ഇങ്ങിനെ ഞങ്ങൾ തമ്മിൽ കശപിശകൂടി ഒടുവിൽ അതു പുത്തുമലയാളത്തിന്റെയും പഴമലയാളത്തിന്റെയും നന്മതിന്മകളെ ഒരുമാതിരി തീർമാനപ്പെടുത്തുന്നതിന്ന ഒരു നല്ല വഴിയായിത്തീന്നു. ഇവിടെ അതിന്റെ ചുരുക്കം വായനക്കാരുടെ അറിവിന്നായി ച്ചേർക്കുന്നതായാൽ ഞാൻ പിടിച്ചുവാശി കൊള്ളുന്നതാ അല്ലയോ എന്ന് അവർക്കൊന്നു നോക്കാനാം എന്റെ കൂട്ടുകാരെപ്പോലെയുള്ളവരെ പഴിപ്പെടുത്തേണമെങ്കിൽ അതിന്നു മതിയാകുമെന്ന കരുതുന്നു.

ഒന്നാമത്, അറിവുകൂടിയ മാന്മാരോ മറുനാട്ടുകാരായിട്ടുള്ള ഏപ്പാട്ട കൊണ്ട ഒരു നാട്ടിൽ കയറി വരുന്നതോടു കൂടി കച്ചവടം കൈവേല മുതലായവ പറ്റി ആ നാട്ടിൽ നടപ്പുള്ള ചേരുകളെക്കൊണ്ടു തന്നെ കഴിഞ്ഞുകൂടുന്നതല്ലെന്ന വരുമ്പോൾ അവനവന്റെ ഉള്ളിലുള്ളതു മറ്റൊരുവൻ ഉൾക്കൊള്ളണമെങ്കിൽ അതതു മറുനാട്ടുകാർ പറഞ്ഞുവരുന്ന ചേരുകൾ കടം വാങ്ങാതെ പറവുന്നതല്ലല്ലോ. അത് ഒരുമാതിരി ശരിയാണ്. എന്നാൽ ഈ കടം വാങ്ങല് താഴെ പറയുന്നപോലെ ഉണ്ടാവാൻ വഴിയുള്ളു.

"മാററമേറാതെ മൊഴിയും പൊരുളും പിടിക
മാററപ്പൊരുൾകളിലും മൊഴിയിണെക്കുക ।
ഏററക്കുറച്ചിൽ പൊരുളും മൊഴിയിൽ കൊടുത്തു
മേറാപ്പരിച്ചപ്പൊരുൾ കൊൾകുനാട്ടുകേന്നും ॥

കടംവാങ്ങുന്നത് മൂന്നുമാതിരിയായിട്ടാണ്. ഒന്ന് "മാററമേറാതെ മൊഴിയും പൊരുളും പിടിക്ക, അതായത ഇപ്പോഴത്തെ പുതു

മോദികാർ തട്ടിമിന്നിക്കുന്നോളം മൂന്നാട്ടുമൊഴി ശാങ്ങിനെ തന്നെ യാതൊരു മാററവും വരുത്താതെ എടുത്തു തന്നെത്തന്നെപോലെ ഉപയോ ഗമാകുക. ഇത് നമ്മുടെ മലയാളത്തിനെന്നല്ല മൊഴികൾക്ക പൊതുവേതന്നെ ഒരു വലിയ പുഴുക്കുത്തു പോലെ കേടു തട്ടിക്കു ന്നതാകയാൽ കൂടിയാൽ ഒഴിവേണ്ടുന്നതാണ്. രണ്ടു. മാററം പൊരു ത്തങ്ങളിലും മൊഴിയിലെടുക്കാം. ഇതെന്തെന്നാൽ, പൊരുളിനു മാററം വരുത്തിയും വരുത്താതെയും മൊഴികൾ മലയാളപ്പൂവ നല്ല വണ്ണം വരുത്തി, ഉരുക്കളിൽക്കുളിപ്പിനാൽ കേട്ടാലറിയാത്തമട്ടിൽ ചേർക്കുക. മൂന്ന്. പുറമെക്കൂറ്റിൽ പലതും മൊഴിയിൽക്കൊടുത്തു മററു കുറിച്ചു പൊരുൾ കൊണ്ടു നടത്തുകയും. ആയതെങ്ങി നെയെന്നാൽ, മൊഴിയിൽ ചിലതു കൂട്ടിയോ കിഴിച്ചോ മാററിയോ കുറിച്ചോ എങ്ങിനെയെങ്കിലും പൊരുളറിയിക്കുന്ന പൊരുൾ എല്ലാവർക്കും അറിയുമാറാക്കിക്കൊടുക്കുക. ഇവയിൽ ഒന്നാമത്തേത് ഏററവുംമോശമാണെന്നു മുമ്പേ പറഞ്ഞിട്ടുണ്ടല്ലോ. രണ്ടാമത്തേത്, മൂന്നാമത്തേതിനേക്കാൾ താഴെയാണെന്നും പറയാവുന്നതാണ്. ഇതുകൊണ്ടുതന്നെ ഒടുക്കത്തേതാണ് എല്ലാററിലും മെച്ചമെന്നും അറിയാവുന്നതാണല്ലോ. എന്നാൽ വേണ്ടതുപോലെയായില്ലെങ്കിൽ ഇവയിലെല്ലാററിലും വഷളായിത്തീരാനുള്ളതും ഇതുതന്നെയാകുന്നു.

നമ്മുടെ മലയാളം പണ്ടേതന്നെ പാട്ടും, പറച്ചിലും, എന്നു രണ്ടുവഴിയെ തിരിഞ്ഞിട്ടുള്ളതുകൊണ്ട് രണ്ടിനുമായിട്ടുതന്നെയാണ് ഇന്നും നടന്നുവരുന്നത്. അതിൽ, പറയുന്ന മലയാളം പാട്ടിലും ഉൾപ്പെടുത്താതെ കവികളിപ്പോ എഴുതിയും കണ്ടുവരാം പറയുന്നതിനൊ വലിയ നിലയിലുള്ളവരെക്കൊണ്ടുമേററും പറയിപ്പിച്ചാൽ ഒട്ടും പന്തിയാവില്ല. പാട്ടുമലയാളമെല്ലാം, പറയുന്നേടത്തു ചേർക്കുന്നതായാലും വലിയ ചീത്തയായിത്തീരും. ഇതുരണ്ടും അറിവുള്ളവർ കേട്ടാൽ തിരിച്ചറിയാം. എന്നാലതിനെയല്ല അറിയാത്തവർ വളരെയുണ്ടെന്നുംതോന്നുന്നില്ല.

ഇനി നമ്മപറയാനുള്ളത്, വേണ്ടിവരുന്നേടത്തെ കടംവാങ്ങിക്കാമ്പ് എന്നാണ്. നമ്മുടെ പഴയ ഇടപാടുകളിൽ ഓരോമൊഴി

കല്ലിലായിട്ട വട്ടെഴുത്തുമുതൽ കൊത്തിവെച്ചിരിക്കേ അതൊന്നും ഇന്നുനോക്കാതെ കണ്ടേച്ചു കടംവാങ്ങിച്ചിലവിടുന്നത് അറിവില്ലാസ്സുകൊണ്ടോ മടികൊണ്ടോ വിശ്വസ്തതകൊണ്ടോ എന്തുകൊണ്ടായാലും, ഒട്ടും ശരിയായിട്ടുള്ളതല്ല തീർച്ചതന്നെ.

“ഞെട്ടാറാമുർവന്നുള്ളൊരോമനക്കണ്ണനെ
യെങ്ങും വരുന്നതു കണ്ടീല്ലല്ലി
കാർകൊണ്ടൽപോലെയവന്നിറന്തന്നെ
കാർകുഴലൊട്ടുണ്ടുകെട്ടിച്ചമ്മേ
കയ്യിൽക്കുഴലുണ്ടു കാലിൽച്ചിലമ്പുണ്ടു
മെയ്യിലോമഞ്ഞപ്പൂന്തുകിലും
നെഞ്ചകം പെണ്ണുങ്ങൾ കണ്ടുചിളക്കുന്ന
പുഞ്ചിരിയുണ്ടവൻ ചുണ്ടിന്മേ
ഉള്ളിലിണങ്ങുന്നോരന്നങ്ങൾചൊല്ലുന്ന
കള്ളനോക്കങ്ങളോ മെല്ലെമെല്ലേ”—കൃഷ്ണഗാഥ.

“നായർ വിശന്നുവലഞ്ഞു വരുമ്പോൾ കായകഞ്ഞിക്കരിയിട്ടില്ല. ആയതുകേട്ടു കലമ്പിച്ചായവൻ അരവാം ഉടനേകാട്ടിലെറിഞ്ഞു ചുട്ടുതിളച്ചു കിടക്കുമൊരുള്ളം കട്ടികമാം തങ്ങടെ തലയിലൊഴിച്ചു കെട്ടിയവളെപ്പുണ്ണിനെ മടിക്കാതെ കിട്ടിയ... ...പിടിച്ചു കിണ്ണമെടുച്ചു കിമ്പിയുടച്ചു തിണ്ണം ചിലവ കിണററിൽ മറിച്ചു അതുകൊണ്ടരിശംതീരാഞ്ഞിട്ടവനാപ്പുരച്ചുററും പാഞ്ഞുനടന്നു.”

കുഞ്ചൻനമ്പ്യാർ.

“കറുത്തുമല്ലാ നിറമെങ്കിലേറെ
വെളുത്തുമല്ലാ മുലചാഞ്ഞുമില്ല।
വെറുപ്പമാകാപ്പറവാതകേട്ടാ
ലൊരുത്തിപോന്നാളവളാകിലോതാൻ” ॥ ലീലാതിലകം.

“മോഴകണ്ണാമൊരുത്ത മയിലുകൂന്തൽപിൻകാലൊളും പോയ്
താഴച്ചെല്ലും പുരികുഴലഴിച്ചോമൽ റില്ലോതനേരം।
ഉഴത്തെക്കൊണ്ടിതാംകിളിതെന്നൊത്തുനൽ പീലിചായേ
ച്ചുഴച്ചിന്തിച്ചുവരയോടടരാ പാടിയാടീടുമൊന്ന്” ॥

ഉണ്ണുനീലിസന്ദേശം.

ഞെരുക്കത്തിട്ട്, അങ്കമാടിക്കേറി, കടന്നില ഉടകടന്ന്, മുനകണ്ടത്ത്, മുനയിൽ കതിരവനേയും തെളിയിപ്പിച്ച്, നീട്ടകിൽ ഞൊഞ്ഞുപിളപ്പൻ, കാട്ടകകിൽ കളരിക്കാപ്പുറമതറി [illegible] മാടവൻ, അവൻെറ വലത്തേപ്പലാവിണെനാന്ന വെട്ടികണ്ടാൽ, വെട്ടിയ ഇതുമുറിയും, പാലക്കാട്ടശ്ശേരി ഇട്ടുണ്ണിരാമന്തരകൻെറ, വെള്ളിക്കോൽക്ക തൂക്കികണ്ടാൽ: കന്നിക്കൊമ്പാടി മാകാന്നിക്ക നീക്കത്തുക്കുമുണ്ടെങ്കിൽ, വെട്ടിയതു വെട്ടല്ല, കുത്തിയതു കുത്തല്ല, മലനാട്ടിൽനിന്നും തുളുനാട്ടിലേക്ക പോകുന്നോനല്ല, തുളുനാട്ടിൽനിന്നും മലനാട്ടിൽ ച്ചവിട്ടുന്നോനല്ല, 'വല്ലപട്ടാക്കു'കളെന്നും പൊല്ലുവേണ്ട."

നമ്മുടെ പഴയ ഈട്ടുവല്ലപെട്ടികളിൽ ഈവക പലതും കിടപ്പുണ്ടെന്നുള്ളത്, ഉപ്പോഴുള്ള ചെറുപ്പക്കാർ അറിഞ്ഞിരുന്നാൽ പണ്ടുള്ളവർ പണിപ്പെട്ടു നേടിവെച്ചതു വെറുതെ മാ പാതിരിക്കമായിരുന്നു.

ഇമ്മാതിരി കറകളഞ്ഞ പൊൻപൊതികളിരിപ്പുള്ളപ്പോൾ വെറുതേ കടംവാങ്ങി നാട്ടുന്തിരിയുന്നത് എന്തിനാണാവോ!

എന്നാൽ നല്ലതായ [illegible] പാട്ടുകളോ പറയുകയോ എഴുതുകയോ ചെയ്യുമ്പോൾ കൂട്ടിച്ചേർക്കുന്ന മൊഴികൾക്ക നല്ലതുകവും മുഴപ്പും ചൊടിയും ചൊണയും വരുത്തേണമെങ്കിൽ വെറും പച്ചമലയാളമല്ലാതെ അനേകമിനം രണ്ടാംമാതിരി കടംവാങ്ങിയ മൊഴികളുംകൂടി ഇടകലർത്തിയാലാണ് എളുപ്പമെന്ന് എനിക്കും ചിലപ്പോൾ തോന്നാനിടവന്നിട്ടുണ്ട്.

എൻെറ കൂട്ടുകാർ പലപ്പോഴും ഉരിയാടാറുള്ളതുപോലെ രണ്ടാംമാതിരി കടംവാങ്ങിയ മൊഴികളെടുത്തു വിലക്കുന്നത് എന്തിനെനോക്കിയാലും ഒട്ടും കണക്കിലല്ലെന്ന പിന്നെയുംപിന്നെയും പറയേണ്ടിവരുന്നു. ഇനിയും അവകളിലു കൂട്ടാക്കുന്നില്ലെങ്കിൽ ഈ കാട്ടായംകോക്കയുടെ നടപ്പൊക്കെ മറന്നുംപോയി അമയന്നതിൻെറ നടപ്പോട്ടു കിട്ടിയതുമില്ല,' എന്നപോലെയായിത്തീരുകയേ ഉള്ളു.

പച്ചമലയാളി.

ദാരിദ്ര്യഗഹണം.

—— : o : ——

1 ഉലകിൽ കലിമയേറിവാഴുവാൻ
പലതും പാർക്കിലുണ്ടു ദുഃഖദം
അതിൽ വെച്ചു ദരിദ്രഭാവമാ
ണധികം ദുസ്സഹമായ സങ്കടം ॥

2 ഗുണമോ കവിതാപ്രബന്ധപടിയും
ഗുണവാന്മാരൊടു നല്ലിണക്കവും
അണയുന്നിതൊരുത്തനെന്നാകിലും
പണമില്ലെങ്കിലതൊക്കെ നിഷ്ഫലം ॥

3 കരികണ്ഠമതിൽ കരേറിനൽ
പരിവാരത്തൊടു യാത്രചെയ്യുവൻ
ചരണേന ചരിച്ചിടുന്നിതി
ച്ചരിതം ഹന്ത ദരിദ്രതാഫലം ॥

4 അപരൻ നിലവിട്ടു ചെയ്തിടു
മപരാധങ്ങളിവങ്കലായ്വരും
നൃപസേവയുമിന്നു നാസ്തിയാ
മപമാനായ ദരിദ്രജീവിതം ॥

5 മൃതലോകെനാശിച്ചു പോയവൻ
മൃതദേഹത്തൊടു തുല്യനെന്നതും
സുതനും പ്രിയയും സുഹൃത്തുമ
ച്ചിതമില്ലാത്തവനിൽ പ്രിയപ്പെടാ ॥

6 അറിവുള്ളൊരു യോഗ്യനാകിലും
വെറിയൻ നല്ലൊരു കാര്യമെങ്കിലും
പറയുന്നതു സമ്മതിക്കുവാൻ
കുറയുംഹന്ത ജനങ്ങളോ സന്തതം ॥

7 ഉദരം നിറയാതെയന്തികേ
തലിതം ചെയ്യുമതാം ശിശുക്കളെ

പതിവായ്പ്പോതു കണ്ടിരുന്നിട്ടും
ശക്തിയില്ലാത്തവനൊത്ത നിന്ദിതൻ ॥

8 മനുജന്നിഹകർമ്മവാസനാ
ജ്ജനരൂപം ഫലമെന്നുമെങ്കിലും
ഒരുകാലവുമിത്തരിദ്രനാ
യ്ക്കരുവാനായിവിടെ! വിധിക്കൊലാ ॥

തേലപ്പുറത്ത നാരായണൻനമ്പി.

ഒരു വിലാപം.

൧.

൧. പലജന്തുക്കളുണ്ടെങ്കിലും, പരം
ഫലമേറുന്ന വിശേഷബുദ്ധിയും,
നിഖിലം നിജവശ്യമാക്കുവാ
നിയവും ശക്തിയുമാർന്നനിസ്തുലം,

൨. ഒരു ജീവിജനിച്ചുമാനുഷൻ
ധരയിൽസ്സൃഷ്ടിയുമാർന്നപൂർണ്ണമായ്
പരമേശപരസ്സൃഷ്ടികൌശലം
പരമോൽകൃഷ്ടതയേയുമാർന്നതെ

൩. പരജീവികളിൽപെടാത്തതായ്
പലചാട്ടങ്ങളും കലർന്നമാനുഷൻ,
ഉലകൊക്കയുമെന്റെയെന്നതാ
ന്നുറപ്പൊങ്ങി നടന്നിടുന്നിതാ!

൪. എവിടുന്നിവിടെക്കു വന്നതോ
നെവിടേക്കാണു ഗമിപ്പതിന്നിമേൽ,
ഇവനെന്നുവഴിക്കു പോവതി,
ന്നേകനാ നേർവഴി കാട്ടിവിട്ടിടും,

൫. ഇവനില്ലാത്ത ജോലിയെന്തതാ
നെവിടെച്ചെയ്യുന്ന മേതുമാതിരി

അരിവിന്നിയച്ചുണ്ണകാലമേ
തിരിച്ചറിപ്പവരെത്രയുള്ളതും.

൬

ഗുണമെന്നൊരു വസ്തുമാത്രമ
ല്ലിണയായ്ദോഷവുമൊന്നു കാണുമേ
ഗുണദോഷ വിവേകമെന്നിയേ
പിണയും തെറ്റുകളേറെമറ്റതാം.
൨. മെന്നാടു പിടിച്ചുടക്കി, ന
ല്ലൊരുവൻ കോട്ട ചമച്ചുറപ്പിനായ്,
മണിമേടമഹാ വിശേഷമായ്
പണിചെയ്താലങ്കരിച്ചതിൽ,
൩. സുഖമാസ്വദിക്കാനിരിക്കാമിനി
സ്സകലം സർവ്വവുമെന്നൊരുങ്ങവേ
പിളർന്നിട്ടിഹ നാട്ടുമൊക്കയും
കടലിൽ താണു മുങ്ങിയിരിക്കുന്നഹോ!
൪. അറിവില്ല കഴിഞ്ഞതൊന്നുമേ;
അറിയാവല്ല വരുന്ന കാര്യവും;
അഥ നൂനമടുത്ത മാത്രയിൽ
കഥയെന്താണെന്നുമാർക്കറിഞ്ഞിടാം?
൫. വെറിയോടു ജഗത്തിനൊത്തിട്ടും
മറിമായങ്ങളറിഞ്ഞിടാ നരൻ,
ഫലമെന്തു വിശേഷമുള്ളിയാൽ
കലഹന്നാഗ്രഹനായവസ്ഥയിൽ?

൭

൧. അയി! ജീവിതമെന്നലിയിൽ
കയറാൻ കോപ്പുകളൊക്കുകൂട്ടിടുന്നിഹ
നരസഞ്ചയമാശയായിട്ടു
ഒന്നൊരു പാശത്തിനെയാശ്രയിച്ചതാൻ.
൨. ചില രാജ്യത്തിൽ പിടിക്കവേ
ചിലരൊട്ടൊരു കടന്നുകൂടവേ

ചിലരററമനന്തുപോററിയെ
നലമോത്തുള്ളു രസിച്ചുള്ളവേ

൩. അതു പൊട്ടിമറിഞ്ഞഗാധമായ്
മൃതിയും മുള്ളുനിറഞ്ഞ കുണ്ടറിൽ
ബത ! വീണവലഞ്ഞുരക്ഷതൻ
വഴികാണാതെ വശംകെടുന്നഹോ

൪. ഒരുവിത്തു വിതച്ച മേത്സ്വപം
കരുതിക്കൊണ്ടു, മുളച്ചുതങ്ങളെ
വളമിട്ടു, വളന്നപോതവേ
തലവെട്ടുനിത്തുചാഴി കഷ്ടമേ

൫. “വഴിപോലെ വരുന്നതൊക്കെയും
വിധിയെന്നോത്തു പൊറുക്കയെന്നിയേ
കഴിവില്ലാതൊരുകമ്മമൊന്നു” മീ
മൊഴി നേരെങ്കിൽ മനുഷ്യനെന്തുതാൻ?

൩

൧. “മകനാളു പരീക്ഷയൊക്കെയും
പുകഴോടിന്നു ജയിച്ചുവന്നിടും,
വഴിപോലിനിമേൽ സുഖിച്ചിടാം,
വരമുദ്യോഗമവന്നു കിട്ടിടും;

൨. ഇനി നമ്മുടെ ഭാഗ്യകാലമായ്;
ധനവും മാനവുമിങ്ങുയന്നിടും;
പല കഷ്ടതയോടെയുത്തിനി
പ്പുകവീട്ടാം പരമിഷ്ടപോലവെ,

൩. ഇതിചിന്തയൊടക്ഷമാത്മമാ-
തെതിരേല്പാൻ പടിവാതിൽ കാക്കവേ
സുതനോ, പുകവണ്ടിയാററിൽ വീ
ണതികഷ്ടം ! വഴിമേൽ പരേതനായ്,

൪. “ശുകവാണിഗമിച്ചിടട്ടെ ഞാൻ
പകലേതന്നെ തിരിച്ചുവന്നിടാം”

ഇതിചൊല്ലിയുഷസ്സിൽവേർപിരി
ഞ്ഞിതു കാന്തൻ നിജവേല നോക്കുവാൻ

൯, ശരിയും കരിയും ചമച്ചുപോയ്
കളിചെയ്ത കരിയും ധരിച്ചവർ
വരവാണിയൊത്തിവാണവൻ
വരവും പാർത്തിരയന്നു മൂപ്പിലും.

൧

൧. മിഴിനിശ്ചലമായ് പ്രതിക്ഷണം
വഴി, കാണുംവരെ നീട്ടിനോക്കിയും;
പലവാറുമിതസ്സവൻ വരും
വഴിമദ്ധ്യംവരെ വന്നുപാർക്കയും,

൨. മുകുരാന്തികമെത്തിയാശുതൻ
മുഖവും പൂശി കെട്ടിവച്ചതും
ഉടുമോടിയുമിഷ്ടനിഷ്ടമാ
യിട്ടമോദമന്ന പരീക്ഷചെയ്കയും;

൩. തൊപ്പുകമേകുന്ന താലിതൻ
തിരമാറിന നട്ടഗ്നീകയും,
നയനാഞ്ജനമൊന്നലിച്ചത
മടിതൻതുമ്പതിനാൽ തുടയ്ക്കയും,

൪. ഇടയിൽപ്രിയമായ്പ്രിയമാർന്ന കാ
ലടി കേട്ടെന്നു വൃഥാ ഭ്രമിച്ചുടൻ
ഉടനോടി വഴിക്കലെത്തിയ
ക്കൂടതാപാൽ തിരികെയുഗ്രമിക്കയും;

൫. ഇവിടെദ്യുഹളങ്ങളിങ്ങനെ
ശിവനേ! തത്സ്വവമൂലമെന്തവൻ?
അവനോ? കരിനാം ശുഭാംഗിയാ
ഉവമാന്തന്നാശ നശിച്ചു സർവ്വവും.

സി. എസ്. സുബ്രഹ്മണ്യൻ പോറ്റി.

ഒരെഴുത്ത്.

(വിവേകാനന്ദസ്വാമികൾ ഒരു സ്നേഹിതനയച്ചത്)

യോഗം, ഭോഗവുമാലയസ്ഥിതിയുമാസ്സുത്തായ സന്ന്യാസവും,
ലോകേശൻ ജപതപങ്ങൾ, പൂജ, ധനാർജ്ജിക്കുന്ന മാർഗ്ഗങ്ങളും,
ത്യാഗം, നോമ്പുകളെന്നവേറെ വലുതാം തീവ്രവ്രതാദ്യങ്ങളും
ഹാ, കണ്ടേനിവയൊക്കെയേററമവതന്നുള്ളിട്ടു മൂഢാശിതാൻ ॥ 3.

കാണുന്നില്ലൊരു ചാരുസൗഖ്യമിവിടെക്കാണാൽജ്ജലത്തിലെത്തി-
ച്ചേണാർന്നോളമുഴലുന്നതാണു തനുസംമോഹത്തിലീജീവിതം ।
ഉന്നതചിത്തഗുണങ്ങളുള്ളവരതാം ഞാനിൽ വസിക്കുമോ
നൂനം ജീവിതമത്ര ദുസ്സഹമായ്, ത്തീരുന്നു ഭൂവിൽ സഖേ! ॥ 4.

സ്വാർത്ഥം പ്രീതിയൊഴിച്ചു വിസ്തൃതമനസ്സാർന്നേകനോർക്കുവോളവാ
നോന്നൊന്നിനായുള്ള വർഷിയിടെ വാഴാവില്ല കല്ലും സഖേ ! ।
അത്യന്തോഗ്രമിതാവൃഷ്ടാമെതിരിട്ടേറുന്നതല്ലോ കവേ
പൂന്തേൻചാരു പളുങ്കു ചാവയുടെമേലേറ്റാൽ സഹിക്കാവതോ? ॥ 5

ഉള്ളത്തിൽ കനിവൊട്ടുമെന്നി യതിനീചതാപതന്നാളും, നല്ലതെൻ-
ഉള്ളിലൊത്തുമൊത്തുതന്നുമൊഴിയൊട്ടുംനാണമൊത്തൊഴുചതാളും
കള്ളത്തെന്നറിഞ്ഞു ദോഷകലയായ് തന്നെയുദ്ദിപ്പാൻ സ്വയം
തള്ളിക്കേറുമൊതതന്നാശിവിവിടെയെൻ്വതല്യംനിനക്കെൻ സഖേ! ॥ 6.

നന്നായ്ത്തന്റെ ജീവിതം പണയമായ് വച്ചു പഠിച്ചീടുവാ
നിന്നേവം വിധമായിതെന്റെ സമയംഹാ! പാതിയുംപോയിതേ ।
എന്നല്ലാതെപ്രിയ മൂലമായിഹ സഖേ! സ്വപ്നത്തെയൊപ്പോലെ ഞാൻ
പിന്നോക്കോന്നു പിടിച്ചുതാഴെ നിഴൽപോൽ നിസ്സാര
മായ് പോയിതോ ॥ 7.

കൂറുള്ളോരെ കൂട്ടവിട്ടഹഹ! ഞാൻ ക്രൂരന്നു കൈകൂട്ടിൽ
കീറക്കച്ചയുടുത്തു കണ്ടപടിതോറുംപോയിരന്നു സഖേ ! ।
തീരെ ക്ലേശമിയന്നതീവ്രതരമായീടും വ്രതം നോററു ഞാൻ
പാരം മേനിയലഞ്ഞുഹാ! ഫലമെനിക്കെന്താണതെന്തായതിൽ? ॥ 8.

നന്നായിട്ടയി! ക്രോധമയമെൻറ ഹൃദയം നിന്നോളമല്ലാം സഖേ!
യിന്നെൻ സംസാരമണ്ഡലിൽനിന്നറിവതാ മിസ്സൃഷ്ട്യമത്ത്യുത്തമം ।
എന്നായോട്ടമെട്ട തെളിച്ചു ചുഴലിക്കും ജീവിതത്വംഹെതിലീ
യൊന്നേത്രകവ്യമെല്ലാമുത്തനാകതന്നതേക്കരപ്പോകമാൻ ॥ 9.

ഉഴറിക്കിൽ പരിചപ്പെട്ടതൻ വിധികളും, പ്രാണാൻനിരോധിപ്പതും,
മോഹംതാൻ പരപിത്വം, പ്രകൃതിവിജ്ഞാനാദി ശാസ്ത്രങ്ങളും ।
ആഹാ! മാനസ വിഭ്രമങ്ങളിഹ സർവ്വത്യാഗ മത്യാഗവും,
“സ്നേഹം” “സ്നേഹ” മിതൊന്നുതന്നെ സകലം പാർത്താൽ പ
രാർത്ഥം സഖേ! ॥ 10.

ജീവൻ, ബ്രഹ്മവും, മിജഗത്തിലഖിലേശൻ മർത്ത്യനും പിന്നയി-
ന്നേവം പ്രേതപിശാചവർഗ്ഗവും, മഹോ ഭേതാളഭൂതങ്ങളും, ।
ദേവന്മാർ, പശുപക്ഷിജാതി, കൃമികീടംതൊട്ട സൃഷ്ടങ്ങളും
തായന്നാദ്യമെപ്പിരിഞ്ഞിടാതെ രൂപമായ്‌സ്നേഹമുറ്റന്നതിൽ ॥ 11.

പേറാതൊത്തു കയിന്ന ദേവനിക്കോപക്ഷം ദേവനായ്‌നതോ ?
നേരായേയക്കിലാത സർവ്വമിതുകളിൽകൊണ്ടു നില്ക്കുന്നതോ ? ।
രാതന്മാർ, ശിശുവിന്നവേ നിലയാതമാതാവോമതിക്കുന്നതും
ചോരൻ കൊള്ളയിടുന്നതും സകലവും സ്നേഹംനിമിത്തം സഖേ ॥ 12.

എൻ. കുമാരൻ ആശാൻ.

വിദ്യാഗുണദോഷം.

—:o:—

അത്യന്തോൽകൃഷ്ടിവിഷമതയപാനമുള്ളോരലോകം
നിത്യം സച്ചസ്സമിഹ ചിഴകാത്തമട്ടിൽ പഠിച്ച് ।
ശ്രോത്രാനന്ദത്തിന്ന സഭകളിൽചെന്നു പാടുന്നപാഠം
ചിത്രം മറന്നതിന്ന സമമായുള്ള പാതള്ളിപോർത്താൽ ॥ ൧.

അർത്ഥത്തിങ്കൽ ബഹുവിധമസംബന്ധവും സന്ധിദോഷാൽ
വൃത്തഭംഗമൊരാറും വികൃതി പലതും ചേർന്നിരിപ്പുള്ള കാവ്യം ।
പത്രന്തോറും പലതുമെഴുതീടുന്ന പാരിൽ പരന്താൻ
ചിത്രം മറ്റൊന്നിതിന്ന സമമായുള്ള പാതള്ളിപോർത്താൽ ॥ ൨.

ൎത്ഥം തെല്ലും തെളിവോടറിവാൻ ബുദ്ധിയില്ലാത്തലോകം
നിത്യം ശബ്ദം സകലമുരുവിട്ടിട്ടു ശാസ്ത്രജ്ഞനാമം ।
വ്യർത്ഥംവാങ്ങി സ്സ്വകരാരാട്ടവിൽചെന്നുചേരുന്ന കഷ്ടം
ചിത്രം മറെറന്തിതിന്നു സമമായുള്ളപാരുള്ളിലോർത്താൽ ॥ ൩
മിത്രേ! സർവ്വാർത്ഥസംസാധകമഹിതഗുണം കൂട്ടമായിട്ടശേഷം
ഹൃദ്യത്വംചേർന്നുനിന്നിൽതെളിവോടധികമായുണ്ടു സന്ദിഗ്ദ്ധപക്ഷം.
ഇല്ലികിൽ ദോഷമൊന്നാണതിനുണ്ടമയിമായുള്ള നിർമ്മലമാർഗ്ഗം
വിദ്വൽപ്പേരിന്നുവേണ്ടിപ്പലർപലവകയായ് ഗോഷ്ഠികാട്ടുന്നകഷ്ടം
നന്നായിപ്പാർത്തു നിന്നെ പാരിലതിൽവെച്ചിരുത്തിന്നായതവൻ
ചെന്നാലാരും ഫലിക്കുമെന്നുകരുതിക്കാത്തും പ്രവൃത്തിക്കണം ।
എന്നാലേ സുഖമാകയുള്ളൂ ദൃഢമല്ലെന്നാകിലോ കുന്നില
ത്തൊന്നായിട്ടലവരേർ വീഴിലയും പൊട്ടൻറക്കാട്ടുതം ॥ ൪

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

———:0:———

വളരെ പ്രാചീനവും ഏററവും അപൂർവ്വവും ആയ "കേരളക്ഷിതിരത്നമാല" എന്ന താഴെ വരുന്ന ഗ്രന്ഥരത്നം രസികരഞ്ജിനി മുഖേന പൊതുജനോപകാരമാക്കിത്തീർക്കുവാൻ അനുവാദം തന്നതിന്ന കെ. പി. പത്മനാഭമേനോൻ. ബി. എ; ബി.എൽ. എം. ആർ. ഏ. എസ്സ്. അവർകൾക്കു ഞങ്ങൾ എത്രതന്നെ കടപ്പെട്ടിരിക്കുന്നുവെന്ന് അറിയിക്കുവാൻ കേവലം വാക്കുകളെക്കൊണ്ടുമാത്രം സാധിക്കുന്നതല്ല.

ഇതിലെ ശ്ലോകങ്ങളെല്ലാം സംസ്കൃതത്തിലാണെങ്കിലും, മണിപ്രവാളത്തിന്റെപോലെ അവകളുടെ പാണ്ഡിത്യവും വിഷയത്തിന്റെ ഉപകാരത്വവും കൃതിയുടെ പഴക്കവും എല്ലാംകൂടി ആലോചിച്ചുനോക്കുമ്പോൾ "കേരളക്ഷിതിരത്നമാല", കേരളഭാഷാഭൂഷണിയായ രസികരഞ്ജിനിക്ക് ഒരു ഭൂഷണമായിട്ടുതന്നെയാണ ഞങ്ങൾ വിചാരിക്കുന്നത.

ര. ര. പ.

കേരളക്ഷിതിരത്നമാല

ശ്രീ

പ്രണമ്യദേവംവിഘ്നേശംപ്രണമ്യചസരസ്വതീം.
ക്ഷിതിരത്നസ്രജംവക്ഷ്യേമനോജ്ഞാംകേരളോചിതാം. ൧.

വിഘ്നേശ്വരനായ ഗണപതിയേയും സരസ്വതിയേയും നമസ്കാരം ചെയ്തു് മനോഹരമായും കേരള ദേശത്തേക്കു യോഗ്യമായും ഇരിക്കുന്ന ക്ഷിതിരത്നമാല എന്ന ഗ്രന്ഥത്തെ പറവാൻ തുടങ്ങുന്നു.

മധുകൈടഭയോശ്ചൈവംമേദസാകല്പിതാമഹീ
വിഷ്ണുനേത്രസമാഖ്യാതംമേദിനീത്യസുമേധസാ. ൨.

പണ്ടു് വിഷ്ണുഭഗവാൻ മധുവെന്നും കൈടഭൻ എന്നും പേരായ രണ്ടു് അസുരന്മാരുടെ മേദസ്സുകൊണ്ടു ഭൂമിയെ സൃഷ്ടിച്ചതായി സുമേധസ്സ് എന്നമഹർഷിയാൽപറയപ്പെട്ടിരിക്കുന്നു.

വർണ്ണാശ്രമപരിത്രാണം ധരായാം കരജോചിതം.
തസ്മാദ്ധരാധിപാൻ പ്രാഹുഃപ്രായേണകരസംഭവാൻ. ൩.

ഭൂമിയിങ്കൽ വർണ്ണങ്ങളാം എന്ന ബ്രാഹ്മണ ക്ഷത്രിയ വൈശ്യ ശൂദ്രന്മാരേയും ആശ്രമങ്ങളാം എന്ന ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥത, ഭിക്ഷുകത്വം ഇവയേയും രക്ഷിക്കുന്നത ക്ഷത്രിയന്ന (കരജൻ—വിഷ്ണുവിന്റെ കരത്തിങ്കൽനിന്ന ജനിക്കയാൽ ക്ഷത്രിയനു കരജൻ എന്നും ബാഹുജൻ എന്നും പേര്) യോഗ്യമായിട്ടുള്ളതാകയാൽ മിക്കവാറും രാജാക്കന്മാർ ക്ഷത്രിയന്മാരെന്ന പറയപ്പെടുന്നു.

ഭൃഗോരന്ത്യവസദനം ഗോകർണ്ണാദ്യമനന്തരം
സമുദ്രാദുദ്ധൃതംതേനാവദ്ദ്രാമേണാദ്ഭുതസ്മനാ. ൪.

ഉത്സൃജ്യ കേരളംതാവൽപാരാവാരാദപാരതഃ
ബ്രാഹ്മണേഭ്യോദദൌരാമോ വിപ്രാസ്തൽകേരളാധിപാഃ. ൫.

ഭാർഗ്ഗവരാമൻ (പരശുരാമൻ) അതി ശ്ലാഘ്യമായ ഗോകർണ്ണശിവക്ഷേത്രത്തെ സമുദ്രത്തിൽനിന്ന എപ്പോൾ ഉദ്ധരണം ചെ

ളുവോ അപ്പോൾ അപാരമായ സമുദ്രത്തിൽനിന്ന ഉണ്ടായതായ കേരളത്തെ പരശുരാമൻ ബ്രാഹ്മണൎക്ക ദാനംചെയ്തതുകൊണ്ട ബ്രാഹ്മണർ കേരളാധിപന്മാരായിത്തീൎന്നു.

പാരുഷ്യവാക്യപരഹിംസനരോഷതൃഷ്ണ
ഡംഭോൽക്കടൈൎന്നിയമലോപമുഖൈൎവ്വപാപൈഃ
വിപ്രാഃപ്രണഷ്ടതപസോധൎമ്മഹസ്തതസ്യ
ധാമപ്രയാന്തിധരണീശ്വരനാമപത്ര്യം. ൫൦.

ബ്രാഹ്മണർ രാജ്യഭരണംചെയ്യുമ്പോൾ പരുഷവാക്ക, പരഹിംസ, കോപം, ആഗ്രഹം, അഹമ്മതി മുതലായതുകളിൽനിന്ന ജനിക്കുന്ന തങ്ങളുടെ നിയമലോപം മുതലായ പാപങ്ങൾകൊണ്ട തപസ്സില്ലാത്തവരായി ധൎമ്മരാജ (അൎമ്മഹസ്തതൻ) പുരിയെ പ്രാപിക്കുന്നു.

ഏതസ്മാദ്രാജ്യഭരണോ. കേരളക്ഷിതി പുംഗവാഃ
ക്ഷത്രിയാചുതഷാൻ ശ്രേഷ്ഠാൻ തേകൃത്യധികാരിണഃ. ൧.

മേൽപറഞ്ഞതുകൊണ്ട ആ (പാപഭീതന്മാരായ) കേരളബ്രാഹ്മണർ രാജ്യരക്ഷകരായി ചില ശ്രേഷ്ഠന്മാരായ ആയുധപാണികളെ അധികാരികളായി വെക്കുന്നു.

കേരളേദ്വിജമുഖ്യൈസ്ത്വിപ്രൈന്നിയമിതാനൃപാഃ
നകരഗ്രാഹിണസ്തേവൈപ്രജാനാംപരിപാലകാഃ. ൨.

കേരളത്തിൽ ബ്രാഹ്മണരാൽ നിയമിക്കപ്പെടുന്ന രാജാവിന്ന രാജ്യാധിപത്യം കിട്ടുന്നു. ആ രാജാവ കപ്പം വാങ്ങുന്നില്ല. പ്രജാപരിപാലനംചെയ്യുവരുന്നു.

തേഷാംപട്ടാഭിഷിക്താംവിപ്രൈഃ പ്രദത്താനിഭുവതലേ
സപ്തലക്ഷസപ്തലക്ഷരാജഭാവൈഃ പട്ടാഭിഷേകമറിയുന്നതിഃ. ൩.

ബ്രാഹ്മണരാൽ നിയമിക്കപ്പെട്ടവരും കപ്പം വാങ്ങാതെ രാജ്യഭരണംചെയ്യുന്നവരും ആയ രാജ്യാധിപതികൾക്ക ബ്രാഹ്മണർ ചെറുതായ ഓരോ ഭൂഖണ്ഡം പ്രതിഫലം കൊടുക്കയും ചെയ്യുന്നു.

പ്രജാനാമധിരാജ്യന്തികേരളേധരണീശ്വരാഃ
മിഥസ്സേചാധികൃത്തിധരണിക്രയവിക്രയം. ൪.

കേരളബ്രാഹ്മണർ ഭൂമിയെ തങ്ങളുടെ പ്രജകൾക്കു കൊടുക്കുകയും അവർ തന്നെ അന്യോന്യം ക്രയവിക്രയങ്ങൾ ചെയ്കയും ചെയ്തുവരുന്നു.

ഭൂമേസ്തച്ചപൃഥിവീയസ്മാൽ കേരളേ സോദകന്നരഃ
സപ്തിവത്സ്യ നാഥസ്യാൽ സന്താനസ്സായമീശ്വരഃ ൮൮.

കേരളത്തിൽ ഉദകപൂർവ്വം യാതൊരു മനുഷ്യർ ഭൂമിയെ വാങ്ങുന്നുവോ അവർതന്നെ അതിന്റെ നാഥന്മാരായി ഭവിക്കുന്നു. അവരെ സജ്ജനങ്ങൾ ജന്മി എന്ന് അറിയുന്നു.

ജന്മേശപരതന്ത്രത്വാനാം പഞ്ചധാജാതികല്പിതം
ക്രീതംസംഹതമാക്രാന്തം ദേവധാ ലബ്ധകാലജം ൮൯.

ഭൂമിയിൽ ജന്മം അഞ്ചുവിധമായി മനുഷ്യന്മാൾക്കുണ്ടാകുന്നു. അവ (൧) ക്രീതം (൨) സംഹതം (൩) ആക്രാന്തം (൪) ദേവപ്രകാരമായ ലബ്ധം (൫) കാലജം ഇങ്ങിനെ അഞ്ചുവിധമാകുന്നു.

മൂല്യമത്താഭുവിധിവത്സോദകം ധരണീനരഃ
ആദത്തേയസ്തുതൽപ്രോക്തം ജന്മക്രീതം മനീഷിഭിഃ ൯൦.

മനുഷ്യർ വിലകൊടുത്തു ഉദകപൂർവ്വമായി വിധിപ്രകാരം വാങ്ങുന്ന ജന്മം ക്രീതജന്മം എന്നു വിദ്വാന്മാരാൽ പറയപ്പെട്ടിരിക്കുന്നു.

ബലാൽഗൃഹീതം ഭൂഖണ്ഡമാക്രാന്തം സമുദീരിതം
വിപ്രോദ്ദിഷ്ടസ്യ പാലനാത്തൽപ്രോക്തം നാന്യസ്യ കേരളേ ൯൧.

ബലാൽക്കാരംകൊണ്ടു ആക്രമിച്ചു കിട്ടിയ ഭൂഖണ്ഡത്തിന്നു ആക്രാന്തജന്മം എന്നു പേർ. ഈ ജന്മം മലയാളത്തിൽ ബ്രാഹ്മണർ നിയമിക്കുന്ന രാജാക്കന്മാൾക്കല്ലാതെ മറ്റാരുക്കും സിദ്ധിക്കുന്നതല്ല.

യേ വൈ ദത്താ ഭൂമിപാലോകേ ദേവബ്രാഹ്മണനിർമ്മിതാഃ
അരണ്യേ യോജിതാ സംഘാതാശ്ച ഭൂപാലകാലേ ചൈകാശ്ച യേ ൯൨.
ഗ്രാമാഹാലികത്വാതോ ധർമ്മകർമ്മവിരോധിനഃ
പ്രതിമാസ്യചക്ഷേചതന്ത്രനാശനോദ്യതാസ്തഥാ ൯൩.
വിരോധിനശ്ച പാപിഷ്ഠാനാം ചോരോത്കടപുരസ്സരമാം
ആജ്ഞാവല്ലംഘ്യതോയശ്ച പരമുദ്രാവിലേപകാഃ ൯൪.

ഏഭിഃഷഡ്ഭിർവ്വിധൈഃ സർവ്വാബലാദാക്രമ്യതേ നൃപൈഃ
ആക്രാന്തമന്ദനം തൽദ്രോഹജം ദേവാന്നാമപി താൽഭവേൽ. ൫൭.

ആക്രാന്തമന്ദനം രാജാവിന്നമാത്രം സിദ്ധിപ്പാൻ കാരണങ്ങളെ പറയുന്നു. പ്രാണിദ്രോഹം, ദേവനിന്ദ, ബ്രാഹ്മണനിന്ദ, അഗമ്യാഗമനം, രാജശാസനാലംഘനം, ഗൃഹദഹനം മുതലായതു, ധർമ്മകാര്യവിരോധം, ദേവപ്രതിബിംബങ്ങൾക്കു സാന്നിദ്ധ്യത്തെ നശിപ്പിപ്പാൻ വേണ്ടുന്ന ശ്രമം, വഴിയാത്രക്കാർക്കു വിരോധം, സ്ത്രീകൾ ഇരിക്കുന്ന സ്ഥലത്തിലെ സ്വത്തിനെ അപഹരിക്കുക, വർണ്ണാശ്രമധർമ്മങ്ങളെ വിട്ടുനടക്കുക, കള്ളസ്സാക്ഷിപറക മുതലായ പാപംചെയ്യുന്നവരുടെ ഭൂമിയെ മുഴുവനും രാജാക്കന്മാർ അപഹരിക്കുന്നു. ഇതിന്നു കിട്ടുന്ന ഭൂമിക്കു ആക്രാന്തമന്ദനം എന്നുപേർ. ഒരു ജന്മം ഒരു പൊതുവാൾക്കും സിദ്ധിക്കാം.

ദൈവാന്യനാശനാം കർമ്മ പ്രതിമാധ്വംസം കരോതിയഃ
സർവ്വാമാക്രമ്യ തൽഭൂമിം ദദ്യാദ്ദേവായ ഭൂപതിഃ ൫൮.

ദേവപ്രതിബിംബങ്ങളിൽ സാന്നിദ്ധ്യം കളവാൻ ശ്രമിക്കുന്നവരുടെ ഭൂമിയെ മുഴുവൻ അപഹരിച്ചു രാജാവ ആ ദേവനു വഴിപാടചെയ്യേണ്ടതാകുന്നു. (ഇതിനാൽ ആക്രാന്തജന്മം ദേവനും ഉണ്ടു.)

പൃഥഗ്ദ്വിരഷ്ടപത്നീനാം പൃഥഗ്ദ്വിരഷ്ടഭൃത്തിഭിഃ
ബലാദാക്രമ്യതേ പൃഥഗ്ദ്വിപ്രജാനാന്തു മേദിനീ ൫൯.

രാജാക്കന്മാർ മറെറാരു രാജാവിന്റെ ഭൂമിയെ ബലാൽകാരംകൊണ്ടു അപഹരിക്കാറുണ്ടെങ്കിലും പ്രജകളുടെ ഭൂമിയെ (മുമ്പ വിവരിച്ച കാരണങ്ങൾ കൂടാതെ) അപഹരിക്കമാറില്ല.

ഭൂപാലാ ബഹവോ വിപ്രൈഃ രാസാഗ്രവപ്രകല്പിതാഃ
ദേവബ്രാഹ്മണരക്ഷാർത്ഥം രാജശബ്ദസ്യതാദൃതാഃ ൬൦.

ബ്രാഹ്മണന്മാർ അനേകരാജാക്കന്മാരെ ദേവന്മാരെയും ബ്രാഹ്മണരെയും രക്ഷിപ്പാൻവേണ്ടി രാജശബ്ദത്തോടുകൂടിയും കൂടാതെയും തങ്ങളുടെ ദാസന്മാരായി കല്പിച്ചിട്ടുണ്ട്.

ഏതേഷാന്നിയതസങ്കേതാദ്രാഷ്ട്രാത്രാസ്യാൽബഹിഷ്കൃതാ
സാമന്ത്യൈരാക്രമ്യതേ ഭൂപൈഃ ബലാദേവമഹീപാലകൈഃ ൬൧.

അവരുടെ സങ്കേതസ്ഥലത്തിൽനിന്ന പുറത്തുള്ള രാജ്യം അധികം ബലമുള്ള അന്യരാജാക്കന്മാരാൽ ആക്രമിക്കപ്പെടുന്നു.

കേരളസ്യപരിത്രാണമാത്മവംശ്യേഷുകല്പിതം
സാൎവ്വത്രകേരളാധീശം കുൎവ്വന്ത്യസ്യ പരദ്വിജാഃ ൨൩.

കേരളദേശസംരക്ഷണം മരുമക്കത്തായക്കാരിൽ കല്പിക്കപ്പെട്ടിരിക്കുന്നു. ആബ്രാഹ്മണർ ഒരു രാജാവിനെക്കൊണ്ടുവന്ന കേരളരാജ്യത്തിന്ന മുഴുവനും അധിപതി ആക്കിത്തീൎക്കുന്നു.

കാശ്മീരാവന്തിചോളാദിരാഷ്ട്രേഭ്യഃ ക്ഷത്രിയാൻ ദ്വിജാഃ
ആനീയമാതൃവംശ്യാന്തം കൃത്വാകുൎവ്വന്തിഭൂമിപം ൨൪.

കാശ്മീരം അവന്തി ചോളം മുതലായ ദേശങ്ങളിൽനിന്ന ഒരു രാജാവിനെകൊണ്ടുവന്ന അവനെ മരുമക്കത്തായക്കാരനാക്കി രാജാവാക്കിവെക്കുന്നു.

ഏവംബഹവഃ പ്രാപ്താഃ ഭൂപാലാഃ കേരളേപുരാ
തൈൎദ്ദത്തക്ഷിതയശ്ചാപിരാജാനസ്സന്തികേചന ൨൫.

ഇങ്ങിനെ കേരളത്തിൽ അനേകം ഭൂപാലന്മാർ പണ്ട വന്നിട്ടുണ്ട. അവരാൽ കൊടുക്കപ്പെട്ട ഭൂമിയുള്ള ചിലർ രാജാക്കന്മാരായിരിക്കുന്നു.

ശ്രേഷ്ഠാധരാക്ഷത്രിയപാലിതാസ്യാ
രാഷ്ട്രാദപിബ്രാഹ്മണമേദിനീച
വിപ്രക്ഷിതിശ്ശ്രേഷ്ഠതമേതിലോകേ
പ്രോക്താതുനീരന്ധ്രഃ മദ്ധ്യമസ്യാദന്യാ. ൨൬.

ക്ഷത്രിയൻ സംരക്ഷണംചെയ്യുന്ന രാജ്യവും ക്ഷത്രിയന്റെ രാജ്യവും ശ്രേഷ്ഠമായുള്ളവയാകുന്നു. ബ്രാഹ്മണന്റെ രാജ്യംശ്രേഷ്ഠതമമാകുന്നു. ഈ മൂന്നിൽ ഉൾപ്പെടാത്ത രാജ്യം മദ്ധ്യമമാകുന്നു.

തപോവനസമംദേശം യം ധരണീസുരരാഷ്ട്രകം
നഗരംക്ഷത്രരാഷ്ട്രംസ്യാദിതിവാഗീശഃപരോബ്രവീൽ ൨൭.

ബ്രാഹ്മണന്റെ രാജ്യം തപോവനതുല്യം എന്നും ക്ഷത്രിയരാജ്യം നഗരത്തിന്ന തുല്യമെന്നും ബൃഹസ്പതി പറഞ്ഞിരിക്കുന്നു. (നഗരം ബ്രാഹ്മണൎക്ക വസിപ്പാനും പ്രത്യേകിച്ച തപസ്സിന്നും യോഗ്യതയില്ലാത്തതാണെന്ന സ്മൃതിവചനം ഉണ്ട.)

ക്ഷോണീശഭാവം കരസംഭവാനാം
നിസർഗ്ഗസംസിദ്ധമിതി ബ്രുവന്തി।
തസ്മാൽ ദ്വിജക്ഷോണിഷു പട്ടമാത്രാൽ
സമ്യക്ഭവേൽ ക്ഷത്രിയതാപ്യമേവ॥ ൯൮.

കരസംഭവന്മാർ എന്ന ക്ഷത്രിയർക്ക ഭൂമിയുടെ ആധിപത്യം ജന്മസിദ്ധമായിരിക്കുന്നതിനാൽ ബ്രാഹ്മണരാജ്യത്തിങ്കൽ പട്ടമാത്രം കൊണ്ട ഒരു ബ്രാഹ്മണഭൂമിയും ക്ഷത്രിയഭൂമിയായിപ്പോകുന്നു.

ഭൂദേവപ്രദത്തസ്യാന്തിഹി രാജ്യപട്ടം
ധരാധിപാഃ പാദചരണൈർഭവന്താം
ശൂദ്രാശ്ചരൂപം ദ്വിജരാഷ്ട്രമേവ
സൃഷ്ടാസ്സ്വതഃ കേനഹി വിപ്രദാസ്യേ॥ ൯൯.

ബ്രാഹ്മണർ ശൂദ്രന്മാർക്ക രാജ്യസ്ഥാനം കൊടുക്കാറുണ്ട്. എന്നാൽ ശൂദ്രന്മാർ ബ്രാഹ്മണർക്ക ദാസ്യത്തിന്നുവേണ്ടി ബ്രഹ്മാവിനാൽ സൃഷ്ടിക്കപ്പെട്ടവരാകയാൽ ശൂദ്രൻ ഭരിക്കുന്ന ബ്രാഹ്മണരാജ്യം ബ്രാഹ്മണരാജ്യമായിട്ടുതന്നെ ഇരിക്കുന്നു.

ആക്രാന്തിഭീതാസ്സ്വഭൂപാനിജക്ഷോണ്യാദിസമ്പദം
നിർല്ലേഖം നിജദേവാലയസ്യാന്തിചനിരാകുലാഃ॥ ൱.

അന്യന്മാർവന്ന അപഹരിക്കുമെന്ന ഭയപ്പെട്ടുകൊണ്ടാകുന്നു അവർ തങ്ങളുടെ ഭൂമിമുതലായ സ്വത്തുകളെ തന്റെ ദേവാലയത്തിലേക്കായി വ്യസനമില്ലാതെ കൊടുത്തുകളയുന്നു.

സർവ്വത്രൽഭൂമിലഭ്യാർത്ഥം താദ്ദേവസ്വം ഹലാഞ്ചിതം
സാമ്രാജ്യാക്രമ്യതേഹ്യന്യൈർദ്ദേവാകേനാപിഹേതുനാ॥ ൱൧.

അങ്ങിനെ ദേവാർപ്പണംചെയ്ത സ്വത്തിനെ അന്യന്മാർ ഒരിക്കലും അപഹരിക്കാതെയിരുന്നു കൊണ്ട ആ ഭൂമിയുടെ ആധാരം മുതലായതിൽ ഒക്കയും ആ ദേവന്റെ പേരകൊണ്ട അടയാളപ്പെടുത്തപ്പെടുന്നു.

താന്ത്രികം വൈദികം വാപി ക്രിയതേയത്തപോവനേ
ത്രിഗുണാന്തർഫലംതത്തയം സർവ്വദാ ദേവസ്യരക്ഷിതം॥ ൱൨.

തന്ത്രശാസ്ത്രത്തിലോ വേദത്തിലോ പ്രസിദ്ധമായ ഒരു കർമ്മം തപോവനത്തിങ്കൽ വെച്ചുചെയ്താൽ മൂന്നിരട്ടിഫലം കിട്ടുന്നതാകുന്നു. ഇങ്ങിനെയാണ പണ്ഡിതന്മാർ പറഞ്ഞിട്ടുള്ളത.

ഒരു ദുൎമ്മരണം.

—:o:—

"ഇൻസ്പെക്ടർ ചേരിപ്പുറം വിട്ടുവോ?" എന്നുചോദിച്ചു. "ഇല്ല" എന്നു മാത്രം മറുവടിപറഞ്ഞ കുഞ്ഞിക്കൃഷ്ണൻ തിരിയും മുമ്പ്, "എന്നുവരും" എന്നു കൂടി ചോദിക്കുവാൻ കുമാരൻ നായൎക്കു ക്ഷമയുണ്ടായി. ഇതിന്നുത്തരമായി "നാളെ" എന്ന് ഉറക്കെയും "അവനോടെന്റെ ജോലിനോക്കിയാൽ മതി" എന്നു പതുക്കെയും പറഞ്ഞുകൊണ്ടു കുഞ്ഞിക്കൃഷ്ണൻ അവന്റെ പാട്ടുനോക്കിനടന്നു.

ഈ സമയത്തു ദേവകിക്കുട്ടി കുമാരൻ നായരെ കാത്തുകൊണ്ടു വടവൃക്ഷത്തിന്റെ ചുവട്ടിൽ ഇരുന്നിരുന്നതും, കുമാരൻനായർ അവിടെ ചെന്നപ്പോഴേക്കു നേരം വൈകിയതും, അവിടെ വെച്ചുണ്ടായ സംഭാഷണത്തിൽ നിന്നു കുഞ്ഞിക്കൃഷ്ണൻ പറഞ്ഞതു പൊളിയല്ലെന്നു കുമാരൻ നായൎക്കു മനസ്സിലാകുവാൻ ഇടയായതും വായനക്കാർ ഓൎക്കുന്നുണ്ടല്ലോ.

ഇനി വായനക്കാരുടെ സൂക്ഷ്മദൃഷ്ടി കുഞ്ഞിരാമൻ നായരുടെയും സ്നേഹിതന്മാരുടെയും ഗതിയേയും പ്രവൃത്തിയേയും അല്പനേരത്തേക്കു പിന്തുടരട്ടെ. ഇവർ കുമാരൻ നായരോടു വേർപിരിഞ്ഞിട്ടു പരിവട്ടപ്പാടത്തിന്റെ തെക്കേക്കരക്കൽ മഹൎഷിമാരുടെ ആശ്രമം പോലെ ശാന്തമായ ഒരു വീടിനെ ലക്ഷ്യമാക്കിക്കൊണ്ടാണു നടന്നിരുന്നതു.

പഴക്കം ചെന്നതു സകലത്തും പരിഷ്കാരം കൊണ്ടു വെള്ളയടിക്കുന്നതിന്നു മുമ്പ നാഗരികത്വത്തിന്റെ ബാധ ഏൽക്കാത്തതായ ഒരു നാടൻ പാൎപ്പിടത്തിന്റെ മാതൃക ഒരു നോക്കുകണ്ടാൽ കൊള്ളാമെന്നു ആഗ്രഹിക്കുന്നവർ പരിവട്ടപ്പാടത്തിറങ്ങി തെക്കോട്ടുതിരിഞ്ഞു നോക്കിയാൽമതി. കൃത്രിമമോടിയുടെ ശകലം പോലും മേലെവീട്ടിൽ കയ്യുംകൂടെ പടികടന്നു ചെന്നിട്ടില്ല. പടിമുതൽ പെരുമുകളുവരെ പ്രകൃതീദേവി പ്രസാദിച്ചു കൊടുത്തിട്ടുള്ള ഉപകരണങ്ങളെ കഴിയുന്നതും കേടുപാടു വരുത്താതെയാണു ഉപയോഗിച്ചിട്ടുള്ളതു. പടിയുടെ സ്ഥാനത്തുള്ള കടമ്പ വാക്കത്തിയുടെ ഉപ

ഭവം വളരെ അനുഭവിച്ചിട്ടില്ല. പാടത്തുകിടന്നിരുന്ന് കളിമണ്ണിന്നു മേലെവീട്ടിൽ ഭിത്തിയുടെ പദവിലഭിക്കത്തക്കയോഗം ഉണ്ടായി എങ്കിലും സഹജമായ പ്രകൃതിക്ക അധികമൊന്നും മാററം വന്നിട്ടില്ല. വക്കോലുകൊണ്ടു മേഞ്ഞ ഓല' വള്ളികൊണ്ടുകെട്ടിയുറപ്പിച്ചിട്ടുള്ള മേല്പുര പ്രകൃതീദേവിയുടെ മഞ്ഞ മഴ വെയില മുതലായ ദോഷകോപങ്ങളെ തടുക്കുവാനല്ലാതെ മോടിക്ക ലവലേശം മോഹിച്ചിട്ടില്ല. കൊങ്ങിണിച്ചെടി, കരിങ്ങോട്ട, മുരിക്ക, മുള്ള, അടമ്പ മുണ്ടമുതലായചെടികളും വൃക്ഷലതാദികളും കൂടിപ്പിണഞ്ഞ ബന്ധിക്കപ്പെട്ടിട്ടുള്ള വേലിയിലും പ്രകൃതീദേവിയുടെ വിളയാട്ടം തന്നെ. പറമ്പിൽ എല്ലാവും സ്വാഭാവികമായി വളൎന്ന തെളിഞ്ഞിട്ടുള്ള സസ്യാദികാം നയനാനന്ദകരങ്ങളെന്നേ പറയേണ്ടതുള്ളൂ. ആകെക്കൂടിനോക്കുന്നതായാൽ ഈ വീട്ടിൽ ദരിദ്രഭാവത്തെക്കാൾ അല്പവൃത്തിയിലുള്ള സന്തൃപ്തിയും മോഹങ്ങളുടെ മിതഭാവവുമാണ അധികം പ്രകാശിച്ചു കാണുന്നത.

കുഞ്ഞിരാമൻ നായർ കടമ്പകയറിക്കടക്കുന്നതുകണ്ടു കോലായിൽ നിന്നിരുന്ന ഒരു ശ്വാനൻ' അകത്തേക്ക ചാടിയോടി. സ്ലേഷനാസ്സർ പറമ്പും ചുറവും തന്റെ ദൃഷ്ടിവിഭ്രമത്താൽ ഉഴിഞ്ഞുകൊണ്ടു പടിക്കകത്ത പ്രവേശിച്ചതോടുകൂടി വൃദ്ധനായ കയ്യൂരും പരിഭ്രമിച്ചു മിററത്ത ചാടിവീണു. കുഞ്ഞിരാമൻനായരുടെ ഇണയായിട്ട സ്ലേഷനാപ്പുമാണെന്ന കണ്ടപ്പോഴം പരിഭ്രമം ഒന്നുകൂടി വൎദ്ധിച്ചു. കയ്യൂരുടെ പാരവശ്യംകണ്ടു കുഞ്ഞിരാമൻ നായർ

“ദാമോദരമേനോൻ കഴിഞ്ഞതോടുകൂടി കയ്യൂറാം ഞങ്ങളെ ഒക്കെ മറന്നുവെന്ന തോന്നുന്നു” എന്ന ചിരിച്ചുകൊണ്ടാണ പറഞ്ഞത. കയ്യൂറാക്ക ഇതിന്റെ സാരം മനസ്സിലായില്ല. എങ്കിലും കുഞ്ഞിരാമൻ നായരുടെ പ്രസന്നഭാവം കയ്യൂറാക്ക ധൈൎയ്യത്തെ ഉണ്ടാക്കിത്തീൎത്തു.

“എന്റെ എമ്മാനേ! എമ്മാനന്മാരുടെ കൃപകൊണ്ടല്ലേ ഈ കുഞ്ഞുകുട്ടിപരാധീനത്തിന്ന നാഴിക്കഞ്ഞി കുടിക്കുവാൻ വകയായത്. എന്റെ ജീവനുള്ള കാലത്ത ഞാൻ എങ്ങിനെയാണ എമ്മാന്മാരെ മറക്കുന്നത്?

ഷും വിളക്കുംകൊണ്ടു അന്നയാത്രക്ക് ഉത്സാഹിച്ചപ്പോൾ വേണ്ട കഷ്ടം ബുദ്ധിമുട്ടേണ്ട' എന്നചോദ്യത്ത ആധാരവും കൊള്ളത്തുങ്കിലിയേ അയച്ചു.

സ്ലേഷനാപ്പർ പരിവട്ടവുമെടുത്ത കാപ്പികഴിഞ്ഞ പുറപ്പെട്ടപ്പോൾ കാരണവന്മാർ എത്തികഴിഞ്ഞിട്ടില്ല. അമ്മുവിന്റെ ശിക്ഷ്യത്തി എന്താണെന്നൊക്കെ തന്നെത്താൻ മന്ത്രിച്ചുകൊണ്ടു മിററത്തു റാൽക്കുന്നുണ്ടായിരുന്നു. പത്തുമിനിട്ടോളം അവളുമായിട്ടുള്ള സംവാദത്തിൽ ചിലവഴിച്ചതിന്റെ ശേഷമെ ശാസ്ത്രമെനോൻ പടിക്കപ്പുറത്തേക്കു കടന്നുള്ളൂ. എട്ടുവല്ലൂർ കാൽനടക്കു പോവുകയാണെങ്കിൽ ബുദ്ധിമുട്ടിനപ്പുറമേ അവിടെ എത്തുമ്പോൾ നേരം കുറേ വൈകുകയുംചെയ്യുമെങ്കിലും സ്ലേഷനാപ്പർക്ക് വണ്ടിപിടിക്കേണ്ടെങ്കിലോ എന്ന മനോരാജ്യം തന്നെയുണ്ടായില്ല.

വഴിയിലിറങ്ങി കിഴക്കോട്ടൊന്നു നോക്കി. ചക്രവാളത്തിനൊടുത്ത ലഘുകളായ കാർമേഘമാണ്ഡ്രോ? ഇടകലർന്നിട്ടുള്ള ധൂമ്രമേഘങ്ങൾ ധൂളിവെയ്ക്കാത്ത പഞ്ഞിക്കൂട്ടം പോലെ ശിലോച്ച ശിഖരങ്ങളായി വന്നുകൂടിട്ടുണ്ടു. അരൊന്നും ക്ഷോഭിക്കാതെ വർദ്ധിച്ചു. പാലത്തിന്റെ അക്കര പാറാറായപ്പോഴേക്കു ആകാശത്തെ പ്രകൃതമൊക്കെമാറി. വാനസ്ഥലം ഒരു പൊക്കത്തും പോലെയായി. വെളുത്ത മേഘങ്ങളെല്ലാം കറുത്തിരുണ്ടു് ഞൊടിക്കുന്നതിൽ പടയാളികളെന്നപോലെ കാററടികൊണ്ട് അങ്ങുമിങ്ങും പാഞ്ഞുതുടങ്ങി. ചന്ദ്രൻ മറഞ്ഞു. ഇടിവെട്ടിത്തുടങ്ങി. മിന്നൽ പാളിത്തുടങ്ങി. ഇരുട്ടും ഒരുവിധം എല്ലാടവും വ്യാപിച്ചു.

ഈ കോലാഹലത്തിൽ സ്ലേഷനാപ്പരുടെ കുട കയ്യിൽനിന്നും പറന്നുപോയി. മറിഞ്ഞുമറിഞ്ഞു പോകുന്ന കുടയുടെ പിന്നാലെ ഓടിയെത്തി അതു് എടുക്കുവാനായിട്ടു കുനിഞ്ഞപ്പോൾ പിന്നിൽ നിന്ന ഇരിമ്പുകിടൻ പോലെയുള്ള രണ്ടുകൈകൾ സ്ലേഷനാപ്പരെ വന്നുചുററിപ്പിടിച്ചതും വലത്തുകാലിന്റെമേൽ മുതുകത്തു് കയറവുവാൻ ആരംഭിച്ചതും സ്ലേഷനാപ്പർ ഒന്നു കൂടി പെട്ടെന്നു താണുകാലിട്ട ഒഴിഞ്ഞുകിടക്കുന്നതിന്റെ കണങ്കാലുകളേക്കൊണ്ടു പിന്നിൽ നിൽക്കുന്നവന്റെ ഇടത്തുകാലിന്മേൽ പിടിച്ചു മുന്നോട്ടുവലിച്ചതിനാ

“എന്നാൽ പുളിങ്ങോട്ട നിന്ന കള്ളന്മാര് തീറുതന്ന ശീട്ടിന്റെ കാൎയ്യത്തെപ്പറ്റി എന്താ ഞങ്ങളോടൊന്നും പറയാത്തത്. കള്ളന്മാര് ഉണ്ടാവരുന്ന കാലത്ത ഞങ്ങളും കേട്ട സന്തോഷിക്കേണ്ടവരല്ലേ?”

“അയ്യോ! അന്നഞാൻ പരിഭ്രമത്ത വന്നിരുന്നു. എജമാനന്മാരാരും അവിടെയുണ്ടായിരുന്നില്ല. അമ്മുക്കുട്ടിയോട വൎത്തമാനമൊക്കെ പറഞ്ഞിട്ടുണ്ടായിരുന്നു. ഇവിടെക്കൊന്നും കിട്ടിയില്ലയിരിക്കും, എന്റെ ഈശ്വരാ! എജമാനന്മാർ സുഖമായിട്ടിരുന്നാൽ മതിയായിരുന്നു” എന്ന ദാമോദരമേനവനോടും കിട്ടുണ്ണിമേനവനോടും ഉദ്ദേശിച്ചുപറഞ്ഞുകൊണ്ട കള്ളന്മാര് തുടങ്ങിയപ്പോൾ കുഞ്ഞിരാമൻനായരുടെ ഇടനെഞ്ഞു പിടച്ചുതുടങ്ങി. ഈ അവസരത്തിൽ ഭാസ്കരമേനോൻ

“ശീട്ട് എത്രഉറുപ്പികയുടേതാണ്? തീറാധാരം എടുത്തുകൊണ്ടുവരു. നോക്കട്ടെ” എന്നപറഞ്ഞതുകേട്ട കള്ളന്മാര് അകത്തേക്ക പോയി ആധാരവും ഒരു കൈവിളക്കും എടുത്തുകൊണ്ടു വരുന്നതിനിടക്ക കുഞ്ഞിരാമൻനായൎക്ക് വിശ്രമിക്കുവാൻ എടകിട്ടി. സ്റ്റേഷനാപ്പൎ ആധാരംവാങ്ങി വായിച്ചുനോക്കിയപ്പോൾ പുളിങ്ങോട്ട കിട്ടുണ്ണിമേനവന്റെ സ്വത്തിലെ നിശ്ചയപ്രകാരം മേല്പറയാന്റെ നേരെ ജ്യേഷ്ഠനായ മരിച്ചുപോയ ദാമോദരമേനവന്റെ ശിഷ്യനായിരുന്ന മേലേവീട്ടിൽ കൃഷ്ണൻനായരെന്നവൻ കള്ളന്മാര്, ദാമോദരമേനവന്റെ മരണപൎയ്യന്തം അദ്ദേഹത്തിന്നുവേണ്ടി ബുദ്ധിമുട്ടിയിട്ടുള്ളതിന്ന എതാനും പ്രതിഫലമായി കീഴ്ക്കൽ ഏല്പിച്ചിരുന്ന ആറുകൂറുകാൎയ്യവിത്ത മൂന്ന പറകണ്ടം അഞ്ഞൂറുറുപ്പിക കൊടുത്ത എഴുതിവാങ്ങിട്ടുള്ള ശീട്ട തീറുകൊടുത്തിട്ടുള്ളതാകുന്നു എന്ന വിവരം മനസ്സിലായി. സ്റ്റേഷനാപ്പൎ ആധാരംവായിക്കുന്നതിനിടക്ക “എജമാനന്മാർ നില്ക്കുന്നുവല്ലോ” എന്നവിചാരിച്ച പായകൊണ്ടുവന്ന കോലായിൽ വിരിക്കുവാൻ അകത്തു ചരുത്തിനിന്ന നോക്കുന്നവരോട ആംഗ്യംകാണിക്കുന്നതുകണ്ട് കുഞ്ഞിരാമൻനായര്.

“വേണ്ട ഞങ്ങൾക്ക അധികം താമസിക്കുവാൻ ഇടയില്ല” എന്ന പറഞ്ഞ സ്റ്റേഷനാപ്പരുടെ വായന കഴിയുന്നതുവരെ കാത്തുനിന്നിട്ട ഒരുപോലും കുടിചരിവട്ടാതെ തിരിച്ചു. ക

പലവക.

—:o:—

(പുസ്തകപരിശോധന.)

[illegible] :— ഈ രണ്ടു പുസ്തകങ്ങളെയും പററി വിസ്താരമായ ഒരു നിരൂപണത്തിന്നു ഞങ്ങൾ ഉദ്യമിക്കുന്നില്ല. [illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

സ്വന്തം.

[illegible]—

[illegible]

ദിക്കുന്ന ഈ പുസ്തകത്തെപ്പറ്റി സാധാരണന്മാരുടെ അഭിപ്രായം പറയുവാൻ തരമില്ല, അതുകൊണ്ടു ഗ്രന്ഥകാരൻ പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകത്തിന്റെ അവസാനം കാണുവാൻ ഔൽസുക്യത്തോടുകൂടി ഞങ്ങൾ കാത്തിരിക്കുന്നു.

കല്യാണനാടകം മുതലായ ഒന്നുരണ്ടു സംസ്കൃതങ്ങൾ (ഭാഷാന്തരം നീലകണ്ഠൻ മൂസ്സിനാൽ ഉണ്ടാക്കപ്പെട്ടതു):— ഇതിനെ സംസ്കൃതകൃതിയായുള്ളതൊക്കെ ഭേദിപ്പിച്ചിട്ടില്ലെങ്കിലും അഭിപ്രായം പറയുന്നതു ഉചിതമായിരിക്കയില്ല.

1. ഭാഷാസാരസംഗ്രഹം (പാലക്കാട്ടു സ്കൂളിലെ വക്കീൽ പി. ജി. രാമയ്യർ ബി. എ. ബി. എൽ. ഉണ്ടാക്കപ്പെട്ടതു). 2. നായന്മാരുടെ ഇപ്പോഴത്തെ നില അഥവാ സമുദായ പരിഷ്കരണം (കെ. പരമുപിള്ള എം. എ.) 3. കൃതിരത്നം ഒന്നാം ഭാഗം 4-ാം പുസ്തകം (കെ. രാമകൃഷ്ണപിള്ളയും എൻ. കേശവപിള്ളയും കൂടി രചിച്ചതു.)

മേൽപറഞ്ഞ ഈ നാലു പുസ്തകങ്ങളും നന്ദിപൂർവ്വം കൈപ്പറ്റിയിരിക്കുന്നു. അഭിപ്രായം പിന്നാലെ.

ര. ര. പ.

നൊട്ടീസ്സ.

ഉത്തമം സാമാനങ്ങൾ! വില വളരെ സഹായം!!

ബൊമ്പായിമുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽ നിന്നനെരിട്ടുവരുത്തുന്നതും താഴെ വിവരം പറയുന്നതും വെറെയും അനെകം സാമാനങ്ങൾ തൊക്കപ്പടിയായും ചില്ലറയായും വളരെ സഹായ വിലക്ക വില്ക്കുന്നതാണ്.


പലതരത്തിലുള്ള പ്ലാനൽ ശീലകൾ, ഷീട്ടുകൾ, ചെക്കുണികൾ, വളരെ ഭംഗിയുള്ള ചീട്ടികൾ പട്ടുകൾ, ബ്ലാങ്കെറ്റുകൾ, തൊപ്പികൾ, സർജ്ജുകൾ, മല്ലു, ജഗന്നാഥൻ മുതലായ തുണിച്ചരക്കുകൾ. ഏനാമൽ പാത്രങ്ങൾ, പലതരത്തിലുള്ള ഗ്ലാസ്സുകൾ, നാഴികമണികൾ, വാച്ചുകൾ, വിളക്കുകൾ, കണ്ണാടികൾ, കത്തികൾ, ഇലൊപ്പുകൾ, ചെമ്പുപാത്രങ്ങൾ, കുടകൾ, ഇരിമ്പുപെട്ടികൾ, ഇരിമ്പലമാരികൾ, ഇരിമ്പുകട്ടിലുകൾ, അനെകവിധം സൊപ്പുകൾ, ബ്രാണ്ടി, വിസ്കി, മുതലായ ലഹരിസാധനങ്ങൾ, മുത്തുച്ചിപ്പികൊണ്ടുള്ള അനെകവിധ പാത്രങ്ങൾ, ഇവകളും മെല്ലിൻസഫുഡ, കൊക്കൊ, കാപ്പിപ്പൊടി, ടീ ബിസ്കോത്ത മുതലായ വെറെയും അനെകവിധ സാമാനങ്ങൾ വളരെ സഹായവിലക്ക വില്ക്കുന്നു.

ആവശ്യപ്പെട്ടുന്നവൎക്ക സാമാനങ്ങൾ വി- പി- ആയി അയച്ചുകൊടുക്കുന്നതാണ്.

ഏ. ടി. എസ്സ. മെനൊൻ.
ജനറൽ മർച്ചന്റ.
ചിറ്റൂര.

൧. ലക്ഷ്മീകരകസ്തൂരിഗുളികകൾ.

താംബൂലം ഉപയോഗിക്കുന്നവർ എല്ലായ്പോഴും സഞ്ചയം ഉപയോഗിക്കേണ്ട വിശേഷപ്പെട്ട സാധനം,—ദന്തരോഗം, വായ്നാറ്റം, അജീർണ്ണം, പിത്തവായു, ഇവയെ ശമിപ്പിക്കും.



തനിയേയോ താംബൂലത്തോടും കൂടിയോ ഉപയോഗിക്കാം. ഭക്ഷണാനന്തരം കൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ എല്ലാ ഗുണങ്ങളേയും കിട്ടുന്നതാണ്. പുകയിലയും താംബൂലത്തോടു കൂടി ഉപയോഗിച്ചാൽ നന്നാ അരുതാത്തതില്ല. അപായകരമായ യാതൊരു ലഹരി സാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കസ്തൂരിയും നിന്ന വാതാസിയകസ്തൂരി, പച്ചകർപ്പൂരം മുതലായ അനേകം വിശേഷപ്പെട്ട സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്. ചക്രി, കാസരോഗം, ചുമ മുതലായ രോഗങ്ങൾക്ക് വയസ്സിന്റെ ഏറ്റക്കുറച്ചിൽ പോലെ ഒന്നു മുതൽ ൪ വരെ ഗുളികകൾ ദിവസേനയായിൽ കൊടുത്താൽ സുഖപ്പെടും.

൮൦-ഗുളികകൾ ഉള്ള കുപ്പി ൧-ക്ക വില അണ ൧൦. ൧-മുതൽ ൧൨-വരെ കുപ്പികൾ അടങ്ങിയ പെട്ടി ൧-ക്ക തപാൽ കൂലി ൪-ണ.

൨. ദന്തചൂർണ്ണം.

സുഗന്ധമായുള്ളതും എല്ലാവിധ ദന്തരോഗങ്ങളെയും നീക്കും.

വില, കുപ്പി ഒന്നിന മൂന്നണ തപാൽചിലവു രണ്ടു കുപ്പിവരെ ൧-ണ വേറെ.

൩. ജ്വരഹാരി.

കുളിർപ്പനി, തലപ്പനി, ചെറുപ്പനി, പിത്തജ്വരം, ശീതജ്വരം, സന്നിജ്വരം മുതലായവ മാറ്റും നന്ന.

വില കുപ്പി ഒന്നിന ൧-ക, തപാൽചിലവു ൩-ണ വേറെ

൪. ലോകപ്രസിദ്ധമായ സുഗന്ധകേശതൈലം.

ഇതെന്നും പിരട്ടിയാൽ തലമുടി, മീശ, ഇമ, ഇവ അറ്റുപൊഴിയാതെയും, നീണ്ടും കറുപ്പായും വളരും. കണ്ണിന കുളിർമ്മയുണ്ടാകും. സകല കൺരോഗങ്ങളും നിവാരണമാകും. നിത്യം. തലനോവുകളെയും കളയും. ശരീരം പൊഴിയാതിരിക്കും. കണ്ണിന നല്ല തെളിവുണ്ടാകും.

വില, കുപ്പി ഒന്നിന ൧൨-ണ. തപാൽചിലവു ൪-ണ വേറെ.

൫. രോമസംഹാരി.

രോമം എവിടെ വേണ്ടാതാകുന്നുവോ അവിടെ ഇത മരുന്ന പിരട്ടിയാൽ യാതൊരു ഉപദ്രവവുമുണ്ടാകാതെ രോമത്തെ മാറ്റും.

വില, കുപ്പി ഒന്നിന ൧൦-ണ. തപാൽചിലവു മൂന്ന കുപ്പികൾ വരെ ൪-ണ വേറെ.

പി. സുബ്ബരായി
പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട്ജില്ല.
P. SUBBAROY, *Porto Novo.*

൧൦. അഗ്നിമാന്ദ്യസംഹാരി.

ചൊറിച്ചിൽ, പുളിച്ചുതികട്ടൽ, നെഞ്ചുകരിക്കൽ, ശൂലബാധം, വയറുവേദന, വയറു നാറ്റം, അജീർണ്ണം, വയറുവീർപ്പുമുട്ടൽ, നിദ്രാഭംഗം മുതലായ പിത്താശയരോഗങ്ങളെ നന്നാക്കി ശമിപ്പിക്കും.

ഡപ്പിഒന്നുക്കു ൧ണ ൮ പൈ. തപാൽകൂലി അണ ൧-വരെ.

൧൧. കണ്ണുബിന്ദു.

പീളകെട്ടു, ചൊറികണ്ണു, ചൊറിയുന്നതു, ഇരച്ചിൽ മുതലായ കണ്ണുരോഗങ്ങളെ ശമിപ്പിക്കും. ശുദ്ധമായസൂക്ഷ്മതയുള്ളതാകും.

വില, കുപ്പി ഒന്നിന്നു ൪-ണ. തപാൽചിലവു മൂന്നു കുപ്പികൾ വരെ ൧-ണ വേറെ.

൧൨. സുവർണ്ണഗുളികകൾ.

കരൾ ദോഷപ്പെടുത്തും അജീർണ്ണം, പിത്താശയരോഗങ്ങൾ, വായു, ക്ഷയപിത്തം, അഗ്നി മാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും.

വില, ഡപ്പി ഒന്നിന്നു ൪-ണ. തപാൽചിലവു ഒന്നു മുതൽ ൧൦-വരെ ഡപ്പികൾക്കു ൨-ണ വേറെ.

൧൩. നേത്രബിന്ദു.

കൺനോവു, കൺകുത്തു, ചുവപ്പു, നീരൊഴുക്കു, ചിതൽ വെള്ളെഴുത്തു, പീളകെട്ടു, ഒരുമിച്ചു, പൂവു, ചൊറപ്പു, എരിച്ചിൽ ഇത പൊതിക്കം ഇവയുടെ വലിവു, പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ശമിപ്പിക്കും.

വില, കുപ്പി ഒന്നിന്നു ൪-ണ. തപാൽചിലവു മൂന്നു കുപ്പികൾ വരെ ൧-ണ വേറെ.

൧൪. സ്ഖലിതരക്ഷിണി.

ബലഹീനതയാലും അശുദ്ധത്താലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നീക്കും.

വില, ഡപ്പി ഒന്നിന്നു ൪-ണ. തപാൽചിലവു ൬-വരെ ഡപ്പികൾക്കു ൨-ണ വേറെ.

൧൫. മൃഗകസ്തൂരി.

കാശ്മീരിൽ നിന്നും വരുത്തിയിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസിൽ ഉണ്ടു.

രൂപാത്തൂക്കത്തിന്നു ൧൦-ക. വില ഒരു രൂപാ മുതൽക്കുള്ള ഏതു സംഖ്യയും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽച്ചിലവുപുറമെ. എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലോ തമിഴിലോ എഴുതിക്കണം.

പി. സുബ്ബരായി
പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.
P. SUBBAROY, *Porto Novo.*

൧൭. ജ്വരവിഷത്തിന്ന സിദ്ധൌഷധം.

തേൾകടിച്ച സമയത്ത ഒരു തുള്ളി ഒഴിച്ചാൽ പൊറുന്നതിന്നു ... ഒരു കുടുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത.

വില കുപ്പി ൧-ക്ക ൧-ക ൪-ണ. ൧൨ കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവർ ഡസൻ ൧ ക്ക ൨ ക ൮ ണ, ൧൨ ൽ വിലയിൽ കുറച്ച മാത്രമെ വില ചുമത്തുന്നുള്ളൂ. വി-പി- കമീഷൻ ഒന്ന പുറമേ.

ഇൻഡ്യയിലും ബർമ്മയിലും ൧൨ കുപ്പിവരെ വി-പി- കമീഷൻ ൩ണ സിലോൺ ടി ൬ണ.

൧൮. വ്രണവിരോപണ തൈലം.

ഈ കരപ്പ പിത്തപ്പുണ്ണു മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇതു സകല കൃമികളെയും നശിപ്പിച്ച എല്ലാ വ്രണങ്ങളെയും വിശുദ്ധീകരിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു.

വില ൧൨ ണ. മൂന്നു കുപ്പിവരെ വി-പി- കമീഷൻ ൩ണ മാത്രം.

൧൯. കണ്ണുകുളിർ ഗുളിക.

ഇതു കണ്ണും തെളിഞ്ഞ ദൃഷ്ടിയും നന്നാവുന്നതിന്നു അതിവിശേഷമായ ഔഷധമാകുന്നു, പ്രത്യേകിച്ചു സംഗീതക്കാർക്കും, പ്രസംഗക്കാർക്കും, പാതിരിമാർക്കും, ബുദ്ധിശാലികൾക്കും അത്യാവശ്യമായ ഒരു മരുന്നാകുന്നു, വളരെ ഉപയോഗമുള്ളതാകുന്നു.

വില ൧൨ ണ വി-പി- കമീഷൻ ൩ കുപ്പിവരെ ൩ ണ.

൨൦. സ്നാനചൂർണ്ണം.

ഈ പൊടിതേച്ചു കുളിക്കുന്നതിന്ന വിലയേറിയ സോപ്പിനെക്കാൾ വളരെ വിശേഷം. ഇതു ദേഹത്തിലെ അഴുക്കും ദുർഗ്ഗന്ധവും കളഞ്ഞു, ശുദ്ധതയും പ്രസന്നതയും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിനും പുറമെ ദേഹത്തിന്ന ശൈത്യവും സുഖവും എല്ലായ്പോഴും തോന്നും. ഇതു ഇന്ത്യയിലുള്ള എല്ലാവർക്കും ബോദ്ധ്യമാകുന്നു.

വില ൧൨ ണ വി-പി- കമീഷൻ ൩ ണ.

പി. സുബ്ബരായി

പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട ജില്ല.

P. SUBBAROY, porto Novo.

൧൦. സഞ്ജീവനഗുളിക.

കുട്ടികൾക്കുണ്ടാവുന്ന പനി, ജലദോഷം, അജീർണ്ണം, ചുമ, ശർദ്ദി, അതിസാരം, [illegible] മുതലായ എല്ലാ [illegible] ഒരു [illegible] ആകുന്നു. [illegible]

വില ൧൦ ണ വി-പി- കമീഷൻ സഹിതം ൪ ണ.

൨൮. ഒന്നാംതരം ഗോരോചനഗുളിക.

[illegible]

വില ൪ ണ വി-പി- കമീഷൻ സഹിതം ൪ ണ.

൨൦. താപശ്രമ ചതിക്കാരി.

[illegible]

വി-പി- കമീഷൻ ൪ ണ.

				ക.	ണ.	സ.
ഇതിനും ഗോരോചനാ ഗുളികയ്ക്കും			൧ ക്കു	൩	൦	൦
ടി	മരുന്താം	ടി	൧ ക്കു	൧	൦	൦
ടി	പച്ചക്കർപ്പൂരം	ടി	൧ ക്കു	൧	൦	൦

മേൽവിലാസം തമിഴിലോ ഇംഗ്ലീഷിലോ വിശദമായി എഴുതണം.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo.*

പുസ്തകം ൧. നമ്പ്ര ൯.

വ്യവഹാരചിന്താമണി.

ഇംഗ്ലീഷ മാസവും 30-ാംനു- പ്രസിദ്ധപ്പെടുത്തുന്ന
ഒരു നിയമസംബന്ധമായ മാസിക.

പത്രാധിപർ
ചെങ്കളത്ത കരുണാകരമേനോൻ ബി. ഏ.

—:0:—

1903 ആഗസ്റ്റ്.

സംഗതിവിവരം.

---

൧. കപ്പി കോരഞ്ചുകൾ കെതലങ്ങിനു ൧. ണ മാത്രം.

വീട്ടിനാവശ്യമുള്ള സാമാനങ്ങൾ വിലക്കു കിട്ടുവാനായി ഒരു വിലക്കു കൽക്കത്താവിലും മദിരാശി ബർമിനിയൻ സ്റ്റോറിലും പോയി വാങ്ങുന്നതു എന്തിനു ? അവിടെ കൊടുക്കുന്ന ൧ കക്ക ഞങ്ങൾക്ക് ൧ ണ വീതം മാത്രം തന്നാൽ മതി.

അത്ഭുതമില്ലേ ?

നിങ്ങളുടെ സ്നേഹിതന്മാരോടോ (നേരിട്ട ഞങ്ങളോടോ) ഒന്നരണ്ണയിലധികമുള്ള ഞങ്ങളുടെ ഒരു കൂപ്പൺ വാങ്ങി എട്ടണയേറുക്കി അതു ഞങ്ങൾക്കയച്ചു തരുവിൻ. ഉടനെ ഒരേമാതിരിയുള്ള നാല കൂപ്പണും, രണ്ടുറുപ്പികവിലക്കു താഴെ പറയുന്ന ഏതെങ്കിലും സാമാനം തിരഞ്ഞെടുത്തുകൊള്ളുവാൻ അധികാരപ്പെടുത്തുന്ന ഒരു സർട്ടിഫിക്കറ്റും അയച്ചുതരപ്പെടും.



ഈ നാല കൂപ്പണും എട്ടണവീതം നിങ്ങൾക്കിഷ്ടമുള്ളവരോടു വസൂൽ ചെയ്യുക. എന്നിട്ട് നിങ്ങൾ ചെയ്തതുപോലെ കൂപ്പൺ ൧ കക്ക എട്ടണ വീതം ഞങ്ങൾക്കയച്ചു തരുവാൻ വാങ്ങുവരോട് ആവശ്യപ്പെടുക. ഈ ഞങ്ങൾക്കു കിട്ടിയാൽ ആദ്യം നിങ്ങൾ ചെയ്തതുപോലെയുള്ള നാല സർട്ടിഫിക്കറ്റുകൾ അവർക്കയച്ചു കൊടുക്കുകയും നിങ്ങൾക്കു രണ്ടുറുപ്പികക്കു താഴെ വരുന്ന ഏതു സാമാനമെങ്കിലും അയച്ചുതരികയും ചെയ്യുന്നതാണ.

മേൽപറഞ്ഞ നാല സർട്ടിഫിക്കററ കൈവശമുള്ളവർ അവരുടെ പുറകെ നിങ്ങൾ ചെയ്തതിനെ ആവർത്തിക്കേണ്ടതാകുന്നു.

നിങ്ങൾ രണ്ടുറുപ്പികയിൽ അധികം വിലയുള്ള സാമാന

എഴുപതെണ്ണമായാൽ അധികസംഖ്യ ഡി. പി. ആയി വസൂൽ ചെയ്യുന്നതാകുന്നു.

സർട്ടിഫിക്കേററ കൈവശക്കാരനു കുറച്ചുപ്പിക വിലക്കു പാഠപുസ്തകങ്ങളോ കവിരാജ എൻ. ഏൻ. സോമൻറ ആയുർവ്വേദ ഔഷധങ്ങളോ കേരളജ്ഞൻ കൈതൊഴിൽ കോയിത്തമ്പുരാൻ തിരുമനസ്സിലെ ചിത്രമോ തിരഞ്ഞെടുക്കാം. മേൽ പറയപ്പെട്ടവയുടെ ലിസ്റ്റ ആവശ്യപ്പെട്ടാൽ അയക്കുന്നതാകുന്നു.

പകർപ്പ്

ഇത ചിത്രകാരന്മാരിൽ അഗ്രഗണ്യനെന്ന സർവ്വസമ്മതനായ കോയിത്തമ്പുരാൻ തിരുമനസ്സിലെ ഫലവത്തായ ആലോചനയുടെ അതിവിശേഷമായ ഫലമാകുന്നു. ദീർഘവിസ്താരം ഉള്ളതും എളുപ്പം ബോധംവരുത്തുക ഇവിടെ പകർത്തിവച്ച (പ്രതി) മാത്രം മേൽ പറഞ്ഞ ചിത്രം വാങ്ങുന്നവർക്കായിക്കു ലോകത്തിൽവച്ച ഏററവും മനോഹരവും വിശേഷവും ആയ ഞങ്ങളുടെ ഒററപ്പണമായ ഗ്രന്ഥത്തിൻറ ഒരു പ്രതിസമ്മാനമായി കൊടുക്കപ്പെടും.

നിങ്ങളുടെ ജീവകാലത്തിനിടക്കു ഇതു ഒന്നായിട്ടു മനസ്സിനെ വിശേഷിപ്പിക്കുന്ന കൃത്യമായ ഒരു ഒററപ്പണമാംഗം നിങ്ങൾക്ക കണ്ടിട്ടുണ്ടാവില്ലെന്ന ധൈര്യത്തോടുകൂടി പറഞ്ഞുകൊള്ളുന്നു, ആളുകളെ അത്ഭുതപ്പെടുത്തി ലയിപ്പിക്കുന്നുവെന്നേ പറയേണ്ടൂ. ചിത്രപത്രങ്ങൾ ഒന്നാന്തരം കലെൻഡറിൻറ ഇങ്ങനെയുള്ളവ വച്ചിരിക്കുന്നവയിൽ മുമ്പിലുള്ളപ്രകാരം ഉണ്ടായിരിക്കും! എത്രതന്നെ നീരസികളായാലും ഉള്ളതിലും നല്ലത തിരഞ്ഞെടുക്കുവാൻ ആവശ്യപ്പെട്ടാൽ കണ്ണുവെക്കുന്നത ഞങ്ങളുടെതിന്മേൽ ആയിരിക്കും! ഞങ്ങൾ പറയുന്നത അതിശയോക്തിയാകുന്നെന്നു നിങ്ങൾ കാണുന്നുവെങ്കിൽ ചിത്രവും പഞ്ചാംഗവും മടക്കി അയച്ചേക്കുക. സന്തോഷത്തോടുകൂടി പണം തിരികെ തരുവാൻ ഒരുങ്ങുന്നു.

ഡി. ഏൻ. ഗോപാലൻ കമ്പനി പാലക്കാട.

T. S. Subramania & Co.,

താംബൂല വിഹാരം ഒരു സുഖാനുഭവ സാധനം തന്നെ.

വെററിലമുറുക്കിനെ സ്വാദുപിടിപ്പിക്കുന്ന ഒരു അതിപ്രിയമായ

സുഗന്ധവസ്തു. ഉത്തമം. വിശേഷം. അതിപ്രിയം.

[illegible]

ഒരു ഡപ്പിക്കു വില	...	...	ക.	0	4 അണ.
12 ഡപ്പികൾക്കു	...	...	...	2	12

തപാൽകൂലി പുറമെ.

DANTADABANA CHURNA. ദന്തധാവന ചൂർണ്ണം.

[illegible]

[illegible] ഒരു നല്ല [illegible]
[illegible] നല്ല [illegible]

KARPURARISTHA. കൎപ്പൂരാരിഷ്ടം. [illegible] (വിഷൂചികക്കുള്ള സിദ്ധൌഷധം.) ഒരു കുപ്പിക്കു വില 8 ണ. കൎപ്പൂരാരിഷ്ടം, വിഷൂചിക, അതിസാരം, വയറ്റിൽകടി, [illegible], [illegible], [illegible] വിസ്താരം [illegible] നല്ല [illegible]. ഈ [illegible] [illegible] [illegible] [illegible] (കൎപ്പൂ) [illegible] [illegible] [illegible] [illegible], [illegible], [illegible], [illegible] [illegible] നല്ല [illegible] [illegible] [illegible] [illegible] [illegible] കൎപ്പൂരം [illegible] കൎപ്പൂരാരിഷ്ടം [illegible] [illegible]. ഇത [illegible].

☞ [illegible] എല്ലാ [illegible] എഴുതിയ [illegible] ഇംഗ്ലീഷി ലൊ മലയാളത്തിലൊ തമിഴിലൊ എഴുതി [illegible].

[illegible] ടി. [illegible] സുബ്രഹ്മണ്യം ആൻഡ് കമ്പനിയുടെ

33. ആൎമീനിയൻ സ്ട്രീറ്റ്,

മദിരാശി.

സരസ്വതിപ്പേന.

(THE SARASWATI PEN.)

മഷിയിൽ ഒരിക്കൽ മുക്കിയാൽ 300 മുതൽ 500 വരെ വാക്കുകൾ എഴുതാം.

സ്തുതിലിഖിതങ്ങൾ.

സർ. വാൾട്ടർ ലൊറൻസ് (കെ. സി. ഐ. ഇ.) ഇന്ത്യാവൈസ്രോയി [illegible] പ്രൈവറ്റ് സിക്രട്ടറി:— സരസ്വതിപ്പേനകൾ വളരെ ഉപയോഗമുള്ളവയായി കാണുന്നു. താങ്കളുടെ [illegible] ഈ [illegible] എല്ലാ [illegible] സിദ്ധിക്കട്ടെ.

സർ. ലൊറൻസ് ജെങ്കിൻസ് (കെ. സി. [illegible] സി. ഐ. ഇ.) [illegible]:— സരസ്വതിപ്പേനകൾ [illegible] [illegible]. [illegible] എനിക്ക് [illegible] ഉപകാരം.

ബർദ്ധ്വാൻ മഹാരാജാധിരാജ് ബിജോയി ചാന്ദ് മഹ താബ് ബഹദൂർ:— ഈ സൂക്ഷ്മവിദ്യയിൽ നാം വളരെ സന്തോഷിക്കുന്നു.

നാട്ടോർ മഹാരാജ ബഹദൂർ ജഗദിന്ദ്രനാഥറോയി:— മെ ന്റിച്ചെ "ഫ്രവൻ" ഇതുവരെപോലെ മികവായും ആരു ഉപകാരപ്രദമായതാണ്.

ബഹുമാനപ്പെട്ട രാജാ റാംരുട്ട് സിങ്ങ് ബഹദൂർ:— ഞങ്ങളു ടെ പരിപാലനക്ക് നാലാം തീരെ അർഹനാകുന്നു.

രാജാ പെയറിമോഹന മുക്കർജ്ജി:— (സി. എസ്സ്. ഐ.):— ശക്തി ഇതൽ വളരെ ഉപയോഗമുള്ളതായി ഞാൻ കണ്ടിരിക്കുന്നു.

ബഹുമാനപ്പെട്ട മിസ്റ്റർ ജസ്റ്റീസ് ശാരദ ചാരുമിത്രൻ:— ഇതു വളരെ ഉപയോഗമുള്ള ഒരു കണ്ടുപിടിത്തമാണെന്നാണ്.

പണ്ഡിതർ കെ. എം. ഗാംഗുലി (ബി. എൽ.) മഹാരാജ പരീക്ഷക ർ:— "ലൂർക്കൂൾ" ഉപയോഗിക്കുന്ന എല്ലാവരുടെയും പരിഗണനക്ക് ഇത് പാത്രമായി നിൽക്കുന്നതാണ്.

ബഹുമാനപ്പെട്ട മിസ്റ്റർ ആർ. ടി. ഗ്രശിമയാർ (ഐ. സി. എസ്സ്.) കല്ക്കത്താ മുനിസിപ്പൽ ചെയർമാൻ:— നാലുകൂടെ ഇതൽ തൃപ്തികരമായ ഒന്നാണെന്ന് ക ണ്ടിരിക്കുന്നു. ഈതും വളരെ സാമർത്ഥ്യമുള്ളതാണെന്നാണ്.

മിസ്റ്റർ എച്ച്. ഡി. വില്യംസ് (ഐ. സി. എസ്സ്.), കമീഷണർ:— ഇതുപോലെ ഒരു ഉപകരണം ബുദ്ധിമുട്ടില്ല. കരികൾ മുതലായവ മുതൽ നാലു പാദ കണ്ടുകൂ ടുന്നു എഴുതപ്പെടുന്നതാണ്.

മിസ്റ്റർ കെ. സി. ഡി. (ഐ. സി. എസ്സ്.) കലക്ടർ:— ഇതൽ വളരെ സൌകര്യമുള്ളതും കണ്ടുപിടിച്ച ഈതും സാമർത്ഥ്യമുള്ളതുതന്നെ.

മിസ്റ്റർ എസ്സ്. സി. മിത്രൻ, ഡിപ്പൂട്ടി മജിസ്ത്രേട്ട്:— നല്ല വിദ്യയ ഉള്ള തൃപ്തികരം.

മിസ്റ്റർ ജി. ചക്രവർത്തി, സിവിൽജഡ്ജി, ബാങ്കളൂ മുനിസിപ്പൽ ചെയർമാൻ:— കണ്ടുപിടിച്ച ഈതും വളരെ സാമർത്ഥ്യമുള്ളതുതന്നെ. ഇതൽ വളരെ ഉപ മലബാർ. കാരകുന്നു.

മിസ്റ്റർ സീതാകഹോരി, [illegible] "[illegible]" [illegible]:— [illegible] ഞാൻ [illegible].

റെവറണ്ട് ഡോക്ടർ മോറിസൻ (എം. എ):— [illegible].

ഡോക്ടർ എം. എൻ. ഗാംഗുലി, [illegible]:— [illegible].

പ്രൊഫസർ എച്ച്. സ്റ്റീഫൻ (എം. എ):— [illegible].

ഡോക്ടർ സാറ്റ് കെ. മുല്ലിക് (എം. ബി. ബി. എം.):— [illegible] ഞാൻ [illegible] പറയുന്നു.

ഡോക്ടർ എസ്സ്. സി. ബാനർജി (എം. എ, എൽ. എം. എസ്):— [illegible].

വില. ക. ണ. പ.

12 ഗുളികകൾ	0	8	0
72-ന്	2	12	0
144-ന്	5	8	0

"വി. പി." പോസ്റ്റായി അയച്ചാൽ 4ണ. പുറമെ.

[illegible] കമ്പനിയോട് ആവശ്യപ്പെട്ടാൽ കിട്ടുന്നതാണ്.

ടി. എസ്സ്. സുബ്രഹ്മണ്യം ആൻഡ് കമ്പനിയാര

33. ആർമീനിയൻ സ്ട്രീറ്റ്,

മദിരാശി,

T. S. SUBRAMANIA & Co.,

Agents,

33, Armenian Street,

Madras.

വ്യവഹാരചിന്താമണി.

എല്ലാ ഇംഗ്ലീഷ മാസവും 30-ാംനു- പ്രസിദ്ധപ്പെടുത്തുന്ന
ഒരു വിശേഷനിയമമാസിക.

പത്രാധിപർ

പൊങ്കുന്നത്ത കരുണാകരമേനോൻ ബി. എ.

—:0:—

1908 നവെമ്പ്ര.

സംഗതിവിവരം.

കേരളസഞ്ചാരി— നിയമശാസ്ത്രത്തിൽ ഉപാദ്ധ്യായൻ.

മ. മനോരമ— മേനോൻെറ പുതിയ ശ്രമങ്ങളെപ്പോലെ ഗുണം ഒരു പത്രത്തിന്ന കാണുകയില്ല.

മനോരമ— സകല ജനങ്ങൾക്കും ഉപയോഗമുള്ളതാണ.

കേരളപത്രിക— കക്ഷികൾക്കു അത്യുപകാരം.

ഓരോ മാസം ഏറ്റവും സാരമായ വിഷയങ്ങൾ അടങ്ങിയ ഈ മാസം, കൊച്ചി വിധികളുടെ പേരിൽ അറിവാൻ "ചിന്താമണി" എടുക്കുക.

വരിസംഖ്യ—എപ്പോഴും മുൻകൂർ.

ഒരു കൊല്ലത്തെക്കു　　　　　　　　ആറു മാസത്തെക്കു
വി. പി. ൩—൨—൦　　　　　　　　വി. പി. ൧—൭—൦

കൊച്ചി വിധികൾ ൧-ാം നമ്പ്ര മുതൽക്കും, തിരുവിതാംകൂർ വിധികൾ ൻ-ാം നമ്പ്ര മുതൽക്കും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു.

എന്ന വ്യവഹാരചിന്താമണി　　　　മാനേജർ,
പള്ളുവനാട, മലബാർ.

പരസ്യം.

കവനോദയം.

—————— :o: ——————

വൈദ്യം, ജ്യോതിഷം, കിളിപ്പാട്ട, തുള്ളൽ, നോവൽ, നാടകം മുതലായ വിശേഷപ്പെട്ട അനേകം കൃതികൾ ഇതിൽ ചേൎത്തുവരുന്നു. കൊല്ലത്തിൽ ൬ പ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകമാലയിൽ ആകെക്കൂടി ൪൮൦ ഭാഗങ്ങളിൽ കുറയാതെ ഉണ്ടായിരിക്കും. കൊല്ലത്തിൽ ൩ ഉറുപ്പിക വരിസംഖ്യ മതി. തപാൽകൂലി പുറമെ വേണ്ട. വിദ്യാൎത്ഥികളാണെങ്കിൽ മൂന്നര ഉറുപ്പിക തന്നാൽ മതിയെന്നു ഒരു പുതിയ നിശ്ചയം ചെയ്തിരിക്കുന്നു. ഈ പുസ്തകമാലയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ അനേകം പുസ്തകങ്ങൾ ഇവിടെ വിൽപ്പാനുണ്ടു. ചിലതിന്റെ വിവരം താഴെ ചേൎക്കുന്നു.

[illegible] — [illegible] വില [illegible].

സത്യകാമചരിതം — [illegible] വില ൪ണ.

ജാനകീപരിണയം — [illegible] ഇതു നിങ്ങൾ വായിച്ചിട്ടുണ്ടോ? "ഇല്ല, [illegible]?" [illegible] എന്നാൽ [illegible] വായിപ്പാൻ [illegible] വില ൨ണ മാത്രം.

* [illegible] — ഈ പുസ്തകം [illegible] വില ൪ണ.

* [illegible] — [illegible] വില ൮ണ.

* [illegible] — [illegible] ഈ പുസ്തകം [illegible] വില ൩ണ.

[illegible] ഇവയ്ക്കു തപാൽകൂലി പുറമെ. *ഈ അടയാളം [illegible] എല്ലാ പുസ്തകങ്ങളും വി. പി. ആയി അയക്കുന്നതാകുന്നു.

കെ. കണ്ണൻനമ്പ്യാർ.
കവനോദയം മാനേജർ.

(Nadapuram.) നാദാപുരം.

സംഗതിവിവരം.

ഭാഗം.

ഈ രസികരഞ്ജിനിക്കു പുതിയ വരിക്കാരെ ഉണ്ടാക്കുന്നവരുടെ വരിപ്പണം മുഴുവൻ മുൻകൂറായി പിരിച്ച് പോതവിരുദ്ധികയോടുകൂടി ഒരു സംഖ്യ ഒരു പ്രാവിൽ അടക്കുന്നവർക്ക് പ്രതിയിൽ കുറയാതെയുള്ള സംഖ്യകൾക്കു ൧൦൦ക്കു ൧൦ കമ്മിഷനും ൫൦. ൽ കുറയാതെ പിരിച്ചടക്കുന്നവർക്കു പറഞ്ഞ കമ്മിഷനും പുറമേ ഒരു പ്രതി ഉരുപ്പിക കൂടാതെ പ്രതിവിധം സൌജന്യമായികൊടുക്കപ്പെടും.

ര.

PRINTED AT THE VIDYA VILASUM PRESS, ERN

[illegible]

—:0:—

	[illegible]		ക.	ണ.	പ.
		തൃപ്പൂണിത്തുറ,	൧	൦	൦
[illegible]	[illegible]	എറണാകുളം,	൧	൦	൦
,,	[illegible]	... ...	൧	൦	൦
,,	[illegible]	... ...	൧	൦	൦
,,	[illegible]	... [illegible]	൧	൦	൦
,,	[illegible]	... [illegible]	൧	൦	൦
,,	[illegible]	... ...	൧	൦	൦
,,	[illegible]	... ...	൧	൦	൦
,,	[illegible]	... ...	൧	൦	൦
,,	[illegible]	... ...	൧	൦	൦
,,	[illegible]	... ...	൧	൦	൦
,,	[illegible]	തിരുവനന്തപുരം	൧	൦	൦
,,	[illegible]	... ...	൧	൦	൦
,,	[illegible]	... ...	൧	൦	൦
,,	[illegible]	... ...	൧	൦	൦
,,	[illegible]	... ...	൧	൦	൦
,,	[illegible]	... ...	൧	൦	൦
,,	[illegible]	... ...	൧	൦	൦
,,	[illegible]	... ...	൦	[illegible]	൦
,,	[illegible]	... ചിറയിൻകീഴ്	[illegible]	൦	൦
,,	[illegible]	... [illegible]	൧	൦	൦
,,	[illegible]	[illegible]	൧	൦	൦
,,	[illegible]	... [illegible]	[illegible]	൦	൦
	[illegible]	... ആലപ്പുഴ	൧	൦	൦
	[illegible]	... ...	൧	൦	൦
	[illegible]	... ...	[illegible]	[illegible]	൦
	[illegible]	... [illegible]	[illegible]	൦	൦
	[illegible]	... [illegible]	൧	൦	൦
	[illegible]	... [illegible]	൦	[illegible]	൦
	[illegible]	... എറണാകുളം,	൧	൦	൦
	[illegible]	... ...	൧	൦	൦
	[illegible]	... ...	൧	൦	൦
	[illegible]	... തൃപ്പൂണിത്തുറ	൧	൦	൦
	[illegible]	... എറണാകുളം	൧	൦	൦
	[illegible]		൧	൦	൦

രസികരഞ്ജിനി

൧൦൮൦.

പുസ്തകം ൩. ധനുമാസം. ലക്കം ൫.

മംഗളം.

ഉല്ലാസിക്കുന്നോരാനനമതമയൊപ്പസമം
സപത്നീഭാവമെന്തിനോ
ചെറ്റുന്നിൽക്കാൻ കൂനാവത്തും കണ്ണാനയൊട്ടുമല്ല
പ്പൊന്നു താമരോത്തരം ।
തിന്നുംപാഴ്ക്കപ്പൂരിതൊഴുമൊക്കയുമായ്
കൂപ്പിനിൽക്കുന്നു
വല്ലും തപ്പും മഹൻകുസ്സിനൊട്ടതതെന്നെ
നോട്ടമഴേ തൊഴുന്നേൻ ॥

കോങ്കണ ബ്രാഹ്മണർ.

കൊങ്കണികളുടെ ഒരു പൂർവ്വചരിത്രം ഞാനൊന്ന് എഴുതിക്കണ്ടാൽ കൊള്ളാമെന്നുള്ള രസികരഞ്ജിനിയുടെ ഉടമസ്ഥന്റെയും പ്രസാധകന്റെയും താൽപര്യപ്പെട്ടുകൊണ്ട് ഈ ലേഖനത്തിന്നു സംഗതിവന്നു. ജാതിസംബന്ധമായ ചരിത്രവിഷയങ്ങളിൽ ശ്രദ്ധാലുവായ ഞാൻ സ്വജനങ്ങളെക്കുറിച്ചുള്ള ഒരു സംക്ഷിപ്തചരിത്രം എഴു

ഭോഷ്കാഖ്യം മുമ്പുതന്നെ പ്രസിദ്ധപ്പെടുത്തേണ്ടിയത്. എൻെറ കർത്തവ്യകർമ്മങ്ങളിൽ പ്രഥമഗണനീയമായിരുന്നു. കേരളത്തിലെജാതിഭേദങ്ങളേയും അവരുടെ ആചാരങ്ങളേയുംകുറിച്ചുള്ള അന്വേഷണം സാധാരണമായി കേരളീയന്മാൎക്ക് ആവേശം ഇല്ലെന്നു ഞാൻ പ്രത്യക്ഷാനുഭവംകൊണ്ടു അറിഞ്ഞിരിക്കുന്നു. അന്യദേശക്കാരായ കൊങ്കണബ്രാഹ്മണരെക്കുറിച്ചു വല്ലതും അറിയണം എന്ന ആൎത്തിപോലും ഉണ്ടാകുന്നത് ഈ അവസ്ഥയിൽ അസംഭാവ്യമെന്നു പറയേണമെന്നില്ലല്ലോ. വൎത്തമാനപത്രങ്ങളിലോ മാസികപുസ്തകങ്ങളിലോ കൊങ്കണബ്രാഹ്മണരെക്കുറിച്ചു ഞാൻ എഴുതുന്നപക്ഷം ആയതു വായനക്കാൎക്കു രസിക്കുമോ എന്ന ശങ്കകൊണ്ടും ചരിത്രകൎത്താവിൻെറ നിലയിൽപ്പോലും നിഷ്പക്ഷമായി സ്വജനങ്ങളുടെ ഗുണങ്ങളെ വിവരിക്കുന്നതായാൽ സ്വജനപ്രശംസാദോഷത്തിനും ദോഷങ്ങളെ പ്രകടിക്കുന്നതായാൽ കുലപാംസനദോഷത്തിനും ഞാൻ പാത്രീഭവിക്കുമോ എന്ന ഭയംകൊണ്ടും ഇതുവരെ ഞാൻ ഉദാസീനനായി ഈ വിഷയത്തിൽ ഉദ്യമിച്ചുതേയില്ല.

സ്വജനങ്ങൾ ഭയദ്രുതന്മാരായി, അഗതികളായി, അനാഥന്മാരായി കൊച്ചിയിൽ വന്നു ചെങ്ങമ്പച്ചപ്രസാദപരത്വ ശരണം പ്രാപിച്ചപ്പോൾ പോൎത്തുഗീസ്സുകാരുടെ ഘോരപരാക്രമങ്ങളേയും യുദ്ധസാമഗ്രികളേയും ധനസമ്പത്തിനേയും ഗണ്യമാക്കാതെ ശരണാഗതവാത്സല്യത്തിൻെറ ഉദ്രേകത്താൽ ജ്വലിതനായി അവൎക്കാൽകിസംരക്ഷിച്ചപോലുള്ള ആചന്ദ്രതാരരാജവംശത്തിലെ ഒരു കുമാരൻ പ്രേരിപ്പിക്കാതെ തന്നെ സമ്മതിക്കയില്ല" എന്നസ്നേഹം നിബന്ധിക്കപ്പെട്ടിട്ട് ആ രാജാജ്ഞയെ ബഹുമാനപുരസ്സരം അനുസരിക്കുന്നതുകൊണ്ടത് എൻെറ ധൎമ്മമാണല്ലോ. ഇതിനൊ അനുവദിക്കാതിരുന്നാൽ എന്നിൽ ആരോപിക്കാൻ പാടുള്ള കൃതഘ്നതാദോഷം നിവാരണംചെയ്യാൻ ഇതൊരു മാൎഗ്ഗവും ആകുന്നുവല്ലോ.

ശാസ്ത്രീയമായ എല്ലാജാതികളുടേയും ചരിത്രാദിചരിത്രവിഷയങ്ങൾ എല്ലാം സംഗ്രഹിച്ച് ഒരു ഗ്രന്ഥം ചമെപ്പാനായിട്ടു തിരു

വിതാംകൂർസംസ്ഥാനത്തിൽനിന്ന "എത്നോഗ്രാഫിക്‌സൎവ്വേ" എന്നായ ചരിത്രാന്വേഷണസമാജം ഏൎപ്പെടുത്തീട്ടുണ്ട. മേപ്പടി സംസ്ഥാനത്തിൽ നിവസിച്ചുവരുന്ന കൊങ്കണബ്രാഹ്മണരിലെ പ്രമുഖന്മാൎക്ക ഈ ജാതികളെ സംബന്ധിച്ചുള്ള വിവരങ്ങൾശേഖരിപ്പാനായിട്ട് ആ സമിതിക്കാർ ചോദ്യപ്പട്ടികയൊന്ന് അയച്ചുകൊടുത്തിട്ടുണ്ട. ഈ ചോദ്യങ്ങൾക്ക യഥാൎത്ഥമായും ന്യായമായും ഉള്ള ഉത്തരങ്ങൾ എഴുതുന്നതു പ്രയാസമേറിയ പണിയാകകൊണ്ട് അത് എല്ലാവൎക്കും സാദ്ധ്യമെന്നു തോന്നുന്നില്ല. മേപ്പടി ചോദ്യങ്ങൾക്ക് ഉത്തരം അയക്കാത്തവർ ഈ ഉപന്യാസം അവലംബിച്ച് ഉത്തരം അയക്കാമല്ലൊ. അയച്ചവർ തങ്ങളുടെ ഉത്തരത്തിന്ന ശേഷപൂരണമായോ ഖണ്ഡനമായോ മണ്ഡനമായോ ശുക്രൻപോലെ മാററി രണ്ടാമതും ഒന്ന് അയക്കുന്നതു നന്നായിരിക്കും. അവധികഴിഞ്ഞുപോയതുകൊണ്ട സംഗതികൾ മുമ്പിലയച്ചുകഴിഞ്ഞുവെങ്കിൽ തിരുവിതാംകൂർസംസ്ഥാനത്തിലെ അധികാരികൾ തങ്ങൾക്ക കിട്ടിയ ലേഖനങ്ങളിന്മേൽ അഭിപ്രായം സ്ഥാപിക്കുന്നതിന്നുമുമ്പായിട്ട് എൻ്റെ ഈ ചരിത്ര[illegible]നെ കടാക്ഷിച്ചിട്ടേ തീൎപ്പുകല്പിക്കയുള്ളൂ എന്ന എൻ്റെ അപേക്ഷക്ക് അവകാശം കിട്ടിയതുകൊണ്ടും ഞാൻ വളരെ കൃതാൎത്ഥനായിരിക്കുന്നു.

സഹൃദയന്മാരിൽ അഭിമാനം എല്ലാവൎക്കും സഹജമായിട്ടുള്ളതാകകൊണ്ട കൊങ്കണബ്രാഹ്മണരുടെ പൂൎവ്വചരിത്രം എഴുതുന്നത് എനിക്കു എത്ര ഹൃദ്യമായിട്ടുള്ളതെന്നു വാസ്തവം ഞാൻ പറഞ്ഞറിയിക്കേണ്ടതിനേക്കാൾ ഊഹിച്ചറിയുന്നതാണ നന്ന. എന്നാൽ ഈ ഉപന്യാസം നിഷ്പക്ഷമായും നിൎവ്യാജമായും എഴുതുന്നതിന്ന് ഞാൻ വിശ്ലേഷമായി പ്രവേശിപ്പാൻ വളരെ വഴിയുണ്ടെങ്കിലും ഞാൻ ഒരു ചരിത്രകാരൻ്റെ നിലയിൽ യഥാൎത്ഥമായ സംഗതികളെ മാത്രമേ ഇവിടെ കാണിക്കുന്നുള്ളൂ. വാദഗ്രസ്തങ്ങളായ സംഗതികളിൽ അഭിപ്രായഭേദങ്ങളെ വിശദമായി പറഞ്ഞ സ്വാഭിപ്രായം അറിയിച്ചു സിദ്ധാന്തപക്ഷം മഹാജനങ്ങൾ നിൎണ്ണയിക്കട്ടെ എന്ന സങ്കല്പത്തോടുകൂടി ഈ ഭാഗം സജ്ജനങ്ങളിൽ സമൎപ്പിക്കുന്നു.

പശ്ചിമതീരത്തു നിവസിച്ചുവരുന്ന എല്ലാ ബ്രാഹ്മണരുടെയും ഒരു പൂർവ്വചരിത്രം എഴുതുന്നതിനു ഞാൻ ബഹുകാലമായി ശ്രമിച്ചുവരുന്നു. എന്നാൽ കുറേകാലമായി രോഗോപദ്രവത്താൽ ശരീരശക്തി ക്ഷയിച്ചുപോയതുകൊണ്ടു പത്രവ്യവഹാരങ്ങളിലും മറ്റും ഏർപ്പെടാൻ സാധിക്കാതെ വന്നിരിക്കുന്നു. അതുകൊണ്ട് ഈ മനോരഥം വിഫലമാവാനാണ വളരെ എളുപ്പം", എന്നാലോചിച്ചു സാധനങ്ങളുടെ ചരിത്രമെങ്കിലും ഈ അവസരത്തിൽ പ്രസിദ്ധപ്പെടുത്താതിരുന്നാൽ എന്റെ പരിശ്രമങ്ങൾ എല്ലാം നഷ്ടമാകുമെന്നുവെച്ച് ഇതിനു ഞാൻ ഉദ്യമിച്ചിരിക്കുന്നു. നമ്പൂരിമാർ കേരളത്തിൽ എത്രകാലത്തുവന്നു എന്ന കാലനിർണ്ണയം ഞാൻ ചെയ്തിട്ടുണ്ട്. അത് അധികം താമസിക്കാതെ "മലബാർ ക്വാർട്ടർലി റിവ്യൂ" എന്ന ത്രൈമാസിക പുസ്തകത്തിൽ ഇംഗ്ലീഷിലും തന്നെ ഒരു മലയാള മാസികയിലും ഉടനെ പ്രസിദ്ധപ്പെടുത്തും. മറ്റു ബ്രാഹ്മണരുടെയും ചരിത്രങ്ങൾ യുക്തിയുക്തമായും സപ്രമാണമായും ഞാൻ ഉപപാദിക്കേണമെന്ന ഈശ്വരസങ്കല്പിതമാകുന്നുവെങ്കിൽ അതും ജഗദീശ്വരൻ സാധിപ്പിച്ചുകൊള്ളട്ടെ. കേരളത്തിൽ ബഹുകാലമായി നിവസിച്ചുവരുന്ന കൊങ്കണബ്രാഹ്മണന്മാർ ദാരിദ്ര്യോപഹതന്മാരായി കഷ്ടനഷ്ടങ്ങളെ അനുഭവിച്ചു വളരെ ശോചനീയമായ അവസ്ഥയിലാകുന്നു ഇരിക്കുന്നത്. നമ്പൂരിമാരും ഇവരും മാത്രം ഉത്തരഹിന്ദുസ്ഥാനത്തിൽ നിന്നു ശ്രീപരശുരാമന്റെ ആജ്ഞപ്രകാരം പശ്ചിമതീരത്തു വന്നവർ എന്നും പശ്ചിമതീരത്തിലെ മറ്റു ബ്രാഹ്മണരെ ശ്രീപരശുരാമൻ നിർമ്മിച്ചു എന്നും പറയുന്ന പുരാണകഥകൾ വിശ്വാസയോഗ്യങ്ങളാകുന്നു എങ്കിൽ കേരളീയർ ഇവരെയും കേരളത്തിലെ ഒരു അംശമായി സ്നേഹാന്തരംഗം വിചാരിച്ചുകൊള്ളണമെന്ന അപേക്ഷയോടെ ഈ പൂർവ്വപീഠിക ഇവിടെ മതിയാക്കുന്നു.

1. കൊങ്കണബ്രാഹ്മണരുടെ ശാഖകൾ.

സിന്ധുനദീതീരത്തുള്ള കറാച്ചിമുതൽ തിരുവിതാംകൂർ സംസ്ഥാനത്തിലെ വർക്കലവരെയും ഉള്ള പശ്ചിമതീരത്തും ഉത്തരനാട്ടിൽ ഇന്ദൂർ, മാൾവ, ഗ്വാളിയോർ, നാസിക്, പൂണാ, സോലാപൂ

ർ, സതാരാ, ബൊംബായ്, ധാർവാഡ്, സാവന്തവാഡി, കോല്ഹാപ്പൂർ, നാഗർ (മൈസൂർ), ദില്ലി, കാശി, മൈസൂർ, എന്നീ രാജ്യങ്ങളിലും വസിച്ചുവരുന്ന കൊങ്കണ ബ്രാഹ്മണർക്കു ദേശഭേദാനുസാരമായി നാമഭേദങ്ങളും ഉണ്ടു.

ഉത്തര ഹിന്ദുസ്ഥാനത്തിലും ബൊംബായി സംസ്ഥാനത്തിന്റെ വടക്കു കിഴക്കു ഉള്ള ജില്ലകളിലും ബൊംബായി നഗരിയുടെ തെക്കു സദാശിവഗഡ് എന്ന പട്ടണം വരെയുള്ള പ്രദേശങ്ങളിലും ഇവരുടെ സാധാരണമായ പേർ "ശേണവി ബ്രാഹ്മണ" അല്ലെങ്കിൽ "ശേണവി ബ്രാഹ്മണ," "ശെണവി ബ്രാഹ്മണ," എന്നാകുന്നു. കേവലം "ശേണവി," "ശേണവി," "ശേണ്വി," "ശേണപിഗ്ലേക്" എന്നും പറയും. അതാതു ദേശത്തിലെ ഉച്ചാരണാനുരൂപമായി ഇവർക്കു പേരുകൾ ഉണ്ടായിട്ടുണ്ട്. ഇവർ കേൾക്കപ്പെട്ടിട്ടില്ല. സദാശിവഗഡിനു തെക്കു "കൊങ്കണ ബ്രാഹ്മണ" എന്നു പേർ വിളിക്കുന്നു. കന്നഡഭാഷ നടപ്പുള്ള പ്രദേശങ്ങളിൽ ഇവരുടെ ജാതിനാമം "കൊങ്കണബ്രാഹ്മണരു," "കൊങ്കണസ്ഥ ബ്രാഹ്മണരു," "കൊങ്കണിബ്രാഹ്മണരു," "കൊങ്കണിഗരു," എന്നാകുന്നു. തുളുഭാഷ സംസാരിക്കുന്നവർ ഇവരെ "കൊങ്കണാഡിമാരു," അല്ലെങ്കിൽ "കൊങ്കണേരു," "കൊങ്ങ്ണേരു" എന്നും പറയും. മലയാളത്തിൽ "കൊങ്കണബ്രാഹ്മണർ," "കൊങ്കിണിബ്രാഹ്മണർ," "കൊങ്ങിണിബ്രാഹ്മണർ" എന്നും നിന്ദാപദമായി "കൊങ്ങിണികൾ" എന്നും പേർ വിളിക്കും.

ബൊംബായി നഗരത്തിലും ഗോവായിലും ഇവരെ സാധാരണമായി "ബാമ്മണ" "ബാമണ" എന്നു പറയും. "ബാംഹണ" എന്നതു ബ്രാഹ്മണശബ്ദത്തിന്റെ പ്രാകൃതരൂപമാകുന്നു. ചണ്ഡൻ ഉണ്ടാക്കിയ പ്രാകൃതലക്ഷണം എന്ന വ്യാകരണത്തിൽ ബംഭണോ (i. 15) (ii. 15) എന്നതു ബ്രാഹ്മണ പദത്തിന്റെ പ്രാകൃതമെന്നു കാണിച്ചിരിക്കുന്നു. വരരുചിയുടെ പ്രാകൃത പ്രകാശത്തിൽ (iii. 8) ബ്രാഹ്മണപദത്തിന്റെ പ്രാകൃതരൂപം ബമ്ഹണ എന്നു പറഞ്ഞിരിക്കുന്നു. വിക്രമോർവ്വശീയം നാടകത്തിൽ വിദൂഷകൻ പറയുന്ന "ഭോദി ഭല്ലോ പിയവയസ്സോ ബമ്ഹ

ണോ കിംണ വന്ദീതോസി" എന്നതിൽ നിന്നും ബമ്ഹണോ എന്ന എളുകവചനം ഉണ്ടായിരുന്നു എന്നും കാണും. പ്രാകൃതത്തിൽ ഹ്രസ്വദീർഘങ്ങൾക്കു പരസ്പരമുള്ള വ്യത്യാസം വരും. അതുകൊണ്ടു ബമ്ഹണ എന്നതു തന്നെ ബാമ്ഹണ എന്നു പരിണമിച്ചു എന്നും സിദ്ധിച്ചു. കോങ്കണഭാഷയെക്കുറിച്ചുള്ള പ്രകരണത്തിൽ ഈ വിഷയം സ്പഷ്ടമായി ഉപപാദിക്കും. സർ വില്യം ഹണ്ടർ എന്ന മഹാൻ ഉണ്ടാക്കിയ ഗസറ്റിയർ ഓഫ് ഇൻഡ്യാ' എന്ന പുസ്തകത്തിൽ തൃശ്ശിനാപ്പള്ളിയിൽ കുടിയിരുപ്പു ചെയ്തുവരുന്ന ബ്രാഹ്മണർ ബാമർ എന്ന പേരുകൊണ്ടു പറയപ്പെടുന്നു. ഇതു ചണ്ഡാചാർയ്യർ പ്രാകൃതലക്ഷണത്തിൽ പറഞ്ഞ ബാംഹണ എന്ന പദത്തിൽനിന്നുണ്ടായി എന്നും നിർണ്ണയിക്കാം. കോങ്കണഭാഷയിൽ ബ്രാഹ്മണസ്ത്രീകൾക്കു സാധാരണ "ബാമ്മണി" (ബഹുവചനത്തിൽ "ബാമ്പുണി") എന്നു പറയും. കോങ്കണഭാഷ സംസാരിക്കുന്ന ഇതരജാതികളിൽ സ്ത്രീകളെ ഒന്നായിട്ടു ശേണവി (ശേണവി) എന്നാണു വിളിക്കാറ്. ശേണവി എന്നതു പ്രാകൃതഭാഷയിലെ പുരുഷൻ എന്ന അർത്ഥമുള്ള ശേണഹ എന്ന ശബ്ദത്തിൽ നിന്നുണ്ടായതാകുന്നു.

ഇവർ തങ്ങളെക്കുറിച്ചു തന്നെ പറയുമ്പോൾ വടക്കൻ ദിക്കുകളിൽ "ഗൌഡസാരസ്വത ശേണവി ഈ കോങ്കണ ബ്രാഹ്മണ" എന്നല്ലെങ്കിൽ "ഗൌഡസാരസ്വത ഉത്തരകർണ്ണാടകവരു ബ്രാഹ്മണ" എന്നും പറയും. ഇവർക്കു "ഭോജസ്ഥലികർ" "സാഷ്ടികാർ" എന്നും പേരുണ്ടു. പൂർവകാലത്തിനു ശേഷം "സാരസ്വതബ്രാഹ്മണ" എന്നു പറയും. ബോംബായിലുള്ളവർ "ഗൌഡസാരസ്വത കൊങ്കണ ബ്രാഹ്മണ" എന്നും "ഗൌഡസാരസ്വത കോങ്കണസ്ഥബ്രാഹ്മണ" എന്നും പേരുണ്ടു. എന്നാൽ "കൊങ്കണസ്ഥബ്രാഹ്മണ" എന്ന പദം ബോംബായി സംസ്ഥാനത്തിൽ മുഖ്യമായി ചിത്പാവന ബ്രാഹ്മണരെ പേരായി ഉപയോഗിച്ചു വരുന്നതുകൊണ്ടു "ഗൌഡസാരസ്വത കോങ്കണബ്രാഹ്മണ" എന്നു പറയുന്നതാകുന്നു ന്യായം. മഹാരാഷ്ട്രരാജ്യാധിപത്യം വഹിച്ചിരുന്ന പേഷ്വാമാർ എല്ലാവരും ചിത്പാവനന്മാർ ആയിരുന്നു.

ചിത്രപാവന്മാർ ഗൌഡസാരസ്വതന്മാരും അല്ല. ഇവർ പഞ്ചദ്രാവിഡന്മാരിൽ ചേർന്നവർ എന്നാകുന്നു ഇപ്പോഴും പറയപ്പെടുന്നതു. ഇവർക്കും കൊങ്കണ ബ്രാഹ്മണർക്കും തമ്മിൽ യാതൊരു വിഷയത്തിലും ഒരു സംബന്ധവുമില്ല. ഇവർ മറാഠി ഭാഷയാകുന്നു സംസാരിക്കുന്നതു. ഈ തെക്കൻ കന്നഡജില്ലയിൽ നിന്നു ചിലചിത്രപാവന്മാർ കേരളത്തിൽവന്നു ക്ഷേത്രങ്ങളിൽ ശാന്തി കഴിച്ചു വരുന്നുണ്ടു. കേരളത്തിൽ വ്യക്തിഭേദം ചെയ്യുവാൻ ഇനങ്ങൾ ഇച്ഛിക്കാത്തതു കൊണ്ടു ഇവരെയും തുളുഎമ്പ്രാന്മാർ, വടക്കൻ എമ്പ്രാന്തിരി എന്നുപറയും. വടക്കൻ എമ്പ്രാന്തിരി എന്ന പദം ഹവികർ, ശിവള്ളിയർ, കരാഡർ, പദ്യർ, ചിത്രപാവന്മാർ എന്നീവ്യക്തികൾക്കു സാമാന്യമായ ഒരു സംജ്ഞയായി കേരളത്തിൽ ഉപയോഗിച്ചു വരുന്നു.

കന്നഡജില്ലയിലും മറ്റും "സാരസ്വതബ്രാഹ്മണർ" എന്നൊരു കൂട്ടർ ഉണ്ടു. ഇവർക്കും കൊങ്കണ ബ്രാഹ്മണർക്കും ഭാഷ, ആചാരം, ആഭരണം, വസ്ത്രധാരണം മുതലായ വിഷയങ്ങളിൽ സാമ്യം ഉണ്ടെങ്കിലും പന്തിഭോജനവും അന്യോന്യവിവാഹവും ഇല്ല. ഇവരിൽ നിന്നു വേർതിരിക്കാനായിട്ടാകുന്നു "ഗൌഡസാരസ്വതബ്രാഹ്മണർ" എന്നു പറയപ്പെട്ടുവന്നിരിക്കുന്നതു. കൊങ്കണബ്രാഹ്മണർ അന്യോന്യം പറയുമ്പോൾ കൊങ്കണോ, അല്ലെങ്കിൽ കൊങ്കണോഎന്നസ്വഭാഷയിൽ പറയും ഗൃഹഭാഷയിൽ സംക്ഷേപമായി പറയുമ്പോൾ തങ്ങളെക്കുറിച്ചു "ആമോക്ക്" എന്നും മറ്റു ബ്രാഹ്മണരെ "ബ്രാഹ്മണചോ" എന്നും 'തിപ്പ്ശോ,' 'സുതാരളോ' എന്നും 'ആംസോ' എന്നും പറയും.

2. പേരുകളുടെ ഉൽപ്പത്തിയും അർത്ഥവും.

1. കൊങ്കണോ, കൊങ്ക്ണോ, കൊങ്കണ, കൊങ്കണി, കൊങ്ങിണി, എന്നിങ്ങിനെയുള്ള ശബ്ദങ്ങൾ സംസ്കൃതത്തിലെ കൊങ്കണ ശബ്ദത്തിന്റെ രൂപവികാരങ്ങൾ ആകുന്നു. ഈപദങ്ങൾ ഇവർ ആദ്യം കൊങ്കണദേശത്തിൽ ആയിരുന്നു എന്നതിനെ പ്രതിപാദിക്കുന്നു. ഈ ശബ്ദപ്രയോഗത്താൽ ജനിക്കാവുന്ന സംബന്ധം ദൂരീകരിപ്പാനായിട്ടു ഇവരുടെഭാഷ, ആചാരങ്ങൾ,

ദേവർകവനകവും; ഐതിഹ്യങ്ങളും, ചരിത്രം, ഇത്യാദി മററു പ്രമാണങ്ങളും ഉണ്ടു. കൊങ്കണഭാഷ സംസാരിക്കുന്ന കൂട്ടരിൽ ഹിന്തുക്കളും, ക്രിസ്ത്യാനികളും, മഹമ്മദീയർ എന്ന മൂന്നുമതക്കാർ ഉണ്ടു. ഹിന്തുക്കളിൽ ബ്രാഹ്മണർ, വൈശ്യർ, ശൂദ്രർ എന്നുള്ള പ്രധാന വർണ്ണങ്ങളിൽ തന്നെ പല അവാന്തര വിഭാഗവും ഉണ്ടു. ഇവവിഭാഗങ്ങൾക്കു തമ്മിൽ സമ്പർക്കവും സമ്മേളനവും ഇല്ല. അതുകൊണ്ടു 1901-ാം വർഷത്തിലെ മനുഷ്യസംഖ്യാനത്തിലെ സെൻസസ് റിപ്പോർട്ടിൽ കൊങ്കണി (Konkani) എന്ന പദത്തിനു കൊങ്കണിഭാഷ സംസാരിക്കുന്നവർ എന്നുമാത്രം അർത്ഥം പറഞ്ഞിരിക്കുന്നു. ബ്രാഹ്മണപദം കൂടാതെ വെറും 'കൊങ്കിണി' എന്ന വിളിക്കുന്നതുകൊണ്ടു സജ്ജനങ്ങൾക്കു ദുസ്സഹമായി കണ്ടിരുന്നില്ല. സാജ്ഞാനികളും വിവേകികളും ആയ കേരളീയർ വ്യക്തിഭേദം കൂടാതെ ബ്രാഹ്മണരേയും വൈശ്യരേയും ശൂദ്രരേയും കൊങ്കിണി എന്നു വിളിക്കുന്നതുകൊണ്ടു കൊങ്കണ ബ്രാഹ്മണർക്കു മനസ്താപം ഉണ്ടാകുന്നതു സഹജമാകുന്നു. അതുകൊണ്ടു കൊങ്കണി എന്നും കൊങ്കണ ബ്രാഹ്മണരെ മാത്രം സംബന്ധിച്ചു ഉപയോഗിക്കുന്നതും മറ്റുള്ളവരെ ജാതിപ്പേരുകളെക്കൊണ്ടു വിളിക്കുന്നതും ഉചിതമാകുന്നു. മലയാളഭാഷ സംസാരിക്കുന്നതുകൊണ്ടു ഒരു നായ്യരെയും മലയാളിയെന്നും തമിഴ്ഭാഷ സംസാരിക്കുന്നതുകൊണ്ടു ഒരു പട്ടരെ തമിഴൻ എന്നും എങ്ങനെ വിളിച്ചുകൂടയോ അതുപോലെതന്നെ ഞങ്ങളെയും 'കൊങ്കിണി' എന്നു വിളിപ്പാൻ പാടില്ലെന്ന വിചാരമാകുന്നു ഇവരിൽ ചിലരുടെ സന്താപത്തിന്റെ കാരണം. എന്നാൽ അന്യോന്യ വ്യവഹാരത്തിൽ തങ്ങളെക്കുറിച്ചു ഇവർ തന്നെ സ്വഭാഷയിൽ 'കൊങ്കണോ' എന്നു പറയുന്നതു പതിവാകയാൽ കൊങ്കിണിപദം ഹേതുവായിട്ടുള്ള വ്യസനാവലംബം ഉചിതമോ. ഗോവാത്രൈവർണ്ണികന്മാരെയും ക്രിസ്ത്യാനികളെയുംകൂടി പറവാനായി കൊങ്കിണിപദം ഉപയോഗിച്ചു, കൊങ്കണ ഭാഷ സംസാരിക്കുന്ന എല്ലാവരും ഒരു വർഗ്ഗത്തിൽ ഉൾപ്പെട്ടവർ എന്നു വിചാരിച്ചു, കേരളീയർ അതുപ്രകാരം നടക്കുന്നതാകുന്നു പരമസങ്കടത്തിന്റെ കാരണം. ഭാഷാപ്രയോഗങ്ങ

ൽ രൂഢിയായി കൊങ്കണപദം ഉപയോഗിക്കുന്ന കേരളീയർ നിരുപദ്രവികളായ കൊങ്കണബ്രാഹ്മണരെ നിന്ദിച്ച് അപഹസിക്കേണം എന്ന വിചാരം സ്വപ്നത്തിൽപോലും ഇല്ലെന്ന വാസ്തവം എനിക്കു നല്ലവണ്ണം നിശ്ചയമുണ്ട്. തുളു എമ്പ്രാന്തിരി എന്ന പദം ഏതെല്ലാം ജാതിക്കാരെക്കുറിക്കുന്നതിന്ന് ഉപയോഗിക്കുന്നു എന്നതു കേരളീയന്മാരിൽ അല്പം ചിലർക്കുപോലും അറിയാമോ എന്നതു സന്ദിഗ്ദ്ധമാണ്. ഹിന്ദുസ്ഥാനി, ഗുജരാത്തി, കച്ചി മുതലായ ഭാഷകൾ സംസാരിക്കുന്ന ഹിന്ദുക്കളെയും മുസൽമാന്മാരെയും "ശേട്ടു" എന്നു വിളിക്കുന്നതിന്നു മലയാളികൾക്കു സന്തോഷംതന്നെ. ഭേദാഭേദങ്ങൾ അറിയേണമെന്ന താല്പര്യം കേരളീയർക്കു വളരെ കുറവാകയാൽ പരദേശികളുടെ ഇടയിലുള്ള വ്യത്യാസങ്ങൾ ഇവർ ഗണ്യമാക്കുന്നില്ല. പരദേശികളും കേരളീയന്മാരും കൂടിക്കഴിയുന്നതിന്ന് അധികം സംഗതികൾ ഇല്ലാത്തതുകൊണ്ടും ഈ വക അറിവുകൊണ്ടു യാതൊരു പ്രയോജനമില്ലെന്നതുകൊണ്ടും കേരളീയർ അന്യന്മാരുടെ കാര്യങ്ങളിൽ പ്രവേശിക്കാറില്ല.

കോങ്കണശബ്ദത്തിന്റെ ധാത്വർത്ഥം നിർണ്ണയിപ്പാൻ ഇപ്പോൾ കേവലം അസാദ്ധ്യംതന്നെ. ധാത്വർത്ഥത്തെക്കുറിച്ചുള്ള പല അഭിപ്രായങ്ങളെയും സ്വാഭിപ്രായത്തെയും താഴെ ചേർത്തുകൊള്ളുന്നു. നിശ്ചിതാർത്ഥം വിദ്വാന്മാർ തീർച്ചപ്പെടുത്തട്ടെ.

1. കണമെന്നതിന്നു ധാന്യമണിയെന്നാകുന്നു അർത്ഥം. ഈ ദേശത്തിൽ ധാന്യം ധാരാളമായി കിട്ടുന്നതുകൊണ്ട് ഇതിനെ 'കകണം' എന്നു പേർ വിളിച്ചു. കുത്സിതമായ കണങ്ങളോടുകൂടിയ ദേശമാകയാൽ കകണമെന്ന അന്വർത്ഥമായ പേർ ഇതിന്നു സിദ്ധിച്ചു. കകണത്തിന്റെ തത്ഭവരൂപമായ കൊങ്കണം എന്ന രൂപം മഹാഭാരതത്തിൽ ഭീഷ്മപർവ്വത്തിൽ ഉണ്ട്. ചില പുസ്തകങ്ങളിൽ കൊംകണം എന്നും പാഠം. കൊങ്കണമെന്ന പാഠത്തിൽ അനുസ്വാരം ലിപിയിൽ ചേർക്കാഞ്ഞതാ അതോ കൊങ്കണമെന്നരൂപംതന്നെ കൊംകണം എന്ന രൂപം ധരിച്ചതോ എന്നതു നിർണ്ണയിപ്പാൻ കഴിയുന്നതല്ല. കകണമെന്നത് അപഭ്രംശത്താൽ കോകണമെന്നും കോങ്കണമെന്നും ആയിത്തീർന്നു എന്നു ചിലരുടെ

അഭിപ്രായം. കോങ്കണദേശത്തിലെ ഇപ്പോഴത്തെ ചിലസ്ഥിതികൊണ്ടു പൂൎവ്വകാലത്തിലെ അവസ്ഥ നിശ്ചയിച്ചുകൂടായ്കയാൽ ഈ അൎത്ഥം നിരാധാരമെന്ന് ഉപേക്ഷിപ്പാൻ പാടുള്ളതല്ല.

൨. ശബ്ദമാലാ എന്ന കോശത്തിൽ ശ്രീപരശുരാമന്റെ പൎയ്യായശബ്ദങ്ങളിൽ ഒന്നു 'കോങ്കണാപുത്രൻ' എന്നതാകുന്നു. ഇതിൽനിന്നു കോങ്കണാ എന്നതു ശ്രീപരശുരാമന്റെ അമ്മയായ രേണുകാദേവിയുടെ അഭിധാനാന്തരമായിരുന്നു എന്നതിന് ആക്ഷേപം ഇല്ലല്ലോ. മാതൃപ്രീതിക്കുവേണ്ടി സൃഷ്ടിച്ച ദേശമാകയാൽ മാതൃസ്മാരകമായി അതിനെ കോങ്കണദേശം എന്നു പേർവിളിച്ചു. ശബ്ദകല്പദ്രുമത്തിൽ കോങ്കണാശബ്ദത്തിനു കോങ്കണദേശത്തിൽ ഭവിച്ചവൾ എന്ന് അൎത്ഥം പറഞ്ഞിരിക്കയാൽ ദേശനാമത്തിൽനിന്നു പരശുരാമന്റെ അമ്മയുടെ പേരുണ്ടായി എന്നും അമ്മയുടെ പേരിൽനിന്നു ദേശപ്പേരുണ്ടായി എന്നും പറയുന്നതുകൊണ്ട് അന്യോന്യാശ്രയദോഷത്താൽ ശബ്ദജ്ഞാനത്തിന് ഉതകാതെ വ്യൎത്ഥമായിരിക്കുന്നു. ഡിത്ഥാദി സംജ്ഞാശബ്ദങ്ങളെപ്പോലെ കോങ്കണാശബ്ദവും യദൃച്ഛാരൂപമായ സംജ്ഞാനാമം എന്നു വാദിക്കുന്നതും സമാധാനമാകയില്ല. ദേശനാമങ്ങൾക്ക് എപ്പോഴും അൎത്ഥം ഉണ്ടു. അതുകൊണ്ടു കോങ്കണാശബ്ദം യദൃച്ഛാശബ്ദം അല്ല.

൩. "കോമിതി കണന്ത്യുത്തസ്മാൽകോങ്കണാഃ". ഈ ദേശത്തിലുള്ളവർ ആലസ്യത്താൽ വായ്പിളൎന്ന് കണ്ണടച്ചിരുന്ന് 'കോം' എന്നു ശബ്ദിച്ച് ആവിയിടുന്നതുകൊണ്ടു* ഈ ദേശക്കാർ കോങ്കണരെന്നു പറയുന്നു എന്ന അഭിപ്രായം വളരെ വൈരസ്യം കാണിക്കുന്നു എങ്കിലും യാഥാൎത്ഥ്യം പറയുന്നില്ല. ഇതു കേവലം പരിഹാസവിജൃംഭിതമാകുന്നു. കോങ്കണദേശത്തിലെ നാനാവൎണ്ണങ്ങളും പ്രായേണ കായക്ലേശം ചെയ്തു കഷ്ടപ്പെട്ട് ഉപജീവിക്കുന്നവർ ആകയാൽ അനുചിതമായ ആലസ്യത്താൽ ഇവരുടെ ദേശത്തിനു കോങ്കണദേശം എന്ന പേരുണ്ടായി എന്നതു സത്യത്തിനു [illegible] സൎവ്വരും സമ്മതിക്കും. അന്യന്മാർ അപഹാസ്യമായി കല്പിച്ച നാമധേയത്തെ കോങ്കണദേശിയർ അംഗീകരിക്കുന്നതും അസംഭാവ്യംതന്നെ.

എം. ശേഷഗിരിപ്രഭു. എം. എ.

---

* കോട്ടുവായിടുക, കോട്ടുവിടുക എന്നും നാമാന്തരങ്ങൾ ഉണ്ടു.

ഉച്ചാരണം.

എല്ലാ ഭാഷകളിലും ശബ്ദങ്ങളെ വ്യക്തമായി ഉച്ചരിക്കേണ്ടുന്നത് അത്യാവശ്യമാകുന്നു. അസ്പഷ്ടമായി ഉച്ചരിക്കപ്പെടുന്ന ശബ്ദം ഒരു മങ്ങിയ ദീപമെന്നപോലെ പദാൎത്ഥങ്ങളെ വേണ്ടുംവണ്ണം പ്രകാശിപ്പിക്കയില്ല. ഓരോ ഭാഷയ്ക്കും ഉച്ചാരണവിഷയത്തിൽ ഓരോ വിധം വൈലക്ഷണ്യമുണ്ട്. എന്നാൽ ഭാഷകളുടെ ബാല്യകാലത്താണ് വൈലക്ഷണ്യങ്ങൾക്കെല്ലാം പ്രാബല്യം. മനുഷ്യന്റെ ശരീരാവയവങ്ങൾക്കെന്നപോലെ ഭാഷയുടെ ഉച്ചാരണങ്ങൾക്കും ഒതുവും ചന്തവും വൃത്തിയും വെടിപ്പും, തികവും വടിവും എല്ലാം ജനിക്കുന്നത് താരുണ്യാരംഭത്തിലേ ഉള്ളു. സംസാരിക്കുന്ന ജനങ്ങളുടെ മുഖങ്ങളിൽ ശ്വാസരൂപേണ നിൽക്കുന്നതിനുപുറമേ ശബ്ദങ്ങളെ വരകുറികൾകൊണ്ടു കുറിച്ചു ലിപിരൂപേണ എഴുതിസ്സൂക്ഷിക്കാവുന്ന നിലയിൽ വന്നതിനുമേലേ ഒരു ഭാഷ പ്രൌഢസ്ഥിതിയിൽ പ്രവേശിച്ചതായി പറഞ്ഞുകൂടൂ. ഈ അവസ്ഥയ്ക്കുമുമ്പ് ഉച്ചാരണങ്ങളെല്ലാം പ്രതിദിനം പ്രതിഗ്രാമവും ഭേദിച്ചുകൊണ്ടിരിക്കും.

ഉദാഹരണത്തിന് ഏറെദ്ദൂരെ തേടേണ്ടതില്ല. സംസ്കൃതത്തിന്റെ പുരാതനാവസ്ഥയെ നോക്കുക. വൈദികസംസ്കൃതമെന്നും ലൗകികസംസ്കൃതമെന്നും സംസ്കൃതത്തിനു രണ്ടു വകഭേദമുണ്ട്. വേദങ്ങളിലും ബ്രാഹ്മണങ്ങളിലും കാണുന്ന ഭാഷയാണു വൈദികസംസ്കൃതം; കാളിദാസാദികവികൾ ഉപയോഗിച്ചിരിക്കുന്നതു ലൌകികം. ഓരോ വേദത്തിനും വിലക്ഷണങ്ങളായ ചില ഉച്ചാരണങ്ങളുണ്ട്:—ഋഗ്വേദത്തിൽ ഡകാരത്തെ ളകാരമായും, ഢകാരത്തെ ള്ഹകാരമായും ഉച്ചരിക്കണം; യജുസ്സിൽ 'ക: പചതി' എന്നതിനെ 'കഫ് പചതി' എന്ന വിസൎഗ്ഗത്തിന് ഇംഗ്ലീഷിലെ F എന്ന അക്ഷരത്തിന്റെ ഉച്ചാരണം വേണം; അതുപോലെ അനുസ്വാരത്തെ 'ഗ്ം' എന്നപോലെ ശബ്ദിക്കണം. 'അഗ്നി' മുതലായ ശബ്ദങ്ങളിൽ ഗകാരത്തിനു മുമ്പേ ഒരു വിശേഷപ്പെട്ട ശബ്ദം കേൾപ്പിക്കണം. ഒരുവക വൈല

ക്ഷണ്യങ്ങളെ എല്ലാം നമ്മുടെ പൂർവികന്മാർ വേദത്തിലുള്ള സ്വരഭേദാധിക്യത്താൽ ക്ലിപ്തപ്പെടുത്തി പ്രതിപാദിച്ച് ഉച്ചാരണശാസ്ത്രങ്ങളെഴുതിട്ടുണ്ട്. ഇവയ്ക്കു പ്രാതിശാഖ്യങ്ങളെന്നു പേർ പറയുന്നു. പ്രതിശാഖം, (=ശാഖാപ്രതി) ഉള്ളത് എന്നു ശബ്ദാർത്ഥം വ്യുൽപത്തി. ഓരോ ശാഖകൾക്കും ഉച്ചാരണഭേദങ്ങളുണ്ടായിരുന്നതിനെ വേദപാഠമോർത്തു വിചാരിച്ചു പറയുന്നു. ലൗകികസംസ്കൃതത്തിൽ കേവലം ശാസ്ത്രവ്യവസ്ഥകളായ ഭാഗത്തിനുതന്നേ ഉള്ളു.

പ്രത്യയാവസ്ഥയെ പ്രാപിച്ച ഭാഷയെ ഉച്ചരിക്കുന്നതിൽ അക്ഷരസ്വരങ്ങൾക്കു പുറമേ ദൃഷ്ടിവെയ്ക്കേണ്ടുന്ന മറ്റൊന്നാണു ഇംഗ്ലീഷിൽ ആക്സൻറ് (accent) എന്നുപറയുന്ന യത്നഭേദമാകുന്നു. ഒരു പദത്തിൽ അനേകം അക്ഷരങ്ങളുണ്ടായിരുന്നാൽ എല്ലാറ്റിനെയും ഉച്ചരിക്കുന്നത് ഒരേ ബലത്തിലല്ല; പ്രധാനപ്പെട്ട അക്ഷരത്തെ കുറെ ഒരു തീവ്രമായ യത്നത്തോടുകൂടി ഉച്ചരിക്കണം. വികാരികളായും മറ്റും ഒരേ പ്രകൃതിയിൽ പല പ്രത്യയങ്ങളെ ചേർക്കുകയാണ്. അപ്പോൾ ആ വികാരങ്ങളെല്ലാം ആ പ്രകൃതിയുടെ രൂപഭേദങ്ങളെന്നു പറയുന്നു. ഇതിൽ പ്രകൃതി ഭേദിക്കാത്തതാകയാൽ പ്രധാനമെന്നും പ്രത്യയങ്ങൾ അപ്രധാനങ്ങളെന്നും വരുന്നു. ഈമാതിരി സ്ഥലങ്ങളിൽ പ്രകൃതിയെ അധികബലപ്പെടുത്തിയും ശേഷമക്ഷരങ്ങളെ ലഘുവായും ഉച്ചരിക്കണം. ഇതാണ് യത്നഭേദം. ഇതു മലയാളത്തിലില്ല. ഇംഗ്ലീഷുമുതലായ യൂറോപ്പിലെ ഭാഷകളിൽ ഇതിനു വളരെ പ്രാധാന്യമുണ്ട്. യത്നം ഒരു സ്വരത്തിൽനിന്നു മറ്റൊരു സ്വരത്തിലേയ്ക്കു മാറുന്നതുകൊണ്ട് ഇംഗ്ലീഷിൽ നാമം ക്രിയയായി മാറുകമാത്രമല്ല, അർത്ഥംതന്നെ ചിലപ്പോൾ ഭേദിച്ചുപോകുമെന്നു വായനക്കാരിൽ ഇംഗ്ലീഷുവിദ്യ അഭ്യസിച്ചവർക്ക് അറിയാമല്ലോ. ഈ യത്നഭേദമെന്നത് ഗ്രീക്കിലും സംസ്കൃതത്തിൽ ഇതിന്റെ സ്ഥാനത്തു വേറെ ഒരു വിശേഷവിധിയുണ്ട്. സംസ്കൃതപദങ്ങളെ ഉച്ചരിക്കുമ്പോൾ അക്ഷരങ്ങൾക്കെല്ലാം ഒരേ സ്ഥായി പോരാ; പ്രധാനഭാഗത്തെ ഉയർന്ന സ്ഥായിയിലും അപ്രധാനഭാഗത്തെ താണ സ്ഥായിയിലും ഉച്ചരിക്കണം. ഒരു ശ്രുതിഭേദംകൊണ്ടു പ്രധാനത്തെ മേൽ സ്വരത്തിലും അപ്രധാനത്തെ

കിൎഭാസ്വരത്തിലും അനുസ്മരിക്കുന്നത്. ഇതിന് ഉദാത്താനുദാത്ത സ്വരിതങ്ങൾ എന്നു മൂന്നു മാതിരിയിലുള്ള 'സ്വരം' എന്നു പേർ പറയുന്നു. സ്വരഭേദംകൊണ്ട് അൎത്ഥഭേദവും വരും. ഇപ്പോൾ 'ലോകനാഥൻ' എന്നു പറഞ്ഞാൽ അതു ലോകത്തിന്റെ നാഥൻ എന്നു തത്പുരുഷനും, ലോകം നാഥനായിട്ടുള്ളവൻ എന്നു ബഹുവ്രീഹിയും ആവാം. ഈ മാതിരി സ്ഥലങ്ങളിൽ സമാസഭേദത്തെ കാണിക്കുന്നതു സ്വരഭേദമാകുന്നു. ഈ ഭേദമാലോചിക്കാതെ ഒരാൾ യാഗംചെയ്തപ്പോൾ 'ഇന്ദ്രശത്രുൎവൎദ്ധസ്വ' എന്ന മന്ത്രത്തിലെ 'ഇന്ദ്രശത്രു' എന്ന സമാസത്തിന്റെ സ്വരം പിഴച്ചുച്ചരിക്കയാൽ വിപരീതഫലം ഫലിച്ചു എന്ന് ഒരു ഉപാഖ്യാനവും പറയുന്നു. എന്നാൽ പാണിനി ലോകത്തിലും സ്വരം വിധിക്കുന്നുണ്ടെങ്കിലും ലൌകികസംസ്കൃതത്തിൽ സ്വരം ലുപ്തമായിപ്പോയി. ലോചിക്കാനുള്ള കാരണം ഉത്തമവൈദുഷ്യരായ കവികളുടെ ശ്രേഷ്ഠത്വവും ആയിരിക്കാം. ഇതിനു ദൃഷ്ടാന്തത്തിനു കാണിച്ച 'ലോകനാഥ' ശബ്ദത്തെത്തന്നെ ഒരു കവി ഇപ്രകാരം പ്രയോഗിച്ചിരിക്കുന്നു.

"ശ്രീമഹാഭ അംബുജ രാജേന്ദ്ര ലോകനാഥാദ്യഭാവചി-
ബഹുവ്രീഹിരഹമരജാൻ ഷഷ്ഠീതൽപുരുഷോഭവാൻ".

ആദികാലത്തിൽ ഇംഗ്ലീഷിലെപ്പോലെ യത്നഭേദവും സംസ്കൃതത്തിൽ ഉണ്ടായിരുന്നിരിക്കാം. 'ഭോയച്ചുതാ' എന്നിടത്തെ യകാരത്തെയും മറ്റു ചിലേടത്തെ വകാരത്തെയും ലഘുപ്രയത്നമായുച്ചരിക്കണമെന്നു ശാകടായനൻ അഭിപ്രായപ്പെട്ടിരുന്നതിനെ പാണിനി ഒരു സൂത്രം (വ്യോർല്ലഘുപ്രയത്നതരഃ ശാകടായനസ്യ) വിധിച്ചു കാണുന്നു. മറ്റെങ്ങും ഈ സംഗതിയെ പാണിനി ഗണിച്ചു കാണായ്കയിനാൽ പാണിനിയുടെ കാലത്തുതന്നെ യത്നഭേദം എന്നുള്ളതു സംസ്കൃതത്തിൽ ക്ഷയിച്ചിരിക്കണം.

ഇനി ഒരു ഭാഗം ആലോചിപ്പാനുള്ളത് ഉച്ചാരണസമ്പ്രദായം, ധ്വനി എന്നിവകളിൽ ഇരിക്കുന്നു. ഓരോ ഭാഷക്കാൎക്കും ഉച്ചരിക്കുന്നതിൽ ഓരോ വിശേഷവിധികളുണ്ട്. അതിനാലാണ് ഒരു തമിഴൻ മലയാളം സംസാരിക്കുമ്പോൾ അതിൽ തമിഴ്ച്ചുവ ഉണ്ടെന്നു നാം പറയുന്നത്. ഇതുപോലെ നാം സംസാരിക്കുന്ന ഇം

ഗ്ലീഷിൽ എന്തോ ഒരു ചൈതന്യക്കുറവുണ്ടെന്ന് ഇംഗ്ലീഷ്കാർ പറയും. ഴ അക്ഷരം മറ്റു ഭാഷകളിൽ ദുർല്ലഭമായിരിക്കാം. എങ്കിലും അതിനെ ഉച്ചരിക്കുന്നത് ഓരോ ഭാഷയുടെ സമ്പ്രദായത്തിനനുരൂപമായ് വേണം. ഖരങ്ങൾ എന്നു പറയുന്ന കചടതപകൾ തമിഴിലും മലയാളത്തിലുമുണ്ട്; എന്നാൽ തമിഴർ അവയെ മലയാളികളെപ്പോലെ പൂൎണ്ണഖരങ്ങളായുച്ചരിക്കാതെ അവറ്റു ഖരങ്ങളുടെയും മൃദുക്കളുടെയും (ഖരമൃദുക്കൾ) മദ്ധ്യേ ഉള്ള ഒരു ശബ്ദം കൊടുക്കുന്നു. അതിനാലാണു തമിഴിലെ 'പങ്കുനി' എന്ന മാസസംജ്ഞയെ ഇംഗ്ലീഷിൽ എഴുതുമ്പോൾ Panguny എന്ന ഗ് കാണുന്നത്.

ഒരു ഭാഷയിലുള്ള അക്ഷരമാലയുടെ സ്വഭാവഭേദവും ആ ഭാഷ സംസാരിക്കുന്നവരുടെ ഉച്ചാരണസമ്പ്രദായത്തിനു നിയാമകമായിരിക്കും. മനുഷ്യന്റെ നാവിൽ തഴയുന്ന അക്ഷരങ്ങളിൽ മിക്കവയും ഉപയോഗിക്കുന്ന ഒരു ഭാഷയെ സംസാരിക്കുന്നവൎക്ക് ഏതു വിദേശഭാഷയും അഭ്യസിക്കുന്നതിനു ശ്രമം കാണുകയില്ല. ഈ സംഗതിയിൽ മലയാളികൾ ഭാഗ്യവാന്മാരാണ്. ആൎയ്യദ്രാവിഡഭാഷകൾ രണ്ടിലും ഉള്ള അക്ഷരങ്ങൾ മലയാളത്തിൽ ചേൎന്നിട്ടുള്ളതിനാൽ കേരളീയാക്ഷരമാല പരിപൂൎണ്ണപ്രായയാണെന്നു പറയാം. നാം കേട്ടിട്ടുള്ള ഉച്ചാരണങ്ങളിൽ ഒന്നോ രണ്ടോ എണ്ണമേ മലയാളത്തിലില്ലാത്തതു ഉള്ളൂ. മലയാളികളുടെ ഉച്ചാരണലാഘവം പള്ളിക്കൂടവാദ്ധ്യാന്മാൎക്ക് അനുഭവസിദ്ധവുമാണ്.

ഭാഷകളുടെ വൈലക്ഷണ്യങ്ങൾ അതുകളെ ഉപയോഗിക്കുന്ന ജനസമൂഹത്തിന്റെ ഉച്ചാരണശക്തിയെ തന്നെ പ്രായേണ ബാധിക്കുന്നു. ബംഗാളികൾ വകാരമെല്ലാം ബകാരമാക്കും. ഈ സംഗതി ധരിച്ചിരുന്നിട്ടും എനിക്ക് ഒരിക്കൽ ഒരു നാഴികനേരത്തെ മനഃക്ലേശത്തിന് ഇടയായി. ഞാൻ ഒരു സംസ്കൃതകാവ്യം വായിക്കയായിരുന്നു. അതിലെ ഒരു ശ്ലോകത്തിൽ 'ബധ' എന്നൊരു പദം ഏതുവിധമാക്കിയാലും ശരിയായി അന്വയിക്കയില്ലെന്നായി. ഞാൻ പേരുമാറ്റി ചേൎക്കാൻ വേണ്ടി വളരെ സാഹസമൊക്കെച്ചെയ്തുനോക്കി; ഒന്നുകൊണ്ടും ഫലിച്ചില്ല. അപ്പോഴാണ്

ആ പുസ്തകം കൽക്കത്താവിൽ അച്ചടിച്ചതാണല്ലൊ എന്നുള്ള ബോധം എന്റെ മനസ്സിലുദിച്ചത്. ഉടനെ എല്ലാ ശരിയാക്കുകയും ചെയ്തു. ശബ്ദം 'ബോധപാഠം ബന്ധിച്ചിട്ട്' എന്നും; 'ബോധപാഠം വധുവിനാൽ' എന്ന വധുശബ്ദത്തിന്റെ തൃതീയയാണ്.

തമിഴനായ ഒരു ശിഷ്യനും ഇതുപോലെ ഒരിക്കൽ എന്നെ കുറച്ചുനേരത്തേക്കു ഭ്രമപ്പെടുത്തുകയുണ്ടായി. ഇത്തവണ 'ഭൂധാ' എന്നുള്ള ശബ്ദമായിരുന്നു ക്ലേശകാരണമായിത്തീർന്നത്. ശിഷ്യൻ അതിനെ വായിച്ചപ്പോഴൊക്കെയും 'ഭൂദാ' എന്നുതന്നെ വായിച്ചു. ഒടുവിൽ ശിഷ്യന്റെ കൈയിൽനിന്നു പുസ്തകം വാങ്ങി ഞാൻതന്നെ വായിച്ചതിനു മേലേ എനിക്കു വാക്യം അന്വയിച്ചർത്ഥം പറവാൻ കഴിഞ്ഞുള്ളൂ. മേലാൽ ഒരു മാതിരി വ്യവഹാരത്തിന് ഇടവരാതിരിപ്പാൻ ഞാൻ ഉടൻതന്നെ കരുതൽ ചെയ്തു. 'ക്ഷത്രിയാധമം ഒരു ഭോജനധായിത്വധം' എന്നൊരു ശ്ലോകപാദം നിർമ്മിച്ച് ഇതും ശരിയായിട്ട് ഉച്ചരിക്കാറാവുന്നതിനു മേൽ പഠിച്ചാൽ മതി എന്നു ഞാൻ അയാളോടു പറഞ്ഞു. ആ വിദ്വാൻ പിന്നീട് ഒരു പതിനാലക്ഷരങ്ങളുടെ ഇടയിൽ എത്ര അബദ്ധങ്ങളുണ്ടാക്കി എന്നു ഞങ്ങൾക്കു രണ്ടുപേർക്കും മാത്രമേ അറിയാവൂ. ഈ കഥ ഓർക്കുമ്പോൾ ഇപ്പോഴും എനിക്കു ചിരി അടക്കവയ്യാതെ വരുന്നു. എന്തിന്, ഒരു വാരം ശ്രമിച്ചതിനുമേലേ അയാൾക്ക് ആ പാദം ഒരു തവണ വേണ്ടപോലെ ഉച്ചരിക്കാൻ കഴിഞ്ഞുള്ളൂ. ഖരാദികളും ഊഷ്മഘോഷങ്ങളും കലർന്നു വരുന്നിടത്തു ശിഥിലങ്ങളാം ഉച്ചാരണത്തിൽ ദൃഢങ്ങളായിപ്പോകാവുന്നതാണെന്നുള്ളതിലേയ്ക്കു 'മിത്രധ്രുക്, മിത്രധ്രുഗ്, മിത്രധ്രുഹൗ, മിത്രധ്രുഹഃ' എന്നുള്ള സിദ്ധരൂപവും 'ചയോ ദ്വിതീയാഃ ശരി പൗഷ്കരസാദേരിതി വാച്യം' എന്നുള്ള വാർത്തികവും ലക്ഷ്യങ്ങളാണ്.

മലയാളികൾക്കും ഇതുപോലെ ചില വൈകല്യങ്ങളില്ലെന്നില്ല. അവർ ചന്ദ്രനെ ചന്നനെന്നും, ഗണപതിയെ ഗെണപതിയെന്നും പറയുന്നു. അവരുടെ ഇടയിൽ 'ഉല്സാഹം' അല്ലാതെ 'ഉത്സാഹം' ആർക്കുമില്ല. അവർ 'ആനേമുക' എന്ന പാണിനിസൂത്രത്തെ 'ആനേമുക്' എന്നുച്ചരിക്കുമ്പോൾ ശാസ്ത്രിമാർ ചിരിച്ചു

ഭേദകം. മലയാളത്തിലെ ഉച്ചാരണത്തിൽ വേറെ ഒരു വൈജാത്യമുള്ളതു ഋകാരത്തെ ഉകാരമാക്കുകയാണ്. 'സൌത്ത്' എന്ന സംസ്കൃതം ഭാഷയിൽ സൌത്താ (ഋ) എന്നായിത്തീരുന്നു. ഇതിന്റെ കാരണം എന്താലോചിപ്പാനുള്ളതാണ്. വൈദികഭാഷയിൽ ഉദാ ലികാദി ഡകാരത്തിനു ളകാരമാണു പറയുന്നതെന്ന് ആരംഭത്തിൽ പ്രസ്താവിച്ചുവല്ലോ. സൌത്ത് മുതലായ പദങ്ങളിൽ എന്നുമൊക്കെയും വാസ്തവത്തിൽ ഡകാരാന്തമാകുന്നു. ളകാരോച്ചാരണം ദ്രാവിഡന്മാരിൽ മാത്രമേ ഉള്ളൂവെന്നും സംസ്കൃതവ്യാകരണം കൊണ്ടു നമുക്കറിയാം. ഈ സ്ഥിതിക്കു കേരളത്തിലേക്കു വന്ന ആര്യന്മാർ വൈദികകാലത്തിന്റെ ആരംഭത്തിൽ തന്നെ പിരിഞ്ഞു പോന്നിട്ടുള്ളവരാണെന്നു വരുന്നു. ഇങ്ങിനെ ദ്രാവിഡഭാഷയിലുള്ള വിചാരങ്ങൾക്കനുസരണം കേരളത്തിൽ മാത്രം പാകിയ സംസ്കൃതത്തിൽ കൂടി ഇന്നും നിലനില്ക്കുന്നതിന് എന്തു ഉപപത്തി പറയാം.? എന്നാൽ ഇത് ഒരു പ്രധാനപ്പെട്ട സംഗതിയാകയാൽ പ്രത്യേകമായി വിചാരണചെയ്യേണ്ടതാകുന്നു.

എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ.

എം. ഏ. എം. ആർ. ഏ. എസ്.

ഭാഷാപരിഷ്കരണം.

:0:

ഈ സ്ഥിതിക്ക് ഒരു പ്രത്യേകഭാഷാഭ്യാസം വിദ്യാഭിവൃദ്ധിക്ക് അനിവാര്യമാണെന്ന വിധിയെത്തന്നെ പ്രയാസമില്ലെങ്കിലും, എന്തു ഭാഷയെത്തന്നെ വിശേഷമായി അഭ്യസിക്കേണ്ടത് എന്നു പറയുന്നതിൽ തർക്കം ഉണ്ടു. ഇപ്പോഴത്തെനിലയ്ക്കു പരിഷ്കാരം വേണമെന്ന താല്പര്യപ്പെട്ടവർ ഒരു ഭാഷയെ മാത്രം പഠിച്ചാൽ പോരാ എന്നു പറയുന്നു. ഇംഗ്ലീഷ് കൂടാതെ കഴികയില്ല. മറ്റൊരു ഭാഷയും ആവശ്യംതന്നെ. ചീനയോ, സംസ്കൃതമോ, ലത്തീനോ ഗ്രീക്കോ, ഹിന്തുസ്ഥാനിയോ കൂടിയുണ്ടായാൽ എന്താണ്. അങ്ങനെയൊക്കെ നോക്കുമ്പോൾ രണ്ടു ഭാഷകൾ അത്യാവശ്യമായിരിക്കുന്നു.

അപേക്ഷയുള്ളവക്ക് മററു ഭാഷകളിൽ ഒന്നിലെങ്കിലും കൂടി പ്രവേശത്തിന്നവസരസൌകൎയ്യവും ഉണ്ടാകേണ്ടതാണ്. ഈ ആവശ്യത്തെ നിറവേററുവാനാണ മഹാവിദ്യാശാലകളിൽ ഇംഗ്ലീഷിലും മാതൃഭാഷയിലും, ഒന്നോരണ്ടോ പുരാണഭാഷകളിലും, അഭ്യാസത്തിന്ന സൌകൎയ്യം ഉണ്ടായിരിക്കുന്നത്.

ഒരു ഭാഷയിലെ ഗ്രന്ഥസമുച്ചയത്തെപ്പററി ഒരുവിധം സാമാന്യജ്ഞാനത്തെ സമ്പാദിക്കുന്നതിന്ന വിശേഷതരത്തെ കാംക്ഷിക്കുന്ന വിദ്യാൎത്ഥി അക്ഷീണമായി പരിശ്രമിക്കേണ്ടതാണ. മനുഷ്യരുടെ മനോവൃത്തികളും, മോഹങ്ങളും, ആഗ്രഹങ്ങളും, ഇവയെ പ്രതിപാദിച്ചിരിക്കുന്നതു സാഹിത്യ ഗ്രന്ഥങ്ങളിലായിരിക്കെ, അവയെ പഠിച്ചു, ഈ മനോവികാരങ്ങളെക്കുറിച്ചു സംക്ഷിപ്തമായ അഭിജ്ഞതയെ സംഗ്രഹിക്കയും, ഇതിനെ അനുഭവത്തിൽ പ്രകടിപ്പിക്കയും, ചെയ്യേണ്ടതു വിദ്യാഭ്യാസ കൎമ്മത്തിന്റെ മുഖ്യഫലമാകുന്നു. ആയതിനാലാണ ഭാഷാഭ്യസനം ഉത്തമരീതിയിലുള്ള വിദ്യാഭ്യാസത്തിൽ പ്രാധാന്യതയെ വഹിക്കുന്നത്.

മൂന്നാമതായി നമ്മുടെ ശ്രദ്ധയെ ആകൎഷിക്കേണ്ടത കലാസമുച്ചയമാകുന്നു. രാജാവിന്ന ഭണ്ഡാരമൊ ഖജനാവൊ, ഏതുവിധം ഉപയോഗമുള്ളതായിരിക്കുന്നുവോ, ആവിധം വിദ്യാൎത്ഥിക്കു കലാസമുച്ചയം, ഉപയോഗമുള്ളതാണ. കലാസമുച്ചയം എന്ന പദത്തെ ഇവിടെ ജ്ഞാനഭണ്ഡാരം എന്ന അൎത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നതു. ലോകമൂലമായും, ഭൂകൃത്യാന്തസ്ഥമായും, ശാസ്ത്രപ്രായമായും ആണ് ഈ ഭണ്ഡാരം സംഭരിതമായിരിക്കുന്നത്. ഏതുവിധമായ ജ്ഞാനനിധി ഗുപ്തമായിരിക്കുന്നത് നവീനങ്ങളും പ്രാചീനങ്ങളുമായ ഗ്രന്ഥങ്ങളിലാകുന്നു.

ഈ കലാസമുച്ചയത്തിൽനിന്നും കാലോചിതങ്ങളായ രത്നങ്ങളെ യഥാശക്തി ഗ്രഹിക്കാനും അവയെ പ്രയോജിതങ്ങളാക്കാനും, യത്നിക്കേണ്ടത് വിദ്യാൎത്ഥികളുടെ ചുമതലയാണ. ഈ ഭാവോപഹിതമായ ബോധമാണ മനുഷ്യനെ മൃഗത്തിൽ നിന്നും വ്യത്യാസപ്പെടുത്തുന്നത്. പൂൎവ്വസ്ഥരതിനെ അവകാശക്രമം അനുസരിച്ച് അനുഭവിപ്പാനൊ, കൃത്യബോധപ്രേരണയാൽ അതിനെ

അഭിവൃദ്ധിയെ പ്രാപിപ്പിക്കാനൊ ഉള്ള വാസനാവിശേഷങ്ങൾ
ഉണ്ടാകില്ല. മനുഷ്യന്മാത്രമെ ഇത് ശക്യമായിരിക്കുന്നുള്ളു.

അമേരിക്കയിലെ മഹാ കവികളിൽ ഒരാളായ ലോങ്ഫെ
ല്ലോ, വിദ്യ അതി വിസ്തൃതമായതും മനുഷ്യകാലം ക്ഷണഭംഗുരമാ
യതും, ആണെന്നു പറഞ്ഞിട്ടുണ്ട്. ഹ്രസ്വകാലജീവിയായ മ
നുഷ്യൻ അപാരമായ വിദ്യയെ സംഗ്രഹിക്കുന്നതെങ്ങിനെ
യാണ്. കലാസ്വരൂപത്തെ തരണം ചെയ്വാൻ ഒരു ജീവകാലത്തിൽ
ആർക്കും തന്നെ കഴിയുകയില്ല. ഇതിന്റെ സാമാന്യരൂപത്തെ ഗ്ര
ഹിക്കുകയും; ചില ഭാഗങ്ങളെ സവിസ്തരം തിരഞ്ഞറിയുകയും,
ചെയ്താൽ വിദ്യാൎത്ഥിയുടെ ഭാരം ഏകദേശം നിൎവ്വഹിക്കപ്പെട്ടു എന്നു
വിചാരിക്കേണ്ടിയിരിക്കുന്നു. പൂൎവ്വകാലങ്ങളിൽ വിദ്യയ്ക്ക് ഏതാണ്ട്
അതിരുണ്ടായിരുന്നു. ആകാലങ്ങളിൽ സമൎത്ഥനായ
ഒരു അദ്ധ്യേതാവിൽ വിദ്യാസൎവ്വസ്വത്തെ നേടുന്നതിന് ഇത്ര അ
സാദ്ധ്യമായ കൎമ്മവൃത്തി ആവശ്യമായിരുന്നില്ല.

ഉൽകൃഷ്ട വിദ്യാഭ്യാസം എന്നതിൽ ഇക്കാലത്തെ കാലങ്ങളി
ൽ, ഒരു വിഷയത്തെ സംബന്ധിച്ചുള്ള ആത്യന്തികമായ ജ്ഞാന
ലാഭമോ, അനേക വിഷയങ്ങളെ സംസ്പൎശിക്കുന്ന കിഞ്ചിദ്
ജ്ഞാനമോ, ചേൎന്നിരിക്കാൻ തരമില്ല. ചില വിഷയങ്ങളെ ലേ
പനം ചെയ്യുന്നതായ ഒരു മാതിരി സാമാന്യ പരിചയവും ഒരു
വിഷയത്തെ ആശ്ലേഷിക്കുന്നതൊ, അതിന്റെ ചില ഭാഗങ്ങളെ
മാത്രം കുറിക്കുന്നതൊ, ആയ പൂൎണ്ണജ്ഞാനവും ഒരുത്തന് ഇക്കാ
ലത്തു സ്വകീയമാക്കാൻ സാധിക്കുമെങ്കിൽ അവൻ ഇപ്പോഴ് പ
രിഷ്കൃതമായ സ്ഥാനത്തിന് അൎഹനാകുമെന്നു നമുക്ക വിചാരി
ക്കുന്നതിന് അനുവാദമുണ്ട്. പൂൎവ്വാധികം വിദ്യാവിധികളെ ക്രോ
ഡീകരിക്കപ്പെട്ടേണ്ടി വരുന്നത് ഇക്കാലത്ത വിഷയങ്ങൾക്ക നാ
നാത്വവും ബാഹുല്യവും ശംകീൎണ്ണതയും വൎദ്ധിച്ചിരിക്കുന്നതിനാൽ
മാത്രമാകുന്നു. ഒരു കാരണങ്ങളാൽ ഇപ്പോഴ് ഒരുത്തൻ സ്വായ
ത്തമാക്കാൻ ഉദ്യമിക്കേണ്ട വിദ്യ, തന്റെ വാസനക്കു യോജിച്ചതും
പ്രകൃതിക്കനുസരിച്ചതും ലോകോപകാരയുക്തവും, ആയിരിക്കേണ്ട
താണെന്നു സിദ്ധമാകുന്നുവല്ലോ. ഇപ്രകാരം അഭ്യസ്തമായ വിദ്യ

സുഖാനന്ദങ്ങൾക്കും പരിഷ്കൃതിയ്ക്കും ഒന്നുപോലെ അത്യുന്നതിയെ പ്രദാനം ചെയ്യുന്നതും ആയിരിക്കേണ്ടതാകുന്നു.

നാലാമതായി നാം ആലോചനയെ നയിപ്പിക്കേണ്ടത് കല്പനാശക്തിയുള്ള മാനവശക്തിയിലേക്കാണ്. മാനവഗുണങ്ങളിൽ സർവ്വപ്രധാനമായത് കല്പനാശക്തിയായിരിക്കെ, അതിനെ ദൃഢീകരിക്കയും, വളർപ്പിക്കയുംചെയ്യുന്നതായ യാതൊരു അഭ്യാസവൃത്തിയും ഉത്തമവിദ്യാഭ്യാസക്രമത്തിന്റെ അംശമായിരിക്കണമല്ലൊ. കൃതികളെ നിർമ്മിക്കുവാനുള്ള വാസനയോ വൈദഗ്ദ്ധ്യമോ, കല്പനാശക്തിയുടെ സന്താനമാണല്ലൊ. ഈ ശക്തിതന്നെയാണ കവിയേയും ശാസ്ത്രജ്ഞനേയും യന്ത്രകാരകനേയും, സർവ്വശ്ലാഘ്യങ്ങളായ മാതൃകാകാവ്യങ്ങളേയും, ഉപകരണങ്ങളേയും, ലേഖനങ്ങളേയും, ചിത്രങ്ങളേയും, ഇതരസാമഗ്രികളേയും, രചിക്കുന്നതിന്ന സമർത്ഥനാക്കിച്ചമയ്ക്കുന്നത്. ആയതിനാൽ പരിഷ്കാരസ്ഥാനത്തെ അഭിലഷിക്കുന്ന യാതൊരു പ്രവർത്തകനും, ഈ ശക്തിയെ കരസ്ഥമാക്കുന്നതിനുള്ള ശ്രമത്തെ ഒഴിക്കരുതാത്തതാകുന്നു. കല്പനാശക്തിയുടെ അമേയമായ മാഹാത്മ്യം കഴിഞ്ഞശതവർഷത്തിലാണ പ്രത്യക്ഷമായിഭവിച്ച മനുഷ്യരുടെ വിസ്മയത്തെ ബലാൽക്കാരേണ ആകർഷിക്കാൻ ആരംഭിച്ചത്. പ്രസ്തുതശതാബ്ദകാലത്തിലും ഈശക്തിയുടെ മഹത്വം,ജനങ്ങളെ ഭ്രമിപ്പിക്കും എന്നുള്ളതിലേക്ക യാതൊരുസംശയവും ഇല്ല. കല്പനാശക്തിയാൽ നിർമ്മിക്കപ്പെട്ട ഛായായപുകവണ്ടി, കമ്പിത്തപാൽ, വിദ്യുൽപ്രേരിതങ്ങളായയന്ത്രങ്ങൾ, ഇവയും, മററു ശാസ്ത്രോപകരണങ്ങളും നാമങ്ങനോരാം പരിഷ്കരിക്കപ്പെടാൻ ഇടയുണ്ടല്ലൊ. ചില പാശ്ചാത്യശിക്ഷകന്മാരുടെ അഭിപ്രായം അധികകാലം കഴിയുന്നതിന്നുമുമ്പായി ചില മൃതസഞ്ജീവനിവിദ്യകൾകൂടിയും കരതലഗതങ്ങളാം ആയിരിക്കുമെന്നാണ.

മേല്പറയപ്പെട്ടതിന്റെ ചുരുക്കം, ഇതുതന്നെ. പരിഷ്കാരത്തെ കാംക്ഷിക്കുന്നവർ ഇക്കാലത്തു സ്വഭാഷാസംസ്കരണവും, അന്യഭാഷാഭ്യസനവും, കലാസമ്പാദനവും, കല്പനാശക്തിഗ്രഹണവും, സ്വാധീനമാക്കേണ്ടിയിരിക്കുന്നു.

ഇങ്ങിനെയെല്ലാമാണ പരിഷ്കാരത്തെ സമ്പാദിക്കാനുള്ള മാൎഗ്ഗങ്ങൾ എങ്കിലും ഒരു അഭ്യാസങ്ങളും ഒന്നും കഴിയാതെതന്നെ, ചില അമാനുഷബുദ്ധികൾക്കു സൎവ്വയോഗ്യതകളും ഒത്തുമാകുന്നുണ്ട്. വിദ്യാഭ്യാസം മാത്രം ഒരു വാല്മീകിയെയൊ, കാളിദാസനെയൊ, ഹോമരെയൊ, വൎജ്ജിലിനെയൊ, ഷെക്സ്പിയരെയൊ, എഴുത്തച്ഛനെയൊ, വാൻഡയിക്കിനെയൊ, ഹെൎബൎട്ടസ്പെൻസരെയൊ, കരുപ്പിടിച്ചു പണിചെയ്തിട്ടുള്ളതായി ലോകചരിത്രം പ്രസ്താവിക്കുന്നില്ല. ഈ മാതിരി മഹാഭാഗന്മാരായ ദൈവിക പുരുഷന്മാരുടെ ആവിൎഭാവം, മാനുഷശാസ്ത്രവിധികളോടു അഗോചരവും, ദൈവകാരുണ്യത്താൽമാത്രം ജ്ഞേയവും ആയിരിക്കുന്നു. ഒരു മഹാപുരുഷന്മാരുടെ കൃതികളെ ആദരിക്കുന്നതിന്നായിട്ടെങ്കിലും സാധാരണന്മാൎക്ക വിദ്യാഭ്യാസം അത്യന്താപേക്ഷിതമായിരിക്കുന്നു. വിദ്യാപ്രദാനത്തിന്റെ മുഖ്യോദ്ദേശം, അധ്യേതാക്കളിൽ, മാനസികവികാസം, സൎവ്വവ്യാപകമായ അനുകമ്പ, നവീനതാവൈമുഖ്യാഭാവം സത്യസന്ധത, ഉത്തമഭക്തി ഇത്യാദി സൽഗുണങ്ങളെ അങ്കുരിപ്പിക്കയാണെന്നുള്ളതാണ്, ഉപദേഷ്ടാക്കളുടെ ഓൎമ്മയിൽസദാ പതിക്കേണ്ടതായ സംഗതി.

കെ. പരമുപിള്ള. എം. എ.

തൃക്കണാമതിലകം.

:o:

മലയാളത്തെക്കുറിച്ചു ശരിയായ ചരിത്രപുസ്തകങ്ങളൊന്നുമില്ലാതിരിക്കുന്നതു വലിയ പോരായ്മയാണെന്നും മറ്റും നവീനവിദ്യാഭ്യാസമുള്ളവർ ആവലാതിപറയുന്നത പുറമെ വാസ്തവമായ ഒരു സംഗതി തന്നെയാണ്. പക്ഷെ നമ്മുടെ പൂൎവ്വന്മാർ നിൎഭാഗ്യവശാൽ ഈ ഒരു വിഷയത്തിൽ അത്ര ദൃഷ്ടി വയ്ക്കാതിരുന്നതിനാൽ ഇപ്പോഴത്തെ പുതിയകൂട്ടർ പലരുംകൂടി പരിശ്രമിച്ചാലും മലയാളത്തിന്റെ പൂൎവ്വചരിത്രം ഏതുവിധത്തിലെങ്കിലും ഒന്നുണ്ടാക്കിത്തീൎക്കുവാൻ അത്ര എളുപ്പത്തിലൊന്നും സാധിക്കില്ലെന്നു തീൎച്ചയായി പറയാം. എന്നാൽ അതുവിചാരിച്ചു നാം ഈ കാൎയ്യങ്ങളി

ൽ നേരം പ്രവൃത്തിക്കാതിരിക്കുന്നതും ഇപ്പോഴത്തെ പരിഷ്കൃതരീതിക്കു ചേരുന്നതല്ല. അതുകൊണ്ടു നമ്മുടെ കാരണവന്മാർ പറഞ്ഞുവരുന്ന ചില ഐതിഹ്യങ്ങളെ ശേഖരിച്ചിട്ട്, നമ്മെ മൂഢന്മാരെന്നു പറയുവാൻ തക്കവണ്ണം ഇനിയുണ്ടാവുന്ന അന്വേഷകന്മാരായ നവീനപണ്ഡിതന്മാർക്കു സൂക്ഷ്മാസൂക്ഷ്മ വിവേചനം ചെയ്തു ശരിയായ ഒരു ചരിത്രപുസ്തകമുണ്ടാക്കിത്തീർക്കുന്നതിനു വേണ്ട സ്വത്തു സമ്പാദിച്ചുവെപ്പാൻ മാത്രമെങ്കിലും നാമിപ്പോഴും യഥാശക്തി ശ്രമിക്കാതെ കഴിയില്ലെന്നു വന്നിരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ നമ്മുടെ മലയാളത്തിനു ചരിത്രകാലമായിട്ടില്ല; ഐതിഹ്യകാലത്തെ തൊട്ടിട്ടുള്ളു എങ്കിലും 'കാലത്തിന്നൊത്ത കോലം' എന്ന പഴമൊഴിപ്രകാരം പഴമക്കാർ പറഞ്ഞു കേട്ടിട്ടുള്ള ഒരു വലിയ ഐതിഹ്യം നമ്മുടെ ചരിത്രത്തിന്നെല്ലാം പ്രസ്താവനയായി ചേർക്കുന്നതു ഒട്ടുംതന്നെ അനാവശ്യമായിരിക്കയില്ലെന്നാണ എന്റെ വിശ്വാസം.

പ്രാചീനകേരളത്തിൽ പരിഷ്കാരത്തിന്നു പരിപൂർത്തി ഉണ്ടായിട്ടുള്ളതു പെരുമാക്കന്മാരുടെ വാഴ്ചക്കാലത്തായിരുന്നുവെന്നു പ്രസിദ്ധമാണല്ലോ. അക്കാലത്തു കേരളത്തിന്റെ തലസ്ഥാനം കൊടുങ്ങല്ലൂരായിരുന്നു. ഈ പ്രധാനപട്ടണം കൊടുങ്ങല്ലൂർ മുതൽ "തൃക്കണാമതിലകം" എന്നു കേൾവികേട്ടിരുന്ന മഹാക്ഷേത്രത്തിന്റെ വടക്കെ അറ്റത്തുവരെ നീണ്ടുകിടന്നിരുന്നു എന്നുമാത്രം പറഞ്ഞാൽ ഇതിന്ന് അന്നുണ്ടായിരുന്ന വിസ്താരം ഇത്രയാണെന്നു വായനക്കാർക്ക് സാമാന്യമൊക്കെ ഊഹിക്കാമല്ലോ. ഈ മഹേശ്വര ക്ഷേത്രമായിരുന്നു അക്കാലത്തു കേരളത്തിലുള്ള മറ്റെല്ലാ ക്ഷേത്രങ്ങളിലും വെച്ചു അധികം പ്രധാനപ്പെട്ടതും. പന്നിയൂർ, ശുകപുരം, (ചൊവ്വരം) മുതലായ പ്രധാനപ്പെട്ട ഗ്രാമക്ഷേത്രങ്ങൾപോലും അന്ന് ഈ ഒരു ക്ഷേത്രത്തിന്റെ കീഴിലായിരുന്നു എന്നുതന്നെ പറയണം. എന്തുകൊണ്ടെന്നാൽ അവയെല്ലാം പ്രത്യേകം ഓരോ ഗ്രാമക്കാരുടെ യോഗപരദൈവക്ഷേത്രങ്ങളേ ആയിരുന്നുള്ളൂ. തൃക്കണാമതിലകമോ' കേരളത്തിലുള്ള അറുപത്തിനാലു ഗ്രാമക്കാർക്കും പൊതുവിലുള്ള ഒരു കുലദൈവാലയമായിരുന്നു.

ഒന്നതാണ് ഇവരുടെ അഭിപ്രായങ്ങളിലുള്ള അന്തരം. ആദ്യത്തെ മലയാള മാസിക 1056 മീനത്തിൽ തിരുവനന്തപുരത്തുനിന്നു പുറപ്പെട്ട 'വിദ്യാവിലാസിനി'യാകുന്നു. ഇപ്പോഴതു നടപ്പില്ല. പിന്നീടതിന്റെ മാതൃകാസ്ഥാനത്തെ പ്രതിപാദിക്കുന്നതല്ലെന്നുള്ള നിഷ്കർഷയോടുകൂടി തൃശ്ശിവപേരൂർ കല്പദ്രുമാലയത്തിൽ 1065 കന്നിമാസത്തിൽ ജനിച്ച വിശ്രുത വിദുഷിയായ 'വിദ്യാവിനോദിനി'യാണ്. ഇംഗ്ലീഷ്, സംസ്കൃതം, മലയാളം, എന്ന ഭാഷകളിൽ അപാരപാണ്ഡിത്യം സമ്പാദിച്ച [illegible] ലാളനയിൽ വളർന്നുവന്ന ഈ പത്രം അല്പകാലംകൊണ്ടു സജ്ജനസമ്മതം പ്രാപിക്കുകയും പിന്നീടുണ്ടായിട്ടുള്ള പത്രഗ്രന്ഥങ്ങൾക്കെല്ലാം ഒരു മാതൃകയായിത്തീരുകയും ചെയ്തു. ഒൻപതുവൎഷത്തിൽ സ്വയം ഭരണത്തിന്നുവേണ്ടി രക്ഷാധികാരം വിട്ടുപുറപ്പെട്ടതിന്റെ ശേഷം നാനാപ്രകാരേണ ചേർത്തിട്ടുള്ള ചിലതരം നന്മാലാപങ്ങളെക്കൊണ്ടു തൃപ്തിപ്പെടാതെ അവസാനം ദുരന്തരോഗം അന്തരവിച്ച് ഒന്നരക്കൊല്ലമായിട്ടു പുറത്തുവരുവാൻ പാടില്ലാത്തവിധം ശോചനീയമായ അവസ്ഥയിൽ കിടപ്പായിരിക്കുന്നു. മലയാളത്തിൽ ഇതുവരെ 82 പത്രങ്ങൾ ഉണ്ടായിട്ടുള്ളതിൽ പ്രതിദിനപത്രമൊന്നുമില്ലെന്നു കാണുന്നതു ശോചനീയമാണെന്നു. ഇതിന്നുപുറമെ പത്രഗ്രന്ഥങ്ങളും മാസികകളുംകൂടിയുള്ള തുക 27 മാത്രമാണു.

മേൽപറഞ്ഞ പത്രങ്ങളിൽ പ്രതിവാരമെന്ന നിലവിട്ട് ഒരു പടികൂടി കടന്നിരിക്കുന്നതിന്നുള്ള ധൈര്യവും സാമർത്ഥ്യവും മലയാളമനോരമയ്ക്കു മാത്രമേയുള്ളൂ. സംഗതി സർവഥാ ശ്ലാഘനീയം തന്നെ. എന്തെന്നാൽ ബിലാത്തിയിലുള്ള പ്രതിവാരപത്രത്തിന്ന് 50000 വരിക്കാരുണ്ടായാൽ ആ പത്രത്തിന്നു ലാഭമുള്ളതായി വിചാരിക്കുന്നു. ഇൻഡ്യയിൽ ആ തരത്തിലൊന്നിന്നു 5000 വരിക്കാരെ കിട്ടിയാൽ ഉൽകൃഷ്ടപദവി ലഭിച്ചു. ആയിരം വരിക്കാരെ ആലോചിച്ചുണ്ടാക്കുവാൻകൂടി സാധിക്കാതെയാണല്ലോ മലയാളപത്രങ്ങൾ സഞ്ചരിക്കുന്നത്. ഇങ്ങനെ ബിലാത്തിയിലുള്ള സഹജീവികളുടെ പതിനൊന്നു പഴമയിലും നൂറിന്നൊന്നു പ്രചാരത്തിലും നൂറിലൊന്നു അധികരത്തിലും ജനസമ്മതത്തിലും ഇപ്പോൾ മലയാളപത്രങ്ങൾ എത്തിച്ചേർന്നിട്ടുള്ള കാലമാകുന്നു.

പി. നാരായണപ്പുതുവാൾ.

തിലകത്തുണ്ടായിരുന്ന മഹാബ്രാഹ്മണയോഗം തൃശ്ശിവപേരൂർ ഭക്തപ്രിയക്ഷേത്രത്തിലേക്കു മാറിയതെന്നും പ്രസിദ്ധിയുണ്ട്. തൃക്കണാമതിലകത്തിന്റെ താഴ്ച്ചയും, ഇരിങ്ങാലക്കുടെ ഗ്രാമത്തിന്റെ ഉയൎച്ചയും തമ്മിൽ ഏതോ ഒരു ദൃഢമായ സംബന്ധമുണ്ടെന്നു തോന്നുന്നതിനാലാണ് ഈ തൃക്കണാമതിലകം നശിച്ചത് മുൻപറഞ്ഞ കാലത്തായിരിക്കാമെന്നു ഊഹിക്കുവാനിട വന്നത്.

ഒടുക്കത്തെ ചേരമാൻ പെരുമാളായിരുന്ന ഭാസ്കര രവിവൎമ്മ കുലശേഖര പെരുമാൾ രാജ്യാധികാരം വിട്ടൊഴിയുമ്പോഴും കൊടുങ്ങല്ലൂർ നാട്ടുകം മുഴുവൻ ഐരാണിക്കുളം ഗ്രാമത്തിന്റെ അധ്യക്ഷനായ പടിഞ്ഞാറേടത്തു ഭട്ടതിരിക്കാണ് ദാനപ്രകാരം അധികാരപ്പെട്ടിട്ടുള്ളതെങ്കിലും, തൃക്കണാമതിലകം ക്ഷേത്രകാൎയ്യം പണ്ടേതന്നെ അന്വേഷിച്ചു വന്നിരുന്നതു തെക്കേടത്തു നായരെന്നും വടക്കേടത്തു നായരെന്നും പറയപ്പെടുന്ന രണ്ടു നായർ കുടുംബക്കാരായിരുന്നു. അതിനാൽ ഭട്ടതിരി തന്റെ അധികാരകാലത്ത് അവരുടെ മേൽ ഒരു രാജ്യാധികാരം മാത്രമേ വഹിച്ചിരുന്നുള്ളൂ. ക്ഷേത്രത്തിലെ ഊരാളന്മാരുടെ നിലയിൽ സകല കാൎയ്യങ്ങളും അവർതന്നെയാണു നടത്തിപ്പോന്നിരുന്നതു. ആ ക്ഷേത്രത്തിന്നു സകലവിധത്തിലും പുഷ്ടിവരുത്തുവാൻ ഇവർ സന്നദ്ധന്മാരായിരുന്നു. ഇവരുടെ പ്രാബല്യത്തിന്നും ധനപുഷ്ടിക്കും എതിരില്ലാതിരുന്നതിനാൽ ക്ഷേത്രത്തിന്നു ക്രമേണ അധികമായ പുഷ്ടികൂടിവന്നിരുന്നു. തൃപ്പേക്കുളം, ഇരുവാപ്പൂർ മുതലായ മഹാക്ഷേത്രങ്ങളും പലതും ഈ ക്ഷേത്രത്തിന്റെ കീഴേടങ്ങളായിരുന്നതിനാൽ അവയും ഇവർ വേണ്ടപോലെ പുഷ്ടിവരുത്തിക്കൊണ്ടിരുന്നു. ഈ മഹാക്ഷേത്രത്തിന്റെ മതിലകം തൃപ്പേക്കുളത്തമ്പലവും നെയ്തണിയമ്പലവും പുറത്തുള്ള ചെറുദേവന്മാരുടെ ക്ഷേത്രങ്ങളായിരിക്കത്തക്കവണ്ണം നാലുനാഴികയോളം വിസ്താരമുള്ളതായിരുന്നു. ഈ മതിലകത്തിന്റെ വിസ്താരം നിമിത്തമാണ് ആ ദേശത്തിന്നു തന്നെ 'മതിലകം' എന്നു പേരുവന്നത്. ഇപ്പോഴും ആ മഹാക്ഷേത്രവും മതിലുമെല്ലാം നശിച്ചുപോയിട്ടും 'മതിലകം' എന്ന പേർ മാത്രം ശേഷിച്ചിരിക്കുന്നു. ഇക്കാലത്തും ആ ക്ഷേത്രത്തിന്റെ സ്ഥ

ചകമായി വലിയകുളം ഒന്നുമാത്രമെ അവിടെ കാണുന്നുള്ളു. അക്കാലത്ത് അതിനെയുള്ള മതിൽകെട്ടിന്നു പുറമെ ആറു മതിൽകെട്ടും കൂടിയുണ്ടാക്കി ഓരോന്നിന്നുള്ളിൽ അവസ്ഥാനുസാരേണ ഓരോജാതിക്കാരുടെ ഭവനങ്ങളും ക്രമത്തിൽ ഉണ്ടാക്കിച്ച് ആ പ്രദേശം "ശ്രീരംഗം" പോലെ ശരിയാക്കി തീർക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി പട്ടികശാസനക്കാരും കേരളകമ്പോളന്മാരുമായ നായന്മാർ ഉത്സാഹിച്ചു പുറപ്പെട്ടു. അവരുടെ ഈ ഉദ്യമത്തിന്നു ഉടനെ വലിയ വിരോധക്കാരും ഉണ്ടായി. ഈ വിരോധകക്ഷികൾ ഇരിങ്ങാലക്കുടക്കാരല്ലാതെ മററാരുമായിരുന്നില്ല. അവർക്കിതിൽ പ്രത്യേകം തടസ്ഥം പറയുവാൻ നല്ല കാരണവുമുണ്ടായിരുന്നു. ഒടുക്കത്തെ മതിൽകെട്ട് ഇരിങ്ങാലക്കുടെ ഗ്രാമത്തിന്റെ സങ്കേതത്തിൽ കടന്നിട്ടേ തീരുവന്നതിനാൽ അവർക്കിതിൽ കലശലായ വൈരസ്യം ജനിച്ചു. എന്നാൽ അതിപ്രബലന്മാരായ മതിലകത്തുകാരോടു ദുർബ്ബലന്മാരും സാധുക്കളും ആയ ഇരിങ്ങാലക്കുടക്കാരുടെ വൈരസ്യം വകവെക്കുമോ? ഇരിങ്ങാലക്കുടക്കാരുടെ ദൌർബ്ബല്യവും സങ്കടവും കണ്ടപ്പോൾ ഒടുവിലെ മതിൽകെട്ട് ആദ്യംതന്നെ തീർത്തുകളയാമെന്നാണു നായന്മാരുറച്ചത്. അവർ മുറുക്കി കിടങ്ങു കോരി പണി നടത്തിച്ചു തുടങ്ങി. അതിൽ മററക്കൂട്ടർക്ക് വളരെ സങ്കടമായി. ആ ഗ്രാമസങ്കേതവാസികളിൽ പ്രമാണികളായ നമ്പൂരിമാർ ഒന്നിച്ചുകൂടി ആലോചിച്ചു നായന്മാരോടു നേരിട്ടുതന്നെ വിരോധം പറഞ്ഞുനോക്കി. ബ്രാഹ്മണരെക്കാളും തങ്ങളുടെ ഈശ്വരന്നാണു മാഹാത്മ്യം കൂടുന്നതെന്നു വിചാരിച്ചുറച്ചിട്ടുള്ള മതിലകത്തു നായന്മാർ ആ മഹാബ്രാഹ്മണവാക്കു നിരാകരിച്ചതേയുള്ളു. ഇവരുടെ ഈ അത്യതിക്രമത്തിൽ മതിലകത്തു യോഗക്കാരായ മഹാബ്രാഹ്മണരുടെ മദ്ധ്യസ്ഥതയിൽപോലും ഫലിച്ചില്ലെന്നേവേണ്ടു. "വിനാശകാലേ വിപരീതബുദ്ധിഃ" എന്നു പറഞ്ഞകൂട്ടത്തിൽ ആപത്തടുത്തിരിക്കയായാൽ എത്ര സദുപദേശം ചെയ്താലും നേരെ തോന്നാൻ പ്രയാസമാണല്ലൊ. ഇത്രയൊക്കെയായിട്ടും ഇരിങ്ങാലക്കുടക്കാരും ഒഴിച്ചുപോയില്ല. നിവൃത്തിയുണ്ടെങ്കിൽ ഇതു മുടക്കണമെന്നുതന്നെ അവർ നിശ്ചയി

സ്ഥം ഇരിങ്ങാലക്കുടക്കാരുടെ ഐകമത്യം അന്നു മുതൽക്കാണ് പ്രസിദ്ധമായിത്തീർന്നത്; ആ ഗ്രാമസങ്കേതത്തിൽപെട്ട സകലജാതിക്കാരും ആബാലവൃദ്ധം ഒത്തൊരുമിച്ച് മതിലുകെട്ടുന്ന സ്ഥലത്തു ചെന്നിട്ട് "അരുതെ-അരുതെ; ഞങ്ങളുടെ ഗ്രാമസങ്കേതത്തിൽ കടന്നി നിങ്ങൾ മതിലുകെട്ടരുതെ", എന്നു വിളിച്ചുനിലവിളിച്ചു. ഇതുകൊണ്ട് അവരുടെ കണ്ഠത്തിന്നല്ലാതെ, മതിലകത്തുകാരുടെ മുൻനിശ്ചയത്തിന്നു ലവലേശവും ഇളക്കം തട്ടിയില്ല. ഒരു ഭാഗക്കാർ വന്നു നിലവിളിക്കുന്നു; മറ്റവർ മുറയ്ക്കു മതിലുകെട്ടുന്നു. ഇരുകക്ഷിക്കാരും അവരവരുടെ സ്വാതന്ത്ര്യപ്രതിപത്തി വിട്ടില്ല. മതിലകത്തുകാർ അതിപ്രബലന്മാരാകയാൽ അവരോടു കയ്യൂക്കു പ്രയോഗിച്ചു ജയം നേടിക്കളയാമെന്ന് ഇരിങ്ങാലക്കുടക്കാർ വിചാരിച്ചതേയില്ല. അവർ കൂട്ടംകൂടി ഒന്നായിനിന്നു നിലവിളിച്ച് പറക്കയും ഗ്രാമപരദേവതയായ ഭരതസ്വാമിയെ ('സംഗമേശ' നെന്നും 'കൂടൽമാണിക്യ' മെന്നും ഇവരുടെ പരദേവതയ്ക്കു പേർസിദ്ധിച്ചതു പിന്നെയും കുറേക്കാലം കഴിഞ്ഞിട്ടാണ്) പിടിച്ചു ശപഥം ചെയ്കയും എതൃകക്ഷിക്കാർ നശിക്കുവാൻ പ്രാർത്ഥിക്കുകയും ചെയ്തുനോക്കി. അതുകൊണ്ടൊന്നും യാതൊരു ഫലവുമുണ്ടായില്ല. ഒടുവിൽ അവർ മതിൽ കെട്ടുന്ന സ്ഥലത്തുചെന്ന് നിരന്നുകിടന്ന് താന്താങ്ങളുടെ ശരീരംകൊണ്ടു ആ സ്ഥലം മൂടിനോക്കുക എന്നായി. അതിൽ മതിലകത്തുകാർക്കു വലിയ ധർമ്മസങ്കടമായിത്തീർന്നു. എങ്കിലും സ്ഥിരോത്സാഹന്മാരായ നായന്മാരുടെ ആൾക്കാർ ഇവരെ ഒരു പുറത്തു നീക്കുമ്പോഴേക്കും അവർ മറ്റൊരു പുറത്തു നിരന്നുകഴിയും. ഇങ്ങിനെ വലിയ ഒരു കോലാഹലമായിത്തീർന്നു. ഒരു കക്ഷിയിൽ വേദവേദാംഗവേദികളും, ശ്രൌതസ്മാർത്ത വിധിവിശാരദന്മാരും, ഷൾക്കർമ്മനിരതന്മാരും, യജ്ഞാദ്യനുഷ്ഠിച്ചിട്ടുള്ളവരും, മഹാതപസ്വികളുമായ (തരണനല്ലൂർ) ഗൃഹക്കാർ മുതലായ അനേകം ഉത്തമബ്രാഹ്മണരും അവരുടെ അധീനത്തിലുള്ള മറ്റു പല ജാതിക്കാരുമായിരുന്നു. മറുകക്ഷിയിൽ മഹാധീരന്മാരും സ്ഥിരനിശ്ചയന്മാരും ഏറ്റവും ജനസ്വാധീനമുള്ളവരും മഹാധനികന്മാരും ആയുധപ്രയോഗത്തിൽ അതി വിദഗ്ദ്ധന്മാരും

ക്രൂരന്മാരും അപരാജിതന്മാരുമായ നായന്മാരും അവരുടെ ആജ്ഞയിൻകീഴിൽ നില്ക്കുന്ന അസംഖ്യം മറുജാതിക്കാരുമായിരുന്നു. ഇരുപക്ഷക്കാരുടെയും ഗൃഹ്യമംഗലദൈവപ്രതിപത്തി മൂലമായിരുന്നതാനും. അവർ തമ്മിൽ നടന്ന ലഹളയിൽ മഹാബ്രാഹ്മണരെ മാത്രം ഉപദ്രവിക്കുവാൻ വല്ലതെ മടിയുള്ള നായന്മാരുടെ കല്പനാനുസരിച്ച് അവരുടെ ഭടന്മാർ ബ്രാഹ്മണരെയെല്ലാം ബലാൽക്കാരേണ കൊണ്ടുപോയി ഒരു വലിയ അഗ്രശാലയിൽ ഇട്ടടച്ച് തടവിൽ പാർപ്പിക്കയും, മറ്റുള്ളവർ ഒരുമിച്ചും മതിൽ കെട്ടിനേടുത്തു വന്നു നിരന്നുകിടന്നാൽ അവരുടെ മേൽ കല്ലു പട്ടത്തു മതിലുകെട്ടുകയും ചെയ്തു. എന്തിനധികം വിസ്തരിക്കുന്നു? സാഹസംനിമിത്തം അങ്ങിനെയുള്ള ആ പുറമതിലിന്റെ "അസ്ഥിവാരം" "അസ്ഥിമാരാ"മായിത്തീർന്നു എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ.

തുടരും.

അരയുകാരം.

———:o:———

"രഞ്ജിനി"യുടെ' ഇരുപതാം ലക്കത്തിൽ "ചില മലയാളവർണ്ണങ്ങൾ" എന്ന ലേഖനത്തിൽ അരയുകാരസംബന്ധമായും, ചിലതെല്ലാം എഴുതിയിരിക്കുന്നതു കണ്ടു. സെപ്തംബർമാസം തലശ്ശേരിയിൽവെച്ചു കഴിഞ്ഞ ഭാഷാപോഷിണിസഭക്ക് ഞാൻ അയച്ചുകൊടുത്ത ഒരു ദീർഘലേഖനത്തിൽ അരയുകാരസംബന്ധമായി ഞാൻ എഴുതിയിരുന്ന ഒരു ലേഖനൈകദേശത്തിൽ ഉണ്ടായിരുന്ന അഭിപ്രായങ്ങളെ, എന്റെ ശിഷ്യനായ രാഘവപ്പുതുവാൾ അത്ര്യം പറഞ്ഞ ഉപന്യാസമുഖേന പ്രകടീകരിച്ചു വെങ്കിലും അതു സമ്പൂർണ്ണമല്ലായ്കയാൽ ആ ദീർഘലേഖനത്തിൽ ഞാൻ അരയുകാരസംബന്ധമായി എഴുതിയിരുന്ന ഭാഗത്തെ ഭാഷാഭിമാനികളുടെ ദൃഷ്ടി എത്താൻവേണ്ടി താഴെ പ്രസിദ്ധപ്പെടുത്തുന്നു.

"തമിഴ് ഭാഷയിൽ കുററിയലുകരം" എന്നതായതു്, അരയുകാരം അല്ലെന്നിൽ സംവൃതോകാരം എന്നും, കുററിയലുകരം, അതായ

ളു മുററുകാരം അല്ലെങ്കിൽ വിവൃതോകാരം എന്നും ഉകാരം രണ്ടുണ്ടു്. എന്നാൽ കുററിയലുകരത്തെ കുറിക്കുന്നതിന്നു തമിഴിൽ പ്രത്യേകമായി യാതൊരു ചിഹ്നവും ഇല്ല. മലയാളത്തിൽ മാത്രം ആധുനികപണ്ഡിതന്മാർ ഒരു അടയാളം ഉണ്ടാക്കിയിരിക്കുന്നു. മലയാളത്തിൽ "ചേരം" എന്നതിന്നും "ചേരു്" എന്നതിന്നുമുള്ള വ്യത്യാസത്തെ കാണിക്കാൻവേണ്ടി ആ ചന്ദ്രക്കലഅടയാളം അത്യാവശ്യകമാണെന്നാകുന്നു ആധുനികപണ്ഡിതന്മാരുടെ അഭിപ്രായം. എന്നാൽ ഈ അടയാളം തമിഴിൽ ആവശ്യമില്ലാതെ വരാൻകാരണം എന്താണെന്നുവച്ചാൽ അതായതു് ക, ച, ട, ത, പ, റ ഈ ആറ അക്ഷരങ്ങളോടുമാത്രമെ കുററിയലുകരം അല്ലെങ്കിൽ അരയുകാരം ചേരുകയുള്ളു. അതുതന്നെയും വല്ലിനത്തിൽ അവസാനിക്കുന്ന പദത്തിൽ ഈ അരയുകാരം ഉള്ള വ്യഞ്ജനാക്ഷരത്തിന്നുമുമ്പ് ഒന്നിലധികം അക്ഷരങ്ങളോ അല്ലെങ്കിൽ ദീർഘസ്വരമോ ഉണ്ടെന്നാൽ മാത്രമാണു. ഉദാഹരണം. കാട്ടു്, വീട്ടു്, ഇത്യാദികളിലും; തകിട്ടു്, അകിട്ടു്, ഇത്യാദികളിലും, ആണു് അരയുകാരം. പ്രത്യുദാഹരണം. നടു, അതു, മുതലായവയിൽ മുററുകാരം തന്നെയാണു്. ഇതിനെയാകുന്നു നിയമം തമിഴ്വ്യാകരണത്തിൽ കാണുന്നതു്. ആകയാൽ അവർക്കു് മുററുകാരത്തിന്നും അരയുകാരത്തിന്നും വ്യത്യാസം പ്രയോഗത്തിൽ മേൽപ്പറഞ്ഞ നിയമാനുസാരേണ സ്പഷ്ടമായി ഗ്രഹിക്കാൻ കഴിയുന്നതുകൊണ്ടു തമിഴിൽ അരയുകാരത്തിന്ന പ്രത്യേകമായ ഒരു സംകേതം ഉണ്ടാക്കീട്ടില്ല. മലയാളഭാഷയിൽ ആകട്ടെ വ്യഞ്ജനത്തിൽ അവസാനിക്കുന്ന എല്ലാപ്പദങ്ങൾക്കും പ്രായേണ അവസാനത്തിൽ അരയുകാരംചേൎക്കേണ്ടതായിരിക്കുന്നതുകൊണ്ടു് അതിനെക്കുറിക്കുന്നതിന്ന പ്രത്യേകം ഒരു ചിഹ്നം ആവശ്യകരംതന്നെയാണു്. അരയുകാരത്തിൽ അവസാനിക്കുന്ന ശബ്ദങ്ങൾ ബഹുവചനത്തിൽ മുററുകാരാന്തങ്ങളായി കാണുന്നതുകൊണ്ടും കുററിയലുകരം എന്ന തമിഴിൽ ഒരു സംകേതം ഇരിക്കുന്നതുകൊണ്ടും വിവാദഗ്രസ്തമായ ഈ ലിപി സംവൃതോകാരമാണെന്നും സംവൃതാകാരമല്ലെന്നും സിദ്ധിക്കുന്നു. എന്നാൽ പാണിനീയത്തിൽ പറഞ്ഞിരിക്കുന്നതുപോലെ മുററു

കാരരൂപം എഴുതീട്ടമാത്രമെ മീതൽ വെക്കാൻ പാടുള്ളു എന്നുള്ള നിയമം സ്വീകരിക്കുവാൻ യാതൊരു കാരണവും ഞാൻ കാണുന്നില്ല. "വാക് കേട്ട് നടന്നവൻ" എന്ന് ഒരു ശ്ലോകപാദമായി പ്രയോഗിക്കുമ്പോൾ "ക" വിനെ ഒരു സ്വരമായി ഗ്രഹിക്കേണ്ടത് ആവശ്യമെന്നു തീരുമാനപ്പെടുന്നവസ്ഥക്ക്, ക്+അ=ക, ക്+ഇ=കി, എന്ന സ്ഥലങ്ങളിൽ എന്നപോലെ അരയുകാരത്തെ കുറിക്കുന്ന "്" ചന്ദ്രക്കലയേയും ഒരു സ്വരസ്വരൂപകലിപിയായി നാം ഗ്രഹിച്ച് "ക്" എന്നതിൽ വിവൃതോകാര ചിഹ്നമില്ലാതെ കേവലം സംവൃതോകാര ചിഹ്നത്തെ മാത്രം വെക്കുന്നതിൽ എന്താണ ബാധകം ? "സ്വരവ്യതിരിക്തമായ (പദമദ്ധ്യസ്ഥ) വ്യഞ്ജനത്തെക്കുറിക്കുന്ന സങ്കേതവും, ഇതും, അന്യോന്യം തെറ്റിപ്പോകാതിരിക്കുന്നതിന്നും പ്രസ്തുതലിപി "ഉ"കാരസംബന്ധമാണെന്ന ഓൎമ്മിക്കുന്നതിന്നും ഉതകുന്നതാകുന്നു, തമ്പുരാൻ അവർകളുടെ സങ്കേതം, എന്ന് ഒന്നു പറയുവാനുണ്ടെന്നേയുള്ളൂ." എന്നു മിസ്റ്റർ ഒ. എം. ചെറിയാൻ അഭിപ്രായപ്പെടുന്നാണ്. വാസ്തവത്തിൽ ഇതിന്നുവേണ്ടിയും "വാക്" ഇത്യാദി സ്ഥലങ്ങളിൽ ഉകാരദ്യോതകചിഹ്നം ആവശ്യമില്ലെന്നാണ് എന്റെ അഭിപ്രായം. കാരണം, സ്വരവ്യതിരിക്തമായ വ്യഞ്ജനത്തെക്കുറിക്കുന്നതിന്ന "ം" അനുസ്വാരത്തെക്കുറിക്കുന്ന ഒരു പുള്ളിയോളമുള്ള ഒരു അക്ഷരത്തിന്റെ തലയ്ക്കൽ വെക്കുകയല്ലാതെ ജിഹ്വാമൂലീയ സദൃശവും അരയുകാര ലിപിരൂപമായ "്" ഈ ചന്ദ്രക്കലയെ അല്ല തമിഴ് പുസ്തകങ്ങളിലും തദനുഗാമിനിയായ മലയാള മനോരമാപത്രത്തിലും ഭാഷാപോഷിണി പത്രികയിലും കണ്ടുവരാറുള്ളത്. മറ്റു ഭാഷകളിൽ യാതൊന്നിലും കാണാത്തതായ ഈ അരയുകാര ചന്ദ്രക്കലയെ നാം സ്വീകരിക്കുമ്പോൾതന്നെ അരയുകാര ലിപിയായി സ്വീകരിച്ചിരിക്കെ "പ്രസ്തുത ലിപി ഉകാരസംബന്ധമാണെന്നു" ഓൎമ്മിക്കുന്നതിന്നുവേണ്ടി വിവൃതോകാര ചിഹ്നവും ആവശ്യകമാണെന്നു പറയുന്നത് പരസ്പരം യോജിപ്പില്ലാത്തതാണെന്നു സ്പഷ്ടമാണല്ലോ. ആകയാൽ പാണിനീയത്തിൽ പറഞ്ഞിരിക്കുന്നകാരണംകൊണ്ട്, അതു അരയുകാരമാണെന്നും, അതിന്റെ

കുറിക്കുന്നതിനു് ഒരു പ്രത്യേകചിഹ്നംവേണ്ടതുതന്നെയാണെന്നും എനിക്കും അഭിപ്രായമുണ്ടെങ്കിലും ഉകാരമോ ചന്ദ്രചിഹ്നമോ ഏതെങ്കിലും സമാവേശംചെയ്യേണമെന്നുള്ള പാണിനീയാഭിപ്രായത്തോടു ഞാൻ യോജിക്കുന്നില്ല. അകാരം എഴുതിയാലും ശരി, ഉകാരമെഴുതിയാലും ശരി, അതുതന്നെമതി; അർത്ഥം സന്ദർഭാനുസാരേണ നമുക്കു നിശ്ചയിക്കുവാൻ കഴിയുന്നതുകൊണ്ടു് മറ്റൊരുകുറി ആവശ്യമില്ലെന്നുള്ള അഭിപ്രായംഎനിക്കു് ലേശംപോലുംബോധിക്കുന്നില്ല. ഇങ്ങിനെ വിവാദഗ്രസ്തമായ അകാരത്തെ "സംവൃതോകാര"മെന്നു ചിലർ പറയുന്നതിന്നു് എന്താണ കാരണമെന്നു് ഇനി ആലോചിക്കുക. ഒരു സംസ്കൃതപദത്തിന്റെ അവസാനത്തിലുള്ള ഹ്രസ്വാകാരം ആ പദത്തെ പ്രയോഗിക്കുമ്പോൾ സംവൃതമാണെന്നു പാണിനീയശിക്ഷയിൽ പറഞ്ഞിരിക്കുന്നു. [ഹ്രസ്വസ്യാവർണ്ണസ്യ പ്രയോഗേ സംവൃതം] ഈവിധമുള്ള ഉച്ചാരണം ഇപ്പോഴും കാശിമുതലായ വടക്കൻപ്രദേശങ്ങളിലുള്ള പണ്ഡിതന്മാരുടെ ഇടയിൽ കാണാവുന്നതാണ. ആ വിധത്തിൽ അകാരത്തെ സംവൃതമായി ഉച്ചരിക്കുന്നതായാൽ നമ്മുടെവിവാദഗ്രസ്തമായ അരയുകാരം അല്ലെങ്കിൽ സംവൃതോകാരത്തോടു് ആ അകാരത്തിന്നു ശ്രുതിസാമ്യമുണ്ടെന്നതു് അനുഭവംകൊണ്ടുതന്നെ അറിയാവുന്നതാണല്ലോ. ഉച്ചാരണം മാത്രം ആവിധത്തിൽതന്നെ ചെയ്തുവന്നവരും കേവലം ആര്യന്മാരും അവരുടെ ഭാഷക്കു കീഴടങ്ങിയവരും തമിഴ്ഭാഷയിൽ ഇങ്ങിനെ ഒരു കുറ്റിയലുകരം ഉള്ള കഥപോലും അറിയാത്തവരുമായ മദ്ധ്യകാലിക മലയാളികൾ ശിവ, വിഭു, ഇത്യാദി സ്ഥലങ്ങളിലെ ആര്യന്മാരുടെ സംവൃതാകാരശ്രുതിസാമ്യനിമിത്തം സംവൃതോകാരംതന്നെയാണ ഈ സ്ഥലങ്ങളിലുമുള്ളതെന്നു നിർണ്ണയിക്കുകയും അതുതന്നെ പരമ്പരാപ്രാപ്തമായി വന്നുപോരുകയുംചെയ്തതുകൊണ്ടു് ആധുനികന്മാരിലും ചിലർ ആ അഭിപ്രായത്തെ അനുസരിച്ചു വാദിക്കുന്നതിൽ വിശേഷിച്ചു് അത്ഭുതപ്പെടുവാനൊന്നുമില്ല. വാസ്തവത്തിൽ അതു ഉകാരസംബന്ധിയാണെന്നുള്ളതിലേക്കു കേരളപാണിനി പറഞ്ഞിരിക്കുന്ന കാരണങ്ങൾക്കു പുറമെ "ശീതുകൊണ്ടു" പ്രീതിയുംപാണ്ഡുസുതകലനിർണ്ണയം" ഇത്യാദി ഭാരതാദിപ്രയോഗങ്ങളും മേലെ പറഞ്ഞ

അഭിപ്രായത്തെ പിൻതാങ്ങീട്ടാണു കാണുന്നത്. തെലുങ്കുഭാഷയിൽ സംസ്കൃതപണ്ഡിതന്മാർ അദ്ധ്യാപകന്മാരും എല്ലാം ഉച്ചരിക്കേണ്ടതും ഒരു കുറവുകാരത്തോടുകൂടിത്തന്നെയാണ് ഇപ്പോഴുമുച്ചരിച്ചുവരുന്നത്, (ആസീത് = ആസീത്തു) എന്നുകൂടി ഈ സന്ദർഭത്തിൽ പ്രസ്താവിച്ചുകൊള്ളുന്നു.

പണ്ഡിതർ. ആർ. വി. കൃഷ്ണമാചാര്യർ.

പത്രചരിത്രം.

മഹാരാഷ്ട്രയിലെ കഥ ഇതിലും ചെറുതാണ്. അവിടെ പത്രങ്ങളെ സംബന്ധിച്ചുള്ള വിശേഷം കൽക്കട്ടയിലുമധികമായിരുന്നു. അന്യപക്ഷക്കാരെ അപവാദിക്കുന്നതും കൊല്ലം തികയുന്നതിന് മുമ്പു മരിക്കുന്നതും അന്യരുടെ കാര്യത്തിനിടയിൽ കയറി വീഴുന്നതുമല്ലാതെ യാതൊന്നും പ്രചാരത്തോടുകൂടി പത്തുകൊല്ലം തികച്ചിരുന്നിട്ടുള്ള ഒരു പത്രം 1857 വരെ ആ സംസ്ഥാനത്തുണ്ടായതായി കാണുന്നില്ല. ഭാരതഖണ്ഡത്തിൽ ഉത്ഭവിച്ചിട്ടുള്ള പത്രങ്ങളിൽ 1878 വരെ രണ്ടായിരത്തിലധികം വരിക്കാരുണ്ടായിരുന്ന പത്രം ഓവർലാൻഡ് മേയിൽ (Overland Mail) മാത്രമാണ്. അതിന് നാലായിരം വരിക്കാരുള്ളതായി കാണുന്നു. ലോർഡ് കാനിങ്ങ് (Lord Canning) നാട്ടുപത്രങ്ങളെ സംബന്ധിച്ച് ഒരു പ്രത്യേക നിയമം 1878-ൽ നടപ്പാക്കി. അതായത — പത്രാധിപന്മാരോ അച്ചടിക്കാരോ ഗവർമ്മെണ്ടിനു അപ്രീതിയോ അന്യമതങ്ങൾക്കു വിരോധത്തിനോ ഇടവരുത്തുന്ന ലേഖനങ്ങളൊന്നും നാട്ടുഭാഷാപത്രങ്ങളിലോ പത്രഗ്രന്ഥങ്ങളിലോ പ്രസിദ്ധപ്പെടുത്തുന്നതല്ലെന്നുള്ളതിലേക്കു ജാമ്യം കൊടുക്കേണ്ടതാണെന്നും നിശ്ചയത്തിന്നു വിരോധമായി പ്രവൃത്തിക്കുന്നതായാൽ ദ്രവ്യം റൊക്കസ്സമൂലം അറിയിക്കുകയും ആവർത്തിച്ചാൽ മുതൽകൈകേറുകയും ചെയ്യുമെന്നമായിരുന്നു. ഇങ്ങിനെ പത്രങ്ങളെ അമർത്തിക്കളവാൻ പാടില്ലാത്തവിധം തട്ടിത്തടഞ്ഞിരുന്നു എങ്കിലും ഭാരതവർഷത്തിൽ ഒട്ടാകെ പലഭാഷകളിലും ഉള്ള പത്രങ്ങളും പത്രഗ്രന്ഥങ്ങ

ളും കൂടി അറുനൂറുവരെ എത്തിട്ടുണ്ടു. അതിൽ മൂന്നിലൊന്നു നാട്ടുപത്രങ്ങളും നീക്കി കൽക്കത്തയിൽ 15 പ്രതിദിനപത്രങ്ങളൊഴിക്കെ 55പത്രങ്ങളുള്ളതിൽ പ്രമാണി "ഇംഗ്ലീഷ്മാൻ" (Englishman) എന്ന പത്രത്തിനു വയസ്സു നാല്പതോളമായിരിക്കുന്നു. ബമ്പായിൽ ഒരു ദിനസരി ഉദ്ദേശം 16-ൽ മാന്യസ്ഥാനം ബാംബെ ഗസറ്റിന്നാണ്. പഴമയിൽ പറയത്തക്ക വ്യത്യാസമില്ല. മദ്രാസിൽ പ്രതിദിനപത്രം 6-ം പലവക 9-ം ഉള്ളതിൽ 36വയസ്സു ചെന്ന "മെയിൽ" (Mail) സ്ഥാനത്തു മൂപ്പായിവാഴുന്നു. മറ്റുള്ള വ വേറെ സ്ഥലങ്ങളിലാണ്. ഇപ്പോൾ മാത്രമാണ മലയാള പത്രങ്ങളെയും മാസികകളെയും പറ്റി ചിലതുപറവാനുള്ള പദ്ധതിയിലെത്തിയതു. നാട്ടുഭാഷകൾക്കു തിരിച്ചുവെച്ചിട്ടുള്ള മേൽപറഞ്ഞ സംഖ്യയിൽ നിന്നു മലയാളഭാഷയുടെ ഓഹരി എത്രയാണെന്ന് അറിവാനായി മലയാളത്തിൽ പ്രവേശിക്കുകയാണ.

മലയാളപത്രങ്ങളുടെ ജനയിത്രി മംഗലാപുരമാണെന്നു ചിലരും എറണാകുളമാണെന്നു മറ്റു ചിലരും പറയുന്നു. ഉത്ഭവസ്ഥാനം സ്ഥിരപ്പെടുത്തുന്നതിനേക്കാൾ മൂപ്പുകൊല്ലത്തിന്നു മുമ്പ വല്ല പത്രവും മലയാളത്തിലുണ്ടായിട്ടുണ്ടോ എന്നറിയുന്നതിന്നു ഗത്യന്തരമില്ലാത്തതിനാൽ ഇന്നപ്രായം ചെന്നിട്ടുള്ള പത്രത്തെ ആശ്രയിച്ചുതീർച്ചപ്പെടുത്തേണ്ടതായിവന്നിരിക്കുന്നു. അതുവരെ പഴമയറിച്ച് എറണാകുളത്തു വെച്ചുനടന്നുവരുന്നതും 27 വയസ്സുപ്രായമുള്ളതും സത്യനാദകാഹളത്തിലെ കാഹളക്കുഞ്ഞുമായ സത്യനാദം എന്ന പത്രമാണ്. മലയാളപത്രങ്ങളിൽ രാജ്യകാര്യം സംബന്ധിച്ച വിഷയങ്ങൾ പത്രംപുറപ്പെടുന്നതോടുകൂടിത്തന്നെ പ്രസിദ്ധപ്പെടുത്തിത്തുടങ്ങീട്ടില്ല. ഇത് അന്നത്തെ ഇംഗ്ലീഷ്പത്രങ്ങളെ അനുസരിച്ചുതുടങ്ങിയതുകൊണ്ടായിരിക്കാം. പത്രങ്ങളുടെ ശൈപ്രായത്തോടുകൂടി ഗവർമ്മെന്റ്യോജിക്കാത്തതും ഗൗരവമേറിയ വിഷയങ്ങളെക്കുറിച്ചുപത്രങ്ങൾ വേണ്ടവിധം ആലോചിക്കാത്തതുകൊണ്ടായിരിക്കാം. രാജ്യകാര്യങ്ങളെപ്പറ്റി വേണ്ടതിലധികം പറവാനുള്ള സാമർത്ഥ്യം ധാരാളമുണ്ടെന്നുള്ള പ്രസിദ്ധി സമ്പാദിച്ചിരിക്കുന്ന നാട്ടുപത്രങ്ങൾ ഇംഗ്ലീഷ്സഹജീവികളെപ്പോലെ നടക്കേണ്ടുന്ന കാര്യങ്ങളുടെ ഗുണദോഷനിരൂപണം ചെയ്തു അഭിപ്രായം പുറപ്പെടുവിച്ചുതുടങ്ങിയിരിക്കുന്നു. പക്ഷേ ഒന്നുറച്ചും മറെറതൊളിച്ചും വ

മാനമാണ് ഇവരുടെ അഭിപ്രായങ്ങളിലുള്ള അന്തരം. ഒന്നാമത്തെ മലയാളമാസിക 1056 മീനത്തിൽ തിരുവനന്തപുരത്തുനിന്നു പുറപ്പെട്ട 'വിദ്യാവിലാസിനി'യാകുന്നു. ഇപ്പോൾ അതു നടപ്പില്ല. പിന്നാലത്തെ രാജ്യകാര്യങ്ങളെ പ്രതിപാദിക്കുന്നതല്ലെന്നുള്ള നിഷ്കർഷയോടുകൂടി തൃശ്ശിവപേരൂര കല്പദ്രുമമാലയത്തിൽ 1065 കന്നിമാസത്തിൽ ആരംഭിച്ച വിഖ്യാത വിദുഷിയായ 'വിദ്യാവിനോദിനി'യാണ്. ഇംഗ്ലീഷ്, സംസ്കൃതം, മലയാളം, എന്ന ഭാഷകളിൽ അപാരപാണ്ഡിത്യം സമ്പാദിച്ച നിരുപമന്മാരുടെ ലാളനയിൽ വളർന്നുവന്ന ഈ പത്രരത്നം തുച്ഛകാലംകൊണ്ടു സജ്ജനസമ്മതം പ്രാപിക്കയും പിന്നീടുണ്ടായിട്ടുള്ള പത്രഗ്രന്ഥങ്ങൾക്കെല്ലാം ഒരു മാതൃകയായിത്തീരുകയും ചെയ്തു. ഒൻപതാണ്ടാരംഭത്തിൽ സ്വയംവരത്തിനുവേണ്ടി രക്ഷാധികാരം വിട്ടുപുറപ്പെട്ടതിന്റെ ശേഷം നാനാപ്രകാരേണ പോഷിപ്പിച്ചിട്ടുള്ള ചിലരുടെ നിർബന്ധങ്ങളെക്കൊണ്ടു ത്യജിക്കപ്പെടാതെ അവസാനം ഋതുഭേദവും അനുഭവിച്ച് ഒന്നരക്കൊല്ലമായിട്ടു പുറത്തുവരുവാൻ പാടില്ലാത്തവിധം ശോചനീയമായ അവസ്ഥയിൽ കിടപ്പായിരിക്കുന്നു. മലയാളത്തിൽ ഇതുവരെ 82 പത്രങ്ങൾ ഉണ്ടായിട്ടുള്ളതിൽ പ്രതിദിനപത്രമൊന്നുമില്ലെന്ന കാര്യമാണ് ശോചനീയമായുള്ളതു. ഇതിനപ്പുറമുള്ള പത്രഗ്രന്ഥങ്ങളും മാസികകളുമുൾപ്പെട്ടിട്ടുള്ള തുക 27 മാത്രമാണ്.

മേൽപറഞ്ഞ പത്രങ്ങളിൽ പ്രതിവാരമെന്ന നിലവിട്ട് ഒരു പടികൂടി കടന്നിരിക്കുന്നതിനുള്ള ധൈര്യവും സാമർത്ഥ്യവും മലയാളമനോരമയ്ക്കു മാത്രമാണെന്നുള്ള സംഗതി സർവ്വദാ ശ്ലാഘനീയം തന്നെ. എന്തെന്നാൽ യൂറോപ്പിലുള്ള പ്രതിവാരപത്രത്തിന്ന് 50000 വരിക്കാരുണ്ടായാൽ ആ പത്രത്തിന്നു നടപ്പുള്ളതായി വിചാരിക്കുന്നു. ഇൻഡ്യയിൽ ആ തരത്തിലൊന്നിന്നു 5000 വരിക്കാരെ കിട്ടിയാൽ ഉൽകൃഷ്ടപദവി ലഭിച്ചു. ആയിരം വരിക്കാരെ ആരോപിച്ചുണ്ടാക്കുവാൻകൂടി സാധിക്കാതെയാണല്ലോ മലയാളപത്രങ്ങൾ സഞ്ചരിക്കുന്നത്. ഇങ്ങനെ യൂറോപ്പിലുള്ള സഹജീവികളുടെ പത്തിന്നൊന്ന് പഴമയിലും നൂറിന്നൊന്നു പ്രചാരത്തിലും നൂറിന്നൊന്ന് അധികാരത്തിലും ജനസമ്മതത്തിലും ഇപ്പോൾ മലയാളപത്രങ്ങൾ എത്തിയിട്ടുള്ള കാലമാകുന്നു.

പി. നാരായണപ്പൊതുവാൾ.

വൎത്തമാനപത്രങ്ങൾ.*

എണ്ണം	പേര	സ്ഥലം	വിവരം	പുസ്തകം	ഉള്ളതൊ [illegible]
1	സത്യനാദം	എറണാകുളം	മാസത്തിൽ മൂന്ന	27	ഉള്ളത
2	കേരളമിത്രം	ബ്രിട്ടീഷ് കൊച്ചി	ടി	23	ടി
3	കേരളപത്രിക	കോഴിക്കോട	ആഴ്ചയിലൊന്ന	20	ടി
4	കേരളസഞ്ചാരി	കോഴിക്കോട	ടി	17	ടി
5	നസ്രാണി ദീപിക	മന്നാനം (കോട്ടയം)	ടി	17	ടി
6	മലയാളമനോരമ	കോട്ടയം	ആഴ്ചയിൽ രണ്ട	14	ടി
7	മനോരമ	കോഴിക്കോട	ആഴ്ചയിലൊന്ന	13	ടി
8	മലയാളി	തങ്കശ്ശേരി (കൊല്ലം)	ടി	9	ടി
9	കേരളപഞ്ചിക	തിരുവനന്തപുരം	ടി	4	ടി
10	കേരളതാരക	കോട്ടയം	ടി	3	ടി
11	കേരളശോഭിനി	ഒറ്റപ്പാലം	മാസത്തിൽമൂന്ന	3	ടി
12	സുഭാഷിണി	ചങ്ങനാശ്ശേരി	ആഴ്ചയിലൊന്ന	2	ടി
13	സുജനാനന്ദിനി	(കൊല്ലം) പരവൂർ	ടി	1	ടി
14	[illegible]	[illegible]ശ്ശേരി	ടി	1	ടി
15	കേരളീയൻ	കൊല്ലം	ടി	1	ടി

എണ്ണം	പേര	സ്ഥലം	വിവരം	പുസ്തകം	ഉള്ളതോ ഉണ്ടായിരുന്നതോ
16	[illegible]	ഒറ്റപ്പാലം	മാസത്തിൽ ഒന്ന	1	ഉള്ളത
17	ശാന്താസന്ദേശം	തൃപ്പൂണിത്തുറ	മാസത്തിൽ രണ്ടു	1	ടി
18	സാരസാഗരം	മാവേലിക്കര	ടി	1	ടി
19	കേരളനന്ദിനി	തൃശ്ശിവപേരൂർ	ആഴ്ചയിലൊന്ന	5	ഉണ്ടായിരുന്നത്*
20	മലയാളമിത്രം	കോട്ടയം	മാസത്തിലൊന്ന	1	ടി
21	സഞ്ചാരി	തൃശ്ശിവപേരൂർ	ആഴ്ചയിലൊന്ന	1	ടി
22	ശാരദ	തിരുവനന്തപുരം	ടി	?	ടി
23	ജ്ഞാനനിക്ഷേപം	കോട്ടയം	ആഴ്ചയിലൊന്ന	?	ടി
24	[illegible]പ്രവാദിനി	ടി	ടി	?	ടി
25	വഞ്ചിഭൂപഞ്ചിക	തിരുവനന്തപുരം	ടി	?	ടി
26	മലയാളമനോഹരി	കോട്ടയം	മാസത്തിൽ രണ്ടു	?	ടി
27	സൂര്യമിത്രം	ആലപ്പുഴ	ടി	?	ടി
28	പശ്ചിമതാരക	കൊച്ചി	ആഴ്ചയിലൊന്ന	?	ടി
29	കേരളദർപ്പണം	തിരുവനന്തപുരം	മാസത്തിൽ മൂന്ന	?	ടി
30	സമയപ്രകാശിനി	തൃശ്ശിവപേരൂർ	ആഴ്ചയിലൊന്ന	?	ടി
31	വിദ്യാസംഗ്രഹം	?	?	?	ടി
32	സന്ദിഷ്ടവാദി	?	?	?	ടി

മാസികകൾ

എണ്ണം	പേര്	സ്ഥലം	വിവരം	പുസ്തകം	ഉള്ളതോ ഉണ്ടായിരുന്നതോ
1	കവനോദയം	നാദാപുരം	2 മാസത്തിൽ ഒന്ന	10	ഉള്ളത
2	ഭാഷാപോഷിണി	കോട്ടയം	മാസത്തിലൊന്ന	7	ടി
3	വിനോദമാലിക	തൃശ്ശിവപേരൂർ	മാസത്തിൽ ഒന്ന	3	ടി
4	രസികരഞ്ജിനി	എറണാകുളം	മാസത്തിൽ ഒന്ന	2	ടി
5	ഉപാദ്ധ്യായൻ	തിരുവനന്തപുരം	ടി	2	ടി
6	ധന്വന്തരി	കോട്ടക്കൽ	ടി	1	ടി
7	വ്യവഹാരചിന്താമണി	വള്ളുവനാട	ടി	1	ടി
8	ഡാക്ടർ	ചെങ്ങനാശ്ശേരി	ടി	1	ടി
9	സുധർമ്മ	തിരുവനന്തപുരം	ടി	1	ടി
10	സുറിയാനി സുവിശേഷകൻ	കോട്ടയം	ടി	?	ടി
11	കർമ്മലകുസുമം	മാന്നാനം (കോട്ടയം)	ടി	1	ടി
12	ക്രിസ്തോപകാരി	മംഗലാപുരം	?	?	ടി
13	സുവിശേഷകൊടി	തിരുവല്ല	?	?	ടി
14	മലങ്കര സഭാതാരക	കോട്ടയം	?	?	ടി
15	വിദ്യാവിലാസിനി	തിരുവനന്തപുരം	മാസത്തിൽ ഒന്ന	ഒന്ന് മീനാ	ഉണ്ടായിരുന്നത

എണ്ണം	പേര	സ്ഥലം	വിവരം	പുസ്തകം	ഉള്ളതോ ഉണ്ടായിരുന്നതോ
16	വിദ്യാവിനോദിനി	തൃശ്ശിവപേരൂർ	മാസത്തിൽ ഒന്ന	14	ഉണ്ടായിരുന്നത
17	ആയുസ്സിദ്ധാന്തചന്ദ്രിക	പാലക്കാട	ടി	„	ടി
18	ഋഷിവക പത്രിക	കോട്ടയം	ടി	„	ടി
19	സെൻറ തോമസ് ഗസററ്	ടി	ടി	„	ടി
20	മഹാറാണി	മദ്രാസ്	ടി (മിശ്രഭാഷാകൃതി)	„	ടി
21	ദിവ്യരത്നം	കായങ്കുളം	ടി	„	ടി
22	കേരളകേസരി	ആലപ്പുഴ	ടി	„	ടി
23	ചന്ദ്രിക	കൊല്ലം	ടി	„	ടി
24	സരസ്വതി	കോട്ടയം	ടി	„	ടി
25	വിദ്യാവിലാസിനി	കൊല്ലം	ടി	„	ടി
26	വിദ്യാവിലാസിനി	കൊട്ടാരക്കര	ടി	„	ടി
27	കേരളീസൂജനബോധിനി	„	ടി	„	ടി

* ഉള്ളവയും ഉണ്ടായിരുന്നവയും ആയ വർത്തമാനപത്രങ്ങളെക്കുറിച്ച് അറിവു കിട്ടീട്ടുള്ളതെല്ലാം ഈ പട്ടികയിൽ ചേർത്തിട്ടുണ്ടെന്നല്ലാതെ ഇതിൽ തെററില്ലെന്നോ സകലതും കൊടുത്തിട്ടുണ്ടെന്നോ പറയാവുന്നതല്ല. ഈ പറഞ്ഞത മാസികകളുടെ പട്ടികക്കും ബാധിക്കുന്നതാകുന്നു.

ബൃഹസ്പതി.

ബൃഹസ്പതി ഒരു സൂൎയ്യനല്ല. അതു സ്വപ്രകാശം കൊണ്ട് ശോഭിക്കുന്നില്ല. അതിൽ ഒരു നക്ഷത്രത്തിലെ പോലെ അത്യുഷ്ണവായുക്കൾ കത്തിജ്വലിക്കുന്നതുമില്ല. അതിനെ ഒരു ചിപ്പിമയമായ ഗ്രഹമെന്നുമാത്രമേ പറവാൻ പാടുള്ളൂ. പക്ഷെ മറ്റു ഗ്രഹങ്ങളെന്നിയും ഭൂമിയെപ്പോലെ തണുത്തു് ഘനസ്ഥിതിയെ പ്രാപിച്ചുകഴിഞ്ഞിട്ടില്ല. കുജൻ എത്രയോ കാലം മുമ്പുതന്നെ ഭൂമിയുടെ ഇപ്പോഴത്തെ സ്ഥിതിയെപ്രാപിച്ചു കഴിഞ്ഞിരിക്കണമെന്നു നാം മനസ്സിലാക്കിട്ടുണ്ടല്ലോ. എന്നാൽ ബൃഹസ്പതി ഈ സ്ഥിതിയെ പ്രാപിക്കുന്നതിന് ഇനിയും അനേകം കാലം വേണ്ടിവരുന്നതാണ്.

ഒരു ചെറിയ ഗോളം വലിയ ഒരു ഗോളത്തിലും വേഗത്തിൽ തണുക്കുന്നതാണെന്ന്, ഇതിനു മുമ്പിൽ കുജനെപ്പററിയുള്ള ഉപന്യാസത്തിൽ പ്രസ്താവിച്ചിട്ടുണ്ടെങ്കിലും അതു് എന്തിനാലാണെന്ന് വായനക്കാരിൽ ചിലൎക്ക മനസ്സിലായിട്ടില്ലെന്ന് അറിയുന്നതിനാൽ അതിനെ സ്പഷ്ടമാക്കുന്നതിന് ഒരു ദൃഷ്ടാന്തം താഴെ ചേൎക്കാം. ഒരു ഗോലി(ഗോമക്കായ)യുടെയും, ചെറുനാരങ്ങയുടെയും, പന്തിന്റെയുംവലിപ്പമിരിക്കുന്ന മൂന്ന് ഉണ്ടകളെ ഒരുപോലെ ചുട്ടുപഴുപ്പിച്ച് അവയെ തണുപ്പിക്കുവാനായി വെച്ചിരിക്കുന്നതായാൽ ഗോലിയുടെ വലിപ്പമിരിക്കുന്ന ഉണ്ട ഒന്നാമതായി തണുക്കുന്നതാണ്. കുറേസമയംകഴിഞ്ഞാൽ നാരങ്ങയുടെ വലിപ്പമിരിക്കുന്ന ഉണ്ടയും തണുക്കും. പന്തോളമുള്ള ഉണ്ടയുടെ ചൂടാറുന്നത് ഇതിനു ശേഷമായിരിക്കും. ഒരെസംഗതി നമുക്ക് എളുപ്പത്തിൽ പരീക്ഷിച്ചറിയാവുന്നതാണ. ഗ്രഹങ്ങളുടെ താപശമനത്തിന്റെയും ഈ ക്രമം അനുസരിച്ചു തന്നെയാകുന്നു.

ബൃഹസ്പതി ലഘുവായുള്ള ദ്രവ്യങ്ങളാൽനിൎമ്മിക്കപ്പെട്ടതാണെന്നതോന്നുന്നുവെങ്കിലും അതുകൊണ്ടുള്ള വലിപ്പംകൊണ്ട് അതിന്റെ ആകൎഷണശക്തി ഭൂമിയുടേതിലും വളരെ വളരെ അധികമായിരിക്കണമെന്ന് നിസ്സംശയം പറയാം. ഏററവുമളുപ്പിച്ചു കിടക്കുന്ന ഗോളങ്ങളിൻമീതെയോ, സമതലമായ മൈതാനപ്രദേശത്തിന്മേലോ

ചവിട്ടി നില്ക്കുക എന്നത് അസംഭാവ്യമാണെങ്കിലും, ഒരുവന്ന് ബൃഹസ്പതിയിലേക്ക് പോയി അതിന്റെ ഉപരിഭാഗത്ത് സ്ഥിതിചെയ്യുവാൻ സാധിക്കുമെന്ന വിചാരിക്കുന്നപക്ഷം ഭൂമിയിൽ ഉണ്ടായിരുന്നതിലും വളരെ അധികം ഘനം ശരീരത്തിന്ന് അവിടെ ഉണ്ടായിരിക്കുന്നതാണത്രെ. ഇവിടെ 64 റാത്തൽ ഘനമുള്ള ഒരു കല്ലിന്ന് ബൃഹസ്പതിയിങ്കൽ 210 റാത്തൽ ഉണ്ടായിരിക്കും. അതുപോലെ തന്നെ 168 റാത്തൽ ഘനമുള്ള ഒരാൾക്ക് ആ ഗ്രഹത്തിൽ 420 റാത്തൽ തൂക്കവും ഉണ്ടാവും.

ബൃഹസ്പതിയുടെ ബഹിർഭാഗത്തിങ്കൽ കണ്ടുപിടിക്കപ്പെട്ടിരിക്കുന്ന അടയാളങ്ങൾക്ക് ശുക്രനിലും കുജനിലും കാണുന്നവയിലും അധികം മാറ്റം ഉണ്ടാകാറുണ്ട്. അതിസൂക്ഷ്മമായും കറുത്തിരുണ്ടതായുമുള്ള ചിഹ്നങ്ങളാൽ ശോഭിച്ചും, നാനാവിധവൎണ്ണരേഖകളാൽ പരിമിളിതമായും ഉള്ള ചിത്രക്കുടലാസ്സുപോലുള്ള മേഘലകളാണ ദൂരദർശിനിയിൽക്കൂടി നോക്കുമ്പോൾ നമ്മുടെ നയനങ്ങൾക്ക് ഗോചരമായിത്തീരുന്നത. ആ മേഘലകൾക്ക സ്വല്പമായ ചില ഭേദഗതികൾ ഉണ്ടാകുന്നുണ്ടെങ്കിലും അതുകൾ ഒരുമാതിരി സ്ഥിരമായിട്ടുള്ളവയാണെന്ന് തന്നെ വിചാരിക്കേണ്ടതാകുന്നു. എങ്കിലും കുജഗ്രഹത്തിലെ ഭൂഖണ്ഡങ്ങളും സമുദ്രങ്ങളും ആണെന്ന വിചാരിച്ചുവരുന്നവയായ കളങ്കങ്ങളെപ്പോലെ സ്ഥിരമായിട്ടുള്ളവയെന്ന് പറവാൻ തരമില്ല. എന്തെന്നാൽ ബൃഹസ്പതിയുടെ ബഹിർഭാഗത്തിങ്കൽ ഘനവസ്തു ഉണ്ടോ ഇല്ലയോ എന്നതന്നെ സംശയമായിരിക്കുന്ന സ്ഥിതിക്ക് അതിൽ കാണുന്ന കളങ്കങ്ങൾ ആ ഗ്രഹത്തിന്റെ ചുററുമുള്ള മേഘമൂടലിൽ കാണുന്നവയും കൂട്ടങ്ങളുടെ സ്ഥാനഭ്രംശങ്ങളെ ഉണ്ടാക്കുന്നവയും ആയിരിക്കണം. മേഘസമൂഹങ്ങളെ ആ ഗ്രഹത്തിന്റെ ചുററും അതിവേഗത്തിൽ സഞ്ചരിപ്പിക്കുന്നത അവിടത്തെ പ്രചണ്ഡവായുപ്രവാഹമാണ്. ഇങ്ങിനെയുള്ള മേഘലകളുള്ളതുകൊണ്ട് ബൃഹസ്പതിയെ "മേഘലാമേചകിതശരീരവിഗ്രഹം" എന്ന് വിളിച്ചുവരുന്നു. പേര് വളരെ യോജിച്ചതന്നെ.

ബൃഹസ്പതിയിലും ഒരു പ്രധാനകളങ്കം ഉണ്ട. അത് കുജന്റെ 'കണ്ണ്' പോലെ സ്ഥിരമായിട്ടുള്ളതല്ല. എങ്കിലും കുറെ

അല്ലതാനെന്നു പറവാൻ തരമില്ല. ക്രിസ്ത്വാബ്ദം 1878 മുതൽക്കുതന്നെ ഒരു ചുവപ്പു കണ്ടുതുടങ്ങിയിരിക്കുന്നു. ഒരു ചുവന്ന വലിയ അടയാളത്തിന്റെപുറമെ മറ്റും പ്രയോഗങ്ങളെയാലും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

ഇതിനെയുള്ള ചിഹ്നങ്ങളെക്കൊണ്ട് ജ്യോതിശ്ശാസ്ത്രജ്ഞന്മാർക്ക് ഒരു മേഘമൂടിയാകെത്തന്നുള്ള വിഗ്രഹത്തെപ്പറ്റി കുറച്ചൊന്നു മനസ്സിലാക്കുവാൻ പക്ഷേ തരമുണ്ടായേക്കാമെന്നു ഊഹിച്ചുവരുന്നു. ബൃഹസ്പതിയിങ്കൽ ഒരുകാലത്ത് അധികമായ തണുപ്പു തട്ടുന്നതായാൽ അതിവിസ്തീർണ്ണമായ സമുദ്രങ്ങളായിത്തീരത്തക്കവണ്ണമുള്ള ജലാംശമൊക്കെ ഇപ്പോൾ ആ ഗ്രഹത്തിന്മീതെ ആവിരൂപമായി തങ്ങിനില്ക്കുന്നു എന്നസംഗതി ഓർക്കുമ്പോൾ അവിടത്തെ മേഘമൂടിയുടെ വിശാലത എത്രത്തോളം കൂടിയതായിരിക്കുമെന്ന് എല്ലാവർക്കും ആലോചിക്കാവുന്നതാകുന്നു. ബൃഹസ്പതിക്ക് ആദിത്യനെപ്പോലെ അതിതീക്ഷ്ണമായ പ്രകാശവും ചൂടും ഇല്ലെങ്കിലും അത് ഇപ്പോഴും ജ്വലിച്ചുകൊണ്ടുതന്നെയിരിക്കുന്നു. ഈ സ്ഥിതിക്ക് ആ ഗ്രഹത്തിൽ ജലാംശങ്ങൾ നീരാവിയായോ മറ്റോ അല്ലാതെ വെള്ളമായിരിപ്പാൻ തരമില്ലല്ലോ. വല്ലപ്രകാരേണയും വെള്ളം അവിടെ വീഴുന്നതാണെങ്കിൽതന്നെ അത് ഉടനെ തിളച്ച് ആവിരൂപമായി പരിണമിക്കയുംചെയ്യും.

ബൃഹസ്പതിയുടെ അവസ്ഥ ഇപ്രകാരമായിരിക്കെ ആ ഗ്രഹം ജീവികൾക്കു അധിവാസത്തിന് യോഗ്യമോ എന്ന ചോദ്യത്തിന് അവകാശംതന്നെയില്ല. സന്തപ്തമായ മേഘസമൂഹങ്ങളാൽ ചുറ്റും മൂടപ്പെട്ട് ചുട്ടുപഴുത്തുകിടക്കുന്ന ഒരു ഗോളത്തിൽ ഭൂമിയിൽ കാണുന്നപോലെയുള്ള ജന്തുക്കൾക്ക് ജീവിപ്പാൻ ഒരിക്കലും സാധിക്കുന്നതല്ല. എത്രകാലംകൊണ്ട് ആ ഗ്രഹം നിവാസയോഗ്യമായിത്തീരുമെന്ന് ചോദിക്കുന്നപക്ഷം ഒരു തിട്ടമായ മറുപടിപറവാനും കഴിയുന്നതല്ല. നമ്മുടെ ഭൂമിതന്നെ ഇപ്രകാരം നിവാസത്തിന്നു യോഗ്യമായിത്തീർന്നിട്ടുള്ളത് എത്ര അസംഖ്യം വത്സരങ്ങൾകൊണ്ടാണെന്ന് ഓർക്കുമ്പോൾ അതിനേക്കാൾ അത്യന്തം വലിപ്പമുള്ള ബൃഹസ്പതിക്ക് എത്ര കാലം വേണമെന്ന വായനക്കാർതന്നെ ഊഹിച്ചുകൊള്ളട്ടെ.

ബൃഹസ്പതിയെ ആശ്രയിച്ച് നാല് ചന്ദ്രന്മാർ ചരിക്കുന്നതായി കണ്ടുപിടിച്ചിരിക്കുന്നു. ഇവയെ അധികം ശക്തിയില്ലാത്ത ഒരു ദൂരദർശിനിയിൽകൂടി നോക്കിയാലും കാണാവുന്നതാണ. ഇപ്പോൾ അഞ്ചാമത് ഒരു ഉപഗ്രഹംകൂടി ഉള്ളതായി കണ്ടിരിക്കുന്നു. നമ്മുടെ ചന്ദ്രൻ ഭൂമിയോടുകൂടി സൂര്യനെ പ്രദക്ഷിണംചെയ്യുന്നപോലെതന്നെ ആ നാല് ചന്ദ്രന്മാരും രമണീയമേഖലകളോടുകൂടിയ ബൃഹസ്പതിക്ക് ചുറ്റും ചരിച്ചുകൊണ്ട സൂര്യമണ്ഡലത്തെ വട്ടംചുറ്റുന്നത് എത്ര മനോഹരമായ കാഴ്ചയാണ!

എം. ശങ്കരപ്പൊതുവാൾ. ബി. ഏ; ബി. എൽ.

എന്റെ ആദ്യത്തെ ലേഖനം.

———:o:———

പാടത്ത് പണിയില്ലാത്ത ദിവസങ്ങളിൽ ഞാൻ പുറത്തിറങ്ങി നടക്കുന്നത കണ്ടാൽകൂടി അമ്മാമൻ എന്നെ തല്ലാറില്ല. ഉച്ചാൽ ദിവസം ഊണുകഴിഞ്ഞത് അലക്കിയ മുണ്ടും ചന്ദനക്കുറിയുമായി അമ്മാമന്റെ മകൻ കൃഷ്ണൻ പഠിച്ചുകൊണ്ടിരിക്കുന്ന മുറിയിലേക്ക കയറിച്ചെന്നു.

കൃഷ്ണൻ — ഇന്ന നിങ്ങൾക്ക് പണി ഒന്നും ഇല്ല. അല്ലെ?

ഞാൻ — ഇന്നിപ്പോൾ അവർക്കു പണിയില്ല, പോകുകയാണുള്ളൂ. എന്നുപറഞ്ഞ ഒരു മൂലയിൽ അടുക്കിവെച്ചിരുന്ന പുസ്തകങ്ങൾ നോക്കിക്കൊണ്ട നിൽക്കുമ്പോൾ അവൻ ചില പുസ്തകങ്ങളും കടലാസ്സുകളും കൊണ്ടുവന്ന എന്റെ മുമ്പിൽ വെച്ചു. അയാൾ ഇംഗ്ലീഷിലുള്ളതെല്ലാം തിരിച്ചെടുക്കുകയും മലയാളപുസ്തകങ്ങളും കടലാസ്സുകളും മുഴുവൻ പരിശോധിക്കാതെ താഴെ ഒരു ഭാഗത്തേക്ക് തള്ളിവിട്ടു. അവയിൽ പഴയ ഒരു മാസികയിൽ വല്ലതും കിടപ്പുണ്ട്. ഇത കണ്ടപ്പോൾ മലയാളത്തിലുള്ളതൊന്നും വേണ്ടതില്ലേ എന്ന ഞാൻ ചോദിച്ചു.

കൃഷ്ണൻ — അതൊക്കെ ഓരോരുത്തർ എഴുതി അയച്ചിട്ടുള്ളതാണ്. എന്റെ ഡിഗ്രിയ്ക്ക് വേണ്ടി മാത്രം മതി. ആവശ്യമായിരിക്കുന്നത് ഇതൊന്നുമല്ല. വേണമെങ്കിൽ എടുക്കാം.

കൃഷ്ണന് കുട്ടിക്കാലത്തുതന്നെ അല്പം കൊഞ്ഞലുണ്ട്. അതുകൊണ്ട് അയാൾ പറഞ്ഞത മനസ്സിലാവാതെ രണ്ടാമതു ചോദിച്ചാൽ പരിഹസിക്കയാണെന്ന് വിചാരിച്ച് മുഖം വീപ്പിക്കും. അതുതന്നെ ചോദ്യം അമ്മാമനോടു പറഞ്ഞ് തല്ലുകൊള്ളിപ്പിക്കുന്ന സമ്പ്രദായവും ഇനിക്ക ധാരാളം അറിയാമായിരുന്നു. കൃഷ്ണൻ പറഞ്ഞതിന്റെ അൎത്ഥഭാഗം ഇനിക്ക മനസ്സിലായില്ലെങ്കിലും എടുക്കുവാനനുവാദം കിട്ടിയതുകൊണ്ടു ഞാൻ ഒരു കടലാസ്സു പൊളിച്ചു വായിച്ചുതുടങ്ങി.

കൃഷ്ണൻ— എന്താ. അതിലിത്തിരി ഇന്ററസ്റ്റ്'ഉണ്ടോ ?

ഞാൻ— ഞാൻ ഒരുപുറം വായിച്ചതിൽ കൃഷ്ണൻ പറഞ്ഞത കണ്ടില്ല. പലകൂട്ടം വൎത്തമാനങ്ങളും വായിപ്പാൻ നല്ല രസമുണ്ട.

കൃഷ്ണൻ— അതൊക്കെ ഇംഗ്ലീഷ് പേപ്പറിൽതന്നെ നോക്കു. ഒരു ആൎട്ടിക്കിൾ ഞാനെഴുതി അയച്ചതാണ്. എഡിറ്ററിയാവിനോട് നന്നെ ഒട്ടത്തിട്ടുള്ളതുകൊണ്ടു വളരെ നന്നായിട്ടുണ്ടെന്നാണ് വിചാരിക്കേണ്ടത്.

ഞാൻ— എന്തിനെക്കുറിച്ചാണ എഴുതി അയച്ചിരുന്നത്.

കൃഷ്ണൻ— നമ്മുടെ മോഡാഫ് ഡ്രസ്സിങ്ങ്'നെപ്പററിത്തന്നെ.

മേൽപറഞ്ഞ വാക്കിൽനിന്ന് 'മോഡോനെ'പ്പററിയാണ കൃഷ്ണൻ എഴുതീട്ടുള്ളതെന്ന വിചാരിച്ച് ഇങ്ങിനെയുള്ളതെല്ലാം എഴുതിയയച്ചാലച്ചടിക്കും ഇല്ലെ ? എന്ന ഞാൻ ചോദിച്ചു.

കൃഷ്ണൻ— നിശ്ചയമായിട്ടും ഈവകയാണ് എഴുതി അയക്കേണ്ടത്. വേണെങ്കിൽ കുറെ കടലാസ്സോ ബുക്കോ എടുത്തുകൊണ്ടു പോയ്ക്കോളു. ഞാൻ കുറെ ബിസി'യായിട്ടിരിക്കയാണ്.

ഇത്കേട്ട് ഏഴെട്ടു കടലാസ്സുംകൊണ്ട് ഞാൻ പോന്നു. അവയെല്ലാം വായിച്ചുകഴിഞ്ഞപ്പോൾ ഇനിക്കും ഒന്ന് എഴുതി അയപ്പാനുള്ള മോഹമുദിച്ചു. കൃഷ്ണന്റെ വിഷയംതന്നെ ഞാനും എഴുതുവാനുറച്ചു. ആകൊല്ലത്തിൽ കന്നുകാലിക്കേട ആദ്യമായിട്ടുണ്ടായത് ഞങ്ങളുടെ കളത്തിലാണ്. ഇതിനെപ്പററി എല്ലാവരും അറിഞ്ഞ സുഖിക്കട്ടെ എന്ന വിചാരിച്ച് എഴുതേണ്ട സാമാനങ്ങളെല്ലാം തപ്പിപ്പറക്കി സമ്പാദിച്ച് താഴെപറയുന്ന വിധത്തിലൊന്നെഴുതിയുണ്ടാക്കി.

പ്രിയപത്രാധിപർ അവർകളെ !

സാറേ !

“മോടോറ് അസുഖം വരുമെന്ന കൃഷ്ണൻ എഴുതീട്ടുള്ളത് ശരിയാണ്. കന്നാലികേടുതുടങ്ങിയിരിക്കുന്നു. ഞങ്ങടെ ചെട്ടികോയൻ പോത്തിന്റെ കാലിൽ കുളമ്പിട്ടു. ചൊവലശ്ശേരിയുടെ വായിൽ തവളവന്നു. ആറേഴു എരുമക്കുട്ടികൾ കുമ്പ് പൊങ്ങിച്ചത്തു. ഇതൊന്നും ഉണ്ടാവുന്നതിന്നു മുമ്പുതന്നെ കൃഷ്ണൻ എഴുതീട്ടുള്ളത് അയാളുടെ ദിവ്യചക്ഷുസ്സു കൊണ്ടാണെന്നു പറയാം. കൃഷിക്കാരെല്ലാവരും അറിവാനായി അച്ചടിക്കാനപേക്ഷ.” എഴുതിയപ്പോൾ ചിലടത്തിലെല്ലാം മഷി അധികമായി വീണുപോയതുകൊണ്ട നിലം തുള്ളിപ്പൊളിച്ച ധാരാളം പൊടിവിതറി. മലയാളകടലാസ്സിലേക്ക എഴുതി അയക്കുന്നതിന്ന വെക്കേണ്ട പേര കൃഷ്ണൻ പറഞ്ഞത് ഞാൻ മറന്നു. അവസാനം ഓൎമ്മിച്ച “നൊസ്സൻ” എന്ന പേരുംവെച്ച് മടക്കി കൂട്ടിലാക്കി അഞ്ചലിൽ കൊണ്ടുപോയിക്കൊടുത്തു.

പിറേറദിവസം മുതൽക്ക ഞാൻ കൃഷ്ണന്റെ മുറിയിൽപോയി മലയാളകടലാസ്സുകളെല്ലാം പൊട്ടിച്ച്നോക്കിത്തുടങ്ങി. ഒന്നിലും എന്റെ എഴുത്ത് അച്ചടിച്ച് കണ്ടില്ല. ഇനിക്ക കുറെ വ്യസനംതോന്നി. എഴുത്ത വേണ്ടമാതിരിയിലാവാഞ്ഞതുകൊണ്ട് അച്ചടിക്കാതെയിരുന്നതാണെന്ന് നിശ്ചയിച്ച കടലാസ്സിലേക്ക എഴുതേണ്ട മാതിരി ഞാൻ കൃഷ്ണനോട ചോദിച്ചു.

കൃഷ്ണൻ— എഴുതിയത് വായിച്ചാൽ ഉടനെ ‘ഐഡ്യഫാറം’ ചെയ്യണം. അല്ലാതെ വല്ലവിധത്തിലും എഴുതിയയച്ചാൽ പോരാ.

ഞാൻ— എങ്ങിനെയാണ അത ചെയ്യേണ്ടത ?

കൃഷ്ണൻ— ഇന്ന് ടൈമില്ല. ഇനി ഒരിക്കലാവാം. എന്നുപറഞ്ഞതുകേട്ട ഞാൻ മടങ്ങിപോന്ന് വേറെ ഒരു സ്കൂൾകുട്ടിയുടെ അടുക്കൽപോയി ‘ഐഡഫാറം’ ചെയ്യുന്നതെങ്ങിനെയാണെന്ന ചോദിച്ചു. “അതൊരു പൊടിയാണ്, മീതെ കുറേശ്ശ വിതറിയാൽമതി” എന്ന കേട്ടപ്പോൾ ഇനിക്ക സന്തോഷമായി. വരുന്നവഴി ഒന്നരണ്ട് പിടികയിൽചോദിച്ചപ്പോൾ അത അങ്ങാടിയിലുണ്ടാ

കമെന്നവർ പറഞ്ഞു. ഞാൻ ആശുപത്രിയിലേക്ക ചെന്നു. ഭാഗ്യംകൊണ്ട് ഞാൻ ചെന്നകേറിയത് അപ്പാത്തിക്കരിയുടെ നേരെ തന്നെ. അദ്ദേഹം അമ്മാമന്നായിട്ട വളരെ പത്ഥ്യമാണ്. എന്നെയും അറിയും. അദ്ദേഹം എന്നോട് വന്നകാൎയ്യം ചോദിച്ചപ്പോൾ കുറെ ‘ഐഡഫാറം’ കിട്ടിയാൽകൊള്ളാമെന്നപറഞ്ഞു. “എന്താദീനം” എന്ന ചോദിച്ചപ്പോൾ ഞാൻ പരിഭ്രമിച്ചുതുടങ്ങി.

അപ്പാ.-എന്താദീനം എന്ന പറയാൻ പാടില്ല അല്ലെ. വ്രണംകാണിക്ക. ഞാൻ പൊടിവിതറാം.

ഞാൻ—(പൊടികിട്ടുവാനായിട്ട്) എനിക്കല്ല അമ്മാമന്നാണെന്ന പറഞ്ഞു. ഇതുകേട്ടപ്പോൾ വല്ലാതെകണ്ട നാറുന്നകുറെ മഞ്ഞളിച്ച പൊടിപൊതിഞ്ഞുതന്നു. ഞാനതുംകൊണ്ട വീട്ടിലേക്ക മടങ്ങുകയും ചെയ്തു. രണ്ടുമൂന്ന ദിവസം പണിത്തിരക്കുകൊണ്ടും എഴുത്തു സാമാനം എടുക്കാൻ തരം വരാഞ്ഞിട്ടും എഴുതുവാൻ കഴിഞ്ഞില്ല. നാലാംദിവസം രാത്രി അമ്മാമൻ പുറത്തുപോയതരത്തിൽ കടലാസ്സും മഷിയും സമ്പാദിച്ച് മുമ്പിലത്തെ എഴുത്തിന്റെ കരടുതന്നെ അസ്സൽപെടുത്തി പിന്നീട് കേട്ടപിടിച്ചവയുടെ വിവരവും ചേൎത്ത് എഴുതി കഴിഞ്ഞ് വായിച്ചുനോക്കി. ഉടനെ [illegible]ൻ പറഞ്ഞ പോലെ ‘ഐഡഫാറം’ ധാരാളം വിതറി. നിലത്ത ള്ളിപ്പോളിക്കാനേ പോയില്ല. ആ പൊടി വിതറിയപ്പോൾ എഴുത്തിന്നൊരു നിറം പിടിച്ചു. മടക്കിക്കൂട്ടിയാക്കി മേൽവിലാസം “പത്രാധിപരവർകൾക്ക” എന്ന എഴുതിവെച്ചു. കാലത്തെണീറ്റ് ലെക്കൊട്ടുത്ത് മടിയിൽ തിരുകി പാടത്തുചെന്ന ചെറുമക്കളെ വേറെ പണിയും ഏൽപ്പിച്ച് ഞാൻ അഞ്ചലാപ്പീസ്സിലേക്ക നടന്നു. പോകും വഴി അപ്പാത്തിക്കരിയും അമ്മാമനും കൂടി എന്നെ ഇടവഴിത്തലക്കൽ വെച്ച മുട്ടിഎത്തി.

അമ്മാമൻ— എടാ! കെരവാ! കണ്ണികണ്ട ദിക്കിലെല്ലാം കേറിച്ചെന്ന് മണ്ടം പിടിപ്പിച്ചതിന്ന ഞാനാടാ പിഴച്ചത്.

ഞാൻ കാൎയ്യം മനസ്സിലാവാതെ മിഴിച്ചു നിൽക്കുമ്പോൾ “നേടക്ക് കുളത്തിലേക്ക” എന്ന കേട്ട അവരോട്ട കൂടി കുളത്തിലേക്ക തന്നെ മടങ്ങിപ്പോന്നു.

അമ്മാമൻ— എന്തെടാ! ഈ ദീനം വെച്ചുകൊണ്ട് എവിടെക്കെടാ! തെണ്ടാൻ പോയിരുന്നു്. പറ.

ഞാൻ— ഇനിക്കൊന്നുമില്ല. ഞാൻ തെണ്ടാനല്ലപോയതു്,

അപ്പാത്തിക്കിരി— എന്നാൽ പിന്നെന്തിനാം 'ഐഡഫാറം' വാങ്ങിച്ചതെന്തിനാ? നിങ്ങളെ ഇപ്പഴും ആമതന്നു് നാറുന്നുണ്ടല്ലോ.

പൊതികൊണ്ടുവന്നതു വേറെ ആവശ്യത്തിനാണെന്ന് പറയുവാനിടകിട്ടുന്നതിനു മുമ്പ് "ദീനമില്ലേടാ! എന്നാൽ ഞാനുണ്ടാക്കാം" എന്നുപറഞ്ഞു അമ്മാമൻ എറകോലിൽനിന്നു കന്നാലിക്കോലുരി കണ്ണുംമൂക്കുമില്ലാതെ എന്നെ തല്ലിത്തുടങ്ങി. ഞാൻ തുള്ളിച്ചാടി നിലവിളിക്കുന്നതിനിടക്ക് മടിയിൽനിന്നു ലക്കോട്ട താഴെവീണതു് അപ്പാത്തിക്കിരി എടുത്തു. നേരത്തെ നടക്കാനായിപ്പോയിരുന്ന കൃഷ്ണൻ എന്റെനിലവിളികേട്ടു കേറിവന്ന് "അച്ഛനെന്താ ഭ്രാന്തുണ്ടോ? ചുതക്കപ്രാപ്തിവന്നവരെ പിടിച്ചുതല്ലാമോ?" എന്നു ചോദിച്ചു. "ഇവനെന്താ ദീനംപറയാൻ" എന്നായി അമ്മാമൻ. അപ്പാത്തിക്കിരി കൃഷ്ണനോടു കാൎയ്യംപറഞ്ഞു് മനസ്സിലാക്കുന്നതിനിടക്ക് ലക്കോട്ടുമൂക്കിന്റെ അരുകത്തുകൊണ്ടുപോയി.

"മതിമതി. തല്ലിപ്പറയിപ്പിക്കേണമെന്നില്ല. ഇതു മടിയിൽനിന്നു വീണതാണ്. ഇതുകൊണ്ടു ദീനം വേറെ ആൎക്കും അല്ലെന്നു തീർച്ചയായി. ഒന്നു നാററിനോക്കു" എന്നുപറഞ്ഞു ലക്കോട്ടു കൃഷ്ണന്റെ കയ്യിൽ കൊടുത്തു.

ഞാൻ— ലക്കോട്ടിന്റെ ഉള്ളിൽ ആ പൊതിയുണ്ട്. അതുകൊണ്ടാണ് നാറുന്നത്. അല്ലാതെ ഇനിക്കു ദീനമുണ്ടായിട്ടല്ല.

കൃഷ്ണൻ— (നാററിനോക്കി മേൽവിലാസം വായിച്ചിട്ട്) ജ്യേഷ്ഠനെന്തിനാ പത്രാധിപൎക്ക് ഐഡൊഫാറം അയക്കുന്നതു ?

ഞാൻ— കൃഷ്ണൻ പറഞ്ഞിട്ടല്ലേ.?

കൃഷ്ണൻ— അല്ലാ. ഇപ്പോഴിതുഞാൻപറഞ്ഞിട്ടാണെന്നായോ?

അമ്മാമൻ— ഇവനെയിനി കൊല്ലണം കൃഷ്ണ! അത് പൊളിച്ചുനോക്കു എന്നുപറഞ്ഞ തന്റെമുണ്ട് എന്നെ പൂളിച്ചുതുടങ്ങി.

ഞാൻ— കഴിഞ്ഞകൊല്ലം എഴുതുമ്പോൾ ഈ പൊടി വിതറണമെന്ന എന്നോട കൃഷ്ണൻ പറഞ്ഞില്ലെ ?

ഇതുകേട്ട കൃഷ്ണൻ ലക്കോട്ട പൊളിച്ച എഴുത്തെടുത്ത നിവർത്തിയപ്പോൾ "പ്ലീസ്ഫോർവാർഡ്" ചെയ്യുന്നത് ഉത്തരത്തിൽ കണ്ട് ഞെട്ടിക്കണ്ടിന്ന ഫ്ലൈവീൽഫാറം ചെയ്യുന്നതാണല്ലെ ? എന്നുപറഞ്ഞ് ചിരിതുടങ്ങി. കാര്യം മനസ്സിലായപ്പോൾ അപ്പാത്തിക്കരിയും പങ്കുകൂടി. അമ്മാമൻ മിഴിച്ചുനോക്കുന്നു. എനിക്ക് തല്ലുകൊണ്ടതുമില്ലം. അന്നുമുതൽക്ക ഞാൻ ഇംഗ്ലീഷ് പഠിക്കുവാൻ ഉറച്ചു.

എന്ന തിരിച്ചിനാപ്പള്ളി.

൨൩൦.

(ഗുണദോഷം—ഗുണസാമാന്യത്തിനുള്ള ദോഷം.)

കാരുണ്യത്തിൻവിപാകം കഠിനതനമഹോ ചിത്രമത്രേ ചരിത്രം
സ്വാതന്ത്ര്യം ചേതസാം വിവേകാളുതകളെന്ന നശിപ്പിക്കുവാൻ കൃഷ്ണപക്ഷം
ആരിൽച്ചേർത്തുന്നവാറാം അധികമപനയം ചേർക്കുവാർ നാട്ടുകാരം
പാരാതിമറ്റിലോകം മമമൊട്ടു സമമായ്പന്ത മറൊന്നുദോഷം. 1
ആനന്ദം കണ്ണുകൾക്കേകിയുമിഹ വിതറും ചന്ദ്രന്റെ ഹന്താ കാ
ങ്കോന്തത്തിന്നുപാണിക്കൊക്കയുമതിവിതതുംശേഷമതിയും വ്യക്തമായി
ആന്നേ! ചേതന്നിതോറം തവഗുണമിനിയുണ്ടെങ്കിലും ഹാ മഹാന്യ
സ്ഥാനത്തെത്തും ഭവാനെപ്പോട്ടുപൊങ്ങവെടിവെക്കാതിരിക്കാൻ
തെളിയുകം 2
ശൌര്യത്തിന്നാദിബീജം ജഗതിമൃതപ്പെടുപ്പിന്നഹോ മൂല്യമൂലം
വീഴ്ച്ചചേതമെന്നാണധിപജനമഹാഹൃത്ത്രമെത്രമേ ! നി
ആസ്ഥീതിസൽഗുണഭാവംചലത്തിനിയുമുണ്ടെങ്കിലുംവെത്ര്യമപ്പോ
കാര്യാകാര്യപ്രബോധംകളയുമൊതമമനോൽകാതൽനല്ലവർക്ക്. 3
പൊന്നേകിടാതതാക്കാണതിമദമധികാരങ്ങൾ ചേർക്കാതതാക്കാ
ണെന്നോക്കാൽ നല്ലതെല്ലാമിതുപടിക്കാൻതന്നെയെന്തിന്നു പിഴച്ച
എന്നുള്ളിമല്ല്യചോദ്യത്തിനുമറുവടിയെന്തെന്നു ചിന്തിച്ചുചിന്തി
ച്ചുന്നംതോന്നിലിന്നിക്കോക്കുക ബുധവരരേ ! നിങ്ങൾനിന്നുള്ള
യോടെ. 4

പ്പുരത്തിന്നിമണ്ടട്ടത്തീട്ടുകഞ്ഞാണമഖിലം ദോഷമായുള്ളതെല്ലാം
ചാടത്തിന്നങ്ങുനീക്കീട്ടു നമ്പൂധവിധിയീമട്ടിലായിട്ടിരിക്കെ
പാരം ദോഷം ചെയ്യുമപ്പുങ്ങിയിലുണ്ടാമൂരിയിൽ തുള്ളിടും നിസ്സൂദ്രം
മനസ്സാരക്കേട്ടേറായുമീട്ടുലകിന്നമമമേളച്ചെയ്‌കെങ്ങുകെട്ടാതാൻ 5

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

തീവണ്ടി.

ഉൾക്കൊള്ളുന്ന ചരാചരങ്ങളുടലിലതാനേ വഹിച്ചാസ്ഥയാ
ദിക്കൊക്കെക്കഴലുതിർത്തരികളൊന്നായിഴിക്കൊണ്ടു മന്ദേതരം ।
പൃക്കാൽനാഴികകൊണ്ടു കൃത്തലകിലും ചുറ്റുന്ന തീവണ്ടിയ
ല്ലാസ്ലിൽ ചുമകംപുറംകിട്ടുമകടാർനിറൻ കണ്ണന്നർ കടാക്ഷിക്കണം ॥ 1
മുന്നിൽ കാണുമമന്നവർക്കു നിലപോലൊക്കെപ്പറന്നാകിലും
തന്നെക്കാണുമവർക്കനന്തരമനന്താനന്ദമുണ്ടാകിലും ।
മന്നാകെപ്പരിപൂർണ്ണമായിതുമെഴും തീവണ്ടിയല്ലാതിലാ
കണ്ണൻകാരൊച്ചിവർണ്ണന്നന്നിയനിശം നമ്മെക്കടാക്ഷിക്കണം ॥ 2
തിങ്ങും വെള്ളമുരുമ്പെപ്പോഴും തലയിലുണ്ടു സദാ ചുറ്റിമട്ടിൽ പരം
പൊങ്ങിപ്പൊങ്ങുമ്പൊഴുതു ചുറ്റുമഖിലം ഭൂതങ്ങളോടും സദാ ।
മെയ്യിൽ ദോശികളെ ധരിച്ചണയുമീ തീവണ്ടിയല്ലെങ്കിലാ
പ്പീയൂഷാംശികലാം കൈകതൊഴുചൂഡൻ നമ്മെക്കടാക്ഷിക്കണം ॥ 3
സന്തോഷം ജനതയ്ക്കു ചേർത്തവരിൽ നിന്നർത്ഥം വഹിക്കുന്നതും
ചിന്തിച്ചാലതിരില്ലയെന്നു പറവൂ ദേശാന്തരത്തിങ്കലും ।
പൂന്തന്നില്ലാതസംഗതാം കലയമീ തീവണ്ടിയല്ലെങ്കിലാ
സ്സന്താപനാപഹനായകാരൻ നിത്യം ജയിക്കുന്നതേ ॥ 4
ആശ്ചര്യം സാധിനാവില്ലാതൊന്നിലൊഴികിൽ തീരാതുള്ളുന്ന
പാച്ചാൻ
മാക്കന്നേരമിതങ്ങില്ലനിമിഷമനന്താതനില്ലില്ലപിന്നെ
നോക്കുന്നേരം വസ്തുവെന്നുതന്നിലുമതു പൊടിപാറിട്ടു ശബ്ദിച്ചു ചേരു
ന്നാക്കാൻ തീവണ്ടിപക്ഷേ മതകരിയധരാമത്തനെന്നോർത്തിടുന്നോ. 5

നടുവത്തു മഹൻനമ്പൂരി.

കേരളക്ഷിതിരത്നമാല.

—— : o : ——

ശൈലകാപസ്ഥിതം കർമ്മ ദ്വൈഗുണ്യഫലദായകം
ബ്രാഹ്മീം പൂർവ്വതരാംപ്രാപ്യ ദ്വിഗുണംകർമ്മണഃഫലം. ൧൩

പൂർവ്വഭൂമിയിൽ ചെയ്യുന്നകർമ്മം മൂന്നിരട്ടിച്ച ഫലംകൊടുക്കുന്നതും അപൂർവ്വതരാജ്യം ബ്രാഹ്മണന്റേതാണെങ്കിൽ ചെയ്യുന്ന കർമ്മം നൂറിരട്ടി ഫലം കൊടുക്കുന്നതും ആകുന്നു.

ബ്രാഹ്മണഃ പരമംദൈവം ബ്രാഹ്മണോദേവപൂജിതഃ
യസ്മിൻസന്തുഷ്ടമാത്രാന്തിതുഷ്ടിംസർവ്വാശ്ചദേവതാഃ. ൧൪

ബ്രാഹ്മണൻ ലോകത്തിങ്കൽ മുഖ്യദൈവവും ദേവന്മാർക്കുംപൂജ്യനും ആകുന്നു. യാതൊരു ബ്രാഹ്മണനിൽ ഉണ്ടാവുന്ന സന്തുഷ്ടികൊണ്ടു എല്ലാദേവകളും സന്തോഷിക്കുന്നു.

ശിലാകാഷ്ഠാദയോയേഷാം പ്രഭാവാദ്ദേവതൌജസഃ
ഭവന്തിചേതനാവന്തോ ദുഷ്കരംകിംദ്വിജന്മനാം. ൧൫

ഏറ്റവും നിസ്സാരമായ കല്ലുകൾ മരങ്ങൾ മുതലായവകൾക്കു കൂടി തങ്ങളുടെ പ്രഭാവത്താൽ നിഗ്രഹാനുഗ്രഹശക്തിയെ നൽകുന്ന ബ്രാഹ്മണർക്കു കഴിയാത്തകാര്യം എന്താണ?

ബ്രാഹ്മണപാദശുശ്രൂഷാം തസ്മാത്തേഷാംദ്വിജന്മനാം
പരമോധർമ്മഉക്തസ്യാൽ ക്ഷത്രവിട്ശൂദ്രജാതിഷു. ൧൬

അതുകൊണ്ടു ബ്രാഹ്മണരുടെ സേവ ക്ഷത്രിയ വൈശ്യ ശൂദ്രന്മാർക്കു പരമധർമ്മമാണെന്നു ശ്രുതിസ്മൃതികളാൽ പറയപ്പെട്ടിരിക്കുന്നു.

വർണ്ണാശ്രമപരിത്രാണം നിഗ്രഹശ്ചദുരാത്മനാം
മാനന്യായാർജ്ജനാദ്യേതി ക്ഷത്രധർമ്മഉദീരിതഃ. ൧൭

വർണ്ണാശ്രമസംരക്ഷണവും ദുഷ്ടനിഗ്രഹവും ദാനങ്ങൾ ചെയ്കയും ന്യായമായി സമ്പാദിക്കുകയും ക്ഷത്രിയധർമ്മമാകുന്നു.

അധർമ്മോവിപ്രസേവാസ്യാൽക്ഷത്രിയാണാംവിശേഷതഃ
വിശാമാർജ്ജനമർത്ഥസ്യ ദാനഞ്ചസ്യാന്മതം. ൧൮

ക്ഷത്രിയന്മാർക്കു ബ്രാഹ്മണോപകാരം മുഖ്യമായ ധർമ്മം ആകുന്നു. വൈശ്യന്മാർക്കു ധനംസമ്പാദിക്കുകയും ദാനംചെയ്കയും കൃഷി കച്ചവടവും മുഖ്യധർമ്മമാകുന്നു.

ശൂദ്രാണാമപിപ്രസവാസ്സ്യാൽ ശൂദ്രാസ്സമപിവിധാമതാഃ
ദാസാസ്സ്തേചവിപ്രാണാം ദാസ്യഞ്ചമപിവിധമതം. നൂൻ
വൈശ്യന്മാർക്കു വിപ്രസവയും ഉണ്ടു. ബ്രാഹ്മണദാസ്യം ചെയ്യുന്ന ശൂദ്രർ രണ്ടുവിധം. അവരുടെ ദാസ്യവും രണ്ടുവിധം.

ഉഗ്രാശ്ചവൃഷലാശ്ചാഥമപിവിധഃപാദയോഃമതഃ
ഉഗ്രസ്യശസ്ത്രദാസ്യംസ്യാദന്യസ്യപരിചാരണം. ൪൦

ശൂദ്രൻ രണ്ടുവിധം ഉള്ളതിൽ (൧) ഉഗ്രൻ (ശൂദ്രസ്ത്രീയിങ്കൽ ക്ഷത്രിയന്ന് ഉല്പാദിച്ചുണ്ടായവൻ). (൨) വൃഷലൻ. അതിൽ ഒന്നാമന്നു ആയുധമെടുത്തു യുദ്ധത്തിൽ സഹായിക്കുകയും രണ്ടാമന്നു ശുശ്രൂഷയും ആകുന്നു.

ഉഗ്രാസ്സുവർണ്ണാശ്രമരക്ഷണോചിതാ
സ്സൂക്ഷ്മാമയാം ധർമ്മവിദിതോബുധൈഃ
ശസ്ത്രോപഹതാപാലൃസമപിഭേദിനോ
ഗോവിപ്രദേവാലയലോകരക്ഷണം. ൪൧

ഉഗ്രന്മാർ വർണ്ണാശ്രമരക്ഷണയോഗ്യന്മാരാകയാൽ അവർക്കു ശസ്ത്രമെടുത്തു ദുഷ്ടനിഗ്രഹംചെയ്തു ബ്രാഹ്മണർ, പശുക്കൾ, ദേവാലയങ്ങൾ, ലോകം, ഇവരെ സംരക്ഷിക്കുന്നതു മുഖ്യധർമ്മമായി ബുധന്മാരാൽ പറയപ്പെട്ടിരിക്കുന്നു.

ഉഗ്രസ്തസ്മാൽ ക്ഷത്രബന്ധു
ർവ്വിപ്രസ്യദാസോപിചശസ്ത്രജീവി
നിത്യംദ്വിജാതേഃ പരിചര്യയൈവ
ദാസ്യംപ്രദിഷ്ടം വൃഷലസ്യകേന. ൪൨

ഉഗ്രൻശസ്ത്രദാസ്യംചെയ്യുന്നതുകൊണ്ടു ബ്രാഹ്മണദാസനാണെങ്കിലും അധികം ക്ഷത്രിയബന്ധുവാകുന്നു. വൃഷലന്നു നിത്യം ബ്രാഹ്മണപരിചര്യ (ശുശ്രൂഷ) കൊണ്ടുതന്നെദാസ്യം ബ്രഹ്മാവിനാൽ പറയപ്പെട്ടിരിക്കുന്നു.

ശൂദ്രാവുഭൌതൌവൃഷലോഗ്രസംജ്ഞൌ
ശ്രേഷ്ഠപ്രദിഷ്ടൌചതുരാനനേന
ഉഗ്രന്തയോശ്രേഷ്ഠതമം വദന്തി
സാമാന്യമേതൽപ്രഥമാചരാണാം. ൪൩

ഉഗ്രനെന്നും വൃഷലനെന്നും പറയുന്ന രണ്ടുവിധം ഉത്തമ ശ്രേഷ്ഠന്മാരാണെന്ന ബ്രഹ്മാവിനാൽ പറയപ്പെട്ടിരിക്കുന്നു. എങ്കിലും ഉഗ്രൻ വൃഷലനേക്കാൾ ശ്രേഷ്ഠതമൻ ആകുന്നു. പ്രഥമാവസ്ഥമായ ബ്രാഹ്മണന്ന ഇവര രണ്ടും ഒരുപോലെ താണവരാകുന്നു.

ക്ഷീരാദ്യപാദൈൽഭവമാൻക്ഷേത്ര
ധരാമിലിന്ദോൽപന്നയാമിതാന്തം
തേജപ്രവൃദ്ധിം പ്രചുരാം പ്രത്യക്ഷം
കരോതിസാന്നിദ്ധ്യമതോപരാണ്യ ൩൩

ക്ഷത്രിയവൈശ്യശൂദ്രന്മാർ ഇരിക്കപ്പോൾതന്നെ ബ്രാഹ്മണൻ പൂജകൊണ്ടു ദൈവങ്ങളുടെ തേജസ്സിനെ വർദ്ധിപ്പിക്കുകയും സാന്നിദ്ധ്യം വരുത്തുകയുംചെയ്യുന്നു. അതുകൊണ്ടു ക്ഷത്രിയവൈശ്യശൂദ്രന്മാർ താണവരാകുന്നു.

അപരാധക്ഷമാർത്ഥം പ്രീതിദത്തംതഥാപരെഃ
യൽ ഭൂമിപണ്ഡംതഥോധാലബ്ധ്വാന്യായവിദോവിദുഃ ൩൪

ലബ്ധ്വാ എന്നപറയുന്ന ഇതും രണ്ടുവിധം. അതിൽ (൧) താൻ ചെയ്ത അപരാധത്തെ ക്ഷമിപ്പാൻവേണ്ടി കൊടുക്കുന്നത. (൨) സന്തോഷംകൊണ്ടു കൊടുക്കുന്നത. ഇങ്ങിനെ രണ്ടു വിധത്തിൽ കിട്ടുന്നതിന്നും ന്യായവേദികൾ ലബ്ധമെന്ന പറഞ്ഞു വരുന്നു.

അപരാധംസഹിഷ്ണൂനാം നൃണാംതംപാദമേവ ഭൂതം.
തത്രാപക്ഷമസ്വകാര്യാർത്ഥ്യാമിതി മദ്ധ്യസ്ഥബ്രുവൻ ൩൫
സ്ഥാനംഭൂമൗതദ്രമദ്ധ്യെ സ്വപ്രഭൂണോപഹാരംവദൻ
ക്ഷമാപാസ്യപരിത്ര്യാസ്സ നാഥോഭവതികേരളേ ൩൬

അപരാധം ചെയ്യുവൻ അപരാധത്തെക്ഷമിക്കേണ്ടവന്ന ഭൂമികൊടുക്കേണ്ടുന്ന ക്രമത്തെ പറയുന്നു. അറിവില്ലായ്മകൊണ്ടൊ അറിഞ്ഞുകൊണ്ടൊ ഞാൻ നിങ്ങളോടു ചെയ്ത അപരാധത്തെ അങ്ങുന്ന ദയവുചെയ്തു ക്ഷമിക്കേണമേ എന്നപറഞ്ഞു സഭാമദ്ധ്യത്തിങ്കൽ താൻ കൊടുക്കാൻ നിശ്ചയിച്ച ഭൂമിയുടെ പേരുപറഞ്ഞു ഒരു കോലിനെ നാട്ടണം. അങ്ങിനെ ചെയ്താൽ അപരാധത്തെ ക്ഷമിക്കുന്നവൻ കേരളത്തിങ്കൽ ഭൂമിക്കു അധിപതിയായിത്തീരുന്നു.

തസ്മാനംപ്രദേയോഗ ബ്രാഹ്മണായതുപായച
ക്രിയതേപ്രഭവേരാജപ്രതിരൂപായ ചോത്തമം ൩൭

ഈ ദാനം ദേവന്നും ബ്രാഹ്മണന്നും രാജാവിന്നും രാജ പ്രതിരൂപന്മാരായ പ്രഭുവിന്നും ചെയ്യപ്പെടുന്നു.

യേവൈദേവാലയാജീവാന്യേന്നാകർവ്വന്തിപൂരുഷാഃ
അപരാധാക്ഷമാദാനം ഉദഃകേനാപിഹേതുനാ. ൧൭.
ചിരൈവമൂല്യന്തൽഭൂമിഃ
പ്രീതിദത്തേതികഥ്യതേ
... ...
... ... ൧൮.

ദേവാലയം കൊണ്ടു ഉപജീവിക്കുന്ന ജനങ്ങൾ ഒരു കാരണം കൊണ്ടും അപരാധക്ഷമക്കായി ഭൂമിയെ കൊടുക്കുന്നില്ല. വിലകൊടുക്കാതെ ആദേവാലയോപജീവികൾക്കു കിട്ടിയഭൂമിക്കു പ്രീതിദത്തം എന്നു പേർ.

മർത്ത്യോബുഭൂഷുർധരണീംയദാചേൽ
ഗൃഹാദ്വിനിർഗ്ഗത്യശുഭേമുഹൂർത്തേ
വിനീതധീഃപ്രാഭൃതദാനതുഷ്ടം
ക്ഷേത്രേശമപ്രാർത്ഥയതേത്ഥ്യപൂർവ്വേൽ ൧൯.

ഭൂമിവേണമെന്നു ആഗ്രഹിക്കുന്നവൻ രാവിലെ നല്ല മുഹൂർത്തം നോക്കിപ്പുറപ്പെട്ടു ആ ഭൂമിയുടെ അധിപതിയെ തിരുമുൽക്കാഴ്ച കൊണ്ടു സന്തോഷിപ്പിച്ച് വിനീതബുദ്ധിയോടുകൂടി അവൻ ആവശ്യപ്പെടുന്ന ഭൂമിയെ അപേക്ഷിക്കണം.

അത്രസപ്തവിധാദാനം പ്രോക്തം ഭൂമേർമ്മുനീശ്വരൈഃ
സപ്താവകാശാധരണീ സാമാന്യാസമുദീരിതാ ൨൦.

ഭൂമിയുടെ ദാനം ൭ വിധമായി മുനികൾ പറഞ്ഞിരിക്കുന്നു. സാധാരണയായി ഭൂമിയിങ്കൽ അവകാശം ൭ വകയുണ്ടു.

തലാക്ഷൾക്കമുദീരിതം ഹിരണ്യോദപ്രാഗാന്യപ്രബോധനം
സപ്പ്രാരാതിപദം ദ്വിതീയമപരം പൃഷ്ഠാഹ്വയം കീർത്തിതം
തത്ഥ്യദ്രവ്യാഭിധാനം (സ്വ) മുനിഭിരുദിതം പഞ്ചമം കേവലാര്യം*
ഷഷ്ഠംസോമകമാനമേവസദൃശീനാമ്നാപ്രവൃത്തിഃസാ ൨൧.

ഭൂമിക്കു സവിധം ആധാരങ്ങൾ ഉണ്ടു. അവയിൽ ൧. ആദ്യ ഹിരണ്യോദകം. ൨. സപ്പ്രാരാതിപദം. ൩. പൃഷ്ഠം. ൪. തത്ഥ്യ

* വൃത്തത്തിൽ വ്യത്യാസം കാണുന്നത അച്ചടിപിശകാകാം.

ദ്രവ്യം. ൩. കേവലം. ൪. സോദകമാനം. ഇങ്ങിനെ ൫ ആധാരങ്ങൾ ഉ പറയുന്നു. ൧൦ പ്രകാരങ്ങൾ അവാന്തരങ്ങൾ ആകുന്നു. അതിൽ ഒന്നാമത കാണം (വേറെ ഒരുവിധമായി ആപ്തിപ്പെടുന്നതു) രണ്ടാമത്തേതു (സപ്തമത്തിൻെറ ശത്രുവിൻെറസ്ഥാനം — മാതിരി അല്ലെങ്കിൽ സപ്തമേശപാപശത്രുസ്ഥാനം). മൂന്നാമത് വറിക്കന്ന്യം നാലാമത്തെ പൂ... (ത്രി... പുതൽ, നേർത്തതു). അഞ്ചാമത്തെന്നം പണയം (കേവലം — ഉദകമാനമാത്രാവശിഷ്ടം) ആറാമത ഇന്നം. ഇതിന്റെ ... ആധാരങ്ങളുണ്ടു.

ദ്വിധാധരിത്രീസ്ഥിരചഞ്ചലാഖ്യാ
തത്രാദ്യമുക്ത്യം ദ്വിവിധാ കരോത്യാഃ
പുഷ്പാദ്യശാഖ്യന്നഭവാ വരിഷ്ഠാ
... സമ്പൂർണ്ണകരം ... ൩൫.
ഭൂമിദ്വിതീയാകില നാളികേര
ഹിന്താലപൂഗൈശ്ച തഥൈവ വൃക്ഷൈഃ
തഥാമരീച്യാദിലതാസമൃദ്ധൈ
ർല്ലോകോപകാരൈരമിതൈരുപേതാ ൩൬.

ഭൂമി സ്ഥിരമായിട്ടും ചഞ്ചലമായിട്ടും രണ്ടുവിധത്തിൽ ഉണ്ടു. ഒന്നാമത്തേത് നെല്ലുണ്ടാവുന്നതും എള്ളുകൊള്ളുവും പുഷ്പമായി നികത്തിയുള്ളതും നിത്യമായിട്ടുള്ളതും ആകുന്നു. രണ്ടാമത്തേത തേങ്ങ കവുങ്ങ് മുളക വള്ളി മുതലായ ലോകോപകാര വൃക്ഷങ്ങൾ ഉള്ളതാകുന്നു. ഈ രണ്ടുതരം ഭൂമിക്കും വിലയും കല്പവും രണ്ടുവിധമാകുന്നു.

കാണസ്വാതന്ത്ര്യനിധിസഹിതരോചിക്ഷേയാൽ
ഭാഗം പണം സ്ഥിതിമിതം പ്രവദന്തിസന്തഃ
ന്യൂനാതിരിക്തമിതയേ ... സ്യ
ദ്യുതത്രതത്രവിഹിതാഖില കാര്യമസ്യാഃ ൩൭.

രേഖാമാറുള്ള ഇതുപതിപ്പണത്തുക സാദ്ധ്യത്തിന്റെ പതിനെട്ടിലൊരുഭാഗം പണം എന്നു പറയപ്പെടുന്നു. ഇതിൽ കച്ചു ആധിക്യവും ന്യൂനതയും, ഉ... ഉണ്ടു. അവരവരാദേശങ്ങളിലും ആചാരങ്ങളിലും പ്രസിദ്ധങ്ങളാകുന്നു.

* കാൎത്തസ്വരം വരാപണതുല്യം സുവൎണ്ണം. ശ്രുതി—ദ്രവ്യം നി
ധി—ൻ ഇരുപതാത്താപണം രാശിപ്പണം ആയിരിക്കണം.

തുലാശതാംശശ്ച പലമതോംഘ്രിഃ
കൎഷസ്തതസ്ത്ര്യംശമിഡം വദന്തി
ഇഡസ്യ പാദത്രിതയം സുവൎണ്ണം
തദ്ദ്വാദശാംശഃ പണതുല്യ ഭാരഃ. ൫൭

തുലാത്തിന്റെ നൂറിലൊരു ഭാഗം പലം. ആ പലത്തിന്റെ നാലിലൊരു ഭാഗം കൎഷം. ആ കൎഷത്തിന്റെ മൂന്നിലൊരു ഭാഗം ഇഡം. ആ ഇഡത്തിന്റെ മുക്കാൽഭാഗം സുവൎണ്ണം. അതിന്റെ പന്ത്രണ്ടിലൊരു ഭാഗം പണതുല്യമെന്നു പറയപ്പെടുന്നു.

വിദ്വൽഭിഃ ക്ഷേത്രനാഥോപി സചിവൈൎന്നിജകൎമ്മിണീം
ശുഭേ മുഹൂൎത്തേ സംവീക്ഷ്യ പ്രകുൎയ്യാൽ കൎമ്മനിൎണ്ണയം. ൫൮

ഭൂമ്യധിപതി വിദ്വാന്മാരായ തന്റെ കാൎയ്യസ്ഥന്മാരോടു കൂടി തന്റെ ഭൂമിയെ നല്ല മുഹൂൎത്തത്തിങ്കൽ നോക്കി കൎമ്മ (ജലഭാഗം) നിൎണ്ണയം ചെയ്യണം.

ഭൂവീക്ഷണേ യാമ്യഹുതാശനാൎദ്രാപൂൎവ്വാ
സ്സാൎപ്പേന്ദ്രശക്രരജനീചര കേതുവാരാഃ
ഗണ്ഡാന്തവിഷ്ടിവിഷസൎപ്പശിരോപരാഗ
ചക്രസ്ഥിതാശ്ച കരണാ അപി വൎജ്ജനീയാഃ. ൫൯

ഭൂമിനോക്കുവാൻ ഭരണി കാൎത്തിക തിരുവാതിര പൂരം പൂരാടം പൂരുരുട്ടാതി, ആയില്യം, തൃക്കേട്ട, വിശാഖം, ഇന്ദുവാരം കേതുവാരം ഗണ്ഡാന്തം വിഷ്ടി, വിഷം അഹിശിരസ്സ് ചക്രസ്ഥിതങ്ങളായ കരണങ്ങൾ, ഉൽകാ (കൊള്ളിമീൻ) ഗ്രഹണം മുതലായ ദിവസങ്ങൾ വൎജ്ജിക്കേണം.

ശുഷ്കാണി പക്വാനി ശുഭകൎത്തിനി
ഫലാനി ബാലാന്യപി ലഞ്ചിതാനി
ദൃശ്യേത തസ്യാണി ജരാമഭാഗം
ശിഷ്ടം മേവേൽ ക്ഷേത്രപതേസ്സുഖേദം. ൬൦

ദേവീവ്യപാശ്രയസ്തോത്രം.

തെല്ലല്ലെന്നാനന്ദിച്ചോരു മുതിതപദം നിക്ഷ്ടതിയേറ്റുമാളാ
കില്ലുള്ളോ ധർമ്മശാസ്ത്രങ്ങളിലെവിധിമഹാത്മ്യമുമയോഗികാംക്ഷം
ചൊല്ലേറീടും പരേതാധിപഭടനികരത്തിന്നുമക്കാലമന്തോ
ചൊല്ലുന്നുകാലകാലപ്രണയിനി പരിരോധിക്കുകൊടിയപാപം 1

ശ്രീമൂലം പാപജാലം പലതുമഹമുപാർജ്ജിച്ചു കെല്ലുള്ളവണ്ണം
ശ്രീമൂലം വന്നിടായ്വാനൊരുതരമിനിന്ന്യാകിഴില്ലൊക്കിലൊന്നും
ഹാമൂലംവാമദേവപ്രണയിനി ചതുരോ പാതകംഹാതവാംഘ്രി
ശ്രീമൂലംവിട്ടപോയകാലമിയന്ന സകാധാ സമാചന്ദ്രതാരം 2

സൽപ്പാത്രത്തിലൊഴിച്ചതില്ലൊരുതവിത്തൊന്നും ഗുരുശ്രീപദ
പ്പോല്ലാമെന്നതുപോലുമില്ല സമയേ ചൈതീലസന്ധ്യാർച്ചനം
കേൾപ്പൂ യമരാജകിങ്കരപ്രൌഢപ്യാപാരഘോരാമയം
നിൽപ്പാനുള്ളമതന്നമൊന്ന കരുതിയില്ലമ്മേശിവമോചനം 3

ചെയ്യേണ്ടുന്നതുചെയ്തിടാതെയുമകൃത്യങ്ങളെ പ്രവൃത്തിച്ചുമ
ന്നയ്യോ ദൈവനെയോർത്തില്ല നരകമൃത്തിൽകഴിഞ്ഞിച്ചിടം
പയ്യെസ്ഥാവരതിൽ ഗ്രാമിജനനം കൈകൊണ്ടുകാലാത്യയേ
കയ്യിൽകിട്ടിയമർത്ത്യമൈതിരികയംമാം തള്ളുന്ന താണോന്നമേ 4

ബ്രഹ്മാവിൻറയുമന്തകൻറയുമഹോ ഡിപ്പാട്ടമെണ്ടിൽകിട
ന്നമ്മേഞാൻ തിരിയുന്നിതേത്രയുഗമായെന്നാണിതിൻമോചനം
ധർമ്മാധർമ്മപരീക്ഷണങ്ങളിനിമേൽ കാലൻറ കച്ചേരിയിൽ
ചെമ്മേഹാജരിനിസ്സുളച്ചതമണേ തത്വാർന്നം കർണ്ണം 5

ഞാനെന്നോചേന്നമായാമോഹതവകളിയോഗത്തിലെ
റെതാക്കവേഷം
മാനംകൂടാതെകെട്ടീശിവശിവപലമേതൊക്കയും ചെല്ലിയാടി
നാനായാസാൽതളന്നേൻ നടനരസമൊടീപ്പണ്ടവുംകൂടിയാടി
പ്പാനൊക്കില്ലശിവേതകിടകിടതികിതാനിതിമേറ്റുത്തമെല്ലാം 6
ഞാനാരാണെന്നുനിന്നാണിഹവരവെവിടയ്ക്കാണിനിപ്പോക്കസാധി
പ്പാനെന്തെല്ലാമിനിക്കണ്ടിവിടമതിൽ മമപ്രേരണക്കാരനാരോ

സ്ഥാനം പ്രാപിതേതാണൊരുവിപദവുമില്ലി് അതിരകി
അതിരില്ലോ
ന്യൂനാംകല്പിച്ചിതിന്നപ്പുറമതുമമ കാണിയ്ക്കുകാണിയ്ക്കുതായേ 7
സൃഷ്ടിച്ചു മർത്ത്യദേഹം വിധിവിധുരപിമാക്കിച്ചുമല്ലാത്തവേഷം
കെട്ടിച്ചു വിത്തസമ്പാദനമതിൽ വഴിമുട്ടിച്ചു മുട്ടിച്ചു ചിത്തം
പൊട്ടിച്ചു ഗേഹബന്ധം മമ ശവമധ്യേ ഞെരുക്കുള്ള പോതം
പെട്ടിച്ചു ഞാൻ ജയിച്ചു ജനനിതവ കടാക്ഷങ്ങൾ കണ്ടോൻ കിടച്ചാൽ 8
ധാതാവിൻശല്യനാള പറഞ്ഞതു കെട്ടതില്ലേ തവ പാദാബ്ജം ഗോമ
ന്യാതാവേ ശമൊന്നും പറയതെ ചെറുതിലേവ്യയാഖ്യാംശമേ
വിതായാസമൊഴിയ്ക്കുമേ യമപുരസ്ത്രീശർച്ചാരുക്ഷമാ
യാതായാതവിഷാദഭാരമതിനായിന്നോ തൊഴുന്നേനമേ 9
മൊന്നാകുന്നതു നീ ശിവേ ചതിയാണിട്ടുന്നതിന്നോർക്കുമോ
നാനാദിക്കുകളിൽ പ്രകാമമിഹ തേ വാസസ്ഥലാന്വേഷണം
സ്ഥാനാദിക്രമമെന്റെ കൊണ്ടു തവ കഷ്ടത്തിനെന്നില്ലൂന്നതൊൻ
ദ്ധ്യാനാഭിക്രമണാൽ പൊരുതവിതതം നിന്റെ പ്രസാദിയ്ക്കണേ. 10

വെങ്കര നീലകണ്ഠൻനമ്പൂരി (രാജാവ്)

ഒരു വിലാപം.

വൃ.

൧. ഒരുകുളിരെയവർ കിട്ടുവാൻ
പെരുതാകും കൊതിപൂണ്ടനേകനാൾ
പുരുപുണ്യശതങ്ങൾ ചെയ്തതാ
നരുളുന്നോക്കുമിപ്പതില്ലഹോ.

൨. പുരുഷൻ തിരയാറുഹന്ത! നി—
ഷ്ഠുരരായിശ വിചാരമെന്നിയേ
നിജസന്തതി നാശമാകുവാൻ
വിജനേ പേയകൾചെയ്യുന്നാരതം

൩. മരുവും മനുജർക്കെ കളേ
ട്ടുളവാകുന്ന മുറകൾ പിന്നെയും
അളവാറിയനിക്കവീട്ടില
ജനമാസനത്തിനൊരാളുമില്ലഹോ!

൬. ഒരുകാശിനുപോക്കുവിട്ടഹോ!
കരിനാം ? കഷ്ടതതൻ നികൃഷ്ടമാം
പലനിഷ്ഠുരതയ്ക്കധീനമായ്
മരവും മാനുഷർതന്നവസ്ഥയോ ?
൭. ഒരുവീട്ടിലെ പാത്രത്തിൽപ്പരം
പുരുഷാരം നിജമെ പുലർത്തുവാൻ
പണിചെയ്യുതിനായിടാതെ പ
ട്ടിണിതൻ ഭക്ഷണമായ് ജനിപ്പിതു
ൻ.
൮. ഒരുനാഴികകൊണ്ടൊരാതപാർത്ഥരായ്ക്കൾ വൻ
കടലിന്നക്കരെയണച്ചിടാം;
എതിരിയുടെ കൂട്ടുവിട്ടിനി
പ്പുതരോഗാസ്പദ മീപരമ്പകിടാം;
൯. അകലത്തിരിയോഗമെത്തുവാൻ
തനിയേ പോരുമൊരു വണ്ടിനമ്പകിടാം;
ഗഗനേ പറവു പക്ഷമെന്നിയേ
ഗമനം ചെയ്യുതിനും തുണച്ചിടാം;
൰. പലകൃത്രിമ സൂത്രമെത്രയും
സുലഭം തീർപ്പതിനായുഴിഞ്ഞിടാം;
അധികാലമതിർക്കക്ഷതവീ
ണവകം മർത്ത്യർ നശിച്ചിടുന്നഹോ;
൰൧. കലയാനകളേ മതങ്കിനാ
ല്ലടിമപ്പാട്ട കൊടുത്തിടുന്നവർ
കടുകാലമതിന്നു ഹാ! ബലാ
ലടിമപ്പെട്ടു കഴിഞ്ഞിടുന്നിതാ.
൰൨. ഇതരാപദരം വളർത്തുവാൻ
കരതീർത്തോ നരനേകിയീശ്വരൻ
പരജീവികളുള്ളവങ്ങളായ്
പലവൈചിത്ര്യമേറ്റം ഉണ്ടല്ലേ ?

(തുടരും) സി. എസ്. സുബ്രഹ്മണ്യൻ പോററി.

ഒരു ദുൎമ്മരണം.

ണും പിന്നിലുള്ളവൻ സ്ലേഷനാപ്പരെ മാറത്തു താങ്ങിക്കൊണ്ടു മലന്നുവീണതും ഒരേ ഞൊടികഴിഞ്ഞു. ആ കിടപ്പിൽ സ്ലേഷനാപ്പർ മറേറവന്റെ അരക്കെട്ടിൽ ഒരു പിടുത്തംപിടിച്ചതോടുകൂടി കൈകാൽ രണ്ടും അയഞ്ഞു. തത്സമയം മാസ്റ്റരമേനോൻ പിമ്പു മറിഞ്ഞ മററവന്റെ തലക്കൽ ചെന്നുനിന്നു. അവന്നു് പിടച്ചെഴുന്നീററു അടിഉറപ്പിക്കുവാൻ ഇടകിട്ടുന്നതിന്നുമുമ്പ കാലുവച്ച് അവനെ കമിഴ്ത്തിവീഴിച്ചു. തൽക്ഷണം എതിരാളിയുടെ കൈകാൽ നിലത്തൊട്ടുചേർത്തു പിടിച്ച സ്ലേഷനാപ്പർ അവന്റെ പുറത്തുകയറി ഇരിപ്പായി. അവിടെ ഉയർന്നുകൊണ്ട കാര്യംപറയിക്കുവാൻ ഉള്ള ആലോചനയുണ്ടായപ്പോൾ കിടന്നിരുന്നവൻ എടുത്തിരുന്ന വിദ്യ സ്ലേഷനാപ്പർ വിചാരിക്കാത്തതുകൊണ്ടുള്ളതായിരുന്നു. അരക്കെട്ടുമുതൽ പെരുവിരൽവരെ വില്ലുപോലെ മേലുകൂട്ടാതെ വളച്ച കാലിന്റെ പാദങ്ങളെ ബലമായിട്ടു സ്ലേഷനാപ്പരുടെ കക്ഷങ്ങളിൽതിരുകി പെട്ടെന്നു പൊക്കി പിന്നാക്കം ഒരേറു കൊടുത്തു. അതോടുകൂടി സ്ലേഷനാപ്പരും തലപ്പാവും തമ്മിൽ വേർപിരിഞ്ഞ ശത്രുവിന്റെ സമീപത്തുനിന്നു ഏകദേശം ഒരു ദണ്ഡ അകലെ ചെന്നുവീണു. സ്ലേഷനാപ്പർക്കു് കരതിവീഴുവാൻ സംഗതിവരാത്തതുകൊണ്ടു വീണേടം പുല്ലുള്ള മണൽപ്രദേശമല്ലായിരുന്നുവെങ്കിൽ പരുക്ക് ധാരാളം പററുമായിരുന്നു. ഈ വീഴ്ചയിൽനിന്ന രക്ഷപ്പെട്ട സ്ലേഷനാപ്പർ എഴുന്നീററപ്പോൾ എതിരാളിയും എഴുന്നീററു തിരിഞ്ഞുനോക്കി ഓടുവാൻ തുടങ്ങി. സ്ലേഷനാപ്പരും പിന്നാലെ പാഞ്ഞു. നദീതീരത്തുകൂടി കുറച്ചുനേരം ഇങ്ങിനെ ഓടിമത്സരിച്ചതിന്റെശേഷം നിശ്ചയമായിട്ടും പിടികിട്ടും എന്നു കണ്ടു മററവൻ വെള്ളത്തിലേക്കിറങ്ങി. ഓട്ടംവഴി അഴിച്ചു തയാറാക്കിയിരുന്ന കുപ്പായം വലിച്ചെറിഞ്ഞ മാസ്റ്റരമേനവനുംകൂടെച്ചാടി. മൊട്ടിന്നവെള്ളത്തിൽവച്ച് "പേടമിററത്തുകളത്തിൽ ഒളിച്ച പയ്യാറിയ മൊട്ടു അല്ലേടാ ഇതു ?" എന്നു ചോദിച്ചുകൊണ്ടു അവനെ പൊന്തിപ്പിടിച്ചു കരയ്ക്കുവച്ചതു്, മല്ലയുദ്ധത്തിന്നിടക്കു അര

ഷെട്ടിൽനിന്ന അല്പം പുറത്തേയ്ക്ക തള്ളിപ്പോന്ന ഒരു പടിക്കെട്ടി ന്മേലാണ. സ്ലേഷനാപ്പർ പടിക്കോളവലിക്കപ്പെട്ടതപ്പോഴ്,

പ്രേമന്റെ കൊള്ളേമാണെന്നായാലും മൊസ്സ കളവിൽചതി ചെയ്യില്ല എന്നാണേ" എന്നപറഞ്ഞ പടിക്കോട്ടത്തട്ടിപ്പറിക്കുവാൻ ഉത്സാഹിച്ചതിൽ ഉള്ളിലുള്ള എഴുത്ത മൊസ്സവിന്റെ കയ്യിലും പടിക്കോട്ട സ്ലേഷനാപ്പരുടെ കയ്യിലും പെട്ടു. ഉടനെ മൊസ്സ എഴുത്തുചുരുട്ടി കീശയിലാക്കി അടുത്തുള്ള നായിന്റെ കയ്യതിലേക്ക ചാടിക്കളഞ്ഞു. സ്ലേഷനാപ്പരും അവന്റെ പുറകെചാടി അന്വേഷിക്കിൽതന്നൊതാണു.

പത്താമദ്ധ്യായം.

ഉത്തമപുരുഷന്മാരുടെ
ചിത്തവൃത്തികളറിവതിനാരു
നൽത്താരിലുണ്ടുതരം
സത്യസന്ധിതി പാർക്കിലാർക്കുമാം.

ഉത്തരരാമചരിതം.

പിറ്റേദിവസം പകൽ പത്തുമണിക്കുശേഷം സ്ലേഷനാപ്പരുടെ ശിഷ്യൻ ചക്രമേശ്വരൻ അദ്ദേഹത്തിന്റെ വാസസ്ഥലം വിട്ടുപുറപ്പെട്ടു വഴിപോക്കരെ ശ്രദ്ധിച്ചുകൊണ്ട് പുറപ്പെട്ടു സ്ലേഷനാപ്പരെ തേടുവാൻ തുടങ്ങി. അന്നേദിവസം ചക്രമേശ്വരൻ കേറിച്ചെല്ലാത്ത വീടുകളും കടകളും കുടിലുകളും എത്രവുള്ളത് ദേശത്തുണ്ടോ എന്ന സംശയമാണ്. പ്രത്യേകിച്ച സ്ലേഷനാപ്പർക്ക പരിചയമുള്ള ദിക്കിലെല്ലാം തന്നെ നിഷ്ഠയോടുകൂടി അന്വേഷിച്ചു. ഇതുകൊണ്ട യാതൊരുപകാരവും ഉണ്ടായില്ല. അദ്ദേഹം എവിടെയാണെന്ന് സ്പഷ്ടമായ വിവരം ഒന്നും ഉണ്ടായില്ല. ഓരോരുത്തർ അവരവരുടെ ബുദ്ധിയുടെ ശക്തിക്കനുസരിച്ച് ഓരോരീതി മറുപടിയാണ പറഞ്ഞതെങ്കിലും മിക്കവരുടെയും വാസ്തവിക അഭിപ്രായം 'കണ്ടില്ല, അറിഞ്ഞില്ല' എന്നുതന്നെ. എന്നാൽ കോടതികാര്യങ്ങൾക്കു പോയിരുന്ന ചിലർ, കുഞ്ഞിരാമൻനായരും കണാരൻനായരും സ്ലേഷനാപ്പരുംകൂടി കോടതിയിൽനിന്ന പടിഞ്ഞാട്ടുപോകുന്ന കണ്ടുവെന്ന പറഞ്ഞവരുമുണ്ട.

ഇത വിശ്വസിച്ച ചക്രമേശ്വരൻ വൈകുന്നേരം അഞ്ചുമണിയോടുകൂടി കോടതിവഴിക്ക് അന്വേഷിച്ചപോകുവാൻ ഉറച്ചുപുറ

പ്പെട്ടും കൂട്ടിന്ന ചില പരിഹാരങ്ങളും ഉണ്ടായിരുന്നു. ഉപജീവ
നം ചോദിക്കയോ എന്ന ഭയപ്പെട്ടും വ്യസനിച്ചും കഴിഞ്ഞുകൂടിയിരു
ന്ന കൃഷ്ണൻെറ പേരിൽ കേവലം അനുകമ്പകൊണ്ടാണോ ഇവർ
ആയാളെ അനുഗമിച്ചിരുന്നതെന്ന തീൎച്ചയില്ല. എന്തെങ്കിലും വി
ശേഷവിധിയായ ഒരു സംഭവം നടക്കുമ്പോൾ സ്വസ്ഥന്മാരുടെ
സ്വസ്ഥവൃത്തിക്ക ഭംഗംവരുത്തി അവരെ ഇളക്കിത്തീൎക്കുന്നതായ
ഒരുമാതിരി വാസനാവിശേഷംകൊണ്ടെന്നെ ഈ കൂട്ടരുടെ കാൎയ്യ
ത്തിൽ ഊഹിക്കുവാൻ തരമുള്ളു. കിട്ടുണ്ണിമേനവൻെറ ദുർമ്മരണം
കഴിഞ്ഞിട്ട് അധികം ദിവസമായില്ല. അങ്ങിനെയിരിക്കുമ്പോൾ
ആ കേസ്സിൽ ഒതുങ്ങിവെട്ടുവാൻ ഉത്സാഹിച്ചിരുന്ന ഒരു സ്റ്റേഷ
നാപ്പർ പതിവിൻപടി വീട്ടിൽ ചെന്നിട്ടില്ലെന്നല്ല തീൎച്ചയായി
ട്ടും വൈകുന്നേരം വീട്ടിലെത്തുന്നതാണെന്ന പ്രത്യേകിച്ച പറഞ്ഞു
പോയിട്ട് അതുപോലെ ചെയ്യാതിരിക്കുകയും യാതൊരു വിവര
വും അറിവുകൊടുക്കാതിരിക്കുകയും ചെയ്തിരിക്കുന്നു. വിശേഷിച്ച
സ്റ്റേഷനാപ്പർ കോടതിവിട്ട പടിഞ്ഞാട്ട പോകുന്ന കണ്ടവരും ഉ
ണ്ട. ഇതിൽനിന്ന വല്ലതും കൊള്ളിശ്ശോഷിക്കുവാൻ വകയുണ്ടാവു
മെന്ന വിചാരവും ഈ കൂട്ടൎക്കുണ്ടായിരുന്നു. അല്ല, മറ്റുവിധത്തി
ൽ പ്രേരിപ്പിക്കപ്പെട്ടവരും ഈ കൂട്ടത്തിൽ ഇല്ലെന്നില്ല. കൃഷ്ണ
ൻെറപക്ഷം യജമാനൻ ഒരു കാലവും വാക്കുതെററി നടക്കുക പ
തിവില്ലാത്തതുകൊണ്ട ഈ സംഭവം സംശയത്തിന്ന ഇടയാക്കി
ത്തീൎത്തിരിക്കുന്നുവെന്ന മാത്രമായിരുന്നു.

ഇവരെല്ലാവരുംകൂടി പെരുവല്ലാപ്പാലത്തിനടുത്തെത്തിയപ്പോ
ൾ അവരിൽ ഒരു വിദ്വാൻ,

“അതാ ഒരു തലപ്പാവ കിടക്കുന്നു” എന്നപറഞ്ഞു.

ഒരക്ഷരംപോലും ശബ്ദിക്കാതെ എല്ലാവരുംകൂടി ആ സ്ഥലത്തേ
ക്കിറങ്ങി. കൃഷ്ണന തലപ്പാവുകണ്ടപ്പോൾ സംശയമുണ്ടായില്ല. ഒരു
നോട്ടത്തിൽ അത യജമാനൻേറതാണെന്ന മനസ്സിലായി. അടുത്തു
പലദിക്കിലും രണ്ടോ രണ്ടിലധികമോ ആളുകൾകൂടി ലഹളകൂ
ട്ടീട്ടുള്ളതായ ലക്ഷണങ്ങളും കാണ്മാനുണ്ട്. അതുനോക്കിക്കൊണ്ട
കരക്കുചെന്നപ്പോൾ രണ്ടുപേരുംകൂടി ഓടീട്ടുള്ള പാടുകണ്ടുതുടങ്ങി.

അതിനോ പിന്നുന്നെ കുറേക്കൂടിച്ചെന്നപ്പോൾ ഒരു കുപ്പായം കിടക്കുന്നതുകണ്ടു. അതും സ്നേഹനാപ്പരുടേതാണെന്ന ശിഷ്യൻ വിധിച്ചു. കുപ്പായം കിടന്നിരുന്നത വെള്ളത്തിനോട വളരെ അടുത്തിട്ടായിരുന്നു. അത് മഴവെള്ളംകൊണ്ടും പൊഴവെള്ളംകൊണ്ടും നനഞ്ഞിട്ടുകൂടിയുണ്ട. കോലാഹലത്തിന്റെ സൂചനകൾ കുപ്പായം കിടക്കുന്നസ്ഥലത്ത അവസാനിച്ചിരിക്കുന്നു.

ശിഷ്യൻ കുപ്പായവും തലപ്പാവും കണ്ടുകെട്ടുന്നത് ഇൻസ്പെക്ടർ വന്നിട്ടുണ്ടോ എന്ന് അറിവാൻ ചേരിപ്പറമ്പിലേക്കു തിരിച്ചു. കൂട്ടരിൽ ചിലർ പിന്നാലെതന്നെ പുറപ്പെട്ടു. ചിലർ എളവല്ലൂർക്കും തിരിച്ചു.

ഇൻസ്പെക്ടർ കുഞ്ഞിമേനോൻ അരമണിക്കൂറോടുകൂടി ചേരിപ്പറമ്പിൽ എത്തീട്ടുണ്ടായിരുന്നു. പരമേശ്വരൻവന്നു വിവരം ബോധിപ്പിച്ചപ്പോൾ ഒരു നിമിഷം കളയാതെ കുപ്പായവും തലപ്പാവും കിടന്നിരുന്ന സ്ഥലം പരിശോധിപ്പാൻ പുറപ്പെട്ടു. അവിടെ ചെന്ന പരിശോധനകഴിച്ചു, നദീതീരത്തുകൂടിപ്പോയി ശവം വല്ലടിക്കിലും അടിഞ്ഞുകിടക്കുന്നുണ്ടോ എന്ന നോക്കിവരുവാൻ രണ്ടു പോലീസ്സുകാരെ കല്പനയും കൊടുത്ത് എളവല്ലൂർക്കു പരമേശ്വരനേയും കൂട്ടിക്കൊണ്ടുപോയി. അവിടെച്ചെന്ന സ്നേഹനാപ്പരുടെ വാസസ്ഥലം മുദ്രവെച്ചു ശിഷ്യന്റെ കയ്യിൽനിന്ന താക്കോലും വാങ്ങി രാത്രി പത്തുമണിയോടുകൂടി ചേരിപ്പറമ്പിൽ തിരികെ എത്തി. പരമേശ്വരൻ ഇൻസ്പെക്ടരുടെ കല്പനകൊണ്ട ചേരിപ്പറമ്പിൽതന്നെ അത്താഴവുംകഴിച്ചു കിടന്നു.

പുലകാലത്ത ദുർവ്വാചൂടി പൊരുംതൊരു സന്ധ്യക്കു തെരുവാൻപോയി എന്ന കാറ്റത്തിന്മേൽ ദേവകികുട്ടിയെ പടിപ്പുരമുറിക്കകത്ത് ഇട്ടുപൂട്ടിയിരിക്കുകയായിരുന്നു. കാലത്തു കഞ്ഞികുടിക്കുമ്പോൾ പകുതി വയറോടുകൂടിയാണ് അച്ഛൻ വലിച്ചിഴച്ചുകൊണ്ടുപോയത. അതിൽപിന്നെ ജലപാനം കൊടുത്തിട്ടില്ല. ദേവകിക്കുട്ടി മുറിക്കകത്തു കടന്നതുതന്നെ ഇച്ഛിൽകയ്യും ചുരുട്ടിപ്പിടിച്ചുകൊണ്ടാണ്. കണ്ണീരുകൊണ്ട കൈകഴുകിയാൽ ശുദ്ധമാകുമെങ്കിൽ അതുമാത്രമല്ല ചെയ്തിട്ടുള്ളൂ. അരിൽ കളിതന്നെ കഴിഞ്ഞിരിക്കുന്നു.

പലവക.

(പുസ്തകപരിശോധനം)— [illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]

[illegible]


[illegible]

[illegible]

P. SUBBAROY'S

World-Renowned and Most

Efficacious Ayurvedic Medicines.



പി. സുബ്ബരായിയുടേ ലോകപ്രസിദ്ധ
ങ്ങളും ഏററവും ഫലവത്തുകളും
ആയ ആയുൎവ്വേദ ഔഷധാലയം
൧. ലോകപ്രസിദ്ധമായ ധാതുപുഷ്ടികാരി.

ധാതുനഷ്ടം, ബലഹീനത, [illegible]



ഡപ്പി ഒന്നേക്കു വില ഉറുപ്പിക ൨. തപാൽ ചിലവുവകയ്ക്കു അണ ൧-൦-൨.

൨-പ്രമേഹ നിവാരണി.

[illegible]

കുപ്പി ൧-ക്കു വില ഉറുപ്പിക ൧. മൂന്നു കുപ്പികൾ വരെയുള്ള വെടികൾക്കു തപാൽചിലവു അണ ൫.

൩-സൎവ്വവേദനാ സംഹാരി.

[illegible]

കുപ്പി ഒന്നേക്കു വില ഉറുപ്പിക ൧. തപാൽചിലവു അണ ൫.

൪-മന്ദാഗ്നികഷ്ടസംഹാരി.

[illegible]

വില, കുപ്പി ഒന്നിനു ൪-ണ. തപാൽചിലവു മൂന്നു കുപ്പിവരെ ൫-ണ വേറെ.

പി. സുബ്ബരായി


പറങ്കിപ്പേട്ട, തെക്കേ ആൎക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo*.

൧-ലക്ഷ്മീകരകസ്തൂരിഗുളികകൾ.

താംബൂലം ഉപയോഗിക്കുന്നവർ എല്ലായ്പോഴും [illegible]

[illegible]



[illegible]

൬൦-ഗുളികകൾ ഉള്ള കുപ്പി ൧-ക്ക വില അ ണ ൪-ം ൧-മുതൽ ൧൨-വരെ കുപ്പികൾ അയച്ചിയ ബങ്കി ൧-ക്ക തപാൽ കൂലി ൧-ണ.

൨. ദന്തചൂർണ്ണം.

[illegible]

വില, കുപ്പി ഒന്നിന മൂന്നണ തപാൽചിലവു രണ്ടു കുപ്പിവരെ ൧-ണ വേറെ.

൩-ജ്വരഹരി.

കളിപ്പനി, തുള്ളപ്പനി, [illegible] മുതലായവ [illegible]

വില കുപ്പി ഒന്നിന ൧-ക, തപാൽചിലവു ൩-ണ വേറെ.

൪-ലോകപ്രസിദ്ധമായ സുഗന്ധകന്തള തൈലം.

[illegible]

വില, കുപ്പി ഒന്നിന ൪-ണ. തപാൽചിലവു ൧-ണ വേറെ.

൫-രോമസംഹാരി.

[illegible]

വില, കുപ്പി ഒന്നിന ൨-ണ. തപാൽചിലവു മൂന്നു കുപ്പികൾ വരെ ൧-ണ വേറെ.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട്ജില്ല.

P. SUBBAROY, *Porto Novo*.

൧൦. അഗ്നിമാന്ദ്യസംഹാരി.

[illegible]

ഡപ്പിഒന്നുക്കു ൮ ണ പൃ. തപാൽകൂലി ൩ ണ ൯ പേരെ.

൧൧. കല്ലുവിന്ദു.

[illegible]

വില, കുപ്പി ഒന്നിന്നു ൨ ണ. തപാൽചിലവു മൂന്നു കുപ്പികൾ വരെ ൩ ണ വേറെ.

൧൨. സ്വർണഗുളികകൾ.

[illegible]

വില, ഡപ്പി ഒന്നിന്നു ൨ ണ. തപാൽചിലവു ഒന്നു മുതൽ ൧൨ വരെ ഡപ്പികൾക്കു ൩ ണ വേറെ.

൧൩. നേത്രബിന്ദു.

[illegible]

വില, കുപ്പി ഒന്നിന്നു ൨ ണ. തപാൽചിലവു മൂന്നു കുപ്പികൾ വരെ ൩ ണ വേറെ.

൧൪. സ്മലിതകേസരി.

[illegible]

വില, ഡപ്പി ഒന്നിന്നു ൨ ണ. തപാൽചിലവു ൬ വരെ ഡപ്പികൾക്കു ൩ ണ വേറെ.

൧൫. മൃഗകസ്തൂരി.

കാശ്മീരിൽ നിന്നു വരുത്തിയിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും കുപ്പികളിൽ ഉണ്ടു.

ഔഷധങ്ങൾക്കു ൧൨ ക. വില ഒരു രൂപാ മുതൽക്കുള്ള ഓർഡറു സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽച്ചിലവു പുറമെ. ലിസ്തറുകൾ എല്ലാം ഇംഗ്ലീഷിലോ തമിഴിലോ ആയിരിക്കണം.

പി. സുബ്ബരായി

പോർട്ടൊനോവൊ, തെക്കെ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo.*

൫൩- ജ്വരാദികൾക്കു സിദ്ധൌഷധം.

തെർക്കിച്ച സാധനങ്ങൾ ശരിയായി ഒഴിച്ചാൽ പോരുന്നതാണ ആരോഗ്യം കാണും. ഒരു കുടുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത.

വില കുപ്പി ൧- ക്കു ൧- ക ൮-ണ. ൧൨ കുപ്പിയിൽ കുറയാതെ ഒന്നിച്ച വാങ്ങുന്നവൎക്ക ഡജൻ ൧ ക്കു ൧൦ ക ൮ണ, ഉള്ള വിലയിൽ കുറച്ചു മാത്രമെ വില ചുമത്തുന്നുള്ളു. വി-പി- കമിഷൻ ഒരു പുറമെ.

ഇൻഡ്യയിലും ബൎമ്മയിലും ൧൨ കുപ്പിവരെ വി-പി- കമിഷൻ ഒരണ സിലോണിൽ ൨ അണ.

൫൪- വ്രണവിരോപണ തൈലം.

ഈ കുഷ്ഠ പിളൎപ്പുണ്ണു മുതലായ എല്ലാവിധ വ്രണങ്ങൾക്കും ഒരു ദിവ്യ ഔഷധമാകുന്നു. ഇത സകല കൃമികളേയും നശിപ്പിച്ചു എല്ലാ വ്രണങ്ങളേയും വിശേഷിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു.

വില ൧ ണ. മൂന്ന കുപ്പിവരെ വി-പി. കമിഷൻ ഒരണ മാത്രം.

൫൫. കണ്ഠശുദ്ധി ഗുളിക.

ഇത കണ്ഠം തെളിയുന്നതിന്നും ശബ്ദം നന്നാവുന്നതിന്നും അതിവിശേഷമായ ഔഷധമാകുന്നു, പ്രത്യേകിച്ച സംഗീതക്കാൎക്കും, പ്രസംഗികൾക്കും, പാഠകന്മാൎക്കും, [illegible] അദ്ധ്യയനം ചെയ്യുന്നവരായ [illegible] ഉപയോഗമുള്ളതാകുന്നു.

വില ൧ ണ വി-പി- കമിഷൻ ൩ കുപ്പിവരെ ൩ ണ.

൫൬. ദന്താരോഗ്യം.

ഈ പൊടികൊണ്ടു പല്ലുതേക്കുന്നതിന്നു [illegible] വിശേഷം. ഇത [illegible] ഉറപ്പും [illegible] ഉണ്ടാക്കുന്നു. ഇതിന്നും പുറമെ [illegible] എല്ലായ്പോഴും [illegible]. ഇത ഇന്ത്യയിലുള്ള എല്ലാവൎക്കും [illegible] ആകുന്നു.

വില ൧ ണ വി-പി- കമിഷൻ ൨ ണ.

പി. സുബ്ബരായി

പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ട ജില്ല.

P. SUBBAROY, porto Novo.

൨൦. സഞ്ജീവഗുളിക.

[illegible]

വില ൧൦ ണ വി-പി- കമീഷൻ സഹിതം ൩ ണ.

൨൧. ഒന്നാംതരം ഗോരോചനഗുളിക.

[illegible]

വില ൫ ണ വി-പി- കമീഷൻ സഹിതം ൮ ണ.

൨൨. ത്വഗ്രോഗ പരിഹാരി.

[illegible]

വി-പി- കമീഷൻ ൫ ണ.

	ക.	ണ.	സ.
ഒന്നാംതരം ഗോരോചനം ഉറുപ്പികക്കു [illegible]	[illegible]	൦	൦
ടി മഞ്ഞൾ ടി [illegible]	[illegible]	൦	൦
ടി പച്ചക്കർപ്പൂരം ടി [illegible]	[illegible]	൦	൦

മേൽവിലാസം തമിഴിലോ ഇംഗ്ലീഷിലോ വിശദമായി എഴുതണം.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കേ ആർക്കാട്ട് ജില്ല.

P. SUBBAROY, *Porto Novo.*

ഒരു കുപ്പി കേശരഞ്ജൻ തൈലത്തിനു ഒരു ക. മാത്രം.

നിർദ്ദിഷ്ടമായ സമ്മാനങ്ങൾ കിട്ടുവാനായി ഒരു വിലക്കു ക്ഷേത്രങ്ങളിലും മറ്റും ... സ്ത്രീജനങ്ങൾ പോയി വരുന്നത് എന്തിനു? ആവശ്യം കൊടുക്കുന്ന പ്രകാരം ഞങ്ങൾക്ക് ഒരു വീതം മാത്രം തന്നാൽ മതി.

ആശ്ചര്യമോ?

നിങ്ങളുടെ സ്നേഹിതന്മാരോടോ (നേരിട്ട് ഞങ്ങളോടോ) ഞങ്ങൾക്കായിട്ടുള്ള ഞങ്ങളുടെ ഒരു കൽപ്പന വാങ്ങി എഴുതുന്നതിനു ഇനി ഒരു ഞങ്ങൾക്കു അയച്ചുതരുവിൻ. ഉടനെ അതിനോടു ചേർത്തിട്ടുള്ള നാലു കൽപ്പനകളും, രണ്ടുറുപ്പികയിൽ താഴെ പറയുന്ന എല്ലാ ... സാമാനം തിരഞ്ഞെടുത്തുകൊള്ളുവാൻ അധികാരപ്പെടുത്തുന്ന ഒരു സർട്ടിഫിക്കേറ്റും അയച്ചുതരപ്പെടും.



ഈ നാലു കൽപ്പനകളും എഴുതപ്പെട്ടിരുന്ന നിങ്ങൾക്കു ഉത്സുകമായ സമ്മാന വസ്തുക്കൾ കൊള്ളുക. എന്നിട്ടു നിങ്ങൾ ചെയ്തതുപോലെ കൽപ്പനാ പ്രകാരം എഴുതി ഒന്നു വീതം ഞങ്ങൾക്കു അയച്ചുതരുവാൻ വാങ്ങുവരോടു ആവശ്യപ്പെടുക. ആ ഓർഡറുകൾ കിട്ടിയാൽ ഉടനെ നിങ്ങൾക്കയച്ചതുപോലെയുള്ള നാലു സർട്ടിഫിക്കേറ്റുകൾ അവർക്കയച്ചുകൊടുക്കുകയും നിങ്ങൾക്കു രണ്ടുറുപ്പികക്കു താഴെ വരുന്ന എല്ലാ സാമാനമെങ്കിലും അയച്ചുതരികയും ചെയ്യുന്നതാണ്.

മേൽപറഞ്ഞ നാലു സർട്ടിഫിക്കേറ്റു കൈവശമുള്ളവർ അവരുടെ മുറക്കു നിങ്ങൾ ചെയ്തതിനെ ആവർത്തിക്കേണ്ടതാകുന്നു.

നിങ്ങൾ രണ്ടുറുപ്പികയിൽ അധികം വിലയുള്ള സാമാനം

രസികരഞ്ജിനി

൧൦൮൦.

പുസ്തകം ൨.   മകരമാസം.   ലക്കം ൬.

മംഗളം.

—:o:—

തിങ്കൾക്കീറ്റിൽത്താനെമിഴിച്ചോരലർശരകൈതി
ശ്ശുഭം നാരീശപരൻനീ
യാക്ഷേന്ദ്രേമനതോന്നാതെന്താമകരൊളി
പ്പിച്ചുമല്ലാരിതന്നിൽ
മാഴ്കേണ്ടായാമയരിപ്പതിനായുമെന്നും
കൊന്നഹോപത്തക്ഷം
തിക്കണ്ഠത്തിൽക്കുളിപ്പൂംതവമഹിമമഹാ
ചിത്രമദ്ധ്യേന്ദുമൌലേ

വെണ്മണി അച്ഛൻ നമ്പൂരിപ്പാട്.

ചെകുത്താന്മാർ.

—:o:—

പുരാതനകാലത്ത് ലോകത്തിൽ പരക്കെയും ഇപ്പോഴും പാശ്ചാത്യ പരിഷ്കാരത്തിൽ ലൌകിക വിശ്വാസം ഇല്ലാത്ത സ്ഥലങ്ങളിൽ മാത്രവും ചിലപ്പോൾ വിജനസ്ഥലങ്ങളിൽ എല്ലാകാലത്തും വിശേഷിച്ച് രാത്രിസമയത്തും ചെകുത്താന്മാർ എന്ന ഒ

വക ജന്തുക്കൾ ഉണ്ടായിരുന്നുവെന്നും ഉണ്ടെന്നും നാം കേൾക്കുന്നുണ്ട്. അനാവധിജനങ്ങൾ അനാവധികാലത്തോളം വിശ്വസിച്ചും ഭയന്നും പോരുന്നതായ ഒരു ജന്തുക്കൾ വാസ്തവത്തിൽ ഉണ്ടോ ഇല്ലയോ എന്ന ഇപ്പോൾ തീർച്ചപ്പെടുത്തുന്നതിന്നു തുനിയുന്ന ഞാൻ രണ്ടുപ്രകാരത്തിലും പരിഷ്കൃതന്മാരുടെ പരിഹാസത്തിന്ന ലക്ഷ്യമായി തീരുമെന്ന പറയേണ്ടതില്ലല്ലോ. 'മറ്റുള്ളവർ ഹാസിച്ചിരിക്കിലെന്തുകാരം നമുക്കതൊ' എന്നും മറ്റുമുള്ള പ്രമാണങ്ങൾ മാത്രമെ എനിക്ക അനുകൂലമായിട്ടുള്ളൂ. നമ്മുടെ അറിവിൽ പെടാത്തതായി അനേകം സാധനങ്ങൾ ലോകത്തിൽ ഉണ്ടെന്നുള്ള ഓർമ്മ അല്പം ഉള്ളവർക്ക ഒരു ലേഖനം മിഥ്യയാവാൻ പാടില്ല.

ഒന്നാമതായി 'ചെകുത്താൻ' എന്ന പദത്തിന്റെ ധാതുത്ഥത്തെത്തന്നെ പരിശോധിക്കാം. ജൂതന്മാരുടെ 'സേററൻ' പരന്ത്രീസുകാരുടെ 'സത്താനാസ്സ്' ഇംഗ്ലീഷ്യരുടെ 'സേററൻ' നമ്മുടെ 'ചാത്തൻ' 'ചെകുത്താൻ' ഇവ ഒന്നുതന്നെയാണു. പക്ഷെ നാം ചാത്തനെയും ചെകുത്താനെയും രണ്ടായി പ്രായേണ വിചാരിക്കാറില്ല. ലോകത്തിൽ ദോഷാത്മകമായിട്ടുള്ളത എതൊ അതിന്നായാണു ചെകുത്താനെന്ന പുരാതനന്മാർ വിചാരിച്ചു വന്നിരുന്നതു. നരഹത്യമുതലായ ദുഷ്കർമ്മങ്ങളിൽ ഉപയുക്തമായ തോക്ക് എന്ന ആയുധം ചെകുത്താന്റെ കരകൌശലത്താൽ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണെന്ന് യൂറോപ്യന്മാരിൽ തന്നെ ചിലർ വിചാരിച്ചിരുന്നു. നമ്മുടെ പുരാതനന്മാര് ഭൂതങ്ങൾ, പ്രേതങ്ങൾ, പിശാചുക്കൾ മുതലായ ചില വകഭേദങ്ങളെ ചെകുത്താൻ എന്ന ഏനാത്തിൽ കല്പിച്ചിട്ടുണ്ടു. മണ്ഡലി, മൂർഖൻ, വെമ്പാല, മുതലായ വകഭേദങ്ങൾ സർപ്പങ്ങളിൽ എങ്ങിനെയൊ അപ്രകാരമാണു ഒരുവക ഭേദങ്ങൾ ചെകുത്താന്മാരിലും. ചാമുണ്ഡി, തെണ്ടൻ, കണ്ടകാരൻ, കാപ്പിരി, വടുകൻ എന്നിങ്ങിനെ ചെകുത്താന്മാരുടെ അവിഭക്ത തറവാട്ടിന്റെ അംശങ്ങൾ അസംഖ്യം ഉള്ളവരോട നല്ല പരിചയം മന്ത്രവാദികൾക്കു ഉണ്ടാവാൻ തരമുള്ളു. കിഞ്ചിജ്ഞനായ ഞാൻ ഇട്ടപെട്ട പ്രധാനികളെ വല്ലവരെയും പറവാൻ വിട്ടുപോയിട്ടുണ്ടെങ്കിൽ അവരും വായനക്കാരും ക്ഷമിക്കുമെന്ന വിശ്വസിക്കുന്നു.

ലോകം ഭൂതശൂന്യമായിപ്പോമെന്നാണ എന്റെ അഭിപ്രായം. സ്ഥൂലശരീരത്തിലെ ജ്ഞാനേന്ദ്രിയങ്ങളുടെ പരിധിയിൽ അപൂർവ്വം ചിലപ്പോൾ മാത്രമെ ഭൂതങ്ങൾ പെടുന്നുള്ളു. ഭൂതങ്ങൾ മിക്കവാറും സൂക്ഷ്മശരീരത്തിന്റെ സഹായംകൊണ്ടു മാത്രം അറിയാവുന്നവയല്ലൊ. അതുകൊണ്ടാണ ഇവയുടെ അഭാവത്തെ പററി ബലമായ ഒരു അഭിപ്രായം ലോകത്തിൽ ഉണ്ടായിട്ടുള്ളത്. സർ. ഹംഫ്രി - ഡെവി 'Lawgiijng Gas' എന്ന വായുവിനാൽ സ്ഥൂലശരീരത്തെ സംബന്ധിച്ചേടത്തോളം അശക്തനായിതീർന്നപ്പോൾ ലോകം വിചാരപൂർണ്ണമാണെന്ന കാണുകയും പറകയും ഉണ്ടായി. 'ആകാശമേഘശകലങ്ങളിന്നുള്ള ശക്തി കൂട്ടിൽകിടക്കുന്ന തത്തയിൽ എങ്ങിനെ അദൃശ്യമായിരിക്കുന്നുവൊ അപ്രകാരംതന്നെ ഇന്ദ്രിയബഹുലമായ സ്ഥൂലശരീരമാകുന്ന പരിവേഷത്താൽ ബദ്ധനായ ജീവാത്മാവിൽ ഭൂതജ്ഞാനം മാത്രമല്ല മററനേക ജ്ഞാനങ്ങൾ അദൃശ്യാവസ്ഥയിൽ ഇരിക്കുന്നു. സ്വപ്നത്തിലും സുഷുപ്തിയിലും തന്റെ പ്രതിബന്ധങ്ങളെ ജീവാത്മാവ ചിലപ്പോൾ അതിക്രമിക്കാറുണ്ട. അപ്പോൾ ആണ ഭൂതജ്ഞാനം ഉണ്ടാവുന്നത. പലക്കു സ്വപ്നാനുഭവങ്ങൾ ധാരാളമുള്ള ഒരു അവസ്ഥയിൽ എല്ലാം സ്വപ്നങ്ങൾ എന്നാണ നാം വിചാരിക്കുന്നത്. എന്നാൽ അവ എല്ലാം സ്വപ്നങ്ങൾ അല്ല. തലച്ചോറിന്റെ ഓരോ ഭാഗങ്ങളിൽ രക്തം സഞ്ചരിക്കുന്നതിന്റെ താരതമ്യങ്ങളെ അനുസരിച്ച മനോരാജ്യത്തിൽ ഉണ്ടാവുന്ന ചിത്രങ്ങൾ ആണ കേവലം സ്വപ്നങ്ങൾ. അവയ്ക്കു യാതൊരു വൈശിഷ്ട്യവും ഇല്ലെന്ന മാത്രമല്ല മിക്കവാറും അവ തീരെ അസംബന്ധങ്ങളും ആയിരിക്കും. കാമലോകത്തിലും പ്രേതലോകത്തിലും ജീവാത്മാവിനുണ്ടാവുന്ന അനുഭവങ്ങൾ സ്വപ്നങ്ങൾ എന്ന വിചാരിക്കുന്നപക്ഷം സ്വപ്നങ്ങൾ ഇനിമേലിൽ പരിഹാസാവഹങ്ങൾ ആവാൻ പാടുള്ളതല്ല്യാ. എന്തുകൊണ്ടെന്നാൽ സ്വപ്നങ്ങളും അസംഭാവ്യങ്ങളും പര്യായശബ്ദങ്ങളായിട്ടാണ ഉപയോഗിക്കാറുള്ളത. യാതൊന്ന സ്വപ്നമൊ അതു യഥാർത്ഥമല്ലെന്നുള്ള വിശ്വാസം പരമ്പരയായി മനുഷ്യരിൽ ഉറച്ചിട്ടുള്ളതുകൊണ്ട സ്വപ്നങ്ങൾ യഥാർത്ഥങ്ങൾ ആയാൽ

അവയെ പിന്നെ സ്വപ്നങ്ങൾ എന്ന വിളിക്കുന്നതു ഉൽക്കടപ്ര-ഭാവവും ഗുണവിചിത്രവും ആയിരിക്കും. ആയതുകൊണ്ടു കാമലോകത്തിലും പ്രേതലോകത്തിലും സഞ്ചരിക്കുന്ന ജീവാത്മാവിന്റെ അനുഭവങ്ങൾ സ്വപ്നങ്ങൾ എന്ന വിചാരിക്കുന്നതു മൌഢ്യമാണ.

സൂക്ഷ്മശരീരത്തോടുകൂടിയാണ ജീവാത്മാവു മേൽപ്രകാരം സഞ്ചരിക്കുന്നത. സൂക്ഷ്മശരീരം മനുഷ്യൎക്കു മാത്രമല്ല മൃഗാദികൾക്കും ഉണ്ടു. സൂക്ഷ്മശരീരവും ലിംഗശരീരവും തമ്മിൽ തെറ്റിപ്പോകരുത്. ലിംഗശരീരമെന്നതു സ്ഥൂലശരീരത്തിന്റെ ആകാശാംശം ആകുന്നു. പാശ്ചാത്യന്മാർ ഈഥർ എന്നു പറയുന്നതു തന്നെയാണ ആകാശം. വിദ്യുച്ഛക്തിയെ സൎവ്വവും മനസ്സിലാക്കിത്തുടങ്ങിയതിൽപിന്നെയാണ ഈഥറിന്റെ സ്വഭാവവും സ്പഷ്ടമായിത്തുടങ്ങിയതു. പ്രാണൻ വിദ്യുച്ഛക്തിയുടെ ഒരു തരഭേദവും ലോകചേഷ്ടാനിമിത്തമായിരിക്കുന്ന ആദിത്യനിൽനിന്ന ഉൽഗമിക്കുന്നതും ആകുന്നു. പ്രാണനു സ്ഥൂലശരീരത്തിൽ ആവേശം ഉണ്ടാക്കുന്നത് ലിംഗശരീരവഴിക്കാകുന്നു. നിഴലെന്ന തോന്നുന്നവിധത്തിൽ മരണപൎയ്യന്തം സ്ഥൂലശരീരത്തെ വിടാതെ അനുഗമിക്കുന്ന ഒരു ലിംഗശരീരത്തെ ഇംഗ്ലീഷുഗ്രന്ഥങ്ങളിൽ ഏഥിറിക് ഡബിൾ (Etheric double) എന്നു പറയുന്നു. ആജീവനാന്തം സ്ഥൂലശരീരവും ലിംഗശരീരവും തമ്മിൽ വേർപിരിയുന്നില്ല. ശ്മശാനഭൂമിയിൽ ചിലർ ചിലപ്പോൾ കാണുന്ന പ്രേതങ്ങൾ മിക്കവാറും ലിംഗശരീരങ്ങൾ ആകുന്നു. ജഡവസ്തുവായ ശവം നശിക്കുന്നതുവരെ അതിനെ വിടാതെ പൂൎവ്വസ്മരണയാലോ എന്നുതോന്നുന്നവിധത്തിൽ ലിംഗശരീരം ചുറ്റിപ്പറ്റി നിൽക്കുന്നു. ക്രിസ്തുമരിച്ചു മൂന്നാംദിവസം ഉയിൎത്തെഴുന്നേറ്റു എന്നും മറ്റും ചിലർ കണ്ടുവെന്നും ക്രൈസ്തവവേദത്തിൽ ഘോഷിച്ചിട്ടുള്ളതു വിശ്വസനീയമെന്നാണ എന്റെ അഭിപ്രായം. ആത്മജ്ഞാനിയും ഒരുമാതിരി സന്യാസിയും ആയിരുന്ന ക്രിസ്തുവിനു തന്നിൽ ദൃഢഭക്തിവിശ്വാസത്തോടുകൂടിയവരായ 'മേരിമാഗ്ദലീൻ' മുതൽപേരോട സംസാരിപ്പാൻവേണ്ടി മലിനമായ ലിംഗശരീരത്തെ അവലംബിച്ചു എന്നു പറയുന്നതിൽ എന്താണ അത്ഭുതം. സൎവ്വജ്ഞപീഠം കയറുവാനുള്ള പോക്കിൽ ശ-

യാൻ ശങ്കരാചാര്യസ്വാമി ഇപ്രകാരത്തെന്നെ ഗൌഡപാദീയത്തിന്ന ഭാഷ്യത്തിൽ പ്രദർശിപ്പിച്ചതിലും ചൂണ്ടാണ അത്ഭുതം.

മേൽവിവരിച്ച സംഗതികളിൽനിന്ന ഒരുതരം ഭൂതം ലിംഗശരീരമാണെന്ന വെളിപ്പെടുന്നു. മരണത്തിൽ മനുഷ്യൻ സംഗമായ [illegible] മരിച്ചവരെ സ്ഥാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രം ലിംഗശരീരങ്ങളെ സാധാരണയായി കാണുന്നതുകൊണ്ടും ആകുന്നു ഈ ഭൂതങ്ങളെ മനുഷ്യർ ഭയപ്പെടുന്നത്. സൂക്ഷ്മത്തോളം വിചാരിച്ചാൽ ഒരു ഭൂതത്തെ യഥാർത്ഥത്തിൽ ഭയപ്പെടാനില്ലെന്ന ഏവർക്കും ബോധ്യമാവും. മറ്റൊരുതരം ഭൂതം മേൽപറഞ്ഞ സൂക്ഷ്മശരീരത്തോടുകൂടിയവരാകുന്നു. സൂക്ഷ്മശരീരികൾ എന്നു ഇവരെ പറയാം. ഒരുതരത്തിൽ യക്ഷകിന്നരഗന്ധർവ്വാദികൾ ആകുന്നു പ്രധാനികൾ. ഇതുകൂടാതെ ഐശ്വര്യഭൂതങ്ങൾ ഒരു ഏനത്തിൽ ഉണ്ട്. ഇവയിൽ ചിലതു വായനക്കാർക്കു വളരെ അത്ഭുതങ്ങളായി തോന്നും.

ഈ പ്രബന്ധത്തിന്റെ ആദിയിൽ സർ. ഹംഫ്രി ഡേവി ലോകം വിചാരമയമാണെന്ന കാര്യത്തിനെപ്പറ്റി പ്രസ്താവിച്ചിട്ടുള്ളത് വായനക്കാർ മറന്നിരിക്കാം. നമ്മുടെ ഓരോ വിചാരവും ഒരോ ഭൂതമാകുന്നു. അതിന്ന ആകൃതിയും പ്രകൃതിയും ഉണ്ടെന്നു പറഞ്ഞാൽ ചിലർ ഇതിനെ ചിരിച്ചുതള്ളുമോ എന്നുകൂടി സംശയിക്കും. എന്നാലും വിരോധമില്ല. ആകൃതിയില്ലാത്തത അദൃശ്യമാണെന്ന ഇതിനെ വാദിച്ചു. സർ ഹംഫ്രിക്ക വിചാരങ്ങൾ ദൃശ്യങ്ങളായിരുന്നുകൊണ്ട അവ രൂപികൾ ആയിരുന്നുവെന്ന അനുമാനിക്കാതെയിരിപ്പാൻ കാരണം കാണുന്നില്ല. പക്ഷെ, പാശ്ചാത്യപാണ്ഡിത്യം, സർ ഹംഫ്രി കണ്ടതെല്ലാം മിഥ്യയെന്നും മായയെന്നും കല്പിക്കും. സർ ഹംഫ്രി ഒരാളുടെ ജന്മത്തിൽ ഒരിക്കൽ [illegible] കണ്ടതെല്ലാം നമ്മുടെ യോഗികൾക്ക് നിത്യം അനുഭവമുള്ളവയാണ്. അതുകൊണ്ട പാശ്ചാത്യ പണ്ഡിതന്മാരുടെ ആ അഭിപ്രായത്തെ അനുസരിക്കേണമെന്നില്ല. നമ്മുടെ വിചാരങ്ങൾ ഏറ്റം രൂപികൾ ആയതുകൊണ്ട ഭൂതങ്ങളും ഭൂതങ്ങൾ ആയതുകൊണ്ട ഇണികളും ആകുന്നു. ഇണികൾ എന്ന വച്ചാൽത്തിലുള്ള

സമ്പന്നന്മാരും എന്നർത്ഥം. സദ്വിചാരന്മാരും സൽഗുണകാരികളും ദുർവ്വിചാരന്മാരും ദുർഗ്ഗുണകാരികളും ആകുന്നു. ചൈലിക്കുമ്പാംപ്ലി' എന്ന മൂപ്പച്ചൻ ഉഗ്രവിചാരത്താൽ ഭ്രാന്ത് മാറി എന്നു കേട്ടുകഥയിലും ബെബർ അപ്രകാരം തന്നെ പുത്രൻെറ രോഗത്തെ കൈമാറിവാങ്ങി മരിച്ചു എന്ന ചരിത്രത്തിലും അപ്രകാരംതന്നെ മെപ്പത്തൂർ നാരായണ ഭട്ടതിരി അദ്ദേഹത്തിൻെറ ഗുരുനാഥൻെറ ദുസ്സഹമായ രോഗത്തെ ഏറ്റുവാങ്ങിയെന്ന ഐതിഹ്യത്തിലും കാണുന്നുണ്ടു. ഇറ്റലിയിൽ കന്യാസംഗതികളിൽ വിഷൂചികാരോഗം പ്രാർത്ഥനയാൽ തട്ടിഒഴിഞ്ഞുപോയിട്ടുള്ളത എന്നിക അനേകവമാണു.

മെസ്മറിസം (Mesmerism) കൊണ്ടുരോഗം മാറുന്നതും ഇനിക്കും മറ്റുചിലക്കും അനുഭവമായിട്ടുള്ള ഒരു കാര്യമാണ. ആളുകൊണ്ട വിചാരങ്ങളുടെ വ്യാപാരം അവരുടെ നാഡിയെ അനുസരിച്ചിരിക്കും എന്ന വിശ്വാസം പറയാം. കാമക്രോധാദികളെ ത്യജിക്കണമെന്നു തത്വജ്ഞന്മാർ സിദ്ധാന്തിക്കുന്നതിൻെറ ഉദ്ദേശം ഇപ്പോൾ സ്പഷ്ടമാവുന്നുണ്ടു. വിചാരങ്ങളുടെ വ്യാപാരങ്ങളിൽ മറ്റൊരു വിശേഷം എന്തെന്നാൽ, അവയെ എവിടെക്കയക്കുന്നുവോ, അവിടെ ഫലിച്ചില്ലെങ്കിൽ നിയന്താവിൽ തന്നെ ഫലിക്കുന്നു. കാപ്പിരികളുടെ ഇടയിൽ ഒരുതരം ആയുധമുണ്ടു. അതു ആളുടെ നേരെ പ്രയോഗിക്കുമ്പോ, അവരിൽ ഫലിച്ചില്ലെങ്കിൽ തിരിയെ വന്നു പ്രയോഗിച്ചവൻെറ തലയ്ക്കുതന്നെ കൊള്ളും. അതുപോലെയാണ വിചാരങ്ങളുടെ സ്വഭാവവും എന്നുമാത്രമല്ല, സദ്വിചാരങ്ങൾ അവയെപ്പോലെയുള്ള മറ്റു സദ്വിചാരങ്ങളോടുകൂടിച്ചേന്നും ദുർവ്വിചാരങ്ങൾ അതുപോലെതന്നെ തത്തുല്യങ്ങളോടുകൂടിച്ചേന്നും ബലപ്പെടുന്നു. സദ്വിചാരങ്ങളും ദുർവ്വിചാരങ്ങളും പരസ്പരവിരുദ്ധങ്ങളും ആകയാൽ തമ്മിൽ തമ്മിൽ നശിപ്പിക്കുവാൻ ശ്രമിക്കുന്നു. പാറമേൽ എറിഞ്ഞ പന്തു എങ്ങിനെ കൊണ്ടശേഷം യാതൊരു ദോഷവും ചെയ്യാതെ വളരെ ഊക്കോടെ മടങ്ങിവന്നു എറിഞ്ഞ ആളുടെ മേൽതന്നെ കൊള്ളുന്നുവോ അപ്രകാരംതന്നെ സദ്വിചാരങ്ങളോടുകൂടിയ ആളുടെ

ന്നോമ വിളന്നതായ ദുൎവ്വിചാരങ്ങൾ അയാളിൽ ഫലിക്കന്നില്ലന്ന മാത്രമല്ല, വഴിമൽവച്ച മററു വല്ല ദുൎവ്വിചാരങ്ങളോടും കൂടിചേൎന്നുവപ്പെട്ട താൻ ആരിൽനിന്ന ഉൽഭവിച്ചുവൊ അയാളുടെ മേൽതന്നെ ചോയി വീഴുന്നു. ഈ സംഗതി നമുക്കു മിക്കപേൎക്കും അനുഭവമുള്ളതാണ. അതുകൊണ്ട നാമുക്ക ദുൎവ്വിചാരങ്ങൾതന്നെയാണ ഭയങ്കരന്മാരായ ചെകുത്താന്മാർ. മാന്ത്രികന്മാൎക്കുതിൎത്ഥം ചെകുത്താന്മാരോട തോൽച്ചയാണ. എന്നാൽ ഇവ നമ്മിൽനിന്നുതന്നെ ഉത്ഭവിക്കുന്നവയായതുകൊണ്ട നാം തന്നെ നിഗ്രഹിച്ചെങ്കിലെ ഇവരെ ഇല്ലായ്മചെയ്യാൻ കഴികയുള്ളൂ.

(ശുഭം)

പുത്തേഴത്ത ഗോവിന്ദമേനോൻ, ബി. ഏ.

കോങ്കണബ്രാഹ്മണർ.

---:o:---

(തുടൎച്ച)

4. കോലർ, ഗോണ്ഡർ മുതലായ കാട്ടന്മാർ പാൎത്തുവരുന്നതിനാൽ കോലവനം, ഗോണ്ഡവനം (Gondwana) എന്നുപറയുന്ന ഇപ്പോഴത്തെ കൊങ്കർ നിവസിച്ചുവരുന്ന രാജ്യത്തിന്ന കൊങ്കവനംഎന്ന പേരുണ്ടായി എന്നും അതു കൊങ്കവനം എന്ന സംസ്കൃതരൂപം ധരിച്ചു പ്രാകൃതത്തിൽ കോങ്കവണം എന്നായ് തീൎന്നുഎന്നും കാലാന്തരത്തിൽ വകാരലോപത്താൽ കോങ്കണം എന്നരൂപത്തിൽ പൎയ്യവസിച്ചുഎന്നും ചിലർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായത്തിൽ വളരെ യുക്തിയുണ്ട. കോണ്ഡവനം കോങ്കവനം, കോങ്കവണം എന്നിരൂപങ്ങൾ കാലക്രമാനുരൂപമായി അതാതു കാലങ്ങളിൽ എഴുതിയ ഗ്രന്ഥങ്ങളിലോശാസനങ്ങളിലോ മററാ എഴുതീട്ടുള്ളപ്രകാരം ക്രമാനുഗതമായി കാണിച്ചല്ലാതെ ഈ അവയവാൎത്ഥത്തിന്ന സ്വീകാരാൎഹത ഇല്ല. ഈവിധത്തിൽ ഇഷ്ടമുള്ള അൎത്ഥം ഏതുപദത്തിനും കല്പിക്കുന്നതു ദുസ്സാദ്ധ്യമാകയില്ല. ഘോഷകാരങ്ങൾ ഇല്ലാതെ വനരാജ്യത്തിലെ നകാരത്തി

ന്നു ണകാരം വരുന്നതു എങ്ങനെ? പ്രാകൃതത്തിൽ നകാരമില്ലാത്തതുകൊണ്ടു സർവ്വത്ര ണകാരംതന്നെ ഉപയോഗിക്കുന്നു എന്നുള്ള സത്യംതന്നെ. എന്നാലും കൊങ്കവണമെന്നതിലെ വകാരലോപം എങ്ങിനെ ഉണ്ടായി? സംസ്കൃതത്തിൽനിന്ന പ്രാകൃതം ഉണ്ടായോ അല്ലെങ്കിൽ പ്രാകൃതത്തിൽനിന്ന സംസ്കൃതരൂപമായ കൊങ്കണശബ്ദം ഉണ്ടായോ എന്ന ചോദ്യത്തിന്നും സമാധാനം ഇല്ല.

കോയമ്പത്തൂർ, മൈസൂർ മുതലായ രാജ്യങ്ങൾക്കു കൊങ്ങരാജ്യം കൊങ്ങുനാട എന്ന പേരുണ്ടായിരുന്നു എന്ന ചരിത്രത്തിൽനിന്ന അറിയാം. കൊങ്ങുനാട്ടിൽ വസിക്കുന്നവർ കൊങ്ങരായിരുന്നു. കാലക്രമേണ സമുദ്രം പടിഞ്ഞാട്ട മാറിപ്പോകുന്തോറും സഹ്യാദ്രിയുടെ അടിവാരത്തിൽ വിസ്തീർണ്ണമായ കരപ്പുറം വിജനമായികിടക്കുന്നതുകൊണ്ട സഹ്യാദ്രിയിൽനിന്ന കൊങ്ങർ കുടിയേറിപ്പാർത്ത് അതിനെ സ്വാധീനപ്പെടുത്തി എന്ന ഊഹിക്കാം. ഈ കൊങ്ങന്മാരുടെ പരാക്രമങ്ങൾ കേരളത്തിൽ എന്നപോലെ കേരളത്തിന്റെ ഉത്തരപ്രദേശങ്ങളിലും അപ്രതിഹതമായി പ്രബലപ്പെട്ടിരുന്നു എന്ന അനുമാനിപ്പാൻ സംശയിക്കേണ്ട. എന്നാൽ ഈ സംഗതി ഭാഷാശാസ്ത്രത്തെ അവലംബിച്ചിരിക്കുന്നു. അതിന്റെ യാഥാർത്ഥ്യം പ്രതിപാദിപ്പാൻ മറ്റു തെളിവുകൾ ഏതെങ്കിലും ഇല്ല.

5. ഗുണ്ടർട്ട്സായ്വിന്റെ നിഘണ്ടുവിൽ കൊങ്കണശബ്ദം കൊങ്ങ + അണ = (കൊങ്ങു + അണ) എന്ന ശബ്ദങ്ങളിൽനിന്ന ഉണ്ടായി എന്ന പറയുന്നു. കൊങ്ങ എന്നതിന്ന താഴ്വര എന്നും അണ എന്നതിന്ന ഉന്നതം ആധാരം എന്നും അദ്ദേഹം അർത്ഥം പറഞ്ഞിരിക്കുന്നു. തസ്മാൽ സഹ്യാദ്രിയുടെ അടിവാരത്തിൽ ഉള്ളവർ കൊങ്ങർ ആകുന്നു. അവരുടെ ആവാസസ്ഥാനമായ ദേശത്തിന്ന കോങ്കണ എന്ന പേരുണ്ടായി. ഈ അർത്ഥം യഥാർത്ഥമാകുന്നു എങ്കിൽ പശ്ചിമതീരത്ത ബ്രാഹ്മണർ വന്നുകുടിയേറിപ്പാർക്കുന്നതിന്ന മുമ്പായിട്ട അവിടെയുള്ളവർ കൊങ്ങരായിരുന്നു എന്നും പശ്ചിമതീരത്തിന്ന സാമാന്യമായ പേർ കൊങ്കണ എന്നായി എന്നും ബ്രാഹ്മണർ ഈ പ്രദേശത്ത എത്തിയപ്പോൾ കൊങ്കണ എന്ന ദ്രാവിഡപദം സംസ്കൃതമാക്കി കോങ്കണം എന്ന സംജ്ഞ ഉണ്ടാക്കി എ

ന്നും നിശ്ചയിക്കാം. ഈ നിശ്ചയം ദൃഢീകരിപ്പാൻ ഉള്ള മറെറാരു പ്രമാണം സപ്തകോങ്കണം എന്ന സംജ്ഞതന്നെ.

കാരാടശ്ചവിരാടശ്ചമാരാടംകോങ്കണംതഥാ
ഹവ്യഗംതൈളവംചൈവകേരളശ്ചേതിസപ്തകം ॥

ഇതിനെ സപ്തകൊങ്കണത്തെക്കുറിച്ചു ഒരു ശ്ലോകം മേപ്പടി നിഘണ്ടുവിൽ ഉണ്ട്. സഹ്യാദ്രികാണ്ഡം ഉത്തരരഹസ്യം ൧-ാം അദ്ധ്യായം ശ്ലോകം ൩൧-൩൨-ൽ, സപ്തകൊങ്കണത്തിന്റെ വിഭാഗത്തെ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

കേരളാശ്ച തുളുദേശാശ്ച തഥാസൌരാഷ്ട്രവാസിനഃ
കോങ്കണാഃ കരഹാടാശ്ച കർണ്ണാടാശ്ചബർബരാഃ ।
ഇത്യുക്തേ സപ്തദേശാവൈ കോങ്കണാഃ പരികീർത്തിതാഃ ॥

മേൽ ശ്ലോകത്തിലെ കാരാടം എന്നതു കരഹാടംതന്നെ. ഹവ്യഗമെന്നതു ഹവീകരുടെ രാജ്യമായ കർണ്ണാടകം (കന്നാടം) ആകുന്നു. തൈളവം എന്നതും തുളുദേശം എന്നതും ഒന്നുതന്നെ. മാരാടം എന്നതു മഹാരാഷ്ട്രം എന്നതിന്നു പകരം എഴുതിയതാകുന്നു. മഹാരാഷ്ട്രം വിന്ധ്യാദ്രിയുടെ തെക്കും ഗോദാവരിയുടെ വടക്കും സഹ്യാദ്രിയുടെ കിഴക്കും ഉണ്ടായിരുന്ന രാജ്യമാകയാൽ പശ്ചിമതീരത്തുള്ള രാജ്യങ്ങളിൽ അടങ്ങുകയില്ല. വിരാടമെന്നതു വിന്ധ്യാദ്രിയുടെ ഉത്തരഭാഗത്തുണ്ടായിരുന്ന മത്സ്യരാജ്യത്തിന്റെ പേരാകയാൽ കോങ്കണങ്ങളിൽ അടങ്ങുകയില്ല. സൌരാഷ്ട്രമെന്നതു ഇപ്പോൾ സൂരത്തു (Surat) എന്നു പറയുന്ന നഗരംതന്നെ. ഈനഗരം മുതൽ കന്യാകുമാരിവരെയുള്ള ദേശത്തിന്നു പരശുരാമക്ഷേത്രം എന്നുപേർ. സൌരാഷ്ട്രത്തിന്റെ തെക്കു കോങ്കണമായിരുന്നു. ഇതിനെ ഇപ്പോൾ വടക്കെ കോങ്കണം തെക്കെ കോങ്കണം എന്ന രണ്ടു ജില്ലകളാക്കിയിരിക്കുന്നു. വടക്കെകോങ്കണമായിരുന്നു അപരാന്തകമെന്ന പ്രാചീന രാജ്യം. തെക്കെകോങ്കണത്തിന്റെ തെക്കെ അററത്തായിരുന്നു ഗോരാഷ്ട്രം, (ഗോപവനം, ഗോമന്തകം) എന്ന രാജ്യം. ഇതിപ്പോൾ പോർത്തുഗീസ്‌നാട്ട ഗൊവാ പട്ടണവും അതിന്നു ചുററും ഉള്ള പ്രദേശങ്ങളും ആകുന്നു. കോങ്ക

നാത്തിന്റെ കിഴക്കായിരുന്ന കരഹാടം, (കാഹ്റാഡ) എന്നദേശം. ഗോരാഷ്ട്രത്തിന്റെ തെക്കുള്ള ഗോകർണ്ണം മുതൽ കന്യാകുമാരി വരെയുള്ള രാജ്യമായിരുന്നു കേരളം. അതു കാലാന്തരത്തിൽ കർണ്ണാടം, തൌളുവം, മലയാളമല്ലെങ്കിൽ കേരളം എന്നു മൂന്നു രാജ്യങ്ങളായി പിരിഞ്ഞു. ഗോകർണ്ണം തുടങ്ങി ബ്രഹ്മാവര നദിവരെ ഹൈവീകരാജ്യം അല്ലെങ്കിൽ ഹൈവ്യദേശം എന്നപേർ പറഞ്ഞ രാജ്യം ആയിരുന്നു. ബ്രഹ്മാവർ നദിയുടെ തെക്കും പെരുമ്പുഴ എന്ന ചന്ദ്രഗിരിനദിയുടെ വടക്കുമുള്ള രാജ്യം തൌളുവമായിരുന്നു. തൌളുവത്തിന്റെ തെക്കായിരുന്നു കേരളം എന്ന രാജ്യം. പരശുരാമക്ഷേത്രത്തിന്റെ തെക്കേരാജ്യമായ ഈ കേരളത്തിൽതന്നെ പലവിഭാഗങ്ങൾ ഉണ്ടായിരുന്നു. അവയെ ഇവിടെ ഉപചരിച്ചിട്ട പ്രയോജനമില്ലായ്കയാൽ വിട്ടുകളഞ്ഞിരിക്കുന്നു.

വിഷ്ണുപുരാണത്തിന്റെ ഇംഗ്ലീഷതൎജ്ജമയിൽ വിൽസൻ സായ്പ് സപ്തകോങ്കണങ്ങളുടെ പേരുകളിൽ കേരളം, തുളുംഗ (തൌളുവം) ഗോരാഷ്ട്രം (ഗോവാ), കോങ്കണം, കരാടകം, വരലത്തം, ബർബരം, എന്നീഏഴുപേരുകൾ പറയുന്നു (Vol II.172 note). ബർബര രാജ്യം ഏതെന്നു തീർച്ചപ്പെടുത്തുവാൻ കഴിയുന്നില്ല. വരലത്തം ഏതാകുന്നു ?

മേൽകാണിച്ച സംഗതികളിൽനിന്നു കോങ്കണമെന്നു പശ്ചിമതീരത്തുള്ള എല്ലാരാജ്യങ്ങൾക്കും സാമാന്യമായ പേരായിരുന്നുകൊണ്ടു ആ പേർ വളരെ പ്രാചീനമായിരുന്നു എന്നും പിന്നെത്തതിൽ അവിടവിടെ പാൎത്തു വരുന്ന ജനങ്ങളുടെ പേരിൽനിന്നോ അവരുടെ ഭാഷ നിമിത്തമോ അവിടത്തെ ഉൽഭവം നിമിത്തമോ മറ്റോ ഭിന്നമായ പേരുകൾ സിദ്ധിച്ചു എന്നും നിൎണ്ണയിക്കാം. ഈ കോങ്കണമായ സാമാന്യനാമം നടപ്പുള്ള കാലത്തു വന്നു താമസിച്ച ത്രിഹോത്രപുരവാസികളായ ബ്രാഹ്മണൎക്കു കോങ്കണ ബ്രാഹ്മണർ എന്ന പേർ സിദ്ധിച്ചു. കോങ്കണത്തിന്റെ ഒരു ഭാഗമായ ഗോരാഷ്ട്രം എന്ന ഗോവാ ഇവരുടെ വാസസ്ഥാനമായിരുന്നു.

കേവലം നിൎജ്ജനമായ പശ്ചിമതീരത്തിലെ പ്രദേശങ്ങളിൽ ബ്രാഹ്മണർ വന്നു നിവസിച്ചു എന്നും പിന്നത്തേതിൽ ഇതര വൎണ്ണക്കാരും വന്നു ചേൎന്നു എന്നും സമ്മതിക്കുന്നപക്ഷം ഉപജീവനത്തിന്നു വേണ്ടി ബ്രാഹ്മണർ കൃഷി, വാണിജ്യം, ശില്പം, നെയ്ത്തു മുതലായ സകലകൃത്യങ്ങളും തങ്ങൾതന്നെ ചെയ്യേണ്ടിവന്നു എന്നും കൂടി സമ്മതിക്കേണ്ടിവരും. പിന്നത്തേതിൽ ഇതരജാതിക്കാർ ചെയ്തുപോന്ന പ്രവൃത്തികൾ അവരെക്കൊണ്ടു ചെയ്യിച്ചു തങ്ങൾ സ്വസ്ഥമായി സുഖമനുഭവിച്ചു എന്നു പറയുന്നതിൽ യുക്തിപോരാ. അതുകൊണ്ടു പശ്ചിമതീരത്തുള്ള ആദ്യനിവാസികളിൽ ഭൂരിപക്ഷം കൊങ്ങരാകുന്നു; ഇവരെ ബ്രാഹ്മണർ പിടിച്ചടക്കി തങ്ങളുടെ ദാസന്മാരാക്കുകയോ, ഇവരോടു യുദ്ധംചെയ്തു ഇവരെ മലങ്കാടുകളിൽ ഓടിക്കുകയോ, കീഴടങ്ങാത്തവരെ സംഹരിക്കയോ ചെയ്തു; ഉത്തര ഹിന്ദുസ്ഥാനത്തിൽ ആൎയ്യന്മാർ ചെയ്തിരുന്ന പ്രവൃത്തി ഇതായിരുന്നതുകൊണ്ടു ഇവിടെയും ആൎയ്യബ്രാഹ്മണർ അതേപ്രകാരം നടന്നു എന്നു ഊഹിക്കാം. കൊങ്കണ ബ്രാഹ്മണർ ഇങ്ങനെ കീഴടക്കിയ ഒരു വൎഗ്ഗമാകുന്നു കുടുമി എന്നകൂട്ടർ. കാലാന്തരത്തിങ്കൽ മറ്റുജാതിക്കാരുടെ ആക്രമണത്താലും ശൌൎയ്യപരാക്രമത്താലും ഭേദമായിട്ടുള്ള സംഘൎഷസമ്മേളനത്താലും കൊങ്ങർഎന്ന പദം പരശുരാമക്ഷേത്രത്തിൽ വിസ്മൃതമായ്പോയി. അവർ വസിച്ചിരുന്ന ദേശത്തിന്റെനാമത്തിൽ മാത്രം നിഗൂഢമായിലയിച്ചു കിടന്നു. എന്നാൽ ഈ കൊങ്ങൎക്കും കോങ്കണബ്രാഹ്മണൎക്കും യാതൊരുസംബന്ധവുമില്ലെന്നു പറയേണമെന്നില്ലല്ലോ. കോങ്കണബ്രാഹ്മണർ ആൎയ്യന്മാരും കൊങ്ങർ ദ്രാവിഡദേശത്തിലെ കാടരായിരുന്ന ശൂദ്രരും ആകുന്നു.

അങ്ങാടിയും തലയണ മുതലായ മലയാളപദങ്ങളിൽ ഉള്ളതുകൊണ്ടു ബ്രാഹ്മണർ കേരളത്തിൽ വരുന്നതിനുമുമ്പു ഇവിടെ നാട്ടുള്ളവരുടെ മലയാളമായിരുന്നുഎന്നതിന്നു കോങ്കണശബ്ദവും ഒരു തെളിവാകുന്നു. പുരാണങ്ങളിലും ധൎമ്മശാസ്ത്രങ്ങളിലും ബ്രാഹ്മണരെ ഗൌഡന്മാരെന്നും ദ്രാവിഡരെന്നും രണ്ടുവലിയവൎഗ്ഗങ്ങളാക്കി വിഭാഗിച്ചിരിക്കുന്നു. വിന്ധ്യപൎവ്വതത്തിന്റെ വടക്കുള്ളവർ ഗൌഡന്മാരും തെക്കുള്ളവർ ദ്രാവിഡരും ആകയാൽ ഈ വിഭാഗത്തിന്റെ കാ

ണോ ബ്രാഹ്മണർ നിവസിച്ചുവരുന്ന ദേശങ്ങളെ വിന്ധ്യാദ്രി രണ്ടായി പിരിക്കുന്നതുകൊണ്ടാകുന്നു. ഈ വിഭാഗം ബ്രാഹ്മണർ സംസാരിക്കുന്ന ഭാഷയെ ആശ്രയിച്ചിട്ടില്ല. ഈ രണ്ടു വർഗ്ഗങ്ങളിൽ ഓരോന്നിനെ അഞ്ചഞ്ചായി വിഭാഗിച്ചിരിക്കുന്നതു കൊണ്ടു ബ്രാഹ്മണർ പത്തുവിധമാകുന്നു എങ്കിലും ഇപ്പോൾ ഓരോവിധം ബ്രാഹ്മണരിൽ തന്നെ പലപല അവാന്തരഭേദങ്ങളും ഉള്ളതുകൊണ്ടു ബ്രാഹ്മണജാതിതന്നെ അസംഖ്യമായ്ത്തീർന്നു അന്യോന്യസഹവാസത്തിനും സംപർക്കത്തിനും ഉതകാതെ അനേക കഷ്ടനഷ്ടങ്ങൾക്കും മറ്റും കാരണമായി ശോചനീയാവസ്ഥയെ പ്രാപിച്ചിരിക്കുന്നു. ഈ പൂർവ്വസിദ്ധമായ ദശവിധത്വം മാത്രം ഇപ്പോഴും പ്രമാണിച്ചുവരുന്നതായാൽ വളരെ ഗുണങ്ങൾ ഉണ്ടാകുവാൻ സൌകര്യമുണ്ട്.

ദ്രാവിഡർ, തൈലംഗർ, കർണ്ണാടർ, മദ്ധ്യദേശക്കാർ ഗൂർജ്ജരർ എന്നീ അഞ്ചുവിധക്കാർ ദ്രാവിഡന്മാരും സാരസ്വതർ, കാന്യകുബ്ജർ, ഉൽകലർ, മൈഥിലർ, ഗൌഡർ എന്ന അഞ്ചുവിധം ഗൌഡരും ആകുന്നു.

ദ്രാവിഡാശ്ചൈവ തൈലംഗാഃ കർണ്ണാടാമദ്ധ്യദേശഗാഃ
ഗൂർജ്ജരാശ്ചൈവ പഞ്ചൈതേ ദ്രാവിഡാഃ പഞ്ചകഥ്യതേ ।   ൧
സാരസ്വതാഃ കാന്യകുബ്ജാ ഉൽകലാ മൈഥിലാശ്ചയേ
ഗൌഡാശ്ച പഞ്ചധാചൈവ ദശവിപ്രാഃ പ്രകീർത്തിതാഃ ॥ ൨

സഹ്യാദ്രിഖണ്ഡം ഉത്തരാർദ്ധം ഒന്നാം അദ്ധ്യായം ശ്ലോകം ൧-ം ൨-ം. ഗൌഡന്മാരിൽ മഹാരാഷ്ട്രവിധം വിഭാഗമുള്ളതും മേൽപ്പടി ഗ്രന്ഥത്തിൽ തന്നെ പറഞ്ഞിരിക്കുന്നതിനേയും ഇവിടെ ചേർത്തുകൊള്ളുന്നു.

ത്രിഹോത്രാഹ്യഗ്നിവൈശ്യാശ്ചകാന്യകുബ്ജാഃ കനോജയാഃ
മൈത്രായണാശ്ച പഞ്ചൈതേ പഞ്ചഗൌഡാഃ പ്രകീർത്തിതാഃ ॥ ൩ ॥

കോങ്കണബ്രാഹ്മണർ പഞ്ചഗൌഡന്മാരിൽ സാരസ്വതരാകയാൽ ഗൌഡസാരസ്വതർ എന്നപേരിവർക്ക് സിദ്ധിച്ചു. ഇവർ സരസ്വതീതീരത്തിൽ നിവസിച്ചിരുന്നു. അവിടുന്ന ആര്യന്മാരുടെ പ

ആക്രമണത്താൽ കിഴക്കൻദിക്കുകളിൽ വസിക്കുന്നോരും ഇവരും കിഴക്കോട്ടുചെന്നു ഒടുവിൽ തിരഹൂത് (Tirhut) എന്നു പേർപറയുന്ന ത്രിഹോത്രപുരത്തിൽചെന്നു നിവസിച്ചു. അവിടുന്നു ശ്രീപരശുരാമന്റെ ആജ്ഞാപ്രകാരം പത്തു ഗോത്രക്കാർ പുറപ്പെട്ടുവിന്ധ്യാദ്രി കടന്നു പടിഞ്ഞാറോട്ടു പശ്ചിമതീരത്തുചെന്നു തെക്കോട്ടു ഗോമാചലത്തിനു സമീപമുള്ള ഗോമാന്തകം, പഞ്ചക്രോശി, കുശസ്ഥലീ, കർദ്ദളി മുതലായ സ്ഥലങ്ങളിൽ നിവസിച്ചു.

പശ്ചാൽപരശുരാമേണ ആനീതാമുനയോ ദശ ॥ ൩൭ ।
ത്രിഹോത്രവാസിനസ്സർവേ പഞ്ചഗൗഡാന്തരാസ്മൃതാഃ ।
ഗോമാചലേ സ്ഥാപിതാസ്തേ പഞ്ചക്രോശ്യാം കുശസ്ഥല്യാം ॥ ൩൮ ॥

ശ്രീപരശുരാമൻ കൊണ്ടുവന്ന പത്തു ഗോത്രങ്ങളുടെ പേർ പറയുന്നു.

ഭാരദ്വാജഃ കൗശികശ്ച വത്സകൗണ്ഡിന്യകാശ്യപാഃ
വസിഷ്ഠോ ജാമദഗ്നിശ്ച വിശ്വാമിത്രശ്ച ഗൗതമഃ ॥ ൩൯ ॥
അത്രിശ്ച ദശ ഋഷയഃ സ്ഥാപിതാസ്തത്ര ഏവ ഹി ।
ബ്രാഹ്മണാർത്ഥം ചൈവ യജ്ഞാർത്ഥം ഭോജനാർത്ഥം ച കാരണാൽ ॥ ൪൦ ॥

ഇവരുടെ കുലദേവതകളെ എവിടെഎല്ലാം സ്ഥാപിച്ചു എന്നു പറയുന്നു.

മഠഗ്രാമേ, കുശസ്ഥല്യാം കർദ്ദളീനാമ്നി, തൽപുരേ,
തത്രദേവാമഹാശ്രേഷ്ഠാ ത്രിഹോത്ര പുരവാസിനഃ ॥ ൪൧ ॥
ആനീതാശ്ചൈവ തേനൈവ ഗോമാന്താദ്യേ ച പർവ്വതേ ।
മാംഗിരീശോ മഹാദേവോ മഹാലക്ഷ്മീശ്ച ശർമ്മസാ ॥ ൪൨ ॥
ശാന്താദുർഗ്ഗാ ചനാഗേശഃ സപ്തകോടീശ്വരഃ ശുഭഃ ।
തഥാ ച ബഹുലാ ദേവാശ്ചോർദ്ധ്വാ ആനീതാഃ ॥ ൪൩ ॥
സ്ഥാപിതാ ലോകകാര്യാർത്ഥം തത്രൈവ ചതുസ്ഥലേ ॥

സഹ്യാദ്രിഖണ്ഡം ഉത്തരാർദ്ധം ഒന്നാമദ്ധ്യായം

(തുടരും)

എം. ശേഷഗിരിപ്രഭു, എം. എ.

ഉദ്യോഗാഭിമാനം.

---:0:---

ചില ആളുകൾക്ക്, ഏതെങ്കിലും ഉയൎന്ന തരത്തിലുള്ള ഉദ്യോഗമോ മറ്റോ ലഭിച്ചുകഴിഞ്ഞാൽ തങ്ങളുടെ പൂൎവ്വ പരിചിതന്മാരെ കാണുമ്പോൾ ഉണ്ടാകുന്ന അനാസ്ഥ അല്ലെങ്കിൽ അറിയാത്ത ഭാവമാണ് സാധാരണമായി 'ഉദ്യോഗാഭിമാനം' എന്നു പറയപ്പെടുന്നത്. തനിക്ക് ഔന്നത്യം ലഭിക്കുമ്പോൾ തന്റെ സ്നേഹിതന്മാരെയോ ബന്ധുക്കളെയോ വിസ്മരിക്കുന്ന സ്വഭാവം അത്യന്തം നീചവും നിന്ദ്യവും ആണെന്നു പറയേണ്ടതില്ലല്ലോ.

“ഫലങ്ങളാൽ താഴുന്നു പാദപങ്ങളാലേ,
ഘനാംബുവാൽ താഴുന്നു ജലദങ്ങളാവും,
ധനങ്ങളാൽ സാധുജനങ്ങളുമ്പർകൾ
ഗുണങ്ങളുള്ളോർക്കുചിതസ്വമത്രേ.”

എന്നാണല്ലൊ ആപ്തവചനം. മഹാന്മാരിൽ അഭ്യുദയം വിനയവിലാസത്തിന്റെ ഉദ്ദീപകമായിരിക്കയേ ഉള്ളു. വിശേഷിച്ചും അവർ തങ്ങളുടെ ഔന്നത്യത്തെ സുഹൃദനുഗ്രഹത്തിനായിത്തന്നെയാണ് വിനിയോഗിക്കുന്നത്.

“കണ്ടാലുമാദിത്യനദിച്ചുടൻ നൽ-
താരാളിനായ് ശ്രീകരമേകിടുന്നു;
ഉണ്ടാം സമൃദ്ധിക്ക സുഹൃത്തിൽ നന്മ-
യുണ്ടാകയത്രേ ഫലമോൎത്തിടുമ്പോൾ.”

എന്നാണല്ലോ. എന്നാൽ സാധാരണ ജനങ്ങൾ പ്രഭുക്കന്മാരിൽ ആരോപിച്ചുവരുന്ന 'ഉദ്യോഗാഭിമാനം' എന്ന ഒരപവാദം നൂറിനു തൊണ്ണൂറുവീതവും വെറും മിഥ്യാകല്പിതമാണെന്നുള്ള വാസ്തവത്തെപ്പറ്റിയാണ് ഇവിടെ സ്വല്പം പ്രസ്താവിക്കാൻ ഭാവിക്കുന്നത്.

ധനവത്വം, അധികാരബലം, വൈദുഷ്യം, സന്മാൎഗ്ഗനിഷ്ഠ, ആത്മജ്ഞാനം മുതലായ ഗുണങ്ങളാൽ പ്രസിദ്ധന്മാരായിത്തീൎന്നിരിക്കുന്ന ആളുകളുടെ അവസ്ഥയെപ്പറ്റി ആലോചിക്കാം. ഇവ

ഒരുകൊണ്ടു തങ്ങളുടെ ഓരോ കാൎയ്യം സാധിക്കാൻ ആഗ്രഹിക്കുന്നവരും പ്രതിഫലേച്ഛ കൂടാതെ തന്നെ ഇവരുടെ ഗുണങ്ങളിൽ നിസ്വാൎത്ഥം അഭിനന്ദിക്കുന്നവരും ആയി അസംഖ്യം ആളുകൾ ഉണ്ടായിരിക്കാൻ ഇടയുണ്ട്. അവൎക്കെല്ലാവൎക്കും ഇവരുടെ പരിചയത്തിൽ ആഗ്രഹം ഉണ്ടായിരിക്കുന്നത് സ്വാഭാവികമാണല്ലൊ. ഈ ആഗ്രഹം നിമിത്തം ഓരോരോ അവസരങ്ങളിൽ പലരും ഇവരെ കാണുകയും, പരിചയം സമ്പാദിക്കയും ചെയ്തുകൊണ്ടിരിക്ക പതിവാണ്. മുൻപിൽ പറയപ്പെട്ട ധനവാന്മാരുടെ സ്ഥലികളിൽ വച്ച് എന്തെങ്കിലും ഒന്നോ ഒന്നിലധികമോ ഗുണവും തദനുരൂപമായ പ്രസിദ്ധിയും ഇവരിൽ ഉണ്ടായിരിക്കുന്നതിനാൽ ഇവരുടെ സ്വരൂപം ഒരിക്കൽ മാത്രമെങ്കിലും കണ്ടിട്ടുള്ളവരുടെ മനസ്സിൽ പാഷാണരേഖപോലെ പതിഞ്ഞുകിടക്കുന്നതും സാധാരണമാകുന്നു. എന്നാൽ അപ്രകാരം പരിചയിക്കുന്ന ആളുകളുടെ അപ്രസിദ്ധിനിമിത്തമോ അഥവാ പിന്നുള്ള പരിചയക്കുറവിനാലോ അവരെക്കുറിച്ച് ആ പ്രമുഖന്മാൎക്കുണ്ടാകുന്ന അറിവ് അചിരേണ നശിച്ചുപോകുന്നത് ഒട്ടും അസംഭാവ്യമായിട്ടുള്ളതല്ല. ഉദ്യോഗസ്ഥൻ ഒരു ദിക്കിൽ ചെന്നു എന്നിരിക്കട്ടെ. അപ്പോൾ അവിടത്തെ ഗൃഹസ്ഥന്മാരായ എത്രയോ ആളുകൾ ഉദ്യോഗസ്ഥനെ ചെന്നുകാണുകയും, തങ്ങൾ ഇന്നാരാണെന്നറിയിക്കയും ചെയ്യുന്നു. പിന്നെ ഒരു കാലത്ത് ആ ഉദ്യോഗസ്ഥൻ അവരിൽ ആരെയെങ്കിലും കാണുമ്പോൾ തീരെ ഓൎമ്മയില്ലാതിരിക്കയോ ആകൃതിയെക്കുറിച്ച് ഒരു പരിചയം തോന്നിയാലും ആൾ ഇന്നാരെന്നറിവാൻ അശക്തനായിത്തീരുകയോ ചെയ്യുന്നത് പ്രായേണ വളരെ സംഭാവ്യമാകുന്നു. ഉദ്യോഗസ്ഥനെക്കുറിച്ചുള്ള അവരുടെ സ്മരണപോലെയല്ലാ അവരെക്കുറിച്ച് ഉദ്യോഗസ്ഥനുള്ള അറിവെന്ന് ഇവിടെ പ്രത്യേകം വിചാരിക്കേണ്ടിയിരിക്കുന്നു. ആ ഉദ്യോഗസ്ഥൻ അവരെ കണ്ടു പരിചയിച്ചതിന്റെ ശേഷവും അതിനു മുൻപിലും അതുപോലെ അനവധി ദിക്കുകളിൽ വച്ച് അസംഖ്യം ജനങ്ങളെ അപ്രകാരം പരിചയിച്ചിട്ടുണ്ടെന്നും ആ പരിചയമെല്ലാം തൽക്കാലം എന്നപോലെ പിൻകാലത്തിലും ദൃഢമായി ഓൎമ്മയിൽ നില്ക്കുന്നത് ഒരിക്കലും

സംഭവിക്കാവുന്നതല്ലെന്നും ഉള്ള താല്പൎയ്യം ആരും മറക്കേണ്ടതാകുന്നു. ഒരു മനുഷ്യൻ ഒരു സദസ്സിൽ ചെല്ലുന്നു. അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ ആ സദസ്സിൽ ഉള്ള പത്തോ പതിനാറോ ആളുകളെ പേരും തൊഴിലും മറ്റും പറഞ്ഞ് അദ്ദേഹവുമായിട്ട പരിചയപ്പെടുത്തുന്നു. ഒരേ വാക്കുകൊണ്ടും ഒരേ നോക്കുകൊണ്ടും ഒരിക്കൽ ഉണ്ടാകുന്ന ഈ പരിചയം ആ മനുഷ്യന്റെ മനസ്സിൽ എങ്ങിനെയാണ് ചിരകാലം നിലനില്ക്കുന്നത്? ഒരു വാദ്ധ്യാർ ഒരു പള്ളിക്കൂടത്തിൽ ഇരിക്കുമ്പോൾ അവിടെ ഉള്ള പല കുട്ടികളെയും പരിചയിച്ചിരിക്കും. പിന്നീട് അദ്ദേഹം മറ്റൊരു പള്ളിക്കൂടത്തിൽ നിയമിക്കപ്പെട്ടാൽ അവിടെയും ആ പരിചയം ഉണ്ടാകുന്നതാണ്. ഇങ്ങനെ പല പള്ളിക്കൂടങ്ങളിലും വാദ്ധ്യാരായിരുന്നതിന്റെ ശേഷം അദ്ദേഹം തനിക്ക് അതി പരിചിതന്മാരായ ശിഷ്യന്മാരായിരുന്നവരും കാലക്രമേണ ഉൽകൃതിക്കും പ്രഖ്യാതിക്കും മേലേ സിദ്ധിച്ചവരും ആയ അവരെ കാണുമ്പോൾ ഒട്ടും ഓൎക്കാതെ പോകുന്നുണ്ടെങ്കിൽ അതിനെപ്പറ്റി ആശ്ചൎയ്യപ്പെടാനുണ്ടോ? ഉദ്യോഗതിമിരം എന്നു പറഞ്ഞ് ജനങ്ങൾ സാധാരണമായി ദുഷിച്ചുവരുന്നത് മിക്കവാറും ഒരു തരം മനസ്സിലാകാത്തതുകൊണ്ടുള്ള ഒരു തെറ്റായ ബോധത്താലാണെന്നു പറവാൻ ഞാൻ ഒട്ടും സംശയിക്കുന്നില്ല. "ഉള്ളകാരനെ എല്ലാവരും അറിയും; ഇല്ലക്കാരനെ ആരും അറികയില്ല" എന്നുള്ള പഴമൊഴി വളരെ സാരമായിട്ടുള്ളതാകുന്നു. പ്രസിദ്ധന്മാരായിട്ടുള്ളവൎക്ക് ദിവസംപ്രതി അഥവാ ക്ഷണംപ്രതി പരിചിതന്മാർ വൎദ്ധിച്ചുകൊണ്ടിരിക്കുക സഹജമാണ്. ഒന്നോ രണ്ടോ തവണ അവരുമായി ഉണ്ടായിട്ടുള്ള പരിചയം കാലാന്തരത്തിൽ അവർ വിസ്മരിക്കുന്നുവെങ്കിൽ അത് ധാരാളം സംഭവിക്കാവുന്ന അവസ്ഥയാകുന്നു. അല്ലാതെ അവർ അറിഞ്ഞുകൊണ്ട് അറിയാത്തഭാവം നടിക്കുന്നതല്ല. ഒരാൾക്ക് ഏതെങ്കിലും വിധത്തിൽ ഔന്നത്യം ഉണ്ടായി വരുമ്പോൾ നിയമേന നടത്തപ്പെടേണ്ടവയായ കൎത്തവ്യകൎമ്മങ്ങളും മാൎഗ്ഗങ്ങളും കൂടി ആ ഔന്നത്യത്തോടൊന്നിച്ച് വൎദ്ധിച്ചുകൊണ്ടുതന്നെ ഇരിക്കുന്നതാണ്. ഈ അവസ്ഥയും മുൻപറഞ്ഞ വിസ്മൃതിക്കു കാരണമായിത്തീ

ന്നു. ഒരു വാസ്തവം അറിയാതെ പലരും നിഷ്കളങ്കന്മാരായ യോഗ്യന്മാരെക്കുറിച്ച് വൃഥാദോഷാരോപണം ചെയ്യുന്നതു കേട്ടിട്ടുണ്ട്. ഇവരെ വാസ്തവം ധരിപ്പിക്കുന്നത് വളരെ ആവശ്യമാണ്. "ഞാനൊന്നുമല്ല; അദ്ദേഹത്തിന് പിന്നെ ധാരാളം ആദായം. അദ്ദേഹം മുമ്പിൽ ഞങ്ങളുടെ ഗൃഹത്തിൽ വന്നു ഭക്ഷണംകഴിച്ചു പോയിട്ടുണ്ടല്ലോ. ഇപ്പോൾ കണ്ടാൽ അറിയാത്തത് വലിപ്പം വന്നതിനാലാണ്" എന്നും മറ്റുമല്ലാതെ ഇവർ മറുവടിപറകയില്ല. ഇവർതങ്ങളുടെ അപ്രസിദ്ധിയേയോ, അല്ലെങ്കിൽ തങ്ങൾ വീണ്ടും ആ പ്രഭുവിനെ അവസരം പോലെ കണ്ടോ എഴുത്തുകൾ അയച്ചോ തങ്ങൾക്ക് അദ്ദേഹവുമായി ഉണ്ടായിട്ടുള്ള പരിചയത്തെ ദൃഢീകരിച്ചിട്ടില്ലെന്നുള്ളതിനേയോ ലേശംപോലും ആലോചിക്കയില്ല. ഇത്രയും പറഞ്ഞതുകൊണ്ട് ഈ വിധം നാട്യമുള്ളവർ ആരും തന്നെയില്ലെന്നാണ് എന്റെ ആശയമെന്ന് വായനക്കാർവിചാരിക്കയില്ലല്ലോ. അപ്രകാരമുള്ള നാട്യന്മാരും ലോകത്തിൽ ഉണ്ട്.

"മന്ത്രാത്മനോത്ഭവാകിവ
ലക്ഷ്മീലയിപ്പിച്ചീടുന്നതത്ഭുതമോ?
വിഷസാദരിമായുള്ളവർ
കൊല്ലുന്നില്ലെന്നതോർക്കിലത്ഭുതമേ."

എന്നുണ്ടല്ലോ. എന്നാൽ മുൻവിവരിച്ച മാതിരിയുള്ള തെറ്റായ ധാരണയാണ് ഈ വിഷയത്തിൽ ജനങ്ങളെ അധികവും വഞ്ചിക്കുന്നതെന്നു നിസ്സംശയം പറയേണ്ടിയിരിക്കുന്നു. ഈ ചെറിയ പ്രസംഗത്തിന്റെ ഉപസംഹാരത്തിൽ, ഒരുവന്റെ മനോഗതി ഇന്നപ്രകാരമെന്നുള്ളത് അതിന്റെ നല്ലവണ്ണം പരീക്ഷിച്ചും പരിചയിച്ചും മനസ്സിലാക്കാതെ അവനിൽ ദോഷാരോപണം ചെയ്യുന്നത് അയോഗ്യമാണെന്നു മാത്രമേ എനിക്കു പ്രസ്താവിക്കാനുള്ളു.

കെ. സി. കേശവപിള്ള.

മലയാളഭാഷാവ്യവസ്ഥ.

—:o:—

ഹരിഃശ്രീ എന്നതും തോന്നാനരൻ പ്രായേണയില്ലിഹ ।
ശരിയായ് സ്സർവ്വവും തോന്നുംനേരത്തും പുനരത്തിനെ ॥

മേലെഴുതിയ വിഷയനാമത്തെ നാലുവിധമായി പദച്ഛേദം ചെയ്യത്തക്കവണ്ണം ഉദ്ദേശിച്ച് കല്പിച്ചിരിക്കുന്നു. 1 മലയാളഭാഷാ+അവ്യവസ്ഥ. 2. മലയാളഭാഷാ+വ്യവസ്ഥ. 3. മലയാള+ഭാഷാ+അവ്യവസ്ഥ. 4 മലയാള+ഭാഷാ+വ്യവസ്ഥ. എന്നിങ്ങിനെയാകുന്നു നാലുവിധം. അതായിതു:— 1. മലയാളഭാഷയുടെ അനിശ്ചിതഭാഗമെന്നും, 2. മലയാളഭാഷയുടെ നിശ്ചയം വരുത്തേണ്ടഭാഗമെന്നും, 3. മലയാളത്തിലേയും, ഭാഷ എന്നുമാത്രംകൂടി സാധാരണമായി പറഞ്ഞുവരുന്ന മലയാളഭാഷയിലേയും, അനിശ്ചിതാംശമെന്നും, 4. മലയാളത്തിലേയും, ഭാഷയിലേയും, നിശ്ചയംവരുത്തേണ്ട അംശമെന്നും യഥാസംഖ്യമായി എടുക്കേണ്ടതാകുന്നു. ഇതിൽ മലയാളം, എന്നപദത്തെത്തന്നെ മലയാളദേശം, എന്ന അർത്ഥത്തിലും, മലയാളഭാഷ, എന്ന അർത്ഥത്തിലും ഉപയോഗിക്കുന്നുണ്ടല്ലോ? എന്നാൽ ആ പദം ദേശപരമായിവരുമ്പോൾ മലയാളം, എന്നുമാത്രമല്ലാതെ വേറെവിധം എഴുതിക്കാണ്മാനില്ല. ഭാഷാപരമായിവരുമ്പോഴാകട്ടെ, 1. മലയാളം, 2. മലയാഴ്മ, 3. മലയാണ്മ, എന്നും മറ്റും കാണുന്നുണ്ട്. ഇത് ദേശപരമായി വരുമ്പോഴത്തെ വ്യുല്പത്തി, 1. മല+അലം എന്നും, 2. മല+ആഴം എന്നും മറ്റും ഭേദപ്പെടുന്നു. മല+ അലം എന്നെടുക്കുമ്പോൾ മലകളും, അലകൾ എന്നതിരകൾ ഉള്ള കടലുകളും, അധികമായ ദേശമെന്നും, മല+ആഴം, എന്നെടുക്കുമ്പോൾ മലകളും താണ പ്രദേശങ്ങളും ഇടകലർന്നുള്ള ദേശമെന്നും അർത്ഥം കൊള്ളുന്നു. മലയാളം, എന്നതിനെ ഭാഷാപരമായെടുക്കുമ്പോൾ താദൃശദേശീയഭാഷയെന്നും, മലയാഴ്മ, എന്ന ഭാഷാനാമം, മല+ആഴ്മ, എന്നെടുത്ത്, മല, എന്നതിന്, മലപ്രദേശം, എന്നും, ആഴ്മ, എന്നതിന്, ആഴ് എന്ന ക്രിയാധാതുവിൽനിന്നു മരണം എന്നർത്ഥം സിദ്ധിക്കുന്നതിനാൽ താദൃശഗ്രാഹ്യമെന്നും എടു

ത്, പിന്നെ ലക്ഷണമായി തദ്ഭാഷ്യമെന്നും ഭാഷ, എന്നും, മലയാഴ്മ, എന്ന ഭാഷാനാമം, മലയാഴ്മ, എന്നതിലെ, ഴ, ഒഴിച്ച്, യ, എന്നായിത്തീർന്നതായും വിചാരിക്കേണ്ടിയിരിക്കുന്നു.

ഇനി മലയാളഭാഷയുടെ ഉല്പത്തിസ്ഥിതികളെപ്പറ്റി ആലോചിക്കുമ്പോൾ ഉല്പത്തിവിഷയത്തിൽതന്നെ പ്രാചീനവിദ്വാന്മാരുടെയും നവീനവിദ്വാന്മാരുടെയും അഭിപ്രായങ്ങൾ ഭേദിക്കുന്നു. കോവുണ്ണി നെടുങ്ങാടി മുതലായവർ മലയാളഭാഷയുടെ മാതൃസ്ഥാനം സംസ്കൃതത്തിനും ഉപമാതൃസ്ഥാനം തമിഴിനും കല്പിക്കുന്നു. ഡാക്ടർ ഗുണ്ടർട്ട്, പി. ഗോവിന്ദപിള്ള, മുതലായവർ മലയാളത്തിന്റെ മാതൃസ്ഥാനം തമിഴിനും ഉപമാതൃസ്ഥാനം സംസ്കൃതത്തിനും കല്പിക്കുന്നുണ്ട്. ഇവരിൽ ഗുണ്ടർട്ട് സായ്പ്, മലയാളവ്യാകരണം, അകാരാദികൾ മുതലായവ ഉണ്ടാക്കുന്നതിനായി മലയാളത്തിലെ മിക്ക ഗ്രന്ഥങ്ങളും പരിശോധിച്ചിട്ടുള്ളതായി കാണപ്പെടുന്നു. ഗോവിന്ദപിള്ളയാകട്ടെ, മലയാളത്തിന്റെ മാതൃസ്ഥാനം വഹിച്ച തമിഴിൽകൂടി ഭാഷാചരിത്രവും ഗ്രന്ഥസമുച്ചയചരിത്രവും വ്യവസ്ഥിതമായിട്ടില്ലാത്തതിനാൽ മലയാളഭാഷയുടെയും ഗ്രന്ഥസമുച്ചയത്തിന്റെയും ചരിത്രങ്ങൾ നിർമ്മിപ്പാനായി മലയാളത്തിലെ ബാലാഗ്രന്ഥങ്ങളും പ്രമാണങ്ങളും പരിശോധിച്ച് ആ ചരിത്രഗ്രന്ഥത്തിന്റെ ഒന്നും രണ്ടും ഭാഗങ്ങൾ അച്ചടിപ്പിച്ച് മൂന്നാംഭാഗത്തിനുള്ള സാമഗ്രികൾ ശേഖരിച്ചപ്പോൾ മലയാളത്തിന്റെ ഭാഗ്യക്കേടിനാൽ എന്ന തോന്നുംവണ്ണം ചരമഗതി ഭവിക്കയാൽ മൂന്നാംഭാഗം അച്ചടിപ്പിക്കുന്ന ഭാരം മറ്റു ചിലരെ ഏല്പിച്ചുംവെച്ച് മരണം പ്രാപിച്ചതായി കാണുന്നു. ഈ മൂന്നാംഭാഗത്തിന്റെ ഉപകരണങ്ങൾ സകലവും ശേഖരിച്ചിരുന്നു അതിനെ ഇതുവരെ അച്ചടിപ്പിപ്പാൻ സർക്കാരോ മറ്റുള്ളവർ ശ്രമിക്കുകയുണ്ടായിട്ടില്ലാത്തതു ഒരു ഖേദവിഷയംതന്നെ. ഗോവിന്ദപിള്ളക്കും മറ്റുള്ളവർക്കും തമ്മിലുള്ള ഭാഷാഭിപ്രായഭേദത്തെക്കാണിക്കുന്നതിനാലും ഭാഷോല്പത്തിവിഷയത്തിലും മറ്റും ഗോവിന്ദപിള്ളയുടെ അഭിപ്രായം ഒന്നാമവസിദ്ധമായിരിക്കയാലും പ്രാചീനാഭിപ്രായം പൂർവ്വപക്ഷമായും നവീനംതന്നെ സിദ്ധാന്തമായും പരിണമിക്കുന്നു.

പിന്നെ മലയാള അക്ഷരമാലാ വിഷയത്തിലും പഴയ നടപ്പിനെക്കാൾ പുതിയ നടപ്പുതന്നെ അധികം നന്നായിരിക്കുന്നു. പണ്ട്, എ, ഏ, ഒ, ഓ, ഈ ഹ്രസ്വദീർഘങ്ങളെ "സംസാരഭാഷ"യിൽ മാത്രം ഭേദപ്പെടുത്തി ഉച്ചരിക്കുകയും "എഴുത്തുഭാഷ"യിൽ ആ രണ്ടു ദീർഘങ്ങളെയും ഹ്രസ്വങ്ങളാക്കി എഴുതിവരികയും ചെയ്തിരുന്നു. ഈനടപ്പ് സംസ്കൃതത്തിൽ ഏ ഓ രണ്ടിലും ദീർഘം മാത്രമുള്ളതിനെ അനുസരിച്ചോ മറ്റോ ആയിരിക്കാം. ഇപ്പോഴാകട്ടെ ഈ ഹ്രസ്വദീർഘങ്ങൾ ഭേദപ്പെടുത്തി എഴുതിത്തുടങ്ങീട്ടുണ്ടെങ്കിലും ചില അപരിഷ്കൃത ലേഖകന്മാർ ഇപ്പോഴും പഴയനടപ്പനുസരിക്കുന്നത് നന്നല്ല. ഋ, ൠ, ഌ, ൡ, ഈ നാലുവയിൽകൂടി സംസ്കൃതത്തിൽനിന്ന് എടുത്തിട്ടുണ്ടെങ്കിലും അവയിൽ ഋ, മാത്രം സാധാരണ മലയാളത്തിൽ കാണുന്നതല്ലാതെ മറ്റു മൂന്നും കാണാത്ത കൂട്ടത്തിൽ തന്നെ ആകയാൽ മലയാളസ്വരം പതിമൂന്നിൽ, ഋ, ഒന്നൊഴിച്ച് മറ്റു പന്ത്രണ്ടും തമിഴ്സ്വരം തന്നെ. അം, അഃ, ഈരണ്ടും സംസ്കൃതത്തിലേപ്പോലെ തമിഴിലും ഉണ്ടുതാനും. മലയാള വ്യഞ്ജന വിഷയത്തിൽ തമിഴും സംസ്കൃതവും സമമായി ചേർന്നിട്ടുണ്ട്. മലയാളവ്യഞ്ജനം മുപ്പത്തേഴ് എന്ന പക്ഷം, അതിൽ പതിനെട്ടു തമിഴ് മെയ്യും പത്തൊമ്പത് സംസ്കൃത വ്യഞ്ജനവും ആകുന്നു. ആ പത്തൊമ്പതിൽ ച, ശ, ഇവ സംസ്കൃതത്തിൽ രണ്ടെങ്കിലും തമിഴിൽ ഒന്നാകുന്നതിനാൽ മലയാളത്തിലെ സംസ്കൃത വ്യഞ്ജനവും പതിനെട്ടുതന്നെ എന്നു പറയാം. ഈ രണ്ടക്ഷരങ്ങൾ മലയാള എഴുത്തിലും ഉച്ചാരണത്തിലും രണ്ടും തമിഴ് എഴുത്തിൽ ഒന്നും ഉച്ചാരണത്തിൽ രണ്ടും ആയിരിക്കുന്നപോലെ ന, എന്ന് തമിഴിനും സംസ്കൃതത്തിനും പൊതുവായ വ്യഞ്ജനം മലയാള എഴുത്തിൽ ഒന്നും ഉച്ചാരണത്തിൽ രണ്ടും, തമിഴെഴുത്തിൽ രണ്ടും ഉച്ചാരണത്തിൽ ഒന്നുമായിരിക്കുന്നു. ഈ നകാരത്തെ തമിഴ് രീതി അനുസരിച്ച് മലയാളം എഴുത്തിലും രണ്ടാക്കി "ഩ" എന്ന് ഒരു വ്യഞ്ജനം കല്പിച്ചാൽ കൊള്ളാമെന്ന "കേരളപാണിനീയ"ത്തിലഭിപ്രായം ഉത്തമം തന്നെ എങ്കിലും നടപ്പായി വരാത്തത് നന്നല്ലല്ലോ!

മേൽ ഇതിൽനിന്നൊന്നു പിടിച്ചു ഈ വരാമെന്ന് ആഗ്രഹം തൊട്ടുണ്ടാക ണം. പിന്നെ, കണ്ണു, കണ്ണ്, കണ്ണു, കണ്ണ്, എന്നിപ്രകാരം നാലുവിധ മെഴുതിവരുന്നതെല്ലാം പകരം, കണ്ണു, എന്നുമാത്രം എഴുതിവന്നാലൊ നെ ഇപ്പോൾ മറ്റുമുള്ള മാതിരിയിലും എഴുതിത്തുടങ്ങിയിരിക്കുന്ന തിൽ വെച്ച് "കേരളപാണിനീയ"ത്തിലഭിപ്രായപ്രകാരം, "കേണ്ണു" എന്ന രൂപം ഉത്തമമാണെങ്കിലും നടപ്പാകാത്തത് കഷ്ടമല്ലേ? നിവൃത്തിക്ക, പ്രവൃത്തിക്ക, എന്നിത്യാദികളെയെഴുതിയിരുന്നതിനു പ്രകാരം നിവർത്തിക്ക, പ്രവർത്തിക്ക, എന്നാക്കിത്തുടങ്ങുന്നത് എത്ര നല്ല ത്? ഈ പരിഷ്കാരം ഒന്നാമതായി മഹാമഹിമശ്രീ. കേരളീയകാളി ദാസ" ക്ലിപ്തമായതിനാലായിരിക്കാം പ്രചാരത്തിലാകുന്നത്. ചുര ക്ക, ചുരയ്ക്ക, ചുരെക്ക, ചുരെയ്ക്ക, എന്നീ നാലും, ചുരക്ക, എന്നുമാത്രം മുമ്പെഴുതിവന്നതിനെ ഇപ്പോൾ മറ്റു മൂന്നുമാതിരിയിൽകൂടി എഴു തുന്നതിനാൽ ഗുണമുണ്ടോ? ചെടി, ചേടി, ഇവ രണ്ടും മുമ്പ്, ചെ ടി, എന്നുമാത്രം എഴുതിവന്നതിനെ ഇപ്പോൾ ഭേദപ്പെടുത്തുന്നത് എത്ര സുകരമാണ്? കൊട്ട, കോട്ട, ഇവ രണ്ടും മുൻ, കൊട്ട, എന്നുമാത്ര മെഴുതിയതും നന്നല്ലല്ലോ?

പിന്നെ മലയാള പദങ്ങളുടെ വിഷയത്തിലും പുള്ളിനടപ്പി നെക്കുറിച്ചു ഇപ്പോഴത്തെ നടപ്പുതന്നെ പരിഷ്കൃതമായിരിക്കുന്നു. ആദികാലത്തെ മലയാള ഭാഷാരീതി കാണിക്കുന്നതായി പ്രസിദ്ധ പ്പെട്ട ഗ്രന്ഥങ്ങൾ ഒന്നുംതന്നെ ഇല്ലാത്തതിനാൽ വളരെക്കാലം മുമ്പ് എഴുതപ്പെട്ടതായി കാണുന്ന ചില ശിലാശാസനങ്ങൾ, താമ്രശാ സനങ്ങൾ, മുതലായവയെ മാതൃകയായി എടുത്തുനോക്കുമ്പോൾ അക്കാലത്തെ മലയാളഭാഷ എഴുതിവന്ന അക്ഷരക്കൂട്ടം ഇപ്പോഴ ത്തെ "ആര്യാക്ഷരം" എന്ന മലയാള അക്ഷരമല്ല. ആര്യഎഴു ത്തെന്നത് ഗ്രന്ഥാക്ഷരമെന്നും മലയാളാക്ഷരമെന്നും പര്യായാന്തര ങ്ങൾ കാണുന്നതുമാണ്. തുഞ്ചന്റെ "ഹരിനാമ"ത്തിൽ "അമ്പ ത്തൊന്നക്ഷരവും" എന്നത് ഗ്രന്ഥാക്ഷരമാലയിലും അമ്പത്തിമൂന്ന ക്ഷരം മലയാളം അക്ഷരമാലയിലും ഉള്ളതാകയാൽ എഴുത്തച്ഛ നും മറ്റുംകൂടി എഴുതിവന്നതായി കാണുന്ന ആര്യഎഴുത്ത എന്നത്.

"ഗ്രന്ഥാക്ഷരം" എന്നു സിദ്ധിക്കുന്നു. വട്ടെഴുത്ത്, കോലെഴുത്ത്, ഇവ രണ്ടിലേയും ഭാഷാരീതിപൂർവം തമിഴ്‌രീതി അനുസരിച്ചുകൊണ്ടുന്നു. അതായിത്:—

1. "കൊടുങ്ങല്ലൂർ പട്ടണത്തു ഇരവികത്തനാകിയ ചേരമാൻ ലോകപെരുംചെട്ടിക്കു മണിഗ്രാമപ്പട്ടം കൊടുത്തോം". 2. "നാല്പാതിപ്രകാരം വില്ക്കും പൃകിയാകാരാരെഴു കൊടുക്കരുതെന്നും കൊപ്പുമവാതം ഞായവല്ലഭവും മണിക്കിരാമവും കൊടുവതാക". എന്നും മറ്റുമെഴുതിവന്നു. പിറെക്കാലം കഴിഞ്ഞതാകട്ടെ തിരുവിതാംകൂർ ആദിത്യവർമ്മമഹാരാജകൃതമെന്ന് വിചാരിക്കപ്പെട്ടിരിക്കുന്ന "രാമചരിതം" പോലെയുള്ളതായ മലയാളഗ്രന്ഥങ്ങളിലും തമിഴ്പദങ്ങളും മറ്റും ബഹുളമായിരിക്കുന്നതുകൂടാതെ വൃത്തം കൂടി ഇപ്പോൾ മലയാളത്തിൽ തീരെ നടപ്പില്ലാത്തതായി തമിഴിലെ "വിരുത്തം" എന്ന കവിതാരീതിയെ അനുസരിക്കുന്നു. ഉദാഹരണം:—

"നോക്കിനൻ കണ്ണുനീരിടെ നലമെഴുന്തുടക്കിനോർ ഞാൻ
ഇകലിൽ വെന്നിറാവണനെപ്പോലും ഇരാവണനായ ബകേശ
മുകിലൊളിപതാർ ചെവിയാൽ മനിന്തവൻ തനായമ്പാലിൽ
തികവ നമ്പുടയനാകം തിരിച്ചിരാവിളിമൊഴിന്താൻ."

എന്നും മറ്റുമെഴുതിക്കാണുന്നു. ഈ ഗ്രന്ഥമെഴുതിയ കാലത്ത് മലയാളമെഴുതിവന്നത് കേവലം വട്ടെഴുത്തിലോ കോലെഴുത്തിലോ അല്ലെന്നും ആര്യ എഴുത്തിലായിരിക്കണമെന്നും ഇതിലെ "സ്ഥ" എന്നക്ഷരം ഉള്ളതുകൊണ്ടും മറ്റും ഊഹ്യമായിവരുന്നു. എന്നാൽ ആര്യകാലത്തെ ശാസനങ്ങളിൽ എന്നുപറഞ്ഞവയിലും പ്രാരംഭത്തിൽ "ഹരിഃ ശ്രീ ഗണപതയേ നമഃ" എന്ന് ആര്യാക്ഷരത്തിൽ എഴുതിയിട്ട് പിന്നെ വട്ടെഴുത്തും കോലെഴുത്തും കലർന്ന് മലയാളതമിഴക്ഷരങ്ങളിൽ എഴുതിയിരിക്കുന്നതായി കാണുന്നതിനാൽ ആര്യാക്ഷരം അക്കാലത്തെ ഉണ്ടായിരുന്നിരിക്കണം. എങ്കിലും അപ്പോഴത്തെ മലയാളപദവാക്യങ്ങളിൽ മിക്കതും തമിഴായിരുന്നതുകൊണ്ട് സംസ്കൃതാക്ഷരങ്ങൾ ചേർന്നിട്ടുള്ള ആര്യാക്ഷരങ്ങളുടെ ആവശ്യം മലയാളത്തിൽ ഏറെ ഇല്ലാതിരുന്നതിനാലും അപ്പഴത്തെ മലയാളി

കളിലും വിശേഷിച്ച് മലയാള ഗ്രന്ഥത്തിലും അധികം ചേൎന്ന ഭാഷ യാണെന്നതില്ലാത്തവരും സംശയം ഉണ്ടായിരുന്നാൽ അതു മലയാ ന്തമിഴ് കൎത്താക്കന്മാരുള്ളവരും ഒരുകാലം മായിരിക്കാം അക്കാല ത്തെ മലയാളം വട്ടെഴുത്തിലോ കോലെഴുത്തിലോ എന്നും കല ന്നോ എഴുതികാണുന്നത്. പിന്നെ കുറെക്കാലംകഴിഞ്ഞു "കണ്ണശ്ശപ്പണിക്കരുടെ മലയാള രാമായണം" ഉണ്ടായകാലത്തെ ഭാഷാരീതി "രാമചരിത"ത്തിലേ രീതിയിൽനിന്നു വളരെ ഭേദത്തെ പ്രാപിച്ചിട്ടുണ്ടെങ്കിലും അപ്പോഴും മലയാളഭാഷമേൽ തമിഴ് ഭാഷക്കുണ്ടായിരുന്ന അധികാരം ഒഴിവായിട്ടില്ലാതിരുന്നതിനാൽ ആ മലയാള പദപാത്രങ്ങളും പദഘടനയും തമിഴ്രീതിയെ അനുസരിക്കുന്നു എന്നുമാത്രമല്ല ആ ഗ്രന്ഥത്തിലെ വൃത്തം കൂടി "രാമചരിതം" പോലെ കൂടെ തമിഴ് വൃത്തമല്ലെങ്കിലും കൂടെ മലയാള, സംസ്കൃത, കൎണ്ണാടകങ്ങളേയും അനുസരിക്കുന്നില്ല. ആകയാൽ ഇതിന് "ഭിന്നവൃത്തം" എന്ന പ്രത്യേകപ്പേർ കാണുന്നു. എങ്ങിനെഎന്നാൽ:—

"വന്ദിച്ചേൻഗണനായകനാകിയ വാണോർകോനൊരു വാണിയെമനസാ ചിന്തിച്ചേൻ ഗുരുവിൻ പദാംബുജചിന്താമണിചൂനതിനാലുമൊന്ന് മന്ദപ്രജ്ഞനാകിലുമാനായ്നാസികമ തിലകനാടേ വൃത്താന്തമിതരുൾ ഞാൻ കേവലമെങ്കിലുമൊട്ടായപ്രകാരമൊൽകുന്നിക്കേനൻ" എന്നും മറ്റുമാകുന്നു. ഇതിൽ സംസ്കൃതാക്ഷരങ്ങൾ വളരെക്കാണുന്നതിനാൽ ഭാഷാചരിത്രത്തിൽ എഴുത്ത് സാധാരണ നടപ്പായി വന്നിരിക്കണം. എന്നുമാത്രമല്ലാ മലയാളഭാഷയിന്മേൽ തമിഴിനുണ്ടായിരുന്ന അധികാരം കുറപ്പാനായി സംസ്കൃതപദങ്ങളും മലയാളത്തെ സഹായിച്ചുതുടങ്ങിയതായും കാണുന്നു. ഇതിനടുത്തുണ്ടായിരിക്കുന്ന ചെറുശ്ശേരി നമ്പൂരിയുടെ "കൃഷ്ണഗാഥ" (കൃഷ്ണപ്പാട്ട്) എന്ന കവിതയും തമിഴ് വൃത്തവും സംസ്കൃതവൃത്തവുമല്ലാതെ കാണുന്നതിനാൽ അതിന് "മഞ്ജരി" (മഞ്ജരി) എന്ന പേർ കല്പിച്ചുകാണുന്നു. ഇതിലേ ഭാഷാരീതിയിലും കൂടെ തമിഴ് പദപ്രയോഗങ്ങൾക്കുറവും ചില സംസ്കൃതപദപ്രയോഗങ്ങൾ കലൎന്നു കാണുന്നു. ദൃഷ്ടാന്തം:—

"ചോഴാഴികാത്തുതാൻ പാലിച്ചുപോരുന്ന
കോലാധിനാഥനാകവെയ്ക്കൻ" ഇത്യാദി.

എങ്കിലും മലയാളത്തിൽ "ആട്ടക്കഥ" (കഥകളി) എന്നരീതി ആദ്യം കല്പിച്ചുണ്ടാക്കിയ മഹാരാജാദി കൃതികളാൽ ഭാഷയിൽ ശുദ്ധസംസ്കൃത, പ്രാകൃത, ദ്രാവിഡാദികളും സംസ്കൃതാലങ്കാരങ്ങളും മറ്റും ചേർത്തുതുടങ്ങിയത് മലയാളഭാഷാസാഹിത്യത്തിന് ഒരലങ്കാരംതന്നെ ആയിരിക്കുന്നു. പിന്നത്തരത്തിൽ മലയാളഭാഷാസാഹിത്യവ്യവസ്ഥ ഒന്നാമതായി വരുത്തിയതു, കണ്ണശ്ശപ്പണിക്കരെ സമകാലികന്മാരായി ചിലർ പറഞ്ഞുകാണുന്നുണ്ടെങ്കിലും പണിക്കരുടെ ഭാഷാരീതിയിൽനിന്നും അവന്റെ ഭാഷാരീതിക്ക് വളരെ ശുദ്ധിവരുത്തിയിരിക്കുന്നതും മലയാളികൾക്ക് അക്കാലംവരെ സ്വഭാഷയിൽ പുരാണാദികൾ ഒന്നുമില്ലാത്ത "കമ്പരാമായണം" മുതലായത് വായിച്ചറിയേണ്ടിവന്നിരുന്ന ബുദ്ധിമുട്ടു നീക്കി ആദ്യമായി മലയാളത്തിൽ രാമായണം, ഭാഗവതം, മുതലായ സൽഗ്രന്ഥങ്ങളെ രചിച്ചിരിക്കുന്നതുമായ, തുഞ്ചത്തെഴുത്തച്ഛൻതന്നെ. ഈ ഗ്രന്ഥങ്ങളിലെ ഭാഷാരീതി ശുദ്ധമലയാളത്തിന്റെ പ്രമാണമാകുകയായി വിചാരിക്കേണ്ടിയിരിക്കുന്നു. എങ്ങിനെയെന്നാൽ:—

1. "അൻചേണമമർമനസി ശ്രീനിലകണ്ഠനുത
കണ്ഠേതഹാക്ഷമിതിവാഴ്ന്നതാനമിഹ
അമ്പത്തൊരക്ഷരവുമോരോന്നിതോർമ്മൊഴിയിൽ
അൻപോടുചേർക്ക ഹരിനാരായണായനമഃ"

2. "മന്നേക്കൊട്ടുവാഴും മഹാമാനശാലി
മനക്കാമ്പിലേറം കൃപാവാരിരാശി
ഇനിക്കാര്യം ബാലരാമാഭിധാനൻ
നിനയ്ക്കുന്നതെല്ലാം വരുത്താൻ കൃതാർത്ഥൻ."

എന്നീരീതിയിലായിക്കാണുന്നു. എഴുത്തച്ഛനും തമിഴിലെ "തൈപ്പൊങ്കലിക്കണ്ണി" മുതലായ ഗ്രന്ഥങ്ങളുടെ മാതിരിയുള്ള "കിളിപ്പാട്ട്" എന്നരീതി ആദ്യമായി കല്പിച്ചുണ്ടാക്കിയിട്ടുണ്ടെങ്കിലും തമിഴ്‌രീതി തീരെവിട്ട് സംസ്കൃതഗ്രന്ഥങ്ങളെ അനുസരിച്ചും മലയാള

ത്തിൽ അനേക കവിതകൾ ഉണ്ടാക്കിക്കാണുന്നു. എഴുത്തച്ഛന്റെ കാലംമുതൽ മലയാളഭാഷക്ക് സംസ്കൃതസഹായത്താൽ തമിഴിന്റെ കീഴടക്കം ഒട്ടുപാതിവിട്ട് സ്വാതന്ത്ര്യം സിദ്ധിച്ചുതുടങ്ങി. ഇങ്ങിനെ തുടങ്ങിയിട്ട് മലയാളഭാഷാസ്വരൂപസ്വാതന്ത്ര്യങ്ങളെ വളരെ ശേഷം കുഞ്ചൻനമ്പിയാർ മലയാളഭാഷയിൽ "തുള്ളൽ" എന്നൊരു പുതിയ ഛന്ദസ്സ്വരൂപം നിർമ്മിച്ച് ചേർത്തതായി കാണുന്നുണ്ടെങ്കിലും ഭാഷയ്ക്ക് ഇങ്ങനെയൊക്കെ അധികമായ രൂഢിവന്നതായി കാണുന്നില്ല.

ഇപ്പോഴത്തെ മലയാളത്തിലാകട്ടെ "കേരളീയ കാളിദാസ"രായിട്ട് ഒന്നാമത് സംസ്കൃതനാടകാദികളെ മലയാളത്തർജ്ജമചെയ്ത് അവയെ അച്ചടിപ്പിക്കുന്നതിൽ സാധാരണ മലയാള വിദ്വാന്മാർ ചെയ്യുന്നപോലെ പുസ്തകാരംഭംമുതൽ അവസാനംവരെ ഒരേ അന്ധകാരമാകാതെ തനിക്ക് ഇംഗ്ലീഷ് ഭാഷാജ്ഞാനം കൂടിയുള്ളതിനാൽ ഇംഗ്ലീഷ് പുസ്തകരീതി അനുസരിച്ച് ഗദ്യപദ്യാദി ചേർപ്പാടുകളും അല്പവിരാമാദി ചിഹ്നങ്ങളും വരുത്തിത്തുടങ്ങിയത് ഭാഷയ്ക്ക് ഒരു വിശിഷ്ടാലങ്കാരമായിരിക്കുന്നുവല്ലോ! ഈ ചിഹ്നങ്ങളുടെ ഗുണം "സംസാരഭാഷ"യിൽ സ്വരഭേദംകൊണ്ട് പാമരജനവും വരുത്തുന്നത്. "എഴുത്തുഭാഷ"യിലാകട്ടെ ഈവക ചിഹ്നങ്ങൾ ഉപയോഗിക്കാഞ്ഞാൽ "അല്പവിരാമം ആളെക്കൊന്നു" എന്ന് ഇംഗ്ലീഷിൽ പറഞ്ഞിരിക്കുന്നപോലെ ചില പദവാക്യങ്ങൾ ദുരർത്ഥങ്ങളായോ, നിരർത്ഥങ്ങളായോ, വിപരീതാർത്ഥങ്ങളായോ, മറിച്ച് പദാന്വിതങ്ങളാക്കപ്പോലും അർത്ഥം ഗ്രഹിപ്പാൻ പ്രയാസമായിവരുന്നു എന്നാൽ പാമരന്മാരുടെ വിഷയം പറവാനുണ്ടോ? ഈ പ്രയാസമുണ്ടാകാതിരിപ്പാനായി ഇപ്രകാരം ചില ചിഹ്നങ്ങൾ ഉപയോഗിച്ചുവരുന്നതിൽ ഇതുവരെ ദേവനാഗരി അക്ഷരത്തിലുള്ള പുസ്തകങ്ങളിൽ മാത്രം ഉപയോഗിച്ചുകാണുന്ന "അവഗ്രഹം" എന്ന ചിഹ്നവും, ഹ്രസ്വമായാലും സമസ്തമായാലും ഓരോ പദം കഴിഞ്ഞാൽ അല്പം സ്ഥലം വിടുന്നതിൽ നാഗരി എഴുത്തിലുള്ള പുസ്തകങ്ങളിലേപ്പോലെ ഒരു വ്യവസ്ഥയും മററും വരുത്തിയാൽ ഏറെനന്ന്. എന്നാൽ കാലക്രമത്തിൽ തമിഴ്ഭാഷ

യിലെ, മകാരത്തേവർ, ഇരവി, ആകിയ, കൊട്ടത്തോം, പൂമി, കാരാണ്മൈ, എഴുത്തു, കൊപ്പത, പിരാമം, കൊററവതാക, എന്ന പഴയ പ്രയോഗങ്ങളും, നകരി, നീമെ, ഇരാവണൻ, പതം, തിരിചിരാ, എന്ന രാമചരിത പ്രയോഗങ്ങളും, മാനസ, അതുള്ളാലെ, എന്ന കണ്ണശ്ശപ്പണിക്കർ പ്രയോഗങ്ങളും, മഹാദേവർ, രവി, ആയ, കൊട്ടത്തു, ഭൂമി, കാരാണ്മ, ഇരുത്തു, കൊപ്പര, ഗ്രാമം, കൊററവൃതാക, എന്നും, നഗരി, നീരിനെ, രാവണൻ, പദം, ത്രിശ്ശിരസ്സ്, എന്നും, മനസാ, അതുള്ളാൽ, എന്നും ഭേദപ്പെടുകയും, ഏഴ്, ഉകൽ, ഇയമ്പ, പതവും, മുനിന്തു, തിക, മൊഴിന്താൻ, എന്ന രാമചരിതത്തിലെ തമിഴ് പ്രയോഗങ്ങൾ മലയാളത്തിൽ ഇല്ലാതാകയും ചെയ്യുന്നു. അന്വയസ്ഥാനിൽ, എന്ന രാമചരിതപ്രയോഗം അസംബന്ധമായി കാണുന്നതിനാൽ അത് കവിതന്നെ പ്രയോഗിച്ചതോ, അച്ചടിപ്പിഴയോ, എന്നറിവാൻ പാടില്ലാതിരിക്കുന്നു. മാനസ, എന്ന് കണ്ണശ്ശപ്പണിക്കരുടെ പ്രയോഗമായി കാണുന്നതും അച്ചടിപ്പിഴയായിരിക്കണം. അൻപേണം, എന്ന് എഴുത്തച്ഛന്റെ കൃതിയിൽ കാണുന്നത്, ന്പ, എന്ന അക്ഷരം, ൻപ്, ഒപ, എന്ന രണ്ടുമാതിരിയിൽ കൂടി ഇപ്പോഴും എഴുതിവരുന്നതിനാൽ കവിതന്നെ പ്രയോഗിച്ചതായിരിക്കാം. [illegible], അമ്പ്, എന്നതും, അൻപ്, എന്നതും അഭേദമായി എഴുതിവരുന്നതിനാൽ അർത്ഥവിചാരത്തിൽ അന്യോന്യമായി സംബന്ധിക്കേണ്ടി വരുന്നു. എന്നുമാത്രമല്ല, അമ്പത് എന്നതിനെ ഇപ്പോഴും ചിലർ ഐമ്പത് എന്നും, ഐമ്പത്, എന്നും, അമ്പത്, എന്നും എഴുതിവരുന്നതിനാൽ വ്യവസ്ഥയില്ലാതാകുന്നു എന്നുമാത്രമല്ല, ഐമ്പത്ത്, എന്ന തമിഴ്പദം ഭേദിച്ച് മലയാളത്തിൽ അമ്പത് എന്നായിരിക്കുന്നതിനെ വീണ്ടും തമിഴ്രൂപമാക്കുന്നതുകൊണ്ട് മലയാളത്തിന്മേൽ തമിഴിനില്ലാതായി പോയ അധികാരത്തെ മലയാളം തന്നെ പുനർജ്ജീവിപ്പിക്കയാണല്ലോ? ഒരു ഉപഭാഷക്ക് മാതൃഭാഷയോടുള്ള സാമ്യത്തെ കഴിയുന്നതും ചുരുക്കിയാലെ സ്വാതന്ത്ര്യം സിദ്ധിക്കയുള്ളൂ. ആകയാൽ തമിഴ്, സംസ്കൃതം മുതലായ ഭാഷകളിൽ നിന്നും മലയാളത്തിൽ ചേർന്നിരിക്കുന്ന പദങ്ങൾക്ക്

മലയാളത്തിൽ പ്രത്യേകരൂപമുണ്ടായിരിക്കെ അതാതു ഭാഷാരൂപം ഉപയോഗിക്കുന്നതു ഭാഷക്കു ദോഷം തന്നെ. എന്നാൽ സംസ്കൃതത്തിൽ നിന്നുൽഭവിച്ച പ്രാകൃതഭാഷാപദങ്ങൾ നാനാ രീതിക്ക് വ്യവസ്ഥയും വ്യാകരണവും ഉള്ളതുപോലെ ഓരോ മൂലഭാഷോൽഭൂത മലയാളപദങ്ങൾക്ക് വ്യവസ്ഥയെപ്പറ്റി കാണാത്തതിനാൽ "മഹാജനോയേനഗതസ്സപന്ഥാഃ" എന്ന ന്യായമനുസരിക്കാതെ സാധാരണ നടപ്പായിരിക്കുന്നതിനെ വിട്ട് ഭാഷ വഷളാക്കുന്നത് കഷ്ടമല്ലേ? എന്നാൽ ഈ വിഷയത്തിൽ "അച്ചടിപ്പിശാച്" എന്നിംഗ്ലീഷിൽ പറയുമ്പോലെ അച്ചടിപ്പിഴ എല്ലാഭാഷയിലും കാണുമെങ്കിലും മലയാളം അച്ചടിക്കാർ ഭാഷാലക്ഷണത്തിൽ കൊണ്ടുപിടിക്കുന്നു. ആകയാൽ, ഭാൻചേണം, എന്നതും അച്ചടിക്കാരനായിരിക്കണം.

പിന്നെ പല പദങ്ങളെ ഒന്നിച്ചു ചേർക്കുന്ന സന്ധി, സമാസം, വാക്യം, ഇത്യാദി വിഷയങ്ങളിലൊക്കെയും ഭാഷ തമിഴിനെ അനുസരിക്കുന്നതല്ലാതെ സംസ്കൃതത്തെ അധികമനുസരിക്കുന്നില്ലാതിരിക്കെ ചിലർ ഈ വിഷയങ്ങളിൽ "മാപ്പിളമാരുടെ കുടുമയും വടകന്റെ താലിയും ചേർത്തുകെട്ടുക" എന്നപോലെ മലയാളത്തിൽ, "കോപ്യനുഭവാച്ചുൻ" "ധാവതിചെയ്തു" "അരയന്നപ്പരിഷ്കം" "ചെന്നിതകൃത്രിമാർ," എന്നുംമറ്റും പ്രയോഗിക്കുന്നത് ഭാഷാലക്ഷണമല്ലായ്കയാൽ ഛന്ദസ്സ്, അലങ്കാരം, ദശരൂപകം, ഈ വിഷയങ്ങളിൽ മാത്രം മലയാളം സംസ്കൃതത്തിൽ ലയിച്ചിരിക്കുന്നു. ഇവറ്റിൽ അലങ്കാരവും ദശരൂപകവും മലയാളത്തിന്നു പ്രത്യേകം ഇല്ലായ്ക ഉണ്ടായിട്ടില്ലെങ്കിലും ഛന്ദസ്സുകൾ ചിലത് മലയാളത്തിൽ പ്രത്യേകമുണ്ടായിരിക്കെ അവയെല്ലാം പ്രബലപ്പെടുത്താതെ ഗ്രന്ഥകാരന്മാർ ഗതാനുഗതികന്മാരായി സംസ്കൃതത്തെത്തന്നെ അവലംബിക്കുന്നതും കഷ്ടം തന്നെ. എന്നതുമാത്രമല്ല ചില സംസ്കൃതപക്ഷപാതികൾ മലയാളത്തെ സഹായിപ്പാൻ വന്ന സംസ്കൃതത്തിന്റെ "[illegible]" ആക്കുന്നതും നാനാ [illegible] എതിരും ഒരുപക്ഷേ പരിഷ്കൃതപ്രായമായിരിക്കുന്ന നമ്മുടെ ഭാഷയിൽ അത്യാചാരം താഴെ കാണിക്കുന്നവയത്രെ വ്യവസ്ഥ

യില്ലാതെ പഠിതം, ആശ്ലിഷ്ടത്തിൽ, "ഹിരണ്യനാട്ടിൽ ചെന്നാൽ ഹിരണ്യായനമഃ" എന്നിങ്ങനെ ഓരോന്നും, എഴുതിവരുന്നതിനാൽ അവയിൽ അവ്യവസ്ഥിതം ഓരോന്നിന്റെ നേരെ വ്യവസ്ഥ വരുത്തേണ്ടുന്ന രൂപവും എഴുതിക്കാണിക്കുന്നു:—

അങ്ങനെ, അങ്ങിനെ. അവിടുത്തെ, അവിടത്തെ. അതിലക്, അതിലേയ്ക്ക്. എന്തെന്നാൽ, എന്തെന്നാൽ. എല്ലാ, അല്ലാ. പോര, പോരാ. അവിടെത്തന്നെ, അവിടെത്തന്നെ, ഇരിപത് ഇരുപത്. രൂപ, ഉറുപ്പിക. ഓരൊന്ന്, ഓരോന്ന്, ഇരിക്കുന്നു, ഇരിക്കുന്നു, എന്നിത്യാദിയെ ക്രമപൂർവ്വം വഴിയെ വിസ്തരിക്കയും ഓരോ പ്രത്യേകപ്രയോഗങ്ങളെ ചൂണ്ടിക്കാണിക്കയും ചെയ്യുമ്പോൾ "കലഹം പിറന്നാൽ ന്യായം പിറക്കും" എന്നപോലെ തർക്കസമാധാനങ്ങൾക്കിടവരുമെന്നു വിചാരിക്കുന്നു. എന്നാൽ ഈവക തർക്കങ്ങൾ ഭാഷാപരമായി കലാശിക്കുന്നതല്ലാതെ പരസ്പരമായി കലാശിക്കാതിരിപ്പാനായി മാത്രമേ ഞാൻ പ്രാർത്ഥിച്ചുകൊണ്ടിപ്പോൾ മതിയാക്കുന്നു.

കവീശ, ഒ. നാണയ്യശാസ്ത്രികൾ.

തൃക്കണാമതിലകം.

—— : o : ——

മലയാളത്തിലുള്ള മഹാബ്രാഹ്മണർ മുതലായ സകല ദ്വിജവർഗ്ഗങ്ങൾക്കും സന്ധ്യാവന്ദനം മുതലായുള്ള നിത്യകർമ്മങ്ങളിൽ നേരനീക്കം വരുത്തിക്കൂടാ എന്ന നിശ്ചയമുണ്ടായിരുന്നാലും ആദ്യമായി തെറ്റിത്തുടങ്ങിയത് അന്നുമുതൽക്കാണ്. അതിൽ പെട്ടുപോയതിനാൽ സന്ധ്യാവന്ദനം, ഔപാസനം മുതലായ നിത്യകർമ്മങ്ങൾ മുടക്കം പറ്റിയ മഹാബ്രാഹ്മണർക്ക് അന്നുണ്ടായ മനോവ്യസനം ഇന്നപ്രകാരമായിരുന്നു എന്ന പറഞ്ഞറിയിക്കുവാൻ തീരെ പ്രയാസം തന്നെ. അന്നു സംഭവിച്ചതായ ആ അത്യാപത്തിനെ സൂചിപ്പിച്ചിട്ടാണ് ഇന്നും ഇരിങ്ങാലക്കുട ഗ്രാമത്തിൽ പെട്ട സകല ദ്വിജവർഗ്ഗക്കാരും സന്ധ്യാവന്ദനത്തിന് ഏകാഗ്ര്യം (രു

ഊരകംവ്) മാത്രമായി നടത്തിപ്പോരുന്നത്. എന്നാൽ ഈഗ്രാമ ത്തിൽപ്പെട്ട മൂന്നില്ലക്കാർക്ക് ഇപ്പോഴും മൂന്നാഗ്ര്യമായിട്ടും കഴകം ത ന്നുണ്ട്. ഈ പക്ഷഭേദത്തിനുള്ള കാരണം ഈ മൂന്നില്ലക്കാർ ഈ യോഗത്തിൽ ചേരാഞ്ഞിട്ടോ, അവർക്കല്ല സംഗതിവശാലും സന്ന്യാസവന്ദനാം കൂടാതുവാനിടവരാഞ്ഞിട്ടോ ഏതാണെന്നു സ്പഷ്ട മായി പറയുവാൻ സാധിക്കുന്നില്ല. ശുകപുരം, പെരുമനം, ഇരിങ്ങാ ണിക്കുളം, ചേന്നാസ്, ഈഗ്രാമങ്ങളിലുള്ള നമ്പൂതിരിമാരിലും ചി ല്ലരെല്ലാം ഏകാഗ്ര്യക്കാരായിട്ടുണ്ട്. അവരും ഇതുപോലെ വല്ലകാ രണങ്ങളാലും നിയമഭംഗം വന്നുപോയവരാകെ വരശാലയിൽ ചെ രുവരായിരിക്കാം. ഏതായാലും, മേൽപറഞ്ഞ അപൂർവ്വസംഭവത്തി ന്നു ശേഷം ഇരിങ്ങാലക്കുടക്കാരെല്ലാവരും മതിലകത്തുനിന്നു പിൻ വലിച്ചു. മതിലകത്തുകാരുടെ ഒരു സാഹസപ്രവൃത്തിയാൽ മ റ്റുള്ള മഹാബ്രാഹ്മണർക്ക് അവരുടെമേൽ വൈരസ്യം ജനിക്കുവാ നിടയായി. തൃക്കണാമതിലകത്തു കിളപ്പുരയിൽ കൂടിയിരുന്ന യോ ഗക്കാർ നമ്പൂതിരിമാരും ഓരോരുത്തരായി പിരിച്ചുപോകുവാൻ തുട ങ്ങി. കയ്യാധികാരിസ്ഥാനം വഹിച്ചിരുന്ന പടിഞ്ഞാറേടത്തു പ ട്ടേരിയും ഈ നായന്മാർക്ക് ചില നിരോധകല്പനകളയച്ചു. എന്നാ ലിത്രയൊക്കെയായിട്ടും സ്ഥിരനിശ്ചയന്മാരായ നായന്മാർ ഭ്രമി ച്ചു കാര്യത്തിൽ നിന്ന് തെല്ലെങ്കിലും പിന്മാറുക ചെയ്തതുമില്ല.

ഇരിങ്ങാലക്കുടക്കാർ കൂട്ടത്തോടെ മടങ്ങിപ്പോന്നതിന്റെ ശേഷം മഹാബ്രാഹ്മണരെല്ലാവരും കൂടി "പാളിണി" എന്ന ആഭി ചാരകർമ്മത്തിന്നാരംഭിച്ചു. ഇത് അത്യാപത്തിൽ പെട്ട കേരള ബ്രാഹ്മണർ ശത്രുക്കളുടെനേരെ പ്രയോഗിക്കുന്നതിനുള്ള ഒ ബ്രഹ്മാസ്ത്രമായിട്ടാണ് പണ്ടുള്ളവർ കരുതിപ്പോന്നിരുന്നത്. ഇ രിങ്ങാലക്കുടക്കാർക്ക് ഇതല്ലാതെ മറ്റൊരു ആയുധവും പ്രയോ ഗിച്ചു നോക്കുവാനില്ലാതായിരുന്നതിനാൽ അവരെല്ലാവരും അവിടെ ക്ഷേത്രത്തിലൊത്തുകൂടി മേൽപറഞ്ഞ ആഭിചാരക ർമ്മമാരംഭിച്ചു. അഹസ്സു പകുന്നാൽ കുളിച്ചു നിത്യകൃത്യങ്ങൾ ക ഴിച്ചതിന്നു ശേഷം എല്ലാവരും ശത്രുസംഹാരകങ്ങളായ മന്ത്ര ങ്ങളെക്കൊണ്ടു തങ്ങളുടെ പരദേവതയെ സേവിച്ചു കൊണ്ടിരിക്കും.

ഇങ്ങിനെ മദ്ധ്യാഹ്നംവരെ സേവ കഴിഞ്ഞാൽ വന്നുകൂടിയ ബ്രാഹ്മണൎക്കൊക്കെ ചാതുൎവ്വിധവിഭവത്തോടുകൂടിയ സദ്യയുടെ വട്ടമായി. ദൂരദേശങ്ങളിൽനിന്നും മറ്റും വിശേഷിച്ചുവരുന്ന അതിഥികളും വേറെയുള്ളവരും എല്ലാംകൂടി സദ്യക്ക പന്തിയിൽ നിരന്നിരുന്നാൽ സകല ഭക്ഷണസാധനങ്ങളും വിളമ്പി 'കഴിക്കനിൎവ്വിഘ്നം. ബ്രാഹ്മണർ അതു കഴിക്കുന്നതിന്നു മുമ്പായി ഒരു യോഗത്തിൽചെന്നു നാലു ബ്രാഹ്മണർ തങ്ങൾക്കു നേരിട്ട സങ്കടം ഇവരുടെ മുമ്പാകെ വായ്‌വിട്ടുചൊല്ലി കേൾപ്പിച്ചിട്ട്, "ഈ സങ്കടത്തിന്നറുതി വരുത്തിത്തന്നേനിവൃത്തിയുള്ളൂ" എന്നു പ്രാൎത്ഥിക്കുകയായി. 'ഞങ്ങൾ ദാനമെന്നു' അവർ ശപഥംചെയ്തു കൈകൂപ്പിത്തൊഴുതിറങ്ങിയിട്ട് എല്ലാവരുംകൂടി ശത്രുഹരമായ ഒരു വലിയ ആയുധപ്പണഹോമവും ജപവും മറ്റുമായി രാത്രി സന്ധ്യയാകും. സന്ധ്യാവന്ദനാദിന്ന ശേഷവും ഈ ക്രിയയുടെ അവശേഷം നടത്തിട്ട കേവലം പ്രാണരക്ഷക്കു മാത്രം പാകംചെയ്യാത്ത വല്ല ഫലമൂലങ്ങളും പച്ചവെള്ളവും കഴിച്ചു കിടന്നുറങ്ങും. അഹസ്സു പകുന്നാൽ പിന്നെ പിറേറദിവസവും കൃത്യം ഇതുതന്നെ. ഇങ്ങിനെ ഇവർ ഒരു മണ്ഡലം (നാല്പത്തൊന്നു ദിവസം) ഈ ക്രിയ നടത്തിപ്പോന്നു. അപ്പോഴേക്കു മതിലകത്ത് ഊരാളന്മാരായ തെക്കേടത്തു നായരും വടക്കേടത്തു നായരും തമ്മിൽ ഒരു നിസ്സാരമായ സംഗതിയിൽ വെച്ച് അന്തഃഛിദ്രം മുഴുത്തുവശായി. തെക്കേടത്തു നായന്മാരിൽ ഒരു ചെറുപ്പക്കാരൻ ഒരു പന്നിയെ നായാടി ഓടിച്ചു വടക്കേടത്തു നായന്മാരുടെ സ്ഥലത്തുവെച്ച് എയ്തുകൊന്നു. വടക്കേടത്തു നായന്മാരിൽ ഒരുവൻ അതു കണ്ടിട്ട് ഈ പന്നി ഞങ്ങളുടെ സ്ഥലത്തു വന്നു ചത്തതാകയാൽ ഞങ്ങൾക്കു കിട്ടേണ്ടതാണെന്നു നേരമ്പോക്കായി പറഞ്ഞു. മറേറ ചെറുപ്പക്കാരൻ ഇതിന്നു കുറെ അധികപ്രസംഗവും അഹങ്കാരവും കൂട്ടിട്ടാണ് മറുവടി പറഞ്ഞത്. അത് ഇവൎക്കു രസിച്ചില്ല. എന്തിന്നധികം പറയുന്നു? അവർ തമ്മിൽ വാക്കു മുഴുത്തിട്ടൊടുക്കം ആയുധമെടുത്തു വെട്ടും കുത്തുമായി. കാരണവന്മാർ അതു കേട്ടുവന്ന് ഇരുഭാഗവും അനന്തരവന്മാരെ സഹായിച്ചു. കലഹം മുഴപ്പിച്ച് ഇരുകക്ഷിക്കാരും

ബ്രാഹ്മണരോടുകൂടി വലിയ യുദ്ധത്തിനൊരുമ്പെട്ടു. ചേറ്റുവാമണപ്പുറത്തുകാർ കൂടി പന്നിയൂർ ഗ്രാമക്കാരുടെ കക്ഷിയിൽ ചേർന്നു. ലഹളയും വളരെ ഭയങ്കരമായിരുന്നു. ചൊവ്വരപക്ഷികളായ ഇരിങ്ങാലക്കുട ഗ്രാമണികളും ബ്രാഹ്മണരോടുകൂടി ഇതിന്നിടയിൽ കടന്നു ബലാൽക്കാരമായി ഐശ്വര്യം മുഴുവനും കൊണ്ടുപോയി. ഈ വലിയകലശലിന്നിടയിൽ തെക്കേടത്തുനായന്മാരുടെയും വടക്കേടത്തു നായന്മാരുടെയും വംശം മുഴുവനും മുടിച്ച് വീടുകളും ചുട്ടുപൊട്ടിച്ചു. ഇതുകൊണ്ടും കഴിഞ്ഞില്ല. പിന്നെയുള്ള കലാപമാണ് ഇതിലും ഘോരമായിത്തീർന്നത്. തൃക്കണാമതിലകത്തെ മതിലുകൾ ഇടിച്ചു പൊളിച്ചു, ഗോപുരങ്ങൾ ചുട്ടെരിച്ചു. അഗ്രശാലകൾക്കു തീവെച്ചു. ഇതുമാത്രമല്ല, ആ മഹാക്ഷേത്രം മുഴുവനും പൊടി ഭസ്മമാക്കിത്തീർത്തുകളഞ്ഞു. ആരാണ്, ഏതാണ്, എന്താണ്, എന്നൊന്നും "കേൾപ്പോരം കേട്ടുവിട്ടു" ഇല്ലാത്ത സംഭവത്തെ ആത്യാവേശത്തോടുകൂടിയ ചലത്തിനെ കൊള്ളക്കാർ കടന്നുകൂടിയാൽ എന്താണു ഉണ്ടാകാത്തത്? അതിലധികമൊന്നും അവിടെ സംഭവിച്ചു എന്നേ പറയേണ്ടതുള്ളൂ. ഗ്രാമത്തിലെ പണ്ടങ്ങളും പാത്രങ്ങളും മറ്റോ ഇവർ അപഹരിച്ചു. ചിലർ സ്വാമിസ്വത്തുക്കൾ കൈവശപ്പെടുത്തി. ഈ കൂട്ടത്തിലാണ് ഇരിങ്ങാലക്കുട, തിരുവഞ്ചിക്കുളം മുതലായ പല ക്ഷേത്രങ്ങൾക്കും സ്വാതന്ത്ര്യം വർദ്ധിച്ചത്. തൃക്കണാമതിലകത്തിന്നു കീഴേക്കായിരുന്ന തൃപ്രയാറ്റും, അന്തിക്കാട്ട ഇരവാപ്പുഴ മുതലായ പല ക്ഷേത്രങ്ങൾക്കും സ്വാതന്ത്ര്യം സിദ്ധിച്ചു. കാലത്തിന്റെ ശക്തികൊണ്ടോ, ഇരിങ്ങാലക്കുടക്കാരുടെ ആഭിചാരകർമ്മത്തിന്റെ ബലംകൊണ്ടോ എന്തുകൊണ്ടെങ്കിലും തൃക്കണാമതിലകത്തിന്റെ മഹിമയും ഇങ്ങിനെ കലാശിച്ചു. മഹത്തായ പരമേശ്വരബിംബം മാത്രം അവിടെ നശിക്കാതെ ശേഷിച്ചു. അതിന്നും പിന്നെ കഠിനമായ കഷ്ടത നേരിട്ടു. കാലാന്തരത്തിൽ മഹമ്മദീയരും ക്രിസ്ത്യാനികളും ഈ ക്ഷേത്രസ്ഥാനത്തു പള്ളികയറി. ഇതിന്നപ്പുറമെ ദ്വീപാന്തരത്തിൽ നിന്നു വന്നുകൂടിയ ചില ക്രിസ്ത്യാനികൾ ഈ മഹേശ്വരവിഗ്രഹം അവിടെനിന്ന് ഇളക്കി പറിച്ചെടുത്തു കപ്പലിൽ കയറ്റി കൊച്ചിയിൽ

കൊന്നിട്ടാക്കി. പിന്നെ കൊച്ചിയിൽ കപ്പൽയാത്രക്കാർ കൊടി കാണുന്ന കൊടിമരം കെട്ടിയുറപ്പിക്കുന്ന കയർ വലിച്ചുകെട്ടിയിരുന്ന കല്ലായിട്ട വളരെ കാലം കിടന്നിരുന്നതും പ്രസിദ്ധപ്പെട്ട ഈ ശാപമോചനം തന്നെയായിരുന്നു. ഇപ്പോഴിൽ അവിടെ കൊടിമരം സ്ഥാപമാക്കിയതോടുകൂടി സ്വാമികം ബന്ധനത്തിൽ നിന്ന മോചനം കിട്ടി. ഇപ്പോൾ ആ വിഗ്രഹം തിരുമലദേവസ്വത്തിലേക്ക കൊണ്ടുനിന്ന് ലേലം കൊണ്ടു അളകത്താഴെതന്നെ പ്രതിഷ്ഠിച്ചിട്ടുണ്ട്.

ആ പഴയ ബിംബം തിരുമലയിൽ എഴുന്നള്ളിച്ചിട്ടു തലവെന്നതും മറ്റും കലശത്തിൽ നശിച്ചതായി പലർക്കും അനുഭവം വന്നിട്ടുണ്ടത്രെ. ഓരോ കാലത്ത് അതിവൃഷ്ടിയും, ക്ഷയവും, അഗ്നിഭയം മുതലായ ആപത്തുകളും, ചിലപ്പോൾ നാട്ടുകലഹവും, ബന്ധനവും മോചനവും നമ്മോടൊപ്പം തന്നെ ഈശ്വരന്മാർക്കും അനുഭവിക്കേണ്ടിവരുമെന്നുള്ളതിന് ഇതുതന്നെ ലക്ഷ്യമായിരിക്കുന്നു.

കോമളവല്ലി.

ഒന്നാം

പ്രകരണം.

ഈ ലോകം ഒരു രംഗവും മനുഷ്യർ നടന്മാരും ആണെന്ന് ആംഗ്ലേയകവിയായ ഷെക്സ്പിയറും, അതല്ല രംഗമാണ് സാക്ഷാൽ ലോകം, നടന്മാരാണ് സാക്ഷാൽ മനുഷ്യർ എന്ന് വേറെ ചിലരും പറയുന്നു. ഈ രണ്ട് അഭിപ്രായങ്ങളിൽ ശരിയായിട്ടുള്ളത് ഏതാണെന്ന് യുക്തികൊണ്ടു പറഞ്ഞു ബോദ്ധ്യപ്പെടുത്തുവാൻ ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥക്ക് എന്നെ പ്രയാസമാണ്. നാടകം, ആഖ്യായിക ഇതുകളിലെ കഥാപാത്രങ്ങൾ ലോകസമ്പ്രദായത്തിനനുസരിച്ച് പറയുകയും പ്രവൃത്തിക്കയും ചെയ്യുന്നില്ലെന്നുള്ള ആക്ഷേപം കാവ്യകാരന്മാരിൽ ചുമത്തുന്നതുപോലെ, നാം നമ്മുടെ വാക്കുകളിലും പ്രവൃത്തികളിലും നാടകമാതെ അനുകരിക്കുന്നില്ലെന്ന് പരിഷ്കൃതന്മാരായ വെള്ളക്കാർ നമ്മെ

ഴും അഭിനയപഠിക്കണം. ശകുന്തള വനദേവതകൾക്ക് പ്രണാമങ്ങളോ ടൊപ്പം മാറുകയും, കൈകൾ ഇളക്കുകയും മറ്റും ചെയ്യുന്നതു് ചിലക്രമങ്ങളെ അനുസരിച്ചിട്ടാകണമെന്നും, ദുഷ്യന്തൻ വനത്തിനെ നോക്കി 'അത്യന്താപേക്ഷമാനാം' എന്നതുടങ്ങിയ ശ്ലോകം ചൊല്ലുന്നതു് അല്പം ഒന്നു മെല്ലെ തിരിഞ്ഞുനിന്നു് ഇടത്തെ കൈ അരയിൽ ഊന്നി വലത്തെ കയ്യിന്റെ പത്തി അല്പം മേല്പോട്ടു കൊണ്ടുപോയി ചൂണ്ടുവിരലും തള്ളവിരലും കൂട്ടി ചുണ്ടിൽ കാണിക്കുന്നതാണ ചുളിച്ചു് ള്ള പ്രത്യേക സമ്പ്രദായമായിട്ടാണെന്നും നല്ല നാടകങ്ങൾ കണ്ടിട്ടുള്ളവക്ക് അറിയാവുന്നതാണ്. കഥകളിയിൽ യുദ്ധത്തിനിടക്ക് ശത്രുപക്ഷക്കാരുടെ അസ്ത്രങ്ങൾ ഏറ്റിട്ട് വല്ലവരും ചത്തുവീഴുകയോ, മരണവേദനകൊണ്ടു കൈകാൽ ഇട്ടടിക്കയോ ചെയ്യുമ്പോൾ കൊട്ടിന്റെ താളത്തിന് അനുസരിക്കണമോ എന്ന പ്രത്യേകം മനസ്സുവെക്കണം. കോപം, വ്യസനം, ഈ രസങ്ങളെ നടിക്കുന്നസമയത്ത് മുഖം വിറക്കുകയോ, മാറത്തടിക്കുകയോ ചെയ്യേണ്ടിവന്നാൽ അതുചില ക്രമങ്ങളെ അനുസരിച്ചുതന്നില്ലെങ്കിൽ വേണ്ടതുപോലെ ഭംഗി എന്നുപറവാൻ പാടുള്ളതല്ല.

കല്യാണസൌഗന്ധികത്തിൽ ഹനുമാന്റെ വാല് പൊക്കാൻ ഭാവിക്കുമ്പോഴത്തെ ഭീമസേനന്റെ നിലയും പിന്നീടുള്ള വീഴ്ചയും എത്രഭംഗിയായും കോട്ടം കൂടാതെയും നടിക്കാമെന്ന ബാലിമാസ്ത്യന്റെ ആട്ടം കണ്ടിട്ടുള്ളവർക്കൊക്കെ അറിയാവുന്നതാണ്.

എന്നാൽ നാം സംസാരിക്കുകയോ പ്രവൃത്തിക്കുകയോ ചെയ്യുമ്പോൾ എന്തുനിയമത്തെയാണ് അനുസരിക്കുന്നത്? വ്യസനനിമിത്തം നാം കരയുകയോ മറ്റോ ചെയ്യുമ്പോൾ നമ്മുടെ ശ്രുതി നേരെയാകുന്നുണ്ടോ എന്ന് നാം നോക്കാറുണ്ടോ? സന്തോഷനിമിത്തം നാം ചിരിക്കുമ്പോൾ നമ്മുടെ ചിരിയുടെ ശബ്ദമൊക്കെ ഒപോലെയിരിക്കുന്നുണ്ടോ എന്ന് ഒരിക്കലെങ്കിലും മനസ്സുവെക്കാറുണ്ടോ? ദേഷ്യപ്പെട്ട് കണ്ണുരുട്ടുകയും പിരികം വളക്കുകയും ചെയ്യുമ്പോൾ അതതുവിധമുള്ള നിയമങ്ങളെ എത്രപേർ അനുസരിക്കാറുണ്ട്? നാം കാര്യത്തിലോ മറ്റോ മറിഞ്ഞുവീഴുന്നതാണെങ്കിൽ ഒരു ചില്ലുമാത്രം താഴത്തു പതിച്ചും, ഒരു കാലിനോ കയ്യിനോ മാത്രം കോ

ച്ച്, വീഴുന്നതു തന്നെ ഒരു ശംശയില്ലാത്ത വിധത്തിൽ ഒരു പുറം മാത്രം അടിച്ചും ഇങ്ങിനെ ഒരു ക്രമമില്ലാതെ പലവിധത്തിലും കാര്യം കലാശിപ്പിക്കുന്നതല്ലാതെ അതു് വേണ്ടുംപോലെ ആകേണമെന്ന ആരെങ്കിലും ഉദ്ദേശിക്കാറുണ്ടോ? തയ്യിതോ മാ- ഠാ- ഠാ- തയ്-യിർ—എന്നിങ്ങിനെ മാത്രതെററിച്ച് അളന്ന തയിർക്കാരൻെറ കടം തട്ടി ഉച്ച വൈയ്യാകരണനും ഒരിയ്ക്കലെ തിളപ്പാട്ടിൻെറ താളമൊക്കുന്നില്ലെന്ന് വെച്ചു് അഭിപ്രായം തള്ളിമറിച്ച സംഗീതവിദ്വാനും ലൌകികവിഷയത്തിൽ മൂഢന്മാരാണെന്നല്ലേ നാം ധരിച്ചിരിക്കുന്നത്. ഇതിലും വലിയ ഒരു തെററായ ധാരണ പാടുണ്ടോ? കാര്യത്തിൻെറ സ്ഥിതി ഇങ്ങിനെയിരിക്കെ, ഉണ്ണുകയും ഉറങ്ങുകയും, നില്ക്കുകയും ഇരിക്കുകയും ചാടുകയും ഓടുകയും കരയുകയും ചിരിക്കുകയും (ഇങ്കിരീസിൽ ചിരിക്ക എന്നത് പ്രസിദ്ധമാണല്ലൊ) എന്നുവേണ്ട സകലത്തിനും ചിലനിയമങ്ങളൊക്കെ ചെയ്തിട്ടുള്ള വെള്ളക്കാർ നാം അപരിഷ്കൃതന്മാരാകുന്നു എന്ന പറയുന്നതിൽ എന്താണ് ആശ്ചര്യപ്പെടുവാനുള്ളത്. അതിനാൽ നാട്യവിദ്യയെ സംബന്ധിച്ച് പ്രാചീനമഹിമയുള്ളവരായ പണ്ഡിതന്മാർ ഉണ്ടാക്കീട്ടുള്ള നിയമങ്ങളെ നാം എന്നാണ് കൃത്യമായി അനുസരിക്കാൻ പഠിക്കുന്നത് ആ കാലത്തു മാത്രമേ നാം പരിഷ്കൃതന്മാരെന്നുള്ള പേരിന് അർഹന്മാരായിത്തീരുകയുള്ളൂ. ആ കാലത്ത് നമ്മുടെ നാടകങ്ങളിലും നോവലുകളിലും ഇപ്പോൾ കണ്ടുവരുന്ന ദോഷങ്ങൾ തീരെ ഇല്ലാതെയായെന്ന് കാണുകയും ചെയ്യും". ഇങ്ങിനെ ബഹുഗൌരവ ഭാവത്തോടു് ഒരു കാൽമണിക്കൂറുനേരം തന്നെ ഞാൻ പ്രസംഗിച്ചതിൻെറ ശേഷമാണ് എൻെറ കഥയിൽ നായികയാകുവാൻ തീർച്ചയാക്കിയിരുന്ന യുവതീരത്നത്തിൻെറ അടുക്കലേക്ക് യാത്രപുറപ്പെട്ടത്. അവിടെ ചെന്നാൽ ഇന്നിന്നവാക്കുകൾ പറക. ഇന്നിന്ന നാട്യങ്ങൾ നടിക്കുക എന്നുള്ളതെല്ലാം കാലേക്കൂട്ടി മനസ്സുകൊണ്ട് നല്ലവണ്ണം ആലോചിച്ചുവെച്ച് റെറിഹർസൽ (ചൊല്ലിയാട്ടം) കൂടി കഴിച്ചിട്ടുണ്ടായിരുന്നു. എന്നുമാത്രമല്ല അവളെ കേൾപ്പിക്കുന്നതിന് തൽക്കാലം ഉണ്ടാക്കിയ രണ്ടു മൂന്നു ശ്ലോകങ്ങൾ മൂന്നുനാലു പ്രാവിശ്യം ഉരുക്കഴിച്ച് എൻെറ മേശപ്പു

റന്നുള്ള കണ്ണാടികം അതിരൂപമായിനിന്ന് തക്കതായ വാദ്യങ്ങളോടും കൂടി ഗാന്ധാരിയിൽ ഉച്ചത്തിൽ ചൊല്ലി. അഭിനയം കേമമായി എന്ന് ഇനിക്കുതന്നെ ബോദ്ധ്യം വന്നതിന്റെ ശേഷമേ അവിടുന്ന് പുറപ്പെട്ടുള്ളു.

ചന്ദ്രപുരിഗ്രഹത്ത് കോമളവല്ലിക്ക് (അവളുടെ സാക്ഷാൽ പേര് ഇന്ദിരയെന്നോ കനകവല്ലിയെന്നോ മറ്റോ ആണ്) നമ്മുടെ കഥ നടന്ന കാലത്ത് ഏകദേശം നാല്പത്തഞ്ചു വയസ്സു പ്രായമായിക്കാണും. അവളുടെ ആകൃതിവിശേഷത്തെ യഥാർത്ഥമായി വർണ്ണിക്കയാണെങ്കിൽ 'വെണ്താമരപോലെ വെളുത്തമുഖി' എന്നു തുടങ്ങിയ ഒരു സരസകവിയുടെ വിവരണം ഇവളെ സംബന്ധിച്ചായിരുന്നെങ്കിൽ യോജിപ്പായേനേ എന്നുപറഞ്ഞാൽ മതി. പക്ഷേ ഇപ്രകാരമുള്ള യഥാർത്ഥവർണ്ണനം ഒരു കഥയിലെ നായികക്കു ചേർന്നതാണോ എന്ന് ഞാൻ സംശയിക്കുന്നു. അതിനാൽ ബ്രഹ്മാവ് ഇഹലോകത്തിലും പരലോകത്തിലും ഉള്ള സകല സുന്ദരിമാരുടേയും സൌന്ദര്യസാരം അരിച്ചെടുത്ത് ഒരു പുതിയസ്ത്രീരൂപമായി നിർമ്മിച്ചവളാണ് ഇവൾ എന്നുവേണം പറയാൻ.

ഞാൻ അവിടെ ചെന്ന സമയത്ത് കോമളവല്ലി പൂമുഖത്ത് ഒരു കട്ടിലിന്മേൽ ഒരു പുസ്തകം വായിച്ചുകൊണ്ട് ഇരിക്കയായിരുന്നു. ഞാൻ അടുക്കെയുള്ള ഒരു കസാലയിന്മേൽ ചെന്നിരുന്ന് 'ബാലേ' എന്നുതുടങ്ങിയ ഒരു ശ്ലോകം അതി ഭംഗിയിൽ ചൊല്ലി. ശ്ലോകം ചൊല്ലുന്ന സമയത്ത് കണ്ണ് സ്വല്പം അടച്ചിരുന്നതിനാൽ, അവളുടെ മുഖത്തെന്തൊക്കെ ഭാവഭേദങ്ങളുണ്ടായെന്നു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ചൊല്ലിക്കഴിഞ്ഞ് കണ്ണുമിഴിച്ചു നോക്കിയപ്പോൾ അവിടെ ആരെയും കാണാനില്ല. വിരഹവേദന നായികക്കാണത് എന്റെ ചിന്തയുടെ കുറവാണല്ലോ. അതിനാൽ വളരെ പണിപ്പെട്ട് കണ്ണിൽനിന്ന് രണ്ടുമൂന്നുതുള്ളി വെള്ളം തൂകി പുറപ്പെടുവിച്ചു. ഏതാണ്ടൊരു അപ്പോഴത്തെ അവസ്ഥയെ സൂചിപ്പിക്കുന്നതായി രണ്ടുശ്ലോകങ്ങൾ ഏറ്റവും പ്രയാസപ്പെട്ടു നിർമ്മിച്ചു. രണ്ടു ശ്ലോകങ്ങളുടേയും അവസാനം 'ഹന്തഞാനെന്തുചെയ്യൂ' എന്നായിരുന്നു. ചന്ദ്രരശ്മികൾ അഗ്നിജ്വാലകൾ, തണുത്ത കാറ്റ് വിഷ

വാദ്യ, ചന്ദനാച്ചാറ് തിളപ്പിച്ച എണ്ണ എന്നൊക്കെ അതിൽ വന്നു ത്തിട്ടുണ്ടായിരുന്നു. ഉഴുന്നും ഉറക്കവും അന്ന് ഉപേക്ഷിക്കേണ്ടിവന്നു എന്നു പറയേണ്ടതില്ലല്ലോ. എന്തിനാ വളരെപ്പറയുന്നു വിപ്രലംഭശൃംഗാരമെന്റെ മുഖത്ത് നല്ലവണ്ണം സ്ഫുരിക്കുന്നുണ്ടെന്ന് എന്റെ സ്നേഹിതന്മാരല്ലാത്ത ചിലർ കൂടി സമ്മതിച്ച് എനിക്ക് സർട്ടിഫിക്കെറ്റ് തന്നു.

നേരം രാത്രി എട്ടുമണിയായി. ശീമയിൽ നിന്നു വരുന്ന വെള്ള സോഡക്കുപ്പിപോലെ പ്രകാശിച്ചുംകൊണ്ടിരുന്ന ചന്ദ്രബിംബത്തെ കാർമ്മേഘങ്ങൾ വന്ന് മറച്ചു. അപ്പോഴത്തെ എന്റെ സ്ഥിതിയെക്കണ്ടു പരിഹസിച്ചു ചിരിക്കയോ എന്നു തോന്നുമാറ് ആകാശമെങ്ങും നക്ഷത്രങ്ങൾ മിന്നിമിന്നിക്കൊണ്ടിരുന്നു.

എന്റെ പ്രാണപ്രിയയുടെ ദർശനം കാംക്ഷിച്ച് പുഷ്പവല്ലിഗൃഹത്തിലേക്ക് വീണ്ടും യാത്രപുറപ്പെട്ടു അവിടെച്ചെന്നപ്പോഴെനിക്കുണ്ടായ അസൂയയും, ആശ്ചര്യവും കോപവും ഏതൊരുവനെക്കൊണ്ടാണ് വേണ്ടവിധം നടിക്കാൻ സാധിക്കുക. ഞാൻ നിഷ്കളങ്കമായി സ്നേഹിച്ചിരുന്ന കോമളവല്ലി ഏതോ ഒരു പുരുഷനോടിച്ചു നേരംപോക്കു പറഞ്ഞു രസിച്ചുകൊണ്ടിരിക്കുന്നു. എന്റെ ആഗ്രഹനിവൃത്തിക്ക് പ്രതിബന്ധം വരുത്തിയ ആ മനുഷ്യകീടത്തെ 'രാജമാനുഷാധമ' എന്നു പറഞ്ഞ് ഒന്നു പോരിനുവിളിച്ചാലോ എന്നു സംശയിച്ചു. പക്ഷെ ഇരുളുള്ളവൻ എന്തൊരു അനർത്ഥത്തിന് പുറപ്പെട്ടാലും കാര്യം ഇന്നവിധത്തിലാവും എന്ന് നല്ല നിശ്ചയമുണ്ടായിരുന്നതിനാൽ, 'ശാന്താനാം ഭൂഷണം ക്ഷമാ' എന്നപ്രകാരം ചൊല്ലി തന്നെത്താൻ സമാധാനപ്പെട്ട് തിരികെ വീട്ടിലേക്കുപോയി. ഇങ്ങിനെ അനേകം പ്രാവശ്യം അവിടെ ചെല്ലുകയും ഇളിഭ്യനായി മടങ്ങി വരികയും ചെയ്ത സംഗതിയെപ്പറ്റി വിസ്തരിച്ചു വായനക്കാരെ മുഷിപ്പിക്കാൻ വിചാരിക്കുന്നില്ല. ഒരു ദിവസം ഞങ്ങൾ തമ്മിൽ നടന്ന സംഭാഷണത്തെ താഴെ വിവരിക്കുന്നു.

ഞാൻ— അല്ലയോ ശരച്ചന്ദ്രമനോഹരാമലാനനേ! ഭവതിയുടെ സൌന്ദര്യ കലാകൃതാർത്ഥവർണ്ണം യാവനൊരുത്തനെയാണോ

അപഹൃതചിത്തവൃത്തിയാക്കിച്ചമച്ചതാ ആ ജനാംഗനാ ഭവതിയുടെ രൂപാതിശയാദികളെ വീക്ഷിച്ചതിനാൽ കാംക്ഷിച്ചുകൊണ്ട് ഭവതിയുടെ സന്നിധാനങ്ങളിൽ പ്രത്യക്ഷീഭവിച്ചിരിക്കുന്നു.

കോമളവല്ലി— ഒരു ഭവാന്റെ പേരിൽ ഏറിയുള്ള പ്രണയം അപ്രാകൃതമോ സിദ്ധാന്തിതമോ ആണെങ്കിലും ഇക്കാര്യത്തിൽ ഭവദിഷ്ടാനുസരണം പ്രവൃത്തിക്കുന്നതിൽ അനിവാര്യമായ ഒരു പ്രതിബന്ധമുള്ളതായി ഞാൻ ആശങ്കിക്കുന്നു.

ഞാൻ— ('ഈശ്വരാശേഷ' എന്ന ശ്ലോകം പകുതിചൊല്ലി ഈ സന്ദർഭത്തിൽ യോജിക്കുന്നില്ലെന്നറിഞ്ഞ് പെട്ടെന്നു നിർത്തി) അല്ലയോ! അശോകലതാ ഗുണശാലിനീ! ആ പ്രതിബന്ധമെന്താണെന്ന് എന്നെ വഴിപോലെ ധരിപ്പിച്ചാലും. രോഗകാരണമറിയാതെ എങ്ങിനെയാണ് ചികിത്സിക്കുന്നത്.

കോ— താതൻ ഈ സംഗതിയിൽ പ്രതികൂലിയായേക്കുമോ എന്നുള്ള എന്റെ സംശയംതന്നെ

ഞാൻ— അല്ലയോ ഗതിവിജിതമദഗജഗമനേ! പരസ്പരാനുരാഗമുള്ള സ്ത്രീപുരുഷന്മാർ മാതാപിതാക്കന്മാരുടെ ഇച്ഛയെ അതിക്രമിച്ച് ഗൂഢമായി വിവാഹം നടത്തിപ്പോരാറുണ്ടെന്നുള്ള കഥ ഭവതിക്ക് സംശയമില്ലല്ലോ. അതിനാൽ ഭവതി എന്തിന്നു സംശയിക്കുന്നു. ഉടനെ ഈ സ്ഥലം വിട്ടുപോകുന്നതിന്ന് വേണ്ടതൊക്കെയും ചെയ്താലും

കോ— ഭവാൻ പറയുന്നത് ശരിതന്നെയാണെങ്കിലും താതന്റെ അഭിപ്രായമെന്താണെന്ന് കൂടി അറിഞ്ഞതിന്നു ശേഷമല്ലേ നല്ലത്. ആ സംശയം എന്റെ ശങ്കക്ക് അടിസ്ഥാനമില്ലെന്നു വന്നേക്കാം

ഞാൻ— കൊള്ളാം അത്യുത്തമപക്ഷം തന്നെ. ആ അഭിപ്രായം ഞാൻ അറിഞ്ഞിട്ടുവരാം എന്നുപറഞ്ഞ് കോമളവല്ലിയുടെ പിതാവായ സിംഹോദരന്റെ അടുക്കൽ ചെല്ലുന്നു. 'സിംഹോദരമഹാദേവാ ന്നെ ഇതാ ഞാൻ അഭിവാദ്യം ചെയ്യുന്നു.' എന്നുപറഞ്ഞു.

സിം— മംഗളം ഭവിക്കട്ടെ

ഞാൻ— ഭഗവത്സമീപത്തിന്ന് ഇപ്പോഴും ആഗമിക്കുന്നതിന്നുള്ള കാരണം വഴിപോലെ കേട്ടാലും.

സിം— ഞാൻ അവഹിതനായിരിക്കുന്നു.

ഞാൻ— ഉപരൈകന്യതിലകമായ ഭവൽപുത്രിയെ എനിക്കു പാണിഗ്രഹണം ചെയ്യാൻ കൊള്ളാമെന്നു താല്പൎയ്യമുള്ളതുകൊണ്ട്, ഇക്കാൎയ്യത്തിൽ ഭവാന്റെ അഭിപ്രായം എന്താണെന്നറിവാനായിട്ടാണ് ഞാൻ വന്നത്.

ഇതു കേട്ടപ്പോൾ സിംഹോദരൻ കണ്ണുതുറിച്ച് ഇടിവെട്ടുന്ന മാതിരി ഒന്നു രണ്ടും പുറപ്പെടുവിച്ചു. ഛീ, മൂഢാ, ക്രിമിസദൃശ പാതാളം എന്നാദിയായ ഈ ചതുർദ്ദശലോകങ്ങളിലും അന്വേഷിച്ചാൽ യോഗ്യനായ ഒരു പുരുഷൻ ഇല്ലെന്നു ഞാൻ തീൎച്ചയാക്കിയിരിക്കെ, വിരൂപനും മൂഢനും നീചകുലജാതനും ആയ നീ ഇപ്രകാരമുള്ള വാക്കുകൾ പറഞ്ഞ് എന്നെ അപമാനിക്കാൻ വിചാരിക്കുന്നുവോ?

സിംഹോദരൻ കോപരസം നടിച്ചത് പ്രമാണപ്രകാരമായില്ലെന്ന് എനിക്കു തോന്നിയെങ്കിലും അപ്പോൾ അതിനെ കുറിച്ചൊന്നും ഞാൻ പറഞ്ഞില്ല.

ഞാൻ— (താഴ്മയോടുകൂടി) ഭവാൻ പറഞ്ഞതൊക്കെ ശരിയാണെങ്കിലും സ്ത്രീകൾ തങ്ങൾക്കു ബോധമായ അനുരാഗത്തിനുള്ള പുരുഷന്മാരോടു ചേരുന്നതല്ലേ ഭംഗിയായിരിക്കുക.

സിം— ഛീ മൂഢാ അത്യുൽകൃഷ്ടമായിരിക്കുന്ന എന്റെ പുത്രിക്കു വിരൂപനായ നിന്നിൽ അനുരാഗമുണ്ടാകുന്നതെങ്ങിനെ.

ഞാൻ— അവൾക്കെന്നിൽ പരമാൎത്ഥമായി അനുരാഗമുണ്ടെന്ന് അവളുടെ വാക്കുകളിൽനിന്നും വ്യക്തമായിരിക്കുന്നു. ഇതിൽ ഇനി ഭവാന്റെ സമ്മതം ഒന്നുമാത്രമേ അറിയാനുള്ളൂ.

തെരുമവോൻ ഇതു കേട്ടപ്പോൾ കോപാന്ധനായി നിലത്ത് രണ്ടുമൂന്നു ചവിട്ടു ചവിട്ടി ഒന്നു അട്ടഹാസിച്ച് 'ആരവിടെ' എന്ന് ഉച്ചത്തിൽ ചോദിച്ചു. 'നമ്മുടെ ഉൽകൃഷ്ടവംശത്തിന്നു കളങ്കം ചേൎപ്പാൻ ഉത്സാഹിച്ചുവന്ന ഇവനെ പിടിച്ചു ബന്ധിക്കുകയും, ആ ദാസീപുത്രിയെ കാരാഗൃഹത്തിലിട്ടു പൂട്ടുകയും ചെയ്യൂ' എന്ന് സിംഹോദരൻ കിങ്കരന്മാൎക്കു കല്പനകൊടുത്തു. ഇതു കേട്ട ഉടനെ കിങ്കരന്മാർ തുരുതുരെ വന്ന് എന്നെ ഒരു സ്തംഭത്തോടു ചേൎത്ത് വരിഞ്ഞുകെട്ടി. അതിന്നുശേഷം സിംഹോദരൻ തന്റെ വാൾ ഉറയിൽനി

ന്നം ഉഴരി തെറ്റുന്ന പ്രാവശ്യം അംഗിയിൽ ഇളകി എന്റെ മാറിനെ ലക്ഷ്യമാക്കി ആരോഗ്യം ആസകലം പ്രയോഗിച്ച് വെട്ടാനൊരുങ്ങി. പക്ഷെ വെട്ട് എന്റെ മാറത്ത് കൊള്ളുന്നതിനു മുമ്പിൽ പുരമുകളിൽനിന്ന് ഒരു ശുനകൻ താഴെ വീഴുകയാൽ ഓങ്ങിയ വെട്ടു ശുനകന്റെ മേൽ കൊള്ളുകയും ഞാൻ പണിപ്പെട്ടു ബന്ധനത്തിൽനിന്നും വേർപെട്ട് ചാടിഓടിപ്പോകയുംചെയ്തു.

വായനക്കാരെ, അല്പംകൂടി ക്ഷമിപ്പിൻ, ഒരു നോവൽ കർത്താവിനുള്ള പൂർണ്ണസ്വാതന്ത്ര്യത്തെ അവലംബിച്ച് കഥ ഇപ്പോൾ അവസാനിപ്പിച്ചുകളയാം. കോമളവല്ലിയെ കാരാഗൃഹത്തിൽനിന്ന് മുക്തയാക്കുവാൻ അനേകായിരം വഴികളുള്ളതായി ബുദ്ധിയും മനോധർമ്മവും ഉള്ള എന്റെ വായനക്കാർക്ക് ഊഹിക്കാവുന്നതായിരിക്കെ, ഞാൻ ഏതുപായമാണ് പ്രയോഗിച്ചത് എന്ന നിങ്ങളോടു പറഞ്ഞിട്ട് എന്താണ പ്രയോജനമാണുള്ളത്. മുകളിൽ വിവരിച്ച സംഭവം നടന്നിട്ടു ഒരു മാസം കഴിയുന്നതിനുമുമ്പിൽ കോമളവല്ലിയും ഞാനും ഭാര്യാഭർത്താക്കന്മാരായി. വിവാഹംകഴിഞ്ഞ് മൂന്നാംദിവസം കോമളവല്ലിയെ അടുക്കെ വിളിച്ചിരുത്തി ഇപ്രകാരം പറഞ്ഞു.

അല്ലയോ പ്രിയതമേ, നീ എന്റെ ഭാര്യയായിരിപ്പാൻ തക്കവണ്ണം എനിക്കു ഭാഗ്യമുണ്ടായത് പൂർവ്വജന്മസുകൃതത്തിന്റെ ഫലമെന്നല്ലാതെ മറ്റൊന്നും പറവാനില്ല.

കോ— നാഥാ, അങ്ങെന്തിനാണ് ഇതുകൊണ്ടു വലിയ ഭാഗ്യം എന്നു പറവാനുള്ളത് എല്ലാം എന്റെ ഭാഗ്യം എന്നുവേണം പറയാൻ.

ഞാൻ— ശരി, നമ്മുടെ രണ്ടുപേരുടേയും ഭാഗ്യംതന്നെ. പക്ഷെ ഈ ഭാഗ്യകാലം അവസാനിക്കാറായി.

കോ— (പരിഭ്രമം നടിച്ച്) എന്ത്, എന്താണങ്ങുന്ന് ഇങ്ങിനെ പറയുന്നത്.

ഞാൻ— നിന്റെ കഥ ഇപ്പോൾതന്നെ തീർത്തുകളയേണമെന്നാണ് വിചാരിക്കുന്നത്.

കോ— അയ്യോ നാഥാ വിവാഹം കഴിഞ്ഞിട്ട് മൂന്നുദിവസമല്ലേ ആയുള്ളൂ. ഇതുവേഗത്തിലോ ?

ജോർ— നിവൃത്തിയില്ല. കഥാവശേഷത്തിൽ അവസാനിപ്പിച്ചി ട്ടേനും. വായനക്കാർ ഏറി ക്ഷമിച്ചിരിക്കേണമെന്ന തോന്നുന്നില്ല. വിശേഷിച്ച് ഈ വിവാഹത്തിന് വിരോധികളായ നിന്റെ മാതാപിതാക്കന്മാരെ കൂട്ടിയിണക്കി വരുന്നമെങ്കിൽ കഥ വളരാതെ തിഷ്ഠിപ്പിക്കാനിടവരും. ഇതിനും പുറമെ മദ്ധ്യാഹ്നത്തിൽ രാജധി (പ്ര)സാദത്തിൽ പണ്ഡിതസന്നിധാനേ കഥയവസാനിപ്പിക്കുന്നതിലുള്ള ന്യൂനത ഇതിനാലെ പരിഹരിക്കേണമെന്നും ഉണ്ട്. ശരിയായാൽ എല്ലാം കൊണ്ടും നിഷ്പ്രയോജനമായി മതിയാക്കുന്നതാണ് നല്ലത

കോ— നാഥാ ഞാൻ അയോഗ്യമായ വാക്ക പറഞ്ഞതാണ്

ജോർ— അയ്യോ പാടില്ല അതിന്നിവിടെ സംഗതിയില്ല. തൽക്കാലം പോവുക ഉച്ചയ്ക്കത്തെ ഭോജനത്തിൽ മടിക്കാതിരുന്നു.

എന്നു പറഞ്ഞ് ജോർജ് കയ്യിലുണ്ടായിരുന്ന വാളുകൊണ്ട് കോമളവല്ലിയുടെ തലയ്ക്കുമേൽ വീശി. അതിന്നശേഷം ഏറി ക്കണ്ടായ പാപത്തിന് പ്രായശ്ചിത്തമായി അഗ്നിയിൽ ചാടുന്നതിന്നു പ്രായശ്ചിത്തം ചെയ്യുന്നതു ല്ലാതിരിക്കുന്നു. ലോകം നശ്വരം, ശരീരം ക്ഷണഭംഗുരമായിട്ടുള്ളത്, ജീവൻ നശ്വരവും എന്നുള്ള സാരാംശങ്ങളായ അനേകം വാക്കുകൾ ഉപയോഗിച്ച് അനേകനേരം പ്രസംഗിച്ചതിന്റെ ശേഷം അവളെ വെട്ടിയ വാളുകൊണ്ടു തന്നെ ഏന്റെ കഥയും കഴിച്ചു എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ.

കോപ്പുള്ള.

ഭാഷാ വിക്രമോർവ്വശീയ സാരം.

———:o:———

വാതമേറ്റു ചോരിച്ചൂറിടും വിധം
യാതൊരാളുടെ ദേഹയോഗമേറ്റുകൻ
വൃത്തസംഘമിഹ ചൂറിടുന്നവാ
ബ്ബുതനാഥനാവണമെന്ന ഞാൻ
ക്ഷോണിതലത്തിലുളവായടിനമ്രതൽ ക്ഷ
ദ്ദോണനിമഗ്നിലക്ഷിപ്പുചികമാവതാചരൻ

കവിമണിച്ചതിൽപ്രഥമനായൊരിന്ദിരമാന്റ്ം
കാണിച്ചമാർഗ്ഗങ്ങളെക്കാമിനീമകുതാഴ്ത്തുന്നോൻ
കൊണ്ടാളുംഭാഷയായിഹ വിലസീടുംവിക്രമോർവ്വശീയത്തെ
പലമൊഴിപാതാലോചിച്ചുലസാരത്തിനാളള്ള സാരമെഴുതുന്നേൻ

ഈ വിക്രമോർവ്വശീയസാരം എന്ന ഗ്രന്ഥം മൂന്നാകി വിഭാഗിച്ചിരിക്കുന്നു. അവകളിൽ ഒന്നാംഭാഗം പ്രകൃതനാടകത്തിലെ നായക നായികാപരിഷ്കൃകാദികൾ തങ്ങളുടെ മനോവാക്കായങ്ങളെക്കൊണ്ട് പലപ്പോഴും പലപ്രകാരങ്ങളിലുമായി ചെയ്യുന്നതും അന്യോന്യം സംബന്ധമുള്ളതുമായ കർമ്മസമൂഹം തന്നെയായിരിക്കുന്ന കഥാസാരത്തിന്റെ വിവരണം. രണ്ടാംഭാഗം കഥാസാരംകൊണ്ട് സ്പഷ്ടമാവുന്നതും നായകാദികളെ സംബന്ധിച്ചതുമായ ഗുണങ്ങളുടേയും ദോഷങ്ങളുടേയും സാരത്തെപ്പറ്റിയ വിവരണം. മൂന്നാംഭാഗം പ്രകൃതനാടകത്തെ വായിച്ച് കാണുന്നവർക്കും കേൾക്കുന്നവർക്കും പരമാനന്ദത്തെ ഉണ്ടാക്കുന്നതും പരസ്പരം ഗുണാദികളെക്കൊണ്ടും അനുകൂല കാലദേശാദികളെക്കൊണ്ടും വർദ്ധിക്കുന്നതും രോമാഞ്ചം, സ്വേദം, കടാക്ഷം, മന്ദഹാസം, നിറപ്പകർച്ച, [illegible], മുതലായവകൊണ്ട് പ്രത്യക്ഷമാവുന്നതും, മോഹം, വിഷാദം, സംശയം, ഉന്മാദം, ഹർഷം, മുതലായവകൊണ്ട് തിരമാലകളെക്കൊണ്ട് സമുദ്രംപോലെ വർദ്ധിക്കുന്നതും ആയ രസത്തിന്റെ സാരത്തെപ്പറ്റിയ വിവരണം. നാടകാദി രൂപകങ്ങളെല്ലാം നടിച്ച് സഭാവാസികളെ കാണിച്ച് രസിപ്പിക്കേണ്ടതാകയാൽ അതിലുള്ള കഥാസാരങ്ങളെല്ലാം രസമയങ്ങളായിരിക്കണം. മനോവികാരംകൊണ്ടുള്ള യാതൊരു ഭേദത്തിലും പുറത്തുവരാതെയിരിക്കുന്ന ഒരുവന്റെ വേഷം നടിപ്പാനെന്താണ് വകയുള്ളത്? അത് ഏതുവിധം നടിച്ചാൽ കാണ്മാനാർക്കാണ് രസമുണ്ടാവുന്നത്? ഇങ്ങനെ പക്ഷാന്തരങ്ങളായ [illegible] ഉദ്ദീപകങ്ങളായ [illegible] ഹാസം, കണ്ണു, പുരികം, [illegible], മുതലായ സകലശരീരാംശങ്ങളെക്കൊണ്ടും, [illegible] മുതലായവകൾക്കും വളരെ ഭേദങ്ങൾ സംഭവിക്കുന്നതുകൊണ്ട് അതുകണ്ടാൽ തീരെ അറിയാത്ത വിധമായ ഒരുവന്റെ വേഷം നടിക്കുവാനെന്തു വകയുണ്ട്! ആ

ത് നടിച്ച് കാണുമ്പോൾ ആരാണ് പരമാനന്ദപരവശനാകാ ത്തത്? എന്നാൽ ഇങ്ങിനെ ഉള്ളിളകി മറിഞ്ഞസമയം ഒരു ചൂ തകന്റെ ശതവർഷമായ ആയുഷ്ക്കാലത്തിൽ പത്തോ നൂറോ നാ ഴിക മാത്രമെ ഒരാൾക്കു കണക്കുകൂട്ടുമ്പോൾ കാണുകയുള്ളൂ എന്നു വരുവാനാണെളുപ്പം. അതുതന്നേയും കാലദേശ ഹേതുക്കൾ കൊ ണ്ട് ഇടമുറിഞ്ഞ് മുറിഞ്ഞ് കിടക്കുന്നതായിട്ടാണ് അനുഭവസി ദ്ധം. ഇങ്ങിനെയിരിക്കുന്ന കഥാഭാഗങ്ങളെ തമ്മിൽ സംബന്ധി പ്പിക്കുവാൻ മാത്രം ഇടക്കഥകളെയും സൂചിപ്പിക്കാതെ നിവൃത്തിയി ല്ല. അതുകൊണ്ട് രസമയമായ ദൃശ്യകഥാഭാഗത്തെ അങ്കങ്ങൾ കൊണ്ടും അസംബന്ധത്തെ നിവൃത്തിപ്പാൻ മാത്രം വേണ്ടി സൂച്യ മായ ഇടക്കഥാഭാഗത്തെ വിഷ്കംഭം, ചൂളികാ, അങ്കാസ്യം, പ്രവേ ശം, അങ്കാവതരണം, ഇവകളിൽ ഒന്നുകൊണ്ടും നാടകങ്ങളിൽ പ്രതിപാദിച്ചുവരുന്നു.

പ്രകൃതനാടകത്തിലാവട്ടെ, വൈശ്രവണന്റെ സന്നിധിയിൽ ആട്ടംകഴിച്ചു തിരിച്ചുപോരുമ്പോൾ വഴിനടുവിൽ വെച്ച് ഉർവ്വശി യെ അസുരന്മാർ ബലത്താലെ പിടിച്ചു കൊണ്ടുപോയ നിമിത്തം ശേഷം അപ്സരസ്ത്രീകൾ കരയുന്നു എന്ന സൂച്യകഥാഭാഗത്തെ 'ശ്രേ ഷ്ഠന്മാരെ'' എന്നു തുടങ്ങി 'കരയുന്നതാണ്'' എന്നതുവരെയുള്ള ഗ്ര ന്ഥംകൊണ്ടു സൂത്രധാരൻ സൂചിപ്പിച്ചു പോയതിന്റെ ശേഷം അപ്സരസ്ത്രീകൾ പ്രവേശിച്ചിട്ട് ഉർവ്വശീവിരഹമെന്ന വൃത്താന്തകാ രണം മൂലമുണ്ടായ അസഹ്യശോകഭയങ്ങളോടു കൂടി രക്ഷിപ്പാൻ തക്ക ആരെയും കാണാഞ്ഞിട്ടും ദേവപക്ഷവും ആകാശഗമ നസാമർത്ഥ്യവുമുള്ള വല്ലവനും ഇവിടെ എങ്ങാനും ഉണ്ടെങ്കിൽ കേട്ടു വന്നുരക്ഷിച്ചുകൊള്ളുമെന്ന് അത്യാവശ്യകാര്യത്തെ രക്ഷി ക്കണെ'' എന്നുമുതൽ 'ആർ രക്ഷിക്കും'' എന്നതുവരെയുള്ള ഗ്രന്ഥംകൊണ്ട് പ്രാർത്ഥിക്കുന്നു. ദൈവഗത്യാ അപ്പോൾ പുരൂരവ സ്സ് മഹാരാജാവ് ആദിത്യഭഗവാനെ കണ്ട് തൊഴുത് തിരിച്ചു പോരുന്ന വഴിയിൽ അടുക്കലെത്തി, അപ്സരസ്ത്രീകളുടെ പ്രാർത്ഥ നയെ കേട്ടു. ഉദാത്തനെന്നു ശൗര്യാദിക്ഷത്രിയഗുണപുഷ്ടനും, വിനയശീലാദികൊണ്ട് സകല വിദ്യാവിനീതനും, അസുര

സൈന്ന്യോന്മൂലനാദിനാം കൊണ്ട് ദേവേന്ദ്രന്ന വളരെത്തവണ സഹായിച്ചിട്ടുള്ളവനും കരുണാശാലിയും ആയിരിക്കുന്ന രാജാവിന്ന് അപ്സരസ്ത്രീകളുടെ ഈ പ്രാൎത്ഥനയെക്കേട്ടപ്പോൾ അവരെ രക്ഷിപ്പാനുള്ള ഉത്സാഹം ഉള്ളിലൊതുങ്ങാത്തവിധം ഉണ്ടാകുമെന്ന നിശ്ചയമാണല്ലൊ. ഇദ്ദേഹം ഏതുസന്ദൎഭത്തിലാണ് അവിടെ അപ്പോൾ വന്നതെന്ന് കാണിക്കുന്നതിനും ദേവപക്ഷപാതിയുമാകാശഗമനസമൎത്ഥൻ മറ്റാര് എന്ന അപ്സരസ്ത്രീകൾക്കും, ഇദ്ദേഹം ആരാണെന്ന് ശ്രോതാക്കൾക്കും ഉണ്ടാകുന്ന സംശയങ്ങളെ തീൎക്കാനായിട്ടാകുന്നു 'എന്റെ' എന്നപദത്തിന് രണ്ടാമത്തേതും മൂന്നാമത്തെയും വിശേഷണങ്ങൾ. മനുഷ്യജാതിക്കുകിട്ടാത്തതായ ആകാശഗമനശക്തി ഇദ്ദേഹത്തിന്നെങ്ങിനെ ഉണ്ടായി എന്ന സംശയത്തെ തീൎപ്പാൻ ഈ അങ്കത്തിൽത്തന്നെ സഹജന്യയുടെ വാക്കിൽ 'സോമദത്തമായ' എന്നവിശേഷണംകൊണ്ട് ഇദ്ദേഹത്തിന്റെ രഥം ദിവ്യമാണെന്ന വെളിപ്പെടുത്തും. പ്രകൃതകഥാകൎത്താവിന്റെ കൎമ്മം സൂക്ഷ്മത്തോളം അറിയാനും അറിയിപ്പാനും ആയിട്ടാണ് 'എന്തിൽനിന്ന്' എന്നതുമുതൽ 'കൊടുമുടിയിൽ' എന്നതുവരെ രാജാവും അപ്സരസ്ത്രീകളും തമ്മിൽചെയ്ത സംഭാഷണം. ഉൎവ്വശി പോയാൽ ത്രൈലോക്യനാഥനായിരിക്കുന്ന ദേവേന്ദ്രന്റെ സൎവ്വസ്വസാരവും, സൌന്ദൎയ്യാദി സ്ത്രീഗുണങ്ങളും, സ്വൎഗ്ഗസുഖവും, ഞങ്ങളുടെ ജീവനും, പോയക്കൂട്ടത്തിലായി എന്ന അൎത്ഥങ്ങളെ സൂചിപ്പിക്കുന്നതിന്നാകുന്നു ഉൎവ്വശിയുടെ നാലുവിശേഷണങ്ങൾ. ഉൎവ്വശിയെ പിടിച്ചുകൊണ്ടു പോയി, എന്നക്രിയക്കു ചിത്രലേഖയോടുകൂടി എന്നവിശേഷണംകൊണ്ട് അവർതമ്മിൽ സൎവ്വാവസ്ഥകളിലും പിരിയുന്നതല്ലെന്ന് വന്നതിനാൽ അതിസ്നേഹം സൂചിപ്പിക്കുന്നു. രാജാവ് 'കേശി' എന്നുപറയാതെ 'ദൈവികൃതി' എന്നു പറഞ്ഞതുകൊണ്ട് അദ്ദേഹത്തിന്റെ ദേവപക്ഷം സ്പഷ്ടമായിരിക്കുന്നു. ആ സംഭാഷണത്തിന്റെ ഇടയിൽ രാജാവുപറഞ്ഞ സമാധാനവാക്കുകൊണ്ടു അപ്സരസ്ത്രീകൾക്ക് അപ്പോൾ ഉണ്ടായിരുന്ന ദുഃഖം അസ്തമിതമായെന്നും രാജാവിന്റെ അമാനുഷമായ ഈ ഉൽകൃഷ്ടോൽസാഹഗുണത്തെക്കണ്ട് പരമാനന്ദവിസ്മയ

ളാം കൊണ്ടിളകിയ അപ്സരസ്ത്രീകളും ഇതോടു ചേൎന്ന മററുസകല ദിവ്യജനങ്ങളെയും ഇതിനെല്ലാം മൂലമായ ചന്ദ്രവംശത്തെയും ഓൎത്ത് വിസ്മയത്തെക്കുറിച്ചു നിന്നുകൊണ്ട് രാജാവിന് പൂൎവ്വശിഷ്ട ജനചരിതങ്ങളോ പറഞ്ഞുകൊടുക്കുന്നതും വന്നുപോം. 'നോക്കട്ടെ' എന്നതുചെയ്യും. പിന്നെ "സൂതാ" എന്നതുമുതൽ "കൊടിക്കൂറയും" എന്നതുവരെയുള്ള ഗ്രന്ഥംകൊണ്ട് ശത്രുജയാദി സകല കാൎയ്യസാധകമായ പ്രതാപത്തിൻെറ വലിയ ഒരു അംഗമായിരിക്കുന്ന വേഗത്തെ രാജാവ് സമ്പാദിച്ചുവെന്നു പറയുന്നു. "[illegible]" എന്നുമുതൽ "ശീഘ്രതരനെ" എന്നതുവരെയുള്ള ഗ്രന്ഥംകൊണ്ട് അപ്സരസ്ത്രീകൾക്ക് പ്രകൃതകാൎയ്യസിദ്ധിയിൽ അത്യാഗ്രഹം മൂലമായി ഉണ്ടാവുന്നതും കാൎയ്യസിദ്ധിവരെ അകത്തും പുറത്തും ഒരു ചോദകശക്തിയായി ബാധിക്കുന്നതും ആയ കഠിന മനോവേഗം കൊണ്ടുണ്ടാകുന്ന അസ്വാസ്ഥ്യത്തെ പറയുന്നു.

ചിത്രലേഖ താങ്ങിപ്പിടിച്ചും മററുമുള്ള ഉൎവ്വശിയുടെ പ്രവേശംകൊണ്ട് അന്യദിവ്യസ്ത്രീകൾക്കുകൂടി ഇല്ലാത്ത അതിസുകുമാരസ്വഭാവം തോന്നുന്നു. ചിരകാലസഹവാസദൃഢീകൃതസ്നേഹയായ ചിത്രലേഖയും ചക്ഷുഃപ്രീതികരങ്ങളായ ഉൎവ്വശിയുടെ സൌന്ദൎയ്യതാരുണ്യലാവണ്യാദി ഗുണങ്ങളെക്കണ്ടു ഉണൎത്തുന്ന അതിപക്ഷപാതിയായിരിക്കുന്ന രാജാവും ആമോദാലസ്യത്തെ അതിവേഗത്തിൽ കളവാൻ ഉൽക്കണ്ഠയോടുകൂടി ചെയ്യുന്ന പ്രവൃത്തികളെ "തോഴി! ആശ്വസിക്ക" എന്നതുമുതൽ "തോന്നുന്നുവല്ലൊ" എന്നതുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. സംഭ്രമംകൊണ്ടാകുന്ന ചിത്രലേഖ അപ്പോൾ പനിനീർമുതലായവയെ പ്രയോഗത്താൽ നിൎമ്മിക്കാതിരുന്നത്. "കാൎയ്യമുപരിചരിതനാം" "കാൎയ്യമില്ലാത്തവനാം"—കാൎയ്യമില്ലാത്തതിനെപ്പോലെ കാണുന്നവൎക്കുവിൽ സ്വസ്ഥമായും. "ഉപശാന്തിക്കുവേണ്ടിപാരിക്കുന്നവരോട്" എന്നതിന് ചതുരപ്രായന്മാരായ ഭൃത്യന്മാർ ചെയ്യുന്നതെല്ലാം സ്വാമി ചെയ്യുന്നതായി വിചാരിക്കേണമെന്നഭിപ്രായം.

പിന്നെ ക്രമത്തിൽ ഉൎവ്വശിക്ക തൻെറ ബോധമുണ്ടായതായി അറിഞ്ഞ് രാജാവും ചിത്രലേഖയും സന്തോഷിച്ചതിൻെറശേഷം അസുരന്മാരെ മടക്കി ഓടിച്ചു എന്ന വൎത്തമാനം ചിത്രലേഖ പറ

ത്തെ കേട്ടിട്ട് ഉർവ്വശി കണ്ണുമിഴിച്ച് ശ്രദ്ധാപൂർവ്വം ഇങ്ങിനെയു ള്ള ദുഷ്കരകർമ്മം ചെയ്യാനാരും കഴിയില്ലെന്നഭിപ്രായത്തെ 'ശൈല്യംകൊണ്ട്" എന്നതുകൊണ്ടുള്ള തന്റെ ചോദ്യംകൊണ്ട് വെളിവാക്കുന്നു. ഇന്ദ്രസദൃശനും ഇതുപോലെ ചെയ്യാൻ കഴിയുമെന്നഭിപ്രായത്തോടുകൂടി ചിത്രലേഖ പേർപറഞ്ഞ് കാണിച്ചുകൊടുത്തതിന്റെശേഷം രാജാവിനോടുകൂടെ ഉർവ്വശിക്കുണ്ടായ സമാഗമസുഖാത്സവമൊന്നും കൊള്ളിക്കയില്ലല്ലോ തിരമാലപോലെ ശൃംഗാരരസനിഷ്പാദകമായിത്തന്നെയാണ് ചെയ്തത്" എന്ന വാക്യവും ഉർവ്വശിയെ കണ്ട രാജാവിന് അതുപോലെതന്നെ 'നാരായണമഹർഷിയുടെ" എന്നു മുതൽ 'ധരിപ്പാൻ മിടുക്കില്ലെന്നോ" എന്നവരെയും പിന്നെ 'അവർ വഴിയേ" എന്നു മുതൽ "സഖീജനത്തിനോ" എന്നവരെയും ഉള്ള വാക്യങ്ങളും പുറപ്പെട്ടു. 'നിശ്ശങ്കമായ പ്പാക്കമായ്—നിശ്ശേഷിപ്പാൻ മിടുക്കില്ലെന്നോ. 'ഉലയുവല്ലോ'—ഉലയുവല്ലോ. അനന്തരം അതിക്രമം കഴിഞ്ഞതായ മോഹാലസ്യത്തിന്നു മുമ്പിൽ തെറ്റുകയില്ലാതെ സഖികളെ കാണ്മാനായിതന്നു, തന്റെ ആയുസ്സമയം കഴിഞ്ഞില്ല. അതുകൊണ്ട് ഇതുപോലെതന്നെ വല്ല ആപത്തും വന്നിട്ടുണ്ടോ എന്ന ശങ്കകൊണ്ട് ഉള്ളിലുള്ള ഉർവ്വശിയുടെ 'പ്രിയസഖീജനം എവിടെയായിരിക്കും' എന്ന ചോദ്യത്തിന് നിന്റെ സന്ദേഹം തീർത്ത രാജാവുതന്നെയാണ് ഈ ഭയവും തീർപ്പാൻ സമർത്ഥൻ എന്നർത്ഥമായി ചിത്രലേഖ മറുവടിപറഞ്ഞതിന്റെശേഷം ഉർവ്വശിയുടെ സാഭിപ്രായമായ ചോദ്യമായി സ്വീകരിച്ചു രാജാവ് പറഞ്ഞ മറുവടിയും ഭംഗിയും പ്രയോജനവും നല്ലവണ്ണമുള്ളതിനാൽ അതിനെ അതിരുചികരമായ സ്വാദും, ജര, നര, മരണം, മുതലായ ദോഷങ്ങളെ നശിപ്പിപ്പാൻ ശക്തിയുമുള്ള അമൃതിനെയാണെന്ന് ഉർവ്വശി കല്പിക്കുന്നു, തന്നോടുകൂടെ രാജാവിനുള്ള അനുരാഗത്തെ സൂചിപ്പിക്കുന്നതും ചിത്രലേഖ മുതലായ സഖിമാർക്ക് നിന്നെക്കാണായ്ക കൊണ്ടുള്ള വിഷാദമല്ലാതെ യാതൊരു ആപത്തുമില്ലെന്ന് താല്പര്യാർത്ഥം കൊണ്ട് തീരില്ല സമാധാനമുണ്ടാകുന്നതും മറുമൊഴിന്ന മറുവടിയുടെ ഭംഗിയും പ്രയോജനവും. ഇതിനെ അമൃതമായ

കായവാകിനെ കേട്ടിട്ടുണ്ടാകുന്ന വിസ്മയത്തെ മുമ്പിൽ കേട്ടിട്ടുള്ള രാജാവിന്റെ അനന്തരിപ്പുഗുണങ്ങളേ മാത്രം 'യത്രാകൃതിസ്തത്ര ഗുണാ വസന്തി' എന്ന സാമുദ്രികാശാസ്ത്രസിദ്ധാന്തത്തെ അനുസരിച്ചു ആകൃതിവിശേഷംകൊണ്ടും ശമിപ്പിക്കുന്നു. കണ്ടപ്പോൾതന്നെ രാജാവിന്റെ മേലെ സാഭാവമൊക്കെ ഉണ്ടായതും പിന്നെ മെഹിതശരച്ചന്ദ്രനോടൊപ്പമല്ലോ' എന്നതുവരെയുള്ള വാക്യാർത്ഥപ്രയോഗങ്ങൾകൊണ്ടു ദർശിപ്പിച്ചു മായ അഭിലാഷം ഉള്ളിലൊതുങ്ങാതെ പുറമെക്കുകൂടിൽപ്പൊട്ടിപ്പുറപ്പെടുന്നവിധം ഉർവ്വശി കടാക്ഷിക്കുന്നതുകണ്ട് ചിത്രലേഖസഖി ഉപഹസിച്ച് 'എന്താണ് നോക്കുന്നത്?' എന്ന ചോദിച്ചതിന് അഭിലാഷാതിശയംകൊണ്ട് തൽക്കാലം മറ്റും ഓർക്കാതെ ഉർവ്വശി 'സകളലോചനീയമാകുന്നു ജനോ' എന്ന സത്യംതന്നെ പറഞ്ഞുപോയതിന്റെശേഷം ചിത്രലേഖ 'ഏ, ഏതു്?' എന്ന ആവർത്തിച്ച് ശങ്കയിൽ ചോദിച്ചപ്പോൾ എപ്പോഴും സ്വഭാവത്തെയാളക്കുന്ന തന്റെ അഭിലാഷത്തെ ഉർവ്വശി 'സഖിജനം' എന്ന ഉത്തരംകൊണ്ട് ഒരുവിധം മറയ്ക്കുന്നു. യാതൊരു കേട്ടുകൂടാതെ ഉർവ്വശിയോടും ചിത്രലേഖയോടും കൂടിച്ചേർന്നുവരുന്ന രാജാവിന്റെ അതിമനോഹരമായ ആകൃതിവിശേഷത്തെയും പ്രതാപത്തെയും കണ്ട് ഭൈരവിയും അപ്സരസ്ത്രീകൾ 'ശതോസികാമാ' എന്ന മുതൽ 'ഉർവ്വശിമാമാണല്ലോ' എന്നതുവരെയുള്ള ഗ്രന്ഥംകൊണ്ട് വർണ്ണിക്കുന്നു. തേരിറങ്ങുമ്പോളുണ്ടാവുന്ന ഇളക്കംകൊണ്ട് രാജാവിന്റെ ചുമലിന്മേൽ എന്റെ ചുമല് മുട്ടിപ്പോയി; ഇനിക്ക് ഒട്ടും അകന്നുനിൽക്കുവാൻ തരമില്ലാത്ത വിധത്തിൽ നീ എന്റെ ശരീരത്തോട് ചേർന്നു നിന്നിട്ടാണ് ഇതിനെ സംഭവിച്ചത്; എന്ന് വരുത്തുവാനായി 'തോഴി! കുറച്ചു മുമ്പോട്ടു കയറി നിൽക്കു' എന്ന ഉർവ്വശിയും, നിന്റെ ഗൂഢാഭിപ്രായമെല്ലാം മനസ്സിലായി. അതിനു വിരോധമായി അല്പവും പ്രവൃത്തിപ്പാൻ ഇനിക്കു വയ്യ, എന്നു വരുത്തുവാനായി പുഞ്ചിരിയിട്ടുകൊണ്ട് 'ഇനിക്കു വയ്യ' എന്ന് ചിത്രലേഖയും തമ്മിൽ സംഭാഷണം ചെയ്യുന്നു. 'ഇവിടെവെച്ച്' എന്നതു മുതൽ 'സംഗതിവരട്ടെ' എന്നവരെയുള്ള ഗ്രന്ഥംകൊണ്ട് പ്രകൃതകാര്യസിദ്ധിയുടെ ഫലമായ

ആനന്ദസാരമത്തപവാക്കുകളെക്കൊണ്ടും പ്രവൃത്തികളെക്കൊണ്ടും പ്രകാശിപ്പിക്കുന്നു. ഇന്നതരം ഉൎവ്വശിയെ മാൎഗ്ഗമദ്ധ്യത്തിൽ കൊള്ളകേശി പിടിച്ചുകൊണ്ടുപോയ വൎത്തമാനം നാരദമഹൎഷി പറഞ്ഞുകേട്ട് സംഭ്രമത്തോടുകൂടി ദേവേന്ദ്രൻ അസുരന്മാരെ ജയിച്ച് ഉൎവ്വശിയെ തിരിച്ചുകൊണ്ടുവരുവാനായി കല്പിച്ചയച്ച ഗന്ധൎവ്വപ്രഭുവായുള്ള രാജാവായ ചിത്രരഥൻ പ്രവേശിച്ചു ആ വൎത്തമാനത്തെയും മററും രാജാവിനോടു പറഞ്ഞ് സന്തോഷപ്രശംസയെ ചെയ്യുന്നതിനെ തടുത്ത് രാജാവ് "അതുമിന്ദ്രനൊഴുന്ന വിജയമെല്ലോ" എന്ന ശ്ലോകം കൊണ്ടു ഉദാഹരണത്തോടുകൂടി പറഞ്ഞതിന്റെ താല്പൎയ്യാൎത്ഥം:—ഇന്ദ്രന്റെ വിജയംകൊണ്ടു പകൎത്തിയ എന്റെ വിജയം ഇന്ദ്രന്റെ വിജയം തന്നെയാണ്, പ്രതിബിംബമായ ഇതിനും ശത്രുസംഹാരാദി കാൎയ്യങ്ങളെ ചെയ്യുവാൻ ശക്തിയുണ്ട്, സാക്ഷാൽ സിംഹനാദത്തിന്റെ ഒരു പകൎപ്പായ ഗുഹയിൽനിന്നു പുറപ്പെടുന്ന സിംഹനാദത്തിന് ആനകളെ നാശിപ്പിപ്പാനുള്ള ശക്തി കാണുന്നില്ലേ? അതുപോലെ എന്നാകുന്നു. പൊലീസ്സനിയമം, സിവിൽ നിയമം, മുതലായവകൊണ്ട് നമുക്കിപ്പോൾ വളരെ അധികം രക്ഷകിട്ടുന്നുണ്ട്. എന്നാൽ ഇതൊന്നും നാട്ടുരാജാക്കന്മാരുടെയല്ല, ഇവ ബ്രിട്ടിഷ്ഗവൎമ്മെണ്ടിൽനിന്നു പകൎത്തിയതാണ്, എന്നു നാട്ടുരാജാക്കന്മാരുടെ പ്രജകളും, ഒരു ചട്ടവട്ടങ്ങളെല്ലാം ഒരുവിധവും തന്നെ. ഇതൊക്കെ രാമയ്യന്റെയാണ്, എന്നു മുറജപത്തിൽ സന്തോഷിച്ചുകൊണ്ട് നമ്പൂരിമാരും പറഞ്ഞുപോരുന്ന വാക്കുകളെ ഇവിടെ സ്മരിച്ചാൽ നന്നായിരിക്കും. ഞാൻ തന്നെയാകുന്നു സൎവ്വോൽകൃഷ്ടൻ എന്ന ഉറപ്പുകൊണ്ടുണ്ടാകുന്ന പരജ്ഞാനാന്ധതയാകുന്ന ഗൎവ്വം. ഗുണങ്ങളെല്ലാം പ്രത്യേകിച്ച് ഇതിനു കാരണമാണ്. ഇതെല്ലാ ഗുണങ്ങളേയും നശിപ്പിക്കുകയും ചെയ്യും. ഒരു ഗുണത്തിനും ഫലിപ്പാൻ അവസാനിക്കുന്നതല്ലെന്നു കാണുന്നതാകുന്നു ഗൎവ്വത്തിന്റെ കാരണം, ഈകാൎയ്യമുള്ളവൻ തന്റെ ഗുണങ്ങളെ ക്രമേണ നശിപ്പിക്കും, ഇങ്ങിനെയുള്ള അൎത്ഥങ്ങളെ ശരീകരിച്ചിട്ടാകുന്നു ചിത്രരഥൻ രാജാവിന്റെ ഗൎവ്വത്തെ ശ്ലാഘിച്ചത്. ഇപ്പോൾ ഇന്ദ്രനെക്കാൾ ഞാനധികനില്ലല്ലോ എന്ന രാജാവിന്റെ വാക്കിന് ഞങ്ങൾ പ്രജാകാൎയ്യത്തെ

ത്താം കൊണ്ട് അധികസമയവും പരതന്ത്രന്മാരായിരിക്കുന്നു
നിങ്ങൾക്കറിയാമല്ലൊ എന്ന സിദ്ധാന്താശയം. കാഴ്ച്ച പാരായണ
ത്തന്നെ ഒരുവിധം സൂക്ഷ്മമായി അറിഞ്ഞ ഇഷ്ടസഖിയായ ചിത്ര
ലേഖയായ എന്റെ ഒരു അന്തരംഗസാമാന്യസങ്കടം ധരിപ്പിക്കാതെ
തന്നെ ഇപ്പോൾ ചെയ്ത വന്നതായ ഉപകാരംകൊണ്ട് ഞാനിനിമേൽ
പിന്നെല്ലാം അവളുടെ തന്നെയായിരിക്കുന്നു എന്നത് രാജാവി
നെ ധരിപ്പിക്കേണമെന്നു വിചാരിച്ചിട്ടാകുന്നു "തോഴി ചിത്രലേ
ഖെ" എന്നുതൽ "ഉർവ്വശി അറിയിക്കുന്നു" എന്നതുവരെയുള്ള
വാക്യങ്ങൾ. പിന്നെ കാണാം—പിന്നെക്കാണാൻ. തമ്മിലുള്ളപ്പോ
ഴെല്ലാം ഇനിയുള്ളതുകൊണ്ടുവർ സംഗതിവരുത്തിയാൽ കൊള്ളാ
മെന്നു താല്പര്യം. "ചൊല്ലുന്നതിന്നു തടവുവരാതിരിച്ചിട്ട്" എന്നതു
ൽ "കേറുകയോനാം" എന്നവരെയുള്ള ഗ്രന്ഥംകൊണ്ട് രാജാവും ഉ
ർവ്വശിയും തമ്മിൽ പിരിയുമ്പോൾ മനസ്സിനുണ്ടാകുന്നതാ
യ വലിയ വിഷമത്തെ വർണ്ണിക്കുകയും പ്രശംസിക്കുകയും ഇത്
ഒരു വലിയ ഉപകാരമായി എന്നു സന്തോഷിക്കുകയും ചെയ്യുന്നു.
"മഹാരാജാവെ" എന്നതുതൽ "കേണക്കെ" എന്നതുവരെയുള്ള ഗ്ര
ന്ഥംകൊണ്ടു സൂതൻ അസ്തു യാത്രകാലമായി എന്നതിനെ കാ
ണിക്കുന്നു. പിന്നെ സൂതൻ കടപ്പിച്ചു നിറുത്തിയ തേരിൽ കയ
റിയ രാജാവും മേൽപ്പോട്ടു പോകുന്ന ഉർവ്വശിയും ഒരു പേർ പാരി
കൽ മുഖംകൊണ്ട് അധികമായി കടാക്ഷിച്ചതിനെ അക്കാവസാ
നംവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു.

കൊളത്തല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

സമ്മാനം

ഇക്കൊല്ലം ചിങ്ങത്തിലും തുലാത്തിലുമായി രണ്ടു സമ്മാന
ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയ വിവരം വായനക്കാർ മറന്നിട്ടില്ലാ
യിരിക്കാം. അവയിൽ ഒന്നാമത്തേതിന്റെ … യില്ലാതെപോയതും
രണ്ടാമത്തേത് ഏറ്റവും പ്രയാസമായിരുന്നു വിചാരിച്ചിരുന്നപോ
ലെ കനം ഇതുവരെ ആരും ലേഖനങ്ങളെക്കൊണ്ടോ … കൊണ്ടോ ഉപ
ന്യാസമെഴുതുന്നതിനുള്ള സാമഗ്രികൾ ശേഖരിക്കുന്നതിൽ ഉപന്യാ

സ്വകാര്യങ്ങളുള്ള ദ്വേഷാഭിമാനമോ അവമാനസ്പൃഹയോ കാരണമായും ആയിരിക്കണമെന്നാണ് ഞങ്ങൾ വിചാരിക്കുന്നത്. അതുകൊണ്ട് മുൻ കൊല്ലങ്ങളിൽ നടത്തിയിട്ടുള്ള മാതൃകാവിഷയങ്ങൾ തൽക്കാലം നീക്കിവെച്ച് വാക്യങ്ങളുടെ അപേക്ഷകൂടാതെ കേവലം മനോധർമ്മംകൊണ്ടുമാത്രം, വഴിപ്പെടുത്താവുന്നതായ ഒരു വിഷയം കൊടുക്കുവാൻ നിശ്ചയിച്ചിരിക്കുന്നു.

ഈ വിഷയം ശൃംഗാരസപ്രധാനവും സ്വയംകൃതവുമായ ഒരു ചെറിയ കെട്ടുകഥയാണ്. ഇത് രഞ്ജിനിയുടെ 12 ഭാഗങ്ങളിൽ കവിയാതെയും 10 ഭാഗങ്ങളിൽ കുറയാതെയും ഉണ്ടായിരിക്കണം. ഭാഷക്ക് സാമാന്യമായിട്ടുവേണ്ടുന്ന വാചകശൈലി പദശുദ്ധി മുതലായവയും ആഖ്യായികക്ക് പ്രത്യേകിച്ച് വേണ്ടുന്ന കഥകെട്ട്, സ്വഭാവവർണ്ണനം പരിണതപാകമായ സാരം മുതലായ ഗുണങ്ങളും ഉണ്ടായിരിക്കേണമെന്ന പറയേണ്ടതില്ലല്ലോ. ഈ കഥാരൂപമായ ഉപന്യാസം വരുന്ന മീനമാസം 5-ാംനു-ക്ക മുമ്പായി രസികരഞ്ജിനി ആപ്പീസ്സിൽ എത്തിച്ചുതരേണ്ടതാകുന്നു. പ്രസിദ്ധിയോഗ്യങ്ങളായിട്ടുള്ളവയിൽവെച്ച് ഉത്തമമായതിന് പതിനഞ്ചുറുപ്പിക സമ്മാനം നിശ്ചയിച്ചിട്ടുള്ളത് ലേഖകന്മാരുടെ ഔദാസീന്യത്തിന് അതു പ്രതിഫലമാകുമെന്നും രഞ്ജിനിയുടെ ബാല്യസ്ഥിതിയെ വിചാരിച്ച് തൃപ്തിപ്പെടുമെന്നു വിശ്വസിക്കുന്നു. ര. ര. പത്രാധിപർ.

മൂന്നു ശ്ലോകങ്ങൾ.

—— : o : ——

ഇതളിനൊഴുക്കാസവ്യമൂടിയും മുടിയും
വരസ്യധരത്തിന്റെ കാന്തമൊഴിയും മൊഴിയും
പരിമൃദുപല്ലവങ്ങളും വിരലും വിരലും
തിരളുമനഭ്രപമാന്ത കബരി കബരീ ॥

തങ്കമയമണിമുക്താമാലകളാൽ ചിത്രതളിതം !
പങ്കജമുഖി നിന്നെ ഞാൻ ശൈലകന്യകയാം സമാശ്രയിച്ചീടിനേൻ ॥
കല്ലിങ്ങൽ ശ്രീ ... തമ്പി ... കോയിത്തമ്പുരാൻ.

പരികത്തിട്ടുന്ന ഭാഗ്യത്തെ കാണേണ്ടവരാമൊരാശ്രയിയാഗേ
ഫണാന്തയിൽ ... മന ... ചക്രോരകിശോരമെ
മൂലേക്കുളങ്ങര കുഞ്ചുണ്ണി നമ്പൂരിപ്പാട്. [തുടരും.

ശിവമയം.

൧. അംഗാംഗനോടൊന്നിച്ചൊപ്പൊളിച്ചപരനായ് കല്ലിക്കിലും കണ്ണു
ച്ചതങ്ങിനെയാവിഷം കുടിച്ചു പുകഴ്സ്സൊപ്പകിടന്നീടിലും ।
അന്തകാലനെ നിഗ്രഹിച്ചുള്ളൊരീശിതാക്കാലിതിപ്പാകയി
ല്ലെന്നൊപ്പവിൽ നിന്നസ്സ്യയോഷക്രമതന്നതാകയോ ദൈവമേ ॥

വെണ്മണി അച്ഛൻനമ്പൂരിപ്പാട്.

൨. ഫാലത്തിലുള്ള വെള്ളമുണ്ടുതലയിൽ കണ്ടസ്ഥഹാലാഹല
ജ്വാലസ്സൂന്നുശിവായതാപ്തതമസംഗളിൽ ചേട്ടും പാമ്പിനാം ।
ചേലൊത്തൊരു ശയനായകൻ മുടിയിലും ഭിന്നൊന്നതകൊണ്ടും ദേവാ
നാലഞ്ചാം പിന്നെയാതൊരകളെയ്ച്ചാലും ഇഗാഢണഢലേ ॥

വെങ്കര ദിലകണ്ടൻനമ്പൂരി (രാജൻ)

൩. മൂന്നാം താൻപ്രസവിച്ചതൊക്കെയും പാതിച്ചൂഴ്നെന്നുന്നത
വേദ്യവും
പിന്നത്തെൻ കണ്ടവന്റെ മറുവകയാമാഹാത്മ്യത്തെന്നും കാളിയും
എന്നിമകളെയൊന്നപോലെ കരതിപ്പോറുന്നൊരാപ്പാറുവോ
ടെന്നാം തെണ്ടി മലപ്പുറത്തെയുമാക ഭൂപ്പന്തണ്ടോ സ്വയം ॥

സന്ധ്യാവൎണ്ണനം.

൧. പരപ്രമാണുഖികയാൽ ജഗത്തിന്
നിറംകൊടുക്കും വിചിത്രകാരൻ
പരണൊരത്രപ്പലകപ്പുറത്തി
ട്ടകംകലത്തിനിലവൎണ്ണമെല്ലാം
൨. ഘനങ്ങളിൽ ദൈൎഘ്യശാലിയായു
ള്ളനന്തരൂപങ്ങൾ കുറിച്ചുനോക്കി
ഇനൻപദേശം പലവൎണ്ണമിട്ടു
മിനുക്കിമാറ്റുന്ന തെളിഞ്ഞിടാതെ
൩. ഇരുട്ടിടാൻ വാസനയചരനോക്കാ
ളിരുട്ടിക്കൂട്ടക്കനത്തികാലം
കറുപ്പുവൎണ്ണങ്ങളാം കരുപ്പശില
വിരിപ്പുകൊണ്ടുമിതമൂടിടുന്നു

൩. ഉടയ്ക്കുന്നകമ്പത്തിൽ പൊട്ടുമൊന്നു
കടുകഠിനവൃത്തങ്ങളൊത്തുപറ്റാൽ
തരുവൃക്ഷത്തിലുമിത്തരത്തി
കെട്ടുപെട്ടുനില്ക്കുന്ന കാമബാണൻ
൮. വരമൊത്തവാക്കാർകളിൽക്കളിച്ചു
വരമേറിയ നാലിനി വേണ്ടപോലെ
പരമക്കയോഗോപകാരത്തിൻമിട്ടു
ഗിരമത്തമീവിശേഷവിചിത്രചിത്രം.

കീർത്തനം.

പന്തുവരാടി–മുറിയടന്ത.

പാഹിമാം പാർവ്വതീപതേ ബാലേന്ദുചൂഡ.
പാഹിമാം പാർവ്വതീപതേ.
ബാഹുകലിതപരശുഹരിണ.
ബാണസന്നുതചരണ–
ദേഹലസിതഭസിതധവള–
വാഹമഹിതവിമലചരണ– പാഹിമാം.
മോഹകരിനാശപുരവി–
ദാഹമനോജ്ഞവാഹസഖനി–
ജീഹനിഗമവാഹശേഖരി–
ഗേഹമദനാദ്രിമഹിമനാ– പാഹിമാം.
ധാമവിജിതസോമലളഭ.
മാമലസിതഭീമവിവിധ–
നാമജപനാരമമുനില–
ഭാമപരക്രമാവിനത– പാഹിമാം.
ഭോഗവിലസമാനവൃഷ–
യാനനാഗശയനസഹസ–
യാനപുരനിലീനസുരന–
മീനപരമഭീനശരണ– പാഹിമാം.

വെണ്മണി അച്ഛൻനമ്പൂരിപ്പാട്.

കേരളക്ഷിതിരത്നമാല.

———:o:———

ഉണങ്ങിയവയേയും പഴുത്തവയേയും പച്ചനിറമുള്ളവയേയും മച്ചിങ്ങയേയും ഒരു ഫലവൃന്ദമാക്കി അതിൽ നിന്ന ക്രമിച്ചെന്ന വഴിയാണെന്റ ഭാഗം ഗ്രഹിച്ചശേഷം നാളികേരങ്ങളാം ജനിപ്പിക്കുന്നു.

കേരാരാമസ്സംവീക്ഷ്യ പഞ്ചധാവിഭജേൽ ക്രമം
കഷ്ടാതികഷ്ടമധ്യാഖ്യ ശ്രേഷ്ഠശ്രേഷ്ഠതമാൻ ക്രമാൽ സ്യ

തെങ്ങിൻതോട്ടത്തെ നോക്കി അതിനെ അഞ്ചുതരമായി വിഭാഗിക്കണം. അതിൽ ഒന്നാന്തരം കഷ്ടം രണ്ടാന്തരം അതികഷ്ടം മൂന്നാന്തരം മധ്യമം നാലാന്തരം ശ്രേഷ്ഠം അഞ്ചാന്തരം ശ്രേഷ്ഠതമം ഇങ്ങിനെയാ ക്രമം.

ഹരിദ്വിരാഗസ്ഥിതിമിതാ അതികഷ്ടകനിഷ്ഠയോഃ
ഫലാകൃതിമിതാ മധ്യേ നാളികേരഫലിമഹേ സ്യ
മന്ദോന്മിതഫലാ ശ്രേഷ്ഠേ ശ്രേഷ്ഠാഖ്യേ ഫല്ഗുസമ്മിതാഃ
ഇത്യാഹുഃ കേരചിന്താത്ര ഭാഗോ ... ത്യജ്യതാമ്പുരഃ സ്യ

ഒന്നാന്തരത്തിൽ ൧൦-ം രണ്ടാന്തരത്തിൽ ൧൫-ം മൂന്നാന്തരത്തിൽ ൨൦-ം നാലാന്തരത്തിൽ ൩൦-ം അഞ്ചാന്തരത്തിൽ ൪൦-ം നാളികേരങ്ങളാം ഉണ്ടാകുന്നു. ഇങ്ങിനെ ചിലർ പറയുന്നു. ചിലർ ഇതിൽ നിന്ന ചില ഭാഗം ഉപേക്ഷിക്കുന്നു.

കഷ്ടേ കേരതരൌ ദശാദശമിതാ ... ത്രിംശൽപ്രമിതാഃ
മധ്യേ വിംശതിസമ്മിതാ ശ്രുതിമിതാഃ ശ്രേഷ്ഠേ ... പ്രോമിതാഃ
മധ്യേ ശ്രുത്ക്രമസമ്മി ... ശ്രേഷ്ഠോ ... മിതാ
ശ്രേഷ്ഠേ ... ഷ്ഠതമേ കണിയാനാദ്യൈരിതാ ... പ്രോക്തമിതിഃ

ഒരു ശ്ലോകംകൊണ്ടു മൂന്നുതരമായി തന്നെ വിഭാഗിച്ചശേഷം തെങ്ങിനും അതിൽ കായ്ക്കുന്നതിനെ പറയുന്നു. ഒന്നാന്തരത്തിൽ ൧൦-൧൫-൨൦ ... ഇങ്ങിനെ ഉണ്ടാകുകയും. രണ്ടാന്തരത്തിൽ ... ഇങ്ങിനെയും. മൂന്നാന്തരത്തിൽ ... ങ്ങളെ ഉണ്ടാക്കുകയും ചെയ്യുന്നു എന്ന വിദ്വാന്മാർ പറയുന്നു.

ഭാഗിയാം- ൧ (പൊൎത്ത)ങ്ങളാം ൧; അൎദ്ധം- ൧൮ (സൂൎയ്യനാ ൽ ൧൮); ഉൽകൃതി- ൨൬- (൨൬-ാമത്തെ ഛന്ദസ്സ്); ശിഷ്ടം ൩൪ (അഷ്ടം ൧, ൩൦- ൨൯ നക്ഷത്രങ്ങളാം); അതിധൃതി- ൧൯ (൧൯-ാമത്തെ ഛന്ദസ്സ്, ഭാഗ്യം-, ൨-മിത്ത്) അശീതി ൮൦.

ഫലാനിനാളികേരസ്യ സന്ത്യശീതിമതീത്യചേൽ

ലേഖാന്തരാനിൎണ്ണീതാ ശീതികവിൽബുധാഃ ൫൯

൮൦-ൽ അധികം തേങ്ങാ കായ്ക്കുന്നു എങ്കിൽ ആ അധികമുള്ള തേങ്ങകൾക്കു കരം നിൎണ്ണയിപ്പാൻ പാടില്ലെന്ന ചിലർ പറഞ്ഞിരിക്കുന്നു.

ശകാരീമാഗമാഗതാ മതിത്യ ഇടവന്തിചേൽ

ഫലാനിനാളികേരസ്യ തൈന്നാസ്തികരനിൎണ്ണയഃ ൬൦

൮൦-ൽ അധികം ഫലങ്ങൾ ഉണ്ടായാൽ അധികമുള്ള തേങ്ങക്കു കരം ഇല്ല.

ശകാരി-൧൨× ഭൂഗാമം ൩-൪൦- ൧൨൦-അപാമകം.

ഫലാനിനാളികേരസ്യ ചതുൎവിംശമതീത്യചേൽ

ഭവന്തിതെന്നനിൎണ്ണീതാഃ കേരസ്യേത്യപരേജനാഃ ൬൧

൧൨൦ (ചതുൎവിംശതി-൧൨൦-)ൽ അധികം ഫലങ്ങൾ ഉണ്ടെങ്കിൽ ആ അധികസംഖ്യ പിടിച്ച കരനിൎണ്ണയമില്ലെന്നാചിലർ പറയുന്നു.

പുരാസ്സഹസ്രദളപാദസഹസ്രസംഖ്യെ

സ്സൂൎദാൻസ്മരേഫലമാപരമതിഭയാതു്രാം

ഭൂതാദ്ദശതന്തമിതെൎമ്മഹവിഫലസ്സ്യ

സ്ലാൻവീക്ഷ്യസൂക്ഷ്മകരനിൎണ്ണയമത്രകുൎയ്യാൽ ൬൨

കഴിഞ്ഞകാലം ൧൮൫ സഹസ്രദളം ൧൦൦൦- അധികം ൧൮൫ ൦ ൯൫-൪ ഭൂതങ്ങളിലൊ ഫലങ്ങൾ ഉള്ളവ വളരെ ഉണ്ട. അവയെനോക്കി സൂക്ഷ്മനിൎണ്ണയം ചെയ്യണം.

൧൮൫ സ്മരേഷുമാനാം × ൫ + ൪- (ഭൂതിഭയാം) =൫൯൫+൧൦൦൦ തെരയും.

ഫലാനിപുരശസ്യസഹസ്രസംഖ്യാ

മതീത്യചേൽസന്തിനാരികേരസ്യ

നിൎണ്ണീതിരാശോഫലതന്ത്രനസംഖ്യാ

ഫലോനപുരശോഭന്നസൽഗിരികാ ൬൩

൧൦൦൦ ൽ അധികം ഫലമുണ്ടെങ്കിൽ ആ അധിക ഫല ങ്ങൾക്കും കരണിന്റയും ഇല്ലാ. ൧൦ ൽ കുറഞ്ഞ ഫലമുള്ള കഴഞ്ചു ങ്ങൾക്കും കരണിന്റയും ഇല്ലാ എന്ന് സജ്ജനന്മാർ പറയുന്നു.

ഏകാദശസഹസ്രാദസംഖ്യേഷ്വപി (ത്രികകാദി) ഫലാത്മാനം അ ഹനം. ലൈകകൾക്ക് ൧൦ x ൩൦൦.

പൃഥാനാമേതാക്ഷ തക്ക
ബ്ലാണമിതേതല്ലോകസംഖ്യേയ്യ
ഭവതിഉപാദേയമിതി
നിർണ്ണയമേതസ്യ പുഷ്ടിമവലോക്യ ൭൦

കഴഞ്ചുകളിൽ ൧൦൦. ൫൦. ൩൦. ൨൦. ൧൦. ഇതിന്ന ടെ സംഖ്യകളായ ഫലങ്ങളെനോക്കി അതിന്റെ പുഷ്ടിപോ ലെ കരണിന്റയും വരുത്തേണം.

ബഹുവിധതാഹതങ്ങളായ മാസവകരണിന്റയംപ്രകല്പ്യാത്ത
ദ്ദൃഷ്ടസ്വഭാവസ്വഭാവകാരൈസ്സ്വീകൃതമല്പ പരിഷ്ക്കാനാം

പലവിധമായ കരിവാഹനമൃതപായവക മണ്യകാരന്മാർ എടു ക്കുന്നതുകണ്ട നിശ്ചയിച്ചു അതിന്റെ സ്വഭാവത്തിന്ന അനുരൂപമാ യി മണ്യകരണിന്റയം വരുത്തേണം.

പലസാദാമേഷംഗണനാകൃതാപിനകഥ്യതെസൽഭിഃ
ഫലപുഷ്ടിരസാഗ്ര്യാദ്ദ്യാസകല്പ്യയേത്ഭഛിതകരം

പിചാവിനാഫലങ്ങളെ എണ്ണി കരണിന്റയം ചെയ്യുന്നതു സ ജ്ജനന്മാർ എവിടെയും പറയാത്തതാകയാൽ അതിന്നുമാത്രം ഫ ലങ്ങളുടെ വണ്ണത്തെയും സ്വാദിനേയുംനോക്കി ശരിയായ കര ണിന്റയിക്കണം.

അമ്ലസമാലോക്യമതിചിവല്ലീം
ശക്യഫലം മണ്യനീവസ്യകല്പ്യാ
നിശ്ചിത്യതസ്യാഃ ഫലസംഖ്യകാംശം
ത്യക്ത്വാവശിഷ്ടം കരമാവദന്തി ൭൧

വള്ളിക്കു ഫലഗണനം ഇല്ലാത്തതുകൊണ്ടു അതിസൂക്ഷ്മമാ യി ഫലപുഷ്ടി നിശ്ചയിച്ചു അതിൽനിന്ന തൽഭാഗം എഴാൽ ഉ ണ്ടാക്കിച്ചശേഷം കരം എന്നു പറയുന്നു.

കേരാദികല്പഫലധിഷ്ണ്യമൃതൃഷ്ണതാ വാ
തദ്രക്ഷണാത്മപിമ പുഷ്ടികരപ്രയത്നം
ദേശാന്തരേണ ഖഗചോരമൃഗാദിബാധാം
ജ്ഞാത്വാ ഭാഗ്യമദ്രസംശോദ്ധുമുണ്ണാകഷിഭാഗാൻ. ൧൪

നാളികേരം മുതലായവരുടെ ഫലത്തിന്നും വെച്ച അവയുടെ സംരക്ഷണപോഷണം മുതലായ പ്രയത്നത്തെയും പക്ഷികൾ മൃഗങ്ങൾ ചോരൻ ഇവയുടെ ഉപദ്രവനിമിത്തമായ നാശത്തെയും അന്യദേശംകൊണ്ട അറിഞ്ഞിട്ട അതിൽ പത്തിൽ ഒരു ഭാഗം അഞ്ചൊരൊരുഭാഗം, നാലൊരൊരുഭാഗം, ആറിൽ ഒരു ഭാഗം, രണ്ടിൽ ഒരു ഭാഗം ഇങ്ങിനെയൊക്കെ ഇടിക്കണം.

(സംഹൻ—ശമം—ബ—അപ്പ്വി—ര—ഉദ്യാനസ—സാക്ഷി ല.)

ലോകോപകാരാനിതരാംശ്ചാദ്രുൻ
തത്തൽപ്രദേശോചിതനിന്നുവേന
കരേ ന്യസംയോജ്യഫലൈശ്ച ഭാഗാദ്യൈഃ
പ്രവാളപക്വീഷപദികേഷ്വദൃഷ്ട്യാൽ. ൧൫

ഇങ്ങിനെ ലോകോപകാരങ്ങളായ തളിർതന്നെ ഫലങ്ങളായും ഉള്ള (പൂകയിലം), ചമ്പ്രത്തം മുതലായതിന്നും അതാത ദേശനിന്നും ചോലകരിന്നും വരുത്തണം. തളിർക്കും കിട്ടുന്നതിനെ പറയാൻ മാനം ചെയ്യണം.

ദേശേഷ്വകേഷുചിദന്തിപ്രവാളാസ്യമഹത്ഫലാഃ
തേഷാംഫലസമാലോക്യകൽപ്പന്തികരന്നിന്നും. ൧൬

ചിലദേശങ്ങളിൽ മഹാഫലങ്ങളായ തളിർകളും ഉണ്ട. അവയുടെ ഫലങ്ങളെ നോക്കി കരന്നിന്നും ചെയ്യുവന്നു.

ന്യായനിർമാൺ യഥാ പ്രോക്താനുക്താനിതരാനപി
ജ്ഞാത്വാ ദേശോചിതപ്രായ്യം പ്രകല്പ്യൽഫലനിന്നും. ൧൭

ഞാൻ ഒരം പറയുന്ന ന്യായങ്ങളേയും പറയാത്തെയുള്ള അന്യന്യായങ്ങളേയും ഒരുപോലെ ചിന്ത്യ അതാത ദേശോചിതമായ ഫലത്തിന്നും ചെയ്യണ്ടതാകുന്നു.

തത്തദ്ദേശോചിതംകൃത്യം നിശ്ചിത്യാന്യമുഖം ധനം
തൽകരംമുനയപ്രാപ്യദേയശ്ചൈപതയേഫിതൽ. ൧൮

ഒരു ദുൎമ്മരണം.

———:o:———

ഇങ്ങിനെ കരഞ്ഞും പിഴിഞ്ഞും ഇരുന്നും കിടന്നും പാതിരവരെ പണിപ്പെട്ടു കഴിച്ചുകൂട്ടി. അൎദ്ധരാത്രിയായപ്പോൾ വിശപ്പും ദാഹവും സഹിക്കവയ്യാതെ ദീനപരവശയായിട്ടു കരഞ്ഞൊന്നു മയങ്ങി. ഹൃദയശല്യങ്ങളായ അനേകവിധം മനോവികാരങ്ങളാൽ ആകുലപ്പെട്ടിരിക്കുന്ന ഈ സുകുമാരിയിൽ ഗാഢനിദ്രക്കു പ്രവേശം കിട്ടാതെ അവളെ അൎദ്ധനിദ്രക്ക് അധീനയാക്കി ദുസ്സ്വപ്നവേദനയെ അനുഭവിപ്പിക്കുമ്പോൾ പുറത്തേക്കുള്ള ജനാലയിന്മേൽ ആരോ വന്നു മുട്ടുന്നശബ്ദം അവളെ ഈ കഷ്ടസ്ഥിതിയിൽ നിന്നു രക്ഷപ്പെടുത്തി. അസമയത്തുണ്ടായ ഈ ശബ്ദം ഉണൎന്നെഴുന്നേറ്റിരുന്ന ദേവകിക്കുട്ടിയെ കുറെനേരം ഭയപ്പെടുത്തിയെങ്കിലും ഉടനെ 'ദേവി ദേവി' എന്ന ആശ്വാസപ്രദമായ നീട്ടിവിളി സമാധാനത്തെ മാത്രമല്ല സമയത്തിനൊത്ത സന്തോഷത്തെക്കൂടി ജനിപ്പിച്ചു. 'ദേവി' എന്ന ഓമനപ്പേര കുമാരൻനായരല്ലാതെ മറ്റാരും ഉപയോഗിക്കപതിവില്ല. കുമാരൻനായർതന്നെ ആ പേരിലുള്ള പ്രതിപത്തിവിശേഷം കൊണ്ട അപൂൎവ്വമായിട്ടുമാത്രമേ അത് എടുത്തു പെരുമാറാറുള്ളൂ. ദേവകിക്കുട്ടിയുടെ ഇപ്രകാരമുള്ള വിചാരങ്ങളുടെ ഇടക്ക

“ദേവി, ദേവി, ഈ വാതൽ തുറക്കു; ഞാനാണ്, ഭയപ്പെടേണ്ട” എന്ന പിന്നെയും ജനവാതുക്കൽ മുട്ടിവിളിക്കുന്നതുകേട്ട ദേവകിക്കുട്ടി ചെന്ന

“വാതൽതുറക്കട്ടെ, മേൽ ഏട്ടന് സുഖക്കേടോ”

എന്നുപറഞ്ഞു ഒരു ജനവാതൽ സാവധാനത്തിൽ തുറന്നു. അപ്പോൾ നിലാവെളിച്ചത്തിന്റെ സഹായത്താൽ കുമാരൻനായർ ഒരു ഏണിപ്പടിന്മേൽ നിന്നും കിതച്ചും വിറച്ചുംകൊണ്ടു നില്ക്കുന്നതു കണ്ടു. കുമാരൻനായരുടെ ആ ഒരു ... നോക്കിയപ്പോൾ സന്താപാശ്രുവോ സന്തോഷാശ്രുവോ എന്നുതന്നെ ആയാലും ദേവകിക്കുട്ടിയുടെ കണ്ണിൽനിന്ന് തെരുതെരെ കണ്ണുനീർ ഒഴുകുവാൻ തുടങ്ങി. കുമാരൻ നായരുടെ ശോകസന്താപത്തിന്റെ [illegible] ഇടക്കിടെ

പുറപ്പെടുന്ന ദീർഘനിശ്വാസത്തിന്ന് കണ്ടുകൂടുന്നതാവും ദേവകിക്കുട്ടിയുടെ അശ്രദ്ധയേയും വൎദ്ധിപ്പിച്ചുവന്നു. ഇങ്ങിനെ മനസ്സോടു മനസ്സുപറഞ്ഞു ദുഃഖിപ്പിച്ചിരുന്ന ദേവകിഅമ്മയോടു കുറച്ചുനേരത്തേക്ക് ഒരക്ഷരം പോലും ഉച്ചരിക്കുവാൻ സാധിച്ചില്ല. ഈ ഒരു നിൽപ്പ് ഒരു വിധത്തിലും സമാധാനകരമല്ലെന്നുകണ്ട് കുമാരൻനായർ മനസ്സിനെ ആയാസപ്പെട്ടു പിടിച്ചുകെട്ടി.

"ഇതുവരെ ദേവി ഉണ്ടില്ലല്ലോ, ഇതാ ഈ ചോറുവാങ്ങി ഊണുകഴിക്കു" എന്നുപറഞ്ഞു ഇലപ്പൊതി അഴികളുടെ ഇടയിൽകൂടി അകത്തേക്കു നീട്ടിക്കൊടുത്തു. ദേവകിക്കുട്ടി,

"എന്റെ കയ്യ് ഇച്ചിലാണ്. കാലത്തെ കഞ്ഞികഴിഞ്ഞിട്ട് കയ്യുകഴുകീട്ടില്ല" എന്നുപറഞ്ഞു വെള്ളംവാങ്ങി കൈകഴുകി ഇലപ്പൊതിവാങ്ങി താഴത്തുവെച്ചു. എന്നിട്ട്

"എനിക്ക് ദാഹമാണു സഹിക്കുവാൻ വയ്യാത്തത്" എന്നുപറഞ്ഞ് രണ്ടുകയ്യുംകൂടി അഴിയുടെ അടുക്കൽ കാണിച്ചു. കുമാരൻനായർ മൂന്നുനാലുതവണ വെള്ളം കയ്യിലൊഴിച്ചുകൊടുത്തിട്ട്

"ഇനികുറച്ച് ഊണുകഴിഞ്ഞിട്ടാവാം വെറുംവയറ്റിൽ വെള്ളം വളരെക്കുടിക്കേണ്ട" എന്നുപറഞ്ഞിട്ടും ദേവകിക്കുട്ടി കയ്യുകൂട്ടുവാൻമടിച്ചു കുമാരൻനായരുടെ മുഖത്തേക്കു നോക്കിയപ്പോൾ ഒരു കയ്യു വെള്ളവും കുടിപ്പകന്നിട്ടു കിണ്ടി താഴെവെച്ചു. ദേവകിക്കുട്ടി ഇരുട്ടത്തുതന്നെ ഇലപ്പൊതി അഴിച്ചുവച്ച് ഉണ്ണുവാനിരുന്നു. ഊണ് കഴിച്ചു പകുതിയായപ്പോൾ മുറിയുടെ സാക്ഷാൽ വാതൽ പെട്ടന്നു തുറന്ന് കണ്ണുണ്ണിനായർ ഇൻസ്പെക്ടരും ബാലകൃഷ്ണമേനോനും അകത്തേക്കുകടന്നു. ബാലകൃഷ്ണമേനോൻ കയ്യിലെടുത്തിരുന്ന കൈറാന്തലിന്റെ അരണ്ട പ്രകാശത്തിന്റെ നിഴലുകൊണ്ട് മുഖങ്ങളുടെ അപ്പോഴത്തെ പ്രകൃതമൊന്നും ഇൻസ്പെക്ടർക്ക് വേണ്ടും മനസ്സിലായില്ല.

"ബാലകൃഷ്ണ! വെളിച്ചം ഇങ്ങോട്ടു തിരിച്ചുപിടിക്കു" എന്നു കല്പിച്ചതു മുഴുവൻ കേൾക്കുന്നതിനുമുമ്പ് ബാലകൃഷ്ണമേനോൻ ഇരുന്നകിടക്കുന്ന ജനാലയുടെ അടുക്കൽ ചെന്ന് അവരെ അഭിമുഖമായിട്ടുനിന്ന റാന്തൽ തിരിച്ചുകാണിച്ചുകഴിഞ്ഞു. ഊണിന്റെ വട്ടവും ദേവകിക്കുട്ടിയുടെ പകച്ച നോട്ടവും ഇൻസ്പെക്ടരുടെ ദൃഷ്ടിയി

ൽപ്പെട്ട താമസം ഉണ്ടായിരുന്ന ഏല കാര്യംകൊണ്ടൊരു തട്ടുതട്ടി, 'ഏ ണീക്ക്' എന്നു പറഞ്ഞു ദേവകിക്കുട്ടിയുടെ രണ്ടു കയ്യും പിടിച്ചെഴു നേൽപ്പിച്ച്

"ആരെടി നിനക്കി അർദ്ധരാത്രിക്കു ചോറുകൊണ്ടുവന്ന ത ന്നൊരായത്" എന്ന ഉച്ചത്തിൽ കണ്ണുരുട്ടികൊണ്ട് ചോദിച്ചു. കുറച്ചുനേരത്തേക്കു ദേവകിക്കുട്ടി ഒന്നും മിണ്ടിയില്ല. പിന്നെയും ഇ ൻസ്പെക്ടർ ദേഷ്യം തീരുകുവാൻ വയ്യാതെ ദേവകിക്കുട്ടിയെപ്പിടിച്ചു കുലുക്കികൊണ്ട് "ആരാണെന്നു പറയാനല്ലേ പറഞ്ഞത്" എ ന്ന വീണ്ടും ചോദിച്ചു. അപ്പോൾ ദേവകിക്കുട്ടി

"എന്റെ അച്ഛനും ജ്യേഷ്ഠനും എന്റെ നേരെ സ്നേഹമില്ലെ ങ്കിലും എന്നെ ഇഷ്ടമുള്ള ആളുകൾ ഇല്ലായ്കയില്ല. പകി—ട്ടു ത്തു—കു—മാ—രൻനായരാണ് ചോറുകൊണ്ടുവന്നുതന്നത്. ജ്യേഷ്ഠ ൻ എത്രതന്നെ ഉത്സാഹിച്ചാലും അച്ഛൻ എത്രതന്നെ പറഞ്ഞാ ലും എത്രതന്നെ ചെയ്താലും, എന്നെക്കൊണ്ടാവും വേണ്ടില്ല ഇനി ജന്മം ഞാൻ അദ്ദേഹത്തിനെയല്ലാതെ വേറെ ഒരാളെ സ്വീകരി ക്കില്ല." എന്നു പറഞ്ഞ് മുഖമൊക്കെ ത്തുടുത്ത് തേങ്ങിതേങ്ങി കര യുവാൻ തുടങ്ങി. ബാലകൃഷ്ണമേനോൻ ഒന്നു പരുങ്ങി. ഇൻസ്പെക്ട ർ ദേവകിക്കുട്ടിയുടെ കയ്യ് വിട്ട് ബാലകൃഷ്ണമേനോന്റെ നേരെ തിരിഞ്ഞു.

"ബാലകൃഷ്ണ! നിയ്യെന്താ കുമാരൻനായരുടെ പേരെന്നോട്ട പറയാതിരുന്നത്. അതു കാരണം ഈ കുട്ടിയെ വെറുതെ ഞാൻ മനസ്സിളപ്പിച്ചില്ലേ. തറവാടിന്റെ മാനം കെട്ടാനുവാൻ തിന്ന വക. കുമാരൻനായർക്കെന്താണൊരു ദോഷമുള്ളത്? എന്ന ഇൻസ്പെക്ടരു ടെ കോപം തിരിഞ്ഞുകേറുവാൻ തുടങ്ങിയപ്പോൾ ബാലകൃഷ്ണ മേനോൻ

"ഞാൻ അച്ഛനോട്ട പറയാതിരുന്നതല്ലപ്പമില്ലാ—" എന്ന തമുഴുവനാക്കും മുമ്പ്

"ഉപ്പമില്ലേ" എന്ന് ദേവകിക്കുട്ടി കടന്നുപറഞ്ഞതുകേട്ട് ഉ ടപ്പിറന്നവളുടെ നേരെ തിരിഞ്ഞ് 'നിന്നോടല്ല പറഞ്ഞത്' എ ന്ന അവളെ തെളകീട്ട് അച്ഛനോടായിട്ട് പിന്നെയും

"ഉപ്പമില്ലാഞ്ഞിട്ടല്ല വേറെ ചില കാരണം കൊണ്ടാണ് അ

ന സ്വകാര്യമായിട്ടേ പറവാൻ തരമുള്ളൂ." എന്നുപറഞ്ഞ വിളക്കുംകൊണ്ടു വാതുക്കലേക്കു നടന്നു. അപ്പോൾ ഇൻസ്പെക്ടരും 'കേട്ടിപ്പോയി കിടന്നുറങ്ങു' എന്നുപറഞ്ഞ ദേവകിക്കുട്ടിയേയും കൂട്ടിക്കൊണ്ടു അകായിലേക്കു പോയി.

വെളിക്കുംകൊണ്ടു ബാലകൃഷ്ണമേനവനും കണ്ണിനായരും അകത്തേയ്ക്കു കടക്കുന്നതുകണ്ട് കുമാരൻനായർ മുറ്റത്തേയ്ക്കു ഇറങ്ങി ചെല്ലുന്നു. കടപ്പിശൈയോടുകൂടെമിച്ച് എല്ലാവരും അകായിലേയ്ക്കു പോവുന്നതുവരെ അവിടെത്തന്നെ ചുറ്റിപ്പറ്റി നിന്നതേയുള്ളു. ദേവകിക്കുട്ടിയെ ഒരിയ്ക്കൽക്കൂടി തനിച്ചുകണ്ടു സംസാരിയ്ക്കുവാൻ തരമുണ്ടാവുമെന്നുള്ള ആശ തീരെ ഭഗ്നമായപ്പോൾ മുന്നുവിധം ചിത്തവികാരങ്ങളോടുകൂടി ഇടയ്ക്കുനിന്നും ഇടയ്ക്കു സാവധാനത്തിൽ നടന്നും ചിലപ്പോൾ മുറുകി നടന്നും വന്നവഴി പരിവർത്തിയ്ക്കു മടങ്ങി.

കാര്യസ്ഥനെ ജാമ്യത്തിൽ വിട്ടതിന്റെശേഷം ഇൻസ്പെക്ടർ നടത്തിയ അന്വേഷണത്തിൽ കാര്യസ്ഥന്റെ പേരിലുള്ള സംശയം ഒന്നുകൂടി ദൃഢമായതോടുകൂടി യോഗ്യരായ ചിലരുംകൂടി ഈ കേസ്സിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന ശങ്കിയ്ക്കേണ്ടതായുംവന്നു. കാര്യസ്ഥന്റെ വീട്ടിലും മറ്റുമായി അയാളുടെ കൈവശമുള്ള റിക്കാർട്ടുകളെല്ലാം പരിശോധിച്ചതിൽ അനവധി നോട്ടുകളും ശീട്ടുകളും കാര്യസ്ഥന്റെ പേരിലും പരിവർത്തികാരുടെ പേരിലും അവർക്കു വേണ്ടീട്ടുള്ള മറ്റു ചിലരുടെ പേരിലും മാറി എഴുതിച്ചിട്ടുള്ളതായിട്ടും കിട്ടുണ്ണിമേനവന്റെ വക ചില പണ്ടങ്ങൾ കാര്യസ്ഥന്റെ വീട്ടിലും കാര്യസ്ഥലും പെരുമാററമുള്ളതായിട്ടും കണ്ടെത്തുവാനിടയായി. ഇങ്ങിനെയോരോ തെളിവുകൾ സമ്പാദിച്ചതിന്റെശേഷം കാര്യസ്ഥനെ സ്റ്റേഷനിൽ ഹാജരാക്കി രാത്രിസമയത്ത് ഒന്നുകൂടി വിസ്തരിയ്ക്കണമെന്ന വിചാരിച്ചതന്നദിവസം വൈകുന്നേരമാണ് ഇൻസ്പെക്ടരുടെ കൂടെ സ്റ്റേഷനാപ്പീസരുടെ കേസ്സിലേയ്ക്കു തിരിയ്ക്കു പിറന്നത്. ദേവകിക്കുട്ടിയേ അകത്തിട്ടുപൂട്ടിയ ദിവസത്തിന്റെ പിറേറദിവസം ഏകദേശം രണ്ടുനാഴിക രാത്രിച്ചെന്നപ്പോൾ കാര്യസ്ഥനെ സ്റ്റേഷൻകുറിയ്ക്കുകൊണ്ടു വിസ്തരിയ്ക്കുവാൻതുടങ്ങി. ആദ്യം ഇൻസ്പെക്ടർതന്നെയാണ് വിസ്തരിച്ചത്.

പലവക.

(പുസ്തകപരിശോധന.)

നായന്മാരുടെ ഇപ്പോഴത്തെനില:— ഒരു പുസ്തകം തിരുവിതാംകൂര് വിദ്യാഭിവർദ്ധിനീ സഭയിൽ വായിച്ചതായ ഒരു ഇംഗ്ലിഷ് ഉപന്യാസത്തിൻെറ ഭാഷാന്തരമാണ. ഹോയർ എന്ന പത്ര ഗ്രന്ഥത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതായിരുന്നു. ഇത് ആനാദരത്താൽ വായിച്ചുനോക്കാതെ മടക്കിവെക്കേണ്ട കൂട്ടത്തിലുള്ളതല്ല. കേരള രാജ്യത്തിൻെറ ഏകാധികാരം മുഴുവൻ ഒരു കാലത്ത് സ്വാധീനതയിലായിരുന്ന നായന്മാരുടെ പണ്ടത്തെ ഉയൎന്ന പദവിയും, ഉത്തമാധമജാതിക്കാരോടുള്ള യോജിപ്പും, നിലയും, കാലക്രമംകൊണ്ടു വന്ന ഇടിച്ചിലും, മാററങ്ങളും, പ്രസ്താവിച്ചിട്ടുണ്ടു. മരുമക്കത്തായം, താലികെട്ടുകല്യാണം ഈവക ആചാരഭേദങ്ങളെപ്പററിയും പരിശോധിച്ചിട്ടുണ്ട്. ധനക്ഷയകാരണങ്ങളെ പ്രതിപാദിച്ചിട്ടുണ്ട്. വിദ്യാഭ്യാസത്തെപ്പററി നിരൂപണം ചെയ്തിട്ടുണ്ട്. നായന്മാരുടെ ജാതിസ്വഭാവത്തെ വിവരിച്ചിട്ടുണ്ട്. പ്രജാസാമാന്യത്തിൻെറ ഇടയിലുള്ള ഇവരുടെ സ്ഥിതിയെപ്പറഞ്ഞിട്ടുണ്ട്. വിശേഷിച്ച് അവർ സോത്സാഹന്മാരായി പ്രവൃത്തിക്കേണ്ടവരായ യുവാക്കളേപ്പോലും ബാധിക്കുന്ന കൃതഘ്നത, സ്വാസ്ഥ്യം മുതലായ ന്യൂനതകളെ തുറന്നുകാണിച്ചിട്ടുണ്ട്. അഭ്യുദയത്തിനുള്ള വഴികളെ വെളിവായി തിരിച്ചുകൊടുത്തിട്ടുണ്ട്. ഇപ്പോൾ ചിലരുടെയിടയിൽ ഉദിച്ചുയൎന്നുവരുന്ന അനേകവിധത്തിലുള്ള ഉൽകൎഷത്തിന് പ്രാരംഭിച്ചിട്ടുണ്ട്. ഈ പുസ്തകം കെ. പരമുപിള്ള. എം. എ. അവർകളുടെ ഗാഢപൎയ്യാലോചനയുടെ ഫലമാകുന്നു. എന്നാൽ വിഷയത്തിൻെറ ഗാംഭീൎയ്യവും, വിസ്താരവും, പ്രയോജനവും വിചാരിക്കുമ്പോൾ ഈ പുസ്തകം മേൽപ്പറഞ്ഞ വിഷയങ്ങളുടെ ഒരു സൂചനമാത്രമാണെന്നേ പറഞ്ഞുകൂടു. ഭാഷാചരിത്രപണ്ഡിതന്മാരിൽ ഒന്നാമനായ പ്രകൃത ഗ്രന്ഥകൎത്താവിനെപ്പോലെയുള്ള

വർ ഇതിനെയുള്ള വിഷയങ്ങളിൽ വിശദമായി എഴുതീട്ടുള്ള പു
സ്തകങ്ങാം കണ്ടാൽ കൊള്ളാമെന്നാണ്. ഞങ്ങാംക്കുള്ള മോഹം.

പഴയശ്ലോകങ്ങാം.

അക്ഷരസമസ്യാപൂരണം.

കൊണ്ടുവന്നു കടിച്ചുപോയാം മുത്തുവെന്നു തെളിഞ്ഞിടും ॥

വെൺമണി അച്ഛൻനമ്പൂരിപ്പാട്.

അതിവ്യാണന്മപരത്തിലാ മതിലൊന്നു ചുകന്നുണം

പൂന്തോട്ടത്തു നമ്പൂരി.

കായശ്ലോകം.

പടറുകാപതിതന്റുവാത്ത കൊടുത്തയച്ചാമിതിചൊന്നവൾക്കും
കിടപ്പതിന്നുമനതാരിലിപ്പോളുടനുതകായശ്ലേഷിയന്തരമേ ॥
മടിച്ചുയോമാററാതകാഴ്ചയുള്ളിൽകിടക്കകൊണ്ടാകിടയായ്ച്ചു
കൊണ്ടോ
തിട്ടകമിപ്പൂന്തനിനച്ചുമാന്തം പിടിച്ചുകൊണ്ടോ പറയേണ
മെല്ലാം. ॥

വെൺമണി അച്ഛൻനമ്പൂരിപ്പാട്.

കായാശ്ലോകം.

ഇതങ്ങേപറഞ്ഞതൊതിഞ്ഞീടിനതലമുടിയും പീളചാടുന്നകണ്ണും
പാരംവാറാററാവുംകേകളിളിയുമിളിയമ്പിന്തൊട്ടകാരൊട്ടുഞാണും
ക്രൂരോപച്ചൻകോട്ടത്തിിനുള്ളണിമുറിയുംകൊഞ്ഞലുംകൈട്ടകാലും
നേരംപോകല്ലുജാത്യം പച്ചുമിനിയുമുണ്ടെങ്കിലും മക്കയല്ല

മഹൻനമ്പൂരിപ്പാട്.

(സ്വന്തം)

പി. ജി. രാമയ്യർ ബി. എ. ബി. എൽ അവർകളുടെ പുതി
യ ശാകുന്തളം ഭാഷയെപ്പററി ഇപ്പോഴും ഞങ്ങാം അഭിപ്രായം
പറയാതെ നേക്കി നീട്ടിവെയ്ക്കുന്നു. അഭിപ്രായം വിസ്തരിച്ചെ
ഴുതുവാനുള്ള മോഹവും സ്ഥലച്ചുരുക്കവുമാണ് ഇതിന്റെ കാരണം.

ഭാഷാ വിക്രമോൎവ്വശീയം.

---:o:---

1905-ാമത വൎഷത്തിലെത്തെ എഫ. ഏ. പരീക്ഷക്ക് സൎവ്വകലാശാലയിൽനിന്ന തിരഞ്ഞെടുത്തിട്ടുള്ളതും കൊടുങ്ങല്ലൂര കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ട് തൎജ്ജമചെയ്തിട്ടുള്ളതും ആയ വിക്രമോൎവ്വശീയം ഭാഷാനാടകത്തിന്റെ പുതിയ പതിപ്പ സംസ്കൃതപണ്ഡിതൻ രാമപ്പിഷാരോടി അവൎകളുടെ ടിപ്പണിയോടുകൂടി അച്ചടിച്ച് തെയ്യാറായിരിക്കുന്നു. പുസ്തകത്തിന്റെ വില പ്രതി ഒന്നുക്കു തപാൽകൂലി അടക്കം 14 അണ. രസികരഞ്ജിനി ആപ്പീസ്സിലേക്കു മുൻകൂറായി അയച്ചാൽ പുസ്തകം കിട്ടുന്നതാണ്. നാഗരാക്ഷരത്തിൽ രാമവൎമ്മ എന്ന രസികരഞ്ജിനി പത്രാധിപരുടെ മുദ്രയില്ലാത്ത പുസ്തകങ്ങൾ വ്യാജമാകുന്നു.

മേൽപറഞ്ഞ നാടകത്തെ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് പരിശോധിച്ച് അതിലുള്ള കഥാസാരം, ഗുണദോഷം, തത്വം, രസം, ഇവകളെ ശരിയായും സയുക്തികമായും എഴുതീട്ടുള്ള ഗ്രന്ഥം, ഈ മാസികയിൽ മാത്രം പ്രസിദ്ധം ചെയ്യുവാൻ അദ്ദേഹം അനുവദിച്ചിട്ടുള്ളപ്രകാരം ഇതാദ്യമായി പ്രസിദ്ധംചെയ്യുന്നതിനാലിതു സാഹിത്യവിഷയത്തിൽ താല്പൎയ്യമുള്ളവരും വിശേഷിച്ച് വിദ്യാൎത്ഥികളും വായിച്ചറിയേണ്ടതാകുന്നു. മലയാളത്തിൽ ഇങ്ങിനെ ഒരു ഗ്രന്ഥം ഇതിന്നുമുമ്പ ഉണ്ടായിട്ടില്ലെന്നു ഞങ്ങൾ ധൈൎയ്യത്തോടുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. രഞ്ജിനി കുറച്ചു പ്രതിമാത്രമേ വിശേഷാൽ അടിക്കുന്നുള്ളൂ. അതുകൊണ്ട ആവശ്യമുള്ളവർ ഉടനെ വാങ്ങിയില്ലെങ്കിൽ പിന്നെ ഇച്ഛാഭംഗത്തിന്ന ഇടയാവുന്നതാണ്. ര. ര. മാനേജർ.

രസികരഞ്ജിനി ആപ്പീസ്സിൽ വില്പാൻ തയ്യാർ.

സാവിത്രീസ്- കെ. രാമകൃഷ്ണപിള്ള. ൦ ൨ ൦

വെണ്മണി അഛൻനമ്പൂരിപ്പാട്ടിലെ ജീവചരിത്രവും, കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ കുറത്തിപ്പാട്ടും. ൦ ൦ ൯

സംഗീതനൈഷധം (ഭാഷാനാടകം) പറയൂര് അച്യുതമേനോൻ ... ൦ ൫ ൦

തപാൽകൂലി പുറമെ. മേൽപറഞ്ഞ പുസ്തകങ്ങൾക്കു രസികരഞ്ജിനി മാനേജരോട അപേക്ഷിക്കുക. ര. ര. മാ.

കവനോദയം.

—— :o: ——

വൈദ്യം, ജ്യോതിഷം, കിളിപ്പാട്ട, തുള്ളൽ, നോവൽ, നാടകം മുതലായി വിശേഷപ്പെട്ട അനേകം കൃതികൾ ഇതിൽ ചേൎന്നുവരുന്നു. കൊല്ലത്തിൽ സപ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകമാലയിൽ ഓരോകുറി നൂറു താളുകളിൽകുറി ൩ കൃതികളിൽ കുറയാതെ *ഉണ്ടായിരിക്കും. കൊല്ലത്തിൽ ൩ ഉറുപ്പിക വരിക്കാൎക്കുമതി. തപാൽകൂലി പുറമെ വേണ്ട. വിദ്യാൎത്ഥികൾക്കാണെങ്കിൽ മുൻകൂറ ഒന്നര ഉറുപ്പിക തന്നാൽ മതിയെന്ന ഒരു പുതിയ നിശ്ചയംചെയ്തിരിക്കുന്നു. ഈ പുസ്തകമാലയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ അനേക പുസ്തകങ്ങൾ ഇവിടെ വിൽപാനുണ്ട. ചിലതിന്റെ വിവരം താഴെ ചേൎക്കുന്നു.

ജ്യോതിഷം, [illegible] വൈദ്യം ഈ [illegible] പുസ്തകം എല്ലാവരുടെ കൈവശം ഉണ്ടായിരിക്കേണ്ടതാണ, എന്നാൽ [illegible] വില ൨ അണ.

സന്മാൎഗ്ഗമാലിക — [illegible] ഉപദേശങ്ങളുടെ [illegible] അറിവാൻ ഈ ഒരു പുസ്തകംതന്നെ [illegible] വിദ്യാൎത്ഥികൾക്കും കവിതപ്പണിക്കാൎക്കും [illegible] വില [illegible].

ജാനകീപരിണയം — [illegible] ഇതു [illegible] വായിച്ചിട്ടുണ്ടോ? "ഉണ്ട, [illegible] കഴിയുമൊ?" [illegible] എന്നാൽ [illegible] ഇതു [illegible] വായിപ്പാൻ ബുദ്ധിമുട്ടില്ല. വില [illegible].

* [illegible] — ഈ പുസ്തകം [illegible] വില [illegible].

* [illegible] — [illegible] വില [illegible].

* [illegible], നാടകം, [illegible] ഈ പുസ്തകം [illegible] വില [illegible].

☞ [illegible] തപാൽകൂലി പുറമെ, *ഈ [illegible] വി, പി, ആയി [illegible].

കെ. കണ്ണൻനമ്പ്യാർ.

കവനോദയം മാനേജർ.

(Nadapuram.) നാദാപുരം.

നോട്ടീസ്.

(൧)

ഒന്നാന്തരം സാമാനങ്ങൾ! വില വളരെ സഹായം!!

ബൊമ്പായി മുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽ നിന്നു നേരിട്ടു വരുത്തുന്നതും താഴെ വിവരം പറയുന്നതും വെറെയും അനേകം സാമാനങ്ങൾ തൊകപ്പടിയായും ചില്ലറയായും വളരെ സഹായ വിലക്ക വില്ക്കുന്നതാണ്

പലതരത്തിലുള്ള പ്ലാനൽ ശീലകൾ, ഷീറ്റുകൾ, ചെറുതുണികൾ, വളരെ ഭംഗിയുള്ള ചീട്ടികൾ പട്ടുകൾ, ബ്ലാങ്കെറ്റുകൾ, തൊപ്പികൾ, സർട്ടുകൾ, മഫ്ല, ജഗന്നാഥൻ മുതലായ തുണിച്ചരക്കുകൾ. ഏനാമൽ പാത്രങ്ങൾ, പലതരത്തിലുള്ള ഗ്ലാസ്സുകൾ, നാഴികമണികൾ, വാച്ചുകൾ, വിളക്കുകൾ, കണ്ണാടികൾ, കത്തികൾ, ഇളൊപ്പുകൾ, ചീനപ്പാത്രങ്ങൾ, കൊടകൾ, ഇരിമ്പുപെട്ടികൾ, ഇരിമ്പലമാരികൾ, ഇരിമ്പുകട്ടപ്പുകൾ, അനേകവിധം സോപ്പുകൾ, ബ്രാണ്ടി, വിസ്കി, മുതലായ ലഹരിസാധനങ്ങൾ, മുത്തുച്ചിപ്പികൊണ്ടുള്ള അനേകവിധ പാത്രങ്ങൾ, ഇവകളും മെലിൻസ്ഫുഡ, കൊക്കൊ, കാപ്പിപ്പൊടി, ടീ ബിസ്കോത്തു മുതലായ വേറെയും അനേകവിധ സാമാനങ്ങൾ വളരെ സഹായവിലക്ക വില്ക്കുന്നു.

ആവശ്യപ്പെടുന്നവൎക്ക സാമാനങ്ങൾ വി- പി- ആയി അയച്ചുകൊടുക്കുന്നതാണ്.

എ. ടി. എസ്സ്. മേനോൻ.
ജനറൽ മർച്ചന്റ്.
ചിറ്റൂർ.

T. S. Subramania & Co.,

താംബൂല വിഹാരം ഒരു സുഖാനുഭവ സാധനം തന്നെ.

---:o:---

വെററിലമുറുക്കിനെ സ്വാദുപിടിപ്പിക്കുന്ന ഒരു രുചിപ്രദമായ

സുഗന്ധദ്രവ്യം. ശുദ്ധം. വിശേഷം. രുചിപ്രദം.

[illegible]

	ക.	ണ.
ഒരു കുപ്പിക്കു വില	0	4 കാശു(?).
12 കുപ്പികൾക്കു	2	12

തപാൽക്കൂലി പുറമെ.

DANTADABANA CHURNA. ദന്തധാവന ചൂർണ്ണം

[illegible]

[illegible]

KARPURARISTHA. **കർപ്പൂരാരിഷ്ടം.** [illegible] (വിഷൂചികയ്ക്കുള്ള സിദ്ധൗഷധം.) ഒരു കുപ്പിക്കു വില 8 അണ. കർപ്പൂരാരിഷ്ടം, വിഷൂചിക, അതിസാരം, വയറുകടി, [illegible]

[illegible]

എന്ന് ടി. എസ്. സുബ്രഹ്മണ്യം അയ്യർ കമ്പനിയാർ

33. ആർമീനിയൻ സ്ട്രീറ്റ്,

മദിരാശി.

സരസ്വതിത്തൂവൽ.

(THE SARASWATI PEN.)

ഒരിക്കൽ മഷി മുക്കിയാൽ 300 മുതൽ 500 വരെ വാക്കുകൾ എഴുതാം.

സ്തുത്യഭിപ്രായം.

സർ. വാൾട്ടർ ലോറൻസ് (കെ. സി. ഐ. ഇ.) [illegible]

സർ. ലോറൻസ് ജെങ്കിൻസ് (കെ. സി. ഐ. ഇ.) [illegible]

ബർദ്ധ്വാൻ മഹാരാജാധിരാജ ബിജോയി ചാന്ദ് മഹ താബ് ബഹദൂർ:— ഈ സൂതവിദ്യയിൽ നാം വളരെ സന്തോഷിക്കുന്നു.

നാട്ടോർ മഹാരാജ ബഹദൂർ ജഗദിന്ദ്രനാഥറോയി:— മകരിധ്വജ "സുധാൻ" ഇവർക്കൊക്കെ ശീലമാവും അത്ര ഉപകാരമുള്ളതാണ.

ബഹുമാനപ്പെട്ട രാജാ റൺജിത്ത് സിങ് ബഹദൂർ:— നിങ്ങ ളുടെ പരിശോധനക്ക് ഞാൻ തീരെ അർഹനാകുന്നു,

---

രാജാ പെയരിമോഹന മുകർജി:— (സി. എസ്സ്. ഐ):— ഒരു ശക്തി ഇവർ വളരെ ഉപയോഗമുള്ളതായി ഞാൻ കണ്ടിരിക്കുന്നു.

ബഹുമാനപ്പെട്ട മിസ്റ്റർ ജസ്റ്റിസ്സ് ശാരദ ചാരുമിത്രൻ:— ഇതു വളരെ ഉപയോഗമുള്ള ഒരു കണ്ടുപിടിത്തമായിരുന്നതാണ.

പണ്ഡിതർ കെ. എം. ശാസ്ത്രി (ബി. എൽ.) ഭാഗവത പണ്ഡിതൻ:— "ദ്രുതിക്കൽ" ഉപയോഗിക്കുന്ന എല്ലാവൈദ്യരും പാലനക്ക് ഇത് പകരമായി നില്ക്കുന്നതാണ.

ബഹുമാനപ്പെട്ട മിസ്റ്റർ ആർ. ടി. ഗ്രഡിമയാർ (എം. സി. എസ്സ്.) കല്ക്കത്താ മുനിസിപ്പൽ ചെയർമാൻ:— നിങ്ങളുടെ ഇവർ തൃപ്തികരമായ ഒന്നാണെന്ന ക ണ്ടിരിക്കുന്നു. സൂത്രം വളരെ സാമർത്ഥ്യമുള്ളതാണെന്നാണ്.

മിസ്റ്റർ എച്ച്. ഡി. വില്യംസ് (എം. സി. എസ്.), കമീഷനർ:— ശുദ്ധിയുടെ ഒരു ഗുണമെന്ന ബോധിച്ചില്ല. ഒരിക്കൽ ഉപയോഗിക്കുന്ന നല്ല പാത്ര കണ്ണുകളെ ന്നത് എളുപ്പമുള്ളതാണ.

മിസ്റ്റർ കെ. സി. ഡി. (എം. സി. എസ്സ്.) കലക്ടർ:— ഇവർ വളരെ സൌകര്യങ്ങളും കണ്ടുപിടിച്ച സൂത്രം സാമർത്ഥ്യമുള്ളതുതന്നെ.

മിസ്റ്റർ എസ്സ്. സി. മിത്രൻ, ഡിപ്യൂട്ടി മജിസ്ട്രേട്ട്:— നല്ല വിദ്യ ഇത് തൃപ്തികരം.

മിസ്റ്റർ ബി. ചക്രവർത്തി, സിവിൽജഡ്ജ്, ബാരക്ക്പൂർ മുനിസിപ്പൽ ചെയർമാൻ:— കണ്ടുപിടിച്ച സൂത്രം വളരെ സാമർത്ഥ്യമുള്ളതുതന്നെ. ഇവർ വളരെ ഉപകാരപ്രദമായിരിക്കുന്നു.

മിസ്റ്റർ സീതാകാന്തൻ, [illegible] "[illegible]" [illegible]:— [illegible]

റെവറന്റ് ഡോക്ടർ മോറിസൻ (എം. എ):— [illegible]

ഡോക്ടർ എം. എൻ. ഗാംഗുലി, [illegible]:— [illegible]

പ്രൊഫെസ്സർ എച്ച്. സ്റ്റീഫൻ (എം. എ):— [illegible]

ഡോക്ടർ സറാട്ട് കെ. മല്ലിക് (എം. ബി. സി. എം.):— [illegible]

ഡോക്ടർ എസ്സ്. സി. ബാനർജി (എം. എ, എൽ. എൽ. ഡി):— [illegible]

വില.		ക.	ണ.	പ.
12 ബുക്കുകൾ	... ...	0	8	0
72-ന	... ...	2	12	0
144-ന	... ...	5	8	0

[illegible]

[illegible]

[illegible]

33. ആർമീനിയൻ സ്ട്രീറ്റ്,

[illegible]

T. S. SUBRAMANIA & Co.,

Agents,

33, Armenian Street,

Madras.

രസികരഞ്ജിനി

പുസ്തകം ൨. ലക്കം

മംഗളം

ലോകത്തിനെന്നുമഴലാറ്റിടുമിഷ്ടദാൻ പ്രാപിച്ചിടുന്നവിടെ
അന്ധകാരനാശകരമായുള്ള ഭാനുപ്രഭാവമകതാരിൽ
നിറഞ്ഞുകൊണ്ടു ഗുണികൾക്കു ഒക്കെയും കൈവല്യം കണ്ടുകൊ-
ള്ളുന്നിതുകൊണ്ടിതാ രസികരഞ്ജിനി ജയിക്കുക!

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ.

മിസ്സിസ് ആനിബെസൻറ്

ഇംഗ്ലീഷ് പഠിപ്പുകൊണ്ട് നാസ്തികത്വമെന്നൊരു വിശ്വാസം പഴമക്കാരായ ഹിന്തുക്കളുടെ ഇടയിൽ കടന്നുകൂടുവാൻ ഏതു വഴിതിൽകൂടിയാണെന്നു സൂക്ഷ്മമായി ആലോചിച്ചുവരുമ്പോൾ ക്രിസ്ത്യാനികളായ അദ്ധ്യാപകന്മാർ ഇപ്പോഴുള്ള ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ പഠിക്കുന്ന വിധം ഉണ്ടായിരുന്നുവെങ്കിൽ ഇംഗ്ലീഷ് വിദ്യാഭ്യാസംകൊണ്ടുള്ള ഗുണവും ഇംഗ്ലീഷ് വിദ്യാർത്ഥികളും ഒന്നിന്നു പണ്ടത്തേതിൽ വീതം വർദ്ധിച്ചു കാണുമെന്നാണ് ഞങ്ങളുടെ വിശ്വാസം. നിജസന്താനങ്ങളുടെ അഭ്യുദയത്തിൽ മാതാപിതാക്കന്മാർ ഉദാസീനന്മാരാണെന്നു ശങ്കിപ്പാൻ മാർഗ്ഗമുണ്ട്. എന്തുതന്നെ പ്രായം കഴിഞ്ഞവരായാലും സംസ്കൃതം പഠിക്കുന്നതിൽ വിരോധം മാ

വിഷയത്തിലല്ലാതല്ല പഠിക്കേണ്ടതെന്ന സിദ്ധാന്തികളുടെ ചെയ്യാറു ണ്ട്. പൂർവ്വപക്ഷങ്ങളിൽ ചേർത്തിട്ടുള്ള മനോവൃത്തിയാൽ ഒഴി ക്കപ്പെടുന്ന വരെയ്ക്കാകുന്നു ഇംഗ്ലീഷ് വിദ്യാഭ്യാസത്തിൽ അ വിശ്വാസം ജനിക്കുവാനുള്ള കാരണം, ഭാഷകളുടെ ഗുണത്തിൽ കാമ ക്കമില്ലാഞ്ഞിട്ടല്ല നാട്ടുകാരുടെ പേരിൽ സ്നേഹമില്ലാഞ്ഞിട്ടുമല്ല, ഇ പ്പോൾ നടപ്പുള്ള ഇംഗ്ലീഷ് വിദ്യാഭ്യാസരീതിയിൽ ന്യൂനതയായ ഒരു ദോഷത്തെപ്പററിയുള്ള വിചാരംതന്നെയാണ്. പാശ്ചാത്യപരിഷ്കാര ത്തിന്റെ ഫലം സ്വമതനിന്ദയെന്നു ഖണ്ഡിച്ചു പറവാൻ ഇംഗ്ലീ ഷ് വിദ്യാർത്ഥികളുടെ ഉയർന്നിട്ടുള്ള പുസ്തകങ്ങൾ മടിയാതെകിലും ആരെക്കൊണ്ടാകും ഊട്ടുന്നതിനു മുമ്പ് സ്വമതസ്നേഹം മറന്ന് ത്രിശങ്കുസ്വർഗ്ഗത്തിൽ കിടന്നലയുന്ന വിദ്യാർത്ഥികൾ ധാരാളമുണ്ടെ ന്ന സമ്മതിക്കുന്നതിൽ ആരുംതന്നെ സംശയിക്കുന്നതല്ല. ഇതി ന്റെ മൂലം ശിക്ഷാദോഷമോ ശീലദോഷമോ എന്തുതന്നെയായാലും ഈ ന്യൂനത ഇപ്പോഴത്തെ ഇംഗ്ലീഷ് വിദ്യാഭ്യാസരീതിക്കു സഹ ജമായിട്ടുള്ളതുതന്നെ. ഈ ഒരു ദോഷം പാശ്ചാത്യരാജ്യത്തിൽ മാത്രമേ ഉള്ളൂ എന്നും വിചാരിക്കുന്നു. അവസ്ഥാന്തരത്തെ പ്രാപിച്ച ഭാരതഖണ്ഡം മുഴുവനും വ്യാപിച്ചിട്ടുണ്ട്. ഈ ബാധ ഹിന്ദുക്കൾ ക്ക് പ്രത്യേകമായിട്ടാണെന്നും കാണുന്നു. മഹമ്മദീയസംഘത്തിലും ഈ ഉപദ്രവം ദുസ്സഹമായിത്തീർന്നിട്ടുണ്ടെന്ന് അലിഗഢ് കോളേ ജിന്റെ ആവിർഭാവവും നടന്ന വർഷത്തിൽ ബെനാറസിലും മദി രാശിയിലുംകൂടിയ മഹമ്മദീയ യോഗനിശ്ചയങ്ങളും പ്രത്യക്ഷപ്പെടു ത്തുന്നുണ്ട്. എന്നാൽ ഹിന്ദുമതത്തിന് ഔന്നത്യപ്രദമായും അ നുകൂലമായുമുള്ള ഉപകാരം ചെയ്യുവാൻ ജനനാൽ ഹിന്ദുവായ ഒ രാളല്ല സംഗതിവന്നത്. ക്രിസ്തുമതത്തിൽ ജനിച്ച് പിന്നീട് ഹിന്ദുമതത്തിൽ വിശ്വസിച്ച് ബ്രഹ്മവിദ്യയിൽ (തിയോസ ഫി) കമ്പപ്പെട്ടു വിശ്രമിക്കുന്ന ഒരു ആംഗ്ലേയ വിദുഷിയാണ് ഇ തിനു യോഗമുണ്ടായത്. സർവ്വമാന്യയായ ഈ വിദുഷിയുടെ അശ്രാന്തപരിശ്രമത്തിന്റെ സ്മാരകസ്തംഭമെന്നപോലെയോ ഹി ന്ദുക്കളുടെ ഭക്തിമാനായ സുകൃതവിപാകമെന്നപോലെയോ എ ന്നവും പ്രകാശമാനമായിക്കൊണ്ടിരിക്കുന്ന ശ്രീകാശിയിൽ നിലനി ല്ക്കുന്ന സെൻട്രൽ ഹിന്ദുകാളേജിന്റെ ഉപകാരത്തെ അറി യാത്തവരും കേട്ടറിഞ്ഞ സന്തോഷിക്കാത്തവർ ഹിമവൽസേതു

പാശ്ചാത്യം ഉണ്ടാകുമെന്ന് സ്വപ്നേപി സംശയിച്ചിരുന്നില്ല. വിദേശങ്ങളെന്നും ഭാരതഖണ്ഡത്തെന്നും ഭേദമെന്യെ സകലം പ്രസിദ്ധി പരന്നിട്ടുള്ള ആ ആനിബെസന്റിന്റെയും ഗുണകാംക്ഷിയും ആ ദ്രഷ്ടവിദ്യാഭ്യാസിയുടെ ഉൽകൃഷ്ടമായ പ്രസംഗം കേൾക്കുവാനും ചെയ്യുവാൻ ഭാഗ്യമുണ്ടായിരിക്കുന്ന ഈ അവസരത്തിൽ നമ്മാക്കെ നയനശ്രവണേന്ദ്രിയങ്ങൾക്കു സാഫല്യവും ഉണ്ടാകുന്നതാ ആ വിദുഷിയുടെ പൂർവ്വചരിത്രസംക്ഷേപത്തെ വായിച്ചു അറിയുവാൻ ആഗ്രഹിക്കുന്നവരായിരുന്നാൽ പോലെ മറ്റുള്ള കേരളീയർക്കും ആഗ്രഹമുണ്ടായിരിക്കാതിരിക്കയില്ലെന്നുള്ള പൂർണ്ണബോധത്താലാണ് ഞങ്ങൾ ഈ വിഷയത്തിൽ പ്രവേശിച്ചിരിക്കുന്നത്.

ആനിബെസന്റ് ക്രി. വ. ൧൮൪൭-ൽ ഒക്ടോബർ മാസം ൧-ാം൹ ഇംഗ്ലണ്ടിൽ 'ലണ്ടൻ' എന്ന ദിക്കിൽ ജനിച്ചു. ആനി ബെസന്റ് ബെസന്റിന്റെ വിവാഹം മൂലമാണ്. സ്വകുലത്തിലെ പേര 'ആനിവുഡ്' എന്നാണ്. വിദൂരദേശമായ മഹാരാജ്യമായ ഇംഗ്ലണ്ടിൽ വെച്ച് പ്രസവിക്കപ്പെട്ടിരുന്നെങ്കിലും തന്റെ സ്വന്തമായ രാജ്യം വിട്ടിട്ട് കേരളത്തിലെ പ്രഭുവിന്റെ കടം വീട്ടേണ്ടതായ മൂലം തന്റെ കർമ്മഭൂമിയായ ഇന്ത്യയിൽ പ്രത്യേകസ്ഥാനം സമ്പാദിച്ചു. മഹാമനസ്കനായ 'ഹെന്റി പ്രഭുവിന്റെ' ഉടുത്ത ബന്ധുവായ 'വില്യം വുഡ്' ആയിരുന്നു ഇവരുടെ അച്ഛൻ. ഇദ്ദേഹം ചെറുപ്പത്തിൽ ഉയർന്നതരം ഒരു ഉദ്യോഗത്തിൽ ഇരുന്നിരുന്നവനും, കണക്കിൽ നിപുണനും, ഫ്രഞ്ച്, ജർമ്മൻ, ഇറ്റാലിയൻ, സ്പാനിഷ്, പോർട്ടുഗീസ്, എന്നീ ഭാഷകളിൽ അപാരമായ പാണ്ഡിത്യം സമ്പാദിച്ചവനും, മതവിഷയത്തിൽ വിശ്വാസം കുറഞ്ഞവനും ആയിരുന്നവനും, കുലീനനും ആണ്. ഇവരുടെ അമ്മ, അയർലണ്ടിലെ 'മേറിസ്സ' എന്ന കുടുംബത്തിൽ പെട്ടവളും, പ്രകൃത്യാ ദയ, സുശീലം, ആത്മീയത്വം, ആത്മാഭിമാനം, പ്രതാപം മുതലായ സൽഗുണങ്ങളാൽ സാധാരണയിലധികം തികഞ്ഞിരുന്ന ഒരു മഹിളാരത്നവുമായിരുന്നു. എന്നാൽ ഏതായാലും വേണ്ടില്ല, ദൈവങ്ങൾ നിശ്ചയം അനുഭവിച്ചാലും സ്വന്തം ഭർത്താവിന്റെ കുട്ടികൾക്ക്, അതിലും വിശേഷിച്ച് ആനിക്ക്, ഉണ്ടാകേണ്ടതായിരുന്ന ആ അമ്മയുടെ പരമേശ്വര്യം. ആനിയുടെ കുട്ടി ചേർപ്പെട്ടത് കേരളത്തിൽ ഒരു

ട്ടിക്കുക, വസ്ത്രം ധരിപ്പിക്കുക, പൂക്കളണിയിക്കുക മുതലായ പ്രവൃത്തികൾപോലും അമ്മതന്നെയായിരുന്നു ചെയ്തിരുന്നത്. ഇങ്ങിനെയെല്ലാം അതിവാത്സല്യത്തോടുകൂടിയാണ് പുത്രിയെ വളൎത്തിക്കൊണ്ടുവന്നത്. ആനിയ്ക്ക് അഞ്ചു വയസ്സായപ്പോൾ അച്ഛൻ മരിച്ചു. ആനിയുടെ ശൈശവത്തിനു അച്ഛന്റെ മരണം ഒരു ദുഃപരിണാമ ലക്ഷണമായിത്തീൎന്നു. അവർ ധനികരും സ്വകുടുംബങ്ങളുടെ ആയവ്യയങ്ങൾ അവൎക്കറിയാതായി. അവരുടെ സ്വാൎത്ഥ്യത്തിന്റെ സൂചകമാകുമ്പോലെ ആനിയുടെ അമ്മയ്ക്കുണ്ടായ താഴെ പറയുവാൻ പോകുന്ന അനുഭവം കാലാന്തരത്തിൽ ആനി ബസന്റിനു സിദ്ധിച്ചതായ ബ്രഹ്മവിദ്യാവാസനത്തിന്റെ സൂചകമാണെന്നുള്ളത് ഇപ്പോൾ ആലോചിച്ചാൽ അറിയാവുന്നതാകുന്നു.

ആനിയുടെ, അച്ഛൻ മരിച്ചിട്ട് കുറെ ദിവസം കഴിഞ്ഞതിൽപ്പിന്നെ അദ്ദേഹത്തിന്റെ ശവം മറവുചെയ്ത സ്ഥലത്തു പോകേണമെന്ന് ആനിയുടെ അമ്മയ്ക്കു വളരെ ആഗ്രഹം ഉണ്ടായി. അസംഖ്യം ശവങ്ങളെ സ്ഥാപിച്ചിട്ടുള്ള ഒരു പള്ളിയിൽ സ്ഥലപരിചയം നല്ലവണ്ണമില്ലാതെ ആനിയുടെ അമ്മയ്ക്കുള്ള ആഗ്രഹം സാധിപ്പാൻ പ്രയാസമായിരുന്നതുകൊണ്ട് സ്ഥലപരിചയം നല്ലവണ്ണമുള്ളവനും, ശവസംസ്ഥാപന സമയത്ത് കൂടെയുണ്ടായിരുന്നവനും, ബന്ധുവും ആയ ഒരാളെയും കൂട്ടിക്കൊണ്ടാണ് ആനിയുടെ അമ്മ പുറപ്പെട്ടത്. കുറെ ദൂരം പോയപ്പോൾ കൂടെയുണ്ടായിരുന്ന ആൾക്കു വഴി തെറ്റി എല്ലാവരും വളരെ കുഴങ്ങി. ശവം കണ്ടുപോകുമ്പോൾ ആദ്യത്തെ കേട്ടുനോക്കി ചെറുപ്പിച്ച സ്ഥലം കാണിച്ചുകൊടുത്താൽ ശവം സ്ഥാപിച്ച സ്ഥലം ഞാൻ തന്നെ കണ്ടുപിടിച്ചുകൊള്ളാമെന്ന് ആനിയുടെ അമ്മ പറഞ്ഞു. അപ്രകാരം കേട്ടപ്പോൾ സ്ഥലത്തേക്ക് അവരെ കൂട്ടിക്കൊണ്ടുപോയി. അവിടെ എത്തിയപ്പോൾ സംശയം കൂടാതെ അവർ ശവം സ്ഥാപിച്ച സ്ഥലത്തേക്കു നടന്നു, എത്തിയ സ്ഥലത്തായപ്പോൾ ഉടനെ നില്ക്കുകയും ചെയ്തു. ആ പള്ളിയിലേക്കു ശ്മശാനത്തിലേക്കു ആനിയുടെ അമ്മ അതിനുമുമ്പ് കണ്ടതുപോലും ഉണ്ടായിട്ടില്ല. ഈ ഒരു സംഭവം അവൎക്കെല്ലാവൎക്കും അത്ഭുതമായിരുന്നു. ബ്രഹ്മവിദ്യയിൽ പരിചയിച്ചിട്ടുള്ളവൎക്ക് ഇത് ബഹു നിസ്സാരമെന്നേ പറയേണ്ടതില്ലല്ലോ.

ശിശുവായിരുന്ന ആനിയുടേയും, സഹോദരന്മാരുടേയും അക്ഷരശിക്ഷയിൽ 'ഹാരോ' സ്കൂളിലെ ഹെഡ്മാസ്റ്ററായിരുന്ന ഡാക്ടർ 'വോഗൻ' വളരെ ഉത്സുകനായിരുന്നു. അദ്ദേഹം കുട്ടികളെയെല്ലാം 'ഹാരോ'യിൽ കൊണ്ടുപോയി സ്കൂളിലാക്കി, ആനിയും ആൺകുട്ടികളുടെ കൂടത്തന്നെയാണ് പഠിച്ചു വളൎന്നു പോന്നതു്. എന്നുതന്നെയല്ല, കൎമ്മക്രിയാദികളെ അനുഷ്ഠിച്ചു സിദ്ധികളെ ആൎജ്ജിച്ചും, യോഗത്തെ അവലംബിച്ചും, നരജന്മത്തിന്റെ പരമപ്രയോജനത്തെപ്പറ്റി പ്രസംഗിച്ചും നമ്മുടെ സകലരുടെയും അന്തരിന്ദ്രിയങ്ങൾക്കെല്ലാം വികാസത്തെ നല്കുന്ന ഋഷിതുല്യയായ ആനിബെസന്റ് ആൺകുട്ടികളോടൊപ്പം ഒരു കാലത്ത് ക്രിക്കറ്റു കളിക്കുകയും മരം കേറുകയും മററും ചെയ്തിരുന്നു.

അതിന്റെശേഷം മിസ്സ് 'മേരിയററ്' എന്ന ഒരാളുടെ സംരക്ഷണയിലായി ആനിയുടെ വാസം. തന്റെ മരുമകൾക്ക് തക്കതായ ഒരു ചങ്ങാതിയെ കിട്ടിയാൽ അവളുടെ വിദ്യാഭ്യാസത്തിന് എളുപ്പമുണ്ടാകുമെന്ന കരുതിയാണ് ആനിയെ സ്വന്തം ചിലവിന്മേൽ സംരക്ഷിച്ചു വിദ്യാഭ്യാസം കൊടുപ്പാൻ മിസ്സ് മേരിയററ് ഉറച്ചതു്. [illegible] ആനിയും അമ്മയും തമ്മിൽ വേർപിരിഞ്ഞതു്. ആനിയുടെ ബാല്യകാലവും അപ്പോഴാണ് തന്നെയാണ് അവസാനിച്ചതു്. മിസ്സ് മേരിയററ് ആനിയുടെ ശരീരത്തെയും മനസ്സിനെയും വളരെ ശ്രദ്ധയോടെ പരിഷ്കരിച്ചു. മതസംബോധമായ വിഷയത്തിൽ മിസ്സ് മേരിയററ് ഒരു ക്രിസ്തുമതയോഗിനിയായിരുന്നതുകൊണ്ട് ആനിയും ആ മാൎഗ്ഗത്തിനെയാണ് സ്വീകരിച്ചതു്. 'പിൽഗ്രിംസ് പ്രോഗ്രസ്' എന്നുള്ള അത്യാപ്രദീപകമായ കഥയിലെ നായകനായിരുന്നു ആനിയുടെ മനോരാഗപ്രകാരമുള്ള ഉൽകൃഷ്ടപുരുഷൻ. നാടകശാലകളും നൃത്തങ്ങളും ആനിക്ക ഇഷ്ടമില്ലായിരുന്നു. ഫ്രഞ്ച, ജൎമ്മൻ, ഈ ഭാഷകളിലും സംഗീതത്തിലും ആനിക്ക് വളരെ പ്രതിപത്തിയുണ്ടായിരുന്നു.

എങ്കിലും ആനി ഹാരോയിലേയ്ക്കുതന്നെ മടങ്ങിപ്പോന്നു. വിശ്രുതന്മാരും യവനതത്വജ്ഞാനിയുമായ പ്ലേറോ, ഡാന്റി, മിൽട്ടൻ, സ്പെൻസർ, ഇവരുടെ കൃതികളും സ്കാട്ട്, കിങ്സ്ലി, ഇവരുടെ കഥാഗ്രന്ഥങ്ങളും ഇവയിൽ ആനി വളരെ പ്രിയപ്പെ

ട്ടിരുന്നു. ഇങ്ങിനെയിരിക്കുമ്പോഴാണ് 'ക്രിസ്തുവൈദികപുസ്തകങ്ങളൊ?' എന്ന മതസംബന്ധമായ ഗ്രന്ഥം കണ്ണെത്തി വായിപ്പാനിടവന്നത്. പിന്നീട് ക്രിസ്തുവേദത്തിൽ ആനിക്ക് അവിശ്വാസമുണ്ടാകുന്നതിനിടയായതും ആ ഗ്രന്ഥം തന്നെയാണ്. 'ക്രിസ്തുവേദത്തിൽ ഉപദേശിച്ചപ്രകാരമുണ്ടായിരുന്ന ആദി [illegible]?' എന്ന പുതിയകൂറ്റിൽ ചെന്നിട്ട് ആ മതത്തിൻ്റെ അടിസ്ഥാനത്തിൽ അപാരമായ ഉത്സാഹത്തോടുകൂടിയിരുന്ന ഒരു കാലത്താണ് റെവരൻ്റ് ഫ്രാങ്ക് ബെസൻ്റ് എന്ന പേരായ തൻ്റെ ഭാവിഭർത്താവുമായിപ്പരിചയമായത്. 'ക്രിസ്തുവൈദികപുസ്തകങ്ങളൊ?' എന്ന ഗ്രന്ഥം ക്രിസ്തുവേദത്തെപ്പറ്റി യഥാർത്ഥത്തിൽ ചില സംശയങ്ങളെ ഉണ്ടാക്കിത്തീർത്തുവെങ്കിലും ബാല്യാവസ്ഥയെ വിട്ടിട്ടില്ലാത്ത ആനിക്ക് ആ സംശയങ്ങളെപ്പറ്റി സൂക്ഷ്മപര്യാലോചന ചെയ്യാൻപോലും അത്ര ധൈര്യമുണ്ടായിരുന്നില്ല. ക്രിസ്തുവേദത്തിൽ സംശയം ജനിപ്പിക്കുന്നതു തന്നെ പിശാചിൻ്റെ ആവേശമാണെന്നു ഭയപ്പെട്ട് പശ്ചാത്താപത്തോടുകൂടെ കുറെ നാൾ പ്രായശ്ചിത്തങ്ങളെ ആചരിച്ചുംകൊണ്ടിരിക്കുകയാണുണ്ടായത്.

യൌവനാരംഭത്തിൽ സ്ത്രീകൾക്കു സ്വാഭാവികമായി വിഷയസുഖങ്ങളിലാണല്ലോ പ്രതിപത്തി. [illegible]യായ ആനിക്ക് നേരെ മറിച്ചായിരുന്നു. അന്യയുവതികൾ ഐഹിക സുഖങ്ങളെത്തിരയുന്ന കാലത്ത് ആനി പാരത്രികധ്യാനനിലയായിരുന്നു മനസ്സു ചെലുത്തിയിരുന്നത്. അപരബാലികമാർക്ക് അവരവരുടെ പ്രിയതമന്മാരിൽനിന്നു ലഭിച്ചിരുന്നതിൽ പതിന്മടങ്ങ് സുഖം ആനിക്കു കിട്ടിയിരുന്നത് കുരിശിന്മേൽ തറച്ച ക്രിസ്തുവിൻ്റെ വിഗ്രഹത്തിൽനിന്നായിരുന്നു. വൈദികവിഷയങ്ങളിലുള്ള അത്യാസക്തി ഐഹികസ്ഥിതിക്ക് അനുചിതമാണെന്ന് ആനിയുടെ അമ്മക്കു തോന്നിത്തുടങ്ങി. ഒടുവിൽ ഈ ദോഷം പരിഹരിപ്പാൻ വേണ്ടി ഫ്രാങ്ക് ബെസൻ്റ് എന്ന പേരായ പാതിരിയെ കല്യാണം കഴിപ്പാൻ ആനിയെ ഉത്സാഹിപ്പിച്ചു. ഫ്രാങ്ക് ബെസൻ്റിനെ ആനി ഐഹികദൃഷ്ട്യാ സ്നേഹിച്ചിരുന്നില്ല. എന്നാൽ ഒരു പാതിരിയോടുള്ള സംസർഗ്ഗം ദൈവത്തിനോടുള്ള സാമീപ്യമാണെന്നാണ് ആനി ആലോചിച്ചത്. എങ്ങിനെയെങ്കിലും ദൈവയോഗത്താൽ ആനി, ബെസൻ്റിനെ കല്യാണം കഴിച്ചു. കല്യാ

ങ്ങതിന്മുമ്പുതന്നെ മിസ്സസ് ബെസന്റ് രാജ്യതന്ത്രവിഷയങ്ങളിൽ കുറേശ്ശെ പ്രവേശിച്ചിരുന്നു. കല്യാണത്തിനുശേഷം 'ഫേമിലി ഹെറാൾഡ്' എന്ന പത്രത്തിലേയ്ക്കു കഥകളും എഴുതിയയച്ചു് പ്രതിഫലം വാങ്ങിയിരുന്നുവെന്നും കാണുന്നുണ്ട്.

മിസ്സസ് ആനിബെസന്റിനു ആദ്യം ഒരാണും പിന്നെ ഒരു പെണ്ണും ഇങ്ങിനെ രണ്ടു് കുട്ടികളും ഉണ്ടായി. പെൺകുട്ടിക്കു്, ജനിച്ചിട്ടു് എട്ടു മാസമായപ്പോൾ ഒരു കഠിനമായ 'വില്ലൻചുമ' പിടിച്ചു. മരിച്ചുപോകുമോ എന്നുകൂടി ശങ്കയുണ്ടായി. കുട്ടിയുടെ ദീനകാലത്തു് ആനിബെസന്റ് അതിനെ ശുശ്രൂഷിച്ചു വളരെ ബുദ്ധിമുട്ടി. കുട്ടിയുടെ അരിഷ്ടവും അതിനെപ്പററി തള്ളയ്ക്കുണ്ടായിരുന്ന മനോവേദനയും ഒരുപോലെ കഠിനങ്ങളായിരുന്നു. മരിപ്പാൻ പോകുന്ന കുട്ടിയെ മടിയിൽ വെച്ചുകൊണ്ടു് ആനിബെസന്റ് പലപ്പോഴും വിചാരമഗ്നയായി ഇരുന്നിട്ടുണ്ടു്.

"ദൈവം സ്വർഗ്ഗത്തിൽ നല്ലവനാണെന്നോ? ആണെങ്കിൽ ലോകത്തിൽ എന്തിനാണു ദുഃഖം? എന്റെ കുട്ടിയെ എന്തിനായിട്ടു് ഇത്രമാത്രം ഉപദ്രവിക്കുന്നു? ക്ഷണത്തിൽ കൊന്നാൽ ഇതിന്നു് വളരെ വേദന അനുഭവിക്കാതെ കഴിക്കുമായിരുന്നുവല്ലോ! ദൈവമേ! വേണമെങ്കിൽ കുട്ടിയെക്കൊണ്ടു പൊയ്ക്കൊള്ളൂ. നിർദ്ദയനായ നീ ഇതിനെ എന്തിനിങ്ങിനെയിട്ടു ദണ്ഡിപ്പിക്കുന്നു?"

ഇങ്ങിനെയെല്ലാം ആലോചിച്ചു് മിസ്സസ് ബെസന്റ് ദൈവത്തിനോടു കലഹിച്ചിരുന്നു. കഷ്ടാരിഷ്ടങ്ങളും ആധിവ്യാധികളും വരുത്തിക്കൂട്ടുന്നതു് പരമകാരുണികനെന്നു ഘോഷിക്കുന്ന ജഗദീശന്റെ പ്രവൃത്തിയാണെന്നു സമ്മതിപ്പാൻ പ്രയാസമാണെന്നു കാണുകയാൽ അവൾക്കു് ദൈവത്തിന്റെ കൃപാലുത്വത്തിൽ സംശയമായിത്തീർന്നു. ക്രിസ്തുവിൽ വിശ്വസിക്കുന്നെങ്കിലും, മനുഷ്യവർഗ്ഗത്തിന്റെ ദുഷ്കർമ്മപാപങ്ങൾക്കു പ്രായശ്ചിത്തമായി സാധുവായ ക്രിസ്തു പ്രാണത്യാഗം ചെയ്യേണ്ടതാണെന്നു നിശ്ചയിച്ച കാരുണ്യപൂർത്തിയിൽ അവിശ്വാസമുണ്ടായതു്. പണ്ടു് ബുദ്ധമതക്കാരുടെ യുക്തിയും ഈ വഴിക്കുതന്നെയാണു് പോയതെന്നു് വായനക്കാരിൽ പലർക്കും അറിവുണ്ടായിരിക്കുമല്ലൊ. എന്തിനു വളരെ പറയുന്നു? ജഗദീശനിൽ അവൾക്കു് മുമ്പുണ്ടായിരുന്ന വിശ്വാസം ക്രമേണ ക്രമേണ മുഴുവനും മാഞ്ഞുപോയി. പാതിരിമാരെയും മ

ജീവികളെ സൃഷ്ടിക്കുകയും ഉപദ്രവിക്കുകയും സംഹരിക്കുകയും ചെയ്യുന്ന ദൈവം ശരണ്യനല്ല. ഭയാനകവ്യാപാരങ്ങളിൽവെച്ച് വിശ്വാസംകൊണ്ടുമാത്രം വിലമതിന്ന പോരുന്ന ദൈവം ക്രൂരനെന്ന കാണാനാണുകൊണ്ട് അവൻ സർവ്വഥാ ത്യാജ്യൻതന്നെ.? ഈ ശോധനസ്സംബന്ധിച്ച്— 'ഒരുപരിശോധനയിലെ ജനസ്ഥലങ്ങൾ' എന്നാണല്ലോ ഭേദകരിതി. മിസ്സസ് ആനിബെസന്റിന് ഒരെ മറിച്ചായിരുന്നു. അവിശ്വാസം ദിവസംപ്രതി വർദ്ധിച്ചുവന്നു. ക്രിസ്തുവേദത്തിന്റെ സിദ്ധാന്തങ്ങളെ ഓരോന്നായിട്ടെടുത്ത് അവയെല്ലാം ഖണ്ഡിച്ചു. സംശയനിവൃത്തിക്കുവേണ്ടി ഡോ: പുസി? എന്ന ക്രിസ്തുമതാചാര്യനെച്ചെന്നു കണ്ടു. എന്നിട്ടും തൃപ്തികിട്ടിയില്ല. ഒടുവിൽ നാസ്തികമതത്തിൽ മനസ്സുറച്ചു. ഈ നിലയിൽ പതിമൂന്ന കൊല്ലം കഴിഞ്ഞു. ഈ കാലത്താണ് ആനിബെസന്റ് പരസ്യമായി പ്രസംഗിക്കാൻ തുടങ്ങിയത്. പ്രസിദ്ധപ്പെട്ട നാസ്തികനായ ബ്രാഡ്‌ലാ? എന്ന മഹാപുരുഷനായിട്ട് പരിചയിച്ച് സ്നേഹമായിത്തീർന്നതും ആയിടയ്ക്കു തന്നെയാണ്. ഈ സൌഹൃദം വളരെക്കാലം നിലനിന്നുപോന്നു. ശരീരശാസ്ത്രസംബന്ധമായ ഗ്രന്ഥങ്ങളോട് ദൈവവിശ്വാസികൾക്ക് വലിയ വിരോധമുണ്ടായിരുന്നു. ആ കാലത്ത് ഇംഗ്ലണ്ടിലെ ജനസംഖ്യയുടെ അമിതമായ വർദ്ധനയെത്തടുപ്പാനുള്ള മാൽത്തുസിയൻ? സിദ്ധാന്തങ്ങളെ പ്രബലപ്പെടുത്തുവാനായി ബ്രാഡ്‌ലാ ചില ഗ്രന്ഥങ്ങളെഴുതുകയും അതിന്മേൽവെച്ചു വലിയ കലാപങ്ങളുണ്ടാകയും ചെയ്ത കാലത്ത് മിസ്സസ് ബെസന്റ് ബ്രാഡ്‌ലാവിനു വളരെ അനുകൂലമായി പ്രസംഗിക്കുകയും ലേഖനങ്ങൾ കൂടി എഴുതിക്കൊടുക്കുകയും ഒടുവിൽ ഇവർ രണ്ടു പേരും ശിക്ഷിക്കപ്പെടുകയും അപ്പീലിൽ ശിക്ഷ ദുർബ്ബലപ്പെടുത്തുകയും മറ്റും ഉണ്ടായിട്ടുണ്ട്.

നാസ്തികമതത്തിൽ ഉണ്ടായിരുന്ന ആനിബെസന്റിന് പെൺകുട്ടിയുടെ രക്ഷാധികാരം പാടില്ലെന്നായിരുന്നു പിന്നത്തെ വ്യവഹാരം. നിയമം വ്യവസ്ഥയില്ലാത്തതാണെന്ന പ്രസിദ്ധമാണല്ലോ. കുട്ടിക്കു ജീവനാംശമെന്നും മാതൃശുശ്രൂഷ അത്യാവശ്യമാണെന്നും മറ്റും സാരമായ പല സംഗതികളെ വാദിച്ചിട്ടും നിവൃത്തി കിട്ടിയില്ല. നിയമം അമ്മയെയും മകളെയും വേർപിരിച്ചു വിട്ടു. ഇതിന മുമ്പുതന്നെ ഭാര്യയും ഭർത്താവും തമ്മിൽ വേർപിരിഞ്ഞു

പോയിട്ടുണ്ടെന്നുള്ളത് വായനക്കാർ അറിഞ്ഞിരിക്കുന്നതാകുന്നു, പ്രായം തികഞ്ഞതിന്നുശേഷം മകളും അമ്മയോടു യോജിച്ചുവെന്നു പറയേണ്ടതില്ലല്ലൊ.

രാജ്യഭരണതന്ത്രത്തിൽ പരിഷ്കൃത (Radical) സംഘത്തിലായിരുന്നു മിസ്സസ് ആനിബെസന്റ ചേർന്നിരുന്നത്. ഈ നിലയിൽനിന്നു കുറെക്കൂടി മൂത്തത് (സോഷ്യലിസം) എന്ന സമൈശ്വര്യസിദ്ധാന്തത്തിൽച്ചെന്നെത്തി. ധനം ഐശ്വര്യം സുഖം ഇവയ്ക്ക് ജനസാമാന്യത്തിലുള്ള ഏറക്കുറച്ചിലിനെ പരിഹരിക്കേണമെന്നാണ് സമൈശ്വര്യസിദ്ധാന്തത്തിന്റെ ഉദ്ദേശ്യം. അതിസുഖങ്ങളും അനുഭവിച്ച് അനാവശ്യമായും ദുരഭിമാനമായും പണം വാരിക്കോരി ചിലവിട്ടു കാലം കഴിയുന്ന മടമ്പിമാരായ പ്രഭുക്കന്മാരുടെ അധികമുള്ള ധനം ഉപജീവനത്തിന്നു യാതൊരു വഴിയുമില്ലാതെ ജനനാൽതന്നെ അഗതികളായവർക്കുംമറ്റും വിഭജിച്ചുകൊടുത്ത് എല്ലാവർക്കും സമനിലവരുത്തുണമായിരുന്നു സമൈശ്വര്യസിദ്ധാന്തികളുടെ ഉദ്ദേശം. ഈ വർഗ്ഗത്തിലും ആനിബെസന്റിനു പ്രാധാന്യം സിദ്ധിച്ചു. ഇവിടെവെച്ചാണ് ബ്രാഡ്ലാവും ഈ വിദുഷിയും തമ്മിൽ തെറ്റിയത്. വളരെക്കാലം അന്യോന്യം യോജിച്ചും സ്നേഹിച്ചും നടന്നിട്ടുള്ള ബ്രാഡ്ലാ സമൈശ്വര്യസിദ്ധാന്തത്തിനു പ്രതികൂലമായപ്പോൾ മിസ്സസ് ബെസന്റിനു സഹിച്ചില്ല. വിശ്വാസവും സ്നേഹവും രണ്ടു വഴിയ്ക്കുതിരിഞ്ഞു. സമാലോചനയിൽ വിശ്വാസം, ബ്രാഡ്ലാവിൽ സ്നേഹം, ഏതിനെയാണ് എടുക്കേണ്ടത്? കുറേനാൾ തടഞ്ഞൊരുനദീപ്രവാഹമെന്നോണമായന്തരംഗംവിധാമമോ? എന്ന നിലയിലായിരുന്നു. എന്തായാലും വേണ്ടില്ലെന്നുറച്ച് വിശ്വാസത്തെ അംഗീകരിച്ചു. ബ്രാഡ്ലാവിനെയും ത്യജിച്ചു. ഇതിന്റെശേഷം 'ട്രഫാൾഗർ സ്ക്വയർ' എന്ന സ്ഥലത്തുവെച്ചുണ്ടായ സമൈശ്വര്യസമാജത്തിൽ വെച്ചു ശരീരസൌഖ്യമില്ലെങ്കിലും വളരെ ഉത്സാഹത്തോടെ പ്രസംഗിക്കുകയുംചെയ്തു. ആ സമാജത്തിൽപ്പെട്ടവരായ ചില പാവപ്പെട്ട ജനങ്ങളെ സമാധാനലംഘനക്കുറ്റം ആരോപിച്ചു പൊല്ലീസ്സുകാർ പിടികൂടുകയും, കേസ്സാക്കുകയും, ചെയ്തപ്പോൾ അവരെ രക്ഷിപ്പാൻ വേണ്ടി മിസ്സസ് ആനിബെസന്റും വേറെ പല യോഗ്യന്മാരുംകൂടി കൊണ്ടു

പിടിച്ചു ശ്രമിക്കുകയും ചെയ്തു. ഇതിൽ പിന്നെയും പല സമാജങ്ങളിലും ഉപന്യാസങ്ങളിലും രാജ്യതന്ത്രവിഷയത്തെ സംബന്ധിച്ചു പല കലഹങ്ങളിലും മിസ്സസ് ആനിബെസന്റ് ഉൾപ്പെട്ടിട്ടുണ്ട്.

ഇനിയത്തെപ്പുറപ്പാട് തിയോസഫി എന്നു പറയപ്പെടുന്ന ബ്രഹ്മവിദ്യയിലേക്കാണ്. പതിമൂന്നു സംവത്സരക്കാലം നാസ്തിക സിദ്ധാന്തങ്ങളിൽ ദൃഢമായി വിശ്വസിച്ചും ആ സിദ്ധാന്തങ്ങളെ പറ്റി പബ്ലിക്കായി പല പ്രസംഗങ്ങളും നടത്തി ഇംഗ്ലാണ്ടിൽ പല ദിക്കുകളിലും ഉള്ള ജനസമുദായത്തെ വശീകരിച്ചും ഇംഗ്ലണ്ടിൽ ആ കാലത്തുണ്ടായിരുന്ന വാഗ്മികളിൽ പ്രധാനികളായ ഷെബ്യാറ്, ബ്രാഡ്ലാ, ഗ്ലാഡ്സ്റ്റൻ, മിസ്സസ് ആനിബെസന്റ് ഇങ്ങിനെ നാലുപേരാണെന്ന പ്രകാരം മുഴുവനും എല്ലാവരും ഘോഷിപ്പാൻ ഇടയാക്കിയും, വർത്തിച്ചിരുന്ന ഈ വിദുഷി നാസ്തിക സിദ്ധാന്തങ്ങളെ ഉപേക്ഷിച്ച് വീണ്ടും ആസ്തികമതത്തിൽ പ്രവേശിച്ച് ക്രമേണ ഹിന്ദുമതത്തെ ആശ്രയിപ്പാനുണ്ടായ സംഗതികളെപ്പറ്റിയും, ആ വിദുഷിയായ പരമാർത്ഥ ജ്ഞാനത്തിലേക്ക വഴികാണിച്ച തിയോസഫി എന്ന് പറയപ്പെടുന്ന ബ്രഹ്മവിദ്യാ സിദ്ധാന്തങ്ങളെപ്പറ്റിയും ഇനിയത്തെ ലേഖനത്തിൽ പ്രസ്താവിക്കുന്നതാകുന്നു.

കോങ്കണബ്രാഹ്മണർ

(൩)

സ്കന്ദപുരാണത്തിലെ ഒരു ഭാഗമായ സഹ്യാദ്രിഖണ്ഡത്തിൽ കൊങ്കണബ്രാഹ്മണരെക്കുറിച്ചു പറഞ്ഞ വാക്യങ്ങളെ മകരത്തിലെ രഞ്ജിനിയിൽ പ്രസ്താവിച്ചിരിക്കുന്നു.

ത്രിഹോത്രപുരവാസികളും പഞ്ചഗൌഡന്മാരുടെ ഒരു അവാന്തരവിഭാഗവും ആയ ദശഗോത്രബ്രാഹ്മണരെ ശ്രീപരശുരാമൻ കൊണ്ടുവന്നു, ഗോമാഞ്ചലം, പഞ്ചക്രോശി, കുശസ്ഥലി മുതലായ പുണ്യസ്ഥലങ്ങളിൽ പാർപ്പിച്ചു. ഈ ബ്രാഹ്മണർ ഇവിടെ നിവസിച്ചു, ശ്രൗതസ്മാർത്തകർമ്മങ്ങളെ നിർവിഘ്നമായി അനുഷ്ഠിച്ചു, ഹ

ന്യകൎമ്മങ്ങളെക്കൊണ്ടു ദേവപിതൃക്കളുടെ പ്രീതിസമ്പാദിച്ചു്, ആ ഈശ്വരപ്രസാദത്താൽ കാലവൎഷവും ധാന്യസമൃദ്ധിയും സുഭിക്ഷവും ആരോഗ്യതയും സ്വരാജ്യത്തിൽ ഉണ്ടാക്കി സുഖമായി ഉപജീവിപ്പാനായിട്ടു് ഇവൎക്കു അറുപത്താറു ഗ്രാമങ്ങളേയും ക്ഷേത്രവാടികളേയും കെട്ടിയത്, ഇവർ മേലാൽ നടക്കേണ്ടുന്ന ധൎമ്മങ്ങളേയും കൂടെ ഉപദേശിച്ചു് ശ്രീപരശുരാമൻ തപസ്സു ചെയ്വാനായിട്ടു് മഹേന്ദ്രാചലത്തിലേക്കു പോയി എന്ന പുരാണകഥയുടെ യാഥാൎത്ഥ്യം ഭൂഗൎഭശാസ്ത്രം മുതലായ പ്രമാണങ്ങളെക്കൊണ്ടു ഉപപാദിക്കാം.

ശ്രീപരശുരാമൻ പത്തു ഗോത്രക്കാരെ മാത്രംകൊണ്ടുവന്നു വെന്നു സഹ്യാദ്രിഖണ്ഡത്തിൽ പറഞ്ഞിരിക്കെ ഇപ്പോൾ കൊങ്കണബ്രാഹ്മണരുടെ ഇടയിൽ ൧൮ ഗോത്രങ്ങൾ ഉണ്ടായിരിക്കുന്നതെങ്ങിനെ എന്ന ശങ്കയ്ക്കു സംഗതിവരുന്നുണ്ടു്. കൊങ്കണബ്രാഹ്മണർ ഗോവയിൽ താമസിച്ചു സുഖിച്ചിരുന്ന കാലത്തു് ഉത്തര ഹിന്ദുസ്ഥാനത്തിലെ കനൌജ്, ത്രിഹോത്രപുരം മുതലായ പ്രദേശങ്ങളിൽനിന്നു സാരസ്വതബ്രാഹ്മണർ ദക്ഷിണദേശങ്ങളിലെ പുണ്യക്ഷേത്രങ്ങളായ ശ്രീരംഗം, രാമേശ്വരം, അനന്തശയനം ഇത്യാദി നഗരങ്ങളെ സന്ദൎശിച്ചു് പശ്ചിമതീരത്തുകൂടെ സ്വദേശങ്ങളിലേക്കു മടങ്ങിപ്പോകുമ്പോൾ ഗോമാന്തകത്തിൽ എത്തി അവിടത്തെ ദേശസൌഖ്യവും സമൃദ്ധിയും കണ്ടു് പ്രസന്നരായി പൂൎവ്വദേശീയരായ കൊങ്കണബ്രാഹ്മണരുമായിക്കൂടിച്ചേൎന്നു സ്വരാജ്യത്തു പോകാതെ ഗോവയിൽതന്നെ നിവസിച്ചു എന്നു ഐതിഹ്യം ഉണ്ടു്. ഇവർ നിമിത്തം ഗോത്രങ്ങളുടെ സംഖ്യ ൧൮ ആയിതീൎന്നു എന്നാകുന്നു ഭൂരിജനാഭിപ്രായം.

സഹ്യാദ്രിഖണ്ഡത്തിൽ പത്തു ഋഷികളെ കൊണ്ടുവന്നു എന്നുമാത്രം പറഞ്ഞിരിക്കയാൽ ഈ ഋഷിനാമധേയങ്ങൾ തന്നെ മൂലഗോത്രങ്ങളേയും അവാന്തരഗോത്രങ്ങളേയും ഗ്രഹിക്കേണ്ടതാണു് എന്ന സമാധാനം പറയുന്നതിൽ യുക്തിഭേദം. ഭരദ്വാജഗോത്രത്തിന്റെയും ഗൌതമഗോത്രത്തിന്റെയും പ്രവരങ്ങളിൽനിന്നു് ഇവ ആംഗിരസഗോത്രത്തിന്റെ ശാഖകളാം എന്നു കാണാം. കൌശികം, വൈശ്വാമിത്രം, ധനഞ്ജയം, എന്നിവ വിശ്വാമിത്രഗോത്രത്തിന്റെയും, വത്സം ജാമദഗ്ന്യം എന്നിവ ഭൃഗുഗോത്രത്തിന്റെ

യും വാസിഷ്ഠം കൌണ്ഡിന്യം എന്നിവ വസിഷ്ഠഗോത്രത്തിന്റെയും ശാഖകളായിട്ടും അവയെ പുരാണത്തിൽ പൃഥക്കായി ഗ്രഹിച്ചിരിക്കയാൽ മൂന്നിനേയും ഒരു ഗോത്രപക്ഷമായി സ്വീകരിച്ചിരിക്കുന്നു എന്നു തെളിയുന്നു. അതുകൊണ്ടു കാലാന്തരത്തിൽ ഉത്തരദേശത്തിൽനിന്നു സാരസ്വതർ വന്നുകൂടിയതുകൊണ്ടു ഇപ്പോൾ കൊങ്കണബ്രാഹ്മണരുടെ ഇടയിൽ പതിനെട്ടു ഗോത്രങ്ങൾ ഉണ്ടായി എന്നു സിദ്ധമാകുന്നു. കൊങ്കണബ്രാഹ്മണരുടെ ഇടയിൽ നടപ്പുള്ള ഗോത്രങ്ങളേയും അവയുടെ പ്രവരങ്ങളേയും താഴെ ചേർക്കുന്നു.

(1) ശ്രീപരശുരാമൻ കൊണ്ടുവന്ന പത്തു ഗോത്രങ്ങൾ.

ഗോത്രം.	പ്രവരങ്ങൾ
1 ഭാരദ്വാജം.	ആംഗിരസ, ബാർഹസ്പത്യ, ഭാരദ്വാജേതി
2 കൌശികം.	വൈശ്വാമിത്ര, അഘമർഷണ, കൌശികേതി
3 വത്സം	ഭാർഗ്ഗവ, ച്യാവന, ആപ്നുവാന, ഔർവ, ജാമദഗ്ന്യേതി
4 കൌണ്ഡിന്യം	വാസിഷ്ഠ, മൈത്രാവരുണ, കൌണ്ഡിന്യേതി
5 കാശ്യപം	കാശ്യപ, ആവത്സാര, നൈധ്രുവേതി
6 വാസിഷ്ഠം.	വാസിഷ്ഠ, ഇന്ദ്രപ്രമദ, ആഭരദ്വസവേതി
7 ജാമദഗ്ന്യം.	ഭാർഗ്ഗവ, ച്യാവന, ആപ്നുവാന, ഔർവ്വ, ജാമദഗ്ന്യേതി
8 വിശ്വാമിത്രം	വിശ്വാമിത്ര, ദേവരാത, ഔദലേതി
9 ഗൌതമം	ആംഗിരസ, ആയാസ്യ, ഗൌതമേതി
10 അത്രി	ആത്രേയ, ആർച്ചനാനസ, ശ്യാവാശ്വേതി

(2) കാലാന്തരത്തിൽ വന്ന ചേർന്ന ഗോത്രങ്ങൾ.

1 കൌത്സഗോത്രം അല്ലെങ്കിൽ ശംഖപിംഗഗോത്രം	ആംഗിരസ, ആംബരീഷ, യൌവനാശ്വേതി
2 മൌൽഗല്യഗോത്രം	ആംഗിരസ, ഭാർമ്യശ്വ, മൌൽഗല്യേതി
3 ആംഗിരസം	ആംഗിരസേതി
4 ഗാർഗ്യം	ആംഗിരസ, ബാർഹസ്പത്യ, ഭാരദ്വാജ, ഗാർഗ്യേതി

ഇവയും ഭാരദ്വാജഗൌതമഗോത്രങ്ങളും ആംഗിരസന്മാരുടെ ശാഖകളാകുന്നു.

5 നൈധ്രുവഗോത്രം. കാശ്യപ, ആവത്സാര, നൈധ്രുവേതി.
6 ശാണ്ഡില്യഗോത്രം. കാശ്യപ, ആവത്സാര, ശാണ്ഡിലേതി.
ഇവർ കാശ്യപന്മാരുടെ ഗോത്രത്തിൽ ചേർന്നവരാകുന്നു.
7 ധാനഞ്ജയഗോത്രം. വൈശ്വാമിത്ര, മാധുച്ഛന്ദസ, ധാനഞ്ജയേതി.
8 സാംഖ്യായനഗോത്രം. ഗൌതമ, വസ്യ, സാംഖ്യായനേതി.

ഇവിടെ വിസ്പഷ്ടമായി അറിയുവാൻവേണ്ടി പ്രവരങ്ങളെ സംബന്ധിച്ചുകൂടെ പ്രസ്താവിക്കുന്നു. ഗോത്രോച്ചാരണകാലത്തു പ്രവരത്തിൽ ഇതി ശബ്ദം ചേർക്ക പതിവാകയാൽ അതു അനുസരിച്ചു ഇവിടെയും ചേർത്തിരിക്കുന്നു.

പശ്ചിമതീരത്തിലെ മറ്റു ബ്രാഹ്മണരുടെ ഇടയിൽ ൭, ൮, ൯, ൧൦ ഗോത്രങ്ങൾ ഉണ്ടായിരിക്കെ കൊങ്കണബ്രാഹ്മണരുടെ ഇടയിൽമാത്രം ഇത്ര അധികം ഗോത്രങ്ങൾ ഉണ്ടാകുന്നതെങ്ങിനെ എന്നു ഗോത്രവ്യവസ്ഥ അറിയാത്തവർക്കു് പരിഭ്രമത്തിനു കാരണം ഉണ്ടായിവരാം. ആശ്വലായനസൂത്രത്തെ ശ്രൌതസൂത്രം ൧൨-ാം അദ്ധ്യായവും ധർമ്മസിന്ധുതുടങ്ങിയ അർവ്വാചീന സ്മൃതിസംഗ്രഹങ്ങളും അവലോകനം ചെയ്യുന്നതായാൽ ഗോത്രങ്ങൾ എത്ര ഉണ്ടെന്നു പ്രത്യക്ഷമാകും. കൊങ്കണബ്രാഹ്മണരിൽ മിക്കവും ഋഗ്വേദത്തിന്റെ ശാകലശാഖയെ അദ്ധ്യയനം ചെയ്യുന്നവരും ആശ്വലായനസൂത്രത്തെ അനുസരിച്ചു നടക്കുന്നവരും ആകുന്നു.

സ്വാർത്ഥകർത്താക്കന്മാരായ ബ്രാഹ്മണർ സ്വോൽക്കർഷം സ്ഥാപിച്ചു് തങ്ങൾ ബ്രഹ്മാവിന്റെ മുഖത്തിൽനിന്നു ഉത്ഭവിച്ചവരെന്നും മന്ത്രദ്രഷ്ടാക്കളായ ഋഷിമാരുടെ സന്തതികൾ ആകുന്നു എന്നും സ്വമഹിമയെ പ്രകടിപ്പിച്ചു്, ഹിന്ദുക്കളെ സംഘടിപ്പിച്ചു, വർണ്ണാശ്രമധർമ്മങ്ങളാകുന്ന ശൃംഖലകളെക്കൊണ്ടു ജനങ്ങളെ ബന്ധിച്ചു് അടിമകളാക്കി ഭേദപ്പെടുത്തി, അവരെക്കൊണ്ടു് തങ്ങളുടെ സുഖാനുഭോഗങ്ങളെ സമ്പാദിപ്പിച്ചു് തങ്ങൾ സകലവിധപ്രവൃത്തികളിൽനിന്നും വിരമിച്ചു, രാജാക്കന്മാരെപ്പോലെയുള്ള അവസ്ഥയിൽ സ്വാധികാരങ്ങൾ നടത്തി ഹിന്ദുലോകത്തിലെ ജനങ്ങളുടെ അഭിവൃദ്ധിക്കും ഐക്യമത്യത്തിനും വലിയ പ്രതിബന്ധങ്ങൾ ഉണ്ടാക്കിത്തീർത്തിരിക്കുന്നു എന്നാകുന്നു പാശ്ചാത്യചരിത്രകാ

രുടെ അഭിപ്രായം. ഈ അഭിപ്രായത്തിന്റെ മൂലകാരണം ബ്രാഹ്മണരുടെ ഇടയിൽ ഉള്ള ഗോത്രവ്യവസ്ഥതന്നെ. ഇതു അപ്രാചീനകാലങ്ങളിൽ ഏൎപ്പെടുത്തിയതു എന്നും അഭിപ്രായമുണ്ട്. പാണിനിമഹൎഷിയുടെ അഷ്ടാധ്യായിൽ തദ്ധിതപ്രക്രിയയിൽ ഗോത്രനാമങ്ങളെ എങ്ങിനെ ഉണ്ടാക്കേണമെന്ന് വിധികളും പറഞ്ഞിരിക്കുന്നതുകൊണ്ടും മഹൎഷിയുടെ കാലത്തു സംസ്കൃതം ജനസാമാന്യത്തിന്റെ ഇടയിൽ നടപ്പായിരുന്ന ഭാഷയായിരുന്നതുകൊണ്ടും ഗോത്രനാമങ്ങളും നിത്യവ്യവഹാരത്തിനു അത്യാവശ്യമായിരുന്നു എന്നു സ്പഷ്ടമായി അറിയാം. ആശ്വലായനാചാൎയ്യരുടെ പേർ അഷ്ടാദ്ധ്യായിൽ പറഞ്ഞിരിക്കയാൽ, അദ്ദേഹം പാണിനിമഹൎഷിയുടെ സമകാലത്തോ പൂൎവ്വകാലത്തോ ഉണ്ടായിരുന്നു എന്നു തെളിയുന്നു. ആശ്വലായനാചാൎയ്യർ ശ്രൌതസൂത്രത്തിൽ ഗോത്രപ്രവരങ്ങളെക്കുറിച്ചു പ്രസ്താവിക്കുന്നതുകൊണ്ട്, ആശ്വലായനാചാൎയ്യരുടെ കാലത്തിനു എത്രയോ മുമ്പു ഗോത്രവ്യവസ്ഥ ഉണ്ടായിരുന്നു എന്നു നിശ്ചയിക്കാം. സത്യകാമ ജാബാലൻ എന്ന ബ്രാഹ്മണകുമാരൻ തന്നെ ഉപനയിക്കേണമെന്നു ഗൌതമമഹൎഷിയോടു അപേക്ഷിച്ചപ്പോൾ "നിന്റെ ഗോത്രമെന്തെന്നു പറയേണം" എന്നു മഹൎഷി കല്പിച്ചതായി ഛാന്ദോഗ്യോപനിഷത്തിൽ പറഞ്ഞതുകൊണ്ടും ഗോത്രങ്ങളും അവയെ സംബന്ധിച്ചുള്ള ആചാരനടവടികളും ചുരുങ്ങിയപക്ഷം ൩൦൦൦ വൎഷങ്ങൾക്കു മുമ്പുതന്നെ നടപ്പായിരുന്നു എന്നും അതു എപ്പോൾ മുതല്ക്കു നടപ്പായി എന്നു തീൎച്ചപ്പെടുത്തിക്കൂട എന്നും നിൎണ്ണയിക്കാം. ഈ പ്രാചീനകാലത്തു ബ്രാഹ്മണരുടെ ധനം തപസ്സും വിദ്യയുമായിരുന്നു എന്നു പല പ്രമാണങ്ങളെക്കൊണ്ട് പ്രതിപാദിക്കാം. അവർ ദ്രവ്യത്തിന്നായിട്ടു പരിശ്രമിച്ചു ധനശേഖരം ചെയ്തിരുന്നില്ലെന്ന് പല പുരാണകഥകളെക്കൊണ്ടു നിശ്ചയിക്കാം. ഈ സംഗതികളെല്ലാം ആലോചിച്ചാൽ പാശ്ചാത്യന്മാരുടെ ആധിക്ഷേപം നിൎമ്മൂലമെന്നതു പ്രത്യക്ഷമാകും.

(ഇടവം)

എം. ശേഷഗിരിപ്രഭു, എം. എ.

ചില പ്രശ്നോത്തരങ്ങൾ

അമേരിക്കയിൽ ചിക്കാഗോ എന്ന നഗരത്തിലെ ‘സ്വതന്ത്രചിന്താസമാജ’ പ്രസംഗകനായ പ്രൊഫസർ മംഗസേറിയൻ എന്നാൾ കഴിഞ്ഞകൊല്ലം പ്രസിദ്ധപ്പെടുത്തിയ ‘പുതിയ പ്രശ്നോത്തരങ്ങൾ’ എന്ന പുസ്തകത്തിൽനിന്ന് രസികരഞ്ജിനി വായനക്കാരുടെ അറിവിന്നായി അവിടവിടെ ആയി ചില ഭാഗങ്ങൾ ചേർച്ചപോലെ എടുത്ത് തർജ്ജമചെയ്തു താഴെ ചേർക്കുന്നു.

യുക്തിയും ദൈവശാസ്ത്രവും.

പ്രശ്നം— ‘മതം’ എന്നാൽ എന്ത്?

ഉത്തരം— ‘അതീത’ത്തിലുള്ള വിശ്വാസം.

പ്ര— ‘ശാസ്ത്രം’ എന്നാലെന്ത്?

ഉ— ലോകവിധാനത്തെ കുറിച്ച് നമുക്കു സമ്പാദിപ്പാൻ കഴിയുന്ന വിധത്തിലുള്ള അത്യന്തം പൂർത്തിയായ ജ്ഞാനമാകുന്നു.

പ്ര— ‘അതീതത്തിൽ’ ഉള്ള വിശ്വാസം എന്നാൽ എന്ത്?

ഉ— ജഗത്തിന്റെ പരമാർത്ഥസ്ഥിതിയായ സാധ്യങ്ങൾക്കുവെളി മേൽപ്രകാരമുള്ള ജ്ഞാനത്തെ കേവലം ആശ്രയിച്ച് പ്രവൃത്തിക്കാം എന്നുള്ള വിശ്വാസമാകുന്നു.

പ്ര— നമുക്ക് ‘അതീതത്തിന്മേൽ’ ഉള്ള വിശ്വാസത്തെ ഒരുവന് ദൃഷ്ടാന്തീകരിപ്പാൻ എങ്ങിനെ കഴിയും?

ഉ— തന്റെ പ്രത്യക്ഷബോധമോ, സൂക്ഷ്മജ്ഞാനമോ എന്നുള്ളതിനോട ഒത്താലും അഭിലാഷത്തിന്നനുസരിച്ച് ഒരുത്തന്റെ കർമ്മങ്ങളെ ഉൽകൃഷ്ടസ്ഥിതിയിൽ നയിക്കുന്നതിനാൽ തന്നെ.

പ്ര— ‘ശാസ്ത്രം’ അല്ലെങ്കിൽ അത്യന്തം പൂർത്തിയായ ജ്ഞാനം സമ്പാദിപ്പാനുള്ള മാർഗ്ഗം എന്ത്?

ഉ— അനുഭവവും അഭ്യസനവും തന്നെ.

പ്ര— ‘മതം’ എന്നതിനെ പറ്റി സാമാന്യ സമ്മതമായ ഒരു വിവരണം നിങ്ങൾ ഇപ്പോൾ പറഞ്ഞുവോ?

ഉ— ഇല്ല. സാധാരണ ജനങ്ങളുടെ അഭിപ്രായപ്രകാരം മതം എന്നത് പ്രകൃത്യതീതങ്ങളായ ഭാവങ്ങളെ കുറിച്ച് മനുഷ്യന്

ള്ള വിശ്വാസങ്ങളും ആ ദേവന്മാരുടെ പ്രസാദം ലഭിക്കുവാൻ മനുഷ്യൻ ചെയ്യുന്ന പ്രവൃത്തികളും ആകുന്നു.

പ്ര— പ്രകൃത്യതീതം? എന്നാലെന്ത്?

ഉ— അറിഞ്ഞിട്ടുള്ളേടത്തോളം ഉള്ള കാര്യകാരണ നിയമങ്ങളാൽ ഇതുപ്രകാരം വ്യവഹരിച്ച് സ്വന്തമാക്കുവാൻ പ്രയാസമായി എന്നെല്ലാമുള്ളതൊ അതെല്ലാം തന്നെ.

പ്ര— അങ്ങിനെയുള്ള കാര്യങ്ങളിൽ ഉചിതമായ ചിത്തവൃത്തി എതുപ്രകാരം ഇരിക്കേണ്ടതാകുന്നു?

ഉ— നാം അവയെ പററി ശരിക്കറിവാൻ ശ്രമിക്കുകയും യഥേഷ്ടമായി വ്യവഹരിപ്പാൻ അനുവദിക്കയും ചെയ്യുന്നതായിരിക്കണം.

പ്ര— ദേവദർശിതങ്ങൾ നമുക്ക് മററുപ്രകാരത്തിൽ അറിവാൻ കഴിയാത്ത അനേകം സംഗതികളെ അറിവു തരുന്നില്ലേ?

ഉ— ദേവദർശിതങ്ങൾ എന്നു പറയപ്പെടുന്നവ വളരെ ഉള്ളതുകൊണ്ട് അവയിൽ ഏതൊന്നിനെ കുറിച്ചാണ് ആലോചിക്കേണ്ടത് എന്നു മുമ്പിൽ തീർച്ചയാക്കണം.

പ്ര— ചിലതു കേൾക്കട്ടെ.

ഉ— പാരസീകമതം, ഹിന്തുമതം, ബുദ്ധമതം, ജൂതമതം, ക്രിസ്തുമതം, മഹമ്മദുമതം, മുതലായവകളിൽ പ്രസ്താവിക്കപ്പെട്ടിട്ടുള്ളവ തന്നെ.

പ്ര— ഈ ഓരോ മതങ്ങളിലെ ദേവദർശിതങ്ങളിൽ ഏതാണ് വാസ്തവമായിട്ടുള്ളത്?

ഉ— അവയിൽ ഒന്നുതന്നെ തീരെ വാസ്തവമോ തീരെ അവാസ്തവമോ ആയിട്ടുള്ളതല്ല.

പ്ര— അവയിൽ വാസ്തവമായിട്ടുള്ളതും അവാസ്തവമായിട്ടുള്ളതും ആയ ഭാഗങ്ങൾ ഇന്നിന്നവയാണെന്ന് നാം എങ്ങിനെ അറിയും?

ഉ— നമ്മുടെ പരമമായ വിവേകജ്ഞാനംകൊണ്ടുതന്നെ.

പ്ര— അതുകൊണ്ട് നമ്മുടെ യുക്തിക്ക് ദേവദർശിതത്തെക്കാൾ അധികം പ്രാമാണ്യം കല്പിക്കേണമെന്ന് വരുന്നില്ലേ?

ഉ— അതിനു സംശയമില്ല.

പ്ര— നമ്മുടെ ഉള്ളിൽതന്നെ പരമമായ പ്രമാണം ഉണ്ടെങ്കിൽ പിന്നെ ഒരു ദേവദർശിതം ആവശ്യമുണ്ടോ?

ഉ — ഇല്ല. എന്തെന്നാൽ ഒരു ദേവദർശനം സ്വീകരിക്കപ്പെടണമെങ്കിൽ അതു നമ്മുടെ യുക്തിക്കു് അനുസരിക്കുന്നതായിരിക്കണം.

പ്ര — ഒരു ഗ്രന്ഥത്തിൽ ഈശ്വരപ്രോക്തമായ വാക്കു് ഉണ്ടെന്നു നിങ്ങൾക്കു് വിശ്വാസമുണ്ടാകുന്ന പക്ഷം നിങ്ങളുടെ യുക്തിക്കു് അതു സ്വീകാര്യമല്ലാതായി തീരുന്നതാണെങ്കിലും കൂടി അല്ലയോ നിങ്ങൾ അതിനെ നിരാക്ഷേപമായി അനുസരിക്കയില്ലയോ?

ഉ — ഇല്ല.

പ്ര — എന്തുകൊണ്ടു്?

ഉ — ആലോചനകൂടാതെ ഞാൻ അതിനെ അനുസരിക്കുന്ന പക്ഷം ആ പ്രവൃത്തി അയോഗ്യവും നിസ്സാരവുമാകുന്നു. നിർബ്ബന്ധപൂർവ്വം ഞാൻ അപ്രകാരം ചെയ്യുന്നതായാൽ അതു സ്വാതന്ത്ര്യയുക്ത അനുസരണമാകുന്നതല്ല. എന്നാലെന്റെ പ്രവൃത്തി ബുദ്ധിപൂർവ്വകവും യുക്തിയുക്തവും ആയിവരുന്ന പക്ഷം എന്റെ യുക്തിയെയാണു് ഗ്രന്ഥത്തെയല്ല ഞാൻ അനുസരിക്കുന്നതു് എന്നു് സാധിക്കുന്നതും ആകുന്നു.

പ്ര — ഒരു ഉദാഹരണം കേൾക്കട്ടെ.

ഉ — ലോകത്തിലെ വല്ല മതഗ്രന്ഥത്തിലും ഭൂമി പരന്നതാണെന്നു പറയുന്ന പക്ഷം നമ്മുടെ അനുഭവവും ശാസ്ത്രവും മൂലം അതു തെറ്റാണെന്നു ഞാൻ മനസ്സിലാക്കിയിരിക്കെ ഞാനും അതു വിശ്വസിപ്പാൻ പാടില്ലാത്തതാകുന്നു.

പ്ര — നിങ്ങളുടെ യുക്തിക്കു തെറ്റാണെന്നു കാണുന്ന ഒരു പ്രവൃത്തി നിങ്ങൾ ചെയ്യണമെന്നു ഒരു മതാചാര്യനാൽ ഉള്ള പക്ഷം നിങ്ങളുടെ യുക്തിയെക്കാൾ ഈശ്വരവാക്കിനായല്ലയോ നിങ്ങൾ അനുസരിക്കേണ്ടതു്?

ഉ — എന്റെ പരമോച്ചമായ വിവേകത്താൽ അരുതു എന്നു മുടക്കുന്ന ഒരു പ്രവൃത്തി ഞാൻ ചെയ്യുന്ന പക്ഷം ഞാൻ ഒരു സദ്വൃത്തനായിരിപ്പാൻ പാടുള്ളതല്ല.

പ്ര — യുക്തിക്കു തെറ്റാണെന്നു ബോദ്ധ്യം വന്നിട്ടുള്ള ഒരു സംഗതി തനിക്കു തെറ്റിപ്പോയിരിക്കാം എന്നു വിചാരിപ്പാൻ പാടില്ലാത്തതാണോ?

ഉ— പാടില്ല. യുക്തി സൎവ്വസ്വാതന്ത്ര്യമുള്ള ഒരു ചക്രവൎത്തിയെപ്പോലെ ഭരിക്കുന്നു. അതിനു് വാസ്തവമല്ലെന്നു് ബോദ്ധ്യം വന്നിട്ടുള്ള ഒരു കാൎയ്യം വാസ്തവമാണെന്നു വിചാരിപ്പാൻ വേണ്ടി അതിനെ നിൎബ്ബന്ധിപ്പാൻ കഴിയുന്നതായ യാതൊരു ശക്തിയും ലോകത്തിലില്ല.

പ്ര— എന്നാൽ നമ്മുടെ യുക്തി തന്നെ അബദ്ധത്തിൽ ചാടിക്കയില്ലയോ?

ഉ— ഉവ്വ്.

പ്ര— അപ്പോൾ അതിനെ അനുസരിച്ചു പ്രവൃത്തിക്കുന്നതു് എങ്ങിനെ?

ഉ— അതിനേക്കാൾ നല്ലതായിട്ടു വേറെ ഒന്നു ഇല്ലാത്തതുകൊണ്ടും നമ്മുടെ കൈവശമുള്ളതിൽ പരമമായ ജ്യോതിസ്സിനെ ആശ്രയിച്ചു് നടക്കുന്നതു് നമ്മുടെ കൎത്തവ്യകൎമ്മമായതുകൊണ്ടും.

പ്ര— ഈശ്വരപ്രസാദങ്ങളെ അടിസ്ഥാനമാക്കാതെ സദ്വൃത്തിയിൽ നില്പാൻ പ്രയാസമാകുമെന്നു ഉപദേശിക്കുന്നതു് ന്യായമായിരിക്കുമോ?

ഉ— ഇല്ല. എന്തുകൊണ്ടെന്നാൽ ഒന്നാമതു് അതു് വാസ്തവമായിരിക്കയില്ല. രണ്ടാമതു് ഈശ്വരപ്രസാദത്തിൽ ജനങ്ങൾക്കു് വിശ്വാസം കുറയുമ്പോൾ ഉത്തമകൎമ്മങ്ങളിൽ അവൎക്കു് വിമുഖത ജനിക്കും.

പ്ര— ഉത്തമകൎമ്മങ്ങളിലുള്ള തല്പരതയെ നിലനിൎത്തുവാൻ മാൎഗ്ഗമെന്തു്?

ഉ— ഉത്തമകൎമ്മങ്ങളെ ഫലേച്ഛകൂടാതെ ചെയ്വാൻ ഉത്സാഹപ്പെടുകയും അപ്രകാരം അനുഷ്ഠിക്കയും ചെയ്യുന്നതുതന്നെ.

പ്ര— ഉത്തമകൎമ്മങ്ങൾ ചെയ്യാനുള്ള പ്രേരണകൾ ഏതെല്ലാമാണു്?

ഉ— അത്യന്തം ബലവത്തായ പ്രേരണകൾ ആത്മബഹുമാനമും, അന്തഃകരണവും, കൎത്തവ്യകൎമ്മജ്ഞാനം ഈ ഗുണങ്ങളിൽനിന്നു ജനിക്കുന്നവതന്നെ.

പ്ര— കൎത്തവ്യകൎമ്മജ്ഞാനം എന്നാലെന്തു്?

ഉ— ജനങ്ങൾ നിങ്ങൾക്കു സൎവ്വപ്രകാരേണ ചെയ്തുതരുവാൻ ഇച്ഛിക്കുന്ന പ്രവൃത്തികളെ അവരോടും ചെയ്യേണ്ടതാണെന്നും ഇച്ഛിപ്പാ

ഹിതങ്ങളും ദുഃഖപ്രദങ്ങളും അത്യന്തങ്ങളും ആയ പ്രവൃത്തികളിൽനിന്ന് പോലും വിരമിക്കേണ്ടതാണെന്നും ഉള്ള ബോധം ആകുന്നു.

പ്ര— നമ്മുടെ കർത്തവ്യകർമ്മങ്ങൾ ചെയ്യുന്നത് എപ്പോഴും സുഖകരമായിരിക്കുന്നില്ലല്ലോ?

ഉ— കർത്തവ്യകർമ്മങ്ങൾ ചെയ്യുന്നത് ഒരു അസാധാരണപ്രവൃത്തിയാണെന്നും സങ്കടകരമായിരിക്കുക എന്നത് ആത്മത്യാഗം ചെയ്യുക എന്നതാണെന്നും ആകുന്നു പ്രാചീനതത്വം സിദ്ധാന്തിക്കുന്നത്.

പ്ര— അങ്ങിനെ ഉള്ള സിദ്ധാന്തത്തിന്റെ ഫലങ്ങൾ എന്താണ്?

ഉ— ആ സിദ്ധാന്തം ജനങ്ങൾക്ക് ഉത്തമജീവിതത്തിൽ ഭയം ജനിപ്പിക്കുകയും ഉത്തമജീവിതത്തെ കുറിച്ച് അവരുടെ മനസ്സിൽ വിഷാദവും ദൌർബ്ബല്യവും ഉണ്ടാവാൻ ഇടവരുത്തുകയും ചെയ്യുന്നു.

പ്ര— ഭയമെ എന്തെല്ലാമാണ്?

ഉ— ദുഷ്ടന്മാർക്ക് മാത്രമേ ലോകത്തിൽ സുഖമായിരിപ്പാൻ കഴികയുള്ളൂ എന്ന കൂടി ഒരു ശങ്ക അത് ജനങ്ങൾക്ക് ഉണ്ടാക്കുന്നു.

പ്ര— കർത്തവ്യകർമ്മത്തിന്റെ ശരിയായ സ്വഭാവവും എന്താണ്?

ഉ— അത് ഒരു അസാധാരണമായ ആത്മത്യാഗമോ അല്ലെന്നും എന്നാൽ അത് സർവ്വപ്രകാരേണയുള്ള സംയോജ്യതയും, കൃതജ്ഞതയും ആനന്ദവും ആകുന്ന എന്നും ആകുന്നു. കായികമായും മാനസികമായും നേരം ഇന്നിന്നപ്രകാരം പ്രവൃത്തിക്കേണ്ടതാണെന്ന പരമമായ പ്രാമാണ്യം സിദ്ധിച്ചിട്ടുള്ള ഒരു ചൈതന്യം എന്തെല്ലാം നിയമങ്ങൾ മൂലം നമ്മെ ബോദ്ധ്യപ്പെടുത്തുന്നുവോ ആ വിധങ്ങളെല്ലാം വിചാരിച്ചു നടക്കുന്നതാകുന്നു നേരം ആത്മത്യാഗം ചെയ്യുന്നതും നമ്മുടെ ജന്മത്തെ സഫലമാക്കിത്തീർക്കുന്നതും.

(തുടരും)

സി. എസ്സ്. ഗോപാലപ്പണിക്കർ, ബി. എ.

ഭാഷാശാകുന്തളം

ഭൂലോകവിശ്രുതനായ കാളിദാസന്റെ അഭിജ്ഞാനശാകുന്തളമെന്ന സംസ്കൃതനാടകത്തെ വിദേശീയ പണ്ഡിതന്മാർകൂടി താന്താങ്ങളുടെ ഭാഷകളിൽ തർജ്ജമചെയ്തു സ്വജാത്യുപകാരാർത്ഥം മറ്റുള്ളവർക്കു ആസ്വാദ്യമാക്കിത്തീർത്തു വരുന്ന കാലത്ത്, ഏററവും താണെന്നു വിചാരിക്കപ്പെടുന്ന നമ്മുടെ മലയാളഭാഷക്ക് അങ്ങിനെയൊരു വിശിഷ്ടസമ്പത്തില്ലാത്ത ന്യൂനതയെ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് ഒരുവിധം പരിഹരിച്ചുവെച്ചു. തന്നിമിത്തം അനവധി നാടകസമ്പത്തും നമ്മുടെ ഭാഷക്കു ഉണ്ടായിവന്നു. എന്നാൽ കാലക്രമേണ ചില പരിഷ്കാരങ്ങൾ വന്നതോടുകൂടി ജനസമുദായത്തിന്റെ അഭിരുചി മാറിത്തുടങ്ങി, ആദ്യകാലത്തുണ്ടായ കേരളീയ ഭാഷാശാകുന്തളത്തിന്റെ രചനാസമ്പ്രദായം പലർക്കും രുചിക്കാതെയായി. സംസ്കൃതപദങ്ങളും പ്രത്യയങ്ങളും അതിൽ കുറെ അധികമാണെന്നുള്ള ആക്ഷേപം ദിനംപ്രതി വർദ്ധിച്ചുവന്നു. എന്നുമാത്രമല്ല, എനിക്കു ബാല്യംമുതൽതന്നെ സംസ്കൃതത്തിൽ കവനംചെയ്തു പരിചയിച്ച ആ ഭാഷ അധികം സ്വാധീനപ്പെട്ടിരുന്നതുകൊണ്ട് ഈ തർജ്ജമയിൽ സംസ്കൃതപദപ്രയോഗബാഹുല്യം അല്പം ബാഹുലീകരിച്ചിട്ടുണ്ടെന്നുള്ളതിനെ ഞാൻ സമ്മതിക്കുന്നു? എന്നു ഭാഷാനഭിജ്ഞനായ ആ പരിഭാഷകൻതന്നെ പറയുന്നിടവന്നു. എങ്കിലും അതിന്നു വേണ്ടവിധം പരിഷ്കരിച്ചു തർജ്ജമചെയ്വാൻ മറ്റാരും ഇതുവരെ ഉദ്യമിച്ചുകണ്ടില്ല. അശക്തികൊണ്ടോ അതിനെ പുറപ്പെടാതിരുന്നതെന്നു ഞങ്ങൾ സംശയിക്കുന്നില്ല. സംസ്കൃതപദം തീരെ ചേർക്കാതെതന്നെ ഇതു മുഴുവനും ഭാഷപ്പെടുത്തേണമെന്നാണ് വശ്യവാക്കായ ആ കവിപുംഗവൻ വിചാരിക്കുന്നതെങ്കിൽ അതനായാസേന സാധിക്കുമെന്നാണ് ഞങ്ങളുടെ വിശ്വാസം. പിന്നെ ഇപ്രകാരം ഉദാസീനതചെയ്യാനുള്ള കാരണം മലയാളഭാഷയുടെ നിർഭാഗ്യശക്തിയാൽ മാത്രമാണെന്നു ഞങ്ങൾ വിചാരിക്കുന്നുള്ളു. കോയിത്തമ്പുരാൻ തിരുമനസ്സിലേക്ക് എതിരായി വരുന്നതിലോ എന്നുള്ള ദുഃഖത്താലും, അത്രമാത്രം പാണ്ഡിത്യമില്ലാത്തതിനാലും

ഇതുവരെ മറെറാരും ഇതിലേക്ക് ആരംഭിച്ചിട്ടുമില്ല. എന്തെങ്കിലും ഒന്നു പരീക്ഷിച്ചു നോക്കാമെന്നുവെച്ച് ധൈര്യസമേതം പി. ജി. രാമയ്യരവർകൾ, ബി. എ. ബി. എൽ. ഇതിലേക്ക് ഇപ്പോൾ ഉദ്യമിച്ച് മുഴുവനും ഭാഷപ്പെടുത്തി പുസ്തകം പ്രസിദ്ധം ചെയ്തിരിക്കുന്നു. ഞങ്ങളുടെ അഭിപ്രായം എന്താണെന്നു അറിവാൻ വേണ്ടി ഒരു കോപ്പി അയച്ചു തന്നിട്ടുണ്ട്. മുഴുവനും മനസ്സിരുത്തി വായിച്ചു ക്ലിപ്തകാലമായി പരിശോധിച്ച് അഭിപ്രായം പറയേണമെന്നുള്ള വിചാരത്തോടുംകൂടെ, ഇതിനെക്കുറിച്ച് ഇതുവരെ യാതൊന്നും പ്രസ്താവിപ്പാനിടവന്നില്ല.

എന്തെല്ലാം വിചാരിച്ചാലും, മഹാകവിതിലകനായ വലിയ കോയിത്തമ്പുരാൻ തിരുമനസ്സിലെ ശാകുന്തളം മറെറാരു കൃതിക്ക് ഈ മലയാളത്തിൽ സിദ്ധിപ്പാൻ പ്രയാസമാണ്. അക്ഷരപരിജ്ഞാനമില്ലാത്തവർ കൂടി അതിനെ മാത്രം ബഹുമാനസമേതം പാടിക്കൊണ്ടു നടക്കുന്ന കേരളീയഭാഷാശാകുന്തളത്തിന്റെ പ്രചാരവും മറെറാന്നിനുണ്ടാകുമെന്നു തോന്നുന്നില്ല. വാസ്തവം ഇങ്ങിനെയൊക്കെത്തന്നെയാണെങ്കിലും രാമയ്യരവർകളുടെ പരിശ്രമം എത്രത്തോളം ഫലിച്ചിട്ടുണ്ടെന്നു പരിശോധിക്കേണ്ടതു മുഖ്യമാവശ്യമാണ്. എന്തെങ്കിലും ഒരു പുസ്തകത്തെക്കുറിച്ച് അഭിപ്രായം പറയുമ്പോൾ, തൽകർത്താവിന് എത്ര സൌന്ദര്യമുണ്ട്, നികുതി ജമ എത്രയാണ്, ജന്മഭൂമി എവിടെയാണ്, ആഭിജാത്യം എത്രയുണ്ട് എന്നൊന്നും പരിശോധിക്കേണ്ട ആവശ്യമില്ല. എങ്കിലും, "പ്രതിക്കക്ഷികളായ സ്ത്രീകൾക്കുള്ള വൈദഗ്ദ്ധ്യത്തെ ജനങ്ങൾ ഗുണങ്ങളാകിയവ കൂടെയാണ് കാണുന്നത്." എന്നൊരു വിദ്വാൻ പറഞ്ഞുള്ള പലപ്പോഴും ശരിയാകുന്നുണ്ട്. എന്നാൽ ഈ ഗുണങ്ങളൊന്നും ടി ഞങ്ങൾ ഉപയോഗിക്കാതെയുള്ള പരിശോധന ഈ പ്രകൃതത്തിൽ പ്രത്യേകിച്ചും വായനക്കാരെ ബോധിപ്പിച്ചുകൊള്ളുന്നു.

രാമയ്യരവർകളുടെ ഭാഷാശാകുന്തളം വായിക്കുന്ന കാര്യത്തിൽ ഞങ്ങൾ പ്രത്യേകിച്ചു ഉപകാരമുണ്ടായിട്ടില്ലെങ്കിലും വായനക്കാരുടെ പരിശോധനയ്ക്ക് നിശ്ചയിച്ചിട്ടുള്ളതു ചുരുക്കുന്നു. വിസ്തരിക്കുന്നതായാൽ അധികം പകർത്തേണ്ടിവരുമെന്നു ഭയപ്പെട്ടിട്ട് ചുരുക്കുന്നതുകൊണ്ട് വരുന്ന ന്യൂനത സഹിക്കേണ്ടതിന്നു ഞങ്ങളെ കല്പിപ്പാറാകട്ടെ. ശാകുന്തളപക്ഷത്തിലും ചില ഉദാഹരണവും

കൊടുത്താൽ പാഠഭേദം വല്ലതുമുണ്ടെങ്കിൽ തൽക്കാലം ആ ചുമതല വായനക്കാരിൽതന്നെ സമർപ്പിച്ചുകൊള്ളുന്നു.

സംസ്കൃതപരിചയമില്ലാത്ത മലയാളികൾക്കും ശാകുന്തളത്തിന്റെ ശരിയായ അർത്ഥം പരാധീനതകൂടാതെ വായിച്ചറിയുമാറാക്കികൊടുക്കേണമെന്നുള്ള സദുദ്ദേശ്യമാണല്ലോ തമ്പുരാനവർകളെ ഈ ഒരു പ്രവൃത്തിയിലേക്കു പ്രേരിപ്പിച്ചത്. അതുകൊണ്ട് പ്രകൃതഭാഷാന്തരത്തിൽ കഴിയുന്നതും മലയാളവാക്കുകളെക്കൊണ്ടുതന്നെ കാര്യം നിർവ്വഹിച്ചിട്ടുണ്ടോ എന്നും, മൂലത്തിന്റെ അർത്ഥം ശരിയായിട്ട് ഭാഷാന്തരത്തിലും വരുത്തീട്ടുണ്ടോ എന്നും ഉള്ള സംഗതികളാണ് പ്രത്യേകിച്ചും ആലോചിപ്പാനുള്ളത്. അതിൽ ഒന്നാമത്തെ സംഗതിയിൽ തമ്പുരാൻ കവിക്ക് ഒരുവിധം പ്രയത്നസാഫല്യമുണ്ടെന്നുതന്നെ പറയാം. മലയാളികൾക്ക് സാധാരണയായി കേട്ടു പരിചയമില്ലാത്ത സംസ്കൃതപദങ്ങളും സംസ്കൃതപ്രത്യയങ്ങളും വളരെ ചുരുക്കമായിട്ടു ഈ ഭാഷാന്തരത്തിൽ കാണുന്നുള്ളു. ഈ അംശത്തിന് പുസ്തകത്തിൽ വല്ലേടവും എടുത്ത് ഉദാഹരിക്കുന്ന ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ആപാദചൂഡം ഉദാഹരണമാണെന്നുതന്നെ പറയാം. പക്ഷെ ഭാഷയ്ക്കു ശുദ്ധിപോരെന്നും, ദേശഭേദത്താലോ ജാതിഭേദത്താലോ പരിചയവ്യത്യാസത്താലോ വിട്ടുദോഷമെന്നു തോന്നാവുന്ന ചില ഭാഷാരൂപവൈകൃതങ്ങൾ ഇതിൽ പലേടത്തും സുലഭമാണെന്നും, ചിലർ പറയുമായിരിക്കാം. മലയാളഭാഷയ്ക്ക് ഇതേവരെ ഒരു വ്യവസ്ഥയില്ലാത്ത സ്ഥിതിക്ക് ഈ ന്യൂനത അത്ര കണക്കിൽ കൂട്ടുവാനില്ല.

മൂലാർത്ഥം ശരിയായിട്ടുണ്ടോ എന്നുള്ള ആലോചനയിലാണ് ഞങ്ങൾക്കു വളരെ ഇച്ഛാഭംഗം വന്നിട്ടുള്ളത്. പല ഭാഗങ്ങളിലും അർത്ഥം ക്ലിഷ്ടമായിപ്പോയിട്ടുള്ളതിനും പുറമെ ചില സ്ഥലങ്ങളിൽ തീരെ പിഴച്ചിട്ടുണ്ടെന്നുകൂടി പറയേണ്ടിവരുന്നു.

'നൈസ്ഥാലിത്രൂമാഗസി' എന്നതിന് 'ധൈര്യപ്പെടുത്തുവാനിവൃത്തിയില്ലയോ' എന്നു പ്രയോഗിച്ചിരിക്കുന്നു. ഇവിടെ വ്യഞ്ജനം എന്തിനായിട്ടാണ് കൊണ്ടുവന്നത്? ഗുരുസാധുവചനമോ? എന്താണ് കേരളവർമ്മതമ്പുരാൻ തിരുമനസ്സിലെ പ്രയോഗം. ഇതിലെ 'ബഹു' എന്ന പച്ചമലയാള വാക്കിനെ കേരളവർമ്മതമ്പുരാൻ തിരുമനസ്സിലെ സംസ്കൃതപദപ്പെട്ടികയിൽ ആവാഹിച്ചു വെ

ഇത്രപായത്തെക്കൊണ്ടാലോചിക്കാം. നമ്പൂരവർകളുടെ 'ബുധാനുയോഗം' അനന്യമായിത്തീർന്നു. ഇതിനെ കാളിദാസന്റെ പ്രയോഗങ്ങളെയും നമ്പൂരവർകൾ പലേടത്തും തെറ്റിദ്ധരിച്ചുപോയിട്ടുണ്ട്. കാളിദാസന്റെ ശിരീഷം (കുസുമം) നമ്പൂരവർകൾക്കു ശിരീഷവൃക്ഷമായിപ്പോയിരിക്കുന്നു. കേസരം പല്ലവമായിത്തീർന്നു. കേവലം അല്ലിമാത്രമുള്ള ഒന്നെങ്ങനെ വാകപ്പൂവിന് തളിരാവാൻ തരമില്ലല്ലോ.

'മനോരഥാനാമതടപ്രപാതഃ' എന്നതിന്റെ ഭാഷാന്തരം കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് കല്പിച്ചുണ്ടാക്കിയിരിക്കുന്നത് 'ഇച്ഛാരോപ്രവാഹസ്യ കിം തടം?' എന്നാണല്ലോ. നമ്പൂരവർകൾ ഈ സ്ഥാനത്ത് 'ഇച്ഛാപ്രവേശിപ്പതെല്ലാംപുഴയുടെ കരയെ ലംഘിച്ചല്ലോ താൻ?' എന്നാണ പ്രയോഗിച്ചിരിക്കുന്നത്. ഈ പരിഭാഷ തെറ്റാണെന്നു സമ്മതിക്കുന്നതല്ലെ ഭേദം? അതുകൂടാതെ 'മനോരഥാനാം, അതട, പ്രപാതഃ' എന്ന പാഠത്തെ അവലംബിച്ച് അപകടമായിട്ട പദവും മുറിച്ച് ഒരു വിധം ഒപ്പിച്ചു മറ്റൊരു പ്രവാഹത്തിന്റെ ഭംഗം വരുത്തിട്ടല്ല സാമ്യവുമുണ്ട്. ഈ വക ന്യൂനതകൾ പലതുമുണ്ടെങ്കിലും നമ്പൂരവർകൾ നല്ല വാസനയുള്ള കവിയാണെന്നും, ഭാഷാന്തരം ചെയ്യുവാൻ പ്രത്യേകിച്ചും സാമർത്ഥ്യമുള്ളയാളാണെന്നും ഞങ്ങൾക്കു പൂർണ്ണബോദ്ധ്യമാകുന്നു.

> മരവുമവർണ്ണമാർത്തന്നതാഗം
> മുറിഞ്ഞുകൊശിക്കുന്നപദാർത്ഥമല്ലോ
> എന്നതംഗോശിക്കാത്തതപസ്സിലൊറ്റി-
> ലൊന്നൊന്നൊന്നാൾകുന്നതു തപസ്വികൾ
>
> അടുത്തിവിടെവന്നൊരെൻപ്രിയയെവിട്ടചിത്രത്തിലെ
> ഒടുക്കത്തെ വരയുള്ളപ്രിയനടവിടാതെകിന്നതെന്നമാറ്
> കിടപ്പതിനെ വിട്ടും പുഴകടന്നുമറ്റേതിടത്ത്
> കടന്നുകൊണ്ടുപിപാസയാൽ മരീചികതേടുംവിധം?

ഈ മാതിരി ഭാഷാന്തരങ്ങളെ എത്ര സംഖ്യങ്ങളുണ്ട് തുടങ്ങിയ ശ്ലോകങ്ങളിൽ കാണാതിരിക്കില്ല.

ചുരുക്കിപ്പറയുന്നതായാൽ ബാലകവിയായ നമ്പൂരവർകൾ കുറച്ചു കാലംകൂടി കവിതയിൽ പരിശീലിച്ച് ഒരു പരിഷ്കാരം വരു

അറിയുന്നതിനു ശേഷം, ശ്ലോകത്തിൻെറ സാമാന്യം മുഴുവനും മനസ്സിലാക്കി, പാഠാന്തരങ്ങളെ പരിശോധിച്ച് ഉത്തമമായ പാഠാന്തരത്തെ സ്വീകരിച്ച്, സാവധാനത്തിൽ ഏർപ്പെടുന്നതായാൽ മതിയായിരുന്നു. ഇത്ര പരിഭ്രമിക്കേണ്ടിയിരുന്നില്ല.

ചെകുത്താന്മാർ

(ഇംഗ്ലീഷ്)

ഭൂതങ്ങളുടെ ആഗമത്തെപ്പററി വ്യക്തമായി യാതൊന്നും പ്രതിപാദിക്കാത്തതിൽ വായനക്കാർക്ക് വളരെ രസകരമായിരിക്കയില്ലെന്നു കരുതികൊണ്ടും പ്രബന്ധവിസ്താരത്തിൽ ഭയത്തോടുംകൂടി കുറച്ചൊന്നു പറഞ്ഞുകൊള്ളുന്നു. ഭൂതങ്ങൾ അസംഖ്യം ഉണ്ടെന്ന് ആദിയിൽതന്നെ പറഞ്ഞിട്ടുണ്ടല്ലോ. അസംഖ്യങ്ങൾ ആയതുകൊണ്ട് അവയെ എണ്ണിതിരിക്കാൻ പ്രയാസമുണ്ട് എങ്കിലും മൂന്ന് പ്രധാന വർഗ്ഗങ്ങളായി തിരിക്കാം. (൧) മാനുഷം, (൨) അമാനുഷം (൩) കൃത്രിമം.

മാനുഷവർഗ്ഗത്തിൽ രണ്ടു തരങ്ങൾ ഉണ്ട്. (൧) ജീവികൾ, (൨) ഭൂതങ്ങൾ, അല്ലെങ്കിൽ സ്ഥൂലശരീരികളും സ്ഥൂലശരീരശൂന്യങ്ങളും. ജീവികളിൽ നാലുവക ഭേദങ്ങൾ ഉണ്ട്. അവ (൧) പരമഗുരുസമ്പ്രദായ ശിഷ്യന്മാർ. (൨) ഗുരുപദേശം കൂടാതെ യോഗത്തിൽ പരിശീലിക്കുന്നവർ. (൩) സാധാരണ മനുഷ്യർ. (൪) ഒടിയനും ശിഷ്യന്മാരും. ഭൂതങ്ങൾ എന്ന തരത്തിൽ ഒമ്പതു വകക്കാർ ഉണ്ട്. (൧) നിർമ്മാണകായന്മാർ (൨) ശിഷ്യപിതൃക്കൾ (൩) സാധാരണ പ്രേതങ്ങൾ. (൪) നിഴൽ. (൫) തൊണ്ട്. (൬) ചൈതന്യവത്തായ തൊണ്ട്. (൭) ആത്മഹത്യോൽക്കണ്ഠനും ഇവകളിൽ നിന്നുത്ഭവിക്കുന്ന ആത്മാക്കൾ. (൮) മൃഗരൂപികൾ. (൯) ഒടിയനും ശിഷ്യന്മാരും.

അമാനുഷവർഗ്ഗത്തിൽ ഒന്നാമത്തെ എണ്ണം നമ്മുടെ മനോഭാവങ്ങളിൽപെട്ട ഭൂതതത്വങ്ങൾ ആകുന്നു. ആദിമ തന്മാത്രയുടെ ശക്തിയോടുകൂടി ഉൽഭവിക്കുന്ന ആദിതത്വം ജീവാത്മകമായി മനു

ഷ്യരിൽ എത്തുന്നതിനു മുമ്പ് തിര്യഗാദികളിൽകൂടി കടന്നു പോരേണ്ടവരും ആകുന്നു. അത് ഈ എണ്ണത്തിൽ പെടുന്നത്. രണ്ടാമത്തേത് മൃഗാദികളുടെ സ്വസ്ഥശരീരവും മൂന്നാമത്തേത് എല്ലാതരം പ്രാകൃതങ്ങളും ആകുന്നു. ആദിത്തേതും പ്രാകൃതങ്ങളും തമ്മിൽ വളരെ അന്തരം ഉണ്ട്. ഇവയിൽ ആദ്യത്തേത് കാലാന്തരത്തിൽ മനുഷ്യത്വത്തെ അവലംബിക്കുന്നവയും രണ്ടാമത്തേത് അപ്രകാരം ചെയ്യുന്നവയും ആകുന്നു. ഒന്നിനും മനുഷ്യത്വത്തിൽ എത്തുകാലസ്ഥിതിയുണ്ടെന്നല്ലാതെ വേറെ സാമ്യം ഒന്നും ഇല്ല.

കൃത്രിമവർഗ്ഗത്തിൽപ്പെട്ട ഭൂതങ്ങളും ആകുന്ന മൂർത്തലോകത്തിന്റെ അന്തത്തിൽ ചേർക്കപ്പെട്ടിട്ടുള്ള വിചാരങ്ങളും, ഇവകളും മനുഷ്യരും തമ്മിൽ വളരെ ബാധപ്രതിബാധങ്ങളും ഉണ്ടെന്ന് മുമ്പ് പ്രസ്താവിച്ചിട്ടുള്ളതെല്ലാം 'കർമ്മ' എന്ന നിയമത്തെ അനുസരിച്ചാകുന്നു. 'കർമ്മം' എന്ന് പറഞ്ഞാൽ പുതിയ പരിഷ്കാരകന്മാർ പ്രമാണിക്കും. അത് കാലവൈപരീത്യംകൊണ്ടോ ബുദ്ധിവൈപരീത്യംകൊണ്ടോ എന്തോ, 'പ്രാരബ്ധകർമ്മം' എന്ന വാക്ക് വല്ല പല്ലില്ലാത്ത മുത്തശ്ശിമാരും പറഞ്ഞാൽ കേൾക്കാനും ചിരിക്കാനും ചിലരുണ്ടെന്നാണ് നമ്മുടെ പരിഷ്കൃത മഹാന്മാരുടെ അഭിപ്രായം. പക്ഷെ അല്പം ആലോചിച്ചാൽ അത കാര്യകാരണനിയമത്തിന്റെ ഒരു പര്യായമാണെന്ന് ആർക്കും ബോദ്ധ്യമാകും. എന്തിനെന്നാൽ കാരണംകൂടാതെ കാര്യം ഉണ്ടാവുന്നതല്ലെന്നുള്ളത് സർവ്വസമ്മതമാണല്ലോ. കാര്യകാരണങ്ങളെ വഴിക്കുവഴി ആരാഞ്ഞ് പോകുമ്പോഴും എവിടെയെങ്കിലും ഒരു ഘട്ടത്തിൽ വെച്ച് മനസ്സു മുട്ടുന്നു. ലോകസാധാരണത്തെ അതിശയിക്കുന്ന വിഷയങ്ങളും പാശ്ചാത്യശാസ്ത്രങ്ങൾക്ക (Sciences) അഗമ്യങ്ങളും ആയവയുടെയും കാരണാന്വേഷണം വിഷമമായതുകൊണ്ടും ചില പാശ്ചാത്യപണ്ഡിതന്മാർ തിരിഞ്ഞ് നിന്ന് അവരുടെ അന്വേഷണത്തിൽപ്പെട്ട ഒടുവിലത്തെ കാര്യത്തെ നാസ്തിക്യം ചേർത്ത് ഉടനെ അകാരണമാക്കി തീർക്കുന്നു. ഇതാണ് നാസ്തികന്മാരായ (ഇവരിൽ സംശയവാദികളെക്കൂടി ഉൾപ്പെടുത്തീട്ടുണ്ട്) പാശ്ചാത്യപണ്ഡിതന്മാരുടെ കൌശലം. 'അകാരണം' എന്ന് തീർത്തമായി പറവാൻ ധൈര്യംപോരാത്തവർ 'അജ്ഞാതകാരണം' എന്നു വാദിക്കുന്നുള്ളു. ഒരു തരത്തിൽ മനുഷ്യരാൽ ദുരവഗമമായ ആ

ഷ്ടിതമായ ജ്ഞാനത്തിന്ന അഗോചരമായവ." എന്നാണ് അവരുടെ സിദ്ധാന്തം. ഉപകരണങ്ങളുടേയും ഉപാധികളുടേയും താരതമ്യങ്ങളെ അറിയാത്ത പാശ്ചാത്യപണ്ഡിതന്മാരും അവരുടെ എതിരാളികളായ ശിഷ്യന്മാരും കല്പിക്കുന്നതു് ശോചനീയമാണെങ്കിലും അത്ഭുതാവഹമല്ല. മൂക്കുകൊണ്ട് കാററിനെ അളക്കാൻ തുടങ്ങുന്നതുപോലെയും കണ്ണുകൊണ്ട് സംഗീതസുഖത്തെ അനുഭവിപ്പാൻ തുടങ്ങുന്നതുപോലെയും ആണ് അവരുടെ ഉദ്യമം. കാരണങ്ങളെ ജന്മാന്തരങ്ങളിൽ ആരോപിച്ചു് വ്യവസ്ഥപ്പെടുത്തുന്നതിനാണ് 'പ്രാരബ്ധകർമ്മം' എന്ന ന്യായത്തെ നാം അറിയുന്നതു്. ലോകസ്വഭാവത്തെ ഭരിക്കുന്ന ശക്തികളും നിയമങ്ങളും അവ്യക്തരൂപങ്ങളായ ശക്തികളാൽ മാത്രം ഗ്രാഹ്യങ്ങളായതുകൊണ്ട് കർമ്മബന്ധങ്ങളോടുകൂടിയ ഈ ഭൂതങ്ങൾ മനുഷ്യരുടെമേൽ നേരിട്ടും ഇടവിടാതെയും ചെയ്യുന്ന പ്രവൃത്തികൾ ജനസാമാന്യത്തിന്ന് അദൃശ്യങ്ങളും അജ്ഞേയങ്ങളും ആകുന്നു. മനുഷ്യവിചാരങ്ങൾ അസംഖ്യങ്ങളും വിവിധങ്ങളും ആയിരിക്കുന്നതുപോലെത്തന്നെ ഈ ഭൂതങ്ങളും അസംഖ്യങ്ങളും വിവിധങ്ങളും ആകുന്നു. ആയതുകൊണ്ട് ഇവയെ സ്ഥൂലമായി രണ്ടു തരങ്ങളായിട്ടു വേർതിരിപ്പാൻ പാടുള്ളു. (൧) നമ്മുടെ അറിവോടുകൂടി ഉത്ഭവിക്കുന്നവ. (൨) നമ്മുടെ അറിവുകൂടാതെ ഉത്ഭവിക്കുന്നവ. ഇവയിൽ രണ്ടാമത്തെ എന്നതിൽപ്പെട്ട ഭൂതങ്ങളുടെ ആഗമം താഴെ പറയും പ്രകാരമാകുന്നു. അനുസ്യൂതമായി നമ്മളിൽനിന്നുൽഗമിക്കുന്ന വിചാരങ്ങളിൽ ചിലതു് ബലവത്തുക്കളും ചിലതു് ദുർബ്ബലങ്ങളും ആണല്ലോ. ബലവത്തുകൾ സ്വതേതന്നെ ഒരു രൂപത്തെ അവലംബിച്ചും ബലഹീനങ്ങൾ അന്യോന്യങ്ങളോടുകൂടി ചേൎന്നു് ബലവത്തുകളായിത്തീൎന്നു് രൂപീഭവിച്ചും ജീവിക്കുന്നു. ബലത്തെ അനുസരിച്ചാണ് ഇവയുടെ ആയുസ്സ്. എപ്പോൾ ഇവറ്റു് രൂപം സിദ്ധമാകുന്നുവോ അപ്പോൾ ഇവ നമ്മുടെ അധീനത്തെ വിടുന്നു. എന്നുതന്നെയല്ല ചിലപ്പോൾ നമ്മുടെ പ്രേരകന്മാരുംകൂടി ആയിത്തീരുന്നു. എന്തെങ്കിലും ഒരു ആഗ്രഹത്തിൽതന്നെ മനസ്സുവെക്കുന്നതുകൾ ആ വിചാരമയമായ ഒരു ഭൂതത്തെ സൃഷ്ടി ചെയ്യുന്നു. പിന്നീട് അതിനെ സംബന്ധിച്ചുണ്ടാവുന്ന ആഗ്രഹങ്ങൾ അതിനെ പോഷിപ്പിക്കുന്നു. അതു് അതിന്റെ ജനിതാവിനെ വിട്ടുപിരി

യാതെ ആ അനുഗ്രഹസിദ്ധിയിൽ പ്രോത്സാഹിപ്പിക്കുന്നു. ദുർചാരമാണെങ്കിൽ ഒടുവിൽ അത് ആളുകളെ വല്ല കുണ്ടുകുഴിയിലും കൊണ്ടുപോയി ചാടിക്കുന്നു. അഥവാ, സദാചാരമാണെങ്കിൽ ഭേദം മാറ്റി, ഉൽകൃഷ്ടകൃത്യങ്ങളെ നിയന്ത്രിക്കുന്നു. ഒന്നാമത്തെ ഏതാനും ദിവ്യന്മാരും മാന്ത്രികന്മാരുടെയും യോഗികളുടെയും സഹായത്തിന് ആകുന്നു. ഇവകളെ പലപ്പോഴും ദുർവിഷയങ്ങളിലും സദ്വിഷയങ്ങളിലും ഉപയോഗിക്കാവുന്നതാണ്. മാഡം ബ്ളാവാട്സ്കിയുടെ തപാൽക്കാരും കിങ്കരന്മാരും സദ്വിഷയത്തിൽ ഉപയുക്തങ്ങളായ ഈ തരം ഭൂതങ്ങൾ ആകുന്നു. വസ്തുക്കളെ ഒരിടത്തുനിന്ന് എടുത്ത് അനേകമൈലുകൾക്കപ്പുറം മറ്റൊരിടത്ത് എത്തിച്ച് കൂട്ടിച്ചേർത്ത് വീണ്ടും വസ്തുക്കളാക്കി തീർക്കുന്നതും മേശമുതലായ സാധനങ്ങളെ ആരും തൊടാതെ ഒരു ദിക്കിൽനിന്ന മറ്റൊരു ദിക്കിലേക്കു മാറ്റിയിരുന്നതും മണി ഇല്ലാതെ മണിയടിച്ചിരുന്നതും വളരെ കാലം മുമ്പ് കളഞ്ഞുപോയിട്ടുള്ള ചില ആഭരണങ്ങളെ വീണ്ടെടുത്തിട്ടുള്ളതും എന്നിങ്ങനെ അനേകം അത്ഭുതകർമ്മങ്ങളായ കാര്യങ്ങളെ മാഡം ബ്ളാവാട്സ്കി ചെയ്തിട്ടുള്ളതു കണ്ടിട്ടുള്ളവർ പലരും ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. ഇതുകൊണ്ട് 'Recent occult phenomena' എന്ന പുസ്തകം വായിപ്പാൻ മാത്രമേ ഈ അവസരത്തിൽ ഇംഗ്ലീഷ് പഠിച്ചിട്ടുള്ള വായനക്കാരോടു ഞാൻ പ്രാർത്ഥിക്കുന്നുള്ളു. പരദേവതകളുടെയും ഗ്രാമദേവതകളുടെയും ഉല്പത്തിയെപ്പറ്റി ആലോചിച്ചാൽ അവ മിക്കതും ഈ ഭൂതവർഗ്ഗത്തിൽപ്പെട്ടവയാണെന്നു വിശദമാവുന്നതാണ്.

ഭൂതങ്ങളുടെ വർഗ്ഗങ്ങളെപ്പറ്റി ഇത്രമാത്രമേ ഇവിടെ പറയാൻ തരമുള്ളൂ. ഇനി അവരുടെ വ്യാപാരങ്ങളിൽ ചിലതിനെയും അവയെ ഉത്പാദിപ്പിക്കുന്നതിനും തടുക്കുന്നതിനും ആയി ഉപയോഗിക്കുന്ന മന്ത്രയന്ത്രങ്ങളെയും എനിക്ക് അനുഭവസിദ്ധമായ ചില സംഭവങ്ങളെയും പറ്റി അല്പം ചിലതെല്ലാം പറയാം.

ഒന്നാമതായി പ്രേതഭൂതങ്ങളെപ്പറ്റി പറയുന്നതായാൽ മേൽവിവരിച്ച സംഗതികളാൽ അവ അടുത്ത കാലത്ത് കഴിഞ്ഞിട്ടുള്ള ആളുകളുടെ ലിംഗശരീരങ്ങളോ അവരുടെ സ്വന്തക്കാരുടെയോ സ്നേഹിതന്മാരുടെയോ മറ്റോ സൂക്ഷ്മശരീരങ്ങളോ ആ സ്ഥലത്ത് എത്തിയതായി വിചാരിക്കുന്ന മറ്റുള്ളവരുടെ വിചാരങ്ങളെ

ആയിരിക്കും. പരിചയമുള്ളവൎക്കു മാത്രമെ ഇവകളെ തമ്മിൽ തിരിച്ചറിവാൻ പാടുള്ളു. ഇപ്രകാരംതന്നെയാകുന്നു മരിക്കുന്നവരെയും മരിച്ചവരെയും ദേശാന്തരത്തിൽ ഭൂതരൂപത്തിൽ ചിലർ ചിലപ്പോൾ കാണുന്നതു്. ഉദാഹരണമായി മയേഴ്സിന്റെ 'Human Personality' എന്ന പുസ്തകത്തിന്റെ രണ്ടാം ഭാഗം ൩൮-ം ൩൯-ം ൩൪൭-ം വശങ്ങളിൽ കാണിച്ചിട്ടുള്ള 'ലെററസ്' 'ക്രൊൻസ്' 'ബ്രൂത്ത്' 'വെയിസ്സ്' എന്നീ കേസ്സുകളെ വായനക്കാൎക്കു വേണമെങ്കിൽ നോക്കാവുന്നതാണു്. മരണസംബന്ധമായ സ്വപ്നങ്ങൾ പലൎക്കും പലപ്പോഴും യഥാൎത്ഥങ്ങളായി തീൎന്നിട്ടുള്ളതും പ്രസിദ്ധമാണല്ലൊ. ഇനി ഭൂതങ്ങളുടെ നിരന്തരസാന്നിധ്യത്തോടുകൂടിയ സ്ഥലങ്ങളെപ്പററി ആലോചിക്കാം. ചില ഭവനങ്ങൾ ഇടവഴികൾ പറമ്പുകൾ ഇവകളിൽ പൈശാചികന്മാരുടെ സ്ഥിരമായ ഉപദ്രവം ഉണ്ടെന്നു നാം കേൾക്കാറുണ്ടു്. കലപാതകം മുതലായ ഘോരകൃത്യങ്ങൾ നടന്നിട്ടുള്ള സ്ഥലങ്ങളിൽ പ്രത്യേകിച്ചു് ചിലപ്പോൾ ഭൂതങ്ങളെ കണ്ടിട്ടുള്ളതായി കേൾക്കുമ്പോൾ അസംബന്ധം എന്നു തോന്നിട്ടുള്ളതു് അല്പം ആലോചിച്ചാൽ അസംബന്ധമല്ലെന്നും അസംഭവമല്ലെന്നും വെളിപ്പെടുന്നതാണു്. ഈ ഭൂതം കൊന്നവന്റെയൊ കൊല്ലപ്പെട്ടവന്റെയൊ ആവാം. എന്തായാലും ലിംഗശരീരം, സൂക്ഷ്മശരീരം, വിചാരരൂപം എന്നീ മൂന്നിൽ ഏതെങ്കിലും ഒന്നാവാനെ പാടുള്ളു എന്നു മേൽവിവരിച്ച കാരണങ്ങളാൽ സ്പഷ്ടമാവുന്നുണ്ടു്. ജഡമായിരിക്കുന്ന സ്ഥൂലശരീരത്തിന്റെ പ്രാധാന്യതയുള്ളവൎക്കു സാധാരണയായി ഭൂതങ്ങൾ ദൃഷ്ടിഗോചരങ്ങൾ ആവുന്നില്ലെങ്കിലും അവരിൽ മിക്കപേൎക്കും ഭൂതസാന്നിദ്ധ്യമുള്ള സ്ഥലത്തെ സംബന്ധിച്ചു് ഒരു അവൎണ്ണ്യമായ അസ്വാസ്ഥ്യം തോന്നാറുണ്ടെന്നുള്ളതു് വാസ്തവമാണു്. ഇംഗ്ലണ്ടിൽ 'ടൈബേൺ' എന്ന കഴുമരത്തിന്റെ സമീപത്തു് എത്തുമ്പോൾ മേൽപ്രകാരം ഒരു അസ്വാസ്ഥ്യം സാധാരണയായി എല്ലാവൎക്കും തോന്നാറുണ്ടു്.

(തുടരും)

പുത്തേഴത്തു് ഗോവിന്ദമേനോൻ.

വിക്രമോൎവ്വശീയസാരം

(തുടൎച്ച)

രാജാവു രാജ്യത്തിൽ ചെന്നതിന്റെ ശേഷം ഉൎവ്വശീവിരഹസന്താപം സഹിക്കാൻ വയ്യാതെ തന്റെ അവസ്ഥമുഴുവനും തന്റെ സചിവനായ വിദൂഷകനോട് ശ്രദ്ധമായി പറഞ്ഞുവെന്നും ഈ വൎത്തമാനം എങ്ങനെയോവിധം സൂക്ഷ്മമായി പലസംഗതികൾകൊണ്ടും ഊഹിച്ചറിഞ്ഞ് രാജാവിന്റെ പ്രധാനമഹിഷിയായ കാശിരാജപുത്രി സാമൎത്ഥ്യമുള്ള ഒരു ചേടിയെ കല്പിച്ചയച്ച് പരമശുദ്ധബ്രാഹ്മണനായ വിദൂഷകന്റെ അടുക്കൽനിന്ന് കാൎയ്യം സൂക്ഷ്മമായി അറിഞ്ഞുവെന്നും കാലത്തെ പ്രജാകാൎയ്യവിചാരം കഴിച്ച് തിരിച്ചു വരുന്ന രാജാവിന്റെ സമീപത്തിലേക്കു വിനോദാൎത്ഥം വിദൂഷകൻ പോയി എന്നുമുള്ള സൂച്യകഥയെ പ്രവേശകംകൊണ്ട് സൂചിപ്പിക്കുന്നു.

രാജാവു ഉൎവ്വശിയെ കണ്ട ക്ഷണം മുതല്ക്ക് ഉൎവ്വശിയിൽ തനിക്ക് എല്ലായ്പോഴുമുള്ള മനസ്സംസക്തിയേയും മദനവേദനയേയും കണ്ടപ്പോഴോ? എന്ന ശ്ലോകംകൊണ്ട് പറയുന്നു. നിപുണികയുടെ വാഗ്ശൈലികൊണ്ട് തൽക്കാലം കാശിരാജപുത്രിയുടെ അതിപക്ഷപാതിയായതിനാൽ വിദൂഷകൻ ഉൎവ്വശിയിൽ രാജാവിന്റെ അത്യാസക്തിയെ കണ്ട് വ്യസനിച്ചു എന്ന കഥയെ ഒരു പാവമായ കാശിരാജപുത്രിക്ക് ഉപദ്രവം തന്നെയായിത്തീൎന്നുവല്ലോ? എന്ന വിചാരംകൊണ്ടു കാണിക്കുന്നു. സൂക്ഷ്മഗ്രാഹിയായ രാജാവ് വിദൂഷകന്റെ തൽക്കാല മുഖഭാവാദികൊണ്ട് ഇദ്ദേഹം എന്തോ ഒരു കാരണംകൊണ്ട് ദേവിയുടെ അതിപക്ഷപാതിയായിത്തീൎന്നിരിക്കുന്നു എന്നറിഞ്ഞ് ശ്രദ്ധകാൎയ്യം വെട്ടിപ്പൊളിച്ചുവോ എന്ന് ശങ്കിച്ച് ഒരു രഹസ്യമാകുന്ന നിധി സൂക്ഷിച്ചതന്നെ വരുന്നില്ല? എന്ന് ചോദിക്കുന്നു. രാജാവിന്റെ ഈ ചോദ്യത്തെ കേട്ടപ്പോൾ അതിക്രുദ്ധനായ വിദൂഷകൻ ഉൎവ്വശി എന്ന് തമ്പുരാട്ടിയെ തമ്പുരാൻ വിളിച്ചു എന്നും മറ്റും പറഞ്ഞ് തന്നെ ചതിച്ചു ആ നിപുണികയുടെ നേരെ വെറുപ്പുകാട്ടി ഒരു പുലയാടിമകൾ? എന്നു മുതൽ ചോദിക്കുമോ? എന്നിങ്ങനെയുള്ളതുകൊണ്ടു

വിചാരിക്കുന്നു. (പുലയരടിമകൾ = വേലക്കാരത്തി, അല്ലെങ്കിൽ വേലക്കാരത്തി മകൾ). പിന്നെ തന്റെ മൌനകാരണത്തെ വീണ്ടും ചോദിക്കുന്ന രാജാവിന്റെ ശങ്കയെ വിദൂഷകൻ സ്വഭാവസിദ്ധമായ തന്റെ നൎമ്മസാമൎത്ഥ്യത്താൽ 'തോഴരൊട്ടുകൂടി' എന്നു മുതൽ 'തങ്ങണ്ടിരിക്കുന്നു?' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു കളയുന്നു. ഉൎവ്വശീവിരഹംകൊണ്ടുള്ള വേദനയെ അനുഭവിച്ചു വിവശനായിത്തീൎന്ന രാജാവ ആ കാൎയ്യത്തെ സമ്മതിച്ചിട്ട് ('ഇവി' എന്നു മുതൽ 'വിനോദിപ്പിക്കേണ്ടതു?' എന്നുവരെ) തന്റെ മനോവേദനയെ സഹിപ്പാൻ വേണ്ടിയുള്ള വിനോദത്തെയും, വിദൂഷകൻ തനിക്ക് സാപ്പാടിനു വൈകീട്ടുള്ള ഉപദ്രവത്തെ ശമിപ്പിപ്പാൻ വേണ്ടുന്ന വിനോദത്തെയും സമ്പാദിപ്പാനായി ചെയ്യുന്ന ചോദ്യോത്തരങ്ങളാകുന്നു. 'ഉണ്ടു?' എന്നുമുതൽ 'വിനോദിപ്പിക്കേണ്ടതു?' എന്നു വരെയുള്ള ഗ്രന്ഥം 'തത്രഭവതി' എന്നു മുതൽ 'വാദിക്കുന്നതു?' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ട് ഉൎവ്വശിയുടെ മനസ്സിനെ അനുരാഗവിവശമാക്കി ആകൎഷിക്കത്തക്ക ദിവ്യസൌന്ദൎയ്യം രാജാവിനുണ്ടെന്ന് വിദൂഷകൻ ഊഹിക്കുന്നതിനെ പറയുന്നു. ('വാദിക്കുന്നതു' = ഊഹിക്കുന്നതു'). ഈ സൌന്ദൎയ്യപ്രസ്താവത്തിങ്കൽ രാജാവ ഉൎവ്വശിയുടെ ദിവ്യ സൌന്ദൎയ്യം അതിമനോഹരമാകകൊണ്ട് അപ്രാപ്യമായ ഒന്നാണെന്ന് വിചാരിപ്പാനും പറവാനോ സാധിക്കുന്നതല്ലെന്നും വിദൂഷകൻ ഇടക്കിടെ തന്റെ നേരംപോക്കുകൊണ്ട് രാജാവിനെ വിനോദിപ്പിച്ചുംകൊണ്ട് ദിവ്യമാനുഷഭേദത്താൽ ഉൎവ്വശിക്കും രാജാവിനും തങ്ങളിൽ വളരെ അന്തരമുണ്ടെങ്കിലും അത്യാഗ്രഹത്തോടുകൂടി പ്രാൎത്ഥിക്കുന്നപക്ഷം ഈ കാൎയ്യം ഒരു കാലത്തിൽ സാധിക്കാതിരിക്കയില്ലെന്നും 'അത്യുചിതം?' എന്നു മുതൽ 'തെളിയിക്കുന്നതു?' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ട് പറയുന്നു. ഉൎവ്വശിയുടെ അഭാവംകൊണ്ട് ഉൽക്കടതാപമുള്ള മനസ്സിനെ വിനോദിപ്പിപ്പാൻ ഉൎവ്വശീകഥയല്ലാതെ മറെറാന്നും കഴിയുന്നതല്ല. എന്നതും പ്രധാനമായിച്ചെയ്യുന്നതായ ഈ കഥാപ്രസംഗത്തിനു വിജനമായ ഉദ്യാനത്തിലേക്കു പുറപ്പെട്ടുകൊണ്ട് തന്നോടു വഴികാണിപ്പാൻ കല്പിക്കുന്ന രാജാവിന്റെ വാക്കു കേട്ടിട്ട് വിദൂഷകൻ തനിക്ക് ഇതുപോലെതന്നെ ഉൽക്കണ്ഠയുള്ള ഭക്ഷണത്തിന് വിരുദ്ധമായ ഉദ്യാനയാത്രയിൽ വൈമുഖ്യ

മതോടുകൂടി രാജസേവാപാരവശ്യദോഷത്തെ "ഔററുവ്വഗതിയാ ണുള്ളതു" എന്ന വിചാരത്താൽ നിന്ദിക്കുന്നു. പിന്നെ രണ്ടുപേരും ഉദ്യാനത്തിന്റെ സമീപത്തിൽ എത്തിയതിന്റെശേഷം ആ ഉദ്യാനത്തിൽ തട്ടി വരുന്ന തെക്കൻകാററിനെ എല്ലാവരുംതന്നെ അതിരാജസേവകനായ വിദൂഷകൻ ഒരു രാജസേവനായിട്ടും, ഉൎവ്വശിയെക്കണ്ടതുമുതൽ അതികാമിയായിത്തീൎന്ന രാജാവു് ഒരു കാമിയായിട്ടും "ഇതു" എന്നതുമുതൽ "ഭൈതാതന്നെ ഉണ്ടുതെ" എന്നവരെ ഗ്രന്ഥംകൊണ്ടു് കല്പിക്കുന്നു. അപ്പോൾ വിദൂഷകൻ ഒരു കാമിനിയെപ്പോലെയുള്ള മുല്ലവള്ളിയോടു കൂടിച്ചേരുന്ന ഒരു കാമിയെപ്പോലെയുള്ള തെക്കൻകാററു് ഈ സമയത്തു് അങ്ങയുടെ മുമ്പിൽ വന്നു് എതിരേററുകൊണ്ടു് "ഭേദഷാസ്സ്യന്താമസംഗ്രാഹസ്സ്യപ്രഖ്യായസഖ്യേ" എന്ന ശകുന്തളാസൂചിതാന്തപ്രകാരം ഉൎവ്വശിയോടുകൂടി ചേരാനുള്ള യോഗം അങ്ങക്കുണ്ടാവുമെന്നാണിനിക്കു തോന്നുന്നതു് എന്നു് തന്റെ അഭിപ്രായത്തെ പ്രകാശിപ്പിക്കുന്നതായ "ഇവിടുത്തെ" എന്നതുമുതൽ "ആവട്ടെ" എന്ന വരെ ഗ്രന്ഥംകൊണ്ടു് രാജാവിനെ ആശ്വസിപ്പിക്കുന്നു. ഒരു സ്ത്രീയുടെനേരെ ഒരു പുരുഷനു സ്വഭാവത്താലെ ജനിച്ച അനുരാഗം അവളുടെ താരുണ്യലാവണ്യദാക്ഷിണ്യസൌന്ദൎയ്യാദി ഗുണങ്ങൾകൊണ്ടും മനോഹരങ്ങളായ അലങ്കാരങ്ങൾകൊണ്ടും അവൾക്കു തന്റെ നേരെയുള്ള സ്ഥിരമായ അനുരാഗത്തെ സൂചിപ്പിക്കുന്ന പല പ്രവൃത്തികൾകൊണ്ടും വളരെ വൎദ്ധിപ്പിക്കുന്നതുപോലെതന്നെ ചന്ദ്രിക, മന്ദവായു, ചന്ദനം, പനിനീർ, കസ്തൂരി, മുല്ലമാല മുതലായ സുഖകരവസ്തുക്കൾകൊണ്ടു് വൎദ്ധിച്ചു വരുന്നതു് സൎവ്വജനങ്ങൾക്കും അനുഭവസിദ്ധമാണല്ലൊ. പ്രകൃതത്തിൽ അനേക സുഖകരവസ്തുക്കളാൽ സമ്പൂൎണ്ണമായ ഉദ്യാനത്തിൽ പ്രവേശിച്ച രാജാവു് ഉൎവ്വശീരാഗം വൎദ്ധിക്കയാൽ സന്ദൎഭസാദ്ധ്യ പൎയ്യാലോചനകൂടാതെ തന്റെ നൎമ്മസചിവനായ വിദൂഷകനോടു് ഉടനെ ഉൎവ്വശിയോടുകൂടി തനിക്കു ചേരുവാനുള്ള വഴി ആലോചിച്ചു പറവാനായിട്ടു് നിൎബ്ബന്ധിക്കുന്നു എന്ന കഥയെ "ഉദ്യാനപ്രവേശം" എന്നതുമുതൽ "താനാലോചിക്കുന്നില്ലല്ലൊ" എന്ന വരെയുള്ള ഗ്രന്ഥംകൊണ്ടു് പറയുന്നു. "ബ്രാഹ്മണവചനത്തെ തന്നെ വിശ്വസിച്ചുകൊള്ളുന്നു" എന്നുള്ള രാജാവിന്റെ വാക്കുകൊണ്ടു് കലിയുഗമായ്

ഈ കാലത്തിൽ അനേക ശാസ്ത്രസിദ്ധാന്താൎത്ഥങ്ങളെ അറിഞ്ഞും ലോകങ്ങളെ അറിയിച്ചും ഉപകാരം ചെയ്യുന്ന ഇംഗ്ലീഷുകാരും മറ്റും പറയുന്ന വാക്കുകളിൽ ജനങ്ങൾക്ക് ഒരു സമീചീനവിശ്വാസമുള്ളതുപോലെ കൃതയുഗമായ ആ കാലത്ത് വേദവേദാംഗാദി വിദ്യാസൂക്ഷ്മാൎത്ഥങ്ങളെ അറിഞ്ഞും മറ്റും ലോകോപകാരം ചെയ്യുന്ന മഹാതപസ്വികളായ ബ്രാഹ്മണർ പറയുന്ന വാക്കുകളിൽ വിശ്വാസമുണ്ടായിരുന്നുവെന്ന സ്വഭാവം സൂചിക്കുന്നു.

(ശേഷം)

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

കണ്ണുപിശാച

ഭൂതഭവിഷ്യദ്വൎത്തമാനങ്ങളായ ഗുണദോഷഫലങ്ങളെപ്പറയുന്നതിന്നു പക്ഷിപ്രശ്നം, പരൽപ്രശ്നം, കേരളപ്രശ്നം, ക്രൂരകപ്രശ്നം, താംബൂലപ്രശ്നം, ലക്ഷണം മുതലായി പല മാൎഗ്ഗങ്ങളുണ്ടെങ്കിലും കണ്ണുപിശാചിനോളം ഒത്തതായ വിദ്യ ലോകത്തിൽ മറ്റൊന്നുമില്ല. കണ്ണുപിശാച് മൂലം ലക്ഷണം പറയുന്നതിന്റെ സമ്പ്രദായം കേട്ടാൽതന്നെ അതു് ഒരു ഒത്ത വിദ്യയാണെന്നു് ഏവൎക്കും സമ്മതം വരുന്നതാണ്. അതിനാൽ അതിന്റെ സമ്പ്രദായംതന്നെ ഒന്നാമതായി പറഞ്ഞുകൊള്ളുന്നു.

കണ്ണുപിശാച് എന്നു പറഞ്ഞുവരുന്നതു് ഒരു ദേവതയാണ്. അതിനെ യഥാക്രമം സേവിച്ചാൽ അതു കുറെക്രമംകൊണ്ട് ആ സേവിക്കുന്ന ആൾക്കു പ്രത്യക്ഷീഭവിക്കും. കണ്ണുപിശാച് പ്രത്യക്ഷമാകുന്ന സമയം ഒരു കാക്കക്കുഴൽ അതിന്റെ കയ്യിലുണ്ടായിരിക്കും. ആ കാക്കക്കുഴൽ ഈ സേവിച്ച ആളുടെ കയ്യിൽ കൊടുത്തിട്ട്, "അല്ലയോ ഭക്ത! നിന്നെക്കുറിച്ചു ഞാൻ അത്യന്തം പ്രസാദിച്ചിരിക്കുന്നു. ഇനി നീ എപ്പോഴെങ്കിലും എവിടെവെച്ചെങ്കിലും എന്നെ സ്മരിച്ചുകൊണ്ട് ഈ കാക്കക്കുഴൽ ഊതിയാൽ തൽക്ഷണം ഞാൻ അന്യന്മാൎക്കു് അദൃശ്യനായിട്ടു നിന്റെ അടുക്കൽ വരികയും ഭൂതഭവിഷ്യദ്വൎത്തമാനങ്ങളായ സകല

കാൎയ്യങ്ങളും നിന്റെ കള്ളത്തിൽ പറഞ്ഞു തരികയും ചെയ്യും. ഇതിനു യാതൊരു വ്യത്യാസവും വരുന്നതല്ല", എന്നു പറയുകയും ഉടൻ അന്തൎദ്ധാനം ചെയ്യുകയും ചെയ്യും. കള്ളുപിശാച് പറഞ്ഞുകൊടുക്കുന്നതിനെ മാത്രമാണ് ലക്ഷണക്കാരൻ ലക്ഷണം കേൾക്കാനാവശ്യപ്പെടുന്നവരോടു പറയുന്നത്. പിന്നെ അതിൽ തെററുവരാൻ മാൎഗ്ഗമില്ലല്ലൊ. കള്ളുപിശാചുമൂലം ലക്ഷണം പറയുന്നവരായി മാടക്കുഴലുംകൊണ്ടു നടക്കുന്ന ഒരു വക പരദേശികളെ കണ്ടിട്ടില്ലാത്തവർ കേരളത്തിൽ അധികവുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. ഇവർ ലക്ഷണം പറഞ്ഞാൽ അത്യന്തം സൂക്ഷ്മമായിരിക്കുമെന്നുള്ളതിന് അനേകം ദൃഷ്ടാന്തങ്ങൾ പറയാനുണ്ട്. എങ്കിലും ഇവിടെ ഒരൊററസ്സംഗതികൊണ്ടുതന്നെ ഇതിന്റെ വാസ്തവസ്ഥിതിയും മാഹാത്മ്യവും വായനക്കാരെ ബോദ്ധ്യപ്പെടുത്താമെന്നുള്ള പൂൎണ്ണവിശ്വാസം എനിക്കുള്ളതിനാൽ അധികം വിസ്തരിക്കുന്നതിനു വിചാരിക്കുന്നില്ല. കള്ളുപിശാചിന്റെ മാഹാത്മ്യത്തിനു ദൃഷ്ടാന്തമായി അടുത്ത കാലത്തുണ്ടായ ഒരു സംഗതിമാത്രം താഴെ പറഞ്ഞുകൊള്ളുന്നു.

ഹൈക്കോടതിവക്കീൽ ഭാസ്കരമേനോൻ ബി. ഏ. ബി. എൽ. അവൎകളെക്കുറിച്ചു കേട്ടിട്ടില്ലാത്തവർ വായനക്കാരിൽ അധികമുണ്ടായിരിക്കയില്ല. അതുപ്രകാരം ഇക്കഴിഞ്ഞ മേടമാസത്തിൽ ഒരു ദിവസം രാവിലെ കാപ്പികുടിയും കഴിഞ്ഞ് താമരമംഗലത്തു ചാവടിയിൽ ഒരു ചാരുകസാലയിൽ 'മദ്രാസ് മെയിൽ' എന്ന ഇംഗ്ലീഷു പത്രവും വായിച്ചുകൊണ്ടു ചാരികിടക്കുന്നു. ഭാൎയ്യ കാൎത്ത്യായിനിയമ്മ അടുക്കൽതന്നെ മറെറാരു കസാലയിൽ ഇരുന്നുകൊണ്ട് അടുത്തു കിടക്കുന്ന വട്ടമേശപ്പുറത്തിരിക്കുന്ന വെററിലത്തട്ടിൽനിന്നു മുറുക്കാനെടുത്തു കൊടുക്കുന്നു. അപ്പോൾ മദ്ധ്യവേനൽ സംബന്ധിച്ചു കോടതി പൂട്ടിയിരുന്ന സമയമായിരുന്നതിനാൽ അവിടെ കക്ഷികളായിട്ടും ഗുമസ്തന്മാരായിട്ടും മററും വിശേഷിച്ചാരും ഉണ്ടായിരുന്നില്ല. താമരമംഗലത്തു വീട് മേനോനവൎകൾ മേല്ക്കായി ഒരു പുരയിടം വാങ്ങി പുതുതായിട്ടു പണിയിച്ചുകെട്ടിയിട്ടുള്ളതാണ്. വക്കീലദ്ദേഹത്തിന്റെയും കാൎത്ത്യായിനിയമ്മയുടെയും സ്വന്തമായ തറവാടുകളിൽ ധാരാളം ആളുകളുണ്ടെങ്കിലും അവർ രണ്ടു പേരും ഇവിടെ പ്രത്യേകം താമസ

മാണ്. അവരും അവരുടെ സന്താനങ്ങളായിട്ടുള്ള രണ്ടു കുട്ടികളും പാചകന്മാരും ഭൃത്യന്മാരായിട്ടുള്ള ചില ദാസ്യവൃത്തിക്കാരും മാത്രമെ ഇവിടെ സഹവാസക്കാരായിട്ടുള്ളു. പുര പടിഞ്ഞാറ്റി മാളികയായിട്ടുള്ള ഒരു എട്ടുകെട്ടാണ്. പുരയുടെ ദർശനം കിഴക്കോട്ടാണ്. കിഴക്കുവശത്തു തെക്കോട്ടു മാറിയാണ് മേൽപറഞ്ഞ ചാവടി. അത് രണ്ടും ഒരു പൂമുഖവും കൂടിയുള്ള ഒരു വലിയ കെട്ടിടമാണെങ്കിലും കക്ഷികളായിട്ടും മറ്റും വരുന്നവർക്കും ഉദ്യോഗസ്ഥന്മാർക്കും വക്കീൽഗുമസ്തന്മാർക്കും ഇരിക്കുന്നതിനും മറ്റും ധാരാളം മതിയാകുന്നതും അല്ല. ഉറപ്പായിട്ടും വെടിപ്പായിട്ടും പണികഴിപ്പിച്ചിട്ടുള്ളതുമാണ്. ആ ചാവടിയുടെ പൂമുഖത്താണ് മേൽപ്പറഞ്ഞപ്രകാരം പ്രസ്തുത സമയത്ത് ആ ദേവിമാർ ഇരുന്നിരുന്നത്.

ഇങ്ങിനെയിരിക്കുന്ന സമയത്ത് അവിടെ ഒരു പരദേശി വന്നുകേറി. പൂമുഖത്തിന്റെ താഴത്തുള്ള ഇറയത്ത് മാറാപ്പ് ഇറക്കിവെച്ച് അയാൾ അവിടെയിരുന്നുകൊണ്ട് ഓടക്കുഴലെടുത്ത് ഊതി ചില ലക്ഷണങ്ങൾ പറഞ്ഞുതുടങ്ങി. കല്യാണിയമ്മയ്ക്കും പ്രകൃത്യാ തന്നെ ഒരു ഗംഭീരസ്വഭാവവും ഇംഗ്ലീഷ് ഉൽകൃഷ്ടവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളതിനാൽ ലക്ഷണം പറയുന്നതിലും പ്രശ്നത്തിലും മന്ത്രവാദത്തിലും ജ്യോതിഷം മുതലായവയിലും ലോകരെപ്പോലെ വിശ്വാസമില്ലാത്തതായിരുന്നുകൊണ്ട് പരദേശിയുടെ ഓടക്കുഴൽ വിളിയും ലക്ഷണം പറയലുംമറ്റും തുടങ്ങിയപ്പോൾ അതുതന്നെ വളരെ രസവും കുറച്ചു കോപവുമാണുണ്ടായത്. അതിനാൽ, "കുറച്ചുനേരം കഴിഞ്ഞ് കേട്ടത് ഇനിമേലിയ വേഗം പറഞ്ഞയയ്ക്കാൻ പറയണം. വൈകിട്ട് കേട്ടിരിക്കെ ഇരുന്നാലെ?" എന്ന് കാർത്ത്യായനിയമ്മയോടു പറഞ്ഞു. കാർത്ത്യായനിയമ്മ വെള്ളക്കാരൻ ഗോവിന്ദനെ വിളിച്ചിട്ട് കാര്യത്തെയൽ സ്വകാര്യം അറിയിച്ചുകൊണ്ടുവന്നു പരദേശിക്ക് കൊടുത്തയയ്ക്കുന്നതിനായി വീട്ടിന്റെ അകത്തേയ്ക്ക് പോയി. പരദേശി വീണ്ടും ഓടക്കുഴൽ വിളിക്കാൻ തുടങ്ങി. ഉടനെ മന്നോൻ പെട്ടെന്നു തിരിഞ്ഞു കോപത്തോടുകൂടി "ഹേ, ഒരാളായിരിക്കാനല്ല പറഞ്ഞത്? ഇവിടെ ലക്ഷണമൊന്നും കേൾക്കേണ്ട. വൈകിട്ട് കേട്ടാൽ മതി." എന്നു പറഞ്ഞു.

പരദേശി— (ശുദ്ധ തമിഴും ശുദ്ധ മലയാളവുമല്ലാത്ത ഒരു സമ്മി

ക്രോധത്തിൽ) എശമാനനേ! കോപിക്കരുതേ. ഞാനൊരു പിച്ചക്കാരനായി വന്നവനൊന്നുമല്ല. കള്ളപ്പിശാച്ചു എന്ന നാമം പ്രസിദ്ധം. എശമാനനുടെ മനോരഥങ്ങളെല്ലാം പറ്റുന്നതൊന്നു ചൊല്ലിത്തരാൻ. ഒരു കാര്യം സാധിക്കുവാനുള്ള ഒരു നല്ല ഉപദേശവും ചൊല്ലിത്തരാൻ.

മേനോൻ— എന്റെ മനോരഥങ്ങളെല്ലാം എനിക്കുതന്നെ അറിയാം. നീ പറഞ്ഞിട്ടറിയേണ്ടതായി കാര്യമില്ല. എനിക്കൊരു ഉപദേശവും വേണ്ട.

പരദേശി— എശമാനനേ! പൊയ്ക്കു ചൊല്ലുന്നതു മഹാപാതകമാകും. എശമാനനുടെ ശില രഹസ്യങ്ങളുണ്ട് മനോരഥങ്ങളുണ്ട്. ഞാൻ ചൊല്ലിത്തരാൻ. ഒരു സ്ത്രീരത്നത്തെ ലഭിക്കുവാനുള്ള നല്ല ഉപദേശങ്ങളും ചൊല്ലിത്തരാൻ. മനോരാജ്യം വാങ്ങിക്കോ. ഇല്ലാപടിക്കരുതെന്നോ? എശമാനനുടെ മനഃപ്രേമലയം വിട്ടും.

മേനോൻ— ഏതു സ്ത്രീരത്നം? നീയാരു? ജാതനാര്? എന്തു സംബന്ധമുണ്ടായിട്ടാണു്?

പരദേശി— എശമാനനേ! എനിക്കു പിശാചുമന്ത്രമില്ലല്ലൂ. എശമാനനുടെ ഹൃദയം പിടിയുന്നു. ആ ഒരു സ്ത്രീരത്നമുണ്ടാക്കിയാലും കാണപ്പിടിച്ചതാകും. ഇതു പോലെ അസംബന്ധമാകുമോ? ഞാൻ സമ്മാനമായി തരാൻ.

മേനോൻ— ആകട്ടെ, എന്നാൽ ആ സ്ത്രീയുടെ പേരെന്താണു്?

പരദേശി— അതെന്താണ് ചൊല്ലുവാനുള്ള തന്ത്രമാണ്. ആ നാളും എല്ലാ ദോഷങ്ങളെയെല്ലാം ചൊല്ലിത്തരാൻ. ആ സ്ത്രീയുടെ നാമം മൂന്നക്ഷരങ്ങളിലേ ചൊല്ലപ്പെടും. അതിന്റെ ആദ്യം നാ അന്ത്യം ക ആകും. ശരിതാമോ?

മേനോൻ— ആകട്ടെ, ഒപ്പം കൂടിയെപ്പോഴും എത്ര പ്രായമുണ്ട്? നിറമെന്ത്?

പരദേശി— പ്രായം പതിനെട്ട് പതിനൊമ്പതു വയസ്സിരിക്കും. നിറം വെളുപ്പുതാൻ.

പരദേശി ഇത്രയും പറഞ്ഞപ്പോൾ മേനോന്റെ ഹൃദയം ഒരു വലിയ വിചാരസമുദ്രത്തിൽ നിമഗ്നമായിത്തീർന്നു. ഒരു കള്ളപ്പിശാചെന്നും മററും പറയുന്നത് വാസ്തവത്തിൽ ഉള്ളതു

ന്നായായിരിക്കുമോ? ഈ രഹസ്യകാര്യം പരദേശിയായ ഇവൻ എങ്ങിനെ അറിയുന്നു. കല്യാണിക്കുട്ടിയുടെ പേരിനെ കേട്ടു? എന്നുള്ളത് കൂടാതെ നോക്കിയാൽ ലക്ഷണങ്ങളും എന്നു പറഞ്ഞത് ശരിയായിരിക്കുന്നു. വയസ്സും നിറവും എല്ലാം ശരിതന്നെ. എങ്കിലും അഷ്ടിവൃത്തി കഴിക്കുന്നതിനായി കണ്ടുപിടിച്ചോരോന്നും മറ്റും പറഞ്ഞു നടക്കുന്ന ഈ ജ്യോതിഷക്കാരുടെ വാക്കിനെ അത്ര പെട്ടെന്നു വിശ്വസിച്ചുകൂടാ. ഏതായാലും കാർത്ത്യായിനിക്കുട്ടി പുറത്തേക്കു വരുന്നതിനുമുമ്പ ഇവനെ പടിക്കു പുറത്തു വിളിച്ചുകൊണ്ടുപോയി ചില ചോദ്യങ്ങൾകൂടി ചോദിക്കണം" എന്നിങ്ങിനെ വിചാരിച്ചു മേനോൻ പരദേശിയെ വിളിച്ചുംകൊണ്ട് പടിക്കു പുറത്തേക്കു പോയി.

കാർത്ത്യായിനിയമ്മ അകത്തേക്കു ചെന്നപ്പോൾ അവിടെ ശുശ്രൂഷക്കാരും മറ്റും തെക്കിനിയിലായിരുന്നതുകൊണ്ടും തന്റെ പേരിയപുത്രൻ മുലകുടിക്കാൻ വൈകീട്ടു കരഞ്ഞുതുടങ്ങിയതുകൊണ്ടും പരദേശിക്ക് അരി കൊടുത്തയക്കുന്നതിനോ കൊണ്ടുപോകുന്നതിനോ ഇടയെ സാധിച്ചില്ല. കുട്ടിക്കു മുലകൊടുത്തത് കഴിഞ്ഞതിന്റെശേഷം കുറെ അരിയുമെടുത്തുംകൊണ്ട് അവർ പുറത്തു വന്നു നോക്കിയപ്പോൾ പരദേശിയേയും മേനോനേയും കാണാഞ്ഞിട്ടാൽ അകത്തേക്കുതന്നെ പോവുകയുംചെയ്തു.

മേനോനവർകളും പരദേശിയുംകൂടി പടിക്കപ്പുറത്തു ചെന്നതിന്റെശേഷം മേനോൻ പിന്നെയും പല ചോദ്യങ്ങൾ ചോദിക്കുകയും സകല ചോദ്യങ്ങൾക്കും പരദേശി ശരിയായ ഉത്തരം പറയുകയും ചെയ്തു. പരദേശി പറഞ്ഞ ലക്ഷണങ്ങളെല്ലാം ശരിയായിരുന്നതിനാൽ മേനോന്ന ലക്ഷണശാസ്ത്രത്തെക്കുറിച്ചുണ്ടായിരുന്ന അവിശ്വാസവും നിന്ദയും അശേഷം നശിച്ചു എന്നു മാത്രവുമല്ല, വിശ്വാസവും ബഹുമാനവും വളരെ വർദ്ധിക്കുകയും ചെയ്തു. ഒടുക്കം കാര്യസിദ്ധിക്കുള്ള ഉപദേശം കേട്ടുകണമെന്ന് മേനോൻ പരദേശിയുടെ അടുക്കൽ നിർബ്ബന്ധപൂർവ്വം അപേക്ഷിച്ചുതുടങ്ങി. അപ്പോഴേയ്ക്കും ഉപദേശത്തിന്നു പരദേശി വിലകൂട്ടിത്തുടങ്ങി. എന്തുവേണ്ടു, ഒടുക്കം മേനോൻ ചോയി ഇട്ടിയക്കാരുടെ അടുക്കൽനിന്ന് അഞ്ഞൂറുറുപ്പികയുടെ ഒരു ബാങ്കുനോട്ട് കടമായി വാങ്ങി പരദേശിക്ക് ദക്ഷിണകൊടുക്കുകയും ക

ഷ്ടം സാധിച്ചാൽ അഞ്ഞൂറുകൂടി കൊടുക്കാമെന്നു വാഗ്ദാനം ചെയ്യുകയും ചെയ്തു് ഉപദേശം എഴുതിവാങ്ങി, പരദേശിയെ ഭക്തിപൂർവ്വം വന്ദിച്ചു യാത്രയും പറഞ്ഞയച്ചു.

ഗോവിന്ദമേനോനും പരദേശിയും തമ്മിൽ പിരിഞ്ഞതിന്റെ നാലാം ദിവസം രാത്രി പന്ത്രണ്ടുമണിയോടുകൂടി സ്ഥലം മജിസ്ത്രേട്ട് വെങ്കിട്ടരമണയ്യൻ അവർകൾ ഒരു ഉറക്കം കഴിഞ്ഞുണർന്നു മൂത്രശങ്കയ്ക്കായി കാമറയിൽനിന്നു പുറത്തിറങ്ങിയപ്പോൾ അവിടെ കിടന്നിരുന്ന ഒരെഴുത്തുകിട്ടി വായിച്ചു നോക്കി. ഉടനെ ആ കടലാസിന്റെ അറ്റത്തുതന്നെ അദ്ദേഹം എന്തോ കുറച്ചെഴുതി മടക്കി വേറെ ഒരു കടലാസ്സിലാക്കി മേൽവിലാസവും വെച്ചു് എഴുത്തും വിളക്കും കൊണ്ട് പിന്നെയും പുറത്തിറങ്ങി, പുറത്തു ചാവടിയിൽ ചെന്നു ശിപായിയെ വിളിച്ചുണർത്തി ഈ എഴുത്തു ഉടനെ പോലീസ്സ് ഇൻസ്പെക്ടർക്കു കൊണ്ടുപോയി കൊടുക്കേണമെന്നു പറഞ്ഞു ശിപായിയെ അയച്ചിട്ട് അദ്ദേഹം വീണ്ടും അകത്തുവന്നു കിടന്നു. എഴുത്തിലെ സംഗതി എന്താണെന്നു നമുക്കിപ്പോൾ തീർച്ചപ്പെടുത്താൻ മാർഗ്ഗമൊന്നുമില്ലെങ്കിലും അവിടെ അടുത്ത സ്ഥലത്തെവിടെയോ ഒരു കുറ്റകൃത്യം നടന്നിരിക്കുന്നു എന്നോ നടക്കാൻ ഭാവിക്കുന്നു എന്നോ ഊഹിക്കാം. അല്ലെങ്കിൽ അദ്ദേഹം ആ എഴുത്ത് ആ രാത്രിയിൽതന്നെ പോലീസ്സുകാർക്ക് അയയ്ക്കുവാനിടയില്ലല്ലോ.

മേൽപ്പറഞ്ഞ സംഗതി നടന്നതിന്റെ പിറ്റേ ദിവസം പകൽ പതിനൊന്നു മണിയായപ്പോഴേക്കും മജിസ്ത്രേട്ട് വെങ്കിട്ടരമണയ്യൻ അവർകൾ കോടതിയിലെത്തി. അപ്പോൾ പോലീസ്സ് ഇൻസ്പെക്ടരും സ്റ്റേഷൻ റൈട്ടരും ഒന്നു രണ്ടു കാൻസ്റ്റേബിൾമാരും കൂടി ഒരു പുള്ളിയേയും കൊണ്ടു മജിസ്ത്രേട്ട് കോടതിയിലേക്കു യാത്രയായി. അവരുടെ പിന്നാലെ കൂടിയിരിക്കുന്ന പുരുഷാരത്തിന്ന് അവസാനമില്ല. പോലീസ്സുകാർ പുള്ളിയെ കോടതി മുൻപാകെ ചാർജ്ജ് ചെയ്തു. പുള്ളി കഴിഞ്ഞ രാത്രിയിൽ ഏകദേശം ഒരു മണി സമയത്തു യാതൊരു ബോധവും കൂടാതെ കളത്തിലേടത്തു വീട്ടിന്റെ തെക്കെ കയ്യാലയരികിൽ നിൽക്കുന്ന നെല്ലി മരത്തിന്മേൽ കയറി ആത്മഹത്യചെയ്വാൻ ഭാവിച്ചു എന്നും തത്സമയം പോലീസ്സുകാർക്ക് അറിവു കിട്ടുകയാൽ കൃത്യം നടക്കാനിടയായില്ല എന്നും പ്രതിയു

ടെ പ്രവൃത്തി ശിക്ഷാനിയമപ്രകാരം കുററകരമായിട്ടുള്ളതാകുന്നു എന്നമാണ് ചാൎജ്ജിന്റെ സാരം. ചാൎജ്ജു ചെയ്യപ്പെട്ട ഈ കുററക്കാരൻ ഹൈക്കോടതി വക്കീൽ മിസ്റ്റർ മേനോൻ ബി. ഏ., ബി. എൽ. അവർകളാണെന്നു പറഞ്ഞാൽ പക്ഷേ വായനക്കാർ വിശ്വസിക്കില്ലായിരിക്കാം. എങ്കിലും വാസ്തവം അങ്ങിനെ തന്നെയാണ്.

നിയമ നിശ്ചയവും വ്യവസ്ഥിതത്വവും നല്ലപോലെയുള്ള സമൎത്ഥനായ മിസ്റ്റർ മേനോൻ പ്രവൃത്തി താൻ ചെയ്തു തന്നെയാണെന്നു സമ്മതിച്ചു. എങ്കിലും തന്റെ കൃത്യം ശിക്ഷാൎഹമല്ലെന്നു വളരെ യുക്തിയോടുകൂടി വാദിക്കുകയും ആ കുററത്തിൽ നിന്ന് ഒഴിഞ്ഞു പോരുന്നതിനു പല വിധത്തിലും വളരെ ശ്രമിക്കുകയും ചെയ്തു. അതൊന്നുകൊണ്ടും ഒരു ഫലവുമുണ്ടായില്ല. ഒരു മാന്യനായ നല്ല വക്കീലും തന്റെ സ്നേഹിതനുമായ മിസ്റ്റർ മേനോനെ ശിക്ഷിക്കുന്നതിൽ മജിസ്ട്രേട്ടിനു വളരെ മനസ്താപമുണ്ടായിരുന്നു. എങ്കിലും അദ്ദേഹം കേസ്സുസംബന്ധമായി ആരുടെ പേരിലും യാതൊരു ദാക്ഷിണ്യവും ചെയ്യാത്ത കണിശക്കാരനായിരുന്നതിനാൽ മേനവന്റെ പേരിൽ ഒരു ദയയും കാണിച്ചില്ല. ഒടുക്കം ശിക്ഷിക്കുമെന്നു തന്നെ മേനവന്നു തോന്നി. അല്ലാതെ ഒരു നിവൃത്തിയുമില്ലെന്നായപ്പോൾ മേനോൻ—"ഞാൻ ആ നെല്ലിമരത്തിന്മേൽ കയറിയതു അത്യാവശ്യം ചെയ്യേണ്ടതായിട്ടാണെന്നു പല പ്രാവശ്യം ബോധിപ്പിച്ചിട്ടും കോടതി വിശ്വസിക്കുന്നില്ല. എന്നാൽ ഞാൻ താമസിക്കുന്ന നാരമംഗലത്തു വീട്ടിൽ എന്റെ കൈപ്പെട്ടി ഇരിക്കുന്നുണ്ട്. ആ കൈപ്പെട്ടി കോടതി മുൻപാകെ വരുത്തി തുറന്നു നോക്കിയാൽ എന്റെ വാദത്തിനനുകൂലമായ ലക്ഷ്യം അതിൽ കാണുന്നതാണ്. ഒരു കാൎയ്യസിദ്ധിക്കായി ഒരു പരദേശിയായ ലക്ഷണക്കാരന്റെ ഉപദേശപ്രകാരം 'നെല്ലിമരചിത്തിക്കണ്ണി' എന്ന മരുന്നു പറിക്കാനായിട്ടാണ് ഞാൻ നെല്ലിമരത്തിന്മേൽ കയറിയതു. ഇതു് എനിക്കു് ഏററവും ലജ്ജാവഹവും അവമാനകരവുമായിട്ടുള്ളതാകയാലാണ് ഇതുവരെ ബോധിപ്പിക്കാതെയിരുന്നത്"— എന്നു ബോധിപ്പിച്ചു. ഉടനെ മജിസ്ട്രേട്ട കൈപ്പെട്ടി വരുത്തി തുറപ്പിച്ചു നോക്കിയപ്പോൾ പരദേശി എഴുതികൊടുത്തതായ ഉപദേശം (ഒരു തളിയോല) കണ്ടുകിട്ടി. അ

തിൽ ആദ്യം തന്നെ ഒരു മന്ത്രമാണ് എഴുതിയിരുന്നത്. പിന്നെ ഈ മന്ത്രം നാല്പത്തു ദിവസം മുടങ്ങാതെ കുളിച്ചു ശുദ്ധമായി ഇരുന്ന് ആയിരത്തെട്ടു വീതം ജപിച്ചാൽ കാര്യം സഫലമാകും. പിന്നെയും സഫലമാകാത്ത പക്ഷം നാല്പത്തൊന്നാം ദിവസം രാത്രി മദ്ധ്യയാമത്തിങ്കൽ നഗ്നനായി മുങ്ങിക്കുളിച്ച് തോർത്താതെ പോയി ഒരു നെല്ലിമരത്തിന്മേൽ നിന്ന് ഇത്തിക്കണ്ണി പറിച്ചു കൊണ്ടുവന്നു സൂക്ഷിച്ചു വെയ്ക്കണം. പിറ്റേദിവസം കുളിച്ച് ആ ഇത്തിക്കണ്ണിയുടെ തണ്ടിലകൾ എടുത്തരച്ചു മേൽപ്പറഞ്ഞ മന്ത്രം ആയിരത്തെട്ടു ജപിച്ചു തിലകം ധരിച്ചു കൊണ്ട് ആ സ്ത്രീയുടെ നേരെ നോക്കിയാൽ അവൾ ഇങ്ങോട്ടുവന്ന് അപേക്ഷിക്കും. പിന്നെ ആജീവനാന്തം പിരിഞ്ഞു പോവുകയുമില്ല". എന്നും എഴുതിയിരിക്കുന്നതായി കണ്ടു. ഉടനെ മജിസ്ട്രേട്ടു മേനോനെ അയ്യായിരം ഉറുപ്പികയ്ക്ക് ജാമ്യജാമ്യം എടുത്തു വെപ്പിച്ച് തൽക്കാലം വിട്ടയച്ചു.

പിന്നെ മജിസ്ട്രേട്ടു പരദേശിയുടെ പ്രായം, നിറം മുതലായ വച്ച് ഒരു പട്ടിക തയ്യാറാക്കി പല സ്ഥലങ്ങളിലും അയച്ച് അന്വേഷണം നടത്തുകയാൽ താമസിയാതെ അടുത്ത രാജ്യത്ത് ഒരു സ്ഥലത്തുവെച്ച് ആ രാജ്യത്തെ പോലീസ്സുകാർ ആ ലക്ഷണക്കാരനായ പരദേശിയെപ്പിടിച്ചു ബന്തവസ്സോടുകൂടി ഇവിടെ അയച്ചുകൊടുത്തു. പരദേശിയോടു ചോദിച്ചിട്ട് ആദ്യമൊന്നും അവൻ സമ്മതിച്ചില്ല. പിന്നെ പോലീസ്സുകാരുടെ പ്രഭഞ്ജനതൈലം കുറച്ചു സേവിച്ചപ്പോൾ അവൻ സത്യമെല്ലാം പറഞ്ഞു. അവന്റെ മൊഴിയുടെ ചുരുക്കം താഴെ പറയുന്നു.

ഞാൻ പാവപ്പെട്ട ഒരു നായരാണ്, പരദേശിയല്ല. വേഷം മാറി നടക്കുകയാണ്. ഈവിധ വശ്യവത്തിൽ കള്ളിപ്പിശാചുമില്ല ഒന്നുമില്ല. അർത്ഥവൃത്തി കഴിക്കാനായി ഇങ്ങിനെ ഒരോന്നും പറഞ്ഞു നടക്കുന്നു എന്നേ ഉള്ളു. എന്നാൽ ഞാൻ ചെല്ലുന്ന ദിക്കിലെല്ലാം അന്വേഷിച്ച് ആ ദിക്കിലെ രഹസ്യവർത്തമാനങ്ങൾ അറിവുള്ളതിൽ ആരെങ്കിലും സഹായിയാക്കപ്പെടുത്തും. അവർ മുഖാന്തരം വർത്തമാനങ്ങളെല്ലാം മനസ്സിലാക്കും. അവയെല്ലാം ലക്ഷണമായിട്ടു പറഞ്ഞു വല്ലവരോടും വല്ലതും വാങ്ങി ഉപജീവനം കഴിക്കും. കിട്ടുന്നതിൽ ഒരു ഭാഗം രഹസ്യവർത്തമാന

അതും പറഞ്ഞുതരാനാവശ്യം കൊടുക്കാം. ആങ്ങിനെയാണ് പതിവ്. ഇവിടെ എനിക്ക് ഇഷ്ടനായിട്ടും വിശ്വാസിയായിട്ടും കുഞ്ഞിക്കുറുപ്പ് എന്നൊരു മന്ത്രവാദിയുണ്ട്. മാസ്റ്റർമേനവനവർകളുടെ മനോഗതങ്ങളെ ഒക്കെ എനിക്ക് അയാളാണ് പറഞ്ഞുതന്നത്. പേഷ്കാർ കിട്ടുണ്ണിപ്പണിക്കരവർകളുടെ പുത്രിയായ കല്യാണിക്കുട്ടിയെ വശീകരിക്കുന്നതിനായി അപ്പോം മേനോനവർകൾ കുഞ്ഞിക്കുറുപ്പിനെക്കൊണ്ടു ചില ആഭിചാരപ്രയോഗങ്ങളെല്ലാം ചെയ്യിക്കയുണ്ടായിട്ടുണ്ട്. അത് നിമിത്തമാണ് അയാളും സംഗതി അറിഞ്ഞത്. മേനോനവർകൾ എനിക്കു അഞ്ഞൂറുറുപ്പികയുടെ ഒരു നോട്ടാണ് തന്നത്. അതുമാറി പകുതി ഉറുപ്പിക ഞാൻ കുഞ്ഞിക്കുറുപ്പിനു കൊടുത്തു. ശേഷം ഞാനും എടുത്തു. ഇത്രയും കേട്ടയുടനെ മജിസ്രേട്ടു കുഞ്ഞിക്കുറുപ്പിനെ ഉടൻ പിടിച്ചു ഹാജരാക്കുന്നതിനു പൊലീസ്സുകാൎക്കു വാറണ്ടുത്തരവുകൊടുത്തു. ഉടൻ പോലീസ്സുകാർ കുഞ്ഞിക്കുറുപ്പിനേയും ഹാജരാക്കി. അയാളും പരമാൎത്ഥമായിട്ടു സമ്മതിച്ചു മേനി കൊടുത്തകൂട്ടത്തിൽ തന്റെ അനുഗ്രഹത്തിനു പ്രതികൂലം പ്രവൃത്തിച്ചിരുന്ന കാൎത്ത്യായിനിയമ്മയെ ഒന്നു വ്യസനിപ്പിക്കുവാൻ വേണ്ടീട്ട് താൻതന്നെ പറഞ്ഞ പണിയാണ് മജിസ്രേട്ടിനു കിട്ടിയ എഴുത്ത് എന്നും, വശീകരണത്തിന്നായിട്ട മാസ്റ്റർമേനോൻ തെല്ലിയിടയിൽ കേറിയതു." ആത്മഹത്യക്കാരണനു വ്യാജം പറഞ്ഞതാണെന്നുമുള്ള സംഗതിയും പറയാതിരുന്നില്ല. കുഞ്ഞിക്കുറുപ്പിനേയും സ്റ്റേഷനിൽവെച്ചു പോലീസ്സുകാർ സൂക്ഷിച്ചുകൊള്ളുന്നതിനും മേനോൻ അടുത്ത ദിവസംകൂടി ഹാജരാകണമെന്നും ഉത്തരവുകൊടുത്തതിന്റെ ശേഷം അന്നു കോടതി പിരിഞ്ഞു.

പിറേറദിവസം പ്രഭാതമായപ്പോഴേക്കും മാസ്റ്റർമേനോൻ പരലോകപ്രാപ്തനായിരിക്കുന്നു എന്നും അവമാനം സഹിക്കാൻ പാടില്ലാതെയായിട്ടു വിഷം സേവിച്ചു മരിച്ചതാണെന്നും മറ്റും ഒരു പ്രസ്താവം പട്ടണത്തിലാസകലം നിറഞ്ഞുകഴിഞ്ഞു. ആത്മാഭിമാനമുള്ള ചില യോഗ്യന്മാർ അതി ദുസ്സഹമായ അവമാനം നേരിട്ടാൽ ഇങ്ങനെ ചെയ്യാറുള്ളതിനാൽ ഇതിനെക്കുറിച്ച് അത്ഭുതപ്പെടാനൊന്നുമില്ല. എങ്കിലും ഇതെല്ലാം ഒരു കണ്ണുപിശാചിന്റെ മാഹാത്മ്യംകൊണ്ടുണ്ടായതാണല്ലോ എന്നു വിചാരിക്കുമ്പോൾ

അത്ഭുതപ്പെടാതെയിരിക്കാനും നിവൃത്തിയില്ല. എന്തായാലും ഈ സ്വരമേളനത്തിന്നു ശിക്ഷയൊന്നും അനുഭവിക്കാൻ ഇടയാകാഞ്ഞതു തന്നെ ഭാഗ്യം. പരദേശിനായരും കൃഷ്ണമേനവനും ഇപ്പോൾ ജെയിലിൽതന്നെ സുഖമായിപ്പാൎക്കുന്നു.

തിരുട്ടുണ്ണി.

അരയ്യുകാരം

പണ്ഡിതർ ആർ. വി. കൃഷ്ണമാചാൎയ്യരവർകൾ സ്വയം അയച്ചുതന്നതായിട്ട്, അരയ്യുകാരം എന്ന തലവാചകത്തിൽ ഒരു ലേഖനം കഴിഞ്ഞ ധനുവിലെ രഞ്ജിനിയിൽ ഞങ്ങൾ പ്രസിദ്ധപ്പെടുത്തിട്ടുണ്ടായിരുന്നുവല്ലൊ. ആ ലേഖനം ഭാഷാപോഷിണിസഭക്കയച്ചുകൊടുത്തതിൽനിന്നു ദീൎഘലേഖനത്തിന്റെ ഒരംശം മാത്രമാണെന്നും വായനക്കാൎക്കറിയാൻ അദ്ദേഹത്തിന്നു ഇടയാക്കീട്ടുണ്ടായിരുന്നു. പണ്ഡിതശ്രേഷ്ഠനായ ആചാൎയ്യരവർകൾ ചുരുങ്ങിയ കാലംമാത്രം കേരളരാജ്യവാസം ചെയ്തിരുന്നിടക്ക്, മലയാളഭാഷയിൽ ഇത്ര പാണ്ഡിത്യം സമ്പാദിച്ചതിലും, ഞങ്ങളുടെ സ്വഭാഷയെ വാത്സല്യത്തോടുകൂടി ഇങ്ങിനെ ലാളിക്കുന്നതിലും, അദ്ദേഹത്തെ ഞങ്ങൾ ബഹുമാനത്തോടും കൃതജ്ഞതയോടും അഭിനന്ദിച്ചുംകൊണ്ട് പ്രകൃതോപന്യാസത്തെ ശ്രദ്ധവെച്ചു നോക്കിയതിൽ ഉണ്ടായ അഭിപ്രായത്തെയാണ് ഇവിടെ ഇനി പറയുവാൻ ഭാവിക്കുന്നത്.

കേരളപാണിനീയപ്രകാരം, കാട്, വീട്, മുതലായ മലയാളവാക്കുകളുടെ അന്ത്യസ്വരം 'അരയ്യുകാര'മെന്നു പറയപ്പെടുന്ന സംവൃതോകാരമാണെന്നു സാധിച്ചിട്ടുള്ളതിനെ അനുവദിച്ചും, പാണിനീയത്തിൽ അതിന്റെ ലിപിന്യാസം വിധിച്ചിട്ടുള്ളതുമാത്രം യുക്തിയുക്തമാകുംവണ്ണം നിരസിച്ചും ആണല്ലൊ ആചാൎയ്യരവർകളും വിശദമായി എഴുതീട്ടുള്ളത്. ആ ലേഖനം വായിച്ചാൽ ഉടൻതന്നെ കേരളപാണിനീയകാരൻ രഞ്ജിനി മുഖേന മറുവാദം പ്രസിദ്ധപ്പെടുത്താതിരിക്കയില്ലെന്നും, ആ അനുമാനമൊന്നുമല്ലേഖാന്തത്തിൽതന്നെ വിവൃതോകാരമെന്നു സാധിച്ചിട്ടുണ്ടെങ്കിലും ഇ

ന്നു *

അന്ത്യസ്വരത്തിന്നു് ഉകാരചിഹ്നവും വീണ്ടും അരയുകാരചിഹ്നമെന്നുവെച്ചിട്ടുള്ള ചന്ദ്രക്കലയും കൂട്ടിപ്പിണച്ചു ചേര്‍ക്കാതെ കേവലം ചന്ദ്രക്കലമാത്രം ചേര്‍ത്തുകൊള്ളേണമെന്നു ഞങ്ങള്‍ വിശ്വസിക്കുന്നു. അങ്ങിനെ ചെയ്യുന്നതായാല്‍ ഈ വിഷയത്തില്‍ (ലിപിന്യാസത്തില്‍ മാത്രമെങ്കിലും) മലയാളഭാഷയ്ക്കു സാര്‍വ്വത്രികമായ ഐകരൂപ്യം സിദ്ധിച്ചതായി വിചാരിക്കാം.

എന്നാല്‍ ഈ അന്ത്യസ്വരം സംവൃതോകാരമല്ലെന്നും, അരയുകാരം (സംവൃതാകാരം) ആണെന്നും, ഗുണ്ടര്‍ട്ട് ആചാര്യവര്‍കളും സ്ഥാപിച്ചിട്ടുണ്ടെന്നു മുമ്പു പറഞ്ഞുവല്ലോ. ഈ ഒരു സംഗതിയില്‍ മാത്രം ഞങ്ങള്‍ക്കു വിപ്രതിപത്തിയില്ലെന്നില്ല. പണ്ഡിതശ്രേഷ്ഠന്മാരായ ഈ മഹാന്മാരോടു വാദിച്ചു ജയിക്കാമെന്നുള്ള അഹംഭാവം ഞങ്ങള്‍ക്കശേഷമില്ല. പക്ഷെ ഈ പണ്ഡിതര്‍ ഇതു് സംവൃതോകാരമല്ലെന്നു സ്ഥാപിക്കുമ്പോള്‍ മറുപക്ഷക്കാരെ കേവലം അനാദരിച്ചുകൊണ്ടു നിരസിക്കമാത്രമാണു് ചെയ്തിട്ടുള്ളതു്. അതുകൊണ്ടു് ഈ വിഷയത്തില്‍ രണ്ടു വാക്കെങ്കിലും പറവാന്‍ ഞങ്ങള്‍ക്കു ധൈര്യമുണ്ടാകുന്നതാണു്. സംവൃതോകാരമാണെന്നു പറയുന്നവരുടെ വാദമൂലമെന്താണെന്നും, അവരുടെ യുക്തികള്‍ എന്തെല്ലാമാണെന്നും, അറിഞ്ഞുവെച്ചു്, സൂക്ഷ്മദൃഷ്ട്യാ പരപക്ഷത്തിന്റെയും, സ്വപക്ഷത്തിന്റെയും താരതമ്യം നോക്കി, നിഷ്പക്ഷപാതമായി ഒരു തീര്‍പ്പു ചെയ്തിട്ടുണ്ടായിരുന്നു എങ്കില്‍ ആചാര്യവര്‍കളുടെ അഭിപ്രായം സര്‍വ്വജനസ്വീകാര്യമാകുമായിരുന്നു. ഞങ്ങളുടെ ഈ ഉപന്യാസം വായിച്ചതിനു ശേഷമെങ്കിലും ആചാര്യവര്‍കളുടെ ആ വിധമുള്ള അഭിപ്രായം കിട്ടുവാനിടവരുന്നതായാല്‍ വളരെ ഉപകാരമായിരിക്കും. "വിറകുകൊണ്ടിളക്കിയാല്‍ തീയെരിയും ധൂളിലഹരിപടമെടുക്കും" എന്ന സമ്പ്രദായപ്രകാരം ഞങ്ങളുടെ ഈ ഇളക്കല്‍കൊണ്ടു് ആചാര്യവര്‍കളെയോ മറ്റുള്ള മലയാളപണ്ഡിതന്മാരെയോ പ്രതിഭാഗ്നി ഉജ്ജ്വലിപ്പിച്ചാല്‍ ഞങ്ങളുടെ പ്രയത്നം സഫലമായി എന്നു വിചാരമുള്ളൂ.

ദ്രാവിഡമൂലഭാഷയുടെ അവാന്തരശാഖകളായ തെലുങ്കു്, കന്നടകം, തമിഴ്, മലയാളം, തുളു മുതലായ ഭാഷകളില്‍ നാമധാതുക്കളുടെ മൂലം ഒന്നാണെങ്കിലും ദേശഭേദേന ഉച്ചാരണങ്ങള്‍ക്കു പല വ്യത്യാസങ്ങളും സംഭവിച്ചിട്ടുണ്ടെന്നുള്ളതിനും പുറമെ

പ്രത്യയങ്ങളും ആഗമങ്ങളും ആദേശങ്ങളും എന്നിവയുടെയും മററും വ്യത്യസ്തതയാകുന്ന മേൽപറഞ്ഞ ഭാഷകളെ പരസ്പരം വേർതിരിച്ചു നിർത്തുന്നത് എന്നുള്ള തത്വം ഭാഷാചരിത്രശാസ്ത്രജ്ഞന്മാരുടെ പക്ഷസിദ്ധാന്തമാണല്ലോ.

പ്രാകൃതഭാഷകളിലെന്നപോലെ ഇന്ത്യയിലുള്ള സകലദേശ്യ ഭാഷകളിലും ഹലന്ത പദങ്ങൾക്ക് അജന്തഭാവം വിധിച്ചിട്ടുള്ളതിനെ നമ്മുടെ ദ്രാവിഡ ഭാഷാശാഖകളിലെല്ലാം പ്രത്യേകിച്ചും സ്വീകരിച്ചിട്ടുണ്ടെന്നുള്ളതും സൂക്ഷ്മജ്ഞന്മാർ സമ്മതിക്കാതിരിക്കയില്ല.

എന്നാൽ പദവിഷയത്തിലും വിശേഷിച്ചു പരസ്പരസാദൃശ്യമുള്ള തമിഴും മലയാളവും തമ്മിൽ, ഹലന്തപദം അജന്തമാകുന്ന വിഷയത്തിൽ സൂക്ഷ്മമായ ഒരു ഭേദഗതിയുണ്ടായിട്ടുണ്ട് വേർതിരിഞ്ഞു നില്ക്കുന്നത്. കാട്, വീട്, ചാറ്, ചോറ്, മുതലായി രണ്ടു ഭാഷയിലും സമാനാകാരമുള്ള ഹലന്തപദങ്ങളെ, തമിഴ് ഭാഷയിൽ 'കുററിയലുകരം' അല്ലെങ്കിൽ 'അരയുകാരം' എന്നു പറഞ്ഞു വരുന്ന സംവൃതോകാരംകൊണ്ടാണ് അജന്തമാക്കുന്നത് എങ്കിൽ മലയാളഭാഷ സംവൃതാകാരംകൊണ്ടാണ്. ഈ അതിസൂക്ഷ്മമായ വ്യത്യാസംകൊണ്ടാണ് ഈ വിഷയത്തിൽ മലയാളവും തമിഴും വേർപിരിയുന്നതും. മദ്ധ്യമലയാളത്തിലും തമിഴിലും നടന്നുവരുന്ന ഈ ഉച്ചാരണഭേദത്തെ സൂക്ഷ്മമായി മനസ്സുവെച്ചു പരിശോധിച്ചാൽ ഈ വ്യത്യാസം വ്യക്തമാകുകയും ചെയ്യും. ഈ ഭേദം എഴുതിക്കാണിപ്പാൻ പ്രയാസപ്പെടും എങ്കിലും കേരളത്തിലെ സംവൃതാകാരം എഴുതുവാൻ ഉത്തരാചാര്യന്മാർകളുടെയും തമിഴിലെ സംവൃതോകാരം കുറിപ്പാൻ കേരളപാണിനീയത്തിന്റെയും ലിപിവ്യവസ്ഥിതി പിടിച്ചു കാണിക്കാം. ചോററ (അകാരം) ചോററ് (ഉകാരം) ഇവതന്നെ വിഭക്തിയോടു കൂടുന്ന ഘട്ടത്തിൽ ഇതിലധികം സ്പഷ്ടമായിരിക്കും. ശബ്ദസാമ്യത്തിൽ— ഓട്ട (അകാരം) ഓട്ടു (ഉകാരം) വ്യത്യസ്തമായ ഈ ഉച്ചാരണഭേദത്തെ മലയാള രാജ്യത്തിന്റെ ദക്ഷിണോത്തരഭാഗങ്ങളിൽ പാർക്കുന്നവരും സഹ്യപർവ്വതത്തിന്റെ പൂർവ്വഭാഗത്തിലിരിക്കുന്നവരും അത്ര അറിഞ്ഞില്ലെന്നുവന്നാലും കുററം കാണുന്നില്ല. സൂക്ഷ്മമാലോചിക്കാത്തവർ ഉച്ചാരണത്തിൽ അതിസാമ്യമുള്ള ഈ

ഘട്ടത്തിൽ തെററിദ്ധരിച്ചു പോകുന്നതിലും ലേശംപോലും അത്ഭുതപ്പെട്ടുവരുന്നില്ല. പക്ഷേ ഞങ്ങൾക്കു പററിയ ഈ തെററിനെ, പ്രാചീനന്മാരും ഋഷികല്പന്മാരും മന്ത്രദ്രഷ്ടാക്കളുമായ നമ്മുടെ പൂർവ്വപുരുഷന്മാരുടെ തലയിൽ വെയ്ക്കുന്നതു് വലിയ കഷ്ടവും സങ്കടവുമായിത്തീരുമെന്നു പറയാതെ കഴികയില്ല. അതല്ല അവരുടെ പിൻവാഴ്ചക്കാരായ മദ്ധ്യകാലകേരളീയരോ തമിഴിൽ പരിചയമില്ലായ്കയാൽ ഒരെഴുത്തുകാരന്റെ മറിമയറിയാഞ്ഞതുകൊണ്ടു മാത്രം സംവൃതോകാരമാണെന്നു തെററിദ്ധരിച്ചുപോയതിനെ ഗതാനുഗതികന്യായേന ഇന്നും ചിലർ അനുസരിക്കയാണെന്നു വിചാരിപ്പാനും ന്യായമുണ്ടെന്നു തോന്നുന്നില്ല. മദ്ധ്യകാലത്തെ സാഹിത്യ ഗ്രന്ഥങ്ങളായ ലീലാതിലകം ഉണ്ണുനീലിസന്ദേശം മുതലായവ വായിച്ചിട്ടുള്ളവർ ഈ ന്യായവാദത്തെ സയുക്തികമായിട്ടു ഖണ്ഡിപ്പാൻ സന്നദ്ധന്മാരായിരിക്കും.

നില്ക്കു, ഇരിയ്ക്കു, പോരു, എന്നീ തരമുള്ള വിധ്യർത്ഥകങ്ങളായ ക്രിയാപദങ്ങളുടെ ഒടുവിലുള്ള ഉട് പ്രത്യയം ആദേശസന്ധികളുംകൂടി വിവക്ഷിക്കപ്പോൾ ലോപിച്ചു പോകുന്നു. പിന്നീട് ഹലന്തങ്ങളായി തീർന്നിരിക്കുന്ന അവയെ അജന്തങ്ങളാക്കുവാൻ അന്ത്യസ്വരം ചേർക്കുന്നതു് സംവൃതോകാരമാണെങ്കിലും ചിലപ്പോൾ വിവൃതമായിട്ടും ഉച്ചരിക്കാറുണ്ടു്. ആദരം സൂചിക്കമ്പോൾ നില്ലു, ഇരില്ലു, പോരു (പോരിക) എന്നത്രെ പറയുമാറുള്ളതു്. നില്ലു്, ഇരില്ലു്, പോരു് എന്നു ശാസനാർത്ഥത്തിലും ഉപയോഗിച്ചു വരുന്നു. ഇതുതന്നെ ശാസനാതിശയത്തിൽ വിസർഗ്ഗത്തോടുകൂടിയാണു് പ്രയോഗിക്കുക. നില്ലുഃ, ഇരില്ലുഃ, പോരുഃ, ഈ വക പ്രയോഗങ്ങൾ പണ്ടും ഇക്കാലത്തും സുലഭങ്ങളാകുന്നു. ബ്രാഹ്മണർ (നമ്പൂരിമാർ) കേരളത്തിൽ കുടിയേറിപ്പാർത്ത ഇടങ്ങിയതു മുതല്ക്കു ആര്യബ്രാഹ്മണരായിരുന്നാലും ഇവർ മലയാളികളായിത്തീർന്നതിനെ അംഗീകരിപ്പാൻ വേണ്ടി സംസാരഭാഷയായ മലയാളത്തിൽ ചില മന്ത്രങ്ങൾ ഷോഡശക്രിയകളിലും മററും ഉപയോഗിച്ചു ഇടങ്ങീട്ടുണ്ടു്. ഉപവീതനായ ബ്രഹ്മചാരിയോടു് ആചാര്യൻ ഭിക്ഷ വാങ്ങിവരുവാൻ ശാസിക്കുന്നതായ ഒരു മന്ത്രം നോക്കുക. "പിച്ച പുക്കു പോരു" ഈ മന്ത്രം സംവൃതോകാരാന്തമായിട്ടു ചൊല്ലേണ്ടതാണെങ്കിലും സംവൃതോകാരാന്തമായിച്ചൊല്ലി

ല്ലായാൽ പിഴയായിത്തീരുമെന്നുള്ള നിയമം നിമിത്തം വിവൃതോകാരാന്തമായിട്ടാണ് ചൊല്ലിവരുമാറുള്ളത്. ഇത് ഇന്നാ ഇന്ന ഭാഷയോ ഇന്നതിനെന്നല്ല, മലയാളവും സംസ്കൃതവും തമ്മിൽ സംബന്ധമുണ്ടായ കാലം തൊട്ടല്ല ഇട്ടിരുന്ന നടപ്പാണ്. ഈ ഒരു സംഗതികൊണ്ടുതന്നെ കാറിയലുകരമെന്നു തമിഴിൽ പറയുന്ന അരയുകാരം നല്ല മലയാളഭാഷയിൽ വിധിച്ചിട്ടുള്ളതെന്നും, ഭൃംഗത്തിൽ അരയുകാരമെന്ന പേരുകൊടുക്കാവുന്നതായ സംവൃതോകാരമാണെന്നും സ്പഷ്ടമാകുന്നതാണല്ലോ. തമിഴ്ഭാഷയിൽ സംവൃതോകാരം വിധിച്ചിട്ടുള്ളത് അഗസ്ത്യ മഹർഷിയാണെന്നൊരു മാഹാത്മ്യം പഴമക്കാർ പറയുന്നുണ്ടെങ്കിൽ മലയാളത്തിൽ സംവൃതോകാരം നിയമിച്ചിരിക്കുന്നത് പരശുരാമ മഹർഷിയാണെന്നു നമ്മുടെ കേരളോൽപത്തിവാദം പറഞ്ഞുവരാറുണ്ടെന്നുള്ളതും ഇല്ലാതെന്ന.

മലയാളത്തിന്റെ ആദികാലം മുതൽക്കെ മന്ത്രവിധി വരുത്തിപ്പോന്നിരിക്കുന്ന നമുക്ക് ഈ വക ആദ്യമന്ത്രങ്ങളും മറ്റും സംവൃതോകാരത്തിനു വലിയ രക്ഷാകരങ്ങളായിരിക്കുന്നു. കാലത്തോടും തമിഴ്ഭാഷയുടെ അനുഭവസമ്പന്നമായ അരയുകാരം കൊണ്ടു കാട്ടുന്ന മയാപ്രയോഗം മലയാളത്തിനോടു ഫലിക്കയില്ലെന്നാണ് ഞങ്ങൾക്കു തോന്നുന്നത്.

എന്നാൽ കാട്, വീട് മുതലായ പദങ്ങളുടെ ബഹുവചനങ്ങളിൽ, കാടുകൾ വീടുകൾ എന്നിങ്ങനെ വിവൃതോകാരത്തോടുകൂടി ഉച്ചരിക്കുന്നതെന്തുകൊണ്ട്? ഇവ വിചാരിക്കുമ്പോൾ സംവൃതോകാരമല്ല സംവൃതോകാരമാണ് എന്നല്ലേ വിചാരിക്കേണ്ടത്? എന്നാണൊരു ചോദ്യമുള്ളത്. അരയുകാരമായാലും ശരി; അരയുകാരമായാലും ശരി; അതിന്, വല്ല പരമായി വരുമ്പോൾ മുറിയലുകരമെന്നു പറയപ്പെടുന്ന വിവൃതോകാരം ആദേശമായി വരുമെന്നൊരു പ്രത്യേക വിധി ഒന്നു പക്ഷത്തിലും സ്വീകരിച്ചേ തീരു കഴികയില്ല. നാവിലെ നാകാരമല്ലാതെ ഉകാരം വിധിച്ചത് ഉകാരവാദികൾക്ക് അനുകൂലമാണെങ്കിൽ, ഉച്ചാരണസൗകര്യമുണ്ട് സാധിച്ചിരിക്കും എന്നും, സ്ഥാനപ്രയത്നാദികളുടെ ആന്തരതമ്യം വഴിക്കാണ് അക്ഷരങ്ങൾക്ക് മാറ്റം വരുന്നത് എന്നുള്ള ഭാഷാശാസ്ത്രതത്വം വിചാരിക്കുന്നതായാൽ പ്രകൃതത്തിലിരിക്കുന്ന സംവൃതോകാരത്തിനും വല്ല പരമാകുമ്പോൾ വിവൃതോകാരം ഒരു

ടുക്കുന്നത് അകാരവാദികൾക്ക് സംവൃതസാമ്യം മൂലമായി അപ്പാദസിദ്ധമായ ഒരു ക്ലിഷ്ടപക്ഷമാണെന്നു പറയാം. വിശേഷിച്ച് ഈ വിധി പാക്ഷികമാണെന്നും, സംഭാഷണത്തിലും, പ്രാചീനലേഖനങ്ങളിലും സംവൃതോകാരത്തെയിട്ടുതന്നെയാണ് ഉപയോഗിച്ചു കാണുന്നതെന്നും, സാധിപ്പാൻ ഞങ്ങൾക്ക് വളരെ ലക്ഷ്യങ്ങളുണ്ട്. മദ്ധ്യകേരളത്തിൽ ഇതുവരെ കണ്ടുകിട്ടിയ പഴയ ലേഖനങ്ങളിലൊക്കെയും എന്നുമാത്രമല്ല തമിഴ്‌നാട് വളരെ സാമ്യമുള്ള വട്ടെഴുത്ത്, കോലെഴുത്ത്, മുതലായ പഴയതരം മലയാളലിപിക്കൂട്ടുകളിലും കാറ്റ് വീട് ഇങ്ങിനെയുള്ള പദങ്ങളെ ഉകാരാന്തങ്ങളായിട്ടല്ല, അകാരാന്തങ്ങളായിട്ടുതന്നെയാണ് എഴുതിക്കണ്ടിട്ടുള്ളത്. സംവൃതാകാരപക്ഷത്തിലും സംവൃതോകാരപക്ഷത്തിലും അച്ചുപരമാകുമ്പോൾ ഈ അന്ത്യസ്വരത്തിനു പരരൂപവും (ചോറ്+ഇല്ല=ചോറില്ല.) ഹല്ലുപരമാകുമ്പോൾ പാക്ഷികമാണെങ്കിലും, വിവൃതമായ ഉകാരാഗമവും, (കാട്+കണ്ടു= [കാട് കണ്ടു] കാടു കണ്ടു) എന്നീ സന്ധികൾ തുല്യമാണെന്നിരിക്കിലും, ഇരിപ്പ്, നില്പ് ഇത്യാദികളായ ഈ പ്രത്യയലോപഘട്ടങ്ങളിൽ സംവൃതോകാരം വിവൃതോകാരമാക്കി ഉച്ചരിച്ചാൽ ഇരിപ്പു, നില്പു ഇത്യാദി രൂപം കിട്ടുമെന്നും, അതിനായിട്ടൊരു പ്രത്യേക പ്രത്യയവിധി ആവശ്യമില്ലെന്നും ഉള്ള ഒരു നല്ല ലാഘവം സംവൃതോകാരപക്ഷത്തിൽ പ്രത്യക്ഷമായിക്കാണുന്നുണ്ട്.

എല്ലാംകൊണ്ടും നോക്കുമ്പോൾ തമിഴ്ഭാഷയിൽ സംവൃതോകാരവും മലയാളഭാഷയിൽ സംവൃതാകാരവും എന്നു ഭാഗിച്ചുവെക്കുകയാണ് ഉത്തമപക്ഷം എന്നാണ് ഞങ്ങളുടെ അഭിപ്രായം.

ഒരു ചരിത്രകഥ

വെട്ടത്തുനാട്ടരചരിൽ ചരമൻമുറയ്ക്കു
പട്ടപ്പിടിച്ചുവനികാന്തതയുള്ളകാലം
പട്ടേറൊരന്യപരിഗ്രഹത്തിനകളുമയോഗ്യർ
നാട്ടിന്നിരിത്തകളവേറനടന്നുമുന്നം

൨. ഉൾക്കട്ടിന്നകത്തരിയപൂട്ടറയിലുള്ള
പെട്ടിയ്ക്കകത്തുടയരത്നാദിഭൂഷണങ്ങളും
തട്ടിച്ചുകളഞ്ഞൊരവൻ നിശയിൽ, ഇന്നാ
കട്ടിൽ കിടന്നിതു പുലർന്നളവാപ്രദേശം

൩. ആവശ്യമായൊരുടമസ്ഥനുമസ്ഥപന്റെ
സേവയ്ക്കു ചേരുമൊരുമന്ത്രികളും ശ്രവിച്ചു
ഭാവം പകർന്നവിടെയുന്നതതസ്കരന്മാർ
കൈവച്ചതിന്നവയിലെന്നു ദൃഢപ്പെടുത്തി

൪ ഓരോതര സേവകർ പറഞ്ഞു തുടങ്ങി പിന്നാ
യോരോതരക്കെളിവുടൻ തെളിയേണമെന്നും
ആരോമലാം ചിലിടയിന്നലെവന്ന പാന്ഥ
ന്മാരൊടുട്ടുള്ള പരിശോധന ചെയ്യുകെന്നാൻ

൫ കാലത്തുണർന്നു നിയമങ്ങൾ കഴിച്ചു തന്റെ
കാലത്തു വേണ്ട വഴി പോം വഴി പോക്കവേയും
ചാലെത്തടഞ്ഞുതിരിയേ വരുമക്കണ്ടുവന്നു
പോലെത്രയോഝടിതി പാടുപെട്ടവന്മാർ

൬ പെട്ടെന്നതന്നവഴി പോക്കതെയോർത്തു ബന്ധ
കെട്ടന്നഴിച്ചുടനെ നോക്കിവിട്ടുനേരം
മോട്ടുതിലത്തുതയിലേകതകന്നതാക്കോൽ
ക്കൂട്ടം കിടച്ചിതൊരതങ്ങുസ്ഥലവെയ്ക്കുമാബന്ധ

൭ മിണ്ടാതെ ശാന്തതിലപൂണ്ടിമ്ഥതാട്ടിനിട്ടി
കണ്ടാൽ മഹാനിചിലവാണെന്നതായിട്ടിജന്റെ
മുണ്ടായമാബന്ധമതിലീയ്ക്കസമാധാന
ളുണ്ടായതന്നുമറിമായമിതാരറിഞ്ഞു?

൮ താക്കോലെടുത്തറയിലപ്പലപൂട്ടുമായി
ലാക്കോടിണക്കിയതിലും ചുടിയേണ്ടിവന്നു
ആക്കെട്ടുമറ്റമലയാളമഹീസുരന്റെ
യീക്കെട്ടുമുള്ളകഥയാരറിയാഞ്ചിതന്നു?

൯ നീതിജ്ഞനൃപനെന്നവനെ വിളിച്ചുവീണ്ടും
ചോദിച്ചിതികൾക്കിങ്ങുഞങ്ങളറിയാത്തതെന്തെന്ന
മതിജ്ഞരോർത്തുവിധമോളുവളുളുവാക്യം
നീതിജ്ഞരോറിട്ടകിലും പദമൊന്നുതന്നെ

൪൦ അന്യൂരിയെന്നതുകവിൽ വെച്ചുധനസ്ഥാനപാലകം
വന്യൂന്നിട്ടുന്നാപലഭിക്ഷണിയും തുടങ്ങി
മുമ്പോതിയോരുമൊഴി ഞാൻ ദ്വിജനെന്നുമിമ
ട്ടമ്പോകഴിഞ്ഞുവൊപ്പുകഴ്ചമൊരാറുമാസം

൪൧ ആതെപ്പെരുതമന്ത്രിതിരിപ്രസിദ്ധ
സ്വാതൻ വിദേശമതിദോഷവിചാരകൻ
പൃഥ്വീശപാലൻ്റെ നിലയേ വഴിപോകനായി
ട്ടെത്തീന്നുപൻകളുവുമാമധേയം കുറിച്ചു

൪൨ കെട്ടിയിൽപ്പുപരിദേശവിളക്കണന്ന
ളൂറ്റപ്പെട്ടിരിക്കുമതുപോയതുപോയിപോലെ
നൽപ്പൊൻ പിടികൂടവരതമണിഞ്ഞവാളും
പൊളിയെന്താണ്കുറിന്നു പ്രസന്നചേതനം

൪൩ എന്നോകടപ്പതുളതുവോവഴിപോകനായി
വന്നോരിയോതുധരണീവിബുധൻ്റെ ചേലിൽ
ഇന്നോവളളൂദ്രവമയിതാകേശവ?
മെന്നേറെയും പൃഥയെ നോക്കിനിനാൽപ്പതോതി

൪൪ സ്സുതൻ പറഞ്ഞുമതില്ലിവിനിനാശം ക്രേശിപ്പോ
മന്ത്രിഷിനിത്യമവശംവശനാകും മഹാത്മാൻ
ആതെസ്സുരേന്ദ്രജനമൊത്തുമഗ്രശ്രദ്ധ
വച്ചില്ലിവിജ്ഞസ്വരംതലികൊണ്ടിരുന്നു

൪൫ ഉള്ളിന്നുമറ്റനായിപ്പുതഷിപ്പുകളൂ
പ്പുളളിക്കുടഞ്ഞുമൊരിട്ടോതതെട്ടുവച്ചു്
ഉള്ളിൽക്കടന്നുളവുകണ്ടുധനസ്ഥാനത്താൽ
പള്ളിപ്പുറസ്സുവിബുധനാഥൂജനായിരുന്നു

൯൬ പത്തരിയെപ്പുരമേകപ്പെട്ടതപൊട്ടാറാവി
ത്തൊട്ടുറെയശ്രുപൊഴിഞ്ഞുമിഴിയാലെന്നാകി
ത്തെട്ടവൻവ്യസനിയുംബ്ലനിവൃത്തിമാർഗ്ഗം
കാട്ടുന്നേരമിവനെന്നുപറഞ്ഞുകേട്ടൻ

൯൭ സംബോധനംചിലതുചോദ്യവിട്ടുന്നപോന്നു
വൻപാൻറെപട്ടരറിവിച്ചിതുതന്നുമെന്നാ
ന്നൊന്നുമിപട്ടകളവുംതെളിയാതെപോകി
ല്ലുന്നോഹനപ്രകൃതികണ്ടറിവാൻപ്രയാസം

൯൮ കണ്ടെന്നതുള്ളതതിനുള്ളസുചിഹ്നമെല്ലാം
പെട്ടന്നുവേണ്ടവഴിയായിനിനാളെയാവാം
പട്ടരിയിങ്ങിനെപറഞ്ഞളവൽഭുതപ്പെ
ട്ടെട്ടരെമന്നവനുമാളുകളുംതെളിഞ്ഞു

൯൯ പിറ്റേദിനംതെരുപുള്ളിയെയുംവിളിച്ചു
മറ്റേപിജൻപകലെരാജസമീപമെത്തി
മൂവാംജനങ്ങളുമകത്തതിനൊത്തുകൂടി
ച്ചൂറാംതിരക്കിയതുമന്നവനതിധർമ്മം

൱ ചേകോന്മകൻതനെന്റെ!കളവിപിജനോറാകൂട്ടർ
കൂർംവലിയ്ക്കുമിടയായിട്ടുമൻമെവിൽ
ചാക്കോട്ടെമല്ലയെഴുന്നോറാകടന്നുകള്ള
ത്തൊൾക്കലുമകണ്ടോറിതുറന്നുനടത്തികൃത്യം

൱൧ നാട്ടാരെകണ്ടതെളുക്കുവിലകളുക്കുന്നു
കേട്ടാലുമത്രകരവില്ലിനിവാക്യശേഷം
പട്ടരിയിത്രയുമുരച്ചളവാളെമാറി
വിട്ടുള്ളുവാൻസ്വപതികല്പനയായിവേഗം

൱൨ നാട്ടിൽപ്പെരുത്തജനസംബന്ധ്യമതിനതറി
ഞ്ഞിട്ടിന്നപാസാധിനിലപൂണ്ടൊരുപൂജ്യവീട്ടിന്
പാട്ടിൽക്കവന്നുമുതൽതൊഴപുറംപിലാവിൻ
ചോട്ടിൽകഴിച്ചതിലശേഷമൊളിച്ചപാമ്പും

൨൩. വാളുന്നതന്നായിവന്നെളുമൊത്തുകളിവെപ്പും
നാളുല്ലയെന്നകന്നതിട്ടുപിടിമേല്പൊടിച്ചു
നീളംകുറഞ്ഞപിടിമേത്രമെടുത്തുരീഷ്
വാളുംകളഞ്ഞിതുടന്റെ പുരക്കിണറ്റിൽ

൨൪. എന്നൊക്കെയാണു പറയുന്നതു സത്യമേതാ
ണെന്നറിയുന്നതിനെന്തുനായക! ചെയ്യുമുപായം?
എന്നോതിടട്ടിതി ത്രപതിടാതെ ചൊല്ലു
കേട്ടന്നൊതിനാൻ, തലകനിച്ചിതുമൊരു പിയംവദൻ

൨൫. ‘ഇന്നാരിയന്റെ തലവെട്ടുകയെന്നതല്ലയോ?
എന്നാരുമൊട്ടറിയാതെ ചെയ്തുപിടിഞ്ഞുയോഗം
പിന്നത്തൊനാലുപുലർവേകഴിമാന്തിതാകീ
സന്നത്തമുള്ളമുതൽകണ്ടുകരച്ചുമാത്രം

൨൬. പിന്നെക്കിണറ്റിലൂടെമാതാളെയിറക്കിനോക്കി
ചരിത്രപമാണൊരു സികിട്ടിയെടുത്തുകട്ടൻ
മന്നാണ്ടനേകംതിരിച്ചുപിടിച്ചുതല്ലു
മിന്നസ്പടത്തിലിതുനോക്കുകെന്നുരച്ചാൻ

൨൭. ആപാദചൂഡമുടലൊന്നുവിയർത്തു ഞെന്ന
ഭൂപാലനങ്കിട്ടകിടന്നു വിറച്ചുപായി
ഹാ! പോൾപവതികളേയാകവെയെന്നെനാചി
കോപാവിലാക്ഷനൊരാളെവിളിച്ചുവിപ്രൻ

൨൮. ‘വെള്ളക്കറുപ്പിതുമിതെന്നുതിരിവ്വമില്ല
വെള്ളത്തിപിന്നെയെടിച്ചിതറിഞ്ഞതല്ലേ?
കള്ളത്തമന്തറിയാതെ വരില്ലതാമീ
കള്ളന്റെമേൽ—മിതിവിട്ടെന്നുരച്ചുരുക്കും

൨൯. ചിത്തംപിടച്ചുടനൊരുത്തനെയോർത്തുമൂലം
വൃത്താന്തമന്വയമറിഞ്ഞു തെളിഞ്ഞു പൊയ്യും
സത്യസ്ഥനാം ദ്വിജകമെന്നിയെവിട്ടു തന്റെ ദുഷ്
കൃത്യത്തെയോർത്തുപോയതിറവുമൊട്ടരച്ചു

൩൦ ഉള്ളിൽപ്പെരുത്ത പരിതാപമൊടീയധർമ്മം
ചൊല്ലിക്കിരീടമതു കമ്പവുമാർന്ന കൈകളാലേ
പൊള്ളിപ്പുറപ്പെട്ടവനീസുരനന്നു താഴ്ത്തി
ചെല്ലില്ലവെട്ടമതിലെന്നു സമസ്തലോകം

ഭാഷാമിശ്രം

കൊച്ചുതത്തകളോടിപ്പുരവിൽവിഹരിയ്ക്കുമെ-
ന്നോമലർകിളിപ്പൈതലേ
ഒട്ടേറെ കൊപ്പു പകപകളേറിക്കിളിപ്പൈതലേ
ന്റെ തമായിപ്പറഞ്ഞാലും
കുട്ടിക്കമ്പാരമുള്ളൊരുനൽമൊഴിവിനൊടുയോ
വിജ്ഞമുണ്ടോ പ്രീതിക്ക
ണ്ടിട്ടുപാർപ്പാനെങ്ങനെയിതൊത്തരുമമഹാ
മാനമെന്നാണോർത്തു
ഇമ്പപ്പൂവൈക്കിളന്നം സുരപുരപൂജ്യാ
കിഷായാസപാതപാരി
പൃഥ്വീഷ്ഠാതത്വാതീലബ്ധപുണ്യസുകൃതൈ
ശുമ്പരലെശുമ്പരമോ
ഇമ്പിക്കുമ്പസൃജനോത്പൃഥ്വീതരതോലിയം
പച്ചയാകെക്കരച്ചുരംഭോ
ത്തുംബപാർശ്വസ്വയമാനസ്പർശ്ശപതിതരതാ
നംഗളനിങ്ങളുള്ളു

എസ്. നാരായണൻ നമ്പൂരി

ഒരു ദുർമ്മരണം

ഇതിനുമുമ്പ് നിങ്ങളെ ഞാൻ വിസ്മരിച്ചപ്പോഴും നിങ്ങളോ വേണ്ടപോലെ സമാധാനമൊന്നും പറഞ്ഞിട്ടില്ല. ഒരിക്കൽകൂടി നിങ്ങളെ വിസ്മരിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ഈ അവസരം ഒ

വരുത്തുമെങ്കിൽ വരുവാൻ പോകുന്നകാൎയ്യം വിശദമായിത്തന്നെ അറിയാവുന്നതാണ്. അതുകൊണ്ട് മറ്റെന്തിനും മുമ്പായിട്ടും മോഹമുണ്ടെങ്കിൽ സകലതും സത്യംപോലെ വിട്ടുവീഴ്ച കൂടാതെ പറയുന്നതാണ് നല്ലത്" എന്ന് ആപ്പീസ്സു മേശയോടടുപ്പിച്ച് വെച്ചിട്ടിരിക്കുന്ന കസാലയിൽ മൂന്നു വിരൽകൊണ്ട് മാത്രം പിടിച്ചിരിക്കുന്ന പെൻസലിനെ മുമ്പിൽ നില്ക്കുന്ന കാൎയ്യസ്ഥന്റെ മൂക്കിനുനേരെ ലക്ഷ്യമാക്കിക്കൊണ്ട് ഇൻസ്പെക്ടർ ഗൌരവമായി കല്പിച്ചു. കാൎയ്യസ്ഥൻ ഒരക്ഷരംപോലും ശബ്ദിച്ചില്ല.

"പുല്ലിക്കോട്ട് കിട്ടുണ്ണിമേനവന്റെ എടവാടുകളെല്ലാം നിങ്ങൾ മുഴക്കിയിരിക്കുന്നത് എന്തിനായിട്ടാണ്" എന്ന് ഇൻസ്പെക്ടർ വിസ്താരം ആരംഭിച്ചു.

"എജമാനൻ പറഞ്ഞിട്ടാണ്" എന്നായിരുന്നു കാൎയ്യസ്ഥന്റെ സമാധാനം.

"ചോദിച്ചതിന്ന് സമാധാനം പറഞ്ഞാൽ മതി. എന്തിനാണെന്ന് ചോദിച്ചത്! ഇതു പറഞ്ഞപ്പോഴേക്കും ഇൻസ്പെക്ടരുടെ പെൻസലിന്ന് കാൎയ്യസ്ഥന്റെ മൂക്ക് മറിഞ്ഞുകൂടി ലാക്കായിത്തീൎന്നു.

"എജമാനന്റെ വിശ്വാസം ദീനം ഭേദമാകുമെന്നായിരുന്നു. അതിന്നുമുമ്പ് സകല കാൎയ്യവും മുഴക്കണമെന്ന് എജമാനൻ നിശ്ചയിച്ചിട്ടാണ്."

"അപ്പോൾതന്നെ ദീനം ഭേദമാകുമെന്ന് വിചാരിച്ചിരുന്നില്ലെന്ന് എന്നോടു പറഞ്ഞുവല്ലൊ. ആകട്ടെ അതിരിക്കട്ടെ. ആരെല്ലാവരുടെയും എടവാട് തീൎക്കുവാൻ ഉത്സാഹിച്ചു?" എന്ന ചോദ്യത്തിന്നു മറുപടി പറഞ്ഞ കൂട്ടത്തിൽ ചെറിപറമ്പുകാരുടെ കാൎയ്യം കാൎയ്യസ്ഥൻ വിട്ടുകളഞ്ഞു.

"കഴിഞ്ഞോ, എല്ലാം ആയോ! ഒന്നുകൂടി ആലോചിച്ചുനോക്കൂ".

"എടവാട് തീൎത്തിട്ടുള്ളവരുടെ പേരൊക്കെയായി" എന്നായിരുന്നു കാൎയ്യസ്ഥൻ ഓൎത്ത് നോക്കി പറഞ്ഞ മറുപടി.

"പിരിച്ചെടുത്ത പണമൊക്കെ നിങ്ങൾ എന്തുചെയ്തു?

"എജമാനൻ പറഞ്ഞപോലെയൊക്കെ ചെയ്തു"

"ആ് ഹ്ഃ! നിങ്ങളും നിങ്ങൾക്ക് വേണ്ടിട്ടുള്ളവരും വേണ്ടുവോളം അനുഭവിച്ചു കൊള്ളുവാനായിരിക്കാം എജമാനൻ പറഞ്ഞത് അല്ലേ! ആകട്ടെ അതും ഇരിക്കട്ടെ. കിട്ടുണ്ണിമേനവൻ മരി

ച്ച ദിവസം നിങ്ങളുടെ ശിഷ്യനെ എന്തിനാണ് പുളിങ്ങോട്ടേക്ക് അയച്ചത്?"

"എജമാനന് ഒരു എഴുത്തു കൊടുക്കാൻ."

"എന്നാൽ എന്തിനാണ് അയാം അവിടെ കിടന്നത്?"

"കുഞ്ഞിരാമൻ നായരുടെ സഹായത്തിന് അവിടെ താമസിപ്പിക്കുകയാണ് ചെയ്തത്. ഇനിക്ക് അവിടെ പാർക്കുവാൻ കഴിഞ്ഞില്ല."

"എന്നാൽ പിന്നെ എന്തുകൊണ്ടാണ് അയാം ആ രാത്രി തന്നെ പുറത്തേക്ക് പോയത്?"

"അയാം പോയവിവരം തന്നെ ഞാനറിഞ്ഞില്ല." എന്നത് കേട്ട ഇൻസ്പെക്ടർ കണ്ണുരുട്ടി മിഴിച്ച് പെൻസിൽ താഴത്ത് വെച്ച് രണ്ടുകയ്യും കുപ്പായകീശയിൽ തിരുകി.

"അറിഞ്ഞില്ലെന്നല്ലേ! ഓ! നിങ്ങളുടെ ഓമനശിഷ്യൻ ചെയ്ത ക്രൂരകൃത്യത്തിന്റെ വില വിരലെണ്ണുന്ന സമയത്ത് താൻ മിക്കവാറും വിട്ടിരിക്കാം. ഈ കയ്യക്ഷരം ആരുടേതാണെന്ന് പറയാമോ?" എന്ന് ചോദിച്ചുകൊണ്ട് കസാലയിന്മേൽ നിന്നെടുത്തതായ ഒരു നീണ്ട ലക്കോട്ടെടുത്ത് കാണിച്ചുകൊടുത്തു.

"ഈ കയ്യെഴുത്ത് എന്റേതാണ്. സംശയമില്ല."

"ഇതിന്റെ ഉള്ളിലുള്ളതും നിങ്ങളുടേതുതന്നെ ആയിരിക്കണമല്ലോ?" എന്ന് പറഞ്ഞ് കുറെ വെളുത്ത പൊടി ലക്കോട്ടിന്റെ ഉള്ളിൽ നിന്നെടുത്ത് ഒരു ചെറിയ കടലാസ്സു തുണ്ടിൽ ഇട്ടു കാണിച്ചുകൊടുത്തു. കാര്യസ്ഥൻ മിഴിച്ചുപോയി.

"വിശ്വാസവഞ്ചനത്തിനും കലപാതകത്തിനും ഉള്ള മരുന്ന് തരക്കേടില്ല. വൈദ്യന്റെ അവകാശവും പററി കഴിഞ്ഞുവല്ലോ. ഇനി കൂട്ടവൈദ്യന്മാര് ആരെല്ലാവരുമാണെന്ന് കേൾക്കട്ടെ?" എന്ന് പറഞ്ഞ് ഇൻസ്പെക്ടർ പൊടി ലക്കോട്ടിൽതന്നെ ഇട്ടു. കാര്യസ്ഥൻ കുറ്റമയിർ കൊണ്ട് നായശിലാനും വിയർത്ത് പരവശനായിട്ട്,

"ലക്കോട്ടിൽ എജമാനന്റെ മരണപത്രമായിരുന്നു" എന്ന് തൊണ്ട വിറച്ചുകൊണ്ട് പറഞ്ഞതു് വ്യക്തമാവാഞ്ഞിട്ടോ എന്തോ

"ഒരു മരണസൂത്രമാണെന്ന് മനസ്സിലായി" എന്നായി

ന്നു ഇൻസ്പെക്ടർ വ്യാഖ്യാനിച്ചത്. ഇതിന്റെ ശേഷം കാര്യസ്ഥന്റെ കൈപ്പിഴത്തെറ്റത്തിട്ടുള്ളത് വെടിപ്പാക്കുന്നതിനാലോ,

"എന്തിനായിട്ടാണ് മിനിയാന്ന് കുളത്ത് നിങ്ങടെ പരിചാരത്ത് പോയ്?" എന്നുകൂടി ചോദിച്ചു. ഈ ചോദ്യത്തിന്,

"കുഞ്ഞിരാമൻനായരോടു മന്ത്രത്തിന്റെ സംഗതി പറവാനാണ്" എന്നു സമാധാനം പറഞ്ഞതു കേട്ട് ചുണ്ടുകടിച്ചു ഇറച്ചുമൂളിക്കൊണ്ട്,

"അത് ഞാൻ കുഞ്ഞിരാമൻനായരോടു ചോദിച്ച് അറിഞ്ഞോളാം. ഇത് ഇപ്പുറം വായിച്ചു നോക്കി ഒപ്പിടു" എന്ന് പറഞ്ഞ് കൈച്ചീത്ത് കാണിച്ചുകൊടുത്തു. കാര്യസ്ഥൻ അത് വായിച്ചുനോക്കി.

"ലോക്കറ്റിൽ വിഷമന്ന് അടക്കം ചെയ്യുവച്ചുവെന്ന് ഞാൻ സമ്മതിച്ചിട്ടില്ല. എന്നു ശാഠ്യം പിടിച്ചുകൊണ്ട് പിന്നാക്കം മാറി.

"സമ്മതിച്ചാലും ഇല്ലെങ്കിലും നിങ്ങടെ പറഞ്ഞതുകൊണ്ടു തെളിവിന്റെ കാര്യത്തിന്നു സംശയമില്ല. ഒപ്പിടാൻ മനസ്സുണ്ടെങ്കിൽ ഒപ്പിടു" എന്നു കൈച്ചീത്ത് മേശയുടെ അറ്റത്തേക്ക് മാറ്റിവെച്ച് പേനയും മഷിയിൽ മുക്കിവെച്ചുകൊടുത്തു.

"എജമാനനെ ഇങ്ങിനെ കല്പിക്കരുതെ എജമാനനെ മനസ്സാ വാചാ അറിയാത്ത അപരാധം എന്റെ പേരിൽ ചുമത്തരുതെ എജമാനനെ എന്നെ ചതിച്ചതാണ് എജമാനനെ എജമാനനെ എന്നെ രക്ഷിക്കണെ എജമാനനെ എന്നു സങ്കടപ്പെട്ട് കണ്ണുനീർ പൊഴിക്കുമ്പോഴേ ഇൻസ്പെക്ടരുടെ എടുത്തു കൈകൊണ്ട കാര്യസ്ഥന്റെ ചെകിട്ടത്തൊന്നു പൊട്ടിച്ചു. നാരായണാ കണ്ണുമഞ്ഞളിയപ്പോഴും കാര്യസ്ഥൻ വലത്തെ ചെകിട്ടു താങ്ങിക്കൊണ്ട്,

"അയ്യോ എജമാനനെ എജമാനനേ! എന്നു പറഞ്ഞ് നൃത്തം തുള്ളുവാൻ തുടങ്ങി.

"കിട്ടുണ്ണിമേനവന്റെ ചികിത്സ നിങ്ങടെ കഴിച്ചില്ലെ. തിങ്ങള് പിഴിഞ്ഞുകളും ധാരയും ഇവിടെക്കഴിപ്പിക്കാം" എന്നു പറഞ്ഞ ഇൻസ്പെക്ടർ പുറത്തേക്കിറങ്ങി.

"തൊണ്ണൂററഞ്ച് എവിടെ അകത്തുപോയി കാര്യസ്ഥനെ കൊണ്ട കൈപ്പിഴത്തൊപ്പിടുവിക്കണം" എന്നു പറഞ്ഞ തിരിച്ച

ത്തിൽ ഒരു കോൺസ്റ്റബിൾ ഇൻസ്പെക്ടരുടെ അഭിപ്രായം അറിഞ്ഞിട്ടെന്നപോലെ കൈകൊണ്ടും നിരത്തിക്കൊണ്ട് അകത്തേക്ക് കടന്നു. ഇൻസ്പെക്ടർ സ്റ്റേഷൻ മുററത്ത് ഒരു കസാലയിൽ ഇരുന്ന് സുഖമനുഭവിക്കുവാനും തുടങ്ങി. അരമണിക്കൂറോളത്തേക്ക സ്റ്റേഷൻ മുറിയിൽ ചില ചവിട്ടും ഒച്ചയും ആർത്തനാദവും നടന്നതിന്റെ ശേഷം ഒപ്പിട്ടുവെന്നു പറഞ്ഞ കോൺസ്റ്റബിൾ പുറത്തേക്കുവന്നു. അന്നത്തെ രാത്രിയിലെ കഥ ഇങ്ങിനെ അവസാനിച്ചു. കൃഷ്ണമേനവൻ ബന്ധനാവസ്ഥയിൽതന്നെ. തവണക്കാരൻ കോൺസ്റ്റബിൾഒഴികെ ശേഷമുള്ളവർ അവരവർ ദിക്കിലേക്ക് പോവുകയും ചെയ്തു.

പിറേറ ദിവസം പകൽ രണ്ടു മണിയോടുകൂടി കുഞ്ഞിരാമൻ നായരെ പോലീസ്സ്റ്റേഷനിലേക്ക് കൊണ്ടുപോയി. കിട്ടുണ്ണിമേനവൻ മരിച്ചതിൽപിന്നെ കുഞ്ഞിരാമൻനായർ ഏളവല്ലൂക്ക് കടന്നിട്ടില്ല. ഇതാ ഇപ്പോൾ ആ കിട്ടുണ്ണിമേനവന്റെ കലപാതകക്കേസ്സിൽ തന്നെ ഒരു കുററക്കാരനായിട്ടാണ് ഏളവല്ലൂർ സ്റ്റേഷനിലേക്ക് കടന്നത്. കൃഷ്ണമേനവന്ന് പകരം പണിയെടുക്കുന്ന ഹെഡ്കോൺസ്റ്റബിൾക്ക് ഈ കേസ്സിന്റെ മൂലം നല്ലവണ്ണം കണ്ടറിവാൻ ഏടയാവാത്തതുകൊണ്ട് ഇന്നും ഇൻസ്പെക്ടർ തന്നെയാണ് വിസ്താരരംഗത്തിൽ പ്രവേശിച്ചത്. ഇന്ന ദിവസം വിസ്താരത്തിന്നിടക്ക് ഇൻസ്പെക്ടർ കൈകൾ പിന്നിൽ കോർത്തുപിടിച്ച് നിന്നതേയുള്ളു. നോട്ടുകുറിക്കുവാൻ പുതിയ സ്റ്റേഷനാപ്പീസരായിരുന്നു.

കേരളക്ഷിതിരത്നമാല

ഈ സാധനങ്ങൾക്ക് അതാതു ദേശത്തെപ്പോലെ വില നിശ്ചയിച്ച് ഉണ്ടാകുന്ന ധനം ജന്മിക്ക് കൊടുക്കേണ്ടുന്നതാകയാൽ അതിന്ന കരം എന്നു മുനികൾ പറയുന്നു.

കേദാരശാലിബീജാനാംപഞ്ചപ്രസ്ഥസ്യവാപനെ
വിസ്തീർണ്ണത്രീണിസംജ്ഞംസ്യാത്തുണീനാംവിശതിഃകല ൽ

ന ഇടങ്ങഴി നെല്ല് വിതക്കേണ്ടുന്ന വിസ്താരമുള്ള കണ്ടത്തിന്

ദ്രോണി എന്നും ആറു ദ്രോണികൾ ൨൦ കൂടിയതിന്നു കലം എന്നും പേർ.

മുഷ്ടിത്രയേണകിഷ്കുവിസ്തീർണ്ണാകൃതികിഷ്കുപായതാമഹീ
പ്രസ്ഥദ്വയസ്യവാപക്ഷേത്രശാലിനാമുചിതാമതം വ്യാ

൩ (മുഷ്ടി) കോൽവിസ്താരവും ൧൦ കോൽനീളവും ഉള്ള ഭൂമി രണ്ടു ഇടങ്ങഴി നെല്ല് വിതെപ്പാൻ യോഗ്യമായിട്ടുള്ളതെന്നു സമ്മതം വന്നിരിക്കുന്നു.

ധാത്രീകലാപേതവിംശതിദണ്ഡതതാ-
കർഷ്യവിനിമ്മിതിപരിസമ്മിതദണ്ഡദീർഘം
തത്കേദാരീർഘമപഹത്യതവൽപ്രകുർയ്യാ
മേവംവിനിർണ്ണയമശേഷധരാസുധീമാൻ വൃഃ

൨൦ ദണ്ഡവിസ്താരവും ൧൬൦ ദണ്ഡദീർഘവും ഉള്ള ഭൂമി കലം ആകുന്നു. എല്ലാ ഭൂമികളിലും ബുദ്ധിമാൻ വിസ്താരംകൊണ്ട് ദീർഘത്തെ പെരുക്കി ഇങ്ങിനെ നിർണ്ണയം ചെയ്യണം.

സാമാന്യഭൂഗതബീജസംഖ്യേകാദിസ്സായകാവധിക
പരിഷ്ഷൃത്തിമെത്ഭൂയാൽപ്രവൃദ്ധമിതിസമ്മതം വ്യ.

സാമാന്യമായി ഭൂമിയിൽ വിതച്ച വിത്ത് ൧ മുതൽ ൫ വരെ ഉള്ള സംഖ്യകൊണ്ടു വർദ്ധിക്കും എന്ന് സകല സമ്മതം ആകുന്നു.

ഷഡന്തിമബീജവൃദ്ധൌദ്വിഭാഗാബീജകരസ്മൃതഃ
ത്രിഭാഗശ്ചാപ്യേകത്രാപികെചിദേവംജഗുർബുധഃ വ്യ.

൬ മേനിയോളം വിളവുണ്ടായാൽ അതിൽ രണ്ടു മേനി കപ്പം കൊടുക്കണം. ചിലേടത്തു മൂന്നു മേനി കപ്പവും കാണുന്നുണ്ടെന്നു ചില വിദ്വാന്മാർ പറഞ്ഞിരിക്കുന്നു.

തസ്മാദുപരിവിംശാന്ത്യബീജവൃദ്ധൌചതുർഗ്ഗുണം
ബീജംകരമിതിപ്രാഹുർദ്വൌപഞ്ചസായകാവധിം വൃ

൧൦-ൽ അധികം ൨൦ വരെ വിത്തു വർദ്ധിക്കുന്നു എങ്കിൽ അതിൽനിന്നു ൪ മേനിയും ൫ മേനിയും നെല്ലു കരം എന്നു പറയുന്നു, സായകം=൫

ചത്വാരിംശന്തിമെതസ്മാൽബീജവൃദ്ധൌദശവാഹതം
ബീജംകരംവിഭാഗംവാതിപ്രഭാഗമപിദൃശ്യതേ വൃ

൨൦-ൽനിന്നു അധികം ൪൦ വരെ ബീജവൃദ്ധിയുണ്ടെങ്കിൽ

൧൧ മേനിയും ൧൨ മേനിയും ൧൩ മേനിയായും കരം കുറഞ്ഞപ്പെടുന്നു.

ത്ര്യംശൈകപരിസൃഷ്ടബീജക്ഷേത്രിഹതകരഃ
അംബുദേപൗചതുർവ്വരപാപിവാപാസ്തിരദീതളേ വൃന്ദ

൫൫-ൽനിന്നു മേൽപ്പെട്ട ബീജവൃദ്ധിയുള്ളതിനു ഒക്കെയും ൨൦ൽ ഭാഗം കരം പറയപ്പെട്ടിരിക്കുന്നു. ൧൦ാം കൊല്ലത്തിൽ ഒണ്ടാകുന്ന പ്രാബല്യം വിതക്കാവുന്ന.

പാദദൈവയോഗചിതായുധ്യാർന്ന്യൂനൈയാഃപാദാധികഃകരഃ
പാദത്രയോചിതായാസ്ത്രുണിതാവർദ്ധ്യധികഃ കരഃ വൃന്ദ

അരവാരി കരത്തിന്നു യോഗ്യതയുള്ളതിന്നു കാലിൽ അധികം കരവും മുക്കാൽ കരത്തിന്നു യോഗ്യതയുള്ളതിന്നു അരയിലധികം കരവും ബുധന്മാർ വിധിച്ചിരിക്കുന്നു.

ജലന്യൂനാതിരിക്തതാപശുപക്ഷിമൃഗാദ്യുപദ്രവാം
ബന്ധകമരക്ഷണയത്നജ്ഞാതാപാദാലികദാനാദിഭിഃ വൃവ

വെള്ളം ഇല്ലായ്മയേയും ആധിക്യത്തെയും പശുക്കൾ പക്ഷികൾ മൃഗങ്ങൾ ഇവയുടെ ഉപദ്രവത്തെയും രക്ഷണപ്രയത്നത്തെയും ആലോചിച്ച് ഒട്ടിന്റെ കരനിശ്ചയം ചെയ്യണം.

പൂർവ്വരാജ്ഞിസംഭ്രാന്തിഃ ഭാരമേല്പിന്നുള്ളവ
നിത്യസാധാരണീ ശ്രേഷ്ഠസമ്പൂർണ്ണകരാ സ്മൃതാ വൃൻ

മുൻകൃഷിചെയ്യുന്ന ഭൂമിക്ക് പൂർവ്വികന്മാരാൽ അനുവദിക്കപ്പെട്ട കപ്പം കൊടുക്കണം. എല്ലാപ്പോഴും പൂർണ്ണമായ കപ്പം ഉള്ളതിന് ശ്രേഷ്ഠാ എന്നും സാധാരണി എന്നും പേർ.

ബീജവൃദ്ധിം ഗുണൈരേവ ഭൂവസ്സംപാലയേദ്ബുധഃ
ഗുണാധാരാ പരിചയാഭ്യാസാദാചാരതോ ഗുരോഃ ൻo

ഭൂമിയുടെ ഗുണംകൊണ്ടുതന്നെ ബീജവൃദ്ധിയെ പാലിക്കണം. ആ ഗുണത്തെ ഭൂമിയുടെ പരിചയംകൊണ്ടും വ്യവഹാരംകൊണ്ടും ഗുരുവാക്യംകൊണ്ടും ഊഹിക്കണം.

സാമാന്യാദധികവിശിഷ്ടധനാപ്തിബീജാ
സ്സ്വല്പ്യശീതിരാവർദ്ധിപ്രവൃദ്ധാഃ
സംഖ്യാഗണൈസ്തകർഷകൈരിഹ ഭൂതമുക്ത
പ്രത്യാചിപാത്രകൃതിമതാം കരമാമനന്തി ൻ൪

വൃ *

സാമാന്യത്തിൽ അധികം ധാന്യമായ ഭൂമികളിൽ ൧൦, ൨൦, ൩൦, ൪൦ മുതലായ സംഖ്യകളെക്കൊണ്ട് വർദ്ധിച്ച ബീജങ്ങൾ ഉണ്ടാകുന്നു, അവിടെ ആ ഭൂപതിക്ക് അധികമായ കരം നിശ്ച യിക്കാം.

ന്യായാഗതാന്നാദികരാംശ്ച രാജ്ഞാ പാലയേദ്ദേശോചിതം കരം
നിബന്ധിതവ്യം ദ്വിജരാജഗോർക്ഷേത്രാധിപായകൈഃ ൯൨

ഇവിടെ പറയാതെകണ്ടുള്ളതും ആയ ചില ന്യായങ്ങളെ ആലോചിച്ച് ദേശോചിതമായ കരനിശ്ചയം ചെയ്തു ജന്മി ഭൂദാനാംകിതം (Lease) ചെയ്യണം.

കേദാരാരാമവാടികാസ്യ കൃഷ്യുത്ഭവം ധനം
ഭൂസ്വാമിസ്വാൽ ക്ഷിതീശസ്യ രക്ഷണാദേകദേശോപജം ൯൩

നിലം, തോട്ടം, തോപ്പുകൾ ഇവകളിൽ കൃഷികൊണ്ടുള്ള ധനം ആ ഭൂപതിയുടെ ഭൂമിസ്വത്വത്തിനും രാജാവിന്റെ രക്ഷണത്തിനും ഉപയുക്തമാകുന്നു.

ഭൂമേരാത്മോപകാരസ്യ ഭൂപ പ്രതിഫലം ധനം
ദീയതേ ക്ഷേത്രനാഥായ യോ ഭാഗഃ കരണം മതം ൯൪

ഭൂമിയുടെ ആത്മോപകാരത്തിനുവേണ്ടി ആ ക്ഷേത്രനാഥന് കൊടുക്കുന്ന ധനത്തെ കരണം എന്ന് സംജ്ഞയായും പറയുന്നു.

കരണസ്യോപഭോഗോ ദേശസ്യാംശസ്സമന്വിതഃ
വത്സരേ വാ ദശാംശഃ സ്യാൽ ശതാംശോ മാസി വാ ഭവേൽ ൯൫

ദ്വിഭാഗം വത്സരത്തിൽ കരണത്തിന്റെ ൧൦ ൽ ഒന്നോ മാസത്തിൽ ൧൦൦-ൽ ഒന്നോ ആകുന്നു സർവ്വസമ്മതമായി ഭവി ക്കുന്നു.

കരണവിഭാഗതദ്ഭാഗശില്പിഭിഃ
ഷൾസപ്തശകം വത്സരഭോഗമാത്രകൈഃ
ദ്വാദശകം വാ നവമാംശകം വാ
സദസ്യധർമ്മമിതാംശകം വാ ൯൬

൧൨ അംശമായി വിഭാഗിക്കപ്പെട്ട കരണത്തിൽ ൭ അംശ മോ, ൯ അംശമോ, ൧൧ അംശമോ ൧൨ അംശമോ ഒരു വത്സര ഭോ ഗമെന്നു പറയുന്നു.

ഉദാഹരണം വൃദ്ധിക്ക് ൧൦൦.

ഭൂമൌ നൃപാദാംശകീ ലൂനമൈത്ര്യ കാൎയ്യേഷു ഷഡി ലേഖാപി
സംവത്സരഗുരുത്വം കൎന്നീതീ കൎഷോഗസൂത്രകൎത്രപ്രതി ൻരു

സമസ്തഭൂമി കാൎയ്യങ്ങളിലും ൧൨. സൌരമാസങ്ങളും കൂടിയത് ഒരു കൊല്ലം. ആ കൊല്ലത്തിൽ തന്നെ കൃഷിയും കരത്തിന്റെ കാൎയ്യത്തിൽ കൊല്ലത്തിൽ ഒരു ഭാഗമെല്ലൂ.

പലവക

൧

മനസ്സാക്ഷി

സ്വാൎത്ഥപരമായ ആലോചനയോ പക്ഷപാതമോ കൂടാതെ നല്ലതെന്നും നല്ലതല്ലെന്നും? എന്നുള്ള പൂൎവ്വവിശ്വാസത്തോടുകൂടി സൽപ്രവൃത്തി ചെയ്യുവാനുള്ള ശക്തി ഈശ്വരദത്തമാണെന്നല്ലേ പരമോൽകൃഷ്ടമായ ജ്ഞാനത്തിന്റെ ഫലം, അവരവരുടെ ജ്ഞാനം എത്ര ഉൽകൃഷ്ടാവസ്ഥയിലെത്തിയിരിക്കുന്നുവോ അതിന്റെ താരതമ്യം പോലെ ഇന്നതു ചെയ്യണം ഇന്നതു ചെയ്യരുത് എന്ന ബോധം എല്ലാവരുടെയും മനസ്സിൽ സംശയംകൂടാതെ ജനിയ്ക്കുന്നുണ്ട്. എന്നാൽ ഈ ഒരു ബോധം മനസ്സിലെങ്ങിനെ കടന്നുകൂടുന്നു എന്നുള്ള ആലോചന നമ്മുടെ നടപടിയെ സംബന്ധിച്ചേടത്തോളം ഗോചരമാകയാണെങ്കിൽ ഒരുവിധം വിസ്താരമേണ്ട്. പ്രാചീനമത പ്രകാരം സൎവ്വാന്തൎയ്യാമിയായി സച്ചിദാനന്ദസ്വരൂപനായിരിക്കുന്ന ഈശ്വരങ്കൽനിന്നു നേരിട്ടു കിട്ടുന്ന കല്പനയോ, അഥവാ നവീനശാസ്ത്രസിദ്ധാന്തപ്രകാരം നിരന്തരമായ 'ജീവിതമത്സരത്തിൽ' ഇച്ഛാനിച്ഛങ്ങളും സുഖദുഃഖങ്ങളും അനുഭവിച്ചറിഞ്ഞിട്ടുള്ള ഓരോരോ പ്രാണികളിൽനിന്ന് പ്രത്യേകം പ്രത്യേകവും സമുദായങ്ങളിൽനിന്നും പരമ്പരയായി സമ്പാദിച്ചിട്ടുള്ള വാസനാസഞ്ചയമോ എന്തുതന്നെയായാലും മേൽപ്പറഞ്ഞ ഗുണദോഷവിവേചകജ്ഞാനം സകല ജീവികളുടേയും അന്തഃകരണത്തിൽ ദൃഢമായി വേരൂന്നിയിരിക്കുന്നതെന്നത് നിശ്ചയംതന്നെ. ഇതുതന്നെയാണ് മനസ്സാക്ഷി എന്നു പറയപ്പെടുന്നത്. ഈ മനസ്സാക്ഷി ഘടികം

പോലെയല്ല. നിർമ്മലമായ സ്ഫടികത്തിൽവെച്ചു വെളുക്കപ്പാലെയാണ്. അതു കാണുവാനല്ല ബുദ്ധിമുട്ട്, അതിനെ ഒരാൾ ഗ്രഹിക്കുന്നവരെ കണ്ടുകിട്ടുവാനാണ്.

൧.

മായ

വൃക്ഷം മൊട്ടിടുന്നു, ആ മൊട്ടുതന്നെ പൂവാവുന്നു. പൂവുതന്നെ ഫലമാവുന്നു. ഫലം പഴുത്തു വീണു ചീഞ്ഞുപോകുന്നു. ഗർഭപാത്രത്തിൽ കടന്നുകൂടിയ ശുക്ലശോണിതം മാംസപിണ്ഡമാവുന്നു. മാംസം കുട്ടിയാവുന്നു. കുട്ടിക്കു പ്രായം തികഞ്ഞ് മറിച്ചു പൂർണ്ണമാകുന്നേടം ചത്തും പോകുന്നു. ഇതുകൊണ്ടു താനാലോചിക്കുന്നവർക്ക് സകലത്തിനും പരിപൂർത്തി വന്നാൽ നാശം എന്നല്ലേ? ഉവ്വ്, അങ്ങിനെതന്നെ. പക്ഷേ ചീഞ്ഞ ഫലത്തിൽനിന്നാണ് മൊട്ടു പൊട്ടിപ്പുറപ്പെടുന്നത്. ഒരു ജീവി ചാവുന്നത് പത്തു ജീവിയെ ജനിപ്പിച്ചിട്ടാണ്. അതുകൊണ്ട് സൃഷ്ടിയിലെന്നുള്ള നാശസ്ഥാനം കാണുവാനും നാശസ്ഥാനത്തിലെത്തിയാൽ സൃഷ്ടി കാണുവാനും നിരന്തരമായ ആവർത്തനമാണ് ലോകസംഭവം. ഇതാണ് മായ.

൨.

കാളിദാസോപമ

൧. വികൃതിക്കുട്ടികളും തൊല്ല വ്യാപാരമില്ല.
ഇതെങ്ങിനെ? പാവിത്ര്യം കൂടും കഴിഞ്ഞാൽ പാകമായി.

൨. ഒരുതാരെട്ടിയും ആരോഗ്യമുള്ളതും ഒരുപോലെ.
ഇതെങ്ങിനെ? മനുഷ്യകീർത്തിയുടെ നാശം സംഭവിപ്പാനിടയുള്ളതു മേലാവുള്ളു നന്നാവുള്ളു.

ഭാഷാവിക്രമോൎവ്വശീയം

1905-ാമത വൎഷത്തെ എഫ്. ഏ. പരീക്ഷക്ക് സൎവ്വകലാശാലയിൽനിന്നു നിശ്ചയിച്ചിട്ടുള്ളതും കൊടുങ്ങല്ലൂര് കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ട് തൎജ്ജമചെയ്തിട്ടുള്ളതും ആയ വിക്രമോൎവ്വശീയം മഹാനാടകത്തിന്റെ പുതിയ പതിപ്പ് സംസ്കൃതപണ്ഡിതൻ രാമപ്പിഷാരോടി അവൎകളുടെ ടിപ്പണിയോടുകൂടി അച്ചടിച്ച് തെയ്യാറായിരിക്കുന്നു. പുസ്തകത്തിന്റെ വില പ്രതി ഒന്നുക്ക് തപാൽകൂലി ഒടുക്കം 14 അണ. രസികരഞ്ജിനി ആഫീസ്സിലേക്ക് മുൻകൂറായി അയച്ചാൽ പുസ്തകം കിട്ടുന്നതാണ്. നാഗരാക്ഷരത്തിൽ രാമവൎമ്മ എന്ന രസികരഞ്ജിനി പത്രാധിപരുടെ മുദ്രയില്ലാത്ത ബുക്കുകൾ വ്യാജമാകുന്നു.

മേൽപറഞ്ഞ നാടകത്തെ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് പരിശോധിച്ച് അതിലുള്ള കഥാസാരം, ഗുണദോഷം, ഭാഷ, രസം, ഇവകളെ സംഗ്രഹമായും സയുക്തികമായും എഴുതീട്ടുള്ള ഗ്രന്ഥം, ഈ രസികയിൽ മാത്രം പ്രസിദ്ധം ചെയ്യുവാൻ അദ്ദേഹം അനുവദിച്ചിട്ടുള്ള പ്രകാരം ഇടച്ചുമായി പ്രസിദ്ധംചെയ്തു തുടങ്ങീട്ടുള്ളത് സാഹിത്യവിഷയത്തിൽ താല്പൎയ്യമുള്ളവരും വിശേഷിച്ച് വിദ്യാൎത്ഥികളും വായിച്ചറിയേണ്ടതാകുന്നു, മലയാളത്തിൽ ഇങ്ങിനെ ഒരു ഗ്രന്ഥം ഇതിനുമുമ്പ് ഉണ്ടായിട്ടില്ലെന്നു ഞങ്ങൾ ധൈൎയ്യത്തോടുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഇതിനി കുറച്ചു പ്രതികൾ മാത്രമേ വിശേഷാൽ അടിക്കുന്നുള്ളു. അതുകൊണ്ട് ആവശ്യമുള്ളവർ ഉടനെ വാങ്ങിയില്ലെങ്കിൽ പിന്നെ ഇച്ഛാഭംഗത്തിന് ഇടയാവുന്നതാണ്. ര. ര. മാനേജർ.

രസികരഞ്ജിനി ആഫീസ്സിൽ വില്പാൻ തയ്യാർ.

സാവിത്രീ നാടകം. കുഞ്ഞിക്കൃഷ്ണപിള്ള. 0 2 0

വെണ്മണി മഹൻനമ്പൂരിപ്പാട്ടിലെ [illegible],

കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കൊറത്തിപ്പാട്ട 0 0

നാഗാനന്ദം (ഭാഷാനാടകം) [illegible]

തപാൽകൂലി പുറമെ. മേൽപറഞ്ഞ പുസ്തകങ്ങൾക്കിനി മാനേജരോട് ആവശ്യപ്പെടുക.

കവനോദയം

വൈദ്യം, ജ്യോതിഷം, കിളിപ്പാട്ടു, തുള്ളൽ, നോവൽ, നാടകം മുതലായി വിശേഷപ്പെട്ട അനേകകൃതികൾ ഇതിൽ ചേൎത്തുവരുന്നു. കൊല്ലത്തിൽ ൩൦ പ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകമാലയിൽ ഓരോകുറി നൂറ് ഭാഗങ്ങളിൽകൂടി ൩ കൃതികളിൽ കുറയാതെ ഉണ്ടായിരിക്കും. കൊല്ലത്തിൽ ൪ ഉറുപ്പിക വരി അടച്ചാൽ മതി. തപാൽകൂലി പുറമെ വേണ്ട. വിദ്യാൎത്ഥികൾക്കാണെങ്കിൽ മൂന്നര ഉറുപ്പിക തന്നാൽ മതിയെന്ന് ഒരു പുതിയ നിശ്ചയംചെയ്തിരിക്കുന്നു. ഈ പുസ്തകമാലയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ അനേക പുസ്തകങ്ങൾ ഇവിടെ വില്പാനുണ്ട്. ചിലതിന്റെ വിവരം താഴെ ചേൎക്കുന്നു.

ജ്യോതിഷവിഷവൈദ്യം— ഈ പുസ്തകം കൈവശം ഉണ്ടായിരുന്നാൽ പാമ്പുകടിച്ചു ഉടനെ വൈദ്യന്റെ അടുക്കെ ഓടേണ്ടിവരികയില്ല. വില ൧൨ അണ.

സംവൃത്തമാലിക— മലയാളത്തിലുള്ള വൃത്തങ്ങളുടെ എല്ലാ സ്വഭാവങ്ങളും അറിവാൻ ഈ പുസ്തകം മതിയാവുന്നതാകുന്നു. വില ൮ അണ.

ജാനകീപരിണയം.—കൊട്ടാരത്തിൽ ശങ്കുണ്ണി ഉണ്ടാക്കിയ ഒരു രസികനാടകമാണിത്. മനോഹരമായതല്ലേ. വായിപ്പാൻ ബഹുരസമുണ്ട്. വില ൧-൪ മാത്രം.

* ഹസ്തലക്ഷണദീപിക—ഈ പുസ്തകം കൈവശമുണ്ടെങ്കിൽ കൈരേഖകളിലെ ഭാഗ്യങ്ങൾ പറവാൻ വിഷമിക്കയില്ല. വില ൪ അണ.

* കഥാശതകം— ഇതൊന്നു വായിച്ചുനോക്കുവിൻ. വില ൨ അണ.

* ചക്കീചങ്കരം നാടകം—ചിരിക്കാതെ ഇത് വായിപ്പാൻ പ്രയാസം. വില ൩ അണ.

ഇവകൾക്ക് തപാൽകൂലി പുറമെ *ഈ അടയാളം വെച്ചവഴികൾ ശേഷമെല്ലാം അച്ചടി അതിമനോഹരം കടലാസ്സ് എല്ലാം ഒന്നാംതരം ബഹുവിശേഷം. താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ എല്ലാപുസ്തകങ്ങളും വി. പി. ആയി അയച്ചുകൊടുക്കും.

കെ. കുഞ്ഞൻനമ്പ്യാര്.
കവനോദയം മാനേജർ,
നാദാപുരം.

ളുള്ളവരാക്കി ത്തീക്കും. നാഡീക്ഷയത്തിന്ന ഉടനടി ശമനവും വരുത്തി ബുദ്ധിക്കും ആലോചനാശക്തിക്കും ഓർമ്മശക്തിക്കും അനുകൂലമായ ആരോഗ്യത്തിന്നും കുറവില്ലാത്ത ഒരു ചൈതന്യത്തെ വരുത്തി ബുദ്ധികൊണ്ടുള്ള അദ്ധ്വാനങ്ങൾക്ക സ്വാതന്ത്ര്യത്തെ വരുത്തി മനസ്സുകൊണ്ടുള്ള വേലകൾക്ക എല്ലാവരേയും സമർത്ഥന്മാരാക്കും. നാഡിദൗർബല്യം പിടിപെട്ട വൈദ്യന്മാരെല്ലാം കൈവിട്ട പോയിട്ടുള്ള ദുസ്സാദ്ധ്യരോഗത്തിൽ ഒരിക്കൽ ഈ പ്രമേഹത്തിന്നു സേവിച്ചാൽ അത്ഭുതകരമായ ഗുണം കാണും. മൂത്രം അടക്കാൻ നില്ലാതെയോ മൂത്രസഞ്ചിയിൽ വെച്ചിട്ടില്ല പുണ്ണും മൂത്രം തീർപ്പാൻ കഴിയാതെയും മൂത്രപിണ്ഡങ്ങൾക്ക ഈ മാതിരി രോഗങ്ങൾ ഉണ്ടാവുന്നതും മൂത്രസഞ്ചിയിൽനിന്ന കഫപ്രവാഹത്തിൽ പാലുപോലെ വെള്ളത്തെ തടിച്ച കഞ്ഞിപോലെ ഒരു വസ്തു ചുട്ടുനീറിക്കൊണ്ട ഒലിച്ചുപോകുന്നതിൽ ഈ ഔഷധം ഉപയോഗിക്കേണ്ടതാണ്. സ്ത്രീയോ പുരുഷനോ ആലോചനക്കുറവുകൊണ്ട അതിസംഗമങ്ങൾ കൊണ്ട അനുഭവിച്ചുവരുന്ന പരമദ്രോഹികളായ രോഗങ്ങൾക്കും ഈ പ്രമേഹത്തിന്നു അകറ്റിക്കളയും.

Ratibilas രതിവിലാസം. ഞരമ്പുകളിന്നുണ്ടാവുന്ന രോഗങ്ങൾക്കുള്ള ആയുർവ്വേദരീതിയിലുള്ള പ്രത്യേകൗഷധം. പതിനഞ്ചു ദിവസത്തേക്ക രണ്ടു പെട്ടി ഗുളികകളും ഒരു കുപ്പി എണ്ണയും കൂടിയ്ക്കു. ശരീരത്തിലുള്ള അവയവങ്ങളിൽ ഞരമ്പുകളുടെസമൂഹമാണ്. ഏറ്റവും വിശേഷമായി സ്ഥിതി വരുത്തപ്പെട്ടിട്ടുള്ളത അതിന്റെ സ്ഥിതി നോക്കിയറിഞ്ഞാൽ ദേഹത്തിലുള്ള സകല രോഗങ്ങളേയും സ്വഭാവം തിരിച്ചറിയാം. ഞരമ്പുകൾ ബലഹീനങ്ങളായാൽ പുരുഷൻ അതിവേഗത്തിൽ രോഗിയായിവരും. ഞരമ്പുകൾക്ക കേട തട്ടുമ്പോൾ സകല അവയവങ്ങളും അവയവ പ്രവൃത്തികളും ക്രമക്കേടുകൾകൊണ്ട ക്ഷീണിച്ച രോഗമുണ്ടാകും. അതിയായിട്ടുള്ള മദ്യപാനവും ആ തരത്തിലുള്ള അതിഭോഗങ്ങളും ഉലയുന്നിപ്പാൻ തക്കവണ്ണമുള്ള പ്രവൃത്തികളും ഇന്ദ്രിയങ്ങൾക്ക ക്ഷീണം വരുവാൻ തക്കവേലകളും ഒരുപോലെ ഞരമ്പുകളെ ക്ഷീണിപ്പിക്കും. അജീർണ്ണരോഗവും, ഞരമ്പുകൾക്ക വന്നിട്ടുള്ള ബലഹീനതകൊണ്ട രോഗം പിടിച്ചിട്ടുള്ള ജനങ്ങൾ സുഖഹാനിയെ മൌനമായി അനുഭവിച്ചു ദുഃഖിക്കുന്നു. അവർക്ക ജീവൻ ഒരു ഭാരമായിവരുന്നു. അവർക്ക മരണം സൌഖ്യമെന്നും തോന്നും. ജീവകാലത്തി

കൽ ഈ രോഗികൾക്കൊക്കെയും ഒട്ടും ഉന്മേഷമില്ല ജീവസ്സുമാത്രം അവരിൽ കാണില്ല. ഇഹലോകസുഖങ്ങളെ അധികം അനുഭവിപ്പാൻ അവർക്കു ആശയുണ്ടാവാതെ വരുമ്പോൾ ഇഹലോകത്തിങ്കലുള്ള ഓരോ കഷ്ടപ്പാടുകളെ തടുത്തു രക്ഷിപ്പാനും അവർ ആളാവുന്നതല്ല. ഈ മഹാരോഗത്തിന്ന പററുന്ന ഔഷധങ്ങൾ അനേകം വില്പാനുണ്ടെന്ന പലരും പത്രങ്ങളിലും പ്രസിദ്ധം ചെയ്യുന്നു. അവയിൽ ഫലിതം ഏറിയവയെ ഉള്ളവെന്നും കാണുകയും ചെയ്യും. ഈ വക ഔഷധങ്ങളെ ഞങ്ങൾ വാങ്ങി ശാസ്ത്രവിധികൾ അനുസരിച്ചു പരിശോധിച്ചു പരീക്ഷിച്ചു നോക്കീട്ടുള്ളതിൽ ആ വക മരുന്നുകൾ ഒന്നെങ്കിലും പറയുന്ന ഗുണങ്ങളെ ചെയ്തുകൊടുപ്പാൻ സാമർത്ഥ്യമുള്ളതായി കണ്ടിട്ടില്ല. ഒന്നെങ്കിലും നല്ലതല്ല. ഇതു അനേകം വൈദ്യന്മാരുടെ അനുഭവമാണ്. അതുകൊണ്ട് ഈ മഹോപദ്രവകാരിയായ രോഗത്തിന്ന ഔഷധങ്ങളില്ലെന്ന ജനങ്ങൾ വിശ്വസിക്കുന്നു. ഇതു തെററാണ്. കരുണാനിധികളായ സർവ്വജനങ്ങളുടെയും നന്ദിക്കു പാത്രങ്ങളായ ഋഷികൾ ഈ രോഗനിദാനം വരുത്തി അതിന്ന തക്കമരുന്നുകൾ നിശ്ചയിച്ചിരിക്കുന്നു. ഈ അതിദുസ്സഹമായ രോഗത്തിന്റെ വേരറുത്തു അതിനെ ശാന്തി വരുത്തുന്നതിന്ന ഔഷധമുള്ളതു മേല്പറഞ്ഞ രതിവിലാസമാണ്. അതുകൊണ്ടു ജനങ്ങൾക്കൊക്കെയും ഉപകാരം വരിക്കും. വളരെ ശുഷ്കാന്തിയോടുകൂടി പണിപ്പെട്ടു ജാഗ്രതയായി ഞങ്ങൾ ഇതിനെ ഉണ്ടാക്കിയിരിക്കുന്നു. ഇന്ത്യാരാജ്യത്തിൽ അനേകായിരം ജനങ്ങൾക്ക് ഈ മരുന്ന ഞങ്ങൾ കൊടുത്തു പരീക്ഷിച്ചിരിക്കുന്നു. ഒരു ഒററ സംഗതിയെങ്കിലും ഫലിതമില്ലാതെ കണ്ടിട്ടില്ല. 'ഈ രോഗം ശമിക്കില്ല എന്നു ചൊല്ലട്ടെ'—എന്നു വിരോധപ്പെട്ടിട്ടുള്ള ജനങ്ങൾ ഈ രതിവിലാസക്കോ വാങ്ങി ഒന്ന പരീക്ഷിച്ചു നോക്കട്ടെ.

ബാല്യകാലത്തിങ്കലിൽ ദേഹക്ഷീണമാകുന്ന ഫലവും. മനുഷ്യർക്ക ശവപ്രായമായ ക്ഷീണമുണ്ടാകുമ്പോൾ അതിനെ തീർക്കും. ബാല്യത്തിൽ ബുദ്ധിഭ്രമംകൊണ്ടു ആലോചനയില്ലാതെ ഓരോ ദുർവ്യാപാരങ്ങളെക്കൊണ്ടും അതിഭോഗങ്ങളെക്കൊണ്ടും കെല്പററു ജീവശവങ്ങളായവരുടെ ജീവസ്സും മിടുക്കും മടക്കിവരുത്തുവാൻ ഇതു നല്ല ഔഷധമില്ല. മജ്ജാകേന്ദ്രങ്ങളായ സ്ഥാനങ്ങളെ പ്രത്യേകം ഈ ഔഷധം ബലപ്പെടുത്തും. വൈദ്യശാസ്ത്രപാണ്ഡിത്യമുള്ള ചികിത്സാ

രിസങ്ങളും വിശേഷിച്ചുവരുന്ന ടോണിക് (ബലദായകങ്ങൾ) എന്ന ഔഷധങ്ങളെല്ലാം പരക്കെ ദേഹചൈതന്യത്തെയും മെയ്‌വിടുക്കിനെയും രക്തശക്തിയേയും ഇന്ദ്രിയബലത്തിനെയും ഉണ്ടാക്കും. തെൽപ്പു മണ്ടിമറഞ്ഞു തളൎന്നുകിടക്കുമ്പോൾ ചൈതന്യത്തെ മണ്ടുകളും ഉണ്ടാക്കാൻ ഈ മരുന്നുകൾ ഉപകരിക്കും. വിശപ്പും ഉറക്കവും ഇണങ്ങലും സൌന്ദര്യവും തരാൻ ഈ മരുന്നുകൾ ഏറവും ഉതകും. കഠിനമായ അദ്ധ്വാനംകൊണ്ടൊ അതിപ്രയത്നംകൊണ്ടൊ അതി ജാഗ്രതയോടെ പുസ്തകങ്ങൾ വായിച്ചു പഠിച്ചതുകൊണ്ടൊ ബാല്യബുദ്ധികൊണ്ടുവരുന്ന അതിമോഹങ്ങളെക്കൊണ്ടൊ പ്രാണസാഹസംകൊണ്ടൊ ശീതോഷ്ണാധിക്യംകൊണ്ടും ആഹാരവൈപരീത്യസമ്പ്രദായങ്ങൾകൊണ്ടൊ വല്ല ദീനങ്ങളും ഉണ്ടായിട്ടുണ്ടെങ്കിൽ അതു നശിപ്പാൻ ഉപായം തെളിവിലാസമെന്ന ഞങ്ങളുടെ മരുന്നു സേവിക്കുന്നതുതന്നെ. ഞരമ്പുകളുടെ ക്ഷീണത്തെ തീൎക്കും. ദേഹാവയവങ്ങൾക്കെല്ലാം ചൈതന്യലാഭവും ഉശിരും ഉണ്ടാവും. ക്ഷീണംകൊണ്ടും മനോബലഹാനികൊണ്ടും ഉണ്ടാവുന്ന കേടുകളെ തീൎക്കും.

ഫലിതമേറിയ ഈ ഔഷധത്തിന്റെ കൎത്താവു സൎവ്വത്രപ്രസിദ്ധനായ ശിവനാണ്. അതിന്റെ സഹായംകൊണ്ടു അനേകായിരം ജനങ്ങൾ സുഖപ്പെട്ടിട്ടുണ്ട്.

മേല്പറഞ്ഞ എല്ലാ മരുന്നുകളും താഴെ എഴുതിയ മേൽവിലാസത്തിൽ എഴുതി ചോദിക്കേണ്ടതാണ്. എഴുത്തുകളുകൾ മലയാളത്തിലൊ, തമിഴിലൊ, ഇംഗ്ലീഷിലൊ ആയിരിക്കണം.

ടി. എസ്സ്. സുബ്രഹ്മണ്യ ആൻറ് കമ്പനിക്കാര,
33, അൎമ്മീനിയൻ-തെരുവ്,
മദ്രാസ്,

Messrs. T. S. SUBRAMANIA & Co.,
33, Armenian Street,
Madras.

കമ്മിഷൻ

രസികരഞ്ജിനിക്ക് പുതിയ വരിക്കാരെ ഉണ്ടാക്കി അവരുടെ പരിപ്പണം മുഴുവൻ മുന്നൂറായി പിരിച്ച് പേരുവിവരപ്പട്ടികയോടുകൂടി ഒരു സംഖ്യ ആപ്പീസ്സിൽ അടക്കുന്നവൎക്ക് ൧൫-കയിൽ കുറയാതെയുള്ള സംഖ്യകൾക്ക് ൧൦൦ ക്ക് ൧൫ കവീതം കമ്മീഷനും ൩൦ കയിൽ കുറയാതെ പിരിച്ചടക്കുന്നവൎക്ക് മേല്പറഞ്ഞ കമ്മീഷനും പുറമെ മുപ്പതിനെ ഉറുപ്പികക്ക് രഞ്ജിനിയുടെ ഒരേ പ്രതിവീതം സൌജന്യവും കൊടുക്കപ്പെടും. ര. ര. മാനേജർ.


൮൯-ലെ പണം അടച്ചവരുടെ പേര്. മകരംമുതൽ

കൊച്ചി വ്യ-ളൂറ് തമ്പുരാൻ തിരുമനസ്സുകൊണ്ട്	3	0	0
കെ. സി. വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട്	3	0	0
കെ. സി. മരുമകൻ തമ്പുരാൻ തിരുമനസ്സുകൊണ്ട്	3	0	0
കെ. സി. ഏട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ട്	3	0	0
കെ. സി. വീരരായൻ രാജാ തിരുമനസ്സുകൊണ്ട്	3	0	0
സാമൂതിരിപ്പാട് തമ്പുരാൻ തിരുമനസ്സുകൊണ്ട്	3	0	0
പി. കെ. കുഞ്ഞേട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ട്	3	0	0
നെടുങ്ങാടിപ്പാട് തമ്പുരാൻ തിരുമനസ്സുകൊണ്ട്	3	0	0
മ. രാ. രാ. കെ. ഡബ്ളിയു. ജോസഫ് അവർകൾ	1	10	0
" മാണിക്കത്തുശങ്കരമേനോൻ "	3	0	0
" ടി. സി. കൃഷ്ണമേനോൻ "	3	0	0
" ജി. വി. മെമ്മോറിയൽ വായനശാലസിക്രട്ടറി "	2	4	0
" കെ. നാരായണമാരാർ "	3	0	0
" കെ. രാമൻ മേനോൻ "	3	0	0
" മാറായിൽ കൃഷ്ണമേനോൻ "	3	0	0
" പി. രാമൈപ്പ് "	3	0	0
" കെ. വാസുദേവൈപ്പ് "	3	0	0
" ഗോപാലൈപ്പ് കൃഷ്ണയ്യർ "	3	0	0
" കെ. വെങ്കിടേശ[illegible]നായി "	3	0	0
" കെ. ഗോവിന്ദമാരാർ "	3	0	0
" ജി. ആർ. പണിക്കർ "	1	8	0

മ. രാ. രാ. തോട്ടക്കാട്ട് ഗോവിന്ദമേനോൻ അവർകൾ	3	0	0
" മേപ്പിള്ളി കുഞ്ഞികിട്ടമേനോൻ	" 3	0	0
" ജി. പി. സുബ്രഹ്മണ്യയ്യൻ	" 3	0	0
" പി. ഗോവിന്ദമേനോൻ	" 3	0	0
" ചിറപ്പുറത്ത് മത്തായി മാപ്പിള	" 1	0	0
" പി. ശങ്കുണ്ണിമേനോൻ	" 3	0	0
" പടിഞ്ഞാറെ സ്രാമ്പിയിൽ കൃഷ്ണമേനോൻ	" 3	0	0
" കണ്ടൂര് നാരായണമേനോൻ	" 3	0	0
" സി. ചാത്തുക്കുട്ടി മന്നാടിയാർ	" 3	0	0
" കൊപ്പുറമ്പിൽ കുഞ്ഞികൃഷ്ണൻനമ്പ്യാർ	" 3	0	0
" ടി. എ. അനന്തരാമയ്യൻ	" 3	0	0
" പി. എ. സ്റ്റീഫൻസൻ	" 3	0	0
" മടത്തിപ്പാട്ട് ശങ്കരമേനോൻ	" 3	0	0
" കെ. കുഞ്ഞുണ്ണിപ്പിഷാരടി	" 3	0	0
" എ. ശങ്കരനാരായണയ്യൻ	" 3	0	0
" എം. ശങ്കുണ്ണിക്കുറുപ്പ്	" 3	0	0
" കുറ്റൂര് കൃഷ്ണപ്പിഷാരടി	" 3	0	0
" പാറക്കാട്ട് ദാമോദരമേനോൻ	" 3	0	0
" എളേടത്ത് നാരായണമേനോൻ	" 3	0	0
" സി. മത്തായി	" 3	0	0
" കേശിക്കാട്ട് അച്യുതമേനോൻ	" 3	0	0
" പി. കെ. നാരായണൻ നമ്പീശൻ	" 3	0	0
" വി. കെ. നാരായണമേനോൻ	" 3	0	0
" തെക്കേക്കുറുപ്പത്ത് നാലുകെട്ടിൽ കുഞ്ഞിഅമ്മ	" 3	0	0
" പാട്ടത്തിൽ നാരായണമേനോൻ	" 3	0	0
" പാറക്കാട്ട് ശങ്കുണ്ണിമേനോൻ	" 3	0	0
" ഇ. രാമവാരിയർ	" 3	0	0
" ടി. എം. അപ്പുനെടുങ്ങാടി	" 3	0	0
" മാണിക്കത്ത് നാരായണമേനോൻ	" 3	0	0
" പി. ശങ്കുണ്ണിമേനോൻ	" 3	0	0
" ടി. എൻ. വൈദ്യനാഥയ്യൻ	" 3	0	0

൧. ലക്ഷ്മീകരകസ്തൂരിഗുളികകൾ.

താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സന്തോഷം ഉപയോഗിക്കേണ്ട വിലയേറിയ സാധനം,—ദന്തവേദന, വായ്നാറ്റം, അജീർണ്ണം, പിത്തവായു, ഇവയെ ശമിപ്പിക്കും.



തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ എത്ര ഗുരുദ്രവ്യത്തെയും ജീർണ്ണപ്പെടുത്തും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലോഹരസായനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി, പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ടു. ചളി, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏറ്റക്കുറച്ചിൽ പോലെ ഒന്നു മുതൽ ൪ വരെ ഗുളികകൾ വെറ്റിലച്ചാറിൽ കൊടുത്താൽ സുഖപ്പെടും.

൨൦൦. ഗുളികകൾ ഉള്ള കുപ്പി ൧-ക്ക വിലയാണ ൪. ൧-മുതൽ ൧൨-വരെ കുപ്പികൾ അടങ്ങിയ ബങ്കി ൧-ക്ക തപാൽകൂലി ൪-ണ.

൨. ദന്തചൂർണ്ണം.

സുഗന്ധമായുള്ളതു—എല്ലാമാതിരി ദന്തരോഗങ്ങളെയും നീക്കും.

വില, കുപ്പി ഒന്നിനു മൂന്നണ. തപാൽചിലവു രണ്ടു കുപ്പിവരെ ൩-ണ വേറെ.

൩. ജ്വരഹാരി.

കുളിർപ്പനി, ദോഷപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം മുതലായവ ശമിക്കും.

വില കുപ്പി ഒന്നിനു ൧ ക. തപാൽചിലവു ൩ ണ വേറെ.

൪. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം.

ഇതു തേച്ചു കുളിച്ചാൽ ചൊടി, ഈര്, പേൻ, ഇവ ഒഴിഞ്ഞുപോകയും, തലമുടി അഴകായും കറുപ്പായും വളരും. കണ്ണിനു കുളിർമ്മയുണ്ടാകും. സകല മസ്തകരോഗങ്ങളും തലവേദനകളും നീങ്ങും. ദേഹത്തിലുള്ള ചൂടു കുറയും. രോമം പൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാകും.

വില കുപ്പി ഒന്നിനു ൮-ണ. തപാൽചിലവു ൩-ണ വേറെ.

൫. രോമസംഹാരി.

രോമം എവിടെ വേണ്ടാതാകുന്നുവോ അവിടെ ഇതു തേച്ചു പിടിപ്പിച്ചാൽ യാതൊരു വേദനയുമുണ്ടാകാതെ രോമങ്ങൾ മാറും.

വില കുപ്പി ഒന്നിനു ൪-ണ. തപാൽചിലവു മൂന്നു കുപ്പികൾ വരെ ൩-ണ വേറെ.

പി. സുബ്ബരായി
പറങ്കിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.
P. SUBBAROY, Porto Novo.

൧൦. അഗ്നിമാന്ദ്യസംഹാരി.

ഭക്ഷണമില്ലായ്ക, പുളിച്ചുതികട്ടുക, നെഞ്ചുകരിക്കുക, മലബന്ധം, വയറുവേദന, വായുനാദം, അജീൎണ്ണം, വയറുവീൎക്കുക, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും.

ഡപ്പി ഒന്നുക്ക് അണാ ൮. തപാൽക്കൂലി അണ ൩ വരെ.

൧൧. കൎണ്ണബിന്ദു.

ചീക്കാളു, ചെവികുത്തു, ചെവിയടപ്പു, ഇരച്ചിൽ മുതലായ കൎണ്ണരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസുഖത്തെയുണ്ടാക്കും.

വില, കുപ്പി ഒന്നിനു ൮ അണ. തപാൽച്ചിലവു മൂന്നു കുപ്പികൾ വരെ ൩ അണ വരെ.

൧൨. സുഖഭേദിഗുളികകൾ.

ഭേദി ശരിപ്പെടുത്തും. അജീൎണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലബന്ധം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും,

വില, ഡപ്പി ഒന്നിനു ൮ അണ. തപാൽചിലവു ഒന്നു മുതൽ ൪ വരെ ഡപ്പികൾക്കു ൩ അണ വരെ.

൧൩. നേത്രബിന്ദു.

കണ്ണുനോവു, കൺകുത്തു, ചുവപ്പു, നീരടപ്പു, ചിരങ്ങ്, മാലക്കണ്ണു, പീളകെട്ടു, ദോഷമൂൎച്ച, പൂവു, ചൊറിച്ചിൽ, കണ്ണ് പൂരിക്കം ഇവയുടെ വലിവു, പുകച്ചിൽ ഇതതന്നെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും.

വില, കുപ്പി ഒന്നിനു ൮ അണ. തപാൽചിലവു മൂന്നു കുപ്പികൾ വരെ ൩ അണ വരെ.

൧൪. സ്വപ്നസ്ഖലിതഹാരിണി.

സ്വപ്നത്തിലും അല്ലാതെയും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയസ്ഖലിതത്തെ നീക്കും.

വില, ഡപ്പി ഒന്നിനു ൮ അണ. തപാൽചിലവു ൩ വരെ ഡപ്പികൾക്കു ൩ അണ വരെ.

൧൫. മൃഗകസ്തൂരി.

കാശ്മീരിൽ നിന്നും വരുത്തിയിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസിൽ ഉണ്ടു.

രൂപാത്തൂക്കത്തിനു ൪൮ ക. വില ഒരു രൂപാ മുതൽക്കുള്ള ഏതുസംഖ്യയ്ക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽച്ചിലവു പുറമെ.

എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലോ തമിഴിലോ ആയിരിക്കണം.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ട് ജില്ല.

P. SUBBAROY, Porto Novo.

൫൬- തേൾവിഷത്തിന്ന സിദ്ധൌഷധം.

തേൾകടിച്ച സ്ഥലത്ത ഒന്ന തുള്ളി തേച്ചാൽ പൊരുന്നനെ ആശ്വാസം കാണും. ഒരു കുടുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കേണ്ടത ഇരിക്കേണ്ടു.

വില കുപ്പി ൧-ക്ക ൧-ക. ൪-ണ. ൧൨. കുപ്പിയിൽ കുറയാതെ ഒന്നിച്ച വാങ്ങുന്നവൎക്ക ഡസൻ ൧-ക്ക ൨-ക. ൮-ണ. ഉള്ള വിലയിൽ കുറച്ച മാത്രമെ വില ചുമത്തുന്നുള്ളു. വി- പി- കമ്മിഷൻ ൭ ണ പുറമെ.

ഇൻഡ്യയിലും ബൎമ്മയിലും ൧൨. കുപ്പിവരെ വി- പി- കമ്മിഷൻ ൭ണ- സിലോൺ ൯ ണ.

൫൭- വ്രണവിരോപണ തൈലം.

ഈ കഴയ പിത്തപ്പുണ്ണു മുതലായ എല്ലാവിധ വ്രണങ്ങൾക്കും ഒരു ഉത്തമ ഔഷധമാകുന്നു. ഇത സകല കൃമികളേയും നശിപ്പിച്ച എല്ലാ വ്രണങ്ങളേയും വിശുദ്ധികരിച്ച വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു.

വില ൪ ണ. മൂന്ന കുപ്പിവരെ വി-പി- കമ്മിഷൻ ൭ണ മാത്രം.

൫൮. കണ്ഠശുദ്ധി ഗുളിക.

ഇത കണ്ഠം തെളിഞ്ഞ ശാരീരം നന്നാവുന്നതിന്ന അതിവിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ച സംഗീതക്കാൎക്കും, പ്രസംഗക്കാൎക്കും, പാതിരിമാൎക്കും, ശബ്ദാവയവംകൊണ്ട അത്യായാസം ചെയ്യേണ്ടവരായ മറ്റെല്ലാവൎക്കും വളരെ ഉപയോഗമുള്ളതാകുന്നു.

വില ൪ ണ. വി-പി- കമ്മിഷൻ ൩ കുപ്പിവരെ ൩ ണ.

൫൯. സ്നാനചൂൎണ്ണം.

ഈ പൊടി തേച്ചു കുളിക്കുന്നതിന്ന വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞു, മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിനും പുറമെ ദേഹത്തിന്ന ശൈത്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇത ഇന്ത്യയിലുള്ള എല്ലാവൎക്കും വേണ്ടതാകുന്നു.

വില ൪ ണ. വി-പി- കമ്മിഷൻ ൨ ണ.

പി. സുബ്ബറായി

പറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ട ജില്ല.

P. SUBBAROY, Porto Novo.

൰. സഞ്ജീവഗുളിക.

കുട്ടികൾക്കുണ്ടാവുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം, അജീൎണ്ണം, ഉറക്കമില്ലായ്മ ഇവയ്ക്കും അന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇത് മദ്ധ്യവയസ്സന്മാൎക്കും ഒരുപോലെ ഉപകരിക്കാവുന്നതാകുന്നു.

വില ൧൦ ണ. വി.പി. കമ്മീഷൻ ൩ കുപ്പിവരെ ൧ണ.

൰൧. ഒന്നാന്തരം ഗോരോചനഗുളിക.

എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരള് ഇവയുകളിൽ ഉണ്ടാവുന്ന ഉദരരോഗങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അജീൎണ്ണം, ഉറക്കമില്ലായ്മ, അന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു.

വില ൧ ണ. വി.പി. കമ്മീഷൻ ൩ കുപ്പിവരെ ൧ണ.

൰൨. ത്വഗ്രോഗ പരിഹാരി.

ഈ ഔഷധം കരപ്പൻ, ചുണങ്ങ്, ചൊറി, ചിരങ്ങ്, പൊള്ളൽ, പുഴു, പുഴുക്കടി, താരണം മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ത്വഗ്രോഗങ്ങൾക്കും എത്രയും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി.

വി.പി. കമ്മീഷൻ ൧ ണ.

	ക.	ണ.	സ.
ഒന്നാന്തരം ഗോരോചനം തൂപ്പാത്തുക്കു ൧ക്കു	൪	൮	൦
ടി മാന്തതാം ടി ൧ക്കു	൧	൦	൦
ടി പച്ചകൎപ്പൂരം ടി ൧ക്കു	൧	൦	൦

മേൽവിലാസം തമിഴിലോ ഇംഗ്ലീഷിലോ വിശദമായി എഴുതണം.

പി. സുബ്ബരായി

പാറങ്കിപ്പേട്ട, തെക്കെ ആൎക്കാട്ട് ജില്ല.

P. SUBBAROY, Porto Nov

പുസ്തകം ൧. നമ്പർ ൯

വ്യവഹാരചിന്താമണി.

എല്ലാ ഇംഗ്ലീഷുമാസവും 30-ാംനു- പ്രസിദ്ധപ്പെടുത്തുന്ന
ഒരു വിശേഷനിയമമാസിക.

പത്രാധിപർ
ചെങ്കളത്ത് കരുണാകരമേനോൻ ബി എ.

1903 ഒക്ടൂബ്ര.

സംഗതിവിവരം.

ഭാഷാവിക്രമോൎവ്വശീയം

൧൯൦൫-ാമത വൎഷത്തെ എഫ്. എ. പരീക്ഷയ്ക്കു സൎവ്വകലാശാലയിൽനിന്നു തിരഞ്ഞെടുത്തിട്ടുള്ളതും കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ട് തൎജ്ജമചെയ്തിട്ടുള്ളതും ആയ വിക്രമോൎവ്വശീയം ഭാഷാനാടകത്തിന്റെ പുതിയ പതിപ്പ് സംസ്കൃതപണ്ഡിതൻ രാമപ്പിഷാരോടി അവർകളുടെ ടിപ്പണിയോടുകൂടി അച്ചടിച്ച് തയ്യാറായിരിക്കുന്നു. പുസ്തകത്തിന്റെ വില പ്രതി ഒന്നക്ക് തപാൽകൂലി അടക്കം ൧൪ അണ. രസികരഞ്ജിനി ആപ്പീസ്സിലേക്ക് മുൻകൂറായി അയച്ചാൽ പുസ്തകം കിട്ടുന്നതാണ്. നാടകാന്തത്തിൽ രാമവൎമ്മ എന്ന "രസികരഞ്ജിനി" പത്രാധിപരുടെ മുദ്രയില്ലാത്ത പുസ്തകം വ്യാജമാകുന്നു.

മേൽപ്പറഞ്ഞ നാടകത്തെ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് പരിശോധിച്ച് അതിലുള്ള കഥാസാരം, ഗുണദോഷം, ഭാവം, രസം ഇവകളെ ഭംഗിയായും സൂക്ഷ്മമായും എഴുതീട്ടുള്ള ഗ്രന്ഥം, ഈ മാസികയിൽ മാത്രം പ്രസിദ്ധം ചെയ്യുവാൻ അദ്ദേഹം അനുവദിച്ചിട്ടുള്ളപ്രകാരം ഇപ്പോൾ പ്രസിദ്ധംചെയ്തു തുടങ്ങീട്ടുള്ളത്. സാഹിത്യവിഷയത്തിൽ താല്പൎയ്യമുള്ളവരും വിശേഷിച്ച് വിദ്യാൎത്ഥികളും വായിച്ചറിയേണ്ടതാകുന്നു. മലയാളത്തിൽ ഇതിനെപ്പോലെ ഗ്രന്ഥം ഇതിനുമുമ്പ് ഉണ്ടായിട്ടില്ലെന്നു ഞങ്ങൾ ധൈൎയ്യത്തോടുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. രഞ്ജിനി കാപ്പി പ്രതിമാത്രമേ വിശേഷാൽ അടിക്കുന്നുള്ളു. അതുകൊണ്ട് ആവശ്യമുള്ളവർ ഉടനെ വാങ്ങിയില്ലെങ്കിൽ പിന്നെ ഇച്ഛാഭംഗത്തിന്ന് ഇടയാവുന്നതാണ്.

ര. ര. മാനേജർ

രസികരഞ്ജിനി ആപ്പീസ്സിൽ വില്പാൻ തയ്യാർ.

സാക്രട്ടീസ് — കെ. രാമകൃഷ്ണപിള്ള.	൧	൮
വെണ്മണി അച്ഛൻ നമ്പൂരിപ്പാട്ടിലെ ചരിതവും, കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കോതിപ്പാട്ടും.	൦	൦
നാഗാനന്ദം (ഭാഷാനാടകം) പാറയാട്ട അച്യുതമേനോൻ	൦	൧൦

തപാൽകൂലി പുറമെ. മേൽപ്പറഞ്ഞ പുസ്തകങ്ങൾക്ക രസികരഞ്ജിനി മാനേജരോട് ആവശ്യപ്പെടുക.

ര. ര. മാ.

കവനോദയം

വൈദ്യം, ജ്യോതിഷം, കിളിപ്പാട്ട്, ഇംഗ്ലീഷ്, നോവൽ, നാടകം മുതലായി വിശേഷപ്പെട്ട അനേകം കൃതികൾ ഇതിൽ ചേൎക്കുന്നു. കൊല്ലത്തിൽ ആറു പ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകമാലയിൽ ഓരോലക്കത്തിൽ നൂറ് ഭാഗങ്ങളിൽ കുറയാതെ ഉണ്ടായിരിക്കും. കൊല്ലത്തിൽ ൪ ഉറുപ്പിക വരി അടച്ചാൽ മതി. തപാൽകൂലി പുറമെ വേണ്ട. വിദ്യാൎത്ഥികൾക്കാണെങ്കിൽ മൂന്നര ഉറുപ്പിക തന്നാൽ മതിയെന്ന് ഒരു പുതിയ നിയമം ചെയ്തിരിക്കുന്നു. ഈ പുസ്തകമാലയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ അനേകം പുസ്തകങ്ങളും ഇവിടെ വില്പാനുണ്ട്. ചിലതിന്റെ വിവരം താഴെ ചേൎക്കുന്നു.

ജ്യോത്സ്നികാവിഷവൈദ്യം— ഈ പുസ്തകം കൈവശം ഉണ്ടായിരുന്നാൽ പാമ്പുകടിച്ചു ഉടനെ വൈദ്യന്റെ അടുക്കൽ ഓടേണ്ടി വരികയില്ല. വില ൧൨ അണ.

സദ്വൃത്തമാലിക— മലയാളത്തിലുള്ള വൃത്തങ്ങളുടെ എല്ലാ സ്വഭാവങ്ങളും അറിവാൻ ഈ പുസ്തകം മാത്രമേ വേണ്ടു. വില ൪ അണ.

ജാനകീപരിണയം— കോട്ടയത്തിൽ ശങ്കുണ്ണി ഉണ്ടാക്കിയ ഒരു രസിക നാടകമാണിത്. മനോഹരമായതല്ലേ. വായിപ്പാൻ വളരെ രസമുണ്ട്. വില ൧൦ അണ മാത്രം.

* ഹാസ്യലക്ഷണദീപിക— ഈ പുസ്തകം കൈവശമുണ്ടെങ്കിൽ ചിലരുടെ കൂട്ടങ്ങളിലെന്ന പറവാനിടവരികയില്ല. വില ൮ അണ.

* കുചേലവൃത്തം— ഇതൊന്നു വായിച്ചുനോക്കുവിൻ. വില ൨ അണ.

* ലക്ഷ്മീചരിത്ര നാടകം ചിരിക്കാതെ ഇത് വായിപ്പാൻ പ്രയാസം. വില ൩ അണ.

ഇവകൾക്ക് തപാൽകൂലി പുറമെ. ൧൦ ഉറുപ്പികയോളം ഒന്നിച്ചു വാങ്ങുന്നവൎക്കു ശേഷമെല്ലാം അയച്ചു കൊടുക്കുന്നതാണ്. കമ്മീഷൻ എല്ലാം മുമ്പോലെ തന്നെ വിശേഷം. താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ എല്ലാപുസ്തകങ്ങളും വി-പി- ആയി അയച്ചുകൊടുക്കും.

കെ. കണ്ണൻ നായര്,
കവനോദയം മാനേജർ.
നാദാപുരം.

സംഗതിവിവരം

രസികരഞ്ജിനി

൧൦൭൯.

പുസ്തകം ൨. മീനമാസം. ലക്കം ൮.

മംഗളം

മടിയിൽക്കടികൊണ്ടഗൌരിതന്റെ
കുടിലപ്രേക്ഷണവല്ലികൊണ്ടനംഗൻ
പിടിപെട്ടുവരിഞ്ഞപോലെനീലം
നിടിലാക്ഷന്റെഗളം ശുഭംതരട്ടെ

കെ. കുഞ്ഞർ എമ്പ്രാന്തിരി.

ചേലയിൽ കൂടിയവർ.

മലയാളരാജ്യത്തെക്കുറിച്ച് വിശദമായ ഒരു ചരിത്രപുസ്തകമുണ്ടായിരുന്നുവെങ്കിൽ അത് വായിപ്പാൻ സ്വദേശാഭിമാനികളായ മലയാളികൾക്ക് എത്ര സൌഖ്യമായിരുന്നു? അതിൽ നമുക്ക് അറിഞ്ഞിരിക്കേണ്ടവയായ അസംഖ്യം സംഗതികൾ അടങ്ങിട്ടുണ്ടാകുമായിരുന്നു. ഇപ്പോൾ നമ്മുടെ പൂർവ്വചരിത്രം കേവലം ആകാശംപോലെ ശൂന്യമായിട്ടാണ് കാണുമാറുള്ളത്. അതും ഏറെയും അന്ധകാരപ്രായമായിട്ടുള്ളതാണ്. വളരെ അകലയെത്താനും

ള്ള സൂക്ഷ്മതത്വനക്ഷത്രങ്ങൾ നമുക്ക വേണ്ടുവോളം വെളിച്ചമുണ്ടാക്കിത്തരുവാൻ തക്കവണ്ണം അടുത്തുവരുന്ന കാലം എന്നാണെന്നും അറിഞ്ഞുകൂടാ. അക്കഥയിരിക്കട്ടെ. അടുത്തകാലത്ത് നടന്നിട്ടുള്ള പ്രധാനപ്പെട്ട സംഗതികൾ പോലും വിശദമായി എഴുതിവെപ്പാൻ നമ്മുടെ ഇടയിൽ പരിഷ്കൃത പുരുഷന്മാരാരാണെന്ന് ഭാവിക്കുന്ന മലയാളികൾക്കും ഉത്സാഹം തോന്നാത്തതിലാണ് അത്ഭുതപ്പെടുവാനുള്ളത്.

മലയാളത്തിൽ ഇപ്പോൾ കാണുന്ന പുതിയ പരിഷ്കാരസമ്പത്തിന്നൊക്കെ ഏകബീജമായും ഒരു രാജ്യം മുഴുവൻ ഇളക്കി മറിച്ചതായും അന്നുള്ള സകല ജനങ്ങൾക്കും അത്യാപൽകരവും മഹാഭയങ്കരവുമായിരുന്നു എന്ന് അന്യഭാഷാചരിത്രപുസ്തകങ്ങളിൽക്കൂടി ഉൽഘോഷിക്കുന്നതായുമുള്ള 'ടിപ്പുസുൽത്താന്റെ ആക്രമണം' എന്ന സംഗതിയെപ്പററിയെങ്കിലും നമ്മുടെ പരിഷ്കാരിവീരപുരുഷന്മാരിൽ ഒരുവൻപോലും മലയാളഭാഷയിൽ ഒരു വിശദമായ പുസ്തകം എഴുതിയുണ്ടാക്കീട്ടില്ലെന്നുള്ള വാസ്തവം കേട്ടാൽ ആൎക്കാണ് ആശ്ചൎയ്യംതോന്നാത്തത്? ഇനിയെങ്കിലും ഈ ന്യൂനത തീൎപ്പാൻ വല്ലവരും ഉദ്യമിച്ചാൽ നന്നായിരുന്നു. ഇതാ എന്റെ ഉദ്ദേശ്യവിഷയത്തിലേക്ക് ഞാനും തിരിയുന്നു.

സ്വയമേവ മൈസൂർ രാജാവായി വാണിട്ടുള്ള ഹൈദരാലി തിരുവിതാംകൂറും കൊച്ചിയും ഒഴികെ മററുള്ള മലയാളരാജ്യം ഒട്ടു മുഴുവനും ഒരു വിധം കീഴടക്കിയതിന്നുശേഷമാണ് ജീവകാലം കഴിച്ചുപോയത് എന്ന് പ്രസിദ്ധമാണല്ലൊ. ആ മഹമ്മദീയ വീരപുരുഷന്റെ അനുരൂപനായ പുത്രനും അച്ഛനെക്കാൾ അധികം സമൎത്ഥനും ഉഗ്രനുമായ ടിപ്പുസുൽത്താൻ തനിക്ക് രാജ്യഭാരം കിട്ടിയതിന്ന് ശേഷം തന്റെ രാജ്യത്തിൽ ഉൾപ്പെട്ട കേരളഖണ്ഡം പരിഷ്കരിച്ച് നന്നാക്കുവാനായിട്ടാണ് മലയാളത്തിലേക്ക് വീണ്ടും പ്രവേശിച്ചത് എന്ന് ചിലർ പറയുന്നുണ്ട്. അത് വാസ്തവമായിരിക്കാം. പക്ഷെ തനിക്ക് കപ്പം തരേണ്ടവരായ സാമൂതിരിപ്പാട് മുതലായ രാജാക്കന്മാർ അതാതുകാലങ്ങളിൽ കപ്പം അടക്കാത്തതുകൊണ്ട് അവരെ ഒന്നു മര്യാദ പഠിപ്പിക്കേണമെന്നുള്ള വിചാരവും ഒരു ഉഗ്രപരാക്രമനെ ഇങ്ങോട്ടു വരുത്തുവാൻ കാരണമല്ലെന്ന് പറഞ്ഞുകൂടാ. കേരളരാജ്യനിവാസികളുടെ ഇടയിലുള്ള ചില ജാത്യാചാരങ്ങ

ളിൽ നടന്നുപോരുന്ന അപമര്യാദകൾ നിറുത്തൽ ചെയ്യാൻ കല്പന കൊടുത്തിട്ടും അവർ ആ കല്പനയെ കേവലം അനാദരിച്ചതിനാൽ ഉഗ്രശാസന നടത്തുവാൻ വേണ്ടിയാണ് പുറപ്പെട്ടതെന്നും ഒരു പക്ഷമുണ്ട്. ഏതായാലും ഉദ്യമത്തിന്റെ ഫലംകൊണ്ടു ഊഹിക്കുന്നതായാൽ ദുരാചാരങ്ങളെ തീരെ നിറുത്തൽ ചെയ്യണമെന്നു തന്നെയായിരുന്നു ഉദ്ദേശമെന്നു സ്പഷ്ടമാകുന്നുണ്ട്. എന്തുകൊണ്ടെന്നാൽ മലയാളത്തിലുള്ള സകല ജാതിക്കാരേയും പക്ഷഭേദം കൂടാതെ ഒരേ നിലയിൽ മഹമ്മത് മതത്തിൽചേർത്ത് ഏകദൈവത്തിന്റെ ഉപാസകന്മാരാക്കിത്തീർത്ത് സമഭാവനയിൽ പരിപാലിപ്പാനായിരുന്നു ടിപ്പുസുൽത്താൻ സാഹസത്തോടുകൂടി പ്രയത്നിച്ചത് എന്ന് ചരിത്രംകൊണ്ട് കാണുന്നുണ്ട്. അന്യമതക്കാരായ അസംഖ്യം മലയാളി കുടുംബങ്ങളെ ടിപ്പുസുൽത്താന്റെ പരിചാരകന്മാർ ഇസ്ലാം മതത്തിൽ ചേർത്തു. ഇത് സ്വമതപ്രതിപത്തിയുള്ള ജനസമുദായത്തിന്റെ ഇടയിൽ വലിയ സങ്കടത്തിനും ഇളക്കത്തിനും കാരണമായി എന്നു പറയേണ്ടതില്ലല്ലോ. സമ്മതമില്ലാത്തവരുടെ നേരെ ബലാൽക്കാരം പ്രയോഗിച്ചു തുടങ്ങിയാൽ പിന്നത്തെ ക്ഷോഭത്തിന്ന് അവസാനമുണ്ടോ? ജനങ്ങൾ എതിർത്തു പൊരുതുകയും ഭീരുക്കൾ പേടിച്ചൊഴിച്ച് ഒളിച്ചോടിപ്പോകയും ചെയ്തു തുടങ്ങി. അക്കാലം വരെ തങ്ങളെ രക്ഷിച്ചിരുന്ന രാജാക്കന്മാർപോലും പേടിച്ചോടിയൊളിക്കുന്നതായ രം ഒരു പ്രബലാക്രമണത്തിൽ സാധുക്കളായ നാട്ടുകാർ പല കഷ്ടതകളും അനുഭവിച്ചു എന്നേ വേണ്ടു. പലരും ബലാൽക്കാരത്താൽ ഇസ്ലാം മതത്തിൽ ചേരുകയും, ചിലർ കലഹംവെട്ടി പ്രാണത്യാഗമെന്ന സിദ്ധൌഷധം കൊണ്ട് കഴിഞ്ഞുപോകയും ചെയ്തു. അനവധി ജനങ്ങൾ സകുടുംബം തിരുവനന്തപുരത്ത് രാമരാജാവെന്ന് പ്രസിദ്ധനായ മഹാരാജപുത്രനെ ചെന്നാശ്രയിച്ച് അദ്ദേഹത്തിന്റെ രക്ഷയിൽ പാർത്തു. തങ്ങളുടെ നാടുവിട്ടു പോന്നിട്ടുള്ള അസംഖ്യം കുലങ്ങളെ ശേഖരപ്പെടുത്തി കാത്തതു നിമിത്തം തിരുവനന്തപുരത്ത് മഹാരാജാവ് കുലശേഖരപ്പെരുമാൾ എന്ന് യഥാർത്ഥനാമവാനായിതീർന്നു. വേറെ ഒരു തരക്കാർ സ്വദേശം വിട്ടുപോകാതെതന്നെ കൂടുകയാൽ മഹമ്മദീയരുടെ കയ്യിൽ അകപ്പെട്ടിട്ടും ഉപായത്തിൽ അവരെ വഞ്ചിച്ച് ഇസ്ലാം മതത്തിൽ ചേർന്നു എന്നു തോന്നിച്ചുകൊണ്ട് സ്വ

മതം വിടാതെ ഒരുവിധം ഒപ്പിച്ചുമാറീട്ടുമുണ്ട്. ഇവരെയാണ് 'ചേലയിൽകൂടിയവർ' എന്ന് പറഞ്ഞുവരുന്നത്. ഇവർ ആ ലഹളയിൽ ഇസ്ലാം മതക്കാരുടെ സമ്പ്രദായത്തിൽ ചേല (വസ്ത്രം) ഉടുത്തുകൊണ്ട് ആ കൂട്ടത്തിൽ കൂടിയതുനിമിത്തമാണ് "ചേലയിൽകൂടിയവർ" എന്ന് പേര് സമ്പാദിച്ചത്. ഈ വർഗ്ഗത്തിൽ നമ്പൂരി, ക്ഷത്രിയൻ, അമ്പലവാസി, നായർ, വെളുത്തേടൻ, വെളക്കത്തലവൻ, വേലൻ (മണ്ണാൻ) എന്നുംവരെ, പല ജാതിക്കാരുമുൾപ്പെട്ടിട്ടുമുണ്ട്. ഏറനാട്, വെള്ളുവനാട്, കുറുമ്പ്രനാട് ഈ താലൂക്കുകളിലും വിശേഷിച്ച് വെട്ടത്തുനാട്, പരപ്പനാട് മുതലായ പ്രദേശങ്ങളിലുമാണ് ഇവരുള്ളത്. നമ്പൂരിമാർ ഏട്ടോ, പത്തോ ഇല്ലക്കാരുണ്ട്. ക്ഷത്രിയർ പരപ്പനാട് തമ്പുരാന്റെ ഒരു കുടുംബം മാത്രമേ ഉണ്ടായിരുന്നുള്ളു. മറ്റുള്ള ജാതിക്കാരും നാലും, അഞ്ചും, എട്ടും, പത്തും കുടുംബക്കാരുണ്ട്. ആകപ്പാടെ നോക്കുന്നതായാൽ ഇവർ അറുപത് ഗൃഹക്കാരിൽ അധികമില്ല നിശ്ചയം തന്നെ.

ഈ കൂട്ടരായിട്ട് മറ്റുള്ള മലയാളികൾ കൂടിക്കഴിയുക പതിവില്ല. സകല കർമ്മങ്ങളിലും ജാത്യാചാരങ്ങളെ അനുസരിച്ച് ഇവർ തമ്മിൽതന്നെയാണ് കഴിഞ്ഞുവരുന്നത്. പരസ്പരം ഉപകരിക്കേണ്ടവരായ പല ജാതിക്കാരും ഇവരുടെ കൂട്ടത്തിൽതന്നെ ഉള്ളതുകൊണ്ട് ഒന്നിനും ഇവർക്ക് ബുദ്ധിമുട്ട് വരാറില്ല. ഇവർക്കും മറ്റുള്ള മലയാളികളെപ്പോലെതന്നെ വർണ്ണാശ്രമാചാരങ്ങളിൽ നിഷ്ഠയും, ശ്രദ്ധയുമുണ്ട്. കാലക്രമംകൊണ്ട് മലയാളികളിൽ പരക്കെ തട്ടിക്കാണുന്നതായ വർണ്ണാശ്രമാചാരങ്ങളിലുള്ള അനാസക്തി ഇവരുടെ ഇടയിലും ഉണ്ടായിരിക്കാം എന്നുമാത്രമേ ഉള്ളു. എങ്കിലും തപസ്വികളും, മന്ത്രവാദികളും, വൈദ്യന്മാർ, ജ്യോതിഷികളും, വിദ്വാന്മാർ, സമ്പന്നന്മാർ, പരിഷ്കാരികളും, ഈ വകക്കാരൊക്കെ ഇവരുടെ കൂട്ടത്തിലും ഉണ്ട്. കാലംകൊണ്ടുള്ള മാറ്റം നോക്കുക. നൂറു കൊല്ലത്തിനു മുമ്പ് മഹമ്മദീയരുടെ വേഷം കെട്ടിയെന്നോ, അവരുടെ കൂട്ടത്തിൽ നടന്നുവെന്നോ, കലാപത്തിൽ മറ്റുള്ളവരുടെകൂടെ നാടുവിട്ടുപോകാതെ സ്വദേശത്ത് തന്നെ പാർത്തിരുന്നതേ ഉള്ളൂ എന്നോ, ഉള്ള സംഗതിയിന്മേൽ ഇവരെ മറ്റുള്ളവർ വർജ്ജിച്ചു തിരിച്ചുനിർത്തിയല്ലോ. ഇപ്പോഴോ, ആരെല്ലാം എ

ളെല്ലാം അന്യസ്ത്രീകളുടെ വേഷം കെട്ടുന്നു. ആരോടെല്ലാം കൂടിയാടുന്നു. സ്വജാതിവർഗ്ഗങ്ങളെ കൂട്ടാക്കാതെ എന്നതെല്ലാം പ്രവൃത്തിക്കുന്നു. ഒന്നും പറയേണ്ട.

കോങ്കണബ്രാഹ്മണർ.

ഇനി പ്രകൃതം അനുസരിക്കട്ടെ. ത്രിഹോത്രമെന്നുള്ള ജനക മഹാരാജാവിന്റെ രാജ്യമായിരുന്ന വിദേഹത്തിന്റെ ദക്ഷിണഭാഗത്തുള്ള ഒരു പട്ടണമാകുന്നു. അതിനു ഇപ്പോൾ തിർഹൂത് (Tirhut) എന്നാകുന്നു പേർ.* ഇതിനു ത്രിഭുക്തം എന്നും നാമാന്തരമുണ്ട്. പാകയജ്ഞങ്ങളും, ഹവിർയ്യാഗങ്ങളും, സോമയാഗങ്ങളും എന്ന ത്രിവിധയാഗങ്ങളെ ചെയ്തുവന്നിരുന്ന ബ്രാഹ്മണർ അധിവസിച്ചതുകൊണ്ട് അതിനു ത്രിഹോത്രം എന്നു പേരുണ്ടായി. അഥവാ ത്രിവിധപാകയജ്ഞങ്ങളും ചെയ്തിരുന്ന ബ്രാഹ്മണരുടെ അധിഷ്ഠാനം എന്നുമർത്ഥമാവാം. മഹാഭാരതയുദ്ധം നടന്നകാലത്ത് വിദേഹരാജ്യം ജരാസന്ധന്റെ അധീനത്തിൽ ഉണ്ടായിരുന്ന മഗധരാജ്യമായിരുന്നു. ഈ മഗധരാജ്യത്തിലായിരുന്നു രാജഗൃഹമെന്നും പാടലിപുത്രമെന്നും പേരായ രാജധാനി. ഇതിനു ഇപ്പോൾ പാറ്റ്ണാ (Patna) എന്നാകുന്നു പേർ. ഈ രാജ്യത്തിൽ ബൌദ്ധമതം പ്രബലപ്പെട്ടുപോയതുകൊണ്ടു ശ്രമണന്മാരുടെ നിവാസാർത്ഥമായി അസംഖ്യം വിഹാരങ്ങൾ പണിയിച്ചതുകൊണ്ട് മഗധദേശത്തിനു വിഹാരം എന്നു പേരുണ്ടായി (Behar). ബൌദ്ധമതത്തിന്റെ പ്രാബല്യത്താൽ യാഗാദികൾ ക്ഷയിച്ചുപോയതുകൊണ്ട് ഉപജീവനത്തിനു വഴി കാണാഞ്ഞിട്ട് ത്രിഹോത്ര ബ്രാഹ്മണർ പശ്ചിമതീരത്തു വന്നുവോ, അഥവാ ഇങ്ങിനെ കഷ്ടപ്പെടുന്ന കാലത്തു ശ്രീപരശുരാമൻ പശ്ചിമതീരത്തു പോവാനായിട്ട് അവരോടു കല്പിച്ചുവോ, എന്നു ഇപ്പോൾ തീർച്ചപ്പെടുത്തുവാൻ അസാദ്ധ്യംതന്നെ എങ്കിലും മഗധഭാഷയിലെ ശബ്ദങ്ങളും രൂപങ്ങളും കോങ്കണഭാഷയിലും ഉള്ളതുകൊണ്ട് ഇവരുടെ ഭാഷ സംസ്കൃതത്തിൽനിന്നു വിലക്ഷണമായ പ്രാകൃതമായിത്തീർന്നതിന്റെ ശേഷം മാത്രം ഇവർ ഉ

ത്തരഹോത്രദേശത്തിൽനിന്നു പുറപ്പെട്ടുപോന്നു എന്നു പറയുന്നപക്ഷം ഇവർ ഏകദേശം 2400 കൊല്ലങ്ങൾക്കു മുമ്പുതന്നെ ഗോവയിൽ എത്തീട്ടുണ്ടായിരിക്കണമെന്ന് ഊഹിക്കാം. കൊങ്കണരാജ്യത്തെപ്പറ്റിയുള്ള ഉപന്യാസത്തിൽ ഈ വിഷയം വിശദമായി വിവരിക്കാം.

മഠഗ്രാമം, കുശസ്ഥലി, കർദ്ദലി എന്നീ ഗ്രാമങ്ങളിലും ഗോമന്താപർവ്വതത്തിലും ഭാർഗ്ഗവരാമൻ ത്രിഹോത്ര പുരത്തിലെ ദേവന്മാരെ കൊണ്ടുവന്നു പ്രതിഷ്ഠിച്ചു. ഈ ദേവന്മാരിൽ മാംഗിരീശൻ, മഹാദേവൻ, മഹാലക്ഷ്മീ, മാളസാ, ശാന്താദുർഗ്ഗാ, നാഗേശൻ, സപ്തകോടീശ്വരൻ എന്ന ദേവതകൾ കൊങ്കണബ്രാഹ്മണരുടെ പ്രധാന കുലദേവതകളാകുന്നു. ഇവർ കൂടാതെ, നരസിംഹൻ, സാന്തേരി കാമാക്ഷി, രവളനാഥൻ, ദാമോദരൻ, ഗോപാലകൃഷ്ണൻ, രാമനാഥൻ, ഗണേശൻ മുതലായവരും ഉണ്ട്. ഇവരിൽ മാംഗിരീശനും മാളസയും അതിപ്രസിദ്ധ ദേവതകളാകുന്നു. മാംഗിരീശൻ എന്ന പദം മാംഗേശൻ എന്നും മംഗേശൻ എന്നുമുള്ള രൂപം ധരിച്ചിരിക്കുന്നു. ഈ ദേവൻ ശിവമൂർത്തിയാകുന്നു. സഹ്യാദ്രിഖണ്ഡത്തിന്റെ ഉത്തരാർദ്ധത്തിൽ മാംഗേശമാഹാത്മ്യം എന്ന ഗ്രന്ഥം ഉണ്ട്. ഇതിലെ മുഖ്യസംഗതികളെ കാണിച്ചു ഒരുപന്യാസം അവസരാനുകൂല്യം എഴുതാം. ബിഹാരദേശത്തിലെ (Behar) ഒരു ജില്ല മാംഗീര (Monghir) ആകുന്നു. ഇതിലെ പ്രധാന പട്ടണം മന്ദഗീരം മാംഗീരം എന്നത് ഭാഗീരഥീതീരത്തു സ്ഥാപിക്കപ്പെട്ടിരിക്കുന്നു. ഈ പട്ടണത്തിൽ ഉള്ള ശിവക്ഷേത്രം ബംഗാളത്തിലുള്ള ക്ഷേത്രങ്ങളിൽവെച്ചു അതിപ്രസിദ്ധിയുള്ളതാകുന്നു. ഈ ശിവാലയത്തിലെ ശിവന്റെ പ്രതിമയാകുന്നു ഗോവയിലെ മാംഗേശക്ഷേത്രത്തിലെ ബിംബമെന്നു ഐതിഹ്യം.

രോഗാരിഷ്ടങ്ങൾക്ക് കാരണം കുലദേവതാപ്രകോപം ആകുന്നുവെന്നു പ്രശ്നമുഖേന അറിഞ്ഞ ഉടനെ ആ കോപപ്രശാന്തിക്കായിട്ടു ഗോവയിലും അതിനു ചുറ്റുമുള്ള ഗ്രാമങ്ങളിലും ഉള്ള കുലദേവതാലയങ്ങളിൽ ചെന്നു അവിടെ ചെയ്യേണ്ട കർമ്മങ്ങൾ ചെയ്തു, വഴിപാടു മുതലായതുകൊടുത്ത്, ദേവനെ തൊഴുതു മടങ്ങിവരാമെന്ന സങ്കല്പത്തോടുകൂടി കുറെപ്പണം പ്രതിവാരം എടുത്തുവെക്കയും സുഖമായ ഉടനെ ഗോവയിൽ ചെന്നു കുലദേവതാരാധ

ന്ന ചെയ്തു വരികയും ചെയ്യുന്ന സമ്പ്രദായം തെക്ക് കോഴിക്കോട്ടുവരെയുള്ള കോങ്കണബ്രാഹ്മണർ ആചരിച്ചുവരുന്നു. അതിന്നു തെക്കുള്ളവർ ഗോവയിലേക്ക പോകുന്നതു കേവലം ദുസ്സാദ്ധ്യമെന്നു വെച്ച് തിരുപ്പതിയിലെ ദേവനായ ശ്രീ വെങ്കടാചലസ്വാമിയെ ഇഷ്ടദേവനാക്കി ഭജിച്ചുവരുന്നതുകൊണ്ടു കൊച്ചിയിലും തിരുവിതാംകൂറിലും ഉള്ള കോങ്കണബ്രാഹ്മണർ കുലദേവതയുടെ പേർതന്നെ വിസ്മൃതപ്രായമായിത്തീർന്നിരിക്കുന്നു.

ബുക്കമഹീപാലന്റെ കാലത്ത ഗോവാ വിജയനഗര സംസ്ഥാനത്തിൻ കീഴിൽ ആയിരുന്നു. അന്നു രാജ്യകാര്യങ്ങൾ നടത്തുവാനായിട്ട് കോങ്കണബ്രാഹ്മണർ ഗോവയിലും അയൽപ്രദേശങ്ങളിലും അധികാരം സിദ്ധിച്ചിരുന്നു. ഏകദേശം ഹമ്പെ മുതൽ ഗോവയും വിജയനഗരവും തമ്മിൽ നല്ല കച്ചവടം നടന്നിരുന്നതുകൊണ്ട് രണ്ടു രാജ്യങ്ങളിലേക്കും ഗതാഗതത്തിന്നു വളരെ സൗകര്യം ഉണ്ടായിരുന്നു. വിജയനഗരത്തിൽനിന്നു കിഴക്കോട്ടുള്ള പോവാനും മാർഗ്ഗങ്ങൾ ഉണ്ടായ ഉടനെ കോങ്കണബ്രാഹ്മണർ തിരുപ്പതിയിലേക്ക യാത്രചെയ്തു പതിവായിരുന്നു. അന്നുമുതല്ക്കേ ഇവർ ആ ദേവന്റെ പരമഭക്തന്മാരായിത്തീർന്നിരിക്കുന്നു. ഈ ദേവന്റെ ആലയമുള്ള പർവ്വതത്തിന്നു വൃഷാദ്രി, ശേഷശൈലം, ശ്രീശൈലം മുതലായ പേരുകൾ ഉള്ളതിൽ ശ്രീശൈലം എന്നതിന്റെ തമിഴ്ഭാഷാന്തരം തിരുമലയാകുന്നു. അതുകൊണ്ട് കൊച്ചി, എറണാകുളം മുതലായ തെക്കൻ ദിക്കുകളിൽ കോങ്കണബ്രാഹ്മണരുടെ ആരാദ്ധ്യദേവൻ വെങ്കടാചലപതിയാകയാൽ ഇവരുടെ ദേവാലയങ്ങൾക്ക "തിരുമല ദേവസ്വം" എന്ന പേരുണ്ടായി.

കോങ്കണബ്രാഹ്മണരുടെ മതവിഷയം ഉപപാദിക്കുമ്പോൾ ഇവരുടെ ആരാദ്ധ്യദേവന്മാരെ കുറിച്ചു എല്ലാം പറയാം.

മംഗേശൻ, മഹാലസാ, സാന്തേരികാമാക്ഷി, രാമനാഥൻ മുതലായ ദേവന്മാർ കോങ്കണബ്രാഹ്മണർക്കുമാത്രം പ്രത്യേകിച്ചുള്ളവരാകകൊണ്ടും ഇതരബ്രാഹ്മണർ ഇവരെ കുലദേവതകളായി ആരാധിച്ചുവരാത്തതുകൊണ്ടും സഹ്യാദ്രിയിൽ പറഞ്ഞ ത്രിഹോത്രപുരബ്രാഹ്മണർ കോങ്കണബ്രാഹ്മണർ തന്നെ എന്നു തെളിയുന്നു.

കുലദേവതയെ ആരാധിപ്പാനായിട്ടു ഗോവയിൽ ചെന്നാൽ അതാതു ദേവാലയത്തിലെ പൂജാരികൾ പൂജക്ക് ആവശ്യമുള്ള

സകലസാമഗ്രികളും തയ്യാറാക്കി കൊടുത്തു, ഇപ്രദേശങ്ങളിൽനിന്നു ചെന്ന കൊങ്കണബ്രാഹ്മണനു പൂജാസ്ഥാനം കഴിച്ചുകൊടുക്കുക ഇന്നും നടപ്പാകുന്നു.

ശ്രീ പരശുരാമൻ ഇവൎക്കു നൂറു ഗ്രാമങ്ങൾ കൊടുത്തു ഗോരാഷ്ട്രത്തിൽ പാൎപ്പിച്ചു എന്നു മുമ്പു പറഞ്ഞുവല്ലോ. അറുപത്താറു ഗ്രാമങ്ങളിൽ വസിക്കുന്നതുകൊണ്ടു ഇവരെ 'സാസഷ്ടികാർ' എന്നു പറയും. ഷട്ഷഷ്ടി എന്ന സംസ്കൃതം കൊങ്കണഭാഷയിൽ സാസഷ്ടി എന്നു മാറും. സാസഷ്ടി എന്നതു ഉച്ചാരണലാഘവത്താൽ സാഷ്ടി എന്ന രൂപാന്തരത്തെ പരിണമിക്കും. അതുകൊണ്ടു സാസഷ്ടികാർ എന്നതുതന്നെ 'സാഷ്ടികാർ' എന്നായ്തീൎന്നു. "സാമുദായക" "പൊതുവിൽ ഉള്ള" എന്ന അൎത്ഥത്തിൽ സാഷ്ടി (communal, common) എന്ന പദം ഉപയോഗിച്ചിരുന്നു എന്നതിനെ പ്രതിപാദിപ്പാൻ ലക്ഷ്യം ഉണ്ടു. കൊച്ചിയിൽ കൊങ്കണബ്രാഹ്മണസമുദായത്തിനു പൊതുവിലുള്ള ശ്മശാനസ്ഥലത്തിനു "സാഷ്ടിപ്പറമ്പു" എന്നാകുന്നു പേർ. പറമ്പെന്ന പദം മലയാളംതന്നെ എങ്കിലും സാഷ്ടി എന്നതു മലയാളമല്ലായ്കയാൽ 'സാഷ്ടിപ്പറമ്പ' എന്ന പദം ഏതദ്ദേശീയർ ഉണ്ടാക്കിയതല്ലെന്നു തെളിയുന്നു.

എം. ശേഷഗിരിപ്രഭു, എം. എ.

ഒരു ചിലന്തിയുടെ ചരിത്രം.

ഉദ്ദേശം നാലു സംവത്സരത്തിനുമുമ്പ് ഒരിക്കൽ എന്റെ പുരമുറിയുടെ ഒരു മൂലയിൽ ഒരു ചിലന്തിവല കെട്ടുന്നതു ഞാൻ നോക്കുകയുണ്ടായി. വീട്ടിലെ അടിച്ചുതളിക്കാരി അവളുടെ കാലദണ്ഡതുല്യയായ സമ്മാൎജ്ജനിയെ കൂടെക്കൂടെ ഒരു ചെറിയ പ്രാണിയുടെ വ്യവസായഫലത്തിന്റെ നേരെ ഓങ്ങാറുണ്ടായിരുന്നെങ്കിലും ഭാഗ്യവശാൽ ഞാൻ അതിനെ ധ്വംസിക്കുന്നതിന് സമ്മ

* ഈ പ്രാണിവിശേഷത്തിനു ചെലന്തി എന്നും, (നൂൽ) ജൊനാഗ് എന്നും ചില പേർ പറഞ്ഞുവരാറുണ്ട്.

തിച്ചില്ല; അങ്ങിനെ ചെയ്യുന്നതിന് എനിക്കു വിചാരിച്ചതിലധികം വിനോദരൂപേണ പ്രതിഫലവും ലഭിച്ചു.

കേട്ടാൽ വിശ്വസിക്കു വയ്യാത്തതായ വ്യവസായത്താൽ ആ വലയുടെ പണി മൂന്നു ദിവസംകൊണ്ടു പൂർത്തി ആയി; അനന്തരം ആ കീടം അതിന്റെ പുതിയ വാസഗൃഹത്തിൽ ഉല്ലാസത്തോടുകൂടി മേവുന്നതായി എനിക്കു വിചാരിക്കാതിരിപ്പാൻ കഴിഞ്ഞില്ല. അതു കൂടക്കൂടെ ആ വലയിൽ ചുറ്റി സഞ്ചരിക്കുകയും, വലയുടെ ഓരോ ഭാഗത്തിന്റെയും ബലം ശരിയായിരിക്കുന്നോ എന്നു പരിശോധിക്കുകയും, തിരികെ വാസസ്ഥാനമായ ഗുഹ്യത്തിലേയ്ക്കു മടങ്ങുകയും ഇടയ്ക്കിടെ വെളിയിൽ ഇറങ്ങിപ്പോകുകയും ചെയ്തു വന്നു. അതിനു ആദ്യമായി എതിരേക്കേണ്ടി വന്ന ശത്രു അതിനെക്കാൾ വലുതായ മറ്റൊരു ചിലന്തി ആയിരുന്നു. ഈ പുതിയ ചിലന്തി തന്റെ അയല്ക്കാരന്റെ സ്വത്തിനെ ആക്രമിക്കാൻ വന്നതു് തനിക്കു സ്വന്തമായ ഒരു വല ഇല്ലാത്തതുകൊണ്ടും, അങ്ങനെ ഇല്ലാതെ വന്നതു ഒരു മാതിരിപ്പണികളിൽ തനിക്കുണ്ടായിരുന്ന പാടവമെല്ലാം ക്ഷയിച്ചു പോയതുകൊണ്ടും ആയിരിക്കാം. ഉടൻതന്നെ അവർ തമ്മിൽ ഭയങ്കരമായ ഒരു യുദ്ധം നടന്നു; ഇതിൽ വിജിഗീഷുവായി വന്നതിനാണ് ജയം ലഭിച്ചതു്; പരിശ്രമി ആയ മറ്റേതിനു തന്റെ ഗുഹ്യസ്ഥലത്തിൽ പ്രവേശിച്ച് രക്ഷപ്പെടേണ്ടതായിട്ടും വന്നുകൂടി. ഇത്രയും കഴിഞ്ഞതിന്റെ ശേഷം ജേതാവു ദുർഗ്ഗതനായ ശത്രുവിനെ അവിടെനിന്ന് അപകർഷിക്കുന്നതിനു പല പോരുകളും പണിഞ്ഞതു് ഞാൻ സൂക്ഷിച്ചു. അവൻ വിട്ടുപോകുന്ന ഭാവം നടിച്ചു. എന്നാൽ ഉടൻതന്നെ മടങ്ങി വന്നു. പിന്നീടു് പോരുകളൊന്നും ഫലിക്കുന്നില്ലെന്നു കണ്ടപ്പോൾ അവൻ ആ പുത്തൻ വലയെ നിർദ്ദയം നശിപ്പിക്കാൻ ആരംഭിച്ചു. ഇതു് വേറെ ഒരു യുദ്ധത്തിനു സംഗതി ആക്കുകയും ഞാൻ വിചാരിച്ചിരുന്നതിനു വിപരീതമായിട്ടു് ആ പരിശ്രമിയായ ചിലന്തി ജയിക്കുകയും അതിന്റെ ശത്രു ഹതപ്രാണനാകുകയും ചെയ്തു.

ന്യായമായ തന്റെ സ്വത്തു് തനിക്കുതന്നെ കൈവശപ്പെട്ടുവെന്നു കണ്ടപ്പോൾ ആ ചിലന്തി പരമക്ഷമയോടുകൂടി വലയ്ക്കുണ്ടായ അറ്റകുറ്റങ്ങളെ തീർത്തുകൊണ്ടും എന്റെ അറിവിൽ ആഹാരം കൂടാതെയും ഒരു മൂന്നു ദിവസം ഇരുന്നു. എന്നാൽ

കടവിൽ നീലനിറത്തിലുള്ള ഒരു വലിയ ഈച്ച അവന്റെ വലയിൽ അകപ്പെടുകയും മോചനം പ്രാപിക്കുന്നതിന് കഠിനമായി ശ്രമിക്കയും ഉണ്ടായി. അതിന് വലയിൽ കഴിയുന്നിടത്തോളം കുടങ്ങാൻ ചിലന്തി അവസരം കൊടുത്തു. എന്നാൽ വലയുടെ സ്ഥിതിക്ക് ഈച്ച കുറെ അധികം ബലവാനായിരുന്നു പോലെ തോന്നി. ചിലന്തി ഉടൻതന്നെ പുറപ്പെട്ടുവന്നു ഒരു മിനുട്ടിനകം ചോറാപ്പുള്ളിയുടെ ചുററും ഒരു പുതിയ വല കെട്ടിയതു കണ്ടപ്പോൾ ഞാൻ അത്യാശ്ചര്യപ്പെട്ടുപോയി എന്നു സമ്മതിച്ചേ തീരു. ഈ വലകൊണ്ടു ഈച്ചയുടെ ചിറകുകൾക്കുണ്ടായിരുന്ന ചലനം നിലച്ചു. ഈ മട്ടിൽ ഈച്ച ഒരുവിധം പ്രതിബദ്ധഗതി ആയപ്പോൾ ചിലന്തി അതിനെ പിടിച്ചിഴച്ചു തന്റെ ഗൃഹത്തിലേക്ക് കൊണ്ടുപോകയും ചെയ്തു.

ഈവിധം ഒരു അരിഷ്ടസ്ഥിതിയിൽ അത് കാലക്ഷേപം ചെയ്തു; ഈശ്വരൻ അതിനെ ഈ മാതിരി ജീവയാത്രക്ക് ചേർന്നാണ് സൃഷ്ടിച്ചിട്ടുള്ളതും; എന്തുകൊണ്ടെന്നാൽ അതു ഒരു ഒററ ഈച്ചയെക്കൊണ്ടു ഒരു വാരത്തിലധികം ആഹാരം നിവർത്തിച്ചു. ഒരിക്കൽ ഞാൻ ഒരു കടന്നലിനെ അതിന്റെ വലയിൽ പിടിച്ചിട്ടു; എന്നാൽ പതിവുപോലെ ചിലന്തി അതിനെ പിടിക്കാൻ വന്നപ്പോൾ എന്തുവിധം ശത്രുവിനോടാണ് തനിക്ക് പൊരുതാനുള്ളത് എന്ന് മനസ്സിലായതിൽ ഉടൻതന്നെ അതിനെ ബന്ധിച്ചിരുന്ന നൂലുകളെ അറുക്കകയും ആ ബലവാനായ ശത്രുവിനെ അഴിച്ചുവിടുന്നതിന് തനിക്ക് കഴിയുന്നതൊക്കെ പ്രവർത്തിക്കയും ചെയ്തു. കടന്നൽ വിമുക്തനായപ്പോൾ ചിലന്തി വലയ്ക്കുണ്ടായ കേടുകൾ തീർപ്പാൻ ആരംഭിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു; എന്നാൽ ആ കേടുകൾ തീർക്ക വയ്യാത്തതായിരുന്നു എന്ന് തോന്നുന്നു; അതിനാൽ ആ വല നിശ്ശേഷമുപേക്ഷിക്കപ്പെടുകയും പുതുതായൊന്നു ആരംഭിക്കപ്പെടുകയും ഉണ്ടായി. അതും പതിവുള്ള സമയംകൊണ്ട് പൂർത്തി ആയി.

ഇത്രയും ആയപ്പോൾ ഒരു ചിലന്തിക്കു എത്ര വല കെട്ടുവാൻ കഴിയുമെന്നു പരീക്ഷിക്കണമെന്നു എനിക്കു ഒരു ബുദ്ധി തോന്നി. അതിൻപ്രകാരം ഞാൻ ഈ വലയെ നശിപ്പിക്കുകയും ആ കീടം വേറെ ഒന്നു ആരംഭിക്കുകയും ചെയ്തു. ആ വലയും

ഞാൻ നശിപ്പിച്ചപ്പോൾ അതിന്റെ ചരക്കെല്ലാം അവസാനിച്ചതായി തോന്നി; ഇനിമേൽ അതിന്ന നൂൽ നൂൽക്കാൻ കഴിവില്ലായിരുന്നു. പ്രധാന ജീവനോപായമില്ലാതായി ഈ സ്ഥിതിയിൽ പ്രാണധാരണത്തിന്ന വേണ്ടി അതു പ്രയോഗിച്ച കൌശലങ്ങൾ വാസ്തവമായിട്ട് ആശ്ചൎയ്യകരങ്ങളായിരുന്നു. അതു കാലുകളെ ഒരു പന്തിന്റെ ആകൃതിയിൽ ചുരുക്കി വളരെ നേരം മിണ്ടാതെ കിടക്കുകയും എന്നാൽ എപ്പോഴും തരം നോക്കിക്കൊണ്ടു തന്നെ ഇരിക്കുകയും ചെയ്യുന്നതു ഞാൻ കണ്ടിട്ടുണ്ട്; വല്ല ഈച്ചയും വേണ്ടുവോളം അടുത്തു ചെല്ലുന്നതായാൽ അതു തടിതിയായി പായുകയും ആ ഇരയെ മിക്കപ്പോഴും ഉറപ്പായി പിടിക്കുകയും ചെയ്യും.

എന്നാലും ഈ മാതിരി കാലക്ഷേപത്തിൽ വൈരസ്യം തോന്നിത്തുടങ്ങിട്ടു അതു അവിടെ വേറെ ഒരു വല ചമപ്പാൻ കഴിയാത്തതിനാൽ മറെറാരു ചിലന്തിയുടെ സ്വത്തിനെ ആക്രമിക്കാൻ നിശ്ചയിച്ചു. അവൻ വളരെ പൌരുഷത്തോടുകൂടെ അയൽവക്കത്തുള്ള ഒരു കോട്ടയെ ആസ്കന്ദനം ചെയ്യുകയും ആദ്യത്തിൽ തുല്യമായ പൌരുഷത്തോടുകൂടിത്തന്നെ എതിരാളിയാൽ നിരാകരിക്കപ്പെടുകയും ചെയ്തു. ഈ ഒരു പരാജയംകൊണ്ടു അധൈൎയ്യപ്പെടാതെ അതു വേറെ ഒന്നിന്റെ വലയെ ഉപരോധിച്ച് മൂന്നുദിവസം യുദ്ധം ചെയ്ത് ഒടുവിൽ എല്ലാത്തിന്നും ഉടമസ്ഥനെ കൊന്ന് ആ വല കൈവശപ്പെടുത്തി.

ചെറുതരം ഈച്ചകൾ വലയിൽ വീഴുമ്പോൾ ഉടൻ പുറപ്പെട്ടു ചെല്ലാതെ ആ ചിലന്തി അവ കുടുങ്ങി നല്ലവണ്ണം അകപ്പെട്ടുവരുന്നതുവരെ ക്ഷമിച്ചു കാത്തിരിക്കും; എന്തുകൊണ്ടെന്നാൽ അവൻ ഉടൻ അടുത്തു ചെല്ലുന്നതായാൽ അവന്റെ ദൎശനത്താലുണ്ടാകുന്ന ഭയം ബന്ദികൾക്കു ബന്ധനത്തിൽ നിന്നു നീങ്ങുന്നതിന്ന വേണ്ടുന്ന ശക്തി ഉണ്ടാക്കിക്കൊടുത്തേയ്ക്കാം. അതിനാൽ അവന്റെ മട്ടു നിരുദ്യോഗമായും നിശ്ശബ്ദമായുമായ ആയാസം കൊണ്ടു ബന്ദിയുടെ ശക്തി മുഴുവൻ ക്ഷയിക്കുന്നതുവരെ ക്ഷമയോടു കാത്തിരിക്കയാകുന്നു; അനന്തരം ആ ബന്ദിയെ ഉറപ്പായി ജയിക്കയുമാകാമല്ലൊ.

ഞാൻ ഇപ്പോൾ വിവരിച്ച പ്രാണി മൂന്നു വൎഷം ജീവിച്ചിരു

ന്നു. ആണ്ടുതോറും അതിന്റെ തൊലി മാറി വരികയും കാലുകൾ പുതുക്കയും ചെയ്യും. ഞാൻ ചിലപ്പോൾ അതിന്റെ ഓരൊ കാൽ പിടുങ്ങുക ഉണ്ടായിട്ടുണ്ട്; എന്നാൽ അതു പിന്നെയും രണ്ടു മൂന്നു ദിവസംകൊണ്ടു വളൎന്നു വരും. ആദ്യത്തിൽ ഞാൻ വലയ്ക്കടുത്തു ചെല്ലുമ്പോൾ അതു ഭയപ്പെട്ടിരുന്നു; എന്നാൽ ഒടുവിൽ അതു എന്റെ കയ്യിൽ നിന്നു ഈച്ചകളെ വന്നു പിടിക്കത്തക്കവണ്ണം ഇണങ്ങി. ഞാൻ വലയുടെ ഏതു ഭാഗമെങ്കിലും തൊടുന്നതായാൽ അതു ആഹാരത്തിനൊ എതിൎപ്പാനൊ സന്നദ്ധനായിട്ടു അതു സങ്കേതത്തിൽ നിന്നു ഉടൻ പുറപ്പെട്ടു വരികയും ചെയ്യും.

ആർ. രാജരാജവൎമ്മ കോയിത്തമ്പുരാൻ.

ചെകുത്താന്മാർ.

ഇനി നാം പലപ്പോഴും കേൾക്കാറുള്ള യക്ഷികളെയും ഗന്ധൎവ്വന്മാരെയും പറ്റി അല്പം പറഞ്ഞുകൊള്ളുന്നു. ഇവ പ്രാകൃതഭൂതങ്ങൾ ആകുന്നു. സാധാരണയായി വിജനപ്രദേശങ്ങളിൽ ആണ് ഇവയുടെ പൊറുതി. പ്രകൃത്യാ വളരെ ഉത്സാഹശീലത്തോടുകൂടിയ ഈ ഭൂതങ്ങളുടെ കയ്യിൽ പെട്ടാൽ അവ നമ്മെ വളരെ കഴക്കുമെന്നും മറ്റും ഐതിഹ്യങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളത് യഥാൎത്ഥമെന്ന് ചില പാശ്ചാത്യതത്വജ്ഞന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇരുട്ടും വിജനമലഞ്ചെരിവും രാത്രിയും ഈ ഭൂതങ്ങളും കൂടി ചേൎന്നാൽ ഒരു മാതിരി നേരംപോക്കുകൾ ഉണ്ടാവാതെയിരിക്കയില്ല. കൂരിരുളിൽ ലീനമായ കേശഭാരത്തിൽ വിലസത്തുക്കളായിരിക്കുന്ന പുഷ്പമാല്യങ്ങളിൽനിന്ന് വീഴുന്ന സൌരഭ്യത്തോടും പുഷ്പലക്ഷ്മിയെ അതിശയിക്കുന്ന അംഗസൌഭാഗ്യത്തോടും 'മന്മഥകഥാഗന്ധം ഗ്രഹിക്കാത്ത'വനുംകൂടി ഉഗ്രമായ മദനാഗ്നിയെ ഉജ്വലിപ്പിക്കുന്ന ഹംസനടനത്തോടും കൂടിയ ഒരു സുന്ദരി ഇതാ മുന്നിൽ— അവൾ തന്നെ ഇതാ പിന്നിൽ— അടുക്കുന്തോറും അകലുന്നു— അകലുന്തോറും അടുക്കുന്നു— മനസ്സു മയങ്ങുന്നു— ഹൃദയം കലങ്ങുന്നു— ഇതാ മറയുന്നു— ഇവൾ ആണ് യക്ഷി. ഗന്ധൎവ്വന്മാരും

വളരെ വിരുതന്മാരാണ്. അവർ ചിലപ്പോൾ ബീഭത്സാകൃതി പൂണ്ട് ഭയപ്പെടുത്തുകയുംകൂടി ചെയ്യാറുണ്ട്.

ഇനി 'ദൈവതാവേശാപസ്മാരികം' എന്ന സാധാരണ സ്ത്രീകൾക്കും ചിലപ്പോൾ പുരുഷന്മാർക്കും ഉണ്ടാവുന്ന ഒരു പാരവശ്യത്തെപ്പറ്റി ആലോചിക്കാം. ഇതിനെ യൂറോപ്യഭിഷക്കുകൾ ഞരമ്പു സംബന്ധിച്ച ഒരു രോഗമെന്നാണ് കരുതുന്നത്. പക്ഷേ ഭൂതങ്ങളുടെ ആവേശവും, അതല്ല എന്ന് യൂറോപ്യന്മാർ പറയുന്ന രോഗവും തമ്മിൽ വളരെ സാദൃശ്യങ്ങൾ ഉള്ളതു കൊണ്ടായിരിക്കാം ആദ്യത്തേതിന്റെ അഭാവത്തെപ്പറ്റി ഒരു പക്ഷം ഉണ്ടായിട്ടുള്ളത്. ഏതായാലും ചികിത്സകൊണ്ട് ഭേദംവരാത്ത പല കേസ്സുകളും മന്ത്രവാദംകൊണ്ട് പൊറുത്തിട്ടുണ്ടെന്ന് നിസ്സംശയം പറയാം. മനുഷ്യരിൽ ചിലർ ഭൂതാവേശത്തിന് അനുകൂലന്മാരായിരിക്കും. അവരുടെ സൂക്ഷ്മശരീരം സാധാരണയിൽനിന്നു വ്യത്യാസപ്പെട്ടിട്ടുള്ളതുകൊണ്ട് ഭൂതങ്ങളുടെ ചലനങ്ങൾക്കു വിധേയമാകുന്നു. സ്ഥൂലശരീരം വഴിപ്പെടുന്നു. പ്രവിഷ്ടഭൂതം യഥേഷ്ടം വിളയാടുന്നു. ചിലപ്പോൾ വളരെ പഴക്കമുള്ള കാര്യങ്ങളെയും ചിലപ്പോൾ ഒരേ സമയത്ത് പലസ്ഥലങ്ങളിൽ നടക്കുന്ന കാര്യങ്ങളെയും ചിലപ്പോൾ ഭാവിയായ കാര്യങ്ങളെയും ചിലപ്പോൾ വളരെ ഗൂഢങ്ങളായ കാര്യങ്ങളെയും പറ്റി ഉറക്കമുള്ള അറ്റം പ്രസംഗിക്കാറുണ്ട്. ലോകം മുഴുവൻ പ്രതിധ്വനിക്കൊള്ളുന്നതും ഈയിടയിൽ ഉണ്ടായിട്ടുള്ളതും സെർവ്വിയയിലെ രാജാവിനെയും രാജ്ഞിയെയും കൊല്ലാൻ പോകുന്നതിനെപ്പറ്റി മിസ്സസ് ബിച്ചൽ ഉറക്കത്തിൽ പറഞ്ഞിട്ടുള്ളതും ആയ സംഗതികൾ വർത്തമാനക്കടലാസ്സുകളിൽ വായനക്കാർ കണ്ടിട്ടുണ്ടായിരിക്കുമെന്ന് കരുതി അവയെപ്പറ്റി വിസ്തരിക്കുന്നില്ല. വെളിച്ചപ്പാടന്മാരും ഒരു വിധത്തിൽ തന്നെയാണ് ഭാവിയായിട്ടുള്ളവകളെപ്പറ്റി പറയാറുള്ളത്. ഒരു വിഷയത്തിൽ സാമർത്ഥ്യത്തെ സമ്പാദിച്ചിട്ടുള്ള വളരെ ജനങ്ങൾ യൂറോപ്പിലും അമെരിക്കയിലും നമ്മുടെ ഇന്ത്യയിലും ഉണ്ട്. യൂറോപ്പിൽ പണ്ട് ഒരു വകക്കാരെ നിത്യം നിഗ്രഹിക്കയാണ് ചെയ്തിട്ടുള്ളത് എന്ന് 'സാക്രട്ടീസി'ന്റെയും 'ജീൻഡിആർക്കി'ന്റെയും ഉദാഹരണങ്ങളിൽനിന്ന് ഗ്രഹിക്കാവുന്നതാണ്. ഒരു വകക്കാർക്കാവശ്യമായിരിക്കുന്ന ശക്തി സാധാരണ മനുഷ്യർക്ക് വളരെ അത്ഭുതകരമാണെങ്കിലും അ

സംഗ്രഹത്തിൽ ഒരാളുടെ ജ്ഞാനേന്ദ്രിയങ്ങളും മറ്റൊരാളുടെ ജ്ഞാനേന്ദ്രിയങ്ങളെക്കാൾ പടുക്കളാണെന്നുള്ള ഏകസംഗതികൊണ്ടുതന്നെ ഈ അത്ഭുതം പകതിപ്പെട്ടുപോകുന്നു. സൂക്ഷ്മശരീരത്തിന്റെ ഗ്രഹണശക്തിയും സ്ഥൂലശരീരസ്ഥങ്ങളായ ചക്ഷുരാദി ഇന്ദ്രിയങ്ങളുടെ ഗ്രഹണശക്തിയും ഏകദേശം സദൃശങ്ങളും ആകുന്നു. ഒരു തരം മന്ദചലനങ്ങളെയാകുന്നു ശബ്ദങ്ങൾ എന്ന് ശ്രവണേന്ദ്രിയത്താൽ നാം അറിയുന്നത്. അവയെക്കാൾ വേഗതയുള്ള മറ്റൊരു തരം ചലനങ്ങളെയാകുന്നു വെളിച്ചം എന്നു നാം കണ്ണുകൊണ്ടു ഗ്രഹിക്കുന്നത്. ഇവയെക്കാൾ ഇനിയും വേഗതയുള്ള വേറെയൊരുവിധം ചലനങ്ങളെയാകുന്നു വിദ്യുച്ഛക്തിയെന്ന് നാം പറയുന്നത്. അപ്രകാരംതന്നെ ദുർഗ്രാഹ്യങ്ങളായ മറ്റൊരുതരം ചലനങ്ങളെയാകുന്നു സൂക്ഷ്മശരീരത്തിന്റെ സഹായത്താൽ നാം ഭൂതങ്ങൾ എന്നറിയുന്നത്.

ശരിയായി ശ്രുതി കൂട്ടീട്ടുള്ള വീണയുടെ ഒരു കമ്പിയെ പിടിച്ചു ഇളക്കിയാൽ അടുത്ത കമ്പികളിൽകൂടി ചലനങ്ങൾ എങ്ങിനെ ഉത്ഭവിക്കുന്നുവൊ, ലംബമാനമായ പാലത്തിന്മേൽകൂടി നടക്കുന്ന ഒരു കൂട്ടം പട്ടാളക്കാർ കവാത്തിൽ സാവധാനപദന്യാസം ഇടക്കിടക്കാചരിക്കുന്നതുകൊണ്ടു പാലത്തിന് കേടുവരാതെ എങ്ങിനെ രക്ഷിക്കുന്നുവോ അപ്രകാരംതന്നെ ഭൂതങ്ങളിൽ ചലനത്തെയും ചലനാഭാവത്തെയും ഒരു മാന്ത്രികന് ചെയ്വാൻ കഴിയും. സമാനചലനങ്ങളാൽ ഭൂതചലനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ഭൂതചലനങ്ങളാൽ തടയുകയും ചെയ്യുന്നതന്നെയാകുന്നു മന്ത്രവാദത്തിന്റെ ഉദ്ദേശം. 'മന്ത്രവാദം' എന്ന വിഷയത്തെപ്പറ്റി വിസ്തരിക്കുന്നതായാൽ, പരിഷ്കൃതവായനക്കാർക്കു സാമാന്യം ദുസ്സഹവും അസംബന്ധവും എന്നു തോന്നീട്ടുണ്ടായിരിക്കാവുന്ന ഈ പ്രബന്ധം അതിദുസ്സഹമായി തീരാവുന്നതുകൊണ്ട് എനിക്കു അനുഭവമായിട്ടുള്ള ഒരു സംഭവത്തെപ്പറ്റിമാത്രം പ്രസ്താവിച്ച് ഈ ലേഖനത്തെ അവസാനിപ്പിക്കുന്നു. നാസ്തികത്വത്തിൽനിന്നു ആസ്തികത്വത്തിലേക്ക് എന്നെ തിരിച്ചു വിട്ടതും ഈ സംഭവം തന്നെയാകുന്നു.

കൊല്ലം ൧൦൭൫-ൽ കോഴിക്കോട്ടു കേരളവിദ്യാശാലയിൽ ഒന്നാം എഫ്എ ക്ലാസിൽ ഒരു വിദ്യാർത്ഥിയായിരുന്ന ഞാൻ ഒരു ദിവസം കോളേജിൽ എത്തിയപ്പോൾ സമീപമായ ചാലപ്പുറം ദേശ

ത്ത് അന്ന ചാത്തുക്കുറുപ്പ എന്നൊരാൾ നടത്തിയിരുന്ന ഹോട്ടലിൽ താമസിച്ചു പഠിച്ചിരുന്ന ചില സ്നേഹിതന്മാരിൽനിന്ന തലേദിവസം രാത്രി മുഴുവൻ അവർ താമസിക്കുന്ന സ്ഥലത്ത് കല്ലേറുണ്ടായിരുന്നു എന്നും പുറത്ത് പറമ്പിലേക്ക് തുറക്കുന്ന ഒരു ജനാലയുടെ നേരെ ഇട്ടിരുന്ന മേശയിന്മേൽ കത്തിയിരുന്ന ഒരു മേശവിളക്ക ഏറുകൊണ്ട് പൊട്ടി എന്നും അറിഞ്ഞു. സാധാരണയിൽ അധികം വിരുതും പോക്കിരിത്തരവും കോഴിക്കോട്ടെ സ്കൂൾ കുട്ടികൾക്കുണ്ടെന്നുള്ളതിൻെറ പ്രതീതിയുണ്ടായിരുന്നതുകൊണ്ട് 'വല്ല പോക്കിരിക്കുട്ടന്മാരുടേയും തോന്ന്യവാസമായിരിക്കു'മെന്നാണ ഞാൻ ധരിച്ചതും പറഞ്ഞതും. അന്നും കല്ലേറുണ്ടായിരുന്നുവെന്നും അതിലും വിശേഷമായി നിലത്തിൻെറ നിരപ്പിൽനിന്ന് ഉയൎന്ന സ്ഥലങ്ങളിൽ വെച്ചിരുന്ന സാധനങ്ങൾ തന്നെത്താൻ നിലത്തേക്ക വീണിരുന്നുവെന്നും പിറേറന്നാൾ ഞാൻ കേട്ടു എന്നുതന്നെയല്ല ഈ സംഭവത്തിൻെറ കാരണത്തെ കണ്ടുപിടിക്കാനായി ചില യൂറോപ്യന്മാരും വളരെ പൊല്ലീസുകാരും മററും സ്ഥലത്ത് എത്തിയിരുന്നുവെന്നും അവർ യാതൊരു വിധത്തിലും പ്രകൃതിനിയമങ്ങൾക്ക വിരുദ്ധമല്ലാത്തതായ ഒരു കാരണത്തെ കല്പിക്കാൻ സാധിച്ചില്ലെന്നുംകൂടി ഞാൻകേട്ടു. പോക്കിരിക്കുട്ടന്മാരെപ്പററിയുള്ള സംശയം അപ്പോൾത്തന്നെ എന്നെ വിട്ടു. എന്തായാലും ഒന്നു ചെന്ന് കാണേണമെന്നു ഞാൻ തീൎച്ചയാക്കി. വൈകുന്നേരം അഞ്ചര മണിക്ക ഞാനും എൻെറ സ്നേഹിതന്മാരായ കെ. നാരായണൻനായർ ബി. എ. ടി. ശങ്കുണ്ണിമേനോൻ മുതൽപേരും സ്ഥലത്ത് എത്തി. നേരം സന്ധ്യയായി തുടങ്ങി. ഞങ്ങൾ ആ വീട്ടിൻെറ കിഴക്കേ മിററത്ത് അല്പനേരം സംസാരിച്ച് നിന്നു. അവിടെ താമസിക്കുന്നതിൽ ഒരാൾ 'സൂക്ഷിക്കണം-കല്ലുവരാറായിത്തുടങ്ങി' എന്നും മററും ഞങ്ങളോട് പറഞ്ഞു. 'അതൊട്ടു അതുതന്നെ ഒന്നു കാണണം' എന്ന ഞങ്ങളിൽ നാരായണൻനായർ മറുപടി പറഞ്ഞു. രണ്ട് നിമിഷത്തിനുള്ളിൽ നാരായണൻനായരുടെ തോളുകയിൽത്തന്നെ ഒരു ചെറിയ കല്ല് വന്നുവീണു. അന്നത്തെ ഒന്നാമത്തെ കല്ല അതുതന്നെയായിരുന്നു. പിന്നെ അധികം താമസമുണ്ടായില്ലാ. ഞങ്ങളുടെ നാലുഭാഗത്ത് കൂടിയും പലതരം കല്ലുകൾ ഭവനത്തിന്മേൽ വീഴുവാൻതുടങ്ങി. കല്ലുകളുടെ പുറപ്പാട തുടങ്ങിയപ്പോൾ പുറത്ത

നില്പാൻ തരമില്ലാതെയായി ഞങ്ങൾ അകത്തേക്ക കടന്ന വാതിൽ സാക്ഷയിട്ടു. വാതലിനോടുചേൎന്ന അതിന്മേൽ ചാരിയാണ ഞാൻ നിന്നിരുന്നത്. പുരപ്പുറത്തും വാതലുകളിന്മേലും ചുമരിന്മേലും കല്ലുകൾ അനൎഗ്ഗളമായി വീണിരുന്നു. ഞങ്ങൾ ഒരു അനൎത്ഥത്തെപ്പററി സംസാരിച്ചുകൊണ്ട അകത്ത് നില്ക്കുമ്പോൾ എന്റെ വലത്തെ കാതിന്മേൽ തൊട്ടും തൊടാതെയും "ഘ്ലു" എന്നൊരു ശബ്ദത്തോടുകൂടി എന്തോ ഒരു സാധനം മോളിൽനിന്ന എന്റെ കാല്ക്കൽ വന്നുവീണു. അതിശയത്തോടുകൂടി കുനിഞ്ഞ് അതിനെ എടുത്തു നോക്കുമ്പോൾ അതു മറെറാന്നുമല്ല. നിലം ഉരച്ചിരുന്ന കല്ലായിരുന്നു. ഞാൻ ചാരി നിന്നിരുന്ന വാതലിന്റെ പടിപ്പുറത്ത ഉരുണ്ടിരുന്നാലും വീട്ടുകാർ എടുത്ത് താഴത്ത് വെക്കാൻ വിട്ടുപോയതും ആണ്. ആ കല്ലു യാതൊരാളും തൊട്ടുകയോ കാണുകയോ ഉണ്ടായിട്ടില്ലെന്നുള്ളത് നിശ്ചയമാണ്. അധികം താമസിക്കാതെ ഞങ്ങൾ മെണ്ടി ആ പറമ്പിലും ചുററുമുള്ള പറമ്പുകളിലും ചുററിനടന്നു നോക്കി. അവിടെ എങ്ങും യാതൊരനക്കവും ഉണ്ടായിരുന്നില്ല. ചാത്തന്റെ ഉപദ്രവംതന്നെ എന്ന് എല്ലാവരും തീൎച്ചപ്പെടുത്തി. പിറേറന്നാൾ രാവിലെ എട്ടുമണി വണ്ടിക്കുതന്നെ ചാത്തുക്കുറുപ്പു ചെറു എഴുത്തച്ഛനെ കാണ്മാൻപൊന്നാനിക്കുപോയി മൂന്നരമണി വണ്ടിക്ക ചില ചക്രങ്ങളും എന്തോ ചില വികൃതാക്ഷരങ്ങളും എഴുതീട്ടുള്ള ഒരു ഓലക്കഷണത്തോടുകൂടി മടങ്ങി എത്തി. ഓലക്കഷണം ആ വീടിന്റെ ഒരു തൂണിന്മേൽ കെട്ടി അതിന്മേൽ എട്ട് പത്ത് അടി അടിച്ചു. അന്ന മുതൽ കല്ലേറും നിന്നു. അന്നു മുതൽ കുട്ടിച്ചാത്തനിൽ എനിക്ക വിശ്വാസവും ജനിച്ചു. അന്നു മുതൽതന്നെ ചെപ്പിടിവിദ്യക്കാർ നേരം പോക്കായിട്ടല്ല താഴെ പറയും പ്രകാരം പാടാറുള്ളത് എന്നും എനിക്ക് ബോദ്ധ്യമായി.

"ഓടിവാടാ കുട്ടിച്ചാത്താ
ഇന്ദ്രജാലക്കാരെപ്പിടിക്കുന്നതാലിക്കെട്ടുന്നതാൻ
ഓടിവാടാ കുട്ടിച്ചാത്താ".

എന്ന പുത്തേഴത്ത ഗോവിന്ദമേനോൻ.

രാധാകൃഷ്ണയോഗം.*

വഞ്ചിപ്പാട്ട്.

പുണ്ണ്യവരപ്രദലോകംപുണ്ണ്യവേദാലയനെന്റെ
പുണ്ണ്യമേറുംകഥയെല്ലാംവർണ്ണ്യമാണെല്ലോ
പത്തവതാരത്തിലുംവെച്ചുത്തമംകൃഷ്ണാവതാരം
സത്താകമുനീന്ദ്രർക്കുംചിത്തരംഗനടം
ദാശകന്യാസുതൻവേദവ്യാസനാംമാമുനിശ്രേഷ്ഠൻ
പേശലമാംകൃഷ്ണലീലപേശിനാനെന്നാം
കണ്ണനുണ്ണികിടാവോരോവർണ്ണമായ്ചെയ്തുവച്ചുള്ള
വർണ്ണനത്തിൽകൊതിക്കാത്തകർണ്ണമാർക്കുള്ളു
ചട്ടമാകുന്നാനാമുണ്ണിക്കട്ടഹങ്ങളുകളിക്കാൻ
ഒട്ടുമതൻമൊഴിചൊല്ലാസപ്പാട്ടനേപൊട്ടൻ
അപ്പടിട്ടുസപ്പിട്ടുചെപ്പുതകിടാവിന്റെ
അത്ഭുതമാംകഥയൊന്നിനാല്പമോതുന്നേൻ —

നന്ദഗോപർകണ്ണനുണ്ണിനന്ദനനായനാളിൽ
നന്ദിയോടന്തിനേരംകൊച്ചുനിടിയാറാകിൽ
ആത്തമോദംമെല്ലെഴുകില്പാസ്ഥതോടെയുടപ്പിച്ചു
പെൺമണിമാർത്തിയെടുത്തുകെട്ടിച്ചു
കാതിലാട്ടുംകുണ്ഡലങ്ങൾജാതിയായിച്ചേർത്തികൾ
മാതിരിച്ചു പുലിനഖംമോതിരംമാല
കങ്കണംകൈകളിൽനല്പകിങ്കിണിയരഞ്ഞാണിൽ
ഭാഗിയേറുംതളകാലിലിങ്ങിനെയെല്ലാം
കട്ടികൾകൊണ്ടത്തോരമോടിമട്ടിലായിട്ടണിയിച്ചു
പൊട്ടിടുംകൗതുകമുള്ളിൽതട്ടിടുംവണ്ണം

* ബ്രഹ്മവൈവർത്ത പുരാണത്തിൽ വിസ്തരിച്ചിട്ടുള്ളതും അഷ്ടപദിയിൽ "മേഘൈർമ്മേദുരമംബരം" എന്ന ശ്ലോകംകൊണ്ടു സൂചിപ്പിച്ചിട്ടുള്ളതുമായ കഥ യാകുന്നു.

ആക്കിടാവിന്നഴകേറും നോക്കിനോക്കി രസിച്ചച്ഛൻ
ഭാഗ്യവാനൊട്ടിടനിന്നാൻ യോഗ്യനാം നന്ദൻ
പച്ചനാം കണ്ണനപ്പിന്നെക്കച്ചിലമ്മാറെടുത്തച്ഛൻ
പച്ചിണങ്ങ-ഗ്രഹം നോക്കിപ്പുച്ചയേ പോന്നാൻ
നന്ദനോടൊന്നരചെയ്തും നന്ദനനെച്ചിരിപ്പിച്ചും
അന്നാളികാനനങ്ങളുടെ മന്ദമായ്പ്പോന്നു-

അങ്ങുപൊഴ്തെന്താരൊമാധിപ്പുതുപോലെന്നിടക്കാരണ്യ
പുള്ളുമുകിൽ വണ്ണൻ കരത്തിലുമുകന്നൻ
ഇടയ്ക്കിടക്കച്ചു കോലും കടന്നിടത്തങ്ങോക്കയ്ക്കും
ഇടനെഞ്ചുപൊട്ടിക്കിട്ടിയുടൻ കരഞ്ഞു
നിവൃത്തിയാൽ നിൽക്കാതൊറാം വെറുതിട്ടും വണ്ണനുണ്ണി
പരന്നൊരാക്കാട്ടിൽ തെന്നുള്ളൂരാനക്കണ്ടാൻ
'കരയുന്നതെന്തുണ്ണി പെരിയോരപ്പാപ്പം തരാം
തരമൊട്ടു വെണ്ണ പാല്യം തരുവനിഞ്ഞാൻ
കടന്നെന്തിനിക്കരയുന്നു ഇടനമ്മയുണ്ടു ഞാനും
പിടയല്ലേ കുട്ടാ കൊച്ചുമിടുക്കനല്ലേ'
പലതരമേവമുള്ളൂർ വിലക്കുവാൻ പറഞ്ഞിട്ടും
ഫലമില്ലാ നിലവിളി നിലച്ചതില്ലാ
'എന്തിതങ്ങോ നിലവിളിപ്പിന്തിയല്ലാളിത്തതാം
അന്തിനേരം ബോധിച്ചിതോ ചിന്തിയാതെന്തോ?
അമ്മയെന്നെക്കരച്ചിട്ടു മിമ്മകനേക്കൊണ്ടുപോന്നോൻ
ഇമ്മട്ടുക്കൊണ്ടു വന്നാൽ പെണ്ണെന്നികഴം'
അന്തരംഗത്തിലീവണ്ണമന്തരാവിചാരത്താൽ
അന്ധകാരപ്പാടിലന്ധനായ് നന്ദർ
ശങ്കടപ്പെട്ടോരാവാമൂൽ കടാക്ഷസിപൊറ
രക്കളേപ്പോലഹോ കാറിൻതിങ്കലായ് വന്നിൽ
നിലമേഘങ്ങളൂം തക്കാനപാലമായാപ്രയോഗത്താൽ
പാലയേവൻമറവെന്നപോലെയായ് പിന്നം
ഇറന്നാറിൻ കറുപ്പ് ക്കരമാറ്റപ്രകാരത്തിൽ
ചിറമൊടടമപ്പോ ചലാം കോടിയപ്പുത്തി

കണ്ണനന്നും പിച്ചനീടും വെണ്ണയുള്ളോരിടിവെട്ടി
കണ്ണനക്കുട്ടിലേതിടുന്നണ്ണനംതെറ്റി
കണ്ണു രണ്ടും മഞ്ഞളിക്കും വെണ്ണയുള്ളോരിടിമിന്നൽ
തിണ്ണമുണ്ടായിരയാം താനം വെണ്ണമേവീണ്ടും
കാട്ടിൽ വെള്ളന്തിനേരത്തീമട്ടിലുണ്ടാമിക്കത്തിൽ
തെറ്റിയേറാം കരത്താനാക്കുട്ടിയാം കണ്ണൻ
അങ്ങുതങ്കപ്പൊരശവാനിലുമ്മപ്പെട്ടും മിന്നൽമാത്രമാലും
നിശ്ചിതാശ്മണ്ഡപോൽ നന്ദർനൽപ്രാപ്യം
ഇന്നിതെന്തന്നിഷ്ഠവിണ്ടുമൊന്നിവൻ നോക്കീടുമന്നേരം
മുന്നിലാമമ്മാറുടൻ കണ്ടുതന്നാലിയന്നിവേഷം
നന്ദിയേറും വൃഷഭാനുനന്ദിനിരാധയാം ഗോപി
മുന്നിലെത്തുന്നതായ്ക്കണ്ടാനൊന്നിതെയുള്ളു
കാട്ടിലേവം കയൽക്കണ്ണാൾ കൂട്ടിനെന്യേയിക്കാലം
ഒട്ടിഷ്ടനാനന്ദാശ്ലേഷം കിട്ടിയന്നേരം
'എന്തിതു രാധികേ പാർത്താൽ പന്തിയല്ലാതൊരീ വേഷം
അന്തികത്തിപ്പോൾ നീ വന്നതെന്തിതാശ്ചര്യം
ഇക്കരെയും കണ്ണനെന്നീക്കുലമ്പാടട്ടത്താലും
ഉൽക്കടമാം നിലവിട്ടിനിയിൽക്കമേയെന്നാൽ
ഇടിടും കാറിടിമിന്നൽ ധാടിയോടിവകയെല്ലാം
കൂടിയ രാത്രിയിൽ കാട്ടിൽ പ്പേടിയാവില്ലേ?
രാത്രിയായാതമസ്സും ചാരുഗാത്രി കണ്ണനുണ്ടുപക്ഷേ
ഇത്രയും ഭീഷണമായാലെത്രപേടിക്കും
ഏറിവന്നൊരുടുത്താത്തിമാറിയാലും ഉള്ളുകേറില
പോരിലേവൻ തുണയ്ക്കുട്ടതോറിമേൽ കണ്ണൻ
മുന്നിൽ മന്ദം നടക്കാം ഞാൻ പിന്നിൽ നീ പോരികയാലേ
ഉണ്ണിരാധേ യുകൈട്ടതുകൊണ്ടുണ്ണികാൻ കണ്ണി'
ഇങ്ങിനെ നന്ദനനോതുമ്പോളിംഗിതപ്പൂമായിയോടെ
അങ്ങിനെതന്നെയെന്നാൾ തന്നാരിയാം രാധ
രാധതൻ കയ്യിലാബാലശ്രീധരനെക്കൊടുത്തപ്പോൾ
ബാധതീർന്നുകയായാതായ് മാധവൻ ചിത്രം

നന്ദിയോടങ്ങുടൻ നന്ദൻ മുന്നിലായി നടകൊണ്ടാൻ
പിന്നിലുള്ള കഥയല്ലോ പിന്നെയാശ്ചര്യം.
കുട്ടിയെത്തന്നുടെ കയ്യിൽ കിട്ടിയപ്പോളു വനങ്ങളിൽ
തുഷ്ടിയായ് തന്നുടെ മായാസൃഷ്ടിസാഫല്യാൽ
ഈവിധം കാറുകാർ നിന്നതിളവിറങ്ങിടിയെല്ലാം
ദേവിയാം രാധതൻ മായയൊക്കെയിവയത്രേ
ശക്തിയേറും പരാശക്തികളിൽ വെച്ചു രാധ
മുക്തിദനാം ശ്രീകൃഷ്ണൻതൻ ശക്തിയാണല്ലോ
അന്നു രാധാകൃഷ്ണയോഗമെന്നു ചൊല്ലും ശുഭയോഗം
മുന്നമേ നിശ്ചയിച്ചിട്ടുണ്ടെന്നതേ വേണ്ടൂ
ആയതിന്നായഹോ രാധയായ തിരുമഹാശക്തി
മായ ചിന്നിച്ചുവയാണെന്നായ ചിന്തനയും
മുന്നമേ നാമത്ർ ചൊല്ലാൽ നന്ദഗോപനിവത്തരൻ
ഉന്നതതപം ചെയ്തിട്ടുണ്ടെന്നു കേട്ടപ്പുണ്ടെ
ഒന്നുവയസ്സിന്റെ പ്രായംകൊണ്ടുവാഴും ശ്രീകൃഷ്ണനെ
ഒന്നുതൈകൈകൊണ്ടെടുത്തു വാത്സല്യംകൊണ്ടുടൻ രാധ
മെല്ലെമെല്ലെ നടക്കുമ്പോളതെല്ലനേരമെന്നാലേ
മല്ലനേത്രൻ കിടന്നാനായല്ലുവബാലൻ
അഞ്ചുപത്തടി വെച്ചപ്പോഴേക്കിന്നടന്നാരേ
വഞ്ചനാമാനുഷനില്ലാതെ പരബ്രഹ്മകയ്യിൽ
മായയാമെന്നെയും കൂടി മായയാലെ മയക്കുന്നോ
ആയർകോൻ തൈചെറുബാലനായിട്ടായവണിന്നാം
ഇരുകയ്യിൽ കിടാവില്ലാതെങ്ങുമിങ്ങുടൻ തന്നെ
മംഗലമൂർത്തിയെത്തേടി മംഗലഗാത്രി
കൊണ്ടൽനേർവർണ്ണനെയെങ്ങും കണ്ടതില്ലതെല്ലുതന്നോടും
കണ്ണിതം പൂണ്ടിതു രാധ കണ്ടിവാർകേശി
സാപരാധമെന്നോടും പിന്നെ ചിൽപ്രകാശാത്മികയായി
ക്ഷിപ്രമാ രാധ കണ്ണിട്ടാളു പ്രദേശത്തിൽ
മായയാം രാധയെ മഹാമായയിൽ കൽപിച്ചാലും
ആയതും തിന്നവണ്ണമൊരായുസ്സാനന്ദം

ചുറ്റുമെപച്ചിലവള്ളിപ്പടർപ്പുകളാൽ പൂവകകിൽ
ഏറ്റമാരാമത്തിൽ മായമേതോ മാറ്റമുണ്ടായി
ഉണ്മയിൽപ്പൂപ്പച്ചിലക്കാട്ടിൽ കണ്മയക്കും പ്രകാശത്തിൽ
പൊന്മണിമയധൂപംകണ്ടാം പൊന്മണിത്തൂണിൽ
ആയതിൻ്റെനടുക്കായിട്ടായതാക്ഷീമണികണ്ടാം
ആയർകുലപ്പെരുമാളാമായവനേയും
വെണ്ണപോലെവെളുത്തുള്ളോരണ്ണനേയുംസമീപത്തിൽ
കണ്ണടയ്ക്കാതുടൻകണ്ടാം കണ്ണനോടൊപ്പം
ഇപ്പടികണ്ടൊരാക്കാഴ്ച്ചയുള്ള തന്മാത്രമാറാം
ഉല്പലാക്ഷീമണികളാളപ്പൊഴേതന്നോ
പൊന്മണിമഞ്ചപത്തികൾ തെളിമയോടുംകാണ്ണിതല്ലേ
നന്മയിൽക്കണ്ടിതുസാക്ഷാൽ ചിന്മയരൂപം
ശേഷശായി ഭഗവാൻ്റെ വേഷമെന്തു പുകൾന്നതെന്നു
ഈ ഷലിപ്പുരുവെകണ്ടാശ്ചര്യമുണ്ടെല്ലാം
ബ്രഹ്മദേവനോടുള്ള ബ്രഹ്മലോകാമുഖ്യരെന്ന
ബ്രഹ്മകല്പർസനകാദി ബ്രഹ്മജ്ഞന്മാരും
നാരദനെന്നിത്തരെന്താപോതകണ്ടു ചിന്തിച്ചിന്ന
നീരജാക്ഷൻ കടാക്ഷിച്ചീടുന്നോരമാക്കും
ഉത്തമവെള്ളാനവെകണ്ടു പത്മനാഭമപിടത്തിൽ
സന്തോഷത്തിൽ കൂടെത്തന്നെ സന്തോഷിച്ചാരെ
"ബ്രഹ്മദേവവൈപന്നു നാനാത്തോടത്തിൽ പ്പതിൻ്റെവണ്ണം
എന്നമാനസങ്കതിയെക്കാണ്ണകണ്ണിച്ചാലും"
എന്നിവണ്ണംഭഗവാനാഥൻ ചൊന്നിട്ടംരാധയെക്കാട്ടി
ചെന്തടമാനാന്തൻ രാധാവദനംചെയ്തു
താമരപ്പൂമകർമ്പിന്നാപ്പെമർത്തിപ്രസാദാർത്ഥം
കാമിതംനൽകിയകൃഷ്ണസ്വാമിയോടോതി
"കണ്ടുഞാൻകണ്ടുഞാൻനാഥ കണ്ടുനിന്മായയെസ്വാമി
വീണ്ടുമെപ്പൊഴുതെന്നതാനുപൂണ്ടുഗോവിന്ദ
എങ്കിലൊന്നുണ്ടെന്നിപ്പ്രാർത്ഥിച്ചിട്ടംവൻകാറിലവാദി
മക്കയാംരാധയെവെൽപ്പാൻ ചൊല്ലിനാനെ

പാലെവേളിക്രിയവേണ്ടുംപോലെയെല്ലാംനടത്തിപ്പാൻ
കാലവുംനന്നിതാകാലകാലനംവേന്ദ്ര

ഞങ്ങളെല്ലാവരുംകൂട്ടിട്ടിതൃകർമ്മംതുടങ്ങട്ടേ
മംഗളമാംക്രിയയ്ക്കൊക്കകിതനവാം”

ഇപ്രകാരംവിധികല്പിച്ചപ്പോഴ്“നാൽനടക്കട്ടെ
ക്കിപ്ര”യെന്നാശയംചെയ്തു ചിൽപൂമാംകൃഷ്ണൻ

പണ്ടുഗൗരീവിവാഹത്തിൽകണ്ടകർമ്മക്രമംപോലെ
വേണ്ടവേളിക്രിയാഘോഷംവീണ്ടുമുണ്ടായി

ബ്രാഹ്മണരാമക്കളുമാണീബ്രാഹ്മവേളിക്രിയയെല്ലാം
കർമ്മശുദ്ധിയുള്ളിതിൽപ്പാരംനന്നായെന്നുള്ള

പത്തുപത്തിൽപ്പുരക്കിട്ടുപത്തുവട്ടംപരത്തീടും
പത്തിയുള്ളൊരിന്ദ്രിയങ്ങൾസത്തിനംസാക്ഷി

മെത്തയായ്നിന്നിടുംഭോഗിസത്തമൻഭൂപരിവൃത്തം
വിസ്തരിപ്പാൻപുറപ്പെട്ടാലെത്തുമോ ആവോ?

ഞങ്ങളുണ്ടോവിചാരിച്ചാലുവകകിട്ടുന്ന
മംഗളമെന്തിതുമാത്രംമംഗളംചൊല്ലാം

വേളിതിന്നക്രിയകളെല്ലാമാളിതിൽപ്പെട്ടവർപോയി
വേളിശേഷക്രിയയുമന്നാളിലെചെയ്തു

മണ്ഡപവുംമണിജാലമണ്ഡലവുമുടൻമാറ്റി
തിണ്ണമാററിൽകരക്കൊടുവണ്ണമെറിന്നു

ബാലകൃഷ്ണൻയുവാവായ്വാലിയാംരാധയുമായി
ലീലയാടിയമുനാതൻവേലയിൽത്തന്നെ

കാമശാസ്ത്രപ്രയോഗത്തിൽകേമമോരോമനോധർമ്മം
കാമിനിരാധയുംകൃഷ്ണസ്വാമിയുംകാട്ടി

രാധനാണിച്ചിലുംമെല്ലെമാധവൻകൌശലംചൊല്ലി
സാധുബിംബാധരത്തിൻറസ്വാദുനോക്കീടും

മാർത്തുമകുത്തുകൂമ്പീടുംപോർമുലകമ്പുണർന്നീടും
നേർമുഖംകാട്ടിടാതെചപലംകാർമുകിൽവർണ്ണൻ

പട്ടുചേലയിൽത്തടംകിട്ടുമപ്പോൾപ്രിയൻമെല്ലെ
തൊട്ടുപോയാലുടനെകൈതട്ടുമേരാധ

ഇവ്വിധംചൊന്നുരാധാദേവിയുംകാമയുഗത്തിൽ
കൈവിശേഷംപ്രയോഗിച്ചിട്ടാവിപിനത്തിൽ

ഇക്രമത്തിനെൻമേൽവേണ്ടുന്നക്രമവുംസന്തോഷത്തോടെ
ശിക്ഷയിൽചെയ്യിച്ചിതുകാമശിക്ഷയിൽപ്പിന്നെ

പുഷ്പവല്ലിഗൃഹംപൂകിവല്ലവീവല്ലഭന്മാരും
മുല്ലബാണന്റെപ്പടവെട്ടിനല്ലതിൻവണ്ണം
കാർകുഴൽകെട്ടഴിഞ്ഞിട്ടുംനീർമുലത്തുംപൊടിഞ്ഞിട്ടും
പോർമുലക്കന്നലഞ്ഞിട്ടുംപോർമുടിഞ്ഞപ്പോൾ

പട്ടുചേലകിഴിഞ്ഞിട്ടുംപട്ടുപൂമെയ്തളർന്നിട്ടും
മട്ടഹാരിപ്പുറംകാണപ്പെട്ടപോൽരാധ
കൈതവമാനുഷനോടുംചെയ്തുകൃത്യംകഴിഞ്ഞപ്പോൾ
പൈതലായ്നിന്നിതുപൂർണ്ണചൈതന്യമൂർത്തി
രാധയുംചേർന്നതിൻവണ്ണംബാധതീർത്തീടുമെല്ലാ
താതപാദപത്തിലെത്തിച്ചെയ്തവാത്സല്യം.

പുണ്യമാർന്നൊരീ "രാധാകൃഷ്ണയോഗം" കഥകേട്ടാൽ
പിന്നെയൊന്നുംപറയാനില്ലാനന്ദം.

ലളിത.*

നേരം അർദ്ധരാത്രി ആണ്. തെക്കിനെ ഇൻഡ്യയിൽ ഉള്ള ഒരു ഗ്രാമത്തിൽ ഈ സമയത്തു പൂർണ്ണമായ നിശ്ശബ്ദത എങ്ങും വ്യാപിച്ചിരിക്കുന്നു. മേഘങ്ങളാൽ അനാവൃതമായി ശോഭായമാനമായിരിക്കുന്ന ആകാശമണ്ഡലത്തിൽ ചന്ദ്രൻ അതിധാവള്യത്തോടുകൂടി പ്രകാശിക്കുന്നുണ്ട്. ഈ ഗ്രാമത്തിന് തെക്കിനെ ഇൻഡ്യയിലെ മറ്റു ഗ്രാമങ്ങളിൽ നിന്നു ഒരു വിശിഷ്ടത എന്തെന്നാൽ, അതിലെ നിവാസികൾ വളരെ ധനികന്മാരാണെന്നുള്ള ഒരു സംഗതി മാത്രമാണ്. മറ്റു ഗ്രാമങ്ങളെപ്പോലെ ഇതും ശൂന്യമായി വിളങ്ങിച്ച്

---

* ഒരിംഗ്ലീഷു മാസികയിൽനിന്നു തർജ്ജമ ചെയ്യപ്പെട്ടത്.

ഒരു ഭാഗത്ത് ബ്രാഹ്മണരും, ഒന്നിൽ ശൂദ്രരും, കുറെ അകലെ ആയി അസംഖ്യം കുടിലുകളാൽ നിബിഡമായ മറ്റൊരു ഭാഗത്ത് പറയരും, നിവസിച്ചിരുന്നു. ബ്രാഹ്മണരാൽ അധിവസിക്കപ്പെട്ടിരുന്ന ഭാഗത്തുള്ള ഭവനങ്ങൾ, മറ്റു ഭാഗങ്ങളിലുള്ളവയോടു താരതമ്യപ്പെടുത്തുന്നതായാൽ മഹത്തരങ്ങളെന്ന് നിസ്സംശയം പറയേണ്ടിയിരിക്കുന്നു. അവയെല്ലാം ശുചിയുള്ളവയും വിശാലമായവയും ആണ്. വിശിഷ്യ, പ്രധാനികളായ കൊഴുവന്മാരുടേയും പണം കടം കൊടുക്കുന്നവരുടേയും വാസനിലയങ്ങൾ വെള്ളയിട്ടു, ചായമടിച്ചും വാർണ്ണിസ്സുതേച്ചും പുതിയമാതിരിയിൽ പണിചെയ്യപ്പെട്ടിരിക്കുന്നതിനാൽ സമീപസ്ഥങ്ങളായ നീചഭവനങ്ങളുടെമേൽ അവയ്ക്കുള്ള ശ്രേഷ്ഠത നിഷ്പ്രയാസം പ്രത്യക്ഷപ്പെടുന്നുണ്ട്.

ഈ ചെറിയ ഗ്രാമത്തിൽ ഒരു ദിവ്യമായ ശാന്തത എങ്ങും പ്രസരിക്കുന്നു. പറയന്മാർ മുതലായ ഹീനജാതിക്കാരുടെ വാസസ്ഥലങ്ങൾക്കപ്പുറത്ത് വളരെ ദൂരെ നില്ക്കുന്ന ആൽവൃക്ഷങ്ങളിൽ തങ്ങളുടെ രാത്രിതോറുമുള്ള സഭയിൽ ഏർപ്പെട്ടിരിക്കുന്ന വാവലിൻ ശബ്ദമല്ലാതെ മറ്റു പക്ഷികളുടെ ഒച്ചയാകട്ടെ, തോട്ടങ്ങളിലുള്ള വൃക്ഷങ്ങളിലെ ഇലകളുടെ ചലനശബ്ദമാകട്ടെ, ഒന്നും തന്നെ ആ രാത്രിയിലെ ദിവ്യശാന്തതയെ ബാധിക്കുന്നില്ല. എന്നാൽ സൂക്ഷ്മകർണ്ണന്മാർക്ക് മറ്റു ശബ്ദങ്ങൾ ആ ദിവ്യമായ നിശ്ശബ്ദതയെ ഭേദിക്കുന്നുണ്ടെന്നു ഗ്രഹിക്കാം. എന്തെന്നാൽ വളരെ ദൂരത്തായി ഒരു കാളമണിയുടെ ശബ്ദം കേൾക്കുന്നുണ്ട്.

അതിദൂരത്തിൽ കേട്ട മണിയുടെ കിലുക്കം ക്രമേണ സമീപിച്ച് നല്ലപോലെ കേട്ടുതുടങ്ങി. പക്ഷെ അതു ദൂരത്തുള്ള അമ്പലത്തിൽ നിവേദിക്കുന്നതിനായി ധാന്യങ്ങളും പാലും കൊണ്ടുപോകുന്ന വൈരാഗിയുടെ ചുമലിൽ വഹിച്ചിരിക്കുന്ന കാവടിയിൽ കെട്ടിയിട്ടുള്ള മണികളുടെ കിലുക്കമായിരിക്കാം. അഥവാ അത് —— ഓ! ഇപ്പോൾ സംശയനിവൃത്തിവന്നു. വക്രമായ പാതയിൽ കൂടി ഒരു വണ്ടിവരുന്നുണ്ട്. സാധാരണയായി ഈ പ്രദേശത്തു കാണുന്നവയായ അധികം കിടുക്കമുള്ള വണ്ടികളേക്കാൾ ഇതു എത്രയോ നല്ലതായി തോന്നുന്നു. കഴുത്തിനു ചുറ്റും മണി കെട്ടപ്പെട്ടിട്ടുള്ളവയും സാവധാനമായി നടക്കുന്നവയും ആയ കാളകളാൽ വലിക്കപ്പെടുന്ന ഈ വാഹനത്തെ സൂക്ഷിച്ചുനോക്കിയാൽ നാട്ടുപുറത്തു കാണു

ന്നു ഒരു കാഴ്ചയാണു് ദൃഷ്ടിഗോചരമാകുന്നതു്. മണൽ നിറഞ്ഞിരിക്കുന്ന തെരുവീഥിയിൽ കൂടി നിലം കഴിയത്തക്കവണ്ണം വലിച്ചും ഇരുപുറത്തും പൊടി പറപ്പിച്ചും ഉള്ള ഗതിയാകയാൽ അകത്തിരുന്നിരുന്ന ആളുകളെ തിരിച്ചറിയത്തക്കവണ്ണം വണ്ടിസമീപത്തു എത്തുന്നതിനു കുറെനേരം വേണ്ടിവന്നു. ചാട്ടയെ കൂടക്കൂടെ പൊക്കി അടിച്ചും വാലിനെ പിടിച്ചു ചുററിയും വേഗത്തിൽ കാളകളെ ഓടിക്കുന്നതിനു ഉത്സാഹിക്കുന്ന വണ്ടിക്കാരനെ കൂടാതെ ആ വണ്ടിയിൽ രണ്ടാളുകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും ആയിരുന്നു അകത്തിരുന്നവർ.

വണ്ടി അതിവേഗത്തിൽ ഓടി ഒരു വലിയ ബ്രാഹ്മണ ഭവനത്തിന്റെ മുമ്പിൽ ചെന്നുനിന്നു. മുൻപിലും പിറകിലുമായി നടന്നു വണ്ടിക്കാരനോടു ചേർന്നു കൂക്കിപ്പാട്ടും പാടി വന്നിരുന്ന രണ്ടു ഭൃത്യന്മാർ വേഗത്തിൽ ചെന്നു വണ്ടിയുടെ വാതലിനെ മറച്ചിരുന്ന തിരശ്ശീലയെ മാററി. പന്ത്രണ്ടിൽ അധികം വയസ്സില്ലാതിരുന്ന ആൺകുട്ടി ആദ്യം ഇറങ്ങി. പെൺകുട്ടിയും പിന്നാലെ പുറത്തുവന്നു. അവളുടെ ആകൃതിയിലും ലക്ഷണങ്ങളിലും ആൺകുട്ടിയോടു അതിസാദൃശ്യമുണ്ടായിരുന്നു. പക്ഷേ അവർ അടുത്ത സംബന്ധികൾ ആയിരുന്നിരിക്കാം. അഥവാ സഹോദര സഹോദരിമാർ എന്നും വന്നേക്കാം. അതിധാവള്യം കലർന്ന ചന്ദ്രികയിൽ നിന്നപ്പോൾ അവൾ എത്ര മനോഹരമായ ഒരു കാഴ്ചയായിരുന്നു! വയസ്സു് പതിനാലിൽ കൂടുതൽ ഉണ്ടായിരുന്നില്ല. എന്നാൽ ഈ പ്രായത്തിലുള്ള ആളുകൾക്കു് സാധാരണയായ ഒരു ശൈശവഭാവം അവളുടെ കോമളമായ മുഖത്തു സ്ഫുരിച്ചിരുന്നു. എന്നാലും അതു് ചന്ദ്രബിംബസമാനമായ ആനനകാന്തിയെ ഒട്ടും കുറച്ചിരുന്നില്ല. ആഭരണങ്ങൾ ഒന്നും അണിയാതെ വസ്ത്രങ്ങളാൽ മാത്രം ദേഹത്തെ മറച്ചിരുന്ന ആ സ്ത്രീരത്നത്തെ കണ്ടാൽ ഇഹലോകജാതയായ ഒരു സ്വരൂപമെന്നു് ആരും വിചാരിക്കയില്ല. നേരെ മറിച്ചു്, ഒരു ദേവതാവിശേഷം തന്നെയാണെന്നു ശങ്കിക്കാനിടയുണ്ടായിരുന്നു. ആ കണ്ണുകളെ നോക്കിയാൽ, ഇവൾ, നാം നമ്മുടെ ജീവകാലത്തിൽ അപൂർവ്വമായിക്കാണുന്നവയും ഒരിക്കൽ കണ്ടുകഴിഞ്ഞാൽ പ്രതിച്ഛായ നമ്മുടെ മനസ്സിൽ ദൃഢമായി പതിയുന്നവയും ആയ ദിവ്യരൂപങ്ങളിൽ ഒന്നായിരുന്നു. ഇവർ രണ്ടുപേരും വണ്ടിയിൽ നിന്നിറ

ങ്ങിയ ഉടൻ തന്നെ വണ്ടി നിശ്ശബ്ദമായി തിരിച്ചുപോകയും അവർ പടിവാതുക്കലേക്ക നടകയും ചെയ്തു. "കുട്ടി കതകിനു മുട്ടാത്തതെന്ത്? രാത്രിമുഴുവനും നാം ഇവിടെനിന്നു മഞ്ഞുകൊള്ളണമൊ" എന്നു കുണ്ഠിതമായ ഒരു സ്വരത്തിൽ അവരം ചോദിച്ചതിന്നുത്തരമായി "ക്ഷമിക്കു, ധൃതിപ്പെടാതിരിക്കു, ഞാൻ ക്ഷണത്തിൽ വാതുകൽ തട്ടാം. ഈ മൌനം എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല. നമ്മെ അകത്തേക്കു വിളിക്കുന്നതിന്നു ആരും ഉണർന്നിരിക്കുന്നില്ലല്ലൊ" എന്നു അസഹ്യതയോടെ പറഞ്ഞുംകൊണ്ടു ആ ബാലൻ വാതിലിൽ തട്ടിവിളിച്ചു.

ഈ സന്ദർഭത്തിൽ ആ ഭവനത്തിനകത്തുള്ള വിശേഷങ്ങൾ എന്തെല്ലാമെന്നു ആലോചിക്കാം. ദുഃഖത്തിന്റെയും മൌനത്തിന്റെയും ലക്ഷണങ്ങൾ തന്നെയാണ് അവിടെ എല്ലായിടത്തും പ്രത്യക്ഷമാകുന്നത്. അവിടെ ഉള്ള ഏററവും വിശാലമായ ഒരു മുറിയിൽ വിലപിടിച്ച ഒരു കിടക്ക വിരിത്തു വിരിച്ചിട്ടുള്ളതിൽ ഏകദേശം ഇരുപതു വയസ്സു പ്രായമുള്ള ഒരു യുവാവു കിടന്നിരിക്കുന്നു. അയാളുടെ ചുററും ദുഃഖം കലർന്നു അശ്രുധാരയാൽ അടയാളപ്പെട്ടുള്ള മുഖങ്ങളോടുകൂടി സംബന്ധികളായ പരിചാരികളും ഇരിക്കുന്നു. തങ്ങൾക്കു വരാൻ പോകുന്ന ഒരു വലുതായ ദുഃഖത്തിന്റെ ഛായ കണ്ടിരിക്കുന്നതിനാൽ അവിടെ കൂടിയിരുന്ന സ്ത്രീകളും പുരുഷന്മാരും അവസ്ഥാഭേദങ്ങളെല്ലാം ഉള്ളതാക്കി ഇടകലർന്നിരിക്കുകയാണ്. കുടുംബത്തിലെ നിധിയായ ആളാണ് ഇതാ മരണശയ്യയെ പ്രാപിച്ചിരിക്കുന്നു. അയാളുടെ മാതാപിതാക്കന്മാർ തലയ്ക്കൽ ഇരുന്നു നിത്യമായി തങ്ങളിൽനിന്നും എടുത്തു കളയപ്പെടുവാൻ പോകുന്ന പ്രിയപുത്രനെ വേണ്ട ശുശ്രൂഷകൾ ചെയ്യുന്നു. യുവാവ് ഇപ്പോൾ ബോധമില്ലാതെ കിടക്കുകയാണ്. എന്നാൽ ജാഗ്രത്തിൽ കിടന്നിരുന്ന സമയം, മൂന്നുകൊല്ലങ്ങൾക്കു മുമ്പ് ചെയ്ത വിവാഹാനന്തരം അഞ്ചോ ആറോ പ്രാവശ്യം മാത്രം കണ്ടിട്ടുള്ള ബാലികയായ തന്റെ ഭാര്യയെ അന്വേഷിച്ചു. പിതൃഭവനത്തിൽ താമസിച്ചുവന്ന ആ ബാലികയെ കൂട്ടിക്കൊണ്ടുവരുന്നതിന്നു ആളെ അയച്ചിട്ടുണ്ടായിരുന്നതിനാൽ ബന്ധുക്കന്മാർ അവളുടെ വരവിനെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു.

കതകിൽ തട്ടിയശബ്ദം രോഗി കിടന്ന മുറിയുടെ നിശ്ശബ്ദത

യെ ലംഘിച്ച ഉടൻതന്നെ അദ്ദേഹത്തിന്റെ പിതാവ് "ലളിത വന്നു ചേൎന്നല്ലോ" എന്നു സാവധാനത്തിൽ പറകയുണ്ടായി. തന്റെ പ്രാണവല്ലഭയുടെ നാമോച്ചാരണത്തിൽ മൃതപ്രായനായ യുവാവ് തന്റെ കണ്ണുകളെ ആഗ്രഹസമേതം മിഴിച്ചു എല്ലായിടത്തും നോക്കി. അവിടെ ഉണ്ടായിരുന്നവരിൽ രണ്ടുമൂന്നുപേർ ബദ്ധപ്പെട്ടു ചെന്നു പടിവാതൽ തുറന്നു ലളിതയെ കൂട്ടിക്കൊണ്ടുവന്നു. വാതുക്കൽ നിന്നിരുന്ന സമയത്തുതന്നെ ലളിതയുടെ മനസ്സിൽ ചില സംശയങ്ങൾ ജനിച്ചിരുന്നു. എന്നാൽ നല്ല വെളിച്ചം ഇല്ലാതെ മങ്ങൽപ്പെട്ടുകിടന്ന ഭവനത്തിൽ കടന്ന ഉടൻ സംശയങ്ങൾ വർദ്ധിച്ചു അവളെ പീഡിപ്പിക്കയും, അനിൎവ്വചനീയമായ ദുഃഖം അവളുടെ മനസ്സിൽ കടന്നു കൂടുകയും ചെയ്തു. രണ്ടുമൂന്നടി നടന്ന് മുൻപോട്ടു ചെന്നു അവിടെയുണ്ടായിരുന്ന ആളുകളെ കണ്ട മാത്രയിൽ അവൾ വളരെ വിവശയായിത്തീൎന്നു. കുറച്ചുകൂടെ മുൻപോട്ടു വന്നപ്പോൾ മരിക്കാറായി കിടന്നിരുന്ന തന്റെ പ്രിയഭൎത്താവിനെയും അവൾ കണ്ടു. ഹാ! ഹാ! ഈ അവസരത്തിൽ അവൾക്കുണ്ടായ പാരവശ്യത്തെയും നിരാശയേയും ദുഃഖത്തെയും ആൎക്കു വിവരിക്കാൻ കഴിയും! എല്ലാവരാലും സന്തോഷം സല്ക്കരിക്കപ്പെടുമെന്നുള്ള ആഗ്രഹത്തോടു കൂടെയാണ് അവൾ ഭൎത്തൃഭവനത്തിലേക്കു തിരിച്ചത്. പെട്ടെന്നു തന്റെ പിതൃഗേഹത്തിൽനിന്നു ആളയച്ചു വിളിക്കപ്പെട്ടതു എന്തിനായിട്ടാണെന്ന് അവൾക്കു അറിവാൻ തരമായില്ലെന്നു മാത്രമല്ല, കാരണത്തെ ഊഹിച്ചറിയുന്നതിന്നു പോലും കഴിഞ്ഞില്ല. അവൾ പുറപ്പെട്ട സമയം ദുശ്ശകുനങ്ങളാകട്ടെ ഭയമാകട്ടെ അവളിൽ ഉദിച്ചിരുന്നില്ല. വിശേഷിച്ചും ഇപ്പോൾ അവളുടെ നേത്രങ്ങളെ ആകൎഷിച്ചിരിക്കുന്നതു പോലെയുള്ള ഒരു കാഴ്ച അവൾക്കു ദൃഷ്ടിഗോചരമായി ഭവിക്കുമെന്നുള്ള സംശയം ലേശംപോലും അവളിൽ ജനിച്ചിരുന്നില്ല. മരണവേദനയിൽ കിടന്നിരുന്ന യുവാവ് കണ്ണുമിഴിച്ചു ലളിതയെ നോക്കി. തന്റെ വിചാരത്തിൽ സദാ സന്നിധിചെയ്തിരുന്ന ആ പ്രിയതമയുടെ ദൎശനമാത്രയിൽ അയാളുടെ മുഖത്തു ഒരു സന്തോഷഭാവം ഉണ്ടായി. എന്നാൽ സന്തോഷവും തൃപ്തിയും സമ്മിശ്രമായിക്കാണപ്പെട്ട ആ മുഖത്തു ദുഃഖചിഹ്നവും ഇല്ലാതിരുന്നില്ല. അഗാധമായ ഒരു ദീൎഘശ്വാസത്തെ ദയനീയമാംവിധത്തിൽ നി

ശ്വസിച്ചിട്ടു അയാൾ തന്റെ കണ്ണുകളെ അടച്ചു. ഉടനെ അയാളുടെ ശ്വാസം നില്ക്കുകയും ആത്മദീപം അണഞ്ഞു പോകയും ചെയ്തു.

എന്നാൽ ലക്ഷ്മിയമ്മാ! കഷ്ടം! ബാല്യസ്നേഹത്തിന്റെ സകല സ്വപ്നങ്ങളും ഇവിടെ അവസാനിച്ചിരിക്കുന്നു! തന്റെ ഭർത്താവിനോടുകൂടിയുള്ള ഭാവിയായ ദാമ്പത്യത്തിന്റെ സകല ആഗ്രഹങ്ങളും ഇപ്പോൾ ഹാ! എത്ര നിർദ്ദയമാംവണ്ണം നശിച്ചിരിക്കുന്നു! അവൾ ഒരു വിധവയായി! പതിനാലാമത്തെ വയസ്സിൽ ഒരു വിധവ! വൈധവ്യവിചാരമല്ല ലക്ഷ്മിയെ ഈ സമയത്തു അധികമായി പീഡിപ്പിച്ചത്. ബിംബത്തെ തകർത്തു അമ്പലത്തെ ശൂന്യമാക്കിയിരിക്കുന്നു. ഇനിയും ജീവിതത്തിൽ അവൾക്കെന്തു സുഖമാണുണ്ടാകുന്നത്! ഏകാന്താവസരങ്ങളിൽ സന്തോഷിപ്പിക്കുന്ന ഭർത്താവിന്റെ ധൈര്യവാക്കുകളോ, വേദനാസമയങ്ങളിൽ ആശ്വസിപ്പിക്കുന്ന കാന്തനുടെ ആലാപസ്വരങ്ങളോ അവൾക്കു കേൾക്കാൻ കഴിയുമോ! അതി നിന്ദ്യമായ ഏകാന്തവാസത്തെ ഈ ബാലവിധവ എങ്ങിനെ സഹിക്കും! ഭർത്താവിനെയോർത്തു പ്രലപിച്ചു കഴിക്കേണ്ട ദിനങ്ങൾ അവളുടെ ജീവിതത്തിൽ ഇനി എത്രയാണുള്ളത്! എന്നാൽ ഇതിലും കഷ്ടതരമായിട്ടുള്ള അവസ്ഥ എന്തെന്നാൽ, അവളുടെ ചുറ്റുമുള്ളവരിൽ ഒരുത്തർക്കും അവളുടെ വിചാരത്തിൽ പ്രവേശിച്ചു അവളോടു സഹതപിക്കാൻ കഴിയാഞ്ഞതാണ്. മൗനമായി കണ്ണുനീർ വാർത്തുകൊണ്ടിരുന്ന ഈ സമയത്തു പോലും അവളെ സമാധാനപ്പെടുത്തുന്നതിനാകട്ടെ, സന്താപദീനയായ അവളുടെ മനസ്സിനു ആശ്വാസൗഷധം നല്കുന്നതിനാകട്ടെ, ആരും തന്നെ ഉണ്ടായിരുന്നില്ല.

ഭവനത്തിൽ ഉച്ചമായ ദുഃഖചിഹ്നങ്ങൾ സർവ്വത്രവ്യാപിച്ചു. ഒരു മരണാനന്തരം ഹിന്ദു ഭവനങ്ങളിൽ നടക്കുന്ന സംഗതികൾ എന്തെല്ലാമെന്നു ഇവിടെ പറഞ്ഞിട്ടാവശ്യമില്ല. ഉച്ചത്തിലുള്ള നിലവിളികളും പ്രലാപസ്വരങ്ങളും ഭവനത്തെ ഭേദിക്കുന്നതിനിടയിൽ അതിഭയങ്കരമായ ഒരു ശബ്ദം ഈ ദുഃഖങ്ങളുടെ മദ്ധ്യേ കേട്ടു. നിലവിളികൂട്ടിയിരുന്ന ആളുകളിൽ ചിലർ ഈ ശബ്ദം എന്താണെന്നറിയാതെ ദുഃഖങ്ങൾ ശമിച്ചു തുടങ്ങി. വെട്ടേറ്റവർക്കൊരു ബുദ്ധിതോന്നി. ലക്ഷ്മിയെ അന്വേഷിച്ചപ്പോൾ എങ്ങും കാണ്മാനില്ല. ഭീതി മുഴുകി വിവർണ്ണന്മാരായ ചിലർ ഓടി

ള്ളുന്ന കിണററിൽ നോക്കിയപ്പോൾ എത്ര ഭയജനകമായ കാഴ്ചയാണ് അവരുടെ നേത്രങ്ങളിൽ പെട്ടത്. തലമുടിയിൽകൂടെ വെള്ളം ഇററിററു വീണും അംഗമെല്ലാം ജലത്തിൽ മുങ്ങിയും ഒരു സ്ത്രീരൂപം നില്ക്കുന്നതു കണ്ടു. അതു ലളിതയായിരുന്നു. പെട്ടെന്നുള്ള മരണത്താൽ ദുഃഖശാന്തി വരുത്താമെന്നുള്ള ഉദ്ദേശമാണ് കിണററിലിറങ്ങു പോകുന്നതിനും ഈ വിധം പ്രവൎത്തിക്കുന്നതിനും ആ സാധുവായ സ്ത്രീയെ പ്രേരിപ്പിച്ചത്.

എന്നാൽ ലളിതയെ ഇങ്ങനെ ആത്മഹാനി വരുത്തുന്നതിന്നു അനുവദിച്ചില്ല. വേഗത്തിൽ കിണററിനുള്ളിൽ നിന്നും കയററി കരയിൽ കൊണ്ടുവന്നു ഭൎത്താവിൻെറ മൃതശരീരത്തിന്നരികെ ഒരു പായവിരിച്ചു കിടത്തി. അവളുടെ സഹോദരൻ അടുക്കൽ ഇരുന്നു മുഖത്തെ വീശിത്തണുപ്പിക്കയും നെററിയിൽ തടവുകയും ചെയ്തു. അപ്പോൾ അവളുടെ നാഡികൾ മിടിക്കുന്നതിനും ഹൃദയം ചലിക്കുന്നതിനും തുടങ്ങി. എന്നിട്ടും വളരെ നേരത്തേക്കു ബോധഹീനയായിത്തന്നെ കിടന്നു. ഭൎത്താവിൻെറ മരണക്രിയകൾ എല്ലാം കഴിഞ്ഞശേഷം അവൾക്കു ബോധം ഉണ്ടായി. എന്നാൽ വെള്ളയടിച്ച ചുമരിൽ ദൃഷ്ടിയെ ദൃഢമായി പതിപ്പിച്ചുകൊണ്ടു കിടന്നതേ ഉള്ളു. വിവരങ്ങൾ ഗ്രഹിച്ചു ഉടൻതന്നെ മാതാപിതാക്കന്മാർ അവളുടെ ശുശ്രൂഷക്കെത്തി. ദീനകിടക്ക വിട്ടെഴുന്നേററപ്പോൾ ലളിത വേറെ ഒരു സ്ത്രീയായിത്തീൎന്നു. യൌവന ലക്ഷണങ്ങൾ അവളുടെ മുഖത്തേയും വെടിഞ്ഞോടി. ജീവന് അവളിൽ ഒരു പ്രാധാന്യം ഇല്ലാതാകയും, അവളിൽ ഒരു ബോദ്ധ്യതയും ഇല്ലെന്നു തോന്നപ്പെടുകയും ചെയ്തു. എന്തെന്നാൽ അവൾക്കു സംബുദ്ധി ഇല്ലാതാകയും, വിവേചനാശക്തി അശേഷം പൊയ്പോകയും ചെയ്തു. അപ്പനമ്മമാർ ലളിതയെ സ്വഭവനത്തിൽ കൊണ്ടുപോയി വളരെ ശ്രദ്ധയോടെ പരിചരിച്ചു.

ഈ അത്ഭുതമായ സംഭവം നടന്നിട്ടു ഇപ്പോൾ ആറു സംവത്സരത്തിൽ അധികം ആയിട്ടുണ്ട്. ലളിത ഒരു നിഴൽ മാത്രമായി തീൎന്നിരിക്കുന്നു. ജീവിത ലോകത്തിൽ ഇനി ഏറെ ദിവസം അവൾ നിവസിക്കുമെന്നു തോന്നുന്നില്ല. അവൾ ഒന്നും സംസാരിക്കുന്നില്ലെന്നു മാത്രമല്ല അപ്പച്ചുമായി വാത്സല്യമാണെങ്കിൽ അത്

"എന്നൊ എന്റെ പ്രാണപ്രിയനിൽ നിന്നും വേർപെടുത്തിയവൾക്കോ കഷ്ടം!" എന്നു പറയുന്നതിനു മാത്രമാണ്

ബി. കല്യാണിഅമ്മ—തിരുവനന്തപുരം.

ഭദ്രകാളീസ്തവം.

മുക്കണ്ണൻമുകിൽവർണ്ണനംബുജഭവൻതൊട്ടുള്ളിതൊക്കെപ്പൊഴി
ന്നിക്കണ്ടോരു ചരാചരംമുഴുവനുംമൂന്നാക്കിയന്നാൾശിവേ!
ഒക്കെസ്സത്വപരജസ്തമോഗുണമയംസത്യാദിമന്ത്രാമയം
ചൊല്ലുള്ളൊന്നൊരു മായനീയതുവശാലൊന്നില്ലനീയെന്നിയേ ൧

ചെമ്മേമൽകതിനിറിഞ്ഞുസൗഭാഗ്യമധികംകൂട്ടുന്നലോകങ്ങളെ
ന്നമ്മേയെന്നുവിളിക്കുമക്ഷണമെടുത്തങ്കത്തിൽവെയ്ക്കുന്നനീ
ഉന്മേഷത്തോടുമൊന്നിജപദംനൽകുന്നനീയൊന്നിക!
നിന്മാഹാത്മ്യമിവണ്ണമെന്നുമുനിമാർചൊല്ലുന്നകില്ലെന്നിയേ ൨

കാളാംഭോദകചേ!കളങ്കരഹിതേ!കാളാഹിഭൂഷോജ്വലേ!
കേളീഖണ്ഡിതദാനവാധിപശിരോമാലാവലീമണ്ഡിതേ!
കാളീടുന്നോരുമന്ദിരമൊടുനിന്റെതൃക്കാൽനമിക്കുന്നെനു
ക്കാളീടുന്നതിനെന്തുബന്ധമഖിലാധാരേ കാളി!ശോകാനലൻ ൩

ഓരോരോവിധമുൾക്കനക്കരിയുമോരിനസംസാരമാം
പാരാവാരതരംഗസന്തതികളിൽതട്ടിത്തെറിക്കുന്നൊരാൾ
മാരാരാതിസഖേ!കൃപാമൃതമെനിക്കേകീടുന്നതൃക്കണ്ണുകൊ
ണ്ടാരാലൊന്നുകനിഞ്ഞുനല്ലൊരുകടാക്ഷംനോക്കിടേണം ൪

അന്യദേവതകളെയുപേക്ഷിച്ചൂയി
ല്ലെന്നാശ്രയമൊരുന്നൊന്നുമെന്നാൽ
ഇന്നതിനെവെടിയുന്നതാകിൽമ
റ്റെന്തിനിനിക്കവലംബമംബികേ ൫

മല്ലോടേറുമസുരാരിവർഗ്ഗമൊടടുത്തെതിർത്തീടുവാനംശിവേ
നല്ലപ്പോർക്കൊരുങ്ങിചമച്ചമാലകൾചൂടിച്ചാർത്തീടുവാനംശിവേ!

മെല്ലവേ പ്രാകൃതങ്ങളെല്ലാം തനിക്കു സ്വയമെന്നു സേവിപ്പവ
ക്കില്ലാതെ സംസാരത്തിൽ വരാതിരിക്കയില്ല പോകയെന്നാലുമേ! ൬

പാപം തീരണമെന്നുറപ്പിച്ചു ണമെക്കരുതാതെ ബാധ വേള തീർത്തിടണം
താപം തന്നിലിരിപ്പു ണമെന്നുമിവനെ തിരിയാതെന്നു പക്ഷിപ്പു ണം
ആപത്തൊക്കെയകറ്റണം ബഹുവിധം സമ്പത്തു തന്നീടണം
ചാപല്യങ്ങൾ പൊറുക്കണം ചിരമിനി കല്യാണമേകീടണം ൭

ഏവം നിത്യവുമന്നു ശങ്കരിമുമ്പാകെ പാദാംബുജം
സേവിപ്പുന്നതുകൊണ്ടു സിദ്ധിയുമെനിക്കുണ്ടായിട്ടില്ലെന്നാൻ
ദേവി! ശ്രീവിളയാലയത്തിലിനിയും പാർത്തീടുവിച്ചുവല്ലോ
പോവില്ലീയടിയൻ കിടാവടികളെപ്പോളിൽ കിടക്കും ദൃഢം ൮

കൊടുങ്ങല്ലൂർ ചെറിയ കുഞ്ഞുണ്ണിത്തമ്പുരാൻ.

വിക്രമോർവ്വശീയസാരം.

(തുടർച്ച)

വിദൂഷകൻ ഉർവ്വശീസംഗമോപായം ആലോചിപ്പാനായി കുറച്ചിടയാണിയതിന്റെശേഷം രാജാവ് ജ്യോതിശ്ശാസ്ത്രസിദ്ധാന്തത്തെ അനുസരിച്ച് തനിക്ക് അപ്പോൾ യദൃച്ഛയാ ഉണ്ടായിവരുന്ന മനഃപ്രസാദംകൊണ്ട് കാര്യസിദ്ധിയെ ഊഹിക്കുന്നുവെന്ന കഥയെ "മതിമുഖി" എന്ന ശ്ലോകംകൊണ്ടു പറയുന്നു. മുമ്പിൽ ഹേമകൂടപർവ്വതത്തിൽ വെച്ച് രാജാവിനോട് വേർപെട്ട് സ്വർഗ്ഗത്തിലേക്കുപോയ ഉർവ്വശി കാമപീഡിതമായ തന്റെ മനസ്സിനെ അനുസരിക്കാൻ നിവൃത്തിയില്ലാഞ്ഞിട്ട് അല്പമായ ഒരു ഇടകിട്ടിയപ്പോൾതന്നെ രാജാവിനെ കാണ്മാനായിക്കൊണ്ട് ദൂതിമുഖേന രാജാവിന്റെ തല്ക്കാലാവസ്ഥയും മറ്റുയാതൊന്നും അറിയാതെയും ദേവേന്ദ്രന്റേയും സഖിമാരുടേയുംമറ്റും അനുവാദം കൂടാതെയും അതിവേഗത്തിൽ പുറപ്പെട്ടുവെന്നും, ഒരിക്കലും ഉർവ്വശിയോടു പിരിഞ്ഞിരിക്കാത്ത ഇഷ്ടസഖിയായ ചിത്രലേഖ അപ്പോളുള്ള വിചാരങ്ങളെല്ലാം ബോധിച്ച് മനസ്സിലാക്കി കൂടെ പുറപ്പെട്ടുവെന്നും ഉർവ്വശിക്കു കാ

മാധികൃത്താലുണ്ടാവുന്ന മാൎദ്ദക്കേടുകൊണ്ടു് സംഭവിച്ച ശങ്കയെ ചിത്രലേഖ തീൎത്തു് സമാധാനമുണ്ടാക്കിയെന്നും ഉള്ള കഥയെ "അനന്തരം" എന്നുമുതൽ "കാൎമ്മവനു" എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. രാജാവിന്റെ വാസസ്ഥലമായ പ്രതിഷ്ഠാനഗരം ദിവ്യന്മാൎക്കു താമസിപ്പാൻ സ്വൎഗ്ഗംപോലെതന്നെ ഉചിതമാണെന്നതിനെ "തോഴി നോക്കൂ" എന്നുമുതൽ "പറയണം" എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. ഈ നഗരംപോലെതന്നെ ഈ ഉദ്യാനവും ദിവ്യന്മാൎക്കു കളിപ്പാൻതക്ക ഗുണങ്ങളുള്ളതാണെന്നു സൂചിപ്പിച്ചുംകൊണ്ടു് രാജാവിനെ ഇവിടെ അന്വേഷിക്കുകതന്നെ എന്നു ചിത്രലേഖയുടെ അഭിപ്രായപ്രകാരം രണ്ടുപേരും ഉദ്യാനത്തിലിറങ്ങി രാജാവിനെക്കണ്ടപ്പോൾ ചിത്രലേഖ, ഉൎവ്വശിയും രാജാവും തമ്മിൽ ചേൎന്നില്ലെങ്കിൽവളരെ അനുചിതമാണെന്നും അതുകൊണ്ടു് ചേരാതിരിക്കില്ലെന്നും ഉള്ള തന്റെ അഭിപ്രായത്തെ 'തോഴി' എന്നു മുതൽ 'കാത്തു നില്ക്കുന്നു' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. കാമപീഡയെ സൂചിപ്പിക്കുന്ന വിളൎപ്പു്, ചടപ്പു് സൌന്ദൎയ്യവൃദ്ധി, മുതലായവകൊണ്ടു് ഈ രാജാവിനെ കാണാൻ ഇനിക്കു മുമ്പിലത്തെക്കാളധികം സന്തോഷമുണ്ടെന്നു് ഉൎവ്വശി പറകയും അതിനെ ചിത്രലേഖ സമ്മതിക്കുകയും ചെയ്യുന്നതിനെയാകുന്നു 'തോഴി' എന്നുമുതൽ 'ശരിയാണു' എന്നു വരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നതു്. കാമപീഡാവികാരങ്ങൾകൊണ്ടു ഇദ്ദേഹമിപ്പോൾ ഈ വിജനസ്ഥലത്തു വെച്ചു് പ്രിയസഖനായ ഈ വ്യാധിമൂലമുണ്ടാവുന്ന പാണ്ഡുതാകാൎശ്യാദികൾകൊണ്ടുമുണ്ടാവുന്ന ഇതുപോലെ വൈരൂപ്യം സംഭവിച്ചില്ലെന്നു മാത്രമല്ല അധികം സൌന്ദൎയ്യമുണ്ടാവുമെന്നു പ്രസിദ്ധമാണല്ലോ. ബ്രാഹ്മണനോടു് തന്റെ കാമപീഡാമൂലമായ സ്ത്രീതന്നെക്കുറിച്ചുതന്നെ സംസാരിക്കുകയുള്ളൂ. അതിനാൽ അതു കേൾക്കുവാൻ നമ്മൾക്കു തിരസ്കരണികൊണ്ടു മറഞ്ഞു് സമീപത്തിൽ നില്ക്കണം എന്ന ഉൎവ്വശിയുടെ അഭിപ്രായപ്രകാരം രണ്ടാളും രാജാവിന്റെ സമീപത്തിൽ ചെന്നു് മറഞ്ഞു് നില്ക്കുന്നു. മുമ്പു് രാജാവു ചോദിച്ചതിനു ഒരു ഉപായം കണ്ടുപിടിച്ചു് വിദൂഷകൻ അതിനെ രാജാവിനോടു പറഞ്ഞതിനെ ഉൎവ്വശി മനോമാനസനായ രാജാവു കേൾക്കാതെ നിമിഷം നേരം മറുപടി പറയാതിരിക്കുമ്പോൾ ഉൎവ്വശി അസ്വസ്ഥയായും

അനുഗ്രഹിക്കുന്നതു ഇദ്ദേഹം പ്രാൎത്ഥിക്കുന്ന സ്ത്രീയെത്തന്നെ പ്രശംസിക്കുകയും അവളേതെന്നറിവാനായി പരിഭ്രമിക്കുകയും ചെയ്യുന്നതിനെ "ഇദ്ദേഹം" എന്നുമുതൽ "പെണ്ണേതാണ്" എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. അതുന്ന് ദിവ്യസ്ത്രീയല്ലേ? അവള് മനുഷ്യർ വിചാരിക്കുന്നതിനെ പ്രഭാവംകൊണ്ടറിവാനുള്ള ശക്തിയുള്ളപ്പോൾ എന്തിനാണിങ്ങനെ പരിഭ്രമിച്ചു വ്യസനിക്കുന്നതു്. എന്ന ചിത്രലേഖയുടെ ചോദ്യത്തിന്നു് ഉൎവ്വശി കാമപീഡാപാരവശ്യംകൊണ്ടു് ഇപ്പോൾ ഇനിക്കതിനു ശക്തിയില്ലെന്നുള്ളതിനെ "വേഗത്തിലെന്നുമുതൽ വശ്യ" എന്നു് വരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. വിദൂഷകൻ വീണ്ടും നിൎബ്ബന്ധിച്ചു് താൻ കണ്ടുപിടിച്ചതായ കൂടിച്ചേരുവാനുള്ള വഴിയെ പറയുവാനുള്ള അനുവാദം രാജാവിനോടു വാങ്ങിച്ചു് ആ വഴികളെപ്പറയുകയും ആ വാക്കുകൊണ്ടു് രാജാവിനുള്ള അനുരാഗം തന്റെ നേരെയാണെന്നു് സ്പഷ്ടമായപ്പോൾ ഉൎവ്വശി ആശ്വസിക്കുകയും ചെയ്യുന്നുവെന്നതിനെ "ഇതാ" എന്നുമുതൽ "ആശ്വസിക്ക" എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. ഇപ്പോളിനിക്കു കാമപീഡയുടെ ശക്തികൊണ്ടു് ഉൎവ്വശിയെ സ്വപ്നം കാണ്മാനുറങ്ങുന്നതിനും കണ്ണീർ കടകടെ ചാടുകകൊണ്ടു് ഉൎവ്വശിയെ ചിത്രമെഴുതുവാനും സാധിക്കാത്തതിനാൽ അങ്ങുന്നു പറഞ്ഞ രണ്ടുപായങ്ങളും നിഷ്ഫലങ്ങളാണെന്നതിനെ "ഇതു രണ്ടും" എന്നുമുതൽ "ഇരിക്കയില്ലഹെ" എന്നു വരെയുള്ളതുകൊണ്ടു് രാജാവു് വിദൂഷകനോടു പറയുന്നു. ഇദ്ദേഹത്തിനുള്ള അനുരാഗം അങ്ങയുടെ നേരെയാണെന്നിപ്പോൾ നല്ലവണ്ണം മനസ്സിലായില്ലേ? ഇനി തിരസ്കരണിയെക്കളഞ്ഞു് ഇവിടെ പ്രത്യക്ഷമാവുകയല്ലേ നല്ലതു്? എന്നഭിപ്രായമായ "നീ കേട്ടില്ലേ" എന്ന ചിത്രലേഖയുടെ ചോദ്യത്തിന്നു ഉൎവ്വശി ഇദ്ദേഹത്തിന്നു് എന്റെ നേരെ അനുരാഗം എത്ര വൎദ്ധിച്ചാലും ഇനിക്കു മതിയാവുന്നതല്ല. അതിനാൽ പ്രത്യക്ഷമാവാൻ വരട്ടെ എന്ന ഭാവത്തെ പ്രകാശിപ്പിച്ചുംകൊണ്ടു് "ഉൎവ്വ- കേട്ടു മനസ്സിന്നു തൃപ്തിയായില്ല" എന്ന മറുവടി പറഞ്ഞു നില്ക്കുന്നു. ഇനിക്കു് ഈ കാൎയ്യത്തിൽ മറെറാരു വഴിയും തോന്നുന്നില്ലെന്നു പറഞ്ഞു് വിദൂഷകൻ കയ്യൊഴിച്ചതിന്റെ ശേഷം രാജാവു വലുതായ സങ്കടത്തോടുകൂടി അയ്യോ കഷ്ടം! എല്ലാ അനുഗ്രഹത്തെയും അസാദ്ധ്യബുദ്ധി നശിപ്പിക്കും, എന്റെ ഈ

ആഗ്രഹത്തെ അസാദ്ധ്യബുദ്ധിയും നശിപ്പിപ്പാൻ കഴിയുന്നില്ലല്ലോ, ഞാനെന്തുവേണ്ടു, എന്നുള്ള തന്റെ ആധിയെ "പെരുത്തൊരഴൽ" എന്ന പദ്യംകൊണ്ട് വിളിച്ചുപറയുന്നു. അപ്പോൾ ചിത്രലേഖ നിനക്ക തൃപ്തിയാവട്ടെ; ഇദ്ദേഹത്തിന്ന പ്രാണവേദന; ഈ നില നന്നല്ല അതുകൊണ്ട് ആശ്വാസിപ്പിപ്പാൻ പ്രത്യക്ഷമാവുകയാണ് നല്ലതെന്ന അഭിപ്രായത്തോടുകൂടി "നീ കേട്ടില്ലേ" എന്ന് രണ്ടാമതും ചോദിച്ചതിന്ന് മറുവടിയായി ഉർവ്വശി ഇദ്ദേഹത്തിനെ ആശ്വാസിപ്പിപ്പാൻ ഞാനിങ്ങനെ ചെയ്യാമെന്നുപറഞ്ഞ ചിത്രലേഖയെ സമ്മതിപ്പിച്ച് പ്രഭാവംകൊണ്ടു സൃഷ്ടിച്ച ഒരു ഭൂർജ്ജപത്രത്തിൽ തന്റെ വിരഹവേദനയെ എഴുതി അതിനെ രാജാവിന്റെ മുമ്പിലിടുന്നു എന്ന കഥയെ "കഷ്ട"മെന്നുമുതൽ "ചെയ്യുന്നു" എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. വിദൂഷകനും രാജാവും അസംഗതിയായി മുമ്പിൽ വീണ ആ ഭൂർജ്ജപത്രത്തെ കണ്ടു ഉചിതമായ പല ഊഹങ്ങളെ ചെയ്തു ഉടനെ രാജാവ് അടുത്തുനോക്കി വിദൂഷകന്റെ ഊഹമൊത്തു എന്ന് ശ്ലാഘിച്ചപ്പോൾ കേൾപ്പാനാവശ്യപ്പെട്ട വിദൂഷകനെ വായിച്ചു കേൾപ്പിക്കുന്നു എന്ന കഥയെ "സംഭ്രമത്തോടുകൂടെ" എന്നു മുതൽ "തട്ടുകമോ" എന്നുവരെയുള്ള ഗ്രന്ഥംകൊണ്ട് പറയുന്നു. ഇതിന്നിടയിൽ, ഇനി ഇവിടന്ന് ഈ എഴുത്ത് കല്പിച്ച് വായിച്ച് കേട്ടാൽ കൊള്ളാമെന്നു പറഞ്ഞതിന്റെ ശേഷം ഉർവ്വശി "ആര്യ അങ്ങുന്ന് നല്ല നാഗരികൻ തന്നെ" എന്ന പറഞ്ഞതിന്റെ താല്പര്യാർത്ഥം— ഇദ്ദേഹത്തിന്ന എഴുത്തുനോക്കി അർത്ഥം മനസ്സിലാക്കുവാൻ അക്ഷരജ്ഞാനമില്ലെന്നു തോന്നുന്നു എന്നാകുന്നു (നാഗരികൻ എന്ന പദത്തിന്ന് വിപരീതലക്ഷണംകൊണ്ട് ഗ്രാമ്യൻ എന്നർത്ഥം) പക്ഷാന്തരത്തിൽ അതി സ്വരസാരവിശേഷത്തോടുകൂടി രാജാവുതന്നെ ഈ എഴുത്തൊന്ന് വായിക്കുന്നത കേട്ടാൽ കൊള്ളാമെന്ന് ഞാനിപ്പോളാഗ്രഹിക്കുന്നതുപോലെതന്നെ ആഗ്രഹിച്ചതുകൊണ്ട് ഇദ്ദേഹം എത്രയും വിശേഷജ്ഞനാണെന്നാകുന്നു താല്പര്യാർത്ഥം.

(തുടരും)

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

അസൂയ.

തനിക്കു അശേഷംപോലും പരിചയമില്ലാത്ത ഒരു യോഗ്യപുരുഷനെ അടുത്തു നിന്നിരുന്ന മറെറാരുത്തൻ അനിതരസാധാരണമായ വിധത്തിൽ കടാക്ഷവിക്ഷേപണം ചെയ്യുന്നത് ഞാൻ ഒരിക്കൽ കാണുകയുണ്ടായി. നോട്ടത്തിന്റെ സമ്പ്രദായവും പ്രേക്ഷകന്റെ ശോകാവേശത്തെ സൂചിപ്പിക്കുന്നതായ മുഖഭാവവും കണ്ടിട്ട് 'അമ്പടാ, അസൂയയുടെ ഗോഷ്ഠി ഇപ്രകാരമാണല്ലോ പ്രദർശിക്കപ്പെടുന്നത്' എന്നു എനിക്കു തോന്നിപ്പോയി. അസൂയക്കു ഒരു ആഭിചാരശക്തിയുണ്ടെന്നും അസൂയക്കാരന്റെ നോട്ടമാത്രത്താൽ അനേകം ഐശ്വര്യവാന്മാരുടെ സുഖാനുഭവത്തിന് വിഘാതം വന്നിട്ടുണ്ടെന്നും ചിലർ ഇപ്പോഴും വിശ്വസിച്ചുവരുന്നുണ്ട്. ഇതാണ് സാധാരണയായി "കണ്ണേല്ക്കുക" എന്നു പറയപ്പെടുന്നത്. ഈ വിശ്വാസം പാശ്ചാത്യന്മാരുടെ ഇടയിലും ഉണ്ടായിരുന്നില്ലെന്നില്ല. സർ. ഫ്രാൻസിസ്സ് ബെക്കൺ (Sir Francis Bacon) എന്ന മഹാൻ ഒരു അവസരത്തിൽ ഇപ്രകാരം പറഞ്ഞതായി കേട്ടിട്ടുണ്ട്: "ഒരുത്തൻ ഉന്നതസ്ഥിതിയിൽ ഇരിക്കുമ്പോൾ അവനിൽ ഏല്ക്കുന്ന കണ്ണ് വളരെ ദോഷത്തെ ചെയ്യുന്നു." ഈ അഭിപ്രായത്തെ അടിസ്ഥാനമില്ലാത്തതെന്നു നിരസിപ്പാനോ, 'കണ്ണേല്പി'നെ യുക്തിപൂർവ്വം സാധിപ്പാനോ ഞങ്ങൾ ഇപ്പോൾ ഒരുങ്ങുന്നില്ല. എന്നാൽ 'അസൂയ' ഒരുവനിൽ ജനിക്കുമ്പോൾ അവന്നു തന്നിമിത്തം ഉണ്ടാവുന്നതായ മനോവേദന, അയാളുടെ ആശ്വാസമാർഗ്ഗം, പിന്നെ ആത്മസന്തുഷ്ടിക്കുള്ള കാരണം എന്നിതിനെ മൂന്നു മുഖ്യസംഗതികളെപ്പററി മാത്രമേ സംക്ഷേപിച്ചു ഇവിടെ പറയുന്നുള്ളു.

അസൂയ ഉള്ളവനെ 'കശുമ്പൻ' എന്നും സാധാരണ പറയാറുണ്ടല്ലോ. ഒരു കശുമ്പൻ, സന്തോഷിക്കേണ്ട അവസരങ്ങളിൽ എല്ലാം മനോവേദനയോടുകൂടിയാണ് കഴിഞ്ഞുകൂടുന്നത്. എന്നുതന്നെയല്ല, ഈ ദുസ്സ്വഭാവം ഇല്ലാത്തവർക്കെല്ലാം മനസ്സിന്

ആഹ്ലാദകരമായി തീരുന്ന വസ്തുക്കൾ ഇയ്യാളിൽ വിപരീതഫലത്തെ ചെയ്യുന്നു എന്നു പറയുവാൻ ഞങ്ങൾ ലേശംപോലും സംശയിക്കുന്നില്ല. എന്തെന്നാൽ, സമസ്തസൃഷ്ടികളിൽ ഉണ്ടാവുന്ന സൽഗുണാളി പരിപൂർണ്ണത ഇയ്യാൾ തീരെ നിസ്സാരമായിട്ടാണ് ഗണിക്കുന്നത്. 'യൌവനം', 'സൌന്ദര്യം', 'പരാക്രമം', 'ബുദ്ധി' എന്നു തുടങ്ങിയുള്ള വിശേഷഗുണങ്ങൾ അസൂയക്കാരന് കോപഹേതുക്കളായി തീരുന്നു. കഷ്ടം! ഇതെന്തൊരു ദുഃഖപ്രാപകമായ അവസ്ഥയാണ്. ഗുണാതിരേകത്തിങ്കൽ ദ്വേഷമോ! ജനസാമാന്യം പുകഴ്ത്തുന്ന ഒരുവനിൽ വെറുപ്പോ! അത്യത്ഭുതം! അസൂയക്കടിമയായ ഒരുവന്റെ അവസ്ഥ ഏറ്റവും ശോചനീയം തന്നെ. എന്തെന്നാൽ, ഇയ്യാൾ അന്യന്റെ അഭ്യുദയങ്ങളിൽ സന്തോഷിക്കാതെ അവരുടെ സമ്പത്തിനെ കുറിച്ച് സദാ കണ്ണുവച്ച് വിചാരിച്ചു വിചാരിച്ച് അവനവന്റെ മനസ്സിനെ വഷളാക്കുകയും ക്ലേശിപ്പിക്കുകയും അല്ലയോ ചെയ്യുന്നത്. ഈ ജാതിക്കാരുടെ ഇടയിൽ സരസനായ ഒരു ഏഷണിക്കാരൻ ചാടിവീഴട്ടെ. അവർ തമ്മിലുള്ള സംഭാഷണം ഏതു ജാതിയിലായിരിക്കുമെന്നു നോക്കുക.

ഏഷണിക്കാരൻ — കേട്ടില്ലേ! രാമൻകുട്ടിമേനോന്റെ കഥ!

അസൂയക്കാരൻ — എന്താ പറയത്തക്കവണ്ണം?

ഏഷണിക്കാരൻ — അയാളുടെ കാര്യം മെച്ചംതന്നെ. അയാൾക്ക് കോട്ടയം ഷോഡതി കിട്ടിയത്രെ.

അസൂയക്കാരൻ — ഏ! എന്ത്? സൂക്ഷ്മംതന്നെയോ?

ഏഷണിക്കാരൻ — ഒന്നാം സമ്മാനം കിട്ടിയെന്നു ഇന്നലെ കമ്പി വന്നു. അത്രയുള്ളു.

അസൂയക്കാരൻ — (വ്യസനഭാവത്തോടെ ആലോചിച്ച്) ആവു അത്രയല്ലേ ഉള്ളു. കമ്പി കിട്ടി അല്ലേ. എന്നാൽ കാര്യവും കമ്പിതന്നെ.

ഏഷണിക്കാരൻ — ശരിയാണ്. കമ്പിയിൽ ആണ് പണം അയച്ചുകിട്ടിയത്.

അസൂയക്കാരൻ — ഓ (എന്ന് പുച്ഛഭാവത്തോടെ) എല്ലാ നരക്കം കിട്ടിയില്ലല്ലൊ.

ഏഷണിക്കാരൻ — അതില്ല. 'ഭാഗ്യം വരുമ്പോൾ കൂട്ടത്തോടെ എന്നില്ലേ' അത് വിചാരിച്ചു പറഞ്ഞതാണ്.

അസൂയക്കാരൻ— ഉം? ഇനിയും ഭാവമുണ്ടോ. (അസഹ്യത നടിച്ച്) പൊതി മുഴുവൻ കെട്ടഴിക്ക കേൾക്കട്ടെ.

ഏഷണിക്കാരൻ— അതല്ലാ! മറ്റൊ അന്യനിപ്പുകാര്യം ഗവർമ്മെണ്ട് തീർച്ചയാക്കീട്ടില്ല.

അസൂയക്കാരൻ— അതിൽ ഈ വിദ്വാൻ ചൊല്ലിയാതെ കഴികയില്ലല്ലോ.

ഏഷണിക്കാരൻ— എന്നാൽ ഇപ്പോൾ ജയിക്കയാണ് ഉണ്ടായത്.

അസൂയക്കാരൻ— (മുഖപാരവശ്യത്തോടെ) ആ! ഹാ!

ഏഷണിക്കാരൻ— (ചങ്ങാതിയുടെ മുഖഭാവം മാറി എന്നു കണ്ടിട്ട്) ആ— ഓരോരുത്തർക്ക് ഓരോ കാലം * * *

ഇപ്രകാരമുള്ള ഏഷണിക്കാരന്റെ ഓരോ വാക്കുകളും മർമ്മഭേദിയായിട്ടാണ് കലാശിക്കുന്നത്.

ഇനി ഇങ്ങിനെയുള്ള മനോദുഃഖത്തിൽനിന്ന് ആശ്വസിപ്പാൻ അസൂയക്കാരന് വല്ല മാർഗ്ഗവും ഉണ്ടോ എന്നാലോചിക്കുക. ലോകത്തിൽ സർവ്വഗുണങ്ങളും തികഞ്ഞ ഒരുവനും ഇല്ലല്ലോ. യോഗ്യനെന്ന് പരക്കെ സമ്മതമുള്ള ഒരുവന്റെ നിസ്സാരമായ കുറവുകളേയും തെറ്റുകളേയും സൂക്ഷിച്ചറിഞ്ഞ് അതുകളെ കൊട്ടിഘോഷിച്ചു നടന്ന് സമാധാനപ്പെടുകയാണ് അസൂയക്കാരൻ ചെയ്യുന്നത്. പ്രശസ്തകീർത്തിമാനായ ഒരാൾ, തനിക്ക് അയോഗ്യമായ ഒരു പ്രവൃത്തിയെ സംഗതിവശാൽ ചെയ്തുപോകയോ, അല്ലെങ്കിൽ, അയാൾ ചെയ്തതെന്ന് ജനങ്ങൾ വിശ്വസിച്ചിരുന്ന ശ്ലാഘ്യമായ ഒരു പ്രവൃത്തി അന്യസഹായത്താൽ മാത്രം പരിപൂർത്തിവരുത്തപ്പെട്ടതാണെന്ന് അറിയുകയോ, ചെയ്യുന്നതാണ് ഇയ്യാളുടെ മനോവേദനയ്ക്കുള്ള നിവൃത്തിമാർഗ്ഗം. തന്റെ സൽപ്രവൃത്തിനിമിത്തം ലോകമാസകലം ഒരുപോലെ പ്രശംസിക്കുന്ന യോഗ്യനെ മനഃപൂർവ്വമായിട്ടല്ലെങ്കിലും ബഹുമാനിക്കാതെയിരിപ്പാൻ നിവൃത്തിയില്ലല്ലോ എന്ന് വ്യസനിച്ചിരുന്ന കശ്മലന്, ആ യോഗ്യതാംശത്തിന് കൂട്ടവകാശികളുണ്ടെന്ന് വരുമ്പോൾ ഉണ്ടാവുന്ന കൃതാർത്ഥത എത്രത്തോളം ആയിരിക്കുമെന്ന് പറവാനുണ്ടോ. ഇതിനെ ഒന്നു ദൃഷ്ടാന്തപ്പെടുത്താം.

ഷില്ലർ ഒരു വിശേഷമായ കവിത ഒരു മഹാൻ പേരെ

വെക്കാതെ പ്രസിദ്ധപ്പെടുത്തി. കവിത വായിച്ചുനോക്കുന്നവൎക്കെല്ലാം ഗ്രന്ഥകൎത്താവാരെന്നു് മനസ്സിലാകുമായിരുന്നു. എങ്കിലും അസൂയനിമിത്തം ചിലർ അതിലെ ഓരോ ഭാഗങ്ങളെപ്പററി ഓരോ മതായി അധിക്ഷേപിക്കുവാനാരംഭിച്ചു. അവരുടെ ആക്ഷേപം നിലനില്ക്കില്ലെന്നു കണ്ടപ്പോൾ ആ കവിത അതിന്റെ പരമാൎത്ഥകൎത്താവിന്റെയല്ലെന്നും, വേറെ ഒരാളുടെയാണെന്നും, അവർ ഘോഷിക്കുവാൻ തുടങ്ങി. ഈ ശ്രമവും സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ കവിതയുടെ മുക്കാൽ ഭാഗവും മറെറാരുത്തന് ഉണ്ടാക്കിയതാണെന്നും, വേറെ ഒരാൾ അതിലെ പിഴ തീൎത്തിരിക്കുന്നുവെന്നും മററും പറഞ്ഞുതുടങ്ങി. അപ്പോൾ ഇവരുടെ നിരൎത്ഥമായ ആക്ഷേപങ്ങളെ എല്ലാം കേട്ടു് അടുത്തു നിന്നിരുന്ന ഒരുവൻ അവരോടായിട്ടു് 'മാന്യന്മാരേ, ഒരു കവിതാ രചനയിൽ നിങ്ങൾ ആരും ഉത്സാഹിച്ചിട്ടില്ലെന്നു വരുന്ന സ്ഥിതിക്കു് അതു് ആരുടെയാണെങ്കിലും നിങ്ങൾക്കു് ദോഷമെന്തുള്ളു' എന്നു പറഞ്ഞുവെന്നും കേട്ടിട്ടുണ്ടു്. ഇപ്രകാരമുള്ള യശസ്കരമായ പ്രവൃത്തികളുടെ ഉടമസ്ഥൻ ആരെന്നു് പരസ്യമാവാതെ വരുന്ന ഘട്ടങ്ങളിൽ ആ യോഗ്യത യഥാൎത്ഥപുരുഷനിൽ സ്ഥാപിക്കാതെ അനിശ്ചിത സ്ഥിതിയിൽ ആക്കി തീൎക്കണമെന്നാണു് ഇവരുടെ പരമോദ്ദേശം. എന്തിനു വളരെ പറയുന്നു. ഒരുവന്റെ അസൂയക്കാരുടെ ഇടയിൽ ആളോടുള്ള മനസ്സല്പത്തെയുംകൂടി പ്രസ്താവിച്ചാൽ അസൂയക്കാരന്റെ മുഖം തെളിഞ്ഞു. ഇന്നാൾ വളരെ പണക്കാരനാണെന്നു പറഞ്ഞാൽ കുശുമ്പന്റെ മുഖം വാടി. പണക്കാരനാണെങ്കിലും വളരെ പരാധീനങ്ങളുണ്ടു് എന്നു് കേൾക്കുമ്പോൾ രസംകൊള്ളും. ആൎക്കും ഏതുയോഗ്യതയും അവസ്ഥയില്ലെന്നു പറയുന്നതാണു് അസൂയക്കാരനു് പരിപൂൎണ്ണസന്തോഷം.

അസൂയക്കാരുടെ കൃതാൎത്ഥതയും, പുരാണങ്ങളിലെ രാക്ഷസന്മാരുടെ കൃതാൎത്ഥതയും ഒരുപോലെയാണെന്നു പറയാം. രാക്ഷസനു് താൻ കൊന്നിട്ടുള്ള ജീവികളുടെ എല്ലു്, കുടൽമാല മുതലായവയെ കണ്ടു ആനന്ദിക്കുകയും അവയെ ധരിക്കുകയും, ചെയ്യുന്നതാണല്ലോ സന്തോഷം. ഇതുപോലെതന്നെ മററുള്ളവരുടെ നാശത്തിലാണു് അസൂയക്കാരന്റെയും സംതൃപ്തി. അസാധാരണയായ ഒരു ഉദ്യമത്തിൽ പ്രവേശിച്ചു ഒരുവനു് ജയം സിദ്ധിക്കുമെ

ണ് പരക്കെ വിശ്വസിച്ചിരിക്കുന്ന അവസരത്തിൽ അയാൾക്ക് അപജയം സംഭവിച്ചു കാണുകയും, ജനോപകാരവും പ്രശംസാർഹവുമായ ഒരു പ്രവൃത്തിയിൽ ഉദ്യോഗിച്ച ഒരുവൻ ഒടുവിൽ പരിഹാസ പാത്രമായി തീൎന്നുകാണുകയും ചെയ്യുമ്പോൾ അസൂയക്കാരൻ ഈ ഉദ്യോഗികളുടെ മേലാലുള്ള പരിശ്രമത്തിന്ന് വിഘ്നംവന്നു എന്നു കരുതി സന്തോഷിക്കുന്നു. ഈ ഉപന്യാസം അവസാനിക്കുന്നതിന്നു മുമ്പ് കുശുമ്പന്മാരുടെ ഇടയിൽ ഉള്ള പെരുമാററത്താൽ തനിക്ക് സിദ്ധിച്ചിട്ടുള്ള അനുഭവങ്ങളെപ്പററി ഒരു മഹാൻ പ്രസ്താവിച്ചിട്ടുള്ള ഒരു സംഗതി വായനക്കാൎക്ക് രസകരമായിവരുമെന്നു കരുതി അതുകൂടി ഇവിടെ ചേൎക്കുന്നു.

“ഈ ദുസ്സ്വഭാവത്തിന്റെ (അസൂയയുടെ) സമ്പ്രദായം മുഴുവനും സൂക്ഷ്മമായി പഠിച്ചറിഞ്ഞതുകൊണ്ട് എന്റെ പ്രവൃത്തികളിൽ ഈ കൂട്ടർ അസൂയ ജനിക്കാതിരിപ്പാൻ മാൎഗ്ഗം എന്തെന്ന് ഞാൻ ആലോചിച്ച് വെച്ചിട്ടുണ്ട്. ഒരിക്കൽ ഞാൻ നടത്തിയിരുന്നതായ ഒരു വൎത്തമാനപ്പത്രത്തെപ്പററി ജനങ്ങൾ പ്രശംസിക്കുന്നുണ്ട് എന്ന് ഞാൻ അറിഞ്ഞു. കുത്സിത മാനസന്മാർ അസൂയ മൂലം നിശ്ചയമായും അധിക്ഷേപിക്കുമെന്ന് എനിക്ക് അപ്പോൾ ഭയം തോന്നി. അതിന്റെ നിവാരണത്തിനായി ഉടനെതന്നെ ഞാൻ ഒരു സൂത്രം ആലോചിച്ചു. ഞാൻ ഒരു സൌഭാഗ്യമുള്ള പുരുഷനല്ലായിരുന്നതുകൊണ്ട് ഈ വൎത്തമാനം അവരുടെ മനസ്സുഖത്തിന് കുറവു വരുത്തുമെന്നു കരുതി തൽക്ഷണം അതിനെ പരസ്യമാക്കി. ഈ വൎത്തമാനം അതിവേഗത്തിൽ നാടൊക്കെ പരന്നു. കുശുമ്പന്മാൎക്ക് സമാധാനമായി. എന്റെ ഉദ്ദേശവും സാധിച്ചു. ഇതിൽ പിന്നെ എന്റെ ലേഖനങ്ങളെ ജനസാമാന്യം ശ്ലാഘിക്കുന്നുണ്ടെന്നറിയുമ്പോളെല്ലാം എന്റെ ഓരോ അംഗവൈരൂപ്യത്തെ പുറത്തു വരുത്തിയും, ചിലപ്പോൾ ഉപന്യാസ കൎത്താവ് വേറെയാണെന്നു തോന്നുമാറ് ഗൂഢനാമം ഉപയോഗിച്ചും, ഞാൻ കുശുമ്പന്മാരുടെ മനഃക്ലേശനിവാരണം ചെയ്തു വരുന്നു.”

എസ്സ്. വി. ആർ.

പുരാണപുരുഷന്മാർ.

ധർമ്മപുത്രർ.

II

എന്നാൽ ഇതുകൊണ്ടൊന്നും ധർമ്മപുത്രർക്ക് മനസ്സമാധാനം വന്നില്ലെന്നു മാത്രമല്ല മറെറാരു വലിയ പശ്ചാത്താപത്തിന്നു കൂടി ഇടയായി. യുദ്ധം അവസാനിച്ചതിന്റെശേഷം, പരേതന്മാരായ ബന്ധുക്കളുടെ ശേഷക്രിയ ചെയ്യാനാരംഭിച്ചപ്പോൾ, 'ആദ്യം ഉദകക്രിയ ചെയ്യേണ്ടതു കർണ്ണന്നു വേണ്ടിയാണെ'ന്നും, 'ആ മഹാ പുരുഷൻ കുന്തീദേവിയുടെ പ്രഥമ പുത്രനാണെ'ന്നും, അമ്മ തന്നെ പറഞ്ഞറിയുവാനിട വന്നതോടുകൂടി, 'വാസ്തവത്തിൽ പാണ്ഡു മഹാരാജാവിന്റെ രാജ്യത്തിന്നു താനാണവകാശി' എന്നുള്ള വിചാരത്തിന്മേൽ ഇതേവരെ പ്രവർത്തിച്ചതു മുഴുവൻ തെററാണെ'ന്നുള്ള ദൃഢവിശ്വാസം ആ മഹാ ധാർമ്മികന്റെ മനസ്സിൽ കടന്നുകൂടി.

'പാണ്ഡു മഹാരാജാവിന്ന് ഔരസപുത്രനില്ലാത്ത സ്ഥിതിക്ക്, ക്ഷേത്രജന്മാരായ പുത്രന്മാരിൽവെച്ചു താൻ ജ്യേഷ്ഠനാകയാൽ അദ്ദേഹത്തിന്റെ രാജ്യത്തിന്നു ന്യായമായ അവകാശം തനിക്കാണ്' എന്നായിരുന്നു ധർമ്മവിജയിയായ ധർമ്മപുത്രർക്ക് അതേവരെ ഉണ്ടായിരുന്ന വിചാരം. കുന്തീസുതന്മാരിൽ ജ്യേഷ്ഠൻ കർണ്ണനാണെന്നുള്ള ഗൂഢതത്വം അറിഞ്ഞപ്പോൾ, നേരായിട്ടു തനിക്കവകാശമില്ലാത്ത രാജ്യത്തെ അടിസ്ഥാനമാക്കിക്കൊണ്ടു നടത്തിയ നടവടിയൊക്കെ തെററിപ്പോയി എന്നു തോന്നിയതിൽ അശേഷം അത്ഭുതപ്പെടുവാനില്ല.

'സ്വധർമ്മത്തെ രക്ഷിപ്പാൻവേണ്ടി ചില അധർമ്മങ്ങളും ചെയ്താലും ദോഷമില്ല' എന്നുള്ള രാജധർമ്മതത്വത്തെ ശ്രീകൃഷ്ണഭഗവാൻ വ്യാഖ്യാനിച്ചു ചില ദൃഷ്ടാന്തങ്ങളും കാണിച്ചു എങ്കിലും അതൊന്നും തനിക്കു പററുന്നതല്ല. തന്റെ സ്വധർമ്മം, ജ്യേഷ്ഠനായ കർണ്ണന്റെ ആജ്ഞയിൻ കീഴിൽ നടക്കുകമാത്രമാണ് എന്നിരിക്കെ

അതി ധർമ്മിഷ്ഠനും, മഹാദാനശീലനും, ഗംഭീരാശയനും, 'അർജ്ജുനനൊഴികെ മററു നാലു പാണ്ഡവന്മാരെയും എതിർത്തുവന്നാലും ഞാൻ കൊല്ലുകയില്ല' എന്ന് അമ്മയോടു വാഗ്ദത്തം ചെയ്തിട്ടുള്ള ഭ്രാതൃവത്സലനും, കരുണാനിധിയും ആശ്രിതപുത്രനും, തന്റെ ജ്യേഷ്ഠനും അഗ്രജനുമായ ആ കർണ്ണനെ അനുജനായ അർജ്ജുനനെക്കൊണ്ടു നിർദ്ദയപൂർവ്വം വീരസ്വർഗ്ഗത്തിനു വിരുദ്ധമായ വിധം വധിപ്പിച്ചതോർക്കുമ്പോഴും ഉള്ള പശ്ചാത്താപം ധർമ്മപുത്രരുടെ മനസ്സിൽ നിന്നൊഴിഞ്ഞു മാറുമോ? അതിനും പുറമെ, ഗുരുനാഥനായ ദ്രോണാചാര്യരെ അസത്യം പറഞ്ഞു വില്ലുവെപ്പിച്ചു കൊല്ലിച്ചതും, പിതാമഹനും, തങ്ങളുടെമേൽ അതിവാത്സല്യമുള്ളവനും, കുലവൃദ്ധനുമായ ഭീഷ്മരെ (അദ്ദേഹത്തിനോട് അനുവാദം വാങ്ങീട്ടാണെങ്കിലും) ശരശയനത്തിൽക്കിടത്തി അതിഘോരമായ ഇഹലോകനരകം അനുഭവിപ്പിച്ചതും ധർമ്മപുത്രർക്ക് പശ്ചാത്താപ വിഷവൃക്ഷത്തിന്റെ വലിയ ശാഖകളായിരുന്നു. സ്വന്തം കുലത്തെ മുടിച്ചതും, അന്യകുലങ്ങളും മററുമായ അനേകം രാജാക്കന്മാരുടെ വംശം നശിപ്പിച്ചതും, നാനാരാജ്യവാസികളായ വളരെ വളരെ വീരപുരുഷന്മാരെ ധ്വംസനം ചെയ്തതും, ഇവരുടെയൊക്കെ അന്തഃപുരസ്ത്രീകൾ ഭാര്യമാർ മുതലായ അസംഖ്യം സ്ത്രീകളെ 'കണ്ണീരുംകയ്യുമായി' ആജീവനാന്തം ദുഃഖിപ്പിച്ചതും, പടച്ചിലവു നിമിത്തം പരക്കെ നാട്ടിൽ ദാരിദ്ര്യം പിടിപ്പിച്ചതും മററും തന്റെ ഒരുവന്റെ ധർമ്മവിരോധങ്ങളായ ആലോചനകൾകൊണ്ടു താൻതന്നെ വരുത്തിക്കൂട്ടിയ മഹാപാപങ്ങളാണെന്നു വിചാരിച്ചുവിചാരിച്ചു വിഷാദിച്ചു ദുഃഖസമുദ്രത്തിൽ മുങ്ങിയതല്ലാതെ ധർമ്മപുത്രർ ഈ വിജയംകൊണ്ടു ലേശമെങ്കിലും സന്തോഷിക്കുകയല്ലാ ഉണ്ടായത്. എന്തിനധികം പറയുന്നു? താൻ മഹാരാജാധിരാജനായി വാണുകൊണ്ടു രാജസൂയയാഗം മുതലായ പലവിധം പുണ്യകർമ്മങ്ങൾ ചെയ്തിട്ടുള്ളവപോലും തനിക്കു വിഹിതങ്ങളല്ലായ്കയാൽ വികർമ്മങ്ങളായതേയുള്ളു എന്ന് അദ്ദേഹത്തിനു തോന്നിപ്പോയി.

അനന്തരം മററുള്ള ഗുരുജനങ്ങളും സാക്ഷാൽ ശ്രീകൃഷ്ണഭഗവാൻ തന്നെയും പലവിധം സമാധാനം പറഞ്ഞാശ്വസിപ്പിച്ചിട്ടും അദ്ദേഹത്തിന്റെ മനഃക്ലേശത്തിനു ലേശംപോലും ശാന്തി വന്നില്ല. ഇതാണ് ധർമ്മപ്രതിപത്തി എന്നു പറയുന്നത്. എന്നാൽ

ഇവരെല്ലാവരുടേയും നിർബ്ബന്ധംകൊണ്ടും വലിയച്ഛനായ ധൃതരാഷ്ട്രരുടെ കല്പനകൊണ്ടും കാട്ടിൽപ്പോയി തപസ്സുചെയ്യേണ്ടാ എന്നു വെച്ചു ഹസ്തിനപുരത്തിൽ രാജ്യഭാരം കയ്യേററു വാഴുവാൻ കല്പിച്ചു സമ്മതിച്ചു. രാജ്യം കയ്യേററ ഉടൻ തന്നെ ധർമ്മവിഷയത്തിലുള്ള പല സംശയങ്ങളും തീർപ്പാൻവേണ്ടി ശ്രീകൃഷ്ണഭഗവാനെ മുമ്പിലാക്കിക്കൊണ്ട് അനുജന്മാരോടും മററുള്ള ബന്ധുക്കളോടുംകൂടിപ്പുറപ്പെട്ടു് കുരുക്ഷേത്രഭൂമിയിൽ ശരശയനത്തിന്മേൽക്കിടക്കുന്ന ഭീഷ്മരുടെ അടുക്കൽച്ചെന്നു. ഈ അവസരത്തിൽ ധർമ്മശാസ്ത്ര തത്വജ്ഞന്മാരായ അസംഖ്യം മഹർഷി ശ്രേഷ്ഠന്മാരും അവിടെച്ചെന്നു കൂടിയിരുന്നു. ഈ സജ്ജന സദസ്സിൽവെച്ച് സർവ്വജ്ഞനായ ഭഗവാന്റെ അനുവാദത്തോടുംകൂടി ശരശയനശായിയായ ഭീഷ്മർ ധർമ്മപുത്രരുടെ സകല സംശയങ്ങൾക്കും സമാധാനം പറഞ്ഞുകൊടുത്തു. മഹാഭാരതത്തിലെ ഒരു വലിയ ഭാഗമായ ശാന്തിപർവ്വം മുഴുവൻ ഈ ഒരു വിപുലമായ വിഷയത്തെപ്പററിയുള്ള ഭീഷ്മയുധിഷ്ഠിര സംവാദമാണെന്നുതന്നെ പറയാം. ഇതിൽ പ്രകൃതാപ്രകൃതമായിട്ട് മററനേകം ശാസ്ത്രങ്ങളുടെ തത്വങ്ങളും പ്രസ്താവിച്ചിട്ടുണ്ട്.

"ദാനധർമ്മാൻരാജധർമ്മാൻ
മോക്ഷധർമ്മാൻവിഭാഗശഃ
സ്ത്രീധർമ്മാൻഭഗവദ്ധർമ്മാൻ
സമാസവ്യാസയോഗതഃ"

എന്നു പറഞ്ഞപ്രകാരം അനേക വിധത്തിലുള്ള ധർമ്മവ്യവഹാരങ്ങളും വിസ്തരിച്ചു ദൃഷ്ടാന്തങ്ങളോടുകൂടി പറഞ്ഞ് ഭീഷ്മർ അനുഭവപ്പെടുത്തിക്കൊടുത്തു. സർവ്വമുനിജനസ്തുതങ്ങളായ ആ ഭീഷ്മോപദേശങ്ങളെക്കൊണ്ട് ധർമ്മപുത്രരുടെ അറിവിനു വളരെ പരിശുദ്ധിവന്നു. മുമ്പുണ്ടായിരുന്ന മനഃക്ലേശവും ഒരുവിധം നീങ്ങി.

എന്നാൽ ശ്രീകൃഷ്ണഭഗവാൻ യുദ്ധം കഴിഞ്ഞു മടങ്ങിപ്പോരുമ്പോൾ കർണ്ണനെ വിളിച്ചു തേരിൽക്കേററീട്ട് ചില ഗൂഢസംഭാഷണങ്ങൾ നടത്തിയതിൽ ആ മഹാപുരുഷൻ ഭഗവാനോടു പറഞ്ഞിട്ടുള്ള തത്വങ്ങൾ ഭഗവാൻ ധർമ്മപുത്രരെ അറിയിച്ചിരുന്നു എങ്കിൽ; 'ജ്യേഷ്ഠനായ കർണ്ണന്റെ അനന്തരമായ അനുവാദപ്രകാരമാണ് താൻ രാജ്യംഭരിക്കുന്നത്' എന്നും, ഭാരം ഭരിപ്പിപ്പാനുള്ള ക

ത ദിവ്യാവതാരപുരുഷനാണ് 'സൂര്യാംശജാതനായ കർണ്ണൻ' എന്നും മറ്റും ധർമ്മപ്രതിഷ്ഠാപകനായ അദ്ദേഹത്തിന് ശരിയായവാദം തന്മൂലം മനഃക്ലേശം തീരെ നശിപ്പാനും ഇടയാകുമായിരുന്നു. പക്ഷെ പശ്ചാത്താപത്തോടുകൂടി ചെയ്യുന്ന പ്രായശ്ചിത്തങ്ങൾക്കെ ഫലമുള്ളൂ എന്നു വിചാരിച്ചിട്ടോ എന്തു കരുതീട്ടോ ആ ഭഗവാൻ ആ കഥയൊന്നും പുറത്തു പറയാതെ മറച്ചു വെച്ചതേയുള്ളൂ.

എന്തെങ്കിലും സർവ്വപാപപ്രശമനമായ ഒരു മഹാ പ്രായശ്ചിത്തം ചെയ്യേണമെന്നാലോചിച്ച് ധർമ്മപുത്രർ വേദവ്യാസമഹർഷിയോട് പ്രായശ്ചിത്തം വിധിച്ചു വേണ്ടവിധം ചെയ്യിച്ചു തരുവാൻ അപേക്ഷിച്ചു. മഹർഷി, അശ്വമേധയാഗം ചെയ്യേണമെന്നാണ് വിധിച്ചത്. 'പടച്ചിലവുകൊണ്ടും മറ്റും നാടടച്ച് നഷ്ടദാരിദ്ര്യം പിടിച്ചിരിക്കുന്ന ഈ കാലത്ത് വളരെ ദ്രവ്യം ചിലവുള്ള ഈ ക്രിയ എങ്ങിനെ നടത്തേണ്ടൂ? രാജഭണ്ഡാരങ്ങൾ മുഴുവനും ശൂന്യം പിടിച്ചിരിക്കുന്നു. ഇപ്പോഴത്തെ നില നോക്കുമ്പോൾ ഇതിലേക്ക് വേണ്ടുന്ന ദ്രവ്യം നാട്ടുകാരിൽനിന്നു പിരിച്ചീടുക എന്നതും വലിയ കഷ്ടമായിത്തീരുമല്ലോ' എന്നു വിചാരിച്ചു ധർമ്മപുത്രർ വളരെ വിഷാദിച്ചു നില്പായി.

'ദ്രവ്യക്ഷീണംകൊണ്ടു വിഷാദിക്കുകയാണെങ്കിൽ അതുവേണ്ട. ദ്രവ്യത്തിനു വഴിയുണ്ട്. പണ്ടു മരുത്തമഹാരാജാവ് യാഗം ചെയ്ത കാലത്ത് അസംഖ്യം ദ്രവ്യം ബ്രാഹ്മണർക്ക് ദാനം ചെയ്തതിൽ ബ്രാഹ്മണർ അവരവർക്കു വേണ്ടുവോളം വാരിക്കൊണ്ടുപോയിട്ടും ഒടുങ്ങാതെ വളരെ ദ്രവ്യം ഹിമവൽ പാർശ്വത്തിലുള്ള ആ യാഗസ്ഥലത്ത് ഇന്നും കുന്നുപോലെ കിടക്കുന്നു. അതു കൊണ്ടുവന്നാൽ മതി. അശ്വമേധം ചെയ്വാനും അതുകൊണ്ടു സാധിക്കും' എന്നു വേദവ്യാസമഹർഷി പറഞ്ഞു എങ്കിലും ആ ദ്രവ്യം ബ്രാഹ്മണസ്വമാണെന്നുള്ള വിചാരംകൊണ്ട് ധർമ്മപുത്രർക്ക് മനസ്സു വന്നില്ല. 'ആ ദ്രവ്യം ബ്രാഹ്മണർ ഉപേക്ഷിച്ചു പോയതാകയാൽ അവരുടെ സ്വത്തല്ലാതെയായി' എന്നും, 'കേവലം നിധിപോലെ കിടക്കുന്നതാകയാൽ രാജാവിനാണ് അതിന്മേലുള്ള അവകാശം' എന്നും വീണ്ടും മഹർഷി പറഞ്ഞപ്പോഴേ സമ്മതമായുള്ളൂ. പിന്നെ ഹിമവൽ പാർശ്വത്തിൽ കിടക്കുന്ന ആ ധനനിക്ഷേപ

ഭാരം കൊണ്ടു വന്നിട്ട് മുറയ്ക്ക് അശ്വമേധയാഗത്തിന്നാരംഭിക്കുകയും ചെയ്തു.

അർജ്ജുനനെ രക്ഷകനാക്കി കല്പിച്ചിട്ട 'മേദ്ധ്യാശ്വവിസർജ്ജനം' ചെയ്തതും, പല രാജാക്കന്മാരും അശ്വത്തിനെപ്പിടിച്ചു കെട്ടിയതും, അർജ്ജുനൻ യുദ്ധം ചെയ്തു വിടുവിച്ചതും, അർജ്ജുനപുത്രനായ പാണ്ഡ്യരാജാവു ബഭ്രുവാഹനൻ ഈ അശ്വം നിമിത്തമുണ്ടായ യുദ്ധത്തിൽ അർജ്ജുനനെ കൊന്നതും, പിന്നെ ഭഗവാന്റെ സഹായത്തോടുകൂടി വീണ്ടും ജീവിപ്പിച്ചതും, ഇവിടെ വിസ്തരിച്ചിട്ടാവശ്യമില്ലല്ലൊ.

അശ്വവിസർജ്ജനം കഴിഞ്ഞതായ ആ അശ്വം ഭൂപ്രദക്ഷിണം കഴിച്ചു തിരിയെ എത്തുന്നതിനുള്ള കാലം ഒരു സംവത്സരമാണ്. ആ ഒരു സംവത്സരകാലം ധർമ്മപുത്രർ 'അസിധാരാവ്രതം' അനുഷ്ഠിച്ചു കൊണ്ടാണിരുന്നത്. അസിധാരാവ്രതം എന്നുവെച്ചാൽ കാമോദ്ദീപകങ്ങളായ സകല ശൃംഗാരോപകരണങ്ങളെക്കൊണ്ടും അലങ്കരിക്കപ്പെട്ടതായ ശയ്യാഗൃഹത്തിൽ മനോമോഹനങ്ങളായ വേഷാലങ്കാരങ്ങളെക്കൊണ്ടു ഹൃദയഹാരിണിയായ ഭാര്യയോടുകൂടി സരസസല്ലാപാദിവിനോദങ്ങളും ചെയ്തു ഏകശയ്യയിൽ കിടക്കണം. മനസ്സിൽ അല്പംപോലും കാമവികാരം ഉണ്ടാവരുതാനും. ഈ ഒരു നടവടി എത്രതന്നെ ധീരന്മാരായ പുരുഷകേസരികൾക്കും അസാദ്ധ്യമായിട്ടുള്ളതാണെന്ന് അനംഗവികാരത്തിന്റെ ലേശമെങ്കിലും അറിഞ്ഞിട്ടുള്ളവരാരും സമ്മതിക്കാതിരിക്കയില്ല. ഈ അതിദുസ്സാദ്ധ്യമായ അസിധാരാവ്രതം ഒരു സംവത്സരം മുഴുവൻ അനുഷ്ഠിച്ചതിൽ ധർമ്മപുത്രരുടെ ധൈര്യം, ഇന്ദ്രിയനിഗ്രഹം, കർമ്മത്തിങ്കലുള്ള ശ്രദ്ധ ഇവയെല്ലാം നല്ലവണ്ണം വെളിപ്പെടുന്നുണ്ടെന്നു പറയേണ്ടതില്ലല്ലൊ.

അശ്വം തിരിച്ചുവന്നതിന്റെ ശേഷം വിധിയാംവണ്ണം യാഗം കഴിച്ചു. ഈ വലിയ പുണ്യകർമ്മത്തിൽ സകല ദിവ്യലോകവാസികൾക്കും മാത്രമല്ല ആബ്രാഹ്മണചണ്ഡാലമുള്ള മനുഷ്യവർഗ്ഗത്തിന്നും പുറമെ മറ്റുള്ള സമസ്ത ജീവജാലങ്ങൾക്കും തൃപ്തിവരുത്തി എന്നു മാത്രം ചുരുക്കിപ്പറയുവാനെ ഇവിടെ നിവൃത്തിയുള്ളു.

ധർമ്മപുത്രരുടെ രാജ്യഭാരം മുപ്പത്താറു സംവത്സര കാലമാണുണ്ടായിട്ടുള്ളത്. ആ കാലത്ത് അവരവരുടെ വർണ്ണാശ്രമ ധർമ്മ

ങ്ങൾ വിധിപോലെ അനുഷ്ഠിക്കാതെകണ്ട് അദ്ദേഹത്തിന്റെ പ്രജകളിൽ ആരും തന്നെ ഉണ്ടായിരുന്നില്ല. പ്രജാക്ഷേമതല്പരനായി സകലജനങ്ങളുടെയും യോഗക്ഷേമം അന്വേഷിക്കുന്നതിൽ സദാ ജാഗരൂകനായിരിക്കുന്ന ഇതിനെയുള്ള മഹാരാജാവ് പ്രത്യേകിച്ചു ശ്രദ്ധിവെക്കുന്നതാണെന്നു വരുമ്പോളാരാനും മര്യാദവിട്ടു നടക്കുമോ? പിന്നെ സ്വധർമ്മാനുഷ്ഠാനത്തിനു പ്രതിബന്ധങ്ങളായ ദാരിദ്ര്യം, രോഗം മുതലായവയുടെ ബാധയും ധർമ്മപുത്രരുടെ രാജ്യഭരണകാലത്ത് നാട്ടുകാരുടെ ഇടയിൽ ഉണ്ടായിരുന്നില്ല. ഇതിനെ അദ്ദേഹം രാജ്യം ഭരിച്ചു വരുന്നതിന്റെ ഇടയിൽ ഒരിക്കൽ, ഭീമസേനൻ തരത്തിൽ പ്രയോഗിച്ച മുള്ളുവാക്കു കേട്ടു നിർവ്വേദം വന്നു ധൃതരാഷ്ട്രർ വിഷയവിരക്തനായിച്ചമഞ്ഞതിനാൽ കുന്തീദേവി, ഗാന്ധാരി, സഞ്ജയൻ, വിദുരർ ഇവരോടൊരുമിച്ച് അദ്ദേഹം കാട്ടിൽപ്പോയി തപസ്സുചെയ്ത് വാനപ്രസ്ഥവൃത്തിയിൽ ഇരിപ്പായി. ഇവരൊരുമിച്ച് ചക്രവർത്തിയായ ധർമ്മപുത്രരും പരിവാരസമേതം കാട്ടിൽച്ചെന്നു ഗുരുശുശ്രൂഷയും ചെയ്തു കുറച്ചുനാൾ താമസിച്ചു. നോക്കൂ അദ്ദേഹത്തിന്റെ ഗുരുജനഭക്തിയുടെ ശക്തി! പിന്നെ അവരുടെ നിർബ്ബന്ധംകൊണ്ടു തന്നെയാണ് ഹസ്തിനാപുരത്തിലേക്കു തിരിച്ചു പോന്നത്. എന്നാൽ ഇടക്കിടക്ക് കാട്ടിൽച്ചെന്നു ഗുരുശുശ്രൂഷ ചെയ്യാതിരിപ്പാൻ അദ്ദേഹത്തിന്റെ മനോവൃത്തി സമ്മതിച്ചിരുന്നില്ല. ഒരു കുറി കാട്ടിൽച്ചെന്നപ്പോൾ യോഗശക്തികൊണ്ടു നിർമ്മിച്ച ഘോരമായ കാട്ടുതീയ്യിൽ അവർ ദേഹത്യാഗം ചെയ്തിരിക്കുന്നതായി അദ്ദേഹം കണ്ടു. വിദുരർമാത്രം കേവലം 'ജഡോന്മത്തപിശാചവൽ' എന്ന ഭഗവൽഭക്ത നിലയിൽ കാട്ടിലെവിടെയോ സഞ്ചരിക്കുന്നുണ്ടായിരുന്നു. ആ മഹായോഗ്യപുരുഷനെപ്പിന്തുടർന്നു കുറച്ചു ദൂരം പോയി. ആരും കാണാതെയായപ്പോൾ ആ വിദുരർ ധർമ്മപുത്രരുടെ ദേഹത്തിൽ ദിവ്യതേജോരൂപേണ ലയിക്കയാണുണ്ടായത്. അതു മുതൽ ധർമ്മപുത്രർ സാക്ഷാൽ ധർമ്മമൂർത്തിയായി എന്നുതന്നെ പറയാം. ആ പരിശുദ്ധമനസ്സായിത്തീർന്നു. തിരിയെ ഹസ്തിനാപുരത്തിൽ എത്തിയപ്പോൾ, പല ദുർന്നിമിത്തങ്ങളും കണ്ടു വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ, യാദവവംശം മുഴുവൻ തമ്മിൽ തല്ലിനശിച്ചു എന്നും, ബലഭദ്രരും ശ്രീകൃഷ്ണനും സ്വർഗ്ഗാരോഹണം ചെയ്തു എന്നും മറ്റുമുള്ള വ്യസനവൃത്താന്തം, ദ്വാരകയിൽനിന്നു മടങ്ങിവ

ന്ന വിഷയവിരക്തനായ അൎജ്ജുനൻ അറിയിച്ചു. ഇതോടുകൂടി പാണ്ഡവന്മാർ ഇഹലോകവാസം ഉപേക്ഷിപ്പാനൊരുങ്ങിയതിൽ എന്തത്ഭുതമാണ്? പാണ്ഡവൎക്ക് സൎവ്വസ്വവും ഭഗവാൻ ശ്രീകൃഷ്ണൻ തന്നെയായിരുന്നില്ലേ? സൎവ്വസ്വവുംതന്നെ വിട്ടാൽ താൻ സൎവ്വസ്വവും വിട്ട ഫലമായില്ലേ?

പിന്നെ അഭിമന്യുപുത്രനായ പരീക്ഷിത്തിനെ രാജാവാക്കി വാഴിച്ചിട്ട് ധൎമ്മപുത്രർ പാഞ്ചാലിയോടും അനുജന്മാരോടുംകൂടി 'മഹാപ്രസ്ഥാനം' ചെയ്തു, സൎവ്വസംഗപരിത്യാഗം ചെയ്ത് നേരെ വടക്കോട്ടു നടക്കുകയാകുന്നു ഈ മഹാ പ്രസ്ഥാനം. അപ്പോൾ ഒരു പുഴുത്തപട്ടി ധൎമ്മപുത്രരുടെ പിന്നാലെ വിടാതെ കൂടിയിരുന്നു. ഈ യാത്രയിൽ വഴിക്കുവെച്ച് നകുലൻ, സഹദേവൻ, പാഞ്ചാലി, അൎജ്ജുനൻ, ഭീമസേനൻ ഇവരൊക്കെ വീണു എന്നറിഞ്ഞിട്ടും ധൎമ്മപുത്രർ മനസ്സിന്നൊരു വികാരമെങ്ങുമുണ്ടാകാതെയും പിന്നാക്കം തിരിഞ്ഞു നോക്കാതെയും നടന്നതേ ഉള്ളു. ഇതാണ് ശാന്തത എന്നു പറയുന്ന സത്ഗുണത്തിന്റെ പരമകാഷ്ഠ. പിന്നെയും പട്ടി മാത്രം തുണയായിട്ടു കൂടെക്കൂടിയിരുന്നു.

ധൎമ്മപുത്രൎക്ക് കയറുവാൻ ഒരു വിമാനവും കൊണ്ട് ദേവദൂതൻ പ്രത്യക്ഷമായിട്ട്, 'കയറാം, ദേവേന്ദ്രൻ കല്പനയായിരിക്കുന്നു; സ്വൎഗ്ഗത്തിലേക്കെഴുന്നള്ളാം' എന്നറിയിച്ചു. 'ഈ പട്ടി മുമ്പിൽ കയറട്ടെ പിന്നാലെ ഞാനും കേറുന്നുള്ളു' എന്നായിരുന്നു ആ ധൎമ്മപുത്രരുടെ മറുപടി. 'രാജസൂയയാഗം ചെയ്തിട്ടുള്ള ഇവിടെക്കു സ്വൎഗ്ഗം അനായാസമായിട്ടുണ്ട് എന്നല്ലാതെ ഈ പുഴുത്ത പട്ടിക്കുണ്ടോ സ്വൎഗ്ഗം കിട്ടുന്നു'! എന്ന് ദേവദൂതൻ ചിരിച്ചുകൊണ്ടു പറഞ്ഞപ്പോൾ, 'എന്നാൽ എനിക്കും സ്വൎഗ്ഗം വേണ്ട. എന്നെ ഇതുവരെ ആശ്രയിച്ചു നിന്നിട്ടുള്ള ഇതിനെ ഉപേക്ഷിച്ച് ഞാൻ മാത്രം സ്വൎഗ്ഗത്തിൽച്ചെന്നു സുഖിച്ചിരിപ്പാൻ വിചാരിക്കുന്നില്ല' എന്നു ധൎമ്മപുത്രർ തീൎച്ചയായ മറുപടി പറഞ്ഞു. അപ്പോൾ ആ പട്ടി സാക്ഷാൽ ധൎമ്മരാജാവിന്റെ സ്വരൂപത്തിൽ പ്രത്യക്ഷമായി നിന്നിട്ട്,

'മതി, സന്തോഷമായി. പലപ്പോഴും പല വേഷമായിട്ടും ഞാൻ നിങ്ങളെ പരീക്ഷിച്ചു നോക്കി, ഒരിക്കലും ധൎമ്മത്തിൽനിന്നു

തൊറിക്കണ്ടില്ല. ഇനി സ്വൎഗ്ഗത്തിലേക്ക പോകാം' എന്ന പുത്രനെ അനുഗ്രഹിച്ചു മറകയും ചെയ്തു.

പിന്നെ വിമാനത്തിന്മേൽ കേറി ഉടലോടെ സ്വൎഗ്ഗത്തിൽ ച്ചെന്നു. അവിടെച്ചെന്നപ്പോൾ ഇന്ദ്രൻ വേണ്ടുംപോലെ സൽക്കരിച്ചിട്ട് സ്വൎഗ്ഗത്തിലുള്ള സകലൈശ്വൎയ്യങ്ങളും കണ്ട വരുവാനായിട്ട ദൂതന്മാരെ കൂട്ടിയയച്ചു. ഓരോ അത്ഭുതവിശേഷങ്ങളും കണ്ട കണ്ട സഞ്ചരിക്കുമ്പോൾ, ഒരേടത്ത് ദുൎയ്യോധനാദികളെല്ലാവരും സ്വൎഗ്ഗപദവി അനുഭവിച്ച സുഖിച്ചിരിക്കുന്നതും മറ്റൊരേടത്ത് ഭീമാദികളായ അനുജന്മാരും പാഞ്ചാലിയും നരകത്തിൽക്കിടന്ന നിലവിളിക്കുന്നതും കാണുവാനിടയായി. അപ്പോൾ, തിരിഞ്ഞു നിന്നിട്ട്, 'ധൎമ്മാധൎമ്മങ്ങൾക്ക ശരിയായ ഫലം കൊടുക്കാത്ത സ്വൎഗ്ഗം, എനിക്കിതു വേണ്ട വേണ്ട.' എന്ന് ദേവപരിചാരകന്മാരോടായിട്ട പറഞ്ഞു. അപ്പോഴേയ്ക്കും ഇന്ദ്രൻ അവിടെ വന്നിട്ട 'ഇതൊക്കെ മായയാണെ'ന്നും 'ദ്രോണരോട കള്ളംപറഞ്ഞതിന്ന് അങ്ങയെ വ്യസനശിക്ഷ അനുഭവിപ്പിപ്പാൻവേണ്ടി കാണിച്ചതാണെ'ന്നും, പറഞ്ഞു സമാധാനപ്പെടുത്തി.

ഇതുകൊണ്ടൊന്നാണ നമുക്ക മനസ്സിലാക്കേണ്ടത്. കുറ്റം ചെയ്താൽ അതിന്ന ശിക്ഷകൊടുക്കുക എന്നത് എല്ലാവൎക്കും ഒരു പോലെയല്ല വേണ്ടത്. അവരവരുടെ മനോവൃത്തിയെ അനുസരിച്ച ശിക്ഷകൊടുത്താലെ മതിയാവു. ധൎമ്മതൽപരനായ ധൎമ്മപുത്രൎക്ക് അസത്യം പറഞ്ഞു എന്ന കുറ്റത്തിന്ന കുംഭീപാകനരകം കൊടുക്കുന്നതിനെക്കാട്ടിലും സങ്കടമായിട്ടുള്ളത് ധൎമ്മിഷ്ഠന്മാരെ നരകത്തിലും അധൎമ്മിഷ്ഠന്മാരെ സ്വൎഗ്ഗത്തിലും കാണിക്കുക മാത്രമാണ്. ഇതിലധികം വ്യസനം അദ്ദേഹത്തിന്ന മറ്റൊന്നിലും ഉണ്ടാവുന്നതല്ല, എന്ന് അദ്ദേഹത്തിന്റെ പ്രകൃതി അറിഞ്ഞിട്ടുള്ള ദേവേന്ദ്രൻ കണ്ട കൊടുത്ത ശിക്ഷയാകുന്നു.

ഈ വിധമുള്ള ശിക്ഷകൊണ്ട പാപം നശിച്ചതിന്നശേഷം ധൎമ്മപുത്രൎക്ക വാസ്തവസ്ഥിതിയും കാണിച്ചു കൊടുത്തു. ഭീഷ്മരെ വസുക്കളിലും, ദ്രോണരെ ബൃഹസ്പതിയിലും, ഭീമനെ വായുവിലും, അൎജ്ജുനനെ ഇന്ദ്രനിലും, നകുലസഹദേവന്മാരെ അശ്വിനീദേവകളിലും ശക്തിസ്വരൂപിണിയായ പാഞ്ചാലിയെ ഇവരിലെല്ലാവരിലും, ദുൎയ്യോധനാദികളെ കലിമുതലായ അധൎമ്മവൎഗ്ഗ

ത്തിലും; അഭിമന്യുവിനെ ചന്ദ്രനിലും, പാഞ്ചാലീപുത്രന്മാരെ വിശ്വേദേവകളിലും, കണ്ണനെ ആദിത്യനിലും, മറ്റുമായിക്കണ്ടു സന്തോഷിച്ചു. ധർമ്മപുത്രർ കണ്ണന്റെ തത്വം അപ്പോഴേ നല്ലവണ്ണം മനസ്സിലായുള്ളൂ. പിന്നെ ദിവ്യഗംഗയിൽ സ്നാനം ചെയ്തു ദിവ്യശരീരം സ്വീകരിച്ചു ഹരിശ്ചന്ദ്രാദി മഹാരാജാക്കന്മാരെപ്പോലെ ധർമ്മപുത്രനായ യുധിഷ്ഠിരൻ ജ്യോതിസ്സ്വരൂപനായി പ്രകാശിക്കയും ചെയ്തു.

ഈ വിധം ധർമ്മപുത്രരുടെ സ്വഭാവവിചാരമോ അല്ലെങ്കിൽ ജീവചരിത്രസംക്ഷേപമോ എന്തെങ്കിലും ഒന്നെഴുതിയതുകൊണ്ടു മാത്രമായില്ല. അദ്ദേഹത്തിന്റെ ഒരു ഛായയുംകൂടി താഴെ കാണിച്ചാലേ ഇപ്പോഴത്തെ പരിശ്രമത്തിന്നു മതിയാകയുള്ളൂ.

അതിന്നുവേണ്ടുന്ന ഉപകരണങ്ങൾ തൽക്കാലം സ്വാധീനത്തിലില്ലായ്കയാൽ അതും 'ശ്ലോകത്തിൽ കഴിച്ചുകൂട്ടുന്നു'.

ഒട്ടൊന്നു നീണ്ടുള്ളൊരു നെടിയമിഴികളും, ധീരമാം നോട്ടവും പൊൻ
മട്ടിലുംമെയ്യിണക്കുംതടിയുമുയരവും, വീതിയേറുന്ന മാറും
മുട്ടോളംനീണ്ടകൈവീശിനാഗമനനടയും, മറ്റുമന്ത്രപ്രസാദ
പ്പെട്ടുള്ളോരാധർമ്മരക്ഷാവ്യസനധനികനാം ധർമ്മപുത്രന്റെ രൂപം.

[ധനഞ്ജയനാടകം] രാജാ:—

സൗന്ദര്യസ്യൈകധാമാ ധൃതകാന്തിസ്സനാഥാമിതാ
ശ്രീമത്താമഹിമതിസദ്ഗുവിഭവോന്നിദ്രേഷനാഗ്രണ്യാൻ
ഏതസ്യാനുപയുജ്യമാ ബുധതയാ ജീനാ പരാമാത്മ
സ്പഷ്ടംവാണീരതിചേൽകരോത്യുപനാഭ്യാത്മ്യത്രൂപമിത്ഥാടനഃ

വിദൂഷകൻ:—

വാനാരംകവർന്നാറാവുംവൈരസവുംചൈതന്യവുംപീതവും
ചോരംകൊതിപ്പുരുമുതലായോന്നിദ്രേഷചകീർത്തനാൻ
ഇപ്പൃഥ്വ്യാമുപയുജ്യപാതമതുനാഥാങ്കെല്ലാറ്റുചക്രിതരം
സ്വാദിപ്പാൻ ഇടതന്നവങ്കിലിവയന്നൊല്ലാഴിനീടാനഃ

ഒരു ദുൎമ്മരണം.

'കാൎയ്യസ്ഥനെ നല്ലവണ്ണം പരിചയമുണ്ടോ' എന്ന ചോദ്യത്തിനു 'ഉവ്വ്' എന്നും, 'അയാൾ എന്തു സ്വഭാവക്കാരനാണ്' എന്നതിന്ന് 'നല്ല സ്വഭാവക്കാരനാണ്' എന്നും, 'കാൎയ്യസംബന്ധമായി വല്ല കൃത്രിമങ്ങളും ചെയ്തിട്ടുണ്ടോ' എന്നതിന്ന് 'ഉള്ളതായിട്ടറിവില്ല' എന്നും, ആകുന്നു ആരംഭത്തിലെ ചോദ്യോത്തരങ്ങളുടെ ചുരുക്കം. വിസ്താരം ഈ നിലയിൽ എത്തിയപ്പോൾ 'കിട്ടുണ്ണിമേനവന്റെ ആധാരങ്ങളും മറ്റും കാൎയ്യസ്ഥന്റേയും നിങ്ങളുടേയും പേരിൽ മാറി എഴുതിച്ചിട്ടുള്ളതായിട്ട് നിങ്ങൾക്കറിവില്ലേ?' എന്ന ചോദ്യപരമ്പരയിൽ ഒരു പതനംകൂടി ഇൻസ്പെക്ടർ മേല്പോട്ട് കയറി.

"നാലാന്നാൾ കാലത്ത് കാൎയ്യസ്ഥൻ പറഞ്ഞപ്പോഴേ ഞാൻ അറിഞ്ഞുള്ളു."

"നിങ്ങളുടെ പേരിലും എഴുതിക്കാണുന്നത് എന്തുകൊണ്ടാണ്?"

"അദ്ദേഹത്തിന്റെ (കിട്ടുണ്ണിമേനവന്റെ) ഒസ്യത്തിൻ പ്രകാരമാണെന്നാണ് കാൎയ്യസ്ഥൻ പറഞ്ഞത്."

"കാൎയ്യസ്ഥൻ എന്തിനായിട്ടാണ് നിങ്ങളുടെ വീട്ടിൽ വന്നത്?"

"ഒസ്യത്തിന്റെ കാൎയ്യം പറവാൻതന്നെ."

"ഒസ്യത്തെവിടെ?"

"അദ്ദേഹത്തിനയച്ചു കൊടുത്തതിൽപിന്നെ അതിനെപ്പറ്റി യാതൊരു വിവരവും അറിവില്ലെന്നാണ് കാൎയ്യസ്ഥൻ പറഞ്ഞത്."

"എന്നാൽ ഈ സംഗതി എന്തുകൊണ്ട് നിങ്ങൾ എന്നോട് പറഞ്ഞില്ല."

"സ്റ്റേഷനാപ്പർ മാസ്റ്റർമേനവനോട് പറഞ്ഞിട്ടുണ്ടായിരുന്നു."

ശരി-മാസ്റ്റർമേനോൻ മരിച്ചു പോയല്ലോ അല്ലേ. അ

തവിടെ ഇരിക്കട്ടെ. കാൎയ്യസ്ഥൻെറ ശിഷ്യൻ എഴുന്നു കൊണ്ടുവന്നത് കണ്ടില്ലേ, അതിൽ എന്തായിരുന്നു?"

"ഒസ്യത്തായിരുന്നുവെന്നാണ് കാൎയ്യസ്ഥൻ പറഞ്ഞത്. അദ്ദേഹം ആ ബക്കോട്ടിൽനിന്ന് ഒരു കടലാസ്സെടുത്തു വായിക്കുന്നത് ഞാൻ കാണുകയും ഉണ്ടായി."

"നിങ്ങൾ കിടക്കുവാൻപോയ സമയം വാതലെല്ലാം അടച്ചു ബന്ധിച്ചിട്ടുണ്ടായിരുന്നുവെന്ന് നിങ്ങൾ അന്ന് പറഞ്ഞിട്ടുണ്ടല്ലോ. ഗോവിന്ദനെ അമ്പലക്കാട്ടേക്കയക്കുന്നസമയം വാതൽ വല്ലതും തുറന്നു കിടന്നിരുന്നോ?"

"ഇല്ല-ഗോവിന്ദൻ തന്നെയാണ് വാതൽ തുറന്നത്.

"എന്നാൽ പിന്നെയെങ്ങിനെയാണ് കാൎയ്യസ്ഥൻെറ ശിഷ്യൻ പുറത്തേക്കു പോയത്, ഗോവിന്ദനാണ് വാതൽ തുറന്നുകൊടുത്തതെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ?"

'ഞാൻ അതിനെപ്പറ്റി ആലോചിച്ചിട്ടില്ല. ശിഷ്യൻ എപ്പോഴാണ് എഴുന്നേറ്റു പോയതെന്നുതന്നെ എനിക്ക് രൂപമില്ല."

"കുളത്തിൽ നിന്നിരുന്ന നിങ്ങൾക്ക് അത രൂപമില്ല അല്ലേ. മരുന്നിട്ട ചുക്കുവെള്ളക്കിണ്ടി ആരാണ് മേശപ്പുറത്തുകൊണ്ടു വെച്ചത്?"

"ചുക്കുവെള്ളക്കിണ്ടി ഞാനാണ് വെച്ചത്. അപ്പോൾ മരുന്നുണ്ടായിരുന്നില്ല."

"അത് ഗോവിന്ദൻ പാറിച്ചതാണെന്ന് തോന്നുന്നുണ്ടോ?"

"അയാളുടെ കിടനടപ്പാലോചിച്ചാൽ എനിക്കു വിചാരിക്കുവാൻ തരമില്ല."

ഇതിൻെറശേഷം ഇൻസ്പെക്ടർ ചോദ്യത്തിൻെറ വഴിയൊന്നു തെറ്റിച്ചു.

"കഴിഞ്ഞ എട്ടാം തിയ്യതി നിങ്ങളും കമാരൻനായരുംകൂടി സ്റ്റേഷനാപ്പീസറെ കൂട്ടിക്കൊണ്ടു വരുമ്പോൾ എന്തിനാണ് കമാരൻനായരെ പിന്നാക്കം അയച്ചത്?"

"ഇവിടുന്ന ചെറിപ്പുറമ്പിൽ വന്നിട്ടുണ്ടെങ്കിൽ കാൎയ്യസ്ഥനെ എന്നാണ് ഹാജരാക്കേണ്ടതെന്ന് അറിഞ്ഞു വരുവാൻ."

"സ്റ്റേഷനാപ്പീസരെ പത്തു മണിവരെ പടിവട്ടത്തു താമസിപ്പിച്ചതെന്തിനാണ്?"

"വെടിപറഞ്ഞിരുന്നു പോയതാണ്."

"സ്റ്റേഷനാപ്പീസർ പോയിട്ടെത്രനേരം കഴിഞ്ഞു കുമാരൻനായർ വീട്ടിലെത്തിയപ്പോൾ?"

"ഏകദേശം ഒരു നാഴിക കഴിഞ്ഞു."

"ഇത്ര താമസിക്കുവാനെന്താണ് കാരണം?"

"രൂപമില്ല."

"ഉം! ഒന്നും നിങ്ങൾ ആലോചിച്ചിട്ടില്ല അല്ലേ. നിങ്ങളുടെ വാക്കിന്മേൽ കാര്യസ്ഥനെ ആദ്യം വിട്ടയച്ചത് അന്ന് ഞാൻ കേസ്സാകായ്ക കൊണ്ടാണ്. ഇപ്പഴത്തെ മട്ടൊക്കെ മാറി. ഇതൊരു കൊലക്കേസ്സാണ് ഓർമ്മവേണം" എന്നു പറഞ്ഞ് കേസ്സിന്റെ തെളിവൊക്കെ എടുത്തു തീരുന്നതുവരെ രണ്ടു പേരെയും ബന്തോവസ്സിൽ വയ്ക്കുവാൻ മജിസ്ട്രേട്ടിന്റെ ഉപോദ്ബലമായ അനുവാദം വരുത്തിട്ടുള്ളത് സ്റ്റേഷനാപ്പീസരുടെ വക്കൽനിന്നും വാങ്ങി വായിച്ചിട്ട് കുഞ്ഞിരാമൻ നായരെ സ്റ്റേഷനിൽതന്നെ പാർപ്പിച്ചു. കൈപ്പീത്തും ഒപ്പിടുവിച്ചു.

കമ്പൗണ്ടരെ വിളിച്ചു പുറത്തേക്കുകൊണ്ടുപോയി ആസ്പത്രിയിൽനിന്ന് വിഷമരുന്നപഹരിക്കുന്നതിൽ കാര്യസ്ഥനെ സഹായിച്ചുവെന്നും, സ്റ്റേഷനാപ്പീസരെ വഴിക്കു തടുത്തുവെച്ച് ദേഹോപദ്രവംചെയ്ത് കലപ്പെടുത്തിയെന്നും, ഉള്ള കുറ്റത്തിന്മേൽ കുമാരൻ നായരെയും പിറ്റേന്നാൾ ബന്തോവസ്സുചെയ്ത് പതിമൂന്നാന്തിയ്യതി രണ്ടുകൊലക്കേസ്സുകൾ മജിസ്ട്രേട്ടുമുമ്പാകെ ചാർജ്ജുചെയ്യുവാനുള്ള ഒരുക്കങ്ങളും കൂട്ടിത്തുടങ്ങി. ഈ വർത്തമാനം നാട്ടിൽപരന്നതോടുകൂടി ഉൽഭവിച്ച ബഹളത്തെപ്പറ്റി വായനക്കാർ ഊഹിച്ചുകൊള്ളട്ടെ.

പതിനൊന്നാമദ്ധ്യായം

"ദൈവഗതിക്കഥവാരുവനോസ്സിൽ
ദൈവകവാടനിരോധമൊരേടം" ശാകുന്തളം.

കാര്യസ്ഥനും കുഞ്ഞിരാമൻനായരും കിട്ടുണ്ണിമേനവന്റെ ഇടത്തും വലത്തും കൈകളായിട്ടാണ് ജനങ്ങൾ വിശ്വസിച്ചുപോ

ന്നിരുന്നത്. പാരമ്പൎയ്യംകൊണ്ടും വിചാരിച്ചാൽ കരുണാകരൻ നായരുതന്നെയാണ് ഉത്തമസ്ഥാനത്തിന്നവകാശി. വിശ്വാസംകൊണ്ടു നോക്കിയാൽ കാൎയ്യസ്ഥന്നും ഒട്ടും താഴെയല്ല. ഇതാ ഇപ്പോൾ ഈ രണ്ടുപേര് തന്നെ ആ കിട്ടുണ്ണിമേനവന്റെ കലപാതകക്കൂട്ടുകളിൽ അകപ്പെട്ടിരിക്കുന്നു! എന്നാൽ അത്രമാത്രം കൊണ്ടായോ അതുമില്ല. വിദ്യകൊണ്ട് മനോവികാസം സിദ്ധിച്ചിട്ടുള്ള കുമാരൻ നായരും ഇതിൽ കുടുങ്ങീട്ടുണ്ടത്രെ. ഇതിലധികമൊരാശ്ചൎയ്യം എന്താണിനി ഉണ്ടാവാനുള്ളത്! കഷ്ടം, എത്ര വലുതായ ആളുകൾക്ക് പരമസങ്കടത്തിന്നു സംശയിയായിട്ടുണ്ട്. ഇതിൽ മറ്റൊരു സമാധാനവുമില്ല. തലയിലെഴുത്ത് തലോടിയാൽ പൊവ്വുന്നതല്ലല്ലോ. കൎമ്മഫലമനുഭവിക്കുന്നതിൽ ഓരോരുത്തൎക്കോരോകാലമുണ്ട്. അതുതട്ടിത്താലൊട്ടുനില്ക്കുന്നതുമല്ല.

ആനന്ദപുരനിവാസികളായ അനേകം ആളുകളുടെ മനസ്സിൽ ശിലാരേഖപോലെ പതിഞ്ഞു കിടക്കുന്നൊരു ദിവസമായ ആയിരത്തെറുപത്തിമൂന്ന് തുലാം പന്ത്രണ്ടാംതിയ്യതി ആറുമണിക്കു മുമ്പ് അപ്പാത്തിക്കിരിയുടെ സ്വന്തം പുത്രനായ അമ്പലക്കാട്ട ശങ്കരമേനോൻ എളുവല്ലൂർ തപാലാപ്പീസ്സിലേക്ക് യാത്ര പുറപ്പെട്ടു. അവിടെച്ചെന്നപ്പോൾ തപാൽ ശിപായിയുടെ വേല നടത്തിയിരുന്നത് പതിവുകാരനായിരുന്നില്ല. ശങ്കരമേനോൻ അയാളോട് "എം. കെ. ഗോവിന്ദപ്പണിക്കൎക്ക് എഴുത്തുവല്ലതും വന്നിട്ടുണ്ടോ" എന്ന് ചോദിച്ചു. പുതിയ തപാൽശിപായി അതുതപ്പിനോക്കി ഒന്നെടുത്തുകൊടുത്തത വാങ്ങി മേക്കോട്ടിന്റെ ഉറയ്ക്ക് ഒളിപ്പിച്ചിട്ടു കൊണ്ടാണ് ശങ്കരമേനോൻ വഴിയിലേക്കിറങ്ങിയത്

പടിമുതൽ വഴിവക്കുവരെ നീട്ടികെട്ടിട്ടുള്ള ചെറുമതിലിന്മേൽ മൂൎത്തിമത്തായ ദാരിദ്ര്യംപോലെ കിഴവനായ ഒരു ചട്ടക്കാരൻ ഇരിക്കുന്നുണ്ടായിരുന്നു. ചുക്കിച്ചുളിഞ്ഞതും പൊട്ടിപ്പൊളിഞ്ഞതും ഉള്ള ഒരു ജോട ബൂട്ട്സ്സ്, കീറിപ്പറിഞ്ഞ ചളിപുരണ്ട് തൂങ്ങിക്കിടക്കുന്ന കാലുറ, അതിനേക്കാൾ എട്ടുമടങ്ങുകൂടി പഴക്കം ചെന്നൊരു വളുസക്കുപ്പായം, ഈ കുപ്പായത്തിന്നിണങ്ങുന്നൊരു ഉൾക്കുപ്പായം, നരച്ചു നീണ്ട കെട്ടുതാടിയും മേൽമീശയുംകൂടിയൊരു കാട്, വാടി വരണ്ടമുഖം, കനംകുറഞ്ഞ ചതഞ്ഞൊരു മൺതൊപ്പി, സൎവ്വാംഗം പൊടി, അഴുക്കുകളൊക്കെ വഴുവ്, വായിൽ പകുതി ക

തീകൊളുത്തിയതായ ചുരുട്ട്, ഇതാണ പടികടന്നിരിക്കുന്ന ശാസ്ത്രി ത്തിയുടെ പുരക്കത്തിലുള്ള ധ്യാനം. കടിച്ചുപിടിച്ചിരിക്കുന്ന ചുരു ട്ടിനെ വായിൽനിന്നെടുത്ത് തുപ്പുന്ന സമയമാണ് ശങ്കരമേ നോൻ എഴുന്നേറ്റുചാടിപ്പോയിക്കൊണ്ട് പുറത്തേക്ക കടന്നത്. തുപ്പൽ ശരിയായിട്ട ലക്കോട്ടിന്മേൽതന്നെ ചെന്ന പതിഞ്ഞു. മേനോൻ അതുകണ്ടു കയൎത്ത് "ഈ വൃത്തികെട്ട കഴുക്കളെ തട്ടി നാട്ട കടത്ത ണം" എന്ന പറഞ്ഞുംകൊണ്ടു ലക്കോട്ടിനെയെടുത്ത സായ്വിന്റെ മുഖത്തു വലിച്ചെറിഞ്ഞു. ശകാരം കേട്ടിട്ട സായ്വിന്ന യാതൊരു ഭാവഭേദവും ഉണ്ടായില്ല. ലക്കോട്ട ധൎമ്മം കൊടുത്തതാണെന്ന വിചാരിച്ച് അതു പെറുക്കിയെടുത്തു അതുകൊണ്ടുതന്നെയായ സ ലാംചെയ്തു. എന്നിട്ട കുപ്പായത്തിന്റെ ഒരു ഭാഗത്തിൽനിന്ന് കു റെ തീപ്പെട്ടിക്കോലും മറ്റൊ തപ്പിയെടുത്തു ലക്കോട്ടിൽ കത്തി നിറച്ച് ഒന്നുകൂടി വേറെയായ ഭാഗത്തിലേക്കുതള്ളി.

"ഇതിന് പറഞ്ഞാലും മനസ്സിലാവില്ല" എന്ന പറഞ്ഞ് മേനോൻ അങ്ങോട്ടും ഇങ്ങോട്ടും നോക്കി എഴുന്നീറ്റുപോയിച്ചു കൊണ്ടു നടക്കുവാൻ തുടങ്ങി. മേനോൻ കുറെ ദൂരം പോയപ്പോൾ സായ്വു പതുക്കെ എഴുന്നേറ്റു പുറപ്പെട്ടു. ശങ്കരമേനോൻ സ്വ ന്തം വീട്ടിൽചെന്ന കേറി. അപ്പോൾ സായ്വ് എവിടെയോ മറ ഞ്ഞു. മേനോൻ രണ്ടാമതും പുറത്തേക്കിറങ്ങി പുറപ്പെട്ടപ്പോൾ നി ലാവ നല്ലവണ്ണം തെളിഞ്ഞു. സായ്വും നിഴൽ പോലെ പിന്നാ ലെകൂടീട്ടുണ്ട്. മേനോൻ ആവേശംകൊണ്ടെന്നപോലെ ദൃഷ്ടിയുഴവനും മുന്നോട്ടാക്കി മുറുകി നടന്ന തുടങ്ങിയപ്പോൾ സായ്വിന്റെ നട യും മുറുകിത്തുടങ്ങി. ഇങ്ങിനെ ആറേഴ് കുന്തപ്പാടിലധികം മുമ്പിട്ട പോകുവാൻ ഇടകൊടുക്കാതെ മേനവനെ പിന്തുടൎന്നുകൊണ്ടു സായ്വ പെരുവല്ലാപ്പാലത്തിന്മേൽ കയറിയപ്പോൾ മേനോൻ ശി വൻ കാട്ടിലേക്ക കടക്കുന്നതുകണ്ടു ഒന്നുകൂടി വേഗം നടന്നു. പാ ലം കടന്ന തിരിഞ്ഞുനിന്ന് ഒരു തീപ്പെട്ടിക്കോലുരച്ചു പൊക്കി കാണിച്ചിട്ട പിന്നെയും മേനവനെത്തന്നെ ലാക്ക വെച്ച് കാട്ടിൽ പ്രവേശിച്ചു. ഇവർ രണ്ടുപേരും മറഞ്ഞിട്ട വളരെത്താമസം കൂടാ തെ ഒരു പോല്ലീസ്സുകാരൻ പെരുവല്ലാ നദിയുടെ കിഴക്കെക്കരയ്ക്കൽ പാലത്തിന്റെ മാവിൽ വന്ന നിന്നു. അയാളുടെ പിന്നാലെ യുണ്ടായിരുന്ന ഒരാൾ കാട്ടിൽ കടന്ന സായ്വുപോയ വഴി തെരുവാ ന്നും തുടങ്ങി.

മേൽപ്രസ്താവിച്ച ഗൂഢസഞ്ചാരം അവസാനിച്ചപ്പോൾ നവമിച്ചന്ദ്രൻ ഉച്ചതിരിഞ്ഞിട്ട് നാലിൽ ചില്വാനം നാഴിക കഴിഞ്ഞിരിക്കുന്നു. കോടതിവഴിയിൽ ആൾസഞ്ചാരം ഒതുങ്ങി. പടിവട്ടത്തു വീട്ടിലെ പുരുഷന്മാർ എല്ലാവരും പൊല്ലീസ്സ് സ്റ്റേഷനിൽ കിടന്നു കഴിക്കുന്നു. അമ്മു അത്താഴവും കൂടി കഴിക്കാതെ അകത്തിൽ കിടന്നു കരയുന്നു. ഇൻസ്പെക്ടർ ചേരിപ്പുറമ്പിൽ വന്നിട്ടില്ല. ദേവകിക്കുട്ടി കുമാരൻ നായരുടെ കഷ്ടാവസ്ഥയെ ഓർത്തും ബാലകൃഷ്ണമേനവന്റെ തല്ലുകൊണ്ടും തള്ളുകൊണ്ടും നടുമിറ്റത്തു കിടന്ന് നിലവിളിക്കുന്നു. ദേവകിക്കുട്ടി നടുമിറ്റത്ത് മറിഞ്ഞുവീണിട്ട അരമണിക്കൂറ് കഴിയുംമുമ്പ് ഒരാൾ തലയോടുകൂടി മൂടിപ്പുതച്ച് പെരുവള്ളാ നദീതീരത്തുകൂടി പാലത്തിന്റെ അടുത്തുവന്നു. അവിടെ നിന്ന് തല പൊക്കി ഇടത്തും വലത്തും നോക്കി. പാലത്തിന്മേലാവട്ടെ വഴിയിലാവട്ടെ ആരെയും കണ്ടില്ല. പുഴവക്ക പററിത്തന്നെ പിന്നെയും നടന്നു. പൊല്ലീസ്സുകാരൻ നില്ക്കുന്നതിന്റെ നേരെ ചോട്ടിൽ കൂടി കടന്ന് സ്റ്റേഷനാപ്പീസ് മുങ്ങിച്ചത്തുവെന്ന് പറയുന്ന ദിക്കിന്റെ നേരെ വന്ന് ശിവൻ കോട്ടിൽ കാലുവച്ചപ്പോൾ വൃക്ഷത്തിന്റെ മറവിൽ നിന്നൊരു കറുകൻ ചാടിയോടുന്ന ശബ്ദം കേട്ടൊന്നു ഞെട്ടി. പെട്ടെന്ന് പൊതച്ചിരുന്ന മുണ്ടെടുത്ത് അരയിൽ കെട്ടി. കക്ഷത്തിൽ നിന്ന് വടി കയ്യിലെടുത്തു. എന്നിട്ട് നാലുപുറവും സൂക്ഷിച്ചു നോക്കിക്കൊണ്ട് നടന്നുതുടങ്ങി. ഒടുവിൽ ചെന്നു കേറിയത് മുമ്പത്തെ അദ്ധ്യായത്തിൽ വിവരിച്ചിട്ടുള്ള കാനത്തെ മഠത്തിലേക്കാണ്. അടവിയുടെ കയ്യാറ്റത്ത് ചന്ദ്രരശ്മിക്ക് പ്രവേശം കിട്ടുന്നൊരു ദിക്കിൽ അമ്പലക്കാട്ട് ശങ്കരമേനോൻ ഒരുപ്പെട്ട് കണ്ണടച്ചു നില്ക്കുന്നുണ്ടായിരുന്നു. അടുത്തുചെന്ന് തോളത്ത് കയ്യുവെച്ച സമയം ശങ്കരമേനോൻ ഞെട്ടി കണ്ണുതുറന്നു നോക്കിയപ്പോൾ തന്റെ മുമ്പിൽ കണ്ടത് ചേരിപ്പുറമ്പിൽ ബാലകൃഷ്ണമേനവനെയാണ്. വരുവാനിത്ര വൈകിയതിനുള്ള പരിഭവമായിട്ട് "എന്നെ ഭയപ്പെടുത്തിക്കൊല്ലുവാനാണോ ഇവിടെ വരുത്തിയത്?" എന്ന് ചോദിച്ചു.

"ഇന്നുതന്നെ സംബന്ധം തുടങ്ങിക്കുവാനുള്ള ഉത്സാഹമായിരുന്നു."

"അയ്യോ ഞാൻ മോതിരവും മററും കൊണ്ടുവന്നിട്ടില്ല

ല്ലേ. ഓടിപ്പോയി എടുത്തു കൊണ്ടുവരാം" എന്നായി ശങ്കരമേനോൻ.

"പരിഭ്രമിക്കണ്ട. ഇന്നിനി എന്തിനായാലും തരമാവില്ല. ദേവകിക്കു സുഖം തന്നെയാണ്. ആ കഴ്‌വേറി കഴിഞ്ഞപ്പോൾ കാര്യമൊക്കെസ്സഫലമായി. പക്ഷേ അച്ഛന് മരണപത്രം മുമ്പേ കയ്യിൽ കിട്ടണമത്രെ."

"അച്ഛൻ എഗ്മൂർ സ്റ്റേഷനിലല്ലേ?"

"അല്ല. ഇപ്പോൾ വീട്ടിലെത്തി."

"എന്നാൽ നമ്മൾക്ക് ചേരിപ്പറമ്പിലേക്ക് പോവ്വ, ഞാനും വരാം" എന്ന് ശങ്കരമേനോൻ വിട്ടൊഴിക്കില്ല.

"ഇന്ന് നേരം കുറെയായല്ലോ. എന്റെ കയ്യിൽ തന്നാൽ മതി നാളെ ഞാൻ കൊടുത്തോളാം. നിങ്ങൾ നിങ്ങളുടെ അച്ഛനെയും മറ്റും കൂട്ടിക്കൊണ്ട് നാളെ വൈകുന്നേരം വീട്ടിൽ എത്തിയാൽ അവിടെയൊക്കെ തെയ്യാറുണ്ട്. നിങ്ങൾക്ക് വല്ല ശങ്കകളും കൂട്ടാനുണ്ടെങ്കിൽ അതുമാറ്റിക്കല്ലേ. ഒസ്യത്തിന്റെ തന്നെ."

"ഞാൻ നാളെ കാലത്തുതന്നെ വീട്ടിൽ വരാം." എന്നതുകേട്ട് ബാലകൃഷ്ണമേനവന് ക്ഷമയില്ലാതായി.

"ആട്ടെ. ഒസ്യത്തുകൊണ്ടു വന്നിട്ടുണ്ടോ. അതുപറയൂ."

"ഉവ്വ്" എന്നു പറഞ്ഞെടുത്തു കാണിച്ചുകൊടുത്തു.

"നോക്കട്ടെ" എന്നു പറഞ്ഞ് ബാലകൃഷ്ണമേനോൻ കൈ നീട്ടി. ശങ്കരമേനോൻ കൊടുത്തില്ല. ബാലകൃഷ്ണമേനവന്റെ മുഖത്തുനിന്ന് കണ്ണെടുക്കാതെകണ്ട്

"വരൂ നമ്മൾക്ക് ചേരിപ്പറമ്പിലേക്ക് പോവ്വ." എന്നു പറഞ്ഞു.

"എന്താ, എന്നെ വിശ്വാസമില്ലാണ്ടായോ. ഈ വടികൊണ്ട് തലക്കൊരു തട്ടു തന്നിട്ട് അതിപ്പോൾ ഞാനിതൊട്ടു തട്ടിപ്പറിച്ചാലോ" എന്ന് 'സാമം' വിട്ട് 'ഭേദ'ത്തിലേക്ക് ചാടി. അപ്പോൾ ശങ്കരമേനോൻ,

"എന്നാലെന്താ" എന്ന് ചോദിച്ച് പിന്നാക്കം മാറി.

"എന്നാലെന്താ, പ്രാണനങ്ങൊട്ടുപോവ്വും എന്റെ കാര്യം സാധിക്കും" എന്ന് ഒരിക്കൽക്കൂടി ഭീഷണിപ്പെടുത്തി. പക്ഷേ മുഖത്തെ ഭാവത്തിന് ഒരു വ്യത്യാസവും വരുത്തീല്ല.

"ഇതുകൊണ്ടൊന്നും പേടിക്കില്ല" എന്ന് വീരവാദം പറഞ്ഞ് ഒന്നുകൂടി പിന്നാക്കം മാറിയപ്പോൾ ശങ്കരമേനവന്റെ മുഖത്ത് ഒരു തുള്ളി ചോരയില്ല. എങ്കിലും ഇതെല്ലാം കളിയായിട്ടാണെന്ന ആശകൊണ്ട് തിരിച്ചോടുവാനും ധൈര്യം വന്നില്ല.

"എന്നാലൊന്നിട്ടുകൊണ്ടു കാണട്ടെ" എന്ന് കണ്ണുരുട്ടിമിഴിച്ച് വടി ഉയർത്തിയപ്പോൾ ശങ്കരമേനവന്റെ ധൈര്യമെവിടെ മേനവനെവിടെ. "അയ്യോ രക്ഷിക്കണേ!" എന്നു നിലവിളിച്ചുംകൊണ്ട് തിരിഞ്ഞോടുവാൻ ഭാവിച്ചപ്പോൾ വേര തടഞ്ഞ് മറിച്ചു വീണു. ആ നിമിഷത്തിൽ ബാലകൃഷ്ണമേനവന്റെ വടിയും കീഴ്പ്പോട്ടുവന്നു. ഇനിയെന്താ ഒരു മാത്രകൂടി വേണ്ടു. എന്നാൽ നിസ്സഹായനായിട്ട് കമന്നു കിടക്കുന്ന ആ ജീവിയുടെ കഥ തീർന്നു. പക്ഷേ അതിന്ന് സംഗതി വന്നോ ഇല്ലയോ എന്ന് അറിവാനിടയാവുന്നതിന്നു മുമ്പ് ഒരു ബാണം പോലെ ചെടികളുടെ ഇടയിൽകൂടി ഒരു വിറകുകൊള്ളി ആയത്തിൽ വന്ന് കയ്യിന്റെ കൊഴകളിൽ കൊണ്ടതോടുകൂടി ബാലകൃഷ്ണമേനവന്റെ വടി കയ്യിൽനിന്നു തെറിച്ചകലെച്ചെന്നു വീണു.

അവസരോചിതമായ ഈ പൊടിക്കൈ പ്രയോഗിക്കുന്നക്കവണ്ണം സാമർത്ഥ്യമുള്ള പുരുഷൻ നമ്മുടെ സ്റ്റേഷനാപ്സർ ഭാസ്കരമേനവനല്ലാതെ മററാരുമായിരിക്കയില്ലെന്ന് പല വിധത്തിലും വായനക്കാർ ഊഹിച്ചിരിക്കാം. അദ്ദേഹം ശിഷ്യനോടുകൂടി അകത്തു പ്രവേശിച്ചപ്പോൾ അവിടെ കൂടിയാടിയിരുന്ന രണ്ടുപേരും ആട്ടം നിർത്തിപ്പോയിക്കഴിഞ്ഞു. "കിട്ടുണ്ണി, എല്ലാം പറഞ്ഞുവെച്ചിട്ടുള്ള പോലെ" എന്നു ശിഷ്യന് കല്പന കൊടുത്തിട്ട് സ്റ്റേഷനാപ്സർ താഴെ വീണുകിടക്കുന്ന വടിയും കയ്യിലെടുത്ത് ബാലകൃഷ്ണമേനവന്റെ മഠത്തിലേക്ക് നടക്കുകയല്ല ഓടുകയാണ് ചെയ്തത്. അവിടെച്ചെന്നപ്പോൾ പടി തുറന്നിട്ടില്ല. വേലിചാടി അകത്തു കടന്നപ്പോൾ മഠം പൂട്ടിയിരിക്കുന്നു. വേഗം നാലുപുറവും പരിശോധിച്ചതിന്റെ ശേഷമേ സ്റ്റേഷനാപ്സർ നല്ലവണ്ണം ശ്വാസം കഴിച്ചിട്ടുള്ളു. അന്നത്തെ രാത്രിയിലെ വേല ഒരു വിധം ഇങ്ങിനെ കലാശിപ്പിച്ചതിന്റെ ശേഷം കിട്ടുണ്ണിമേനവനെ പാറിച്ച് തറവാട്ടിലേയും തൊട്ടിച്ച് ആയിരത്തിൽ ചില്വാനം ഉറുപ്പിക ചിലവിട്ട് പണി തീർപ്പിച്ചിട്ടുള്ള ആ മഠത്തിൽ "അവനിവിടെ എത്തീട്ടില്ല. അമ്പ! കള്ള

ആണെന്നു പറയേണമെങ്കിൽ ഇങ്ങിനെയുള്ളവനെ പറയണം. ഈ കളവു തെളിയിക്കുവാൻ ഇനിക്കു ഭാഗ്യമുണ്ടായല്ലൊ" എന്നു കൃതാർത്ഥതയോടുകൂടി ആ രാത്രി കഴിച്ചുകൂട്ടി.

ആ രാത്രിയിലെ ഏകദേശം പന്ത്രണ്ടുമണി സമയത്തെ അമ്പലക്കാട്ടെ പ്രകൃതമാണെങ്കിൽ അത് വർണ്ണിപ്പാൻ തൂലികയുടെ സഹായം കൊണ്ടുമാത്രം സാധിക്കുന്നതല്ല. ശങ്കരമേനോൻ സ്വന്തം അകത്ത് കട്ടിലിന്മേൽ മലൎന്നുകിടന്ന് കയ്യും കാലുമിട്ടു തല്ലുന്നുണ്ട്. മിഴിരണ്ടും കണ്ടാൽ ഭയമാവും. കലങ്ങി മറിഞ്ഞ് സാമാന്യത്തിലധികം പുറത്തേക്കു തള്ളീട്ടുണ്ട്. അടിതൊട്ട് മുടിവരെ വിയൎപ്പിൽ കുളിച്ചിരിക്കുന്നു. കാടിട്ടുള്ള കിതപ്പ് നിലച്ചിട്ടില്ല. അമ്മ "ശങ്കരാ, ശങ്കരാ" എന്നു അട്ടഹസിച്ച് വിളിക്കുന്നുണ്ട്. തൊണ്ടകാറിപ്പോയപ്പെടുന്ന ശബ്ദമല്ലാതെ നാവനക്കുന്നതുകൂടിയില്ല. എന്തിനേറെ വിസ്തരിക്കുന്നു. മരണ വികൃതികളല്ലാതെ വേറെ യാതൊന്നും കാണ്മാനില്ല.

പൊല്ലീസ്സുകാരനും കിട്ടുണ്ണിയും കട്ടിലിന്റെ കാക്കലും തലക്കലും നിന്ന് വീൎക്കുന്നുണ്ട്. അപ്പോത്തിക്കിരി അദ്ദേഹമോടി കുറെ മരുന്നും മറവുമെടുത്തുകൊണ്ടുവന്നപ്പോഴേക്കും രോഗിയുടെ കൃഷ്ണമണികൾ മേല്പോട്ടുപോയി. മിഴികൾ തുറന്നേടത്തെയായി. സൎവ്വാംഗമൊന്നു വിറച്ചു. യാതൊരു ചേഷ്ടയുമില്ലാതായി. ശങ്കരമേനോൻ മരിച്ചു.

പന്ത്രണ്ടാം അദ്ധ്യായം.

പലവക.

കുടിലിൽനിന്ന് കൊട്ടാരത്തിലേക്ക് — ഗാർഫീൽഡ് ചരിത്രം.

[കണ്ണമ്പ്ര [illegible] വലിയ നായരവർകളാൽ എഴുതപ്പെട്ടത്.] അഭിപ്രായത്തിനായി അയച്ചുതന്നിരിക്കുന്ന ഈ പുസ്തകം ഞങ്ങൾ സസന്തോഷം [illegible] അഭിപ്രായം ഇനിയത്തെ ലക്കത്തിൽ കാണാവുന്നതാണ്.

അന്യന്മാരുടെ ദയനീയതക്ക് [illegible] ഏകാകിയായി [illegible] എത്ര നല്ലതാകുന്നു.

വ്യ *

കഷ്ടാവസ്ഥകളിൽ ക്ഷമയോടെ കഴിയുന്നവൻ ബുദ്ധിമാനും, അവയെ അനുകൂലം സഹിച്ചിരിക്കുന്നവൻ കർമ്മോപായവാനും, എന്നാൽ അതുകളെ കീഴടക്കുന്നവൻ പൂർണ്ണനാകുന്നു.

സ്വാതന്ത്ര്യബുദ്ധിയോടുകൂടി സ്വധർമ്മമായ ഉദാര ശീലതയും ഒരു പുരുഷൻ സ്വീകരിക്കാതായാൽ അവന്റെ ഗുണങ്ങളെല്ലാം ഇല്ലാതാകുന്നതോ അപ്രകാരമുള്ള സ്വാതന്ത്ര്യബുദ്ധിയുണ്ടാകുമ്പോൾ ഒരു ഉൽകൃഷ്ടകർമ്മത്തിന്റേയും കുറി മഹത്വവും ഇല്ലാതാകുന്നു.

അന്യന്മാരിലുള്ള ദോഷാംശങ്ങളെ കാണുവാൻ എളുപ്പത്തിൽ കഴിയുന്നതാണ്. നിർദ്ദയമായി മറ്റൊരാളുടെ ദോഷത്തെ പുറത്താക്കുന്നതിന് വലിയ പാണ്ഡിത്യമോ, അതിയായ പ്രയത്നമോ ആവശ്യമില്ല. അല്പബുദ്ധിയായ ഒരുവന്നു കൂടി ഒരു മഹാപുരുഷനിൽ ഉള്ള ദോഷത്തെ കാണുവാൻ കഴിയും. ഇപ്രകാരമുള്ള നിന്ദാപ്രവൃത്തികളിൽ ചിലർക്കു പ്രത്യേകതാല്പര്യവുമുണ്ട്. അവയെല്ലാം അല്പതയും അസൂയയുമാണ് അവരെ ഇങ്ങിനെ പ്രേരിപ്പിക്കുന്നത്.

ദേഹത്തിനു ഉപദ്രവങ്ങൾ വല്ലതുമുണ്ടാകുമ്പോഴും, അല്ലെങ്കിൽ ദേഹം ക്ഷീണിച്ചിരിക്കുമ്പോഴും, ഒരു ജോലിയിൽ പ്രവേശിക്കുക എന്നതു വളരെ പ്രയാസമാകുന്നു. വ്യസനങ്ങളാലോ മറ്റോ ക്ഷീണിച്ചിരിക്കുമ്പോഴും ജോലിചെയ്യുന്നത് അധികം കഷ്ടമാകുന്നു. അങ്ങിനെയാണെങ്കിലും അപ്രകാരം ദേഹത്തിന്നു കുറ്റമുള്ള സ്വാസ്ഥ്യം വളരെ കുറവായിട്ടുള്ളവരാലാണ് ലോകത്തിൽ മഹത്തുക്കളായ അനേകകാര്യങ്ങൾ നിർവ്വഹിക്കപ്പെട്ടിട്ടുള്ളത് എന്ന സംഗതി മറക്കുവാൻ വിചാരിക്കേണ്ടതല്ല. സുഖം തോന്നുന്നില്ല എന്ന ഏകകാരണത്താൽ നമ്മുടെ ജോലിയിൽനിന്ന് പിൻവലിക്കുന്നത് വളരെ തെറ്റാകുന്നു. നാമെന്തവസ്ഥയിലാണെങ്കിലും നമ്മാൽ കഴിയുന്ന വിധത്തിൽ നമ്മുടെ കൃത്യങ്ങളെ നിർവ്വഹിക്കുന്നതാണ് ഏറ്റവും ശരിയായതും ഉത്തമമായതുമായ മാർഗ്ഗം. നമ്മൾ വിചാരിക്കുന്നതിനേക്കാൾ വളരെ അധികം ശക്തിനമുക്കുണ്ടെന്ന് ചിലപ്പോൾ നമുക്കു കാണാവുന്നതാണ്.

കുട്ടി—അമ്മേ! കാപ്പിയിൽ ഇടുവാൻ കൊണ്ടുവന്ന പഞ്ചസാര. എന്റെ കയ്യിൽ ഉണ്ടായിരുന്നതു വീണുപോയി.

അമ്മ—ഇതാ! എടുത്തോളൂ. ഞാൻ തന്നതു എവിടെ കളഞ്ഞു?

കുട്ടി—അതു കാപ്പിയിൽ വീണുപോയി അമ്മേ.

ചീത്തകാറ്റു സാധാരണയായി സന്ധ്യാവസ്ഥകളിലുള്ള ദോഷങ്ങളെ കൊണ്ടുവരുന്നതാണ്. ഭക്ഷണകാറ്റുവാണ് ശരി നമ്മുടെ ഉറക്കത്തെ കെടുത്തുവാൻ ഒന്നാമതായി ഏർപ്പെടുന്നത്.

യുള്ളവരാക്കി ചെയ്യും. തലച്ചോറിന്നു ഉശിരും ജാഗ്രതയും വരുത്തി ബുദ്ധിക്കും ആലോചനാശക്തിക്കും ഓൎമ്മശക്തിക്കും അനുമാനസാമൎത്ഥ്യത്തിന്നും മുമ്പില്ലാത്ത ഒരു ചൈതന്യത്തെ വരുത്തി ബുദ്ധികൊണ്ടുള്ള അദ്ധ്വാനങ്ങൾക്കു സാമൎത്ഥ്യത്തെ വരുത്തി മനസ്സുകൊണ്ടുള്ള വേലകൾക്കു എല്ലാവരേയും സമൎത്ഥന്മാരാക്കും. അനാസ്ഥിസ്രാവു ചികിത്സവൈദ്യന്മാരെല്ലാം കൈവിട്ടു പോയിട്ടുള്ള മൂത്രാശ്മരോഗത്തിൽ ഒരാഴ്ച ഈ പ്രമേഹത്തിന്നു സേവിച്ചാൽ ആശ്ചൎയ്യമായ ഗുണം കാണും. മൂത്രം അകത്തു നില്ക്കാതെയോ മൂത്രസഞ്ചിക്കു ചൊറിച്ചിലും പുണ്ണും മൂത്രം നിൎത്തുവാൻ കഴിയാതെയും മൂത്രപിണ്ഡങ്ങൾക്കു ഈ ജാതി രോഗങ്ങൾ ഉണ്ടാവുന്നതും മൂത്രസഞ്ചിയിൽനിന്നു കഫപ്രായത്തിൽ പാലുപോലെ വെളുത്തു തടിച്ച കുഴമ്പുപോലെ ഒരു വസ്തു ചുട്ടുനീറികൊണ്ടു ഒലിച്ചുപോകുന്നതിൽ ഈ ഔഷധം ഗുണം വരുത്തും. സ്ത്രീയോ പുരുഷനോ ആലോചനകൂടാതെ അമിതസുഖത്തെ അനുഭവിച്ചാലുണ്ടാകുന്ന പരമദ്രോഹികളായ രോഗങ്ങളെ ഈ പ്രമേഹത്തിന്നു അകറ്റിക്കളയും.

Ratibilas രതിവിലാസം. മജ്ജാക്ഷീണമനോരോഗാദികൾക്കു ആശ്ചൎയ്യഫലിതമുള്ള പ്രത്യേകഔഷധം. പതിനാലു ദിവസത്തേക്കു രണ്ടു പെട്ടി ഗുളികകളും ഒരു കുപ്പി എണ്ണയുംകൂടി 4. ക. ശരീരത്തിലുള്ള അവയവങ്ങളിൽ മജ്ജാതന്തുസമൂഹമാണ ഏറവും വിശേഷമായി സ്ഥിതി ചെയ്തപ്പെട്ടിട്ടുള്ളതു. അതിന്റെ സ്ഥിതി നോക്കിയറിഞ്ഞാൽ ദേഹത്തിലുള്ള സകല രോഗങ്ങളുടേയും സ്വഭാവം തിരിച്ചറിയാം. മജ്ജകൾ ബലഹീനങ്ങളായാൽ പുരുഷൻ അതിവേഗത്തിൽ രോഗിയായി വരും. മജ്ജകൾക്കു കേടു തട്ടുമ്പോൾ സകല അവയവങ്ങളും അവയവ പ്രവൃത്തികളും ക്രമക്കേടുകൾകൊണ്ടു ക്ഷീണിച്ചു രോഗമുണ്ടാകും. അതിയായിട്ടുള്ള മദ്യപാനവും ആ തരത്തിലുള്ള അതിഭോഗങ്ങളും തലയുഴിപ്പാൻ തക്കവണ്ണമുള്ള പ്രവൃത്തികളും ഇന്ദ്രിയങ്ങൾക്കു ക്ഷീണം വരുവാൻ തക്ക വേലകളും ഒരുപോലെ മജ്ജകളെ ക്ഷീണിപ്പിക്കുന്നതുതന്നെ രോഗമാവും. മജ്ജകൾക്കു വന്നിട്ടുള്ള ബലഹീനതകൊണ്ടു രോഗം പിടിച്ചിട്ടുള്ള ജനങ്ങൾ സുഖഹാനിയെ മൌനമായി അനുഭവിച്ചു ദുഃഖിക്കുന്നു. അവൎക്കു ജീവൻ ഒരു ഭാരമായിവരുന്നു. അവൎക്കു മരണം സൌഖ്യമെന്നും തോന്നും. ജീവകാലത്തിങ്കൽ

ഈ രോഗികൾക്കു ശേഷിപ്പും ഒട്ടും ഉണ്ടായില്ല. ജീവസ്സുമാത്രം അവരുടെ കാണില്ല. ഇഹലോകസുഖങ്ങളെ യഥേഷ്ടം അനുഭവിപ്പാൻ അവൎക്ക ആശയുണ്ടാവാതെ വരുമ്പോൾ ഇഹലോകത്തിങ്കലുള്ള ഓരോ കഷ്ടപ്പാടുകളെ തട്ടുത്തു ജയിപ്പാനും അവർ അശക്തരാകുന്നതല്ല. ഈ മഹാരോഗത്തിന്നു പറയുന്ന ഔഷധങ്ങൾ അനേകം വില്പനക്കാരെന്നു പലരും പത്രങ്ങളിലും പ്രസിദ്ധം ചെയ്യുന്നു. അവയിൽ ഫലിതം ഏറിയവയോ ഉള്ളവയെന്നും കാണുകയും ചെയ്യും. ഈ വക ഔഷധങ്ങളെ ഞങ്ങൾ വാങ്ങി ശാസ്ത്രവിധികൾക്കനുസരിച്ചു പരിശോധിച്ചു പരീക്ഷിച്ചു നോക്കിട്ടുള്ളതിൽ ആ വക മരുന്നുകൾ ഒന്നെങ്കിലും പറയുന്ന ഗുണങ്ങളെ ചെയ്തുകൊടുപ്പാൻ സാമൎത്ഥ്യമുള്ളതായി കണ്ടിട്ടില്ല. ഒന്നെങ്കിലും നല്ലതില്ല. ഇതു അനേകം വൈദ്യന്മാരുടെ അനുഭവമാണ്. അതുകൊണ്ട് ഈ മഹാദുഃഖകാരിയായ രോഗത്തിന്നു ഔഷധങ്ങളില്ലെന്നു ജനങ്ങൾ വിശ്വസിക്കുന്നു. ഇതു തെറ്റാണ്. കരുണാനിധികളായ സൎവ്വജനങ്ങളുടേയും നന്മക്കു പാത്രങ്ങളായ ഋഷികൾ ഈ രോഗനിദാനം വരുത്തി അതിന്നു തക്ക മരുന്നുകൾ നിശ്ചയിച്ചിരിക്കുന്നു. ഈ അതിദുസ്സഹമായ രോഗത്തിന്റെ വേരറുത്തു അതിനെ ശാന്തി വരുത്തുന്നതിന്നു ഒരൌഷധമുള്ളതു മേല്പറഞ്ഞ രതിവിലാസമാണ്. അതുകൊണ്ടു ജനങ്ങൾക്കു ശേഷിപ്പും ഉശിരും വരും. വളരെ ഇഷ്ടത്തോടുകൂടി പണിപ്പെട്ടു ജാഗ്രതയായി ഞങ്ങൾ ഇതിനെ ഉണ്ടാക്കിയിരിക്കുന്നു. ഇത്യാദ്യത്തിൽ അനേകായിരം ജനങ്ങൾക്കു ഈ മരുന്നു ഞങ്ങൾ കൊടുത്തു പരീക്ഷിച്ചിരിക്കുന്നു. ഒരു ററ സംഗതിയെങ്കിലും ഫലിതമില്ലാതെ കണ്ടിട്ടില്ല, 'ഈ രോഗം ശമിക്കില്ല എന്തു ചെയ്യട്ടെ'—എന്നു നിരാശപ്പെട്ടിട്ടുള്ള ജനങ്ങൾ ഈ രതിവിലാസത്തെ വാങ്ങി ഒന്നു പരീക്ഷിച്ചു നോക്കട്ടെ.

അല്പകാലത്തിനുള്ളിൽ രോഗക്ഷീണത്തെ കളയും, മരുന്നുകൾക്കു ശേഷിപ്രായമായ ക്ഷീണമുണ്ടെങ്കിൽ അതിനെ . തീൎക്കും. ബാല്യത്തിൽ ബുദ്ധിമോശംകൊണ്ടു ആലോചനയില്ലാതെ ഓരോ ദുഷ്പ്രാപങ്ങളെക്കൊണ്ടും അതിരോഗങ്ങളെക്കൊണ്ടും ശേഷിപ്പു ജീവശവങ്ങളായവരുടെ ജീവസ്സും ഉടനെ മടങ്ങിവരുവാൻ ഇതു നല്ല ഔഷധമില്ല. മഞ്ഞാകൎഷണങ്ങളായ സ്ഥാനങ്ങളെ പ്രത്യേകം ഈ ഔഷധം ബലപ്പെടുത്തും. വൈദ്യശാസ്ത്രപാണ്ഡിത്യമുള്ള ചികിത്സ

ഭിസ്മകം നിശ്ചയിച്ചുവരുന്ന ടോനിക് (ബലദായകങ്ങൾ) എന്ന ഔഷധങ്ങളെല്ലാം പലെക്ക ദേഹചൈതന്യത്തെയും ധൈര്യ പുഷ്ടിയെയും മാംസശക്തിയെയും ഇന്ദ്രിയബലത്തിനെയും ഉണ്ടാക്കും. കെല്പു മങ്ങിമറഞ്ഞു തേഞ്ഞുമാഞ്ഞു കിടക്കുമ്പോൾ ചൈതന്യത്തെ രണ്ടാമതും ഉണ്ടാക്കാൻ ഈ മരുന്നുകൾ ഉപകരിക്കും. മടിയും ഉറക്കവും ഇളപ്പും ദൌർബ്ബല്യവും തീരാൻ ഈ മരുന്നുകൾ ഏറവും ഉത്തമം. കഠിനമായ അദ്ധ്യാപനംകൊണ്ടോ അതിപ്രയത്നംകൊണ്ടോ അതി ജാഗ്രതയായി പുസ്തകകാലക്ഷേപം ചെയ്തു പഠിച്ചതുകൊണ്ടോ ബാലബുദ്ധികൊണ്ടു വരുന്ന അതിഭോഗങ്ങളെക്കൊണ്ടോ പാനസാഹസംകൊണ്ടോ ശീതോഷ്ണാധിക്യംകൊണ്ടോ ആഹാരവൈപരീത്യസാഹസംകൊണ്ടോ വല്ല ദീനങ്ങളും ഉത്ഭവിച്ചിട്ടുണ്ടെങ്കിൽ അതു നശിപ്പാൻ ഉപായം അതിവിലാസമെന്ന ഞങ്ങളുടെ മരുന്നു സേവിക്കുന്നതുതന്നെ. മജ്ജകളുടെ ക്ഷീണത്തെ തീർക്കും. ദേഹാവയവങ്ങൾക്കെല്ലാം ചൈതന്യലാഭവും ഉശിരും ഉണ്ടാവും. ക്ഷീണംകൊണ്ടും മനോബലഹാനികൊണ്ടും ഉണ്ടാവുന്ന കേടുകളെ തീർക്കും.

ഫലിതമേറിയ ഈ ഔഷധത്തിന്റെ കർത്താവു സർവ്വേശ്വരനായ ശിവനാണ്. അതിന്റെ സഹായംകൊണ്ടു അനേകായിരം ജനങ്ങൾ സുഖപ്പെട്ടിട്ടുണ്ട്.

മേല്പറഞ്ഞ എല്ലാ മരുന്നുകളും താഴെ എഴുതിയ മേൽവിലാസത്തിൽ എഴുതി ചോദിക്കേണ്ടതാണ്. എഴുത്തുകുത്തുകൾ മലയാളത്തിലോ, തമിഴിലോ, ഇംഗ്ലീഷിലോ ആയിരിക്കണം.

ടി. എസ്സ്. സുബ്രഹ്മണ്യ ആന്റ് കമ്പനിക്കാർ.

33, അർമ്മേനിയൻ തെരുവു,

മദ്രാശി,

Messrs. T. S. SUBRAMANIA & Co.,

Armenian Street,

Madras.

കമ്മിഷൻ

രസികരഞ്ജിനിക്ക് പുതിയ വരിക്കാരെ ഉണ്ടാക്കി അവരുടെ വരിപ്പണം മുഴുവൻ മുൻകൂറായി പിരിച്ച് പേരുവിവരപ്പട്ടികയോടുകൂടി ഈ സംഖ്യ ആപ്പീസ്സിൽ അടക്കുന്നവർക്ക് ൧൦-കയിൽ കുറയാതെയുള്ള സംഖ്യകൾക്ക് ൧൦ക്ക് ൧ക വീതം കമ്മീഷനും ൫൦ കയിൽ കുറയാതെ പിരിച്ചടക്കുന്നവർക്ക് മേല്പറഞ്ഞ കമ്മീഷനും പുറമെ മുപ്പതിനെതു ഉറുപ്പികക്ക് രഞ്ജിനിയുടെ ഒരു പ്രതി വീതം സൌജന്യവും കൊടുക്കപ്പെടും. ര. ര. മാനേജർ.

൧൦൮൦- കുംഭത്തിൽ പണം അടച്ചവരുടെ പേര് വിവരം

		ക.	ണ.	സ.
മ. രാ. രാ. എസ്സ്. ബി. നാരായണയ്യൻ	അവർകൾ	2	4	0
,, നടുവിലെ പറമ്പിൽ പി. ഗോവിന്ദകമ്മത്തി	,,	3	0	0
,, മാരകെണ്ണടത്ത്. പി. ജനാർദ്ദനപ്പൈ	,,	3	0	0
,, ചെങ്ങല്ലൂർ പരമേശ്വരൻനമ്പൂരി	,,	3	0	0
,, സി. രാമുണ്ണി മേനോൻ	,,	3	0	0
,, അവണാപ്പറമ്പമനയ്ക്കൽ അനുജൻനമ്പൂരിപ്പാട്	,,	1	8	0
,, മണ്ണന്താഴത്ത് ഗോവിന്ദമേനോൻ	,,	3	0	0

നൊട്ടീസ

ഉത്തമം സാമാനങ്ങൾ! വില വളരെ സഹായം!!

ബൊമ്പായി മുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽനിന്ന നെരിട്ട വരുത്തുന്നതും താഴെ വിവരം പറയുന്നതും വെറെയും അനെകം സാമാനങ്ങൾ മൊത്തപ്പടിയായും ചില്ലറയായും വളരെ സഹായ വിലയ്ക്കു വില്ക്കുന്നതാണ്.

പലതരത്തിലുള്ള ഫ്ലാനൽ ശീലകൾ, ടീഡുകൾ, ചെരങ്ങണികൾ, വളരെ ഭംഗിയുള്ള ചീട്ടികൾ, പട്ടുകൾ, സ്റ്റൊക്കിങ്ങുകൾ, തൊപ്പികൾ, സർട്ടുകൾ, മല്ല്, ജഗന്നാഥൻ മുതലായ തുണിത്തരങ്ങൾ. ഇനാമൽപാത്രങ്ങൾ, പലതരത്തിലുള്ള ഗ്ലാസുകൾ, നാഴികമണികൾ, വാച്ചുകൾ, വിളക്കുകൾ, കണ്ണാടികൾ, കത്തികൾ, ഫ്രെമ്മോട്ടുകൾ, ചിത്രപ്പടങ്ങൾ, കുടകൾ, ഇരിമ്പുപെട്ടികൾ, ഇരിമ്പു അലമാരികൾ, ഇരിമ്പു അടുപ്പുകൾ, അനെകവിധം സോപ്പുകൾ, ബ്രാണ്ടി, വിസ്കി മുതലായ ലഹരിസാധനങ്ങൾ, മുത്തുച്ചിപ്പികൊണ്ടുള്ള അനെകവിധ പാത്രങ്ങൾ, ഇവകളും മെല്ലിൻസ് ഫുഡ്, കൊക്കൊ, കാപ്പിപ്പൊടി, ടീ, ബിസ്കറ്റ് മുതലായ വെറെയും അനെകവിധ സാമാനങ്ങൾ വളരെ സഹായവിലക്ക് വില്ക്കുന്നു.

ആവശ്യപ്പെടുന്നവർക്ക സാമാനങ്ങൾ വി. പി. ആയി അയച്ചുകൊടുക്കുന്നതാണ്.

എ. ടി. എസ്സ്. മെനൊൻ.
ജനറൽ മർച്ചന്റ്,
ചാലൂര്.

സംഗതിവിവരം

വിദ്യാവിനോദിനി അച്ചുക്കൂടം.

T. S. SUBRAMANIA & Co.

കവിരാജനഗേന്ദ്രനാഥസേൻ എന്നവരുടെ

ആയുർവേദ വൈദ്യശാല,

33, അർമ്മനിയൻ തെരുവു, മദ്രാശി.

Panchatikta Batika പഞ്ചതിക്ത ഗുളിക. മലമ്പനികൾക്കുള്ള ഉത്തമ സിദ്ധൌഷധം. മുപ്പതു ഗുളികയുള്ള ഒരു പെട്ടിക്കു ൧ ക. വളരെക്കാലം നിലനിന്നിട്ടുള്ള പനികളെ കളവാൻ ഈ ഗുളികകൾ സമർത്ഥമാണ്. സ്ഥിരമായ ശാന്തിയുമുണ്ടാവും. മലമ്പനികൾ എല്ലാ ജാതികളും സ്ഥിരജ്വരങ്ങളും ചൂടു കട്ടപ്പുമായ ജ്വരവും ചൂടുകുറഞ്ഞ ജ്വരവും വയററിൽ പ്ലീഹ വീക്കും കരൾ വീക്കമുള്ള ജ്വരം, കാമിലയോടുകൂടിയ ജ്വരം, നാലാംവാരൻജ്വരം ഇത്യാദി നാനാ ജ്വരങ്ങളിലും പഞ്ചതിക്ത ഗുളികകൾ ഫലിക്കും. കാലജ്വരങ്ങളിലും മലമ്പനികളിലും ഈ ഗുളികകൾ ഉത്തമഫലിതമുള്ളവയാണ്. ക്വൈനൈൻ എന്നു പേർ പറയുന്ന ഇംഗ്ലീഷ് മരുന്നിനു ജയിപ്പാൻ കഴിയാത്ത പനികളിലും ക്വൈനൈൻ തോററുപോയിട്ടുള്ള സ്ഥലങ്ങളിലും പഞ്ചതിക്ത ഗുളികകൾ ഫലിക്കും. പനികളെ തല്ക്കാലം ശമിപ്പിക്കുകമാത്രമല്ല ആ പനികൾ പിന്നീടു മടങ്ങിവരാതിരിപ്പാൻ തക്കവണ്ണം ദേഹത്തോടുകൂടി പനിയെ അറുക്കുകയും, ഇതു ഒരു വിശേഷ ഗുണമാണ്.

Prameha Bindu പ്രമേഹത്തിനു സകല അവസ്ഥകളിലുമുള്ള രോഗപ്രത്യൗഷധം. ഒരു കുപ്പി മരുന്നും ഒരു പെട്ടി ഗുളികയുംകൂടി ൧ ക. ൮ ണ. ശുക്ലക്ഷയകരമായ ഈ മഹാവ്യാധിയാവശ്യസംഭവിച്ച രക്തത്തിനും ദേഹശോഷണമുണ്ടാക്കുന്ന മേദസ്സിനും മജ്ജക്കീണത്തിനും അസ്ഥികൾക്കു വിശേഷ ബലക്ഷയം മുതലായ മഹാരോഗങ്ങൾക്കും വ്യാധികൾക്കും ഇതു പൂർണ്ണ കാരണമാണ്. ക്ഷീണിച്ച ദേഹത്തിനു മിടുക്കും ബലവും കാന്തി തേജസ്സും മടങ്ങി മങ്ങിയ അംഗപ്രത്യംഗത്തിനു രണ്ടാമതും ജീവസ്സും പുഷ്ടിയും പരപ്പും വരുത്തുന്നതോടുകൂടി നാൾതോറും ക്ഷയിക്കുന്ന മനോല്ലാസത്തെ പുനരുജ്ജീവിപ്പിച്ച് നിരാശ ബാധിച്ചിട്ടുള്ള ജനങ്ങളെ ജീവനിൽ കൊതിയുള്ളവരാക്കി ഗൃഹസ്ഥ ധർമ്മങ്ങളിൽ സുഖവാസമായുള്ളവരാക്കി

ചെയ്യും. തലച്ചോറിന്നു ഉശിരും ജാഗ്രതയും വരുത്തി ബുദ്ധിക്കും ആലോചനാശക്തിക്കും ഓൎമ്മശക്തിക്കും അനന്യസാമൎത്ഥ്യത്തിന്നും കുറവില്ലാത്ത ഒരു ചൈതന്യത്തെ വരുത്തി ബുദ്ധികൊണ്ടുള്ള അദ്ധ്വാനങ്ങൾക്കു സാമൎത്ഥ്യത്തെ വരുത്തി മനസ്സുകൊണ്ടുള്ള വേലകൾക്കു എല്ലാവരേയും സമൎത്ഥന്മാരാക്കും. അസ്ഥിസ്രാവു പിടിപെട്ടു വൈദ്യന്മാരെല്ലാം കൈവിട്ടു പോയിട്ടുള്ളദുസ്സാദ്ധ്യരോഗത്തിൽ കൂടി, ഈ പ്രമേഹബിന്ദു സേവിച്ചാൽ ആശ്ചൎയ്യമായ ഗുണം കാണും. മൂത്രം അടക്കി നില്ക്കാതെയോ മൂത്രസഞ്ചിക്കു ചൊറിച്ചിലും പുണ്ണും മൂത്രം നില്ക്കുവാൻ കഴിയാതെയും മൂത്രപിണ്ഡങ്ങൾക്കു ഈ ജാതിരോഗങ്ങൾ ഉണ്ടാവുന്നതും മൂത്രസഞ്ചിയിൽനിന്നു കഫപ്രായത്തിൽ പാലുപോലെ വെളുത്തു തടിച്ച കഴമ്പുപോലെ ഒരു വസ്തു ചുട്ടുനീറിക്കൊണ്ടു ഒലിച്ചുപോകുന്നതിൽ ഈ ഔഷധം ഗുണം വരുത്തും. സ്ത്രീയോ പുരുഷനോ ആലോചനകൂടാതെ അമിതസ്വപ്നങ്ങളെ അനുഭവിച്ചാലുണ്ടാകുന്ന പരമദ്രോഹികളായ രോഗങ്ങളെ ഈ പ്രമേഹബിന്ദു അകററിക്കളയും.

Ratibilas രതിവിലാസം. മജ്ജക്ഷീണമെന്നരോഗാദികൾക്കു ആശ്ചൎയ്യഫലിതമുള്ള പ്രത്യേകൌഷധം. പതിനഞ്ചു ദിവസത്തേക്കു രണ്ടു പെട്ടി ഗുളികകളും ഒരു കുപ്പി എണ്ണയുംകൂടി ൪ ക. ശരീരത്തിലുള്ള അവയവങ്ങളിൽ മജ്ജാതന്തുസമൂഹമാണ് ഏററവും വിശേഷമായി സ്ഥിതി വരുത്തപ്പെട്ടിട്ടുള്ളതു. അതിന്റെ സ്ഥിതി നോക്കിയറിഞ്ഞാൽ ദേഹത്തിലുള്ള സകല രോഗങ്ങളുടെയും സ്വഭാവം തിരിച്ചറിയാം. മജ്ജകൾ ബലഹീനങ്ങളായാൽ പുരുഷൻ അതിഭോഗത്തിൽ രോഗിയായിവരും. മജ്ജകൾക്കു കേടു തട്ടുമ്പോൾ സകല അവയവങ്ങളും അവയവപ്രവൃത്തികളും ക്രമക്കേടുകൾകൊണ്ടു ക്ഷീണിച്ചു രോഗമുണ്ടാകും. അതിയായിട്ടുള്ള മദ്യപാനവും ആ തരത്തിലുള്ള അതിഭോഗവും [illegible] [illegible] പ്രവൃത്തികളും ഇന്ദ്രിയങ്ങൾക്കു ക്ഷീണം വരുവാൻ തക്കവേലകളും ഒരുപോലെ മജ്ജകളെ ക്ഷീണിപ്പിക്കും അതുതന്നെ രോഗമാവും. മജ്ജകൾക്കു വന്നിട്ടുള്ള ബലഹീനതകൊണ്ടു രോഗം ഭവിച്ചിട്ടുള്ള ജനങ്ങൾ സുഖഹാനിയെ മൌനമായി അനുഭവിച്ചു ദുഃഖിക്കുന്നു. അവൎക്കു ജീവൻ ഒരു ഭാരമായിവരുന്നു അവൎക്കു മരണം സൌഖ്യമെന്നു തോന്നും, ജീവകാലത്തിങ്കൽ

ഈ രോഗികൾക്കു കെൽപ്പം ഒട്ടും ഉണ്ടാവില്ല. ജീവസ്സുമാത്രം അവരിൽ കാണില്ല. ഇഹലോകസുഖങ്ങളെ യഥേഷ്ടം അനുഭവിപ്പാൻ അവൎക്കു ആശയുണ്ടാവാതെ വരുമ്പോൾ ഇഹലോകത്തിലുള്ള ഓരോ കഷ്ടപ്പാടുകളെ തട്ടുത്തു ജയിപ്പാനും അവർ ആളാവുന്നതല്ല. ഈ മഹാരോഗത്തിനു പററുന്ന ഔഷധങ്ങൾ അനേകം വില്ക്കുന്നുണ്ടെന്നു പലരും പത്രങ്ങളിലും പ്രസിദ്ധം ചെയ്യുന്നു. അവയിൽ ഫലിതം ഏറിയവൎയു ഉണ്ടുവെന്നും കണ്ടാകയും ചെയ്യും. ഈ വക ഔഷധങ്ങളെ ഞങ്ങൾ വാങ്ങി ശാസ്ത്രവിധികൾക്കനുസരിച്ചു പരിശോധിച്ചു പരീക്ഷിച്ചു നോക്കിയിട്ടുള്ളതിൽ ആ വക മരുന്നുകൾ ഒന്നെങ്കിലും പറയുന്ന ഗുണങ്ങളെ ചെയ്തുകൊടുപ്പാൻ സാമൎത്ഥ്യമുള്ളതായി കണ്ടിട്ടില്ല. ഒന്നെങ്കിലും നല്ലതില്ല. ഇതു അനേകം വൈദ്യന്മാരുടെ അനുഭവമാണു. അതുകൊണ്ട് ഈ മഹാഭേദകരമായ രോഗത്തിനു ഔഷധങ്ങളില്ലെന്നു ജനങ്ങൾ വിശ്വസിക്കുന്നു. ഇതു തെററാണു. കരുണാനിധികളായ സൎവ്വജ്ഞന്മാരുടേയും നന്ദിക്കു പാത്രങ്ങളായ ഋഷികൾ ഈ രോഗനിദാനം വരുത്തി അതിനു തക്ക മരുന്നുകൾ നിശ്ചയിച്ചിരിക്കുന്നു. ഈ അതിദുസ്സഹമായ രോഗത്തിന്റെ വേരറുത്തു അതിനെ ശാന്തിവരുത്തുന്നതിനു ഔഷധമുള്ളതു മേറ്റുരാണ്ണ രതിവിലാസമാണു. അതുകൊണ്ടു ജനങ്ങൾക്കു കെൽപ്പും ഉശിരും വൎദ്ധിക്കും. വളരെ ശുഷ്കാന്തിയോടുകൂടി പണിപ്പെട്ടു ജാഗ്രതയായി ഞങ്ങൾ ഇതിനെ ഉണ്ടാക്കിയിരിക്കുന്നു. ഇന്ത്യാരാജ്യത്തിൽ അനേകായിരം ജനങ്ങൾക്കു ഈ മരുന്നു ഞങ്ങൾ കൊടുത്തു പരീക്ഷിച്ചിരിക്കുന്നു. ഒരു രോഗിയെങ്കിലും ഫലിതമില്ലാതെ കണ്ടിട്ടില്ല, 'ഈ രോഗം ശമിക്കില്ല, എന്നു ചെയ്യല്ലേ'— എന്നു നിരാശപ്പെട്ടിട്ടുള്ള ജനങ്ങൾ ഈ രതിവിലാസത്തെ വാങ്ങി ഒന്നു പരീക്ഷിച്ചു നോക്കട്ടെ.

അല്പകാലത്തിനുള്ളിൽ രോഗക്ഷീണത്തെ കളയും, മററുകൾക്കു ശവപ്രായമായ ക്ഷീണമുണ്ടെങ്കിൽ അതിനെ തീൎക്കും. ബാല്യത്തിൽ ബുദ്ധിമോശംകൊണ്ടു ആലോചനയില്ലാതെ ഓരോ ദുൎവ്യാപാരങ്ങളെക്കൊണ്ടും അതിഭോഗങ്ങളെക്കൊണ്ടും കെല്പററ ജീവശവങ്ങളായവരുടെ ജീവസ്സും മിടുക്കും മടങ്ങിവരുവാൻ ഇത്ര നല്ല ഔഷധമില്ല. മൎമ്മകേന്ദ്രങ്ങളായ സ്ഥാനങ്ങളെ പ്രത്യേകം ഈ ഔഷധം ബലപ്പെടുത്തും. വൈദ്യശാസ്ത്രപാണ്ഡിത്യമുള്ള ചികിത്സാര'

സന്ധികൾ നിശ്ചയിച്ചുവരുന്ന ടോണിക് (ബലദായകങ്ങൾ) എന്ന ഔഷധങ്ങളെല്ലാം പരമശ ദേഹചൈതന്യത്തെയും മെയ്യ മിടുക്കി നെയും ധാതുശക്തിയേയും ഇന്ദ്രിയബലത്തിനെയും ഉണ്ടാക്കും. കൈൽപ്പ മങ്ങിമറഞ്ഞു തേഞ്ഞുമാഞ്ഞു കിടക്കുമ്പോൾ ചൈതന്യത്തെ ഉണ്ടാമത ഉണ്ടാക്കുവാൻ ഈ മരുന്നുകൾ ഉപകരിക്കും. മടിയും ഉറക്കവും ഇണ്ടലും മൌഢ്യവും തീരാൻ ഈ മരുന്നുകൾ ഏററ വും ഉതകും. കഠിനമായ അദ്ധ്വാനംകൊണ്ടോ അതി പ്രയത്നം കൊണ്ടോ അതി ജാഗ്രതയായി പുസ്തകപാരായണം ചെയ്ത് പഠി ച്ചതുകൊണ്ടോ ബാലബുദ്ധികൊണ്ടു വരുന്ന അതിഭോഗങ്ങളെക്കൊ ണ്ടോ പാനസാഹസംകൊണ്ടോ ശീതോഷ്ണാധിക്യംകൊണ്ടോ ആഹാ രമൈഥുനാദിസാഹസങ്ങൾകൊണ്ടോ വല്ല ദീനങ്ങളും ഉത്ഭവിച്ചി ട്ടുണ്ടെങ്കിൽ അതു നശിപ്പാൻ ഉപായം ഈ വിലാസമെന്നു തങ്ങളു ടെ മരുന്നു സേവിക്കുന്നതുതന്നെ. മജ്ജകളുടെ ക്ഷീണത്തെ തീർക്കും. ദേഹാവയവങ്ങൾക്കെല്ലാം ചൈതന്യലാഭവും ഉശിരും ഉണ്ടാവും. ക്ഷീണംകൊണ്ടും മസ്തിഷ്കബലഹാനികൊണ്ടും ഉണ്ടാവുന്ന കേടുകളെ തീർക്കും.

ഫലിതമേറിയ ഈ ഔഷധത്തിന്റെ കർത്താവു സർവ്വജ്ഞനായ ശിവനാണ്. അതിന്റെ സഹായംകൊണ്ടു അനേകായിരം ജനങ്ങൾ സുഖപ്പെട്ടിട്ടുണ്ട്.

മേല്പറഞ്ഞ എല്ലാ മരുന്നുകളും താഴെ എഴുതിയ മേൽവിലാസത്തിൽ എഴുതി ചോദിക്കേണ്ടതാണ്. എഴുത്തുകുത്തുകൾ മലയാളത്തിലോ, തമിഴിലോ, ഇംഗ്ലീഷിലോ ആയിരിക്കണം.

ടി. എസ്സ്. സുബ്രഹ്മണ്യ ആൻ്ഡ് കമ്പാനിക്കാർ.

33, അർമ്മേനിയൻ തെരുവു,

മദ്രാശി.

Messrs. T. S. SUBRAMANIA & Co.

33, Armenian Street,

MADRAS.

കമ്മീഷൻ

രസികരഞ്ജിനിക്ക് പുതിയ വരിക്കാരെ ഉണ്ടാക്കി അവര് വരിപ്പണം മുഴുവൻ മുൻകൂറായി പിരിച്ച് പേരുവിവരപ്പട്ടികയോടുകൂടി ഒരു സംഖ്യ അയച്ചിട്ടുള്ളിൽ അടക്കുന്നവർക്ക് ൧൦-കയിൽ കുറയാതെയുള്ള സംഖ്യകൾക്ക ൧൦൦ ക ൧൦ ക. വീതം കമ്മീഷനും ൧൦ ക. യിൽ കുറയാതെ പിരിച്ചടക്കുന്നവർക്ക് മേല്പറഞ്ഞ കമ്മീഷനും പുറമെ മുപ്പതിനെ ഉറപ്പിക്കുക രസികരഞ്ജിനിയുടെ ഒരേ പ്രതിവീതം സൌജന്യവും കൊടുക്കപ്പെടും.

രാ. രാ. മാനേജർ.

൯൭—മീനത്തിൽ പണം അടച്ചവരുടെ പേരുവിവരം.

		ക. ണ. സം
കെ. കേരളവർമ്മ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്		൩—൦—൪
കെ. ചതയംതിരുനാൾ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്		൩—൦—൦
മ. രാ. രാ. മനാട്ടുമനക്കൽ വാസുദേവൻ നമ്പൂരിപ്പാട്	അവർകൾ	൧—൧൨—൦
,, പള്ളിയിൽ ഗോപാലമേനോൻ	,,	൩—൦—൦
,, പി. കെ. വർഗ്ഗീസ്സ	,,	൩—൦—൦
,, എൻ. നാരായണക്കമ്മത്തി	,,	൨—൦—൦
,, വി. കെ. കൊച്ചുണ്ണിമേനോൻ	,,	൩—൦—൦
,, അവണപ്പറമ്പമനക്കൽനാരായണൻനമ്പൂരിപ്പാട്	,,	൧—൮—൦
,, പെരുന്തടിമധുസൂദനൻ നമ്പൂരി	,,	൨—൧൨—൦
,, നാട്ടുമുക്കത്ത ദാമോദരഷെണായി	,,	൩—൦—൦
,, കള്ളരിക്കൽ മഠത്തിൽ വി. ശ്രീനിവാസയ്യർ		
യണായി	,,	൩—൦—൦
,, കണ്ടേറ കൃഷ്ണവാരിയർ	,,	൩—൦—൦
,, തളിയിൽ നമ്പൂരിപ്പാട	,,	൩—൦—൦

പണം നടച്ചവരുടെ പേരു വിവരം

		ക	ണ	പ
മ. റാ. രാ. മന്നാർ വായനശാലമേൽവിചാരക്കാരൻ അയ്യ നാരായണപിള്ള	അവർകൾ	൩	൦	൦
,, പുന്നൻ മന്നത്തട്ടർ	,,	൩	൦	൦
,, കരിങ്ങമ്പിള്ളി നമ്പൂരിപ്പാട	,,	൧	൧൨	൦
,, മഞ്ഞളാവിൽ കൊച്ചപ്പൻ നായർ	,,	൩	൦	൦
,, പടിപ്പുരക്കൽ കുഞ്ഞുണ്ണിമേനോൻ	,,	൩	൦	൦
,, മണക്കുളത്ത് രാജ അവർകൾ	,,	൩	൦	൦
,, ഇട്ടിരാനത്ത ശേഖരിൽ ഗോവിന്ദമേനോൻ	,,	൩	൦	൦
,, കോന്തിമേനോൻ	,,	൩	൦	൦
,, ജെ. നാഗലിംഗകമ്മത്തി	,,	൩	൦	൦
,, വി. ചേക്കുമേനോൻ	,,	൩	൦	൦
,, ഇ. കൃഷ്ണരാജ	,,	൩	൦	൦
,, മല്ലൂർ [illegible] വാമനൻ ഭട്ടതിരി	,,	൩	൦	൦

പരസ്യം.

ഒന്നാന്തരം ഗോരോചനം തോല ൫ ക്ക വില ൯ ക. ഒന്നാന്തരം കുങ്കുമകേസരം തോല ൫ ക്ക വില ൫ ക. ഒന്നാന്തരം പച്ചകർപ്പൂരം, തോല ൧ ക്ക വില ൨ ക. ഒന്നാന്തരം [illegible], കസ്തൂരി, [illegible], വെട്ടിവേര്, [illegible], ജാതിമല്ലി, [illegible], [illegible] മുതലായ സാധനങ്ങൾ ചില്ലറയായും മൊത്തമായും [illegible] ഇവ ഒരു [illegible] ക. ൧—൨, [illegible] പ്രകാരം.

പി. [illegible], പാലക്കാട് ജില്ല.



ജപ്പാൻചക്രവൎത്തി

Printed by



റഷ്യാചക്രവൎത്തി

G. A. Natesan & Co.

രസികരഞ്ജിനി

൧൦൭൯

പുസ്തകം ൨. മേടമാസം ലക്കം ൯

മംഗളം

ലോകംമ്ലേച്ഛലഹരിസമൊട്ടുപലതുംപാപമൊടത്തുന്നിതോ
ത്താകപ്പാടെമനസ്സുപിരിഞ്ഞൊട്ടുവിലനിർവ്വാണമേകീടുവാൻ
ആകാവണ്ണമഹിംസയായപരമാധർമ്മംപ്രതിഷ്ഠിച്ചൊരാ
വൈകുണ്ഠപ്രഥിതാവതാരപുരുഷൻബുദ്ധൻപ്രസാദിക്കണം

ജപ്പാൻ

ജപ്പാൻ രാജ്യക്കാരും റഷ്യാരാജ്യക്കാരും തമ്മിൽ ഇയ്യിടെ യുദ്ധം ആരംഭിച്ചിരിക്കുന്ന കഥ നമ്മുടെ നാട്ടുകാരിൽ മിക്ക ജനങ്ങളും അറിഞ്ഞിരിക്കുമല്ലോ. ഈ സന്ദർഭത്തിൽ ആ രണ്ടു വകക്കാരുടെയും രാജ്യത്തിന്റെ സ്വഭാവത്തെ കുറിച്ചും രാജ്യഭരണസമ്പ്രദായത്തെ കുറിച്ചും തദ്ദേശീയന്മാർ ഏതൊരു സ്വഭാവത്തോടുകൂടിയവരാണെന്നും, അവർ എത്രത്തോളം പരിഷ്കാരത്തെ പ്രാപിച്ചിട്ടുള്ളവരാണെന്നും, അവർക്ക് വിദ്യാഭ്യാസം എത്ര മാത്രം സിദ്ധിച്ചിട്ടുണ്ടെന്നും അവരുടെ ദേശാചാരധർമ്മങ്ങൾ ഏതുപ്രകാരമാണെന്നും, അവരുടെ മതഭേദങ്ങൾ എന്തെല്ലാമാണെന്നും മറ്റും സംക്ഷേപമായി ഒന്നാ

രണ്ടാം ലേഖനങ്ങൾ എഴുതുന്നതു ഉചിതമായിരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു. സകല പരിഷ്കൃത രാജ്യങ്ങൾക്കും അത്ഭുതഹേതുവായി തീൎന്നിരിക്കുന്നതും, ഇന്ത്യാരാജ്യക്കാൎക്കു പരിഷ്കാരപന്ഥാവിനെ വെട്ടി തെളിയിച്ചു കൊടുത്തിട്ടുള്ളതുമായ ജപ്പാൻ സാമ്രാജ്യത്തെയും തദ്ദേശനിവാസികളെയുംപററി ഒന്നാമതു എഴുതാം.

ചീനാരാജ്യത്തിന്നു വടക്കു കിഴക്കായി 'ശാന്ത'സമുദ്രത്തിൽ അൎദ്ധചന്ദ്രാകൃതിയിൽ കൂടികിടക്കുന്ന അസംഖ്യം ദ്വീപുകളുടെ സമൂഹത്തെയാണു 'ജപ്പാൻ സാമ്രാജ്യം' എന്നു പറഞ്ഞുവരുന്നതു. ഇവകളിൽവെച്ചു പ്രധാനമായിട്ടുള്ളവ 'ഹോണ്ടോ,' 'എസ്സോ,' 'കിഷ്യു,' 'ഷിക്കൊക്കു' എന്ന നാലു ദ്വീപുകളാണു. ജപ്പാൻ സാമ്രാജ്യത്തിന്നു ൧൪൧,൦൦൦ ചതുരശ്രനാഴികവിസ്താരമുണ്ടു. മദിരാശി സംസ്ഥാനവും അതിനോടു തൊട്ടുകിടക്കുന്ന നാട്ടുരാജ്യങ്ങളുംകൂടിയാൽ സുമാർ ഈ രാജ്യത്തോളം വലിപ്പമുണ്ടായിരിക്കും. ജപ്പാനിലെ തലസ്ഥാനപട്ടണമായ 'ടോക്കിയൊ,' നഗരത്തിനു കൽക്കത്താപട്ടണത്തെക്കാൾ കുറച്ചധികം വലിപ്പമുണ്ടു.

ജപ്പാൻ രാജ്യത്തെ 'നിഫൺ' അല്ലെങ്കിൽ 'നിപ്പൺ' എന്നാണു സ്വദേശീയന്മാർ പറയുന്നതു. ഈ ശബ്ദം ചീനഭാഷയിലുള്ള 'ജിപെൻ' എന്ന ശബ്ദത്തിൽനിന്നു ഉത്ഭവിച്ചിട്ടുള്ളതാകുന്നു. ജപ്പാൻ എന്ന പേര വെള്ളക്കാരിട്ടിട്ടുള്ളതാണു. ഈ രണ്ടു വാക്കുകളുടേയും താല്പൎയ്യം 'സൂൎയ്യോദയരാജ്യം' എന്നാകുന്നു. ചീനക്കാർ ഈ രാജ്യത്തെ ജിപ്പെൻ എന്നു വിളിച്ചതു ജപ്പാൻ ചീനരാജ്യത്തിന്നു കിഴക്കായി കിടക്കുന്നതുകൊണ്ടായിരിക്കാം.

ജപ്പാൻ പ്രകൃത്യാതന്നെ കാഴ്ചെക്കു അതി മനോഹരമായിട്ടുള്ള രാജ്യമാകുന്നു. അവിടെ അധിക ഭാഗങ്ങളും കുന്നും മലയുമാണു. ഇന്ത്യയിലെ ഹിമാലയപൎവ്വതംപോലെ 'ഹോണ്ടൊ' ദ്വീപിൽ നടുനാഴികയിൽ അധികം ഉയരമുള്ളതായി 'ഫ്യൂജി' എന്നൊരു പൎവ്വതമുണ്ടു. ഈ പൎവ്വതത്തെ ജപ്പാനിസ്സുകാർ പുണ്യസ്ഥലമായി വിചാരിച്ചുവരുന്നു. അത്യുന്നതങ്ങളായ കൊടുമുടികളും ഹിമശിഖരങ്ങളുമുള്ള ഗംഭീരപൎവ്വതങ്ങളെക്കൊണ്ടും, നാടെല്ലാം ചിന്നിച്ചിതറികിടക്കുന്ന ചെറിയ നദികളെക്കൊണ്ടും, നയനാഭിരാമങ്ങളായ അഗ്നിപൎവ്വതങ്ങളെക്കൊണ്ടും, രമ്യങ്ങളായ തടാകങ്ങളെക്കൊണ്ടും,

വൃക്ഷങ്ങളും ഇടതിങ്ങിവിങ്ങി നില്ക്കുന്ന വനപ്രദേശങ്ങളെക്കൊണ്ടും, ഈ മനോഹരദ്വീപു അലങ്കരിക്കപ്പെട്ടിരിക്കുന്നു.

കൂടെക്കൂടെ പൊട്ടിത്തെറിക്കുന്നതായ ഇരുപത്തു അഗ്നിപൎവ്വതങ്ങൾ ഇന്നും ജപ്പാനിലുണ്ടു. ഇത്ര വളരെ അഗ്നിപൎവ്വതങ്ങളുള്ള രാജ്യം വേറെ വല്ലതുമുണ്ടോ എന്നു സംശയമാണു. ജപ്പാനിൽ വൎഷത്തിൽ ശരാശരി ൫൦൦ ഭൂകമ്പങ്ങളും ഉണ്ടാവാറുണ്ടത്രെ. ഉറങ്ങിക്കിടക്കുന്ന ഒരു മത്സ്യമാണു ഭൂമി മുഴുവനും താങ്ങിക്കൊണ്ടു നില്ക്കുന്നതു എന്നും, ആ മത്സ്യം ഉണൎന്നു പിടയുമ്പോഴാണു ഭൂകമ്പമുണ്ടാകുന്നതു എന്നും ജപ്പാനിസ്സുകാർ വിശ്വസിച്ചുവന്നിരുന്നു. ജപ്പാനിലെ പല ദ്വീപുകളും ആവൎത്തിച്ചുണ്ടായിട്ടുള്ള ഭൂകമ്പം നിമിത്തം സമുദ്രത്തിൽ പൊങ്ങിവന്നിട്ടുള്ളവയാകുന്നു. ജപ്പാൻ സാമ്രാജ്യത്തിൽ നാലു കോടി നാല്പതുലക്ഷം ജനങ്ങളുണ്ടു. ഇവരിൽ അധികം പേർ 'മംഗോളിയർ' എന്ന വൎഗ്ഗക്കാരാണു. ആൎയ്യന്മാരെപ്പോലെതന്നെ മംഗോളിയരും വളരെ കാലം മുമ്പു പരിഷ്കാരനിലയിൽ എത്തീട്ടുള്ളവരാകുന്നു. ഇവരു കൂടാതെ ആ രാജ്യത്തു പുരാതനനിവാസികളായി 'എയിനോസ്സ്' എന്ന ഒരു ജാതി അപരിഷ്കൃത ജനങ്ങളുമുണ്ടു. പണ്ടു ആൎയ്യന്മാർ ഭാരതഖണ്ഡത്തിൽ പ്രവേശിച്ചു അവിടെ താമസിച്ചിരുന്ന 'ദസ്യുക്കൾ' മുതലായ മ്ലേച്ഛജാതിക്കാരെ യുദ്ധത്തിൽ തോല്പിച്ചു കാടുകളിലേക്കു ഓടിച്ചുകളഞ്ഞതുപോലെ മംഗോളിയർ ജപ്പാനിൽ ചെന്നു കായബലവും ബുദ്ധിശക്തിയും കുറഞ്ഞ എയിനോസ്സുകാരെ മലപ്രദേശങ്ങളിലേക്കും സമുദ്രതീരത്തേക്കും ഓടിച്ചുകളഞ്ഞു. എയിനോസ്സുകർ വൃത്തിഹീനന്മാരും മദ്യപാനികളുമാണെങ്കിലും മൎയ്യാദയും ദയയും ധാരാളമുള്ള കൂട്ടരാണു. ഈ ജാതിക്കാർ തമ്മിൽ കാണുമ്പോൾ ചെയ്യുന്ന അഭിവാദനം, കയ്യുകൾ മലൎത്തിപ്പിടിച്ചു മേല്പോട്ടു ഉയൎത്തി താടി തലോടുകയാണു. ജപ്പാനിലുള്ള എയിനോസ്സുകാരുടെ സംഖ്യ ൧൭,൦൦൦-ത്തിൽ അധികമില്ല.

പടത്തിൽ കാണുന്ന ജപ്പാൻ ചക്രവൎത്തിയെ മംഗോളിയ ജാതിയുടെ ഒരു മാതൃകയായി എടുക്കാം. വെളുത്തു അല്പം മഞ്ഞച്ഛായയിലുള്ള വൎണ്ണവും, കറുത്തു നീണ്ട സ്നിഗ്ദ്ധമായ തലമുടിയും, പൊങ്ങിയ കവിൾത്തടങ്ങളും, രോമം കുറഞ്ഞ താടിമീശയും, വിശാലമായ നെറ്റിയും, അല്പം പരന്ന മൂക്കും, അസാരം വക്രിച്ച ചെറിയ കണ്ണുകളും ഉള്ള ഒരാളെക്കണ്ടാൽ അയാൾ മംഗോളിയനാണെന്നു

ആൎക്കും മനസ്സിലാകും, മംഗോളിയൎക്കു ഹിന്തുക്കളുടെ ഉയരം സാമാന്യമുണ്ടെങ്കിലും യൂറോപ്യന്മാരെക്കാൾ അവർ പൊക്കം കുറഞ്ഞവരാണ. ജപ്പാനിസ്സ സ്ത്രീകൾ ജനനാൽ തന്നെ വളരെ സൌന്ദൎയ്യമുള്ളവരാണ. "ശതകമലപ്പൂവ്വ്" പോലെയുള്ള വൎണ്ണവും, പനിനീർപുഷ്പ നിറത്തിലുള്ള മോഹനാധരപ്രദേശങ്ങളും, കോമളമായ മൂക്കും, ബിംബാധരങ്ങളും, മനോഹരമായ മുഖപ്രസാദവും ഇല്ലാത്ത സ്ത്രീകൾ അവിടെ അതിവിരളമാണത്രെ. അവരുടെ വിശേഷമായ തലകെട്ടും ഉദാരശീലവും ഭൂഷണവും, പ്രകൃത്യാ ഉള്ള രൂപലാവണ്യത്തെ എത്രയോ വൎദ്ധിപ്പിക്കുന്നുണ്ട.

ജപ്പാനിസ്സുകാർ കാലഭേദത്തെ അനുസരിച്ച ഉടുപ്പും ഭേദപ്പെടുത്തുന്നുണ്ട. വേനല്ക്കാലത്തു നാട്ടുപുറങ്ങളിലുള്ള സാധുക്കൾ നാം ധരിക്കുന്നമാതിരിയിലുള്ള ഒരു വസ്ത്രം മാത്രമെ ഉടുക്കയുള്ളൂ. പക്ഷെ പട്ടണങ്ങളിൽ ദേഹം മുഴുവൻ മറക്കാതെ പുറത്തിറങ്ങി സഞ്ചരിപ്പാൻ പാടില്ലെന്ന ഒരു നിയമം ഏൎപ്പെടുത്തീട്ടുണ്ട. കൃഷിക്കാർ സാധാരണയായി കാലിന്റെ വണ്ണവും എത്തുന്നതായ നീളമുള്ള ഒരു കുപ്പായമാണ ധരിക്കുന്നത. അവർ വയ്ക്കോൽകൊണ്ട മെടഞ്ഞ ഒരു മഴക്കോട്ടും ഇടാറുണ്ട. തലയിൽ സാധാരണയായി ഒന്നും ധരിക്ക പതിവില്ല. എങ്കിലും വൎഷകാലത്തു സാധുക്കൾ വയ്ക്കോൽകൊണ്ടുള്ള വലിയ തൊപ്പി വെക്കുക പതിവുണ്ട. സ്വത്തിന്റെ അവസ്ഥപോലെ ഓരോരുത്തർ ധരിക്കുന്ന ഉടുപ്പുകളുടെ ഗുണവും കൂടിയിരിക്കുമെന്ന പറയേണ്ടതില്ലല്ലൊ. ഇയ്യിടെ കുറച്ചു കാലമായിട്ട, ഉദ്യോഗസ്ഥന്മാർ ജോലിക്കു പോകുമ്പോൾ യൂറോപ്യന്മാരുടെ സമ്പ്രദായത്തിൽ ഉടുപ്പിട്ടിരിക്കണമെന്ന നിയമിച്ചിട്ടുണ്ട. ചക്രവൎത്തിയും റാണിയും സാധാരണ പുറത്തിറങ്ങുന്നതു യൂറോപ്യവേഷത്തിലാണ. ജപ്പാനിലെ സ്ത്രീകളുടെ വേഷം വിശേഷമായ വൎണ്ണപുഷ്പത്തിന്റെയോ ഭംഗിയുള്ള വല്ല സാധനത്തിന്റെയൊ പോലെയിരിക്കും. അവർ തലകെട്ടിവെക്കുന്നതിൽ വളരെ നിഷ്കൎഷയുള്ളവരാണ. തേയിലയിൽനിന്ന എടുക്കുന്ന ഒരു വിശേഷമായ എണ്ണ പുരട്ടി തലമുടി ഭംഗിയിൽ കെട്ടി വലിയ സൂചികൾ കോൎത്തു നിൎത്തി പുഷ്പങ്ങൾകൊണ്ടും ആഭരണങ്ങൾകൊണ്ടും അലങ്കരിച്ചു വെക്കാത്ത സ്ത്രീകൾ അവിടങ്ങളിൽ വളരെ ദുൎല്ലഭമായിരിക്കും. ഇങ്ങിനെയൊക്കെ ഒരുക്കുകൾ ഉടഞ്ഞുപോകാതിരിപ്പാൻ വേണ്ടി പണ്ടത്തെ

കാലങ്ങളിൽ രാജ്ഞിമാർ പല്ലുകറുപ്പിക്കുകയും പുരികം വടിപ്പിക്കുകയും മററും ചെയ്യുക മുഖം ഒരു ഭംഗിയായി തീർന്നിരുന്നപ്പോൾ. അവിടെ സ്ത്രീകൾ സാധാരണയായി വിരൂപികളുടെ നാടകമാണ.

ജപ്പാനിസ്സുകാർ വളരെ വൃത്തിയുള്ളവരാണ. ദിവസേന ചൂട വെള്ളത്തിൽ ഒരിക്കലെങ്കിലും കുളിക്കാത്തവർ അവരുടെ ഇടയിൽ അപൂർവ്വമാകുന്നു. പച്ചവെള്ളത്തിൽ സാധാരണയായി ആരും കുളിക്കാറില്ല. ടോക്കിയൊ നഗരത്തിൽതന്നെ പൊതുജനങ്ങൾക്കു കുളിപ്പാനായി എണ്ണൂറ സ്ഥലങ്ങളുണ്ട. ഇവയിലെല്ലാംകൂടി ശരാശരി മൂന്നുലക്ഷം ജനങ്ങൾ ദിവസേന കുളിക്കുന്നുണ്ടത്രെ.

ജപ്പാനിലുള്ള മിക്കവീടുകൾക്കും ഒരു തട്ടുമാത്രമെയുള്ളു. കെട്ടിടങ്ങൾ ഉയൎത്തി പണിചെയ്യാത്തത കൂടക്കൂടെ ഭൂകമ്പം ഉണ്ടാവാറുള്ളതുകൊണ്ട രണ്ടുനിലയിൽ പണിയിച്ചാൽ അപായം വരുവാൻ എളുപ്പമുണ്ടെന്ന വിചാരിച്ചിട്ടായിരിക്കാം. വീടുകൾക്കു ചുമരുവെക്കുക പതിവില്ല. ചുമരിന്റെ സ്ഥാനത്ത നീക്കിവെക്കാവുന്ന മരം കൊണ്ടുള്ള നെരകളാണ. വേനല്ക്കാലത്ത വീട്ടിലെല്ലാം കാററുകടക്കുവാൻവേണ്ടി പകൽ സമയത്ത നെരകൾ മുഴുവനും സാധാരണയായി ഊരിവെക്കാറുണ്ട. വിശാലമായ തളത്തിൽ ഇടക്കിടെ കടലാസ്സുതട്ടികകൾ വെച്ചാണ മുറികൾ മുറിക്കുന്നത. ഇങ്ങിനെ ചെയ്യുന്നതുകൊണ്ട ആവശ്യം വരുമ്പോൾ തട്ടികകൾ എല്ലാം മടക്കിവെച്ചാൽ സ്ഥലം മുഴുവനും പിന്നെയും തളമായി ഉപയോഗിപ്പാൻ അവൎക്കു സാധിക്കുന്നുണ്ട. മുറികളിൽ കസാലകളൊ മേശകളൊ ഇടുന്ന പതിവില്ല. പായയിലാണ എല്ലാവരും ഇരിക്കുന്നത. എല്ലാവീടുകളിലും കുലദൈവത്തെ പ്രതിഷ്ഠിച്ചിട്ടുണ്ടായിരിക്കും. പൂന്തോട്ടങ്ങളില്ലാത്ത വീടുകൾ അവിടങ്ങളിൽ നന്നെ കുറയും. എത്ര ദരിദ്രനായാലും വീടുപണിയുന്നുണ്ടെങ്കിൽ അതോടുചേൎന്ന ഒരു ചെറിയ പൂന്തോട്ടവും ഉണ്ടാക്കാതിരിക്കയില്ല. അതിഭംഗിയിലുള്ള പൂക്കാവുകൾ ഉണ്ടാക്കുന്നതിന്ന ഇവൎക്കു പ്രത്യേക വാസനയുണ്ട.

ജപ്പാനിസ്സുകാർ മിതഭക്ഷണക്കാരാകുന്നു. കാലത്തും ഉച്ചക്കും രാത്രിയിലും ഇങ്ങിനെ മൂന്നുനേരമായിട്ടാണ ഭക്ഷണം. കാൎയ്യമായിട്ടു ഉള്ളതു ചോറുതന്നെയാണ. ഉൾനാട്ടുകളിൽ കോതമ്പ, യവം, കിഴങ്ങ, പയറ മുതലായ സാധനങ്ങളും ഭക്ഷിക്കാറുണ്ട. മിക്കജനങ്ങളും ദിവസേന മത്സ്യവും മാംസവും കഴിക്കും. മററക്കാളിയ

അതുപ്പോലെതന്നെ ജപ്പാൻകാരും പശുവിൻപാൽ കുടിക്കയില്ലത്രെ. പാലുമുഴുവൻ പശുക്കുട്ടികൾ കൊടുക്കയാണത്രെ പതിവു. ഭക്ഷണം കഴിക്കുന്നതിന്നു അവരവൎക്കു പ്രത്യേകം പ്രത്യേകം പിഞ്ഞാണങ്ങളും തവികളുമുണ്ടത്രെ. ഭക്ഷണപദാൎത്ഥങ്ങളെ തവികൊണ്ടെടുത്തു ഭക്ഷിക്കുന്നതല്ലാതെ കൈകൊണ്ടു യാതൊരു സാധനവും ആരും തൊടുകയില്ല. ഊണിന്റെ ഒടുവിൽ എല്ലാവരും ചായകുടിക്കാറുണ്ടു.

ജപ്പാൻ രാജ്യക്കാർ വളരെ മൎയ്യാദയുള്ളവരാകുന്നു. അന്യരാജ്യക്കാരെ യഥാൎത്ഥമായി സല്ക്കരിക്കുവാനും ബഹുമാനിക്കുവാനും അവൎക്കു നല്ല വശതയുണ്ടു. സല്ക്കാരത്തിന്നുള്ള പുകലത്തൂം ഹുക്കയും എല്ലാവീട്ടിലും ഉണ്ടായിരിക്കും. ഒരു വിരുന്നു വന്നാൽ ആദ്യം ചെയ്യുന്ന പ്രവൃത്തി അയാളുടെ പുകലപാത്രത്തിൽ നിറച്ചു കൊടുക്കയാണു. പിന്നെയാണു ഒരു കോപ്പ ചായ കൊണ്ടുപോയി സല്ക്കരിക്കുന്നതു.

ഇന്ത്യയിൽ ഉള്ളതുപോലെ പച്ചകുത്തിക്കുന്ന സമ്പ്രദായം ജപ്പാനിലും നടപ്പുണ്ടു. ഹിന്തുക്കളെപ്പോലെ തന്നെ അവരും ദേഹത്തിൽ എന്ത്രങ്ങളും രക്ഷകളും കെട്ടാറുണ്ടത്രെ.

പുരുഷനു ൧൬-ാം സ്ത്രീക്കു ൧൪-ാം വയസ്സു പ്രായമാകുന്നതിന്നു മുമ്പ വിവാഹം പാടില്ലെന്നാണു നിയമം. വിവാഹം നിശ്ചയിക്കുന്നതു പുരുഷന്റെയും സ്ത്രീയുടെയും പൂൎണ്ണസമ്മതത്തോടു കൂടിയാകുന്നു. വിവാഹാടിയന്തരം പുരുഷന്റെ ഗൃഹത്തിൽ വെച്ചാണു കഴിച്ചുവരുന്നതു.

“സ്ത്രീസ്വാതന്ത്ര്യമൎഹതി” എന്ന പ്രമാണം ജപ്പാനിലും നിഷ്കൎഷയോടെ ആചരിച്ചു വരുന്നുണ്ടു. ബാല്യകാലത്തു അച്ഛനും വിവാഹാനന്തരം ഭൎത്താവിന്നും വൈധവ്യാവസ്ഥയിൽ മകനും കീഴടങ്ങി നടക്കുന്നതാകുന്നു സ്ത്രീധൎമ്മം എന്നത്രെ അവരുടെ ശാസ്ത്രവിധി.

മരണാനന്തരം കാൎയ്യങ്ങൾ ചെയ്യുന്നതിന്നു ഒരു പുത്രനില്ലെങ്കിൽ നരകമനുഭവിക്കേണ്ടിവരുമെന്നുള്ള വിശ്വാസം ഹിന്തുക്കൾക്കുള്ളതുപോലെ ഇവൎക്കുമുണ്ടു. അതിനാൽ വിവാഹം ചെയ്യാത്ത പുരുഷന്മാർ അവിടെ വളരെ ചുരുക്കമായിരിക്കും. സാധാരണയായി ശവം കഴിച്ചിടുകയാണു പതിവു. എങ്കിലും ദഹിപ്പിക്കുന്ന സമ്പ്ര

ലായവും ഇല്ലെന്നില്ല. ഇംഗ്ലീഷുകാർ ദുഃഖസൂചകമായി ധരിക്കുന്നതു കറുത്ത ഉടുപ്പാണെന്ന നമുക്കെല്ലാവൎക്കും അറിയാമല്ലൊ. എന്നാൽ ജപ്പാനിസ്സുകാർ ദുഃഖകാലങ്ങളിൽ ധരിക്കുന്നതു വെളുത്തവസ്ത്രങ്ങളാകുന്നു.

ബാലപരിചരണത്തിൽ ജപ്പാൻകാരെക്കാൾ ശ്രദ്ധിവെക്കുന്ന ജാതിക്കാർ വളരെ ഉണ്ടെന്ന തോന്നുന്നില്ല. കുട്ടികളെ പഠിപ്പിക്കുന്നതിലും, കളിപ്പിക്കുന്നതിലും, രക്ഷിക്കുന്നതിലും അവർ ഒരുപോലെ മനസ്സുവെക്കുന്നുണ്ടു. ഇവൎക്ക ഒന്നാമതായി കൊടുക്കുന്ന ഉപദേശം മാതാപിതാക്കന്മാരെ സ്നേഹിക്കുകയും കീഴ്പ്പെടുകയും ചെയ്യേണ്ടതു അവരുടെ ചുമതലയാണെന്നാകുന്നു. ആ രാജ്യത്തുള്ള കുട്ടികൾ മുഖപ്രസാദമുള്ളവരും ദൃഢഗാത്രന്മാരും ചൊടിയുള്ളവരും ആണത്രെ.

ജപ്പാനീസ്സ ഭാഷയിലെ അക്ഷരങ്ങൾ ചൈനീസ്സ ഭാഷയിലുള്ള സംജ്ഞകളുടെ ഛായ പിടിച്ചു നിൎമ്മിക്കപ്പെട്ടവയാകുന്നു. ജപ്പാനീസ്സിലുള്ള ഏററവും പഴയ ഗ്രന്ഥത്തിന്റെ പേർ "കൊജികി" എന്നാകുന്നു. ജപ്പാൻ രാജ്യത്തിന്റെ പ്രാചീന ചരിത്രത്തെ ഈ പുരാണഗ്രന്ഥം വെളിപ്പെടുത്തുന്നുണ്ടു. മററു വിഷയങ്ങളിൽ നല്ല വൃദ്ധിയുണ്ടായതോടുകൂടി സമാചാര ഭാഷയും പുഷ്ടി ഉണ്ടാവാതിരുന്നിട്ടില്ല. ക്രിസ്ത്വാബ്ദം ൧൮൭൨-ലാണ ജപ്പാനിൽ ഒന്നാമതായി ഒരു വൎത്തമാനപത്രം പുറത്തുവന്നതു. ഇപ്പോൾ നാനാ വിഷയങ്ങളേയും കുറിച്ചു പ്രതിപാദിക്കുന്ന വൎത്തമാനക്കടലാസ്സുകളുടേയും മാസികകളുടേയും സംഖ്യ ൧൫൦൦-ൽ കുറയുന്നതല്ല. പത്രാധിപന്മാൎക്ക ഇംഗ്ലണ്ടു രാജ്യത്തുള്ളതുപോലെ സ്വാതന്ത്ര്യമില്ല. ടോക്കിയോവിലെ പബ്ളിക്ക പുസ്തകശാലയിലും സൎവ്വകലാശാല വക പുസ്തകശാലയിലും യൂറോപ്യഭാഷകളിലുള്ള അസംഖ്യം പുസ്തകങ്ങൾക്കു പുറമെ ജപ്പാനിസ്സിലും ചൈനീസ്സിലും അച്ചടിക്കപ്പെട്ടിട്ടുള്ള ഗ്രന്ഥങ്ങൾ ഓരോ ലക്ഷത്തോളങ്ങൾ കാണും.

ഒരു കുട്ടിക്കു ൬ വയസ്സും ൬ മാസവും ൬ ദിവസവും പ്രായം ചെല്ലുമ്പോൾ തന്നെ അവനെ വിദ്യ അഭ്യസിപ്പിച്ചു തുടങ്ങുന്നു. ജപ്പാനീസ്സ ഭാഷ പഠിക്കുവാൻ വളരെ പ്രയാസമുണ്ടു. ക്രിസ്ത്വാബ്ദം ൧൯-ാം നൂററാണ്ടുവരെ കുട്ടികളെ വിദ്യ അഭ്യസിപ്പിച്ചിരുന്നതു ബുദ്ധമത പാതിരികളായിരുന്നു. ക്രിസ്ത്വാബ്ദം ൧൮൭൨ മുതല്ക്കു അന്യരാ

ത്യക്കാൎക്കു ജപ്പാൻ രാജ്യത്തുവന്നു താമസിപ്പാൻ അനുവദിച്ചു തുടങ്ങിയതോടുകൂടി വിദ്യാഭ്യാസത്തിന്റെ സമ്പ്രദായവും മാറിത്തുടങ്ങി. ചക്രവൎത്തിക്കു പൂൎണ്ണാധികാരം സിദ്ധിച്ചതിന്നു ശേഷം അദ്ദേഹം പ്രജകളുടെ വിദ്യാഭ്യാസ വിഷയത്തിൽ വളരെ മനസ്സുവെച്ചിട്ടുണ്ടു. നാട്ടിലെല്ലാം പള്ളിക്കൂടങ്ങൾ സ്ഥാപിക്കുകയും ജൎമ്മനി, ഇംഗ്ലണ്ടു, അമേരിക്കാ മുതലായ രാജ്യങ്ങളിൽനിന്നു നിപുണന്മാരായ വിദ്വാന്മാരെ വരുത്തി അദ്ധ്യാപകന്മാരായി നിയമിക്കുകയും സമൎത്ഥന്മാരായ ജപ്പാനിസ്സ വിദ്യാൎത്ഥികളെ വിദ്യാഭ്യാസത്തിന്നായി അന്യരാജ്യങ്ങളിലേക്കു അയക്കുകയും മററും ചെയ്തു ജനങ്ങളുടെ അറിവിനെ വൎദ്ധിപ്പിച്ചിരിക്കുന്നു. യൂറോപ്പു രാജ്യത്തു പഠിപ്പിക്കുന്ന സകല ശാസ്ത്രങ്ങളും കൈവേലകളും ഇപ്പോൾ ജപ്പാനിലും പഠിപ്പിക്കുന്നുണ്ടു. സ്ത്രീ വിദ്യാഭ്യാസത്തിലും ഗവൎമ്മെണ്ടിൽനിന്നു പ്രത്യേകിച്ചു ദൃഷ്ടിവെച്ചുവരുന്നുണ്ടു.

തൊഴിലനുസരിച്ചു ജപ്പാനീസ്സുകാരെ നാലു തരക്കാരായി തിരിച്ചിട്ടുണ്ടെങ്കിലും അവർ ഇന്ത്യയിൽ ഉള്ളതുപോലെ ജാതി വ്യത്യാസം വീക്ഷിക്കുന്നില്ല. ജനങ്ങളുടെ പ്രധാനമായ തൊഴിൽ കൃഷിയാണു. ധാന്യങ്ങളിൽ നെല്ലും, യവവും, കോതമ്പും അവർ സാധാരണയായി കൃഷി ചെയ്തുവരുന്നുണ്ടു. നിലം പണിയുന്നതു പരിഷ്കൃത സമ്പ്രദായത്തിലാണെങ്കിലും ഇന്ത്യയിൽ നടപ്പുള്ളതിൽ വളരെ ഭേദമാണെന്നു പറവാൻ പാടില്ല. പട്ടുനൂൽ പുഴുവിനെ ആ രാജ്യത്തു വളരെ വളൎത്തുന്നുണ്ടു. അവിടെ ഉണ്ടാക്കുന്ന പട്ടുനൂൽ തുണിയായിട്ടും ചരടായിട്ടും ഉറുമാലായിട്ടും അന്യരാജ്യങ്ങളിലേക്കു കയററി അയക്കുന്നു. ഇവരുടെ ലാഭം മുക്കാലും ജപ്പാൻ വാൎണ്ണീസ്സ ഇട്ടുവരുന്ന ചില്ലറ സാമാനങ്ങളിൽ നിന്നാണു. തീപ്പെട്ടി, വിളക്കു, ചിമ്മിനി, കുട, കടലാസ്സു, കണ്ണാടി മുതലായ സാമാനങ്ങളിൽനിന്നു അവൎക്കു നല്ല ആദായം കിട്ടുന്നുണ്ടു. കളിമണ്ണുകൊണ്ടും ലോഹങ്ങൾകൊണ്ടും അവർ ഉണ്ടാക്കി അയക്കുന്ന പല മാതിരിയിലുള്ള പാത്രങ്ങൾക്കും നല്ല ചിലവുണ്ടു. ജപ്പാൻ രാജ്യത്തേക്കു ആവശ്യമുള്ള മിക്ക സാമാനങ്ങളും ഇപ്പോൾ അവിടെതന്നെ ഉണ്ടാക്കി തുടങ്ങിയിരിക്കുന്നു. കച്ചവടത്തിലുള്ള ലാഭംകൊണ്ടാണു ജപ്പാൻ രാജ്യക്കാർ ഇത്ര വേഗത്തിൽ പ്രമാണികളായി തീൎന്നതു. ൧൯൦൪-മാണ്ടിൽ ഒന്നരകോടി ഇരുപതുലക്ഷം പവൻ വിലക്കു

ള്ള സാമാനങ്ങളും ജപ്പാൻ രാജ്യത്തുനിന്നു അന്യരാജ്യങ്ങളിലേക്കു കയററി അയച്ചിട്ടുണ്ടത്രെ.

ആ രാജ്യക്കാർ ചിത്രമെഴുത്തിൽ വളരെ വാസനയുള്ളവരാകുന്നു. അവിടെ ഉണ്ടാക്കുന്ന സാമാനങ്ങളിന്മേൽ മനോഹരങ്ങളായ ചിത്രങ്ങളെഴുതി വളരെ ആളുകളും സുഖമായി കാലക്ഷേപം ചെയ്തുവരുന്നുണ്ടു.

ജപ്പാനിൽ അധികം ജനങ്ങളും ഗതാഗതം ചെയ്യുന്നതു 'ജിൻറിക്ഷാ' എന്ന വണ്ടിയിലാണു. ഇരുഭാഗത്തും ചെറിയ കനത്ത രണ്ടു ചക്രവും മദ്ധ്യത്തിൽ ഒന്നോ രണ്ടോ പേർക്കു ഇരിക്കത്തക്ക വിസ്താരമുള്ള ആസനവും പിന്നിലേക്കു മടക്കി വെക്കാവുന്ന മൂടിയുമായി മുൻഭാഗത്തേക്കുള്ള തണ്ടുകളിന്മേൽ പിടിച്ചു വലിച്ചുകൊണ്ടു പോകുന്ന 'റിക്ഷാ' വണ്ടികളെ നാം എല്ലാവരും കണ്ടിട്ടുണ്ടല്ലോ. ഈ തരം വണ്ടി ആദ്യം പണി ചെയ്തതു ജപ്പാൻ കാരാണ്. ആ രാജ്യത്തു എല്ലാംകൂടി [illegible] നാഴിക ദൂരം തീവണ്ടി ഓടുന്നുണ്ടു.

ഇവർക്കു നേരം പോക്കിനു ചീട്ടുകളിയും ചതുരംഗവുമാണു. ഗുസ്തിയുദ്ധം, ഇസ്തി, നാടകം മുതലായ വിനോദങ്ങളും കാണ്മാൻ ജനങ്ങളും പോകാറുണ്ടു. ഇന്ത്യയിലെ മോഹിനിയാട്ടംപോലെതന്നെ ജപ്പാനിലും 'ഗീഷാ' എന്ന സ്ത്രീകളുടെ ആട്ടം ഉണ്ടു.

ജപ്പാൻ ചക്രവർത്തിയെ 'മിക്കാഡൊ' എന്നാണു വിളിക്കുന്നതു. ഈ വാക്കിന്നു പൂജ്യൻ എന്നാണു അർത്ഥം. മിക്കാഡൊവിന്റെ ജനനം സൂര്യനിൽനിന്നാണെന്നാകുന്നു ജനങ്ങളുടെ വിശ്വാസം. ജപ്പാനിലെ രാജ്യഭരണസമ്പ്രദായം ഇംഗ്ലണ്ടിലെപ്പോലെതന്നെയാണു. മിക്കാഡൊ ചക്രവർത്തിയെ സഹായിക്കുന്നതിന്നും ഉപദേശിക്കുന്നതിന്നും അവിടെയും ഒരു പാർളിമെണ്ടു സഭയുണ്ടു. പാർളിമെണ്ടിന്റെ സമ്മതം കൂടാതെ രാജ്യത്തു യാതൊരു നിയമവും ഉണ്ടാവുന്നതല്ല. രാജ്യകാര്യങ്ങളെല്ലാം ഈ സഭയുടെ ഉപദേശത്തോടുകൂടി ചക്രവർത്തിതന്നെ നടത്തണമെന്നാണു നിശ്ചയമെങ്കിലും യഥാർത്ഥത്തിൽ അധികാരം മുഴുവനും പാർളിമെണ്ടുസഭയുടെ കയ്യിലാകുന്നു.

ജപ്പാനീസ്സുകാർ അംഗീകരിച്ചിരുന്ന പുരാതനമതത്തെ 'ഷിൻറോയിസം' എന്നു വിളിച്ചുവരുന്നു. 'ദേവന്മാരുടെ സമ്പ്രദായം' എന്നത്രെ ഈ വാക്കിന്റെ താല്പര്യം. ഷിൻറോ മതക്കാർ പ്രകൃ

തിയിൽ കാണുന്ന് സകല ശക്തികളേയും തേജസ്സുകളേയും 'മൂർത്തികളായി' സങ്കല്പിച്ചു അവരെ സേവിക്കുന്നതിനു പുറമെ മരിച്ചുപോയ തങ്ങളുടെ പൂർവികന്മാരെയും ഉപാസന ചെയ്യുന്നുണ്ട. ജന്മഭൂമിവാത്സല്യമാകുന്നു ഉൽകൃഷ്ടധർമ്മമെന്നും പ്രകൃതിയിൽനിന്നും പുരാണപുരുഷന്മാരുടെ പ്രവൃത്തികളിൽ നിന്നും പഠിക്കാവുന്ന തത്വങ്ങളാണു സദാചാരസംഹിത എന്നും മിക്കാഡോ ദിവ്യപുരുഷനാണെന്നും ഉപദേവതകളോടുള്ള സായൂജ്യമാണു മുക്തി എന്നുമാണു ഷിൻറോമതത്തിൻെറ പ്രധാന സിദ്ധാന്തങ്ങൾ. ഈ മതക്കാർ ചക്രവർത്തിയുടെ ശാസനകളെ കണ്ണടച്ചനുഷ്ഠിക്കുന്നതിനു എപ്പോഴും സന്നദ്ധരാകുന്നു.

'കല്പിച്ചുകിലിനാരെന്നല്ലാ
തപ്പുരിപ്പക്കരിയാടിക്കൂടാ'

ക്രിസ്ത്വബ്ദം ൬ാം നൂററാണ്ടിൽ ചൈനയിൽനിന്നു ബുദ്ധമതപ്രസംഗികന്മാർ ജപ്പാൻ രാജ്യത്തെക്കു കടന്നു. ബുദ്ധമതം ജപ്പാനിൽ അതി വേഗത്തിൽ വ്യാപിച്ചു എന്നുമാത്രമല്ല ആ മതത്തിനു ഇപ്പോഴം ഷിൻറോമതത്തെക്കാൾ അധികം പ്രചാരംസിദ്ധിക്കുകയുംചെയ്തു. ജപ്പാൻകാരിൽ അധികജനങ്ങൾക്കും ഈ രണ്ടുമതങ്ങളിലും ഇപ്പോഴം ഒരുപോലെ വിശ്വാസം ഉണ്ടു. ആ രാജ്യത്തു പലേടങ്ങളിലും വിശേഷിച്ചു 'നാരാ,' 'കാമകുരാ' എന്ന ദിക്കുകളിലും അതി വിശേഷമായിപണി ചെയ്തിട്ടുള്ള ബുദ്ധവിഗ്രഹങ്ങളും ക്ഷേത്രങ്ങളും ഉണ്ടത്രെ.

ഇന്ത്യയിലെ ക്ഷത്രിയന്മാരെപ്പോലെതന്നെ പ്രാചീനകാലങ്ങളിൽ യുദ്ധം മാത്രം തൊഴിലായി 'ശമുരായി' എന്ന ഒരു ജാതിക്കാർ ജപ്പാനിലും ഉണ്ടായിരുന്നു. അവരുടെ യുദ്ധസാമഗ്രികൾ വാളും, വില്ലും, കുന്തവുമായിരുന്നു. ക്രിസ്ത്വബ്ദം ൧൮൭൨-നു ശേഷം യൂറോപ്പു രാജ്യങ്ങളിൽനിന്നു നിപുണന്മാരായ സേനാധിപന്മാരെ വരുത്തി ജപ്പാൻ പട്ടാളക്കാരെ യൂറോപ്യസമ്പ്രദായത്തിൽ കവാത്തും യുദ്ധവും അഭ്യസിപ്പിച്ചു തുടങ്ങി. അംഗവൈകല്യമില്ലാത്ത പുരുഷന്മാർ എല്ലാവരും സൈന്യത്തിൽ ചേർന്നു മൂന്നു കൊല്ലം യുദ്ധം അഭ്യസിക്കണമെന്നു നിർബ്ബന്ധമുണ്ടു. ജന്മനാൽ തന്നെ ദൃഢഗാത്രന്മാരും ശക്തിപൂർണന്മാരുമായ ഈ കൂട്ടർ പരിഷ്കൃത സമ്പ്രദായത്തിലുള്ള അഭ്യാസം നിമിത്തം ഇപ്പോൾ അതി വിദഗ്ദ്ധന്മാരായി തീർന്നിരിക്കുന്നു. ജപ്പാനിൽ യുദ്ധപ്രായക്കാർ മാത്രമായി രണ്ടു ല

ക്കാ പട്ടാളക്കാരുണ്ടു. യുദ്ധം വേണ്ടിവരുമ്പോൾ പത്തുലക്ഷം യോദ്ധാക്കളെക്കൂടി ക്ഷണങ്ങളിൽ ശേഖരിക്കുവാൻ ഗവർമ്മേണ്ടിനു സാധിക്കുന്നതാണത്രെ.

ജപ്പാനിലെ കപ്പൽ സൈന്യം മുഴുവനും ഈ കഴിഞ്ഞ ൩൦ വർഷങ്ങൾക്കകത്തുണ്ടായിട്ടുള്ളതാകുന്നു. ഇംഗ്ലീഷുകാരെപ്പോലെതന്നെ ദ്വീപുകളിൽ വസിക്കുന്ന ഇവരും കടലിൽ കളിച്ചു വളൎന്നവരും കടൽ യുദ്ധത്തിന്നു ജാത്യാ വാസനയുള്ളവരും ആണെങ്കിലും ഈ വാസനയെ വൎദ്ധിപ്പിക്കുവാൻ യാതൊരു ശ്രമവും അവർ ചെയ്തിരുന്നില്ല. കടൽ സൈന്യത്തിൽ ചേൎന്നിരുന്നവരെ പരിഷ്കൃത രീതിയിൽ യുദ്ധം ചെയ്യാൻ പഠിപ്പിക്കുന്നതിന്നായി ൧൮൭൩-ൽ ചക്രവൎത്തി ഒരു 'കാളേജ' ഏൎപ്പെടുത്തുകയും ബ്രിട്ടീഷ ഗവർമ്മേണ്ടിൽനിന്നും ൩൦ സേനാധിപന്മാരെ വരുത്തി അദ്ധ്യാപകന്മാരായി നിയമിക്കുകയും ചെയ്തു. ജപ്പാനിൽ ഇപ്പോൾ ൩൫ വലിയ പടക്കപ്പലുകളും ൧൩൦ 'ടോർപ്പിഡൊ' ബോട്ടുകളുമുണ്ടു. ഇപ്പോഴുള്ള കൊല്ലംകൊണ്ടു കടൽ യുദ്ധത്തിൽ ഇവർ സമ്പാദിച്ചിട്ടുള്ള പാണ്ഡിത്യം ആലോചിച്ചു നോക്കിയാൽ ഏവനും വിസ്മയം തോന്നിപ്പോകും. ധൈൎയ്യമായി യുദ്ധം ചെയ്യാനും യുദ്ധതന്ത്രങ്ങളും കൌശലങ്ങളും കണ്ടു മനസ്സിലാക്കുവാനും അവരവരുടെ ജോലി ശരിയായി നടത്തുവാനും ഇവർ കാണിക്കുന്ന താല്പൎയ്യവും പ്രാപ്തിയും ഇംഗ്ലീഷുകാൎക്കുള്ളതിൽ ഒട്ടും കുറവല്ലത്രെ. ൧൮൯൪-ൽ ചൈനയും ജപ്പാനുമായി ഉണ്ടായ യുദ്ധത്തിലാണ ജപ്പാനീസ്സുകാർ യുദ്ധത്തിൽ സമൎത്ഥന്മാരാണെന്നു പരക്കെ ബോദ്ധ്യം വന്നതു.

ജപ്പാനും റഷ്യയുമായി ചെയ്തിട്ടുള്ള ഉടമ്പടിക്കു വിരോധമായി മഞ്ചൂരിയാരാജ്യം അപഹരിക്കുവാൻ ഇയ്യിടയിൽ റഷ്യക്കാർ നാനാപ്രകാരേണ ചെയ്തുവന്നിരുന്ന അക്രമപ്രവൃത്തികളെ ജപ്പാൻകാർ വിരോധിച്ചിട്ടും തീരാത്ത നിമിത്തം സ്വരക്ഷക്കു വേണ്ടി ജപ്പാൻ റഷ്യയോടു യുദ്ധത്തിന്നു പുറപ്പെട്ടു. യുദ്ധം ആരംഭിച്ച ദിവസമായ ഫിബ്രവരി ൮-ാം നു അൎദ്ധരാത്രി 'ആർതർ' തുറമുഖത്തുവെച്ചു റഷ്യക്കാരുടെ മൂന്നു വലിയ പടക്കപ്പലുകളെ നശിപ്പിച്ചതു മുതല്ക്കു കടലിലും കരയിലും ജപ്പാൻ ഇന്നേവരെ ഇടവിടാതെ ജയം നേടിവന്നിട്ടുള്ള വിവരവും വായനക്കാൎക്കു അറിവുള്ള സംഗതികളാകയാൽ അവയെപ്പററി ഇവിടെ വിസ്തരിച്ചു പറയുന്നില്ല. 'ആർ

തർ' 'വ്ളാഡിവോസ്റ്റോക്ക്' എന്ന തുറമുഖങ്ങളിലാണ റഷ്യക്കാർ പടക്കപ്പലുകളെ ശേഖരിച്ചിട്ടുള്ളത. ഈ സ്ഥലങ്ങളെ പടത്തിൽ കാണിച്ചിട്ടുണ്ട. ജപ്പാനിലെ മുഖ്യമായ തുറമുഖങ്ങൾ 'യോക്കോഹാമ' 'ഹാക്കൊഡേറ്റ്,' 'നാഗസാക്കി' എന്ന സ്ഥലങ്ങളാകുന്നു.

ജപ്പാൻ സമുദായത്തെ കുറിച്ച രസകരമായ പല സംഗതികൾ ഇനിയും പ്രസ്താവിക്കുവാൻ ഉണ്ടെങ്കിലും സ്ഥലചുരുക്കത്താൽ നിവൃത്തിയില്ലാതെ വന്നിരിക്കുന്നു. അന്യ ജാതിക്കാർക്കില്ലാത്തതായ ചില അപൂർവ്വഗുണങ്ങൾ ജപ്പാനീസ്സുകാർക്കുള്ളതായി കാണുന്നുണ്ട. ഒന്നാമത്തേത കീഴ്വണക്കമാണ. മേലധികാരികളേയും വയസ്സു മൂത്തവരേയും ഈ കൂട്ടരെപ്പോലെ മറ്റാരും ബഹുമാനിക്കുകയോ കീഴ്വണങ്ങുകയോ ചെയ്യുന്നില്ല. ആത്മാഭിമാനത്തിന്ന കുറവു വരാത്ത വിധത്തിൽ ബഹുമതി ചെയ്യേണ്ടത നമ്മുടെ എല്ലാവരുടേയും ചുമതലയാകുന്നു. ബുദ്ധിമാന്മാരായിരുന്ന ജപ്പാൻ കുട്ടികൾക്ക കൊടുക്കുന്ന ഉപദേശവും ഷിൻറോ മതത്തിന്റെ പ്രധാന സിദ്ധാന്തവും ഇതുതന്നെയാണല്ലൊ. എല്ലാവരും പ്രമാണിത്വം നടിച്ചു പുറപ്പെട്ടാൽ യാതൊരു കാര്യവും ശരിയായി നടക്കുന്നതല്ലെന്ന ഇവർ നല്ലവണ്ണം മനസ്സിലാക്കീട്ടുണ്ട.

അറിവു സമ്പാദിക്കുന്നതിനുള്ള അതിതാല്പൎയ്യമാകുന്നു പിന്നത്തെ പ്രത്യേക ഗുണം. എന്തു വിദ്യയായാലും കൈത്തൊഴിലായാലും ശാസ്ത്രമായാലും കണ്ടാൽ അതു പഠിച്ചു തീരുന്നവരെ ഇവൎക്കു സമാധാനമില്ല. ഈ കാൎയ്യത്തിൽ അവൎക്കു അലംഭാവവും അഹംഭാവവുമില്ല.

ഇനി ഒരു ഗുണമുള്ളത അവരവരുടെ പ്രവൃത്തി എടുക്കുന്നതിൽ എല്ലാവൎക്കുമുള്ള സന്തോഷമാണ. ഈ സ്വഭാവം എല്ലാ ജാതിക്കാൎക്കും തൊഴിലുകാൎക്കും ഒരു പോലെ ഉള്ളതാകുന്നു. പ്രധാന മന്ത്രി ഗൌരവമായ ഒരു രാജ്യകാൎയ്യത്തെ പറ്റി പ്രതിവാദിക്കുന്ന സമയത്തു അദ്ദേഹത്തിന്റെ മുഖത്തു നോക്കിയാൽ മന്ദഹാസം കിടന്നു കളിക്കുന്നതു കാണാം. മുൻകൂട്ടി കരുതാത്തതായ ഒരു ചിലവിന്നു കുറെ അധികം പണം വേണ്ടി വരികയും ഖജാന ഒഴിഞ്ഞുകിടക്കയും ചെയ്യുമ്പോൾ സചിവൻ നിവൃത്തി മാൎഗ്ഗം ആലോചിക്കുന്നതു ചാരുകസേലയിൽകിടന്നു അലക്ഷ്യമായി പുഞ്ചിരിയിട്ടുകൊണ്ടായിരിക്കും. ചിരിച്ചുകൊണ്ടാണ പാതിരിമാർ പ്രസംഗം ചെയ്യുന്നത. ഉ


മഴ പെയ്ത തോട്ടങ്ങളിൽനിന്ന് കൈ വെച്ചും ബാക്കി തീരുവാൻ വേണ്ടി ധൃതിപ്പെട്ടു എത്തുമ്പോഴും, ഇരുട്ടിനിൽ വെയിലത്തു നിന്നു ജപ്പാൻ വരുമ്പോഴും, മുട്ടിനൊപ്പം ചളിയുള്ള നെൽക്കണ്ടങ്ങളിൽ നിന്നു കൃഷിക്കാരൻ കരു പൂട്ടുമ്പോഴും, കൂലിക്കാർ ഘനമുള്ള ചുമടു ഏററി കൊണ്ടുപോകുമ്പോഴും എന്നു വേണ്ട കഠിന ശിക്ഷ അനുഭവിക്കുന്ന തടവുകാരൻ വഴിപ്പണി ചെയ്യുമ്പോഴും കൂടി അവരവരുടെ ജോലി എടുക്കുന്ന സമയം എല്ലാവർക്കും മുഖപ്രസാദം സുലഭമായിട്ടുണ്ടായിരിക്കും. ഇത്ര വലിയ ഗുണം മറെറന്തെങ്കിലുമുണ്ടോ?

ഈ ഉപന്യാസത്തിൽനിന്നു ജപ്പാനീസ്സുകാർ വളരെ താണ നിലയിൽ കിടന്നിരുന്നവരാണെന്നും അവരുടെ സമ്പത്സമൃദ്ധിയും പരിഷ്കാരവും അടുത്ത കാലത്തിന്നുള്ളിൽ ഉണ്ടായിട്ടുള്ളതാണെന്നും കാണുന്നുണ്ടു. ഏഷ്യാ രാജ്യ നിവാസികൾക്കു യൂറോപ്പിലും അമെരിക്കയിലും ഉള്ളവരെപ്പോലെ ബുദ്ധിസാമർത്ഥ്യവും മിടുക്കുമില്ലെന്നു പാശ്ചാത്യന്മാർക്കുണ്ടായിരുന്ന അബദ്ധധാരണയെ ജപ്പാൻകാർ ഇല്ലാതെ ചെയ്തിട്ടുണ്ടെന്നു നിസ്സംശയം പറയാം. ബുദ്ധിമാനും രാജ്യപരിഷ്കാര പ്രിയനുമായ ഒരു ചക്രവർത്തിയും, അദ്ദേഹത്തിന്നു ചേർന്ന 'ഐറെറാ' എന്ന ഗംഭീരാശയനായ മന്ത്രിയും, ജന്മഭൂമി സ്നേഹവും തീഷ്ണതയും ഒരുമയും അശ്രാന്ത പരിശ്രമ ശീലവും ഉള്ള പ്രജകളും, ആ രാജ്യത്തെ ഒന്നിച്ചു ഭരിക്കയാലാണ ജപ്പാൻ സാമ്രാജ്യത്തിന്നു അത്ഭുതപൂർവമായ അഭിവൃദ്ധിക്കും യശസ്സിന്നും ഇപ്പോൾ സംഗതിവന്നതു.

എ. ശങ്കരപ്പുതുവാൾ, ബി. എ. ബി. എൽ.

സമസൃഷ്ടികൾ

ഞങ്ങളുടെ ബുദ്ധിയുടെ അപാകതയോ ദോഷം. ലോകത്തിൽ എത്രയോ ജാതി സൃഷ്ടികളുണ്ട്; പക്ഷി മൃഗം, വൃക്ഷ ലതാ, നദി തീരം, "നാടു കാട്", മല മരുഭൂമി, കായല് കടല്, എന്നു വേണ്ട, 'സൃഷ്ടിക്കൂട്ടങ്ങളിലെപ്പുറമായമിതിവിധമായതുള്ളതും' വേണ്ടുവോളം വാരിവിതറീട്ടുള്ളപ്പോഴും അന്യാദൃശികളായ മനുഷ്യർ മാത്രം എന്തു



ഏഷ്യാ രാജ്യത്തിന്റെയും യൂറോപ്പുരാജ്യത്തിന്റെയും പടം

* റഷ്യക്കാരുടെ
തീവണ്ടിപ്പാത

V. S. & Sons.

ണാമെന്താ വിശേഷം? ബ്രഹ്മാവ് പടച്ചു വിടുന്നതൊക്കെ ആൎക്കു വേണ്ടിയാണെന്ന് മനുഷ്യർ കിടന്നു സംശയിച്ചിട്ടു ഇല്ല. മനുഷ്യൎക്കു വേണ്ടി അവരുടെ സുഖത്തിനു മാത്രം, എന്താണിതിൽ ശങ്കിക്കാനുള്ളത്? ഭൂകൃഷിക്കു മോഹമുള്ളവർ കാടുവെട്ടിത്തെളിച്ചോളൂ. പൊന്നികത്തിക്കോളൂ. പാൽ വേണമോ? പശുവിനെ കറക്കുവാൻ വിരോധമില്ല. പക്ഷെ കുട്ടിയെ തൊഴിച്ചിട്ടു വേണം. നടക്കാൻ വയ്യെങ്കിൽ കഴുതവേണമോ കഴുത, കുതിരവേണമോ കുതിര, കരിവലിക്കാൻ കൃഷിക്കുള്ള കന്നാലിയുണ്ട്. തീറ്റകൊടുക്കണമെന്നുമില്ല. എല്ലു പുറത്തേക്കു പൊട്ടിപ്പുറപ്പെടാതെ തോലു സൂക്ഷിച്ചുകൊള്ളും. പ്രാണനെ മാത്രം അടച്ചു പിടിച്ചാൽ മതി. വൈരത്തെയാണോ വായ അടച്ചു കെട്ടുന്നത്? ഹ്രസ്വവിചാരശാലികൾ മരത്തിനുവേണ്ടി ബുദ്ധിമുട്ടുന്നത്. കാടുവെട്ടിത്തെളിക്കാമല്ലോ. പക്ഷികളോ മൃഗങ്ങളോ വല്ലതുമുണ്ടെങ്കിൽ എവിടെയെങ്കിലും പോയി ചാവട്ടെ. ആരുമറിയാതെ കാട്ടിൽ ഒളിച്ചിരിക്കാനാണോ? മാംസത്തിനു രുചിയുള്ളവരൊക്കെ കാട്ടിലേക്കു കടക്കാം. സകലതും അവിടെ തെയ്യാറാണ്. ചെന്ന വിവരം വെടി പൊട്ടിച്ചറിവു കൊടുത്താൽ വേണ്ടതൊക്കെ ചാടിയോടി വന്നു കാല്ക്കൽ വീണുകൊള്ളും. മാൻപേടയുണ്ടെങ്കിൽ വിട്ടയക്കരുതെ. കണ്ടാലും നന്നു, തിന്നാനും കൊള്ളാം. ഉപദ്രവമൊട്ടില്ലതാനും. ആനയാണെങ്കിൽ ചോരയുടെ മാതിരി വേണം കഴുകത്തിലൂടണം. കൊള്ളരുതെ പണി. കാട്ടുമനുഷ്യരുടെ തോട്ടമോ കലമാമോ എന്ന മനസ്സിലാവുന്നില്ല. കാടു കേറാൻ പേടിയുള്ളവരോ തോക്കെടുത്ത ശീലമില്ലാത്തവരോ ഉണ്ടെങ്കിൽ അത്യാവശ്യമൊക്കെ നാട്ടിലും ശേഖരിച്ചിട്ടുണ്ട്. പൂവ്വൻ കോഴിയുടെ പൂവ്വു പൂങ്കുല കൊള്ളില്ലെങ്കിൽ മദാമ്മമാരുടെ തൊപ്പിക്കായിക്കൊള്ളട്ടെ. വെളുപ്പിനെഴുന്നേറ്റു 'കൊക്കരക്കോ' എന്നു പ്രാൎത്ഥിച്ചതുകൊണ്ടായില്ല. അരക്കാൽ നിറമെങ്കിലും കൊഴുപ്പുണ്ടെങ്കിൽ ഒന്നു പൊത്തിക്കളയാമെന്നായിരിക്കാം, ആരെന്താരു പറഞ്ഞില്ല. താറാവിന്റെ കൊക്കിനു നീളം പോരാഞ്ഞിട്ടാണോ? ചിറകു ഭംഗിക്കു മാത്രം ആയാൽ പോരാ, പറക്കാൻ ശീലം വേണം. ആട്ടുകുട്ടി തൊണ്ട എറിക്കൊണ്ടു 'ഇമ്പെ' എന്നു നിലവിളിക്കുന്നതിന്റെ അൎത്ഥം ആൎക്കെങ്കിലും ഓൎക്കുന്നുണ്ടോ? സമസ്യപൂൎത്തികളിൽ 'ഇഷ്ടം' വേണോ എന്നു പറകയാണ്, അതു 'ഇമ്പെ എ എ' 'ഇമ്മമ്പെ' എന്നു പേടിച്ചു

വിറച്ചുകൊണ്ടു പഴേ മാതിരി സംസാരിക്കാതെ ധൈര്യത്തോടുകൂടി 'ഇതെന്തു' എന്നു പറഞ്ഞാൽ ഭേദമുണ്ടായിരുന്നു. പക്ഷെ ഇവറ്റം മക്കിക്കാറാകുമൊ എന്നേ സംശയമുള്ളു. ചെമ്മരിയാടിനു പുറത്തു കമ്പിളിരോമംകൊണ്ടു പുതപ്പുണ്ടല്ലോ എന്നൊരു ധൈര്യമാണു. ആ അടിമാനം വേണ്ട. മേൽക്കഷ്ണം കഴിച്ചല്ലാതെ കഴുത്തിൽ കത്തിവെക്കില്ല. 'പ്ലേഗ്' ദീനത്തിനു പ്രത്യേകിച്ചൊരു പ്രത്യൗഷധം കണ്ടു പിടിച്ചിരിക്കുന്നു. എലിവധം പല വട്ടമായിട്ടു കഴിച്ചാൽ മതി. ഇതുകൊണ്ടായിരിക്കാം കൊളുകോരികൾക്കു എലിച്ചാറിനു പത്ഥ്യമായതു. 'അഹിംസാപരമൊധർമ്മഃ' എന്നതു മൂക്കറ്റം ചിലത്തിക്കഴിഞ്ഞാൽ കൂടാതെ നിവൃത്തിയില്ലെങ്കിൽ കുറച്ചു നേരം ജപിക്കാം. അമ്പ! മനുഷ്യരുടെ സ്വാർത്ഥം! അവക്കുള്ളൊരഹംഭാവം. അല്ലയൊ മൊളഞ്ഞാസനകസൃഷ്ടികളെ ഈ വർത്തമാനമെന്നൊരും ബ്രഹ്മാവു കേട്ടാൽ അന്നു കഴിഞ്ഞു നിങ്ങളുടെ കഥ. കുറെ കൂത്ത മുഖവും വാലും ബ്രഹ്മലോകത്തിൽനിന്നു വരുന്നതു കാണാം. മുഖം മാറി വാലുവെച്ചു നാലുകാലിന്മേൽ നടക്കുകയെ പിന്നൊരുക്കുള്ളു. കൊരങ്ങന്മാരിൽനിന്നാണു മനുഷ്യരുണ്ടായതെന്നു പറയുന്നവക്കു മനുഷ്യർ കുരങ്ങന്മാരാവുന്നതു കാണാറാവും. കുറമാണെന്നൊ മനുഷ്യർ ശ്വാസം വലിക്കുമ്പോൾകൂടി കാലക്കേടി വന്നിരുന്നു കത്തിച്ചുട്ടു കരിച്ചുട്ടു എന്നാവിട്ടുന്നതു. എങ്ങിനെയാണു ഇങ്ങിനെയുള്ളവരുടെ നേരെ പൊറുക്കാതിരിക്കുക.

മനുഷ്യരെപ്പോലെ സുഖവും ദുഃഖവും കോപവും സ്നേഹവും മറവുള്ള ജീവികൾക്കുമുണ്ടു. ഇവറ്റക്കു പഠിപ്പുമുണ്ടൊ? ഒ, അതുമുണ്ടു. ആന മരംപിടിക്കുന്നതും തത്തതിക്കളെ 'സമ്മാനം' തപ്പിയായാൽ തലകുലുക്കുന്നതും കാക്കാലന്മാർ പാമ്പിനെ ആടിക്കുന്നതും അല്ലിപ്പടിപ്പിച്ചിട്ടായിരിക്കാം. കരടി പിണങ്ങാതെകൊത്താൻ വരുന്നതു അല്ലി ശീലിപ്പിച്ചിട്ടൊ കൈ കൊട്ടുന്ന രീതി കേട്ടു പഠിച്ചിട്ടൊ?

എട്ടുകാലിൻ വല വീശി ഇരതേടി സമ്പാദിക്കുന്നതു ആരെങ്കിലും മനസ്സിരുത്തി നോക്കീട്ടുണ്ടൊ? ആദ്യംതന്നെ ഈച്ച കൊതു മുതലായ ചെറുപ്രാണികൾ ധാരാളം സഞ്ചാരമുള്ള ദിക്ക നോക്കിതിരഞ്ഞെടുക്കും. അവിടെ വട്ടത്തിലൊ നീളത്തിലൊ എതിർകോണിച്ചൊ സൌകര്യംപോലെ വല ഇട്ടു വീശിത്തുടങ്ങും. ആളുകൾ വല്ലവരും നോക്കി നില്ക്കുന്നുണ്ടെന്നു സംശയം തോന്നിയാൽ മതി പണി

നിവൃത്തി ഒളിച്ചു കഴിഞ്ഞു, അവകാശം സ്ഥാപിസ്സർ ചെയ്യുവാൻ നിവൃത്തിയില്ലാഞ്ഞിട്ടായിരിക്കണം ഇത്ര സൂക്ഷിക്കുന്നത്. പക്ഷെ സൂക്ഷ്മദൃഷ്ടികളൊന്നായതുകൊണ്ടു എല്ലായ്പ്പോഴും കണ്ടുവെന്നു വരില്ല. ആ തരം നോക്കിയാണു മനുഷ്യർ നൈററിന്റെ സൂത്രം കൈക്കലാക്കിയതു. എന്നാൽ അവൾക്കു നല്ലബുദ്ധി തോന്നി പറന്നു നടക്കുന്ന കൂട്ടരിൽ ഈച്ച തൊട്ടുള്ള കീടജാതികളെ മനുഷ്യർ ഭക്ഷിക്കയില്ലെന്നു ഖരാറു ചെയ്തു. കൊതുകുകളെ ഈ ഖരാറിൽനിന്നു ഒഴിവാക്കണമായിരുന്നുവെന്നു ഇപ്പോൾ തോന്നിത്തുടങ്ങീട്ടുണ്ട്. ഇനി വിചാരിച്ചിട്ടു ഫലമില്ലല്ലൊ.

ഓഃ! പറഞ്ഞു പറഞ്ഞു വഴിതെററിപ്പോയി. ഒരു ദിവസം ഞാൻ തോട്ടത്തിൽ ഇറങ്ങി നടക്കുമ്പോൾ എന്തോ ഒന്നു മൂക്കിന്മേൽ തടഞ്ഞു. നോക്കിയപ്പോൾ എട്ടുകാലന്റെ വലയാണു. അവന്റെ പണി മുഴുവനായിട്ടില്ല. രണ്ടാമതു ഒരു വലയുംകൂടി അടുത്ത മൂക്കിൽതന്നെ വീശുകയാണു. പണിയുടെ തിരക്കുകൊണ്ടു എന്നെക്കണ്ടതു ഇല്ല. തപ്പിത്തപ്പി എറങ്ങിവന്നു നൂല ഒരു കൊമ്പിന്മേൽ ഉറപ്പിക്കും. എത്രവേഗത്തിൽ കൂടിയാണു ഇപ്പണിയെന്നു ഞാൻ കണ്ടിട്ടില്ല. അതിന്മേൽ കൂടിത്തന്നെ മേലോട്ടുകയറും, എന്നിട്ടു ഓവർസിയർമാരെപ്പോലെ അങ്ങോട്ടോട്ടും ഇങ്ങോട്ടോട്ടും, നൂലുകെട്ടും അളവെടുക്കും ഒന്നു വട്ടത്തിലോട്ടം, എന്തിനു പറയുന്നു, പറഞ്ഞ നിമിഷംകൊണ്ടു പണി തീർത്തു. ഈ അംശംകൊണ്ടു ഓവർസിയർമാരെപ്പോലെയല്ല. ഇങ്ങിനെ വേല വേഗത്തിൽ ഒതുക്കി വട്ടംവീശിട്ടുള്ള വലയുടെ നടുക്കു വന്നിരിപ്പായി. അവിടെമാത്രം എന്തെന്തു നെയ്യിട്ടുണ്ടു. അങ്ങിനെ ഇരിക്കുമ്പോൾ ഒരു കൊതുകീച്ച- സാമാന്യം വലുതാണ- 'എന്നെപ്പോലെ ആരാണുള്ളതു' എന്ന നാട്യത്തിൽ 'ഹൂം' എന്നു മൂളികൊണ്ടു ഒരു ചില്ലക്കൊമ്പിന്മേൽ വന്നിരുന്നു, മുഖം മിനുക്കി ചിറകുകളിലെ പൊടിതട്ടി ഹൂംകാരത്തോടുകൂടി അവിടെനിന്നുയർന്നപ്പോൾ രോമം പോലെയുള്ള കാലുകൾ വലയിൽ ഒട്ടിപ്പിടിച്ചു. കിടന്നു പിടച്ചു തുടങ്ങി. ഹൂംകാരമൊന്നു നിലച്ചു. അപ്പോൾ നടുവിലിരിക്കുന്നവൻ വീണമീട്ടുന്നതുപോലെ എട്ടുകാലുകളെക്കൊണ്ടും നാലുപുറവും മീട്ടിത്തുടങ്ങി. അന്നാണു അവനു സൂക്ഷ്മദൃഷ്ടിയുണ്ടെന്നു ഞാൻ തീർച്ചയാക്കിയതു. അങ്ങിനെ നോക്കി നോക്കി ഒരു നൂലിന്മേൽ അധികം

കനാംത്തുണ്ടെന്നാണെന്ന തോന്നി. ആ നേരെ വച്ചടിച്ചു. അട്ടത്തു ചെന്നപ്പോൾ കറെ അധികം വലുതാണെന്നുകണ്ടു പിന്നാക്കം മാറി. എങ്കിലും ഉപേക്ഷിച്ചില്ല. കിടന്നു പിടയുന്ന പൊന്നീച്ചയെ വളരെ അടുത്തു ചെല്ലാതെതന്നെ നൂലുകൊണ്ടു വരിഞ്ഞുകെട്ടി അനങ്ങുവാൻവയ്യാതെയാക്കി; 'പൊന്നായാലും വെള്ളിയായാലും ഞാൻ കൂസുമോ'? എന്നു കണ്ണുരുട്ടി മിഴിച്ചുംകൊണ്ടു പണ്ടത്തെ സ്ഥാനത്തു തന്നെ വന്നിരുന്നു. ഇതു വാസനയോ വിശേഷബുദ്ധിയോ എന്തെങ്കിലുമാവട്ടെ. മനുഷ്യരുടെ വാസനാവിശേഷങ്ങൾ ഭേദമാണെന്നു നിശ്ചയംതന്നെ.

ഈ കൂട്ടരിൽ 'മണ്ണാൻ' തുടങ്ങി ഏഴു ജാതിക്കാരുണ്ടു. ഇതിൽ ഒരുജാതി ക്ഷേത്രഗണിതത്തിൽ വിദഗ്ദ്ധന്മാരാണ്. ശാസ്ത്രപ്രകാരം കോണും കള്ളിയുമൊപ്പിച്ചല്ലാതെ വല വീശില്ല. പിന്നെയൊന്നിനു അയഞ്ഞു ക്രമമില്ലാത്ത വല വീശുവാനെ വശമുള്ളു. മൂന്നാമത്തെതു പട്ടുനൂലൊലിച്ചിട്ടുള്ള പഴുതുകളിലേ താമസിക്കയുള്ളു. അവനൊരു സുഖിയനാണ്. നാലാം പരിഷകൾ കിളിവാതലുകളിലേ വല വീശുകയുള്ളു. പഞ്ചമൻ ചുമരുകളിൽ പറ്റിയിരുന്നു പാറ്റകളെ ഒതുക്കിപ്പിടിച്ചു കാലക്ഷേപം കഴിക്കണം. അവനു വല വീശുവാൻ അധികാരമില്ല. ആറാമൻ നായാട്ടുകാരനാണ്. പുല്ലിലും ചുള്ളിക്കാടുകളിലും നടന്നു ഉപജീവനം കഴിച്ചുകൂട്ടും. ഏഴാമന്റെ ചാട്ടം വിശേഷമാണ്. കണ്ണുതെറ്റിയാൽ കാണില്ല. ഇവനാണ് മണ്ണാൻ.

സപ്ത വർണ്ണങ്ങളിൽ ത്രിവർണ്ണങ്ങളുടെ സങ്കരമാണു ഊറാമ്പിലി എന്നു പ്രസിദ്ധമായിട്ടുള്ളവൻ. പിതൃപിതാമഹപ്രപിതാമഹന്മാരുടെ നടപ്പുദോഷം കൊണ്ടു വരുന്ന 'ജാതിസങ്കര'മല്ലേ. ചുമപ്പുതൊട്ടേഴുനിറങ്ങളുള്ളതിൽ മൂന്നു നിറങ്ങളുടെ കലർപ്പു മാത്രമാണ്. (ചെകറ കൂടാതെ രണ്ടു കാലിന്മേൽ നടക്കുന്ന വകയ്ക്കുപ്പുറത്തിപ്പറയുന്നോടാം വർണ്ണസങ്കരത്തിനു മ[illegible]നായ്ക്കും [illegible]ശിക്ഷയും വിരോധമില്ല). ചുകന്നു പച്ചച്ചുള്ള ഭേദം [illegible]ത്തിൽ ഇറങ്ങീട്ടല്ലാതെ ഞാൻ ഇവനെ കണ്ടിട്ടില്ല. ഹൈക്കോടതി വിധി കൂടാതെ തന്നെ ഇവനു സ്വജാതികളെ തൂക്കിക്കൊല്ലുവാൻ അധികാരമുണ്ടത്രെ. വലിയ പപ്പടത്തോളം വലിപ്പത്തിലുള്ളതിനെ ഞാൻ കണ്ടിട്ടുണ്ട്. കൊടമേറു

ളം പോന്നതു കൂടിയുണ്ടെന്നാണ്' അഫൻ നമ്പൂരിയുടെ പക്ഷം. വിഷത്തിന്റെ കാൎയ്യം തീൎച്ച തന്നെ. ആളെ കൊല്ലുവാൻ ഒക്കെ മതി.

ഊഷ്മതകൊണ്ടുവാട്ടിച്ചമച്ചങ്ങു
ഗ്രീഷ്മമായുള്ളോരുകാലംവന്നു
താപംകൊണ്ടെല്ലാരുംവേവുറവകാവിലും
വാപികാതീരത്തുമെത്തുടങ്ങി

ആളുകളുടെ ബാഹുളത്തിൽ നിന്നൊഴിഞ്ഞ ഒരു പേരാലിന്റെ തണലിൽ ചെന്നു ഞാനും കാലുനീട്ടി. ആ സ്ഥലം ഒന്നുവൎണ്ണിക്കാൻ നോക്കട്ടെ. തണ്ണൂന്ന പഴയ ആല്. പോട്ടിലൊക്കെ ആനയുടെ മുഴവെല്ലുപോലെ പൊന്തിനില്ക്കുന്ന വേര്. വേരുകൊണ്ടുതന്നെ കൊമ്പുകൾക്കൊക്കെ തുണ. പ്രായംചെന്ന കൊമ്പുകളിലൊക്കെ മീശ. വെയിലടച്ച തണല്. അടുത്തൊരു പൊട്ടക്കുളം. അല്പം ദൂരെ ഇടിഞ്ഞുപൊളിഞ്ഞ മതിൽ. അതിന്റെ ഉള്ളിൽ ജീൎണ്ണിച്ചുവന്നുപോയൊരമ്പലം. കാരമാണെന്നു തപസ്വികൾ ആലിൻ ചുവട്ടിൽ ചെന്നിരിക്കുന്നത്. അരയാലിനേക്കാൾ പേരാലിനു പ്രാധാന്യം കിട്ടുവാൻ കാരണം എന്താണാവോ? ഞാൻ അന്നു വടപത്രശയനൻ മാത്രമല്ല ആയുള്ളു. വേരുകൊണ്ടൊരു തലോണ്ണയും സമ്പാദിച്ചു. ഞാൻ അവിടെ ചെന്നുകൂടിയത് ഒരു വിദ്വാനു പിടിച്ചില്ല. അടുത്തുവന്നു എഴുത്താണിവാൽ വളച്ചു തലപൊന്തിച്ചുനോക്കി. എന്നെ കണ്ടപ്പോൾ മുഖമൊക്കെത്തുടുത്തു. അതൊരു പച്ചിലയോന്തായിരുന്നു. ഇനിക്കു കല്ലുവലിച്ചെറിയുവാനല്ല അപ്പോൾ തോന്നിയതു, അനങ്ങാതെ കിടക്കുവാനാണു. അവനാളും രസിച്ചില്ല. മുഖം വീൎപ്പിച്ചുകൊണ്ടുപോയി. മുഖം വീൎപ്പിക്കാത്ത സമയം ചുരുക്കം വല്ലതിലും കളിച്ചുനിന്നു ശകാരിക്കുന്നതായിരിക്കാം. ആയിക്കോട്ടെ. ഞാൻ കാൎണോരെയുംകണ്ടു. നാണിനെയിരിക്കുമ്പോൾ കണ്ണാറൻകണ്ണൻ കൂട്ടുകാരെ പറഞ്ഞു എന്താണ്ടു തട്ടിക്കൊണ്ടുപോന്നു. വ്യവഹാരമായി. രണ്ടുപേരുംകൂടി മരത്തടിയുടെ ചുറ്റും ഓടിത്തുടങ്ങി. കള്ളൻ ഉപായത്തിൽ ഒളിച്ചുമാറി ഒരു വേരിന്റെ മറവിലിരുന്നു എന്തോ രണ്ടുംകൂട്ടിക്കൊണ്ടു മുറുകെ പിടിച്ചു തെരുതെരെ തിന്നുന്നതു ഞാൻകണ്ടു. മറ്റവൻ ഇളിഭ്യനായിട്ടിരുന്നു ശേചകൃചേര്' എന്നു പറഞ്ഞു വാലിട്ടു തല്ലിത്തുടങ്ങി. അതുകൊണ്ടു കാൎയ്യമായൊ? കള്ളൻ കിട്ടിയതു വയറ്റിലാക്കിക്കഴിഞ്ഞു.

ചില അത്യാൽതികൾ ആലിന്റെ ഇല കൊണ്ടു പിടിച്ചു ന ക്കുന്നതു കാണാറുണ്ട്. ഇപ്പോഴല്ലെ കാര്യം മനസ്സിലായുള്ളൂ. ഇലയുടെ നടുഞരമ്പിനടുത്ത് ഒരുമാതിരി പാലുകിട്ടും. അതു അവർക്കു ഉതാണ്. അവർക്കു പശുവിൻ പാലാവശ്യമേയില്ല. മഞ്ഞക്കിളി, തത്ത, കാക്ക, കുയിൽമുതലായ പല കൂട്ടരും എന്റെ തലയ്ക്കുമീതെ തന്നെയിരുന്നു തമ്മിൽ തല്ലുന്നുണ്ട്, തിന്നുന്നുണ്ട്, പാടുന്നുണ്ട്, പരക്കുന്നും തന്നെ. ചിലരുടെ പ്രണയകലഹം കാണുമാറാണ ബഹുരസം. കാക്കയും കുയിലും തമ്മിൽ കണ്ടാൽ കണ്ടാമണ്ടിയായി. കാക്കയെ കുറച്ചുനേരം തണലത്തിരുന്നാൽ കൊല്ലാമെന്നുണ്ട്. കുയിലിന്റെ ഞെട്ടുകൊണ്ടിട്ടു ഒരു സൈ്വര്യവുമില്ല. ഇതു കണ്ടു മറ്റെല്ലാവരും കൂടി ആർത്തു തുടങ്ങി. കാക്ക മുഷിഞ്ഞു 'കാ കാ' എന്നു കാറ്റിച്ചു ഇപ്പിക്കൊണ്ടു പറന്നുപോയി. ഓട്ടുകള്ളിട്ടു ചെരിഞ്ഞു ചാടിച്ചാടി വന്ന എന്റെ പപ്പടം കബളിച്ചു കൊണ്ടുപോകമ്പോൾ ഇതിനെ ശ്രദ്ധിച്ചിരുന്നു. എങ്കിലും ആ സാധുവിന്റെ പേരിൽ അന്നിനിക്കു ദയയാണ തോന്നിയത്.

അന്തിനേരത്തു 'മന്ദസമീരണൻ ഉന്മേഷപൂർണ്ണരായെന്നെത്തിപ്പൂവിലെ നറുമണമെല്ലാം പകർന്നു' മന്ദിരാന്തരം സഞ്ചരിച്ചു ഇലകളിയർപ്പോൾ ആലിന്റെ കൊമ്പുകളിൽ ഒക്കെ വാവലുകൾ വന്നു തൂങ്ങിക്കിടന്നു വൃദ്ധന്മാരെപ്പോലെ പല പല എന്നു പറഞ്ഞു ചവച്ചു ഇപ്പവാൻ തുടങ്ങി. എന്റെ തലയും വായയും അവരുടെ കോളാമ്പിയാക്കുവാൻ മടിച്ചിട്ടു ഞാനും പോന്നു.

'ജീവനദാതാവിയതി
ഭാവംലോകത്തിലുള്ളവർക്കെല്ലാം
ജീവനാധാരമായി
ട്ടേവം ചമയുന്നതെന്തിനയ്യോ'നീ?'

മനുഷ്യർക്കു മാത്രമേ ഈ വിചാരമുള്ളൂ. എത്ര ജീവികൾ ഒത്തുകൂടി മേഘത്തിനോടു നന്ദി പറയുന്നുണ്ട്?

കേതകപ്പൂവിലെ നറുമണംകൊണ്ടെല്ലാം
കേഴിച്ചുപാറും ചെറുവെള്ളംകാലം
കാർമുകിലായൊരു നീലപ്പട്ടം കൊണ്ടു
ഭൂമകൾ ചമ്മവിതാനിച്ചും

ആരംഭമിയന്ന വലാകകളാകിന
പൂക്കലർമേളത്തിൽ തൂകി ച്ചെമ്മെ
ശോഭ കലർന്നൊരു തൂമിന്നലായുള്ള
ദീപങ്ങളുള്ളൊരു കൊളുത്തി മേന്മേൽ
പാഴിടിയാമൊരു കേളിയുമൊത്തമേ
പാരം മുഴങ്ങിച്ചു വന്നു പിന്നെ.

ഇയ്യാംപാററ, ഞാഞ്ഞൂൽ, തവള മുതലായ ജന്തുക്കളെ എല്ലാ കിളിപ്പുറപ്പിടിവിക്കുന്ന വർഷകാലത്തെ ആരാണ ബഹുമാനിക്കാത്തതു? എന്നെല്ലാം നേരമ്പോക്കുകൾക്കു അല്പാല്പം വകയുണ്ട്. ഇതൊന്നും കണ്ടു രസിക്കാതെ മനുഷ്യർ അഹംഭാവം കൊണ്ടും സ്വാർത്ഥം കൊണ്ടും കാലം കഴിക്കുന്നുവല്ലോ? കഷ്ടം തന്നെ.

സൃഷ്ടിപ്രിയൻ

അശ്ലീലം

കവിത വായിക്കുമ്പോഴും മററും രസജ്ഞന്മാരുടെ മനസ്സിലുണ്ടാവുന്ന രസപ്രവാഹത്തിന്നു പെട്ടെന്നു തടസ്ഥം ഉണ്ടാക്കുന്ന ചില പ്രതിബന്ധങ്ങളുണ്ടെന്നു കണ്ടറിഞ്ഞു അവയെത്തരത്തെ പിടിച്ചു ‘കാവ്യദോഷങ്ങൾ’ എന്നു പേരും കൊടുത്തു സാഹിത്യശാസ്ത്രകാരന്മാർ മററുള്ളവൎക്കും അറിയത്തക്ക വിധത്തിൽ വിവരിച്ചിരുന്നിട്ടുണ്ട്. ഇങ്ങിനെയുള്ള കാവ്യദോഷങ്ങളിൽ പ്രധാനപ്പെട്ട ഒന്നാകുന്നു ഇവിടെ പ്രറയുവാൻ ഭാവിക്കുന്ന അശ്ലീലം. ഈ ദോഷം പദത്തിലായിട്ടും വാക്യത്തിലായിട്ടും (അതായതു, പദങ്ങളുടെ സന്ധികൊണ്ടു ഉണ്ടാവുന്ന മറെറാരു വിധമുള്ള പദച്ഛേദം വഴിക്കാകുന്നു) ഇങ്ങിനെ രണ്ടുവിധത്തിൽ വരാവുന്നതാണ്. സ്വഭാവഭേദംകൊണ്ടു രണ്ടുവിധത്തിലുള്ള ഈ അശ്ലീലം അമംഗളത്തിൽ (ആപത്തിൽ) ഭയം ജനിപ്പിക്കുന്നതെന്നും അറപ്പു തോന്നിക്കുന്നതെന്നും ലജ്ജയുണ്ടാക്കുന്നതെന്നും മൂന്നുതരത്തിൽ വേർതിരിച്ചിരിക്കുന്നു.

ഇവയിൽ ആദ്യത്തേതു അനിഷ്ടഫലം കൊടുക്കുന്ന നിലയിൽ എത്തിക്കാണുമ്പോഴാണ് അതിനെത്തന്നെയാണ ‘ഭയം’ എ

ന്നു പറഞ്ഞു വരുന്നതു. 'കോടെ നമുക്കശോതി,' എന്നു കവിതയിൽ പ്രയോഗിച്ച ഒരു മഹാകവിക്കു കാട്ടിൽ കിടന്നുഴലേണ്ടിവന്നു എന്നു പ്രസിദ്ധമാണല്ലോ. അതുപോലെ ഒരു വസൂരിക്കൊള്ളയിൽ ഒ യ വള്ളുനായായിട്ടു 'പോകലിപ്പാഠമവന്നുകൂട്ടം,' എന്നുതുള്ളിമിന്നിപ്പിച്ച മറ്റൊരു കവിക്കും പറഞ്ഞപോലെ പററീട്ടുണ്ടു.

വേറെ ഒരു വകക്കാരുണ്ടു. അവർക്കു എന്തെങ്കിലും കൌതുകം തോന്നുന്ന ഒരു സാധനം കണ്ടാൽ അതിനെ പുകഴ്ത്തിക്കൊണ്ടെന്തെങ്കിലും വല്ലതും കാച്ചിക്കൊണ്ടു പറയാതിരുന്നുകൂടാ. പറഞ്ഞുപോയാൽ ആ സാധനത്തിന്നു തൽക്ഷണം കേടുതട്ടാതിരിക്കുകയുമില്ല. ഈ തരക്കാരെയാണ കരിങ്കണ്ണന്മാരെന്നോ കരിനാവുകാരെന്നോ പറഞ്ഞുവരുന്നതു. ഇവരുടെ നോട്ടത്തിൽ ദൃഷ്ടിവിഷമോ വാക്കിൽ ജിഹ്വാവിഷമോ ഉണ്ടെന്നാണ സാധാരണ ജനവിശ്വാസം. ഈ മാതിരിക്കാരുടെ വാക്കു കാവ്യരീതിയിൽ എന്തെങ്കിലും ചില അലങ്കാരങ്ങളെക്കൊണ്ടു ഭംഗിയായിരിക്കുകയും ചെയ്യും. അനുഭവസ്ഥന്മാൎക്കു ആപത്തിനെ ഉണ്ടാക്കിത്തീൎക്കുമെന്നുള്ളതും തീൎച്ചതന്നെ. ഈ വിധം ജിഹ്വാവിഷം (നാവൂറ) ഉള്ളവരുണ്ടാക്കിയാൽ അശ്ലീലമെന്ന ദോഷമുണ്ടോ എന്നാണിവിടെ ആലോചിപ്പാനുള്ളതു. ശ്രവണമാത്രത്തിൽ ആപത്തുണ്ടാക്കിത്തീൎക്കുന്ന പദബന്ധമില്ലാത്തതുകൊണ്ടു അശ്ലീലമുണ്ടെന്നു പറഞ്ഞുകൂടാ എന്നാണ' ചിലരുടെ അഭിപ്രായം. "വാസ്തവത്തിൽ വാച്യാനിഷ്ടമായ അശ്ലീലമില്ലെന്നിരിക്കിലും വ്യംഗ്യപദ്ധതിയിൽ ചാടുമ്പോൾ വിപരീത ലക്ഷണയായി ആപത്തിനെ ജനിപ്പിക്കുന്നതിനാലും അനിഷ്ടഫലം ഉടനെ കൊടുക്കുന്നതിനാലും പണ്ടെതന്നെ 'നാവൂറ' എന്നു പേരുകല്പിച്ചിട്ടുള്ളതിനാലും ഇതും ഒരു മാതിരി അശ്ലീലത്തിന്റെ വക ഭേദമാണെന്നു വെക്കുന്നതാണു നല്ലതു" എന്നു മറ്റു ചിലർ സിദ്ധാന്തിക്കുന്നു. എന്നാൽ 'നാവൂറ' എന്നുമററും പറയുന്നതു ശുദ്ധമേ അന്ധവിശ്വാസ മാണെന്നുവേറെ ചില നവീനന്മാർ വാദിക്കുന്നില്ലെന്നുമില്ല. ഇതിൽ ഏതാണ ശരിയായിട്ടുള്ളതെന്നു ലോകതന്ത്രജ്ഞന്മാർ തീൎച്ചയാക്കട്ടെ.

ആദ്യത്തെ അശ്ലീലത്തിന്റെ മാതിരി ഒരുവിധം അറിയാമല്ലോ.

അറപ്പു തോന്നിക്കുന്ന പദാർത്ഥങ്ങളുടെ പേരോ അല്ലെങ്കിൽ സ്വരൂപവർണ്ണനയോ ഉള്ള കവിതയിലാണ് മൂന്നാമത്തെ അശ്ലീലം.

കൊടുങ്ങല്ലൂർഭരണി 'ചേർത്തലപ്പൂരം' എന്നീവക ആഘോഷങ്ങളിൽപ്പാടുന്ന ചില പാട്ടുകൾ മൂന്നാമത്തെ അശ്ലീലത്തിന്റെ വിളയാട്ടു സ്ഥലങ്ങളാകുന്നു.

ഇനി മേൽപറഞ്ഞ അശ്ലീലങ്ങളെ വാക്യത്തിലായിട്ടും പദത്തിലായിട്ടും യഥാക്രമം ഉദാഹരിക്കുന്നു.

അമംഗളമുണ്ടാക്കുന്നതു:-

൪. പലരുംചത്തെഴുത്തച്ഛൻനിലതെറിച്ചുമാരായിൽ
ചിലർതീക്ഷ്ണകവിതയാൽപലർമറന്നമതാം

ഈ ശ്ലോകത്തിൽ ആദ്യത്തെപ്പദങ്ങളുടെ യോഗത്തെ മറ്റൊരുവിധം പലരും + ചത്ത + എഴുത്തച്ഛൻ എന്നു പദച്ഛേദം ചെയ്യാവുന്നതാകയാൽ അമംഗളത്തെ ജനിപ്പിക്കുന്ന അശ്ലീലം സ്ഫുരിക്കുന്നു.

൫. എത്തുമാരരിനിരപ്പപാടവൻ
വിത്തുപോലെവിശിഖംവിതച്ചവൻ
ഒത്തുപോരിലരിവീരരെല്ലയാൽ
ചത്തുപോയ്‌വിജയവിനോദവാൻ

ഇതിൽ 'ചത്തുപോയ്' എന്ന പദത്തിൽതന്നെയാണ് മുൻപറഞ്ഞദോഷം.

അറപ്പുതോന്നിക്കുന്നതു:-

൬. "പറിച്ചോരചലത്തിന്റെപാറച്ചുവടതിൽപ്പുരം
നിവർത്തിഗ്ഗോക്കളെക്കാത്തവീരൻതാർനയനൻതുണ'

ഇതിൽ പറിച്ചോരു, ചലം എന്നിങ്ങിനെ പദം മുറിക്കാവുന്നതാകയാൽ അശ്ലീലം പ്രകാശിക്കുന്നുണ്ട്.

൭. മലമൂത്രവിസർജ്ജനാദിയാം
പലകൃത്യങ്ങളുമെന്നിയേ ഭടാ
അലസംവെടിയായിനൊമ്മളീ
നിലയിൽക്കൂട്ടുകിലുണ്ടുദോഷടം

ഇതിൽ അറപ്പുതോന്നിക്കും അശ്ലീലപദങ്ങളെ ചൂണ്ടിക്കാണിക്കേണമെന്നില്ലല്ലോ.

ലജ്ജയുണ്ടാക്കുന്നതു-

൨. മുൻപ്,ഊരി,പാകിൽ,ഉള്ളം,കരണൊവിലാസ
വൻപേറിട്ടന്നൊരുകടാക്ഷനിരീക്ഷണത്താൽ
എൻപേരിൽനീമമതവെച്ചയിരാജമൌലി
പ്പെൺപയ്യലെ!തരികകാമമണച്ചസൌഖ്യം

ഈ പദ്യത്തിൽ ആദ്യത്തെ അശ്ലാക്ഷരമായ വാക്യം കൂട്ടിച്ചേർത്തു മറെറാരു വിധം പദം മുറിക്കുന്നതായാൽ ലജ്ജാവഹമായ അശ്ലീലം പ്രത്യക്ഷമാവുന്നതാണ.

൩. ആത്മയോനികലാപ്രൗഢൻമഹാലിംഗാമഹീസുരൻ
ഭോഗരായിപദാസക്തനാരാധിക്കുന്നനിത്യവും

ഇങ്ങിനെ മററുപ്രകാരത്തിലും ഈ ദോഷം വരാവുന്നതാണ. ഈ മാതിരിക്കാണ ഭരണിപ്പാട്ടെടുത്തുദാഹരിക്കാവുന്നത.

ഈ മൂന്ന ജാതി അശ്ലീലങ്ങളുടേയും പ്രത്യേകോദാഹരണപ്രകാരം നോക്കുന്നതായാൽ ഒരു ഭാഷയിലുള്ള കൃതികൾക്ക മറെറാരു ഭാഷയിൽ അശ്ലീലം തോന്നുവാനും വഴിയുണ്ട. ക്രമത്തിൽ ഉദാഹരണം.

൧. 'ശിവശങ്കരമാരാരെ!നീചാവു'ന്നതിമാപ്പവർ
ആവലംകൈകപാസവാസിംസ്പൃഷ്ടസേവയാദാസരമ്പതി

൨. 'ഗുരോ!വളി'ഇവാരാനു!'കുളു'ഒന്നാപാകജ
'അപ്പി'ത്തനെത്രകക്കതേപാമപി'ചോർട്ടജനാധിപ'

൩. ജാനാമിസുന്ദരി!താംമെരാണ്മമന്ന്യാനുരാഗിണി'
എന്റ്കുള്ളുകടി'പ്രചിത്താംനർമ്മതസ്യാനിവർത്തിത

അലങ്കാരപ്രയോഗത്തിന്റെ വൈഷമ്യം നിമിത്തവും ചിലപ്പോൾ കവിതകളിൽ ഈ ദോഷം അപരിഹാൎയ്യമായിട്ട പററിപ്പോകാറുണ്ട. ഓരോ അലങ്കാരങ്ങളെ എടുത്ത പ്രത്യേകം അശ്ലീലപ്പെടുത്തികാണിക്കുന്നതായാൽ ഈ ഉപന്യാസം വളരെപ്പരന്ന പോകാനിടയുള്ളതുകൊണ്ടും അങ്ങിനെ കൂട്ടിപ്പെരുക്കുന്നതുകൊണ്ട വലിയ പ്രയോജനമൊന്നുമില്ലാത്തതുകൊണ്ടും മാതിരി കാട്ടുവാൻ മാത്രം ഓരോ ഉദാഹരണം കൊടുപ്പാനെ ഇവിടെ വിചാരിക്കുന്നുള്ളു.

൨൦. ഇടതാകാർശ്ശന്തരാംഗമുടച്ചുയർവന്നവിഘ്നവൈരാഗ്യാൽ
തൈവിൽനെട്ടവീപ്പിട്ടന്നുപട്ടവായിട്ടുംമനുഷ്യന്മാൎക്കും

ഇതിൽ മൂന്നാം പാദം സചാർവാകതിയാണെങ്കിലും പശ്ചിമയാകതി

യായിട്ട മരണത്തെ അസ്ഥാനത്തു സൂചിപ്പിക്കുന്നതിനാൽ ഒന്നാന്തരം അശ്ലീലമുണ്ടാകുന്നു.

൫൫. കുറുക്കിക്കൊഴുകെച്ചുലതപോലെയൊരുത്തം
നറുമ്പാൽനിറമ്പാത്തൊരത്യർത്തിയോടെ
പറക്കുമ്പടിസ്സുതപ്പെണ്ണാരപ്പാറി
ട്ടൊരുക്കിൽക്കിടിർസ്സുനനാക്കുന്നൊന്നാളും

ഇതിൽ ഉപമിക്കുവാൻവേണ്ടിമാത്രം ചലത്തിന്റെ പ്രസ്താവം വരുത്തിയതു എത്രയോ അറപ്പു തോന്നിക്കുന്നതിനാൽ രണ്ടാമത്തിരി അശ്ലീലം മുന്തിനില്ക്കുന്നു.

൫൬. നെഞ്ചിലച്ചുലയുവോരലക്ഷ്മിയാം
ചഞ്ചലാക്ഷിയുടെതുള്ളൽകാരണം
വഞ്ചിപ്പിച്ചിയല്ലിമിന്ദ്രിയാർദ്രനാം
പഞ്ചബാണജനകൻതുണയ്ക്കണം

ഇതിൽ സമാസോക്തി വഴിയായി ഏററവും ലജ്ജാകരമായ ഒരു കൃത്യം സ്മരിക്കുന്നതുകൊണ്ടു മൂന്നാമത്തെ അശ്ലീലപ്രകൃതാർത്ഥത്തെ കൂടി മൂടിക്കൊണ്ടു പ്രകാശിച്ചു നില്ക്കുന്നു.

൫൭. 'മാർഗ്ഗ്വന്നുടുകാംവിരവൊടുവിലച്ച
നീട്ടുകിൽപായനീർത്തും
മെല്ലേകേററികിടത്തീട്ടുടനടനൊകഴ
ക്കോലെടുത്തിട്ടുകുത്തും
അന്തികെന്നില്ലകാറാംമഴയുമണയുകിൽ
ച്ചേർത്തുകെട്ടികിടക്കും
പിന്നെക്കാണുന്നനേരസ്സുഖമനുതരണിമാ
കില്ലകെവഞ്ചിപോലെ'

ഇതിലും ഉപമിക്കുന്നതിനുവേണ്ടി സാധാരണധർമ്മങ്ങളെ തേടിയ കൂട്ടത്തിൽ രണ്ടാം പാദത്തിന്റെ അവസാന ഭാഗത്തിൽ പറഞ്ഞിട്ടുള്ളതു കുറച്ചു കടന്ന കയ്യായിപ്പോയി. ലജ്ജാവഹമായ അശ്ലീലത്തെ ജനിപ്പിക്കുന്നുണ്ടു.

ഈ വക അശ്ലീലങ്ങൾക്കു കാരണമാകുന്ന പദം ഉപയോഗിച്ചാലും ചിലേടത്തു അശ്ലീലദോഷമുണ്ടാവുന്നതല്ല. രസപ്രവാഹത്തെ പ്രതിബന്ധിച്ചു നിറുത്തുകയാണല്ലോ കാവ്യദോഷങ്ങൾ

ങ്കൾക്കെല്ലാം മൂലം.അതു ചെയ്യാതിരുന്നാൽമതി. അവിടെ അശ്ലീലവുമില്ല. ഈപ്രതിബന്ധിയ്ക്കുള്ള മൂന്നുവഴിയ്ക്കു വരാവുന്നതാകുന്നു. ൧. രസപ്രതിബന്ധകമായ ദുരർത്ഥം സ്ഫുരിക്കുന്നതിനു മുമ്പിട്ടുതന്നെ പ്രകൃതാർത്ഥം പ്രകാശിച്ചു കാര്യം നിർവഹിക്കുക. ൨. ആ അർത്ഥം സ്ഫുരിക്കുന്നതും സന്ദർഭബലത്താൽ രസഭംഗം വരുത്താൻ മതിയാകാതെ ഉദാസീന നിലയിൽ നില്ക്കുക. ൩. ആ അർത്ഥംതന്നെ പ്രകൃതരസപുഷ്ടിക്കു ഉപയോഗപ്പെട്ടിരിക്കുക.

ഈ മൂന്നിനും പ്രത്യേകം മൂന്നുവക അശ്ലീല വിഷയങ്ങളെയും ക്രമത്തിൽ ഉദാഹരിച്ചു കാണിക്കാം.

തിരസ്കൃതം:

൧൪. മനോഭയംക്കൂടാതുടനെ
രമണിനിരയിൽചരിച്ചുഹരിതനായൻ
ശരാവലിയാൽക്കൊണ്ടൊരാ
പരവശരാക്കിച്ചമച്ചുഗുരുവരെ

ഇതിൽ 'മനോഭയംകൂടാതെ' എന്നതിനു "ധൈര്യത്തോടുകൂടി" എന്നർത്ഥം മുമ്പിട്ടു നില്ക്കുന്നതിനാൽ അശ്ലീലമുണ്ടാവുന്നില്ല.

൧൫. ചോരത്തിളപ്പുള്ളവരല്ലൂതാരിൽതൻമൊഴിയാളിതാ
മാറത്തുമുലയുലച്ചുമാരനെത്തൂന്നകാണ്കെടോ

ഇവിടെ "ചോരത്തിളപ്പ്" എന്നതിന് പുഷ്ടയൗവനംഎന്നർത്ഥമാണ് മുമ്പിട്ടു നില്ക്കുന്നത്. അതുകൊണ്ട് അശ്ലീലബാധയില്ല.

൧൬. ശിവലിംഗപൂജചെയ്തു
നവനിൽഭഗവാൻകനിഞ്ഞിട്ടുമേമെൻ
ഭവശമലവമവനെന്നതിനു
ഭവദ്നാകംഭക്തമാവ്യഭഗവാൻമവ്യം

ഈ ശ്ലോകത്തിൽ ലിംഗം, ഭഗം, എന്നീപദങ്ങൾക്കു ദുരർത്ഥം സ്ഫുരിക്കുന്നതിനു മുമ്പിൽ പ്രകൃതാർത്ഥംകൊണ്ടു കാര്യം നടന്നുകഴിയുന്നതിനാൽ അശ്ലീല ശങ്കപോലുമുണ്ടാവുന്നില്ല.

ഉദാസീനം:

൧൭. സന്താപാംഗംഗാജലമുങ്ങിച്ചത്താലും മോക്ഷമാസ്പദം
അത്യാനന്ദമൊഴിഞ്ഞാത്മഹത്യാനാകമില്ലതിൽ

ശിഷ്യ. ചോരയൊലിക്കുമക്കണ്ണിൽപാരംപൂളെങ്കിലും
കരുവൈദ്യൻവൻപ്രമേഹകൃതകിറാതിരിക്കുമോ?

ഗുരു. ധർമ്മംതെററാൻവിംശമോനിസംബന്ധംമാത്രമല്ലെടോ
കയ്യാതെതല്ലുമന്ന്യന്റെപെണ്ണുചേർത്തല്ലുപാപമാം

ഉദ്ദീപകം:—

൨൦. ഉച്ചതിങ്ങുപകരാപങ്ങളിട
ജ്ജൃംഭമാഷമൊട്ടുഭീമനായഞാൻ
കയ്യച്ചുണാങ്ങലിയിൽനൂറവമ്പരൊഴു
തച്ചുകൊന്നുമയമരികൊട്ടുവൻ

ഇവിടെ 'തച്ചുകൊന്നു' എന്നപ്രയോഗം അശ്ലീലമുണ്ടാക്കുന്നില്ലെന്നു മാത്രമല്ല ഭീമസേനന്റെ യുദ്ധവീരത്വത്തിന്നും രൌദ്ര രസത്തിന്നും പരിപോഷകമായുമിരിക്കുന്നു.

൨൧. ഖരഘോരതീക്ഷ്ണനഖരങ്ങൾകൊണ്ടരി
പ്പെരുമാറുകീറിരുധിരംകുടിച്ചുടൻ
സുരവൈരിവർഗ്ഗമുന്മൂലിയാക്കിടും
നരസിംഹമൂർത്തികുശലംതരേണമേ

ഇവിടെ 'രുധിരംകുടിച്ചുടൻ' എന്നത് അശ്ലീലമാവുന്നില്ലെന്നതിന്നുപുറമെ രൌദ്രബീഭത്സസമ്മേളനത്തിന്ന് അത്യുപയുക്തമായിരിക്കുന്നു.

൨൨. കൊന്നമലർത്തിയമാകാൻ
തന്നുടെവയർകീറിവെച്ചോരാകൃതിയിൽ
പെണ്ണിൻകാൽക്കൂട്ടപഴ
ന്നുള്ളിൽപ്രിയമാക്കുവാൻകൃമികൾക്കെന്ന്യേ

ഇവിടെ യോനിസമ്പ്രാപ്തിവർണ്ണനം പ്രകൃത്യാ ലജ്ജാകരമാണെങ്കിലും ഏററവും ജുഗുപ്സാവഹമാക്കിത്തീർത്ത് നിർവ്വേദം വരുത്തുവാൻ തക്കവണ്ണം വർണ്ണിക്കയാൽ ശാന്തരസത്തിന്ന് അത്യുപയുക്തമായിരിക്കുന്നു.

ഇങ്ങിനെ ചുരുക്കത്തിൽ അശ്ലീലത്തിന്റെ ഉദാഹരണങ്ങളെ

യും പ്രത്യുദാഹരണങ്ങളേയും കാണിച്ചതിൽനിന്ന് ഇതിന്റെ സ്വരൂപം, സ്ഥാനം, വിസ്താരം, വൈരസ്യകരത്വം മുതലായതുസംഗതിയെ വർ ഊഹിച്ചു കണ്ടുകൊള്ളേണ്ടതാകുന്നു.

തെക്കുംകൂറും വടക്കുംകൂറും

രാജാക്കന്മാർ

തെക്കുംകൂറെന്നും വടക്കുംകൂറെന്നും പറയപ്പെടുന്ന രാജാക്കന്മാരുടെ പൂർവ്വചരിത്രങ്ങളെ യഥാക്രമം വിവരിക്കുന്നതിന് ഇപ്പോൾ വിശ്വാസയോഗ്യങ്ങളായ രേഖാപ്രമാണങ്ങൾ അധികമൊന്നും ഇല്ലാതെയാണിരിക്കുന്നത്. എന്നാൽ ചില രേഖകൾ ഇല്ലെന്നുമില്ല. എന്റെ അന്വേഷണത്തിൽ കണ്ടുകിട്ടീട്ടുള്ള രേഖകളേയും ആ തമ്പുരാക്കന്മാരിൽനിന്നു വാങ്മൂലമായികിട്ടീട്ടുള്ള അറിവുകളേയും കേട്ടുകേൾവികളേയും അടിസ്ഥാനമാക്കിയാണ് ഞാൻ ഈ വിവരണം എഴുതുന്നത്. ഇതിൽ വല്ല അസംഗതങ്ങളോ അബദ്ധങ്ങളോ ഉണ്ടായിരുന്നാൽ സജ്ജനങ്ങൾ ക്ഷമിക്കുകയും ഞാൻ പറയുന്നതിൽ കൂടുതലായും സൂക്ഷ്മമായും വാസ്തവമായുമുള്ള വല്ലകാര്യങ്ങളും ഇതിനെസംബന്ധിച്ച ആർക്കെങ്കിലുമറിവുണ്ടായിരുന്നാൽ അവർ അവയെ അറിയിച്ചുതരികയും ചെയ്യുമെന്നുള്ള വിശ്വാസത്തോടുകൂടി പ്രകൃതത്തിൽ പ്രവേശിക്കുന്നു.

തെക്കുംകൂർ വടക്കുംകൂർ രാജാക്കന്മാർ ഒരു കാലത്തു കേരളരാജ്യം മുഴുവനും ഭരിച്ചിരുന്ന ഒരു ചേരമാൻപെരുമാളുടെ സേവകന്മാരായിരുന്നു എന്നു ചിലർ പറയുന്നു. മറ്റുചിലർ ഒരുകാലത്ത് കേരളം അടക്കിവാണിരുന്ന ഒരു ചേരമാൻ പെരുമാൾക്ക് പരജാതിയിൽനിന്നുണ്ടായി എട്ടു ഭാര്യമാരുണ്ടായിരുന്നു എന്നും അവരിൽ രണ്ടു ഭാര്യമാരിൽനിന്നുണ്ടായ പുത്രന്മാരാണ തെക്കുംകൂർ വടക്കുംകൂർ രാജാക്കന്മാരായിത്തീർന്നത് എന്നുമാണ പറയുന്നത്. ഈ രണ്ടഭിപ്രായങ്ങളേയും വിശ്വസിക്കാനും വിശ്വസിക്കാതെയിരിക്കാനും തക്കതായ ലക്ഷ്യങ്ങളൊന്നും ഇപ്പോൾ കാണുന്നില്ല. എങ്കിലും മേൽപ്പറഞ്ഞ രാജ്യങ്ങൾ രണ്ടും ഒരു രണ്ടുരാജാക്കന്മാർക്കും ഒരു ചേരമാൻപെ

ങ്ങളും സന്തോഷപൂർവ്വം കൊടുത്തിട്ടുള്ളവയാണെന്നുള്ളതിനു ചില രേഖാപ്രമാണങ്ങളും കാണുന്നുണ്ടു്. അതുകൊണ്ടു് ഈ തമ്പുരാക്കന്മാർ ഒരു ചേരമാൻപെരുമാളുടെ സേവന്മാരായിട്ടും പുത്രന്മാരായിട്ടും എന്തുവിധമെങ്കിലും അദ്ദേഹത്തിന്റെ പ്രീതിക്കു പാത്രീഭവിച്ചിരുന്നു എന്നുള്ള സംഗതിയെ തീർച്ചയായി വിശ്വസിക്കാവുന്നതാണ്. ചേരമാൻ പെരുമാളും ക്ഷത്രിയവംശജനായിരുന്നതിനാൽ സാമന്തവംശജന്മാരായുള്ളവർ അദ്ദേഹത്തിന്റെ പുത്രന്മാരായിരുന്നു എന്നുള്ളതും വരാൻപാടില്ലാത്തതല്ല.

തെക്കുംകൂർ വടക്കുംകൂർ രാജ്യങ്ങളും ഇപ്പോൾ തിരുവിതാംകൂറിൽ ഉൾപ്പെട്ടിരിക്കുകയാണെന്നു് എല്ലാവർക്കും അറിയാവുന്നതാണല്ലോ. തെക്കുംകൂർ രാജ്യത്തിന്റെ അതൃത്തികൾ കിഴക്കു് ഇല്ലിക്കൽ കൊടുമുടിയും, പടിഞ്ഞാറു വേമ്പനാട്ടുകായലും, വടക്കു കാണക്കാലിക്കുന്നും (ഏറ്റുമാനൂർ ക്ഷേത്രത്തിങ്കൽനിന്നു ഒരു നാഴികവടക്കുള്ള ഒരു കുന്നു) തെക്കു് കല്ലൂട്ടൂർകടവും (തിരുവല്ലായിലുള്ള ഒരു പുഴ) ആകുന്നു. വടക്കുംകൂറിന്റെയും കിഴക്കും പടിഞ്ഞാറുമുള്ള അതൃത്തികൾ മേൽപ്പറഞ്ഞവതന്നെയാണു. തെക്കു തെക്കുംകൂറും വടക്കു ഏകദേശം ആലങ്ങാട്ടുവരെയുമായിരുന്നു. തെക്കുംകൂർരാജ്യമായിരുന്ന സ്ഥലം ഇപ്പോഴത്തെക്കിടപ്പിനു പറയുകയാണെങ്കിൽ, കോട്ടയം, ചങ്ങനാശ്ശേരി എന്നീരണ്ടുതാലൂക്കുകളും മുഴുവനും തിരുവല്ല, ഏറ്റുമാനൂർ, മീനച്ചിൽ എന്നീതാലൂക്കുകളുടെ ഏതാനുംഭാഗങ്ങളും ചേർന്നാണു് കിടക്കുന്നതു്. വടക്കുംകൂറിൽ വൈക്കം, മൂവാററുപുഴ, കുന്നത്തുനാടു്, എന്നീ മൂന്നുതാലൂക്കുകളും മുഴുവനും ഏറ്റുമാനൂർ, മീനച്ചിൽ എന്നീതാലൂക്കുകളുടെ ഏതാനുംഭാഗങ്ങളും ഉൾപ്പെടും. തെക്കുംകൂറിന്റെയും വടക്കുംകൂറിന്റെയും അതൃത്തിതിരിച്ചു് ഒരു മൺകോട്ട ഉണ്ടായിരുന്നതു ചിലസ്ഥലങ്ങളിൽ ഇപ്പോഴും കാണുന്നുണ്ടു്. ഇപ്രകാരം അതൃത്തിതിരിച്ചു ചേരമാൻപെരുമാൾ കൊടുത്തവയായ സ്വരാജ്യങ്ങളെ യഥായോഗ്യം ഭരിച്ചും രാജ്യഭോഗങ്ങളെ അനുഭവിച്ചും ആ രണ്ടുരാജാക്കന്മാരും വളരെക്കാലം വാണിരുന്നു. ക്രമേണ അവർ ഇപ്പോഴത്തെ സ്ഥിതിയെ പ്രാപിക്കാനുണ്ടായ കാരണങ്ങളെയാണു് ഇനിപറയാൻഭാവിക്കുന്നതു്. ഈ രാജാക്കന്മാരുടെ അവസ്ഥാന്തരപ്രാപ്തിക്കുള്ള കാരണങ്ങൾരണ്ടും രണ്ടു പ്രകാരമിരിക്കുന്നതിനാൽ അ

വയെ വെവ്വേറെ പറയേണ്ടിയിരിക്കുന്നു. അതിനാൽ ഒന്നാമതായി തെക്കുംകൂറിനെക്കുറിച്ചുതന്നെ പറഞ്ഞുകൊള്ളുന്നു.

തെക്കുംകൂർരാജ്യത്തിന്റെ തലസ്ഥാനവും രാജാക്കന്മാരുടെ അധിവാസസ്ഥലവും കോട്ടയമായിരുന്നു. കോട്ടയത്തു തളിയിൽ എന്ന സ്ഥലത്തായിരുന്നു രാജമന്ദിരം. അവിടെ വെട്ടുകല്ലുകൾകൊണ്ടു പണിയപ്പെട്ടിരുന്ന കോട്ടയുടെയും കൊത്തളങ്ങളുടെയും ചിലഭാഗങ്ങൾ നാലഞ്ചുകൊല്ലങ്ങൾക്കുമുൻപുവരെ കാണാനുണ്ടായിരുന്നു. ആ കോട്ടക്കകത്തുണ്ടായിരുന്ന രാജഭവനത്തിന്റെ തറയുടെ ചിലഭാഗങ്ങളുംമററും ഇപ്പോഴും കാണ്മാനുണ്ട്. കോട്ടക്കകത്തുതന്നെ ഒരു ശിവക്ഷേത്രവും ഒരു ഭദ്രകാളീക്ഷേത്രവും മററുചില ചില്ലറകളായ ദേവാലയങ്ങളും ഉണ്ടായിരുന്നവ കേടുവന്നു കിടന്നിരുന്നതിനാൽ ഇയ്യിടെ അവയെല്ലാം തിരുവിതാംകൂർ സർക്കാരിൽനിന്നു പണികഴിപ്പിച്ചുകൂട്ടത്തിൽ മേൽപറഞ്ഞ കോട്ട കൊത്തളം മുതലായവയുടെ ചിലഭാഗങ്ങൾ ഉണ്ടായിരുന്നതുകൂടി പൊളിപ്പിച്ചു സാധാരണമാതിരിയിൽ ഒരു മതിലായിട്ടു കെട്ടിച്ചിരിക്കുന്നു. കിടങ്ങു മിക്കവാറും നികന്നുപോയി എങ്കിലും അതിന്റെ ചിലഅംശങ്ങൾ ഇപ്പോഴും കാണാനുണ്ട്. തെക്കുംകൂർ രാജാവിന് ആ രാജ്യത്തിന്റെ സ്ഥിതിക്കു തക്കവണ്ണമുള്ള സൈന്യങ്ങളും യുദ്ധസാമഗ്രികളും എല്ലാമുണ്ടായിരുന്നു. സൈനികന്മാരെല്ലാം നായന്മാരായിരുന്നു എന്നുള്ളത് പറയേണമെന്നില്ലല്ലോ. അന്നു സേനാനായകന്മാരും രാജാവിങ്കൽനിന്നു ബഹുമാനസൂചകമായി ചിലസ്ഥാനമാനങ്ങളും മററും ലഭിച്ചിട്ടുള്ളവരുമായ ചില നായർ കുടുംബക്കാർ ഇപ്പോഴുമുണ്ട്. തെക്കുംകൂർ രാജാവിന്റെ പ്രധാനമന്ത്രിസ്ഥാനം വഹിച്ചിരുന്നത് പുതിയയിടത്തിൽ ഉണ്ണ്യാതിരിയായിരുന്നു. ആ ഉണ്ണ്യാതിരിയുടെ തറവാട്ടും ഇപ്പോഴുമുണ്ട്.

ഇങ്ങിനെ വളരെക്കാലം കഴിഞ്ഞതിന്റെശേഷം കൊല്ലം ൯൨൦-ാം മാണ്ടിടക്കു തെക്കുംകൂർ രാജവംശത്തിൽ പ്രായംതികഞ്ഞ പുരുഷന്മാരാരും ഇല്ലാതെയായി. അനന്തരം അന്നു പെൺവഴിയിൽ മൂപ്പായിരുന്ന ഒരു റാണി രാജ്യഭാരം വഹിച്ചു മന്ത്രിമാർ മുഖാന്തരം രാജ്യകാര്യങ്ങൾ ശരിയായി നടത്തിക്കൊണ്ടിരുന്നു. അങ്ങിനെ ഇരിക്കുന്ന കാലത്തു തിരുവിതാംകൂർ മാർത്താണ്ഡവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ട് ഈ തെക്കുംകൂർ റാണിക്കു ഒരു തിരുവെഴുത്തയച്ചു,

താൻ കായംകുളത്തു രാജാവുമായി ഒരു യുദ്ധം നടത്തുന്നതിനു നിശ്ചയിച്ചിരിക്കുന്നുവെന്നും ഈ യുദ്ധത്തിൽ വേണ്ടിവന്നാൽ അവിടെനിന്നു സൈന്യങ്ങളെ അയച്ചുതന്നും മററും വേണ്ടുന്ന സഹായങ്ങൾ ചെയ്തുതരണമെന്നും, അഥവാ, അങ്ങിനെ ചെയ്യുന്നതിനു തരമില്ലാത്തപക്ഷം കായംകുളത്തു രാജാവിനു യാതൊരു സഹായവും അവിടെനിന്നു ചെയ്തുകൊടുക്കാതെയിരിക്കുകയെങ്കിലും വേണമെന്നും മററുമായിരുന്നു അതിലെ സാരം. ഇതിനു രാജ്ഞി രാജാക്കന്മാരും പരസ്പരം ശണ്ഠയും തല്ലുമൊന്നും കൂടാതെ എല്ലാവരും സ്നേഹത്തോടും ഐകമത്യത്തോടും കൂടിയിരുന്നാൽ കൊള്ളാമെന്നാണ് തന്റെ ആഗ്രഹമെന്നും അതിനു വിപരീതമായി പ്രവൃത്തിക്കുന്നവർക്കു ആർക്കും താൻ യാതൊരു സഹായവും ചെയ്യുന്നതല്ലെന്നും മററും ഒരു മറുപടിയും അയച്ചുകൊടുത്തു. അതിന്റെശേഷം കായംകുളത്തു രാജാവു സ്വയമേവ തെക്കുംകൂർ രാജ്ഞിയുടെ അടുക്കൽ വന്നു സഹായം അപേക്ഷിച്ചു. എന്നാൽ രാജ്ഞി ഈ യുദ്ധത്തിൽ സഹായിക്കുന്നതിനുതന്നെ ആദ്യം ക്ഷണിച്ചതു്. തിരുവിതാംകൂർ മഹാരാജാവാണെന്നും അതിനാൽ ന്യായപ്രകാരം താൻ വല്ല സഹായവും ചെയ്യുന്നുവെങ്കിൽ അതു് തിരുവിതാംകൂർ മഹാരാജാവിനു തന്നെ വേണ്ടിയിരിക്കുന്നുവെന്നും എന്നാൽ തന്റെ സ്വന്ത അഭിപ്രായം, രാജാക്കന്മാർ രണ്ടുകൂട്ടരും യുദ്ധവും ശണ്ഠയുമൊന്നും കൂടാതെ യോജിപ്പോടു കൂടിയിരുന്നാൽ കൊള്ളാമെന്നാണെന്നും, അതല്ല, യുദ്ധം വേണമെന്നുതന്നെയാണ് ഇനിയും വിചാരമെങ്കിൽ താൻ രണ്ടു ഭാഗക്കാർക്കും യാതൊരു സഹായവും ചെയ്യുന്നതല്ലയെന്നും അദ്ദേഹത്തോടു മറുപടി പറഞ്ഞു. അപ്പോൾ രാജാവ്—"യുദ്ധം വേണമെന്നു നമുക്കു ലേശംപോലും ആഗ്രഹമില്ല. യാതൊരു കാരണവുംകൂടാതെ തിരുവിതാംകൂർ മഹാരാജാവു നമ്മെ മനഃപൂർവമായി ഉപദ്രവിക്കാൻ വരികയാണ്. അങ്ങിനെ വരുന്നപക്ഷം സ്വരക്ഷക്കു വേണ്ടുന്നതു് ഇവിടെയും നോക്കാതെ കഴിയുന്നതല്ല. യോജിച്ചിരിക്കേണമെന്നുള്ള വിചാരം ഇരുഭാഗക്കാർക്കും ഉണ്ടെങ്കിലല്ലാതെ അതു നടക്കുന്നതല്ലല്ലോ. അതിനാൽന്യായപ്രകാരംചെയ്യുകയാണെങ്കിൽ ഇവിടുന്നു നമുക്കാണ് സഹായിക്കേണ്ടതു്. സൈന്യങ്ങളുടെ സംഖ്യകൊണ്ടും അഭ്യാസബലംകൊണ്ടും യുദ്ധവൈദഗ്ദ്ധ്യംകൊണ്ടും എന്നുവേണ്ട, സകലത്തുംകൊണ്ടും തിരുവിതാംകൂറ മഹാരാജാവു നമ്മേ

ക്കാറം വളരെയധികം പ്രാബല്യമുള്ള ആളാണ്. ഇവിടത്തെ സഹായമില്ലെങ്കിലും തിരുവിതാംകൂർ മഹാരാജാവിനു യാതൊരു ഹാനിയും വരുവാനില്ല. നമ്മുടെ സ്ഥിതി നേരെമറിച്ചുമാണിരിക്കുന്നത്. ന്യായപ്രകാരം സഹായിക്കുന്നു എങ്കിൽ അല്ല ബലഹീനന്മാരെയല്ലയോ വേണ്ടത്? അതിനാൽ അവിടന്ന് എന്റെ ഈ അപേക്ഷയെ ഉപേക്ഷിക്കരുതെന്ന് ഞാൻ വീണ്ടും അപേക്ഷിക്കുന്നു. അല്ലാത്തപക്ഷം 'കൊമ്പൻ പോയതുതന്നെയാണ് മോഴക്കും വഴി' എന്ന് വിചാരിച്ചുകൊള്ളണം. കായംകുളം കൈവശപ്പെടുന്നപക്ഷം പിന്നെ തിരുവിതാംകൂർ മഹാരാജാവിന്റെ പുറപ്പാട് എങ്ങോട്ടായിരിക്കുമെന്ന് ഞാൻ പറയേണമെന്നില്ലല്ലോ

റാണി— അവിടന്ന് പറയുന്നതെല്ലാം ന്യായവും പരമാർത്ഥവുമാണ്. എങ്കിലും നാം തങ്ങളോടൊക്കെയും സഹായിക്കുന്നതല്ലെന്നു തിരുവിതാംകൂർ മഹാരാജാവിന് ഉടമ്പടി കൊടുത്തുപോയി. ഇനി അതിനു വിപരീതമായി പ്രവൃത്തിക്കുന്നതു സത്യവിരോധവും നീതിവിരുദ്ധവുമാണല്ലോ. അതിനാൽ അവിടന്ന് ഈ കാര്യത്തിൽ നമ്മെ അധികം നിർബന്ധിക്കരുത. നാം ഈ യുദ്ധത്തിൽ ആർക്കും സഹായിക്കുന്നതല്ല."

ഇപ്രകാരം റാണി തീർച്ചയായിട്ടു പറഞ്ഞതിനാൽ ഇച്ഛാഭംഗത്തോടും മനസ്താപത്തോടും കോപത്തോടുംകൂടി കായംകുളത്തു രാജാവ് മടങ്ങിപ്പോയി എന്നും, അതല്ല, വീണ്ടും കായംകുളത്തു രാജാവ് റാണിയുടെ കാൽപിടിച്ച് കരഞ്ഞ് നിർബന്ധപൂർവം അപേക്ഷിക്കുകയാൽ ആർദ്രമാനസയായി വേച്ച റാണി ഏതാനും സൈന്യങ്ങളെ ഗൂഢമായി അയച്ചു കൊടുക്കാമെന്ന് ഒടുക്കം സമ്മതിക്കുകയും അപ്രകാരം അയച്ചുകൊടുക്കുകയും ചെയ്തു എന്നും, ഇങ്ങിനെ രണ്ടുപ്രകാരവും കേൾവിയുണ്ട. അതിന്റെ വാസ്തവമറിയുന്നതിനു തക്ക രേഖകളൊന്നും കാണുന്നില്ല. എന്തെങ്കിലും ഇതുകഴിഞ്ഞിട്ട് അധികം താമസിയാതെതന്നെ കായംകുളത്തു യുദ്ധം ആരംഭിക്കുകയും ആ രാജ്യം തിരുവിതാംകൂർ മഹാരാജാവ് പിടിച്ചടക്കുകയും ചെയ്തു.

(തുടരും)

കൊട്ടാരത്തിൽ ശങ്കുണ്ണി.

കോമപ്പൻ

൧. ഊണുകഴിഞ്ഞിരവിലൊന്നുമുറുക്കിയിരുന്നാൽ
നാണിച്ചിടുന്നമടവാരൊരുമട്ടൊത്തുമച്ചിൽ
വാണീടുമപ്പൊഴവളുള്ളിൽനിനപ്പതിന്നാ
താണെന്നറിഞ്ഞവളൊടിങ്ങിനെഞാൻപറഞ്ഞു

൨. നാഡിംതോഴമിങ്ങിനെപറഞ്ഞുതന്നൊവീണ്ടു
മേളുന്നൊരിപ്പണിയിനിക്കഴിയില്ലിനിയ്ക്ക്
നീതാനരങ്ങുവതിനുള്ളിലൊരാറമെത്തി
ഭാഗ്യമുള്ളതൊന്നുമിനിഞ്ഞാനരച്ചുള്ളയില്ല

൩. തെററില്ലിനിയ്ക്കുപറയുന്നതുനല്ലതായാൽ
പററില്ലുറക്കമൊരുനാളിലുമെന്നിവളുററം
കററംപറഞ്ഞുവെറുതേകളയേണ്ടതോരാം
കററക്കരിക്കുഴലിതെററിവന്നോരവർപോരെ

൪. കേട്ടാലുമാവെടിമരുന്നവരുന്നതിന്റു
നൊള്ളൊപ്പോരിൽവിതറാനിടുവാൻതരക്കം
കുളിത്തമേറമുടൽപോരമുറ്റുകച്ചു
കെട്ടുംപയററുമവനുംപതിവായിരുന്നു

൫. മന്നികൾക്കൊററവിടെയുംതിരിയാത്തകുട്ടാ
ണന്നാളിലീവകപയററുകടുത്തനാട്ട്
ണ്ണൂറുതാമരിയവീടെടുത്തപാലാ
ട്ടെന്നുള്ളനല്ലതറവാടവിടത്തിലല്ലോ

൬. മുമ്പോതിയോരവിടെനല്ലകുറപ്പന്മാരാർ
തെക്കെതിരിടുന്നമൊഴി!നായന്മാരായിരുന്നു
മുമ്പേതിരാകരതിനിയ്ക്കുതിനിയ്ക്കുവല്ലാ
മമ്പോതിരക്കവർതമ്മിൽമുഴുത്തിരുന്നു

൭. കോമപ്പനെന്നൊരുവനാനല്ലവയിപ്രായോ
ട്ടൂമ്പൂപ്പർനാടമരിട്ടുന്നവർതാറവുമണ്ടും
നാമിപ്പോഴുക്കടയിതാകുകൾക്കൊണ്ടുകും
ശീമപ്പയറവുമുറയന്നറിവില്ലയല്ലോ

൮. പണ്ടുള്ളനല്ലപതിമൊട്ടവും തിരിഞ്ഞു
കൊണ്ടുള്ളകൂട്ടരിലവൻറകിഴക്കുള്ളോരാളെ
കണ്ടില്ലയെന്നവിടെയുള്ളവർതാക്കിലൊന്നു
രണ്ടുല്ലർകാമനെയറിഞ്ഞവരൊക്കെയുണ്ടും

൯. കാളക്കുകൂണമൊന്നുതോളു, കരിമ്പനക്കു
കാളംകറുമ്പുകളയുന്നടൽ, മാർവിരിഞ്ഞ്
നീളത്തിലുക്കടയകൈകളുമാളുടക്കു
കേളിപ്പെട്ടംപടിവിളഞ്ഞുവിളങ്ങിക്കോമൻ

൧൦. വണ്ടാരണിക്കുഴലിമാരൊരുകണ്ണുനോക്കി
കണ്ടാൽമയങ്ങുമുകണ്ടവനൊന്നുമല്ല
തിണ്ടാടിനോക്കുമെതിരാളികളെത്രകൂടി
ക്കൊണ്ടാലുമാടിട്ടമിട്ടകണ്ടപുല്ലുപോലെ

൧൧. നന്ദാക്കെൽത്തു തത്തറവാട്ടിലൊരഴപേരു
ണ്ടിരിണ്ടാക്കിലീയെന്നുവന്നേപടയാളിയുള്ള
മണ്ടാതെയുള്ളശിവിയനൊരവനുചേന്ന
ചണ്ടാതിചാപ്പനരികിൽപിരിയാതെയുണ്ടാം

൧൨. നാട്ടിൽകിടന്നകഴിയേയണ്ടുമൊരേളുനായർ
വാട്ടികല്പുംമുറപിടിച്ചടിയന്തരങ്ങൾ
പാട്ടിൽകഴിപ്പതിനുമേൽവടിയുള്ളരണ്ടു
വീട്ടികളുപറയണംപതിവാണിതത്രേ

൧൩. എന്നാലുമീയൊരെട്ടുവീട്ടുകാരുടർകർത്തരിൽ
വന്നാലൊരേടവുമിണങ്ങുകയില്ലതാനും
ഒന്നാണിടയ്ക്കിവരിടഞ്ഞുകലമ്പൽകൂട്ടി
യെന്നാൽകഴിഞ്ഞുമതിനാൽകരതിപ്പിടിക്കും

൫൪. വെള്ളപ്പുടവയൊരുവനൊള്ളതുകിൽമറവക്കൂട്ടർ
കാളക്കരപോലുമണികിലുങ്ങിവായിരിക്കും
ഇച്ചൂട്ടമൊരത്താരിടമുള്ളൊരുതാലികെട്ടി
നന്നായ് ചെന്നുകോമനിണയാകിയചാപ്പനൊടും

൫൫. തിണ്ണനകോമനമുറ്റത്തൊരുനാട്ടുവാഴി
യുണ്ണുങ്കറിക്കൊരുകട്ടിലുംകൊടുത്തിരുന്നു
പെണ്ണുങ്ങളുംമോടിയൊടുപണ്ടമണിഞ്ഞുവന്നു
വണ്ണന്തിരക്കൊട്ടുമിടെക്കിടെവന്നിരുന്നു.

൫൬. ആവണച്ചോന്നുമറിമാൻമിഴിമാർകളുംതോററു
പോവുന്നനല്ലചിലതാലികളോടുകൂടെ
പൂവമ്പനുള്ളപുളകക്കുന്താലിയെന്നുതോന്നി
ടാവുമ്പടിക്കൊരുവളന്നവിടെക്കച്ചെന്നു

൫൭. അപ്പെണ്ണുകോമനുടെകണ്ഠനികട്ടുമൊന്നാ
ണപ്പന്തൽക്കറിയതതാരുമറിഞ്ഞതില്ല
മുപ്പക്കപിന്നുറമടങ്ങിയൊതുങ്ങിനിൽക്കും
ചാപ്പൻചതിപ്പണികളുംകണ്ടുപിടിച്ചതന്നോ

൫൮. കോമന്റെകണ്ണുവളയെയാണെന്നതിരെല്ലുവാനാ
ക്കോമത്തിമുമ്പിലൊരുകയ്യൊന്നീട്ടയച്ചു
തെമ്മെള്ളകഞ്ഞവാളുംകടന്നുകട്ടിലിന്മേൽ
പൂമെത്തപൂക്കപ്പുഴുപുഞ്ചിരിപൂണ്ടിരുന്നാൾ

൫൯. തെവാളുകണ്ടുളവുമാറാലർമകയാളിൽ
കൈവീളുകൺവടികളുംകപിണഞ്ഞതിങ്കൽ
തീവച്ചപോലുയിർചുടുന്നൊട്ടുവീർപ്പിനാൽക
ണ്ണീർവാച്ചകോമനുമുള്ളിലൊതുങ്ങിതാനും

൬൦. പാലാഴിമാതിനൊതിരായൊരുവാളുമുള്ളിൽ
പാലോളനായരിവനെന്നുതറിഞ്ഞനേരം
ചേലാകമോനിനവിതെന്നുകരച്ചുതോന്നി
കോലായതായവാളുമൊഴിച്ചണകൊണ്ടുകരി

൨൪. ഏറപ്പറഞ്ഞിട്ടവരെന്തിനതാലികെട്ട
നേരംകഴിഞ്ഞുപിരിയേണമവർക്കവർപിരിഞ്ഞു
താനമ്പാടിയിതവരിൽകരംമാറിവെച്ചു
വേറിട്ടുപോയുടൽമറഞ്ഞിരുന്നുണ്ടുപേക്ഷം

൨൫. പോകുംവഴിക്കുള്ളാതുചതിച്ചിരിയോട്ടചാപ്പൻ
വൈകുന്നേരമിനിയെല്ലമിനാപ്പതെന്നാൻ
നീകണ്ടതെന്തുപറഞ്ഞിട്ടുകൊന്നുകോമൻ
ആകുന്നതായിവഴിനോക്കണമെന്നുചാപ്പൻ

൨൬. ആശ്ചര്യമമ്മയെത്തമാററലർവീട്ടുകാരി
യായുള്ളതൊക്കെയറിവുള്ളകരിമ്പുവില്ലൻ
ഈയുള്ളവനാഗലിതെന്തിനുചെപ്പുതെന്നു
കായുന്നൊരമ്മല്ലാട്ടുള്ളറന്നുപറഞ്ഞുകോമൻ

൨൭. ആമോദികൂട്ടവേളിൽകൊതികൈവിടാതി
ഞാൻമാത്രകൊഴിവന്നിനുകട്ടുക്കപാറി
നാമൊക്കെലെന്തിവിടെവേണമെന്തെഴിച്ചുമാറി
പ്പോമൊപിണങ്ങിഞ്ഞിളവിട്ടുലഭമ്പനാവോ

൨൮. പോരുള്ളപുമകനിവൻതലമണ്ടതെന്നിൽ
പോരുമ്പോഴൊന്നെഴുതിവിട്ടുള്ളതുനീക്കാൻ
പോരുന്നനരവരമിങ്ങുവരേണ്ടതല്ലൽ
പോരുന്നപുറപ്പെട്ടുകയെന്നുപറഞ്ഞുപിന്നെ

൨൯. പോവുന്നതല്ലിഴലുവിനതലംബരനൊള
പാവുന്നതുംപെഴതെ,യെന്നുതറിഞ്ഞിടാതെ
ആവുന്നമട്ടിലൊന്തുകനിടുന്നകോമൻ
മേവുന്നവീട്ടിലപവരമിനെച്ചിന്നിതന്നു

൨൰. തെല്ലുന്നമുചംശരിയല്ലിതുവേണമെന്നായ്
ചൊല്ലുന്നചാപ്പനൊരുത്തക്കകയില്ലകോമൻ
ചെല്ലംകടന്നുകരംപിന്നെയുമൊട്ടുകാവ
മല്ലന്നൊതുംകഴലിയിൽകൊതിയേറിയേറി

വ്യ. കോളല്ലകൊല്ലമേലമ്പനെത്തുകരവാൻതാ
നാളല്ലയെന്നപറവാൻമടിയാകയാലെ
കേളല്ലേറിയവനാളുകഴിച്ചുനാലു
നാളല്ലണിക്കടലി! നീണെഴുമാണ്ടുപോലെ

ൻ. ചേണാർന്നൊരായവളെവല്ലവിധത്തിലൊന്നു
കാണാതകണ്ടുകഴിയില്ലതിലേറിവല്ലും
വാണാലൊരാറുദിനമെങ്ങലമ്പനോടു
താണാലുമെത്തുകറവെന്നുനിനച്ചുപിന്നെ

൩൦. കൂടെപ്പിറന്നൊഴുമുണിച്ചിരിയമ്മയോടു
കൂടെക്കളിപ്പതിനായവൾപോയിടുമ്പോൾ
കൂടേറിടുംകിളികളുണ്മരമാമറഞ്ഞു
കേടെന്നിയേയവിടെനിന്നുതുടങ്ങിപിന്നെ

൩൧. അന്താർതൊഴുമന്നൊരുടലാൾപതിവായനേര
ത്തെത്താഴമാലവൾകളിച്ചുകളിച്ചുനീരിൽ
പൊൽത്താർമെപ്പാമണമണിഞ്ഞൊരുകാറ്റമേറെ
പോയ്യാൻകളിപ്പതിനൊരിക്കലിറങ്ങിക്കോമൻ

൩൨. കോമൻകുളത്തിലഴലാർന്നലമ്പനായ
കേമക്കലത്തുവിട്ടമമ്പുകലാകൊണ്ടുവാടി
താർമങ്കയൊത്തൊരവൾതന്നെയുമൊത്തുഴുമ്പോ
ൾമങ്കയെത്തിയവിടെക്കടവിൽകളിപ്പാൻ

൩൩. ചേട്ടത്തമൊത്തെഴുമുണിച്ചിരിയമ്മയെന്റെ
കൂട്ടത്തിലിന്നിവിടെവന്നതുചിതമായി
വട്ടത്തിലാക്കമിവനെന്തടവില്ലയെന്നാ
ണ്ടൊട്ടത്തലാർന്നിതുമനപ്പൂവുള്ളിലുണ്ണിയമ്മ

൩൪. ചേലായിത്തന്നൊരുകറുമ്പിവിടത്തിലാമ്പാ
പാലൊട്ടുകാക്കുകിളിയാങ്ങുള്ളഴൊരാതി
മേലാൽവരാതെയിതുനിർണ്ണയമെന്നടക്കാൻ
മേലാത്തമോലൊടുമുണിച്ചിരിയുംനിനച്ചു

൮൫. ഏറ്റൊരുമാറന്നതിന്നു പോവുകയെന്നമട്ടിൽ
പറ്റൊടിടഞ്ഞമുലയാളവൾ പോയിപിന്നെ.
വെറ്റൊരുകത്തളിരിലെന്തിനിവേണമെന്നാ
മാറ്റൊരാറകണ്ണുടയൊരുണ്ണിയുമേ മൊത്തുനിന്നു.

൮൬. കൂററില്ലയോ ചൊടിയരാണ്ണലുമാകൊരമ്പു
ചൊററില്ലകൊല്ലുമിവനൊപ്പലരൊത്തുകൂടി
തൊററില്ലതെല്ലിവനൊടോളുകിലിന്നുനാണം
പററില്ലയെന്നവളുടൻ കടവിൽ കടന്നു

൮൭. തന്നാറിട്ടാകെകാതിയൊടെപ്പൊഴുമേക്കുമുണ്ണി
താന്നാതെളിഞ്ഞരികിലെക്കുവരുന്നനേരം
മാന്നല്ലമേൽമിഴിയാളെയടുത്തുടൻ കാ
ണുന്നാറവെമ്പലൊടു കോമനുമങ്ങുനിന്നു.

൮൮. പൂവമ്പുഴത്തിനെത്തുമെയ്യുഴമുണ്ണിയോടു
പോയ്യമ്പുകൂടിയൊരു കാമനടുത്തിടുമ്പോൾ
പൂവമ്പനമ്പൊടുകമുത്തൊടടുത്തുപുത്തൻ
പൂവമ്പെടുത്തുപുരുവില്ലിലുടൻ തൊടുത്തു

൮൯. മററാതമില്ലിവിടെയിങ്ങിനെവന്നതൊട്ടു
തെററാകുമെന്നിടയിളക്കമൊടുണ്ണിയമ്മ
തെററാതെ ചെല്ലുമലരമ്പുകളേററവാടി
ചെററാടലോടുമവിടെത്തലതാഴ്ത്തിനിന്നു

൯൦. കോമക്കലെത്തിടുമൊരങ്ങുള്ളൊരു കാമ്പുമയിലെങ്കു
ണ്ടാമക്കണ്ണിലൊരുകാൽവിരലാൽ വരച്ച്
പൂമക്കയൊത്തൊരവളാമലരമ്പനാകെ
ക്കേമക്കയത്തിൽ വിയർത്തുവിറച്ചുനിന്നു

൯൧. പററില്ലപാരമൽപ്പുലർത്തിയ പെണ്ണിനന്നത്താർ
പററില്ലിവക്കലവളിൽ കരാംചെന്നതല്ലോ
മാററിത്തമെന്നറിവുള്ളൊരു കോമനൊട്ടു
മാററിത്തെളിഞ്ഞിതുടനാനിലകണ്ടനേരം

൪൨. നില്ലെന്നുപേടി,ശലഭാനടുത്തുചെല്ലു
മെല്ലെന്നു,നാണമതുവസ്തുവരട്ടെയെന്ന്
ചൊല്ലുന്നുടൻകൊതിയും, ഒന്നുമുറയ്ക്കുവാനാ
ഉല്ലൂനപിന്നെയവനൊന്നുപതുങ്ങിനിന്നു

൪൩. രണ്ടാംഭമുണ്ടണയുവാൻകൊതിയെന്നുകണ്ടു
രണ്ടാളുമുടൻതളിരുകൊണ്ടവർത്തമിൽവെട്ടു
കണ്ടാലുമെങ്കിലുമണഞ്ഞിടുവാൻമടിച്ചു
രണ്ടാളുമമ്പലരമ്പനമ്പോടവൻതാൻ

൪൪. കണ്ണിൻവഴിക്കകമാംകോമനുടൻകൊടുത്താ
പ്പെണ്ണിന്നുതന്റെകരളാംമലർകാഴ്ചവെച്ചു്
ഉണ്ണിയ്ക്കൂട്ടുയെന്നാകളൊക്കെയുള്ളാ
ലെണ്ണിക്കരച്ചുവിടെനിന്നുതെളിഞ്ഞുകോമൻ

൪൫. കൊന്നീടുമിപ്പിവനെയാങ്ങളമാരറിഞ്ഞു
വന്നീടിലെന്നവലുതായൊരുപേടികൊണ്ടു,
നിന്നീടുമാറില്ലയതിൻതകരാറുകണ്ടു
പിന്നീടിവണ്ണമുടനുണ്ണികടന്നുരച്ചു

കണ്ടൂര് നാരായണമേനോൻ, ബി. എ.

വിക്രമോർവ്വശീയസാരം

അദൃശ്യപത്രമദനലേഖത്തെക്കണ്ടതിൽ സന്തോഷം ഉണ്ടാവുന്ന രാജാവിന്റെ അനുരാഗവൃത്തിയെ പ്രകാശിപ്പിക്കുന്ന വാക്കു കേൾക്കുവാൻ ചെവിയോർത്തു നില്ക്കുന്ന ഉർവ്വശിയോട് ചിത്രലേഖ ഇദ്ദേഹത്തിന്നിതിലധികം അനുരാഗം വർദ്ധിപ്പാൻ വയ്യ, അതിനാൽ താങ്ങളുടെ ഈ ഉത്സാഹം മതി മതി എന്ന അഭിപ്രായത്തെ തോന്ന

ര’ എന്നുമുതൽ ‘കഴിഞ്ഞുവല്ലൊ’ എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. അനന്തരം, രാജാവിനും ഉൎവശിക്കും അന്യോന്യം ദൎശനംകൊണ്ടുണ്ടായ സന്തോഷാവസ്ഥയെ വിദൂഷകനും രാജാവും ഉൎവശിയും വൎണ്ണിക്കുന്നു എന്നതിനെ ‘ആവു’ എന്നു മുതൽ ‘സന്തോഷം’ എന്നുവരെയുള്ള ഗ്രന്ഥംകൊണ്ട് പറയുന്നു. ബഹുവിധങ്ങളായ ഉൽക്കടമനോവികാരങ്ങൾമൂലം വിയൎക്കുന്ന തന്റെ കയ്യിലിരുന്നാൽ പ്രിയയായ ഉൎവശിയുടെ സ്വഹസ്തലിഖിതങ്ങളായ ദിവ്യാക്ഷരങ്ങൾ മാഞ്ഞുപോകുമെന്നുള്ള ആലോചനയോടുകൂടി രാജാവുംകൊടുത്ത ഭൂൎജ്ജപത്രത്തെ വിദൂഷകൻവാങ്ങിച്ചിട്ട് ഇനിയുംഉൎവശി തന്റെ ആകൃതിയെ കാണിക്കാതിരിക്കുന്നതിനു ചിന്തയാണെന്നഭിപ്രായത്തെ പറഞ്ഞതു കേട്ടിട്ടും തനിക്കുള്ള സന്ദേഹം തീരാത്തതിനാൽ ഉൎവശി അനൌചിത്യനിവാരണത്തിനായി സഖിയായ ചിത്രലേഖയെ ദൂതിയാക്കി രാജാവിന്റെ സമീപത്തിലേക്കയക്കുന്നു എന്ന കഥയെ ‘തോഴീ’ എന്നുമുതൽ ‘പോരൂ’ എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. അനന്തരം തിരസ്കരണിയെ കളഞ്ഞെത്തുചെന്നു ചിത്രലേഖയും രാജാവും തമ്മിൽ ഉപചാരങ്ങൾ ചെയ്തുവെന്നും ചിത്രലേഖ ഉൎവശിയുടെ കാമതാപത്തെ തീൎപ്പാൻ രാജാവിനോടപേക്ഷിച്ചുവെന്നും പിന്നെ രാജാവിന്റെ മദനവേദനാവിലാപത്തെ കേട്ടിട്ട് രാജദൂതിയായി ഉൎവശിയെ രാജാവിന്റെ അടുക്കലേക്ക് ‘പ്രത്യക്ഷത്തിൽ’ കൊണ്ടുപോവാൻ ശ്രമിച്ചുവെന്നുമുള്ള കഥകളെ അങ്ങിനെതന്നെ എന്നുമുതൽ ‘പോക’ എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. ഇവിടെ ഉൎവശിയോടുകൂടാതിരിക്കുന്ന അങ്ങക്ക് അത്ര ഭംഗിയില്ലെന്നൎത്ഥമായ രാജാവിന്റെ വാക്ക് ഉൎവശീപ്രിയ സഖിയായ ചിത്രലേഖക്ക് അതിസന്തോഷകരമാകയാൽ ഉപചാരമാണെന്നും എന്നിൽതന്നെ ലയിച്ചുകിടക്കുന്ന ഉൎവശിയെ ഉടനെതന്നെ കാണാമെന്നൎത്ഥമായ ചിത്രലേഖയുടെ വാക്ക് ഉൎവശീദ്ദൎശനോത്സുകനായ രാജാവിനുപചാരമാണെന്നും നിശ്ചയിക്കുമ്പോൾ സ്പഷ്ടമാണല്ലൊ. അല്ലാ ഇതുവാശിയല്ലേ? എന്നുവിദൂഷകന്റെ വിചാരംകൊണ്ടു സൂചിക്കുന്നതും ചിത്രലേഖാദിവ്യരൂപലാവണ്യദൎശനംകൊണ്ടുണ്ടായതും ആയ അത്യാശ്ചൎയ്യം ഹേതുവായിട്ടുജനിച്ച മുഖവികാരാദികളും ചിത്രലേഖയുടെ ഉപചാരം

തന്നെയവുമല്ലൊ. അനന്തരം ഉൎവ്വശീസമാഗമാസക്തിമൂലം ഉടനെ പ്രത്യക്ഷമാവാൻ വയ്യാഞ്ഞിട്ട് താമസിപ്പാനായി രാജാവിന്റെ ഭൂൎജ്ജപത്രത്തിന്മേൽ പരിഭവംനടിച്ച ചിത്രലേഖയോടും അപ്പോഴും ചിത്രലേഖ നിന്റെ ഈ സൂത്രമെല്ലാമിനിക്കുമനസ്സിലായിയെന്ന ഭാവത്തിൽ ഞാൻനിന്നോടു പരിഭവിക്കേണ്ട സംഗതിയാണ് അടുത്തിരിക്കുന്നതെന്നുമാത്രം സമാധാനം ഉൎവ്വശിയോടുംപറഞ്ഞ് പ്രകൃതകാൎയ്യമായ ആകൃതിയെ കാണിക്കുന്നതിന്ന് ഉൎവ്വശിയോടു നിൎബ്ബന്ധിച്ചുവെന്നകഥയെ; 'സഖ്യാ_സൎത്തോടും' എന്നുമുതൽ 'കാണിക്കുകതന്നെ' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടുപറയുന്നു. പിന്നെതിരസ്കരിണിയെകളഞ്ഞ് രാജാവിന്റെ അടുക്കൽചെന്ന ഉൎവ്വശിയും, രാജാവും, വിദൂഷകനും തങ്ങളിൽ ഉപചാരംചെയ്യുകഥയെ 'തിരസ്കരണികളഞ്ഞ' എന്നുമുതൽ 'മംഗളം ഭവിക്കട്ടെ' എന്നുവരെ ഗ്രന്ഥംകൊണ്ടു പറയുന്നു. അസ്സമയത്തിൽ എല്ലാലോകപാലന്മാരോടുകൂടി ദേവേന്ദ്രൻ നിങ്ങളുടെ നാടകമൊട്ടുംകാണ്മാൻ കാത്തിരിക്കുന്നുവെന്നും അതിനാൽ ഉൎവ്വശിയെ കൂട്ടിക്കൊണ്ടു വേഗത്തിൽ സ്വൎഗ്ഗത്തിലെക്കു പുറപ്പെടേണമെന്നു ചിത്രലേഖയോടു ദേവദൂതൻവന്നുപറഞ്ഞ വാക്കുകേട്ടിട്ടു വിഷാദത്തോടുകൂടിയ ഉൎവ്വശിയും ചിത്രലേഖയും എററവും ഉൎവ്വശീവിരഹമോൎത്തു ദുഃഖിക്കുന്ന ഇന്ദ്രന്റെ അതിപക്ഷപാതിയായ രാജാവിനോടു യാത്രപറഞ്ഞ് ഞരങ്ങി അന്തൎദ്ധാനംവാങ്ങി സ്വൎഗ്ഗത്തിലേക്കു പോയിയെന്നകഥയെ 'അണിയറയിൽ' എന്നുമുതൽ 'പോയി' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടുപറയുന്നു.

ഉൎവ്വശിയെകാണാഞ്ഞിട്ട് അസഹ്യമായ സന്താപമുള്ള രാജാവിന്റെ മുഖ്യവിനോദസാധനമായ ആ ഭൂൎജ്ജപത്രം തന്റെകയ്യിൽ അപ്പോഴും ഇല്ലാത്തതിനാൽ വിദൂഷകൻനന്നെവ്യസനിച്ച് ഭയപ്പെട്ടുവെന്നും ഉൎവ്വശിയെകണ്ടപ്പോളുണ്ടായ അത്ഭുതംകൊണ്ട് തനിക്കുപററിയ ഈ കൈമോശത്തെ രാജാവിനെ അറിയിക്കാതെകഴിപ്പാൻ പലഉപായവും പ്രയോഗിച്ചുവെന്നും ഒടുവിലതൊന്നും ഫലിക്കാഞ്ഞിട്ട് ഓരോരോവടിക്കുകളിൽ അതൎത്ഥാച്ഛിച്ചുവെന്നും ഉള്ള കഥയെ 'ദീൎഘശ്വാസത്തോടുകൂടി' ; എന്നുമുതൽ 'തിരയുന്നു' എന്നുവരെയുള്ളഗ്രന്ഥംകൊണ്ട് പറയുന്നു.

പ്രവേശകത്തിൽ വിദൂഷകനെക്കൊണ്ടു ഗൂഢമായ രാജകാൎയ്യമെല്ലാം പറയിച്ചു മനസ്സിലാക്കിയ നിപുണിക പിന്നെ അല്പം മാറി ഒളിച്ചുനിന്ന്, രാജാവും വിദൂഷകനും ലതാഗൃഹത്തിലേക്കു കടക്കുന്നതുവരെ കണ്ടറിഞ്ഞ് ഉടനെപോയി കാശിരാജപുത്രിയായ രാജപ്രധാനരാജ്ഞിയോടു ഈ വൎത്തമാനം മുഴുവനും പറകയും പതിവ്രതാശിരോമണിയായ ആ ദേവി വിശ്വാസയോഗ്യതപോരി ബ്രഹ്മണ്യപരിപൂൎണ്ണനായ തന്റെ ഭൎത്താവ് തന്നെ വഞ്ചിക്കുന്നുവെന്നും മററുമായ അപ്രിയകഥയെ ഏററവും വിശ്വസ്തയായ നിപുണിക പറഞ്ഞുകേട്ട ശങ്കയോടുകൂടി, ഗൂഢമായി അവർ മന്ത്രിക്കുന്ന ഈ സമയത്തിൽ അവിടെച്ചെന്ന് ലതകൾകൊണ്ടു മറഞ്ഞ് അടുത്തു നിന്നാൽ കാൎയ്യത്തിന്റെ സൂക്ഷ്മം മുഴുവനും കേട്ടറിയാനുള്ള തരം കിട്ടുമെന്ന് നിശ്ചയിച്ച് അതിന് ഉദ്യാനത്തിലേക്ക് പോകുംവഴിയിൽ വിദൂഷകന്റെ കയ്യിൽനിന്നു വീണുപോയ ആ ഭൂൎജ്ജപത്രം ഒരു കൻ കാററുകൊണ്ടു പറന്നുപോയി ദേവിയുടെ ചിലമ്പിന്മേൽ ദൈവഗത്യാ ചെന്നുപററിയസമയം അതിനെ നിപുണികയെക്കൊണ്ടെടുപ്പിച്ച് വായിച്ചുകേട്ട കാൎയ്യമെല്ലാം സൂക്ഷ്മമായി അറികയും ചെയ്തുവെന്നകഥയെ 'അനന്തര'മെന്നുമുതൽ 'വായിക്കുന്നു' എന്നവരെയുള്ളഗ്രന്ഥംകൊണ്ടുപറയുന്നു.('കൈശിനം-നാട്ടുവൎത്തമാനം') കാൎയ്യമെല്ലാം സൂക്ഷ്മമായി അറിഞ്ഞുവെങ്കിലും ദേവി അപ്രിയം കൊണ്ടുണ്ടായ കോപനിമിത്തം ഇതെല്ലാം തന്നെ വഞ്ചിക്കുന്ന ഭൎത്താവിന്റെ അടുക്കൽചെന്നു പ്രത്യക്ഷമാക്കേണമെന്നുറച്ച് അവിടെക്കു ചെല്ലുമ്പോൾ രാജാവും വിദൂഷകനും ആ ഭൂൎജ്ജപത്രത്തെ അന്വേഷിക്കുന്നതുകാണുകയും അത് കിട്ടാഞ്ഞിട്ട് സങ്കടപ്പെട്ടു പറയുന്നവാക്കുകൾ കേൾക്കുകയും ചെയ്തിട്ട് തനിക്കു സഹിക്കവയ്യാത്ത ക്രോധത്തോടുകൂടി ഉചിതമായി ആ ഭൂൎജ്ജപത്രത്തെ രാജാവിനെ കാണിച്ചുവെന്നകഥയെ 'ഇതു' എന്നുമുതൽ 'ഇതാ' എന്നവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. തങ്ങളുടെഗൂഢകാൎയ്യമെല്ലാം ഇങ്ങിനെ പ്രത്യക്ഷമായപ്പോൾ പെട്ടന്നുണ്ടായ സംഭ്രമംകൊണ്ട് രാജാവ് പരവശനായിത്തീൎന്നുവെന്നും വിദൂഷകൻ തല്ക്കാലത്തിലേക്കുവേണ്ടി രാജാവിന്റെപക്ഷംവിട്ടു ദേവിയുടെപക്ഷത്തിലേക്കു ചാടിയെന്നും ദേവി കോപാധിക്യംകൊണ്ട് രാജാവിനെ ഉപേക്ഷിച്ചുപോയിയെന്നും ദേവിയെ പ്രസാദിപ്പിപ്പാൻ രാജാവു പ്രയോ ന്നു.

ഗിച്ച സന്താപവാക്കുകളും നമസ്കാരവും തൽക്കാലം വേണ്ടവിധം ഫലിച്ചില്ല എന്നും ഉള്ള കഥയെ 'സംഭ്രമത്തോട്' എന്നുമുതൽ ശപായി' എന്നവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. ദേവി പ്രസാദിക്കാതെപോയ കഥയെ നമസ്കരിച്ചുകിടക്കുന്ന രാജാവ് വിദൂഷകന്റെ വാക്കു കേട്ടറിഞ്ഞ് എഴുന്നീറ്റ് ന്യായമായ ദേവീകോപമൊള്ളു സങ്കടപ്പെട്ടപ്പോഴും ഉർവ്വശീകഥ ഇനി യഥാർത്ഥമായി ഇപ്പോഴും പ്രയോഗിപ്പാൻ തരമായതുകൊണ്ട് ഇത് അങ്ങേക്കു വളരെ അനുകൂലമാണെന്നു വിദൂഷകൻ പറഞ്ഞതിനെ നിഷേധിച്ച് ഇത്ര വലിയ ഉർവ്വശീവിരഹതാപവും ഇവിടെ മുമ്പിലുള്ള ദേവീബഹുമാനത്തെ ഒട്ടും കുറയ്ക്കുന്നില്ലെന്ന് രാജാവു പറഞ്ഞ് വ്യസനിച്ച കഥയെ 'തോഴരെ' എന്നുമുതൽ തന്നെയാണ് എന്നാവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. പിന്നെ രാജാവ് താൻ പ്രവൃത്തിക്കേണ്ടതായ നമസ്കാരാദികളെല്ലാമേ പ്രവൃത്തിച്ചിട്ടും സ്വീകരിക്കാതെ പോയത് ദേവിയുടെ മനസ്സിന്നുറച്ച ശക്തിയുള്ള ശീലഗുണത്തിന്ന് വിരുദ്ധമാകയാൽ ഉടനെ ദേവിക്കു പശ്ചാത്താപം പ്രബലപ്പെട്ടുമെന്ന് ഊഹിച്ച് ധൈര്യപ്പെടുന്നു എന്ന കഥയെ 'എന്നാൽ' എന്നുമുതൽ 'ധൈര്യംതോന്നുന്നുണ്ട്' എന്നാവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. പിന്നെ വിശപ്പുകൊണ്ടുവലഞ്ഞ് അത്യന്തപ്രിയനായ വിദൂഷകന്റെ നിർബന്ധംകൊണ്ടും രാജാവ് എ! നേരംചെന്നുപോയി എന്നുപറഞ്ഞ് അതിനെപ്പറ്റി വർണ്ണിച്ച് സ്നാനഭോജനങ്ങൾക്കു പോയി എന്നകഥയെ 'ധൈര്യം' എന്നുമുതൽ അങ്കാവസാനംവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു.

ദേവേന്ദ്രന്റെ കല്പനപ്രകാരം ദേവസഭയിൽവെച്ച് അപ്സരസ്ത്രീകളും ലക്ഷ്മീസ്വയംവരമെന്ന നാടകം അഭിനയിക്കുമ്പോഴും അനുരാഗമാരിലാണെന്നായെന്ന ചോദിച്ചതിനുത്തരമായി പുരുഷോത്തമനിൽ എന്നു പറയേണ്ടിടത്തിൽ ലക്ഷ്മീവേഷംകെട്ടിയ ഉർവ്വശി പുരൂരവസ്സിൽ എന്നു തെറ്റിപ്പറഞ്ഞുപോയിട്ടെന്നും അപ്പോഴും ഗുരുവായ ഭരതമഹർഷിയിങ്കൽ സ്വർഗ്ഗസ്ഥാനഭ്രംശം ഭവിക്കട്ടെ എന്നു ഉർവ്വശിയെ കോപിച്ച് ശപിച്ചുവെന്നും അസുരയുദ്ധത്തിൽ ദേവേന്ദ്രൻ തനിക്ക് പലയുദ്ധങ്ങളിലും സഹായംചെയ്തിട്ടുള്ള പുരൂരവസ്സിന്റെ പക്ഷപാതംകൊണ്ട് ഉർവ്വശിയുടെ അനുരാഗത്തെയും ഭരതമഹർഷിയുടെ ശാപത്തെയും അനുസരിച്ച് പുരൂരവസ്സു രാജമഹർഷിയുടെ

ങ്ങടുകളിൽ ചെന്നു ഇഷ്ടംപോലെ താമസിപ്പാൻ ഉർവശിക്ക് അനുവാദം കൊടുത്തുവെന്നും ആ അനുവാദത്തിനു രാജാവ് പുത്രനെക്കാണുന്നതുവരെ എന്നൊരവധിയുണ്ടെന്നും ഉള്ള സൂച്യകഥയെ ഭരതമഹർഷിയുടെ രണ്ടു ശിഷ്യന്മാർ മിശ്രവിഷ്കംഭത്തിൽ സൂചിപ്പിച്ചുപോയതിന്റെ ശേഷം ദൃശ്യകഥാഭാഗത്തെ അങ്കംകൊണ്ടു കാണിക്കുവാനാരംഭിക്കുന്നു.

കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ.

ചാരേചന്ദ്രന്നിചക്രപ്രഥമരസികനാ
    പ്പേരിപാല്പായശേഷം
നാരേചൂടുള്ളചോറുകറികളുംപലവക
    പപ്പടന്നൽപരിപ്പു
ചോതാനൈക്യപദേതേൻദധിനിഖിലപദാ-
    ർത്ഥങ്ങളറിഞ്ഞെല്ലാം-
പേരാക്കുടിസ്സഹായികണ്ണാമിവനുവിശ
    ക്കന്നോടീക്കനുവിക്കാൻ.

എസ്സ്. നാരായണൻനമ്പൂതിരി.

അരയുകാരം

പണ്ഡിതർ. ആർ വി. കൃഷ്ണമാചാര്യരവർകൾ ഭാഷാപോഷിണിയിൽ വിസ്തരിച്ചും ധനുവിലെ രഞ്ജിനിയിൽ സംഗ്രഹിച്ചും എഴുതിയിരുന്ന ഉപന്യാസങ്ങളും അതിനുപരി രഞ്ജിനിയുടെ അഭിപ്രായവും മനസ്സിരുത്തി വായിച്ചു് താല്പര്യം ഗ്രഹിക്കാവുന്നിടത്തോളം ഗ്രഹിച്ചു.

'ആ ലേഖനം വായിച്ചാൽ ഉടൻതന്നെ കേരളപാണിനീയകാരൻ രഞ്ജിനി മുഖേന ഒരു അനുമോദനം പ്രസിദ്ധപ്പെടുത്താതിരിക്കയില്ലെന്നും ആ അനുമോദന ലേഖനത്തിൽ തന്നെ വിവൃതോകാരമെന്നു സാധിച്ചിട്ടുണ്ടെങ്കിലും ഈ അന്ത്യസ്വരത്തിനു് ഉകാരചിഹ്നവും വീണ്ടും അരയുകാര ചിഹ്നമെന്നു വച്ചിട്ടുള്ള ചന്ദ്രക്കലയും കൂട്ടിപ്പിണച്ചു ചേർക്കാതെ കേവലം ചന്ദ്രക്കല മാത്രം ചേർത്തുള്ളതാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു.'

എന്നുള്ള രഞ്ജിനീ പംക്തികളുടെ ഭാവം ഗഹനമായിരിക്കുന്നു. എന്തായാലും 'ക്ഷേപിച്ചി'ട്ടെങ്കിലും 'പ്രവരപ്രൗഢകവിനെക്കൊണ്ടു' പത്തിപൊക്കിക്കണം എന്നാണു് ഉദ്ദേശ്യമെന്നു് രഞ്ജിനി വിളിച്ചു പറയുന്നതിനാൽ ചാടിപ്പുറപ്പെടാതിരിക്കാൻ നിർവ്വാഹമില്ലല്ലോ.

രഞ്ജിനി സ്ഥാപിക്കുന്ന ഫലങ്ങളുടെ സാമാന്യീകരണം മുതലായ ഭാഷാശാസ്ത്രസിദ്ധാന്തങ്ങളെപ്പറ്റിയുള്ള വിചാരണ പ്രകൃതോപയോഗി അല്ലാത്തതിനാൽ ഇവിടെ ചെയ്യുന്നില്ല. കാട്ട്, വീട്ട്, ചോറ്, ചാറ് മുതലായ ശബ്ദങ്ങളിലെ അന്ത്യസ്വരത്തെ ഉച്ചരിക്കുന്ന വിഷയത്തിൽ തമിഴും മലയാളവും യോജിക്കുന്നില്ല; തമിഴർ ഉകാരത്തോട്ട് അധികം യോജിച്ചും മദ്ധ്യമ മലയാളികൾ അകാരത്തോട്ടു ചേർന്നതെന്ന പോലെ ഉച്ചരിക്കുന്നു; എന്നാൽ ഉച്ചാരണത്തിലുള്ള ഭേദം അതി സൂക്ഷ്മവുമാണത്രെ; ഇതാണു് രഞ്ജിനിയുടെ വാദം. കേരളപാണിനീയ കർത്താവു് ദക്ഷിണ കേരളവാസി ആയതിനാലും ആചാര്യർ പരദേശി ആയതിനാലും മറ്റുചിലർ ഉത്തരകേരള വാസ്തവ്യന്മാരായതിനാലും അവർക്കു് ഈ സൂക്ഷ്മഭേദം അറിയാൻ മാർഗ്ഗമില്ലാതെ പോയതിൽ രഞ്ജിനി ആശ്ചര്യപ്പെടുന്നില്ല.

പിന്നെയോ; ചങ്ങലകൾ പററിയ തെററിനെ പ്രാചീനന്മാരായ ഋഷികല്പന്മാരും മറവിയായ നമ്മുടെ പൂർവ്വ പുരുഷന്മാരുടെ തലയ്ക്കു വയ്ക്കുന്നതിലാണ രാജരാജന്റെ സങ്കടം.

ഇനി ഇത്രയും അനുവദിച്ചിട്ടെങ്കിലും ഭാഗത്തിന് ഉത്തരം ആരംഭിക്കുകതന്നെ. മദ്ധ്യകേരളത്തിന്റെ മദ്ധ്യം ദേശക്കാർ സമ്മതിച്ചിട്ടുള്ളതുപോലെ തൃശ്ശിവപേരൂരാണെന്ന് രാജരാജനും സമ്മതിക്കുമെന്ന് വിശ്വസിക്കുന്നു. ആ സ്ഥലത്ത് ജനിച്ചു വളർന്ന് പ്രൗഢരായിട്ടുള്ള നാലഞ്ചുപേരെക്കൊണ്ടു ഈ സംവൃതോകാരത്തെ ഉച്ചരിപ്പിച്ചു നോക്കിയതിന്റെ ശേഷമാണ് കേരളപാണിനീയത്തിൽ ഈ സംഗതിയെ സ്ഥാപിച്ചിട്ടുള്ളത്. പിന്നീടു ഈ ലേഖനം എഴുതുന്നതിന്റെ പൂർവ്വക്ഷണത്തിലും ഒരു പരീക്ഷകൂടി നടത്തുകയുമുണ്ടായി. എന്നിട്ടും മുന്നഭിപ്രായത്തെ ഉപേക്ഷിക്കുന്നതിന് മാർഗ്ഗം കാണായ്കയാൽ വ്യസനിക്കുന്നു. കാട്, വീട് മുതലായ ശബ്ദങ്ങളെ ഞാൻ ഉച്ചരിച്ചു കേൾപ്പിച്ചതിലും തൃശ്ശിവപേരൂർക്കാർ ഉച്ചരിച്ചതിലും യാതൊരു ഭേദവുമില്ലെന്ന് അവരും (തൃശ്ശിവപേരൂർക്കാരും) സമ്മതിക്കയാൽ എന്റെ കർണ്ണേന്ദ്രിയ വൈകല്യമാണെന്നും കല്പിക്കാൻ തരംകാണുന്നില്ല. അതുകൊണ്ട് എഴുതി അറിയിക്കാൻ നിർവ്വാഹമില്ലാത്ത ഈ ഭാഗം രാജരാജൻ തന്നെ ഒരിക്കൽ ഉച്ചരിച്ച് ഉപദേശിച്ചു തരുന്നതുവരെ എന്റെ മനസ്സിൽ സംവൃതസ്വരം ഉകാരമായിത്തന്നെ ഇരിക്കുകയേ ഉള്ളു. പൂർവ്വികന്മാരുടെ തലയ്ക്കു കെട്ടിവച്ചതിനും മറവിന് പ്രായശ്ചിത്തം തെററുബോധപ്പെട്ടാൽ ചെയ്യാൻ തയ്യാറാണ്.

'നില്ക്കു, ഇരിക്കു, പോരു,' എന്നതു വിധ്യർത്ഥക ക്രിയാപദങ്ങളുടെ അന്ത്യമായ ഉകാരം ശോഭനാദ്യർത്ഥങ്ങളിൽ ലോപിക്കുമെന്നും പിന്നീട് സ്വരാന്തമാക്കാൻ അകാരം ചേർത്തിട്ടാണ് 'നില്ല, ഇരിക്ക, പോര(?) എന്ന രൂപങ്ങൾ ഉണ്ടാകുന്നതു'' എന്നമാണ് രാജരാജന്റെ വ്യാകരണം. ഇതിൽ യോജിക്കുന്നതു പ്രയാസംതന്നെ. വിധ്യർത്ഥക ക്രിയാപദങ്ങളുടെ നില്ക്കു, ഇരിക്കു, പോരു അന്ത്യമായ ഉകാരം ലോപിച്ചിട്ടാണ് നില്ല, ഇരിക്ക, മുതലായ രൂപങ്ങൾ സിദ്ധിക്കുന്നതെങ്കിൽ ഉണ്ടു, കാണ്മു, തിന്മു, ഇരിപ്പു, ചെയ്യു, മുതലായ രൂപങ്ങൾക്കും ഉകാരം ലോപിച്ച് ഉണ്ട, കാണ്മ, തിന്മ, ഇരിപ്പ, ചെയ്യ എന്ന രൂപങ്ങൾ വരണമെന്ന് താൻ അംഗീകരിച്ചു

പ്രക്രിയക്കു ഈ വക ദോഷങ്ങൾ ഉണ്ടെന്നു് 'പോരു' എന്ന രൂപം
യോജിക്കായ്കയാൽ 'പോരിക' എന്നു് വലയത്തിനുള്ളിൽ ന്യായ
മായ രൂപത്തെ എഴുതേണ്ടിവന്നപ്പോഴെങ്കിലും രഞ്ജിനി ശ്രദ്ധിക്കാത്ത
തു് കഷ്ടംതന്നെ. വാസ്തവത്തിൽ നില്ക്ക, ഇരിക്ക, പോരിക മുത
ലായ രൂപങ്ങൾ ഇംഗ്ലീഷിൽ Infinitive എന്നു പറയുന്നതിനോടും
സംസ്കൃതത്തിൽ ഭാ വേ ല്യു ഡ ന്തം എന്നു പറയുന്നതിനോടും
സമകക്ഷ്യമായ ഭാവാർത്ഥക പ്രത്യയാന്തങ്ങളാകുന്നു.

കാലപ്രകാരാദിപരിച്ഛേദം ഒന്നും ഇല്ലായ്കയാൽ കേവലധാ
ത്വർത്ഥത്തെ അനുവദിക്കുന്ന ഈ പ്രത്യയത്തെ ആദരാതിശയത്തിൽ
വിധ്യർത്ഥത്തിലുപയോഗിക്കുന്നു. ഈ രൂപങ്ങൾക്കു ഇങ്ങിനെ പ്ര
യോഗം വരാനുള്ള കാരണം കേരളപാണിനീയം ൨൩൮-ാം പേ
ജിൽ നിരൂപിച്ചിട്ടുള്ളതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. ഈ
വിധം പ്രക്രിയ സ്വീകരിക്കുമ്പോൾ ഉണ്മ, കാണ്മ, ചെയ്വ, മുതലാ
യ അനിഷ്ടരൂപാപത്തിക്കു് അവകാശവും വരുന്നില്ല.

ഇനി ഉണ്മ, കാണ്മ മുതലായ അനിഷ്ടരൂപങ്ങളെ ചില നി
ഷേധ വിധികളെക്കൊണ്ടു് നിവാരണം ചെയ്യാമെന്നു് മുറുകെപ്പി
ടിക്കുകയാണെങ്കിൽ സർവ്വസമ്മതിപന്നങ്ങളായ സിദ്ധാന്തങ്ങ
ളെ അധരോത്തരീകരിക്കുന്ന ആ ദുസ്സാമർത്ഥ്യത്തിനു് ഉത്തരമില്ല.
നില്ക്കു്, ഇരിക്കു് ഇത്യാദി സംവൃതരൂപങ്ങളാകട്ടെ കേവല ധാതുരൂ
പങ്ങൾ എന്നേ ഉള്ളൂ. നിയോഗാർത്ഥത്തിൽ കേവല ധാതുരൂപ
ത്തെ ഉപയോഗിക്കുക എന്നുള്ളതു് പല ഭാഷകൾക്കുമുള്ള ഒരു നി
യമമാണു്. സംസ്കൃതത്തിൽ ലോട്ടിന്റെ മദ്ധ്യമപുരുഷ ഏകവച
നത്തിനു് അധിക ധാതുക്കളേയും പരാമർശിക്കുന്ന 'അതോഹേഃ'
എന്നുള്ള പ്രത്യയ ലോപവും ഇംഗ്ലീഷിൽ ഈ സ്ഥാനം വഹിക്കുന്ന
Imperative Mocd എന്നതിന്റെ രൂപവും മററും ഇതിലേക്കു ദൃ
ഷ്ടാന്തങ്ങളാണു്.

'പിച്ച പൂക്ക പോരു' എന്നുള്ള മലയാള മന്ത്രത്തിൽ അന്ത്യ
സ്വരം അകാരമാണെന്നും ഉകാരമായിഉച്ചരിച്ചു പോയാൽ പിഴ
യായിത്തീരുമെന്നും രഞ്ജിനി ശപഥം ചെയ്യുന്നു. എന്നാൽ നി
ത്യമെന്നപോലെ ഉപനയനാദി ക്രിയകളെ നടത്തിപ്പോരുന്ന രണ്ടു
മൂന്നു ഓതിക്കന്മാരോടു് ഈ സംഗതിയെപ്പററി ഞാൻ ചോദിച്ച
തിൽ 'പിച്ച പൂക്ക പൊരു' എന്നുള്ളതിനെ മന്ത്രങ്ങളുടെ കൂട്ട

ത്തിൽ ഗണിച്ചിട്ടില്ലെന്നും ഋഗ്വേദാദികൾ മാത്രം ഇതിനെ ചിലപ്പോൾ ഉപയോഗിക്കാറുണ്ടെന്നും അക്കാരണത്തിൽ പ്രത്യവായമില്ലെന്നും അവർ ഇതിനെ ഉച്ചരിക്കുന്നതു് 'പിച്ച പൂക്ക പൊതു്' എന്നാണെന്നും മറുപടി പറഞ്ഞിരിക്കുന്നു. ഉച്ചാരണവിഷയത്തിൽ രസികരഞ്ജിനിയിലുള്ള വിശ്വാസം നിമിത്തം തൃപ്തിപ്പെടാതെ പിന്നീടും സംശയിച്ചു ചോദിച്ചപ്പോൾ അവർ ചടങ്ങു ഗ്രന്ഥം എടുത്തു കാണിച്ചു് സംശയച്ഛേദം ചെയ്യുകയുമുണ്ടായി. ഈ മന്ത്രാക്ഷരത്തിന്റെ തീർച്ച വിധി പറഞ്ഞതു് പെരുമനം ഗ്രാമത്തിൽ ചേർന്ന ഒരു സ്മാർത്തനാകയാൽ മദ്ധ്യസ്ഥകക്ഷിയുമാകുന്നു. രഞ്ജിനി ആവശ്യപ്പെടുന്ന പക്ഷം പേർ പറയുന്നതിനും ഗ്രന്ഥം ഹാജരാക്കുന്നതിനും തയ്യാറുമാണ്. ഈ വിധായകന്റെ പ്രാമാണ്യം ഒക്കുമ്പോൾ 'ഉ' എന്നതിന്റെ ഉകാരചിഹ്നത്തെ വിസർഗ്ഗമെന്നു ഭ്രമിക്കുന്നതിനു മാർഗ്ഗമുള്ളതിനാൽ ഈ സംഗതിയിൽ ഭ്രമം രഞ്ജിനിക്കു തന്നെ ആകാനാണു് എളുപ്പം. രഞ്ജിനിയുടെ വാദത്തിന്റെ അടിസ്ഥാനക്കല്ലുതന്നെ ഈ വിധം തകർന്നു പോയതിനാൽ അതിനുപരി ചമച്ചിട്ടുള്ള കെട്ടുമാനങ്ങളെല്ലാം ഒന്നോടെ പൊടിയുന്നു.

കാട്ടു്, വീട്ടു് മുതലായ ശബ്ദങ്ങളിലെ അന്ത്യവർണ്ണം ഒരു സംവൃതസ്വരമാണെന്നും അതിനെ ഉച്ചരിക്കുന്നതു് അകാരത്തിനും ഉകാരത്തിനും മദ്ധ്യേ ഉള്ള ഒരു ശബ്ദംകൊണ്ടാണെന്നും എന്നാൽ അതിനു് ഉകാരത്തോടാണു് ചേർച്ച അധികമെന്നു് കാട്ടുകൾ, വീട്ടുകൾ മുതലായ ബഹുവചനരൂപങ്ങൾ തെളിയിക്കുന്നു; എന്നുമാണു് കേരളപാണിനീയത്തിൽ പറഞ്ഞിരിക്കുന്നതു്. ഈ മാർഗ്ഗത്തെ എതിർക്കുന്നതിനു് രഞ്ജിനി ഗൌരവലാഘവങ്ങൾ ഒക്കെയും വളരെ ആലോചിച്ചു് ചില ശാസ്ത്രസിദ്ധാന്തങ്ങളെയും പുരസ്കരിച്ചു് ഒടുവിൽ തനിക്കു ലാഘവം സാധിക്കുന്നു. എന്നാൽ വ്യാകരണം കേവലം ന്യായശാസ്ത്രത്തെക്കാൾ ചരിത്രശാസ്ത്രത്തെ അനുസരിക്കുന്ന ഒരു ശാസ്ത്രമാണെന്നാണു് ഞാൻ അറിഞ്ഞിടത്തോളവും ഭാഷാശാസ്ത്രം ഘോഷിക്കുന്നതു്, അതുകൊണ്ടു് ആ മാതിരി വാദവും എനിക്കു അപ്രതികൂലമല്ലെങ്കിലും ഗൌരവലാഘവവാദത്തിൽ പ്രവേശിക്കാൻ മനസ്സു വരുന്നില്ല.

'കാട്ടുകൾ' 'വീട്ടുകൾ' മുതലായ ബഹുവചനരൂപങ്ങളിൽ അന്ത്യസ്വരം വികല്പേന എങ്കിലും ഉകാരമാകാമെന്നു് രഞ്ജിനിയുടെ

സമ്മതിച്ചുവല്ലൊ. ഇനി പാക്ഷികമല്ലാത്ത വേറെ ഒരു സ്ഥലവുംകൂടി തെളിവിന്നായിട്ടെടുത്തു കാണിക്കാം. 'വന്നു' 'ഇരുന്നു' ഇത്യാദികൾ ഭൂതകാലത്തിലെ പൂർണ്ണക്രിയകളാണല്ലൊ. ഇവയെ പൂർവകാലക്രിയകളാക്കി മറെറാരു ക്രിയയ്ക്കു കീഴ്പ്പെടുത്തുമ്പോൾ ഉണ്ടാകുന്ന രൂപങ്ങൾ 'വന്ന്' 'ഇരുന്ന്' എന്നല്ലയൊ? ഉദാഹരണം. 'രാമൻ ഇവിടെ വന്ന് കുറച്ചു നേരം ഇരുന്ന് സംസാരിക്ക ഉണ്ടായി' ഇവിടെ 'വന്ന്' 'ഇരുന്ന്' എന്ന പൂർവകാലക്രിയാരൂപങ്ങളുടെ അന്ത്യസ്വരം 'കേട്ടു' 'വീടു' ഇത്യാദികളിലെപോലെ സംവൃതമല്ലയൊ? അപ്പോൾ സ്വതന്ത്രമായി നില്ക്കുന്ന പൂർണ്ണക്രിയയുടെ അന്ത്യമായ ഉകാരത്തെ സംവൃതമാക്കിയാൽ ആ ക്രിയ മറെറാരു ക്രിയയിൽ അന്വയിക്കുന്ന അപൂർണ്ണക്രിയയാകും എന്നാണ് മലയാളത്തിലെ വ്യാകരണരീതി. മറിച്ച് പൂർണ്ണക്രിയക്കുതന്നെ അധികം ബലം കൊടുക്കണമെന്ന് വിവക്ഷിക്കയാണെങ്കിൽ അന്ത്യസ്വരത്തെ നീട്ടുക— എങ്ങനെ എന്നാൽ- 'വന്നൂരേതസമയ മഞ്ജുമൊഴിയൊന്നുകണ്ടു' ഇതു വളരെ യുക്തിയുക്തമായ ഒരു ഏർപ്പാടാണെന്ന് സ്പഷ്ടമാകുന്നു. ഈ രൂപസിദ്ധിസമ്പ്രദായംകൊണ്ടും സന്ദിഗ്ദ്ധമായ സംവൃതസ്വരം ഉകാരത്തിന്റെ വികാരമാണെന്നു സ്പഷ്ടമാകുന്നില്ലയൊ? ഇതെല്ലാം നോക്കുമ്പോൾ സംവൃതസ്വരം അകാരമാണെന്ന് എങ്ങനെ സമ്മതിക്കുന്നു.

രഞ്ജിനിയുടെ വാദങ്ങളിൽ ഒരു ഭാഗംമാത്രം എനിക്കും സമ്മതിച്ചുതീരൂ. പണ്ടുള്ളവർ സംവൃതത്തെ പ്രത്യേകചിഹ്നമൊന്നുംകൂടാതെ അകാരംപോലെതന്നെ അത് എഴുതിവന്നതു. ഇതിനുള്ള കാരണം താഴെ വിവരിക്കുന്നതായിരിക്കാമെന്നു ഞാൻ ഊഹിക്കുന്നു. മലയാളത്തിലെ കുട്ടികളെ പഴയ ആശാന്മാർ പഠിപ്പിക്കുന്ന നിലത്തെഴുത്തു മന്ത്രശാസ്ത്രപ്രകാരമുള്ള സംസ്കൃതാക്ഷരമാലയാകുന്നു. സംസ്കൃതത്തിൽ ഇല്ലാത്ത മലയാളത്തിനുള്ള 'ഴ' 'റ' എന്നുള്ള ഏതാനും അക്ഷരങ്ങളെമാത്രം നിലത്തെഴുത്തിന്റെ ഒടുവിൽ അവർ ചേർത്തിട്ടുണ്ട്. ഹ്രസ്വമായുള്ള എകാര ഒകാരങ്ങളെ ആകട്ടെ ഏ ഓ കളുടെ ഭേദത്തെ ആകട്ടെ അവർ ഗണിച്ചിട്ടില്ല. ആ കൂട്ടത്തിൽ ഈ സംവൃതസ്വരത്തെയും വകവെയ്ക്കാത്തതായിരിക്കാം. തമിഴ് അക്ഷരമാല ഉപേക്ഷിച്ചു സംസ്കൃതാക്ഷരമാലയെ സ്വീകരിച്ച അവസരത്തിലുണ്ടായ വ്യാകുലതകളും ഈ ന്യൂനതയ്ക്കു സഹായിച്ചിരിക്കും.

‘പാരയണം’ എന്നെഴുതേണ്ടതിനു ‘പറയണം’ എന്നു എകാരത്തെ അകാരമാക്കിയും, ‘എതിര്’ എന്നിരിക്കുന്നതിനു ‘എതിര്ത്തു്’ എന്നാക്കുന്നതും മററും അക്കാലത്തു സംഭവിച്ചിട്ടുള്ള ലിപിസ്ഖലിതങ്ങളുടെ ലക്ഷ്യങ്ങളാണ്. അർവാചീനവൈയാകരണന്മാരായ കൊവുണ്ണിനെടുങ്ങാടി പാച്ചുമൂത്തതുമുതലായ മഹാന്മാർകൂടി മലയാളത്തിന്റെ പ്രകൃതി സംസ്കൃതമാണെന്നു തെററിദ്ധരിപ്പാൻ ഇടയായിട്ടുണ്ട്. പ്രാചീനന്മാർക്കു ഈ ഭ്രമം ധാരാളം സംഭവിച്ചിരിക്കാവുന്നതും, അതിനെ കുറിക്കാൻ സംസ്കൃതത്തിൽ പ്രത്യേകചിഹ്നമില്ലാത്തതുകൊണ്ട് ഭാഷയിലും അതാവശ്യമില്ലെന്നു ഉദാസീനരായിട്ടിരിക്കാവുന്നതും ആകുന്നു. എന്നാൽ ഒരു സംവൃതസ്വരം ഭാഷയിലും സംസ്കൃതത്തിലും ഉണ്ടെങ്കിലും രണ്ടിനുംതമ്മിൽ വളരെ വ്യത്യാസമുണ്ട്. സംസ്കൃതത്തിൽ സംവൃതാകാരം വ്യാകരണത്തെ സ്പർശിക്കുന്നതേയില്ല. പാണിനി അതിനെ സർവ്വത്രാസിദ്ധമായിട്ട് ‘പൂർവ്വത്രാസിദ്ധ’ത്തിന്റെ കൂട്ടിലാണ് ചേർക്കുന്നതു്. മലയാളത്തിൽ ഈ ഭേദമൊന്നുതന്നെയാണ് പൂർണ്ണഭേദപരത്തെ പൂർവ്വകാലക്രിയ എന്നുപറയുന്ന അപൂർണ്ണക്രിയയെ നിർമ്മിക്കുന്നതിനുള്ള വ്യാകരണപ്രക്രിയ എന്നു മുമ്പു തന്നെ വ്യക്തമായി കാണിച്ചുവല്ലോ. സംവൃത ഉകാരം ഭാഷയിൽ ഇത്രത്തോളം പ്രധാനപ്പെട്ട ഒന്നായിരിക്കയാലാണ് ഒരു വ്യാകരണഗ്രന്ഥം എഴുതാൻ പുറപ്പെടുന്നവനു അതിന്റെ സ്വഭാവം നിർണ്ണയിക്കുന്നതിൽ ഇത്ര വളരെ പ്രയാസവും ക്ലേശവും നേരിടുന്നതു. സംസ്കൃതത്തിലെപ്പോലെ കേവലം ഉച്ചാരണത്തെ മാത്രമേ സ്പർശിച്ചിരുന്നുള്ളുവെങ്കിൽ ഞങ്ങിനി പറയുംപോലെ അകാരത്തിന്റെ ഒരു ഭേദമെന്നോ, അല്ല ഇനിവല്ലവരും പറഞ്ഞേക്കാവുന്നതുപോലെ ഒരു പ്രത്യേകം അക്ഷരമേ അല്ലെന്നോ തള്ളാമായിരുന്നു.

ഇത്രയും പറയേണ്ടിവന്ന സ്ഥിതിയ്ക്കു് കൃഷ്ണമാചാര്യർ അവർകളുടെ ഉപന്യാസത്തെപ്പററിയും രണ്ടുവാക്കു പറയാതെ ഉപസംഹരിക്കുന്നതു വിഹിതമല്ലാ. ആ സംഗതിയിലും ഞങ്ങിനിക്കുള്ള ഇച്ഛാഭംഗം വരുത്തിക്കൂടല്ലോ. എന്നാൽ അതു അനേകമാത്രാരൂപം തന്നെയോ എന്നു തിട്ടപ്പെടുത്തുന്നില്ല. ആചാര്യരുടെ ലേഖനം സരസമണീയവും സവിശേഷവുമായിരിക്കുന്നു. ആ ലേഖനത്തിൽ ഒരു വാചകത്തിൽ മാത്രമേ എനിക്കു് സ്വല്പം വിപ്രതിപത്തിയുള്ളൂ. ആ

തായശു—'എന്നാൽ പാണിനീയത്തിൽ പറഞ്ഞിരിക്കുന്നതുപോലെ മുറവകാരമെഴുതീട്ടു മാത്രമെ മീത്തൽ വയ്ക്കാൻ പാടൊള്ളു എന്നുള്ള നിയമം സ്വീകരിക്കാൻ യാതൊരു കാരണവും ഞാൻ കാണുന്നില്ല.' ഭാഷയിൽ ഒരു സംവൃതസ്വരമുണ്ടെന്നും അതു അകാരമല്ല, ഉകാരമാണെന്നുമല്ലാതെ അതിനെ കുറിക്കുവാനുള്ള ചിഹ്നവിഷയത്തിൽ യാതൊരു നിർബ്ബന്ധവും പാണിനീയത്തിൽ ചെയ്തിട്ടില്ല. ഉകാരത്തിനുപരമെഴുതി ചന്ദ്രക്കലാചിഹ്നമിടുക എന്നുള്ള സങ്കേതമാണു ഇപ്പുസ്തകത്തിൽ സ്വീകരിച്ചിരിക്കുന്നതു എന്നുമാത്രമെ ലിപിന്യാസത്തെപ്പററി പറഞ്ഞിട്ടുള്ളു. പക്ഷെ ആചാര്യർ അനുഷ്ഠാനംതന്നെ വിധി എന്നർത്ഥം കല്പിച്ചിരിക്കാം; ഇരിക്കട്ടെ. ഇനി ഈ മാതിരി ഒരു സങ്കേതം സ്വീകരിച്ചതിനുള്ളകാരണം വ്യാകരണത്തിൽ വിവരിച്ചിട്ടില്ലാത്തതിനാൽ ഇവിടെ വിവരിക്കാം. കേരളപാണിനീയം എഴുതുന്നകാലത്തു സ്വരസ്പർശം ഇല്ലാത്ത വെറും വ്യഞ്ജനങ്ങളെ എഴുതിക്കാണിക്കുന്നതിനു തലയ്ക്കുള്ള ഉപരി അനുസ്വാരചിഹ്നമിടുന്ന സമ്പ്രദായം നടപ്പില്ലായിരുന്നു. ആ രീതി കേരളപാണിനീയ ജനനാനന്തരം മലയാളമനോരമ ആദ്യമായി പുറപ്പെടുവിച്ചതാണ്. അതു ദിക്കുമലയാളികൾക്കു രസിക്കാത്തതിനാൽ മനോരമയ്ക്കുതന്നെ അചിരേണ ഉപേക്ഷിക്കേണ്ടതായും വന്നു. മീത്തൽ തൊട്ടുകുറിക്കുക എന്ന ചന്ദ്രക്കലാചിഹ്നം ആദ്യമായി ഗുണ്ടുർട്ട സായ്പവർകൾ സംവൃതചിഹ്നമായി ഉപയോഗിച്ചുതുടങ്ങി എങ്കിലും പ്രായേണ ആ ചിഹ്നം സ്വരവിശേഷാഗമസൂചകമായിട്ടാണ് ഗണിച്ചുവന്നിട്ടുള്ളതു്. ഭാഷയിൽ 'നായ്' 'പോയ്'' എന്നു സ്വരഹീനമായ യകാരത്തെ കുറിക്കുന്നതിനും; സംസ്കൃതത്തിൽ 'ലങ്', 'റോങ്' ഇത്യാദികളിൽ താദൃശ നകാര ങകാരാദികളെ കുറിക്കുന്നതിനും ഈ ചന്ദ്രക്കലയെ ഉപയോഗിച്ചിരുന്നു. അതിനാൽ പ്രചാരബലത്താൽ ചന്ദ്രക്കലാചിഹ്നത്തിന്റെ മുഖ്യോപയോഗം സ്വരപൂരണമെന്നു എനിക്കു കല്പിക്കാൻ ന്യായമുണ്ടായിരുന്നുള്ളു. [illegible] മുറവകാരമെഴുതി മീത്തൽ ഇട്ടാൽ ഉകാരചിഹ്നമാകുന്നതുകൊണ്ടു ഉകാരമുണ്ടെന്നും എന്നാൽ മീത്തൽ കൂടി ചേർത്തിരിക്കുന്നതുകൊണ്ടു സ്വരാംശത്തെ ത്യജിക്കേണമെന്നും, രണ്ടുംകൂടിനോക്കുന്നതിനാൽ ചിഹ്നദ്വയത്തിനും സാഫല്യംവരുന്നവിധം ഉകാരത്തെ സ്വരാംശത്തിൽ കുറവുചെയ്തു (അതായതു

സംവൃതമാകിൽ) ഉച്ചരിക്കേണമെന്നു അർത്ഥവ്യാപനംകൊള്ളും എന്നായിരുന്നു എന്റെ യുക്തി. അതുമാത്രമല്ല, മുൻകാണിച്ചപ്രകാരം പൂർവകാലക്രിയകളെ വിധിക്കുന്നേടത്തു, പ്രത്യയാന്തങ്ങളിൽ ഉകാരത്തെ സംവൃതമാക്കിട്ടാകയാൽ മുറുകാര ലിപിയെത്തന്നെ എഴുതിട്ടു അതംശീകരമാക്കാൻ മാർഗ്ഗമുണ്ടായിരുന്നാൽ ശിഷ്യരെ ഗ്രഹിപ്പിക്കുന്നതിൽ അധികം സൗകര്യംകാണും. ഇതിനുപുറമേ സംവൃതസ്വരം വിസർഗ്ഗാദികളെപ്പോലെ ഒരിക്കലും സ്വതന്ത്രമായ് നിൽക്കുന്നതാണെങ്കിലും ഒഴിവാക്കേണ്ടതാണെന്നു അതിന്നപ്പുറി പലസ്ഥലങ്ങളിലും വ്യവഹരിക്കേണ്ടിവരുന്നതിനാൽ സംവൃതമെന്നതന്നെ ആവർത്തിക്കാത്ത ഉകാരമെന്നും വേണ്ടിവന്നാൽ എഴുതിക്കൊള്ളാൻ മാർഗ്ഗമുണ്ടാകണമല്ലോ. ഇപ്പോഴാകട്ടെ മതാന്തരത്തെ അനുസരിച്ച് സ്വരസ്പൃഷ്ടവ്യഞ്ജനങ്ങളെ കുറിക്കുന്നതിന് തമിഴിലെ തലക്കത്തിനെ സ്വീകരിച്ച് ചന്ദ്രക്കലാചിഹ്നത്തെ സംവൃത ഉകാരത്തെ കുറിക്കുന്നതിനുമാത്രമായി ഉപയോഗിക്ക എന്നൊരേർപ്പാടു ചെയ്യുന്നതിനാൽ അതിൽ ഞാനും ചേരുന്നതിനു തയ്യാറാകുന്നു. എന്നാൽ രഞ്ജിനി മുതലായ മേൽത്തരം മാസികകൾകൂടി സംവൃതോകാരങ്ങളും നില നില്ക്കുന്നിടത്തോളംകാലം കേരളപാണിനീയത്തിൽ ചെയ്തിട്ടുള്ള ലിപിവിന്യാസംതന്നെ അല്ലയോ കൈക്കൊള്ളുവാനുള്ളു എന്നും തോന്നിപ്പോകുന്നു. ചന്ദ്രക്കലയെ കേവലവ്യഞ്ജനത്തെക്കുറിക്കുന്നതിനും സംവൃത ഉകാരത്തെക്കുറിക്കുന്നതിനും ഒന്നുപോലെ രഞ്ജിനി ഒരേപുറ്റുതന്നെ ഉപയോഗിക്കുന്നതിനു ൻ ധനു ലക്കം ൩൦൨-ാം വശം നോക്കുക. അതിൽ 'ഇത് കേട്ട് എട്ടുകലോസ്യംകൊണ്ട് ഞാൻപോന്നു.' എന്നിടത്തും മറ്റും ചിഹ്നം സംവൃതത്തെക്കുറിക്കുന്നു. 'മോഡൽ പ്രസ്സിങ്ങ്', ഇത്യാദികളിൽ ശുദ്ധവ്യഞ്ജനത്തെയും ആ ചിഹ്നംതന്നെ കുറിക്കുന്നു. പ്രകൃതവശാൽ ലിപിവിന്യാസത്തിൽ മറെറാരവ്യവസ്ഥയേക്കൂടി ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഇവിടെ എടുത്ത ഉദാഹരണങ്ങളിൽ ആദ്യത്തേതിൽ 'ഇത്' 'കേട്ട്' എന്ന രൂപങ്ങളിലും സംവൃതത്തിനു ചന്ദ്രക്കലാചിഹ്നമാണ്. 'എട്ട്' എന്നുള്ളിടത്തു മുറുകാരംതന്നെ ആണു ഉപയോഗിപ്പാൻ ഭാവം. ഈ വക അവ്യവസ്ഥകൾ ഇരിക്കുന്നിടത്തോളം കാലം ലിപിവിന്യാസത്തിനു ഐകരൂപ്യം ഏതുകാലത്തു നടക്കുമെന്നു ഈശ്വരനു തന്നെ അറിയാം.

ഈ ലേഖനത്തിൽനിന്നു എനിക്കു രസികരഞ്ജിനിയുടെ നേരേയുള്ള നിലയെ വായനക്കാർ അന്യഥാ ഗ്രഹിക്കരുതെന്നു ഞാൻ പ്രത്യേകം പ്രാർത്ഥിച്ചുകൊള്ളുന്നു. ഇപ്പോൾ മലയാളത്തിൽ നടന്നുവരുന്ന മാസികകൾ എല്ലാത്തിലുംവെച്ചു ഉത്തമസ്ഥാനം രഞ്ജിനിക്കാണെന്നാണ് എന്റെ അന്തഃകരണസാക്ഷികമായ വിശ്വാസം. ഈ മാസികയ്ക്കു ഉപദ്രഷ്ടാവായ അദ്ധ്യക്ഷനേയും ഞാൻ ഹൃദയപൂർവ്വം അനുമോദിക്കുന്നു. പ്രകൃതലേഖനത്തിൽ ദോഷങ്ങൾമാത്രം ചൂണ്ടിക്കാണിക്കേണ്ടിവന്നതു വിഷയസ്വഭാവഭേദംകൊണ്ടുമാത്രമേ ഉള്ളൂ. സുഹൃത്തുക്കളായ രണ്ടു വക്കീലന്മാർ വാദിഭാഗവും പ്രതിഭാഗവും വക്കാലത്തുപിടിച്ചു കോട്ടിൽ ചെന്നു തമ്മിൽ തല്ലിയാലും കോടതി പിരിഞ്ഞാൽ പണ്ടത്തെപ്പോലെ അവർ സുഹൃത്തുക്കൾതന്നെ.

എ. ആർ. രാജരാജവർമ്മ, എം. എ., എം. ആർ. എ. എസ്സ്.

ഒരു ദുർമ്മരണം.

പന്ത്രണ്ടാമദ്ധ്യായം.

ഉപസംഹാരം.

ഇൻസ്പെക്ടർ പിറേറദിവസം കാലത്തെഴുനേററു റിക്കാട്ടുകെട്ടിൽനിന്നൊരു കടലാസ്സുചുരുളെടുത്തു നിവിർത്തിയപ്പോൾ കോണിൽ ചുവന്നുതുടുത്ത കനകക്കണ്ണാടിപോലെ വിളങ്ങുന്ന സൂര്യബിംബത്തിൽനിന്നു പൊട്ടിപ്പുറപ്പെടുന്ന രശ്മികളും ജനാലകളിൽക്കൂടികടന്നു സ്റ്റേഷൻമുറിക്കകത്തു കുടികൊണ്ടിരുന്ന അന്ധകാരനികരത്തെ നിർമ്മൂലനം ചെയ്യുവാൻ തുടങ്ങിയതു കണ്ടാൽ പതിമൂന്നാംതിയ്യതി പുലർന്നതു കുഞ്ഞുണ്ണിനായർ ഇൻസ്പെക്ടരുടെ പ്രതികാരവാഞ്ഛയെ ഉദ്ദേശിച്ചുതന്നെയായിരുന്നോ എന്നു തോന്നും. ഇൻസ്പെക്ടർക്കു ഉപകാരസ്മരണയുണ്ടാകാതിരുന്നില്ല. ബാലാർക്കകിരണങ്ങളെ ആദ്യം

പൂർവ്വം സ്വീകരിച്ചുകൊണ്ട് അദ്ദേഹം ജനാലയുടെ അടുക്കലേക്കു നീങ്ങി. അവിടെനിന്നുകൊണ്ട് അന്നേദിവസം കോടതിമുമ്പാകെ ചാർജ്ജചെയ്യാൻ നിശ്ചയിച്ചിരിക്കുന്ന കൊലപാതകക്കേസ്സുകളുടെ വികടസംഗ്രഹങ്ങളിൽ നടകപ്പെട്ട ചേരയെ വിഴുങ്ങുവാൻ ഉത്സാഹിച്ച നീർക്കോലിയെപ്പോലെ യാതൊരവസാനവും കണ്ടുകിട്ടാതെകിടന്നു കുഴങ്ങുമ്പോൾ വഴിയിലൊരു കോലാഹലംകേട്ടു തിരിഞ്ഞുനോക്കിയ നിമിഷത്തിൽ കേസ്സുവിചാരണമൂലം കണ്ണുകൾക്കുണ്ടായിരുന്ന കഷ്ടപ്പാട സകലതും കലാശിച്ചു, നെറ്റിത്തടത്തിലെ ചുളിവുകളൊക്കെ നിവർന്നു. തല ചൊറിഞ്ഞിരുന്ന കയ്യിന്റെ ജോലിയും ഒഴിഞ്ഞു. എതിരായിവരുന്ന സ്വരൂപത്തിൽ പതിഞ്ഞിരിക്കുന്ന ദൃഷ്ടി കടാക്ഷമാത്രം എളച്ചുമിഴി കറങ്ങിപ്പോയതിനാൽ വേല കുറെ കൂടിവർദ്ധിച്ചു. വളരെത്താമസംകൂടാതെ പ്രത്യക്ഷമായിട്ടുകാണുന്ന സ്വരൂപത്തെക്കുറിച്ചുണ്ടായിരുന്ന സംശയത്തിന് വിശ്വാസം ജനിച്ചു തൊട്ടുകൂടി വായിച്ചിരുന്ന കടലാസ്സും വലിച്ചെറിഞ്ഞ് ആനന്ദപൂരം ഇൻസ്പെക്ടർനിലവിട്ട പകച്ചുനിന്നുപോയി. ഇൻസ്പെക്ടർ കേട്ട കോലാഹലം പടിക്കൽകൂടിയിരുന്ന ജനസംഘത്തിന്റേതായിരുന്നു. അദ്ദേഹത്തിന്റെ കയ്യിലുണ്ടായിരുന്ന കടലാസ്സ് സ്റ്റേഷനാപ്പീസരുടെ മരണത്തെപ്പറ്റിയായിരുന്നു. സ്റ്റേഷനിലേക്കു കടന്നുവന്ന സ്വരൂപം നമ്മുടെ പഴയ സ്റ്റേഷനാപ്പീസരുടേതുമായിരുന്നു.

ചത്തുജീവിച്ച മേസ്സർമേനവനെ കണ്ടിട്ടുണ്ടായ ഭയത്താലും ആശ്ചര്യത്താലും സ്തബ്ധന്മാരായ തന്റെ കീഴുദ്യോഗസ്ഥന്മാരെയും മറ്റുപലരെയും തീരെ ഗണ്യമാക്കാതെ സ്റ്റേഷനാപ്പീസർ നേരിട്ടു ഇൻസ്പെക്ടരുടെ സന്നിധാനത്തിൽചെന്ന് സലാംവച്ചുനിൽക്കയാണുണ്ടായത്. ഇൻസ്പെക്ടർ ഒന്നുകൂടി കണ്ണുമിഴിച്ചതല്ലാതെ ഏതൊരുവിധത്തിലാണ് സ്റ്റേഷനാപ്പീസ്സർക്ക് സ്വാഗതംപറയേണ്ടതെന്ന് തീരുമാനിക്കുവാൻ ശക്തനായില്ല. സ്റ്റേഷനാപ്പീസർ തന്റെ അജ്ഞാതവാസകഥയുംപറഞ്ഞ് ഇൻസ്പെക്ടരെ സമാധാനപ്പെടുത്തുകയും ഉണ്ടായില്ല. അതിനുള്ള സമയം വന്നിട്ടില്ലെന്ന് കണ്ടിട്ടെന്നപോലെ,

"കേസ്സെല്ലാം തെളിഞ്ഞു. സ്റ്റേഷനിൽകിടക്കുന്ന പുള്ളികൾ എന്റെകൂടെ ഇപ്പോൾതന്നെ അമ്പലക്കാട്ടേക്കു പുറപ്പെടുവാൻ ഉത്തരവുണ്ടാവണം. ഇവിടുന്നും സഹായത്തിന് വരുന്നതായാൽ

ഉപകാരമായിരുന്നു' എന്ന് രാമുണ്ണിമേനോൻ ബോധിപ്പിച്ചതിന് അന്തസ്സാരശൂന്യമായ പ്രണാമംകൊണ്ടൊരു അനുസരണവും അതിന്നു യോജിച്ച നടപടിയും ആയിരുന്നു ഇൻസ്പെക്ടരുടെ മറുപടി.

ഇൻസ്പെക്ടരും ആളുകളും അമ്പലക്കോട്ടചെന്നു കയറിയപ്പോഴേക്കും സ്റ്റേഷനാപ്പീസരുടെ ശിഷ്യന്മാർ പോലീസ്സുകാരനും നാലുകെട്ടിൽനിന്ന് കോലായിലേക്ക് കടക്കുന്ന വാതിലിന്റെ ഇരുഭാഗത്തും കൂടിയിരിക്കുന്നു. അപ്പാത്തിക്കരി നടുമിറ്റത്തിന്റെ വക്കത്ത് വല്ലിയിന്മേൽ കയ്യുംകൊടുത്ത് കയ്യിന്മേൽ തലയുംചായ്ച്ച് ചിന്താക്രാന്തനായിട്ട കാലുപിണച്ചു നില്ക്കുന്നുണ്ട്. അദ്ദേഹത്തിന്റെ രണ്ടു അടുത്തുള്ള തൂണിന്മേൽ ചാരിയിരുന്ന് കണ്ണീരിൽ കുളിക്കുന്നുണ്ട്. സ്റ്റേഷനാപ്പീസർ വാതുക്കൽനിന്നിരുന്നവരോട സംസാരിച്ചും ശങ്കരമേനോൻ മരിച്ചുകിടക്കുന്ന അകം തുറന്നുനോക്കിയതും അപ്പാത്തിക്കരിയാകട്ടെ ഭാര്യയാകട്ടെ അറിയാത്തതുകൊണ്ടാണെന്ന് പുത്രദുഃഖമനുഭവിച്ചിട്ടുള്ള മാതാപിതാക്കന്മാരെപ്പോലെ മററാർക്കാക്കുന്ന പൂർണ്ണമായി അറിവാൻ കഴിയുന്നത്? നാലുകെട്ടിലേക്ക് കടക്കുന്ന ഇൻസ്പെക്ടരുടെ ബൂട്ടീസ്സിന്റെ ശബ്ദം കേട്ടിട്ടാണ് അപ്പാത്തിക്കരി തിരിഞ്ഞുനോക്കിയത്. ആ മാത്രയിൽ അദ്ദേഹത്തിന്റെ നയനങ്ങളിൽനിന്ന് പൊടുന്നനെ പുറപ്പെട്ട അശ്രുധാരയെ തടുത്തുനിറുത്തുവാൻ മനസ്സിൽ കത്തിക്കാളുന്ന വ്യസനം അദ്ദേഹത്തിനെ സമ്മതിച്ചില്ലെന്നു പറയേണ്ടതുള്ളൂ. സ്റ്റേഷനാപ്പീസർ കണ്ടതുമുതൽ ഇൻസ്പെക്ടരുടെ ചോദ്യം കേൾവിയും മററും കേവലം സ്വപ്നപ്രായങ്ങളായിത്തീർന്നു. അമ്പലക്കോട്ടക്കുള്ള വരവുതന്നെ വാസ്തവത്തിൽ സ്വപ്നാടനമെന്നു പറഞ്ഞുകൂട. അവിടെവന്നതിന്റശേഷം നടന്നതൊക്കെയും നടന്നിരുന്നതും കണ്ണുണ്ണിനായരെച്ചൊല്ലിയേടത്തോളം സ്വപ്നത്തിൽ സ്വപ്നമെന്നല്ലാതെ മററാന്നും പറവാൻകാണുന്നില്ല. ഈ സ്ഥിതിയിൽ ഇൻസ്പെക്ടരാണോ അപ്പാത്തിക്കരിയെ സമാധാനപ്പെടുത്തുവാൻ പുറപ്പെട്ടാൽ പ്രാപ്തനായിത്തീരുന്നു. മുഖത്തോടുമുഖം നോക്കിക്കൊണ്ട് മൂകന്മാരെപ്പോലെ നിന്നിരുന്ന ഇവരെ ഈ സങ്കടസ്ഥിതിയിൽനിന്ന് രക്ഷപ്പെടുത്തുവാൻ സ്റ്റേഷനാപ്പീസർതന്നെ സഹായിക്കേണ്ടിവന്നു. അദ്ദേഹം ഇവരുടെ അടുത്തുവന്ന്,'

'ഇനി നിങ്ങൾ ഈ കാര്യത്തെപ്പററി വിചാരിച്ച് വ്യസനി

ച്ചിട്ട് ഫലമുണ്ടെന്നു തോന്നുന്നില്ല. സംഗതികളെല്ലാം ഞാൻ അന്വേഷിച്ചറിഞ്ഞിരിക്കുന്നു. പക്ഷെ കുറച്ചധികം വിസ്തരിപ്പാനുള്ളതുകൊണ്ട് സൌകര്യമായിട്ടൊരു ദിക്കിൽ പോയിരുന്നിട്ടാണെങ്കിൽ നന്നായിരുന്നു' എന്ന് സാവധാനത്തിൽ പറഞ്ഞതുകേട്ട് അപ്പോത്തിക്കരി അദ്ദേഹത്തിന്റെ ആപ്പീസ്സുമുറിയിലേക്കു വഴികാണിച്ചു. ഇൻസ്പെക്ടരും അപ്പോത്തിക്കരിയും അകത്തുകടന്ന് ഒരാമാതകസാലയിൽ ഇരുന്നതിന്റെശേഷം ഇൻസ്പെക്ടരുടെ അനുവാദത്തോടുകൂടി സ്റ്റേഷനാപ്പസരും ഒരു പുരൽക്കസാലയിൽ ഇരുന്നു. എന്നിട്ട് അടുത്തുകിടക്കുന്ന മേശയുടെ വക്ക് തലോടിക്കൊണ്ട് ഇപ്രകാരം ആരംഭിച്ചു.

'ഈ മരണവും കിട്ടുണ്ണിമേനവന്റെ കേസ്സിനോട് സംബന്ധിച്ചതുതന്നെയാണ്' എന്നുപറഞ്ഞ് കുറച്ചുനേരം മിണ്ടാതിരുന്നു. കേട്ടിരിക്കുന്നവരും മൌനത്തെ ഉപേക്ഷിച്ചില്ല.

'ഇക്കഴിഞ്ഞ അഞ്ചാന്തിയ്യതി രാത്രി എട്ടുമണി പത്തുമിനിട്ടിന് ഒരാൾ കമ്പൌണ്ടരുടെ അറിവുകൂടാതെ ആസ്പത്രിയിൽനിന്ന് 'പ്രൂസിക് ആസിഡ്' എന്ന വിഷമരുന്നു കട്ടുകൊണ്ടുപോയി. ഇയാൾ രോഗികൾ കിടക്കുന്ന മുറിയിൽകൂടിയാണ് അകത്തേക്ക് കടന്നതും തിരിയേ പോന്നതും. പരിഭ്രമത്തിന്റെ ശക്തികൊണ്ട് മരുന്നുകുപ്പി ഉടച്ചുവെക്കാനാവട്ടെ രോഗികളെ ഉപദ്രവിക്കാതെ നടക്കാനാവട്ടെ ക്ഷമയുണ്ടായില്ല. ഇയാൾ ശല്യപ്പെടുത്തിയ രോഗിയുടെ നിലവിളി കമ്പൌണ്ടർ പുറത്തുപോയി വരുമ്പോൾ കേട്ടുവെങ്കിലും സാധാരണയായിട്ട് വിചാരിച്ചതിനാൽ അത്ര ശ്രദ്ധവെച്ചില്ല'.

'കുമാരൻനായരല്ലേ കമ്പൌണ്ടരെ മാററിനിർത്തിയത്' എന്ന ചോദ്യം മൂലമാണ് ഇൻസ്പെക്ടരുടെ മൌനത്തിന് ഭംഗംവന്നത്.

'കുമാരൻ നായരും കമ്പൌണ്ടരുംകൂടി ആസ്പത്രിക്ക് പുറത്ത സംസാരിച്ചു നിൽക്കുമ്പോഴാണ് ആൾ കമ്പൌണ്ടരുടെ അകത്തു കടന്നത്. പക്ഷെ കുമാരൻ നായർ ഇതൊന്നും അറിഞ്ഞിട്ട ഇല്ല. ഉടപ്പിറന്നവളുടെ 'വിശ്വസ്തതകൊണ്ടാണ് പണയപ്പണ്ടം അന്നു രാത്രിതന്നെ കുമാരൻ നായർക്ക് ഏല്പിക്കേണ്ടിവന്നത്.'

'ഇതിൽ ശങ്കരമേനോനാണ് പിഴച്ചത്?' എന്ന് അപ്പോത്തിക്കരിയും സംവാദത്തിൽ പങ്ക് കൊള്ളുവാൻ തുടങ്ങി.

ശങ്കരമേനവന്റെ മരണം ഒടുക്കത്തെ സംഗതിയാണ്. അ

ത് ഞാൻ അവിടെ വരുമ്പോൾ പറയാം. പണയം വച്ചാലും അതുവിന്നകൊണ്ട് കുമാരൻ നായരോട് പറയിപ്പിച്ചാലും വേണ്ടായണ്. ഈ സംഗതിതന്നെയാണ് വിഷമതന്നപഹരിക്കുന്നതിൽ സഹായിച്ചിട്ടുള്ളതും. കുമാരൻ നായരുടെ സഹായമുണ്ടായിരുന്നില്ലെങ്കിൽ ഇത്ര പരിശ്രമിച്ച് മതന്നൊളുകേണ്ടി വരില്ലായിരുന്നു'.

'എന്താണ്, കാര്യസ്ഥനോ കുഞ്ഞിരാമൻ നായരേയ്?'

'ഉത്തരം പേരും ഞാൻ വഴിയെ പറഞ്ഞേക്കാം. കുമാരൻ നായർ പത്തുമിനിട്ട കുമ്പാരണ്ണറായിട്ട് സംസാരിച്ചു നിന്നിട്ടുള്ളു. കാര്യം കഴിഞ്ഞപ്പോൾ അദ്ദേഹം പിരിഞ്ഞു. അപ്പോൾ എട്ടുമണി പത്തുമിനിട്ടായി. ഇതിനു സാക്ഷി കുമാരൻ നായരുടെ വാച്ചു തന്നെ. ഒരാൾ മരുന്നുകൊണ്ടുപോയല്ലോ. അയാൾ വീട്ടിൽചെന്ന് ഉണ്ടുവെന്നു വരുത്തി അകത്തുപോയികിടന്നു. മറെറല്ലാവരും ഉറങ്ങുന്ന സമയമായപ്പോൾ അടുക്കളയിൽ ചെന്ന് കിണററിൻകരയുള്ള തൂടിയിന്മേൽ പിടിച്ചു പുറത്തേക്കു കടന്നു. ഇതിന് വീട്ടിൽ താമസിക്കുന്ന ഒരു ശിഷ്യൻതന്നെയാണ് സാക്ഷി.'

'ശിഷ്യനൊന്നിനെയാണ് അവൻ കണ്ടെത്തിയത്?' എന്നു ചോദിക്കേണ്ട ആവശ്യം അപ്പാത്തിക്കരിയുടേതായിരുന്നു.

'മൂചിക്കയം കണ്ടാൽ പുറത്തേക്കു ചാടുന്ന ദിവസമാണെന്ന് കുറെ ദിവസം മുമ്പുതന്നെ ശിഷ്യൻ തീർച്ചപ്പെടുത്തിട്ടുണ്ടത്രെ. വീട്ടിലെ 'വല്ല്യമ്മമാരും' ഇതിനെപ്പററി കരച്ചിലാണെന്നാകും ഇപ മുമ്പെന്നുകൂടി കേട്ടു.'

'ശങ്കരൻ കുറെ ദുസ്സ്വഭാവനായിരുന്നു, ഒട്ടും വികൃതിയല്ല. ഈ കേസ്സിൽ അവനെന്താണ് പിഴച്ചത്? 'എന്നുവീണ്ടും ചോദിക്കുന്നതിനിപ്പാൻ അപ്പാത്തിക്കരിക്ക് മനസ്സുവന്നില്ല.

'ശങ്കരമേനവന്റെ മരണം ഒട്ടും കഥതത സംഗതിയല്ല. അത് ഞാൻ പിന്നെപ്പറയാം. വിഷമത്തൊടുത്തതില്ല അയാളും കൂട്ടകാരനുംകൂടി അദ്ധരാത്രി പന്ത്രണ്ടുമണിക്കല്ലോ മുമ്പ് പുളിഞ്ചോട്ടുചെന്നു. ഇതിൽ ഒന്നാമത്തെ ആൾക്ക് എം. കെ. ഗോവിന്ദപണിക്കരെന്നും, രണ്ടാമന് കെ. അയ്യപ്പൻ നായരെന്നും പേരിരിക്കട്ടെ. അടുക്കളയിലും മതില്ലേട്ടുംകൂടി ചേരുന്ന മുക്കിൽ കൂടിയാണ് അവർ അകത്തേക്ക് കേറികടന്നത്. അയ്യപ്പൻ നായരുടെ കയ്യിൽ ഒരു വലിയ വടിയുണ്ടായിരുന്നു. അതിന്റെ ജനാലയുടെ അഴികളുടെ

ഇടയിൽകൂടികടത്തി ഓവറയിലേക്കു കടക്കുന്ന വാതലിന്റെ സാക്ഷ ഊരിയിരുന്നു. പിന്നത്തെ പ്രവൃത്തി നടത്തിയത് ഗോവിന്ദപ്പണിക്കരാണ്. അപ്പോഴും അയ്യപ്പൻ നായർ വടി എറക്കാലിൽ കുത്തിനിന്ന് ഓവറയുടെ പുറഭിത്തിയോട് ചേർന്ന നിന്നതേയുള്ളു. പണിക്കർ കിട്ടുണ്ണി മേനവന്റെ അകത്തു കടന്ന് ചുക്കുവെള്ളക്കിണ്ടിയിൽ വിഷമരുന്ന് ധാരാളം കലക്കീട്ടു. അതിന്റെ ശേഷം മേശപ്പുറത്തിരുന്നിരുന്ന ലക്കോട്ടിൽനിന്നു എഴുത്തെടുത്ത് ലക്കോട്ട വിടെത്തന്നെ വച്ചു. എന്നിട്ട് പുറത്തേക്ക് കടന്ന് ഇറയത്ത് കാത്തുനിന്നു. ഏകദേശം പന്ത്രണ്ട് മണികഴിഞ്ഞപ്പോഴും കിട്ടുണ്ണി മേനവൻ ഉണർന്ന് വെള്ളമെടുത്ത കുറച്ചു കുടിച്ചപ്പോഴും ക്ഷീണം തോന്നിട്ടോ കൈകുഴഞ്ഞിട്ടോ കിണ്ടി മേശപ്പുറത്തിട്ടു. അത്രമാത്രമേ എടയുണ്ടായുള്ളൂ. അപ്പോഴേക്കും ബോധക്ഷയത്തോടുകൂടി അദ്ദേഹം കിടക്കയിൽവീണു. കിണ്ടിയുടെ ശബ്ദം കേട്ട് അയ്യപ്പൻ നായർ ഓവറയിൽ കടന്ന് ചെരിച്ചുനോക്കിയപ്പോഴും കിട്ടുണ്ണി മേനവന്റെ പ്രാണാപഹാരക്രമമായിരുന്നു. വേഗം അകത്തു കടന്നു വിളക്കൂതി. ലക്കോട്ട കയ്യിലെടുത്തു. എന്നിട്ട് കിണ്ടിയിലെ വെള്ളവും കളഞ്ഞു വച്ചിട്ടാണ് ഓവറയിലേക്കു കടന്നത്. അപ്പോഴും അവിടെ ഒഴിച്ചിട്ടുള്ള മരുന്നു വെള്ളത്തിൽ കാലടികളും പതിയുന്നതുകൊണ്ടുള്ള വൈഷമ്യം ആലോചിച്ചില്ല. ഇരുട്ടുകുഴിയിൽകൂടി ചുമരിന്മേൽ പിടിച്ച് പുറത്തേക്കു കടക്കുന്ന സമയം തോർത്തുമുണ്ട തൂക്കുന്ന കോല് തട്ടി കിളഞ്ഞതും വക വച്ചില്ല. ഇരുട്ടത്ത് പുരതപ്പുമ്പോഴും കൈകളും സാധാരണ തോളിനുമീതെ പൊങ്ങാറില്ലെന്ന് ഞാൻ ധരിച്ചിട്ടുള്ളതുകൊണ്ട് അയ്യപ്പൻ നായരുടെ പൊക്കം ഞാൻ കണക്കാക്കി' 'ഏകദേശം അഞ്ചടി മൂന്നംഗുലം ആയിരിക്കണമെന്ന ഇൻസ്പെക്ടർ അഭിപ്രായപ്പെട്ടു. ഈ 'ഏടനാടി' കാര്യസ്ഥന്റെ ശിഷ്യനെ ഉദ്ദേശിച്ചായിരുന്നു, ഇതിനുത്തരമായി.

'ബാല്യക്കാരിയായിട്ട് ബാലകൃഷ്ണമേനവന്റെ ഉയരമുണ്ട്' എന്ന് പറഞ്ഞപ്പോഴും ഇൻസ്പെക്ടർ ഒന്നും മിണ്ടിയില്ല. സ്റ്റേഷനാപ്പീസർ പിന്നെയും ആരംഭിച്ചു.

അയ്യപ്പൻനായർ പുറത്തുവന്നപ്പോഴും പണിക്കരെ കണ്ടില്ല. അകത്തുനിന്നുപുറപ്പെട്ട ശബ്ദംകൊണ്ടു ഭയപ്പെട്ടിട്ടോ എന്തോ അയാളും പോയിരുന്നു. ഈ വാക്യങ്ങളും കേട്ടിട്ടുണ്ടോയെന്ന്

കുഞ്ഞിരാമൻനായരും ഉണ്ടായത്. അയ്യപ്പൻനായരുതന്നെയാണ് പുളിങ്ങോട്ട് സ്ഥലത്ത് കുന്നൻറവീട്ടിൽ എന്നു പറഞ്ഞ് ബീററുകാൺസ്റ്റബിളെ ചതിച്ചതും അവരുമായ്ക്കൂടി ഗോവിന്ദനെപ്പൊളിപറഞ്ഞ പററിച്ചതും.

'കാര്യസ്ഥന്റെ ശിഷ്യന് അയ്യപ്പൻ എന്നല്ലെ പേര്?' എന്നായിരുന്നു ഇൻസ്പെക്ടരുടെ അടുത്ത പിന്നത്തെ ചോദ്യം.

'അതെ, പക്ഷെ ആ അയ്യപ്പനല്ല ഇത്. കാര്യസ്ഥന്റെ ശിഷ്യന് വാതിൽ തുറന്നുകൊടുത്തത് കിട്ടുണ്ണിനായരുടെ ശിഷ്യനാണ്. അയാളും വെളുപ്പിനു വന്നുകൊള്ളാമെന്നു ഗോവിന്ദനായിട്ടു പറഞ്ഞുകഴിച്ച് രാത്രി തെണ്ടുവാൻ പോവുകയാണ് ചെയ്തത്.

'ഗോവിന്ദൻ എന്തുകൊണ്ടാണ് അത് പറയാതിരുന്നത്?' എന്നു കുഞ്ഞുണ്ണിനായർ എതിർചോദ്യം തുടങ്ങി.

'അപകടം വല്ലതും വരുമോ എന്നു ഭയംകൊണ്ടും പണമിടപെട്ട ഒരു സ്വല്പസംഗതിയിൽ കാര്യസ്ഥന്റെ സേവയുണ്ടായിരുന്ന ദോഷംകൊണ്ടും. കാര്യസ്ഥന്റെ ശിഷ്യനെ ഞാൻ തേടിക്കണ്ടുപിടിച്ച് കൂട്ടിവച്ചു ചോദിച്ചപ്പോഴും കാര്യമൊക്കെ തെളിഞ്ഞു.'

'പുളിങ്ങോട്ട് ബംഗ്ലാവിൽ ഗൂഢമായിട്ട് നടന്നതൊക്കെ ഇത്ര സൂക്ഷ്മമായിട്ടെങ്ങിനെയാണ് നിങ്ങൾക്ക് മനസ്സിലായത്? നിങ്ങൾ പറയുന്ന ആളുകളെ ഈ കേസ്സിൽ പെടുത്തിട്ടുള്ളതായി അറിയുന്നില്ലല്ലൊ'. എന്നത് അപ്പോത്തിക്കിരിയുടേതാണ്.

'സൂക്ഷ്മം അറിഞ്ഞിട്ട് വേണം പെടുത്തുവാൻ എന്നുവെച്ച് കാത്തിരിക്കുകയായിരുന്നു. പുളിങ്ങോട്ട് കണ്ട കാലടികളുടെ ആകൃതി പോലെയും ആളും മനസ്സിലാക്കി. പിന്നെ അവിടെക്കണ്ട പല അടയാളങ്ങളും പരിശോധിച്ചു. എനിക്ക് സംശയം തോന്നിയ ആളുകളുടെ നടപടികളൊക്കെ ഞാൻതന്നെ കാത്തുകൊണ്ടിരുന്നു. പലരേയും വിസ്തരിച്ചു. ശങ്കിക്കാത്തവണ്ണം ചിലതൊക്കെ ഉറപ്പിച്ചു. ഊററത്തിനെ പിന്താങ്ങുന്നവയായ ലക്ഷ്യങ്ങളും കണ്ടെത്തുവാൻ ശ്രമിച്ചു. ഇങ്ങിനെയൊക്കെയാണ് ഞാൻ സൂക്ഷ്മം മനസ്സിലാക്കിയത്. ആരെന്തു പറഞ്ഞാലും അതിനൊക്കെ തെളിവുകളും പ്രത്യക്ഷമായിട്ട് അനുഭവം വരുന്നതുവരെ ഒന്നും വിശ്വസിക്കയുമില്ല. ഇതാണ് എന്റെ നിയമം.'

'ഇവരെന്തിനായിട്ടാണ് ഈ ദുഷ്പ്രവൃത്തി ചെയ്തത്?' എന്നായിരുന്നു ഇൻസ്പെക്ടരുടെ ചോദ്യം.

'ഞാനതാണിനിപ്പറവാൻ പോകുന്നത്. ഗോവിന്ദപ്പണിക്കർക്ക് ഒരു സ്ത്രീയിൽ എന്തെന്നില്ലാത്ത അനുരാഗം ജനിച്ചു. അവൾക്കാണെങ്കിൽ അയാളെ കണ്ടുകൂടാ. അവളുടെ സ്നേഹം അന്യനിലാണ് വേരോടിയിട്ടുള്ളത്. ആ സ്ത്രീ സ്വാധീനയാവുമെങ്കിൽ പണിക്കർ എന്തുതന്നെ ചെയ്യാനും സന്നദ്ധനാണെന്നു കണ്ട് അപ്പുപ്പൻനായർ ഒരു പോംവഴി ആലോചിച്ചു. കിട്ടുണ്ണിമേനവൻ മരിച്ചാൽ തനിക്ക് കുറെ ലാഭത്തിന് വകയുണ്ട്. പണിക്കർക്ക് അനുരാഗമുള്ള സ്ത്രീ നായരുടെ ഉടപ്പിറന്നവളാണ്. തന്റെ അഭീഷ്ടം നടത്തിത്തന്നാൽ പണിക്കരെക്കൊണ്ടു ഉടപ്പിറന്നവൾക്കു സംബന്ധം തുടങ്ങിക്കാമെന്നു അപ്പുപ്പൻനായർ കരാറു ചെയ്തു. അമ്മാമനിരിക്കുമ്പോഴാണ് തനിക്കു കിട്ടുവാൻ വഴിയുള്ള സ്വത്ത് അന്യരു എഴുതിക്കൊടുക്കുവാൻ പോകുന്നതെന്ന സൂക്ഷ്മവിവരം അറിഞ്ഞത്. പുലിക്കോട്ട് നടക്കുന്ന വർത്തമാനങ്ങളെല്ലാം സമ്പാദിച്ചിരുന്നത് അവിടെ താമസിച്ചിരുന്ന ഒരാളുടെ വിശ്വസ്ത ചെറുപ്പക്കാരിയായ ഒരു സ്ത്രീ മുഖേനയാണ്. ആ സ്ത്രീക്ക് അപ്പുപ്പൻനായർ എന്നു പറഞ്ഞാൽ പ്രാണനാണ്. നായർക്കു തന്നിലാണ് വിശ്വാസവും സ്നേഹവുമുണ്ടെന്നാണ് അവൾ വിശ്വസിച്ചിരുന്നത്. എന്നാൽ ഈ സ്ത്രീയെ കയ്യിൽ പാട്ടിൽ പിടിച്ചിരുന്നത് പുലിക്കോട്ടു വർത്തമാനം അറിവാൻ വേണ്ടിയും തന്റെ ഉടപ്പിറന്നവളെ ഗോവിന്ദപ്പണിക്കർക്കു സ്വാധീനപ്പെടുത്തി കൊടുക്കുന്നതിൽ സഹായത്തിനു വേണ്ടിയും മാത്രമാണ്. മരണപത്രത്തിന്റെ സംഗതി ഈ സ്ത്രീ പറഞ്ഞു കേട്ട നിമിഷത്തിൽ കാര്യം വേഗം തീർക്കുവാൻ ഉത്സാഹിച്ചു. ഇടങ്ങിയെങ്കിലും ഒസ്യത്ത് കിട്ടുണ്ണിമേനോൻ മരിച്ച ദിവസം രാത്രിയിലെ എല്ലാം ഒതുക്കുവാൻ സാധിച്ചുള്ളൂ. പിന്നത്തെ കഥ ഞാൻ മുമ്പ് പറഞ്ഞുവല്ലോ. ഇത്രത്തോളമായപ്പോൾ ഇൻസ്പെക്ടർ,

'മേലാൽ നിങ്ങൾക്കു ഇനിയൊന്നും പറയാനില്ലേ?'

എന്നു ചോദിപ്പാൻതുടങ്ങി. ഗോപാലക്കുറുപ്പ് ഉത്തരമൊന്നും പറഞ്ഞില്ല. മുൻവിവരിച്ചിരുന്ന പ്രസംഗത്തിലേക്കുതന്നെ വീണ്ടും പ്രവേശിച്ചു.

'അപ്പുപ്പൻനായർ പുലിക്കോട്ടുനിന്നു പോകുംവഴി ചക്കാട്ടിന്റെ

ഉള്ളിൽ തപ്പിനോക്കിയപ്പോൾ ഒസ്യത്ത് കണ്ടില്ല. പണിക്കരുടെ കയ്യിലായിരുന്നു എന്ന് മനസ്സിലായപ്പോൾ പിന്നെയും അയാളെ ആശ്രയിക്കേണ്ടിവന്നു. കിണറ്റിൽ മരുന്നിടുവാൻ പോകുന്ന സമയം കിട്ടുണ്ണിമേനവൻ ഉണർന്നാൽ ഉദ്ദേശമെല്ലാം എന്ന മുൻകരുതലോടുകൂടിയാണ് ആ പാനി പണിക്കരെക്കൊണ്ടു കഴിപ്പിച്ചത്. പക്ഷേ മരുന്നിട്ടു കഴിഞ്ഞതിൽ ഉടനെ ഒസ്യത്തു കൈക്കലാക്കണമെന്നു വിചാരിച്ചില്ല. എട്ടാന്തിയ്യതി ഇവർ തമ്മിൽ ശിവൻകോവിലിൽവെച്ചു നടത്തിയ സംവാദം അയ്യപ്പൻനായരുടെ ഇഷ്ടപ്രകാരമല്ല കലാശിച്ചതു. പണിക്കർ ഒസ്യത്തുകൊടുത്തില്ല. അയാളുടെ കാര്യം സാധിച്ചാലേ കൊടുക്കയുള്ളു എന്ന് ശാഠ്യം പിടിച്ചു. സംവാദത്തിന്റെ ഇടക്ക് ഒസ്യത്ത് തട്ടിപ്പറിക്കുവാൻ അയ്യപ്പൻനായർ ഉത്സാഹിച്ചിരുന്നില്ലേ എന്നുകൂടി ഞാൻ സംശയിക്കുന്നു. സങ്കേതസ്ഥലത്തുള്ള കൈതോലയിന്മേൽ കാണുന്ന കോറലും മറവുമാണ് ഈ ഊഹത്തിന്നടിസ്ഥാനം; എങ്ങിനെയെങ്കിലും എട്ടാംദിവസത്തിനകം പണിക്കരുടെ അഭീഷ്ടം സാധിപ്പിച്ചുകൊള്ളാമെന്നു പറഞ്ഞ് സമാധാനപ്പെടുത്തിട്ടാണ് പണിക്കരെ അയച്ചതെന്ന്, റിക്കാട്ടുകൾ പരിശോധിക്കുമ്പോൾ അറിയാറാവും.

"ഒസ്യത്തിനെപ്പറ്റി കാര്യസ്ഥൻ പറഞ്ഞതും ശരിയാണോ?" എന്ന് ഇൻസ്പെക്ടരുടെ നിരാശ പ്രകാശിച്ചുതുടങ്ങി.

"അതെ, എട്ടാന്തിയ്യതി കോടതിപിരിഞ്ഞ് വരുംവഴിയാണ് കുഞ്ഞിരാമൻനായർ ഈ കഥ എന്നോടു പറഞ്ഞതു. അതു കേട്ടപ്പോൾ ഞാൻ പോയവഴി തെറ്റല്ലെന്നു വന്നതുകൊണ്ടു സമാധാനമായി. മേലേവീട്ടിൽ കയ്യൂരുടെ ശിഷ്യൻ കുഞ്ഞിരാമൻനായർ പറഞ്ഞ പോലെയാണെന്ന് കണ്ടറിഞ്ഞപ്പോൾ ഒസ്യത്തിന്റെ കാര്യത്തിൽ ഒട്ടുമുക്കാലും വിശ്വാസവുമായി. ഈ ദിവസംതന്നെയാണ് എന്നെക്കൊല്ലുവാൻ മൊയ്തീനെ ശട്ടംകെട്ടിയിരുന്നത്. ക്ഷുദ്രവേഷം ധരിച്ചുനടക്കുന്ന ഈ മൊയ്തുതന്നെയാണ് എന്റെവീട്ടിൽവന്ന് പെണ്ണുവീണതും ആസ്പത്രിയിലേക്ക് പോകുംവഴി എന്നെപിന്തുടർന്നതും. പിട്ടുകൊണ്ട് താൻ പാട്ടിൽപിടിച്ചിട്ടുള്ള സാധുസ്ത്രീയോടുകൂടി പടിവട്ടത്തുകടവിൽ സംസാരിച്ചുകൊണ്ടു നിന്നിരുന്ന അയ്യപ്പൻനായർ പെട്ടെന്നു പിരിഞ്ഞോടിപ്പോയതിന്നു പലകാരണങ്ങളും തോന്നുന്നുണ്ട്. പക്ഷേ അതൊന്നും ഇവിടെ വിസ്തരിച്ചിട്ടു പ്രയോജ

ണമില്ല. ശെശ്ശുവിനെ പാലത്തിന്മേൽ കണ്ടിട്ടായിരിക്കണം പരിഭ്രമിച്ചോടിപ്പോയത്. ശെശ്ശു പാലത്തിന്റെ കിഴക്കെ കരക്കൽ വന്നിട്ടു പക്ഷെ ഇല്ലെന്നു അയ്യപ്പൻനായർ ഓൎത്തിരിക്കാം. എങ്ങിനെയെങ്കിലും ശെശ്ശുവായിട്ടുണ്ടായ മല്ലയുദ്ധത്തിൽ ഇനിക്കൊരു ലക്കോട്ട് ലാഭംകിട്ടി. ഈ ലക്കോട്ടാണ് മേല്പ്പറഞ്ഞ തെളിവുമുഴുവനും എടുക്കുവാൻ എന്നെ സഹായിച്ചത്.

‘നിങ്ങൾ എങ്ങിനെയാണു രക്ഷപ്പെട്ടത്. അവനെവിടെപ്പോയി?’ എന്നു അപ്പാത്തിക്കരി ചോദിച്ചു.

‘ചെറുപ്പകാലത്ത് ഞങ്ങൾ രണ്ടുപേരും ഒരു കളരിയിൽ അഭ്യാസം പഠിച്ചുകൊണ്ടിരുന്നവരാണ് എങ്കിലും ആദ്യം ഞങ്ങൾക്കു അന്യോന്യം മനസ്സിലായില്ല. അടയാളം തിരിച്ചറിവാൻ ഇടവന്നപ്പോഴെ മനസ്സിലായുള്ളു. ശെശ്ശുവിനു വാസ്തവം മനസ്സിലായതിന്റെശേഷം പൊരുതുവാൻ നിന്നതുമില്ല. വെള്ളത്തിൽചാടി മുങ്ങുന്നുവരെ ഞാനും കൂടെയുണ്ടായിരുന്നു. പിന്നത്തെകഥ എന്തോ!

‘കമാരൻനായർ ഈ സമയത്തെവിടെയായിരുന്നു’ എന്നു ഇൻസ്പെക്ടരും ‘നിങ്ങൾപിന്നെ എന്തുചെയ്തു’ വെന്നു അപ്പാത്തിക്കരിയും ഒപ്പം ചോദ്യം ചെയ്തു.

‘കമാരൻനായർ അയ്യപ്പൻനായരുടെ ഉടപ്പിറന്നവളുമായി ശിവൻകോവിലിൽ സംസാരിച്ചിരിക്കുകയായിരുന്നു. ഞാൻ ഉപായത്തിൽ ചില അന്വേഷണം നടത്തുവാനുള്ള സൌകൎയ്യത്തിനും അയ്യപ്പൻനായരെ കബളിക്കുവാനുംവേണ്ടി ഗൂഢമായിട്ടു സഞ്ചരിക്കുവാനും തീൎച്ചയാക്കി. ശെശ്ശുവിന്റെകയ്യിൽനിന്നു കിട്ടിയ ലക്കോട്ട് പരിശോധിച്ചതിൽപിന്നെ ആനന്ദപുരം താലൂക്കിലുള്ള വരിയൂർ എന്ന പോസ്റ്റാപ്പീസ്സിലെ മുദ്രയാണ് കണ്ടത്. അവിടത്തെ പോസ്റ്റുമാസ്റ്റർ ഇനിക്കു വേണ്ടീട്ടുള്ള ഒരാളാണ്. അയ്യപ്പൻനായരുടെ ആകൃതി ഞാൻ പോസ്റ്റുമാസ്റ്ററെ മനസ്സിലാക്കിയപ്പോൾ ആ മാതിരിയിൽ ഒരാൾ അവിടെ ചിലപ്പോൾ വരാറുണ്ടെന്ന് അദ്ദേഹം പറഞ്ഞു. എന്നിട്ട് അദ്ദേഹത്തിന്റെയും എന്റെ ശിഷ്യന്റെയും സഹായത്തോടുകൂടി ആ ആപ്പീസ്സിൽ വരവുചിലവുള്ള ലക്കോട്ടുകൾ ഒക്കെ പതിവായിട്ടു പരിശോധിച്ചുകൊണ്ടുവന്നു. ആ കാലങ്ങളിൽ എന്റെ ശിഷ്യൻ പോസ്റ്റുമാസ്റ്ററുടെ ശിഷ്യനായിട്ടാണ് നടി

ച്ചുവന്നിരുന്നത്. പന്ത്രണ്ടാംതിയ്യതി എളവല്ലൂക്കുള്ള തപാൽ പരിശോധിക്കുമ്പോഴാം കൊയ്ത്തുകളെത്തി. ലക്കോട്ടിന്റെ സമ്പ്രദായവും കയ്യക്ഷരവും എന്റെ കയ്യിലുണ്ടായിരുന്നതിനോടു ഒത്തിരുന്നു. പക്ഷെ, മേൽവിലാസത്തിൽ ഞാൻവിചാരിച്ചിരുന്ന പേരല്ല കണ്ടത്. എം. കെ. ഗോവിന്ദപ്പണിക്കരെന്നായിരുന്നു വെള്ളക്കൊണ്ടാച്ചു ലക്കോട്ട് കേടുവരാതെ പിരിച്ചപ്പോൾ.

'എല്ലാം തെയ്യാറായി, ഇന്നുതന്നെ വെച്ചേക്കുന്ന പതിവുള്ള സ്ഥലത്തുണ്ടല്ലോ' എന്നു വാചകമായിരുന്നു ഉള്ളിൽ കണ്ടത്. ഇതിന്റെ പകർപ്പെടുത്തിട്ട് എഴുത്ത് പണ്ടത്തെപ്പോലെ പശവെച്ചൊട്ടിച്ചു തപാലിലേക്കയച്ചു. അന്നു വൈകുന്നേരംതന്നെ വേഷംമാറിയിട്ട് എളവല്ലൂർ സ്റ്റേഷനിൽ ഹാജർകൊടുത്തു. ഗോവിന്ദപ്പണിക്കർക്കുള്ള എഴുത്തുവാങ്ങുവാൻ ആളും വന്നപ്പോൾ എന്റെ ഒറ്റുകാരനായ തപാൽശിപായി ഇനിക്കറിവുതന്നു. പണിക്കർ അറിയാതെ ഞാൻ അയാളെ പിന്തുടർന്നു. ഒടുവിൽ അയാൾ ശിവൻകാട്ടിലുള്ള ഒരു അടവിയിലാണ് ചെന്നുനിന്നത്. ഞാനും മരങ്ങൾക്കിടയിൽ ഒളിച്ചുനിന്നു കുറെകഴിഞ്ഞപ്പോൾ അയ്യപ്പൻനായരും അവിടെ വന്നു. ഉടപ്പിറന്നവളെ വഴിപ്പെടുത്തുവാൻ ഒരുകാലത്തും സാധിക്കയില്ലെന്ന് അയ്യപ്പൻനായർക്ക് തീർച്ചവന്നിട്ടുണ്ടായിരുന്നു. കാട്ടിലേക്ക് പുറപ്പെടും മുമ്പ് ഉടപ്പിറന്നവളെ ബോധിപ്പിച്ചുനോക്കി. എന്നിട്ടും ഫലിച്ചില്ല. ഇതൊക്കെ ആ സ്ത്രീതന്നെയാണ് പറഞ്ഞത്. അയ്യപ്പൻനായർ കാട്ടിൽവന്ന് പിടികൂടാതെ പണിക്കരുടെ പക്കൽനിന്ന് മരണപത്രം കൈവശപ്പെടുത്തുവാൻ നോക്കി. പറ്റിയില്ല. ബലാൽക്കാരേണ തട്ടിപ്പറിക്കുവാൻ ഉത്സാഹിച്ച് വടിയോങ്ങിയപ്പോൾ തിരിഞ്ഞോടുവാൻ ഭാവിച്ച പണിക്കർ കാൽതട്ടി മറിച്ചുവീണു. അപ്പോഴേക്കും നായരുടെ വടി വിറകുകൊള്ളികൊണ്ടെറിഞ്ഞത് കയ്യിൽനിന്ന് ഞാൻ തെറിപ്പിച്ചു. ഒളിച്ചുനിന്നിരുന്ന സ്ഥലത്തുനിന്ന ഞാൻ അവർ നിന്നിരുന്ന സ്ഥലത്തു ചെന്നപ്പോഴേക്കും അവർ രണ്ടുപേരും ഓടിക്കഴിഞ്ഞു. അയ്യപ്പൻ നായരുടെ വടി പണിക്കരുടെ കഴുത്തിൽ കൊണ്ടിരിക്കണമെന്നാണ തോന്നുന്നത്. അയ്യപ്പൻനായരെന്നും ഗോവിന്ദപ്പണിക്കരെന്നും ഉള്ള പേരുകൾ വ്യാജനാമങ്ങളാണ്. ഈ പേരുവെച്ചാണ് ഇവർ തമ്മിൽ എഴുത്തുകുത്തു നടത്താറ്. ശേഷം എന്റെ സഹായത്തിന് വന്നിരുന്ന ശിഷ്യനും കോൺസ്റ്റബിളും പറ

ട്ടും എന്നുപറഞ്ഞ് സ്റ്റേഷനാപ്സർ എഴുന്നേററപ്പോൾ അപ്പുത്തമ്പിക്കിട്ടും എഴുന്നേററ് കയ്യുകടന്നുപിടിച്ച്,

'അവരാണല്ലോ ശങ്കരനെ ഇവിടെ എടുത്തുകൊണ്ടുവന്നത്. ദേഹോപദ്രവംകൊണ്ടാണ് ശങ്കരൻ മരിച്ചതെന്നും തോന്നുന്നുണ്ടല്ലോ. ഓസ്തുമേനോ, എന്നോട് സ്നേഹമുണ്ടെങ്കിൽ സത്യം പറയണം, ഗോവിന്ദപ്പണിക്കരെന്നുപറഞ്ഞത് ശങ്കരൻതന്നെയാണോ?' എന്ന് മുഖത്തുനോക്കിക്കൊണ്ട് ചോദിച്ചപ്പോൾ സ്റ്റേഷനാപ്സർ തല താഴ്ത്തിക്കൊണ്ട്, 'അതെ' എന്നുമാത്രം മറുവടിപറഞ്ഞു. ഇതു് ഇൻസ്പെക്ടരുടെ ചെവികളിൽ ശൂന്യതാശബ്ദംപോലെ ചെന്നുതറച്ചു തൊട്ടുകൂടി 'അയ്യോ ചതിച്ചുവല്ലോ ബാലകൃഷ്ണ' എന്ന് നിലവിളിച്ചുകൊണ്ട് തൻറടമില്ലാതെ വീണു. ദേവകിക്കുട്ടിക്ക് അനുരാഗം കമലൻനായരിലാണെന്നും ശങ്കരമേനവന് ദേവകിക്കുട്ടിയിൽ അനുരാഗമുണ്ടായിരുന്നുവെന്നും ബാലകൃഷ്ണമേനോൻ ശങ്കരമേനവനെക്കൊണ്ട് സംബന്ധംതുടങ്ങിക്കുവാൻ ഉത്സാഹിച്ചിരുന്നുവെന്നും ഇൻസ്പെക്ടർ ആലോചിക്കുവാൻ തുടങ്ങീട്ടു കുറേനേരമായിട്ടുള്ളതുകൊണ്ട് ഇൻസ്പെക്ടരുടെ ആശാബന്ധമുഴുവനും അടിച്ച് അർദ്ധരാത്രിയിൽ ഈ ദയനീയസ്ഥിതിയിൽ അകപ്പെടുത്തുവാൻ ശങ്കരമേനവൻെറ പേരുവിളിച്ചു പറയേണ്ടതാമസംമാത്രമേ ഉണ്ടായിരുന്നുള്ളു. അപ്പുത്തമ്പിക്കരി കുറച്ചുനേരം അന്ധനായിട്ട് നിന്നുവെങ്കിലും ഒടുവിൽ 'അവനിതുപററണം' എന്ന്പറഞ്ഞ് കസാലയിൽതന്നെ വീണു.

ഇനി ഈ കഥ ഉപസംഹരിക്കുന്നതിനു മുമ്പ് വളരെയൊന്നും വിസ്തരിപ്പാനില്ല. ഇൻസ്പെക്ടർക്ക് തൻറടമുണ്ടായതിൻെറ ശേഷം ബാലകൃഷ്ണമേനവൻെറ ബംഗ്ലാവിലും ശങ്കരമേനവൻെറ അകത്തും ഉണ്ടായിരുന്ന എഴുത്തുകളും കിട്ടുണ്ണി മേനവൻെറ ഒസ്യത്തും പരിശോധിച്ചതിൽ സ്റ്റേഷനാപ്സർ എടുത്ത തെളിവിൽ കുറ്റമാകുന്നതിന് നീക്കുപോക്കില്ലെന്ന എല്ലാവർക്കും ബോദ്ധ്യംവന്നു. കാര്യസ്ഥൻെറ ശിഷ്യനേയും ഗോവിന്ദനേയും വരുത്തിച്ചോദിച്ചതിൽ അവർ സത്യമൊക്കെ സമ്മതിച്ചു. ഒസ്യത്തിലിരുന്നിരുന്ന ലക്കോട്ടിൽ വിഷമരുന്നാക്കി ഇൻസ്പെക്ടരുടെ പക്കൽ കൊടുപ്പിച്ചത് ബാലകൃഷ്ണ മേനവനാണ്. വഴിയിൽ കിടന്നു കിട്ടിയതാണെന്ന് വ്യാജം പറഞ്ഞു ലക്കോട്ട് ഇൻസ്പെക്ടരുടെ കയ്യിൽ കൊടുത്തത് അർദ്ധരാത്രിനോട്ട് ആദ്യം പൊളി പറഞ്ഞ കോൺസ്റ്റബിൾ തന്നെ

യാണ്. തന്മൂലം അവസാനം വാസ്തവമെല്ലാം തുറന്നു സമ്മതിച്ചു. കാര്യസ്ഥനും കുഞ്ഞിരാമൻ നായരും കുമാരൻ നായരും നിരപരാധികളായിട്ടു കേസ്സിൽ വിട്ടൊഴിഞ്ഞു. ബാലകൃഷ്ണമേനോൻ ചാടിപ്പോയതുകൊണ്ട് കേസ്സ് നശിക്കുവാനും സംഗതിയായി.

ഇൻസ്പെക്ടർ പണി രാജിവെച്ചു. ആ സ്ഥാനത്തേയ്ക്ക് ഗോവിന്ദമേനവനാണ് കയററം കിട്ടിയത്. ബുദ്ധികൊണ്ടും പഠിപ്പുകൊണ്ടും ഐശ്വര്യംകൊണ്ടും ഇത്ര യോഗ്യനായ ഒരു സ്റ്റേഷനമാസ്റ്റർ ഉണ്ടാകുന്നത് അസാധാരണമല്ലെ എന്ന് വായനക്കാർ ശങ്കിക്കുന്നവെങ്കിൽ ഇദ്ദേഹം ഒരു നാട്ടുവാഴി പ്രഭുവാണെന്നും പോലീസ് വേലയിലുള്ള ആസക്തികൊണ്ടുമാത്രം ഈ പണിയിൽ പ്രവേശിച്ചതാണെന്നും വെളിവായി പറഞ്ഞുകൊള്ളുന്നു. കിട്ടുണ്ണിമേനവന്റെ സ്വത്തിൽ കാര്യസ്ഥനും മററുമുള്ളവർക്കും കൊടുത്തതു കഴിച്ച് ബാക്കിയുള്ളത് പരിവട്ടത്തുകാരും ചേരിപ്പറമ്പുകാരും നേർ പകുതി വിഭജിച്ചു. വളരെ കാലതാമസം കൂടാതെ അമ്മുവിന് കൃഷ്ണൻകുട്ടിമേനവനും, ദേവകിക്കുട്ടിക്ക് കുമാരൻ നായരും, വീട്ടുകാരുടെ അന്യോന്യമുള്ള പൂർണ്ണസമ്മതത്തോടുകൂടി സംബന്ധവും തുടങ്ങി.

പലവക

മകരത്തിലെ രഞ്ജിനിയിൽ ഞങ്ങഠം പരസ്യം ചെയ്തതിനെ അനുസരിച്ച് ഏതാനും ചിലർ അയച്ചുതന്നിട്ടുള്ള ഉപദേശസമ്പ്രദായ നവും സ്വയംകൃതവുമായ ചെറുകഥകഠം ഞങ്ങഠം സന്തോഷ പൂർവ്വം കൈപ്പററിയിരിക്കുന്നു. എന്നാൽ ഞങ്ങഠം വിചാരിച്ച പോലെ ലേഖനങ്ങഠം കിട്ടീട്ടില്ലാത്തതിനാലും വേറെ ചിലർ ഒരു മാസത്തെ അവധികൂടി അപേക്ഷിച്ചിട്ടുള്ളതിനാലും അവയുംകൂടി വന്നുചേർന്നതിന്നുശേഷം എല്ലാററിനേയും പരിശോധിച്ച് ഉത്തമമായിട്ടുള്ളതിനെ ഇടവത്തിലെ രഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തുന്നതാകുന്നു.

ര. രം. പ.

തിരുവനന്തപുരത്തുനിന്നു പുറപ്പെട്ടിരിക്കുന്ന 'കാവ്യരഞ്ജിനി' എന്ന മാസികയുടെ ൧-ാം ബുക്ക് കൈപ്പററിയിരിക്കുന്നു.

കുടിലിൽനിന്ന് കൊട്ടാരത്തിലേക്ക്.

ഗാർഫീൽഡ് ചരിത്രം.

കുന്നത്ത് രാമനുണ്ണി വലിയ നായര് അവർകഠം ഉണ്ടാക്കിയതും 'വെസ്ററ് കോസ്ററ്' അച്ചുക്കൂടത്തിൽ അച്ചടിപ്പിച്ചതുമായ മേല്പറഞ്ഞ പുസ്തകം ഇവിടെ അഭിപ്രായത്തിന്നയച്ചുതന്ന വിവരം ഞങ്ങഠം കഴിഞ്ഞ ലക്കത്തിൽ പ്രസ്താവിച്ചിരുന്നുവല്ലൊ. മുഴുവന്നും പരിശോധിച്ചിട്ടുവേണം ഈ വക പുസ്തകങ്ങളുടെ അഭിപ്രായം പറവാൻ എന്നുവെച്ചിട്ടാണ് ഞങ്ങഠം അന്ന് ഈ ലക്കത്തിലേക്ക് നീട്ടിവെച്ചത്. ഇപ്പോഠം ഇതു മുഴുവനും പരിശോധിച്ച് ഞങ്ങഠംക്കുണ്ടായ അഭിപ്രായം താഴെ ചേർക്കുന്നു.

പ്രസ്തുത പുസ്തകത്തിലെ കഥാനായകനായ ജെയിംസ്. എ. ഗാർഫീൽഡ് എന്ന മഹാൻ അമേരിക്കയിലെ ഐക്യരാജ്യങ്ങളിൽ

പോന്നതും, കുറച്ചു മുമ്പ് ഒരു നിൎജ്ജന വനപ്രദേശമായിരുന്നതുമായ 'ഓഹിയോ' എന്ന ദിക്കിലാണ് ജനിച്ചു വളൎന്നത്. അവിടെ ഇദ്ദേഹം കേവലം മലയന്മാരെപ്പോലെ ഒരു മരക്കുടിലിൽ പാൎക്കുകയും, അത്യദ്ധ്വാനം ചെയ്തിട്ടുമാത്രം നിത്യവൃത്തി കഴിക്കുകയും ചെയ്യേണ്ടിവന്നു. ഇങ്ങിനെ ആദ്യത്തിൽ ഇദ്ദേഹം ക്രമമായ യാതൊരു വിദ്യാഭ്യാസത്തിന്നും തരം വന്നില്ലെങ്കിലും തന്റെ അസാമാന്യമായ ബുദ്ധി ശക്തികൊണ്ടും, വ്യവസായ ശീലംകൊണ്ടും അതിപ്രയത്നംചെയ്തും വിദ്യ സമ്പാദിച്ചും ക്രമേണ ഓരോ പതവി കയറി ഒടുവിൽ, ഇക്കാലത്ത് ഒരുവന്ന് എത്രത്തോളം വലിയ നിലയിലെത്താമോ അത്രയും ഉയൎന്ന സ്ഥാനമായ ഐക്യരാജ്യങ്ങളിലെ പ്രസിഡണ്ട് എന്ന പദവിയിൽ എത്തുകയും, അങ്ങിനെ ഇരിക്കുമ്പോൾ ഒരു ദുഷ്ടന്റെ കൈകൊണ്ട് മരിപ്പാനിടവരികയും ചെയ്തു. ഇതാണ് ഈ പുസ്തകത്തിലെ കഥാ സംക്ഷേപം.

ഈ കഥ ഒരു പ്രസിദ്ധമായ ഇംഗ്ലീഷ് ബുക്കിൽനിന്ന തൎജ്ജമ ചെയ്തതാണ്. എന്നാൽ ഇത് ഒരു അനുപദ തൎജ്ജമയല്ലതാനും. അതുകൊണ്ട് ഈ പുസ്തകത്തിൽ മലയാള വായനക്കാരുടെ രുചിക്കനുസരിച്ചതായ പലസാരങ്ങളും ചേൎപ്പാൻ ഗ്രന്ഥകൎത്താവിന്നു സാധിച്ചിട്ടുണ്ട്. ഈ പുസ്തകത്തിന്റെ ഓരോ ഭാഗത്തെന്നു വേണ്ട ഓരോ പങ്തി കഴിയുമ്പോൾകൂടി അതാതു സന്ദൎഭത്തിന്നു യോജിച്ചതായ ഓരോ ഉപദേശമോ സദാചാര വാക്യങ്ങളോ ഗ്രന്ഥകാരൻ ഭംഗിയായി സംഘടിപ്പിച്ചിരിക്കുന്നു. അങ്ങിനെയുള്ള അസംഖ്യം സാരോപദേശങ്ങളടങ്ങിയ ഈ പുസ്തകത്തിൽനിന്ന ഒന്നോ രണ്ടോ ഭാഗംമാത്രം ഇവിടെ എടുത്തു കാണിക്കാം.

ജിമ്മി തന്നെ നഗരം കാണ്മാൻ കൂട്ടിക്കൊണ്ടു പോകേണ്ടതിന്നു വന്ന ഒരു സ്നേഹിതനോടു തന്റെ അമ്മയ്ക്കു സുഖവിരോധം വരുന്നതാണെന്നുള്ള ഏകസംഗതികൊണ്ടുമാത്രം ഞായറാഴ്ച ദിവസം ദൈവവന്ദനം മാത്രമല്ലാതെ മറ്റു യാതൊരു പ്രവൃത്തിയും താൻ ചെയ്യുന്നതല്ലെന്നു പറയുന്ന ഘട്ടത്തിൽ ഇങ്ങിനെ ഉപദേശിച്ചിരിക്കുന്നു —

'അമ്മയ്ക്കു സുഖവിരോധം വന്നാലൊ എന്ന ഏക സംഗതികൊണ്ടുമാത്രം തന്റെ സുഖങ്ങൾക്ക് വിഘ്നം വരുത്തുന്ന കുട്ടികൾ ഇപ്പോൾ എവിടെയുണ്ട്? എന്തെല്ലാം അനാവശ്യമായ ആചാര

ട്ടങ്ങളല്ലയോ ഇപ്പോഴുള്ള വ്യവഹാരം ചെയ്യുന്നത്? ആ വക നടപ്പുകളെക്കൊണ്ടു വേറെ യാതൊരു ദോഷവുമില്ലെങ്കിലും തങ്ങളുടെ മാതാപിതാക്കന്മാൎക്കും പ്രിയബന്ധുക്കൾക്കും മനോരോഗം വരുന്നു എന്നു വിചാരിച്ചിട്ടെങ്കിലും ദോഷമില്ലാത്ത പൂൎവാചാരങ്ങളെ കുട്ടികൾ ആചരിച്ചാൽ നന്ന്'

പിന്നെ മറെറാരു സന്ദൎഭത്തിൽ ഇങ്ങിനെ പറഞ്ഞിരിക്കുന്നു, 'തറവാട്ടുകാർ വീട്ടുകുടി പണയമെഴുതി കടം വാങ്ങി അയക്കുന്ന പണം ധൂൎത്തടിച്ചു പഠിപ്പിനു ശ്രദ്ധവെക്കാത്തവർ ഈ മഹാനായ കുട്ടിയെയാണ് അനുകരിക്കേണ്ടത്'.

ഈ വക ഉപദേശങ്ങളല്ലെ ബാലന്മാരായ വിദ്യാൎത്ഥികൾക്കു കൊടുക്കേണ്ടത്? എന്തിനധികം പറയുന്നു! ഈ പുസ്തകത്തിൽ വിദ്യാൎത്ഥികളും വിദ്വാന്മാരും, സ്ത്രീകളും പുരുഷന്മാരും എന്നു വേണ്ട, സകല മനുഷ്യരും ഗ്രഹിച്ചിരിക്കേണ്ടതായ പല സാരങ്ങളും അടങ്ങിയിരിക്കുന്നു. കുട്ടികളായ വിദ്യാൎത്ഥികളുടെ സ്വഭാവം നന്നായിതീരേണ്ടതിന് അവരിൽ ചെറുപ്പംമുതൽക്കെ ഉണ്ടാകേണ്ടതായ വ്യവസായശീലം, വിനയം, കൃത്യനിഷ്ഠ, അനുസരണം എന്നീ വക ഗുണങ്ങൾ ഈ ജെയിംസിനെ പോലെയുള്ള മഹാന്മാരുടെ ചരിത്രപാരായണം കൊണ്ടുതന്നെ സിദ്ധിക്കുകയുള്ളു.

മട്രിക്കുലേഷൻ മുതലായ പരീക്ഷകൾക്ക് കണ്ട സിന്ദ്ബാദിന്റെ കപ്പലോട്ടമോ' 'ഏകഗ്ഗനായയുദ്ധത്തിന്റെ കഥയോ' മറേറാ പാഠപുസ്തകങ്ങളാകുന്നതിനു പകരം ഈ തരം പുസ്തകങ്ങളെയാണ് നിയമിക്കേണ്ടതെന്നു ഞങ്ങൾ ബലമായി സിദ്ധാന്തിക്കുന്നു. ഇതിനു മട്രിക്കുലേഷനോ ഫോവൎസെക്കന്ററി പരീക്ഷയ്ക്കോ ടെക്സ്റ്റ് ബുക്കാക്കുവാൻ തക്ക ഗൌരവംപോരെന്നും മററും ചിലർ അഭിപ്രായപ്പെട്ടതായി ഞങ്ങൾ കാണുന്നുണ്ട്. ഈ അഭിപ്രായത്തോടു ഞങ്ങൾ അശേഷം യോജിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ ഇതിലെ വാചക രീതി കുറെ ലളിതമായതാണ് അവർപറയുന്ന ഗൌരവക്കുറവെങ്കിൽ അത് പ്രസ്തുതപുസ്തകത്തിന് ഒരു ഗുണമാണെന്നും പദാൎത്ഥജ്ഞാനത്തിന്നായി പാഠപുസ്തകമാക്കുവാൻ വേണ്ടുന്ന മററുസംഗതികൾക്കൊ ഇതിലുള്ള ലളിതങ്ങളായ സംസ്കൃത ശ്ലോകങ്ങളും മററുപ്രയോഗങ്ങളും ധാരാളം മതിയാകുമെന്നും ഞങ്ങൾക്കുതോന്നുന്നുണ്ട്.

എന്നാൽ ഈ പുസ്തകം സകലഗുണസമ്പൂർണ്ണമാണെന്ന് ഞങ്ങൾ പറയുന്നില്ല. എന്നാൽ എഴുതുന്നത സാധാരണയാ ണെങ്കിലും ആ ഭാഗങ്ങളിൽ ഉള്ളതാ ചിലദിക്കിൽ വായനക്കാരിനു ക്ലിഷ്ടപാരായണമായ അനുപ്രയോഗത്തിലുള്ള തകരാറും അച്ചടിത്തെറ്റുകളും ഇല്ലെന്നില്ല, എങ്കിലും അതൊന്നും ഗുണങ്ങളിലധികമായ ഈ പുസ്തകത്തിൽ ഗണിക്കത്തക്കതായി ഞങ്ങൾക്കു തോന്നുന്നില്ല. എന്തായാലും ഈ മാതിരിയായുള്ള പുസ്തകങ്ങളാണ് മലയാളഭാഷയുടെ പുഷ്ടിക്കാവശ്യം. ഇങ്ങനെയുള്ളവ ഉണ്ടാക്കിത്തീർക്കണമെന്നും സ്വദേശാഭിമാനികളെല്ലാം ഇതു വായിച്ചു രസിക്കേണ്ടതാണെന്നും ഞങ്ങൾ ബലമായി അഭിപ്രായപ്പെടുന്നു.

രാമനുണ്ണിനായർ അവർകൾ ഈ മാതിരി പുസ്തകനിർമ്മാണം കൊണ്ട് ഇനിയും സ്വഭാഷയെ പോഷിപ്പിക്കുന്നതിൽ ശ്രദ്ധിച്ചാൽ നന്നായിരിക്കുമെന്നും ഒരു നല്ല ഗ്രന്ഥകർത്താവായിത്തീരുമെന്നും ഇതിനോടാണ് അനുകരിച്ചു വരേണ്ടതെന്നും പറഞ്ഞാൽ തൽക്കാലം ഞങ്ങൾക്കു പറയുവാനുള്ളതെല്ലാം കഴിഞ്ഞു.


☞ പ്രിയവിലാപവും ചില ഖണ്ഡകൃതികളും, ശ്രീമാൻ ... സമ്മാനിച്ചതു കയ്പറ്റിയിരിക്കുന്നു. അഭിപ്രായം സ്ഥലച്ചുരുക്കത്താൽ നീട്ടി വെച്ചിരിക്കുന്നു.

ര. ര. വ.

P. SUBBAROY'S

World-renowned and most efficacious Ayurvedic Medicines.

മരുന്നു സേവിപ്പതിനു മുമ്പ്



പി. സുബ്ബരായിയുടെ ലോകപ്രസിദ്ധ
ങ്ങളും ഏറ്റവും ഫലവത്തുക്കളും
ആയ ആയുർവ്വേദ ഔഷധങ്ങൾ.

൧. ലോകപ്രസിദ്ധമായ ധാതുപുഷ്ടികരി — ധാതു നഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ മുതലായവയുടെ നീററൽ, വിരെറിവു, മധുമേഹം, കല്ലടപ്പു (മൂത്രഘാതം) മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു രക്ഷപ്പെടുത്തും.



മരുന്നു സേവിച്ചതിൽപിന്നീട്

ഡപ്പി ഒന്നുക്ക് വില ഉറുപ്പിക ൧. തപാൽ ചിലവു വകയ്ക്കു അണ ൩ വേറെ.

൨. പ്രമേഹ നിവാരണി — സിതാമേഹം, ഇടുപ്പുവലി, മൂത്രമധികമായും തടഞ്ഞും പോകുക, മേഹ്ററ്, പുകച്ചൽ രക്തമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീ പുരുഷന്മാരെ വിമുക്തിപ്പിക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനെയും ശമിപ്പിക്കും. കുപ്പി ൧ക്കു വില ഉറുപ്പിക ൧. മൂന്നു കുപ്പികൾവരെയുള്ള വെകിക്കു തപാൽ ചിലവു അണ ൪.

൩. സർവ്വവേദനാസംഹാരി — ഈ തൈലം അല്പം പിരട്ടിയാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കുത്തിനോവു, വീക്കം മുടക്കുവാതം നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാകുന്ന ശൂല, ഇടുപ്പുവേദന, പക്ഷവായു, മേഹവായു, തിമിരവായു മുതലായ പല വ്യാധികൾ ഭേദപ്പെടും. കുപ്പി ഒന്നുക്കു വില ഉറുപ്പിക ൧. തപാൽ ചിലവു അണ ൩.

൪. മണ്ഡലകുഷ്ഠസംഹാരി — മണ്ഡലകുഷ്ഠം, പുഴുക്കടി, തഴതണം, വണ്ണാണി എന്നീ പേരുകളുള്ള രോഗത്തിനു സിദ്ധൌ

ഫലം. രോഗം ചെഴ്ശിയാതിരിക്കും. കണ്ണിന് നല്ല തെളിച്ചമുണ്ടാക്കും. വില കുപ്പി ഒന്നിന്ന ൮ ണ, തപാൽ ചിലവു ൫ ണ വേറെ.

൯. രോമസംഹാരി— രോമം എവിടെ വേണ്ടെന്നാകുന്നുവോ അവിടെ ഈ മരുന്നു പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാകാതെ ആ രോമത്തെ മാറ്റും. വില കുപ്പി ഒന്നിന്ന ൮ ണ തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൫ ണ വേറെ.

൧൦. അഗ്നിമാന്ദ്യസംഹാരി— മനംപിരട്ടൽ, പുളിച്ചുതികട്ടുക, നെഞ്ചുകരിക്കുക, മൂലബാധം, വയറുവേദന, വയറുനാററം, അജീർണ്ണം, വയറുവീർത്തുകയറുക നിദ്രാഭംഗം മുതലായ പിത്താപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നുക്ക ൧ണ ൮. തപാൽ കൂലി ൧ണ ൫ വേറെ.

൧൧. കർണ്ണബിന്ദു— ചീഴൊലു, ചെവികുത്തു, ചെവിയടപ്പു, ഇരച്ചിൽ മുതലായ കർണ്ണരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മമുണ്ടാകും. വില കുപ്പി ൧ക്ക ൮ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൫ ണ വേറെ.

൧൨. സുഖഭേദിഗുളികകൾ— ഭേദി ശരിപ്പെടുത്തും. അജീർണ്ണം, പിത്താപദ്രവങ്ങൾ, വായു, തലചുറ്റൽ, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളെയും ശമിപ്പിക്കും. വില ഡപ്പി ഒന്നിന്ന ൮ ണ. തപാൽ ചിലവു ൧ മുതൽ ൮ വരെ ഡപ്പികൾക്കു ൫ ണ വേറെ.

൧൩. നേത്രബിന്ദു— കൺവേദന, കൺകുത്തു, കൂച്ചം, നീർച്ചൊപ്പു, മിന്നൽ, മാലക്കണ്ണു, പീളകെട്ടു, ദീപവെളിച്ചം, പൂവു, ചെങ്കണ്ണു, എരിച്ചിൽ, ഇര, പുരികം ഇവയുടെ വലിവു പുകച്ചിൽ ഇതുകളോടുകൂടിയ രോഗങ്ങളെ ഭേദപ്പെടുത്തും. വില കുപ്പി ഒന്നിന്ന ൮ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൫ ണ വേറെ.

൧൪. സ്ഖലിതരക്ഷിണി— ബലഹീനതയാലും അത്യുഷ്ണത്താലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയസ്ഖലിതത്തെ നീക്കും. വില ഡപ്പി ഒന്നിന്ന ൮ ണ. തപാൽ ചിലവു ൫ വരെ ഡപ്പികൾക്കു ൫ ണ വേറെ.

പി. സുബ്ബറായി, പരകിട്ടപ്പട്ട, തെക്കെ ആർക്കാട്ട് ജില്ല

൧൪. ശുദ്ധകസ്തൂരി— കാശ്മീരിൽനിന്നും വരുത്തിയിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസിൽ ഉണ്ട. ത്രപ്പാലുകത്തിന്ന ൨൨ ക വില. ഒരു ത്രപ്പാലുമുതൽക്കുള്ള ഏതു സംഖ്യയ്ക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽച്ചിലവു പുറമെ, എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം.

൧൫— തേൾവിഷത്തിന്ന സിദ്ധൌഷധം— തേൾകടിച്ച സ്ഥലത്ത ഒരു തുള്ളി ഒഴിച്ചാൽ പൊട്ടുന്നമാതിരി ആശ്വാസം കാണും. ഒരു കുടുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി ൧-ക്ക ൧ ക ൪ ണ, ൧൨ കുപ്പിയിൽ കുറയാതെ ഒന്നിച്ചു വാങ്ങുന്നവൎക്ക ഡസൻ ൧ക്ക ൨ ക. ൮ ണ. ഉള്ളവിലയിൽ കുറച്ചു മാത്രമെ വില ചുമത്തുന്നുള്ളു. വി. പി. കമ്മീഷൻ ൩ ണ പുറമെ. ഇൻഡ്യയിലും ബൎമ്മയിലും ൧൨ കുപ്പി വരെ വി. പി. കമ്മീഷൻ ൩ ണ. സിലോൺ ൭ ൧ ണ

൧൬. വ്രണവിരോപണതൈലം— ഈ കരപ്പൻ പിത്തപ്പുണ്ണ മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇതു സകല കൃമികളെയും നശിപ്പിച്ചു എല്ലാ വ്രണങ്ങളെയും വിശുദ്ധീകരിച്ചു വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു. വില ൮ ണ. മൂന്ന കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ മാത്രം.

൧൭. കണ്ഠശുദ്ധി ഗുളിക—ഇതു കണ്ഠം തെളിഞ്ഞ ശാരീരം നന്നാവുന്നതിന്ന അതി വിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു സംഗീതക്കാൎക്കും, പ്രസംഗക്കാൎക്കും, പാതിരിമാൎക്കും, ശബ്ദാവയവംകൊണ്ടു അത്യായാസം ചെയ്യേണ്ടവരായ മറ്റെല്ലാവൎക്കും വളരെ ഉപയോഗമുള്ളതാകുന്നു. വില ൮ ണ. വി. പി. കമ്മീഷൻ ൬ കുപ്പിവരെ ൬ ണ.

൧൮. സ്നാനചൂൎണ്ണം—ഈ പൊടി തേച്ചുകുളിക്കുന്നതിന്ന വിലയേറിയ സോപ്പുകളെക്കാൾ വളരെ വിശേഷം. ഇതു ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞ, ശുദ്ധതയും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്ന ശൈത്യവും

പി. സുബ്ബരായി പാറകിപ്പേട്ട, തൊടക്ക ആൎക്കാട്ട് ജില്ല.

സുഖവും എല്ലാവൎക്കും തോന്നിക്കും. ഇത ഇന്ത്യയിലുള്ള എല്ലാവൎക്കും വേണ്ടതാകുന്നു. വില ൫ ണ. വി. പി. കമ്മീഷൻ ൩ ണ.

൧൦. സഞ്ജീവഗുളിക— കുട്ടികൾക്കുണ്ടാകുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം, അജീൎണ്ണം, ഉറക്കമില്ലായ്മ ഇവയും ആന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മുതിൎന്നവൎക്കും ഒരുപോലെ ഉപകരിക്കാവുന്നതാകുന്നു. വില ൪൦ ണ. വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൩ ണ.

൧൧. ഒന്നാംതരം ഗോരോചനാഗുളിക— എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരള് ഇതുകളിൽ ഉണ്ടാവുന്ന ഉപരോഗങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അജീൎണ്ണം, ഉറക്കമില്ലായ്മ, ആന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില ൧ ണ. വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൩ ണ.

൧൨. ത്വഗ്രോഗപരിഹാരി— ഈ ഔഷധം കരപ്പൻ, ചുണങ്ങ്, ചൊറി, ഒട്ടവട്ട, പോളൻ, ചൂട്, പുഴുക്കടി, താരണം, മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ത്വഗ്രോഗങ്ങൾക്കും ഏറ്റവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി. വി. പി. കമ്മീഷൻ ൩ ണ.

				ക.	ണ.	സ.
ഒന്നാംതരം	ഗോരോചനം	ത്രപ്പാത്തുക്കു	൧-ക്കു	൯	൦	൦
ടി	മഞ്ഞൾ	ടി	൧-ക്കു	൧	൦	൦
ടി	പച്ചക്കൎപ്പൂരം	ടി	൧-ക്കു	൧	൦	൦

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ വിശദമായി എഴുതണം.

പി. സുബ്ബരായി, പറങ്കിപ്പേട്ട,

തെക്കെ ആൎക്കാട്ട് ജില്ല.

വ്യവഹാരചിന്താമണി.

എല്ലാ ഇംഗ്ലീഷ് മാസവും 30-ാം നം പ്രസിദ്ധപ്പെടുത്തുന്ന
ഒരു വിശേഷനിയമമാസിക.

പത്രാധിപർ
വെങ്കളത്ത് കരുണാകരമേനോൻ ബി. എ.

——:o:——

മലബാർ, കൊച്ചി, തിരുവിതാംകൂറ് ഒരുപോലെ പ്രചാരം.
വരിസംഖ്യ—എല്ലായ്പ്പോഴും മുൻകൂറ്.

ഒരു കൊല്ലത്തേക്കു	4-0-0	വി. പി. ഒരു കൊല്ലത്തേക്കു	4-1-0
ആറുമാസത്തേക്കു	2-0-0	ആറുമാസത്തേക്കു	2-1-0

മദിരാശി, കൽക്കത്താ, അലഹബാദ, ബൊംബെ, കൊച്ചി, തിരുവിതാംകൂറ് — വിധികൾ

- ഹൈക്കോർട്ട് ലേഖനം
- ഒന്നാന്തരം കടംകഥ
- മേത്തരം അപ്പീൽ
- യോഗ്യരുടെ ചരിത്രപടം
- യോഗ്യലേഖകന്മാർ
- വിശേഷ പത്രാധിപ കുറിപ്പുകൾ

മുതലായ 56 ഭാഗം

പത്രാധിപാഭിപ്രായങ്ങൾ.

കേരളസഞ്ചാരി— നിയമകാര്യത്തിൽ ഉപാദ്ധ്യായൻ.

മ. മനോരമ— മേനോന്റെ പുതിയ സ്വന്തകഥപ്പോലെ വേറെ ഒരു പത്രത്തിനു പിടിയില്ല.

മനോരമ— സകല മുതൽക്കാരും വാങ്ങേണ്ടതാണ്.

കേരളപത്രിക— കക്ഷികൾക്കു അത്യുപകാരം.

കൊച്ചിവിധികളുടെ പോക്കറിവാൻ "ചിന്താമണി" ഏകമാർഗ്ഗം.

കൊച്ചി വിധികൾ 7-ാം നമ്പ്ര മുതൽക്കും, തിരുവിതാംകൂർ വിധികൾ 9-ാംനമ്പ്ര മുതൽക്കും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. നിങ്ങൾ ചിന്താമണി കണ്ടിട്ടില്ലെങ്കിൽ തരംനോക്കുവാൻ ഒരു ബ്രിട്ടീഷ് പോസ്റ്റുകാർഡു അയച്ചാൽ മടക്കത്തപാലിൽ സൗജന്യമായി നിങ്ങൾക്കു ഒരു പ്രതി അയച്ചുതരും. ലോകകാര്യപ്പെട്ടതിലുള്ളവൻ ക്രമമായി "ചിന്താമണി" പാരായണംചെയ്യുന്നത ഒഴിച്ചു അന്യമാർഗ്ഗം ഇല്ല.

എന്നു വ്യവഹാരചിന്താമണി മാനേജർ,
വള്ളുവനാട്, മലബാർ.

ഭാഷാവിക്രമോർവ്വശീയം.

1905-ാമത വൎഷത്തെ എഫ്. ഏ. പരീക്ഷയ്ക്ക് സൎവ്വകലാശാലയിൽ നിശ്ചയിച്ചിട്ടുള്ളതും കൊടുങ്ങല്ലൂര് കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ട് തൎജ്ജമ ചെയ്തിട്ടുള്ളതും ആയ വിക്രമോർവ്വശീയം ഭാഷാനാടകത്തിന്റെ പുതിയ പതിപ്പ് സംസ്കൃതപണ്ഡിതൻ കാളിപ്പിഷാരടി അവൎകളുടെ ടിപ്പണിയോടുകൂടി അച്ചടിച്ചു തയ്യാറായിരിക്കുന്നു. പുസ്തകത്തിന്റെ വില പ്രതി 1 ക്ക് തപാൽക്കൂലി അടക്കം 14 അണ രസികരഞ്ജിനി ആപ്പീസ്സിലേക്ക് മുൻകൂറായി അയച്ചാൽ പുസ്തകം കിട്ടുന്നതാണ്. നാഗരാക്ഷരത്തിൽ രമയൽ എന്ന "രസികരഞ്ജിനി" പത്രാധിപരുടെ മുദ്രയില്ലാത്ത ബുക്കുകൾ വ്യാജമാകുന്നു.

മേൽപറഞ്ഞ നാടകത്തെ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ട് പരിശോധിച്ച് അതിലുള്ള കഥാസാരം, ഗുണദോഷം, ഭാവം, രസം ഇവകളെ ഭംഗിയായും സയുക്തികമായും എഴുതീട്ടുള്ള ഗ്രന്ഥം, ഈ മാസികയിൽ മാത്രം പ്രസിദ്ധം ചെയ്യുവാൻ അനുവാദം അനുവദിച്ചിട്ടുള്ളപ്രകാരം ഇടച്ചയായി പ്രസിദ്ധം ചെയ്തു തുടങ്ങീട്ടുള്ളതു്. സാഹിത്യവിഷയത്തിൽ താല്പൎയ്യമുള്ളവരും വിശേഷിച്ച് വിദ്യാൎത്ഥികളും വായിച്ചറിയേണ്ടതാകുന്നു. മലയാളത്തിൽ ഇങ്ങിനെ ഒരു ഗ്രന്ഥം ഇതിനു മുമ്പ് ഉണ്ടായിട്ടില്ലെന്നു ഞങ്ങൾ ധൈൎയ്യത്തോടുകൂടി ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. രഞ്ജിനി കുറച്ചു പ്രതിമാത്രമെ വിശേഷാൽ അടിക്കുന്നുള്ളു. അതുകൊണ്ട് ആവശ്യമുള്ളവർ ഉടനെ വാങ്ങിയില്ലെങ്കിൽ പിന്നെ ഇച്ഛാഭംഗത്തിന്ന് ഇടയാവുന്നതാണ്.

ര. ര. മാനേജർ.

രസികരഞ്ജിനി ആപ്പീസ്സിൽ വില്പാൻ തയ്യാർ.

സോക്രട്ടീസ്. കെ. രാമകൃഷ്ണപിള്ള	0	2	0
വെണ്മണി അച്ഛൻ നമ്പൂരിപ്പാട്ടിലെ ജീവചരിത്രം കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കൈറാതിപ്പാട്ടും	0	0	6
നാഗാനന്ദം (ഭാഷാനാടകം) പാറയാട്ട് അച്യുതമേനോൻ	0	10	0

തപാൽക്കൂലി പുറമെ, മേൽപറഞ്ഞ പുസ്തകങ്ങൾക്കു രസികരഞ്ജിനി മാനേജരോട് ആവശ്യപ്പെടുക.

ര. ര. മാ.

കവനോദയം.

വൈദ്യം, ജ്യോതിഷം, കിളിപ്പാട്ട്, തുള്ളൽ, നോവൽ, നാടകം മുതലായി വിശേഷപ്പെട്ട അനേകം കൃതികൾ ഇതിൽ ചേൎന്നുവരുന്നു. കൊല്ലത്തിൽ 6 പ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകമാലയിൽ ഓരോ കുറി 64 ഭാഗങ്ങളിൽകൂടി 5 കൃതികളിൽ കുറയാതെ ഉണ്ടായിരിക്കും. കൊല്ലത്തിൽ 4 ഉറുപ്പിക വരി അടച്ചാൽ മതി. തപാൽകൂലി പുറമെ വേണ്ട. വിദ്യാൎത്ഥികളാണെങ്കിൽ മുൻകൂറ് ഒന്നര ഉറുപ്പിക തന്നാൽ മതിയെന്ന് ഒരു പുതിയ നിശ്ചയം ചെയ്തിരിക്കുന്നു. ഈ പുസ്തകമാലയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ അനേക പുസ്തകങ്ങൾ ഇവിടെ വില്പാനുണ്ട്. ചിലതിന്റെ വിവരം താഴെ ചേൎക്കുന്നു.

ജ്യോതിഷവിഷവൈദ്യം — ഈ പുസ്തകം കൈവശം ഉണ്ടായിരുന്നാൽ പാമ്പുകടിച്ചു ഉടനെ വൈദ്യന്റെ അടുക്കെ ഓടേണ്ടിവരികയില്ല. വില 12 അണ.

സമ്പൂൎണ്ണമാലിക — മലയാളത്തിലുള്ള വൃത്തങ്ങളുടെ എല്ലാ സ്വഭാവങ്ങളും അറിവാൻ ഈ പുസ്തകം മാത്രമെയുള്ളു. വില 8 അണ.

ജാനകീപരിണയം — കൊട്ടാരത്തിൽ ശങ്കുണ്ണി ഉണ്ടാക്കിയ ഒരു രസികനാടകമാണിത്, മന്നാടിയാരുടേതല്ല. വായിപ്പാൻ ബഹുരസമുണ്ട്. വില 1 ക. മാത്രം.

* ഹസ്തലക്ഷണദീപിക — ഈ പുസ്തകം കൈവശമുണ്ടെങ്കിൽ കഥകളിയെ ഊമക്കളിയെന്നു പറവാനിടവരികയില്ല. വില 4 അണ.

*കുചശതകം ഇതൊന്നു വായിച്ചുനോക്കുവിൻ വില 2 അണ.

*ചക്കീചങ്കരനാടകം ചിരിക്കാതെ ഇതു വായിപ്പാൻ പ്രയാസം. വില 6 അണ.

ഇവകൾക്ക് തപാൽകൂലി പുറമെ *ഈ അടയാളം വെച്ചവ ഒഴികെ ശേഷമെല്ലാം അച്ചടി അതിമനോഹരം. കടലാസ്സ് എല്ലാം ഒരുപോലെ വെളുത്തു മിനുസം. താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ എല്ലാ പുസ്തകങ്ങളും വി. പി. ആയി അയച്ചുകൊടുക്കും.

കെ. കണ്ണൻ നമ്പ്യാർ,
(*Nadapuram*) കവനോദയം മാനേജർ,
നാദാപുരം.

T. S. SUBRAMANIA & Co.

കവിരാജ നഗേന്ദ്രനാഥസെൻ എന്നവരുടെ

ആയുർവ്വേദ വൈദ്യശാല,

33, അർമ്മേനിയൻ തെരുവ്, മദ്രാശി.

Panchatikta Batika പഞ്ചതിക്ത ഗുളിക. മലമ്പനികൾക്കുള്ള ഒരു സിദ്ധൌഷധം. മുപ്പതു ഗുളികയുള്ള ഒരു പെട്ടിക്കു ൧ ക. വളരെക്കാലം നിലനിന്നിട്ടുള്ള പനികളെ കളവാൻ ഈ ഗുളികകൾ ശക്തങ്ങളാണ്. സ്ഥിരമായ തലനീരുമുണ്ടാവും. മലമ്പനികൾ എല്ലാ ജാതികളും സ്ഥിരജ്വരങ്ങളും ചൂടു കൂടുതലായ ജ്വരവും ചൂടുകുറഞ്ഞ ജ്വരവും വയററിൽ പ്ലീഹ വീർത്തു ... വീർത്തുമുള്ള ജ്വരം, കരളോടുകൂടിയ ജ്വരം, നാലാംദിവസത്തെജ്വരം ഇത്യാദി നാനാജ്വരങ്ങളിലും പഞ്ചതിക്ത ഗുളികകൾ ഫലിക്കും. കാലജ്വരങ്ങളിലും മലമ്പനികളിലും ഈ ഗുളികകൾ ഉത്തമഫലമുള്ളവയാണ്. ക്വൈനാവു എന്നു പേർ പറയുന്ന ഇംഗ്ലീഷ് മരുന്നിനു ജയിപ്പാൻ കഴിയാത്ത പനികളിലും ക്വൈനാ തോറ്റുകാട്ടിട്ടുള്ള സ്ഥലങ്ങളിലും പഞ്ചതിക്ത ഗുളികകൾ ഫലിക്കും. പനികളെ എല്ലാം ശമിപ്പിക്കുമെന്നു മാത്രമല്ല ആ പനികൾ പിന്നീടു പെട്ടെന്നു മടങ്ങിവരാതിരിപ്പാൻ തക്കവണ്ണം വേരോടുകൂടി പനിയെ അറുത്തുകളയും. ഇതു ഒരു വിശേഷ ഗുണമാണ്.

Pramelia Bindu പ്രമേഹബിന്ദു സകല അവിവേകജന്യ രോഗപ്രത്യൌഷധം. ഒരു കുപ്പി മരുന്നും ഒരു പെട്ടി ഗുളികയുംകൂടി ൧ ക. ൮ ണ. ആശ്ചര്യകരമായ ഈ മജ്ജബലവർദ്ധനം ദുഷിച്ച രക്തത്തിനും പോഷണസാമർത്ഥ്യം കുറഞ്ഞ ശോണിതം ക്ഷയിച്ചതിനും അകത്തുകൂടി ശേഖരിക്കുന്ന ബലക്ഷയം മുതലായ മഹാസങ്കട വ്യാധികൾക്കും ഇതു ഉത്തമ ഔഷധം തന്നെ. ക്ഷീണിച്ച ദേഹത്തിനു മിടുക്കും ബലവും വരുത്തി തേജസ്സുമറഞ്ഞതും മയങ്ങി മങ്ങിയ അംഗപ്രത്യംഗത്തിനു രണ്ടാമതും ജീവസ്സും പുഷ്ടിയും പകർപ്പും വരുത്തുന്നതോടുകൂടി നാൾതോറും ക്ഷയിക്കുന്ന മനോല്ലാസത്തെ പുനരുജ്ജീവിപ്പിച്ച്, നിരാശ ബാധിച്ചിട്ടുള്ള ജനങ്ങളെ ജീവനിൽ കൊതിയുള്ളവരാക്കി ഗൃഹസ്ഥ ധർമ്മങ്ങളിൽ സുഖവാസനയുള്ളവരാക്കി

ചെയ്യും. തലച്ചോറിന്നു ഉശിരും ജാഗ്രതയും വരുത്തി ബുദ്ധിക്കും ആലോചനാശക്തിക്കും ഓൎമ്മശക്തിക്കും അനുമാനസാമൎത്ഥ്യത്തിന്നും മുമ്പില്ലാത്ത ഒരു ചൈതന്യത്തെ വരുത്തി ബുദ്ധികൊണ്ടുള്ള അദ്ധ്വാനങ്ങൾക്കു സാമൎത്ഥ്യത്തെ വരുത്തി മനസ്സുകൊണ്ടുള്ള വേലകൾക്കു എല്ലാവറ്റെയും സമൎത്ഥമാക്കും. അസ്ഥിസ്രാവു പിടിപെട്ടു വൈദ്യന്മാരെല്ലാം കൈവിട്ടു പോയിട്ടുള്ള ദുസ്സാദ്ധ്യരോഗത്തിൽ കൂടി ഈ പ്രമേഹബിന്ദു സേവിച്ചാൽ ആശ്ചൎയ്യമായ ഗുണം കാണും. മൂത്രം അകത്തു നില്ക്കാതെയോ മൂത്രസഞ്ചിക്കു ചൊറിച്ചിലും പുണ്ണും മൂത്രം നിൎത്തുവാൻ കഴിയായ്കയും മൂത്രപിണ്ഡങ്ങൾക്കു ഈ ജാതിരോഗങ്ങൾ ഉണ്ടാവുന്നതും മൂത്രസഞ്ചിയിൽനിന്നു കഫപ്രായത്തിൽ പാലുപോലെ വെളുത്തു തടിച്ചു കുഴമ്പുപോലെ ഒരു വസ്തു പുറത്തിറികൊണ്ടു ഒലിച്ചുപോകുന്നതിൽ ഈ ഔഷധം ഗുണംവരുത്തും. സ്ത്രീയോ പുരുഷനോ ആലോചനകൂടാതെ അമിതസുഖങ്ങളെ അനുഭവിച്ചാലുണ്ടാകുന്ന പാമരോഗാദികളായ രോഗങ്ങളെ ഈ പ്രമേഹബിന്ദു അകററിക്കളയും.

Ratibilas രതിവിലാസം. മജ്ജാക്ഷീണമെന്നരോഗാദികൾക്കു ആശ്ചൎയ്യഫലിതമുള്ള പ്രത്യേകൌഷധം. പതിനഞ്ചു ദിവസത്തേക്കു രണ്ടു പെട്ടി ഗുളികകളും ഒരു കുപ്പി എണ്ണയുംകൂടി ൩/ക. ശരീരത്തിലുള്ള അവയവങ്ങളിൽ മജ്ജാതന്തുസമൂഹമാണ് ഏററവും വിശേഷമായി സ്ഥിതി വരുത്തപ്പെട്ടിട്ടുള്ളതു. അതിന്റെ സ്ഥിതി നോക്കിയറിഞ്ഞാൽ ദേഹത്തിലുള്ള സകല രോഗങ്ങളുടേയും സ്വഭാവം തിരിച്ചറിയാം. മജ്ജകൾ ബലഹീനങ്ങളായാൽ പുരുഷൻ അതിവേഗത്തിൽ രോഗിയായിവരും. മജ്ജകൾക്കു കേടു തട്ടുമ്പോൾ സകല അവയവങ്ങളും അവയവ പ്രവൃത്തികളും ക്രമക്കേടുകൾകൊണ്ടു ക്ഷീണിച്ചു രോഗമുണ്ടാകും. അതിയായിട്ടുള്ള മദ്യപാനവും ആ തരത്തിലുള്ള അതിഭോഗങ്ങളും തലയുഴിപ്പാൻ തക്കവണ്ണമുള്ള പ്രവൃത്തികളും ഇന്ദ്രിയങ്ങൾക്കു ക്ഷീണം വരുവാൻ തക്കവേലകളും ഒരുപോലെ മജ്ജകളെ ക്ഷീണിപ്പിക്കും. അതുതന്നെ രോഗമാവും. മജ്ജകൾക്കു വന്നിട്ടുള്ള ബലഹീനതകൊണ്ടു രോഗം പിടിച്ചിട്ടുള്ള ജനങ്ങൾ സുഖഹാനിയെ മൌനമായി അനുഭവിച്ചു ദുഃഖിക്കുന്നു. അവൎക്കു ജീവൻ ഒരു ഭാരമായി വരുന്നു, അവൎക്കു മരണം സൌഖ്യമെന്നും തോന്നും. ജീവകാലത്തിങ്കൽ

ഈ രോഗികൾക്കു കെല്പും ഒട്ടും ഉണ്ടാവില്ല. ജീവസ്സമാത്രം അവ
രിൽ കാണില്ല. ഇഹലോകസുഖങ്ങളെ യഥേഷ്ടം അനുഭവിപ്പാൻ
അവൎക്കു ആരോഗ്യമുണ്ടാവാതെ വരുമ്പോൾ ഇഹലോകത്തിലുള്ള ഓ
രോ കഷ്ടപ്പാടുകളെ തട്ടുത്തു ജയിപ്പാനും അവർ ആളാവുന്നതല്ല.
ഈ മഹാരോഗത്തിനു പററുന്ന ഔഷധങ്ങൾ അനേകം വില്പാനു
ണ്ടെന്നു പലരും പരസ്യങ്ങളിലും പ്രസിദ്ധം ചെയ്യുന്നു; അവയിൽ
ഫലിതം ഏറിയവയേ ഉള്ളുവെന്നും കാണുകയും ചെയ്യും. ഈ വ
ക ഔഷധങ്ങളെ ഞങ്ങൾ വാങ്ങി ശാസ്ത്രവിധികൾക്കനുസരിച്ചു പ
രിശോധിച്ചു പരീക്ഷിച്ചു നോക്കീട്ടുള്ളതിൽ ആ വക മരുന്നുകൾ ഒ
ന്നെങ്കിലും പറയുന്ന ഗുണങ്ങളെ ചെയ്തുകൊടുപ്പാൻ സാമൎത്ഥ്യമുള്ള
തായി കണ്ടിട്ടില്ല. ഒന്നെങ്കിലും നല്ലതില്ല. ഇതു് അനേകം വൈ
ദ്യന്മാരുടെ അനുഭവമാണു. അതുകൊണ്ടു് ഈ മഹാദുഃഖകാരിയാ
യ രോഗത്തിനു ഔഷധങ്ങളില്ലെന്നു ജനങ്ങൾ വിശ്വസിക്കുന്നു. ഇ
തു തെററാണു. കരുണാനിധികളായി സൎവ്വജനങ്ങളുടേയും നമസ്ക്ക
പാത്രങ്ങളായ ഋഷികൾ ഈ രോഗത്തിന്നും വരുത്തി അതിനു ത
ക്ക മരുന്നുകൾ നിശ്ചയിച്ചിരിക്കുന്നു. ഈ അതിദുസ്സഹമായ രോ
ഗത്തിന്റെ വേരറുത്തു അതിനെ ശാന്തിവരുത്തുന്നതിനു ഔഷ
ധമുള്ളതു മേല്പറഞ്ഞ രതിവിലാസമാണു. അതുകൊണ്ടു ജനങ്ങൾ
ക്കു കെല്പും ഉശിരും വൎദ്ധിക്കും. വളരെ ശ്രദ്ധയോടുകൂടി പ
ണിപ്പെട്ടു ജാഗ്രതയായി ഞങ്ങൾ ഇതിനെ ഉണ്ടാക്കിയിരിക്കുന്നു. ഇ
ന്ത്യാരാജ്യത്തിൽ അനേകായിരം ജനങ്ങൾക്കു ഈ മരുന്നു ഞങ്ങൾ
കൊടുത്തു പരീക്ഷിച്ചിരിക്കുന്നു. ഒരു ഒററ സംഗതിയെങ്കിലും ഫലി
തമില്ലാതെ കണ്ടിട്ടില്ല. 'ഈ രോഗം ശമിക്കില്ല് എന്തു ചെയ്യട്ടെ'—
എന്നു നിരാശപ്പെട്ടിട്ടുള്ള ജനങ്ങൾ ഈ രതിവിലാസത്തെ വാങ്ങി
ട്ടു പരീക്ഷിച്ചു നോക്കട്ടെ.

അല്പകാലത്തിനുള്ളിൽ ദേഹക്ഷീണത്തെ കളയും, മനുഷ്യ
ൎക്കു ശൈശവപ്രായമായ ക്ഷീണമുണ്ടെങ്കിൽ അതിനെ തീൎക്കും. ബാല്യ
ത്തിൽ ബുദ്ധിമോശംകൊണ്ടു ആലോചനയില്ലാതെ ഓരോ ദുർവ്യാ
പാരങ്ങളിലേക്കിറങ്ങി അതിരോഗങ്ങളെക്കൊണ്ടും കെല്പററ ജീവശ
വങ്ങളായവരുടെ ജീവസ്സും മിടുക്കും മടങ്ങിവരുവാൻ ഇതു നല്ല ഔ
ഷധമില്ല. മൎമ്മകേന്ദ്രങ്ങളായ സ്ഥാനങ്ങളെ പ്രത്യേകം ഈ ഔഷ
ധം ബലപ്പെടുത്തും. വൈദ്യശാസ്ത്രപാണ്ഡിത്യമുള്ള ചികിത്സാരി

സുഖകൾ നിശ്ചയിച്ചുവരുന്ന ടോണിക് (ബലദായകങ്ങൾ) എന്ന ഔഷധങ്ങളെല്ലാം പരക്കെ ദേഹചൈതന്യത്തെയും മെയ് മിടുക്കിനേയും കാമശക്തിയേയും ഇന്ദ്രിയബലത്തിനേയുംഉണ്ടാക്കും. കെൽപ്പു കെട്ടുമെലിഞ്ഞു തേഞ്ഞുമാഞ്ഞു കിടക്കുന്നവരും; ചൈതന്യത്തെ ദൃഢത ഉണ്ടാക്കാൻ ഈ മരുന്നുകൾ ഉപകരിക്കും. മടിയും ഉറക്കവും തൂങ്ങലും മൌഢ്യവും തീരാൻ ഈ മരുന്നുകൾ ഏററവും ഉത്തമം. കഠിനമായ അദ്ധ്വാനംകൊണ്ടോ അതി പ്രയത്നംകൊണ്ടോ അതി ജാഗ്രതയായി പുസ്തകകാലക്ഷേപം ചെയ്ത് പഠിച്ചതുകൊണ്ടോ ബാലബുദ്ധികൊണ്ടു വരുന്ന അതിഭോഗങ്ങളെക്കൊണ്ടോ പാനസാഹസംകൊണ്ടോ ശീതോഷ്ണാധിക്യംകൊണ്ടോ ആഹാരത്തെപ്പററിസാഹസങ്ങൾകൊണ്ടോ വല്ല ദീനങ്ങളും ഉത്ഭവിച്ചിട്ടുണ്ടെങ്കിൽ അതു നശിപ്പാൻ ഉപായം രതിവിലാസമെന്ന ഞങ്ങളുടെ മരുന്നു സേവിക്കുന്നതുതന്നെ. മജ്ജകളുടെ ക്ഷീണത്തെ തീൎക്കും. ദേഹാവയവങ്ങൾക്കെല്ലാം ചൈതന്യബലവും ഉശിരും ഉണ്ടാവും. ക്ഷീണംകൊണ്ടും മനോബലഹാനികൊണ്ടും ഉണ്ടാവുന്ന കേടുകളെ തീൎക്കും.

ഫലിതമേറിയ ഈ ഔഷധത്തിന്റെ കർത്താവു സർവ്വേശ്വരനായ ശിവനാണ്. അതിന്റെ സഹായംകൊണ്ടു അനേകായിരം ജനങ്ങൾ സുഖപ്പെട്ടിട്ടുണ്ട്.

മേല്പറഞ്ഞ എല്ലാ മരുന്നുകളും താഴെ എഴുതിയ മേൽവിലാസത്തിൽ എഴുതി ചോദിക്കേണ്ടതാണ്. എഴുത്തുകുത്തുകൾ മലയാളത്തിലോ, തമിഴിലോ, ഇംഗ്ലീഷിലോ ആയിരിക്കണം.

ടി. എസ്സ്. സുബ്രഹ്മണ്യ ആൻറ് കമ്പനിക്കാര,
33, അർമ്മേനിയൻ തെരുവു,
മദ്രാശി.

Messrs T. S. SUBRAMANIA & Co.
33, Armenian Street,
MADRAS

കമ്മീഷൻ

രസികരഞ്ജിനിക്കു പുതിയ വരിക്കാരെ ഉണ്ടാക്കി അവർ വരിപ്പണം മുഴുവൻ മുൻകൂറായി പിരിച്ചു പേരുവിവരപ്പട്ടികയോടുകൂടി ആ സംഖ്യ ആപ്പീസ്സിൽ അടക്കുന്നവൎക്കു 15-കയിൽ കുറയാതെയുള്ള സംഖ്യകൾക്കു 100-ക്കു-10 ക. വീതം കമ്മീഷനും 20 കയിൽ കുറയാതെ പിരിച്ചടക്കുന്നവൎക്കു മേല്പറഞ്ഞ കമ്മീഷനും പുറമെ മുപ്പതാതെ ഉറപ്പിക്കുക രഞ്ജിനിയുടെ ഓരോ പ്രതിവീതം സൌജന്യവും കൊടുക്കപ്പെടും.

ര. ര. മാനേജർ.

മുൻ മേടത്തിൽ പണം അടച്ചവരുടെ പേരു വിവരം.

		ക.	ണ.	സ.
കെ. രാജരാജവൎമ്മ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു		3	0	0
മ. രാ. രാ. വിദ്യാൎത്ഥി സംഘം സെക്രട്ടരി	അവൎകൾ	2	0	0
,, വൈമനമഠത്തിൽ വാസുദേവൻപോററി	,,	1	12	0
,, ചാലിശ്ശേരി പത്മനാഭമേനോൻ	,,	3	0	0
,, അ. അനന്തയ്യപ്പ	,,	3	0	0
,, ആർ. നാരായണമേനോൻ	,,	3	12	0
,, വി. കെ. കിഴക്കെ ഗ്രാമവിഷ്ണുമേനോൻ	,,	3	0	0
,, ചാത്തനാത്ത കുഞ്ഞിരാമമേനോൻ	,,	3	0	0
,, പി. കേലപ്പനായരു	,,	3	0	0
,, ഡാക്ടർ ടി. എം. നായർ	,,	3	8	0
,, തൊമ്മൻകുട്ടി	,,	3	0	0
,, സി. ററി. രാമയ്യപ്പ	,,	3	0	0
,, പി. നാരായണമേനോൻ	,,	3	0	0

മ. രാ. രാ. എ. എസ്സ്. വെങ്കടേശപരമേശ്വരയ്യരവർകൾ		3 0 0
„ വെപ്പുകൊപ്പു നാരായണയ്യർ	„	3 0 0
„ പുത്തൻവീട്ടിൽ വി. നരസിംഹയ്യർ	„	3 0 0
„ വി. കെ. രാമൻമേനോൻ	„	3 0 0
„ എൻ. പരമേശ്വരൻ ഉണ്ണിത്താൻ	„	2 0 0
„ ടി. നാരായണൻനമ്പി	„	0 8 0

രസികരഞ്ജിനിയുടെ വരിസംഖ്യ ഇതുവരെയും അടച്ചിട്ടില്ലാത്ത വരിക്കാർ ദയവുചെയ്ത്, അവരവരുടെ പക്കൽനിന്നും വരേണ്ടതായ സംഖ്യ ഉടനെ അയച്ചുതരുവാൻ അപേക്ഷ.

സംഗതിവിവരം

വിദ്യാവിനോദിനി അച്ചുക്കൂടം

മംഗളോദയം

൧൦൮൩

പുസ്തകം ൨ ഇടവമാസം ലക്കം ൧൦

മംഗളം.

കൂട്ടാപാരിൽവരുന്നോരതിവികടമുഖമൈരിമാർചൊല്ലിട്ടാചീന്തപാരം
കേട്ടാമെക്കൈകൾകെട്ടിയഥാശ്രീനിജസവിധത്തൂട്ടിട്ടപാത്രാന്തകളും
വിട്ടാഗോപവധൂജനങ്ങളാനികളരികിൽഗോപിവൃന്ദകടകൺ
വിട്ടാമട്ടിൽകളിക്കുംസുകൃതികലസുഖാംഭോധിസൌഖ്യാതരട്ടേ.

ചുനക്കാട്ട് കല്യാണിക്കുട്ടിയമ്മ.

മിസ്സിസ് ബെസൻറ

ഇംഗ്ലീഷിൽ ഉള്ള തിയോസഫി എന്ന പദത്തെ പരിഭാഷപ്പെടുത്താൻവേണ്ടി സംസ്കൃതഭാഷയിൽനിന്ന് തിരഞ്ഞു പിടിച്ചുകൊണ്ടുവന്ന പദമാണ് ബ്രഹ്മവിദ്യ എന്ന വല്ലവരും വിചാരിക്കുന്നുണ്ടെങ്കിൽ അത് തെറ്റാണെന്ന് നിസ്സംശയം പറയാം. ബ്രഹ്മവിദ്യ എന്ന പദം ഭഗവൽഗീതയുടെ ഓരോ അദ്ധ്യായത്തിന്റെ അവസാനത്തിലും കാണ്മാനുണ്ട്. പുരാണേതിഹാസങ്ങളിൽവെച്ച് ഭാരതവും, ഭാരതത്തിൽവെച്ച് ഭഗവൽഗീതയും, പ്രസിദ്ധങ്ങളാണല്ലോ.

ബ്രഹ്മവിദ്യ എന്നുവെച്ചാൽ എന്തു?— സംസ്കൃതത്തിലെ 'വിദ്' (അറിവ്) എന്ന ധാതുവും ലാറ്റിനിലെ 'വിദീറി' (കാണുക) എന്ന ധാതുവും ഒന്നാണ്. 'അറിയുന്നു' 'കണ്ടറിയുന്നു' എന്നുള്ള വ്യത്യാസമെയുള്ളു. ബ്രഹ്മവിദ്യ എന്നു വെച്ചാൽ ബ്രഹ്മജ്ഞാനം എന്നാണ് താല്പൎയ്യം. 'തിയോസാഫിക്കൽ സൊസൈറ്റി' എന്നുവെച്ചാൽ ബ്രഹ്മവിദ്യാസംഘം എന്നോ ബ്രഹ്മജ്ഞാനമാൎഗ്ഗമെന്നോ ധരിക്കേണ്ടതാകുന്നു. ക്രി. വ. ൧൮൭൫-ൽ അമേരിക്കയിൽ ന്യൂയാൎക്ക് എന്ന നഗരത്തിൽ സ്ഥാപിതമായ ഒരു സംഘത്തിന്റെ ഉദ്ദേശങ്ങൾ:—

൧. അവരവരുടെ വൎണ്ണാശ്രമാചാരങ്ങൾക്കുപുറമെ സകല മനുഷ്യരിലും ഭ്രാതൃസ്നേഹത്തോടുകൂടി പ്രവൎത്തിക്കുക,

൨. വിവിധമതങ്ങളിലുള്ള തത്വങ്ങളുടേയും ശാസ്ത്രങ്ങളുടേയും താരതമ്യങ്ങളെ അറിയുക,

൩. ഇതുവരെയും വിശദമാവാത്ത പ്രകൃതിവ്യവസ്ഥകളേയും മനുഷ്യരിൽ ലയിച്ചുകിടക്കുന്ന ശക്തികളേയും തിരഞ്ഞു പിടിച്ചു വെളിപ്പെടുത്തുക ഇവകളാകുന്നു. ഇവയിൽ ഒന്നാമത്തേതു മാത്രമെ സാമാജികന്മാൎക്കു ബാധകമാകുന്നുള്ളു. ൨-ം ൩-ം ഉദ്ദേശങ്ങൾ നിറവേററണമെന്നില്ല. അവയ്ക്കുവേണ്ടി പരിശ്രമിച്ചാൽ അധികം നന്ന്. മനുഷ്യവൎഗ്ഗത്തിന്റെ പരസ്പരഭ്രാതൃത്വം സിദ്ധമായാൽ ജാതിമതഭേദങ്ങൾ നിസ്സാരങ്ങളായിത്തീരുമല്ലൊ. ആ പ്രകാരം സമഭാവത്തെ ശീലിച്ചിരിക്കുന്നവൻ ബ്രാഹ്മണനേയും ചണ്ഡാലനേയും തന്റെ സഹോദരന്മാരാണെന്നു കാണുന്നു. സൎവ്വജന്തുക്കളുടേയും സുഖദുഃഖങ്ങളിൽ അവൻ പങ്കുകൊള്ളുകയും ചെയ്യുന്നു. എന്തെന്നാൽ വിവിധങ്ങളായി കാണപ്പെടുന്ന ദേഹങ്ങൾ എല്ലാം വെറും രൂപാന്തരങ്ങളാണെന്നും ഈ കാണുന്ന പ്രപഞ്ചമാസകലത്തിന്റെയും കാരണഭൂതൻ പരമാത്മാവാണെന്നും അവൻ അറിയുന്നു. ചുരുക്കി പറയുന്നതായാൽ,

യച്ചാപി സൎവ്വഭൂതാനാം ബീജം തദഹമൎജ്ജുന
ന തദസ്തി വിനായത്സ്യാന്മയാ ഭൂതം ചരാചരം.

ഭ. ഗീ. ൧൦-ാം അ. ൩൯-ാം ശ്ലോകം.

എന്ന ഭഗവാന്റെ ഉപദേശത്തെ സ്വാനുഭവപ്പെടുത്തുകയാണ് ബ്രഹ്മവിദ്യയുടെ പരമോദ്ദേശ്യം.

ലോകത്തിൽ നാം എവിടെ തിരിഞ്ഞാലും രണ്ടു തത്വങ്ങൾ, ഒന്നോടൊന്നുചേർന്നു, സർവത്ര കാണുന്നുണ്ട്. അദ്ധ്യാത്മശാസ്ത്രജ്ഞന്മാർ അവയെ പുരുഷൻ എന്നും പ്രകൃതിയെന്നും വിളിച്ചുവരുന്നു. 'ഞാൻ' എന്ന് ആരെ ഉദ്ദേശിച്ചു പറയുന്നുവോ അയാൾതന്നെയാണ് പുരുഷൻ. അയാൾ തന്നെയാണ് ദേഹി. 'ഞാൻ ദേഹത്തോടുകൂടിയവൻ', 'ഞാൻ ഭോക്താവ്', 'ഞാൻ കർത്താവ്', 'ഞാൻ ജ്ഞാതാവ്', എന്നീ വിഷയങ്ങളിൽ എല്ലാം 'ഞാൻ' എന്നത് ദേഹത്തിൽനിന്നും ഹസ്തപാദാദികളിൽനിന്നും, പാണി, പാദം, മുതലായവയിൽനിന്നും മനോബുദ്ധ്യാദികളിൽനിന്നും ഭിന്നമാണെന്ന് സ്പഷ്ടമാവുന്നുണ്ട്. ഈ ദേഹിയാകുന്ന ഞാൻ ആകുന്നു പുരുഷൻ, അഥവാ ജീവാത്മാവ്. ദേഹേന്ദ്രിയോപാധികളാകുന്നു പ്രകൃതി. ജീവാത്മാവ് പരമാത്മാവിൻ്റെ ഒരു രശ്മിയും ശരീരം ഉപാധിയും ആകുന്നു. പല നിറങ്ങളിലുള്ള കണ്ണാടികളിൽകൂടി സൂര്യരശ്മി കടന്നു പോരുമ്പോൾ അവയിൽ ഓരോ കണ്ണാടിക്കും തേജസ്സും പ്രഭയും കൊടുക്കുന്നതുപോലെയും അതാതിൻ്റെ നിറത്തിന്നനുസരിച്ചുള്ള വ്യത്യാസങ്ങൾ കാണുന്നതുപോലെയും പരമാത്മാവിൽ നിന്ന് കിരണരൂപേണ സർവത്ര വ്യാപിക്കുന്ന ജീവാത്മാവ് വിവിധങ്ങളായ ശരീരങ്ങൾക്കെല്ലാം ചൈതന്യത്തെ കൊടുക്കുകയും ശരീരങ്ങളുടെ ഗുണങ്ങളെ അനുസരിച്ച്; പല വ്യത്യാസങ്ങളെ പ്രകടിപ്പിക്കുകയും ചെയ്യുന്നു.

ഉപാധൌ യഥാ ഭേദതാ സന്മണീനാം
തഥാ ഭേദതാ ബുദ്ധിഭേദേഷു തേƒപി
യഥാ ചന്ദ്രികാണാം ജലേ ചഞ്ചലത്വം
തഥാ ചഞ്ചലത്വം തവാപീഹ വിഷ്ണോ.

ഹസ്താമലകം ൧൨-ാം ശ്ലോകം.

എന്നാണല്ലോ.

നിർഗ്ഗുണനായ ആത്മാവിൻ്റെ ഉപാധിയായ ശരീരം ഗുണത്രയവിശിഷ്ടമായതുകൊണ്ടും ഗുണങ്ങളിൽവെച്ച് താമസഗുണം പ്രായേണ മുൻതൂക്കം നില്ക്കുന്നതുകൊണ്ടും ആത്മജ്ഞാനം ദുഷ്പ്രാപ്യമായിത്തീർന്നിരിക്കുന്നു എന്ന് പ്രത്യേകിച്ച് പറയേണ്ടതില്ല. ഉപാധികളാൽ തിരസ്കൃതമായ ജീവാത്മാവ് അവയുടെ മാലിന്യങ്ങളെ പരിഹരിച്ച് തൻ്റെ ആദിമൂലമായ പരമാത്മാവിൽ ലയിക്കേണ്ടത്

ഒരു പ്രപഞ്ചത്തിന്റെ ഉദ്ദേശമായതുകൊണ്ടും, ആ ഉദ്ദേശസിദ്ധിക്കായി ഒരു ലോകം മുഴുവൻ അറിയാതെയും അശ്രാന്തമായും പ്രവൃത്തിക്കുന്നതുകൊണ്ടും, അതിനുവേണ്ടി മഹാപ്രളയങ്ങൾ കല്പങ്ങൾ ജനനമരണാദ്യവസ്ഥകളും നിയമിച്ചിരിക്കുകകൊണ്ടും, ആ ഉദ്ദേശത്തെ പാട്ടിലാക്കുന്നതിലും വേഗത്തിലും എളുപ്പത്തിലും സാധിപ്പാനുള്ള ഒരു ഉപായമാകുന്നു ബ്രഹ്മജ്ഞാനമാർഗ്ഗം. കർമ്മയോഗം ഭക്തിയോഗം ജ്ഞാനയോഗം ഇവകൾ ആകുന്നു ഈ മാർഗ്ഗത്തിലെ വാഹനങ്ങൾ.

ബ്രഹ്മജ്ഞാനമാർഗ്ഗത്തിന്റെ തത്വങ്ങളും മറ്റും ഗ്രന്ഥങ്ങളിലായതുകൊണ്ട് അവയെപ്പറ്റി പ്രതിപാദിക്കാൻ ഭാവമില്ല. ഈ മാർഗ്ഗത്തിന്റെ സ്ഥാപകൻ അമേരിക്കക്കാരനായ കർണ്ണൽ ഓൾക്കാട്ടാണ്. മാഡം ബ്ലവാസ്കി എന്ന യോഗിനിയും ഓൾക്കാട്ടും കൂടി ചേർന്നാണ് ഇപ്രകാരം ഒരു സമാജത്തെ സ്ഥാപിച്ചത്. മാഡം ബ്ലവാസ്കിക്ക് പല സിദ്ധികളും ഉണ്ടായിരുന്നുവെന്ന് പ്രസിദ്ധമാണല്ലോ. ഇൻഡ്യയിലേക്ക് വരണമെന്നും ഈ ഖണ്ഡത്തിലെ ജനങ്ങളുമായി പരിചയമാകണമെന്നും ആയിരുന്നു ഇവരുടെ രണ്ടു പേരുടെയും അഭിലാഷം. അങ്ങിനെ ഇരിക്കുമ്പോൾ ഒരു ദിവസം വൈകുന്നേരം മൂൾജി തക്കർസി എന്നാളുടെ മേൽവിലാസം സമാജത്തിന്റെ അദ്ധ്യക്ഷനും സ്ഥാപകനും ആയ കർണ്ണൽ ഓൾക്കാട്ടിന് കാണമാറിടവന്നു. സാമാജികനാവാൻ ആയാളോട് ഉടനെ തന്നെ അദ്ധ്യക്ഷസ്ഥാപകൻ എഴുതി അയക്കുകയും അതിനെ അയാൾ കയ്ക്കൊള്ളുകയും ചെയ്തു. ബ്രഹ്മജ്ഞാനമാർഗ്ഗത്തിൽ ചേർന്ന ആദ്യത്തെ ഹിന്ദു മിസ്റ്റർ മൂൾജി ആയിരുന്നു. അയാളുടെ വഴിക്കാണ് ക. ഓൾക്കാട്ടും ആര്യസമാജക്കാരും തമ്മിൽ പരിചയമായത്. ആ വഴിക്കുതന്നെ ബൊമ്പായിലുള്ള പലരും സാമാജികന്മാരായി. ആര്യസമാജത്തിന്റെ സ്ഥാപകനായ ദയാനന്ദസ്വാമിയും ക. ഓൾക്കാട്ടും തമ്മിൽ പല എഴുത്തുകുത്തുകൾ നടന്നിട്ടുണ്ട്. ആര്യസമാജത്തിന്റെയും ബ്രഹ്മജ്ഞാനമാർഗ്ഗത്തിന്റെയും സിദ്ധാന്തങ്ങൾ മിക്കതും ഒന്നുതന്നെയെന്ന് ക. ഓൾക്കാട്ടിന് തോന്നി. ൧൮൭൮ മെയ് മാസത്തിൽ ബ്രഹ്മവിദ്യാസംഘത്തിന്റെ കാര്യദർശിയോഗക്കാർ വെറും ബ്രഹ്മജ്ഞാനമാർഗ്ഗം എന്ന പേരിനെ ത്യജിച്ച് ആര്യ

സമാജത്തിന്റെ ബ്രഹ്മജ്ഞാനസംഘം എന്ന പേരിനെ അവലംബിച്ചു. ആരംഭകാലത്തിനുള്ളിൽ രണ്ട് സമാജങ്ങളുടെയും ഐക്യത അസാദ്ധ്യമെന്നുകണ്ട് ബ്രഹ്മവിദ്യാസംഘം അതിന്റെ വഴിക്കും ആര്യസമാജം അതിന്റെ വഴിക്കും തിരിഞ്ഞു. ഇതുണ്ടായത് ൧൮൮൨ സെപ്റ്റംബറിൽ ആണ്. ൧൮൭൯ ഫെബ്രുവരി ൧൬-ാംനു-യാണ് മാഡം ബ്ലവാസ്കിയും കേ. ഓൾകോട്ടും ആദ്യമായി ഇന്ത്യയിൽ കാലെടുത്തുകുത്തിയത്. അതിൽപിന്നെ ബ്രഹ്മവിദ്യാസംഘത്തിന് ഒരു നൂതന പ്രാബല്യവും ഹിന്ദുമതത്തിന് ഒരു പുനരുദ്ധാരണവും ഉണ്ടായി. സംസ്കൃതജ്ഞന്മാരായ അസംഖ്യം ആളുകൾ ഇവരെ രണ്ടാളെയും സൽക്കരിച്ചു. ഇംഗ്ലീഷിന്റെ വക്ക് കടിച്ചിട്ടുള്ളവരെല്ലാം ആ കാലത്ത് നാസ്തികന്മാരും ഹിന്ദുമതദ്രോഹികളും ആയിരുന്നു. എന്നുതന്നെയല്ല, അവരുടെ അഭിപ്രായത്തിൽ ഹിന്ദുമതം ആകപ്പാടെ അജ്ഞാനങ്ങളുടെ ഉല്പത്തിസ്ഥാനമായിട്ടും നികൃഷ്ടങ്ങളായ അനാചാര ദുരാചാരങ്ങളുടെ ആദിമൂലമായിട്ടും ആയിരുന്നു കിടന്നിരുന്നത്. പോരാത്തതിന് ക്രിസ്തുവ പാതിരിമാര് മുഴുവനാക്കി. ഈ ദുർദ്ദശയിലാണ് മാഡവും കേ. ഓൾകോട്ടും വന്ന് പ്രാചീന ഹിന്ദുക്കളുടെ യോഗ്യതകളെയും, ഹിന്ദുമതത്തിലുള്ള തത്വങ്ങളുടെ ഉൽകൃഷ്ടതകളെയും പ്രസംഗമൂലം പ്രദർശിപ്പിക്കാൻ ഇടങ്ങിയത്. ആദ്യത്തെ പ്രസംഗം കേ. ഓൾകോട്ടാണ് ൧൮൭൯ മാർച്ച് ൨൩-ാംനു- ബൊംബായിൽവെച്ച് നടത്തിയത്. ബ്രഹ്മവിദ്യാസംഘത്തിന്റെ ഇന്ത്യയിലെ ഒന്നാമത്തെ ശാഖാസമാജം ൧൮൭൯ ഏപ്രീൽ ൨൮-ാംനു-യാണ് സ്ഥാപിച്ചത്. ഇപ്പോൾ ആകപ്പാടെ ഇരുനൂറ് ശാഖകൾ ഇന്ത്യയിൽ ഉണ്ട്. ൧൮൭൯, ൮൦ ഈ രണ്ടു കൊല്ലങ്ങളിൽ ബ്രഹ്മവിദ്യാസംഘത്തിന്റെ അഭിവൃദ്ധിക്ക് യാതൊരു കുറവും ഉണ്ടായില്ല. ൮൦ മാർച്ച് ൧൬-ാംനു- ബെംഗാളത്തുവെച്ച് മഹാപണ്ഡിതനായ താരാനാഥ തർക്കവാചസ്പതി കേ. ഓൾകോട്ടിനെ ഉപനയനംകഴിപ്പിച്ച് പൂണൂൽ ഇടുവിച്ചു. വിലാത്തിയിൽ പോയി മടങ്ങി വരുന്നവരെ ജാതിഭ്രഷ്ടന്മാരാക്കാൻ സദാ ജാഗരൂകന്മാരായിരുന്ന ബ്രാഹ്മണർ ജനനത്താൽതന്നെ മ്ലേച്ഛനായിരുന്ന കേ. ഓൾകോട്ടിനെ ഹിന്ദുമതത്തിലേക്ക്, എന്നുതന്നെയല്ല, ബ്രാഹ്മണകുലത്തിലേക്ക് അംഗീകരിച്ചു എന്നു കാണുന്നതിൽനിന്ന് ആ കാലത്തെ ബ്രഹ്മവിദ്യാസംഘ

ത്തിനോട് ഹിന്തുക്കൾക്കുണ്ടായിരുന്ന പ്രതിപത്തി ഇത്രയെന്ന് തെററുകൂടാതെ അനുമാനിക്കാവുന്നതാണ്.

ഈ സ്ഥിതി അധികം കാലം നിലനിന്നില്ല. നിലനിൽക്കുവാൻ തരവുമില്ല. കൊളംബിൽവെച്ചുണ്ടായ ചില അന്തഃഛിദ്രങ്ങൾ നിമിത്തം ബ്രഹ്മവിദ്യാസംഘത്തിന് ചില ഊനങ്ങൾ ഉണ്ടായി. മാഡാം ബ്ലവാസ്കിയും ക. ഓൾക്കൊട്ടും ബുദ്ധമതത്തിലേക്ക് അല്പം ചാഞ്ഞുനിന്നിരുന്നതുകൊണ്ടും, ബുദ്ധമതത്തിലെ പേരുകളും മററും സംഘത്തിൽ ധാരാളമായി ഉപയോഗിച്ചു വന്നിരുന്നതുകൊണ്ടും, ഭക്തന്മാർക്ക് ഉപാസ്യനായും സഗുണനായും ഉള്ള ബ്രഹ്മത്തിനെ അവർ നിരാകരിച്ചതുകൊണ്ടും, ഇതെല്ലാം മററു ഹിന്തുക്കൾക്ക് അത്ര രുചിക്കാത്തതുകൊണ്ടും ആണ് മേൽപ്രകാരം ഒരു ഛിദ്രം ഉണ്ടാവാനിടയായത്. ഈ ദൂഷ്യങ്ങൾ എല്ലാം ൧൮൯൩-ൽ മിസ്സസ ബെസൻറ് അരങ്ങത്ത് വന്നപ്പോൾ നീങ്ങി. ജ്ഞാനമാർഗ്ഗത്തിന്റെ അസ്ഥിവാരമായ ഹിന്തുമതത്തിൽ അന്തർഭവിച്ചു കിടക്കുന്ന തത്വങ്ങളിലും മററും അവർക്കുണ്ടായിരുന്ന ജ്ഞാനത്താലും ഹിന്തുമതാചാരങ്ങളിലും, പുരാണങ്ങളിലും, ശാസ്ത്രാദികളിലും എന്തെല്ലാം അജ്ഞാനതിമിരത്താൽ ആവൃതമായി ജനസാമാന്യത്തിന് ദുർഗ്ഗമമായി കിടന്നിരുന്നവയോ അവയെല്ലാം ദക്ഷിണായനത്തിലെ പ്രചണ്ഡമാർത്താണ്ഡകരങ്ങളോടു പ്രതാപമുള്ള അവരുടെ ബുദ്ധിയുടെ കിരണങ്ങൾ നിർദൃശ്യമാനങ്ങളാക്കി ചെയ്തതിനാലും ബ്രഹ്മവിദ്യാസംഘത്തിന് ഒരു പുനരുദ്ധാരണം ഉടനെ ഉണ്ടായി. ശ്രീകാശിയിലുള്ള സെൻററൽ ഹിന്തുകാളേജ് ഇതിൻെറ ഒരു ഫലമാണ്. ക്രൈസ്തവ പാഠശാലകളിൽ ക്രൈസ്തവ വേദത്തെ പഠിപ്പിക്കുന്നതിനേക്കാൾ അധികം ശ്രദ്ധയോടും താല്പര്യത്തോടും കൂടിയാണ് ഈ കോളേജിൽ ഹിന്തുമതത്തെപ്പററി വിദ്യാർത്ഥികളെ പഠിപ്പിക്കുന്നത്; എന്നുതന്നെയല്ല, ഹിന്തുമതത്തെപ്പററി സനാതനധർമ്മപുസ്തകാവലിയെന്നും മററും അനേക പാഠപുസ്തകങ്ങൾ ഈ കോളേജിൽ നിന്ന് പുറപ്പെട്ടിട്ടുള്ളവ ഇതര പാഠശാലകളിലും ഉപയോഗിക്കപ്പെടേണ്ടവയാണ് എന്നു നിസ്സംശയം പറയാം.

ബ്രഹ്മവിദ്യാസംഘത്തിൻെറ ഇപ്പോഴത്തെ അഭിവൃദ്ധിയിൽ മുക്കാൽ ഭാഗവും മിസ്സിസ് ബെസൻറ് മൂലമാണെന്ന് പറഞ്ഞാൽ തീർച്ചയല്ലോ. ബ്രഹ്മജ്ഞാനമാർഗ്ഗത്തിൽ ഇവർ ചെന്നുചേർന്നത്

മാഡംബ്ലവാത്സ്കിയുടെ Secret Doctrine (ഗൂഢസിദ്ധാന്തം) എന്ന പുസ്തകം മൂലമാണ്. പെൽ മെൽ ഗസററ് എന്നപത്രത്തിന് പരിശോധിക്കാനായി ഈ പുസ്തകം അയച്ചുകൊടുത്തപ്പോൾ ആ പത്രത്തിന്റെ പത്രാധിപനായിരുന്ന മിസ്റ്റർ സ്റ്റെഡ് അതിനെ നിരീശ്വരമാർഗ്ഗത്തിൽ വിഖ്യാതിസമ്പാദിച്ചിട്ടുള്ള മിസ്സസ് ബെസൻറിനാണ് പരിശോധിക്കാൻ കൊടുത്തത്. മിസ്സസ് ബെസൻറിന് നിരീശ്വരമാർഗ്ഗത്തിൽ പൂർണ്ണമായ തൃപ്തി ഉണ്ടായിരുന്നില്ലെങ്കിലും ഇതരമാർഗ്ഗങ്ങളെക്കാൾ നിരീശ്വരമാർഗ്ഗം തന്നെ നല്ലത് ആകപ്പാടെ ഭേദം എന്നൊരു ബോധം ഉണ്ടായിരുന്നു. ഗൂഢസിദ്ധാന്തം വായിച്ചതോടുകൂടി മിസ്സസ് ബെസൻറിന്റെ അഭിപ്രായങ്ങളും തീരെ ഭേദപ്പെട്ടു. സംശയങ്ങൾ എല്ലാം തീർന്നു. പരമാത്മാവിലുള്ള വിജ്ഞാനത്താൽ മാത്രമെ ജ്ഞാനം മുഴുവനാവാൻ തരമുള്ളു. പരമാത്മാവിനെ അറിവാൻ ഗൂഢസിദ്ധാന്തം നല്ലൊരുപകരണമായിഭവിച്ചു. സ്വാർത്ഥം, ദ്വേഷം, അഹങ്കാരം, ക്രോധം എന്നിങ്ങിനെയുള്ള കാട്ടാനകൾ നിറഞ്ഞതായ കൊടുങ്കാട്ടിന്നു തുല്യമായ ഈ ഭുവനത്തിന്റെ ശോചിയമായ അവസ്ഥയെപ്പററി ഖിന്നയായി ഇരുന്നിരുന്ന മിസ്സസ് ബെസൻറിന് ബ്രഹ്മജ്ഞാനമാർഗ്ഗത്തിന്റെ സിദ്ധാന്തങ്ങൾ വളരെ ഹൃദയംഗമങ്ങൾ ആയിത്തീർന്നു. മനുഷ്യവർഗ്ഗത്തിൽ അന്തർഭവിച്ചു കിടക്കുന്ന ഉൽകൎഷങ്ങളെ വെളിപ്പെടുത്താമെന്നും വൎദ്ധിപ്പിക്കാമെന്നും മററും ബ്രഹ്മജ്ഞാനമാർഗ്ഗം കാണിച്ചുകൊടുത്തപ്പോൾ തന്നെ മിസ്സസ് ബെസൻറിന്റെ മനസ്സ് തണുത്തു. സ്വാർത്ഥത്തെ കയ്യൊഴിഞ്ഞും പരോപകാരം ചെയ്യണമെന്ന തത്വം അവൎക്ക് വളരെ ബോദ്ധ്യമായി. ഈ അവസരത്തിൽ തന്നെ ഒരു മഹാത്മാവിന്റെ ഒരു എഴുത്തും [illegible] ആകാരത്തിൽ ദർശിച്ചിരുന്നു. സൂചകത്തെ ധരിച്ചു. നിരീശ്വരമതത്തോട് യാത്രപറഞ്ഞു, ബ്രഹ്മജ്ഞാനമാർഗ്ഗത്തിലേക്കു തിരിഞ്ഞു.

ഇവർ ഈ മാർഗ്ഗത്തിൽ ചേർന്നതിൽ പിന്നെ വളരെ ആളുകൾ ഇവരെ അനുഗമിക്കുകയും, ജ്ഞാനം അർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. സെൻട്രൽ ഹിന്ദുകാളേജ് സ്ഥാപിച്ചതും ഇവർ തന്നെ ആണ്. പൂജ്യപാദനായ വിവേകാനന്ദസ്വാമിയെ വിട്ടാൽ അടുത്ത കാലങ്ങളിൽ നമ്മുടെ വേദങ്ങളേയും ഉപനിഷത്തുകളേയും ശാസ്ത്ര

ങ്ങളേയും പററി ലോകോപകാരകമായി ഞാനാം ഇവരോളം വേറെ വല്ലവരും ഉണ്ടായിട്ടുണ്ടോ എന്ന സംശയമാണ്. ഇങ്ങിനെയെല്ലാമിരിക്കുന്ന മിസ്സിസ് ബെസൻറിന് ദീർഘായുസ്സു ഭവിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

പി. ഗോവിന്ദമേനോൻ, ബി. എ.

തെക്കരും വടക്കരും

രാജാക്കന്മാർ

അനന്തരം, അന്നു തിരുവിതാംകോട്ടു പ്രധാന മന്ത്രിയായിരുന്ന രാമയ്യൻദളവ മാർത്താണ്ഡവർമ്മമഹാരാജാവിനോട് അങ്ങുന്നേ! 'ഇനി നമുക്ക് ഒന്നാമതായി പിടിച്ചടക്കേണ്ടുന്നത് തെക്കുംകൂർ രാജ്യമാണ്. അതിന് അത്ര പ്രയാസമൊന്നും ഇല്ലാതെയുമാണിരിക്കുന്നത്. അതിനാൽ അചിരേണ സൈന്യസമേതം എഴുന്നള്ളുന്നു പുറപ്പെടണം' എന്നറിയിച്ചു. അപ്പോൾ മഹാരാജാവ് 'നമ്മുടെ രാജ്യത്തെ വർദ്ധിപ്പിക്കണമെന്നുള്ള ആഗ്രഹം നമുക്കും ഇല്ലാഞ്ഞില്ല, എങ്കിലും ഇപ്പോൾ തെക്കുംകൂറിൽ പ്രായംതികഞ്ഞ പുരുഷന്മാരാരും ഇല്ലാതെയിരിക്കുന്ന സ്ഥിതിക്കു നാം ആ രാജ്യം പിടിച്ചടക്കാനായി പുറപ്പെടുന്നതു ദുഷ്കീർത്തിക്കു കാരണമായിത്തീരുകയില്ലയൊ എന്നു നാം സംശയിക്കുന്നു' എന്നു കല്പിച്ചു.

രാമയ്യൻ— ഇങ്ങിനെയുള്ള ശുഭഗതികളൊക്കെ തിരുമനസ്സിലുണ്ടായിത്തുടങ്ങിയാൽ ഒരു കാര്യവും നടക്കുകയില്ല. കായംകുളത്തെ യുദ്ധത്തിൽ ഇരുഭാഗക്കാർക്കും യാതൊരു സഹായവും ചെയ്യുകയില്ലെന്നായിരുന്നുവല്ലൊ തെക്കുംകൂർ റാണി വാഗ്ദാനം ചെയ്തിരുന്നത്. ഒടുക്കം ഗൂഢമായി തന്റെ സൈന്യങ്ങളെ അയച്ചു കായംകുളത്തു രാജാവിനെ സഹായിക്കുകയല്ലയോ ചെയ്തത്. ഈ സ്ഥിതിക്ക് ഇവിടെ ഈ ദാക്ഷിണ്യം ആവശ്യമുള്ളതാണെന്നു തോന്നുന്നില്ല.

മഹാരാജാവ്— തെക്കുംകൂർ റാണി കായംകുളത്തു രാജാവിനു

സൈന്യങ്ങളെ അയച്ചുകൊടുത്തു എന്നൊരു കേൾവിയുള്ളതല്ലാതെ നമുക്ക് അതിനു തക്കതായ തെളിവൊന്നും കിട്ടീട്ടില്ല. അഥവാ അയച്ചുകൊടുത്തു എന്നുള്ളത് വാസ്തവം തന്നെയായിരുന്നാലും നമുക്ക് അതുകൊണ്ട് വിശേഷിച്ചു യാതൊരു തരക്കേടും പററിയില്ലല്ലോ. ആ സ്ഥിതിക്ക് കേവലം കേട്ടുകേൾവിയെ മാത്രം അടിസ്ഥാനമാക്കി നാം ഒരു രാജ്ഞിയോട് അതിന്റെ പക വീട്ടുവാനായി പുറപ്പെടുന്നതു കഷ്ടമല്ലയോ?

രാമയ്യൻ—നമുക്ക് തരക്കേടൊന്നും പററാഞ്ഞത് ശ്രീപത്മനാഭന്റെ കൃപകൊണ്ടും തിരുമനസ്സിലെ ഭാഗ്യംകൊണ്ടുമാണ്. അല്ലാതെ ദുഷ്ടയായ ആ രാജ്ഞിയുടെ മനോഗുണംകൊണ്ടല്ല. അവർ നമുക്ക് കഴിയുന്ന ദ്രോഹം ചെയ്തു. എങ്കിലും ഇപ്പോൾ യുദ്ധം വിഹിതമല്ലെന്നാണ് തിരുമനസ്സിലെ അഭിപ്രായമെങ്കിൽ അതു വേണമെന്നില്ല. എന്നാൽ ഇങ്ങോട്ടു ചതി ചെയ്തിരിക്കുന്ന സ്ഥിതിക്ക് അങ്ങോട്ടും ഒരു ചതി ചെയ്യാതെയിരിക്കുന്നതു ശരിയല്ല. അതിനാൽ ഇപ്പോൾ രാജ്ഞിയോട് സ്നേഹഭാവത്തിൽ, അവിടെ രാജ്യഭരണം ചെയ്യുന്നതിന് പ്രായം തികഞ്ഞ പുരുഷന്മാരുണ്ടാകുന്നതുവരെ രാജ്യഭാരം ഇങ്ങോട്ടൊഴിഞ്ഞുതന്നാൽ അവിടത്തെ ഒരു കാര്യസ്ഥന്റെ നിലയിൽ രാജ്യകാര്യങ്ങളെല്ലാം ഇവിടെ അന്വേഷിച്ചുകൊള്ളാമെന്നും, അവിടെ പുരുഷന്മാരുണ്ടായാലുടൻ തിരിയെ വിട്ടുകൊടുത്തുകൊള്ളാമെന്നും, പറഞ്ഞ് രാജ്യാധികാരം കൈക്കലാക്കാം. പിന്നെ അവിടെ പുരുഷന്മാരുണ്ടാകുന്ന കാലത്ത് രാജ്യം വേണമെങ്കിൽ യുദ്ധംചെയ്തു ജയിച്ചു വീണ്ടെടുത്തുകൊള്ളുന്നതിനും പറയാം. അങ്ങനെയാകുന്നതിനെന്താണ് വിരോധം?

രാമയ്യന്റെ ഈ അഭിപ്രായവും തിരുമനസ്സിലേയ്ക്ക് അത്ര രുചിച്ചില്ല. എങ്കിലും രാമയ്യന്റെ നിർബ്ബന്ധത്താൽ ഒടുക്കം അങ്ങനെ ചെയ്തുകൊള്ളുന്നതിനു കല്പിച്ചനുവദിച്ചു. ഉടനെ രാമയ്യൻ തെക്കുംകൂർ രാജ്ഞിയുടെ അടുക്കലെത്തി. രാജ്ഞി രാമയ്യനെ യഥായോഗ്യം സൽക്കരിച്ച് വന്ന കാര്യം എന്താണെന്നു ചോദിച്ചു.

രാമയ്യൻ—ഇവിടെയ്ക്കിപ്പോൾ പ്രായാധിക്യംകൊണ്ടും മററും രാജ്യകാര്യങ്ങൾ അന്വേഷിച്ചു ശരിയായി നടത്തുന്നതിനു വളരെ ബുദ്ധിമുട്ടായിരിക്കുമല്ലോ. എന്നാൽ രാജ്യഭാരം തൽക്കാലം ഒഴിഞ്ഞുകൊടുക്കുന്ന പക്ഷം ഇവിടത്തെ ഒരു കാര്യസ്ഥന്റെ നില

യിൽ ഒരു രാജ്യത്തെ കാൎയ്യങ്ങൾകൂടി അന്വേഷിച്ചു നടത്തിക്കൊള്ളാമെന്നു തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലേക്കു സമ്മതമുണ്ട്. ഇവിടെ രാജ്യം ഭരിക്കുന്നതിന്നു പ്രായം തികഞ്ഞ പുരുഷന്മാരുണ്ടാകുന്നകാലത്ത് യാതൊരു തൎക്കവും പറയാതെ രാജ്യാധികാരം ഒഴിഞ്ഞുതന്നുകൊള്ളാമെന്ന് ഉടമ്പടി തരുന്നതിന്നും തിരുമനസ്സിലേക്കു സമ്മതമാണ്. ഇവിടേക്കും ഒരു കുഡുംബത്തിന്നും ഒരു രാജ്യവാസികൾക്കും യാതൊരു ബുദ്ധിമുട്ടിന്നും കഷ്ടപ്പാടിന്നും ഇടവരുത്താതെ അവിടുന്നു രക്ഷിച്ചുകൊള്ളും. ഇതിലേക്ക് ഇവിടെയും സമ്മതമുണ്ടോ എന്നറിയുന്നതിന്നായിട്ടാണ് ഞാനിപ്പോൾ വന്നത്.

രാജ്ഞി— നമ്മുടെ പുത്രന് ഇപ്പോൾ പന്ത്രണ്ടു വയസ്സ് കഴിഞ്ഞിരിക്കുന്നു. നാലഞ്ചു കൊല്ലംകൂടികഴിഞ്ഞാൽ അവൻ പുരുഷപ്രായമാകും. പിന്നെ അവൻതന്നെ രാജ്യഭാരം വഹിച്ചുകൊള്ളുകയും ചെയ്യും. അതിന്നിടക്കു മറ്റൊരാളെ രാജ്യഭാരം ഏല്പിച്ചു നടത്തിക്കുന്നതിന് എനിക്കു മനസ്സില്ല. ഇതുവരെ ഒരു വിധം കഴിഞ്ഞുകൂടിയല്ലോ. അതുപോലെ കുറച്ചു കാലംകൂടി വല്ല വിധവും കഴിച്ചു കൂട്ടാമെന്നാണ് തോന്നുന്നത്. അതിനാൽ തിരുവിതാംകൂർ മഹാരാജാവു ഇങ്ങോട്ടു ഉപദ്രവമൊന്നും ചെയ്യാതെയിരിക്കണമെന്നല്ലാതെ ഉപകാരമൊന്നും ചെയ്തുതരണമെന്നു നമുക്കപേക്ഷയില്ല.

രാമയ്യൻ— ഞാൻ പറഞ്ഞതുപോലെ സമ്മതിക്കുന്നതാണ് ഇവിടേക്കു നല്ലത്. അല്ലെങ്കിൽ പല വിധത്തിലുള്ള കഷ്ടപ്പാടുകൾക്ക് ഇടവരുന്നതാണ്.

രാജ്ഞി— ഈശ്വരൻ വരുത്തുന്നതെല്ലാം അനുഭവിക്കുകയല്ലാതെ നിവൃത്തിയില്ലല്ലോ. എന്തെല്ലാം കഷ്ടപ്പാടുകൾ വന്നാലും ഞാനെന്റെ മനസ്സാലെ ഈ രാജ്യാധികാരം അന്യന്മാൎക്കു ഒഴിഞ്ഞുകൊടുക്കുകയില്ലെന്നുള്ളത് തീർച്ചയാണ്. ഇനി ആ കാൎയ്യത്തെക്കുറിച്ച് രാമയ്യൻ എന്നോടധികം നിർബ്ബന്ധിക്കേണമെന്നില്ല.

ഇപ്രകാരം രാജ്ഞി തീർച്ചയായി പറഞ്ഞതിന്റെ ശേഷം രാമയ്യൻ കോപത്തോടുകൂടി 'ഈ ധിക്കാരത്തിന്റെ ഫലം താമസിയാതെ അനുഭവിക്കേണ്ടിവരും. ഇതു രാമയ്യനാണെന്ന് ഓൎമ്മയുണ്ടായിരിക്കണം' എന്നു പറഞ്ഞിട്ട് അവിടെനിന്നു പോവുകയും ചെയ്തു.

ഉടനെ രാമയ്യൻ തിരുവനന്തപുരത്തെത്തി, ഈ ഉണ്ടായ വി

വനങ്ങളെല്ലാം തിരുമനസ്സറിയിക്കുകയും ക്ഷണത്തിൽ സൈന്യസമേതം യുദ്ധത്തിനു പുറപ്പെടണമെന്നു തിരുമനസ്സിലെ അടുക്കൽ നിർബന്ധിക്കുകയും ചെയ്തു. രാത്രിയോടു യുദ്ധത്തിനു പുറപ്പെടുന്നതിനു തിരുമനസ്സിലേക്ക് ഒട്ടുംതന്നെ സമ്മതമില്ലായിരുന്നു. എങ്കിലും രാമയ്യന്റെ നിർബന്ധം കലശലായപ്പോൾ ഈ കാര്യത്തിൽ 'നമ്മുടെ അഭിപ്രായമൊന്നും ചോദിക്കാനാവശ്യമില്ല. രാമയ്യന്റെ ഇഷ്ടംപോലെ ചെയ്തുകൊള്ളുന്നതിനു നാം അനുവദിച്ചിരിക്കുന്നു' എന്നു കല്പിച്ചു. ഉടനെ രാമയ്യൻ സൈന്യസമേതം അവിടെനിന്നു പുറപ്പെട്ടു. മഹാരാജാവുംകൂടെ എഴുന്നള്ളിയിരുന്നു എന്നും ചിലർ പറയുന്നുണ്ട്.

രാമയ്യൻ സൈന്യങ്ങളോടുകൂടി യുദ്ധത്തിനു പുറപ്പെട്ടിരിക്കുന്നതായി ചാരന്മാർ മുഖാന്തരം മുൻകൂട്ടി അറിവു കിട്ടുകയാൽ തെക്കുംകൂർ രാജകുടുംബത്തിലുണ്ടായിരുന്നവരാസകലവും മന്ത്രിമാരും സേനാനായകന്മാരും സൈന്യങ്ങളും എല്ലാം പ്രാണഭീതിയോടുകൂടി ഓടി ഓരോ വനാന്തരങ്ങളിൽക്കേറിയൊളിച്ചു. രാമയ്യൻ മുതലായവർ തെക്കുംകൂറിലെത്തിയപ്പോൾ എതിർക്കാനാരെയും കാണായ്കയാൽ കോട്ട, കൊത്തളം മുതലായവ മിക്കവാറും നിരത്തുകയും കിടങ്ങു നികത്തുകയും രാജമന്ദിരങ്ങളെല്ലാം കത്തിക്കുകയും ഒടുക്കം രാജധാനി തീവെച്ച് ചുട്ടു ഭസ്മമാക്കുകയും ചെയ്തു. ഇപ്രകാരം ആ രാജ്യവും കൈവശപ്പെടുത്തിയതിന്റെ ശേഷം കൊള്ളയിട്ടു കിട്ടിയവയായ മുതലുകളുംകൊണ്ട് എല്ലാവരും തിരുവനന്തപുരത്തേക്കു മടങ്ങിപ്പോയി.

കാട്ടിലൊളിച്ചിരിക്കുന്ന രാജ്ഞിയേയും മറ്റും അന്വേഷിച്ചു പിടിക്കുന്നതിനും തെക്കുംകൂർ രാജ്യവും തിരുവിതാംകൂറും ഒന്നാക്കിച്ചേർത്തു ശരിപ്പെടുത്തി മുതലെടുപ്പുകാര്യങ്ങളിലും മറ്റും വേണ്ടുന്ന ഏർപ്പാടുകൾ ചെയ്യുന്നതിനും മറ്റുമായി രാമയ്യൻ ഏതാനും സൈന്യങ്ങളോടുകൂടി വീണ്ടും തെക്കുംകൂർ രാജ്യത്തുതന്നെ വന്നു. പല വനാന്തരങ്ങളിലും മറ്റും വളരെക്കാലം അന്വേഷിച്ച് ഒരുവിധം രാജ്ഞിയേയും മറ്റും കണ്ടുകിട്ടി. ഉടനെ രാമയ്യനും സൈന്യങ്ങളുംകൂടി അവരെ എല്ലാം ബന്ധിച്ചു കാരാഗൃഹത്തിലാക്കി. പിന്നെയും കുറച്ചുകാലംകൂടി രാമയ്യനും മറ്റും തെക്കുംകൂർ രാജ്യത്തുതന്നെ താ

മനസിച്ചു. അതിനിടക്ക് രാജ്യകാൎയ്യങ്ങളെല്ലാം ശരിപ്പെടുത്തി, തെക്കുംകൂർ തിരുവിതാംകൂറിനോടു ചേൎത്തു നികുതി പിരിക്കുന്നതിനും മററും വേണ്ടുന്ന സകല ഏൎപ്പാടുകളും ചെയ്തു. അതിന്റെശേഷം രാമയ്യൻ ഒരു ദിവസം കാരാഗൃഹത്തിൽച്ചെന്നു തെക്കുംകൂർ റാണിയോടു 'ഞാൻ മുമ്പു പറഞ്ഞിട്ടുള്ളപ്രകാരം രാജ്യാധികാരം തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സിലെ ഏല്പിച്ചു കൊടുക്കുന്നതിന് ഇപ്പോഴും മനസ്സുണ്ടോ?' എന്നു ചോദിച്ചു. അതിനു റാണി 'ഇപ്പോഴും എനിക്കു മനസ്സില്ല. ഞാൻ മരിക്കുന്നതുവരെ എനിക്കു മനസ്സുണ്ടാവുകയുമില്ല' എന്നുത്തരം പറഞ്ഞു. ഉടനെ രാമയ്യൻ കോപത്തോടുകൂടി 'എന്നാൽ നിങ്ങളെ എല്ലാവരേയും വെമ്പനാട്ടു കായലിൽ ഞാൻ ഇന്നുതന്നെ കെട്ടിത്താഴ്ത്തിക്കൊല്ലും. തെക്കുംകൂർ രാജവംശം ഇന്നു ഞാൻ നാമാവശേഷമാക്കിത്തീൎക്കും' എന്നു പറഞ്ഞ് റാണിയേയും മററും തോണിയിൽ കയററിക്കൊണ്ടു പോകുന്നതിന്നു പുറപ്പെട്ടു. ഉടനെ പല വനാന്തരങ്ങളിലായി ഒളിച്ചു കിടന്നിരുന്ന തെക്കുംകൂർ സൈന്യങ്ങളെല്ലാം ആയുധപാണികളായിട്ട് അവിടെയെത്തി. പിന്നെ രാമയ്യൻ മുതലായ തിരുവിതാംകൂർ സൈന്യങ്ങളും തെക്കുംകൂർ സൈന്യങ്ങളുംകൂടി അവിടെവെച്ചു പുഴക്കത്തിൽ ഒരു യുദ്ധമുണ്ടായി. ആ യുദ്ധത്തിൽ തെക്കുംകൂർ സൈന്യങ്ങളാണ് ജയിച്ചത്. ഇവിടെ എതിൎക്കുന്നതിന് ആരുമില്ലല്ലോ എന്നുവിചാരിച്ചു രാമയ്യൻ സൈന്യങ്ങളെ അധികം കൊണ്ടുപോന്നിരുന്നില്ല. അതിനാൽ തെക്കുംകൂർ സൈന്യങ്ങൾ തിരുവിതാംകൂർ സൈന്യങ്ങളെ തോല്പിച്ച് ഓടിക്കുകയും രാമയ്യനെ പിടിച്ചു ബന്ധിച്ചു കാരാഗൃഹത്തിലാക്കുകയും രാജകുടുംബത്തെ വീണ്ടും ഒളിപ്പിക്കുകയും ചെയ്തു. ഈ വിവരം കേട്ടമാത്രയിൽ മാൎത്താണ്ഡവൎമ്മ മഹാരാജാവു സൈന്യസമേതം പുറപ്പെട്ടു തെക്കുംകൂറിലെത്തി. ഉടനെ തെക്കുംകൂർ സൈന്യങ്ങളെല്ലാം ആയുധങ്ങളും താഴെവെച്ചു മഹാരാജാവിനെ ശരണം പ്രാപിച്ചതല്ലാതെ പിന്നെ യുദ്ധമൊന്നും ഉണ്ടായില്ല. മഹാരാജാവു രാമയ്യനേയുംകൊണ്ടു സൈന്യങ്ങളോടുംകൂടി മടങ്ങിപ്പോവുകയുംചെയ്തു. അതോടുകൂടി തെക്കുംകൂർ രാജ്യവാസികളെല്ലാം തിരുവിതാംകൂർ മഹാരാജാവിന്റെ കീഴടങ്ങുകയാൽ ആ രാജ്യവും തിരുവിതാംകോട്ടേയ്ക്കു പൂൎണ്ണമായി കൈവശപ്പെടുകയുംചെയ്തു. ഒളിച്ചുപോയ റാണിയേയും മററും പിന്നെ ആരും അന്വേഷിക്കാനും പിടിക്കാനും പോയി

യുമില്ല. അവർ ഒരുവിധം പ്രാണധാരണം ചെയ്തുകൊണ്ടു പല സ്ഥലങ്ങളിലും അലഞ്ഞു നടന്നുകൊണ്ടിരുന്നു.

അങ്ങനെ കുറേക്കാലം കഴിഞ്ഞതിന്റെശേഷം—നാം പിടിച്ചടക്കീട്ടുള്ള രാജ്യങ്ങളിൽ വാണിരുന്ന രാജാക്കന്മാരിലൊ അവരുടെ വംശക്കാരിലൊ ആരെങ്കിലും നമ്മോട് അടുത്തൂണപറ്റി താമസിക്കുന്നതിനു മനസ്സുണ്ടെങ്കിൽ വിവരം നമ്മുടെ അടുക്കൽ അപേക്ഷിച്ചാൽ അവരെ നാം യഥായോഗ്യം അടുത്തൂണ കൊടുത്തു താമസിപ്പിച്ചു രക്ഷിക്കുന്നതാണ്—എന്നൊരു തിരുവെഴുത്തു വിളംബരം തിരുവിതാംകൂർ മഹാരാജാവ് പ്രസിദ്ധപ്പെടുത്തി. അതിൻപ്രകാരം അന്ന് തെക്കുംകൂർ രാജവംശത്തിൽ മൂപ്പുസിദ്ധിക്കുകയും പുരുഷപ്രായം തികയുകയും ചെയ്തിരുന്ന ഒരു തമ്പുരാൻ അപേക്ഷിക്കുകയും ആ അപേക്ഷപ്രകാരം തിരുവിതാംകൂർ മഹാരാജാവ് അവർക്ക് (തെക്കുംകൂർ രാജവംശക്കാർക്ക്) 'നെട്ടാശ്ശേരി' എന്ന ദേശത്ത് ഒരു ഭവനം പണിയിച്ചുകൊടുത്തു പാർപ്പിക്കുകയും അന്ന് ആ കുടുംബത്തിലുണ്ടായിരുന്നവർക്കെല്ലാം സുഖമാകുംവണ്ണം നിത്യവൃത്തി കഴിക്കുന്നതിനും അവരുടെ ഈശ്വരസേവാദികളായ വിശേഷാൽ ചിലവുകൾക്കും ധാരാളം മതിയാകത്തക്കവണ്ണമുള്ള നെല്ലും പണവും അടുത്തൂണായി പതിച്ചുകൊടുക്കുകയും ചെയ്തു.

അതിന്റെശേഷം തെക്കുംകൂർ രാജവംശം ഒടുങ്ങി തീരെ ക്ഷയിച്ച് ആ വംശത്തിൽ ഒന്നുരണ്ടു പുരുഷന്മാർ മാത്രം ശേഷിച്ചു. അപ്പോൾ വടക്കുംകൂർ രാജവംശത്തിൽനിന്നു രണ്ടു രാജകുമാരികളെ തെക്കുംകൂറിലേക്കു ദത്തെടുത്തു. ഇപ്പോൾ തെക്കുംകൂർ രാജവംശക്കാരായിട്ടു കാണപ്പെടുന്നവരെല്ലാം ആ ദത്തിൽനിന്നുണ്ടായി വർദ്ധിച്ചിട്ടുള്ളവരാണ്. അല്ലാതെ ഇപ്പോൾ സാക്ഷാൽ തെക്കുംകൂർ രാജവംശത്തിലുള്ളവരാരും തന്നെയില്ല. ദത്തെടുത്തു കഴിഞ്ഞതിന്റെശേഷം തെക്കുംകൂർ രാജവംശം ക്രമേണ വർദ്ധിച്ചിട്ടുള്ളതല്ലാതെ ഇതുവരെ ക്ഷയിച്ചിട്ടില്ല. ആ വംശത്തിൽ ആളുകൾ വർദ്ധിച്ചു തുടങ്ങിയപ്പോൾ മുമ്പിനാലെയുള്ള അടുത്തൂണവക നെല്ലും പണവും ചിലവിനു മതിയാകാതെ വരികയാൽ തിരുവിതാംകൂർ മഹാരാജാക്കന്മാർ പല തവണ അടുത്തൂണ് കൂട്ടിക്കൊടുത്തിട്ടുണ്ട്. എങ്കിലും ഇവരുടെ ദാരിദ്ര്യം തീരത്തക്കവണ്ണം കൂട്ടിക്കൊടുത്തത് ഇപ്പോൾ നാടുവാഴുന്ന ശ്രീമൂലംതിരുനാൾ വലിയതമ്പുരാൻ തിരു

മനസ്സുകൊണ്ടാണ്. ഇപ്പോഴും തെക്കുംകൂർ രാജവംശക്കാൎക്കു ചിലവിനു ധാരാളമായി നെല്ലും പണവും കല്പിച്ചനുവദിച്ചിട്ടുള്ളതിനാൽ അവൎക്കു യാതൊരു ബുദ്ധിമുട്ടുമില്ല. അവർ തങ്ങളുടെ നിത്യവൃത്തികളും ഈശ്വരോപാസനാദികളും യാതൊരു ബുദ്ധിമുട്ടുംകൂടാതെ നിൎവ്വഹിച്ചു സുഖമായി താമസിച്ചുവരുന്നു.

(തുടരും)

കൊട്ടാരത്തിൽ ശങ്കുണ്ണി.

ഭാഗ്യം

൧. ഇന്നാട്ടിലിന്നുപരമേറിവസിക്കുവാനു-
മന്നാമമേറ്റുപുകഴാൎന്നുതവന്നിടാനും
നന്നായകാരണമതേതിനുമോൎക്കിൽഭാഗ്യ-
മെന്നാണുലോകരറിയേണ്ടതുവേണ്ടവണ്ണം.

൨. ഉണ്ടായവസ്തുനിനയാതെപഠിപ്പുതെല്ലു-
മുണ്ടാകവേണ്ടപടുപണ്ഡിതനെന്നുലോകം
കൊണ്ടാടുമേതൊരുവനേയുമതിച്ചഭാഗ്യം
കൊണ്ടാണതസ്സ്വസുഖവുംപെരുകുന്നുപാരിൽ.

൩. കണ്ണാലെലക്ഷ്യതരമാകിലുമുണ്ടുതള്ള-
ക്കണ്ണാടിയെന്നുവെതഭാഗ്യവശാൽഗുണങ്ങളെല്ലാ
പ്പിണ്ണാൻജനത്തിനിഹമംഗളഭാഗ്യഭാഗ്യമല്ലോ”
പെണ്ണാകിലുംപുരുഷനാകിലുമില്ലഭേദം.

൪. ശ്രീവന്നുകേറുമവനിൽസകലജ്ഞനെന്നു
പേർവന്നിടുംസപദിവാക്പതിയായ്വരികും
ദൈവംതെളിഞ്ഞുവിലസുന്നവനിത്രിമൂൎത്തി
ഭാവംജഗത്തിലെല്ലാരായിലഭിച്ചിടുന്നു,

൬. ഇന്നീവിധാനിയതിയുള്ളവനന്യനെത്താൻ
കൊന്നീടിലും പരധനങ്ങളെടുക്കിലാലും
വന്നീടുകില്ലപജയംനിജകേസ്സുവിട്ടു
പോന്നീടുമെത്രകുറിക്കോടതികേറിയാലും.

൭. ദാനത്തിലാസ്ഥകളഞ്ഞുമഹാവദാന്യ
സ്ഥാനത്തിനർഹതപെടുന്നിതുഭാഗ്യമുള്ളോൻ
മൌനാന്നടിച്ചുകപടവ്രതമാചരിച്ചാൽ
ആനാമഹാമുനിയവൻബഹുമാന്യനത്രെ.

൮. വൈദ്യാതിഥാഗണിതവുംപടുമന്ത്രവാദം
ഹൃദ്യങ്ങളായകവനങ്ങളിവയ്ക്കുപാർത്താൽ
ആദ്യത്തിലില്ലരുചിവാസനയെങ്കിലുംപി-
ന്നാദ്യസ്ഥനാംപുരുഷനിന്നിഹഭാഗ്യശക്ത്യാ.

൯. എല്ലാഗുണാധികയിലുംചെറുതായഭാഗ്യ
മില്ലാതകണ്ടരിലതിന്നിടുകെന്നകാര്യം
വല്ലായ്മയായിവരുമീശ്വരസേവചെയ്യു-
യല്ലാതതിന്നൊരുനിവൃത്തിജഗത്തിലില്ല.

തെലപ്പുറത്ത് നാരായണനമ്പി.

കോങ്കണബ്രാഹ്മണർ

സാരസ്വതന്മാർ.

ആര്യന്മാർ വടക്കുപടിഞ്ഞാറുനിന്ന് ഇന്ത്യയിൽ വന്നു സിന്ധുനദിയുടെയും അതിന്റെ പോഷകനദികളുടെയും തടപ്രദേശങ്ങളിൽ ആദ്യം നിവസിച്ചു. അവിടന്നു കിഴക്കോട്ടുമാറി ഉത്തരഹിന്ദുസ്ഥാനത്തിൽ എല്ലാടത്തും പരന്നുവെന്നാകുന്നു പാശ്ചാത്യചരിത്രകാരന്മാരുടെ അഭിപ്രായം. ഋഗ്വേദത്തിലെ പല ഋക്കുകളെക്കൊണ്ട് ഈ അഭിപ്രായമവർ പ്രതിപാദിക്കുന്നു. ഋഗ്വേദത്തിൽ (i. 32. 12,

ii. 12. 12) * ആൎയ്യന്മാരുടെ അധിഷ്ഠാനദേശത്തിന്നു സാമാന്യമായ പേർ സപ്തസിന്ധുക്കൾ ('സപ്തസിന്ധവഃ') എന്നായിരുന്നുവെന്നു സൂചിപ്പിച്ചിരിക്കുന്നു. സിന്ധുനദിയും സിന്ധുവിൻെറ പോഷകനദികളായ പഞ്ചാബിലെ അഞ്ചു നദികളും അഫ്ഘാനിസ്ഥാനിലെ കുഭാ, എന്ന കാബൂൽനദിയും കൂടീട്ടാകുന്നു ഈ ഏഴു നദികൾ ഉണ്ടായിരിക്കുന്നത്. ഋഗ്വേദം (i. 126. 7) ഗന്ധാരദേശത്തെക്കുറിച്ചു പറഞ്ഞിരിക്കയാൽ ആൎയ്യന്മാരുടെ നിവാസസ്ഥലം പടിഞ്ഞാറു കന്ധഹാർ വരെ ഉണ്ടായിരുന്നു എന്നു നിൎണ്ണയിക്കാം. സിന്ധുവിൻെറ പടിഞ്ഞാറു കരയുടെ തെക്കേമായിരുന്നു ഈ ഗന്ധാരദേശം എന്ന് പാശ്ചാത്യർ അഭിപ്രായപ്പെടുന്നു. പുരാണങ്ങളിലും ഇതിഹാസങ്ങളിലും പറഞ്ഞിട്ടുള്ള ഗാന്ധാരദേശവും ഇതുതന്നെ ധൃതരാഷ്ട്രമഹാരാജാവിൻെറ ഭാൎയ്യയായ ഗാന്ധാരി ഈ ദേശത്തിലെ ഒരു രാജാവിൻെറ പുത്രിയായിരുന്നു. ഋഗ്വേദത്തിൽ പറഞ്ഞിട്ടുള്ള നദികളുടെയും പൎവ്വതങ്ങളുടെയും പേരുകളിൽനിന്നു ആൎയ്യന്മാർ കിഴക്കോട്ടു എത്ര രാജ്യത്തോളം എത്തിരുന്നുവെന്നും നിശ്ചയിച്ചിരിക്കുന്നു.

ഋഗ്വേദത്തിൽ (x. 75. 5) ഗംഗ, യമുന, സരസ്വതി, ശുതുദ്രി, പരുഷ്ണീ, അസിക്നീ, മരുദ്വൃധം, വിതസ്താ, ആൎജ്ജീകീയാ, സുഷോമം, എന്നീനദികളെയും ആറാം ഋക്കിൽ തൃഷ്ടാമാ, സുസൎത്തു, രസാ, ശ്വേതീ, കുഭാ, ഗോമതി, ക്രുമു, മേഹത്നു (മേഹൽനു) എന്നിവയെയും പറഞ്ഞിരിക്കുന്നു. ഇവയെ ആധുനികനദികളിൽനിന്നു തിരിച്ചറിവാൻ പ്രയാസമാകുന്നു. ഗംഗയും യമുനയും സുപ്രസിദ്ധനദികളാകയാൽ ആൎയ്യർ ഈ നദികളുടെ തടപ്രദേശങ്ങളിൽ എത്തിയിരുന്നു എന്നതിൽ സംശയമില്ല. ഋഗ്വേദപരിശിഷ്ടത്തിൽ 'സിതാസിതകളായ സരിത്തുകൾ എവിടെ ഒന്നിച്ചു കൂടുന്നുവോ ആ സംഗമസ്ഥലത്തിൽ അഭിപ്ലവനം ചെയ്യുന്നവൻ ദ്യോവിനെ ഉൽപതിക്കുന്നു' എന്നു പറഞ്ഞിരിക്കുന്നു. ഈ രണ്ടു നദികൾ ശ്വേതോദകയായ ഗംഗയും കൃഷ്ണോദകയായ യമുനയും ആകയാൽ ഇവരുടെ സംഗമമായ പ്രയാഗമെന്ന അല്ലഹബാദ്‌വരെ ആൎയ്യരെത്തിരുന്നു എന്നുപറയാം. എന്നാൽ സംഹിതകളും പരിശിഷ്ടത്തി

* ആദ്യത്തെ അങ്കം മണ്ഡലത്തെയും രണ്ടാമത്തേതു സൂക്തത്തെയും മൂന്നാമത്തേതു ഋക്കിനെയും കാണിക്കുന്നു.

ന്മാതമ്മിൽ മഹത്തായ കാലവ്യത്യാസമുണ്ടെന്ന പാശ്ചാത്യർ അഭിപ്രായപ്പെടുന്നതുകൊണ്ട് പരിശിഷ്ടത്തിലെ ഈ മന്ത്രം അത്യന്തം അർവ്വാചീനമായ അവസ്ഥയെ കാണിക്കുന്നപോൽ. ഋഗ്വേദം iii 53. 14-ാം മന്ത്രത്തിൽ പ്രസ്താവിച്ച കീകടദേശം നിരുക്തകാരനായ യാസ്കന്റെയും ഭാഷ്യകാരനായ സായണാചാര്യന്റെയും അഭിപ്രായത്തിൽ അനാര്യദേശം മാത്രമാകുന്നു. ഭാഗവത (i. 3.24, vii.10. 18) ത്തിൽ പ്രയോഗിച്ച കീകടശബ്ദത്തിന്ന മഗധദേശമെന്നാകുന്നു അർത്ഥമെന്ന വ്യാഖ്യാതാവായ ശ്രീധരസ്വാമിയും മററു ചിലരും പറയുന്നത് വിഷയസന്ദർഭവശാൽ യഥാർത്ഥമെന്നു തോന്നുന്നു. അഥർവ്വണവേദത്തിൽ (v. 5) അംഗദേശത്തെയും മഗധദേശത്തെയും കുറിച്ചു പറഞ്ഞിരിക്കുന്നു. അതുകൊണ്ട് ക്രിസ്ത്വബ്ദത്തിന്ന എത്രയോ മുമ്പു തന്നെ ആര്യന്മാർ ബംഗാളത്തിന്ന സമീപം എത്തീട്ടുണ്ടായിരുന്നു എന്നു നിശ്ചയിക്കാം. സേനരാജാക്കന്മാരുടെ കാലത്തായിരുന്നു ബംഗാളത്തു ബ്രാഹ്മണർ വന്നു കുടിയേറിപ്പാർത്തത്. ഏകദേശം എണ്ണൂറു കൊല്ലങ്ങൾക്കു മുമ്പെ ബംഗാളത്ത് ബ്രാഹ്മണരുണ്ടായിരുന്നില്ല. ഇപ്പോഴും ബംഗാളത്തുള്ള ബ്രാഹ്മണരെല്ലാം കാന്യകുബ്ജബ്രാഹ്മണർ (കനോജ്) ആകുന്നു.

പാർസികളുടെ മതഗ്രന്ഥമായ 'ജെന്ദഅവെസ്ത' എന്ന ഗ്രന്ഥത്തിൽ ആര്യന്മാരുടെ ആവാസസ്ഥാനത്തിന്ന 'ഹപ്തഹിന്ദു' എന്ന പേർ പറഞ്ഞിരിക്കുന്നു. സംസ്കൃതത്തിലെ സകാരം പ്രാചീനപാർസിയിൽ ഹകാരമായ്ത്തീരുന്നതുകൊണ്ട് ഹപ്തഹിന്ദു എന്ന രൂപം സിദ്ധിക്കുന്നു. യവനഭാഷയിൽ ഹകാരമില്ലാത്തതുകൊണ്ട് ഹിന്ദു എന്ന പദം ഇന്ദു (Indoi) എന്ന ശബ്ദമാക്കിയുച്ചരിച്ചു. ഈ ഇന്ദു ശബ്ദത്തിൽനിന്ന നമ്മുടെ ഭാരതവർഷത്തിന്റെ അഭിധാനമായ ഇന്ത്യ എന്ന പദമുണ്ടായി. സിന്ധുദേശത്തിൽ വസിച്ചതുകൊണ്ട് ഭാരതീയർക്കു ഹിന്ദുക്കൾ എന്ന നാമധേയവും ഉണ്ട്. ഇന്ത്യ എന്നതിലും സിന്ധുശബ്ദം ഒളിഞ്ഞു കിടക്കുന്നു.

ഋഗ്വേദത്തിൽ (x.121.4) ഹിമവൽ പർവ്വതത്തെക്കുറിച്ചു പറഞ്ഞിട്ടുണ്ടെങ്കിലും വിന്ധ്യാദ്രിയെക്കുറിച്ചു ഒന്നും പ്രസ്താവിച്ചിട്ടില്ലായ്കയാൽ ആര്യന്മാർ വിന്ധ്യാദ്രിവരെ എത്തിയിരുന്നില്ലെന്നു ഊഹിപ്പാൻ സംഗതിയുണ്ട്. എന്നിട്ടും ഈ നാമാഭാവത്താൽ ഉണ്ടാകുന്ന അനുമാനം അത്ര ബലവത്തല്ല. നർമ്മദ, തപ്തി, ഗോദാവരി, കൃഷ്ണാ,

കാവേരി മുതലായ ദക്ഷിണാത്യനദികളുടെ നാമധേയങ്ങൾ ഋഗ്വേദത്തിൽ ഇല്ല. ഋൿ പരിശിഷ്ടത്തിൽ നൎമ്മദയെ സംബന്ധിച്ച് ഒരു മന്ത്രമുണ്ട്.

നൎമ്മദായൈ നമഃ പ്രാതൎന്നൎമ്മദായൈ നമോ നിശി
നമോസ്തു നൎമ്മദേ തുഭ്യം ത്രാഹിമാം വിഷസൎപ്പതഃ

ദ്വിതീയാഷ്ടകത്തിന്റെ പ്രഥമ പരിശിഷ്ടത്തിൽ അടങ്ങിയ ഈ മന്ത്രങ്ങളിൽ ജനമേജയന്റെ സൎപ്പസത്രത്തെയും ആസ്തികനേയും ജരൽകാരുവിനേയും കുറിച്ചു പ്രസ്താവിച്ചിരിക്കയാൽ പാശ്ചാത്യദൃഷ്ട്യാ ഈ പരിശിഷ്ടം വളരെ അൎവ്വാചീനമാകുന്നു. അതുകൊണ്ട് സംഹിതയിലെ മന്ത്രദ്രഷ്ടാക്കന്മാരായ ഋഷികൾ വിന്ധ്യപൎവ്വതം കടന്നു തെക്കോട്ടു വന്നിരുന്നില്ലെന്നു സിദ്ധമായി.

രാമായണത്തിൽ അഗസ്ത്യർ വിന്ധ്യനെ കടന്നു ദണ്ഡകാരണ്യത്തിൽ പഞ്ചവടിക്കു സമീപത്തിൽ ആശ്രമം ഉണ്ടാക്കിപ്പാൎത്തതായി വൎണ്ണിച്ചിരിക്കുന്നു. ഈ അഗസ്ത്യരുടെ ഭാൎയ്യ ലോപാമുദ്രയായിട്ടു ഋഗ്വേദത്തിൽ പറഞ്ഞിരിക്കുന്നു. മഹാഭാരതത്തിൽ അവൻ തപശ്ശക്തികൊണ്ടു ലോപാമുദ്രയെ സൃഷ്ടിച്ചു വിദൎഭരാജാവിന്റെ വശത്തു കൊടുത്തു വളൎത്തിച്ച്, പ്രായമായപ്പോൾ ലോപാമുദ്രയെ ഭാൎയ്യതയാ അഗസ്ത്യർ സ്വീകരിച്ചു എന്നു പറഞ്ഞിരിക്കുന്നു. തുലാകാവേരിമാഹാത്മ്യം മുതലായ പുരാണകഥകളിൽ ലോപാമുദ്രാശബ്ദം കാവേരിയുടെ പൎയ്യായപദമാക്കി പ്രയോഗിച്ചു അഗസ്ത്യർ കാവേരിയെ ഭാൎയ്യയാക്കി പരിഗ്രഹിച്ച്, ദമ്പതിമാർ തമ്മിലുള്ള സമയധൎമ്മത്തെ അഗസ്ത്യർ ഉല്ലംഘിച്ചതുകൊണ്ടു കാവേരി ജഗദ്ധിതാൎത്ഥമായി നദിയായി പ്രവഹിച്ചു ദക്ഷിണദേശത്തെ ധനധാന്യസമൃദ്ധികൊണ്ടു നിവാസയോഗ്യമാക്കിത്തീൎത്തു എന്നു ആഘോഷിക്കുന്നു. എന്നാൽ ഈ കാവേരിക്കു വേദത്തിലെ ലോപാമുദ്രക്കു യാതൊരു വിഷയത്തിലും ഒരു സംബന്ധവും ഇല്ല.

ഋഗ്വേദത്തിൽ പറഞ്ഞിട്ടുള്ള നദികളിൽവെച്ചു മഹിമയും പൂജ്യതയും ഉള്ളതു സരസ്വതിയാകുന്നു. സരസ്വതിപരമായി മൂന്നു സൂക്തങ്ങൾ ഉണ്ട്. പല മററ ഋക്കുകളിലും സരസ്വതിയെ കുറിച്ചു പ്രസ്താവിച്ചിട്ടുണ്ട്. യാസ്കനിരുക്തത്തിൽ (ii. 23) സരസ്വതീശബ്ദം നദീവാചകമായും ദേവതാവാചകമായും ഉപയോഗിച്ചിട്ടുണ്ടെന്നു പറഞ്ഞിരിക്കുന്നു. പുരാണേതിഹാസങ്ങളിൽ ഈ ഭേദം

വകഭേദമാണെന്നു സരസ്വതീനദിതന്നെ വാഗ്ദേവിയുടെ പരിണതരൂപമെന്നും പറഞ്ഞിരിക്കുന്നു.

പശുയാഗത്തിൽ പ്രയാജങ്ങളായി ഉപയോഗിക്കുന്ന ആപ്രീസൂക്തങ്ങളിൽ (ഋഗ്വേദം i. 13. 9, i. 142, i. 188. 8, ii. 1. 11, iii. 4. 8, v. 5. 8), സരസ്വതി, ഇളാ, മഹീ, എന്നു മൂന്നു ദേവതകളെയും ചിലേടത്തു (ii. 1. 11, ii. 3. 8, iv. 4. 8, iii. 56. 5, vii. 2. 8, ix. 5. 8, x. 110. 8), സരസ്വതീ ഇളാ, ഭാരതി, എന്നീ മൂന്നു ദേവതകളെയും മററു ചിലേടത്ത് (ii. 1. 11) ഹോത്രാ, ഭാരതീ, സരസ്വതീ എന്നു ദേവതകളെയും ഒരു ക്രമത്തിൽ സ്തുതിച്ചിരിക്കുന്നു. വൈശ്വദേവ സൂക്തങ്ങളിൽ സരസ്വതിയെ മററു ദേവതകളോടുകൂടി സ്തുതിച്ചിരിക്കുന്നു. (v.47.2,vi.50. 12,vi. 52. 6, vii. 9. 5, vii. 39. 5, vii. 40. 3, ix. 81, x. 65. 1, x. 141. 5, x. 184. 2) ഈ ദേവതകളിൽ അഗ്നി, അശ്വികൾ, അജഏകപാദ്, അദിതി, അര്യമാവു, ആദിത്യന്മാർ, ഇന്ദ്രൻ, ഋഭുക്ഷാവു, ത്വഷ്ടാവ് പർജ്ജന്യൻ, പവമാനൻ, പൂഷാവ്, പുരന്ധി, ബൃഹസ്പതി, ഭഗൻ, മരുത്തുകൾ, മരുദ്ഗണം, മിത്രൻ, വരുണൻ, വാജൻ, വാതൻ, വായു, വിധാതാവു, വിഷ്ണു, സവിതാവു, സോമൻ എന്നിവർ മുഖ്യർ. ഈ ദേവതകളോടുള്ള സാഹചര്യത്താൽ സരസ്വതീദേവിയായിട്ടു ഋഷികൾ ഭാവിച്ചിരുന്നുവെന്നത് തെളിയുന്നു.

തുടരും.

എസ്. ശേഷഗിരിപ്രഭു, എം. എ.

കടംവീട്ടിയത്

നേരം പാതിരാത്രിയിൽ പുറമെയായി കഴിഞ്ഞു. എന്നിട്ടും ഇദ്ദേഹം എഴുത്ത് മതിയാക്കീട്ടില്ല. പൊളിഞ്ഞ ഒരു മേശപ്പുറത്തു വെച്ച്, അരികത്തുള്ള മണ്ണെണ്ണ വിളക്കിന്റെ സഹായത്താലാണ് ഈ വിദ്വാൻ എഴുതുന്നത്. അന്ധമയമായതിനാൽ ലോകമെങ്ങും നിശ്ശബ്ദതയാൽ നിബിഡമായിരുന്നു. എങ്കിലും ചെന്നായുടെ 'ക്രൂ' 'ക്രൂ' ശബ്ദം മാത്രം കേൾക്കുന്നുണ്ട്.

'ഇന്നെങ്കിലും ഇത് അവസാനിപ്പിക്കണം. ഈശ്വരാ, ഇനിക്കിതിന്ന് ശക്തിയുണ്ടാക്കിത്തരണെ' എന്ന് അത്യന്തം വ്യസനത്തോടെ അയാൾ പിറുപിറുക്കുന്നുണ്ട്.

ഇരിക്കുന്നതിന്നു ചുറ്റും അയാൾ ഒന്നു നോക്കി. നോക്കിയ മാത്രയിൽ ശരീരമാസകലം വിറച്ചു. എന്തെന്നാൽ ആ അകം അത്ര മോശസ്ഥിതിയെ പ്രാപിച്ചിരുന്നു. ദാരിദ്ര്യത്തിന്റെ കേളിസങ്കേതസ്ഥലം അതു തന്നെയോ എന്നു തോന്നും. മേശയും, താൻ ഇരുന്നിരുന്ന സ്റ്റൂളിന്നും പുറമെ, ആ മുറിയിൽ സാമാനം എന്നു പറവാൻ ഒരു 'കയർകട്ടിൽ' മാത്രമെ ഉണ്ടായിരുന്നുള്ളു. നിരന്തരമായി എഴുതിക്കൊണ്ടുതന്നെയാണ് ഇരുന്നിരുന്നത് എങ്കിലും, അദ്ദേഹം കൂടക്കൂടെ ആ കട്ടിലിൽ കിടന്നിരുന്ന വനിതാരത്നത്തിന്റെ മുഖത്തേക്ക് നോക്കിയിരുന്നു. സൌന്ദര്യസാരസ്വരൂപിണിയായ അവളുടെ വിളറി ക്ഷീണിച്ച മുഖം എപ്പോളെല്ലാം ഇയ്യാൾ കാണുന്നുവോ അപ്പോളെല്ലാം 'ഈശ്വരാ, ഇത് ഇന്നത്തോടുകൂടി അവസാനിപ്പിച്ചില്ലെങ്കിൽ ഇവളുടെ കഥ ഇനിയും പരുങ്ങലാവുമല്ലൊ—ദൈവമെ—ഇതിന്നിട വരുത്തരുതെ' എന്നും മറ്റും അസ്പഷ്ടമായി ഉച്ചരിച്ചുകൊണ്ടുതന്നെയായിരുന്നു.

ഇതിനിടയ്ക്ക് അനവധി കടലാസ്സുകൾ എഴുതി തീർന്നു. അരുണോദയം കണ്ടു തുടങ്ങി. പേനയുടെ 'കര' 'കര' ശബ്ദവും കുറഞ്ഞു തുടങ്ങി. ഒടുവിൽ ഒരു ദീർഘനിശ്വാസത്തോടുകൂടി ആ വിദ്വാൻ

'സമാപ്തം.

കല്ലത്ത രാമൻമേനോൻ.'

എന്നു എഴുതി അവസാനിപ്പിക്കയും ചെയ്തു.

ആ യുവതി അസ്വാസ്ഥ്യത്തോടുകൂടി കട്ടിലിൽ കിടന്ന് ഉരുണ്ടിരുന്നു. അവൾ സ്വപ്നത്തിൽ എന്തോ ചില അസംബന്ധങ്ങൾ പറയുന്നതു കേട്ടു. അപ്പോൾ രാമൻമേനോൻ എഴുനീറ്റ് അവളുടെ സമീപത്തു ചെന്ന്, ആ ക്ഷീണിച്ച മുഖത്തെ ചുംബനം ചെയ്ത് ഇപ്രകാരം പറഞ്ഞു. 'ദേവൂ—പ്രിയതമെ, ലേഖനം എഴുതി കഴിഞ്ഞു. നാളെ (സാധു നേരം പുലർന്ന കഥ അറിഞ്ഞിട്ടില്ല) നാളെ നിശ്ചയമായും ഞാൻ ഇത് അയക്കാം' ഗദ്ഗദത്തോടു

കൂടി ഇത്രയും പറഞ്ഞപ്പോഴേക്കും അയാളുടെ കണ്ണിൽ വെള്ളം നിറഞ്ഞു.

'ഹൂ— പ്രിയതമനെ!'

രാമൻമേനോൻ— അല്ലാ- ഉണർന്നുകഴിഞ്ഞുവൊ!

'ഉവ്വ്, അവിടുന്ന് പിന്നെയും എഴുതുവാൻതന്നെ ഇരുന്നുവൊ! അയ്യോ—ദേഹം സൂക്ഷിക്കണെ. നോക്കു, ഇപ്പോൾതന്നെ ശരീരം എത്ര ക്ഷീണിച്ചിരിക്കുന്നു.'

രാമൻമേനോൻ— (ചിരിച്ചുംകൊണ്ട്)

'കഴിഞ്ഞു എന്റെ പണി കഴിഞ്ഞു. ഞാൻ ഇതാ അയക്കാൻ പോകുന്നു. നാളെ അത് പത്രാധിപരുടെ കയ്യിൽ കിട്ടും. അദ്ദേഹം വായിച്ചു നോക്കും എന്നുതന്നെയല്ല, നമുക്ക് ഒരു മറുപടിയും കിട്ടും. അതോടുകൂടി നമ്മുടെ കഷ്ടപ്പാടും തീരും, ഹാ—ആ എഴുത്ത് നിന്റെ മുഖകമലത്തെ വികസിപ്പിക്കുമല്ലൊ—കടല്ലൂരെ വാസവും സാധിപ്പിക്കും, നിശ്ചയം' എന്നു പറഞ്ഞ് ആനന്ദാശ്രുക്കൾ നിറഞ്ഞ തന്റെ കണ്ണുകളെ കൈകൊണ്ട് തുടച്ചു.

നേരം പ്രകാശമായപ്പോഴേക്കും രാമൻമേനോൻ ലേഖനം മടക്കി കെട്ടി 'വനിതാപത്മമാസിക' പത്രാധിപർ അവർകൾക്ക്' എന്ന് മേൽവിലാസവും എഴുതി കയ്യിൽ എടുത്ത് തപാൽ ആപ്പീസ്സിലേക്ക് പുറപ്പെട്ടു.

തപാൽ ആപ്പീസ്സിൽനിന്നും മടങ്ങി വന്നപ്പോൾ ഭാര്യ കഞ്ഞി തയ്യാറാക്കി ഒരു കിണ്ണത്തിൽ പകർന്നുവെച്ച് കാത്തിരുന്നിരുന്നു. കഞ്ഞിക്ക് വട്ടും വിശേഷിച്ച് ഒന്നും ഉണ്ടായിരുന്നില്ല. കുറച്ച് ഉപ്പ് മാത്രം ഒരു ഇലക്കീറിൽ വിളമ്പിട്ടുണ്ട്. എങ്കിലും ആ ശാർത്താരിയുടെ 'ചടുലചാരുകടാക്ഷപാതങ്ങൾ'തന്നെ രാമമേനന് വേണ്ട ഉപചാരങ്ങളായി തീർന്നു.

ഭാര്യ— (മന്ദസ്മിതത്തോടുകൂടി)

'ആവു—ഇവിടത്തെ ബുദ്ധിമുട്ട് തീർന്നുവല്ലൊ—ഭഗവാനെ'

രാമൻമേനോൻ—'ഉവ്വ് തീർന്നു. ഇന്ന് ഇരുപത്തിരണ്ടല്ലെ തിയ്യതി. നാളെയാണ് ഒടുക്കത്തെ ദിവസം. ശരിക്ക് നമ്മുടെ ലേഖനവും നാളെ അവിടെ കിട്ടും. ഇതാണ്

പരസ്യം

൫൦൦ ക. യുടെ സമ്മാനം, ഉത്തമ ലേഖനത്തിന്ന് കൊടുക്കും

ന്നതാണ്. ലേഖനം ഫ. ഭാഗത്തിൽ കവിയരുത്. സ്വയംകൃതവും, ശോകപര്യവസായിയുമായ ഒരു ചെറു കഥയായിരിക്കണം. മേടം ൨൪-ാം നു-ക്കു മുമ്പ് ഈ ആപ്പീസ്സിൽ എത്തിക്കണം.

നി. മ. പ.

* * * *

സോമപുരത്ത് 'വിശാല' വീഥി. ഇതാ, ഒരു വീട്ടിൽ ഏകദേശം 24 വയസ്സ് തോന്നുന്ന ഒരു യുവതി അത്യന്തം ദുഃഖാക്രാന്തയായി അവളുടെ മുറിയിൽ അങ്ങോട്ടും ഇങ്ങോട്ടും ലാത്തുന്നു. അവളുടെ ഏകബന്ധുവായ അച്ഛൻ മരിച്ചിട്ട് ഇന്നേക്ക് നാലുദിവസമെ ആയുള്ളു. അതിതീവ്രമായ മനോവ്യഥയെ ഇവളുടെ മുഖം പ്രദർശിപ്പിക്കുന്നു. കുറെ ദിവസമായി ഉറക്കമില്ലാത്തതിനാൽ കണ്ണുകൾ ക്ഷീണിച്ച് കണ്ടിൽപോയും, മുഖാംബുജം വാടിയും ഇരിക്കുന്നു. അശ്രുകണം ധാരധാരയായി ഒഴുകുന്നു, കവിൾത്തടങ്ങൾ ഒട്ടിയും ദേഹമാസകലം ശോഷിച്ചും കാണുന്നു. 'അച്ഛൻ എന്താണ് എന്നോട് പറഞ്ഞത്, എന്തിനാണ് പറഞ്ഞത്, എന്നിങ്ങിനെ അവൾ ഇടക്ക് പിറുപിറുക്കുന്നുണ്ട്. അയ്യോ- കഷ്ടം- എന്തു സങ്കടമാണ് ഇവൾ അനുഭവിക്കുന്നത്! അച്ഛന്റെ മരണകാലത്തെ സംഭവങ്ങളെ തന്നെ ഓർത്ത് ഓർത്താണ് ഈ സ്ത്രീ നടുങ്ങുന്നത്.

അച്ഛൻ മരിക്കാറായി കിടക്കുമ്പോൾ അവളെ അടുക്കൽ വിളിച്ച് ഇപ്രകാരം പറകയുണ്ടായി.

'മകളെ! ഞാൻ മരിക്കാറായി. അധികം താമസമില്ല. കുറെ കാലമായി ഞാൻ നിന്നെ വേണ്ടപോലെ വാത്സല്യിക്കാറില്ലല്ലൊ എന്നു വിചാരിച്ച് ഇനിക്ക് ഇപ്പോൾ വളരെ കുണ്ഠിതം തോന്നുന്നുണ്ട്.'

'എന്ത്— അതിനെ കുറിച്ച് പശ്ചാത്തപിക്കേണ്ട. അച്ഛൻ എന്നെ വളരെ സ്നേഹത്തോടുകൂടിയാണല്ലൊ നോക്കിവന്നിട്ടുള്ളത്.'

'സ്നേഹിച്ചിട്ടില്ലെന്നല്ല. പക്ഷെ സ്നേഹം വേണ്ടപോലെ ആയിട്ടില്ല. അതുകൊണ്ടാണ് ഇനിക്ക് വ്യസനം. ഇനി പറഞ്ഞിട്ട് ഫലമില്ലല്ലൊ. കുറച്ചുകൂടി അടുത്തു വരു.' (അച്ഛന്റെ സ്വരം ഇടറിത്തുടങ്ങി. പറയുന്ന വാക്കുകൾ അവ്യക്തങ്ങളായി).

'മറ്റാരും ശങ്കിച്ചിട്ടുകൂടിയില്ലാത്ത ഒരു സംഗതിയാണ് ഞാൻ പറയുവാൻ പോകുന്നത്. ഇത് ആരോടും പറയാതെ മരിക്കാൻ

ഇനിക്ക് സമാധാനമില്ല. അതുകൊണ്ട് ഞാൻ നിന്നോട് പറയുന്നതാണ്. രണ്ടുകൊല്ലങ്ങൾക്ക് മുമ്പെ ഞാൻ ഒരു അകൃത്യം ചെയ്തിട്ടുണ്ട്. രണ്ടുകൊല്ലം എന്നുപറഞ്ഞാൽ പോരാ. രണ്ടു യുഗമായി എന്നു തോന്നുന്നു. അതിൽപിന്നെ മനസ്സുസമാധാനം എന്താണെന്ന് ഞാൻ അറികയുണ്ടായിട്ടില്ല.

ശ്വാസംമുട്ടുകൊണ്ട് അച്ഛൻ അല്പനേരം മിണ്ടാതിരുന്നു. പിന്നേയും 'മൂന്ന്കൊല്ലംമുമ്പ് നിന്റെ അമ്മ മരിച്ച കാലത്ത് നമ്മുടെ കാര്യം വളരെ മോശസ്ഥിതിയിലായി എന്നു കണ്ട് ഞാൻ— ഞാൻ എന്റെ ഒരു കക്ഷിയുടെ പണം മുഴുവനും അപഹരിച്ചു— മോഷ്ടിച്ചു.'

ഈ വാക്ക് കേട്ടപ്പോൾ ജാനകി അമ്മ സംഭ്രമംകൊണ്ട് ഒന്നു വിറച്ചു.

'അതെ— കളവാണ് ഞാൻ ചെയ്തത്. മറച്ചു വെച്ചിട്ട് എന്താണ് കാര്യം. ഞാൻ കമ്പനി ശേഖരമെന്ന് എഴുതികൊടുത്തിരുന്ന ൫൦൦൦ ക.യുടെ കടച്ചീട്ട് കാലഹരണപ്പെടാറായി. ആ ദ്രോഹം സംഖ്യക്ക് എന്നെ ബുദ്ധിമുട്ടിച്ചു തുടങ്ങി. അന്യായപ്പെട്ട് എന്നെ അപമാനിക്കുമെന്നുള്ള ഭയം കലശലായി. ഇരിമ്പു കമ്പിനിയിൽ പലിശക്കു കൊടുപ്പാൻ ഒരു കക്ഷി ൫൦൦൦ക. തന്നിരുന്നു. പണം കമ്പിനിയിൽ അടച്ചു എന്ന് പൊളി പറഞ്ഞു. ആ സംഖ്യ എടുത്ത കടം വീട്ടി. രണ്ടുദിവസത്തിനകത്ത് കമ്പിനി പൊളിഞ്ഞു. അടച്ച പണം തിരിയെ കിട്ടുവാൻ മാർഗ്ഗമില്ലെന്ന് കക്ഷിയെ അറിയിച്ചു. ഞാൻ അത് അപഹരിച്ചു. കള്ളം പൊളിയും പറഞ്ഞു. ഹാ— എന്ത് അകൃത്യമാണ്! ജാനകി, ഞാൻ ഇതാ യാത്രയായി.

ജാനകിഅമ്മ—(പരിഭ്രമത്തോടുകൂടി) 'അച്ഛാ, ആ കക്ഷിയുടെ പേരെന്താണ്— പറയൂ— അതുംകൂടി പറയൂ.' അദ്ദേഹത്തിന് മഹാമന്റെ ആരംഭമായി കഴിഞ്ഞു. പണിപ്പെട്ട് തല അല്പം ഉയർത്തി 'കല്ലു— കല്ലത്ത് —രാമ —മേനോൻ' എന്ന വാക്കുകൾ ശ്വാസത്തിനിടയിൽ പുറപ്പെടുവിച്ചു.

'പച്ചിലക്കാട്ട്' പരമേശ്വരമേനോൻ ചരമഗതിയെ പ്രാപിക്കയും ചെയ്തു.

* *

ഈ സംഭവങ്ങളാണ് മേൽ പ്രസ്താവിച്ച മനശ്ശല്യത്തിനും മററും ജാനകിഅമ്മക്ക് ഇടയാക്കിത്തീർത്തത്. 'കല്ല്യത്ത് രാമൻമേനോൻ, കല്ല്യത്തരാമൻമേനോൻ അദ്ദേഹത്തിൻെറ കടം വീട്ടണം- നിശ്ചയമായും വീട്ടണം' എന്ന് അവൾ ഉരുവിട്ടുപോന്നു. അവരുടെ വൃത്തികേട തന്നെ കഷ്ടിയായ ഉപവാദത്തിന് ഇതൊന്നാണ് മാർഗ്ഗം. 'അച്ഛൻ ചെയ്ത പാപം മക്കൾ അനുഭവിക്കാതിരിക്കയില്ല. അല്ലെങ്കിൽ അതിനുള്ള പരിഹാരം അവർ ചെയ്യണം' പിതാവിൻെറ മരണ ശേഷം അവൾക്ക് ഈ ഒരു വിചാരം മാത്രമായി തീൎന്നു.

ഇപ്രകാരമുള്ള ചിന്തകളാൽ സന്താപതന്തയായിട്ടാണ് മുറിയിൽ അവൾ ലാത്തിയിരുന്നത്. ലാത്തുന്ന സമയം പെട്ടെന്നു നിന്ന്

'ആ സമ്മാനം — ശരിതന്നെ ആ സമ്മാനം — എൻെറ ലേഖനത്തിനാണ് ആ സമ്മാനം കിട്ടുന്നതെങ്കിൽ ഹാ— ഉവ്വോ, അതു കിട്ടുമോ?— എൻെറ മോശകഥക്ക് —എത്ര യോഗ്യർ മത്സരത്തിനുണ്ടാകും. കഥകളുടെ സമ്മാനം കൂടക്കൂടെ ഉണ്ടാകുന്നതല്ലേ. എങ്കിലും—ഈശ്വരാ— അത് ഇനിക്ക് കിട്ടണേ' എന്നു അവൾ മനമുരുകി കയ്യുവെച്ച് പ്രാർത്ഥിച്ചു.

* * * * * *

'നിരുപമമാസിക' പത്രാധിപർ അപ്പീസ്സുമുറിയിൽ ഇരുന്ന് ഒരു ലേഖനം വായിച്ചുനോക്കുന്നു. മുമ്പിൽ ഇട്ടിരുന്ന മേശപ്പുറത്ത് അനവധി ലേഖനങ്ങളും കടലാസ്സുകളും കിടപ്പുണ്ട്. അദ്ദേഹത്തിൻെറ ഇടത്തെകയ്യിലുള്ള ചുരുട്ടിൽ പകുതിയിൽ അധികം വലിപ്പാൻ ബാക്കിയുണ്ട്. വായനയുടെ രസംകൊണ്ട് ചുരുട്ടു കെട്ട കാര്യം മൂപ്പർ അറിഞ്ഞിട്ടില്ല. 'ഹാ—വളരെ നന്ന്—ഭേഷ്' എന്നിങ്ങനെ അദ്ദേഹം വായിക്കുന്നതിന്നിടയിൽ കൂടക്കൂടെ പറയുന്നുണ്ട്. ഇപ്രകാരം പ്രശംസാവാദങ്ങളായ ഓരോ അഭിപ്രായങ്ങൾ പറഞ്ഞുംകൊണ്ട് പത്രാധിപർ ആ ലേഖനംമുഴുവനുംവായിച്ചുതീർത്തു. 'വിശേഷമായിട്ടുണ്ട്. ഇത് അതി വിശേഷം തന്നെ. ഏതാണ് സമ്മാനാർഹമെന്ന് തീർച്ചയാക്കുവാൻ പ്രയാസം. രണ്ടു ലേഖനങ്ങളും ഒരുപോലെ നന്നായിട്ടുണ്ട്. ഞാൻ വലിയ വിഷമത്തിലായി. എന്താണ് ചെയ്യേണ്ടത്? വരട്ടെ, ഈ ലേഖകൻ ആരാണെന്ന് നോക്കുകതന്നെ' എന്നു പറഞ്ഞ് അദ്ദേഹം കടലാസ്സുകൾ മറിച്ചുനോക്കി. പുറംകളത്തിൽ ജാനകിഅമ്മ് എന്ന് പേരെഴുതി ഒപ്പിട്ടിരിക്കുന്നതു കണ്ടു.

ജാനകിഅമ്മ— ഏ— ഒരുസ്ത്രീയോ. കൊള്ളാം — എല്ലാററിലും വെച്ച് നന്നായിട്ടുള്ളത് ഏതെന്ന് തീൎച്ചയാക്കുന്നകാൎയ്യം കുറെ ക്ലേശംതന്നെ. പക്ഷെ നിവൃത്തിയില്ലല്ലൊ. സമ്മാനം ഒന്നല്ലെയുള്ളു. അതുകൊണ്ടു തീൎച്ചയാക്കാതിരിപ്പാൻ തരമില്ല.'

കസാലയിന്മേൽ മലൎന്നു കിടന്ന് അദ്ദേഹം അല്പനേരം ആലോചിച്ചു.

'ആകട്ടെ, ഒന്നു ചെയ്യാം. ഇവർ രണ്ടു പേരും നാളെ എന്നെ വന്ന് കാണണമെന്ന് എഴുതി അയക്കാം. അതിന്നിടയിൽ സമ്മാനം ഏതിന്നാണ് കൊടുക്കേണ്ടത് എന്നും, മററത് വിലക്കുവാങ്ങുവാൻ വഴിയുണ്ടോ എന്നും ആലോചിച്ചു തീൎച്ചയാക്കാം' എന്ന് മനസ്സുകൊണ്ട് ഉറച്ചു.

അന്നുരാത്രിതന്നെ പത്രാധിപർ രണ്ടെഴുത്തുകളും അയപ്പിച്ചു. ഒന്നാമത്തെ കത്ത് 'നാളെ (വ്യാഴാഴ്ച) 12 മണിക്ക് 'നിരുപമമാസിക' ആപ്പീസ്സിൽ വെച്ചു നിങ്ങളെകണ്ട് സംസാരിച്ചാൽ കൊള്ളാമെന്ന് പത്രാധിപർ ആഗ്രഹിക്കുന്നു' എന്നായിരുന്നു. രണ്ടാമത്തെത് 'നിരുപമമാസിക' ആപ്പീസ്സിൽ വെച്ച് നാളെ(വ്യാഴാഴ്ച)12½ മണിക്ക് നിങ്ങളെകണ്ടു സംസാരിച്ചാൽ കൊള്ളാമെന്ന് പത്രാധിപർ ആഗ്രഹിക്കുന്നു.' എന്നുമാണ്. ആദ്യത്തെ എഴുത്തിന്റെ മേൽവിലാസം 'ര. ന. കല്ലുതല രാമമേനോൻ അവർകൾക്ക്' എന്നും രണ്ടാമത്തേതിന്റെ 'സൌഭാഗ്യവതി പുതുക്കുളങ്ങര ജാനകി അമ്മ അവർകൾക്ക്' എന്നുമായിരുന്നു.

* * * *

'ലേഖനത്തിന്റെ കാൎയ്യത്തെപ്പററി പറവാനാണ്. സംശയമില്ല. അല്ലെങ്കിൽ പത്രാധിപൎക്ക് എന്നെ കണ്ടിട്ടുള്ള കാൎയ്യം ഒന്നും ഇല്ലല്ലൊ. എന്നാൽ ഞാൻ ഒരു സ്ത്രീ അല്ലെ- തനിച്ച് ഒരു ദിക്കിൽപോയി എന്നു കേട്ടാൽ ജനങ്ങൾ എന്തു പറയും? കഷ്ടം- എന്തു ചെയ്യാം. നിവൃത്തിയില്ലല്ലൊ. പൂൎവ്വസ്ഥിതിപോലെ നടപ്പാൻ ഇനി സാധിക്കുമൊ? പിന്നെ കടം വീട്ടേണ്ട ചുമതല ഇല്ലെ. കടം വീട്ടാതെ മരിച്ചാൽ അച്ഛനും എനിക്കും ഇഹലോകത്തെന്നല്ല പരലോകത്തുകൂടി നരകമല്ലാതെ എന്താണ് ഗതി? അവനവന്റെ നിലമാത്രം സൂക്ഷിക്കണം. എന്നാൽ അപവാദത്തെ ഭയപ്പെടുവാനില്ല.'

എന്നിങ്ങിനെയുള്ള വിചാരങ്ങളാണ പത്രാധിപരുടെ എഴുത്തു വായിച്ചു നോക്കിയപ്പോൾ ജാനകി അമ്മക്ക് ഉണ്ടായത്. എങ്കിലും ശോകകരമെന്ന് എന്നോർത്ത് അവൾ അല്പം ആഹാരവും കഴിച്ചു പുറപ്പെട്ടു.

* * * *

പത്രാധിപരുടെ സംസാരമാണ് ഇനി കേൾക്കുന്നത്. "അതുകൊണ്ട്, മിസ്റ്റർ രാമൻമേനോൻ, നിങ്ങളുടെ ലേഖനത്തിന്ന് സമ്മാനം കൊടുപ്പാൻ നിവൃത്തിയില്ലെങ്കിലും ആ കഥ വിലക്കു വാങ്ങിയാൽ കൊള്ളാമെന്ന് എനിക്ക് താല്പര്യമുണ്ട്. ലേഖനം ഇവിടെതന്നെ ഇരിക്കട്ടെ. അതിന്ന് എന്തു വില തരാമെന്ന് ഞാൻ ജോലിത്തിരക്ക് അല്പം കുറഞ്ഞാൽ ഉടനെ നിങ്ങളെ അറിയിക്കാം."

രാമൻമേനോന് പത്രാധിപരുടെ വാക്കുകൾ അതി ദുസ്സഹമായി തോന്നി. "ജോലിത്തിരക്ക് അല്പം കുറഞ്ഞ ഉടനെ" എന്നോ? ശിവ, ശിവ, പത്രാധിപന്മാർക്ക് ജോലിത്തിരക്ക് കുറഞ്ഞിട്ടുള്ള കാലമുണ്ടോ! എനിക്കാണെങ്കിൽ 'ഒരു മണിക്കൂറ്' കൂടി ഉട്ടികിൽ താമസിക്കുവാൻ തരമില്ലാത്ത സ്ഥിതിയുമാണ്. ഭാര്യയുടെ ദീനം സുഖപ്പെടണമെങ്കിൽ ഈ സ്ഥലം വിട്ട് ഉടനെ പോകണമെന്നാ, അവൾക്കു കുടൽക്കാറു കൊണ്ടല്ലാതെ ശാന്തി കിട്ടുന്നതല്ലെന്നാണല്ലൊ വൈദ്യൻ കാലത്ത് പറഞ്ഞിട്ടുള്ളത്. എങ്ങിനെയാണ് ഞാൻ മടങ്ങിച്ചെന്ന് "ഇനിയും അരിഷ്ടിക്കുവാനാണ് നമുക്ക് യോഗം" എന്നു ഭാഗ്യഹീനയായ ഭാര്യയെ അറിയിക്കേണ്ടത്? ദാരിദ്ര്യ പരമസങ്കടാക്രാന്തനായ ഈ വിചാരങ്ങളിൽ വീണ് സന്തപ്തചിത്തനായ ഇയ്യാൾ പത്രാധിപരോട് ഒന്നും മറുപടി പറയാതെ മൌനം അവലംബിച്ചതെയുള്ളൂ. വലുതായ മോഹങ്ങൾക്ക് അവകാശം കൊടുത്ത പത്രാധിപരുടെ വിലക്ഷയറിയ എഴുത്തു പൊളിച്ച് പ്രിയ പത്നിയെ താൻ കാലത്ത വായിച്ചു കേൾപ്പിച്ചത് ഹർഷാശ്രുക്കളെ പൊഴിഞ്ഞുകൊണ്ടായിരുന്നു. തങ്ങളുടെ ഭാഗ്യോദയത്തെ ഓർത്ത് ഈ ദമ്പതിമാർ എത്ര മാത്രം സന്തോഷിച്ചിരുന്നു! എന്നാൽ ഇപ്പോഴത്തെ കഥയോ—അത് വർണ്ണിക്കേണ്ടതുണ്ടോ?

രാമൻമേനോൻ ഭഗ്നാശയനായി തീർന്ന് തന്റെ പരമ സങ്കടത്തെ പ്രത്യക്ഷപ്പെടുത്തിയിരുന്ന വിളറിയ മുഖം ഉയർത്തി നിർജ്ജീവനയനങ്ങളെക്കൊണ്ടു പത്രാധിപരെ വീക്ഷിച്ച് ആപ്പീസ്സു മുറിയിൽ

നിന്ന് പെട്ടന്ന പുറത്തേക്ക് ഇറങ്ങിപ്പോന്നു. പോരുന്ന വഴിക്കു പത്രാധിപരെ കാണ്മാനായിട്ടന്ന ആപ്പീസ്സിൽ ഒരു സ്ത്രീ നിന്നിരുന്നു. പക്ഷെ, 'ഇദ്ദേഹം എന്തിനാണ ഇങ്ങിനെ ദുഃഖിക്കുന്നത്? ഭൂമിയിൽ അധിക ജനങ്ങളും സങ്കടം അനുഭവിക്കുന്നവരാണല്ലൊ കഷ്ടം' എന്ന് അവൾ മന്ത്രിച്ചതിനെ ചിന്താമഗ്നനായ ഇദ്ദേഹം കേൾക്കുകയൊ, ആ യുവതി എന്തെന്നന്വേഷിക്കുകയൊ ഉണ്ടായില്ല. പത്രാധിപരുടെ സമയം നോക്കി നിന്നിരുന്ന ഈ സ്ത്രീയെ ആപ്പീസ്സിൽനിന്ന് ഒരു ഭൃത്യൻ വന്ന് അദ്ദേഹത്തിന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടുപോയി.

'ഇരിക്കൂ- കണ്ടത് നന്നായി' എന്ന് പത്രാധിപർ പുഞ്ചിരിയിട്ടുകൊണ്ട് പറഞ്ഞു. "സമ്മാന ലേഖനങ്ങൾ വന്നിട്ടുള്ളവയിൽ എല്ലാററിലും നല്ലതു നിങ്ങളുടെ ലേഖനമാണെന്നും, അതിന്നാണ് സമ്മാനം കൊടുപ്പാൻ നിശ്ചയിച്ചിട്ടുള്ളത് എന്നും നിങ്ങളെ അറിയിക്കുന്നതിൽ എനിക്ക് വളരെ സന്തോഷമുണ്ട്. അതുകൊണ്ടു നിങ്ങൾക്കു താമസിയാതെ ഒരായിരം ഉറുപ്പിക ആപ്പീസ്സിൽനിന്ന് അയച്ചുതരുന്നതാണ്.'

പത്രാധിപരുടെ മുഖത്തുനിന്ന് കേട്ടതാണെങ്കിലും തനിക്ക് സമ്മാനം കിട്ടി എന്നുള്ള സംഗതി അവൾക്കുതന്നെ എളുപ്പത്തിൽ വിശ്വാസം വന്നില്ല. എന്തെന്നാൽ ഈ അവസ്ഥ അത്ര വേഗത്തിൽ വന്നുകൂടിയതാണ്.

ഇങ്ങിനെ സംസാരിച്ചുകൊണ്ടിരിക്കുന്നതിന്നിടയിൽ ജാനകി അമ്മ മേശപ്പുറത്ത് പരിഭ്രമിച്ചു നോക്കുന്നതു കണ്ട്,

'എ,—ഇതെന്തൊരു അത്ഭുതമാണ്. എന്തു കഥയാണ്? നിങ്ങൾ ജീവശവംപോലെ നില്ക്കുന്നതെന്താണ്?' എന്ന പത്രാധിപർ ആ യുവതിയോട് ഭയാതുരത്തോടുകൂടി ചോദിച്ചു.

'സാരമില്ല—എനിക്ക് താല്ക്കാലികമായ ഒരു അസ്വാസ്ഥ്യം ഉണ്ടായി. അത്രയേയുള്ളൂ. ക്ഷണനേരത്തിൽ സുഖമാവും.'

സംഭ്രമം മാറിക്കഴിഞ്ഞപ്പോൾ പത്രാധിപർ ഇവളുടെ ചേഷ്ടകളെ സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു. മേശപ്പുറത്തു കിടന്നിരുന്ന ഒരു സന്ദർശനപത്രത്തെ (Visiting card) ആ സ്ത്രീ കണ്ണെടുക്കാതെ നോക്കുന്നതു കണ്ടു.

'പത്രാധിപർ അവർകളെ, നിങ്ങൾ അന്യഥാ ശങ്കിക്കരുത്.

അല്ലാ മുമ്പ് ഇവിടെനിന്ന് പുറത്തേക്ക് പോയ അ—അ—അദ്ദേഹത്തിന്റെ പേര കല്ലത്ത് രാമൻമേനോൻ എന്നുതന്നെയല്ലേ?'

'അതെ, അദ്ദേഹം നിങ്ങളുടെ ഒരു സ്നേഹിതനാണെന്നുണ്ടോ?'

'ഉം—ഏയ്, അല്ല. ഒരു സ്നേഹിതൻ എന്നു പറഞ്ഞുകൂടാ.'

സ്നേഹിതനെന്ന് പറഞ്ഞുകൂടാ അത്രെ! എന്നാൽ അവൾ അദ്ദേഹത്തിന്റെ ഐഹിക സുഖവിച്ഛേദനം ചെയ്ത ദുഷ്ടന്റെ മകളായിരുന്നു എന്നേയുള്ളു!

പത്രാധിപർ—'അദ്ദേഹത്തിന്റെ ലേഖനം നിങ്ങളുടേതിനോട് ഏകദേശം കിട പിടിച്ചിരുന്നു. സൂക്ഷ്മം പറയുന്നതായാൽ നിങ്ങളോട് മത്സരിപ്പാൻ ആ കൂട്ടത്തിൽ അദ്ദേഹം മാത്രമെ ഉണ്ടായിരുന്നുള്ളു.'

ജാനകി അമ്മക്ക് ഈ നടന്ന സംഭവങ്ങളെല്ലാം ഒരു സ്വപ്നംപോലെയാണ് തോന്നിയത്. അവളുടെ മനസ്സ് ദുസ്സഹമായ വികാരങ്ങളുടെ പോർക്കളമായി തീർന്നു. അവൾക്ക് ഇരിക്കപ്പൊറുതിയില്ലാതായി. പൊട്ടി നിലവിളിച്ചാൽ ആശ്വാസം കിട്ടുമെ എന്ന് അവൾക്ക് തോന്നിപ്പോയി. ഹാ, ഹാ, ദുർദ്ദശയുടെ മൂർദ്ധന്യകാലം!

'രാമൻമേനോന്റെ മുഖത്ത് സ്ഫുരിച്ചിരുന്ന അളവറ്റ കന്മഷത്തിന്നു കാരണം ഇതുതന്നെ ആയിരിക്കണം. ശോകമഗ്നനായ അദ്ദേഹത്തിന്റെ അപാരമായ സങ്കടവും ഇതു നിമിത്തം ഉണ്ടായിട്ടുള്ളതാവാനെ വഴിയുള്ളു. അദ്ദേഹത്തിന് കിട്ടേണ്ടതായ സമ്മാനം വ്യർത്ഥമാക്കിയത് ഞാനാണ്. ഇച്ഛാഭംഗത്തിന്നിടയാക്കിയതും ഞാൻ തന്നെയാണല്ലൊ' ഇങ്ങിനെ ഓരോന്ന് വിചാരിച്ച് അവസാനമില്ലാതെ ഉജ്ജ്വലിച്ചിരുന്ന മനോവികാരങ്ങളെ അവൾ അതി പ്രയത്നം ചെയ്ത് ശാന്തമാക്കി. എങ്കിലും ഒരു നിമിഷംപോലും ആ സ്ഥലത്തു താമസിക്കുന്നതിന്ന് അവൾക്ക് സമാധാനമുണ്ടായില്ല. 'കാറ്റ് കൊള്ളണം. വിശാലമായ ഒരു സ്ഥലത്തുപോയി ആശ്വസിപ്പാൻ സൌകര്യം കിട്ടണം. അല്ലെങ്കിൽ ഇനിക്ക് ഭ്രാന്തായിപ്പോകും. ഇനിക്ക് അശേഷം സുഖം തോന്നുന്നില്ല. എന്റെ നിർമ്മര്യാദക്ക് മാപ്പ് തരണെ' എന്ന് അവൾ ദയനീയമായ സ്വരത്തിൽ പത്രാധിപരോട് അപേക്ഷിച്ചു.

'ഓ, ഹോ, അതിനെന്താ. സമ്മാനകാര്യത്തെപ്പറ്റി ഇനി

ക്ക് കുറെ കൂടി സംസാരിപ്പാനുണ്ട്. അത് നാളെയാവാം. നിങ്ങളുടെ സുഖക്കേട് വല്ല നീരിളക്കമൊ മറ്റൊ ആയിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു' എന്നു പറഞ്ഞ് പത്രാധിപർ ജാനകി അമ്മയെ യാത്രയാക്കി.

വീഥിയിൽ എത്തിയപ്പോൾ അവൾക്ക് കുറെ ആശ്വാസം തോന്നി. സന്ദർശനപത്രത്തിൽ കണ്ട മേൽവിലാസം കയ്യിലുണ്ടായിരുന്ന നോട്ടു ബുക്കിൽ എഴുതിയിട്ടു.

'കല്ലൂരത്ത് രാമൻമേനോൻ അവർകൾ ശ്രീപുരം' അതെ, ഇദ്ദേഹംതന്നെയായിരുന്നു ഇരുമ്പ് കമ്പിനിയിൽ പലിശയ്ക്ക് കൊടുപ്പാനായി ൫൦൦൦ ക. അച്ഛനെ ഏല്പിച്ചു കൊടുത്തിരുന്നത്'. എന്നിങ്ങനെ കഴിഞ്ഞുപോയ കാര്യങ്ങളെ ഓർത്ത്, ഓർത്ത്, അവളുടെ തലച്ചോറ് തീപ്പിടിച്ചപോലെയായി. അംഗങ്ങളെല്ലാം സ്വാധീനതയില്ലാതെയായി തീർന്നു. താൻ നടന്നിരുന്നത് എവിടെക്കെന്നും, എങ്ങിനെയെന്നും, അവൾക്ക് അറിവില്ലാതെയായി. ജനസമുദായത്തിൽനിന്നും വേർവിട്ടു വിജനവാസം ചെയ്യുവാൻ കൊള്ളാമെന്ന് അവൾക്ക് മോഹം തുടങ്ങി. കല്ലൂരത്ത് രാമൻമേനോൻ, രാമൻമേനോൻ ശ്രീപുരം—ശ്രീപുരം രാമൻമേനോൻ—' എന്നീ മന്ത്രപാരായണം തുടങ്ങി.'

അപ്പോഴേക്കും ആ സാധുവായ രാമൻമേനോൻ. അതി വിഷണ്ണനായി അയാളുടെ ദരിദ്രാലയത്തിലേക്ക് മടങ്ങിപ്പോകുന്നത് അവൾ കണ്ടു. ഇച്ഛാഭംഗംകൊണ്ട് നിരാശപ്പെട്ട അയാൾ തന്റെ ദുർവ്വിധിയെ ഓർത്ത് അതി കഠിനമായി വിലപിക്കുന്നതും കേട്ടു. പെട്ടെന്ന് ഒരു സ്ത്രീയുടെ ആർത്ത സ്വരം ഉച്ചത്തിൽ കേൾക്കാറായി. ഉടനെതന്നെ ഒരു സ്ത്രീരൂപം ഭൂമിയിൽ പതിക്കയും ചെയ്തു. അതു കണ്ട് വഴിയെ പോയിരുന്നവർ ആ സ്ത്രീയെ രക്ഷിപ്പാനായി ഓടിച്ചെന്നു. യാതൊരു അനക്കവും കൂടാതെ കിടപ്പുള്ള ആ ശരീരത്തെ എഴുനീല്പിപ്പാൻ ഉത്സാഹിച്ചു തുടങ്ങി. ഇതിനിടയ്ക്ക് ചിലർ പോയി ഒരു ഡാക്ടരെ വിളിച്ചുകൊണ്ടുവന്നു. അദ്ദേഹം ദേഹം പരിശോധിച്ചു നോക്കിയതിൽ 'വൈഷമ്യമില്ല—പരിഭ്രമിപ്പാനൊന്നുമില്ല—ജീവിക്കും' എന്നു പറഞ്ഞ് അവിടെ നിന്നിരുന്ന തന്റെ വണ്ടിക്കാരനോടു അവളെ വണ്ടി കയററി ആസ്പത്രിയിലേക്കു കൊണ്ടുചെല്ലുവാനായി പറഞ്ഞു പോകയും ചെയ്തു. വണ്ടിക്കാരനും എജമാന

പ്രീതിക്കായി തൽക്ഷണംതന്നെ അവളെ വണ്ടികയറി ആസ്പത്രിയിൽ കൊണ്ടുപോയി ആക്കി. അവിടെ ദിനക്കാരിയെ ശുശ്രൂഷിപ്പാനായി ഡാക്ടർ രണ്ടു സ്ത്രീകളെ (Nurses) നിയമിച്ചു. അവർ അവളെ മാതൃവാത്സല്യത്തോടുകൂടി ശുശ്രൂഷിച്ചു. ഏകദേശം 6 മണിക്കൂറ് കഴിഞ്ഞപ്പോഴെക്കും സ്ത്രീക്ക് ബോധം ഉണ്ടായി. 'ഞാൻ ഇപ്പോൾ എവിടെയാണ്? ഈ സ്ഥലം ഏതാണ്' എന്നു മാത്രം അവൾ അടുത്തിരുന്നവരോടു ചോദിച്ചു.

'ഭയപ്പെടേണ്ട, നിങ്ങൾക്ക് വേണ്ടിയുള്ളവർതന്നെയാണ് ഞങ്ങൾ എല്ലാവരും. ഈ ക്ഷീണത്തോടുകൂടി സംസാരിച്ച് ആയാസപ്പെടരുതെ. കുറെ നേരംകൂടി കിടക്ക. ഞങ്ങൾ അടുക്കത്തന്നെ എല്ലായ്പോഴും ഉണ്ടു.' ഇപ്രകാരം സമാശ്വാസിപ്പിച്ചതിനു ശേഷം അവൾ വീഥിയിൽ പെട്ടന്നു വീണതും, അതിൽപിന്നെ കഴിഞ്ഞ വർത്തമാനങ്ങളും ചുരുക്കത്തിൽ പറഞ്ഞ് അവർ അവളെ മനസ്സിലാക്കി. പൂർവ്വകഥ സ്മരണയുണ്ടായപ്പോഴെക്കും അവൾ

'അയ്യൊ—എന്റെ അമ്മെ. ക്ഷീണംകൊണ്ടു വയ്യ, ഇനിക്ക് വല്ലാത്ത ക്ഷീണം' എന്നു പറഞ്ഞ് മൂർഛിച്ചു. ഉടനെ പരിചാരികമാർ (Nurses) കുറച്ചു വെള്ളം കൊണ്ടുവന്ന് മുഖത്തു എറികയും, ഒരു മരുന്നുകൊണ്ട് നസ്യം ചെയ്യുകയും ചെയ്തു. അല്പം നേരം കഴിഞ്ഞതും അവൾപെട്ടന്നു കണ്ണുകൾ തുറന്ന് 'ഡാക്ടരെ കാണണം, ഡാക്ടരെ കാണണം' എന്ന് ആവശ്യപ്പെട്ടു തുടങ്ങി. ഡാക്ടർ, ഈ വിവരം അറിഞ്ഞ് സമീപത്തു ചെന്നപ്പോൾ അവൾ

'ഡാക്ടരെ, ഇനിക്ക് ദീനം സാമാന്യത്തിലധികം ഉണ്ട്. ഇല്ലെ? സൂക്ഷ്മം പറയൂ.'

ഡാക്ടർ— ഏയ്— ഇല്ല. സാരമില്ല. അതു വെറുതെ നിങ്ങളുടെ പേടിയാണ്. ക്ഷണത്തിൽ ഭേദമാകുന്നതാം.

ജാനകിഅമ്മ—'ഇനിക്ക് യാതൊരു ഭയവും ഇല്ല, ഡാക്ടർ. ലവലേശം ഇല്ല. മരിക്കുന്നതിൽ എന്തു ഭയം. എങ്കിലും ഞാൻ ഇതിൽനിന്നു ജീവിക്കയില്ലെന്ന് ഇനിക്കു തോന്നിത്തുടങ്ങിയിരിക്കുന്നു.'

ഇപ്പോൾ അവൾക്ക് മനസ്സിന് സംഭ്രമം ഒട്ടുംതന്നെ കണ്ടില്ല. എന്നുതന്നെയല്ല, വളരെ സമാധാനവും ഉള്ളതായി തോന്നി.

പിന്നേയും ഡാക്ടരോടായിട്ടു് 'ഇവിടുന്നു ഇനിക്കു് ഒരു സഹായം ചെയ്യുതരുമോ?'

ഡാക്ടർ—എന്താണു് വേണ്ടതു്? പറയൂ. ഉടനെ ചെയ്യാമല്ലോ.

ജാനകിഅമ്മ— ഇനിക്കുവേണ്ടി നിങ്ങൾ രണ്ടു എഴുത്തുകൾ എഴുതി അയക്കണം. രണ്ടേരണ്ടു് എഴുത്തു്.

ഡാക്ടർ ഉടനെ കടലാസ്സും പേനയും വരുത്തി അടുത്തുണ്ടായിരുന്ന മഷിക്കുപ്പി എടുത്തു വെച്ചു് എഴുതുവാൻ ഒരുങ്ങി. അവൾ എന്തോ ആലോചിച്ചുകൊണ്ടിരിക്കുന്നതു കണ്ടു് കുറച്ചു നേരം താമസിച്ചു. പിന്നെ 'ഞാൻ തയ്യാറായി' എന്നു പറഞ്ഞു.

ജാനകിഅമ്മ—ഓ—ശരിതന്നെ. എഴുത്തിന്റെ കാര്യം. ഞാൻ കുറച്ചൊന്നു അന്ധാളിച്ചുപോയി. ക്ഷമിക്കണം. ഒരു എഴുത്തു 'നി തപമാസിക' പത്രാധിപർ അവർകൾക്കാണു. കുറച്ചു ഉള്ളൂ. എഴുതിക്കോളൂ.

'എന്റെ ലേഖനം ദയ്‌ചെയ്തു മടക്കി അയച്ചുതരണം. ഇങ്ങിനെ ഒരു ലേഖനം കിട്ടിയതായി വിചാരിക്കേണ്ട. കാരണം വഴിയെ.'

ഡാക്ടർ— എഴുതികഴിഞ്ഞു. രണ്ടാമത്തേതോ?

ജാനകിഅമ്മ— അതു ശ്രീപുരം കല്ലുതറ രാമൻമേനോൻ അവർകൾക്കാണു്. ഇപ്രകാരം എഴുതിയാൽമതി.

'ഒരു കാര്യം അടിയന്തരമായി കണ്ടു് പറഞ്ഞാൽ കൊള്ളാമെന്നുണ്ടു്. ഉടനെ തന്നെ ഇത്രത്തോളം വരുവാൻ അപേക്ഷ.'

'പുളുകുളത്തിൽ ജാനകിഅമ്മ'

ഡാക്ടരെ, ഈ എഴുത്തു് ഇപ്പോൾ തന്നെ ഒരാളുടെ കയ്യശം കൊടുത്തയച്ചാൽ അധികനന്നു്.

ഡാക്ടർ— അങ്ങിനെ തന്നെ. ഇതു ഇപ്പോൾതന്നെ കൊടുത്തയച്ചുകളയാം' എന്നു പറഞ്ഞു് ഡാക്ടർ എഴുത്തുംകൊണ്ടു പുറത്തേക്കു പോയി. ശ്രീപുരത്തുള്ള ഒരാളെ ഇവൾക്കു കണ്ടിട്ടുള്ള കാര്യമെന്തായിരിക്കും എന്നായിരുന്നു അയാളുടെ വിചാരം.

* * * *

സമയം പോകുന്നില്ല. ഒരു നിമിഷം കഴിച്ചുകൂട്ടുന്നതു് ഒരു യുഗമായി ജാനകി അമ്മക്കു തോന്നിത്തുടങ്ങി. ദീനക്കാരിയുടെ മുറിയിൽ ഒരു ഘടികാരത്തിന്റെ 'ടിക്കു് ടിക്കു്' എന്ന ശബ്ദമല്ലാതെ വേറെ

ഒന്നും കേൾപ്പാനില്ല. തന്നെ കാണ്മാനായി ആരെങ്കിലും വന്നിട്ടുണ്ടോ എന്ന ഭാവത്തിൽ അവൾ കൂട്ടങ്ങളുടെ ചുറ്റും നോക്കുകയും 'ഇതെന്താ— ഒരു സമയം അയാൾ വരാൻ വൈകുമോ, നേരം തെറ്റിപ്പോകുമോ' എന്നിങ്ങിനെ പിറുപിറുക്കയും ചെയ്തിരുന്നു.

കുറെ കഴിഞ്ഞപ്പോൾ പുറത്ത് ഒരാൾ കല്പടമേൽ ചവിട്ടി കയറുന്നതും, വാതിലിന്മേൽ മുട്ടുന്നതും കേട്ട് ജാനകി അമ്മ പിടഞ്ഞ് എഴുന്നില്പാൻ ഉത്സാഹിച്ചു. പരിചാരികമാരിൽ ഒരുവൾ 'അമ്മ—എഴുന്നീല്ക്കേണ്ട ഞാൻ പോയി തുറക്കാം' എന്നു പറഞ്ഞു പോയി. വാതിൽ തുറന്നു നോക്കിയപ്പോൾ മുഷിഞ്ഞു മുഷിഞ്ഞ ഒരു വസ്ത്രം ധരിച്ചിരിക്കുന്ന ഒരാൾ നില്ക്കുന്നതു കണ്ടു. മലിനവസ്ത്രധാരിയാണെങ്കിലും മുഖഭാവം കൊണ്ട് അയാൾ ഒരു യോഗ്യപുരുഷനാണെന്ന് ഊഹിക്കാമായിരുന്നു.

'എന്നോട് ഇവിടെ വരാനായിട്ട് ആളെ പറഞ്ഞയച്ചിരുന്നു. ഇല്ലേ' എന്ന് അയാൾ പരിചാരികയോടായിട്ടു ചോദിച്ചു.

ഇത് കേട്ടതും ജാനകി അമ്മ 'ഉവ്വ്', ഉവ്വ്, ശരിതന്നെയാണ്. ഞാനാണ് ആളെ അയച്ചിരുന്നതു'

ഉടനെ തന്നെ ജാനകി അമ്മ പരിചാരികമാരോട് ആ അകത്തുനിന്ന് തല്ക്കാലം കുറച്ചു നേരത്തേക്ക പുറത്തു പോയിരിപ്പാൻ ആവശ്യപ്പെട്ടപ്രകാരം അവർ മുറി വിട്ടുപോയി. ഈ ദീനക്കാരി 'നിരൂപകമാസികാ' പത്രാധിപരുടെ ആപ്പീസ്സിൽ വെച്ചു കണ്ട സ്ത്രീയാണെന്ന് രാമൻമേനോൻ അറിഞ്ഞപ്പോൾ ഒന്ന് ആശ്ചര്യപ്പെട്ടു. ജാനകി അമ്മ ദീനംകൊണ്ടു കഠിനമായി വ്യാകുലപ്പെട്ടുന്നുണ്ടെങ്കിലും, രാമൻമേനോനെ കണ്ടതിൽ സന്തോഷം നടിച്ച് വളരെ ദീനസ്വരത്തിൽ 'ഇരിക്ക നിങ്ങൾ ആണല്ലെ കല്പത്ത രാമൻ മേനോൻ' എന്നു ചോദിച്ചു.

രാമൻമേനോൻ—അതെ- അയാൾ ഞാൻ തന്നെയാണ്.

ജാനകി അമ്മ—ഇന്നലെ കാലത്ത് നിങ്ങൾ 'നിരൂപകമാസികാ' പത്രാധിപരുടെ അടുക്കൽ പോയിരുന്നു. ഇല്ലേ? നിങ്ങളുടെ ലേഖനത്തിനല്ലെ സമ്മാനം കിട്ടേണ്ടതായിരുന്നത്? പക്ഷെ—

രാമൻമേനോൻ— പക്ഷെ, അതിലും നല്ലതായി വേറെ ഒരു ലേഖനം അദ്ദേഹത്തിന് കിട്ടിപ്പോയി.

ജാനകി അമ്മ— അതെ, അതിലും വലുതായി വേറെ ഒന്നുണ്ടായിരുന്നു. ഇനിക്കറിയാം അത എന്റേതുമായിരുന്നു.

രാമൻമേനോൻ—നിങ്ങളുടേതോ!

ജാനകി അമ്മ—അതെ, എന്റേതായിരുന്നു. നില്ലു. പോകുവാൻവരട്ടെ. ഇനിക്ക് നിങ്ങളോട് ഒരു സംഗതി പറവാനുണ്ട്. വേഗത്തിൽ പറഞ്ഞു കളയാം. എന്തെന്നാൽ എന്റെ കഥ ഇപ്പോൾ അവസാനിക്കും. ഞാൻ മരിക്കാറായി' എന്നു പറഞ്ഞ് അയാളുടെ മുഖത്തേക്ക് ഒന്നു നോക്കി. ജാനകി അമ്മക്ക് ക്ഷീണം അധികമായി ബാധിച്ചുകഴിഞ്ഞു. എങ്കിലും അവൾ ഞെരുങ്ങി പിടിച്ചു പറഞ്ഞു തുടങ്ങി.

'പള്ളിലക്കാട്ട് പരമേശ്വരമേനോനെ നിങ്ങൾ കേട്ടിട്ടില്ലേ?'

രാമൻമേനോന്റെ മുഖഭാവം തൽക്ഷണം മാറി. കവിൾത്തടങ്ങൾ ചുമന്നു വശായി, എങ്കിലും താണസ്വരത്തിൽതന്നെ മറുപടി പറഞ്ഞു.

'പരമേശ്വരമേനോനെ കേട്ടിട്ടില്ലേ എന്നോ! അദ്ദേഹമല്ലേ ഞങ്ങളെ ഇങ്ങിനെ അരിഷ്ടസ്ഥിതിയിലാക്കിയത്. മനുഷ്യസൃഷ്ടിയിൽ അദ്ദേഹത്തെപ്പോലെ ഇത്ര—

ജാനകി അമ്മ—മതി, നില്ലു. അദ്ദേഹം ഇപ്പോൾ ഇല്ല. മരിച്ചുപോയി. എന്റെ പിതാവായിരുന്നു—'

രാമൻമേനോൻ ഇതു കേട്ട ഒന്നു ഞെട്ടി പിന്നോക്കം നീങ്ങി. 'നിങ്ങളുടെ അച്ഛനോ?' എന്നു ചോദിച്ചു.

ജാനകി അമ്മ—അതെ, എന്റെ അച്ഛൻതന്നെ. അദ്ദേഹം നിങ്ങൾക്ക് അതി കഠിനമായ ദ്രോഹം ചെയ്തു. 'അതെല്ലാം പൊറുക്കണെ, ക്ഷമിക്കണെ' എന്ന് അദ്ദേഹം മരണത്തിനു മുമ്പു ദൈവത്തെ പ്രാർത്ഥിച്ചിരുന്നു.

ഇത്രയും പറഞ്ഞപ്പോഴേക്കും ജാനകി അമ്മയുടെ ദേഹം ആസകലം ഒന്നു തളൎന്നു, മുഖം വിവൎണ്ണമായി തീൎന്നു. കഥ തീരാറായി, കാലം എത്തി, എന്നറിഞ്ഞു പരിഭ്രമത്തോടും മരണവേദനയോടുംകൂടി

'എന്റെ അച്ഛൻ നിങ്ങളെ ചതിച്ചു—ദ്രോഹപ്പെടുത്തി. ശരിതന്നെ. എന്നാൽ അദ്ദേഹത്തിന്റെ പുത്രി—ഞാൻ—നിങ്ങളോട് അപരാധം പറയുന്നു. ക്ഷമിക്കണെ—മാപ്പു തരണെ—ഈശ്വര

—കൃപതന്നെ—കടം ഞാൻ തീൎത്തു തരാം. കേരള—പത്രാധിപൎക്ക് ഞാൻ കുറച്ചു മുമ്പെ എഴുതി അയച്ചിട്ടുണ്ട്. എന്റെ കഥ മടക്കി അയക്കും—പിന്നെ നിങ്ങൾക്കാണ് സമ്മാനം—അമ്മേ! അതിന്ന വിരോധം പറയല്ലെ. സമ്മാനം നിങ്ങൾക്ക്—നിങ്ങൾക്കുതന്നെ—'

ഈ സമയംകൊണ്ട് അവളുടെ ദേഹത്തിൽ തണുപ്പു വല്ലാതെ കയറിക്കഴിഞ്ഞു. ഞരമ്പുകൾ എല്ലാം നിന്നു. കൃഷ്ണമണികൾ നിശ്ചലമായി. ശബ്ദം അസ്പഷ്ടമായി. 'അത്—അച്ഛന്റെ കടത്തിന്ന—ഞാൻ—തന്നതാണ്—മകളെ. ആ—കടം—വീട്ടിയത്—' എന്നു മാത്രം കഷ്ടിച്ചു കേട്ടു. ജാനകി അമ്മ സല്ഗതിയെ പ്രാപിച്ചു.

എസ്സ്. വി. ആർ.

അന്ധവിശ്വാസം

ചകലജന്തുനിറച്ചിടുന്നതിൽപടമോൎപ്പ്വരിൽകിനാവുകൾ
പരിചാരമെഴുന്നരാത്രിയിൽ,പരമിച്ചാറങ്ങനെയൊരംഗണം.

സ്വപ്നങ്ങൾ, ശകുനങ്ങൾ, ഭാഗ്യം, ഭാഗ്യക്കേടു, മന്ത്രവാദം മുതലായ അയുക്തികങ്ങളായ അനുഭവങ്ങൾ അന്ധവിശ്വാസമെന്ന പദത്തിലുൾപ്പെടുന്നു. ജീവിതത്തിൽ അവയിൽ ഏതാനും നമ്മുടെ മനസ്സിൽ പതിയാതെ വരികില്ലെന്നുള്ളതുകൊണ്ടുമാത്രമല്ല അവ വിചാരണാൎഹങ്ങളാകുന്നത്. അവ നമ്മുടെ മനഃപ്രവൃത്തികളെ വിശദീകരിക്കയും ചെയ്യുന്നു.

പ്രബോധവും നിദ്രയും നമ്മുടെ ജീവിതസാമ്രാജ്യത്തെ പകുത്തനുഭവിക്കുന്നു. തമ്മിൽ കെട്ടിപ്പിണഞ്ഞു സുഖമായി കിടക്കുന്ന രണ്ടു ബാലകന്മാരെ നിദ്രാഭിചാരിണി നിഷ്ഠുരമായി അന്യായേന ഭിന്നരാക്കുന്നു.

കാട്ടുംമേട്ടുംസമുദ്രംമലകളുമവിയുംപാറയുംകാവുമേവം
നാട്ടുംനാനാജനാനാരതിയുമൊരുനടൻചാന്നിട്ടുംമാറിമാറി

വിട്ടാക്കൂട്ടംവെടിഞ്ഞിട്ടൊരുടിമറയും നാകത്തിങ്കലെപ്പോ-
ഴട്ടാളവിൽക്കിനാവാം നഗരമതിലഹോ! തിക്കുമില്ലുന്തുമില്ല

പലരും സ്വപ്നം കാണുന്നതല്ല, എങ്ങനെ സ്വപ്നം കാണുന്നു എന്നതാണ്, ആശ്ചര്യം. ജാഗ്രദവസ്ഥയുടെ ബുദ്ധിയെ പണയംവെച്ച്, ദേശവും കാലവും, നാട്ടും, നഗരവും, ജനങ്ങളും ജന്തുക്കളുമെല്ലാം പ്രകൃതിസിദ്ധങ്ങളായ നിയമങ്ങളെ അതിലംഘിച്ച് അനന്താനന്തമായ ഹാസ്യമായും ഭീഷണമായും നൃത്തമാടുന്നതിനു രംഗഭൂമിയായി തീരുന്നതാണ് ആശ്ചര്യം.

മുന്നമങ്ങുള്ളൊരു ശയ്യാതലത്തിൽ നമ്മുടെ സഹചാരികളായ്
നിന്നിരുന്നോരു പരലോകവിരുന്നൊട്ടുസമ്പ്രതം
ഇന്നതു പിരിഞ്ഞു പോയെന്നിട്ടുമപ്പിന്നെയും
മന്നിൽനിന്നു വിട്ടുപോയവരല്ലൊ പിരിയുന്നതും

ചിലപ്പോൾ കരകാണാത്ത സമുദ്രങ്ങളിലും അവസാനിക്കാത്ത വഴികളിലും ഒരു ഭയം കൂടാതെ അനന്തമായി നാം സഞ്ചരിക്കുമ്പോലെ തോന്നുന്നു; ചിലപ്പോൾ കഠിനമായ ദുർഗ്ഗപാതങ്ങൾ നടത്തുന്നു; കാര്യമില്ലാത്ത കാര്യത്തിനു വളരെ പ്രയത്നിക്കുന്നു. നേരം പോക്കുകൾ കണ്ടു ചിരിക്കുന്നു. ചിരി കേട്ട് ഉണർന്നു നോക്കുമ്പോൾ നിശ്ശബ്ദമായും ഭയങ്കരമായുമുള്ള നിശീഥത്താൽ ശിക്ഷിതന്മാരായിട്ട് ഈ എളുപ്പച്ചിരിയുടെ കാരണത്തെ മനസ്സിലാക്കാൻ പഠിച്ച പണിയെല്ലാം നോക്കുന്നു. സ്വപ്നങ്ങളെ ഓർമ്മിക്കുന്നതു വളരെ പ്രയാസമാണ്. ഓർക്കാൻ ശ്രമിക്കുന്തോറും അവ മറവിൽ ഒളിക്കും. നല്ല രസകരങ്ങളായ സ്വപ്നങ്ങൾ കണ്ട് ഉണർന്നയുടനെ അവയെ നമുക്ക് നല്ല ഓർമ്മയുണ്ടെന്നു തോന്നും. അതിന്റെ വികാരത്തിൽ നിന്നു നാം വിട്ടുമാറീട്ടില്ലായിരിക്കാം. അതിന്റെ ഒരംശം കിട്ടിയാൽ മുഴുവൻ ഓർമ്മിക്കാം. എങ്കിലും അതിന്റെ ഒരറ്റത്തും പിടികിട്ടുന്നില്ല. മുഴുവനും കാറ്റിൽ പുകപോലെ പോകുകയും ചെയ്യുന്നു. ഇത്ര വേഗത്തിൽ നശിച്ചുപോകുന്നതും പിടികിട്ടാത്തതുമായി സ്വപ്നംപോലെ മറ്റൊന്നുമില്ല.

സ്വപ്നങ്ങൾക്കെല്ലാം എന്തോ ഒരു സംബന്ധച്ചേർച്ചയില്ലായ്മ ഉണ്ടായിരിക്കും. അസഹനീയമായ ഒരു ന്യൂനത അവയെ ബാധിച്ചിരിക്കും. നല്ല മനോഹരങ്ങളായ രൂപങ്ങൾക്ക് എന്തെങ്കിലും ഒരു അ

ഭാഗികമാണു. എന്നുതന്നെയല്ല, പാകമല്ലാത്ത മറെറാരുത്തൻെറ ചട്ടയെടുത്തിട്ടാലെന്നപോലെ, സ്വപ്നത്തിലെ ആളുകളും ദിക്കുകളുമെല്ലാം നമുക്കു ചേരാത്തതായി തോന്നുന്നു. ഇതുകൊണ്ടു തന്നെ അറിയണം പ്രകൃത്യാനുസാരിണിയായ മനുഷ്യസ്ഥിതി ഉണൎന്നിരിക്കുമ്പോഴാണ് എന്ന്.

ഉണൎന്നിരിക്കുമ്പോഴുള്ള ഓൎമ്മയൊന്നു വേറെ, ഉറക്കത്തിലൊന്നു വേറെ, വളരെ കാലം മുമ്പിൽ സ്വപ്നം കണ്ടിട്ടുള്ള സ്ഥലങ്ങളേയും ആളുകളേയും മററും ഉറക്കത്തിൽ പിന്നേയും നമുക്ക് ഓൎമ്മ വരുന്നുണ്ട്- ഈ വണ്ടിയിൽ സവാരി ചെയ്തിട്ടുള്ളതായി ഞാൻ മുൻപിൽ പലപ്പോഴും സ്വപ്നം കണ്ടിട്ടുണ്ടെന്നു സ്വപ്നത്തിൽ നാം ഓൎക്കുന്നു. ഈ വൎത്തമാനം ഇയാളോടു ഇവിടെ വച്ചു തന്നെ പറഞ്ഞിട്ടുണ്ട്, അല്ലെങ്കിൽ കേട്ടിട്ടുണ്ട്, എപ്പോഴെന്ന് ഓൎമ്മിക്കുന്നില്ല എന്നു നമുക്കു ഉണൎന്നിരിക്കുമ്പോൾ തോന്നാറുള്ളതുപോലെ ഉറക്കത്തിലും തോന്നാറുണ്ട്. സ്വപ്നത്തിലുള്ള ഈ അനുഭവം പ്രത്യേകം സൂക്ഷിച്ചറിയേണ്ടതാണ്.

ജന്തുക്കൾ പ്രകൃതിയുടെ സ്വപ്നങ്ങളെന്ന്, പറയപ്പെട്ടിരിക്കുന്നു. നമ്മുടെ സ്വപ്നാവസ്ഥയിലുള്ള ജ്ഞാനം അവയുടേതിനു തുല്യമായി വിചാരിക്കാം. അപ്പോൾ വിശേഷബുദ്ധി പ്രസുപ്തയായി നാം വാസനാമാത്രാനുസൃതന്മാരായി ജാഗ്രദവസ്ഥയിൽ അസംഭവ്യങ്ങളായി ഗണിക്കുന്നവയെ തൎക്കംകൂടാതെ അനുവദിക്കുന്നു. ഒരു പഞ്ജരബദ്ധയായ ശുകിയുടെ വിധത്തിലാണ് അപ്പോഴുള്ള നമ്മുടെ ബുദ്ധിയുടെ അവസ്ഥ. കഷ്ടം! അതിൻെറ ആ അവസ്ഥ എത്ര ശോച്യമാണ്! സ്വതന്ത്രചാരികളായ മൃഗങ്ങളുടെ അവസ്ഥ കാണുമ്പോൾ എന്ത്! നമ്മെപ്പോലെ സ്വാതന്ത്ര്യം അതിനുണ്ടോ? എന്നു നമുക്കു തോന്നുന്നു. ഒരു ജ്ഞാനം അതിനുണ്ടോ? നമ്മെപ്പോലെ അതിനും തന്നെത്താൻ അറിയാനുള്ള ശക്തിയുണ്ടോ? നമ്മുടെ കഥകളിൽ മൃഗങ്ങളും പക്ഷികളും മനുഷ്യരെപ്പോലെ പ്രവൃത്തിച്ചതായും മററും പറയുന്നതിൻെറ തല്പൎയ്യം മറെറാന്നുമല്ല, നമ്മുടെ ശക്തിയെ അവയിൽ അധ്യാസിക്കുന്നതത്രേ. എന്നുകൊണ്ടാണ് ഒരു മാതിരി പഴങ്കഥകൾക്ക് ഒരു നിലനില്പ് കാണുന്നത്? തപത്തിനോട് അവജ്ഞ് എന്തൊണ്ടു ചേൎച്ചയുള്ളതുകൊണ്ടുതന്നെ. ജന്തുക്കളോടുമാത്രമല്ല അപരിഷ്കൃതന്മാരായ പുലയർ

മുതലായ മനുഷ്യവർഗ്ഗത്തോടും നമുക്ക് ദയനീയത തോന്നിപ്പോകുന്നു. അവരിലും ചിലർ ജ്ഞാനമുള്ളവരായി കാണപ്പെടുന്നുണ്ട്. മിക്കവരും അപ്രകാരമല്ല. തങ്ങളുടെ സ്ഥിതി തനിക്ക് അറിയാൻ അവക്ക് ശക്തിയുണ്ടായിരുന്നെങ്കിൽ അവർ നിസ്സംശയമായി ആത്മഹത്യ ചെയ്യുമെ എന്ന് നമുക്കു തോന്നിപ്പോകുന്നു.

സ്വപ്നങ്ങൾക്കു ഒരുവക സത്യമുണ്ട്. യുക്തിയുടെ കണ്ണിൽ മണ്ണുവാരിയിടുന്നവയാണെങ്കിലും അവയ്ക്കു ഒരു ന്യായമില്ലാതില്ല. അവ നമ്മുടെ ബുദ്ധിയെ ഒന്നു കവിഞ്ഞു നില്ക്കുന്നു. ജാഗ്രദവസ്ഥയിൽ അനുഭവത്തിൽ വരാത്തതായ അനേക വിചാരപരമ്പരയെ അവ സൂചിപ്പിക്കുന്നു. അവയ്ക്കും നമുക്കും യാതൊരു സംബന്ധവുമില്ലെന്ന് തോന്നുന്നു, എങ്കിലും നമ്മുടെ ആത്മജ്ഞാനം അപ്പോൾ തീരെ ഇല്ലാതില്ല. ഒരു വിധം നോക്കുമ്പോൾ സ്വപ്നങ്ങൾ നമുക്ക് അതീന്ദ്രിയജ്ഞാനത്തെ തരുന്നു എന്നു പറയാം. എന്റെ സ്വപ്നങ്ങൾ ആത്മീയമല്ല. പരകീയമാണോ? അതുമല്ല, രണ്ടുമാണ്. സ്വപ്നങ്ങളെല്ലാം മനഃകല്പിതങ്ങളാണെന്ന് നാം പറയാറുണ്ട്. എന്നാൽ അവ കൂട്ടത്തിൽനിന്നു പിണങ്ങിനില്ക്കുന്ന പട്ടാളക്കാരെപ്പോലെ സ്വാമിയെ ആക്രമിക്കുന്നു. എല്ലാപ്രവൃത്തിയും, വിചാരവും, കാരണവും ഇരുതല മൂരികളാണെന്ന് ഇതുകൊണ്ടറിയണം. പ്രവൃത്തി നിവൃത്തിശക്തികൾ ഒന്നിൽതന്നെ അടങ്ങിയിരിക്കുന്നു.

ജ്ഞാനാതീതമായ ഏതോ ഒരു ശക്തിയിൽ നിന്നു നമുക്കു ചിലപ്പോൾ സ്വപ്നത്തിൽ മുന്നറിവുകൾ സിദ്ധിക്കുന്നു. നമ്മുടെ ജീവിതകാലത്തിൽ ഇങ്ങനെ ഒന്നുരണ്ട് അനുഭവങ്ങളെങ്കിലും ഉണ്ടാകാതെയിരിക്കുകയില്ല. അപ്പോൾ ഇത് പ്രാപഞ്ചിക ബോധത്തെ വിട്ട് മറ്റൊന്നുപോലെ നമുക്കു തോന്നുന്നു. സ്വപ്നങ്ങൾ ഇങ്ങിനെ വരാൻ പോകുന്നതിനെ കുറിക്കുന്നതായി പലരും അനുഭവപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ ശക്തി പലപ്പോഴും മറ്റൊന്നുമല്ല. നമ്മുടെ മനസ്സിൽ പിരിഞ്ഞു കിടന്നിരുന്ന വിചാരങ്ങളുടെ അനൈച്ഛികമായ പരിപാകംകൊണ്ടും സമ്മേളനംകൊണ്ടും ഗുണാകാരന്യായേന ഉണ്ടായതാകുന്നു. ഇന്നയാൾ ഇന്നവിധം പ്രവൃത്തിക്കുമെന്ന് ഉണർന്നിരിക്കുമ്പോൾ നാം ഊഹിക്കുന്നു. സ്വപ്നത്തിൽ അയാൾ മറ്റൊരുവിധം പ്രവൃത്തിക്കുന്നതായി കാണുന്നു. അതിനു യുക്തിയൊന്നുമില്ല. എങ്കിലും അചിരേണ അതു സത്യമായി വരുന്നു. ഇതിൽ

സ്വപ്നംമാത്രമല്ല കാൎയ്യകാരി മുൻപിൽ തങ്ങികിടന്നിരുന്ന വിചാര ശകലങ്ങളെ ഒരു പ്രാൎത്ഥികൻ കൂട്ടിച്ചേൎത്തു സത്യമാക്കുന്നതാണ്. ഇതുകൊണ്ട് സ്വപ്നങ്ങളും, ശകുനങ്ങളും മുതലായവ ആത്മാവിന്റെ ഭേദഭാവങ്ങളാണെന്നു ചിലർ പറയുന്നതു വാസ്തവം തന്നെ.

(തുടരും)

പി. രാമ രാജവൎമ്മ രാജ, ബി. ഏ.

കോമപ്പൻ

൧൩. നേരംമറച്ചുചിലരെന്നാളുരച്ചുതങ്ങ
ളേവനണിച്ചിരിതിരിച്ചുചതിച്ചുകൊല്ലംവാൻ
ചേരുംചൊടിച്ചുടനെയാങ്ങളവർകളെഴു-
പ്പേരാപിടിച്ചുപൊടികാച്ചുണമെന്നുവെച്ചു്

൧൪. തേടിത്തരത്തിൽവരമങ്ങളുരാത്രിതന്നെ-
ഞാടിത്തരത്തിനടെക്കുലികിടസ്സുമെന്നാൽ
ഓടിത്തിരിച്ചുകവർന്നിങ്ങടെവീട്ടിലുള്ളോ-
രോടിത്തിരിച്ചുകറിവുള്ളവരല്ലയല്ലോ

൧൫. പോയായിതിത്രപകയുള്ളവരോടെടുത്തു
പോയാലതെത്രതകരാറിയവാതല്ല
പോയാലുമിത്തിരിയുമിങ്ങടിച്ചുനിന്ന
പോയാലിതിന്റെ നയമാങ്ങളുമാത്രകൊല്ലും

൧൬. എന്നോതിനാണോ, മടു, ലജ്ജകെടുതി, പേടി, മുമ്പാ
യെന്നോതിനാൻകുമിവയൊക്കെയുമുള്ളിലാൻ്
നിന്നോരിളകയിൽമൊടിച്ചുകനാർകൊടുത്തി-
ട്ടിന്നൊരുതിനനവരല്ലൊടൊന്നുചിരിച്ചുകാരൻ

കോമപ്പൻ

൩൦. തേടിക്കയറ്റുപടയിൽപ്പലർകൂടിവന്നാൽ
കൂടിക്കരുത്തുടയകയ്യിളകൂസുകില്ല
മോടിയ്ക്കുവേണ്ടിയരവാളിതെടുത്തതല്ല
പേടിയ്ക്കുവേണ്ടപിടമാൻമിഴിതെല്ലുപോലും

൩൧. കയ്യുള്ളനാളിലതിലിങ്ങനെവാളിരിക്കെ
മെയ്യുള്ളമാററലരിലാരുമെന്നടുത്താൽ
ഇയ്യുള്ളവന്നൊരുകലുഷമൊട്ടുമില്ലയെന്നു
നിയ്യുള്ളിലോർക്കുകലരമ്പനെഴുന്നവന്നേ!

൩൨. കയ്യുംകണക്കമണയാതെകടന്നതോടി
പെയ്യുംകണക്കടലുവിട്ടകരിമ്പുവില്ലൻ
എയ്യുംകണങ്ങളവകയ്യറിവില്ലൊരാൾക്കും
നിയ്യുംകണങ്ങളവർനാട്ടിവരുന്നതോറും

൩൩. പുല്ലാണിനിക്കുപടയാളികളാമിക്കടക്കൻ
തല്ലാനെതിർക്കമൊഴിതട്ടിയിട്ടവാൻതരക്കം
നെല്ലാകയാൽതെളിവിയന്നവളങ്ങുണ്ടാനി
യല്ലാതെയില്ലതങ്ങളക്കോന്തൻപണിക്കുപോലെചെയ്യും

൩൪. എന്നോതിനില്ലുമൊരുകാമനൊടൊത്തുകൊണ്ടെ
കന്നോടിടഞ്ഞമുലയാളവളൊന്നുരച്ചു
നന്നാറമൊക്കിതിതിനാലെവരാതിരിക്കെ
മൊന്നാനിനസ്സിലതിനാൻപാർശ്വമെന്തുണ്ടോ!

൩൫. തീരാതെയുള്ളൊരുപിണക്കമെഴുന്നവിട്ട
കാരായനാളൊരലരമ്പനെയൊന്നിവള്ളനും
ചോരാവതോപറകിതാങ്ങളുമാററിങ്ങാൽ
പോരായിനിങ്ങളൊരുകൂട്ടരൊരുങ്ങിവാളും

൩൬. ചാലിന്നുപോർചതിരികില്ലമതി,യെങ്കിലുംചാ-
ഞ്ഞാലിന്നിതരമശലോക്കിലിരുപ്പതാണോ
ചേലിന്നിതന്നിനിയുമങ്ങുനിനച്ചുറച്ചു-
ന്നാലിംഗനോദ്യമകന്നിതിന്നതിനിൽ

൬൭. ചേരുന്നതാമവയടിസ്സുമിന്നിണങ്ങുകോമൻ
ചേരുന്നനോമവടിപ്പുഞ്ചിരിപൂണ്ടുനാണാ
ചേരുന്നതൻതലതിരിച്ചുടനേതുടങ്ങി-
ച്ചേരുന്നൊരല്ലലൊടുകാമനൊടോതിപിന്നെ

൬൮. വേട്ടന്നതന്നെയിവളെക്കനിവോടുമെന്ന്യ
മൊട്ടച്ചിയാകുവതിനാണുളമോർത്തൊരങ്ങി
ചോട്ടത്തമേറിയൊരണിച്ചിരിപോന്നതെല്ലാം
കേട്ടെത്തിനോക്കിടുകനാമിനിയെന്തുവേണ്ടു

൬൯. ഒന്നാകിലാവതമിനിസ്സുഖലഞ്ചുചൊല്ലു
കൊണ്ടാലുമാണുളകൾ ചാകിലുമല്ലലില്ലേ?
വേണ്ടാതെപോരിനാണവേരിവരെച്ചതിപ്പാ-
നുണ്ടാതരംവരികനീരിലിറങ്ങിനില്ലു

൭൦. എന്നോതിയാമുടിയഴിച്ചതുകൊണ്ടുപിന്നിൽ
നിന്നോരുകാമനെയുരസ്സുമുറച്ചുകെട്ടി
കുന്നൊക്കിടുന്നമുലയാളവൾമീൻകടിച്ചി-
ട്ടെന്നാശുമാറുടലുലച്ചുടലായിനിന്നു

൭൧. എന്തോതുകിന്നിവിടെവന്നൊരുനായകന്നോ
ട്ടെന്തൊട്ടടുത്തതുകരപ്പുരിയാടിയപ്പോൾ
ഇന്തൊട്ടടുത്തുവരുമെന്നതെടുത്തുകണ്ടി-
ട്ടെന്തൊരുമറിയുടനൊന്നുപറഞ്ഞിതുണ്ണി

൭൨. ചൊല്ലുള്ളപോയിടവനൊന്നുകരപ്പതിച്ചു-
യില്ലെന്റെപിന്നിലവനാണിനിപ്പോറ്റുമെന്നു
മെല്ലെത്തിരിച്ചുപറയാമവനിന്നകന്നി-
ട്ടില്ലെന്നെയന്നമതിനുണ്ണിപറഞ്ഞുപിന്നെ

൭൩. പോയീകരപ്പുമെളുകട്ടവനെപ്പിടിപ്പാ-
നായിട്ടുമറവനൊടൊത്തുകിഴക്കുനോക്കി
ആയീതെതാടൊള്ളുതുരിതുങ്ങിനെയാണിവണ്ണി
മായീടിലെന്നുടനെയുണ്ണിയുമൊന്നുകന്നു

൯൪. കാണിച്ചൊരിപ്പണികണക്കിനുപാറിയിന്നി-
ക്കാണിയ്ക്കുമിക്കരതമാന്തരുടൻനടക്കുള്ള
കാണിക്കുലൊവരമയിങ്ങിനെയിന്നിയെന്നും
കാണിച്ചുകണ്ടനായച്ചുപറഞ്ഞുമെല്ലെ

൯൫. ഊണുകഴിഞ്ഞിരവിലാങ്ങളുമാതർപായി
ക്കണ്ണുമ്പൊലാംവാതലുളിൽനിന്നുമെൻറമച്ചിൽ
ചാണംവിളക്കവിടെയപ്പൊഴണഞ്ഞിടാഞ്ഞാ-
ലാണുള്ളിനല്ലലിനിയെന്നുമുരച്ചിരുന്നു

൯൬. ചാവാതകണ്ടുമിഴലാനപൊറുക്കവയ്യാ-
താവാതകണ്ടുമൊതട്ടുകടിച്ചുകൂട്ടാൻ
ആവാനലുണ്ടുതുണയെന്നുപറഞ്ഞുകത്താർ
പോവാതകണ്ടവകൊണ്ടുവടന്നുകോമൻ

൯൭. രാവായനേരമതിലിൽപലകയ്യുകണ്ടു
കൈവാളൊട്ടാപരിശകത്തിലെടുത്തിറങ്ങി
പൂവാണവീട്ടിന്നുളവ്യനിന്നുചൊൽന്നാ-
രാവാതൽകാണമൊരിടത്തിലൊളിച്ചിരുന്നു.

൯൮. നന്നായ്ത്തുണരിവരൊടമുളമാതർപായ-
ക്കൊണ്ടാരൽവിട്ടുകതകൊട്ടുതുറന്നാരന്നു
ഉൾത്താരിലപ്പൊഴതിരിപ്പുതർകാമനാതൻ
പൊൽത്താരൊടൊത്തപുഞ്ചമെയ്യൂടണഞ്ഞുകണ്ടു

൯൯. മാറുള്ളതപ്പിടിമറന്നലസാനാറ
മാറുള്ളപൂകണ്ടപൊട്ടിപ്പുറത്തണഞ്ഞവന്ന്
മുറ്റുന്നഖത്താടവർകട്ടിയതൊക്കെയെന്നാൽ
പറ്റുന്നതല്ലപറവാനറിയാമിനാമം

൱. രോമിപ്പുകിട്ടുടയൊരായവൾകോമനോടു
കൂടിപ്പുതങ്ങൾകലരാവുടനന്തരാവിൽ
തേടിപ്പുടച്ചുതന്നുമൊലരാവനാലെല്ലാ-
മാടിപ്പുറമെയവനുണ്ടിടുകടകം

൧൭. നേരമ്പുലർന്നിടുവതിന്നപൊതത്തുടങ്ങു-
ഘോരമ്പരന്നൊളിവിയന്നുതളർന്നുടക്കാ,
ആരമ്പിൽമുമ്പിതിലിരിയ്ക്കുതറിഞ്ഞുകൂട
താരമ്പനാർക്കളികഴിഞ്ഞുകിടന്നുറങ്ങി

൧൮. വല്ലാതെകാക്കകരയുന്നതുകേട്ടുണർന്നി-
ല്ലാപിണഞ്ഞുചതിയെന്നുപറഞ്ഞുകോമൻ
നല്ലാരണിഞ്ഞണിയലായെഴുന്നേറ്റുയമ്മ
നില്ലാതെനല്ലവഴികണ്ടുചിരിച്ചുരച്ചു

൧൯. ഉണ്ടാകിടാപ്പണി,യുടുത്തിടുവാൻമുഷിഞ്ഞ
മുണ്ടാകിടേണമുടലിൽചളിചേർത്തിടേണം
കണ്ടാൽകണ്ണാകിലൊരുപാണനിതെന്നുതോന്നി-
ക്കൊണ്ടാൽനടക്കവരികില്ലവഴിയ്ക്കുതെല്ലും

കണ്ടത്ത് നാരായണമേനോൻ, ബി. ഏ.

(തുടരും)

വിക്രമോർവ്വശീയസാരം

രാജാവൂഹിച്ചതുപോലെതന്നെ ദേവി മാനമുപേക്ഷിച്ച് പശ്ചാത്താപത്തോടുകൂടി പ്രിയാനുപ്രസാദനമെന്നൊരു വ്യാജത്താലെ രാജാവിന്റെ അഭിപ്രായത്തെ സമ്മതിക്കേണമെന്നു തീർച്ചപ്പെടുത്തി. വ്രതം കാലംകൂടുന്നതിനു രാജാവുംകൂടെയുണ്ടായാൽകൊള്ളാമെന്നു തൽക്കാലവും അറിയിച്ച് സമയം വാങ്ങുവാൻ കല്പിച്ചയച്ച് അതിവൃദ്ധനായ ഒരു ഹരികാരൻ പ്രവേശിച്ചിട്ട് തന്റെ അതി ക്ഷീണാവസ്ഥയേയും തൽക്കാലം താൻ ദേവീകല്പനയെ അനുസരിച്ച് ചെയ്യേണ്ടും പ്രവൃത്തിയേയും രാജധാനിക്ക് ആ സന്ധ്യാസമയത്തിലുണ്ടായ ശോഭാവിശേഷത്തെയും അപ്പോൾ വളരെ വിളക്കുകൾ പിടിക്കുന്ന പരിജനങ്ങളോടുകൂടി രാജാവ് നേരിട്ടു വരുന്ന ഭംഗിയേയും വർണ്ണിച്ച് രാജാവിനെക്കാണ്മാനുചിതമായ സ്ഥലത്തിൽ ചെന്നു കാ

ണ്ണുന്നിൽക്കുന്നു എന്ന കഥയെ 'ഭാഗ്യത്തിൽ' എന്നു മുതൽ 'നില്ക്കുന്നു' എന്നവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. രാജാവും വിദൂഷകനും മററും പ്രവേശിച്ചതിന്റെ ശേഷം രാജാവ് ഉർവ്വശീവിരഹോദ്ദീപകംകൊണ്ട് തനിക്കു രാത്രി കഴിച്ചു കൂട്ടുവാനുള്ള അതി പ്രയാസത്തെപ്പററി ആവലാതി പറകയും, ഹരികാരൻ രാജാവിന്റെ തിരുമുമ്പിൽ ചെന്നു പാദാദാ ചെയ്ത്, ദേവിക്കു മഹാരാജാവിനോടു കൂടി മണിഹർമ്മ്യത്തിലിരുന്നുകൊണ്ട് രോഹിണീചന്ദ്രയോഗത്തെ കണ്ടാൽക്കൊള്ളാമെന്നു തിരുമനസ്സറിവിക്കുകയും, രാജാവ് അനുവദിച്ച് കല്പിക്കുകയും, ഹരികാരൻ അതു കേട്ട് പോകയും ചെയ്തു എന്ന കഥയെ 'കൃത്യങ്ങളെ'ന്നു മുതൽ 'പോയി' എന്നവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. ഇപ്പോൾ ദേവി തനിക്കു ജനിച്ച പശ്ചാത്താപത്തെ പ്രത്യാഖ്യാനം പുറത്തു കാണിക്കുവാൻ ഭാവിക്കുന്നുവെന്ന് വിദൂഷകനും രാജാവും ഊഹിച്ച കഥയെ 'തോഴരെ!' എന്നു മുതൽ 'മനസ്വിനികൾ' എന്നവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. പിന്നെ വിദൂഷകനും രാജാവും ആ മണിഹർമ്മ്യത്തിൽ കയറി തന്റെ തന്റെ മനോധർമ്മംപോലെ ചന്ദ്രാദയത്തെയും ചന്ദ്രനെയും വർണ്ണിച്ച് യഥോചിതം ഇരുന്നുവെന്നും ഉർവ്വശീകഥയെ ചതിക്കാറായിട്ടു മനം മറിഞ്ഞു ഇടഞ്ഞിയ രാജാവിന്റെ ഉചിതകല്പനപ്രകാരം പരിജനങ്ങളെല്ലാം പോയി എന്നുമുള്ള കഥയെ 'എന്നാൽ' എന്നു മുതൽ 'പോയി' എന്നവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. മരണമായ മന്മഥാവസ്ഥയെ കൂടി ചെയ്യാൻ മാത്രം വർദ്ധിച്ചിരിക്കുന്ന അപ്പോഴത്തെ രാജാവിന്റെ മദനവേദന എന്ന് രാജാവും വിദൂഷകനും വിചാരിച്ച് വ്യസനിക്കുകയും ഉടനെ രാജാവിന്റെ ശോകാവിശേഷമായ മനോഗ്ലാനലക്ഷണങ്ങളെക്കണ്ടിട്ട് വിദൂഷകനും തന്റെ വലംകണ്ണിളകുകയെന്ന ശുഭനിമിത്തത്തെ അറിഞ്ഞിട്ട് രാജാവും ഉർവ്വശീസംഗം ഇപ്പോൾതന്നെ ഉണ്ടാകുമെന്ന് ഊഹിച്ച് ആശ്വസിക്കുകയും ചെയ്തു എന്ന കഥയെ 'ചന്ദ്രനെ നോക്കിട്ട്' എന്നു മുതൽ 'ഇരിക്കുന്നു' എന്നവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു.

പിന്നെ ദേവേന്ദ്രന്റെ അനുവാദത്തോടുകൂടി പ്രതിഷ്ഠാനഗരിയിലേക്കു പുറപ്പെട്ട ഉർവ്വശി തന്റെ അഭിസാരികാ വേഷധാരിണിയെ സഖി ചിത്രലേഖ സമ്മതിച്ചതിന്റെശേഷം ചിത്രലേഖാസഹായ

അതാൽ അതിവേഗത്തിലുത്ഭ്രമിച്ചു സ്ഥലത്തെത്തിയെന്ന കഥയെ 'അനന്തരം'എന്നു മുതൽ 'കടിഞ്ഞുവെല്ലോ' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. രാജാവിനു തന്റെ നേരെയുള്ള അനുരാഗം ഇപ്പോഴുള്ള സ്ഥിതിയിലിരിക്കുന്നുവെന്നും മററും ആലോചിച്ചു പരിഭ്രമിക്കുന്ന ഉൎവ്വശിയെ ചിത്രലേഖ നേരമ്പോക്കിനു വേണ്ടി രണ്ടു വഴിയായി അൎത്ഥം ഉണ്ടാക്കാവുന്ന തന്റെ വാക്കുകൊണ്ട് ഒന്നുകൂടി പരിഭ്രമിപ്പിച്ചുവെന്നും ഉടനെ സ്പഷ്ടമായി പറഞ്ഞു സമാധാനപ്പെടുത്തിയെന്നുമുള്ള കഥയെ 'എന്നാൽ' എന്നുമുതൽ 'എന്നെയുള്ള' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. പിന്നെ ഉൎവ്വശിയും ചിത്രലേഖയും മണിഹൎമ്മ്യത്തിൽ വിദൂഷകമാത്രസഹായനായിരിക്കുന്ന രാജാവിന്റെ അടുക്കൽ ചെന്നിറങ്ങീട്ട് അനവസരത്തിൽ പ്രത്യക്ഷമാവുന്നത് അനുചിതമാണെന്നു കരുതി തക്കതായ അവസരം കിട്ടുന്നതുവരെ മറഞ്ഞുനിന്നു എന്നകഥയെ 'അൎത്ഥം വെളിപ്പെടാത്ത' എന്നുമുതൽ 'സാധിപ്പിക്കട്ടെ' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. അവിടെവെച്ചു രാജാവും വിദൂഷകനും തമ്മിലുള്ള സല്ലാപം കേട്ടിട്ട് ഉൎവ്വശിയിലുള്ള അനുരാഗം രാജാവിനു വളരെ വൎദ്ധിച്ചിരിക്കകൊണ്ട് ഇതു നല്ലവസരമാണെന്നു നിശ്ചയിച്ച് ചിത്രലേഖ പറകയാൽ ഉൎവ്വശി താൻ പ്രത്യക്ഷമായിയെന്നു വിചാരിച്ചുവെങ്കിലും പരിഭ്രമംകൊണ്ട് തിരസ്കരിണിയെക്കളവാൻ മറന്നുപോകയാൽ പ്രത്യക്ഷമാവാതിരിക്കുമ്പോൾ തന്നെ ദേവി വരുന്നുണ്ടെന്നറികയാൽ അവൾ മുമ്പിലത്തെപ്പോലെ നല്ലവസരം കാത്തുനിന്നു. പിന്നെ ദേവി പ്രവേശിച്ചിട്ട് ചന്ദ്രകിരണാച്ഛനാദികളായ വ്രതകൎമ്മങ്ങളെയെല്ലാം യഥാവിധി ചെയ്തു ദേവതാമിഥുനമായ രോഹിണീചന്ദ്രന്മാരെ സാക്ഷിയാക്കിക്കൊണ്ട് ആൎയ്യപുത്രൻ യാതൊരു സ്ത്രീയെ പ്രാൎത്ഥിക്കുന്നുവോ യാതൊരു സ്ത്രീ ആൎയ്യപുത്രന്റെ സമാഗമത്തെ പ്രാൎത്ഥിക്കുന്നുവോ അവളിലും എന്നിലും സമപ്രീതിയോടുകൂടിയിരിക്കണമെന്ന് പ്രാൎത്ഥിച്ച് തന്റെതന്റെ പതിയായ മഹാരാജാവിനെ പ്രസാദിപ്പിച്ചും, തന്റെതന്റെ വാക്കുകളും പ്രവൃത്തികളും ദേവീമാഹാത്മ്യംകൊണ്ട് പാതിവ്രത്യപ്രഭാവമാൎജ്ജവസൌശീല്യാദി സ്ത്രീഗുണങ്ങളെ നല്ലവണ്ണം പ്രകാശിപ്പിച്ചും, രാജാവിനു തന്റെ നേരെയുള്ള ഉള്ളടങ്ങിയമനഃസ്നേഹാദികൾ വൎദ്ധിക്കുംതരം വിനയംകൊണ്ട് ഒതുങ്ങിയും തിരിച്ചുപോയതിന്റെ ശേഷം

ദേവിയുടെനേരെ രാജാവിനുള്ള വലുതായ സ്ഥിരപ്രേമത്തെ സ്പഷ്ടമായി കണ്ടപ്പോൾ ഉൎവ്വശിക്കുണ്ടായ അല്പമായ വൈമുഖ്യത്തെ "എന്താണ നീ നിരാശയായി തീൎന്നിരിക്കുന്നത്" എന്ന ചിത്രലേഖയുടേയും 'ഉൎവ്വശിയൊ' എന്ന രാജാവിന്റേയും ചോദ്യങ്ങളും 'പൊന്നിൻതളപൂരം' എന്നു തുടങ്ങി 'ചേക്കുമൊ' എന്നവസാനിപ്പിച്ച രാജാവിന്റെ വാക്യം തീരെ കളയുന്നു. പിന്നെ ഈ നല്ലവസരത്തെന്നോൎത്ത് രാജാവിന്റെ ഇച്ഛയെ അനുസരിച്ച് ഉൎവ്വശി പിന്നിൽചെന്ന് കണ്ണുപൊത്തിയെന്നും അപ്പോൾ ചിത്രലേഖ വിദൂഷകനോട് മിണ്ടരുതെന്ന് കൈകൊണ്ടു കാണിച്ചുവെന്നും രാജാവ് സ്പൎശസുഖമൊന്നുകൊണ്ടുതന്നെ ഉൎവ്വശിയാണ് കണ്ണുപൊത്തിയത് എന്നറിഞ്ഞ് എഴുന്നേൽക്കുന്നു എന്ന കഥയെ 'എന്ന്' എന്നുമുതൽ 'എണീക്കുന്നു' എന്ന ഗ്രന്ഥംകൊണ്ടു പറയുന്നു. 'വിദൂഷകനെ ഓൎമ്മപ്പെടുത്തുന്നു'(=മിണ്ടരുതെന്നു കൈകൊണ്ടു കാണിച്ച് വിദൂഷകനെ ധരിപ്പിക്കുന്നു) 'ഇവൾ ഇതാണ്' (=അങ്ങുന്നെങ്ങിനെ അറിഞ്ഞു) അല്ലെങ്കിൽ (ഇതാരാണ്) പിന്നെ രാജാവ് ഉൎവ്വശിയെ പ്രത്യക്ഷമായി കണ്ടും അറിഞ്ഞതിന്റെ ശേഷം അവരെല്ലാവരും ഇഷ്ടസിദ്ധികൊണ്ട് പരമാനന്ദമഗ്നന്മാരായി തമ്മിൽ കുറച്ചുനേരമ്പോക്കു പറഞ്ഞുവെന്നും സഖിയായ ചിത്രലേഖ അതിസ്നേഹത്തോടുകൂടി ഉൎവ്വശിയുടെ സകല ഭാരവും രാജാവിങ്കൽ ഏല്പിച്ചിട്ട തവണപ്രകാരം തനിക്കു വന്ന ആദിത്യസേവയ്ക്കായി പോയി എന്നും ഉള്ള കഥയെ 'മഹാരാജാവ്', എന്നുമുതൽ 'പോയി' എന്നവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. വിദൂഷകനും രാജാവും ഉൎവ്വശിയും ഈ വലുതായ മനോരഥലാഭംകൊണ്ടുള്ള ഗുണങ്ങളെ പ്രശംസിച്ചുകൊണ്ട് ശയ്യാഗൃഹത്തിലേക്കു പോയി എന്ന കഥയെ 'ഭാഗ്യംതന്നെ' എന്നതു മുതൽ അങ്കാവസാനംവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു.

പിന്നെ ഉൎവ്വശി അതിസുഖമായി ക്രീഡിപ്പാനായി രാജാവിനേയുംകൊണ്ട് ഗന്ധമാദനപൎവ്വതത്തിലേക്കു പോയി എന്നും അവിടെ ഇഷ്ടംപോലെ ക്രീഡിച്ചു താമസിക്കുമ്പോൾ ഒരുദിവസം മന്ദാകിനീതീരത്തിൽ കളിക്കുന്ന ഉദയവതിയെന്ന വിദ്യാധരകന്യകയെ രാജാവ് കണ്ടുനിന്നുവെന്ന് ഉൎവ്വശി അറിഞ്ഞ് കോപിച്ച് രാജാവിന്റെ അനുനയത്തെ ധിക്കരിച്ച് സ്ത്രീകൾക്കു വൎജ്ജ്യമായ കുമാരവനത്തിൽ കടന്നുവെന്നും അപ്പോൾതന്നെ ഉൎവ്വശിയുടെ ശരീ

രം ചതുരകാരമായിത്തീൎന്നുവെന്നും ഭരതമഹൎഷിയുടെ ശാപംകൊണ്ട് ഉൎവ്വശിയുടെ മനസ്സുമാറിപ്പോയിരിക്കുന്നതാണിപ്പൊഴത്തെ പത്ഥത്തിന്നു മൂലമെന്നും ഇനി ഈ ശാപമുള്ളതീരണമെങ്കിൽശ്രീ പാൎവ്വതീദേവിയുടെ ശ്രീമൽപാദാരവിന്ദശോണശോഭയിൽനിന്നുണ്ടായതും സംഗമനീയമെന്ന പ്രസിദ്ധനാമത്തോടുകൂടിയതുമായ മണിയല്ലാതെ മറ്റൊരു പായവുമില്ലെന്നും ഇപ്പോൾ രാജാവ് ഉൎവ്വശിയെക്കാണാഞ്ഞിട്ട് അന്വേഷിച്ചുംകൊണ്ട് ആ വനത്തിൽ തന്നെ നടക്കുന്നുവെന്നു വിരഹികൾക്ക് ഏറ്റവും അസഹ്യമായ ഈ വൎഷാകാലത്തിൽ ഈ രാജാവിന്നു വലുതായ അനൎത്ഥം വരുവാനാണെളുപ്പമെന്നും ഉള്ള സൂച്യകഥാഭാഗത്തെ ചിത്രലേഖയും സഹജന്യയും തമ്മിൽ ചെയ്യു സംഭാഷണംകൊണ്ട് പ്രവേശത്തിൽ സൂചിപ്പിച്ചിട്ട് ദൃശ്യമായ കഥാഭാഗത്തെ നാലാമങ്കംകൊണ്ടു കാണിക്കുന്നു.

(തുടരും.)

കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ.

ഒരു പാട്ടു

ഞെരുവൽമതിസങ്കാൽഗുരുപവനപുരേശന്തമഗ്ര്യാജനാനാം?

ശ്രീഗുരുപവനാധീശ- കൈതൊഴാമെന്റെ-
ശ്രീഗുരുദേവജഗദീശ-

ലോകർക്കൊക്കെത്തിളങ്ങുന്നോരന- ലോകപാലർക്കുമേതാരന-
ലോകമാതൃപ്രിയജാനേ_ലോകനാഥാഗ്രവാനേ.
നിന്തിരുവടിയുടെതിരുവുടലോൎക്കുന്നോൻ— സകലാഘങ്ങളും-

നീന്തിവലഞ്ഞിഹ നിജനിലയനോക്കുന്നോൻ-
വെന്തിടുമകമലർ നിരുപമമായ്തീരും—സൌഖ്യമുണ്ടാവും-
എന്തിനുപലവഴിയുഴലുവതന്നോ.

കാർമുകിൽമുടിക്കെട്ടുംമയിൽപ്പീലിയും-
കീർമതിമതിമട്ടുംനിടിലാളയും-
ഓമനച്ചില്ലിയാട്ടുംമിഴികളിയും-
ശ്രീമൽകുണ്ഡലംമുട്ടുംകവിൾച്ചിരിയും.

ചിന്നിനതിരുമുഖമിന്നിഹമമഹൃദി
മിന്നിവിളങ്ങണമെന്നിവനാശ—ശ്രീഗുരുപവനാധീശ.

മാറിടത്തിൽവിളങ്ങീടും—മാറിണക്കുംരമയോടും-
മാറിടാത്തപ്രഭയോടും—മാറിടുംകൗസ്തുഭത്തോടും-

തൃക്കരതളിർനാലിലുമഴകോടെ—ശംഖചക്രങ്ങൾ-
ഉൾക്കടഗദാപങ്കജമിവയോടെ-
ഗാംഭീര്യമൊടിടചേരാത്തനിലപാടേ—ദൈത്യന്മാർക്കുള്ളിൽ-
ദുഃഖമുളവാക്കിടുമൊരുപാടേ.

ചാരവാരതിരുവയർഭുവനാളനം-
ചേരുവോന്നെന്നാകിലുമൊരുതരിപ്പുന്നം-
ഞെട്ടായ്നാഭിക്കുഴിച്ചുഴിയിൽനിന്നു-
സാരസത്തിങ്കൽബ്രഹ്മാവിരിപ്പുണ്ടെന്നും.

പട്ടുടയാടചെകിലുടയ്ക്കിനാലി-
ന്നൊട്ടുസമാനതകാട്ടുമിതനിശം—ശ്രീഗുരുപവനാധീശ.

തുള്ളടകൾചെപ്പാമനം- കള്ളചൊൽവാൻനാഥിരുനാം-
ഹസ്തിഹസ്തത്തിന്നുമാനം- സ്വസ്തിയേകുംപൊരുളനാം.

മരതകമുത്തുമണികളിണപോലെ—നിൻകണങ്കാലായ്-
നന്മയൊടെത്തുപൊതുമുകിലളകാലെ-
നന്മയിലുടനീലഗളംപോലെ—താറാവണിട്ടും-
തന്മയനിറമാകിലുമഴകൊടേ.

ദേവകീസ്സാണഞ്ഞീടുംതിരുവടിയും-
കേവലമതിനയ്യുനാലുമുടിയും-
സേവകർകിടായവരയുംമുടിയും-
ചേവടിത്തളിരടിപെട്ടുംപൊടിയും.

ഇങ്ങിനെയംഗിയിൽമംഗളരൂപ—
മിന്നിവിളങ്ങുകഞങ്ങൾമനസ്സിൽ-ശ്രീഗുരുപവനാധീശ

വാതരോഗാധിപട്ടരം- വാതരോഗാത്മരപ്പാരം-
നിതരത്തിൽകൃപാസാരം- പെയ്യുമോഹാകഷ്ടമേഘസാരം.

ഇഷ്ടാരതമതാഴിൽനവകൗശലവഴിയല്ലേ_സംസാരക്കടലിൽ
കഷ്ടാടുമാണ്ടിട്ടമവർകളെനീമെല്ലേ-
മെയ്യിനൊരുഭവുകൊടുത്തുഇതീത്തല്ലേ—ഭക്തിയുണ്ടാകി
പാട്ടവെയ്യാതുഇണചെയ്യുകപതിവല്ലേ-

സൽഗതിസകലർക്കുംകൊടുക്കുമോവാരിന-
സൽഗുണഗണമൊരംന്തികത്തുള്ളോരിന-
ഭക്തിയുള്ളവക്കെല്ലാംവരംപ്പെട്ടോരിന-
മുക്തിനാകവായൊന്നുമൊരുമിപാട്ടോരിന-
നിന്തിരുവടിയിണസന്തതമടിയനു
സന്തതകശലമനാവരുത്തുക—

ശ്രീഗുരുപവനാധീശ—ജഗദീശ.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

ഒരു ഇതിഹാസവനിതാ

ദക്ഷിണ കേരളത്തിൻെറ പശ്ചിമ ഭാഗത്തുള്ള ഒരു മഹാക്ഷേത്രത്തെ സംബന്ധിച്ച പല ഇതിഹാസങ്ങളും കേട്ടിട്ടുണ്ട്. ഇപ്പിവപ്പോത്രർ മഹാക്ഷേത്രത്തിൽ ബിംബം മാറി പ്രതിഷ്ഠ കഴിച്ച് സമുദ്രത്തിൽ സ്ഥാപിച്ചിരുന്ന പഴയ ബിംബം ഒഴുകി വല്ലാർപാടത്ത് വന്നടിഞ്ഞു കിടന്നിരുന്നു. പുല്ലരിയാൻ പോയിരുന്ന പറക്കുട്ടികളിൽ ഒരുത്തി അതിന്മേൽ അരിവാൾ തേച്ച സമയം കഥിരൊണ്ട് ഇളളി നില്ലുന്നതു കണ്ട് കൂട്ടകാർ പരിഭ്രമിച്ച് പുറമെ വന്നുകൂടി. വിൽപ്രയോഗം പറയരുടെയിടയിൽ അക്കാലത്തു നടപ്പുണ്ടായിരുന്നു എങ്കിലും ഇളളി നില്ലുന്ന പറച്ചിക്ക് അരിവാൾകൊണ്ടുള്ള വിദ്യ മാത്രമെ അറിവുണ്ടായിരുന്നുള്ളു. അവൾ അതുപറിച്ചെടുത്ത് വിൽവളച്ച് ഉടുത്ത വസ്ത്രം കീറി ജ്യാരോപം ചെയ്ത് അരിവാൾ

അമ്പാക്കി തൊടുത്തു വിട്ടു. അസ്ത്രം ചെന്നു വീണതു് പണ്ടായി മേനവന്റെ നടുമിററത്തായിരുന്നു. പറക്കുട്ടി ശരം വീണ സ്ഥലത്തെത്തി അവിടെ ക്ഷേത്രം പണിയിച്ചു് വള്ളുവർപാടത്തു കിടക്കുന്ന ബിംബംകൊണ്ടു വന്നു് പ്രതിഷ്ഠ കഴിക്കണമെന്നു് കല്പിച്ചപ്രകാരം ചെയ്തിട്ടുള്ള ഒരു മഹാക്ഷേത്രമാണു് എളങ്കുന്നപ്പുഴ സുബ്രഹ്മണ്യക്ഷേത്രം. പറയരുടെ വാദ്യമായ പറയുടെ കൊട്ടാതെ ദേവനെ പുറത്തേക്കു് എഴുന്നള്ളിക്കുവാൻ പാടില്ലെന്നുള്ള നിശ്ചയം ഇന്നും നടന്നു പോരുന്നതു് ഇതിഹാസത്തെ ബലപ്പെടുത്തുകയും ചെയ്യുന്നു. ഈ ക്ഷേത്രത്തിലെ ഉടമയേയും ഊരായ്മയേയുംപററി പല തർക്കങ്ങളും എല്ലാകാലങ്ങളിൽ ഉണ്ടായിരുന്നു. പറവൂർ രാജാവിനുണ്ടായിരുന്ന അക്കരക്കോയ്മസ്ഥാനം തിരുവിതാംകൂറിലേക്കു ഒതുങ്ങി. രാജസേവകനായ നാരകളത്തു് നമ്പൂതിരിയെത്തന്നെ അക്കരക്കോയ്മയായി കല്പിച്ചയക്കുകയും അദ്ദേഹം കീഴ്നടപ്പിനു വിരോധമായി സ്ഥാനം ഏല്പാൻ ശ്രമിക്കുകയും തന്നിമിത്തം ഒരു വലിയ കലാപമുണ്ടാവുകയും ചെയ്തു. ബലാബലം പരീക്ഷിച്ചതിൽ നമ്പൂരി ദേവസ്വത്തിലെ കോയ്മമാത്രമല്ല ദേവസ്വം സ്ഥിതമായ അഞ്ചരദേശത്തിലെ ദേശാധിപതിയായിത്തീർന്നു. ഇദ്ദേഹത്തിന്റെ ആശ്രിതവാത്സല്യംകൊണ്ടു് തന്റെ ശിഷ്യനായിരുന്ന ഇക്കോരൻനായർക്കു് ദേശാധികാരം സിദ്ധിച്ചു. നമ്പൂരി കല്പിച്ചതുപോലെ പ്രവൃത്തിച്ചിരുന്ന ഇക്കോരൻനായർ അല്പകാലംകൊണ്ടു് താൻ പ്രവൃത്തിച്ചതുപോലെ അദ്ദേഹം കല്പിക്കേണ്ടുന്ന നിലയിലെത്തി. ആർക്കുംപോലും അവകാശമില്ലാത്ത അനവധി സ്വത്തിന്റെ അധിപനായിത്തീർന്ന ഇക്കോരൻനായർ വലിയ ഭോഗം കഴിക്കുന്നവനല്ലായിരുന്നു. നായർ, വിചാരിച്ചതു സാധിക്കുന്നതിനു വേണ്ടി, ചെയ്യുന്ന പ്രവൃത്തികളുടെ ഗുണദോഷം നോക്കുന്ന സമ്പ്രദായക്കാരനല്ല. ആളു് കാട്ടുപ്രകൃതി കറുത്തവനും കാഴ്ചക്കു് വിരൂപനും ആണെങ്കിലും രസികത്വം ദീക്ഷിക്കുന്നവരിൽ പ്രമാണിയുമായിരുന്നു. ജനബാഹുല്യം അധികം കൂടുന്ന ദിവസങ്ങളിലായിരുന്നു നായരുടെ പ്രതാപപ്രൗഢി ജനമദ്ധ്യത്തിൽ പ്രത്യക്ഷപ്പെടുത്തിയിരുന്നതു്. നായർ ഉടുത്തിരുന്ന ശുഭ്രവസ്ത്രത്തിന്റെ പടപടശബ്ദം അമ്പലകളോളം അടുത്തുവരുമ്പോഴും ഇരട്ടിപ്പായി കേൾക്കാം. വൃശ്ചികമാസത്തിൽ വെളുത്ത ഷഷ്ഠിനാളും നായർ ക്ഷേത്രത്തിൽ പ്രദക്ഷി

ണ്ടം വെക്ഷണത്തിന്നിടക്ക് തിരക്കിന്നിടയിൽനിന്ന സൌന്ദൎയ്യ സാരസൎവ്വസ്വമായ ഒരു കാന്തി വിശേഷം അദ്ദേഹത്തിൻെറ കണ്ണിൽ പ്രതിഫലിച്ചു. ഇല്ലത്ത് ശൂദ്രനാണെന്ന് അഭിമാനമുള്ള നായർ ജാത്യാദി ഗുണങ്ങളെ പരിശോധിച്ചല്ലാതെ താൻ ഒരുത്തിയെ കാമിക്കുകയില്ലെന്നുള്ള അദ്ദേഹത്തിൻെറ വ്രതം തത്സമയം തീൎന്ന കാലാകൂടി. നായർ ആ സൌന്ദൎയ്യപുഞ്ജത്തെ പിന്തുടൎന്ന പ്രദക്ഷിണംവെച്ചു തുടങ്ങി. ഏതിലും വഴിയരികിൽകൂടി ചെന്നു നടന്നിരുന്നതുകൊണ്ട് നായൎക്ക് അധികം പ്രാവശ്യം ആ യുവതിയെ മാററിനിരത്തുവാൻ സാധിച്ചില്ല. മറി നില്ക്കേണ്ടതായി വന്ന സമയങ്ങളിലൊരിക്കലും അവൾ അദ്ദേഹത്തെ തിരിഞ്ഞ് നോക്കിയതും ഇല്ല. നായരുടെ ഉള്ളിൽ പല വിചാരങ്ങളും കടന്ന കൂടുകയും അദ്ദേഹം അനുഭവിച്ച വിഷയസുഖങ്ങളെല്ലാം വൃഥാവിലാണെന്ന് അദ്ദേഹത്തിന്ന തോന്നുകയും ചെയ്തു. തല്ക്കാലം നടത്തിയ അന്വേഷണംകൊണ്ട് ആ സ്ത്രീ സങ്കേതത്തിൽപ്പെട്ടവളാണെന്നും സനാഥയാണെന്നും അറിഞ്ഞ് സന്തോഷത്തോടുകൂടി ക്ഷേത്രം വിട്ട പോകയും ചെയ്തു.

ദേവസ്വം കാൎയ്യാദികൾ നോക്കിയിരുന്ന മനാത്ത് മൂത്തതും പുല്ലാപ്പിള്ളായി അനന്തൻ കമ്മളും ലഹളയിൽപ്പെട്ട മരിച്ചു. മൂത്തതിൻെറ വംശം അതോടുകൂടി അന്യം വരികയും ചെയ്തു. മൂത്തതിൻെറ ഇല്ലം പരിശോധിച്ച സാധനങ്ങളുടെ കൂട്ടത്തിൽ അദ്ദേഹത്തിൻെറ കൈവശത്തിലുണ്ടായിരുന്ന മയിൽവാഹനമുദ്ര കണ്ടുകിട്ടിയില്ല. മൂത്തകമ്മളും കാൎയ്യം ഒഴിഞ്ഞ കൊടുക്കുന്നതല്ലെന്ന പറഞ്ഞതുകൊണ്ട് കമ്മളുടെ വക സങ്കേതത്തിൽപ്പെട്ട സകല മുതലുകളും ദേവസ്വത്തിലേക്ക ഒതുക്കി. അതിൽപിന്നെ ആ കമ്മൾ സങ്കേതത്തിന്ന പുറത്തുള്ള കടമകുടികളത്തിലാണ് താമസം. അനന്തൻ കമ്മളുടെ ഭാൎയ്യയായിരുന്ന പാറ്റിലക്കാട്ടു ഇച്ചൂണമ്മ കമ്മൾ മരിച്ചിട്ട് അധികം നാൾ കഴിയുന്നതിന്ന മുമ്പ് ഒരു മൂത്തതിനെ ഭൎത്താവാക്കി സ്വീകരിച്ചു. അന്യം വന്ന മനാത്തു മൂത്തതിൻെറ അവകാശങ്ങൾക്ക വേണ്ടി ഇട്ടിക്കോരൻ നായരുടെ അടുക്കൽ പാട്ടുകിടക്കുന്നവരിൽ ഒരാളാണ് ഈ മൂത്തത്. മയിൽവാഹനമുദ്ര മൂത്ത കമ്മളുടെ കൈവശമാണെന്ന കേട്ട് അതിനെ കരസ്ഥമാക്കുവാൻ വേണ്ടി ഇട്ടിക്കോരൻ നായരുടെ ഉപദേശപ്രകാരമാണ് മൂത്തത് ഈ സ്വാ

ബാധം ചെയ്യിട്ടുള്ളത്. ഇച്ചാണമ്മക്ക് കയ്യമ്മുടെ സ്വത്തെല്ലാം കൈവശം കൊടുക്കുകയും മറ്റു ഏറ്റുള്ള കൊടുക്കുന്ന കാലത്ത് ആ സ്വത്തുക്കളെല്ലാം ചാർത്തിക്കൊടുക്കാമെന്നു ഇട്ടേക്കാരൻ നായർ വാഗ്ദത്തം ചെയ്യുകയും ചെയ്യിട്ടുണ്ട്. ഇച്ചാണമ്മക്ക് അനുജൻ കയ്യമ്മയിൽ പത്മാവതി എന്നു പേരായ ഒരു പുത്രി മാത്രമെ ഉള്ളൂ. മൂത്ത കയ്യമ്മക്ക് ഇവളെ വളരെ പ്രത്യേകമായിരുന്നതുകൊണ്ട് അച്ഛൻ മരിക്കുന്നതിന്നു മുമ്പും പത്മാവതി അധികം താമസിച്ചിരുന്നതു മൂത്ത കയ്യമ്മയൊന്നിച്ചായിരുന്നു. അനുജൻ കയ്യമ്മ മരിച്ചതിന്റെ ശേഷം ഇച്ചാണമ്മ പ്രവൃത്തിച്ചതിൽ പത്മാവതിക്ക് അശേഷം രസിക്കാത്തതിനാൽ കുറെ കാലമായി അമ്മയെ കാണ്മാൻ കൂടി പോകാറില്ല. പത്മാവതി മൂത്തകയ്യമ്മയൊന്നിച്ച് താമസിക്കുന്നതിന്നു വേറെയും കാരണങ്ങൾ ഉണ്ട്. മൂത്തകയ്യമ്മുടെ മകൻ പത്മനാഭമേനോൻ ഒന്നിച്ചുള്ള സഹവാസത്തിൽ പരം സന്തോഷമുള്ളതായിട്ട് ആ യുവതിക്ക് മറ്റൊന്നുമുണ്ടായിരുന്നില്ല. സൌന്ദര്യലാവണ്യതാരുണ്യസമ്പൂർണ്ണയായ പത്മാവതിയുടെ യൌവനാരംഭം തന്റെ സ്വാഭിഷ്ടപ്രദമായി വിചാരിച്ചിരിക്കുന്ന ഇച്ചാണമ്മക്ക് ഈ വധൂവരന്മാരുടെ സമ്മേളനം അശേഷം തൃപ്തികരമാവാനിടയില്ലല്ലോ. 'കാശുള്ളവനീശൻ' 'പണമില്ലാത്തവൻ പിണം' 'പണത്തിന്നു മീതെ പരുന്തും പറക്കില്ല' എന്നും മറ്റും പണത്തെപ്പറ്റിയ പഴഞ്ചൊല്ല് ഇച്ചാണമ്മ സ്മരണം ചെയ്യുന്നതിന്നിടയിൽ സഹസ്രാവൃത്തി കഴിയാതിരിക്കാറില്ല. സൌന്ദര്യം മാത്രം വിചാരിക്കുന്ന പക്ഷം പത്മാവതിക്ക് 'പത്മനാഭൻ അനുരൂപനാണെന്നും പറഞ്ഞുകൂടാ. ഇവരുടെ സൌശീല്യൈക്യം ഇവ കിടമത്സരികളും പത്മനാഭൻ നല്ലും തീയും തുല്യമെന്നു പറയാം. സംസ്കൃതത്തിൽ വ്യുൽപത്തി മാറ്റും തിരിച്ചുകൊടുക്കുന്നതുവരെ വിദ്യാഭ്യാസം ചെയ്യിട്ടുള്ളതും മൂത്തകയ്യമ്മതന്നെയായിരുന്നു. സങ്കേതത്തിൽപ്പെട്ട സ്വത്തുക്കൾ ദേവസ്വക്കാർ കൈവശപ്പെടുത്തിയതിന്റെ ശേഷം മൂത്തകയ്യമ്മക്ക് നിത്യവൃത്തി അരിഷ്ടിക്കാതെ കഴിഞ്ഞുകൂടവാനുള്ള മാർഗ്ഗം മാത്രമെ ഉണ്ടായിരുന്നുള്ളൂ. പത്മനാഭമേനോന് സ്വന്തം മുതലായി വേറെ വിശേഷിച്ച് ഒന്നും ഇല്ല. എന്നാൽ മയിൽവാഹനമുദ്രയെപ്പറ്റി അന്വേഷണം പൂർത്തിയാവുന്നതുവരെ ഇവരുടെ പ്രവൃത്തികളിൽ ഇച്ചാണമ്മ കണ്ണുവെച്ചുകൊണ്ടിരുന്നു.

പത്മാവതി അമ്പലത്തിൽ വന്നിട്ടുള്ളതും ഇക്കോരൻ നായർ അവളെപ്പറ്റി ചിലതെല്ലാം തന്നോടു ചോദിച്ചതും മൂത്തത് ഇച്ചാണമ്മയോടു പറഞ്ഞിട്ടുണ്ടായിരുന്നു. പത്മാവതി അമ്പലത്തിൽനിന്നു വരുംവഴി വീട്ടിലേക്ക് കൊണ്ടുപോവാനായി ഇച്ചാണമ്മ വഴിമദ്ധ്യത്തിൽ കാത്തുനിന്നിരുന്നു. മുള്ളുവാക്കും പരിഭവവും പറഞ്ഞു കരയുന്ന അവളെ സമാധാനപ്പെടുത്തി, ഭക്ഷണം കഴിച്ചതിനു ശേഷം വഴി നടന്ന ക്ഷീണംകൊണ്ട് നമ്മുടെ നായിക കുറച്ചൊന്നു മയങ്ങി.

പത്മാവതി ഉണൎന്നുനോക്കിയപ്പോൾ പലഹാരവും കയ്യിൽ വെച്ചുകൊണ്ട് അമ്മ അടുക്കൽ ഇരിക്കുന്നതു കണ്ടു.

പത്മാ— ക്ഷീണംകൊണ്ട് കുറെ അധികം ഉറങ്ങിപ്പോയി.

ഇച്ചാ— പകൽ ഉറങ്ങിയാൽതന്നെ വിശപ്പധികമാകും. ഇതു ദേവന്റെ പ്രസാദം. അമ്പലത്തിൽനിന്നു കൊണ്ടുവന്നപ്പോൾ നീ ഉറങ്ങുകയായിരുന്നു.

പത്മാ— ദേവദ്വേഷകളാക്കി തള്ളിക്കളഞ്ഞിട്ടുള്ള നമുക്ക് ദേവന്റെ പ്രസാദം കിട്ടിത്തുടങ്ങിയോ?

ഇച്ചാ— മകളെ! നമ്മുടെ കാലദോഷം നീങ്ങിത്തുടങ്ങി. അല്ലെങ്കിൽ എന്റെ മകൾക്ക് ഇന്നമ്പലത്തിലേക്ക് വരുവാൻ തോന്നുകയില്ല.

പത്മാ— കുറേക്കാലം കഴിഞ്ഞതിനു ശേഷമല്ലാതെ അമ്പലത്തിലേക്കുപോയാൽ അപമാനം വരാനെളുപ്പമുണ്ടെന്ന് വലിയച്ഛനമ്മാവനും പറഞ്ഞതുകൊണ്ടാണ് ഞാൻ വരാത്തത്. ഇന്ന് തമ്പുരാൻ വലിയച്ഛന് ആളെ അയച്ചിരുന്നതുകൊണ്ട് വലിയച്ഛൻ ഇങ്ങോട്ടു പുറപ്പെട്ടപ്പോൾ ഞാനും ഒന്നിച്ചുപോന്നു.

ഇച്ചാ— വലിയച്ഛൻ വന്നിട്ടുണ്ടോ? അദ്ദേഹം എവിടെ?

പത്മാ— തമ്പുരാനെ കാണാൻപോയി. മടക്കത്തിൽ ഇറിക്ക് ആളെ അയക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്.

ഈ വർത്തമാനം കേട്ടപ്പോൾ ഇച്ചാണമ്മ മൂത്തതിന്റെ മുഖത്തേക്ക് ഒന്നുനോക്കി. അദ്ദേഹം എണീറ്റ് പുറത്തേക്കുപോയി.

ഇച്ചാ— ഇന്ന് തൊഴുതതുകൊണ്ട് മാനമോ അപമാനമോ ഉണ്ടായത് എന്ന് മകൾക്കറിയാമോ?

പത്മാ— കുറിയിടുവാൻ പ്രസാദവുംകൂടി കിട്ടിയില്ല.

ഇച്ചാ— അമ്പലത്തിൽവെച്ച് കിട്ടിയില്ലെങ്കിലും മകളുടെ ഭാഗ്യം പ്രസാദം വീട്ടിലെത്തിച്ചുതന്നില്ലേ? നീ പ്രദക്ഷിണം വെച്ചുപ്പോൾ എന്താ വിശേഷമുണ്ടായത്?

പത്മാ— ഒരു വിശേഷവും ഉണ്ടായിട്ടില്ല. ആരാണ് പ്രസാദം കൊടുത്തയച്ചത്?

ഇച്ചാ—ഭാഗ്യം വരുമ്പോൾ എല്ലാവരും അടുത്തുകൂടും. അപ്പോൾ ദോഷവുമില്ല, മുഷിച്ചിലുമില്ല.

പത്മാ— ഇനിക്ക് അമ്മ പറയുന്നതിന്റെ താല്പര്യം മനസ്സിലാകുന്നില്ല. എന്ത് ഭാഗ്യമാണ്? ആരാണ് അടുത്തുകൂടിയത്.

ഇച്ചാ—എന്റെ മകളുടെ സന്തോഷത്തെ ഞാൻ ഇല്ലാതാക്കുമോ. ഞാൻ സ്പഷ്ടമായിത്തന്നെ പറഞ്ഞു കേൾപ്പിക്കാം. ആകൃതിയും പ്രകൃതിയും നന്നായിവന്നത് ഭാഗ്യം. അതിനൊത്ത യോഗ്യനായ ഒരു ഭർത്താവാണ് അടുത്തുകൂടിയത്. എത്രവേശ്യകളാണ് ആ ദേഹത്തെ മോഹിപ്പിക്കാൻ കെട്ടിച്ചമഞ്ഞു ചെല്ലുന്നത്. എന്നിട്ടെന്താ ഫലം. മകൾക്കല്ലെ യോഗം വന്നത്. നിന്റെ പിന്നാലെ നടന്ന് പ്രദക്ഷിണം വെച്ചതിന്റെ ഫലമെല്ലാം നിനക്കാണത്രെ. കാര്യക്കാരെ എജമാനന്ന് കാര്യം ഇന്നു തന്നെ നടത്തേണമെന്നുണ്ട്. വലിയച്ഛനോടു ചോദിച്ച് സമ്മതം വാങ്ങിക്കുന്നതിന്നാണ് ദൂതൻ പോയിട്ടുള്ളത്.

കൊടുങ്കാറ്റിൽപ്പെട്ട കാർമേഘം ചന്ദ്രപ്രകാശത്തെ മറെക്കുന്നതുപോലെ ഇച്ചോണമ്മയുടെ ദുസ്സഹമായ വാക്കുകൾകേട്ട് പത്മാവതിയുടെ മുഖകാന്തി മങ്ങി. ഇടിത്തീവീണ വൃക്ഷങ്ങൾ മറിക്കുമ്പോലെ ഭയാക്രാന്തയായ ആ യുവതിയുടെ ദേഹം വെറച്ചുതുടങ്ങി. മേഘങ്ങളിൽനിന്നുള്ള വർഷധാരയും അധോമുഖിയായി കചഭാരംകൊണ്ട് മുഖം മറച്ചു കരയുന്ന പത്മാവതിയുടെ അശ്രുധാരയും തമ്മിൽ ശീതോഷ്ണ സ്ഥിതിയിൽമാത്രമെ വ്യത്യാസമുണ്ടായിരുന്നുള്ളു. വിഷജ്വാല തട്ടുന്ന സമയത്തുണ്ടാകുന്ന അസ്വാസ്ഥ്യംപോലെ ഇക്കോരൻ നായർ അയച്ച പലഹാരത്തിൽനിന്നു പൊങ്ങുന്ന ഗന്ധം അവൾക്ക് ദുസ്സഹമായി തോന്നി.

(ഇടതാ) എ. നാരായണപ്പുതുവാൾ.

സമ്മാനം

കഴിഞ്ഞ മകരത്തിലെ രഞ്ജിനിയിൽ ഞങ്ങൾ ഒരു സമ്മാനത്തെപ്പററി പരസ്യം ചെയ്തതിനെ അനുസരിച്ച് അനേകം സ്വയംകൃതങ്ങളായ കഥകളെ പലരും അയച്ചുതന്നു. അവയെ എല്ലാം പരിശോധിച്ചതിൽ ഒന്നെങ്കിലും ഞങ്ങളുടെ പരസ്യത്തിൽ പറഞ്ഞിരിക്കുന്നപ്രകാരമുള്ള ലക്ഷണങ്ങൾ തികച്ചുള്ളതായി കാണുന്നില്ല എന്ന് വ്യസനപൂർവം പറയേണ്ടിയിരിക്കുന്നു. കഥകൾ പലതും കൈപ്പററീട്ടുണ്ടെങ്കിലും അവയിൽ മൂന്നു കഥകളെപ്പററി മാത്രമെ ഇവിടെ പ്രസ്താവിക്കുന്നുള്ളു. മററുള്ളവ പ്രസ്താവയോഗ്യങ്ങൾതന്നെയായി ഭവിക്കുന്നില്ല.

൧. നമ്മുടെ നായിക.

ഈ കഥ ശോകരസപ്രധാനമായിട്ടുതന്നെയാണ് എഴുതപ്പെട്ടിട്ടുള്ളത്. പക്ഷെ കഥകളിൽ യാതൊരു സാമർത്ഥ്യവും പ്രയോഗിച്ചു കാണുന്നില്ല. എന്നുതന്നെയല്ല വളരെ അസംഭാവ്യങ്ങളായ സംഗതികളും ഇതിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതിലെ നായികയായ ലക്ഷ്മിക്കുട്ടിയുടെ ഭവനത്തിൽനിന്നു വളരെ ദൂരെയല്ലാതെ ഒരു വീട്ടിൽ വാസം ചെയ്തിരുന്ന തന്റെ പ്രിയതമനായ ശങ്കരമേനന് (ശങ്കരമേനോൻ ൫൦ രൂപ ശമ്പളത്തിൽ ഒരു സർക്കാരുദ്യോഗസ്ഥനാണ്) ഒരു ബലവാനായ ശത്രുവിന്റെ കൂട്ടുപ്രയോഗംകൊണ്ട് "അന്യായമായി ൧൦ കൊല്ലത്തെ കഠിന തടവ് അനുഭവിക്കേണ്ടിവന്നു" എന്ന സംഗതി ശങ്കരമേനന്റെ ഒരെഴുത്തു മൂലം മാത്രമെ ലക്ഷ്മിക്കുട്ടി ധരിച്ചുള്ളുവെന്ന സംഗതി തീരെ അസംബന്ധംതന്നെ. പിന്നെ ശങ്കരമേനോൻ തടവിൽ കിടക്കുമ്പോൾ ഒരു ദിവസം രാത്രി വളരെ സുശീലയും സദാചാരയുമായ ലക്ഷ്മിക്കുട്ടി ജേലിനകത്തു ചാടിവീണ് ശങ്കരമേനന്റെ മുറിയുടെ ഉമ്മറത്തു വന്നുവെന്നതും തീരെ യോജിക്കാത്ത സംഗതിയാകുന്നു.

ഒരു കഥയിലെ കഥാപുരുഷന്മാർ ഇന്നിന്ന സ്വഭാവഗുണങ്ങളോടുകൂടിയവരായിരിക്കണമെന്ന് ഗ്രന്ഥകർത്താവ് ഉദ്ദേശിക്കുന്നതിനെ

ങ്കിൽ അവരുടെ സ്വഭാവങ്ങളെ താൻതന്നെ വിസ്താരമായി വൎണ്ണിക്കുന്നതിനേക്കാൾ അതാതു പാത്രങ്ങളെക്കൊണ്ട് തത്തൽസ്വഭാവഗുണങ്ങളെ അനുസരിച്ച് പ്രവൃത്തിപ്പിക്കുന്നതാണ് അധികം സാമൎത്ഥ്യം. പിന്നെ ഒരു കഥ വായിക്കുമ്പോൾ അതിൽനിന്ന് എന്തെങ്കിലും ഒരു തത്വം വായനക്കാൎക്ക് ഗ്രഹിക്കുവാനുണ്ടായിരിക്കണം. മാതാപിതാക്കന്മാരുടെ സമ്മതത്തോടുകൂടിയും കൂടാതെയും വിവാഹാദികൾ നടക്കുന്നുണ്ട്, അവയിൽ അനേക വിഘ്നങ്ങൾ ഉണ്ടാകുന്നുണ്ട്, ജനങ്ങളുടെ നിത്യ കാലക്ഷേപത്തിൽ അനേക ജയാപജയങ്ങളുണ്ടാകുന്നുണ്ട്, തന്നിമിത്തം അവർ സുഖദുഃഖങ്ങളെ അനുഭവിക്കുന്നുണ്ട്, മററും നമുക്കു ചുററും നിത്യം സംഭവിക്കുന്ന കാൎയ്യങ്ങളാണല്ലോ. അവയിൽനിന്ന് അനേക തത്വങ്ങൾ നമുക്ക് ഗ്രഹിപ്പാനുമുണ്ടായിരിക്കാം. പക്ഷെ അവ അങ്ങുമിങ്ങും കിടക്കുകയാൽ മന്ദബുദ്ധികളായ നമുക്ക് ആ വക സൂക്ഷ്മതത്വങ്ങളെ ഗ്രഹിക്കത്തക്ക സാമൎത്ഥ്യമുണ്ടായില്ല എന്നു വന്നേക്കാം. എന്നാൽ ആ വക സൂക്ഷ്മതത്വങ്ങൾ എല്ലാം സംഗ്രഹിച്ച് ഒരു കഥാരൂപേണ അവയെ നമുക്ക് പ്രകാശിപ്പിച്ചുതരുന്നതാണ് കൃത്രിമമായ ഒരു കെട്ടുകഥക്കാരന്റെ ചുമതല. ഈ കഥയിൽ ഈ കൃത്യത്തെ നിറവേററിട്ടുണ്ടോയെന്ന് ഞങ്ങൾ വളരെ സംശയിക്കുന്നു. ഇതിലെ വാചകശുദ്ധി പദശുദ്ധി മുതലായ സംഗതികളെപ്പററി വളരെ ആക്ഷേപമൊന്നും പറവാനില്ല. എങ്കിലും മുമ്പു പറഞ്ഞ പ്രധാനമായ ചില ന്യൂനതകളെക്കൊണ്ട് ഈ കഥ സമ്മാനാൎഹമല്ലെന്ന് വ്യസനപൂൎവ്വം പറയേണ്ടിയിരിക്കുന്നു.

൨. ദുഃഖരസപ്രധാനാഖ്യായിക.

ഇന്ദിരയാണ് ഒരു കഥയുടെ പേര്. ഇത് ഒരു സാമാന്യശബ്ദമാണ്. ലോകത്തിൽ എഴുതപ്പെട്ടിട്ടുള്ള ദുഃഖരസപ്രധാനമായിട്ടുള്ള സകല ആഖ്യായികകളും ഈ നാമധേയത്തിൽ ഉൾപ്പെടുന്നതാകുന്നു. ഇന്ദിരയെ മററുള്ളവയിൽനിന്നു വിശേഷിപ്പിക്കത്തക്ക ഒരു പ്രത്യേക നാമം ഈ കഥക്ക് ഗ്രന്ഥകൎത്താവു കൊടുക്കാഞ്ഞതെന്തെന്നറിയുന്നില്ല. ഈ കഥ വായിക്കുമ്പോൾ എന്തു രസമാണ് ഉണ്ടാകുന്നതെന്ന് ഞങ്ങൾ വളരെ മനസ്സിരുത്തി വായിച്ചിട്ടും ഞങ്ങൾക്ക് തോന്നുക കഴിഞ്ഞില്ല. പിന്നെ ആകപ്പാടെയുള്ള കഥകെട്ടിന്റെ കഥ ആലോചിച്ചാലും പറഞ്ഞുതരുന്നു. ഷ

ഥയുടെ ആദിയിൽതന്നെ ഗ്രന്ഥകൎത്താവു് കഥയിലുള്ള കഥാപുരുഷന്മാരുടെ മഹാത്മ്യങ്ങളെല്ലായ ചില നാമധേയങ്ങളും ആ വക പേരുകളുടെ അൎത്ഥം മനസ്സിലാക്കുന്നതിനു ചില ടിപ്പണികളും മററും കൊടുത്തിട്ടുണ്ടെങ്കിലും ആകപ്പാടെ ആ കഥ വായിക്കുമ്പോഴും ഒരോ ഒരു നിമിഷത്തിങ്കൽ ഒരു സ്ഥലത്തുവെച്ചു് ചിലതൊക്കെ പറയുകയാണെന്നാണ് ഒന്നാമതായി ഒന്നു തോന്നുന്നതു്. വാചകരീതി മുതലായ സംഗതികളിലും തൃപ്തി അശേഷമില്ല. അതിനാൽ ഈ ഉപന്യാസത്തെപ്പററി ഇനി ഒന്നും പറയേണ്ടതില്ലല്ലൊ.

൩. 'അപ്പുണ്ണിമൂപ്പിൽനായര്'

ഈ കഥ ആകപ്പാടെ നന്നായിട്ടുണ്ടു്. കഥകളിലും സാമൎത്ഥ്യം പ്രയോഗിച്ചിട്ടില്ലെന്നില്ല. എങ്കിലും ഒരു ഘട്ടത്തിൽ കുറച്ചൊന്നു ഭേദപ്പെടുത്തിയാൽ അധികം നന്നായിരിക്കുമെന്നു തോന്നുന്നുണ്ടു്. അപ്പുണ്ണിമൂപ്പിൽനായര് ബാലനായിരുന്നപ്പോഴ് അദ്ദേഹത്തിന്റെ അമ്മാമനൊരുമിച്ചു് ഒരു ദിക്കിൽനിന്നു വരുമ്പോൾ അവരുടെ ജന്മവൈരിയായ കണാരൻനമ്പ്യാരും ഭടന്മാരും തമ്മിൽ കൂട്ടിമുട്ടി അതി കേമമായിട്ടു് യുദ്ധം നടന്നു. ആ യുദ്ധത്തിൽ അപ്പുണ്ണിമൂപ്പിൽനായരുടെ കാരണവൻ ഹതനായി. ബാലനായ അപ്പുണ്ണി ഭയപ്പെട്ടു് ഓടിപ്പോയി. കണാരൻനമ്പ്യാരുടെ ഭടന്മാർ പിന്നാലെ ഓടി. പിന്നെ ആ ഭടന്മാർ ആ ബാലനെ കൊന്നുവൊ ഇല്ലയൊ എന്നു ഒരു ശങ്ക ജനിപ്പിച്ചിട്ടു് കൊന്നിരിക്കണം എന്നു ഗ്രന്ഥകൎത്താവുതന്നെ പറയുന്നുണ്ടു്. ആ ഭാഗംതന്നെ തീരെ അനാവശ്യമാണ്. അതെടുത്തുകളഞ്ഞെങ്കിൽ കഥയ്ക്കു വളരെ അധികം ചമൽകാരമുണ്ടാകുമായിരുന്നു. കഥകളിൽ വേറെ വിശേഷിച്ചൊന്നും പറവാനായിട്ടില്ല. വാചകരീതി പാത്രസൃഷ്ടി മുതലായവ നല്ലവണ്ണം വന്നിട്ടുണ്ടു്. അതിൽ കണാരൻനമ്പ്യാര് എന്ന കഥാപുരുഷന്റെ രൌദ്രം, ജളപ്രകൃതം, ശൃംഗാരം എന്നീ രസങ്ങളെല്ലാം വളരെ ഭംഗിയായും ഫലിതമായും വൎണ്ണിച്ചിട്ടുണ്ടു്. കഥയിൽ ചില ഘട്ടങ്ങളെ വൎണ്ണിക്കുന്നതിൽ അലങ്കാരപ്രയോഗങ്ങളും ധാരാളമുണ്ടു്. അവയെല്ലാം ഭംഗിയായിട്ടുമുണ്ടു്. പക്ഷെ ഇതിൽ ഒരു ന്യൂനതയാണുള്ളതു്. അതു പ്രധാനമായിട്ടുള്ളതാണ് താനും.

ഈ കഥയിലെ ആകപ്പാടെയുള്ള രസം ദുഃഖം പ്രധാനമാക്കീട്ടാണോയെന്നു ഞങ്ങൾ വളരെ സംശയിക്കുന്നു. ശോകരസത്തെ

ജനിപ്പിക്കുന്ന ഘട്ടങ്ങളെ ഗ്രന്ഥകർത്താവ് പല ദിക്കിലും ഇതിൽ കൊണ്ടുവന്നിട്ടുണ്ട്. എന്നാൽ ഒരു കഥയിൽ എങ്ങിനെയായാലാണ് ദുഃഖരസം പ്രധാനമായി ഭവിക്കുക എന്ന സംഗതി ഗ്രന്ഥകാരൻ നല്ലവണ്ണം മനസ്സിലാക്കിട്ടില്ലെന്നാണ് ഈ കഥ വായിച്ചപ്പോൾ ഞങ്ങൾക്കു തോന്നിയത്. ഞങ്ങളുടെ ഈ അഭിപ്രായത്തെ ഗ്രന്ഥകാരനെ ബോദ്ധ്യപ്പെടുത്താം. അതിനു മുമ്പായി രണ്ടു സംഗതികൾ അദ്ദേഹം ഓൎമ്മവെക്കേണ്ടതാകുന്നു. ൧. ഒരു കഥയിലെ നായകീനായകന്മാരെ സംബന്ധിച്ച് ഏതു രസത്തെയാണ് മുഖ്യമായി വൎണ്ണിക്കുന്നത് ആ രസമേ ആ കഥയിൽ പ്രധാനമായി ഭവിക്കുകയുള്ളൂ. മറ്റുള്ള കഥാപുരുഷന്മാരെല്ലാം കേവലം അംഗങ്ങളാകയാൽ അവരെ സംബന്ധിച്ച രസങ്ങളെല്ലാം അപ്രധാനങ്ങളായി ഇരിക്കുന്നേയുള്ളൂ. ൨. സകല പ്രാണികളുടേയും ജീവിതകാലം സുഖദുഃഖമിശ്രമായിട്ടാണ് ഇരിക്കുന്നതെന്ന സംഗതി സൎവ്വസമ്മതമാണല്ലോ. കേവലം സുഖാന്തമായിട്ട്, അല്ലെങ്കിൽ കേവലം ദുഃഖാന്തമായിട്ട്, ആരുടെയും ജീവകാലം അവസാനിക്കുന്നതല്ല. ഒരു കഥയിലെ നായകീനായകന്മാർ കുറെ കാലം ദുഃഖമനുഭവിച്ച പിന്നെ സുഖമായിരുന്നുവെന്നു പറയുമ്പോൾ ആ കഥയിലെ പ്രധാനമായ രസം ദുഃഖമാണെന്ന് ഒരിക്കലും പറവാൻ പാടില്ല. ഇനി മുൻപ്രകൃതത്തിലേക്കുതന്നെ കടക്കുക.

'നാട്ടുരാജാക്കന്മാരുടെ സ്വാതന്ത്ര്യശക്തികൾ അസ്തമിതമായും ബ്രിട്ടീഷ് രാജ്യഭരണം അവ്യവസ്ഥിതമായും ഇരിക്കുന്ന കാലത്ത്, 'കെട്ടുകള്ളുവൻ കാൎയ്യക്കാരൻ'' എന്നായിരുന്നു-...... 'അക്കാലത്ത് കല്ല്യക്കോട്ട് എന്നും കാമഞ്ചേരി എന്നും പ്രസിദ്ധമായ രണ്ടു നായർവഴിത്തറവാടുകളുണ്ടായിരുന്നു. സ്വത്തുകൊണ്ടും, സ്ഥാനമാനങ്ങൾകൊണ്ടും കല്ല്യക്കോട്ടുകാൎക്കായിരുന്നു അധിക പ്രാബല്യം.' കല്ല്യക്കോട്ട് തറവാട്ടിൽ, അന്ന് കല്യാണി നേത്യാര് എന്ന സ്ത്രീയും അവൾക്ക് അപ്പുണ്ണി എന്ന ഒരു മകനും, യൌവനയുക്തയായ ഒരു മകളും, അവരുടെ ഉടപ്പിറന്നവനും കാരണവനുമായ കുഞ്ഞുണ്ണി മൂപ്പിൽ നായര് എന്നാളും മാത്രമെ ഉണ്ടായിരുന്നുള്ളൂ- 'ആയുധാഭ്യാസംകൊണ്ട് വിശേഷവിശ്രുതനായ കല്ല്യക്കോട്ട് കുഞ്ഞുണ്ണിമൂപ്പിൽ നായര് ഒരു ദിവസം തന്റെ മരുമകനൊന്നിച്ച് എവിടെക്കോ പോയിരുന്നു. മടങ്ങുമ്പോൾ രാത്രിയായി, പണ്ടേപ്പണ്ടേ വൈരികളായ കാമഞ്ചേരി

വീട്ടുകാരിൽ കയ്യൂക്കുകൊണ്ടു പ്രധാനിയായ കണാരൻ നമ്പ്യാർ പത്തുപന്ത്രണ്ടുടെനായന്മാരോടുകൂടി വഴിയിൽവെച്ചു ആക്രമണത്തെത്തുടങ്ങി.' നിസ്സഹായനായിരുന്നാലും മഹാശൂരനായ മൂപ്പിൽനായര് മരുമകനെ പിന്നിൽ നിറുത്തി വാളൂരി യുദ്ധംതുടങ്ങി. അനേകം പേരെ നിഗ്രഹിച്ചതിന്റെ ശേഷം താനും വീണു. അമ്മാമൻ മരിച്ചതുകണ്ട് ഭയപ്പെട്ട് ബാലനായ അപ്പുണ്ണി ഓടിപ്പോയി. കണാരൻനമ്പ്യാരുടെ കണ്ണൂന്ന ഭടന്മാർ ആ ബാലനെ പിന്തുടർന്നു. പിന്നെ അവരെ കണ്ടില്ല. ബാലനും ഹതനായിരിക്കുമെന്നു വിചാരിച്ചു നമ്പ്യാർ വീട്ടിലേക്കുമടങ്ങി. ഉടനെ കല്ലേക്കാട്ട് തറവാട്ടിലെ സ്വത്തുക്കളെല്ലാം കൈക്കലാക്കുകയും ചെയ്തു. നാശ്യാരും അവരുടെ മകളും വളരെ കഷ്ടസ്ഥിതിയിലായി- ഭർത്തൃദുഃഖം, പുത്രദുഃഖം, മകൾക്കുരോഗപീഡ, അവമാനം, ഇവയെല്ലാം ഒരെ സമയത്ത് വന്നുകൂടി. ഇങ്ങിനെ നാലുകൊല്ലം കഴിഞ്ഞു. അപ്പോൾ ഭാഗ്യത്താൽ അവിടെ ഒരു സന്യാസി വന്ന് മകളുടെ രോഗം മാറ്റി. പിന്നെ ഹതനായി എന്നു വിചാരിച്ചിരുന്ന അപ്പുണ്ണി മൂപ്പിൽനായര് മടങ്ങിവന്ന് കണാരൻ നമ്പ്യാരെ കൊന്ന് അയാൾ കൈക്കലാക്കിയ തന്റെ സ്വത്തെല്ലാം വീണ്ടെടുത്ത് സുഖമായിരുന്നു. ഇതാണ് കഥയുടെ ചുരുക്കം. ഈ കഥയിലെ നായകനായ അപ്പുണ്ണി മൂപ്പിൽ നായരെ. അവരെ സംബന്ധിച്ച് ഇതിൽ കൊണ്ടുവരപ്പെട്ട കഥാപുരുഷന്മാരും അവരുടെ ജീവകാലത്തിൽ നാലു സംവത്സരം ദുഃഖമനുഭവിച്ചുവെന്നും ശേഷമുള്ള കാലമെല്ലാം സുഖമായിരുന്നുവെന്നുമാണ് ഈ കഥകൊണ്ട് വരുന്നത്. ഇങ്ങിനെയിരിക്കെ ഈ കഥ ദുഃഖാന്തപ്രധാനമായിട്ടാണ് എഴുതപ്പെട്ടിട്ടുള്ളതെന്ന് ഞങ്ങൾക്കു വിചാരിപ്പാൻ യാതൊരു മാർഗ്ഗവും കാണുന്നില്ല. താഴെ കാണിക്കുന്ന മാതിരിയാണ് കഥ അവസാനിപ്പിച്ചതെങ്കിൽ ഈ ഗ്രന്ഥകാരൻ നിശ്ചയമായ് സമ്മാനം വാങ്ങുമായിരുന്നു. ബാലനായ അപ്പുണ്ണി അന്യ രാജ്യത്തുപോയി ആയുധാഭ്യാസമെല്ലാം പൂർത്തിയാക്കി, അതിനിടക്കു വൈദ്യത്തിൽ ചില കൈപ്പുപ്രയോഗങ്ങളെല്ലാം ധരിച്ചു നാട്ടിലേക്കു മടങ്ങിവരിക. വീട്ടിലെ വർത്തമാനമറിയുന്നതിന്ന് ഒരു സന്യാസിയുടെ വേഷം ധരിച്ച് കൂടെയുള്ള തന്റെ ഭൃത്യനെ ശിഷ്യനാക്കി വീട്ടിൽ പോവുക. അപ്പോൾ ഉടപ്പിറന്നവളുടെ രോഗത്തിന്റെ സ്വഭാവം മനസ്സിലാക്കി ചില പ്രയോഗങ്ങളെക്കൊണ്ട് ദീനം ഭേദമാക്കുക, പി

ന്നെ അവിടെ നിന്ന പോയി നാട്ടിൽ പലേടത്തും വേഷച്ഛന്നനായി സഞ്ചരിക്കുമ്പോൾ കണാരൻനമ്പ്യാരെ അയാളുടെ സംബന്ധം ഇടഞ്ഞുവാനുള്ള യാത്രയിൽവെച്ചു് കൂട്ടിമുട്ടുക. അവിടെവെച്ചു് അതിശൌര്യത്തോടുകൂടി യുദ്ധം ചെയ്തു് അയാളെ കൊല്ലുക. തനിക്കും മരിക്കത്തക്ക സ്ഥിതിയിൽ മുറിയേല്ക്കുക. മൂപ്പിൽനായരെ തന്റെ ഭൃത്യന്മാർ താങ്ങിയെടുത്തുകൊണ്ട തന്റെ അമ്മയായ കല്യാണിനേത്യാരുടെ അടുക്കൽ കൊണ്ടുപോവുക. അവിടെ ചെന്നു് അമ്മയോട് വളരെ പ്രാണവേദനയനുഭവിച്ചുകൊണ്ട് തന്റെ ഭൃത്യന്മാരുടെ സഹായത്തോടുകൂടി അന്നു് അമ്മാമൻ മരിച്ചു് താൻ ഓടിപ്പോയതു മുതൽ ഇതുവരെയുള്ള കഥയെല്ലാം പറയുക. തന്റെ ഉടപ്പിറന്ന വളരെ രോഗം മാറിയ സന്ന്യാസിയും താൻതന്നെയായിരുന്നുവെന്ന പറക. പിന്നെ ഉടനെ മരിക്കുക. കല്യാണിനേത്യാര് മാറത്തടിച്ചു ശോകം സഹിക്കവയ്യാതെ ആത്മഹത്തി ചെയ്യുക. ഇങ്ങിനെയാണ് കലാശിക്കേണ്ടിയിരുന്നതു്.

ര. ര. പ.

പലവക

ഭാഷാപോഷണത്തിൽ രസികരഞ്ജിനിയുടെ ഉദ്ദേശത്തിന്നും അവസ്ഥക്കും വിരോധമായിട്ടുള്ള ചില വീഴ്ചകൾ പാറിപ്പോയിട്ടുള്ളതു് മനഃപൂർവം വരുത്തിയിട്ടുള്ളതല്ലെങ്കിലും നോട്ടക്കുറവുകൊണ്ടും ആലോചനക്കുറവുകൊണ്ടും വരുന്ന തെറ്റുകൾക്കു് ഞങ്ങൾ തന്നെ ഉത്തരവാദിയാകയാൽ സംഗതിവശാൽ ഞങ്ങളുടെ ദൃഷ്ടിയിൽപ്പെടാതെ പോയ വീഴ്ചകൾ വായനക്കാർ സദയം ക്ഷമിച്ചുകൊള്ളണമെന്നു് ഞങ്ങൾ അപേക്ഷിച്ചുകൊള്ളുന്നു. ഇമ്മാതിരി തെറ്റുകൾ മേലാൽ വരാതെ പ്രത്യേകം സൂക്ഷിക്കുന്നതുമാണ്.

പ്രിയവിലാപവും ചില ഖണ്ഡകൃതികളും.


എല്ലാത്തരക്കാർക്കും വായിച്ചു രസിക്കത്തക്ക വിധത്തിൽ അന്യഭാഷയിലുള്ള സരസ പുസ്തകങ്ങളെ കേരളത്തിലേക്കു ഭാഷമാറ്റി പ്രവേശിപ്പിക്കുന്ന സമ്പ്രദായം ഇയ്യിടെ അത്ര ചില്ലറയല്ലല്ലൊ. ആ കൂട്ടത്തിലൊന്നാണ് പ്രിയവിലാപം. ഇതു് ഇംഗ്ലീഷിലുള്ള (ടെന്നിസൻ എന്ന മഹാകവിയുടെ) 'ഇൻ മെമ്മോറിയം' എന്ന കൃതിയുടെ ഭാഷാന്തരമാണു് എങ്കിലും നേരുതർജ്ജമയെന്ന പറഞ്ഞുകൂടാ എന്നു ഗ്രന്ഥകർത്താവുതന്നെ മുഖവുരയിൽ പ്രസ്താവിച്ചിട്ടുണ്ട്.

ഈ ഒരു സരസകൃതിയ്ക്ക് ഏററവും ആസ്വാദ്യതയുണ്ടെന്നു പറയുവതിരിപ്പാൻ നിവൃത്തിയില്ല. പക്ഷെ അത് അന്യഭാഷയ്ക്കനുരൂപമായിരിക്കുന്ന കവി കല്പനാരീതിയെ നമ്മുടെ ഭാഷയിലേക്കു കൊണ്ടുവരുമ്പോഴും വരാവുന്ന ചില ന്യൂനതകളെക്കൊണ്ട് കുറഞ്ഞുപോയിട്ടുണ്ടായിരിക്കാം. ഈ വൈഷമ്യം ഭാഷാന്തരഗ്രന്ഥങ്ങൾക്കൊക്കെത്തട്ടുന്നതാണെങ്കിലും അതിനു ചില താല്പര്യങ്ങളുണ്ട്. ഭാഷാരീതികളനുരൂപമായ വാക്യരചനയാണ് ഈ താല്പര്യത്തിനു മൂലമായിട്ടുള്ളത്. പദ്യകൃതികളിൽ വിശേഷിച്ചും ഈ വൈഷമ്യം പററാതിരിപ്പാൻ പ്രയാസമാകുന്നു. ഈ കോട്ടം പ്രിയവിലാപത്തിൽ ചില ഘട്ടങ്ങളിൽ തട്ടിയിട്ടില്ലെന്നു പറഞ്ഞുകൂടുന്നതല്ല. പിന്നെ വടക്കുള്ള മലയാളികൾക്കു രുചിക്കാത്തതും അവർ കസന്ധിയെന്നു പറഞ്ഞു വരുന്നതുമായ സന്ധിദോഷം ഈ പുസ്തകത്തിൽ ഒട്ടും അപൂർവ്വമല്ല. പ്രതിശ്ലോകം കാണാമെന്നുപറഞ്ഞാൽ അതിശയോക്തിയാവില്ലയോ എന്നു സംശയിക്കുന്നു. 'ഒളിസ്സന്ന്യാസി' എന്നു പേരിട്ടു ഗോൾഡ്സ്മിത്ത് എന്ന പേരായ പ്രസിദ്ധ ഇംഗ്ലീഷ് കവിയുടെ 'ഹെർമിററ്' എന്ന കൃതിയുടെ ഭാഷാന്തരവും ഈ പുസ്തകത്തിൽ കൊടുത്തിട്ടുണ്ട്. അത് സി. എസ്സ്. സുബ്രഹ്മണ്യൻ പോററി അവർകളുടെ ഭാഷാന്തരത്തെക്കാൾ മെച്ചമായി എന്നു ഞങ്ങൾക്കു തോന്നുന്നില്ല. പിന്നെയും ചില വർണ്ണനകളും സ്തുതികളും മററുമായി അഞ്ചോ പത്തോ പദ്യങ്ങളായിട്ടുള്ള ഖണ്ഡകൃതികൾ ഉണ്ട്. അവയിൽ കവിയുടെ കല്പനാശക്തി വിശദമായി പ്രത്യക്ഷമാവുന്നുണ്ട്. എല്ലാംകൂടി നോക്കുന്നതായാൽ പ്രകൃതകവിയായ എം. രാജരാജവർമ്മതമ്പുരാൻ എം. എ. തിരുമനസ്സിലേക്കുള്ള കവിതാസാമർത്ഥ്യത്തിനും ഭാഷാപാണ്ഡിത്യത്തിനും അശ്രാന്ത പരിശ്രമത്തിനും ഈ പുസ്തകം ഒരു ദൃഷ്ടാന്തമാണെന്നു പറഞ്ഞാൽ തീർന്നുവല്ലോ.

ശുചീന്ദ്രത്തെ സ്ഥലപുരാണം (നൂറുമണിപ്രവാളപദ്യങ്ങൾ)— ഇത് പ്രാസഭ്രമത്തിന്റെ മൂർദ്ധന്യത്തോടും സാക്ഷേപസാഹസത്തോടുംകൂടി ഇങ്ങിനെ ക്ലിഷ്ടപദ്യങ്ങളാക്കിത്തീർക്കാതെ വല്ല കിളിപ്പാട്ടു രീതിയിലൊ മററൊ കുറച്ചുംകൂടി വിസ്താരമായിട്ടുണ്ടാക്കിയിരുന്നാൽ അധികം ലോകോപകാരമായി തീരുമായിരുന്നു. അശ്രാന്തം സുബ്രഹ്മണ്യ ശാസ്ത്രികൾ അവർകൾ ഇത് രചിക്കാതിരുന്നത് വീട്ടുതോറും പുരാണകഥകളായ കിളിപ്പാട്ടുകൾ വായിച്ചു പുണ്യം സമ്പാദിക്കുന്ന മലയാളികളുടെ സുകൃതം പോരായ്മയായിരിക്കാം.

P. SUBBAROY'S

World-Renowned and Most Efficacious Ayurvedic Medicines.



ഞാൻ മരുന്നു സേവിക്കുന്നതിനു മുമ്പ്

പി. സുബ്ബറായിയുടെ ലോകപ്രസിദ്ധ
ങ്ങളും ഏററവും ഫലവത്തുക്കളും
ആയ ആയുൎവ്വേദ ഔഷധാലയം

ൟ ലോകപ്രസിദ്ധമായ ധാതുപുഷ്ടികാരി ധാതു നഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ മുതലായവയുടെ നീററൽ, നീരൊഴിവു, മധുമേഹം, ചുട്ടുനീററ് (മൂത്രാഘാതം) മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണനേരം പരിഹരിച്ചു കൊടുക്കുന്നു.



ഞാൻ സേവിച്ചതിന്നു പിന്നീട്

ഡപ്പി ഒന്നുക്കു വില രൂപ ൨. തപാൽ ചിലവു വകയ്ക്കു അണ ൩ വേറെ.


൨. പ്രമേഹ നിവാരണി — സിതാമേഹം, ഇടുപ്പുവലി, മൂത്രമധികമായും നടന്നും പോവുക, മേഹരോഗം, ചുട്ടുപുകച്ചൽ രക്തമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവൎത്തിപ്പിക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിന്നായും ശമിപ്പിക്കും. കുപ്പി ഒന്നിനു വില രൂപ ൧. മൂന്നു കുപ്പികൾവരെയുള്ള ബങ്കിക്കു തപാൽ ചിലവു അണ ൬.

൩. സൎവ്വരോഗനാശഹാരി — ഈ തൈലം അല്പം പിരട്ടിയാൽ കൈ കാൽ മുതലായ അംഗങ്ങളിൽ കാണുന്നവക വീക്കം ഒടുക്കുവാതം, നെഞ്ചുവേദന, തലവേദന, ഈ രോഗങ്ങളുണ്ടാകുന്ന ശൂല, ഇടുപ്പുവേദന, പാൎശ്വവായു, മേഹവായു, തിമിരവായു മുതലായ പല വ്യാധികൾ ശമിപ്പെടും. കുപ്പി ഒന്നിനു വില രൂപ ൧. തപാൽ ചിലവു അണ ൫.

൪. ബാലരക്ഷാസഹാരി — ബാലകഷ്ടം, പൂട്ടുകടി, അതിസാരം, മാന്ദ്യം എന്നിവ പോലുള്ള രോഗത്തിന്നു സ്വയം ഔഷധം. ആരോഗ്യങ്ങൾ പലതും മാറും. മേൽ മേഹകഷ്ടം മു...

ലായവയെ നാശിപ്പിക്കും. വില കുപ്പി ഒന്നിനു ൪-ണ തപാൽ ചിലവു മൂന്നു കുപ്പിവരെ ൧ ണ വേറെ.

൬. ലക്ഷ്മീകാകസ്തൂരിഗുളികകൾ—താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സൂക്ഷ്മം ഉപയോഗിക്കേണ്ട വിലയേറിയ സാധനം. ദന്തവേദന, വായ്നാററം, അജീർണ്ണം, പിത്തവായു, ഇവയെ ശമിപ്പിക്കും.



തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ എത്ര ഗുരുദ്രവ്യത്തെയും ജീർണ്ണപ്പെടുത്തും. പ്രസവകാലത്തു താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി അടുക്കയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്. ചുമ, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏററക്കുറച്ചിൽപോലെ ൨ മുതൽ ൪ വരെ ഗുളികകൾ വെററിലച്ചാറിൽ കൊടുത്താൽ മതി. ൧൦൦ ഗുളികകൾ ഉള്ള കുപ്പി ൧ ക്ക വില ൩ ർ. ൨ മുതൽ ൧൨ വരെ കുപ്പികൾ അടങ്ങിയ ബക്സ് ൧-ക്ക തപാൽകൂലി ൫ ണ.

൭. ദന്തചൂർണ്ണം— സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്തരോഗങ്ങളേയും നീക്കും. വില കുപ്പി ഒന്നിനു ൩- ണ. തപാൽ ചിലവു ൨ കുപ്പിവരെ ൧ ണ വേറെ.

൮. ജ്വരസംഹാരി— കുളിർപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, സന്നിപാതജ്വരം, മുതലായവയ്ക്കു നന്ന. വില കുപ്പി ഒന്നിനു ൧ ക. തപാൽ ചിലവു ൩ ണ വേറെ.

൯. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം—ഈ തൈലം പിരട്ടിയാൽ തലമുടി മീശ ഇതു ഇവ നീണ്ടു പുഷ്ടിയും മിനുക്കമായും കറുപ്പായും വളരും. കണ്ണിനു കുളുർമ്മയുണ്ടാകും. സകല കൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പിച്ച രോമം കറക്കും. രോമംപൊഴിയാതിരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാകും. വില കുപ്പി ഒന്നിനു ൯ ണ, തപാൽ ചിലവു ൩ ണ വേറെ.

പി. സുബ്ബറായി, പാകിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

൯. രോമസംഹാരി— രോമം എവിടെ വേണ്ടാതാകണമൊ അവിടെ ഈ മരുന്ന പിരട്ടിയാൽ യാതൊരു വേദനയുമുണ്ടാകാതെ രോമത്തെ മാറാം.' വില കുപ്പി ഒന്നിന്ന ൪ ണ. തപാൽ ചിലവു മൂന്ന കുപ്പികൾവരെ ൩ ണ വേറെ.

൰. അഗ്നിമാന്ദ്യസംഹാരി— ദഹനമില്ലായ്മ, പുളിച്ചുതികട്ടുക, നെഞ്ചുകരിക്കുക, മൂലവ്യാധി, വയറുനോവു, വായുനാറ്റം അജീൎണ്ണം, വയറുവീൎത്തുകയറുക നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ഒന്നക്ക ൩ണ വ്വ. തപാൽ കൂലി ൩ണ ൩ വേറെ.

൰൧. കൎണ്ണബിന്ദു— ചീഴൊലി, ചെവികുത്തു, ചെവിയടപ്പു, ഇരച്ചിൽ മുതലായ കൎണ്ണരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കും, വില കുപ്പി ൧൰ വ്വ ണ. തപാൽ ചിലവു മൂന്ന കുപ്പികൾവരെ ൩ ണ വേറെ.

൰൨. സുഖഭേദിഗുളികകൾ— മലം ശരിപ്പെടുത്തും. അജീൎണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലംപിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും. വില ഡപ്പി ഒന്നിന്ന വ്വ ണ. തപാൽ ചിലവു ൧ മുതൽ ൪ വരെ ഡപ്പികൾക്കു ൩ ണ. വേറെ.

൰൩. നേത്രബിന്ദു— കൺനോവു, കൺകുത്തു, കൂച്ചം, നീരെടുപ്പു, മിന്നൽ, മാലക്കണ്ണു, പീളകെട്ടു, ദേശവളപ്പു, പൂവു, ചൊറപ്പു, എരിച്ചിൽ, ഇമ, പുഴുക്കം ഇവയുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില കുപ്പി ഒന്നിന്ന വ്വ ണ, തപാൽ ചിലവു മൂന്ന കുപ്പികൾവരെ ൩ ണ വേറെ.

൰൪. സ്ഖലിതരക്ഷിണി— ബലഹീനതയാലും അത്യുഷ്ണതയാലും മററും ഉണ്ടാകുന്ന ഇന്ദ്രിയസ്ഖലിതത്തെ നീക്കും. വില ഡപ്പി ഒന്നിന്ന വ്വ ണ. തപാൽ ചിലവു ൩ വരെ ഡപ്പികൾക്കു ൩ ണ വേറെ.

൰൫. മൃഗകസ്തൂരി— കാശ്മീരിൽനിന്നു വരുത്തിയിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസിൽ ഉണ്ടു. ഉറുപ്പികത്തൂക്കത്തിന്ന ൪ വ്വ ക വില. ഒരു ഉറുപ്പികമുതൽക്കുള്ള ഏതു സംഖ്യക്കും ചില്ലറയായും

പി. സുബ്ബറായി പാറക്കിപ്പട്ടു, തെക്കെ ആൎക്കാട്ട ജില്ല.

യിട്ടും കൊടുക്കപ്പെടും. തപാൽച്ചിലവു പുറമെ, എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം.

൧൩. തേൾവിഷത്തിന്ന സിദ്ധൌഷധം— തേൾകടിച്ച സ്ഥലത്ത രണ്ടുതുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസം കാണും. ഒരു കുടുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി ൧-ക്കു ൧ ക ൪ ണ. ൧൨ കുപ്പിയിൽ കുറയാതെ ഒന്നിച്ച വാങ്ങുന്നവൎക്ക ഡസൻ ൧-ക്കു ൨ ക. ൮ ണ. ഉള്ളവിലയിൽ കുറച്ച മാത്രമെ വില ചുമത്തുന്നുള്ളു- വി. പി. കമ്മീഷൻ ൩ ണ പുറമെ. ഇൻഡ്യയിലും ബൎമ്മയിലും ൧൨ കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ. സിലോൺ ൬ ണ.

൧൪. വ്രണവിരോപണ തൈലം— ഈ കുഴമ്പു പിത്തപ്പുണ്ണു മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇതു സകല കൃമികളേയും നശിപ്പിച്ച എല്ലാ വ്രണങ്ങളെയും വിശുദ്ധീകരിച്ച വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു. വില ൮ ണ. മൂന്നു കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ മാത്രം.

൧൫. കണ്ഠശുദ്ധി ഗുളിക— ഇതു കണ്ഠം തെളിഞ്ഞ് ശരീരം നന്നാവുന്നതിന്ന അതി വിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ച സംഗീതക്കാൎക്കും, പ്രസംഗക്കാൎക്കും, പാതിരിമാൎക്കും, ശബ്ദാവയവംകൊണ്ടു അത്യാദ്ധ്വാനം ചെയ്യേണ്ടവരായ മറ്റെല്ലാവൎക്കും വളരെ ഉപയോഗമുള്ളതാകുന്നു. വില ൮ ണ. വി. പി. കമ്മീഷൻ ൬ കുപ്പിവരെ ൬ ണ.

൧൬. സ്നാനചൂൎണ്ണം— ഈ പൊടി തേച്ചുകുളിക്കുന്നതിന്ന വിലയേറിയ സോപ്പുകളേക്കാൾ വളരെ വിശേഷം. ഇതു ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞു, മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിനും പുറമെ ദേഹത്തിന്ന ശൈത്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇതു ഇന്ത്യയിലുള്ള എല്ലാവൎക്കും വേണ്ടതാകുന്നു. വില ൮ ണ. വി. പി. കമ്മീഷൻ ൨ ണ.

൧൭. സഞ്ജീവഗുളിക— കുട്ടികൾക്കുണ്ടാകുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം, അൎശസ്സ്, ഉറക്കമില്ലായ്ക ഇ

വസ്സും അന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മദ്ധ്യവയസ്സന്മാൎക്കും ഒരുപോലെ ഉപകരിക്കാവുന്നതാകുന്നു. വില ൧൦ ണ. വി. പി. കമ്മീഷൻ ൩ കുപ്പിവരെ ൮ ണ.

൨൧. ഒന്നാന്തരം ഗോരോചനാഗുളിക— എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരള് ഇവകളിൽ ഉണ്ടാവുന്ന ഉപദ്രവങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അൎശസ്സ്, ഉറക്കമില്ലായ്മ, അന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില ൮ ണ. വി-പി- കമ്മീഷൻ ൩ കുപ്പിവരെ ൮ ണ.

൨൨. ചൎമ്മരോഗപരിഹാരി— ഈ ഔഷധം കരപ്പൻ, ചുണങ്ങ്, ചൊറി, ഒട്ടവട്ട, പോളൻ, ചൂട്, പുഴുക്കടി, താരണം, മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ചൎമ്മരോഗങ്ങൾക്കും ഏററവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി. വി-പി-കമ്മീഷൻ ൮ ണ.

മേത്തരം ഗോരോചനം തോല ൧-ക്കു വില ൪ ക. മേത്തരം കുങ്കുമകേസരം തോല ൧-ക്കു വില ൧ ക. മേത്തരം പച്ചക്കൎപ്പൂരം തോല ൧-ക്കു വില ൨ ക. മേത്തരം റോജാ അത്തർ, മല്ലിപ്പൂ അത്തർ, വെട്ടിവേർ, താഴമ്പു, മരിക്കൊളുന്ത്, ജാതിമല്ലി, സുഹാഗ്, ഹീന, മഗിധാമ്പു, അത്തർ മുതലായതുകൾ എപ്പോഴും തയ്യാറുണ്ട്. ഇവ ഒരു തോല തൂക്കത്തിന്നു ക. ൧—൮. തപാൽകൂലി പുറമെ.

				ക.	ണ.	പ
ഒന്നാന്തരം	ഗോരോചനം	ത്രപ്പാത്തൂക്കം	൧-ക്കു	൪	൦	൦
ടി	കുങ്കുമം	ടി	൧-ക്കു	൧	൦	൦
ടി	പച്ചക്കൎപ്പൂരം	ടി	൧-ക്കു	൧	൦	൦

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ വിശദമായി എഴുതണം.

പി. സുബ്ബരായി, പറങ്കിപ്പേട്ട,
തെക്കെ ആൎക്കാട്ട് ജില്ല.

വ്യവഹാരചിന്താമണി.

എല്ലാ ഇംഗ്ലീഷ് മാസവും 30-ാം നു- പ്രസിദ്ധപ്പെടുത്തുന്ന
ഒരു വിശേഷനിയമമാസിക.

പത്രാധിപർ
ചെങ്ങളത്ത് കരുണാകരമേനോൻ ബി. എ.

മലബാർ, കൊച്ചി, തിരുവിതാംകൂറ് ഒരുപോലെ പ്രചാരം.
വരിസംഖ്യ—എപ്പോഴും മുൻകൂറ്.

ഒരു കൊല്ലത്തേക്കു	4-0-0	വി. പി. ഒരു കൊല്ലത്തേക്കു	4-1-0
ആറുമാസത്തേക്കു	2-0-0	ആറുമാസത്തേക്കു	2-1-0

വിധികൾ	
മദിരാശി	ഹൈക്കോർട്ട് ലേഖനം
കൽക്കത്താ	ഒന്നാന്തരം കടലാസ്സ്
അലഹബാദ	മേത്തരം അച്ചടി
ബൊംബെ	യോഗ്യന്മാരുടെ ഛായാപടം
കൊച്ചി	യോഗ്യലേഖകന്മാർ
തിരുവിതാംകൂർ	വിശേഷപത്രാധിപക്കുറിപ്പുകൾ

പത്രാധിപാഭിപ്രായങ്ങൾ.

കേരളസഞ്ചാരി— നിയമകാര്യത്തിൽ ഉപാദ്ധ്യായൻ.

മ. മനോരമ— മേനോന്റെ പുതിയ സ്വന്തകത്തെപ്പോലെ വേറെ ഒരു പത്രത്തിനു ചിലവില്ല.

മനോരമ— സകല മുതൽക്കാരും വാങ്ങേണ്ടതാണ്.

കേരളപത്രിക— കക്ഷികൾക്കു അത്യുപകാരം.

കൊച്ചിവിധികളുടെ പോക്കറിവാൻ "ചിന്താമണി" എങ്കലേയുള്ളു.

കൊച്ചി വിധികൾ 7-ാം നമ്പ്ര മുതൽക്കും, തിരുവിതാംകൂർ വിധികൾ 9-ാം നമ്പ്രമുതൽക്കും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. നിങ്ങൾ ചിന്താമണി കണ്ടിട്ടില്ലെങ്കിൽ നമ്മെ അറിയിക്കുവാൻ ഒരു ബ്രിട്ടീഷ പോസ്റ്റുകാർഡ് അയച്ചാൽ മടക്കത്തെ പോസ്റ്റിൽ സൌജന്യമായി നിങ്ങൾക്കു ഒരുപ്രതി അയച്ചുതരാം. ലോകവ്യവഹാരത്തിലുണ്ടാവാൻ ക്രമമായി "ചിന്താമണി" പാരായണം ചെയ്യുന്നത ഒഴിച്ചു അന്യമാർഗ്ഗം ഇല്ല.

എന്നു വ്യവഹാരചിന്താമണി മാനേജർ,
വള്ളുവനാട, മലബാർ.

നോട്ടീസ

മേത്തരം സാമാനങ്ങൾ! വില വളരെ സഹായം!!

ബൊമ്പായി മുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽനിന്നു നേരിട്ടു വരുത്തുന്നതും താഴെ വിവരം പറയുന്നതും വേറെയും അനേകം സാമാനങ്ങൾ തൊകപ്പടിയായും ചില്ലറയായും വളരെ സഹായ വിലക്കു വില്ക്കുന്നതാണ്.

പലതരത്തിലുള്ള പ്ലാനൽ ശീലകൾ, ടീഡുകൾ, ചെക്കുതുണികൾ, വളരെ ഭംഗിയുള്ള ചീട്ടികൾ, പട്ടുകൾ, ബ്ലാങ്കെററുകൾ, തൊപ്പികൾ, സർജ്ജുകൾ, മല്ല്, ജഗന്നാഥൻ മുതലായ തുണിച്ചരക്കുകൾ, എനാമൽപാത്രങ്ങൾ, പലതരത്തിലുള്ള ഗ്ലാസുകൾ, നാഴികമണികൾ, വാച്ചുകൾ, വിളക്കുകൾ, കണ്ണാടികൾ, കത്തികൾ, ഉളേപ്പുകൾ, രവിവർമ്മപ്പടങ്ങൾ, കൊടകൾ, ഇരിമ്പുപെട്ടികൾ, ഇരിമ്പു അലമാരികൾ, ഇരിമ്പു അടുപ്പുകൾ, അനേകവിധം സോപ്പുകൾ, ബ്രാണ്ടി, വിസ്കി, മുതലായ ലഹരിസാധനങ്ങൾ, മുത്തുച്ചിപ്പികൊണ്ടുള്ള അനേകവിധ പാത്രങ്ങൾ, ഉവകജ്ഞം മെലിൻസ് ഫുഡ്, കൊക്കൊ, കാപ്പിപ്പൊടി, ടീ, ബിസ്കോത്ത മുതലായ വേറെയും അനേകവിധ സാമാനങ്ങൾ വളരെ സഹായവിലക്കു വില്ക്കുന്നു.

ആവശ്യപ്പെടുന്നവർക്കു സാമാനങ്ങൾ വി. പി. ആയി അയച്ചു കൊടുക്കുന്നതാണ്.

എ. ടി. എസ്സ്. മേനോൻ,
ജനറൽ മർച്ചൻറ്,
ചിററൂർ.

കമ്മീഷൻ

രസികരഞ്ജിനിക്കു പുതിയ വരിക്കാരെ ഉണ്ടാക്കി അവരുടെ വരിപ്പണം മുഴുവൻ മുൻകൂറായി പിരിച്ചു പേരുവിവരപ്പട്ടികയോടുകൂടെ ആ സംഖ്യ ആപ്പീസ്സിൽ അടയ്ക്കുന്നവർക്കു 15-കയിൽ കുറയാതെയുള്ള സംഖ്യകൾക്കു 100-ക്കു 10 ക. വീതം കമ്മീഷനും 20 കയിൽ കുറയാതെ പിരിച്ചയക്കുന്നവർക്കു മേല്പറഞ്ഞ കമ്മീഷനും പുറമെ ഇപ്പതിനെ ഉറപ്പിക്കുക രഞ്ജിനിയുടെ ഒരു പ്രതിവീതം സൌജന്യവും കൊടുക്കപ്പെടും.

ര. ര. മാനേജർ.

1079 എടവത്തിൽ പണം അടച്ചവരുടെ പേരു വിവരം

			ക.	ണ.	സ.
എൻ. എ. രവിവർമ്മക്കോയി തമ്പുരാൻ തിരുമനസ്സുകൊണ്ടു			3	0	0
മഞ്ചേരി പുതിയകോവിലകത്തു ഉണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു			3	0	0
മ. രാ. രാ.	സി. വി. സഹസ്രനാമവാദ്ധ്യാർ	അവർകൾ	6	0	0
,,	സി. ചാപ്പുണ്ണിനായർ	,,	2	7	0
,,	പി. ശിവരാമയ്യൻ	,,	3	0	0
,,	പുത്തൻമഠത്തിൽ കൊമ്മുണ്ണി നിത്ത്യാട	,,	3	0	0
,,	ഉണ്ണിപ്പറമ്പത്തു കണിച്ചുകുളത്തു ഗോപാലൻ നായർ	,,	3	0	0
,,	വെള്ളിപ്പറമ്പത്തു രാമൻ കുഞ്ഞിരാമൻ	,,	3	0	0
,,	നാലുമാക്കൽ ആണ്ടിവൈദ്യൻ	,,	0	12	0
,,	പുത്തൻവീട്ടിൽ കാർത്ത്യായിനി അമ്മ	,,	0	6	0
,,	ചാത്തോടത്തു കുഞ്ഞപ്പിള്ളതു	,,	3	0	0
,,	ഈശ്വരമംഗലത്തു കണ്ണശേഖരൻ	,,	3	0	0

മ. രാ. രാ.	അരയൻ പറമ്പിൽ കൃഷ്ണൻ	അവർകൾ	1	10	0
,,	വടശ്ശേരി ഇക്കണ്ടമേനോൻ	,,	3	0	9
,,	ഒ. കെ. ജോസഫ്	,,	2	7	0
,,	ചെറുമുത്തി രാമപ്പണിക്കർ	,,	2	0	0
,,	ജെ. എബ്രഹാം സിമിയോൻ	,,	[illegible]	4	0
,,	ഒ. ജോൺ	,,	2	12	0
,,	നാഗത്തുകാവിൽ അമ്മവീട	,,	2	0	0
ബ്രഹ്മശ്രീ	മരമ്പറ നാരായണൻനമ്പൂരി	,,	3	0	0
,,	ചൊടിയത്തു മാധവൻനമ്പൂരി	,,	3	0	0
,,	ചെറിങ്ങര നാരായണൻനമ്പൂരി	,,	3	0	0
മ. രാ. രാ.	സി. അച്യുതമേനോൻ	,,	3	0	0
,,	മാകായിൽ രാമപ്പണിക്കർ	,,	3	0	0
,,	കെ. രാമത്തിരുപ്പാട	,,	3	0	0
,,	കെ. കരുണാകരപ്പിഷാരടി	,,	0	8	0
,,	വി. ഒ. കൊച്ചുണ്ണിത്തരകൻ	,,	1	0	0
,,	പരമേശ്വരൻപിള്ള	,,	3	0	0
,,	എം. ശങ്കുണ്ണിമേനോൻ	,,	3	0	0
,,	ഒ. മാണിക്കത്തനാർ	,,	1	0	0
,,	കെ. അഹമ്മദ്	,,	1	10	0
,,	കെ. ടി. നാരായണൻനമ്പ്യാർ ഇടപ്പള്ളി	,,	1	8	0
,,	കെ. നാരായണൻ [illegible]	,,	1	0	0

സംഗതിവിവരം

വിദ്യാവിനോദിനി അച്ചുകൂടം.

രസികരഞ്ജിനി വരിക്കാൎക്കു പ്ര[illegible]

പരസ്യം.

രസികരഞ്ജിനി വരിസംഖ്യ അടച്ചിട്ടില്ലാത്ത വരിക്കാർ ഫിബ്രുവരിയും അവരവരുടെ പക്കൽനിന്നും വരവാനുള്ളസംഖ്യ ഉടനെ അയച്ചു തരേണ്ടതും അങ്ങിനെ ചെയ്യാതിരുന്നാൽ അവധിയായതിന്റെ ശേഷമായ കുംഭമാസത്തിലെ രസികരഞ്ജിനി വാല്യൂപേയബിൾ ആയി അയക്കുന്നതുമാണ്. ര. ര. മാനേജർ.

രസികരഞ്ജിനി

൧൦൭൯

പുസ്തകം ൨. ധനുമാസം ലക്കം ൬

മംഗളം.

വലകരസ്ഥൽപ്പാരശ്ശ്രവണപുടികളെക്കവിരലിനാൽ
വലകാളുംതൊട്ടാക്കലിണപിണച്ചുള്ളനിലയിൽ
നിലംകൈകൂട്ടാതലപലകനിതാട്ടന്നനാരിയനി-
ന്നലംകാരണ്യാബ്ധേ! കൃകമവിഘ്നംഗണപതേ

ഒറവങ്കര നീലകണ്ഠൻനമ്പൂരി.

ഗൃഹഭരണം.

'കുടുംബം രക്ഷിച്ചവൻ കാശിക്കുപോകണ്ടാ' എന്നിങ്ങിനെ നമ്മുടെ ഇടയിൽ ധാരാളമായി ഉണ്ടാം നടപ്പുള്ള പഴഞ്ചൊല്ലിൻെറ അൎത്ഥം, കാശിയിൽപോയി അതിപാവനമായ ഗംഗാജലത്തിൽ സ്നാനം ചെയ്യുവേണ്ടാകുന്ന ഫലം ഒരു ഗൃഹഭരണകൎത്താവിനു ലഭിക്കുമെന്നാണല്ലൊ. ഫലത്തെ സംബന്ധിച്ചേടത്തോളം ഗൃഹഭരണവും ഗംഗാസ്നാനവും ഒരേ പടിയിൽതന്നെയാണെങ്കിലും ഇവകൾ തമ്മിൽ ഒരു മാതിരിയായ വ്യത്യാസം ഉണ്ട്. അതായത്, ഗംഗാസ്നാനം ആചരിച്ചാൽ പുണ്യം കിട്ടുമെന്നല്ലാതെ ആചരിയ്ക്കാതിരുന്നാൽ പാപം കയ്യേൽക്കേണ്ടിവരുമെന്നില്ല. നേരെ മ

റിച്ച്, ഗൃഹഭരണം അനുഷ്ഠിക്കാതിരിക്കുന്നത് മഹാപാതകത്തിന്നു കാരണമാകുമെന്നുള്ളതിനെ താഴെ പകൎത്തുന്ന പൌരാണികശ്ലോകം വെളിവാക്കുന്നു.

പിതരംമാതരംചൈവ ഗുരുംഭാൎയ്യാംസുതംസുതാം
യോനപുഷ്ണാത്യനാഥാംശ്ചശാകുണ്ഡംപ്രയാതിസഃ

വിശേഷബുദ്ധിയില്ലാത്ത മൃഗപക്ഷ്യാദികൾപോലും ഈ പരിശുദ്ധമായ വിഷയത്തിൽ യഥാശക്തി പ്രവൃത്തിച്ചുവരുന്നത് നമുക്കെല്ലാം പ്രത്യക്ഷമാണല്ലൊ. ഈ സ്ഥിതിക്ക്, സ്വന്തം കുടുംബത്തെ വേണ്ടുംവിധം രക്ഷിക്കാതെ കേവലം സ്വാൎത്ഥപരന്മാരായി നടക്കുന്ന മനുഷ്യരെപ്പററി മററുള്ളവർ അപഹസിക്കുകയൊ ആവലാധി പറകയൊ ചെയ്യുന്നതായാൽ അതിലെന്താണ് അത്ഭുതപ്പെടുവാനുള്ളത്?

മേൽവിവരിച്ച സംഗതികളാൽ ഗൃഹഭരണം ഒരു ഗൌരവമുള്ള കൃത്യമാണെന്നു സാധിക്കുന്നുണ്ടല്ലൊ. കൃത്യത്തിന്റെ വലിപ്പം അനുസരിച്ച് ചുമതലയും കൂടുതലായിരിക്കുമെന്നുള്ളത് സൎവ്വസാധാരണമാകയാൽ, ഒരു ഗൃഹഭരണകൎത്താവിന്ന് പല സംഗതികളിലും ശ്രദ്ധവെക്കേണ്ടതായിട്ടുണ്ട്. ചുരുക്കിപ്പറയുന്നതായാൽ, ഒരു കുടുംബം ഭരിക്കുന്ന ആൾക്ക് ഒരു രാജ്യം ഭരിക്കുന്ന ആളോടു വളരെ സാദൃശ്യമുണ്ട്. രാജാവിന്റെ മന്ത്രിമാരും പ്രജകളും, ഒരു ഗൃഹസ്ഥന്റെ കാൎയ്യസ്ഥന്മാരും ശേഷക്കാരും, യഥാക്രമം ഒരേ നിലയിൽ ഗണിക്കപ്പെടാവുന്നതാണ്. ഒരു രാജ്യത്തിന്റെ നന്മതിന്മകൾ രാജാവിന്റെ ഗുണദോഷങ്ങളെ ആശ്രയിച്ചിരിക്കുന്നതുപോലെ, ഒരു കുടുംബത്തിന്റെ നന്മതിന്മകൾ, അതിനെ ഭരിക്കുന്ന ആളുടെ ഗുണദോഷങ്ങളെ അവലംബിച്ചാണിരിക്കുന്നത്. ഒരു രാജാവിന്ന് അത്യാവശ്യകങ്ങളായ നിഷ്പക്ഷപാതിത്വം, കൃത്യനിഷ്ഠ, ദാക്ഷിണ്യം, ക്ഷമ മുതലായ സൽഗുണങ്ങൾ എല്ലാം ഒരു ഗൃഹസ്ഥനും ഉണ്ടായിരിക്കേണ്ടതാകുന്നു. അടുത്തും അകന്നും ഉള്ള അനേകം താവഴികളോടുകൂടിയ ഒരു കുടുംബത്തിന്റെ ഭരണകൎത്താവ് പക്ഷപാതിയായിരുന്നാൽ അതുകൊണ്ടുണ്ടാകാവുന്ന കലഹങ്ങൾ സീമാതീതങ്ങളായിരിക്കുമെന്നുള്ളത് ചില തറവാടുകളുടെ താൽകാലികസ്ഥിതികൊണ്ട് അനുമാനിക്കാവുന്നതാണല്ലൊ. മലയാളത്തിൽ ഇപ്പോൾ എത്ര എത്ര വലിയ തറവാടുകളാണ് അധോഗതിയെ പ്രാപിച്ചി

ട്ടുള്ളത്. ഇതിനുള്ള മുഖ്യകാരണം, 'സ്വന്തം താവഴിയിൽ കുട്ടികളോടുള്ള വ്യാമോഹാദിവർഗ്ഗത്തെയ ത്യജിക്കാനാവാത്തവരോടാരാകിലുണ്ടാവക്കുള്ളവരെ വാൻഗ്ഗർഹം' എന്നുള്ള വാസ്തവം ഭരണകർത്താക്കന്മാർ തീരെ മനസ്സിലാക്കാത്തതാകുന്നു. ഇക്കാലത്ത് കോടതിയിൽ പെട്ടിട്ടുള്ള ഗൃഹകലഹസംബന്ധമായ മിക്കവ്യവഹാരങ്ങളും, കാരണവന്മാർ അവരുടെ സ്വന്തം താവഴിക്കാരിൽ പ്രദർശിപ്പിക്കുന്ന പ്രത്യേക സ്നേഹത്തിന്റേയും മറവള്ളവരിൽ കാണിക്കുന്ന ഔദാസീന്യത്തിന്റേയും ഫലങ്ങളാണ്. ഇതുകളുടെ ആവിർഭാവത്തോടുകൂടിതന്നെ തറവാട്ടിന്റെ 'സൌഖ്യവാരം' തകർന്നു പോകുന്നു. ഈ ദുരവസ്ഥ കാണുമ്പോഴാണ് നവീനന്മാരുടെ അഭിപ്രായപ്രകാരം മുതൽ വിഭാഗം ചെയ്യുകതന്നെയായിരിക്കുമോ വലിയ തറവാടുകളുടെ നിലനില്പിനു നന്നായിരിക്കുക എന്നു പലർക്കും തോന്നുമാറുണ്ട്.

തറവാട്ടിലുള്ള എല്ലാ താവഴിക്കാരേയും സമഭാവനയോടെ ഭരിക്കുന്നതിൽ എന്നപോലെ, സകല കൃത്യങ്ങളിലും തന്നെ സഹായിക്കുന്ന കാര്യസ്ഥന്മാരെ തിരഞ്ഞെടുക്കുന്ന കാര്യത്തിലും, ഒരു ഗൃഹസ്ഥൻ പ്രത്യേകം ദൃഷ്ടിവെക്കേണ്ടതാണ്. വൃദ്ധന്മാരുമായ കാരണവന്മാരെ 'സേവാ'സാമർത്ഥ്യംകൊണ്ട് സ്വാധീനപ്പെടുത്തി, അനന്തരവന്മാരെയായി ഭേദിപ്പിക്കുന്ന ഒരു തരം 'ശകുനി'മാരെ കാര്യസ്ഥന്മാരാക്കുന്നതുകൊണ്ടുള്ള ഫലം ഇന്നതായിരിക്കുമെന്ന് ആർക്കും ആലോചിച്ചാലറിയാവുന്നതാണല്ലോ. പുറമേക്ക് മാത്രം ഹരിശ്ചന്ദ്ര'ന്മാരായി നില്ക്കുന്ന ഈ വിഭീഷണന്മാരാണ് ഒടുവിൽ തറവാട്ടറിമയുടെ അന്തകന്മാരായി തീരുന്നത്. ആകയാൽ, സ്വാമിഭക്തി, അനുസരണം, കാര്യശേഷി, നിഷ്കപടത്വ മുതലായ ഗുണങ്ങളുടെ ഗന്ധംപോലുമില്ലാത്ത വല്ലവരേയും മന്ത്രിസ്ഥാനത്തിൽ ഏല്പിക്കുന്നത് അപായകരമാണെന്നു സവിശേഷം ഓർമ്മിപ്പാനുള്ളതാണ്. ഒരു ഗൃഹസ്ഥൻ കാര്യനടത്തിപ്പിൽ എത്രതന്നെ സമർത്ഥനായിരുന്നാലും, കാര്യാലോചനയിൽ കാര്യസ്ഥന്മാരെപോലെ അനന്തരവന്മാരെക്കൂടി പങ്കുകൊള്ളിക്കുന്നത് ഏറ്റവും വിഹിതമാകുന്നു. ഈ സമ്പ്രദായം നമ്മുടെ ഇടയിൽ അത്ര സാധാരണമല്ലാത്തതിനാലാണ്, കാര്യസ്ഥന്മാരുടേയും മറ്റം 'പക്ഷഭേദ'വും തന്നിമിത്തം കുടുംബകലഹവും നാൾക്കുനാൾ വർദ്ധിച്ചുവരുന്നത്. ഇങ്ങിനെ ഒരു കാരണവന്റെ ഗൃഹകാര്യാലോചനാസ

ളയിൽ അനന്തരവന്മാരെക്കൂടി സാമാജികന്മാരാക്കി എടുക്കുന്നതുകൊണ്ട് കുടുംബത്തിന്റെ ഏകയോഗക്ഷേമത്തിനു അത്യാവശ്യകമായ ഐകമത്യം വർദ്ധിക്കുകയും, ഗൃഹഛിദ്രം നേരിടാതിരിക്കുകയും ചെയ്യുന്നതാണ്. വിശേഷിച്ച്, വല്ല കാൎയ്യങ്ങളിലും മനുഷ്യസാധാരണമായ പ്രമാദം സംഭവിക്കുന്നതായാൽ അതിൽ കാരണവൻ മാത്രം തെറ്റുകാരനായി തീരുന്നതുമല്ലല്ലൊ. യാതൊരു ക്ലേശത്തിന്നും ആവലാധിക്കും സംഗതിയാകാതെ കുടുംബഭരണം നിൎവ്വഹിക്കുന്നതിന്ന് ഏററവും ഉപയുക്തമായ മേല്പറഞ്ഞ സമ്പ്രദായത്തെ എല്ലാ കാരണവന്മാരും അംഗീകരിക്കുന്നതുവരെ നാട്ടിലെ തറവാട്ടു ഭരണത്തിന്ന് പരിഷ്കാരം സിദ്ധിച്ചതായി വിചാരിപ്പാൻ പാടുള്ളതല്ല.

ആദായത്തിന്നടുത്ത വ്യയം ചെയ്യുക എന്നുള്ളതാണ് ഗൃഹഭരണത്തിന്റെ ഒരൊററ രഹസ്യം. ചില കാരണവന്മാർ ചില വ്യയം ചെയ്യുന്നതു കണ്ടാൽ, അവർ അവരുടെ തറവാട്ടുസ്വത്തിനെ കാണുന്നത് ശത്രുക്കളുടെ നിലയിൽക്കൂടെയായിരിക്കുമോ എന്നൊരു തോന്നിപ്പോകും. ഇവർ പിണ്ഡം, ശ്രാദ്ധം, കല്യാണം മുതലായ അടിയന്തരങ്ങൾക്ക് അനാവശ്യമായി ചെലവിട്ടുകളയുന്ന ദ്രവ്യത്തെക്കുറിച്ചുള്ള ലേഖനം അധികമായി സങ്കടപ്പെടുന്നത്. ചീട്ടുകളി, പകിടകളി, മദ്യപാനം മുതലായ ദുർവ്യസനങ്ങളിൽ ഏർപ്പെട്ട് അനേകകാലം ഒരു കുടുംബത്തിന്റെ സുഖവൃത്തിക്കു മതിയാകുമായിരുന്ന മുതൽ മുച്ചൂടും നശിപ്പിക്കുന്നതു വിചാരിപ്പാനുണ്ട്. പൂർവന്മാർ പണിപ്പെട്ടു സമ്പാദിച്ചിട്ടുള്ള സ്വത്തു മുഴുവനും [illegible] ത്തിക്കൊടുത്ത് സ്വന്തം കുടുംബങ്ങളെ കഷ്ടപ്പെടുത്തുന്ന ഒരു തരം കാരണവന്മാരുടെ നിർദ്ദയത്വവും പ്രസ്താവയോഗ്യമാകുന്നു. തങ്ങൾക്കുള്ളതിലധികം 'അവസ്ഥ' വേണമെന്നു വിചാരിക്കുന്നവർ ആപല്ക്കരമായ ഢീക്കിന്റെ ആകർഷണത്തിൽ പെട്ടുപോകുന്നത് ഒട്ടും അപൂർവമല്ല. ഈ ദുർദ്ദേവതയുടെ ആവേശത്താൽ മതിമറന്ന് ദാരിദ്ര്യസമുദ്രത്തിൽ മുങ്ങിപ്പൊങ്ങിക്കളിക്കുന്ന കാരണവന്മാരെ പ്രദേശങ്ങളിലും കാണുന്നതാണ്. പലർക്കും ഉപകരിക്കേണ്ടതായ ഒരു സമുദായ സ്വത്തുകൊണ്ട് തന്നെത്താൻ ഢീക്കിനെ ആരാധിച്ചാലുണ്ടാകുന്ന പാപം പ്രായശ്ചിത്തമില്ലാത്തതാണെന്നത്രെ വിചാരിക്കേണ്ടത്. തറവാട്ടിൽ സ്വത്തു തീരെ ഇല്ലെങ്കിൽതന്നെ അ

വിടെയുള്ളവരെ പ്രയത്നംചെയ്തു പുലർത്തേണ്ടത് കാരണവന്റെ ചുമതലയായിരിക്കും. മുമ്പുള്ള മുതലും 'ചുരുക്കിക്കൂട്ടുന്നത്' എത്രത്തോളം ന്യായമാണെന്ന പറയേണ്ടതില്ലല്ലോ. തന്റെ ജീവിതകാലം മുഴുവനും തറവാട്ടിന്റെ അഭ്യുദയത്തിനുവേണ്ടി ഏറയപൂർവ്വം ഉപയോഗപ്പെടുത്തുന്നതാണ് ഒരു ഉത്തമനായ കാരണവന്റെ ലക്ഷണം. 'സജാതോയേനജാതേന യാതിവംശസ്സമുന്നതിം' എന്നാണല്ലോ ആപ്തവാക്യം.

ധനികനെപ്പോലെയോ, അതിലധികമോ ഭയങ്കരമായ മറ്റൊന്ന് പിശുക്കാകുന്നു. വേണ്ടതിലാവട്ടെ വേണ്ടാത്തതിലാവട്ടെ അനാവശ്യമായാലും ചിലവുചെയ്യുന്നതു പ്രാണസങ്കടമായി തോന്നുന്നതാണല്ലോ ഒരു പിശുക്കന്റെ സ്വഭാവം. ധനം എത്ര തന്നെ ഉണ്ടായിരുന്നാലും അതിന്റെ അവസ്ഥയ്ക്കൊത്ത സുഖാനുഭവമില്ലെങ്കിൽ ദരിദ്രനായുള്ള ഒരു പണക്കാരനും ഇരന്നു നടക്കുന്നവനും തമ്മിൽ വലിയ വ്യത്യാസമൊന്നുമുണ്ടെന്ന തോന്നുന്നില്ല.

'ഉപഭോഗേന രഹിതോ ഭോഗവാനിതി നിന്ദ്യതേ
നിർമ്മിതോതികദർയ്യായം വിധിനാ നിധിപാലകഃ'

എന്നാണ് വാഗ്ഭടാചാര്യർ സരസമായ വിധം അഭിപ്രായപ്പെടുന്നത്. ഒരു ഗൃഹഭരണകർത്താവിന്റെ പിശുക്ക്, ഒരു സാധാരണ മനുഷ്യന്റേതിലും ഉപദ്രവകരമാണെന്നു പറയേണ്ടിയിരിക്കുന്നു. കാരണം, അതിന്റെ ഫലം അനേകം ആളുകൾ അനുഭവിക്കേണ്ടിവരുന്നതാണ് എന്നുള്ളത് സ്പഷ്ടമാണല്ലോ. കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുക, വഴിപോക്കർക്ക് ചോറുകൊടുക്കുക, അഗതികളെ രക്ഷിക്കുക മുതലായി ഒരു ഗൃഹസ്ഥന്റെ ചുമതലയിലുൾപ്പെട്ട പല സൽക്കർമ്മങ്ങൾക്കും ന്യായമായി ചിലവു ചെയ്യേണ്ടതായ തറവാട്ടു സ്വത്തിനെ നിരുപയോഗമാക്കി വെക്കുന്നതിലധികം കഷ്ടമായിട്ടുള്ളതെന്താണ്. ധാരാളം സ്വത്തുള്ള ചില തറവാട്ടിലെ കുട്ടികൾ യാതൊരു വിദ്യാഭ്യാസത്തിലും ഏർപ്പെടാതെ 'കാളക്കുട്ടി' കളെപ്പോലെ കളിച്ചു നടക്കുന്നതു കണ്ടാൽ എത്ര വജ്ര ഹൃദയനും ഖേദിക്കാതിരിക്കുന്നതല്ല. അല്പമായി വേണ്ടിവരുന്ന ഒരു മിതമായ പണച്ചിലവിനെ ഭയപ്പെട്ട് കുട്ടികളെ പഠിപ്പിക്കാത്തതുനിമിത്തം നമ്മുടെ പടുവൃദ്ധന്മാരായ കാരണവന്മാർ പിന്നീട് എത്ര മഹത്തരങ്ങളായ സങ്കടങ്ങളെയാണ് അനുഭവിക്കേണ്ടിവരുന്നത്.

ഒരു കുട്ടിയെ സാമാന്യം വിദ്യാസമ്പന്നനാക്കി തീൎക്കുവാൻ എത്ര ധനം ആവശ്യമായിവരുന്നുവോ, അതിലും എത്രയോ അധികരിച്ചതായ ദ്രവ്യം ഒടുവിൽ വിദ്യാവിഹീനനായ ആയാളുടെ പ്രവൃത്തികൾമൂലം നേരിടുന്ന അപകടങ്ങളിൽനിന്നു രക്ഷപ്പെടുവാൻ വ്യയം ചെയ്യേണ്ടിവരുന്നതു് നമുക്കു് അനുഭവസിദ്ധമാണല്ലോ. 'തേച്ചാത്ത എണ്ണ ധാരം' എന്ന പഴമൊഴിയുടെ സാരം ആലോചിക്കാത്ത പടു ലുബ്ധന്മാരെപ്പററി 'കേട്ടുക ചോദിക്കുന്നതുകൊണ്ടാ, ആന ചോദിക്കുന്നതുകൊണ്ടില്ല' എന്നിങ്ങിനെ നടപ്പുള്ള പരിഹാസഗൎഭമായ ലോകവാദം എത്ര വാസ്തവമായിരിക്കുന്നു. ബാല്യത്തിൽ വേണ്ടവിധം വിദ്യാഭ്യാസം ചെയ്യിക്കാത്ത അനന്തരവന്മാർ, പ്രായം പൂൎത്തിയാകുമ്പോൾ തന്നിഷ്ടക്കാരും താന്തോന്നികളുമായി തീൎന്നു് കാരണവന്മാരോടു മല്ലിടുവാൻ കച്ചകെട്ടി പുറപ്പെടുന്നതായാൽ, അവരെ എന്തൊരു ന്യായംകൊണ്ടാണു് കുററക്കാരാക്കുക? അവർ കേവലം ഭക്തിയും സ്നേഹവും അനുസരണവും ഇല്ലാത്തവരായി കലാശിച്ചതിന്നുശേഷം അവരെക്കുറിച്ചു് ആവലാധി പറകയോ, അധിക്ഷേപിക്കുകയോ ചെയ്തിട്ടു യാതൊരു പ്രയോജനവുമില്ല. ഇങ്ങിനെ ഒരു പിശുക്കനായ കാരണവന്റെ വാഴ്ചക്കാലത്തു് ജനിച്ചു വളൎന്നിട്ടുള്ള ഈ വക അനന്തരവന്മാൎക്കു കാരണവസ്ഥാനം കിട്ടുമ്പോഴും, വിദ്യാഭ്യാസത്തെ സംബന്ധിച്ചേടത്തോളം പഴയ ചട്ടം തന്നെയാണു് നിലനില്പാനെളുപ്പമുള്ളതു്. അനന്തരവന്മാരായിട്ടുള്ളവരെ വിദ്യാഭ്യാസത്തിൽ ഏൎപ്പെടുത്തുക എന്നതു് ഗൃഹഭരണവിഷയത്തിലെ ഒരു പ്രധാനഭാഗമാണെന്നു ധരിച്ചിട്ടില്ലാത്ത ഏതാനും കാരണവന്മാരുടെ 'തലമുറ' കഴിയുമ്പോഴേയ്ക്കും മൂഢ പാരമ്പൎയ്യത്തിന്റെ പരമകാഷ്ഠയിലെത്തുന്ന ഒരു തറവാടിന്റെ സ്ഥിതി എന്തായിരിക്കുമെന്നു പറഞ്ഞറിയിക്കേണ്ടതില്ലല്ലോ.

ആൺകുട്ടികളെപ്പോലെ തന്നെ പെൺകുട്ടികളെയും വിദ്യാഭ്യാസം ചെയ്യിക്കുന്നതു് അത്യാവശ്യമാണു്. പക്ഷേ, അങ്ങിനെ ചെയ്യിക്കുന്നതിൽ ചില ഉൾനാട്ടുകളിലുള്ള പഴയ ഗൃഹസ്ഥന്മാൎക്കു് ഒട്ടും രസമുള്ളതായി കാണുന്നില്ല. പെൺകുട്ടികളെ പഠിപ്പിക്കുന്നതുകൊണ്ടു് അവർ ധൂൎത്തുകാരികളായി തീരുമെന്നത്രെ ഇവരുടെ ദൃഢമായ വിശ്വാസം. നമ്മുടെ ഇടയിൽ നവീനവിദ്യാഭ്യാസം സിദ്ധിപ്പാൻ ഭാഗ്യമുണ്ടായിട്ടുള്ള ചില സ്ത്രീകളുടെ നടവടിദോഷമാണു്

ഇവകളിവിധം തെററായ ധാരണയെ ജനിപ്പിച്ചിട്ടുള്ളതെന്നു പറയേണ്ടിവന്നതിൽ ഞങ്ങൾക്ക് നിർവ്യാജമായ വ്യസനമുണ്ട്. ശരിയായ വിധത്തിൽ ചെയ്യപ്പെട്ടിട്ടുള്ള വിദ്യാഭ്യാസംകൊണ്ട് മനുഷ്യർ ദുർവൃത്തികളായി തീരുമെന്നുള്ളത് തീരെ അസംഭാവ്യമാകുന്നു. നിർഭാഗ്യവശാൽ ദുർല്ലഭം ചിലരെ മറിച്ചു കാണുന്നുണ്ടെങ്കിൽ അതിൽ അവരുടെ വാസനാദോഷത്തിനെയൊ, പരിചയദോഷത്തെയോ മാത്രമേ കുററപ്പെടുത്തുവാൻ പാടുള്ളൂ. കാരണവർ എത്രതന്നെ സമർത്ഥനായിരുന്നാലും, തറവാട്ടിലെ സ്ത്രീകൾ കേവലം വകതിരിവില്ലാത്തവരായിരുന്നാൽ, അയാളുടെ ഗൃഹഭരണം ഉത്തമരീതിയിൽ നടത്തപ്പെടുവാൻ പലപ്പോഴും കഷ്ടപ്പാടുകൾ നേരിടുമെന്നുള്ളത് നിരാക്ഷേപമാകുന്നു. സ്ത്രീകൾക്ക് പുരുഷന്മാരെ അപേക്ഷിച്ച് ഭക്ഷണം രണ്ടിരട്ടിയും, ബുദ്ധി നാലിരട്ടിയും, സാഹസം ആറിരട്ടിയും, കാമം എട്ടിരട്ടിയും, ("സ്ത്രീണാം ദ്വിഗുണ ആഹാരം ബുദ്ധിശ്ചാപി ചതുർഗ്ഗുണാ സാഹസം ഷഡ്ഗുണം പ്രോക്തം കാമശ്ചാഷ്ടഗുണഃ സ്മൃതഃ") ആണെന്നു പറയപ്പെട്ടിരിക്കുന്നു. ഈ സ്മൃതിവാക്യത്തിൽനിന്നും നാം മനസ്സിലാക്കേണ്ടത്, പുരുഷന്മാർക്കൊക്കെ എളുപ്പത്തിൽ സ്ത്രീകളെ വിദുഷികളാക്കിത്തീർക്കുവാൻ കഴിയുമെന്നും, അങ്ങിനെ ചെയ്യാതിരുന്നാൽ അവരുടെ അജ്ഞതാജന്യങ്ങളായ സാഹസപ്രവൃത്തികൾ അത്യധികം അനല്പങ്ങളായിത്തീരുമെന്നുമാണല്ലൊ. ശിശുപരിപാലനം, പാചകപ്രവൃത്തിമുതലായി സ്ത്രീകൾതന്നെ നിർവ്വഹിക്കേണ്ടവയായ പല ഉൽകൃഷ്ടകൃത്യങ്ങളിലും അവർക്ക് പരിപൂർണ്ണമായ നൈപുണ്യം സിദ്ധിപ്പാൻ വിദ്യാഭ്യാസം ചെയ്യു കഴിയൂ എന്നുള്ളതാണ്. സൂക്ഷ്മത്തിൽ, ഒരു കാരണവനു, തന്റെ ഗൃഹഭരണായോധനത്തിൽ ജയം നേടുവാനുള്ള ഒരു പ്രധാനമായ ആയുധം 'സ്ത്രീവിദ്യാഭ്യാസ'മാണെന്നുള്ളത് ലോകതന്ത്രജ്ഞന്മാർ തീർച്ചപ്പെടുത്തിട്ടുള്ള ഒരു സംഗതിയാകുന്നു. ഈ വിലയേറിയ വിഷയത്തിൽ ഇപ്പോൾ ചില നാഗരികന്മാരായ ഗൃഹസ്ഥന്മാരെങ്കിലും ശ്രദ്ധവെച്ചു കാണുന്നത് ഒരു മഹത്തായ ഭാഗ്യവിശേഷമെന്നുതന്നെ വിചാരിക്കേണ്ടിയിരിക്കുന്നു.

വഴിപോക്കർക്ക് ചോറുകൊടുക്കുക എന്നത് ഒരു ഗൃഹഭരണകർത്താവിനാൽ അവശ്യം അനുഷ്ഠിക്കപ്പെടേണ്ടതായ ഒരു വിശിഷ്ടകൃത്യമാണെന്നു മുമ്പു സൂചിപ്പിച്ചിട്ടുണ്ടല്ലൊ. ഇതിൽ ചില പഴയ ഗൃ

ഹസ്ഥന്മാൎക്ക് കുശലമായ വൈമുഖ്യം പ്രായേണ കണ്ടുതുടങ്ങിയിട്ടി
ല്ലാത്തത് ഒരുവിധം അഭിനന്ദിക്കത്തക്കതുതന്നെ. എന്നാൽ ഈ
വിഷയത്തിൽ ഇവരുടെ ശ്രദ്ധ വേണ്ടേടത്തോളവും വേണ്ടവിധ
വും പതിയുന്നില്ലെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. ചിലർ
തങ്ങളുടെ കാരണവന്മാർ നിയമിച്ച ചട്ടമാണല്ലോ എന്നു വിചാ
രിച്ചും, മററുചിലർ കേവലം അഭിമാനത്തെ ആഗ്രഹിച്ചുമാണ്
പ്രസ്തുതകൃത്യം നടത്തിപ്പോരുന്നത്. മനഃപൂൎവ്വമായ ആദരവും
സൌമുഖ്യവും പ്രദൎശിപ്പിക്കാതെ ചെയ്യുന്ന ഒരു സല്ക്കാരം ഉദ്ദിഷ്ടഫ
ലത്തെ നിറവേററുന്നതിൽ അപര്യാപ്തമായിരിക്കുമെന്നു വിശേഷി
ച്ചു പറയണമെന്നില്ലല്ലോ. വല്ല വഴിപോക്കരും വന്നുകേറിയെങ്കി
ലോ എന്നുള്ള ഭയത്താൽ നട്ടുച്ചക്കുപോലും പടിവാതിൽ തുറന്നി
ടാതെ സൂക്ഷിക്കുന്ന ചില വമ്പിച്ച തറവാടുകളും ഇല്ലെന്നില്ല. ഇ
ങ്ങിനെയുള്ള ഒരു വീട്ടിൽ വല്ല പാവപ്പെട്ട മനുഷ്യരും വിശന്നു വല
ഞ്ഞു കേറിച്ചെല്ലുമ്പോൾ, അവൎക്കുണ്ടാകുന്ന അനുഭവം ഗൃഹസ്ഥ
ന്റെ ആക്ഷേപപ്രത്യക്ഷമായ ദൃഗപാംഗസ്വീകാരം മാത്രമായിരുന്നാൽ
അതിലധികം സങ്കടം മറെറന്താണ്?

'അതിഥിൎയ്യസ്യ ഭഗ്നാശോ ഗൃഹാൽ പ്രതിനിവൎത്തതേ
ദത്വാ സ്വപാപം തസ്മൈ തൽപുണ്യമാദായ ഗച്ഛതി'

എന്നുള്ള ധൎമ്മശാസ്ത്രകാരന്മാരുടെ ഉപദേശം മേൽപറഞ്ഞ ഗൃഹ
സ്ഥന്മാർ ആലോചനാവിഷയമാക്കിയാൽ കൊള്ളാമെന്നിവിടെ ഓ
ൎമ്മിപ്പിക്കയുണ്ട്.

അഗതികളെ രക്ഷിക്കുന്നതിലും ഗൃഹസ്ഥന്മാർ ഒട്ടും ഉദാസീ
നന്മാരായിരിക്കരുത്. പഠിപ്പോ, കാഴ്ചയോ, വീഴ്ചയോ ഒന്നുമില്ലാ
ത്ത ചില 'വെറുംനാടൻ'മാരായ ഗൃഹസ്ഥന്മാർ ഈ മാതിരി സൽ
കൃത്യങ്ങളിൽ ശ്രദ്ധവെക്കാത്തതിൽ അത്ര ആശ്ചൎയ്യപ്പെടാനില്ല. ഉൽ
കൃഷ്ടവിദ്യാഭ്യാസംകൊണ്ടു ബുദ്ധിവികാസം സിദ്ധിച്ചിട്ടുള്ള ചില 'ന
വീനന്മാർപോലും മേൽപറഞ്ഞ കൂട്ടരെ അനുകരിക്കുന്നതാണ്
ശോചനീയമായിരിക്കുന്നത്. അഗതികളെ രക്ഷിക്കുക എന്നത്
ഒരു മഹാപാപമാണെന്നുകൂടി ചുരുക്കം ചില 'പരിഷ്കാരി'കൾ പ്ര
സ്താവിച്ചതായി ഞങ്ങൾ കേൾക്കുന്നുണ്ട്. മനുഷ്യർ അഗതികളായി
തീരുന്നത് അവരുടെ ദുഷ്കൎമ്മനിമിത്തമുള്ള ദൈവശിക്ഷയാണ്;
അങ്ങിനെ ശിക്ഷിക്കപ്പെട്ടവരെ സഹായിക്കുന്നതായാൽ, നാമും

ദൈവവിരോധികളായി തീരം' എന്നത്രെ ഇവരുടെ സിദ്ധാന്തം. ഇങ്ങിനെ പറയുന്ന കൂട്ടർതന്നെ, തങ്ങളുടെ സ്നേഹത്തിനു പാത്രീഭവിച്ചിട്ടുള്ള വല്ലവരും എന്തെങ്കിലും ഒരാപത്തിൽ പെടുമ്പോൾ അവരെ ഉടൻതന്നെ അതിൽനിന്നു രക്ഷപ്പെടുത്തുവാൻ ധൃതിപ്പെടുന്നതെന്തുകൊണ്ടാണാവോ! ദാരിദ്ര്യം, മഹാരോഗം, എന്നീ ശക്തികളുടെ വിപരീതാകർഷണത്തിൽ പുറന്തിരിയുന്ന ഖേദം പാവങ്ങളിൽപോലും അല്പമെങ്കിലും അലിവുതോന്നാത്ത ഈവക ഗൃഹഭരണകർത്താക്കന്മാരുടെ ഹൃദയകാഠിന്യം എത്രമാത്രം ഭയങ്കരമായിരിക്കുന്നു!

കാലക്ഷേപത്തിന്നു തറവാട്ടിൽ ധാരാളം സ്വത്തുണ്ടായിരിക്കുമ്പോഴും തങ്ങളുടെ മരുമക്കളെത്തന്നെ കണക്കിലധികം കഷ്ടിപ്പിക്കുന്ന ഒരു തരം ഗൃഹനാഥന്മാർ ഉള്ളതെല്ലാതിരിക്കെ, വഴിപോക്കു ചോറുകൊടുക്കുകയോ, ജാതികളെ സഹായിക്കയോ ചെയ്യുന്നവരെ കുറിച്ച് ഔത്സുക്യമായി ആവലാധി പറവാൻ പുറപ്പെട്ട ഞങ്ങളുടെ പ്രമാദത്തെ വായനക്കാർ ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. താൻ തറവാട്ടിലുള്ള മറ്റംഗങ്ങളുടെ കാര്യാന്വേഷണത്തിന്നു നിയമിക്കപ്പെട്ട ഒരാൾ ആണെന്നു മാത്രമെ ഒരു കാരണവന്നു ശരിയായി വിചാരിപ്പാൻ പാടുള്ളൂ. ഈ സ്ഥിതിക്ക് തറവാട്ടു മുതലെല്ലാം തന്റെ ഇഷ്ടത്തിന്നും സുഖവൃത്തിക്കും മാത്രമായി വിനിയോഗിക്കുകയും, ശേഷക്കാരെ കേവലം പട്ടിണിക്കിട്ടു ബുദ്ധിമുട്ടിക്കുകയും ചെയ്യുന്ന കാരണവന്റെ ആ പ്രവൃത്തി എത്രത്തോളം ന്യായമുള്ളതാണ്.

'ഏകാകീ മിഷ്ടമശ്നാതി ശ്ലേഷ്മകുണ്ഡം പ്രയാതി സഃ
പൂയമസൃഗ്രേതസാം ചൈവ തൽഭോജീ തത്ര തിഷ്ഠതി'

എന്നുള്ളത് ഈ വകക്കാരുടെ ഉള്ളിൽ ശിലാരേഖപോലെ പതിഞ്ഞു കിടക്കേണ്ടതായ ഒരു പ്രമാണവചനമാകുന്നു. പണ്ടൊരു കാരണവൻ 'ഉപ്പില്ല, മുളകില്ല എന്നൊക്കെ കേൾപ്പാനല്ല ഞാനിരിക്കുന്നത്; ഗൃഹഭരണം ചെയ്വാനാണ്' എന്നു പറഞ്ഞതായി കേട്ടിട്ടുണ്ട്. മൂപ്പർ ഗൃഹഭരണം എന്നുവെച്ചാൽ എന്താണെന്നാണാവൊ ധരിച്ചിട്ടുള്ളത്. ഈ മാതിരി കാരണവന്മാരുടെ ഭരണത്തിൻ കീഴിൽ വെറും 'അടിമ'കളെപ്പോലെ കാലക്ഷേപം ചെയ്യേണ്ടിവരുന്ന അനന്തരവന്മാരുടെ നിർഭാഗ്യമല്ലെ നിർഭാഗ്യം! ഇവക്ക് അ

ഭാര്യമാരെ ആശ്രയിച്ചോ മറ്റൊ സുഖമായി കാലക്ഷേപം ചെയ്യാമെന്നുവെച്ചാൽ അതിന്നു തറവാട്ടിന്റെ 'ആസ്ഥ'യും, 'അവസ്ഥ'യും അനുവദിക്കുന്നതുമല്ല.

ഇത്രത്തോളം പറഞ്ഞതിൽവെച്ച് ഇപ്പോൾ നമ്മുടെ ഇടയിൽ വേണ്ടവിധം ഗൃഹഭരണം ചെയ്യുന്ന കാരണവന്മാർ തീരെ ഇല്ലെന്നൊ, അനന്തരവന്മാരെല്ലാം നിർദ്ദോഷികളാണെന്നൊ ആണ് ഇവിടെ വിശ്വാസമെന്നാരും ധരിച്ചുപോകരുത്. യാതൊരു വഴിമതിയും കൂടാതെ തറവാടു മുടിച്ചുപോരുന്ന ദുരാത്മാക്കളായ കാരണവന്മാരെക്കൂടി വശീകരിച്ചു കഠിനഹൃദയന്മാരാക്കിത്തീർക്കുന്ന അനന്തരവന്മാരെ ഞങ്ങൾ വിസ്മരിക്കുന്നില്ല. തറവാട്ടുവകയായ യാതൊരു കാര്യത്തിലും ഏർപ്പെടാതെ സുഖമായി ഭക്ഷണവും കഴിച്ചിരുന്ന് കാരണവന്റെ വീഴ്ചകൾ കണ്ടുപിടിച്ച് ആക്ഷേപിക്കുകയല്ല ഒരനന്തരവന്റെ കർത്തവ്യകർമ്മം. ഒരുകാലത്തു താൻ കാരണവനാകുമ്പോൾ തന്റെ അനന്തരവന്മാർ സഹായിച്ചുവരണമെങ്കിൽ താൻ തന്റെ കാരണവനെ സഹായിച്ചുംകൊണ്ടിരിക്കണമെന്നത്രേ എല്ലാ അനന്തരവന്മാരും മനസ്സിലാക്കേണ്ടത്. ഈ വക തത്വങ്ങളെപ്പററി പര്യാലോചിക്കാത്ത ചില അവിവേകികളായ അനന്തരവന്മാർ നിമിത്തം പല ഉൽകൃഷ്ട തറവാടുകൾക്കും ഉടവു തട്ടീട്ടുള്ളതും തട്ടാവുന്നതുമാണെന്നു സമ്മതിച്ചേ തീരു.

ഒരു ഗൃഹഭരണകർത്താവായ കാരണവൻ തന്റെ അയൽവാസികളോടു രഞ്ജിപ്പില്ലാതിരിക്കുന്നത് മഹാ അബദ്ധമാകുന്നു. എത്ര ദ്രവ്യപുഷ്ടിയും, കാര്യശേഷിയും ഉണ്ടായിരുന്നാലും, ആർക്കും അന്യജനങ്ങളുടെ സഹായം എപ്പോഴും ആവശ്യമായിരിക്കും. ആകയാൽ സമീപസ്ഥന്മാൎക്കു തന്റെ പേരിൽ സ്നേഹവും ബഹുമാനവും ഉണ്ടാകത്തക്കവിധം പ്രവൃത്തിക്കേണ്ടത് ഒരു ഗൃഹസ്ഥന്റെ ചുമതലയാകുന്നു. ഒരു വലിയ 'ജന്മി'യായ ഗൃഹസ്ഥന്ന് തദ്ഗൃഹത്തിന്റെ അയൽവാസികൾ മിക്കപേരും കുടിയാനവന്മാരായിരിപ്പാനിടയുള്ളതുകൊണ്ട് അവരുടെ പ്രീതിസമ്പാദിക്കുക എന്നത് ഒട്ടും ക്ലേശമല്ല. പക്ഷെ നമ്മുടെ ചില ജന്മിമാർ ധനലോഭത്തിന്റെ മൂർദ്ധന്യത്താലും മററും ചുററുമുള്ളവരെ പരമ ശത്രുക്കളാക്കുകയാണ് ചെയ്യുന്നത്. ഇവരുടെ മാതിരി കണ്ടാൽ പരദ്രോഹം ജന്മിത്വത്തിന്റെ ഒരംഗമായിരിക്കുമോ എന്നുവരെ തോന്നിപ്പോ

ക്കും. ഒരു കുടിയാനവൻ പാട്ടം തീർത്താൽ അപ്പോഴും 'പുറി'കൊടുക്കാതെ 'ഉരുട്ട്'പറഞ്ഞയയ്ക്കുകയും ആ തീർത്ത പാട്ടംതന്നെ രണ്ടാമതും അവനോടു വസൂലാക്കുകയും ചെയ്യുന്ന ജന്മികൾകൂടി നമ്മുടെ ഇടയിൽ ഉണ്ടെന്നു പറഞ്ഞാൽ പക്ഷെ വായനക്കാർ വിശ്വസിക്കയില്ലായിരിക്കാം. യഥാകാലം പാട്ടവും മറ്റും പിരിക്കാതെ കുടിശ്ശികയാക്കിനിർത്തി മുതലും പലിശയും എല്ലാംകൂടെ കൊടുത്തു തീർപ്പാൻ കഴിവില്ലാതെ വരുന്ന കുടിയാനവന്മാരെ കോടതിയിൽ വ്യവഹാരംകൊണ്ടും മറ്റും അളവില്ലാതെ നഷ്ടപ്പെടുത്തി കഴക്കിലാക്കുന്ന മറ്റൊരുതരം ജന്മികളും ചുരുക്കമല്ല. വല്ല ഇച്ഛഭംഗമായ സംഗതിയാലും മുൻകുടിയാനവനോടു മുഷിഞ്ഞു 'വസ്തു മേൽചാർത്തു കൊടുക്കുക', 'കുടിയിറക്കി അയയ്ക്കുക' മുതലായ അനീതികൾ പ്രവൃത്തിക്കുന്നത് തറവാട്ടിന്നു എല്ലാവിധത്തിലും അനർത്ഥകാരണമായി പരിണമിക്കുമെന്നുള്ളത് അനുഭവസിദ്ധമായ ഒരു വാസ്തവമാകുന്നു. ഗൃഹഭരണത്തെ നാം ഒരു തീക്കപ്പലിനെപ്പോലെയോ തീവണ്ടിയെപ്പോലെയോ കരുതുകയാണെങ്കിൽ അതിലെ അഗ്നിയും ജലവും ഗൃഹസ്ഥന്റെ സത്യവും നീതിയുമാണെന്നുള്ളതിൽ സംശയമില്ല. ആകയാൽ ഇതുകൾക്കു യാതൊരു ഹാനിയും സംഭവിക്കാതെ സൂക്ഷിച്ചിരുന്നാൽ മാത്രമേ ഒരു ഗൃഹഭരണകർത്താവിന്റെ പരിശ്രമം ശ്രേയസ്കരമായി തീരുകയുള്ളൂവെന്നു വിശേഷിച്ചു പറയണമെന്നില്ലല്ലോ.

വള്ളത്തോൾ നാരായണമേനോൻ.

ആംഗ്ലേയാചാരവിധി

മനുഷ്യർ സഹജേന സ്വാർത്ഥബുദ്ധികളാണെന്നു ചില ഇംഗ്ലീഷ് തത്വശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ജനസമുദായത്തിന്റെ ഉല്പത്തിയെപ്പറ്റി സൂക്ഷ്മാന്വേഷണം ചെയ്തിട്ടുള്ള ഹോബ്സ് മുതലായ ആംഗ്ലേയ പണ്ഡിതന്മാർ അതു മനുഷ്യർക്കു സ്വാഭാവികമായിട്ടുള്ള സ്വാർത്ഥതല്പരതയുടെ സന്താനമാണെന്നു കണ്ടിരിക്കുന്നു. കേവലം പരാർത്ഥത്തെ മാത്രം ഉദ്ദേശിച്ചു പ്രവൃത്തിപ്പാൻ തോന്നിക്കുന്നതായ യാതൊരു മനോഗുണവും നമുക്കില്ലെന്നാണ് ഈ മഹാന്മാരുടെ അഭിപ്രായം. ലോകത്തിൽ സൽകർമ്മങ്ങൾ ചെയ്യുന്നത്

ഐഹികമായോ പാരത്രികമായോ ഉള്ള സുഖത്തെ കാംക്ഷിച്ചു മാത്രമാണെന്ന് ഇവർ സിദ്ധാന്തിക്കുന്നു. എന്നാൽ സ്വരാജ്യത്തിന്റെയും സ്വജനങ്ങളുടെയും ഗുണോൽക്കർഷത്തെ മാത്രം ഉദ്ദേശിച്ച് പ്രാണത്യാഗംകൂടി ചെയ്തിട്ടുള്ള വളരെ ആളുകൾ എല്ലാ ജാതിക്കാരിലും, വിശേഷിച്ചും, മരണശേഷം ഇനി ഒരു ലോകത്തിൽ അധിവസിക്കാൻ സംഗതിവരുമെന്നുള്ളതിനെപ്പററി സംശയസ്ഥന്മാരായിട്ടുള്ള ചിലരുടെ ഇടയിലും ഉണ്ടായിട്ടുണ്ടെന്നുള്ളത് പലവിധത്തിലും തെളിവായിരിക്കുന്ന സ്ഥിതിക്ക് മേൽപറഞ്ഞ സിദ്ധാന്തത്തെ കൈക്കൊള്ളുവാൻ വളരെ ആലോചിച്ചിട്ടു വേണ്ടിയിരിക്കുന്നു. ഭഗവൽഗീതയിൽ ശ്രീകൃഷ്ണൻ

'ആത്മൌപമ്യേന സർവ്വത്ര
സമം പശ്യതി യോർജ്ജുന
സുഖം വാ യദി വാ ദുഃഖം
സ യോഗീ പരമോ മതഃ'

എന്നുപറഞ്ഞിട്ടുള്ളതിലും, അതേ അർത്ഥത്തിൽതന്നെ ക്രിസ്തു തന്റെ ശിഷ്യന്മാരോടു പറഞ്ഞിട്ടുള്ള വാക്യത്തിലും, മനുഷ്യർ സാധാരണയായി തങ്ങളെക്കാൾ അധികമായി മററാരെയും സ്നേഹിക്കുന്നില്ലെന്നുള്ള സംഗതി അന്തർഭവിച്ചിട്ടുണ്ടെങ്കിലും, ഈ മഹാന്മാരുടെ വാക്യങ്ങൾ സ്വാർത്ഥസിദ്ധാന്തത്തെ പ്രബലപ്പെടുത്തുന്നവയാണെന്നു ഒരിക്കലും പറഞ്ഞുകൂടാ.

എന്തുവിധമെങ്കിലുമായിക്കൊള്ളട്ടെ. ഈ സംഗതിയെപ്പററി ആലോചിച്ചാലോചിച്ചു തലകറച്ചിൽ പിടിപ്പിപ്പാൻ തൽക്കാലം വിചാരിക്കുന്നില്ല. എന്നാൽ, സ്വാർത്ഥതല്പരതയിൽനിന്നൊ, ജനങ്ങൾ സ്വാർത്ഥനിഷ്ഠയോടുകൂടിയവരാണെന്നുള്ള ബോധത്തിൽനിന്നൊ, ഉൽഭൂതമായിട്ടുള്ളതാണ് ഇംഗ്ലീഷിൽ 'എററിക്കെററ്' എന്ന പദംകൊണ്ടു സൂചിക്കുന്നതായ ആചാരവിശേഷം എന്നുള്ളതിനെപ്പററി പക്ഷാന്തരമുണ്ടാവാൻ തരമില്ല. ഇഹലോകത്തിൽ സുഖമായി ജീവിച്ചിരിക്കേണ്ടതിനു വേണ്ട സൌകര്യങ്ങൾ മററുള്ളവരിൽനിന്ന് നമുക്ക് ലഭിക്കേണമെങ്കിൽ ആ വക സൌകര്യങ്ങൾ മററുള്ളവൎക്കും ഉണ്ടാക്കിക്കൊടുക്കേണ്ടത് ആവശ്യമാണെന്നുള്ള സത്യമായ ധാരണയാണ് ഇതിന്റെ അടിസ്ഥാനം. സ്വാർത്ഥസിദ്ധിക്ക് തങ്ങൾ അപരന്മാരുടെ ഗുണോൽക്കർഷത്തെ മാത്രമെ ഇച്ഛിക്കുന്നു

ളു എന്ന ശബ്ദം ധരിപ്പിക്കേണ്ടതാണെന്നുള്ള ഗ്രഹണതത്വം ആംഗ്ലേയന്മാർ വഴിപോലെ ധരിച്ചിട്ടുണ്ട്. സ്നേഹിതന്മാരായിട്ടുള്ള സംഭാഷണങ്ങൾക്കിടക്ക് ചിലപ്പോൾ ഉച്ചത്തിൽ ലേശം സന്തോഷമില്ലെങ്കിലും ചിലർ ഒരു ഭാഗത്തേക്കു മാത്രം ചിറി ഒന്നു കോട്ടിച്ച് പുഞ്ചിരികൊള്ളുകയും മറ്റു ചില സമയങ്ങളിൽ കണ്ണുരണ്ടും ഇറുക്കിച്ച് വായ പകുതി തുറന്ന് ഒന്നു പിന്നോക്കം മറിയുകയും മറ്റും ചെയ്യുന്നത് ഈ തത്വം ഗ്രഹിച്ചിട്ടുണ്ടെന്നുള്ളതുകൊണ്ടല്ലാതെ വെറും ഗോഷ്ടികളാണെന്നു വിചാരിച്ചുകൂട. ഈ ധാരണയുടെ ഫലമായി ഓരോരുത്തരുടേയും സൌകര്യത്തിനു വേണ്ടി ആംഗ്ലേയജനസാമാന്യം ഏർപ്പെടുത്തിട്ടുള്ള ചില നിശ്ചയങ്ങളാണ് ഇപ്പോൾ ആലോചനക്കു വിഷയമായി തീർന്നിരിക്കുന്നത്. ഈ നിശ്ചയങ്ങളെ തെറ്റി നടക്കുന്നത് പഞ്ച മഹാപാപങ്ങളിൽ ഉൾപ്പെടാത്തതും, എന്നാൽ നരകങ്ങൾക്കൊക്കെ ഹേതുവായിട്ടുള്ളതും ആയ വേറെ ഒരു മഹാപാപമാണെന്നാണ് വിചാരിച്ചുവരുന്നത്. മറ്റുള്ള പാപകർമ്മങ്ങൾ പരലോക സൌഖ്യത്തിന് തടസ്ഥമായി ഭവിക്കുമെന്നു മാത്രമെ ഉള്ളൂ. എന്നാൽ ഈ ആറാമത്തെ പാപം പരലോക സൌഖ്യത്തേക്കാൾ എത്രയോ പ്രധാന്യമേറിയതാണെന്ന് ചിലർ വിചാരിച്ചുവരുന്ന ഐഹിക സൌഖ്യത്തെക്കൂടി ഇല്ലാതാക്കുന്നതാണ്. ഇങ്ങിനെയുള്ള നിശ്ചയങ്ങളെ സംബന്ധിച്ച് പലരും ചിലത് അറിഞ്ഞിരിക്കേണ്ടതല്ലെ.

വീട്ടിലുള്ള സമയത്തു ഇല്ലെന്നു പറയുകയും, എലയിൽ ചോറു വിളമ്പി കൈകൊണ്ടു ഭക്ഷിക്കുന്നത് പാപകരമാണെന്ന് കരുതുകയും മറ്റും ('മഹാ' എന്നു പറഞ്ഞതുകൊണ്ട് അവ്യാപ്തി ദോഷം തീർന്നിരിക്കുമല്ലൊ) ചെയ്യേണ്ടതാണെന്ന് നമ്മെ പഠിപ്പിക്കുന്നതെ ശാസ്ത്രമാണ് 'ആംഗ്ലേയാചാരവിധി' എന്ന് ഓർമ്മ മഹാന്മാർ സവിശേഷം വിചാരിച്ചിരിക്കുന്നു. ഇതിനെ സംബന്ധിച്ചുള്ള സകല വിവരങ്ങളും ഗ്രഹിക്കണമെങ്കിൽ അച്ചടിച്ചു വല്ലവരും ഒന്നിച്ചുചെയ്തിട്ടുള്ള വല്ല ഇംഗ്ലീഷു പുസ്തകങ്ങളും വായിക്കാതെ കേവലം വിശേഷബുദ്ധികൊണ്ടു മാത്രം സാധിക്കുമൊ എന്നു സംശയമാണ്. ദൃഷ്ടാന്തത്തിന്, മറ്റുള്ളവരെ നോക്കിച്ച് വെടിപറയുന്നതിനിടക്ക്, അനാവശ്യമായി കൂടക്കൂടെ 'ണ്ണ്' 'ണ്ണ്' (?) എന്നു ഉച്ചരിക്കുന്നത് തെറ്റായിട്ടുള്ളതാണെന്ന് എത്ര പേർ ധരിച്ചിട്ടുണ്ട്?

എന്നാൽ നയവും മുഖസ്തുതിയും കൂടാതെ സൌഖ്യമായി കാലക്ഷേപം ചെയ്യാമെന്നു വിചാരിക്കുന്നതു്, കാപ്പിക്കു, ചായക്കു, സോഡക്കു, എണ്ണത്തിരിവണ്ടിക്കു, വേറെ ചില സാധനങ്ങൾക്കും വിലയില്ലാതെകണ്ടു വരുന്ന കാലത്തെ സാധിക്കയുള്ളു എന്നുള്ള സൂക്ഷ്മം മനസ്സിലാക്കീട്ടുള്ളവർ 'നയവും മുഖസ്തുതിയും തട്ടിവിടേണ്ടതു് ഇന്നിന്ന ദിക്കുകളിലാണെന്നു് നമുക്കറിഞ്ഞുകൂടെ. അതിനാൽ ഈ വക പുസ്തകങ്ങൾ വായിച്ചു ബുദ്ധിമുട്ടുന്നതെന്തിനായിട്ടാണ്' എന്നു് പക്ഷെ ചോദിക്കുമായിരിക്കാം. ഈ വിചാരം തീരെ തെറ്റായിട്ടുള്ളതാണ്. ചില സംഗതികൾ മറ്റുപ്രകാരത്തിൽ അറിവാൻ സാധിക്കുമെങ്കിലും, മറ്റു ചില സംഗതികൾ പുസ്തകാപേക്ഷകൂടാതെ മനസ്സിലാക്കുവാൻ ഒരിക്കലും സാധിക്കയില്ല.

ഒരാൾക്കു് പോകുവാൻ മാത്രം വിസ്താരമുള്ള ഒരു ഇടവഴിയിൽ കൂടി നാമാരെങ്കിലും പോകുമ്പോൾ അപരിചിതനായ ഒരുവനെ കണ്ടുമുട്ടിയാൽ കയ്യിലുള്ള കുടകൊണ്ടു് അയാളുടെ മാറത്തു കുത്തി അയാളെ ചാലിലേക്കൊ വല്ല പൊട്ടക്കിണററിലേക്കൊ തള്ളിയിടുന്നതു് ഇംഗ്ലീഷാചാരങ്ങൾക്കു് വിരോധമായിട്ടുള്ളതാകുന്നു. അങ്ങിനെയുള്ള അവസരങ്ങളിൽ കൈരണ്ടും കുപ്പായക്കീശയിൽ നിന്നെടുക്കാതെ കടന്നുപോകത്തക്കവണ്ണം വഴിവിട്ടുതരുവാൻ അയാളോടു താഴ്മയോടും പക്ഷെ ഗൌരവംവിടാതെയും അപേക്ഷിക്കണം. നമ്മുടെ വല്ല സ്നേഹിതന്മാരുടെയും ക്ഷണനപ്രകാരം അവരുടെ വീട്ടിൽ ചെന്നാൽ കാപ്പിയ്ക്കൊ ;പലഹാരത്തിന്നൊ സ്വാദു പോരെന്നുവെച്ച് അവിടെയുള്ള പാത്രങ്ങൾ തട്ടിയുടക്കുകയൊ, ചൂടു കാപ്പിയെടുത്തു് അടുത്തുള്ള സ്നേഹിതന്റെ തലയിൽ ഒഴിക്കുകയൊ ചെയ്യുന്നതും തെറ്റായിട്ടുള്ളതാകുന്നു. ബ്രഹ്മസൃഷ്ടിയുടെ വല്ല അപരാധനിമിത്തം മുഖത്തു് വല്ല മുഴയൊമററൊ ഉള്ള സ്ത്രീകളോടു പണമിടപെട്ട കാര്യത്തെപ്പററി വളരെ നേരം സംസാരിച്ചതിന്റെ ശേഷം ഒടുവിൽ 'ഞാൻ ഈ പറഞ്ഞ സംഗതികളെല്ലാം നിങ്ങളുടെ മുഖത്തു് മുഴയുണ്ടെന്നുള്ളതിനെക്കാളും സൂക്ഷ്മമാണ്'' എന്നു ഒരിക്കലും പറഞ്ഞു പോകരുതു്. അതുപോലെതന്നെ, ഒരു വിരലിൽ അധികം നീളമുള്ള രണ്ടു പല്ലുകളും, സാധാരണ ജനങ്ങൾക്കില്ലാത്ത മേദപുഷ്ടിയുമുള്ള വല്ല സ്ത്രീകളും ആ ഭവനത്തിലുണ്ടെങ്കിൽ 'വേറെയും കൊമ്പനാണൊ' എന്നു് അവസാനിക്കുന്ന വല്ല ശ്ലോകവും സദസ്യത്തിൽ

ചൊല്ലിപ്പോകാതിരിപ്പാൻ മനസ്സുവെക്കേണ്ടതാണ്. പുസ്തകാപേക്ഷകൂടാതെ ഈവക സംഗതികളെ മനസ്സിലാക്കുന്നത് ഏതു വിധമാണെന്നറിഞ്ഞാൽ കൊള്ളാം.

ഈ വിഷയത്തെ പ്രതിപാദിക്കുന്നതായ യാതൊരു പുസ്തകവും മലയാളത്തിലില്ലാത്തത് ഒരു ന്യൂനത തന്നെ. ഇതു നിമിത്തം ഇംഗ്ലീഷ് പഠിക്കാത്ത മലയാളികൾക്ക് ഇതിനെ സംബന്ധിച്ചുള്ള അറിവ് വളരെ ഇഷ്ടമായിരിക്കുന്നു. എന്നാൽ അവർ ചില കാൎയ്യങ്ങൾ ധരിച്ചിരുന്നാൽ നന്ന്. ഒന്നാമത്, നുണ ആരോടെങ്കിലും, എപ്പോഴെങ്കിലും ഉചിതം പോലെ പറയുന്നത് വിധിക്കപ്പെട്ടിട്ടുള്ളതാണെങ്കിലും 'പച്ചപ്പരമാൎത്ഥം' ഒരിക്കലും പറഞ്ഞുപോകരുത്. എന്തെന്നാൽ സാധാരണയായി മനുഷ്യൎക്ക് ഗുണങ്ങളെക്കാൾ അധികം ദോഷങ്ങളാണ് ഉണ്ടായിരിക്കുക. അതിനാൽ ഈ സംഗതി മനസ്സിലാക്കാത്തവൻ സംസാരത്തിന്നിടയ്ക്ക് ചിലപ്പോൾ തന്റെയും ചിലപ്പോൾ മററുള്ളവരുടെയും ദോഷങ്ങൾ വെളിപ്പെടുത്തുവാൻ ഇടയുള്ളതിനാൽ മററുള്ളവരുടെ മുഷിച്ചിലിന്നും തനിക്ക് ദോഷത്തിന്നും സംഗതിയാക്കിത്തീൎത്തു എന്നു വരാവുന്നതാണ്. സന്മാൎഗ്ഗവിഷയത്തെപ്പററി പ്രസംഗിക്കുന്ന കൂട്ടർ 'എല്ലാററിലും സത്യം പറയണം, മനസ്സാക്ഷിക്കു വിരോധമായ കൎമ്മം ചെയ്യരുതെ' എന്നെല്ലാം ഉപദേശിച്ചാലും ഈ വകയൊന്നും നമ്മുടെ ലോകത്തിൽ പററുകയില്ലെന്നു വെച്ച് ആ ഉപദേശങ്ങളിൽ ഒരു വക വെയ്ക്കാതിരിക്കുന്നതാണ് നല്ലത്.

അപരിചിതന്മാരോടു പരിചയമാകുവാൻ മൂന്നാമതൊരാളില്ലാതെ ഒരിക്കലും സംസാരിച്ചുപോകരുതെന്നുള്ള നിയമം വെള്ളക്കാരുടെ ഇടയിൽ വളരെ കാലത്തോളം പ്രബലപ്പെട്ടിരുന്നു. എന്നാൽ മുങ്ങിച്ചാകുവാൻ ഭാവിക്കുന്ന ഒരു സായ്പിനെ കണ്ടുകൊണ്ടുനിന്നിരുന്ന മറെറാരു സായ്പ് ആദ്യത്തെ ആളുമായി പരിചയമാകുന്നതിന്ന് മൂന്നാമതൊരുവനെ കൂട്ടിക്കൊണ്ടുവരുന്നതിന്നു മുമ്പിൽ സാധു സായ്പ് ചത്തുപോയതിനാൽ ഈ നിയമത്തിന്ന് അല്പം ഭേദംവരുത്തിയതായി കേൾക്കുന്നുണ്ട്.

വേറെ ഒരു സംഗതി ധരിക്കാനുള്ളത്, 'കാൎയ്യത്തിന്ന് കഴുതക്കാലും പിടിക്കണം' എന്നുള്ള പ്രമാണം സ്ഥായിയായി വെച്ചുകൊള്ളാതെ നിവൃത്തിയില്ലെങ്കിലും, തങ്ങളേക്കാൾ ബുദ്ധിക്കുറവും,

അറിവുകൊണ്ടും സ്വഭാവമാഹാത്മ്യംകൊണ്ടും യോഗ്യതയേറിയവരെ, അവകളെക്കൊണ്ട് തങ്ങൾക്ക് യാതൊരു ഗുണവും ഉണ്ടാവാൻ ഇടയില്ലെന്ന സൂക്ഷ്മത്തോളം അറിഞ്ഞവരായവർ, തൃണത്തോളം ബഹുമാനിക്കാതിരിക്കുന്നത് നല്ല നടത്തമായിട്ടാണ് വിചാരിച്ചുവരുന്നത്. ഇങ്ങിനെയുള്ളവർ സ്വാമിമാരോടൊട്ടുകൂടിയവരാണെന്ന് പറയപ്പെടുന്നു.

മേൽകാണിച്ച സംഗതികളേക്കാൾ ഒട്ടും അപ്രധാനമല്ലാത്ത വേറെ ഒരു സംഗതികൂടി ധരിക്കേണ്ടതായിട്ടുണ്ട്. നമുക്കു പരിചയമുള്ള ആൾക്കു വല്ല ആപത്തും സംഭവിച്ചെങ്കിൽ ആ സംഭവം കഴിഞ്ഞ് കുറെ കഴിയുന്നതിനു മുമ്പ് ഒരു ദിവസം അവിടെ പോയിരിച്ച് കേറിച്ചെന്ന് 'നിങ്ങളുടെ ഈ ദുഃഖാവസ്ഥയിൽ ഞാൻ മനപ്പൂർവ്വം പങ്കുകൊള്ളുന്നു' എന്നു പറഞ്ഞേച്ചു പോരണം. അതുപോലെതന്നെ അവൎക്ക് ഗുണകരമായ വല്ല കാൎയ്യവും സംഭവിച്ചെങ്കിൽ ഒരു അനുമോദനകത്ത് അയക്കേണ്ടതും ആവശ്യമാണ്. പക്ഷേ അങ്ങിനെയുള്ള എഴുത്തിൽ തനിക്ക് കിട്ടുവാനുള്ള സംഗതിയെപ്പറ്റി ഒന്നും പ്രസ്താവിച്ചുപോകരുത്. വളരെ വിസ്തരിച്ചും വാചക ഭംഗിക്കു കുറവു കൂടാതെയും എഴുതേണ്ടിവരുന്ന കത്തുകൾ പെട്ടെന്നു തയ്യാറാക്കുവാൻ ശീലമില്ലാത്ത ആളുകൾ ഓരോ തരത്തെ ഉദ്ദേശിച്ച്, ചില അനുശോചനകത്തുകളും, അനുമോദനകത്തുകളും കാലേകൂട്ടി തയ്യാറാക്കിവെക്കുന്നത് നന്നായിരിക്കും.

നമ്മുടെ പണ്ടത്തെ ആളുകൾക്ക് ഈവക കാൎയ്യങ്ങൾ ഒന്നും തന്നെ നിശ്ചയമുണ്ടായിരുന്നില്ലെന്നു വിചാരിച്ചുകൂടാ. ഏതോ ഒരു കന്യകയെ കിട്ടണമെന്നുള്ള അത്യാഗ്രഹം നിമിത്തം വില്ലൊടിക്കാൻ ചെന്ന ജരാസന്ധൻ 'പല്ലുപോയ വില്ലാളിയാമഃ' എന്നുള്ള പരിഹാസ്യ വാക്യം ശിഷ്ടമുള്ളവർ പറവാൻ ഇടയാക്കി തീർന്നതു കൊണ്ടും ഭീമസേനനുമായി ഒരു കൂടിക്കാഴ്ച കഴിച്ചുവെച്ചെങ്കിലും, തൽക്ഷണം കൊഴിഞ്ഞുപോയ പല്ലുകൾ പെറുക്കി വായിലിട്ടുംകൊണ്ട് യാതൊരു ഭാവഭേദവുംകൂടാതെ അവിടെനിന്ന് എഴുന്നീറ്റു നടന്ന സംഗതി വിചാരിക്കുമ്പോൾ, അങ്ങിനെയുള്ള വൈഷമ്യാവസരങ്ങളിലും 'ഡിഗ്നിറ്റി' വിടരുതെന്നുള്ള തത്വം അവരും മനസ്സിലാക്കീട്ടുണ്ടെന്നു ഊഹിപ്പാൻ ധാരാളം വഴിയുണ്ട്. എന്നാൽ അൎത്ഥത്തിന്റെ ചായം പുറത്താകുന്നതിന് പുറപ്പെട്ട് എങ്ങിനി

പ്രിയന്മാരായ രണ്ടു ബ്രാഹ്മണർ 'വളരെ പണിപ്പെട്ടു അദ്ദേഹത്തിന്റെ വായ തുറപ്പിച്ച് പല്ലുകൾ താഴെ വീഴിച്ചത് ഇപ്പോഴത്തെ വല്ല മൊരമാരും കണ്ടെങ്കിൽ ഉടനെ 'എക്സ്ക്യൂസ്' എന്നു പറഞ്ഞേനെ.

സാധുവായ ധർമ്മപുത്രർക്ക് ഇതിന്റെ ഗ്രഹിതം തന്നെ കറവാണെന്ന് വിചാരിക്കേണ്ടിയിരിക്കുന്നു. ഉത്തരൻ ജയിച്ചു എന്നുള്ള സന്തോഷവർത്തമാനം കേട്ട് കൃതാർത്ഥതയോടു കൂടിയിരുന്ന വിരാടരാജാവിന്റെ മുമ്പിൽ വെച്ച് "ഉത്തരനല്ല ജയിച്ചത്" എന്നുള്ള പച്ചപ്പരമാർത്ഥം ധർമ്മപുത്രർ എഴുന്നെള്ളിച്ചതു നിമിത്തം അദ്ദേഹത്തിന്നു തക്കതായ ശിക്ഷ കിട്ടിയ കഥ വായനക്കാർക്കു നിശ്ചയമുണ്ടായിരിക്കാം. പരമശുദ്ധനായ ധർമ്മപുത്രരുടെ അറിവില്ലായ്മയെ ഓർത്തു വ്യസനിക്കുകയെ നിവൃത്തിയുള്ളൂ.

കുഞ്ചൻനമ്പ്യാരുടെ തുള്ളലുകളിൽ നിന്നെടുത്തു താഴെ കാണിച്ചിട്ടുള്ള വരികളിലെ ചില അക്ഷരങ്ങൾ ഒരു ക്രമം അനുസരിച്ചു വായിച്ചു നോക്കിയാൽ 'എററിക്കേററ്' എന്ന പദം ആയിതീരുന്നത് അദ്ദേഹം കരുതി പ്രയോഗിച്ചതോ അല്ലയോ എന്നുള്ള സംഗതി വായനക്കാർ തീർച്ചയാക്കട്ടെ.

എന്നാലിനിയൊരു കഥയുരചെയ്യാം— കൃഷ്ണാർജ്ജുനവിജയം.
മററിതപ്പൊഴിലിന്റെമഹത്വം— പാത്രചരിതം.
മാനക്കേടുവരുത്തീടരുതേ— സീതാസ്വയംവരം.
കുററവൊററമിനിക്കരുതെന്നാലും— ടി.

എന്നാൽ നമ്മുടെ ഇടയിൽ പൊള്ളുശ്ലോകങ്ങൾ ഉണ്ടാക്കിയും മേനിപറഞ്ഞും മററു പല ഗോഷ്ടികൾ കാണിച്ചും പരോപദ്രവം ചെയ്തു കാലക്ഷേപം കഴിച്ചുവരുന്ന 'ധീരോദാത്തന്മാർ' തങ്ങളുടെ സൗഖ്യം മാത്രമെ നോക്കുന്നുള്ളു എന്നു വിചാരിപ്പാൻ ഇടയുള്ളതിനാൽ ഇങ്ങിനെയുള്ള ചില ആചാരങ്ങൾ നമ്മുടെ ഇടയിലും നടപ്പാക്കേണ്ടത് ആവശ്യമാണെന്ന് ഞാൻ അറിയാതിരിക്കുന്നില്ലെങ്കിലും 'മനുഷ്യരുടെ ആയുഷ്ക്കാലം പരിമിതവും ക്ഷയിഷ്ണുവുമാണെ'ന്ന് പണ്ടൊരു മഹാൻ പറഞ്ഞിട്ടുള്ള അവസ്ഥക്ക് എന്ത്. അസൗകര്യങ്ങൾ നേരിട്ടാലും ഇതേവരെ കഴിഞ്ഞ മാതിരി മേലാലും കഴിയട്ടെ എന്നു മാത്രമെ ഞാനും എന്റെ കൂട്ടുകാരും വിചാരിക്കുന്നുള്ളൂ.

കോരപ്പപ്രഭു.

അന്ധവിശ്വാസം

കാൎയ്യകാരണങ്ങളുടെ ഈ വൈജാത്യത്തെ നിൎവ്വചിക്കുമ്പോൾ ജഗൽക്കാരണത്തെപ്പററിയുള്ള അറിവ് നമുക്ക് ചിന്തിക്കേണ്ടിവരുന്നു. ഒരേ മൂലത്തിൽനിന്ന് വിപരീതഗുണങ്ങളോടുകൂടിയ പ്രവൃത്തികൾ പുറപ്പെടുന്നു. ഉറക്കം നമ്മുടെ വിചാരധാരയുടെ സങ്കേതങ്ങളെ മാററിക്കളയുമ്പോൾ ഇച്ഛകളെല്ലാം ഉടനെ പ്രവൃത്തികളായി ഫലിക്കുന്നു. ബുദ്ധിമാൻ ആത്മജ്ഞാനത്തിനായി സ്വപ്നങ്ങളെ സൂക്ഷിച്ചു മനസ്സിലാക്കുന്നു. സ്വപ്നത്തിലെ സംഗതികളെ എപ്പോഴും ഓൎമ്മിക്കുന്നത് പ്രയാസം; പോയശ മനസ്സിലാക്കാം. അതു നമുക്ക് ഉത്സാഹമോ വൈമനസ്യമോ ഉണ്ടാക്കുന്നത് എന്നു നിൎണ്ണയിക്കാം. സ്വപ്നത്തിൽ കാണുന്ന സംഗതികൾ എത്ര അസംഗതങ്ങളായിരുന്നാലും അവയ്ക്ക് ഒരു അൎത്ഥമുണ്ട്. ശകുനങ്ങളിലും മററു അന്ധവിശ്വാസങ്ങളിലും അപ്രകാരംതന്നെ. അവയുടെ നിദാനം മനുഷ്യന്റെ മനസ്സിൽ പ്രസുപ്തമായി ഉണ്ടായിരുന്നു. 'ഈ സ്വപ്നങ്ങൾ എത്രതന്നെ അസംഗതങ്ങളാണെന്നു് നമ്മുടെ മനസ്സിൽനിന്നു ജനിച്ചവയാകകൊണ്ട് നമ്മുടെ ജീവചരിത്രത്തിനോടും ശിരോലിഖിതത്തിനോടും എതാനും സാമ്യമില്ലാതെ വരികയില്ല' എന്ന് ഗീഥി പറഞ്ഞിരിക്കുന്നു.

വരാൻപോകുന്നതിന്റെ പൂൎവ്വരംഗങ്ങൾ നമ്മുടെ ആത്മാവിൽ മുമ്പിൽതന്നെ ഉണ്ടായിരിക്കും. എന്തെന്നാൽ നമ്മുടെ വിചാരങ്ങളുടെ പരിപൂൎത്തിയാണല്ലോ ക്രിയയിൽ പൎയ്യവസാനിക്കുന്നത്. അതുകൊണ്ട് ചില സ്വപ്നങ്ങൾ ഫലിച്ചു കാണുന്നതിൽ ആശ്ചൎയ്യമില്ല. തെററിപ്പോകുന്നതിനു കാരണം, നിസ്സാരങ്ങളായ സംഗതികളെ മാത്രം ഗണിക്കുന്നതിനാലാണ്. ഒരുത്തന്റെ തള്ളവിരലിന്റെ നഖം കണ്ട് അവന്റെ ഛായയെ നിൎണ്ണയിച്ചാൽ എത്ര ശരിയായിരിക്കും? നമുക്കു വരാൻപോകുന്ന സംഗതികളെ അറിയുന്നതിനുള്ള പല ചിഹ്നങ്ങളും എല്ലായ്പ്പോഴും സന്നിഹിതങ്ങളായിട്ടുണ്ട്. അവയെ വേൎതിരിച്ചറിയുന്നതിൽ നാം ജാഗ്രതന്മാരായിരിക്കുന്നില്ലെന്നേയുള്ളു. നാം സൂക്ഷിച്ചറിയാൻ തയ്യാറ

ള്ളവരാണെങ്കിൽ ഈ വക ചിഹ്നങ്ങൾ ധാരാളമുണ്ട്. എന്നതുപോലെയെന്നാൽ, നാം ഒരു വൃക്ഷഛായയിൽ ഇരിക്കുമ്പോൾ കണ്ണായങ്ങളിൽകൂടി പതിക്കുന്ന രശ്മികൾക്ക് ഓരോന്നിനും സൂര്യബിംബത്തിന്റെ ആകൃതിയുണ്ടെന്ന് ഗണിക്കുന്നില്ല. ഖണ്ഡസൂര്യം അങ്ങനെയാണെന്നുള്ളത് ഉപരാഗ കാലത്തിൽ ഈ ഓരോ സുഷിരങ്ങളിലും കൂടി വരുന്ന വെയിൽ കലാകൃതിയായി കാണുമ്പോൾ മാത്രമെ മനസ്സിലാകുന്നുള്ളു. സർവത്തിനും ഈശ്വരൻ ഒരർത്ഥം കല്പിച്ചിട്ടുണ്ട്. അതറിയാൻ കഴിയുന്ന ബുദ്ധിമാന്മാരുണ്ടോ? കൈരേഖകളും മറവും മനുഷ്യന്റെ ശുഭാശുഭങ്ങളെ നിർണ്ണയിക്കാമെന്നുള്ളതിന്നു തർക്കമില്ല. പക്ഷെ അതറിയാവുന്ന വിദ്വാന്മാരെവിടെ? വളരെ നീളമുള്ള അലകൾ കണ്ടാൽ അവ വരുന്ന വാക്കിന് സമീപത്തെങ്ങും കരയില്ലെന്ന് ഒരു നല്ല നാവികൻ ഊഹിക്കും. മണ്ണിന്റെ തരംകണ്ട് ലോഹങ്ങൾ കിടക്കുന്ന സ്ഥാനങ്ങളെ ഭൂഗർഭശാസ്ത്രജ്ഞൻ നിർദ്ദേശിക്കുന്നു. എത്ര പേർ അതിനുമുമ്പിൽ അവിടം കഴിച്ചിരിക്കും? അവർ അതറിഞ്ഞിട്ടുണ്ടോ?

അതിസൂക്ഷ്മങ്ങളായ എത്ര ചിലന്തിവലകൾ പ്രഭാതത്തിൽ വെളിയിൽ പലതിനേയും തമ്മിൽ കൂട്ടി ബന്ധിച്ചിരിക്കും. സൂര്യൻ ഉദിച്ച് വെയിൽതട്ടുമ്പോഴല്ലാതെ നാം അവയെ കാണുന്നുണ്ടോ? എന്നതുപോലെ

വ്യതിഷജതി പദാർത്ഥാനാന്തരഃ കോപി ഹേതു-
ർന്ന ഖലു ബഹിരുപാധീൻ പ്രീതയ സ്സംശ്രയന്തേ
വികസതി ഹി പതംഗസ്യോദയേ പുണ്ഡരീകം
ദ്രവതി ച ഹിമരശ്മാവുദ്ഗതേ ചന്ദ്രകാന്തഃ'

ഈ സംഗതി വളരെ സാരവത്താണ്. ബുദ്ധിമാന് എല്ലാ നേരമ്പോക്കും അർത്ഥവത്താകുന്നു. മനുഷ്യസൃഷ്ടത്തിനെല്ലാം മനുഷ്യഗന്ധമില്ലാതെ വരില്ല. അതുപോലെ എല്ലാ കള്ളക്കഥയിലും ഒരു സാരമില്ലാതെ വരികില്ല. പുരാണങ്ങളിലുള്ള കഥകളിൽനിന്ന് തത്വജ്ഞാനികൾ എത്ര ധർമ്മതത്വങ്ങളെ പ്രതിപാദിക്കുന്നു! മഹർഷിമാർ ഒരു പുല്ല് എടുത്ത് മന്ത്രം ജപിച്ചുവിട്ടപ്പോൾ അതു ബ്രഹ്മാസ്ത്രപ്രവൃത്തിയെല്ലാം ചെയ്തു എന്ന കഥകൾ പറയാറുണ്ട്. ഇതു ശുദ്ധമെ കള്ളക്കഥയെന്നല്ലാതെ ആർക്കെങ്കിലും തോന്നുമോ? എന്നാൽ മന്ത്രത്തിന്റെ സ്ഥാനത്ത് ആവിയും പുല്ലിന്റെ സ്ഥാനത്ത് കൽക്ക

പാത്രങ്ങളും തുടരുക. ആവിയന്ത്രംകൊണ്ട് നാം എന്തെല്ലാം ഭൃത്യപ്രവൃത്തികൾ ആണ് ചെയ്യിക്കാത്തത്.

"അത്ഭുതസംഗതികൾക്കുള്ള മാഹാത്മ്യത്തിലൊട്ടും കുറവല്ല പ്രകൃതിമാഹാത്മ്യം" എന്ന് ഒരു പണ്ഡിതൻ പറയുന്നു. നിത്യനിദാനം ഉണ്ടാകുന്ന അനുഭവങ്ങൾക്കാണ് അധികം മാഹാത്മ്യമെന്നാണ് എന്റെ അഭിപ്രായം. മനുഷ്യന് ഒരു ക്ഷണത്തിൽ ഉണ്ടാകുന്ന അനുഭവത്തിനു കോടിപുരാണങ്ങളേക്കാൾ വില കൂടും. മന്ത്രവാദികളും പ്രശ്നവാദികളും മറ്റും നമ്മെ അവിശ്വാസികളെന്ന് അധിക്ഷേപിക്കാറുണ്ട്. എന്നാൽ അവരുടെ വാദങ്ങളെ നാം സ്വീകരിക്കാൻ മടിക്കുന്നത് അവരുടെ പ്രവൃത്തികൾക്കും ഫലങ്ങൾക്കും ഒരു സംബന്ധവും കാണായ്കയാലത്രെ. അവരുടെ വിദ്യ കൊണ്ടു നമുക്ക് അത്ഭുതത്തെ ജനിപ്പിക്കുന്നില്ല. എന്തെന്നാൽ അതിലധികം അത്ഭുതങ്ങളെയാണ് നാം സർവദാ കണ്ടുമുട്ടുന്നത്. പ്രകൃതിയിൽ ഒന്നും വെറുതെ നടക്കുന്നില്ല. ഒന്നിൽനിന്നു മറ്റൊന്നിലേക്കുള്ള പ്രവാഹം ക്രമേണയാകുന്നു. അന്തരാളസ്ഥങ്ങളായ ഭേദഗതികൾ അതിസൂക്ഷ്മങ്ങളാകകൊണ്ട് ഗോചരങ്ങളാകുന്നില്ല. എത്രയോ ശബ്ദങ്ങൾ അനന്തമായി ശ്രോത്രത്തിൽ തട്ടുന്നുണ്ടെങ്കിലും നാം കേൾക്കുന്നില്ല; എത്രയോ കാഴ്ചകൾ കണ്ണിനു മുൻപിൽ ഇരുന്നിട്ടും നാം കാണുന്നില്ല; അവയെ ചൂണ്ടിക്കാണിക്കുമ്പോൾ മാത്രമെ നാം മനസ്സിലാക്കുന്നുള്ളു.

പ്രശ്നം മുതലായവയ്ക്ക് നമ്മുടെ ജീവിതത്തോടുള്ള സംബന്ധത്തെ ഈ വിധം ഒരുത്തനും ചൂണ്ടിക്കാണിക്കാൻ കഴിയുന്നതല്ല. എന്നാൽ അവ കേവലം പരമ്പരാപ്രവചനംകൊണ്ട് വിശ്വസിക്കാവുന്ന ഒരു ചില്ലറ സംഗതിയുമല്ല. അതുകൊണ്ട് എന്നും കാണുന്ന അത്ഭുതങ്ങളെക്കൊണ്ട് നാം തൃപ്തിപ്പെടേണ്ടതാണ്. മറ്റുള്ളവ നമുക്ക് ജ്ഞാനാർഹങ്ങളാണെങ്കിൽ അവ നിസ്സംശയമായി പ്രത്യക്ഷീഭവിക്കും.

ഈ അന്ധവിശ്വാസങ്ങൾ മുഴുത്തിരുന്ന പണ്ടുള്ള കാലത്തും ബുദ്ധിമാന്മാർ അവയെ പ്രതിവദിക്കാതെയിരുന്നില്ല. പണ്ട് ഹെക്ടർ എന്ന വീരൻ യുദ്ധത്തിനായി പുറപ്പെട്ടപ്പോൾ ദുശ്ശകുനങ്ങൾ കാണുന്നു എന്ന് ആരോ പറഞ്ഞതിനു 'തന്റെ രാജ്യത്തിനുവേണ്ടി യുദ്ധം ചെയ്യുന്നത് തന്നെയാണ് ഉത്തമശകുനം' എന്ന് ഉ

ത്തരം പറഞ്ഞു. 'പ്രശ്നം പറഞ്ഞു ഫലിപ്പിക്കുന്നവനല്ല, സാധകബാധകങ്ങളെ ചിന്തിച്ച് ഊഹിക്കുന്നവനാണ് പ്രാശ്നികൻ' എന്ന് യൂറിപ്പിഡീസ് എന്ന പണ്ഡിതൻ അഭിപ്രായപ്പെടുന്നു. 'അന്നം, ഗരുഡൻ, പശു മുതലായ ജന്തുക്കളെ ഭാഗ്യകാരികളായി നാം ഗണിക്കുന്നു; എങ്കിലും മനുഷ്യൻ ഉത്തമജന്തുവാണെന്നു നമുക്ക് വിശ്വസിക്കാൻ കഴിയുന്നില്ലല്ലോ' എന്ന് പ്ലൂട്ടാർക്ക് എന്ന പൌരാണികൻ ശോചിക്കുന്നു. ഒരു വലിയ കൊടുങ്കാറ്റിൽ അകപ്പെട്ട കപ്പലിലെ കപ്പിത്താൻ ഇങ്ങിനെ ഈശ്വരനെ പ്രാർത്ഥിച്ചു—'ഈശ്വരാ! അങ്ങേക്ക് എന്നെ രക്ഷിക്കണമെങ്കിൽ രക്ഷിക്കാം; നശിപ്പിക്കണമെങ്കിൽ നശിപ്പിക്കാം; എങ്കിലും ഞാൻ ചുക്കാൻ ശരിയായി പിടിക്കുന്നുണ്ട്.' ഫൈക്കററിയൂസ് പറഞ്ഞിട്ടുള്ള ഒരു കഥയെക്കൂടി ഉദാഹരിക്കാം.

'ഒരിക്കൽ ചെങ്കടലിന്റെ തീരത്തുകൂടി സഞ്ചരിക്കുമ്പോൾ കൂടെ പല അശ്വാരൂഢന്മാരുമുണ്ടായിരുന്നവരുടെ കൂട്ടത്തിൽ മസ്സുലാം എന്നു പേരായ ഒരു ജൂതനും കൂടിയുണ്ടായിരുന്നു. ആൾ വെടിപ്പുകാരനും ധീരനും ധനുർവിദ്യയിൽ ബഹുസമർത്ഥനും ആയിരുന്നു. എല്ലാവരും കൂട്ടമായി യാത്ര ചെയ്യുമ്പോൾ വഴിയിൽ ഒരു ശകുനവാദി 'നില്ലണെ! നില്ലണെ!' എന്നു വിളിച്ചു പറഞ്ഞു. എന്താണ് കാര്യമെന്ന് മസ്സുലാം ചോദിച്ചു. ഉടനെ ഒരു പക്ഷിയെ ചൂണ്ടിക്കാണിച്ചുകൊണ്ട് ആ ശകുനവാദി പറഞ്ഞു—'ആ പക്ഷി അവിടെത്തന്നെയിരിക്കയാണെങ്കിൽ നിങ്ങളും അവിടെ വിശ്രമിക്കുന്നതു കൊള്ളാം; പറന്നു പോകുന്ന പക്ഷം നിങ്ങൾക്കും യാത്രയെ തുടരാം; അതല്ല അതു തിരിയെ പറക്കുന്ന പക്ഷം നിങ്ങളും പിൻവാങ്ങേണ്ടതാണ്.' ആ ജൂതൻ ഒന്നും മിണ്ടിയില്ല; വില്ലു കുലച്ച് കെട്ടി ആ പക്ഷിയെ എയ്തുകൊന്നു. ഇതു കണ്ടയുടനെ ആ ശകുനവാദികളും പിന്നെ ചിലരും തീരെ രസിച്ചില്ലെന്നല്ല, അവർ അവനെ ശകാരിക്കാൻ തുടങ്ങി. ഉടനെ അവൻ ചോദിച്ചു; 'എന്തിനാണ് നിങ്ങൾ എന്നെ ഭർത്സിക്കുന്നത്? ഈ ഇച്ഛമായ പക്ഷിയെ രക്ഷിക്കുന്നതിൽ നിങ്ങൾക്ക് ഇത്ര ഉൽക്കണ്ഠ എന്തുകൊണ്ടാണ്? തന്റെ ജീവനെ സംരക്ഷിക്കാൻ കഴിയാത്ത ഈ ജന്തുവിന് ഞങ്ങളുടെ യാത്രയുടെ ഗുണദോഷങ്ങളെ സൂചിപ്പിക്കാൻ ബുദ്ധി എങ്ങിനെ സിദ്ധിക്കും? വരാൻ പോകുന്നതിനെ അറിയാൻ അതിനു ശക്തിയുണ്ടായിരുന്നു

കിൽ മസ്സലമിന്റെ കൈകൊണ്ട് കലശിയാകണമെന്നായി അത് ഇവിടെ വരികയില്ലായിരുന്നല്ലോ.'

ഇക്കാലത്തിൽ ശകുനങ്ങളിലും സ്വപ്നങ്ങളിലും മററുമുള്ള വിശ്വാസം വളരെ കുറഞ്ഞിട്ടുണ്ട്. എന്നാൽ ഈ പരിഷ്കാരികളിൽ അത് നഷ്ടമായിട്ടില്ല. വേഷം പകർന്നിരിക്കുന്നേയുള്ളു. മുമ്പുള്ള കാലങ്ങളിൽ മാർഗ്ഗാന്തരക്കാർ ഓരോ ഇഷ്ടദേവതകളുണ്ടെന്ന് വിശ്വസിച്ചുവരുന്നതുപോലെ ഇപ്പോഴും ചിലർ ഭാഗ്യവാന്മാരെന്നും അവർ ചെയ്യുന്ന സകല കാര്യങ്ങളും ശുഭമായി പരിണമിക്കുമെന്നുമൊരു ബോധം പരക്കെ കാണുന്നുണ്ട്. ചില ഉദ്യമങ്ങളെപ്പററി സംശയിച്ചപ്പോൾ നെപ്പോളിയൻ പറഞ്ഞു—'എന്റെ കൈ ഭാഗ്യമുള്ളതാണ്; അതുകൊണ്ട് ആരെ ഞാൻ തൊടുന്നുവോ അവരൊക്കെ എന്തിനും മിടുക്കനായിരിക്കും.' അധികം കരുതലും ആലോചനയും കൂടാതെ പ്രവൃത്തിക്കുന്നത് ഫലസിദ്ധിക്കു പലപ്പോഴും കാരണമായി കാണുന്നുണ്ട്. പ്രായമായവർക്ക് അപകടം സംഭവിക്കുന്ന ഘട്ടങ്ങളിൽ കുട്ടികൾക്ക് ഒരുബാധവും പിണയുന്നില്ല. ഒരു ബാലൻ കണ്ണും മൂക്കും നോക്കാതെ ചാടുന്നു; അവന് ഒരു അപകടവും പററുന്നില്ല. പ്രായമായ ഒരുവനാകട്ടെ അങ്ങിനെ ചെയ്യുന്നതിൽ വരാവുന്ന ദോഷങ്ങളെ ചിന്തിക്കുന്നു; ബാല്യത്തിൽ തനിക്ക് ; ബലമായിരുന്ന ദൈവാധീനത്തിന്റെ കുറവിനെ ആലോചിച്ച് അവൻ ശോചിക്കുന്നു.

യക്ഷികൾക്കും ദുർദ്ദേവതകൾക്കും വളരെ ആളുകളെ കണ്ടുകൂടാ. ചിലരോട് പ്രത്യേകമായിട്ടേ ഇണങ്ങൂ. ചിലർക്കേ അത്ഭുതവിദ്യകൾക്കും മന്ത്രവാദങ്ങൾക്കും മററുമുള്ള ശക്തി കിട്ടുന്നുള്ളൂ. ഇന്നവർ ഭാഗ്യകാരികളാണ് ഇന്ന ദിവസം സുമുഹൂർത്തമാണ് എന്നുള്ള വിശ്വാസം ഇന്നും ഇന്നലെയുമുള്ളതല്ല. എന്നാൽ ഈ മുഹൂർത്തങ്ങളും മന്ത്രവാദങ്ങളുമല്ല ലോകത്തിലുള്ള മഹാകാര്യങ്ങൾ നടത്തിട്ടുള്ളത്.

പ്രകൃതിയുടെ പക്കൽനിന്നും പ്രതിഫലം കൂടാതെ ഗുണങ്ങളെ സമ്പാദിക്കുന്നതിനാണ് മനുഷ്യൻ സദാ ഔത്സുക്യപ്രതീക്ഷിയായിരിക്കുന്നത്. പ്രകൃതിയിൽ അസാമാന്യകളായ ശക്തികൾ ഉണ്ടെന്നുള്ളതിന് ലക്ഷ്യം വളരെയുണ്ട്; അവയെ കയ്യിലാക്കിയാൽ കൊള്ളാമെന്നുള്ള ദുരാഗ്രഹവും മനുഷ്യന് അല്പമല്ല; പക്ഷെ നല്ലവണ്ണം പരീക്ഷിച്ചതിനു മേലല്ലാതെ ഒരുശേഷൻ അവയെ മനസ്സിലാക്കിക്കൊ

ടുക്കയില്ല. എന്തെന്നാൽ ഒരു അധികാരം കൊടുക്കുന്നതിനു മുൻപിൽ അതിനെ ശരിയായി ഉപയോഗിക്കുന്നതിനുള്ള ജ്ഞാനം ഉണ്ടോ എന്നു നിർണ്ണയിക്കണം. മന്ത്രവാദം മുതലായ ഗൂഢകൃത്യങ്ങൾ ഒരു വക അസൽപഥ സഞ്ചാരമാകുന്നു. സജ്ജനങ്ങൾ അവയെ വർജ്ജിക്കുന്നു. ഉത്തമപുരുഷന്മാർ ഒരിക്കലും ചാത്തന്മാരേയും ദുർദ്ദേവതകളേയും വശമാക്കിയവരല്ല. സ്വാഭിമാനം വിട്ട് മഹാത്മാക്കന്മാരായിരുന്നവരെയാണ് നാം മഹാന്മാർ എന്ന് ഗണിക്കുന്നത്. പലരേയും അക്രമത്താൽ കീഴടക്കി വാഴുന്ന അപരിഷ്കൃതന്മാരെ കാട്ടുരാജാക്കന്മാരെ എല്ലാവരും പൂജിക്കും; അവരുടെ വംശമഹിമയെ പുകഴ്ത്തും; എങ്കിലും ഉള്ളിൽ അവർ നശിക്കണേ എന്നായിരിക്കും പ്രാർത്ഥന. മന്ത്രവാദംകൊണ്ടും പ്രശ്നംകൊണ്ടും കിട്ടുന്ന യോഗ്യത അതുപോലെ വ്യാജമാണ്.

ഇത്രയും പറഞ്ഞതുകൊണ്ട് ജ്ഞാനാതീതമായുള്ളവയെ ഞാൻ അവിശ്വസിക്കുന്നുവെന്നോ, പുച്ഛിക്കുന്നുവെന്നോ, വായനക്കാർ ധരിക്കരുത്. അവയുടെ തത്വത്തെ ഗവേഷണം ചെയ്യുന്നത് ഏറ്റവും രസകരംതന്നെ. അവ നമ്മുടെ ശ്രദ്ധയ്ക്കു വിഷയങ്ങളാണെന്നുള്ളതിനും തർക്കമില്ല. എന്നാൽ അവയിൽ അതിരുകവിഞ്ഞുള്ള പ്രതിപത്തി പാടില്ലെന്നേയുള്ളൂ. മന്ത്രവാദം, ആഭിചാരം മുതലായ ഗൂഢകൃത്യങ്ങളിൽ വ്യാപൃതന്മാരായുള്ളവർ മനോരാജ്യത്തിൽ അർദ്ധരാജ്യം പിടിച്ച് കാലം കഴിച്ചുകൂട്ടുന്നു. തന്നിമിത്തമുണ്ടാകുന്ന ഉപദ്രവങ്ങൾ ചില്ലറയാണോ?

നമ്മുടെ പരിമിതജ്ഞാനത്തിന് അഗോചരമായും അത്ഭുതജനകമായും പ്രകൃതിയിൽ അനേക ശക്തികളുണ്ടെന്ന് ഏതു പണ്ഡിതനും സമ്മതിക്കാതിരിക്കയില്ല. സൃഷ്ടിവൈചിത്ര്യത്തിന്റെ മാഹാത്മ്യം ഒരു ബ്രഹ്മാണ്ഡപുരാണത്തിനുകൂടിയും പറഞ്ഞൊതുക്കാൻ കഴിയുന്നതല്ല. അഗാധമായ ഈ വിഷയത്തെ പരാമർശിക്കുന്ന തത്വങ്ങളുടെ കരിനിഴലത്രെ അന്ധവിശ്വാസങ്ങൾ. ഈ ലോകമാസകലം ഒരു ശക്തിരംഗംതന്നെയല്ലേ? പിന്നെ നാം അതിന്റെ ഒരു കോണിൽ മാത്രം നോക്കുന്നതെന്തിന്? ഈശ്വരാംശഭൂതനായ മനുഷ്യന് ദിവ്യമായ സ്വാതന്ത്ര്യമുണ്ടായിരിക്കെ, അതിനെ നശിപ്പിക്കുന്നതിനു പിശാചുക്കളേയും യക്ഷികളേയും ആരാധിക്കണമോ?

എം. രാജരാജവർമ്മ രാജാ, എം. എ.

ദാരിദ്ര്യം.

൧. പാരിൽപ്പിറക്കുകിലനേകവിധംകൾക്കു
നേരിട്ടിടാതകഴിയില്ലുജനത്തിനെന്നാൽ
പാരിച്ചദുസ്സഹതകൊണ്ടുനിനച്ചുകണ്ടാൽ
ദാരിദ്ര്യമാണതിലൊരുന്നതിരോടിനില്പൂ

൨. ഒന്നിച്ചുതൻചെറുകിടാങ്ങളുംവിശന്നുകേഴെ
വന്നിട്ടുഹന്തവയർതൊട്ടുകരഞ്ഞിടുമ്പോഴും
മന്നിൽകിടപ്പൊരുദരിദ്രനുമാനസത്തിൽ
കുന്നിച്ചുപോരുമവശതയ്ക്കവസാനമുണ്ടോ?

൩. സമ്പത്തിയേറ്റുമൊരകിഞ്ചനനാരുതന്നാദി
സ്സമ്പന്നവീടുകളിലെത്തിയിരന്നിടുമ്പോഴും
അമ്പമ്പനിഷ്ഠുരവചസ്സുകൾകേട്ടുകൂട്ടും
കമ്പങ്ങളോടെത്രയപമാനമവൻപൊറുക്കും

൪. ചാരിത്രശുദ്ധിയഥനീതിവിവേകബുദ്ധി
പാരിൽപ്രസിദ്ധിമുതലായഗുണങ്ങളെല്ലാം
പോരിട്ടുനിന്നിഹജനങ്ങളിൽനിന്നകറ്റും
ദാരിദ്ര്യമെന്നപടയാളിപിടിച്ചടക്കും

൫. ദൂരിദ്ര്യമെന്നപൊള്ളുന ഘോരസകല്മഷയോഗ-
ത്തേരിൽകരേറിനിഖിലാശകളെകടപ്പാൻ
പൂരിച്ചധൈര്യമലസാതുള്ളവർകൾവെല്ലും
ദാരിദ്ര്യമീശപരനൊരാൾക്കുമെണച്ചിടൊല്ല

കാരിപ്പുറത്ത് കിട്ടുണ്ണിനായർ.

കോങ്കണബ്രാഹ്മണർ

ആറാം മണ്ഡലത്തിലെ 14 ഋക്കുള്ള 61-ാം സൂക്തം സരസ്വതീ പരമാകുന്നു. ഇതിൽ ഒന്നാം ഋക്കിൽ ദേവതയായി വർണ്ണിച്ചിരിക്കുന്നു. രണ്ടിൽ ശോഷിപ്പിക്കുന്ന തന്റെ വേഗങ്ങളെക്കൊണ്ടും ഘോരതരംഗങ്ങളെക്കൊണ്ടും തടപ്രദേശത്തുള്ള പർവ്വതങ്ങളെ പൊളിക്കുന്നു എന്നു പറഞ്ഞിരിക്കയാൽ സരസ്വതി ഒരു മഹാനദിയായിരിക്കണം. 10-ാം ഋക്കിൽ സരസ്വതിയെ 'സപ്തസ്വസാ'—ഏഴു സോദരിമാരോടുകൂടിയവൾ—എന്നു പറഞ്ഞിരിക്കുന്നു. ദേവതാർത്ഥത്തിൽ ഈ സ്വസൃക്കൾ ഗായത്ര്യാദി ഏഴു ഛന്ദസ്സുകളെന്നും നദ്യർത്ഥത്തിൽ ഗംഗാദി ഏഴു നദികൾ എന്നും സായണാചാര്യർ വ്യാഖ്യാനിക്കുന്നു. 12-ാം ഋക്കിൽ 'ത്രിഷധസ്ഥാ' എന്നതിനു മൂന്നു ലോകങ്ങളിലും സ്ഥാനങ്ങളോടുകൂടിയവൾ എന്നു സായണാചാര്യർ അർത്ഥം പറയുന്നതുകൊണ്ട് ത്രിപഥഗയായ ഗംഗയെപ്പോലെയുള്ള മഹിമ സരസ്വതിക്കു മുണ്ടായിരുന്നു എന്നും തെളിയുന്നു. 'പഞ്ച ജാതാവർദ്ധയന്തീ' എന്നതിനു നിഷാദന്മാരോടുകൂടിയ ചാതുർവ്വർണ്ണ്യങ്ങളെ വർദ്ധിപ്പിക്കുന്നവൾ എന്ന് അർത്ഥമാകയാൽ ആര്യക്കൂട്ടംപണ്ടും സരസ്വതീതീരത്തു കുടിയേറിപ്പാർത്തിരുന്നു എന്നതു സ്പഷ്ടം. 14-ാം ഋക്കിൽ 'മാ ത്വൽക്ഷേത്രാണ്യരണാനി ഗന്മ' —ഹേ സരസ്വതി, നിങ്കൽനിന്ന് (നിന്റെ മനോഹരതടപ്രദേശങ്ങളിൽനിന്ന്) അരമണീയങ്ങളായ അന്യദേശങ്ങളിൽ ഞങ്ങൾ പോകാതിരിപ്പുതാക' എന്നു പ്രാർത്ഥിക്കുന്നതുകൊണ്ട് ജലസ്ഥലസൌകര്യത്തോടും ധാന്യസമൃദ്ധിയോടുംകൂടിയ സ്ഥലമായിരുന്നു സരസ്വതീതീരമെന്നതു വ്യക്തമാകുന്നു. ഋഗ്വേദം iii 23. 4-ൽ 'ദൃഷദ്വത്യാം മാനുഷ ആപയായാം സരസ്വത്യാം രേവദഗ്നേ ദിദീഹി'—ഹേ അഗ്നിദേവാ, മനുഷ്യസമ്പാദിതനായ ദൃഷദ്വതീതീരത്തിലും ആപയയുടെ തീരത്തിലും സരസ്വതിയുടെ തീരത്തിലും ധനസമ്പത്തി വർദ്ധിക്കുമാറ് അങ്ങുന്നു ശോഭിച്ചാലും' എന്നതു പ്രാർത്ഥിക്കുന്നതുകൊണ്ട് ഈ മൂന്നു നദീതീരങ്ങളിൽ ആര്യന്മാർ യാഗാദി കർമ്മങ്ങൾ ആരംഭിച്ചിരുന്നുവെന്നു നിർണ്ണയിക്കാം. ഐതരേയ ബ്രാഹ്മണത്തിൽ (iii. 19) സരസ്വതീതീരത്തിൽ ഋഷികൾ സത്രം ചെയ്യുന്നതായി വർണ്ണിച്ചിരിക്കുന്നു.

കവഷനായ ഐലൂഷൻ എന്ന ഋഷിക്കു ബ്രാഹ്മണ്യമില്ലെന്നു മററു ചില ഋഷികൾ ആക്ഷേപിച്ചപ്പോൾ ഐലൂഷമഹർഷിയുടെ മാഹാത്മ്യത്തെ സ്വതീരത്തു സത്രം ചെയ്തുകൊണ്ടിരുന്ന ഋഷിമാൎക്കു സരസ്വതിതന്നെ പ്രത്യക്ഷമായി കാണിച്ചുകൊടുത്തുവെന്നു ഐതരേയ ബ്രാഹ്മണം ദ്വിതീയ പഞ്ചിക 3-ാം അദ്ധ്യായം 19 ഖണ്ഡികയിൽ വിവരിച്ച കഥയെ കൌഷീതകി ബ്രാഹ്മണത്തിലും (12. 3) പറഞ്ഞിട്ടുണ്ട്. യജുൎവ്വേദം, സാമവേദം, അഥൎവ്വണവേദം എന്നി മൂന്നു വേദങ്ങളുടേയും സംഹിതകളിലും സരസ്വതിയെക്കുറിച്ചു പറഞ്ഞിട്ടുണ്ട്. ഈ വേദങ്ങളുടെ ബ്രാഹ്മണങ്ങളിലും സരസ്വതിയെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ട്. ഇതിഹാസ പുരാണങ്ങളിലും ഈ നദിയുടെ മഹിമയെ പല സന്ദൎഭങ്ങളിലും ആഘോഷിച്ചിട്ടുണ്ട്. ചില പാശ്ചാത്യ പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ സരസ്വതി എന്നതു സിന്ധുനദിയുടെ പൎയ്യായമായിരിക്കണമെന്നാകുന്നു. ഋഗ്വേദം (vi. 6) സൂക്തത്തിൽ സരസ്വതീ പൎവ്വതങ്ങളെ പൊട്ടിക്കുന്നതായും സരസ്വതിയുടെ ബലം അപരിമിതമായും തിരമാലകളോടുകൂടിയ പ്രവാഹം ഊക്കോടെ ഗൎജ്ജിക്കുന്നതായും വൎണ്ണിച്ചിരിക്കുന്നു. vii. 95-ാം സൂക്തത്തിലെ രണ്ടാം ഋക്കിൽ 'നദികളിൽവെച്ച് അതിശ്ശുചിയും ഗിരികളിൽനിന്നു സമുദ്രംവരെ പ്രവഹിക്കുന്നവളും ആയ സരസ്വതി മാത്രം (നഹുഷ രാജാവിന്റെ പ്രാൎത്ഥനയെ) അറിഞ്ഞു. ഭുവനത്തിലെ ഭൂരിലോകൎക്കു ധനം നല്കുന്ന ദേവീ നഹുഷന്നു (യാഗം ചെയ്യാനായിട്ടു) നെയ്യും പയസ്സും കൊടുത്തു' എന്ന് പറഞ്ഞതിൽനിന്നു സരസ്വതി സമുദ്രത്തിൽ ചെന്നു ചേൎന്നിരുന്നു എന്ന് നിശ്ചയിക്കാം. ഇപ്പോൾ സരസ്വതി എന്ന നദി സമുദ്രത്തിൽ ചെന്നു ചേരുന്നില്ല. അതുകൊണ്ട് ഇവിടെ പറഞ്ഞ നദി സിന്ധുവായിരിക്കണം എന്നു പാശ്ചാത്യർ വാദിക്കുന്നു.

ഇപ്പോൾ സരസ്വതി എന്നു പറയപ്പെടുന്ന നദി സിൎമ്മൂർ പൎവ്വതങ്ങളിൽനിന്നുത്ഭവിച്ചു ആദിബദരി എന്ന പുണ്യക്ഷേത്രത്തിൽ ആവിൎഭവിക്കുന്നു. ചലൌർ എന്ന ഗ്രാമത്തിനു സമീപം അത് അദൃശ്യമായിത്തീൎന്നു ഭവാനിപുരത്തിൽ പിന്നെയും പ്രകടീഭവിക്കുന്നു. പിന്നെ ബൽചപ്പൂർ എന്ന സ്ഥലത്തു പിന്നെയും അന്തൎഗ്ഗതമായി ബരഖേര എന്ന സ്ഥലത്തു പിന്നെയും ദൃശ്യമാകുന്നു. ഉൻറള എന്ന സ്ഥലത്തു സരസ്വതി മാൎക്കണ്ട എന്ന നദിയോടു ചേൎന്നു

ഈ സംയുക്തനദികൾ സരസ്വതി എന്ന പേരോടുകൂടി ഒഴുകി ഘഗ്ഗർ എന്ന നദിയിൽ ചെന്നു കൂടുന്നുവെന്നു പഞ്ചാബുഗസറ്റിയർ എന്ന പുസ്തകത്തിൽ പറഞ്ഞിരിക്കുന്നു. ഇംഗ്ലീഷ് പടങ്ങളിൽ (മാപ്പിൽ) ഇപ്പോൾ ഈ നദിക്കു 'സർസൂട്ടി' (Sarsuti) എന്നാകുന്നു പേർ.

സരസ്വതിയുടെയും ദൃഷദ്വതിയുടെയും മദ്ധ്യത്തിലുള്ള പുണ്യസ്ഥലത്തിനു ബ്രഹ്മാവർത്തമെന്നും കുരുക്ഷേത്രം, മത്സ്യരാജ്യം, പഞ്ചാലദേശം, ശൂരസേനവിഷയം ഈ രാജ്യങ്ങൾ അടങ്ങിയ പ്രദേശത്തിനു ബ്രഹ്മർഷിദേശമെന്നും' ഹിമവദ്വിന്ധ്യ പർവതങ്ങളുടെ മദ്ധ്യത്തിലും ബ്രഹ്മർഷിദേശത്തിന്റെ കിഴക്കും പ്രയാഗയുടെ പടിഞ്ഞാറുമുള്ള ഭാഗം മദ്ധ്യദേശമെന്നും മനുസ്മൃതിയിൽ പറഞ്ഞിരിക്കുന്നു (ii. 17, 21). ബ്രഹ്മാവർത്തമെന്ന ഈ പുണ്യസ്ഥലത്തുനിന്നാകുന്നു ആര്യന്മാരുടെ നീതിന്യായ ധർമ്മങ്ങളുടെയും ആചാരവിധാനങ്ങളുടെയും നിർണ്ണയവും സനാതന ധർമ്മത്തിന്റെയും മതത്തിന്റെയും വ്യവസ്ഥയും ഉണ്ടായത്.

ഋഗ്വേദത്തിൽ (vii. 96. 4, 5, 6) സരസ്വാൻ എന്ന ഒരു നദീദേവനെ സ്തുതിച്ചിരിക്കുന്നു. സരസ്വദിഷ്ടി എന്ന ഒരു വൈദികകർമ്മവും ഉണ്ട്. സരസ്വാൻ സരസ്വതിയുടെ ഭർത്താവാണെന്നു വ്യാഖ്യാതന്മാർ അഭിപ്രായപ്പെടുന്നു. ശതപഥബ്രാഹ്മണത്തിൽ സരസ്വതിയെ വാക്കായും സരസ്വാനെ മനസ്സായും വർണ്ണിച്ചിരിക്കുന്നു.

ഋഗ്വേദം iii. 4. 8. സരസ്വതീ സാരസ്വതേഭിരർവാക്
തിസ്രോ ദേവീർബർഹിരേദം സദന്തു

സാരസ്വതരോടുകൂടി സരസ്വതിയും വാക്, ഇള, ഭാരതി എന്ന മൂന്നു ദേവിമാരും ഈ യജ്ഞസ്ഥാനത്തിൽ വന്നിരിക്കട്ടെ. ഇവിടെ സാരസ്വതശബ്ദം ഒന്നാമതായി പ്രയോഗിച്ചു കാണുന്നു. ഇതിനു സരസ്വതിയെ സംബന്ധിച്ച എന്നും മദ്ധ്യമസ്ഥാനങ്ങളെന്നും സായണാചാര്യർ അർത്ഥം പറയുന്നു. സരസ്വതിയെ സംബന്ധിച്ച നദികൾ എന്നു പാശ്ചാത്യ വിദ്വാന്മാർ വ്യാഖ്യാനിക്കുന്നു. സാരസ്വതേഭിഃ എന്നതു പുല്ലിംഗമായതുകൊണ്ടും പൂർവാർദ്ധത്തിൽ 'ഭാരതീ ഭാരതീഭിഃ' എന്നതിൽ ഭാരതീഭിഃ എന്നതിൽ സ്ത്രീലിംഗം ഉപയോഗിച്ചതുകൊണ്ടും സാരസ്വതേഭിഃ എന്ന ജനപദപരമായിട്ടു ഉപയോഗിച്ചതായിരിക്കണം. പുരാണങ്ങളിലും മഹാഭാരതത്തിലും

സാരസ്വതാഃ എന്ന ബഹുവചനം ജനപദപരമായിട്ടു പ്രയോഗിച്ചിട്ടുണ്ട്.

ഈ സരസ്വതീതീരത്തു വേദവ്യാസരുടെ ആശ്രമമുണ്ടായിരുന്നുവെന്നു ഭാഗവതത്തിൽ പറഞ്ഞിട്ടുണ്ട്. വസിഷ്ഠരുടേയും വിശ്വാമിത്രരുടേയും ആശ്രമം ഈ നദീതീരത്തായിരുന്നുവെന്ന് മഹാഭാരതത്തിൽ അനുശാസനപൎവ്വത്തിൽനിന്നറിയാം. അഗസ്ത്യരുടെ ആശ്രമവും ഇവിടെ ഉണ്ടായിരുന്നുവെന്നു മത്സ്യപുരാണത്തിൽ പറഞ്ഞിട്ടുണ്ട്. ശല്യപൎവ്വത്തിൽ സരസ്വതീതീരത്തുള്ള തീൎത്ഥങ്ങളെ വൎണ്ണിച്ചിരിക്കുന്നു. ഇങ്ങിനെ പുണ്യപാവനതീൎത്ഥത്തോടു കൂടിയ സരസ്വതിയുടെ തീരത്ത് ആദ്യം മുതല്ക്കു തന്നെ നിവസിച്ചു പോന്നിരുന്ന ബ്രാഹ്മണൎക്ക് എല്ലാം സാമാന്യമായ പേർ സാരസ്വതരെന്നായിരുന്നു. അതുകൊണ്ട് ഇപ്പോഴും പഞ്ചാബ്, കാശ്മീരം, ആഗ്ര, അയോദ്ധ്യ മുതലായ രാജ്യങ്ങളിൽ പാൎത്തുവരുന്ന ബ്രാഹ്മണരിൽ ഭൂരിപക്ഷവും സാരസ്വതന്മാരാകുന്നു.

ലോകോപകാരാൎത്ഥം സ്വശരീരത്തെയും കൂടി ഉപേക്ഷിച്ചു തന്റെ അസ്ഥികളെക്കൊണ്ട് ഇന്ദ്രനു വജ്രായുധമുണ്ടാക്കുവാൻ അനുവദിച്ച ദധീചിമഹൎഷിയുടേയും സരസ്വതീദേവിയുടേയും പുത്രനായ സാരസ്വതമഹൎഷി സരസ്വതീതീരത്തു സകല വേദശാസ്ത്രസമ്പന്നനായി നിവസിച്ചിരുന്ന കാലത്ത് ഉത്തരഹിന്ദുസ്ഥാനത്തിൽ അതിഭയങ്കരമായ ക്ഷാമവും അനാവൃഷ്ടിയും ഉണ്ടായി. ജീവസന്ധാരണാൎത്ഥം ബ്രാഹ്മണരെല്ലാം ദേശഭ്രഷ്ടരായി ഓടിക്കളഞ്ഞു. സരസ്വതിയുടെ ആജ്ഞാനുസാരം സാരസ്വതൻ തത്തീരത്തു തന്നെ നിവസിച്ചുകൊണ്ടിരുന്നു. പന്ത്രണ്ടു കൊല്ലത്തോളം ഈ മഹാക്ഷാമം നിലനിന്നതുകൊണ്ട് നാനാദിക്കുകളിൽ ചെന്നു ശരണം പ്രാപിച്ച ബ്രാഹ്മണൎക്കെല്ലാം വേദവിസ്മൃതിവന്നു, വേദബാഹ്യരായപ്പോൾ ബ്രാഹ്മണ്യം പുനഃ സമ്പാദിപ്പാനായിട്ട് അവർ സരസ്വതീതീരത്തിങ്കൽ ചെന്നു സാരസ്വതനെ ഗുരുവായി വരിച്ചു. ആ മഹൎഷിയിൽനിന്നു വേദം പഠിച്ചു. അതുകൊണ്ടു സാരസ്വതൻ സകല ബ്രാഹ്മണരുടേയും ഗുരുവായതുകൊണ്ടും സാരസ്വതന്മാർ സകല ബ്രാഹ്മണരിൽവെച്ച് അതി പൂജ്യന്മാരായതുകൊണ്ടും ഗൌഡന്മാരിൽ സാരസ്വതർ പ്രഥമ ഗണനീയരാകുന്നു. മഹാഭാരതത്തിലെ

ശല്യപർവ്വത്തിൽ സാരസ്വതോപാഖ്യാനം എന്ന കഥ പല പുരാണങ്ങളിലും പറഞ്ഞിട്ടുണ്ട്.

തൈത്തിരീയശാഖയിലെ സംഹിതയിൽ ബ്രാഹ്മണത്തിൽ സംഹിതാഭാഗവുംകൂടികലൎന്നു മററു വേദങ്ങളിൽനിന്നു വളരെ വിലക്ഷണമായിരിക്കുന്നു. ഇതിനു കാരണം സാരസ്വതപാഠമെന്നു സംഹിതാബ്രാഹ്മണങ്ങളുടെ അസമ്മിശ്രമായ പാഠം സത്യാഷാഢഗൃഹ്യസൂത്രത്തിൽ പറഞ്ഞ കാണ്ഡാനുക്രമണികയെ അവലംബിച്ചിരിക്കുന്നതെന്നും സംസ്കാരരത്നമാല എന്ന ഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നു. ഹൎഷചരിത്രത്തിന്റെ പ്രഥമോച്ഛ്വാസത്തിൽ ബാണഭട്ടർ സാരസ്വതോപാഖ്യാനം വളരെ സരസമായും ചമൽകാരമായും വിശദീകരിച്ചിട്ടുമുണ്ട്.

സാരസ്വതീതീരത്തുണ്ടായിരുന്നതുകൊണ്ടൊ, സാരസ്വതമഹൎഷിയെ ഗുരുവാക്കി സ്വീകരിച്ചതുകൊണ്ടൊ, സാരസ്വതർ എന്ന സംജ്ഞ ഉണ്ടായി എന്നു തോന്നുന്നു.

വിന്ധ്യാദ്രിയുടെതെക്ക് ഇപ്പുറം താമസിക്കുന്നതുകൊണ്ടും സമീപസ്ഥരായ ദ്രാവിഡരിൽനിന്നു തങ്ങൾ വിഭിന്നരെന്നു കാണിപ്പാനായിക്കൊണ്ടും തങ്ങൾ ഗൗഡന്മാരിൽ ചേൎന്നവരാകുന്നു എന്നതിനെ സൂചിപ്പിപ്പാൻ വേണ്ടി കൊങ്കണബ്രാഹ്മണർ ഗൗഡസാരസ്വതബ്രാഹ്മണർ എന്നു പറയുന്നു.

(തുടരും)

എം. ശേഷഗിരിപ്രഭു, എം. എ.

കോമപ്പൻ

൧൪. വന്നീടുമാണ്ടുകൾകാണുകിലൊട്ടുകുന്നു
നിന്നീടുകൊന്നതൊഴുതേങ്ങുകൂട്ടുമൊന്നാൽ
പോന്നീടുമെന്നുമുരചെയ്യുതപാണനായി
പ്പിന്നീടുകാമനെയുമന്നുപറഞ്ഞയച്ചു

൧൫. വണ്ടാരണിക്കുഴലിപെട്ടിയിൽവെച്ചുപൂട്ടി
ക്കൊണ്ടാളുടൻപരിശവാളിവയന്നുപിന്നെ
തീണ്ടാരിയായിട്ടുകയാലൊരുമുണ്ടെടുപ്പാൻ
തണ്ടാർതൊഴുംമിഴിയുണിച്ചിരിവേണ്ടിവന്നു

൧൬. കേമത്തിയാകുമവളാംമുണ്ടുകൊടുത്തുപിന്നെ
കോമളൻറവളാംപരിശയെന്നിവകളെടുത്തു
രോമമൊപ്പറിട്ടുകയില്ലിവിടത്തിലെന്നാ
ത്താമരകയാളുടനാണ്ടളമാക്കുനൽകി

൧൭. കോട്ടുള്ളപുള്ളുവനമിങ്ങുനാളമപ്പോ-
ളാട്ടുള്ളമുള്ളവയിലൊന്നിതുതീച്ചതന്നെ
ചേട്ടുള്ളിതെങ്ങിനെകിടച്ചിതുകോമനോടു
ണ്ടോട്ടുള്ളകേറിവരികെന്നുവരുന്നതല്ല

൧൮. കോട്ടെട്ടുള്ളൽവാഴുമൊരുകഞ്ഞനനാഥനല്ലാ
തോട്ടുള്ളപുറാമിനിയെന്തിനുനാമിരിപ്പൂ
കേട്ടുള്ളമേചിലരിതെന്നുമുറച്ചുടൻമേ-
ല്പോട്ടുള്ളനോക്കിയവർകൈവിരൽമൂക്കിൽവെച്ചു

൧൯. വിട്ടുള്ളവള്ളിവളവെട്ടിനരുക്കിനോക്കി
ണിട്ടുള്ളണാംകനിവുകാട്ടുമതെന്നൊരുത്തൻ
മൊട്ടുള്ളനമ്മുടെചൊടിപ്പറിയിക്കുവാനാ
ഞ്ഞൊട്ടുള്ളപോണമിനിയെന്നതിൽമറ്റൊരുത്തൻ

൨൦. മങ്കോടിടങ്ങളുലയാളുടെമെപ്പാത്തും
ച്ചൂടോടിവണ്ണമവർനാതിയിരുന്നിട്ടുമ്പോഴും
വിടോടുത്തുമവും ചതിയൻവെളിച്ച
പ്പാടോടിയെത്തിയിതുകേട്ടുകടന്നുച്ചു

൨൧. വല്ലാത്തതായൊരുനടപ്പിതുകൊണ്ടൊരാറ
മില്ലാത്തമാൽവരുത്തിവാശുവരുംപിറപ്പിൽ
കൊല്ലാതെവിട്ടിടുകിലോപലർനാൽപ്പിനാലു
തില്ലാതെയാകുവതിന്നിങ്ങുനമുക്കുനോക്കാം

വൃ൨. ചൊല്ലാൎന്നൊരമ്പലമതിന്നരികത്തൊരാളും
ചെല്ലാത്തമട്ടിലൊരുവീട്ടിലിരുത്തിടാഞ്ഞാൻ
എല്ലാരുമൊഴ്മെലമകൾകൂൎത്തയാതകാലീ
നല്ലാൎന്നിനച്ചപലനാൾസുഖമോടമറിടട്ടെ

വൃ൩. ഉരമൊട്ടുകിട്ടിയതിനാൽചതിയൻവെളിച്ച
പ്പാരൊട്ടുതമ്പമൊട്ടുമിങ്ങിനെചൊല്ലിയപ്പോൾ
കേരൊട്ടുമേകതിടാതെയുമല്ലതന്നായ്
വോൾമൊത്തുകൊണ്ടവരങ്ങിനെതീൎച്ചയാക്കി

വൃ൪. ഉറപ്പിച്ചിയന്നവരുമൊന്നിയെനേരെയാക്കം
നേല്പിച്ചുകള്ളരൊ, യവൻകരളുംകെളത്ത്
പാറ്റിച്ചചൊന്നപടി, പിന്നെനടന്നതെല്ലാം
കേറ്റിപ്പിച്ചു, കേഴ്മിഴികളുമിഴിച്ചുപോയി

വൃ൫. അപ്പോൾപിണങ്ങുചതിയാൽനെടുവീൎപ്പിയന്നോ
ട്ടുപ്പാൎമുലകടമുലത്തുവലങ്ങൊരുങ്ങി
ഇപ്പോഴയച്ചിടുകകാമനൊരാളെയെന്നാ-
യുറപ്പാതകൂട്ടമവർനാടേഴ്ലോട്ടുരച്ചു

വൃ൬. ഒന്നോതിനാനവനു, മെന്തുതപിച്ചുകോമൻ
നിന്നോടുചൊവതിനാതമയച്ചുയില്ല
എന്നോടുകൂടെമതവീടുകതന്നെനല്ല
തെന്നാളുമായവനൊടുന്നിയറച്ചുരച്ചു

വൃ൭. ചത്താലുമെനിക്കാവനാകിയകോമനല്ലാ
തുറ്റാരതെമറ്റൊരുവൎക്കുകയില്ലടാഞാൻ
എത്താൻകടിസ്സുകയുമില്ലവനാളുചൊന്നാൽ
പോയിത്താനിനാങ്ങളുകളോടറിയിച്ചിടേണം

വൃ൮. എന്നോളുമായവളിപ്പോൾമൊതിപറവാകില്ല
യെന്നോൎത്തകത്തിനടവാതലടച്ചുപൂട്ടി
നിന്നോടിനാലിമുതൽവെണ്ണുങ്ങൾമസ്സൂർ
തന്നോടുവാങ്ങിടുവതെന്നപറഞ്ഞുപോയി

൮൯. വിററീടുമെന്നെയിവനിന്നു ചതിച്ചുതല്ല
മാററീടുവാനിവിടെയിപ്പൊളൊരുത്തനില്ല
പാററീടുമോ പണിയിതെന്നവൾ കോമനിൽപോ
യ്യററീടുമുള്ളൊടുനിനച്ചുകരച്ചുനിന്നു

൯൦. മാലാൎന്നു നില്ക്കുമവളങ്ങനെ പൂതകണ്ടു
പോലാവളപ്പിലൊരുത്തിവലാരിയ്ക്കുന്നപ്പോൾ
തൂപാക്കവെച്ചവനെയങ്ങിയൂടൻവിളിച്ചാ
പ്പാലൊട്ടുകോമനൊരെഴുത്തുകൊടുത്തയച്ചു

൯൧. രാവായതെന്നുമവളെപ്പുതകത്തിനുള്ളോ
നാവാതലിന്നുടയപൂട്ടൊരുവൻ തുറന്നു
കൈവാളെടുത്തരികിൽ വെച്ചവളെ വേണ്ടിവന്നാൽ
ചാവാനുറച്ചുകരൾ കോമനിലക്കിവാണു

൯൨. നില്ലുന്നുകൂടെവരുമോയവളപ്പിൽനിന്നി
മെല്ലുന്നവാതപ്പുറന്നാ നിന്നോരുമ്പോൾ
കില്ലുന്നിയെകണ്ടുമായിതനെയുന്നൊരപ്പൂ
വില്ലുന്നതെല്ലടിമയായ്പുറിയിൽകടന്നു

൯൩. മാലാമലർക്കണ്ണികളാലുളവായതാററാൻ
മേലാതെയപ്പുള്ളയുമൊത്തിയൊട്ടെടുത്തു
പാലൊട്ടുകോമനുടെ പെണ്ണിവളെന്നപുത്തൻ
പാലായിതെന്നെമൊഴിയാളുരചെച്ചനിന്നു

൯൪. പാരിലെപ്പരുത്തുപൂകഴ്ന്നൊരുകോമനെന്റെ
പേരിലെഴുന്നകനിവേതുമറിഞ്ഞിടാതെ
തൂരിപ്പൊഴിഞ്ഞണവതിങ്ങിനെ കോമനോടു
കേറിപ്പിടിയ്ക്കുകിലവൻ തലകൊയ്യുമാരം

൯൫. നില്ലാതെ പോകപുറകോട്ടിനിയപ്പുഴമി
വെല്ലാതെ കാലടിപോലുമെടുത്തിടേണ്ട
ഇക്കാണ്മതെന്നുടയവാളിന്നതിനാൽ കാൻ
നോക്കേണ്ടതെന്നുമവൾ വാളമുലച്ചുരച്ചു

൯൩. വെട്ടംപോരാത്തപടിയിന്നിവളെന്നതോന്നും
ഒട്ടല്ലാരാതെനിരികൾകൂട്ടമിതാമരല്ലാർ
നാട്ടന്നൊരല്ലലൊടകന്നകറച്ചകോമൻ
പൊട്ടുന്നപൂഞ്ചിരിയൊടപ്പൊഴണഞ്ഞുരച്ചു

൯൪. നന്ദ്യൂന്റിനിന്നടയൊത്തപ്പിടികണ്ടുപേടി
ച്ചിന്നുണ്ടുപോരിന്നിടുകൈയ്യെഴീമരല്ലാർ
ഇന്നുള്ളപോരിവനൊടല്ലകിലൊട്ടുതന്നെ
മെന്നുണ്ടുപേടിയിവനല്ലണിക്കുന്നലാളെ

൯൫. എന്നാൽ ജ്ഞമെന്നിലൊത്തപടിപെടാതെയിന്നു
വന്നാൻ പൊരുള്ളനാഷ്ടളുത്തവുമോർത്തിവൻതാൻ
ഒന്നൊന്നായൊഴിഞ്ഞിനിയതിൻപകപോകയില്ല
തന്നാൽ ജ്ഞമെന്നരിയവാളിതിനിപ്പുതന്നെ

(തുടരും)

കണ്ടൂര് നാരായണമേനോൻ, ബി. ഏ.

തെക്കുംകൂർ വടക്കുംകൂർ

രാജാക്കന്മാർ

(തുടർച്ച)

തെക്കുംകൂറിനെക്കുറിച്ചു മുമ്പു പറഞ്ഞിട്ടുള്ളതു കൂടാതെ അധികമൊന്നും പറവാനില്ല. ഇനി വടക്കുംകൂറിനെക്കുറിച്ചാണ് ചില സംഗതികൾ പറയുന്നത്. വടക്കുംകൂർ രാജാക്കന്മാർ തെക്കുംകൂറിനോളം പ്രതാപവും പ്രാബല്യവുമുള്ളവരല്ലായിരുന്നു. എന്നാലും ചില സൈന്യങ്ങളും മററും വടക്കുംകൂറിലേയ്ക്കും ഉണ്ടായിരുന്നുവെങ്കിലും അവരുടെ സ്ഥിതി കുറച്ചു ഒതുങ്ങിയ നിലയിലായിരുന്നു. വടക്കുംകൂർ രാജാക്കന്മാരുടെ പ്രധാന രാജധാനി ഏററുമാനൂർ താലൂക്കിലുൾപ്പെട്ട 'കല്ലറ' എന്ന സ്ഥലമായിരുന്നു. അതിനാൽ ഇവരെ 'കല്ലറത്തമ്പുരാക്കന്മാർ' എന്നും മുൻകാലങ്ങളിൽ പറഞ്ഞു

വന്നിരുന്നു. ഇവൎക്കു 'മഹാപ്രഭു' എന്നൊരു സ്ഥാനപ്പേരും ഒരു വാ
ളും ഒരു വിഷ്ണുപാദവും ഏതാനും നായർ പടയാളികളേയും കൊടു
ത്തു് ഇവരെ ചേരമാൻ പെരുമാൾ വടക്കുംകൂർ രാജാവായിട്ടു വാഴി
ച്ചതാണെന്നുള്ളതിനു് ഇപ്പോഴും ചില ലക്ഷ്യങ്ങൾ കാണുന്നുണ്ടു്.

ചെമ്പകശ്ശേരി (അമ്പലപ്പുഴ) രാജാവു വടക്കുംകൂർ രാജാവി
ന്റെ ബന്ധുവായിരുന്നു. ചെമ്പകശ്ശേരി രാജാവു ബ്രാഹ്മണനാണെ
ല്ലൊ. ബ്രാഹ്മണകുടുംബത്തിൽ മൂത്തയാൾ മാത്രം വിവാഹം കഴി
ക്കുകയും ഇളമുറക്കാർ സംബന്ധം (ബാന്ധവം) ചെയ്യുകയുമാണെ
ല്ലൊ മലയാളനടപ്പു്. ഒരു കാലത്തു് ചെമ്പകശ്ശേരി രാജകുടുംബ
ത്തിൽ ഇളമുറയായിരുന്ന ഒരാൾക്കു മൂപ്പും രാജ്യാധിപത്യവും സി
ദ്ധിച്ചു. അദ്ദേഹം വടക്കുംകൂർ രാജകുടുംബത്തിൽനിന്നു് ഒരു സ്ത്രീ
യെ സംബന്ധം ചെയ്തുകൊണ്ടുപോയി. അമ്പലപ്പുഴത്താലൂക്കിൽ
'പുളിക്കുന്നു്' എന്ന ദേശം ഈ തമ്പുരാൻ തന്റെ ഭാൎയ്യക്കായി വി
ട്ടുകൊടുക്കുകയും അവിടെ ഒരു ഭവനമുണ്ടാക്കി ആ സ്ത്രീയെപ്പാൎപ്പിക്കു
കയും ചെയ്തു. അങ്ങനെ പുളിക്കുന്നു വടക്കുംകൂർ രാജാവിന്റെ
അധീനത്തിൽ ഉൾപ്പെട്ടതായിത്തീൎന്നു. ചെമ്പകശ്ശേരി രാജാവി
ന്റെ ഭാൎയ്യയായ ആ സ്ത്രീയും അവരുടെ സന്താനങ്ങളും ആ രാജാ
വിന്റെ കാലം കഴിഞ്ഞിട്ടും അവിടെത്തന്നെ താമസിച്ചിരുന്നു. ആ
ദേശത്തെ നികുതി പിരിച്ചെടുത്തും ദേശാധിപത്യം വഹിച്ചും ആ
കുടുംബക്കാർ അവിടെ താമസിച്ചിരുന്ന കാലത്താണു് തിരുവിതാം
കൂർ മഹാരാജാവു് അമ്പലപ്പുഴ പിടിച്ചടക്കിയതു്. അപ്പോൾ വ
യോവൃദ്ധയായിരുന്ന ആ സ്ത്രീക്കും സന്താനങ്ങൾക്കും വളരെ ഭയമാ
യിത്തീൎന്നു. തിരുവിതാംകൂർ മഹാരാജാവു് വല്ലതും ഉപദ്രവം ചെ
യ്യുമോ എന്നു ഭയപ്പെട്ടു് അവർ അവിടം വിട്ടു് പൂൎവ്വകുടുംബ
മായ കടുത്തുരുത്തിതന്നെ പൊയ്ക്കളയാമെന്നു നിശ്ചയിച്ചു. പണമായി
ട്ടും പണ്ടങ്ങളായിട്ടും മററും കൈവശമുണ്ടായിരുന്നതെല്ലാം പെറു
ക്കിക്കെട്ടിയെടുത്തു യാത്രയായി. പുളിക്കുന്നിൽത്താമസിച്ചിരുന്ന
ഈ വടക്കുംകൂർ ശാഖക്കാൎക്കു പ്രത്യേകം സൈന്യങ്ങളും മററും ഉ
ണ്ടായിരുന്നില്ല. എങ്കിലും ചെമ്പകശ്ശേരി രാജാവിന്റെ ഭാൎയ്യയും
മക്കളുമെന്നുള്ള അവസ്ഥയ്ക്കു തക്കവണ്ണം ചില ഭടന്മാരും ഭൃത്യന്മാരും
ഉദ്യോഗസ്ഥന്മാരുമൊക്കെ അവിടെയും ഉണ്ടായിരുന്നു. അവരെ
ല്ലാം ആ ദേശക്കാരായ നായന്മാർതന്നെയായിരുന്നു. അക്കാലത്തു

പുളിക്കുന്നിൽ മുന്നൂറിൽപ്പരം ശൂദ്രവീടുകളും നാലഞ്ചു നസ്രാണിമാപ്പിള വീടുകളുമുണ്ടായിരുന്നു. നായന്മാരെല്ലാം വലിയ ധനവാന്മാരും പ്രബലന്മാരുമായിരുന്നു. മാപ്പിളമാർ കേവലം ദരിദ്രന്മാരും അന്നന്നു കൂലിവേല ചെയ്തു കാലക്ഷേപം കഴിക്കുന്നവരുമായിരുന്നു. ദേശാധിപത്യമുള്ളതുകൊണ്ട് ഈ നായന്മാരും മാപ്പിളമാരുമെല്ലാം ഈ രാജകുടുംബത്തിന്റെ അധികാരത്തിലുൾപ്പെട്ടവരായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. ഈ സ്ഥിതിക്ക് ആ രാജ്ഞിക്കും സന്താനങ്ങൾക്കും പൂർവകുടുംബത്തിലേക്കു പോകുന്നതിനു വേണ്ടുന്ന സഹായങ്ങൾ ചെയ്യുന്നതിനു ധാരാളമാളുകൾ ഉണ്ടായിരിക്കുമല്ലോ.

രാജ്ഞിയും സന്താനങ്ങളും യാത്ര നിശ്ചയിച്ചു സാമാനങ്ങളെല്ലാം ഭൃത്യന്മാരെക്കൊണ്ടെടുപ്പിച്ചു തോണികളിലാക്കി. രാജ്ഞിയും സന്താനങ്ങളും വന്നു തോണിയിൽക്കയറുകയും ചെയ്തു. തോണിക്കാരെയും ഭൃത്യന്മാരെയുമെല്ലാം മുൻകൂട്ടി ചട്ടം കെട്ടുകയും ചെയ്തിരുന്നു. എങ്കിലും തത്സമയമായപ്പോൾ ഒരുത്തരെയും കണ്ടില്ല. രാജ്ഞിയെയും സന്താനങ്ങളെയും തോണിയിലാക്കിയതിന്റെ ശേഷം തോണിക്കാരും ഭൃത്യന്മാരും ഭടന്മാരും ഉദ്യോഗസ്ഥന്മാരും, എന്നു വേണ്ട, സകല ജനങ്ങളും പൊയ്ക്കളഞ്ഞു. തങ്ങൾക്കു സഹായത്തിന് ആരുമില്ലെന്നായപ്പോൾ രാജ്ഞിക്കും സന്താനങ്ങൾക്കും ഭയവും സങ്കടവും സഹിക്കവഹിയാതെയായി. "ശംഭോ ശംഭോ! ഇനി ഇപ്പോൾ എന്താണു നിവൃത്തിയാണുള്ളത്? എന്തെല്ലാമാപത്തുകളും അനർത്ഥങ്ങളും അവമാനങ്ങളുമാണ് സംഭവിക്കാൻ പോകുന്നതാവോ" എന്നിങ്ങനെ വിചാരിച്ചു വയോധികയായ ആ രാജ്ഞി പൊട്ടിക്കരഞ്ഞു തുടങ്ങി. അതു കണ്ട് സന്താനങ്ങളുമെല്ലാം വാവിട്ടു നിലവിളിച്ചുപോയി. എട്ടും പത്തും വയസ്സുപ്രായമുള്ള ചില രാജകുമാരന്മാരുണ്ടായിരുന്നവരെ രാജ്ഞി പറഞ്ഞയച്ച് അവിടെ അടുത്തുണ്ടായിരുന്ന വീടുകളിലെ നായന്മാരെ ഒക്കെ വിളിപ്പിച്ചു. ഒരുത്തരും വന്നില്ല. അപ്പോൾ വയോധികയും നിർമ്മലഹൃദയയും ശിവോപാസികയുമായ ആ രാജ്ഞി സഹിക്കവയ്യാതെകണ്ടുള്ള വ്യസനത്തോടുകൂടി "ശംഭോ ശംഭോ! ഈ നായന്മാരൊക്കെ നശിച്ചുപോണേ" എന്നു ശപിച്ചു. പിന്നെയും നിവൃത്തിയൊന്നും കാണാതെ വ്യസനിച്ചുംകൊണ്ട് തോണിയിൽത്തന്നെ ഇരിക്കുന്നേരം കുറച്ചു ദൂരെയുള്ളിടെ

ആ സമ്പ്രാണിമാപ്പിള പോകുന്നതു കണ്ടു. ഒരു രാജകിങ്കരനെപ്പറഞ്ഞയച്ച് ആ മാപ്പിളയെ രാജ്ഞി വിളിപ്പിച്ചു. മാപ്പിള വേഗത്തിൽ ഓടി തോണിക്കരെയിൽ വന്നു. അപ്പോൾ രാജ്ഞി വാസ്തവസ്ഥിതിയെല്ലാം ആ മാപ്പിളയോടു പറഞ്ഞു. ഉടനെ മാപ്പിള 'ഇതുകൊണ്ട് തമ്പുരാട്ടി ഒട്ടും വ്യസനിക്കേണ്ട. അടിയൻ കൂടെ വിടകൊള്ളാം. പോരാത്ത ആളുകളെക്കൂടെ അടിയൻ ഇപ്പോൾ വിളിച്ചുംകൊണ്ട് വിടകൊള്ളാം. പക്ഷേ എല്ലാം മാപ്പിളമാരായിരിക്കും എന്നേ ഉള്ളു' എന്നു പറഞ്ഞു. 'അതിനു വിരോധമില്ല. ഇപ്പോൾ ഇങ്ങനെയൊരുപകാരം ചെയ്യുന്നാൽ ഈശ്വരൻ നിങ്ങൾക്ക് അതിന്റെ പ്രതിഫലം തരും. നിങ്ങളുടെ അദ്ധ്വാനക്കൂലി എന്തു വേണമെങ്കിലും ഞാൻ തരികയും ചെയ്യാം' എന്നു രാജ്ഞിയും പറഞ്ഞു. ഉടനെ ആ മാപ്പിളപോയി വേറെ ചില മാപ്പിളമാരെക്കൂടെ വിളിച്ചുംകൊണ്ടുവന്നു തോണിയിൽക്കേറി. യാതൊരാപത്തിനും ഇടയാകാതെ അവർ രാജ്ഞിയെയും സന്താനങ്ങളെയും കടത്തി കൊണ്ടു ചെന്നാക്കി. രാജ്ഞി ആ മാപ്പിളമാർക്കു പതിവുള്ള കൂലി കൂടാതെ വളരെസ്സമ്മാനങ്ങളും മററും കൊടുത്ത് അവരെ വളരെ സന്തോഷിപ്പിച്ചു് മടക്കി അയച്ചു. അമ്പലപ്പുഴയോടു ചേർന്ന പുളിങ്കുന്നും തിരുവിതാംകൂർ മഹാരാജാവിനു കൈവശപ്പെടുകയും ചെയ്തു.

(തുടരും)

കൊട്ടാരത്തിൽ ശങ്കുണ്ണി.

രാഗദ്വേഷവിമോഹലോഭമദമാത്സര്യങ്ങളെന്നിങ്ങനെ
പ്രാഗത്ഭ്യന്നധികാമവാന്തിവിവേകത്താലുമെത്താത്തതാം
യോഗാക്കൃത്യമുഖങ്ങളാകുമുചിതസ്ഥാനങ്ങളിൽച്ചേർക്കുവിൻ
വേഗാലെന്റെമനസ്സിനെക്കനമെഴുംകാരുണ്യപൂരത്തിനാൽ

ഒറവങ്കര നീലകണ്ഠൻനമ്പൂരി.

വിക്രമോൎവ്വശീയസാരം.

വൎഷകാലാരംഭത്തിൽ വളരെ വൎദ്ധിച്ച ഉൎവ്വശീവിരഹസന്താപംകൊണ്ട് രാജാവു ഭ്രാന്തുപിടിച്ച് അവിടെകാണുന്ന മേഘം മുതൽ കൃഷ്ണസാരമൃഗംവരെയുള്ള പലവസ്തുക്കളോടും ഉൎവ്വശിയെകണ്ടുവോ എന്നും മററും ചോദിച്ചുകൊണ്ട് ആ കാട്ടിൽ സഞ്ചരിച്ചുവെന്ന കഥയെ 'അനന്തരം' എന്നു മുതൽ 'ശേപാകതന്നെ' എന്നവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു.

മേഘം,മയിൽ,കുയിൽ,ഹംസം,
കോകം,വണ്ടാ,ന,പൎവ്വതം,പുഴമാൻ,
പാകന്മോലിണിനൊപ്പ—
ത്താകംവസ്തുക്കളോടുമുപചോദ്യം

ഇങ്ങിനെ ഭ്രാന്തുപിടിച്ച് ഉൎവ്വശിയെ അന്വേഷിച്ചുകൊണ്ടു രാജാവ് നടക്കുമ്പോൾ ആ ദിവ്യമായ സംഗമനീയമണിയെ ഒരു പാറ പൊളിഞ്ഞതിന്റെ ഇടയിൽ ദൈവഗത്യാ കണ്ടുവെന്നും ഉൎവ്വശിയുടെ തലയിൽ അണിയിപ്പാനിതു കൊള്ളാമെന്നുറച്ച് ആ മണി എടുത്തുവെന്നും ഉൎവ്വശി അപ്പോളില്ലായ്കയാൽ തന്റെ കൂടുള്ള കണ്ണുനീരുകൊണ്ട് ഇതു ചീത്തയാകുന്നതുചിതമല്ലെന്നു വിചാരിച്ചുടനെ ഉപേക്ഷിച്ചുവെന്നും അപ്പോൾ ഇത് പാൎവ്വതീപാദസംഭവമായ സംഗമനീയ മണിയാകുന്നെന്നും അങ്ങുന്നിതിനെ ധരിച്ചാൽ ഇഷ്ടജനസംയോഗം ലഭിക്കുമെന്നൎത്ഥമായ ഒരു അശരീരിവാക്കുകേട്ടിട്ട് ആ മണിയെ അത്യാദരവോടുകൂടി സ്വീകരിച്ചുവെന്നും ഉള്ള കഥയെ 'മൂന്നിൽ' എന്നു മുതൽ 'വിധം' എന്നവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു.(ബ്രഹ്മാദികൾകൂടി ഇഷ്ടാനിഷ്ടസിദ്ധികളെ മുൻകൂട്ടി അറിവുകൊടുത്തുകൊണ്ട് അവരെ ഓരോ കൎമ്മങ്ങളിൽ നിയോഗിക്കുന്നതും ജനങ്ങൾക്ക് അവരവരുടെ കൎമ്മങ്ങളെ അനുസരിച്ച് ചിലൎക്ക് ചിലകാലങ്ങളിൽ കേൾക്കാവുന്നതും ശബ്ദമെങ്കിലും ശരീരസംബന്ധമില്ലാത്ത സാക്ഷാൽ പരമേശ്വരങ്കൽനിന്നുണ്ടാകുന്നതും അനേക പുരാണാദിപ്രമാണപ്രസിദ്ധവുമായ വാക്കാകുന്നു അശരീരിവാക്ക്). പിന്നെ രാജാവ് അവിടത്തന്നെ സഞ്ചരിക്കു

മ്പോഴം, സുബ്രഹ്മണ്യസ്വാമിയുടെ അതുക്കം അലംഘ്യമായ നിശ്ചയത്താൽ ലതയായി മറിച്ച ഉവ്വശിയുടെ സമീപത്തിൽ ചെന്നിട്ട് ഈ ലത എന്നോടിടഞ്ഞ് ഉവ്വശിയെപ്പോലെയിരിക്കുന്നു, അതിനാൽ ആലിംഗനംചെയ്യുന്നതന്നെ എന്നു പറഞ്ഞ് മുമ്പിലത്തെപ്പോലെ ഭ്രാന്തസ്വഭാവത്തിൽ ആലിംഗനംചെയ്യു കഥയെ "ഏറാറിനടന്ന്" എന്നു മുതൽ "ചെയ്യുന്നു" എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. അപ്പോഴം രാജാവിന്റെ കയ്യിൽ സംഗമനീയ മണിയുണ്ടാകയാൽ സുബ്രഹ്മണ്യസ്വാമിയുടെ നിശ്ചയത്തെ അനുസരിച്ച് ഉവ്വശി ലതാരൂപം വിട്ട് സ്വരൂപം പ്രാപിച്ചതിനാൽ രാജാവിന്ന് താൻ മുമ്പിൽ അനുഭവിച്ചിട്ടുള്ള ഉവ്വശീസ്പർശസുഖമുണ്ടായതോടുകൂടി കണ്ണടഞ്ഞു പോയിയെന്നും മുമ്പിൽ ഇതുപോലെ ഊഹിച്ച് ഉവ്വശിയാണെന്നു വിശ്വസിച്ചതെല്ലാം ഒടുവിൽ തെററിക്കണ്ടകയാൽ കാനൽവെള്ളത്തിൽ ചാടിയ പൂച്ച പച്ചവെള്ളം കണ്ടുപേടിക്കുന്നവണ്ണം ഇതും തെററാകുമോ എന്നു ശങ്കിച്ച് കുറച്ചുനേരം കണ്ണടച്ചുതന്നെ നിശ്ചലിഷ്ടമായ ആ സ്പർശസുഖത്തെ അനുഭവിക്കയും പിന്നെ പതുക്കെ കണ്ണുമിഴിച്ചപ്പോഴം സത്യമായ ഉവ്വശിയെക്കണ്ട് സന്തോഷിക്കുകയും ചെയ്യുവെന്നുള്ള കഥയെ "അനന്തരം" എന്നു മുതൽ "തന്നെ" എന്നുവരെയുള്ള ഗ്രന്ഥംകൊണ്ട് പറയുന്നു. രാജാവും ഉവ്വശിയും തമ്മിൽ ഉപചാരങ്ങളെ ചെയ്ത് കൂടിച്ചേൻതുകൊണ്ട് സന്തോഷിക്കയും രാജാവ് മുമ്പിൽചെയ്യു അന്യായത്തെ താൻ ധിക്കരിച്ചതിനേയും മററും പററി ഉവ്വശി പശ്ചാത്തപിക്കുകയും ഉവ്വശിയെ ഇതുവരെ കാണാതിരിപ്പാനും ഇപ്പോഴം കാണ്മാനുമുള്ള കാരണമെന്തെന്നറിവാൻ ആഗ്രഹിക്കുന്ന രാജാവിനോട് സുബ്രഹ്മണ്യഭഗവാൻ പണ്ട് ബ്രഹ്മചര്യവ്രതം അനുഷ്ഠിച്ചുകൊണ്ട് വളരെക്കാലം ഇരുന്നരുളിയ ഈ അകലുഷമെന്ന ഗന്ധമാദന സ്ഥലഭാഗത്തിൽ സ്ത്രീകൾ കടന്നാൽ ലതകളായിത്തീരുമെന്നും സംഗമനീയമണിയല്ലാതെ അതിന്നു മറെറാരു മോചനവുമില്ലെന്നും ഇതു ശാപംകൊണ്ടു ബുദ്ധി ഭ്രമിച്ച ഞാൻ ഇതിലൂടെന്നു ഇതുവരെ ലതയായി നില്ക്കയായിരുന്നു എന്നും ഉള്ള പൂവ്വവൃത്താന്തത്തെ ഉവ്വശി പറഞ്ഞു ധരിപ്പിക്കുകയും ചെയ്യുവെന്നുള്ള കഥയെ "കണ്ണീരൊലിപ്പിച്ചിട്ട്" എന്നു മുതൽ "തീരുകയുംചെയ്തു" എന്നു വരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. കാര്യമെല്ലാം മനസ്സിലായതിന്റെശേഷം

രാജാവ് സംഗമനീയമണി ഉർവ്വശിയെക്കൊണ്ടണിയിക്കുകയും ഉർവ്വശി അതു വാങ്ങി തലയിൽ വെച്ചു വന്ദിക്കുകയും ചെയ്യുവെന്ന കഥയെ 'ഇപ്പോളെ'ന്ന മുതൽ 'കാന്തിയേറുന്നു' എന്നവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. പിന്നെ താൻ ഹേതുവായിട്ട് രാജാവിന്ന് പ്രജാരഞ്ജനമെന്ന സ്വധർമ്മത്തിന്റെ ലോപം വരാതിരിപ്പാൻവേണ്ടി ഉർവ്വശി രാജാവിനോടുകൂടി പ്രതിഷ്ഠാനനഗരത്തി'ലേക്കു മേഘവിമാനമാർഗ്ഗേണ പോയിഎന്ന കഥയെ 'പ്രതിഷ്ഠാനനഗരത്തി'ലെന്നുമുതൽ അങ്കാവസാനംവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു.

നാലാമങ്കാവസാനത്തിങ്കൽ രാജാവും ഉർവ്വശിയും പ്രതിഷ്ഠാനനഗരത്തിലേക്കു പുറപ്പെട്ടു എന്നു പറഞ്ഞതിന്റെ ശേഷമായിതന്നെ അഞ്ചാമങ്കത്തിൽ അവിടെ എത്തിയ കഥ മുതൽക്കു തുടങ്ങുന്നതിനാൽ ഇടയിൽ സൂച്യകഥാഭാഗമില്ല. രാജാവ് പ്രതിഷ്ഠാനനഗരത്തിൽ തിരികെവന്ന് വേണ്ടവിധം പ്രജാരക്ഷണം തുടങ്ങിയപ്പോൾ പ്രജകൾക്കുണ്ടായ പരമാനന്ദത്തേയും രാജാവിന്നു സന്തതിയില്ലെന്നല്ലാതെ മററു യാതൊരു ദോഷവുമില്ല സകലഗുണപരിപൂർണ്ണനാണ്, എന്നതിനേയും പററി വിദൂഷകൻ പ്രശംസിച്ചിട്ട് ഇന്നൊരു വിശേഷദിവസമാകയാൽ രാജാവും ദേവിമാരും മംഗളസ്നാനം കഴിച്ച് സവിസ്തരമണിവാൻ ഭാവിക്കുന്നതുകൊണ്ട് ഞാൻ അവിടെ തിരുമുമ്പിൽ ചെല്ലട്ടെ എന്നു നിശ്ചയിച്ച് പുറപ്പെട്ടുവെന്നകഥയെ 'ഭാഗ്യം' എന്നുമുതൽ 'ചുററിനടക്കുന്നു' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. അപ്പോൾ ഉർവ്വശിക്കണിവാനായി പട്ടിൽ വെച്ചു വിശറികൊണ്ടു മൂടിക്കൊണ്ടു പോകുന്ന സംഗമനീയമണിയെ വഴിമദ്ധ്യത്തിൽ വച്ച് മാംസമാണെന്നു ശങ്കിച്ച് ഒരു കഴുവാറ കൊത്തിക്കൊണ്ടു പോയിയെന്ന് പരിഭ്രമത്തോടുകൂടി വിളിച്ചുപറയുന്ന വാക്കുകേട്ട് വിദൂഷകൻ വ്യസനിച്ചു പരിഭ്രമിക്കുകയും രാജാവ് പരിഭ്രമിച്ച് അണിയുന്ന മദ്ധ്യത്തിൽ തന്നെ എഴുന്നേററ് പരിജനങ്ങളോടുകൂടി പ്രവേശിക്കുകയും ചെയ്യുന്നുവെന്ന കഥയെ 'അണിയറയിൽ' എന്നു മുതൽ 'പ്രവേശിക്കുന്നു' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. രാജാവും മററും ആ കഴുവാറയെ നോക്കി കണ്ടുപിടിച്ച് വില്ലുമമ്പും വരുത്തിയപ്പോഴേക്കും അതിവേഗത്തിൽ പറക്കുവാൻ സാമർത്ഥ്യമുള്ള ആ പക്ഷി ബാണമാർഗ്ഗം അതിക്രമിച്ച് ദൂരത്തിൽ പോയതിനാൽ തല്ക്കാലം മണി കൈവശം വരുത്തു

വാൻ സാധിച്ചില്ലെങ്കിലും രാത്രി കൂട്ടിൽ വെച്ചു ഈ പക്ഷിയെ പിടിക്കേണമെന്നു രാജാവ് നഗരാധിപതിക്കു കല്പന കൊടുത്തു് കഞ്ചുകിയെ അയച്ചതിനാൽ എല്ലാവരും ഒരുവിധം സമാധാനപ്പെട്ടുവെന്ന കഥയെ 'എങ്ങവൻ' എന്നുമുതൽ 'മനസ്സിലായിട്ടുണ്ടല്ലോ' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. നഗരാധികാരിയോടു രാജകല്പന പറവാൻ പോവുന്ന കഞ്ചുകി വഴിമദ്ധ്യത്തിൽ അമ്പുകൊണ്ടു ദേഹം പിളർന്നു ചത്തു മണിയോടുകൂടി വീണുകിടക്കുന്ന ആ പക്ഷിയെ കണ്ട് മണിയും അമ്പുമെടുത്ത് രാജാവിന്റെ മുമ്പിൽകൊണ്ടുചെന്നു കാണിച്ച് വിവരം പറയുന്നുവെന്ന കഥയെ 'അനന്തരം' എന്നുമുതൽ 'പക്ഷി'യെന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. പിന്നെ രാജാവ് മണി കഴുകി ശുദ്ധി വരുത്തി ഭണ്ഡാരത്തിൽ കൊണ്ടുവെപ്പിക്കുവാൻ കിരാതിയെ കല്പിച്ചയച്ചിട്ട് ആ അമ്പ് ആരുടെയെന്നറിവാനായി അതിലെഴുതീട്ടുള്ള അക്ഷരങ്ങൾ വായിച്ച് തനിക്കു പുത്രനുണ്ടെന്നറിഞ്ഞ് സന്തോഷിച്ച് കഞ്ചുകിയെ വിട്ടയച്ച് തനിക്കു പുത്രനുണ്ടെന്നുള്ളതിനെ വിദൂഷകനോടു പറഞ്ഞ് രണ്ടാളുംകൂടി ഇതെങ്ങിനെയാണ് സംഭവിച്ചതെന്നതിനെ പലവിധവും ആലോചിച്ച് സംശയിച്ചുവെന്ന കഥയെ 'വെള്ളികൊണ്ടെ'ന്നുമുതൽ 'അത്ഭുതാധികനം' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. അപ്പോൾ ച്യവനമഹർഷിയുടെ കല്പനപ്രകാരം ഉർവ്വശിയുടെയും പുരൂരവസ്സിന്റെയും പുത്രനായ ആയുസ്സെന്ന കുമാരനോടുകൂടി ഒരു താപസി അവിടെ വരികയും അവർ എല്ലാവരും തമ്മിൽ വേണ്ടവിധം ഉപചാരങ്ങൾ ചെയ്ത് സന്തോഷിക്കുകയും ചെയ്തു എന്ന കഥയെ 'കഞ്ചുകി പ്രവേശിച്ചിട്ട്' എന്നു മുതൽ 'സ്വൈരം' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ട് പറയുന്നു.

(തുടരും)

കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.

വലയേശ്വരീപഞ്ചകം

---

൧. വരാത്ഭുതവപുസ്സതിൽപകുതിവാണിവാഴുന്നൊരെ
ഹരാവരവലാന്തകദ്യുമരവർഗ്ഗവന്ദ്യേ! ശിവേ!
വരാംഗിവലയാവലീയവിലസിടുന്നവാമകരേ! മാൽ
വരാമതവമവാൻവരംവിരവിൽനല്കുവിശ്വേശ്വരി!

൨. തരംഗതരളാക്ഷി! നിൻതിരുമിഴിത്തലത്തെല്ലിനാൽ
തരാകെടുകയാൽതപിച്ചിടുംതളിർതെളിഞ്ഞതാപംകെടാൻ
തരാപ്പതളിർമെത്തതന്നോ! തരമൊടോത്തുതാരമ്പഴി-
ത്തരംതവനതിൽപെരുമൈന്തറുമമേ! ഇണർത്തണമേ

൩. ഭവാനമഭവൈശ്വര്യമാംഭവാനൈശ്വര്യമേ! പകരുവാൻ-
ഭവാബ്ധിതരണാർത്ഥികൾക്കതിദൃഢപ്ലവേ!
ഭവാനിഭയമാററണേ, ഭവദനുഗ്രഹംതേടിയാൽ
ഭവാനി! ഭവനംഭവൽപദയുഗംഭവിച്ചീടുമേ

൪. കലാദ്ര്യപിലസൽഗുണംകിളികളൊത്തുകൂത്താടിടും
കലായമരുചേ! കവികുലകലാർക്കലോലാത്മനാസദേ!
കലാദ്രികലകണ്ഠപ്രിയകരാംഗി! തപോപാസം-
കലാദ്രികലിതാമലംകഴലിണക്കുതുപ്പുന്നതാൻ

൫. കടത്തിലതുപോല്ലുടകടൽകടക്കുവാനൊന്നുതാൻ
കടത്തിടുവതിന്നുനിൻകരുണതാനിതിൽകപ്പലാം
കടത്തിരുമിഴിക്കിളിക്കളിരിയഴകിലാംകമ്പസം-
കൂടത്തിലുദ്ബലാലമേ! കരിവിയന്നകാഴ്ചകണ്ടോളമേ.

കണ്ടൂര് നാരായണമേനോൻ.

കേരളക്ഷിതിരത്നമാല

കാലഃ കരണസംജ്ഞാ ച കർഷകാഖ്യാ ധനാമിതിഃ
ഭൂപാഖ്യാ കാണസംഖ്യാ ച നാമധേയം മഹീക്ഷിതേഃ ൯൮
അവകാശാഭിധാനഞ്ച കരോ ഭോഗസ്തതഃപരം
ഭോഗശിഷ്ടകരോന്മാനം ആദാനസമയോസ്യ ച ൯൯
ലേഖ്യപ്രദാനവർഷശ്ച പുനർന്നാമ മഹീപതേഃ
ക്ഷിതേർന്നാമാവകാശസ്യ കരോ ഭോഗസ്തഥൈവ ച ൱
ഭോഗശിഷ്ടകരോന്മാനം തദ്ദാനസമയഃ പുനഃ
ലേഖ്യസ്യ ദാനവർഷശ്ച കർഷകാഹ്വാ തഥൈവ ച ൱൧
സാക്ഷിലേഖകസംജ്ഞാ ച ത്വേവം കരണലക്ഷണം ൱൨

ആധാരലക്ഷണത്തെ പറയുന്നു. കാലം, കരണത്തിന്റെ പേരു. കൃഷിക്കാരന്റെ പേരു, പണത്തിന്റെ കണക്കു, രാജാവിന്റെ (ജന്മിയുടെ) പേരു, കാണസംഖ്യ, ഭൂമിയുടെ പേരു, അവകാശത്തിന്റെ പേരു, കരം, ഭോഗം, ഭോഗശിഷ്ടകരത്തിന്റെ കണക്കു, ഇതിനെ വാങ്ങുന്ന കാലം, ആധാരം കൊടുക്കുന്ന വൃത്താന്തം, പിന്നെയും രാജാവിന്റെ പേരു, ഭൂമിയുടെ പേരു, അവകാശത്തിന്റെ പേരു, കരം, ഭോഗം, ഭോഗശിഷ്ടകരത്തിന്റെ കണക്കു, അതിന്റെ ദാനസമയം, ആധാരത്തിന്റെ വാങ്ങുന്ന സമയം, കൃഷിക്കാരന്റെ പേരു, സാക്ഷിക്കാരുടെ പേരു, എഴുത്തുകാരന്റെ പേരു, ഇങ്ങിനെ ആധാരലക്ഷണം.

കോലംബവത്സരമാസാഭ്യാം കാലസ്സാധാരണോ മതഃ
താഭ്യാന്തു വ്യാശുചാരേണ മന്ദചാരേണ വൈ ക്വചിൽ ൱൩
ലവവാരയുതം ഭേ വാ പ്യേകൈകം വാഥ യോജിതം
ഏവം ഭേദാശ്രയഃ കാലഃ കരണേഷു വിലിഖ്യതേ ൱൪

കൊല്ലവർഷവും മലയാളമാസവും സാധാരണ കാലമെന്ന സമ്മതിക്കപ്പെട്ടിരിക്കുന്നു. ഇവകളോട് ഗുരുചാരമോ മന്ദചാരമോ ചേർത്തിട്ടോ എല്ലാംകൂടി ചേർത്തിട്ടും ചിലേടത്തു നടപ്പുണ്ട്. ഇവയോട് ലവവാരങ്ങളിൽ ഓരോന്ന ചേർത്തും ചേർക്കാതെയും ആവാം.

ഇങ്ങിനെ ആധാരങ്ങളിൽ പറയുന്ന വിധത്തിൽ കാലം എഴുതപ്പെടുന്നു.

കലിദിനസംഖ്യാമാത്രഃ കരണേഷ്വഭിലിഖ്യതേ കാലഃ

കാലത്തിന്റെ സ്ഥാനത്തു കലിദിനത്തിന്റെ സംഖ്യമാത്രം ആധാരങ്ങളിൽ എഴുതപ്പെടുന്നു.

പ്രാക്കൊല്ലംബോൽപ്പത്തേഃ പശ്ചാദപി ദൃശ്യതേ ഹ്യേവം

അസ്മദ്യുഷ്മച്ഛബ്ദൌ രൂഢം കരണേഷുവിവർജ്ജയേദ്ധീമാൻ ൧൭

കൊല്ലവർഷത്തിന്റെ ഉല്പത്തിക്കു മുമ്പും പിന്നെയും ഇപ്രകാരം ആധാരത്തിൽ കാണപ്പെടുന്നു. ഞാൻ, നീ, എന്ന വാക്കുകൾ രണ്ടും ബുദ്ധിമാന്മാരായിരിക്കുന്നവർ ആധാരങ്ങളിൽ വർജ്ജിക്കേണം.

സ്വനാമാഖ്യാം ലോകൈഃ കൢപ്തം
നിജനിജപൂർവ്വഖ്യാഹീനാഃ
ഇതരേകവിധതിധ്യാനാഖ്യം
പുനരുക്തിർനഹിഗണ്യതേ ദ്വയോഃ

ലോകത്തിങ്കൽ തങ്ങൾ തങ്ങളുടെ പൂർവ്വനാമധേയം ഇല്ലാത്തവർ ജനങ്ങളാൽ വിളിക്കപ്പെടുന്ന മനുഷ്യ നാമധേയത്തെ ത്യജിക്കേണം. ഇതു ഒരുവിധമായിട്ടല്ലാതെ രണ്ടുവിധമായി എഴുതുവാൻ പാടില്ല. രണ്ടു നാമധേയങ്ങൾക്കു പുനരുക്തി ദോഷം ഗണിക്കപ്പെടുന്നില്ല.

പൂർവ്വാഖ്യാർത്ഥലേഖനസമയേ ജനകാഖ്യാവിലിഖ്യതേ

ശ്രേഷ്ഠാനാം മാതുലാഖ്യാ ച പ്രായോ ഗദിതോ വിധിഃ ൧൮

പൂർവ്വന്മാരുടെ നാമധേയങ്ങൾ എഴുതുന്നതിൽ അവരവരുടെ അച്ഛന്റെ പേര് എഴുതപ്പെടുന്നു. പ്രഭുക്കൾക്ക് അമ്മാമന്റെ നാമധേയവും എഴുതപ്പെടുന്നു. ഈ വിധിയാണ് സാധാരണ പറയപ്പെട്ടതു.

ലിഖിതാലേഖയിതാരോഃ പൂർവ്വം യോർഭൂപാലശിരോമണിഃ

പൂർവ്വാഖ്യാ തസ്യ നാമ സ്യാൽ പ്രാഗ്രൂഢാ സ്യുഃ കൃതാഃ ഖലു ൧൯

രണ്ടാളുടേയും (എഴുതികൊടുക്കുന്നവനും എഴുതിവാങ്ങുന്നവനും) തങ്ങളുടെ പൂർവ്വം ഈ ഭൂമിക്കധിപതിയായി ആരിരുന്നുവോ അവന്റെ പേരാണ് പൂർവ്വനാമധേയം. എന്തുകൊണ്ടെന്നാൽ പൂർവ്വധനങ്ങൾ അനുഗ്രഹത്തിനാൽ ചെയ്യപ്പെട്ടവയാണല്ലോ.

ജാതസ്യ യന്നാമധേയം ത്വർക്കാഹനിവാസരേ:
ശുഭേമുഹൂർത്തേ കൃതംതല്ലേഖയേൽകരണേഷ്വതൽ ൧൦൯

* ജനിച്ചവന്ന തിങ്കൾ, ഞായർ, ശനി ഈ ആഴ്ചകളിൽ ശുഭമുഹൂർത്തങ്ങളിൽ യാതൊരു നാമധേയം ചെയ്യപ്പെടുന്നു ആ നാമധേയത്തെ ആധാരങ്ങളിൽ എഴുതിക്കേണം.

ബ്രഹ്മോപദേശയജ്ഞനാഗ്നിവിധാനശസ്ത്ര
ബന്ധാവരോധമുഖകർമ്മഭിരത്രലബ്ധ്വാ
സ്ഥാനാന്തവിപ്രനൃപവംശകൃതഞ്ചനാമ
മൂലേഷ്വശേഷ്കപരിവർജ്ജിതമാമനന്തി ൧൧൦

ബ്രഹ്മോപദേശംകൊണ്ടും യാഗംകൊണ്ടും അഗ്ന്യാധാനംകൊണ്ടും ശസ്ത്രബന്ധംകൊണ്ടും ഓരോകാര്യങ്ങളിൽ നിയമിക്കുന്നതുകൊണ്ടും മററു ക്രിയകൾകൊണ്ടും കിട്ടിയ നാമധേയങ്ങളും സ്ഥാനാവസാനത്തിങ്കൽ ബ്രാഹ്മണകുലത്തിൽനിന്നും നൃപകുലത്തിൽനിന്നും കൊടുക്കുന്ന നാമധേയവും ആ വക മൂലാധാരങ്ങളിലും വർജ്ജിക്കപ്പെട്ടതാകുന്നു.

പട്ടാഭിഷിക്തനൃപതേരപിനാമധേയം
ക്ഷ്മാപത്രികാസുവിലിഖേൽപ്രഥമേപദിഷ്ടം
പട്ടാഭിഷിക്തനൃപതിർന്നഹികേരളേഷു
തത്രാക്ഷതാപ്പ്ണമുദീരിതമേവസദ്ഭി: ൧൧൧

പട്ടാഭിഷേകം ചെയ്ത രാജാവിന്റെയും നാമകരണത്തിങ്കൽ വിളിക്കപ്പെട്ട നാമധേയത്തെ മുൻപറഞ്ഞ ആ വക ആധാരങ്ങളിലും എഴുതണം. പട്ടാഭിഷേകം ചെയ്യപ്പെട്ട രാജാവ് മലയാളത്തിൽ ഇല്ലാ. എന്നാൽ ആ പട്ടാഭിഷേകത്തിനു പകരം അക്ഷതാപ്പ്ണം എന്നു അരിട്ടവാഴ്ച പറയപ്പെട്ടിരിക്കുന്നു.

കൃതവീർയ്യജദൈവരിട്ടതജാഭിഷേകപാദമൊഴിതമ്പിപാലകഃ
ഇതരക്ഷിതിരാജപാലകാദധികാദൈവലക്ഷ്മിതൊരദൈവ: ()

---

* ശനി, ഞായർ ഇം ആഴ്ചകൾ ജ്യോതിശ്ശാസ്ത്രപ്രകാരം നാമകരണത്തിന് നിഷിദ്ധങ്ങളാകയാൽ 'ത്വർക്കാഹനിവാസരേ:' എന്ന പാഠം 'ത്വർക്കാഹനിവാസരേ' എന്നാക്കി ജനിച്ചിട്ട് ൧൧-ം ൧൨-ം ദിവസങ്ങളും അന്നപ്രാശന ദിവസവും എന്ന് വ്യാഖ്യാനിച്ചാൽ അധികം നന്നായിരിക്കും.

പരശുരാമ രാജ്യത്തിങ്കൽ ബ്രാഹ്മണശ്രേഷ്ഠന്മാരാൽ നിയമിക്കപ്പെടുന്ന രാജാവ് മററുള്ള രാജാക്കളെക്കാൾ ഭൂമിഗൌരവങ്ങൾ കൊണ്ട് അധികനായി തീരുന്നു.

* കൃതവീര്യാൽ ജായതഇതി കൃതവീര്യജഃ കാർത്തവീര്യഃ തസ്യ വൈരീ പരശുരാമഃ

രാമോർവ്വിത്രാണനേശാനാംഗോപ്താരാമമഹീതലേ
സാർവ്വഭൌമസമഃപ്രാജ്യതാനാനാഗൌരവസഞ്ചയൈഃ ൫൦

പരശുരാമനിർമ്മിത ഭൂമിയിൽ പരശുരാമനിർമ്മിത ദേശങ്ങളെ രക്ഷിക്കുന്ന രാജാവ് അനേകവിധമായ ഗൌരവ സമൂഹങ്ങൾകൊണ്ട് ചക്രവർത്തി തുല്യനായി തീരുന്നു.

തസ്മാൽകേരളഭൂപാനാംബ്രാഹ്മണത്രാണസംഭവം
ഗൌരവംകഥ്യതേകേനാശ്ചര്യായനമോനമഃ ൫൧

അതുകൊണ്ട് കേരളഭൂപതികൾക്ക് ബ്രാഹ്മണസംരക്ഷണം കൊണ്ടുണ്ടാകുന്ന ഗൌരവം ആരാൽ പറയപ്പെടുന്നു. ഇങ്ങിനെ വിചിത്രതര ഭൂസ്രഷ്ടാവായ പരശുരാമനായി നമസ്കരിക്കുന്നു.

കേചിച്ഛസ്ത്രഭൃതാംവര്യാസ്സർവ്വശസ്ത്രഭൃതാംപരാഃ
തേഷാംവൈശസ്ത്രശാലാസുവർത്തന്തേഖിലദേവതാഃ ൫൨

ചിലർ സകല ശസ്ത്രപാണികളിൽവെച്ച് ശ്രേഷ്ഠരായ ശസ്ത്രപാണികൾ ആകുന്നു. അവരുടെ ശസ്ത്രശാലകളിൽ*അഖില ദേവതകളും വർത്തിക്കുന്നു.

വിപ്രൈഃപരിചരന്ത്യേതേ പാണിപാദൈവാപി
അക്ഷത്രംനൈധതേബ്രഹ്മ ക്ഷാത്രന്തേജസ്തുകേരളേ ൫൩

ശസ്ത്രപാണികൾ ക്ഷത്രിയ ശൂദ്രന്മാരെങ്കിലും ബ്രാഹ്മണന്മാരാൽ കൂടി വന്ദ്യന്മാരായി തീരുന്നു. ക്ഷത്രിയതേജസ്സില്ലാത്ത ബ്രാഹ്മണ തേജസ്സിന്നു ശോഭയില്ല. ആ ക്ഷത്രിയ തേജസ്സ് കേരളത്തിങ്കൽ ക്ഷത്രിയശൂദ്രരിൽ ആകുന്നു.

ഉത്ഥാനമാചരത്യേഷു സ്സാർവ്വഭൌമോപ്യസംശയഃ
ശസ്ത്രിണാംഗുരവസ്തേസ്യുഃ പ്രാണസ്ത്രേശസ്ത്രിരക്ഷിതാ ൫൪

സാർവ്വഭൌമൻകൂടി അവരെ കണ്ടാൽ എഴുനീല്ക്കണം. ഭൂപാലനംചെയ്യുന്നവരുടെ പ്രാണൻ ശസ്ത്രത്തിങ്കൽ അങ്ങിനെയുള്ള ശസ്ത്രമുള്ളവർക്ക് അവർ ഗുരുനാഥന്മാരായിട്ടും ഭവിക്കുന്നു.

സൌന്ദൎയ്യം

പരമാൎത്ഥത്തിൽ സൌന്ദൎയ്യം എന്നത് കേവലം സ്ഥൂലപദാൎത്ഥങ്ങളെ ആശ്രയിച്ചിരിക്കുന്ന ഒരു ഗുണമല്ല. അത് ആത്മാവിന്റെ ഒരു ഗുണമാകുന്നു. 'ഭംഗിയുള്ള' എന്നു സാധാരണ പറയപ്പെടുന്ന ചേതനമായും അചേതനമായുമുള്ള സകല വസ്തുക്കൾക്കുമന്തരമായിട്ട് ആത്മാവിനെ സംബന്ധിച്ച് അതി സൂക്ഷ്മമായ ഒരു സൌന്ദൎയ്യമിരിക്കുന്നുണ്ട്. ഈ സംഗതിയെ ഒന്നു വിവരിക്കാം. ആദ്യംതന്നെ ഒരുവന്റെ സ്വഭാവം പരിപൂൎണ്ണതയെ പ്രാപിച്ചിരിക്കണം. അതാണ് അവന്റെ ആന്തരമായിട്ടുള്ള സൂക്ഷ്മസൌന്ദൎയ്യം. നിറം, ആകൃതി, ചേഷ്ടകൾ, ശബ്ദവിശേഷം, ഇവയെ സംബന്ധിച്ച് യാതൊരംശത്തെയാണ് നാം ഭംഗിയുള്ള എന്നു പറയുന്നത് അതെല്ലാം മുമ്പറഞ്ഞ സൂക്ഷ്മസൌന്ദൎയ്യത്തിന്റെ സ്ഥൂലമായ പ്രകാശമാകുന്നു.

ഒരു സൌന്ദൎയ്യമുള്ള മുഖം എന്നു നാം പറയുമ്പോൾ ആ മുഖത്തെ സംബന്ധിച്ച സൌന്ദൎയ്യം ഒരു സൌന്ദൎയ്യമുള്ള അന്തഃകരണത്തിൽനിന്ന്, ഒരു സൌന്ദൎയ്യമുള്ള ഹൃദയത്തിൽനിന്ന്, സൌന്ദൎയ്യമുള്ള ഒരു ഉൽകൃഷ്ടസ്വഭാവവിശേഷത്തിൽനിന്ന്, ഉത്ഭവിച്ചതാണെന്ന് ധരിക്കേണ്ടതാകുന്നു. എങ്ങിനെയെന്നാൽ, ജന്മാന്തരസുകൃതവിശേഷംകൊണ്ട് യാതൊരന്തഃകരണമാണ് നിൎമ്മലമായി ഭവിച്ചിരിക്കുന്നത് ആ അന്തഃകരണം സൌന്ദൎയ്യമുള്ളതാകുന്നുവെന്നു പറയാം. അപ്രകാരംതന്നെ, ഹൃദയം എപ്പോൾ വിശുദ്ധമായി തീരുന്നുവോ അപ്പോൾ അതും സുന്ദരമായി ഭവിക്കുന്നു. സ്വഭാവവും പരിപൂൎണ്ണതയെ പ്രാപിക്കുമ്പോഴാണ് സൌന്ദൎയ്യമുള്ളതായി തീരുന്നത്. ഇങ്ങിനെ ജന്മാന്തരസംസ്കാരവിശേഷംകൊണ്ട് നിൎമ്മലതയെ പ്രാപിച്ചിരിക്കുന്ന അന്തഃകരണത്തെയും വിശുദ്ധമായ ഹൃദയത്തെയും ഉൽകൃഷ്ടമായ സ്വഭാവത്തെയും ആശ്രയിച്ച് യഥാൎത്ഥമായ യാതൊരു സൂക്ഷ്മസൌന്ദൎയ്യമാണിരിക്കുന്നത് അതുതന്നെയാണ് മുഖത്ത് പ്രത്യക്ഷമായി പ്രകാശിക്കുന്നതെന്നാണ് മുമ്പറഞ്ഞതിന്റെ താല്പൎയ്യം. പ്രകൃതിയിൽ നമുക്കു ചുറ്റും കാണപ്പെടുന്ന ഭംഗിയുള്ളതായ സകല പദാൎത്ഥങ്ങളും—ലോകത്തിലുള്ള സകല

ജാതിരത്നങ്ങളേയും കൂട്ടി ചേൎത്തുവെച്ചാലുണ്ടാകുന്ന ശോഭയെ അതിശയിക്കുന്ന ശോഭയോടുകൂടിയ മഴവില്ല്, ദൎശനമാത്രയിൽ ഉൽകൃഷ്ടഭാവവികാരങ്ങളെ ജനിപ്പിക്കുന്നതായും അതിപ്രകാശത്തോടുകൂടിയ വിവിധ വൎണ്ണങ്ങളെ കൂട്ടിച്ചേൎത്ത് മനോഹരമാകുംവണ്ണം ചായിപ്പിച്ചിരിക്കുന്നതായുമിരിക്കുന്ന സൂൎയ്യാസ്തമനം, അതിമനോജ്ഞമായും കാഴ്ചയിൽ നമുക്ക് അത്ഭുതത്തെ ജനിപ്പിക്കുന്നതായുമുള്ള കാനന പ്രദേശങ്ങൾ, ഉത്തരധ്രുവ പ്രദേശങ്ങളിൽ കാണപ്പെടുന്ന അതിശോഭയോടുകൂടിയിരിക്കുന്ന 'അറോറാബൊറിയാലിസ്' എന്ന പ്രഭാവിശേഷം, നമ്മുടെ മനസ്സിൽ കൌതുകം തോന്നിക്കുന്നതായ പുഷ്പങ്ങൾക്കും പത്രങ്ങൾക്കുമുള്ള രമണീയത, കാററുവീശുമ്പോൾ ഉണ്ടാകുന്ന മധുരസ്വരങ്ങൾ, സമുദ്രത്തിലെ തിരമാലകളിൽനിന്നുണ്ടാകുന്ന കൎണ്ണാനന്ദജനകമായ ധ്വനിവിശേഷം — ഇങ്ങിനെ നമ്മുടെ ബുദ്ധിക്കു സാരസ്യത്തെ ഉണ്ടാക്കുന്നതായ ലോകത്തിൽ കാണപ്പെടുന്ന സകല സുന്ദരപദാൎത്ഥങ്ങളും, സൎവ്വവ്യാപിയായും സൃഷ്ടിസ്ഥിതിസംഹാരകൎത്താവായും ഇരിക്കുന്ന സാക്ഷാൽ ജഗദീശ്വരന്റെ അപരിമിതമായ സൌന്ദൎയ്യത്തിന്റെ ; പലപ്രകാരത്തിലുള്ള സ്ഫൂൎത്തിമാത്രമാകുന്നു. അതു ഹേതുവായിട്ട് സകല ജാതിസൌന്ദൎയ്യവിശേഷത്തിന്റെയും ഉല്പത്തിസ്ഥാനം ഈശ്വരൻതന്നെയാകുന്നുവെന്നു പറയണം. അതിനാൽ സുന്ദരപദാൎത്ഥങ്ങളിൽ നമുക്കഭിലാഷമുണ്ടാവുക എന്നുവെച്ചാൽ പരമാൎത്ഥത്തിൽ അതിപ്രേമത്തോടുകൂടി നാം ഈശ്വരനെ ഭജനം ചെയ്യുക എന്നാണ് അൎത്ഥം ധരിക്കേണ്ടത്. സൌന്ദൎയ്യമെന്നത് സകല ഭൂതങ്ങളുടേയും ഉള്ളിൽ പ്രത്യഗാത്മാവായിസ്ഥിതിചെയ്യുന്ന വാസുദേവനെന്നുപറയപ്പെടുന്ന ആ പരമതത്വത്തിന്റെ പ്രത്യക്ഷീഭാവം മാത്രമാകുന്നു. അതിനാൽ യഥാൎത്ഥത്തിൽ സൌന്ദൎയ്യമുള്ളത് യഥാൎത്ഥത്തിൽ വിശിഷ്ടമായിരിക്കണം. അപ്രകാരംതന്നെ യഥാൎത്ഥത്തിൽ വിശിഷ്ടമായത് യഥാൎത്ഥത്തിൽ സൌന്ദൎയ്യമുള്ളതായിരിക്കണം. പാപം സുന്ദരമായിരിപ്പാൻ പാടില്ല; എന്നതിനാൽ സൌന്ദൎയ്യം പാപത്തോടുകൂടിയിരിപ്പാൻ പാടുള്ളതല്ല. ചെളിയിൽ രത്നങ്ങൾ കിടക്കുന്നത് നാം ചിലപ്പോൾ കാണുന്നുണ്ട്, അതുപോലെ സുന്ദരമല്ലാത്ത പദാൎത്ഥങ്ങളുടെ മദ്ധ്യത്തിൽ സൌന്ദൎയ്യം മൂടി കിടക്കുന്നതും നാം കാണുന്നു. 'വിശിഷ്ടത'യുടെ സൌന്ദൎയ്യം, അസംസ്കൃതമായ രത്നങ്ങളെപ്പോലെ,

സംസ്കരിക്കപ്പെടുന്നതുവരെ നമുക്ക് ദൃഷ്ടിഗോചരമായി ഭവിക്കുന്നതല്ല.

കോമളത്വം (സൌഭാഗ്യം) എന്നതിനും സൌന്ദര്യം എന്നതിനും ഒരേ അർത്ഥം ധരിപ്പാൻ പാടില്ല. രണ്ടും ഭിന്നാർത്ഥങ്ങളാകുന്നു. ഒരു സൌഭാഗ്യമുള്ള മുഖം, ചിലപ്പോൾ സുന്ദരമല്ലാത്ത ചില ചിഹ്നങ്ങളാൽ ബാധിക്കപ്പെടുന്നതിനാൽ, നമുക്ക് ജുഗുപ്സാവഹമായി തോന്നുന്നു. നേരെ മറിച്ച്, അത്രതന്നെ കോമളമല്ലാത്ത മറ്റൊരു മുഖം പ്രസന്നമായിരിക്കുകയും നമുക്ക് സന്തോഷത്തെ ജനിപ്പിക്കുകയും ചെയ്യുന്നു. അതിനുള്ള കാരണം ആ മുഖത്തിന്റെ പിൻഭാഗത്തായി സ്ഥിതി ചെയ്യുന്ന ഉൽകൃഷ്ട സ്വഭാവവിശേഷത്തിന്റെ സൌന്ദര്യം സദാ വിളങ്ങിക്കൊണ്ടിരിക്കുന്നതിനാൽ ആ മുഖവും പ്രകാശത്തോടുകൂടിയതായി ഭവിക്കുന്നു എന്നതാകുന്നു. വിശിഷ്ടത (ധാർമ്മികത്വം), ആരോഗ്യം, സൌഖ്യം, സൌന്ദര്യം ഇവയെല്ലാം ഒന്നുതന്നെയാകുന്നു. ധാർമ്മികത്വം എന്നത് സ്വഭാവത്തിന്റെ പരിപൂർണ്ണത, അല്ലെങ്കിൽ സൌന്ദര്യം, ആകുന്നു. ആരോഗ്യം എന്നത് ദേഹത്തിന്റെ പരിപൂർണ്ണത, അല്ലെങ്കിൽ സൌന്ദര്യം, ആകുന്നു. സൌഖ്യം എന്നത് ഒരുവന്റെ പ്രവൃത്തികളുടെ സൌന്ദര്യമാകുന്നു. "ആരോഗ്യമായിരിക്കുന്ന ഒരു ദേഹത്തിൽ നിശ്ചലമായിരിക്കുന്ന ഒരു മനസ്സ്" എന്നുള്ള ഒരു സാരവാക്യത്തെ പണ്ടുള്ള യവനന്മാർ പ്രബലമായി അനുവർത്തിച്ചിരുന്നു. എന്നാൽ ദേഹം പൂർണ്ണപുഷ്ടിയേയും അന്തഃകരണം പൂർണ്ണവികാസത്തേയും പ്രാപിക്കണമെങ്കിൽ പരിപൂർണ്ണതയെ പ്രാപിച്ചിരിക്കുന്ന സ്വഭാവഗുണം അത്യാവശ്യമാണെന്ന തത്വം അവർ അത്ര ധരിച്ചിരുന്നുവോ എന്നു സംശയമാണ്; എന്തെന്നാൽ, ദേഹപുഷ്ടി, അന്തഃകരണശുദ്ധി, ആത്മപ്രകാശം, ഇവയെല്ലാം ഏവനിൽ അതി രഞ്ജനയോടുകൂടി ഉന്നതിയെ പ്രാപിച്ചിരിക്കുന്നുവോ അവനു മാത്രമേ സൌന്ദര്യത്തിന്റെ പരമകാഷ്ഠയെ പ്രാപിപ്പാൻ സാധിക്കുകയുള്ളു.

ആത്മാവിന്റെ സൌന്ദര്യം ആന്തരമായിട്ടു കാണപ്പെടുന്നുള്ളു. ബാഹ്യമായി കാണപ്പെടുന്നതല്ല. യഥാർത്ഥമായ സൌന്ദര്യം തൊലിപ്പുറമേയുള്ളതല്ല. അത് ബാഹ്യമായിട്ടുള്ള യാതൊരു കർമ്മംകൊണ്ടും സിദ്ധിക്കപ്പെടുന്നതല്ല. കായികമായ സൌന്ദര്യവുമപ്ര

കാരംതന്നെയാകുന്നു. കായികമായ സൌന്ദൎയ്യത്തേയും ധാൎമ്മികമായ സൌന്ദൎയ്യത്തേയും വേൎതിരിച്ചു് താരതമ്യപ്പെടുത്തുവാൻ പാടുള്ളതല്ല. എന്തെന്നാൽ രണ്ടിന്റേയും ഉല്പത്തിസ്ഥാനം ഒന്നാകുന്നു — ഉൽകൃഷ്ടസ്വഭാവഗുണത്തിന്റെ സൌന്ദൎയ്യത്തിൽനിന്നും, നിഷ്കളങ്കതയിൽനിന്നും, നിൎവ്യാജതാപത്തിൽനിന്നുമാണ് അവ രണ്ടുമുത്ഭവിച്ചിരിക്കുന്നതു്.

കെ. എം.

ഒരു ഇതിഹാസവനിതാ

'ഇനിക്കു് ഈ ഭാഗ്യം വേണ്ട. ഞാൻ ഇതിന്നിരിക്കുന്നവളല്ല' എന്നു പറഞ്ഞു എണീറ്റു നടന്നു. 'ഉണൎത്താഞ്ഞതു പറഞ്ഞതാർ കേട്ടിരിക്കുന്നവളാണെന്ന് ഇനിക്ക് മുമ്പുതന്നെ ബോദ്ധ്യമില്ല. എന്റെ ചുമതല തീൎന്നു എന്നേയുള്ളൂ. ഒരു കുളത്തൊന്നിച്ചു് കേമദ്രുമം അനുഭവിപ്പാനാണ് നിങ്ങൾക്കു യോഗം' എന്നു പറഞ്ഞ് പിന്നാലെ ചെന്നു. അപ്പോൾ ഒരു വില്ലുക്കാരൻ അകത്തേക്കു കടന്നു വരുന്നതു കണ്ട് പത്മാവതി ഒഴിഞ്ഞുനിന്നു. 'മൂത്തഎജമാനൻ അത്താഴപ്പൂജ കഴിഞ്ഞ് ഇവിടെ എത്തും. അതിനുശേഷം വേണ്ടവിധം ചികിത്സിക്കാമെന്നു കല്പിച്ചു'. 'ഏതു മൂത്ത എജമാനൻ' എന്നു ചോദിക്കും തിരിപ്പാൻ പത്മാവതിക്ക് അവസരമായില്ല. 'തെക്കുപുറത്തെ ... കളിൽ ഇരിക്കുന്ന പുള്ളിപ്പുലിയായി മൂത്ത എജമാനൻ' എന്നു ... പറഞ്ഞു് ശിപായി പോയി. ഈ വാക്കു കേട്ടപ്പോൾ പത്മാവതിക്ക് കുറെ സമാധാനമായി.

ഇൾച്ച്യ—തിനാലും നിന്റെ വലിയച്ഛന്‍ ... സങ്കേതങ്ങളെങ്കിൽ തന്നെ മതി. ഇനിക്ക് ഇതിൽ ഒരു ...ഉം കിട്ടുവാനില്ല.

പത്മാ—ഞാൻ ഈ ഒരു കാൎയ്യത്തിനു മാത്രം എന്നെ നിൎബ്ബന്ധിക്കരുത്. കാൎയ്യമൊല്ലാ, ചക്രവൎത്തിയുടെ പട്ടമഹിഷിസ്ഥാനം കിട്ടു

ന്നതായാൽകൂടി ഒരൊറ്റാളിൻെറ മനസ്സ് പ്രവേശിക്കയില്ല'.

ഇച്ചോ— 'ഞാൻ ഇനി പ്രവേശിപ്പിക്കാൻ വിചാരിക്കുന്നതും ഇല്ല. വല്ലതെ കാലംകൂടി വന്നിട്ട് രസക്കേടായി പോകാതിരുന്നാൽ മതി' എന്നു പറഞ്ഞ് അവർ അകത്തേക്കുതന്നെ പോയി നാട്ടുവർത്തമാനങ്ങളെ പററി സംസാരിച്ചുകൊണ്ടിരുന്നു.

സന്ധ്യക്കുമുമ്പു തിരിച്ചു വരാമെന്നു പറഞ്ഞുപോയ മൂത്തതു കുഞ്ഞിനെയും പത്മാവതിയേയും കാണാഞ്ഞിട്ട് പത്മനാഭമേനോൻ കടക്കടിക്കുളത്തിൻെറ പടിക്കൽ കാത്തു നില്ക്കുമ്പോൾ മൂത്തതും ഒരു വില്ലക്കാരനും ഓടിവരുന്നതുകണ്ടു. അവർ പടിക്കൽ വന്ന് പത്മനാഭമേനോനെ അകത്തേക്കു വിളിച്ച് ഇങ്ങിനെ പറഞ്ഞു.

മൂത്തത്— 'ശിവാസപാകാരനും കുഞ്ഞുമും തമ്മിലുണ്ടായിരുന്ന മുഷിച്ചിലെല്ലാം തീർന്നു. കുഞ്ഞുങ്ങളുടെ വസ്തുക്കളെല്ലാം വിട്ടുകൊടുപ്പാനും തീർച്ചപ്പെടുത്തി. തിരുവെഴുത്ത് നിങ്ങളുടെ പേർക്ക് എഴുതീട്ടുള്ളത് കൈ മാറുന്നതിന്ന് ഇപ്പോൾതന്നെ പുറപ്പെടണം. നാളെ ഒട്ടിവസമാകകൊണ്ട് പുലച്ചക്കു മുമ്പു തമ്പുരാൻ തെക്കോട്ട് എഴുന്നെള്ളും. ഈ ശിവായിയേയും പിന്നെ വേറെ ആരെങ്കിലും കാവൽ നിർത്തി പുര പൂട്ടിപ്പോരണമെന്നാണ് പറഞ്ഞിട്ടുള്ളത്'.

പത്മനാഭന് ഈ വാക്കുകൊണ്ട് വിശ്വാസം വരായ്കയാൽ എങ്ങിനെ എല്ലാമാണ് മുഷിച്ചൽ തീർന്നത് എന്നു വീണ്ടും ചോദിച്ചപ്പോൾ 'അതെല്ലാം വഴിക്കാവാം നിങ്ങൾക്കു വിശ്വാസത്തിന്നായി കുഞ്ഞുങ്ങളുടെകയ്യക്ഷരത്തിലുള്ള പകപ്പ് തന്നയച്ചിട്ടുണ്ട്' എന്നു പറഞ്ഞ് പകപ്പ് കാണിച്ചുകൊടുത്തു. കയ്യക്ഷരം അച്ഛൻേറതാണെന്ന് ബോദ്ധ്യമായി. പിന്നെയും പത്മനാഭൻ സംശയിച്ചുനില്ക്കുന്നതു കണ്ട് 'ആലോചിച്ചു താമസിക്കേണ്ട താക്കോല പതിവായി വെക്കുന്ന സ്ഥലത്തു തന്നെ ഇരിപ്പുണ്ടെന്നു പറഞ്ഞയച്ചിട്ടുണ്ട്'. കയ്യെഴുത്തിലുള്ള ആധാരപകപ്പും പറഞ്ഞ സ്ഥലത്ത് തന്നെ താക്കോലും കണ്ടപ്പോൾ വിശ്വാസം വന്നു. ഉടനെ മാളിക പൂട്ടി മൂത്തതൊന്നിച്ചു പുറപ്പെട്ടു. അവൻ തമ്പുരാൻെറ കൊട്ടാരം വാതില്ക്കൽ ചെന്നു നിന്ന് വിവരം അറിയിക്കാനായി തവണക്കാരനെ അയച്ചു. മൂത്തത് വേഗത്തിൽ ഊണുകഴിച്ചു വരാമെന്ന് പറഞ്ഞു പിരി

ന്നു. അല്പം താമസിച്ചതിന്റെശേഷം തവണക്കാരൻ തിരിച്ചു വന്ന് "കുട്ടിമേനോൻ കാര്യക്കാരന്റെ മഠത്തിലേക്കു പോയി നിങ്ങളോടും അങ്ങോട്ട് പൊയ്ക്കൊള്ളാൻ കല്പിച്ചു" എന്നു പറഞ്ഞു ഇതുകേട്ട് പത്മനാഭൻ ഇക്കോരൻനായരുടെ മഠത്തിലേക്കു പോയി. അവിടെ ചെല്ലുമ്പോഴും നായർ പടിക്കലേക്കു നോക്കിക്കൊണ്ട് ഒരു കട്ടിലിന്മേൽ കിടക്കുകയായിരുന്നു.

ഇക്കോ—'കുട്ടിയും ഉണ്ണുവാൻ പോയിരിക്കയാണ് തന്റെ ഊണുകഴിഞ്ഞിട്ടില്ലെങ്കിൽ അതു പോയി കഴിച്ചു വരൂ'.

പത്മ—'അച്ഛനെ കണ്ടതിനുശേഷം ഞാൻ പൊയ്ക്കൊള്ളാം'.

ഇക്കോ— 'വേണ്ട ഊണു കഴിച്ചു വന്നിട്ടാവാം. ആരെടാ അവിടെ ഈ ആളെക്കൊണ്ടുപോയി ഭക്ഷണം കഴിപ്പിച്ചുകൊണ്ടുവാ' എന്നു പറയുന്നതു കേട്ട് ഒരു ശിപായി പത്മനാഭനെ കൂട്ടിക്കൊണ്ടു പുറത്തേക്കു പോയി.

പച്ചിലക്കാട്ട് ഇല്ലത്തിൽ ഉച്ചയ്ക്കുണ്ണാത്തയും പത്മാവതിയും കൂടി കുട്ടിയുടെ വരവും നോക്കിയിരിക്കുന്നു. നേരം പത്തു നാഴിക രാച്ചെന്നിട്ടും കുട്ടിയെ കാണാഞ്ഞതുകൊണ്ട്,

പത്മാ— 'എന്താ വലിയച്ഛൻ വരാനിത്ര താമസിക്കുന്നത്'.

ഇച്ചോ—'പക്ഷെ കാര്യക്കാരെ കാണുവാൻ പോയിട്ടുണ്ടായിരിക്കും. അദ്ദേഹം നിന്റെ മാതിരി അന്വേഷിക്കാതിരിക്കില്ല. ഒരു സമയം കാര്യക്കാരുടെ ആവലാതി കേട്ട് വലിയച്ഛൻ സമ്മതിച്ചാൽ നീയെന്തു ചെയ്യും'.

പത്മാ—'ഒന്നാമത് കാര്യക്കാര് അച്ഛനോട് ആവലാതി പറകയില്ല, പറവാൻ കാരണവുമില്ല. രണ്ടാമതു പറഞ്ഞാൽതന്നെ എന്റെ ഹിതം അറിയാതെ അദ്ദേഹം സമ്മതിക്കുമെന്നു തോന്നുന്നില്ല. സമ്മതിച്ചാൽ ഞാൻ കരഞ്ഞു പറഞ്ഞ് വേണ്ടെന്നു വയ്പിക്കും'.

ഇച്ചോ— 'കഷ്ടം മകളെ, അടുത്തുകൂടിയ ഭാഗ്യം നീ അനുഭവിക്കില്ലെന്ന് ഉപേക്ഷിക്കയാണൊ വേണ്ടത്'.

പത്മാ—'എനിക്കു യോഗമുള്ളതെല്ലാം ഞാൻ അനുഭവിക്കും, അതു വേണ്ടെന്നുവെച്ചാൽ പോകുമൊ'.

ഇച്ചോ— 'ഒരിക്കലുമില്ല. അതുകൊണ്ടല്ലേ നീ പറഞ്ഞ മാതിരി അറിയിച്ചിട്ട് പിന്നെയും അദ്ദേഹത്തിന്റെ ആവേശം നിന്നോട്

പറവാൻ ഞാൻ തുനിഞ്ഞത്. മകളെ ഒന്നാലോചിച്ചു നോക്കൂ. അദ്ദേഹം ഇപ്പോഴത്തെ സ്ഥിതിക്ക് ഒരു രാജാവല്ലേ. ഇങ്ങിനെ കഷ്ടപ്പെടുത്തുന്നത് മകൾക്ക് ഭംഗിയാണോ'.

പത്മാ— 'അദ്ദേഹത്തെ ഞാൻ കഷ്ടപ്പെടുത്തുന്നില്ല. അതിനു എനിക്ക് ശക്തിയും ഇല്ല. ഉണ്ടെന്നു വിചാരിക്കുന്നത് എന്റെ ദുഷ്കാലം.' ഇങ്ങിനെ അവർ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഇക്കോരൻനായർ വരുന്നതുകണ്ടു.

നായരെക്കണ്ടക്ഷണത്തിൽ ഇച്ചോണമ്മ ഒരു പുത്തൻ പുല്പായും നീർത്തി അതിൽ തിണ്ടുതലേണയുംവെച്ച് ഒതുങ്ങിനിന്നു. പത്മാവതി അടുത്ത മുറിയിലേക്കുപോയി. കാര്യക്കാരൻ തലേണയിൽ ചാരി ഇരുന്നുകൊണ്ട് 'മൂത്ത കുട്ടിം എന്തി കഴിഞ്ഞില്ലന്നുണ്ടോ?'

ഇച്ചോ—'പത്മാവതി വരവു കാത്തിരിക്കയാണ്'. (തന്റെ വരവിനെ കാത്തിരിക്കയാണെന്നു ധരിച്ചു്)

ഇക്കോ— 'പത്മാവതി എന്തു ഒളിച്ചു നില്ക്കുന്നത്? പുറത്തുവരൂ. വർത്തമാനം ചോദിക്കട്ടെ.'

ഇതു കേട്ട് പത്മാവതി ഒരക്ഷരം മിണ്ടാതെ നില്ക്കുമ്പോൾ,

ഇച്ചോ— 'അമ്പോ! പെണ്ണിന്റെ ഒരു നാണം. ഒന്നു സംസാരിച്ചുകൂടെന്നോ? പുറത്തേക്കു വന്നില്ലെങ്കിൽ അദ്ദേഹം അകത്തേക്കു വരും.'

ഇക്കോ— 'ഞാൻ അകത്തേക്കുതന്നെവരാം. കുട്ടിം ഉറക്കമായിരിക്കും. ഇന്നു വരുന്ന കാര്യം അമാന്തംതന്നെ. പത്മാവതി തൊഴുതിട്ട് എത്ര മാസമായി.'

പത്മാ— (അകത്തുനിന്നുകൊണ്ട്) 'ഞാൻ ഇന്നു കാലത്ത് തൊഴുതു.'

ഇക്കോ— ശരി. അത് ഞാൻ കണ്ടില്ലെ എന്നുതന്നെയല്ല, ഈ ദിവസം ഞാൻ മരണംവരെ മറക്കില്ല. പത്മാവതി അധികം തൊഴാൻ വരാതിരിക്കുന്നതാണ് നല്ലത്. എന്നാൽ പുരുഷന്മാരുടെ മനസ്സ് പുണ്ണാകാതെ കഴിക്കാം.

ഇച്ചോ—ഇവിടുന്ന് പറയുന്നതുകേട്ടാൽ ഉർവ്വശിയോ ദേവയാനിയോ മററൊ ആണെന്നു തോന്നും.

പത്മാ—അവലക്ഷണത്തിൽ പററിയതാണ്. ഇനി സൂക്ഷിച്ചുകൊള്ളാം.

ഇക്കോ—ഇപ്പൊഴും അനുഭവിക്കുന്നതിന്നോ.

പത്മാവതി ഉത്തരം പറയാതെ നില്ക്കുന്നതുകണ്ട് ശരി ഔഷധം കയ്യിലുണ്ട് അല്ലെ എന്നാൽ തരൂ' എന്നു പറഞ്ഞ് നായർ എണീററ് പത്മാവതി നില്ക്കുന്ന അകത്തേക്കു കടന്നു.

പത്മാ—ഞാൻ വൈദ്യക്കാരത്തിയല്ല. എന്റെ കയ്യിൽ ഔഷധമുണ്ടെന്നും പറഞ്ഞില്ല. അവിടത്തെ അവസ്ഥക്ക് ഇങ്ങിനെ ചാപല്യം കാണിക്കുന്നതും ശരിയല്ല.

ഇക്കോ—മനസ്സിന്നു ചാപല്യം സഹജമാണ്. അത് മററാരു ചപലേക്ഷിണിമാരെയാലത്തെ കഥ പറയാനുണ്ടോ? അതുകൊണ്ട് എന്റെ കുററമല്ല എന്നു പറഞ്ഞ് കുറെക്കൂടി അടുത്തു ചെന്ന് പത്മാവതിയുടെ കൈക്കു പിടിച്ചു.

പത്മാ—മര്യാദക്കേട് പ്രവൃത്തിക്കരുതെന്ന് വിചാരിച്ചില്ല. തൊടരുതെന്നു. മാറിനില്ലൂ. ഞാൻ തോന്നിവാസത്തിന്നിരിക്കുന്നവളല്ല. എന്നു കൈ കുതറി വിടുവിച്ച് ദേഷ്യപ്പെട്ടു പറഞ്ഞപ്പോൾ ഇക്കോരൻനായർ കൈവിട്ടു പിന്നാക്കംമാറി. പത്മാവതി ക്ഷണത്തിൽ വാതൽ അടച്ച് സാക്ഷയിടുകയുംചെയ്തു. പത്മാവതി തന്നെ അവമാനിച്ചതുകൊണ്ട് ഇക്കോരൻനായർക്ക് അതിയായ ശുണ്ഠിയും വ്യസനവുമുണ്ടായി. 'എടി ധൂർത്തേ! ദുരഭിമാനക്കാരി! ഇതിന്ന് നിന്നോട് ഞാൻ പകരം പോക്കാതിരിക്കുന്നവനല്ല. നിന്റെ കാമുകന്നോടുകൂടിയുള്ള സുഖം കഴിഞ്ഞു. അവന്റെ കിടപ്പ് നാളെ കഴുവിന്മേലാണ്. നോക്കിക്കോ' എന്നു നായർ ക്രോധാന്ധനായി പറയുന്നതു കേട്ട് ഇച്ചോണമ്മ വാതില്ക്കൽ തള്ളി വിളിച്ചു. 'വലിയച്ഛൻ വന്നു വിളിക്കുമ്പോൾ വാതൽ തുറക്കാം' എന്നു അകത്തുനിന്നുപറഞ്ഞു. വലിയച്ഛൻ അന്തകരാജധാനിയിൽനിന്നാണ് ഇനി വിളിക്കുക. എന്നു പറഞ്ഞ് നായർ ഇച്ചോണമ്മയുടെ സമാധാനവും കേൾക്കാതെ പോയി.

(തുടരും)

എ. നാരായണപ്പുതുവാൾ.

പലവക

കൃഷിശാസ്ത്രം (കെ. രാമകൃഷ്ണപിള്ളയും, എൻ. ശങ്കരപ്പിള്ളയും കൂടി ഉണ്ടാക്കിയതു്)—ശ്രീമൂലപാഠമഞ്ജരി ഗ്രന്ഥമാലയിൽ 4-ാം പുസ്തകമായി പ്രസിദ്ധംചെയ്യപ്പെട്ടിട്ടുള്ള ഈ പുസ്തകത്തിന്റെ രണ്ടാംപതിപ്പിന്റെ ഒരു പ്രതി അഭിപ്രായത്തിനായി ഞങ്ങൾക്കയച്ചുതന്നിട്ടുള്ളതിനെ സന്തോഷപൂർവം കൈപ്പറ്റിയിരിക്കുന്നു. അഭിപ്രായം വഴിയെ.

'സാവിത്രി' എന്നൊരു പുതിയ കഥാപുസ്തകവും അഭിപ്രായത്തിനായി വന്നിട്ടുണ്ടു്. അതും വഴിയെ കാണുന്നതാണ്.

ആരോഗ്യരക്ഷാമാർഗ്ഗത്തെ പ്രതിപാദിക്കുന്ന ഒരു ഇംഗ്ലീഷുമാസികയിൽ പ്രഭാത സ്നാനത്തിന്റെ മാഹാത്മ്യത്തെപ്പററി ഇങ്ങിനെ പറയുന്നു.—

"ശക്തിയെ തെളിയിക്കുന്നതിനും ബലത്തെ വർദ്ധിപ്പിക്കുന്നതിനും പ്രാതഃസ്നാനത്തിനോളം നന്നായിട്ടു് വേറെ യാതൊന്നുമില്ല.

കാലത്ത് ഉണർന്നെഴുനീല്ക്കുമ്പോൾ നിങ്ങൾക്കു് ദൌർബല്യംതോന്നിയെങ്കിൽ കുളി കഴിയുന്നതുവരെ ആരോടും സംസാരിക്കരുത്. ഉണർന്നെഴുനീല്ക്കുമ്പോൾ ക്ഷീണവും വൈമനസ്യവുമാണ് തോന്നുന്നതെങ്കിൽ അവയെപ്പററി വിചാരിച്ച് പിന്നെയും കിടക്കയിൽ കിടക്കരുത്. ഉടനെ എണീററ് കുളി കഴിക്കണം.

കാലത്ത് കുളിപ്പാനായി കടവിൽ ചെന്നിറങ്ങിയാൽ പിന്നെ വെള്ളത്തിലേക്കു നോക്കിക്കൊണ്ട് എന്തൊരു തണുപ്പാണ് ഇതിലെങ്ങിനെയാണിറങ്ങിക്കുളിക്കുക എന്നു വിചാരിച്ച് വിറച്ചുകൊണ്ട് നില്ക്കരുത്.

തണുത്ത വെള്ളത്തിൽ ആദ്യംതന്നെ തല പൊത്തുന്ന നനക്കുന്നതു് ചീത്തയാകുന്നു. എന്നാൽ വളരെ സാവധാനത്തിലായി ദേഹമാസകലം നനക്കുന്നതും നന്നല്ല. വെള്ളത്തിൽ ക്ഷണത്തിലിറങ്ങി മുങ്ങി ദേഹമാസകലം കൈകൊണ്ടുമത്തിത്തേക്കണം. അ

മത്തി തേക്കുന്നതു് ദേഹത്തിന്നു നല്ല വ്യായാമമായി ഭവിക്കുന്നു. ഇങ്ങിനെ പ്രകൃതിയാൽതന്നെ നല്ലപ്പെട്ട ബലവൎദ്ധകമായ ഈ സിദ്ധൌഷധത്തെ ദിവസംതോറും ശീലിക്കുന്നതുകൊണ്ടു് നാം ദൃഢഗാത്രന്മാരും സന്തുഷ്ടമാനസന്മാരുമായി തീരുന്നതാണു്".

അമേരിക്കയിൽ 'സണ്ടേസ്റ്റാർ ടൈംസ്' എന്നൊരു പത്രത്തിന്റെ പത്രാധിപർ ഫിലഡൽഫിയ എന്ന നഗരത്തിൽ ഒരു തെരുവിൽകൂടി പോകുമ്പോൾ പത്തു കുട്ടികൾ സിഗാററ് വലിച്ചുംകൊണ്ടു് പോകുന്നതുകണ്ടു. അയാൾ അവരെ വിളിച്ചു് സിഗാററു വലിക്കുകൊണ്ടു് ഉണ്ടാകുന്ന ദോഷങ്ങൾ സംഭവിക്കുമെന്നും, അതിനാൽ ഇനിമേലിൽ സിഗാററു വലിക്കരുതെന്നും ഗുണദോഷം പറഞ്ഞുകൊടുത്തു. ഈ സംഗതിയെപ്പററി അയാൾ പിന്നേയും അവരായി സംസാരിച്ചുകൊണ്ടു നില്ക്കുമ്പോൾ അതിൽ ഒരു കുട്ടി വളരെ ഗൌരവത്തോടുകൂടി ഇപ്രകാരം പറഞ്ഞു. 'തൊഴിത് ശീലിക്കേണ്ടിയിരുന്നില്ല. എന്തു ചെയ്യും, ഇനി വിചാരിച്ചാൽ നിവൃത്തിയുമില്ല'. 'കുട്ടി നിനക്കു വയസ്സെത്രയായി' എന്നു പത്രാധിപർ ചോദിച്ചു. 'എട്ടു് കഴിഞ്ഞെട്ടു് നാല്പു്" എന്നായിരുന്നു ആ ധൂമപത്രാടിമക്കിടാവിന്റെ മറുവടി.

ലോകത്തിൽ നമുക്കു് രസിപ്പാനുള്ള പദാൎത്ഥങ്ങൾ അസംഖ്യങ്ങളാകുന്നു. ഭോജ്യദ്രവ്യങ്ങൾ, സ്വാദുക്കൾ, അവരായിട്ടുള്ള സംഭാഷണം, പുസ്തകങ്ങൾ, സംഗീതം, കവിത, ചിത്രമെഴുത്തു് മുതലായ കലാവിദ്യകൾ, വ്യായാമം, വിശ്രമം, വേനല്ക്കാലം, മഞ്ഞുകാലം, രാവു്, പകല്, സൂൎയ്യോദയം, സൂൎയ്യാസ്തമനം, അതിയായ സൂൎയ്യപ്രകാശം, മഴക്കാററു്, കൊടുങ്കാററു്, കാടുകൾ, മലകൾ, നദികൾ, തടാകങ്ങൾ, സമുദ്രം, ജന്തുക്കൾ, സസ്യങ്ങൾ, വൃക്ഷങ്ങൾ, പുഷ്പങ്ങൾ, ഇലകൾ, കായകൾ, എന്നിവ അവയിൽ ചിലതു മാത്രമാകുന്നു.

ഇങ്ങിനെ നമുക്കു രസിപ്പാനായി അനേകം പദാൎത്ഥങ്ങളുണ്ടായിട്ടും നാം സന്തോഷമായി കാലക്ഷേപം ചെയ്യുന്നില്ല എങ്കിൽ അതു്

നമ്മുടെ തെററ് എന്നല്ലാതെ മററാരുത്തൻ ഇതിൽ ഉത്തരവാദിയായി തീരുന്നതല്ല.

എന്നു തന്നെയുമല്ല,

ഭൂമി, ആകാശം, കാടുകൾ, വയലുകൾ, തടാകങ്ങൾ, നദികൾ, പർവ്വതങ്ങൾ, സമുദ്രം, ഇവയെല്ലാം നല്ല ഉപാദ്ധ്യായന്മാരുമാകുന്നു. പുസ്തകങ്ങളിൽനിന്നു സിദ്ധിക്കപ്പെടുന്നവയെക്കാൾ സാരമായ പാഠങ്ങളെ അവ നമുക്കുപദേശിക്കുന്നു. അവക്കെല്ലാററിന്നും പുറമെ, നാം നാട്ടുപുറങ്ങളിൽകൂടി സഞ്ചരിക്കുകയൊ, നദിയിൽകൂടി വഞ്ചികളിച്ചു പോവുകയൊ, അല്ലെങ്കിൽ, കാടുകളിൽകൂടി സഞ്ചരിച്ച് പുഷ്പങ്ങളെ പറിച്ചു ശേഖരിക്കുകയൊ, സമുദ്രതീരത്തു ചെന്ന് കക്കകളെ പെറുക്കി എടുക്കുകയൊ, അല്ലെങ്കിൽ, ശുദ്ധവായുവിനെ ധാരാളം അനുഭവിപ്പാൻ തരംവരുന്നതായും ദേഹത്തിന്നു ആയാസത്തെ ഉണ്ടാക്കുന്നതായുമുള്ള മററു വല്ല ക്രീഡകളിൽ പ്രവേശിക്കുകയൊ, ചെയ്യുന്നുവെങ്കിൽ അതുകൊണ്ടു നമ്മുടെ ആരോഗ്യം വർദ്ധിക്കുന്നുവെന്നു മാത്രമല്ല നമുക്കുണ്ടാകുന്ന ഇച്ഛാഭംഗം, ബുദ്ധിക്ഷയം, മനസ്താപം എന്നിങ്ങിനെ മനസ്സിന്നു ഭാരമായി തോന്നപ്പെടുന്ന സകല അസൗഖ്യങ്ങളും വളരെ ലഘുപ്പെടുന്നതുമാകുന്നു. പ്രകൃതി നമ്മെ സമാശ്വസിപ്പിക്കുകയും, ഉത്സാഹിപ്പിക്കുകയും ചെയ്യുന്നു. പ്രകൃതി നമ്മുടെ മനസ്സിനെ പ്രസന്നമാക്കി ചെയ്യുന്നു. നമ്മുടെ മനസ്സിൽ സന്തോഷത്തെ ജനിപ്പിക്കുകയും ചെയ്യുന്നു.

വൈദ്യൻ—(എഴുവയസ്സായകുട്ടിയോട്) കുട്ടി, പനിയായിരുന്നപ്പോൾ നിനക്ക് ഉള്ളതിൽ അധികം ഉപദ്രവമായി തോന്നിയതെന്തായിരുന്നു'.

കുട്ടി—മരുന്ന്.

P. SUBBAROY'S

World-Renowned and Most Efficacious Ayurvedic Medicines.

മരുന്നു സേവിപ്പതിനു മുമ്പു



പി. സുബ്ബരായിയുടെ ലോകപ്രസിദ്ധ
ങ്ങളും ഏററവും ഫലവത്തുകളും
ആയ ആയുൎവ്വേദ ഔഷധാലയം

൧. ലോകപ്രസിദ്ധമായ ധാതുപുഷ്ടികരി— ധാതു നഷ്ടം, ബലഹീനത, ലക്ഷണമില്ലായ്മ, വിശപ്പില്ലായ്മ, നേത്രം, കൈ, കാൽ മുതലായവയുടെ നീററൽ, നീരൊഴിവു, മധുമേഹം, കല്ലടപ്പു (മൂത്രാഘാതം) മുതലായ പലവിധ വസ്തിരോഗങ്ങളെ ക്ഷണേന പരിഹരിച്ചു ഭേദപ്പെടുത്തും.



മരുന്നുസേവിച്ചതിന്നു പിമ്പു

ഡപ്പി ഒന്നുക്കു വില രൂപ ൨. തപാൽ ചിലവു വകയ്ക്കു അണ ൧ വേറെ.


൨. പ്രമേഹ നിവാരണി— സിരാമേഹം, ഇടുപ്പുവലി, മൂത്രമധികമായും തടഞ്ഞും പോകുക, മേഢ്രം, പുകച്ചൽ രക്തമേഹം മുതലായ വ്യാധികളിൽനിന്നു സ്ത്രീപുരുഷന്മാരെ നിവൎത്തിപ്പിക്കും. ഋതുകാലത്തിൽ രക്തം അധികമായി സ്രവിക്കുന്നതിനേയും ശമിപ്പിക്കും. കുപ്പി ൧-ന്നു വില രൂപ ൧. മൂന്നു കുപ്പികൾവരെയുള്ള ബങ്കിക്കു തപാൽ ചിലവു അണ ൩.

൩. സൎവ്വവേദനാസംഹാരി— ഈ തൈലം അല്പം പുരട്ടിയാൽ കൈ കാൽ മുതലായ അംഗങ്ങളിൽ ചതത്തിനോവുക, വീക്കം, മുടക്കുവാതം, നെഞ്ചുനോവു, തലവേദന, ഒരു ഭാഗത്തുണ്ടാകുന്ന ശൂല, ഇടുപ്പുവേദന, പാൎശ്വവായു, മേഹവായു, തിമിരവായു മുതലായ പല വ്യാധികൾ ഭേദപ്പെടും. കുപ്പി ൧-ക്ക് വില രൂപ ൧. തപാൽ ചിലവു അണ ൩.

൪. മണ്ഡലകുഷ്ഠസംഹാരി— മണ്ഡലകുഷ്ഠം, പുഴുക്കടി, തഴതണം, നാരങ്ങാണി എന്നീ പേരുകളുള്ള രോഗത്തിനു സിദ്ധൌ

ക്ഷയം. ത്വഗ്രോഗങ്ങൾ പലതും മാറും. തേമൽ ചൊറികുഷ്ഠം മുതലായവയെ നശിപ്പിക്കും. വില കുപ്പി ൧ ന്നു ൪-ണ തപാൽ ചിലവു മൂന്നു കുപ്പിവരെ ൩ ണ വേറെ.

൩. ലക്ഷ്മീകരകസ്തൂരിഗുളികകൾ— താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സശ്രദ്ധം ഉപയോഗിക്കേണ്ട വിലയേറിയ സാധനം. ദന്തവേദന, വായ്നാറ്റം, അജീർണ്ണം, പിത്തവായു, ഇവയെ ശമിപ്പിക്കും.



തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ എത്ര ഗുരുദ്രവ്യത്തെയും ജീർണ്ണിപ്പിക്കും. പ്രസവകാലത്ത താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി തട്ടുകയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേർത്തിട്ടില്ല. കാശ്മീരത്തുനിന്നു വരുത്തിയ കസ്തൂരി പച്ചക്കർപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേർത്തിട്ടുണ്ട്. ചുമ, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏറ്റക്കുറച്ചിൽപോലെ ഒന്നു മുതൽ ൪ വരെ ഗുളികകൾ വെറ്റിലച്ചാറിൽ കൊടുത്താൽ മതി. ൧൦൦ ഗുളികകൾ ഉള്ള കുപ്പി ൧ ക്കു വില ൺ ൪. ൧ മുതൽ ൧൨ വരെ കുപ്പികൾ അടങ്ങിയ ബങ്കി ൧-ക്കു തപാൽകൂലി ൩ ണ.

൫. ദന്തചൂർണ്ണം— സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്തരോഗങ്ങളെയും നീക്കും. വില കുപ്പി ൧ ന്നു ൩-ണ. തപാൽ ചിലവു ൨ കുപ്പിവരെ ൩ ണ വേറെ.

൬. ജ്വരസംഹാരി—കുളിർപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം, മുതലായവയ്ക്കു നന്നു. വില കുപ്പി ൧ ന്നു ൧ ക. തപാൽ ചിലവു ൬ ണ വേറെ.

൭. ലോകപ്രസിദ്ധമായ സുഗന്ധകന്തളതൈലം— ഈ തൈലം പുരട്ടിയാൽ തലമുടി മീശ ഇമ ഇവ ബഹുപുഷ്ടിയും ഞെരുക്കമയും കറുപ്പും വളരും. കണ്ണിനു കുളുർമ്മയുണ്ടാക്കും. സകല കൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പിച്ചരോമം കറുക്കും. രോമം പൊടിയാതെ ഇരിക്കും. കണ്ണിനു നല്ല തെളിച്ചമുണ്ടാക്കും. വില കുപ്പി ൧-ന്നു ൮-ണ. തപാൽ ചിലവ് ൩ ണ വേറെ.

പി. സുബ്ബരായി, പറകിപ്പേട്ട, തെക്കെ ആർക്കാട്ട് ജില്ല.

൯. രോമസംഹാരി— രോമം എവിടെ വേണ്ടാതാകുന്നുവോ അവിടെ ഈ മരുന്നു പുരട്ടിയാൽ യാതൊരു വേദനയുമുണ്ടാകാതെ രോമത്തെ മാറ്റാം. വില കുപ്പി ൧-ന്നു ൮ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ ണ വേറെ.

൧൦. അഗ്നിമാന്ദ്യസംഹാരി— ദഹനമില്ലായ്മ, പുളിച്ചുതികട്ടുക, നെഞ്ചുകരിക്കുക, മലബന്ധം, വയറുനോവു, വായുനാറ്റം അജീൎണ്ണം, വയറുവീൎത്തുകയറുക, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി ൧-ക്കു ൬ ണ വ്യ. തപാൽ കൂലി ൬ ണ ൩ വേറെ.

൧൧. കൎണ്ണബിന്ദു— ചീക്കൊളു, ചെവികുത്തു, ചെവിയടപ്പു, ഇരച്ചിൽ മുതലായ കൎണ്ണരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രവണസൂക്ഷ്മതയുണ്ടാക്കും. വില കുപ്പി ൧-ക്കു വ്യ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ ണ വേറെ.

൧൨. സുവൎണ്ണഗുളികകൾ— ദേഹശക്തിപ്പെടുത്തും. അജീൎണ്ണം, പിത്തോപദ്രവങ്ങൾ, വായു, മലംപിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളേയും ശമിപ്പിക്കും. വില ഡപ്പി ൧-ന്നു വ്യ ണ. തപാൽ ചിലവു ൧ മുതൽ ൮ വരെ ഡപ്പികൾക്കു ൩ ണ. വേറെ.

൧൩. നേത്രബിന്ദു— കണ്ണുനോവു, കൺകുത്തു, ക്ലേശം, നീരെടുപ്പു, മിന്നൽ, മാലക്കണ്ണു, പീളകെട്ടു, ദേവളച്ചു, പൂവു, ചെരപ്പു, ഏരിച്ചിൽ, ഇമ പുറികം ഇവയുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില കുപ്പി ൧-ന്നു വ്യ ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ ൩ ണ വേറെ.

൧൪. സ്ഖലിതരക്ഷിണി— ബലഹീനതയാലും അത്യുഷ്ണത്താലും മററും ഉണ്ടാകുന്ന ഇന്ദ്രിയ സ്ഖലിതത്തെ നീക്കും. വില ഡപ്പി ൧-ന്നു വ്യ ണ. തപാൽ ചിലവു ൩ വരെ ഡപ്പികൾക്കു ൩ ണ വേറെ.

൧൫. മൃഗകസ്തൂരി— കാശ്മീരിൽനിന്നും വരുത്തിയിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസിൽ ഉണ്ടു. ത്രപാത്തുക്കത്തിന്നു ൮വ്യ ക വില. ഒരു ത്രപാമുതൽക്കുള്ള ഏതു സംഖ്യയ്ക്കും ചില്ലറയായ

യിട്ടും കൊടുക്കപ്പെടും. തപാൽച്ചിലവു പുറമെ, എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം.

൪൬. തേൾവിഷത്തിന്ന സിദ്ധൌഷധം—തേൾകടിച്ച സ്ഥലത്ത രണ്ടു തുള്ളി ഒഴിച്ചാൽ പൊടുന്നനെ ആശ്വാസം കാണും. ഒരു കുഡുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി ൧-ക്കു ൧ ക. ൮ ണ. ൧൨. കുപ്പിയിൽ കുറയാതെ ഒന്നിച്ച വാങ്ങുന്നവൎക്കു ഡസൻ ൧-ക്കു ൨ ക. ൫ ണ. ഉള്ള വിലയിൽ കുറച്ചു മാത്രമെ വില ചുമത്തുന്നുള്ളു. വി. പി. കമ്മീഷൻ ൩ ണ പുറമെ. ഇൻഡ്യയിലും ബൎമ്മയിലും ൧൨. കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ. സിലോൺ ടി. ൩ ണ.

൪൭. വ്രണവിരോപണതൈലം—ഈ കരപ്പു പിത്തപ്പുണ്ണു മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇത സകല കൃമികളെയും നശിപ്പിച്ച എല്ലാ വ്രണങ്ങളെയും വിശുദ്ധീകരിച്ച വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു. വില ൫ ണ. മൂന്നു കുപ്പിവരെ വി. പി. കമ്മീഷൻ ൩ ണ മാത്രം.

൪൮. കണ്ഠശുദ്ധി ഗുളിക— ഇതു കണ്ഠം തെളിഞ്ഞ് ശാരീരം നന്നാവുന്നതിന്ന അതി വിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ചു സംഗീതക്കാൎക്കും, പ്രസംഗക്കാൎക്കും, പാതിരിമാൎക്കും, ശബ്ദവ്യയംകൊണ്ടു അത്യായാസം ചെയ്യേണ്ടവരായ മറ്റെല്ലാവൎക്കും വളരെ ഉപയോഗമുള്ളതാകുന്നു. വില ൫ ണ. വി. പി. കമ്മീഷൻ ൬ കുപ്പിവരെ ൬ ണ.

൪൯. സ്നാനചൂൎണ്ണം— ഈ പൊടി തേച്ചുകുളിക്കുന്നതിന്ന വിലയേറിയ സോപ്പിനെക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞു, ശുദ്ധതയും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്ന ശൈത്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇത ഇന്ത്യയിലുള്ള എല്ലാവൎക്കും വേണ്ടതാകുന്നു. വില ൫ ണ. വി. പി. കമ്മീഷൻ ൩ ണ.

൫൦. സഞ്ജീവഗുളിക—കുട്ടികൾക്കുണ്ടാകുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം, അൎശ്ശസ്സു, ഉറക്കമില്ലായ്ക ഇ

വയ്യും അന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു ബാല്യവയസ്സന്മാൎക്കും ഒരുപോലെ ഉപകരിക്കാവുന്നതാകുന്നു. വില ൫൦ ണ. വി. പി. കമ്മീഷൻ ൰ കുപ്പിവരെ ൩ ണ.

൨൮. ഒന്നാംതരം ഗോരോചനാ ഗുളിക—എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരള് ഇതുകളിൽ ഉണ്ടാവുന്ന ഉപരോഗങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അൎശസ്സ്, ഉറക്കമില്ലായ്മ, അന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില ൩ ണ. വി. പി. കമ്മീഷൻ ൰ കുപ്പിവരെ ൩ ണ.

൨൯. ചൎമ്മരോഗപരിഹാരി—ഈ ഔഷധം കരപ്പൻ, ചുണങ്ങ്, ചൊറി, ഒട്ടുവട്ട, പോളൻ, ചൂട്, പുഴുക്കടി, താരണം, മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ചൎമ്മരോഗങ്ങൾക്കും ഏററവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽമതി. വി. പി. കമ്മീഷൻ ൩ ണ.

മേത്തരം ഗോരോചനം തോല ൧-ക്കു വില ൪ ക. മേത്തരം കുങ്കുമകേസരം തോല ൧-ക്കു വില ൧ ക. മേത്തരം പച്ചക്കൎപ്പൂരം, തോല ൧-ക്കു വില ൨ ക. മേത്തരം രോജാ അത്തർ, മല്ലിപ്പൂ അത്തർ, വെട്ടിവേർ, താഴമ്പു, മരിക്കൊഴുന്തു, ജാതിമല്ലി, സുഹാഗ, ഹീന, മഗിഡമ്പു, അത്തർ മുതലായവകളും എപ്പോഴും തയ്യാറുണ്ട്. ഇവ ഒരു തോല തൂക്കത്തിന്ന ക. ൧-൮ വ്യ. തപാൽകൂലി പുറമെ.

			ക.	ണ.	സ.
ഒന്നാംതരം ഗോരോചനം ദ്രപാൎത്ഥക്കം		൧-ക്കു	൪	൦	൦
ടി മഞ്ഞൾ	,ടി	൧-ക്കു	൧	൦	൦
ടി പച്ചക്കൎപ്പൂരം	ടി	൧-ക്കു	൧	൦	൦

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ വിശദമായി എഴുതണം.

പി. സുബ്ബരായി, പറങ്കിപ്പേട്ട,

തെക്കെ ആൎക്കാട്ട് ജില്ല.

വ്യവഹാരചിന്താമണി

എല്ലാ ഇംഗ്ലീഷ് മാസവും 30-ാംനു- പ്രസിദ്ധപ്പെടുത്തുന്ന
ഒരു വിശേഷനിയമമാസിക.

പത്രാധിപർ

ചെങ്കളത്ത് കരുണാകരമേനോൻ ബി. ഏ.

മലബാർ, കൊച്ചി, തിരുവിതാംകൂറ് ഒരുപോലെ പ്രചാരം.

വരിസംഖ്യ—എപ്പോഴും മുൻകൂറ്.

ഒരു കൊല്ലത്തേക്ക	4-0-0	വി. പി. ഒരു കൊല്ലത്തേക്ക	4-1-0
ആറു മാസത്തേക്ക	2-0-0	ആറു മാസത്തേക്ക	2-1-0

വിധികൾ	മദിരാശി	ഹൈക്കോർട്ട് ലേഖനം	മാസം 56 ഭാഗം
	കൽക്കത്താ	ഒന്നാംതരം കടലാസ്സ	
	അലഹബാദ	മേത്തരം അച്ചടി	
	ബൊംബെ	യോഗ്യന്മാരുടെ ഛായാപടം	
	കൊച്ചി	യോഗ്യ ലേഖകന്മാർ	
	തിരുവിതാംകൂർ	വിശേഷപത്രാധിപക്കുറിപ്പുകൾ	

പത്രാധിപാഭിപ്രായങ്ങൾ.

കേരളസഞ്ചാരി—നിയമകാൎയ്യത്തിൽ ഉപാദ്ധ്യായൻ.

മ. മനോരമ—മേനോന്റെ പുതിയ സ്യമന്തകത്തെപ്പോലെ വേറെ ഒരു പത്രത്തിന്നു ചിലവില്ല.

മനോരമ—സകല മുനസിഫന്മാരും വാങ്ങേണ്ടതാണ്.

കേരളപത്രിക—കക്ഷികൾക്ക അത്യുപകാരം.

കൊച്ചിവിധികളുടെ പോരറിവാൻ "ചിന്താമണി" ഏകമാൎഗ്ഗം.

കൊച്ചി വിധികൾ 7-ാംനമ്പ്ര മുതല്ക്കും, തിരുവിതാംകൂർ വിധികൾ 9-ാംനമ്പ്ര മുതല്ക്കും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. നിങ്ങൾ ചിന്താമണി കണ്ടിട്ടില്ലെങ്കിൽ നോക്കുവാൻ ഒരു ബ്രിട്ടീഷ് പോസ്റ്റുകാർഡ അയച്ചാൽ മടക്കത്തപാലിൽ സൌജന്യമായി നിങ്ങൾക്ക ഒരുപ്രതി അയച്ചുതരും. ലോകവ്യുല്പത്തിയുണ്ടാവാൻ ക്രമമായി "ചിന്താമണി" പാരായണംചെയ്യുന്നത ഒഴിച്ച അന്യമാൎഗ്ഗം ഇല്ല.

എന്ന വ്യവഹാരചിന്താമണി മാനേജർ,

വള്ളുവനാട, മലബാർ.

കവനോദയം

വൈദ്യം, ജ്യോതിഷം, കിളിപ്പാട്ട്, തുള്ളൽ, നോവൽ, നാടകം മുതലായി വിശേഷപ്പെട്ട അനേകം കൃതികൾ ഇതിൽ ചേൎത്തുവരുന്നു. കൊല്ലത്തിൽ 6 പ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകമാലയിൽ ഓരോ കുറി 64 ഭാഗങ്ങളിൽകൂടി 5 കൃതികളിൽ കുറയാതെ ഉണ്ടായിരിക്കും. കൊല്ലത്തിൽ 4 ഉറുപ്പിക വരി അടച്ചാൽ മതി. തപാൽകൂലി പുറമെ വേണ്ട. വിദ്യാൎത്ഥികൾക്കാണെങ്കിൽ മുൻകൂറ് മൂന്നര ഉറുപ്പിക തന്നാൽ മതിയെന്ന് ഒരു പുതിയ നിശ്ചയം ചെയ്തിരിക്കുന്നു. ഈ പുസ്തകമാലയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ അനേക പുസ്തകങ്ങൾ ഇവിടെ വില്പാനുണ്ട്. ചിലതിന്റെ വിവരം താഴെ ചേൎക്കുന്നു.

ജ്യോത്സ്നികാവിഷവൈദ്യം— ഈ പുസ്തകം കൈവശം ഉണ്ടായിരുന്നാൽ പാമ്പുകടിച്ചു ഉടനെ വൈദ്യന്റെ അടുക്കെ ഓടേണ്ടിവരികയില്ല. വില 12 അണ.

സദ്വൃത്തമാലിക— മലയാളത്തിലുള്ള വൃത്തങ്ങളുടെ എല്ലാ സ്വഭാവങ്ങളും അറിവാൻ ഈ പുസ്തകം മാത്രമെയുള്ളു. വില 6 ണ.

ജാനകീപരിണയം— കൊട്ടാരത്തിൽ ശങ്കുണ്ണി ഉണ്ടാക്കിയ ഒരു രസികനാടകമാണിത്. മന്നാടിയാരുടേതല്ല. വായിപ്പാൻ ബഹുരസമുണ്ട്. വില 1 ക. മാത്രം.

* ഹസ്തലക്ഷണദീപിക— ഈ പുസ്തകം കൈവശമുണ്ടെങ്കിൽ കഥകളിയെ ഊമക്കളിയെന്നു പറയേണ്ടിവരികയില്ല. വില 4 ണ.

* കുചേലശതകം ഇതൊന്നു വായിച്ചുനോക്കുവിൻ വില 2 ണ.

* ചക്കീചങ്കരനാടകം ചിരിക്കാതെ ഇതു വായിപ്പാൻ പ്രയാസം വില 6 ണ.

ഇവകൾക്ക് തപാൽകൂലി പുറമെ *ഈ അടയാളം വെച്ചവ ഒഴികെ ശേഷമെല്ലാം അച്ചടി അതിമനോഹരം. കടലാസ്സ് എല്ലാം ഒരുപോലെ ബഹുവിശേഷം. താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ എല്ലാ പുസ്തകങ്ങളും വി. പി. ആയി അയച്ചുകൊടുക്കും.

കെ. കുഞ്ഞൻനമ്പ്യാര്,
കവനോദയം മാനേജര്,
നാദാപുരം.

നൊട്ടീസ

മേത്തരം സാമാനങ്ങൾ! വില വളരെ സഹായം!!

കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ സൽഹിഡർബാർ പടം വലിയ സൈസ്സ വില ക. 7 ആവശ്യമുള്ളവർ ഉടനെ എഴുതി അയക്കണം.

ബൊംബായി മുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽനിന്ന് നേരിട്ട വരുത്തുന്നതും താഴെ വിവരം പറയുന്നതും വേറെയും അനേകം സാമാനങ്ങൾ മൊത്തപ്പടിയായും ചില്ലറയായും വളരെ സഹായവിലക്ക വില്ക്കുന്നതാണ്.

പലതരത്തിലുള്ള പ്ലാനൽ ശീലകളും, ടവ്വലുകളും, ചെകഉണികളും, വളരെ ഭംഗിയുള്ള ചീട്ടികളും, പട്ടുകളും, ബ്ലാങ്കെറ്റുകളും, തൊപ്പികളും, സർജ്ജുകളും, മല്ല്, ജഗന്നാഥൻ, മുതലായ ഇണിച്ചുരക്കുകളും, എനാമൽപാത്രങ്ങളും, പലതരത്തിലുള്ള ഗ്ലാസ്സുകളും, നാഴികമണികളും, വാച്ചുകളും, വിളക്കുകളും, കണ്ണാടികളും, കത്തികളും, ഉള്ളപ്പുകളും, രവിവർമ്മപ്പടങ്ങളും, കൊടകളും, ഇരിമ്പുപെട്ടികളും, ഇരിമ്പു അലമാറികളും, ഇരിമ്പു അടുപ്പുകളും, അനേകവിധം സോപ്പുകളും, ബ്രാണ്ടി, വിസ്കി, മുതലായ ലഹരിസാധനങ്ങളും, മുത്തുച്ചിപ്പികൊണ്ടുള്ള അനേകവിധ പാത്രങ്ങളും, ഇവകളും മെലിൻസ് ഫുഡ്, കൊക്കൊ, കാപ്പിപ്പൊടി, ടീ, ബിസ്കോത്ത മുതലായ വേറെയും അനേകവിധ സാമാനങ്ങളും വളരെ സഹായവിലക്ക വില്ക്കുന്നു.

ആവശ്യപ്പെടുന്നവൎക്ക സാമാനങ്ങൾ വി. പി. ആയി അയച്ചു കൊടുക്കുന്നതാണ.

എ. ടി. എസ്സ്. മേനോൻ,
ജനറൽ മൎച്ചണ്ട,
ചിറ്റൂർ.

കമ്മീഷൻ

രസികരഞ്ജിനിക്ക് പുതിയ വരിക്കാരെ ഉണ്ടാക്കി അവര് വരിപ്പണം മുഴുവൻ മുൻകൂറായി പിരിച്ച് പേരുവിവരപ്പട്ടികയോടുകൂടി ആ സംഖ്യ ആപ്പീസ്സിൽ അടക്കുന്നവൎക്കു 10-കയിൽ കുറയാതെയുള്ള സംഖ്യകൾക്കു 100-ക്കു 10 ക. വീതം കമ്മീഷനും 20കയിൽ കുറയാതെ പിരിച്ചയക്കുന്നവൎക്കു മേല്പറഞ്ഞ കമ്മീഷനും പുറമെ മുപ്പതിനെ പ്രവൃത്തിക്കു രഞ്ജിനിയുടെ ഓരോ പ്രതിവീതം സൌജന്യവും കൊടുക്കപ്പെടും.

ര. രാ. മാനേജർ.

1079 മിഥുനമാസത്തിൽ പണം അടച്ചവരുടെ പേരുവിവരം.

			ക.	ണ.	സ.
ത. രാ. രാ.	കേരളവൎമ്മ വലിയ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ട്		3	0	0
,,	കെ. പി. ശങ്കരമേനോൻ	അവർകൾ	3	0	0
,,	നെടിയൻ വീട്ടിൽ കൃഷ്ണൻകുട്ടിമേനോൻ	,,	3	0	0
,,	ഉള്ളനാട്ട് കൃഷ്ണപ്പണിക്കർ	,,	3	0	0
,,	മുക്കോൎപ്പൂ അച്യുതമേനോൻ	,,	3	0	0
,,	കെ. കുഞ്ഞികൃഷ്ണൻ നമ്പ്യാർ	,,	3	0	0
,,	രാമൻകാവങ്ങത്ത രാമപ്പൊതുവാൾ	,,	3	0	0
,,	കൂടാളപ്പുരത്ത കൃഷ്ണൻനമ്പ്യാർ	,,	3	[illegible]	0
,,	കുന്താവിള്ളി രാമൻനമ്പ്യാർ	,,	3	0	0
,,	വള്ളിയത്ത നാരായണൻനായർ	,,	3	0	0
,,	തണ്ടാശ്ശേരി കുഞ്ഞപ്പൻ	,,	1	0	[illegible]
,,	കെ. പി. ഇട്ടികുമാരൻ വൈദ്യൻ	,,	3	0	0

മ. രാ. രാ.	കെ. ജനാൎദ്ദനൻപിള്ള	അവൎകൾ	,,	3	0	0
,,	പി. എസ്സ്. അച്യുതൻപിള്ള		,,	1	8	0
,,	എം. യോഗിയാരപ്പ		,,	3	0	0
,,	കൊടകരെ കുഞ്ഞുണ്ണിമേനോൻ		,,	3	0	0
,,	കെ. വേലുപ്പിള്ള		,,	1	8	0
,,	വിക്ടോറിയ കാളെജ് പ്രിൻസിപ്പാൾ		,,	3	0	0
,,	എഴുത്തച്ഛൻ കളത്തിൽ കോമുണ്ണിനെടുങ്ങാടി		,,	3	0	0
,,	പടിഞ്ഞാറെപ്പുരയിൽ നാരായണൻനായർ		,,	3	0	0
,,	കെ. എൻ. കൃഷ്ണൻവൈദ്യർ		,,	3	0	0
,,	കെ. കേളുതിരുപ്പാട		,,	3	0	0
,,	ഇ. കെ. അയ്യുക്കുട്ടി		,,	3	0	0
,,	വെങ്ങേമ്പിൽ വടക്കേതിൽ ഗോപ്പിള്ള		,,	3	0	0
,,	ആർ. ഗോവിന്ദമേനോൻ		,,	3	0	0
ബ്രഹ്മശ്രീ	തെക്കേടത്ത പെരുമ്പടപ്പിൽ ശങ്കരൻനമ്പൂരി		,,	3	0	0
മ. രാ. രാ.	ഉളനാട്ട രാമപ്പണിക്കർ		,,	3	0	0
,,	കെ. ഐ. ചാക്കോ		,,	3	0	0
,,	ടി. കെ. കുഞ്ഞികൃഷ്ണൻനമ്പ്യാർ		,,	3	0	0
,,	ടി. കൃഷ്ണമേനോൻ		,,	1	10	0
,,	കെ. വി. നരസിംഗരപ്പ		,,	3	0	0
,,	കെ. നന്തമിയാ സാഹിബ്ബ്		,,	0	12	0

സംഗതിവിവരം.

വിദ്യാവിനോദിനി അച്ചുകൂടം.

പരസ്യം

തിരുവനന്തപുരം മുതലായ തെക്കൻ ദിക്കുകളിൽനിന്നും ര സികരഞ്ജിനി വക പണം പിരിക്കുന്നതിനായി രശീതി സഹിതം ടി. രാമറാവു അവർകളെ അയക്കുന്നതാകകൊണ്ട അദ്ദേഹത്തിനു അനാവശ്യതാമസത്തിനും നഷ്ടത്തിനും ഇടവരുത്താതെ രശീതി വാങ്ങി പണം കൊടുപ്പാൻ അപേക്ഷ.

ര. ര. മാനേജർ.

രസികരഞ്ജിനി

൧൦൭൯

പുസ്തകം ൨ കർക്കടകം ലക്കം ൧൨

മംഗളം

നന്നോമൽമൈത്തുണിവാനമേ! ഫണിപ്രഭമേ! മെത്തപ്പൂക്കൊള്ളുമൃക്കണ്ണം-
ക്കൊന്നാകാളക്കിയിതേവനഭനരദിനം മേച്ചിട്ടവാനത്തമാ
ഏന്നാലെന്നാരിരന്നിട്ടുന്നതുടേക്കാൻ്യക്കുന്നാതിൽമേമാം-
ഞെന്നാക്കന്നാലതകമോങ്ങടക്കളിച്ചൊല്ലല്ലൽ തീർക്കണമേ

കാത്തോള്ളിൽ അച്യുതമേനോൻ.

നായാട്ടുവിധി.

ഏറിയ ഭംഗവും ഉന്നതങ്ങളായ പർവ്വതങ്ങളാലും വിസ്തൃതകളായ നദികളാലും പരിപൂർണ്ണരായി ഹിമവൽസേതുപര്യന്തം വ്യാപിച്ചു കിടക്കുന്ന ഭൂഖണ്ഡത്തിലെ പുരാതനനിവാസികൾക്കും ഇദാനീന്തനന്മാരായ അവരുടെ സന്താനങ്ങൾക്കും സാമാന്യമായൊരു സ്വഭാവവിശേഷം പാശ്ചാത്യശാസ്ത്രജ്ഞന്മാർ അല്പകാലമായിട്ടു് കണ്ടുപിടിച്ചു സമർത്ഥിച്ചിട്ടുണ്ടു്. ഈയൊരു സ്വഭാവവിശേഷം ആധുനികന്മാരിൽ അവസ്ഥാന്തരങ്ങളെക്കൊണ്ടു് വളരെ വളരെ വ്യ

ത്യാസപ്പെട്ടുപോയിട്ടുണ്ടെങ്കിലും നിൎമ്മലമായ സരോമണ്ഡലത്തിൽ പ്രകാശിച്ചുകൊണ്ടിരുന്ന ചന്ദ്രബിംബം മേഘപടലത്തിൽ മറഞ്ഞാൽ എങ്ങിനെയോ അപ്രകാരംതന്നെ പൂൎവ്വികന്മാരുടെ നിൎമ്മലമായ ഹൃദയമണ്ഡലത്തിൽ പ്രത്യക്ഷമായി വിളങ്ങിക്കൊണ്ടിരുന്ന വാസനാവിശേഷം—അതായത് ഐഹികസുഖാനുഭവവൃത്തികളിൽ പ്രകൃതിസിദ്ധമായ അനാസ്ഥ, പരമാൎത്ഥജ്ഞാനത്തിൽ അത്യന്തമായിട്ടുള്ള അഭിനിവേശം— അന്യജാതികളുടെ സംസൎഗ്ഗംകൊണ്ടു ജനിച്ചിട്ടുള്ള മോഹപരമ്പരയിൽ മറഞ്ഞ് മൂടിയ നമ്മുടെ മനോമണ്ഡലത്തിൽ ഇന്നും ലയിച്ചു കിടക്കുന്നുണ്ട്. സ്വഭാവവശാൽ ഹിന്ദുക്കൾക്ക് പ്രവൃത്തിമാൎഗ്ഗം വെടിഞ്ഞ് നിവൃത്തിമാൎഗ്ഗമണയുവാനാണ് മോഹമെന്നത് സാധിക്കുവാൻ പ്രത്യേകിച്ചു ലക്ഷ്യങ്ങൾ വേണമെന്ന തോന്നുന്നില്ല. ആവശ്യമുള്ള പക്ഷം ആയവക്കു ക്ഷാമവുമില്ല.

ഇതിനുള്ള കാരണം ഹിമവാന്റെ ഗാംഭീൎയ്യമെന്നും വിന്ധ്യന്റെ സാന്നിദ്ധ്യമെന്നും മററും ആംഗ്ലേയപണ്ഡിതന്മാർ പറയുന്നത് ഗിരിശിഖരങ്ങളും പിതൃക്കൾക്കുവെച്ചു പോരുന്ന പിണ്ഡങ്ങളും നദീജലം പിണ്ഡോദകമെന്നും ഹിന്ദുക്കൾ വിചാരിച്ചിട്ടാണെന്ന പറയുന്നതിനോടു തുല്യമാണെന്ന ചിലർ സിദ്ധാന്തിച്ചേക്കാമെങ്കിലും കാൎയ്യത്തെക്കുറിച്ച് വിതൎക്കമുണ്ടാവുമെന്ന തോന്നുന്നില്ല. ഇന്ത്യാസാമ്രാജ്യത്തിന്റെ നാലതിരിനുള്ളിൽ ബ്രാഹ്മണൻ മുതൽ പറയൻ വരെ സമദൎശ്യയായ ഏതൊരു ജാതിയാണ് സകലവും ഈശ്വരാധീനമെന്ന വിശ്വസിച്ചു പോരാത്തത്? ഏതൊരു ഹിന്ദുവാണ് ഐഹികവിഷയങ്ങളിൽ പ്രവേശിക്കുമ്പോഴും, ഭാഗ്യം, ഈശ്വരേച്ഛ, ദൈവഗതി എന്നെല്ലാം പറയുന്ന ബ്രഹ്മവിധിക്ക് 'ഞാൻ പാതികൂടി' അടിയറവെച്ച് കീഴടങ്ങാത്തത്? ഹിന്ദുക്കളുടെ ആചാരമെങ്കിലും മതത്തോടുകൂടി ബന്ധിപ്പിക്കാത്തതുണ്ടോ? ഒരു പ്രവൃത്തിയെങ്കിലും ഒരു ദേവനോടുകൂടി ഘടിപ്പിക്കാത്തതുണ്ടോ? വെളുപ്പിനെഴുന്നേററ് ദേശഭേദംപോലെ കാലും മുഖവും കഴുകിയോ കുളിച്ചോ വന്ന് രാമായണം പുസ്തകമെടുത്ത് കിഴക്കോട്ടു തിരിഞ്ഞി

ണർന്ന് സർവ്വേശ്വരനെ ധ്യാനിച്ചുകൊണ്ട് കൈത്തിനോക്കുമ്പോഴും വലത്തുപുറത്ത് ആദ്യത്തെ ശ്ലോകം ശുഭസൂചകമാണെങ്കിൽ ആ ദിവസം സുദിനമെന്നതിന്നു വാദമില്ല. വിഷുദിവസം നാളികേരമുതലി സംവത്സരഫലം അറിയുന്നതിന്നുള്ള ക്രമവും അതിന്റെ ഫലങ്ങളും സുപ്രസിദ്ധങ്ങളാണല്ലൊ. മലയാളത്തിലും പരദേശത്തും വ്യത്യാസം കൂടാതെ 'വീണാവേണുമൃദംഗശംഖപടഹധ്വാനാ'ദികളും 'മദ്യംപച്ചയിറച്ചിമണ്ണുരവം' മുതലായവയും യാത്രാമുഖത്തിങ്കൽ ശോഭനങ്ങളും 'വെണ്ണീറംവിറകെണ്ണയുംചൂലുംമുറവും' മററും നിന്ദിതങ്ങളും ആകുന്നുവെന്നു മാത്രമല്ല, മെട്ടച്ചികളുടെ ദർശനംകൂടി മലയാളത്തിലെപ്പോലെതന്നെ പരദേശത്തും അശുഭമെന്നു വിചാരിക്കപ്പെട്ടുവരുന്നു. ഇങ്ങിനെ ശാസ്ത്രപ്രതീക്ഷകളെ പരിശോധിക്കുന്നതായാൽ ആദിയുമവസാനവുമില്ലാതെ പരന്നു കിടക്കുന്നുവെന്നേ പറഞ്ഞുകൂടു. ആചാരങ്ങളുടേയും മതത്തിന്റേയും ബന്ധത്തെക്കുറിച്ച് പര്യാലോചിക്കുന്നതും അപാരമായ സംഗതിതന്നെ.

ഇനി സാധാരണയായുള്ള ഓരോരോ പ്രവൃത്തികളെക്കുറിച്ച് ആലോചിച്ചു നോക്കുക. അവിടെയും ഈശ്വരാധീനത്വം പ്രത്യക്ഷപ്പെടുന്നതാണ്. ഒട്ടു മുക്കാലും കാര്യങ്ങൾക്ക് ഓരോ അധിഷ്ഠാനദേവതകളുണ്ട്. ആചാരനിഷ്ഠയുള്ളവർ അതാത് കാര്യത്തിൽ പ്രവേശിക്കുമ്പോഴും അതാതു പരദേവതകളെ ധ്യാനിക്കുകയോ സ്മരിക്കുകയോ ചെയ്യാതിരിക്കയില്ലെന്നു നമ്മൾക്ക് കണ്ടും കേട്ടും അനുഭവിച്ചും പരിചയമില്ലേ? കിടക്കുന്ന സമയം 'ശ്രീമാധവായനമഃ'. എഴുന്നേൽക്കുമ്പോഴും 'ഹരേകേശവായനമഃ'. തേച്ചുകുളിക്കുന്ന സമയം രണ്ടു തുള്ളി എണ്ണയെങ്കിലും ഭൂമിദേവിക്കു കൊടുക്കാതിരിക്കയില്ല. പതിവായിട്ട് ഉണ്ണുന്ന സമയം ഗണപതിക്കു വെക്കുന്നതാണ്. അതില്ലാത്തപക്ഷം വിശേഷ ദിവസം കൂടാതെ കഴികയില്ല. വായിക്കുവാൻ തുടങ്ങുന്നത് വാണിയേയും ഗണനായകനേയും ധ്യാനിച്ച് ഗ്രന്ഥമോ പുസ്തകമോ തൊട്ടു തലയിൽ വെച്ചിട്ടുവേണം. ഈ മാതിരി വിശ്വാസങ്ങളും നിഷ്ഠകളും ഹിന്തുക്കളുടെ എന്നപോലെ മറ്റോരോ ജാതികളുടേയും ഇടയിൽ അത്യന്തസ്ഥിരമാ

യി നിന്നിട്ടില്ല നില്ക്കുന്നതുമില്ല. പ്രത്യേകിച്ചു കേരളീയ സാമാന്യത്തിന്റെയിടയിൽ ഇതിനു വിശേഷമുണ്ട്. സകലവും ദൈവപരമായി സങ്കല്പിച്ചിട്ടുള്ളതുകൊണ്ട് വേദാന്തംതൊട്ടു വടക്കൻപാട്ടുവരെ മുഖത്തിൽ നിന്നു മുഖത്തേക്കു പകരുന്നതല്ലാതെ ഓലയിലോ കടലാസ്സിലോ പകർത്തിപ്പോയാൽ അയതിന്ന് അശുദ്ധിബാധിക്കുമെന്നത്രെ സജ്ജനങ്ങളുടെ സദുപദേശം. അഥവാ ഗ്രന്ഥത്തിൽ പെട്ടുത്തൊട്ടതായി വന്നുപോയാൽ പിന്നത്തെ ഉപദേശം 'ബുധജനമിതു ബഹുജനത്തിനു കാട്ടിപ്പോകരുതതു' എന്നായിരിക്കും. ഈ ഒടുവിലുള്ള വാചകം ഏകദേശം ഒരു ഇരുനൂറു കൊല്ലത്തിൽ പരം പഴക്കമുള്ള ഒരു ഗ്രന്ഥത്തിന്റെ അവസാനത്തിൽ ഞാൻ കണ്ടതാണ്. ഗ്രന്ഥത്തിന്റെ ആദ്യം എടുത്തുനോക്കിയപ്പോൾ 'ഒന്നു കാട്ടിൽ ചാടി, ഒന്നു നീററിൽ ചാടി' എന്നും മററും ചില പൊട്ടും പൊടികളും കണ്ടു യാതൊന്നും മനസ്സിലാവാതെ ഗ്രന്ഥത്തിന്റെ പേര് ഒടുവിൽ പറഞ്ഞിട്ടുണ്ടായിരിക്കാമെന്നു കരുതി അവിടം മറിച്ചു നോക്കിയ സമയമാണ് മേൽപറഞ്ഞ ഉപദേശവാചകം കണ്ടെത്തിയത്. അതുതന്നെ ആ ഗ്രന്ഥം മുഴുവനും എന്നെക്കൊണ്ട് വായിപ്പിക്കുവാൻ ഒരു ഉദ്ദീപകമായിട്ടു കലാശിച്ചു. വായനയുടെ ഫലമായിട്ട് പണ്ടത്തെ നായന്മാർ നടവടിയെക്കുറിച്ചു ചിലതൊക്കെ അറിവാൻ ഇടയായ സംഗതി ആണെങ്കിലും ഗ്രന്ഥമെഴുത്തുകാരന്റെ ഉപദേശം തെററി നടക്കുവാൻ ഒരു വാസന ഈ ലേഖകനുള്ളതുകൊണ്ട് വൈദികപ്രസംഗം പ്രയോഗിക്കുവാനാണ് ഇപ്പോൾ ആരംഭിക്കുന്നത്. പഴയ നായന്മാർവിധി ബഹുജനത്തിന് കാട്ടിപ്പോയതുകൊണ്ട് ഉപദേഷ്ടാവ് കോപിക്കുവാൻ ഭാവമുണ്ടെങ്കിൽ ഒരു സമാധാനം ഞാൻ കരുതീട്ടുണ്ട്. ബുധജനത്തിനല്ലെ ഉപദേശം ബാധകമാവുള്ളു!

തോക്കെടുത്ത് കാട്ടുകേറീട്ടുള്ളവരൊക്കെ നായാട്ടെന്നു കേട്ടാൽ ചെവി വട്ടംപിടിക്കാതിരിക്കയില്ല. അപകടത്തിനു വഴിയുണ്ടെങ്കിലെ ഉത്സാഹത്തിനും രസത്തിനും തള്ളിച്ച മതിയാവുള്ളു. പോത്തിനെ വെടി വെച്ചതും, ആനയായിട്ട് മുട്ടി എത്തിയതും, പുലി

യായിട്ട് നേരിട്ടും, രാത്രിമുഴുവനും ഒരു മരത്തിന്റെ മുകളിൽ കഴിച്ചുകൂട്ടിയതും, മററും നായാട്ടു ഭ്രാന്തന്മാർ വർണ്ണിച്ചു പറയുമ്പോൾ കേൾക്കുന്നവൎക്കുകൂടി ഉത്സാഹം തോന്നിപ്പോകും. ഒരു തവണ നായാടീട്ടുള്ളവൎക്കു പിന്നെ നായാട്ടിലുണ്ടാവുന്ന ആവേശം ഇന്നപ്രകാരമെന്നു പറഞ്ഞുകൂട. നായാട്ടിങ്കൽ ഭ്രമം കുറഞ്ഞിട്ടുള്ള കാലം ഉണ്ടായിട്ടുണ്ടോ എന്നു സംശയമാണ്. എന്നാൽ മലയാളത്തിൽ നായന്മാർ പോൎക്കളത്തിൽനിന്നു പിരിഞ്ഞ് ആയുധങ്ങളും ഉറപ്പിൽ കെട്ടിവച്ചതോടുകൂടി നായാട്ടിനുള്ള മോഹവും മുക്കാലേ മുണ്ടാണിയും കെട്ടിവെച്ചുവെന്നാണ് വിചാരിക്കേണ്ടത്. 'ചോരത്തപ്പുണിക്കണം നാലു ശിഷ്യരുമായി വാളും പരിചയുമെടുത്ത് പുലിയുടെ മടയിൽ ചെന്ന് അതും വെട്ടിയ' കാലമെവിടെ കിടക്കുന്നു. എരുതുകഴുതത്തോക്കുംകൊണ്ട് പന്നിയുടെ മുമ്പിൽ മലന്നു വീണ കാലമെവിടെക്കിടക്കുന്നു! 'പോരേൻ നായുടെ പല്ലിനു ശൌര്യം പണ്ടേപ്പോലെ ഫലിക്കുന്നില്ല' എന്ന് നമ്പ്യാർ നിലവിളിക്കുന്നതിലെന്താണ് അത്ഭുതം. കാട്ടുപോത്തും കാണ്ടിപ്പൂരതും തമ്മിലുള്ള വ്യത്യാസം അറിയുന്ന വീരന്മാർ ഇപ്പോൾ എത്ര പേരുണ്ടാവും? ആവോ. ഇനി നമ്മുടെ നല്ല കാലത്തെ നായാട്ടിനെ പരിശോധിക്കുക തന്നെ. നായാട്ട് നാലുപ്രകാരമെന്നും ആറുപ്രകാരമെന്നും രണ്ടുപക്ഷം. ൧. 'അയ്യൻപടി കുറിച്ച നായാട്ട്', ൨. 'അഞ്ഞൂറാൻ പടിവിളിച്ച നായാട്ട്', ൩. 'വേടൻ വഴിക്കൂറൻ നോക്കുക', ൪. 'കോട്ടാളൻ വഴി കൂട്ടിൽ (?) പന്നി കൊല്ലുക', ഇങ്ങിനെ നാലെണ്ണം, ൧. 'കുറിനായാട്ട്', ൨. 'വിളിനായാട്ട്', ൩. 'പെള്ളിവേട്ട നായാട്ട്', ൪. 'കൂട്ടിയും വെറമ്പുറം', ൫. 'കണ്ടും മൎത്തിക', ൬. 'ഇളക്കിയും', ഇങ്ങിനെ ആറെണ്ണം രണ്ടു വിധം പറയുന്നു. ഇതിൽ ആദ്യത്തെ നാലുവിധം നായാട്ടുകളും ഉണ്ടാകയാലുള്ള കാരണത്തെ പററി ഇപ്രകാരം പറഞ്ഞിരിക്കുന്നു.

൧. അയ്യൻ പടികുറിച്ച നായാട്ട്— നാഗസ്ത്രീകളാനാഗലോകത്തുനിന്ന് 'അളുഉവാങ്ങി വെള്ളിക്കിണ്ണത്തിൽ വെച്ചുപൊന്നുംകിണ്ണംകൊണ്ടു മൂടി വിഷ്ണുദേവന് തിരുമുൽക്കാഴ്ച വെപ്പാനായി' മെ

വർലോകത്തേക്കു പോകുമ്പോൾ ഗോമന്തപർവ്വതത്തിന്റെ താഴ്വരയിങ്കൽ നാലുബിംബംകണ്ടു. താൻ അവയെ എടുത്തുകൊണ്ട് വീണ്ടും പുറപ്പെട്ടപ്പോൾ 'ഒന്നു കാട്ടിൽ ചാടി ഒന്നു നീററിൽ ചാടി ഒന്നു ഊരിൽ ചാടിപ്പോയി ഒന്നു താഴെവീണുപോയി'. നാഗസ്ത്രീകൾ അതുംകിണ്ണവും വിഷ്ണുഭഗവാന്റെ തൃക്കൈയിൽ വെച്ചു വൃത്താന്തങ്ങളും ഉണർത്തിച്ചാറെ വിഷ്ണുഭഗവാൻ അവ നാലിനും നാലു പേരിട്ടു. കാട്ടിൽചാടിയത് ചെന്നായ, നീററിൽചാടിയത് നീർനായ, ഊരിൽചാടിയത് 'ഊരപ്പട്ടി' താഴെവീണതു കുറുക്കൻ. പേരിട്ടതിന്റെ ശേഷം ശ്രീനാരായണൻ അവയെ അയ്യപ്പനുദാനവുംചെയ്തു. 'അതുകൊണ്ടത്രെ അയ്യപ്പൻ നായാട്ടുപരദേവതയായത് എന്നറിക'. 'അയ്യപ്പൻ മലയാളത്തിൽ ചുരവട്ടത്തും പല കാവുകളിലും അധിവസിച്ചു'. അതിനുശേഷം നാലു നായ്ക്കളെയും തന്റെ 'ചേകവർക്ക്' (സേവകർക്ക്) സമ്മാനം കൊടുത്തു. 'അതുകൊണ്ടത്രെ നായാട്ട നടത്തുന്നത്' അയ്യപ്പനിൽനിന്നു നായ്ക്കളെ സ്വീകരിക്കുകകൊണ്ടത്രെ 'നായന്മാരെ'ന്നു വിളിച്ചു വരുന്നതും.

൨. അർജ്ജുനൻപടി വിളിച്ച നായാട്ട് — അർജ്ജുനൻ 'ഇളിനായയെ നായാട്ടിനു കൊണ്ടുനടന്നതുമുതലത്രെ' ഇങ്ങിനെയൊരു നായാട്ടുണ്ടായത്. വില്ലാളിവീരനായ അർജ്ജുനന് ഇങ്ങിനെയൊരു നായയെ കിട്ടിയത് എന്നാണെന്നും എങ്ങിനെയാണെന്നും ഇനിക്കറിഞ്ഞുകൂട. പണ്ട് അർജ്ജുൻപടികുറിച്ച നായാട്ടാണ് അധികം നടപ്പുണ്ടായിരുന്നതെന്നു തോന്നുന്നു. 'അർജ്ജുനൻ പടിവിളിച്ച നായാട്ട്' അപൂർവ്വമായിരുന്നു.

൩. വേടൻ വഴി കൂറൻ നേടുക — അർജ്ജുനൻ പാശുപതാസ്ത്രം വാങ്ങുവാൻ ശ്രീപരമേശ്വരനെ തപസ്സുചെയ്തകാലം പരമേശ്വരൻ തന്തിരുവടി അർജ്ജുനന്റെ മാററു നോക്കി അസ്ത്രം കൊടുക്കേണമെന്നു കല്പിച്ചു നിശ്ചയിച്ച് വേടരൂപം ധരിച്ചു യുദ്ധംചെയ്തു. അർജ്ജുനന്റെ മാററു നോക്കി അസ്ത്രവും കൊടുത്തു. അന്നു വേടനു കൂടി പതിനൊന്നാക്കി കൊള്ളുക എന്നു വരംകൊടുത്തതു മൂ

ലം പതിനെനാനുജാതി വേടന്മാരായി. അന്നുമുതൽക്കത്രെ വേടനായാട്ട തുടങ്ങിയത്".

൪. കാട്ടാളൻ വഴികൂട്ടിൽ പന്നികൊല്ലുക— 'രാവണൻ വന്ന് ശ്രീകൈലാസം പിടിച്ച് ഇളക്കിയ നേരം പാർവ്വതിക്ക് ഏററവും ഭയമുണ്ടായി'. ശ്രീപരമേശ്വരൻ അത് ആരാണെന്നറിവാൻ 'തൻെറ തേജസ്സിനെ പിടിച്ച കാട്ടിൽ എറിഞ്ഞു. അതു ചെന്നു വീണേടത്ത് ഒരു വാനരനായി, ഇണ്ട വന്നതുമില്ല'. അപ്പോഠം രണ്ടാമതുമെറിഞ്ഞു. 'അത് കാട്ടിലെ ആളായി ഇണ്ടവന്ന്, രാവണരാക്ഷസൻ' എന്ന ഉണൎത്തിക്കേട്ട് ഭഗവാൻ അരുളിച്ചെയ്തു. 'നീ കാട്ടിലെ ആളായിരുന്ന് ദുഷ്ടമൃഗങ്ങളെ നിഗ്രഹിച്ചു ഭക്ഷിച്ചുകൊൾക' എന്ന". അന്നു തുടങ്ങി കാട്ടാളനായാട്ടുണ്ടായി.

പതിനെട്ടു നായാട്ടാചാരങ്ങളുള്ളതിൽ പ്രധാനങ്ങളായ 'കന്നാചാരം', 'വല്യാചാരം' (അതായത് ഗുരുക്കന്മാരുടെ ആചാരം) ഇങ്ങിനെ രണ്ടാചാരങ്ങളുടെ പേരുകഠം മാത്രമെ പറഞ്ഞു കാണുന്നുള്ളു. നായാട്ടുകുന്നിനു ൧൮ വാതിലെന്നും ൧൮ ചോലയെന്നും നിയമിച്ചിരിക്കുന്നു. കിഴക്കെ വാതിൽ ഒന്ന്, തെക്കെ വാതിൽ ആറ്, പടിഞ്ഞാറെ വാതിൽ അഞ്ച്, വടക്കെ വാതിൽ ആറ് ഇങ്ങിനെ പതിനെട്ടു വാതിലുകഠം ഉള്ളതിൽ ഓരോന്നിന്ന് ഓരോ ചോലയും. നായാട്ടുനായകൻ പതിനെട്ടാചാരങ്ങളും പത്തവസ്ഥകളും അറിഞ്ഞിരിക്കണം. പത്തവസ്ഥകഠം ഏതെല്ലാമെന്നാൽ ൧. 'ആണയും പുലയും നായകാരനുചങ്ങാതി' എന്നും, ൨. 'നാല് അമ്പെടുക്കാരൻ, ഒരു വില്ലെടുക്കാരൻ, രണ്ടു പരിചയിൽ നായാടികഠം' ഇവർ നായകൻെറ കേസ്സരികെ' നില്ക്കും ചങ്ങാതികഠം എന്നും അറിക; ൩. 'നായയെ കുന്നിൻെറ കിഴക്കുവാതുക്കൽകൂടി കയററണമെന്നറിക'. ൪. നായയെ കയററുന്ന സമയം അയ്യപ്പനെയും പരദേവതമാരേയും ധ്യാനിക്കുക' ൫. 'തനിക്കും തൻെറ നായക്കും ചങ്ങാതികഠംക്കും ദോഷമരുതെന്ന് അറിക'; ൬. 'നായ ഓരോന്നാമം (മനസ്സിരുത്തി ഇടംവലമായും) കയററി, വാതിക്കൽ ആക്കി

കൊട്ടുക'; ൭. 'തേറിഞ്ഞ് അറിയിക്ക'; ൮. 'ചെന്ന ചെല്ലിക്ക'; ൯. 'കൊന്ന കൊല്ലിക്ക'; ൰. 'കൊട്ടുന്നുകൊട്ടപ്പിക്ക'.

കുന്നാചാരപ്രകാരം 'വിളി, തെളി, തെറ്റു, തെക്ക' ഇങ്ങിനെ നാലുസമ്പ്രദായങ്ങളുണ്ട്. ഈ വാക്കുകൾ തെളിക്കുന്നതിൻേറയും വിളിക്കുന്നതിൻേറയും ഏറവ വിളിക്കുന്നതിൻേറയും മൃഗങ്ങളെ ഹിംസിക്കുന്നതിൻേറയും സങ്കേതശബ്ദങ്ങളാണ്. സാധാരണ എമ്പത്തിരണ്ടു വിളിക്ക് മുപ്പത്താറ തെക്കയെന്നാണ് ശട്ടം. അതിനൊത്ത തെളിയും തെറ്റവും എന്ന പറയേണ്ടതില്ലല്ലൊ.

'അയ്യൂറിയോ, അറിയോ, ഏത്തോ, ഏത്തോ, ഏത്തോ, തിരോ, തിരോ, തിരോ. അറിയതെത്തത്തോ, വാരോ, ഏത്തോ, അയ്യത്തയെത്തോ, ഗതോ, ഏത്തോ'. ഇത്രയും ആരംഭത്തിലെ ഗണപതിക്കയ്യാണ്. ഇതിൻെറ അർത്ഥം ശാസ്ത്രജ്ഞന്മാരുടെ 'മാച്ചാനെ, മാച്ചാനെ, മറെറാന്നുമോഷം മാച്ചാനേ' എന്നതിൻേറതിൽ പതിൻമടങ്ങുത്തുപമാണ്. 'മാച്ചാനെ' എന്നത് 'മാതാമഹ' എന്നതിൻെറ പ്രാകൃതമെന്നും, 'ആ വാക്യം സേവ്വം വിഷ്ണുമയം ജഗൽ' എന്നതിൻെറ ഛായയെന്നുമാണ് പറയുന്നത്. പ്രകൃതത്തിലെ പൊടിവാചകങ്ങളെ ഗ്രന്ഥത്തിൽ വ്യാഖ്യാനിച്ചിരിക്കുന്നത് താഴെ പറയുംപ്രകാരമാകുന്നു.

'അയ്യൂറിയോ' എന്ന് അയ്യപ്പനേയും, 'അറിയോ' എന്ന് വനദേവതമാരേയും അറിയിക്കുന്നു. 'ഏത്തോ' (ഏല്ക്കുക) എന്നുമുമ്പു അയ്യപ്പനോട്, പിന്നെ നായരോട, പിന്നെ നായരോട്. 'തിരോ' (തിരിയുക) എന്ന് മൃഗത്തോടും, (തിരയുക) എന്ന് നായന്മാരോടും നായരോടും പറയുന്നു. 'അറിയതെത്തത്തോ' എന്ന് നായരോട് 'വാരോ' എന്നു മൃഗത്തോട്. പിന്നെയും 'ഏത്തോ' എന്ന് നായരോട്. 'അയ്യത്തയെത്തോ' എന്ന് മൂവരോട് (അയ്യപ്പൻ, നായ, നായര്). ഗതോ (ഗമിക്കുക) എന്ന് ഇളിക്കാരോട്. 'ഏത്തോ' എന്ന് പിന്നെയും അയ്യപ്പനോട് പ്രാർത്ഥിച്ചിട്ട് ഗണപതിക്കയ്യ് കലാശിക്കുന്നു. ഈ കോലാഹലം 'നായാട്ടിന മുമ്പു കുന്നറിയിക്കേണ്ടും മര്യാദയാകുന്നു.'

കാട് 'തെളി'ക്കുവാൻ ഇടങ്ങുമ്പോൾ ഒരു കൂട്ടക്കാർ 'വിളി'ക്കേണ്ടുന്നത്, 'ഏറ്റേത്താ, ഏറ്റേത്താ, അരിയമരത്തേത്താ, വാ, ഏത്തേം, ഏത്തിരപ്പായ്' എന്നാകുന്നു. ഇതിൻ്റെ 'തേട്ടം', അതായത് മറ്റെക്കൂട്ടർ പകരം വിളിക്കേണ്ടത്, 'ഉള്ളത്, ഉള്ളത്, ഉള്ളത്, ഏത്തിരപ്പായ്, ഉള്ളത്' എന്നും, 'ഇളകിയാൽ' 'അയ്യം തെയ്യതെയ് ഏത്ത ഏത്ത, ഏത്തേം ഏത്തേം, വടിക്കടട്ടോ, അടേം, അടടടോ, അടേം, അയ്യ കൂക്കൂയി കൂക്കൂയി......കളിയൻ വഴിത്തേം, വാളിടിയൻ അയ്യൻനാട്ടിൽ കൊണ്ടേ കൊല്ലേണ്ടും' എന്ന ഏറ്റിക്കൂട്ടി വിളിക്കണ"മെന്നും 'വേട്ടക്രമത്തിൽ' വിധിച്ചിരിക്കുന്നു.

പന്നി, പന്നിക്കുട്ടം, പന്നിക്കൂറ്റൻ, ഇവയുടെ വിവരണത്തിലുള്ള നിഷ്കർഷ കണ്ടാൽ പന്നിനായാട്ടായിരുന്നു പ്രധാനമെന്നു തോന്നും. പന്നിക്കും പന്നിക്കൂട്ടങ്ങൾക്കും ഉള്ളപോലെ തന്നെ മറ്റുമൃഗങ്ങൾക്കും വിശേഷാൽ പേരുകളുണ്ട്.

ഒറ്റപ്പന്നിക്ക് 'വാളിടിയൻ' എന്നും തള്ളയും തന്തയുംകൂടി 'വാളിടിയൻ തോണിപ്പെരിയവൻ' എന്നും പേരുകൾ കൊടുത്തിരിക്കുന്നു. രണ്ടോ മൂന്നോ ഒറ്റകൾ ഒരുമിച്ചു കൂടിയാലും 'വാളിടിയൻ' എന്നു മാത്രമേ പറയാവൂ. അതിൽ കൂടിയാൽ കൂട്ടപ്പേരുകളായി. ൧. 'തോണിപ്പെരിയക്കൂട്ടം' ൨. 'നെലമ്പെരിയക്കൂട്ടം' ൩. 'നാമ്പെരിയക്കൂട്ടം' ൪. 'വെലമ്പെരിയക്കൂട്ടം' ൫. 'വെലമ്പെരിയതിൽ ഇളമ്പെരിയക്കൂട്ടം' ൬. 'ഇളമ്പെരിയതിൽ വെലമ്പെരിയക്കൂട്ടം' ൭. 'തേർക്കൂട്ടം'. പന്നിക്ക് 'ഏറിയച്ചോര, വഴിയച്ചോര, പടിയച്ചോര' ഇങ്ങനെ മൂന്നുതരം ചോരയാണത്രെ. വീഴ്ത്തിനു വിരളിച്ചോരയെന്നും പറയുന്നു.

മറ്റുചില മൃഗങ്ങളുടെ വിശേഷാൽ പേരുകൾ

മയിൽ=മെലെച്ചുറ്റിയൻ	മെരു=മൊറനകൊടിയൻ
കിരി=പെരുവാലൻ	പുലി=കെ[illegible]ളമ്പൻ
കൂരൻ=ചൊറകുളമ്പൻ	പാമ്പ്=ഉരുതിന്നവാളിടിയൻ
കവകൻ=തുട്ടിക്കടിയൻ	ചേര=എഴുത്താണിവാലൻ
മാൻ=വല്ലപ്പൊത്ത്	ആന=കൊടച്ചെവിയൻ
മുള്ളൻ=കല്ലുടക്കരെറൻ	കല=ചോരക്കൊമ്പൻ
ഉടുമ്പ്=മങ്കുഴിമാൻ	കരടി=വല്ലനാപ്പോത്ത

പുലി എളകിയാൽ പുള്ളിപ്പുലിയെന്നും അല്ലാത്തപക്ഷം വരിപ്പുലിയെന്നും ഊറ്റിക്കണം പോൽ. 'വൻവരിയൻ' (വരിയൻപുലി) ഇളകിയാൽ 'നാലുപുറമാർച്ചും, തെക്കാർച്ചും വടക്കാർച്ചും, വില്ലും കടവു മുറിച്ചും', എന്നും മറ്റും വിളിച്ചു നിലവിളിക്കണം. തമ്മിൽ ചതിപ്പെട്ടുപോയാലും ഇപ്രകാരം തന്നെയാണ് വിളിച്ചു പറയേണ്ടത്. 'ചതിപ്പെട്ടുപൂവ്വേ' എന്നുകൂടി കൂട്ടിവിടുകണം. ഇനിയും അനേകവിധം വിളികളുണ്ട്. മൃഗത്തിന് ഒരു കണ്ണുകൊണ്ടാൽ ചോരക്കുവിളി, രണ്ടു കണ്ണുകൊണ്ടാൽ മറെറാരുവിധം വിളി, വില്ലൊടിക്കാരൻറ അമ്പുനഷ്ടാൽ അമ്പുകാരൻ വിളിക്കേണ്ടുന്ന മാതിരി, മല കുന്നിനു കടന്നാൽ നായാട്ടുകാരൻ വിളിക്കേണ്ടുന്നത്. ഇവയെല്ലാം എഴുതിവിലക്കുന്നതായാൽ വായനക്കാർക്ക് രസിക്കുമെന്നു തോന്നുന്നില്ല. അവസാനത്തെ 'വിളിച്ചുകൂട്ടും, വിളിച്ചുകൂട്ടും, വിളിച്ചുകൂട്ടും, എന്നറിയിക്കണം' എന്നതിനോടുകൂടി വിളിയുടെ ഭാരം കലാശിച്ചു. ഈ വിളികളൊക്കെ അജ്ജുൻപടി കുറിച്ചു നായാട്ടിനെ സംബന്ധിച്ചതാണ്. അജ്ജുനൻപടിവിളിച്ചുനായാട്ടിൽ കന്നിറിയിക്കേണ്ടത് 'വിളി ഇറച്ചുനില്ലേ, വില്ലുറച്ചുനില്ലേ, കവുറച്ചുനില്ലേ' എന്നാണ് അതിൻറ ഉത്തരം 'അതു ഉള്ളത്, അതു ഉള്ളത്, എത്തേതാ, എത്തേതാ, പൂവ്വേ' എന്നും ആകുന്നു. എളകിയിട്ടുടിയാൽ എല്ലാം പഴയതുപോലെ തന്നെ.

വെട്ടും, കുത്തും, വെടിയും, എയ്തതും എന്നു ചോദിക്കുന്നതിനു പകരം 'തേൽപ്പും, ഇളിപ്പും, കാലും, തലയും' എന്നാണ് ചോദിക്കുക. വെട്ടുന്നാൽ 'തേപ്പ്'' 'ചോട്ട' (?) കൊണ്ടാൽ 'ഇളിപ്പ്'' വെടികൊണ്ടാൽ 'കാല്'' അമ്പുപട്ടാൽ 'തല'. പ്രയോഗിച്ച ആയുധത്തിൻറ വിവരം പറഞ്ഞുകഴിഞ്ഞാൽ 'കൊമ്പിൽനിന്നോ' കൊളമ്പിൽനിന്നോ, കണ്ണിൽനിന്നോ, തോലിൽനിന്നോ ചേകവം ചെയ്യുവെന്നും' കൊല കഴിഞ്ഞുവെന്നും പറയണം. 'കൊമ്പ്' എന്നു പറയുന്നത് 'മേകന്ന്', 'കൊളമ്പെന്നാൽ ഇളകിയപിണം', 'കണ്ണ്' കുന്നിൻറ മുഖാന്തരം', 'തോല്' നായാട്ടു കുന്നുതന്നെ. 'ചേകവം ചെയ്യുക' എന്നാൽ ആയുധം വിളയാടുകതന്നെ. പ്ര

ണൻ പോയാൽ 'കൊല കഴിഞ്ഞു'. 'വിളിച്ച നായാട്ടിനു വിളിച്ച നായാടിയാൽ വീഴും കുത്തിയാൽ കുന്തംകൊട്ടി തികക്കേണം'* എന്നൊരുവിധി കാണുന്നുണ്ട്. ഇതിന്റെ അൎത്ഥം മനസ്സിലായില്ല. ആ വായനക്കാരുടെ മനോധൎമ്മത്തിന്ന് ഉഴിഞ്ഞിട്ടിരിക്കുന്നു.

നായാട്ടുകഴിഞ്ഞാൽ 'അരികെയിരിക്കും ചെങ്ങാതി, വില്ലൂടിക്കാരൻ, അയലൊ (അമ്പോഴി) ടിക്കാരൻ, പിന്നെ വെടിവൂരം നിൽക്കുന്നവർ, നാട്ടുകാരൻ, ചാകുംതലക്കൽ എത്തിയവർ, സ്ഥലത്തെടുത്തു മണ്ടുന്നവർ (ചുമട്ടുകാർ), വിൽപ്പിൽക്കാരൻ, ഇവർ കൂടിയ സഭയിൽ വെച്ചേറെ അറിയിച്ചാൽ ഊപ്പും ഊരയും മുഴിപോലെകിട്ടും'. കൂട്ടരിൽ ചിലർ 'അലഞ്ഞു പോയാൽ തിരഞ്ഞെടുത്തു കൊടുത്തുകൂട്ട്'. അല്ലെങ്കിൽ ഭാഗിക്കുവാൻ പരിഷയിൽ ചങ്ങാതികൾ വേണം.

വേട്ടയാട്ടുന്നതു കാട്ടാളരുടെ തൊഴിലാകുന്നു. അത് 'വീട്ടാളുകളുടെ' തൊഴിലെന്നു പറഞ്ഞുകൂട. ചില ദിക്കിൽ കാടർ വലകെട്ടി നായാട്ടും. 'കരിമ്പാലന്മാരും' 'കുറുമ്പന്മാരും' നായാട്ടുന്നതുകൊണ്ട് അവരെ നായാടികൾ എന്നു പറയുന്നു. പുലയരുടെ നായാട്ടു മറ്റൊരു 'കൂലിച്ചെലവുകഴ്ചാര'യാകുന്നു, അന്യനു വേണ്ടി കൂലിവാങ്ങി നായാട്ടുന്നവനു താല്പൎയ്യം കൂലിച്ചെലവത്തിനുള്ള പടിയും നായാട്ടും ഒക്കെ എന്നു പറയുന്നു. അവട്ടികൊണ്ട വാളും വെട്ടികൊണ്ട വാളും കോയിമ്മയിൽ പിടിപ്പിക്കുന്നു. കുത്തികൊണ്ട കയ്യും ചോറവകാശവിറ്റ തന്നെ'.

ആർ. വി.

---

* *Mackenzie MS. Restored.*

വ്യായാമം.

മനുഷ്യൎക്ക് അരോഗദൃഢഗാത്രന്മാരായി വൎത്തിക്കുന്നതിൽപരം ഉൽകൃഷ്ടമായ ഭാഗ്യം ഉണ്ടാകുന്നതല്ലെന്നുള്ളത് നിൎവിവാദമായിട്ടുള്ള സംഗതിയാണല്ലൊ. ലോകത്തിലെങ്ങും അധിവസിക്കുന്ന എല്ലാ ജനങ്ങളും വിവിധരോഗബാധിതന്മാരായി നാനാ പ്രകാരേണ വലയുന്നതിന്നിട വരുന്നത്, അവർ ദിനചൎയ്യാനുഷ്ഠാനത്തിൽ സശ്രദ്ധന്മാരായി സ്ഥിതിചെയ്യായ്കകൊണ്ടാകുന്നുവെന്നാണ്, ചികിത്സാനൈപുണ്യമേറിയ സകല ഭിഷഗ്വരന്മാരുടെയുമഭിപ്രായമെന്ന്, പ്രത്യക്ഷിച്ചുവിചാരിക്ക കൂടാതെ തന്നെ ആൎക്കും സുഗ്രഹമാണല്ലൊ. യൂറോപ്യന്മാരെ അപേക്ഷിച്ച് ഹിന്തുക്കൾ ബലഹീനന്മാരായും, അലസന്മാരായും, രോഗപീഡിതന്മാരായും സ്ഥിതിചെയ്യുന്നതിന്നു, ഹിന്തുക്കൾക്ക് വെള്ളക്കാരേക്കാൾ വൈദ്യന്മാരുടെയും, ഔഷധങ്ങളുടെയും സഹായം കഴിച്ചുകൂട്ടാത്തതായിരിക്കുന്നതിന്നും, സൂക്ഷ്മമായ കാരണം മറ്റൊന്നുമല്ല. ആരോഗ്യരക്ഷക്ക്, ശൌചസമ്പാദനാൎത്ഥം ശുദ്ധവായുവും, വേണ്ടേടത്തോളം മാത്രം ലഘുവായ അന്നവും, ദേഹോഷ്മാവിനെ സമസ്ഥിതിയിലാക്കി വച്ചുകൊള്ളുന്നതിന്നു വേണ്ട വസ്ത്രവും, വെയിലും മഴയുംകൊണ്ടുള്ള ഉപദ്രവം ഏല്ക്കാതിരിപ്പാനൊരു ഗൃഹവും, മനോവ്യാപാരത്തിന്നു വിഷയങ്ങളും, ലൗകികങ്ങളായ സന്തോഷഹേതുക്കളുമായിരിക്കണമെന്നൊരു മഹാൻ അഭിപ്രായപ്പെട്ടിരിക്കുന്നു. കേവലം നിൎവ്യാപാരിയായിരിക്കുന്ന ആരൊരുത്തനും സുഖിയായിരിക്കുന്നതിന്നു കഴിയുന്നതല്ലെന്നു മാത്രമല്ല, ദുഃഖോല്പാദകങ്ങളായ അനവധി രോഗങ്ങളാൽ പീഡിതന്മാരായുമിരിക്കും. ഭോഗാസക്തന്മാൎക്ക്, ശരീരസൌഖ്യം പൊടുന്നനവെ അസ്തമിക്കയും, ആരോഗ്യം ക്ഷയിക്കയും ചെയ്യുന്നതാണ്. രോഗബാധയിൽനിന്നു വിമുക്തന്മാരായിരിക്കുന്നതിന്നും, ശരീരാരോഗ്യത്തെ പോഷിപ്പിക്കുന്നതിന്നും പ്രത്യേകമായ ഒരു ദിവ്യൌഷധം വ്യായാമമാകുന്നുവെന്ന് പ്രാചീനന്മാരും അൎവാചീനന്മാരുമായ ശരീര

ശാസ്ത്രജ്ഞന്മാർ ഐകകണ്ഠ്യേന അഭിപ്രായപ്പെട്ടിരിക്കുന്നു. വ്യായാമത്താൽ ശരീരത്തിന്റെ ചൂട്ടു വർദ്ധിക്കയും, ശ്വാസകോശങ്ങളിൽകൂടി ശുദ്ധവായു ഉള്ളിൽ പ്രവേശിക്കയും, രക്തം ശുദ്ധിയിൽ നിർമ്മലമാകയും ആകപ്പാടെ ശരീരത്തിന് ബലമുണ്ടാകയും ചെയ്യുന്നു. രാപ്പകൽ അദ്ധ്വാനിച്ച് യഥേഷ്ടം കുക്ഷിപൂരണം ചെയ്തുകൊണ്ട് ഒരു ഏകാന്തവസതിയിൽ സ്ഥിതിചെയ്യുന്നവൻ അത്യന്തം ബലവാനായും ഉല്ലാസവാനായും, ഉത്സാഹശീലനായും ഇരിക്കുന്നതിനും മൂന്നാം സപ്താഹം കഴിച്ചുകൊണ്ട് നിർവ്യാപാരന്മാരായി ചാരുകസാലയെ അലങ്കരിക്കുന്നവർ, പ്രതിദിനം രോഗഗ്രസ്തന്മാരായി വർത്തിക്കുന്നതിനും കാരണം മറ്റൊന്നുമല്ല. മിതമായി വ്യായാമം ചെയ്യുന്ന പുരുഷന്, അന്യന്മാരെ ബുദ്ധിമുട്ടിക്കുന്നതിനോ, വിനോദങ്ങളെ ത്യജിക്കുന്നതിനോ, വൈദ്യന്മാരെ അന്വേഷിക്കുന്നതിനോ, 'രോഗി'യെന്നുള്ള നാമം ധരിക്കുന്നതിനോ; സംഗതിയാകയില്ലെന്നുള്ളത് നിസ്തർക്കംതന്നെയാണ്. വ്യായാമം കായികമാനസികശക്തികളെ വർദ്ധിപ്പിക്കുന്നതുകൂടാതെ, ലൌകിക കാര്യങ്ങളിൽ പ്രവേശിച്ചു പെരുമാറുന്നതിനുകൂടി സംഗതിയാക്കുന്നതാണ്. ഒരു കാലത്ത് യൂറോപ്പിലെ ശക്തിമാന്മാരായ രാജാക്കന്മാർക്ക്, അസാധാരണമായ ഉൾക്കമ്പ ജനിപ്പിച്ചുംകൊണ്ട് ദിഗന്തവിശ്രാന്തകീർത്തിയായി വർത്തിച്ചിരുന്ന 'നെപ്പോളിയൻ ബോണപ്പാർട്ടി'ന്റെ വിജയധ്വംസനം ചെയ്തവനായ 'ഡ്യൂക്ക് ആഫ് വെല്ലിംഗ്ടൺ' എന്ന വീരപുരുഷൻ താൻ ഏറിയകാലം താമസിച്ചു പഠിച്ചിരുന്ന 'ഈറ്റൺ' പാഠശാലയിലെ ഖല്ലറി സ്ഥലത്തിൽ കളിച്ചുംകൊണ്ടിരുന്ന ബാലന്മാരെ നോക്കി താൻ അവിടെ വച്ചാണ് 'വാട്ടർലൂ'വിലെ യുദ്ധത്തിൽ നെപ്പോളിയനെ ജയിച്ചത് എന്നു പറഞ്ഞിരിക്കുന്നു. ഇതിനാൽ വ്യായാമംകൊണ്ട് ആ മഹാനുഭാവന് ശരീരലാഘവത്തിനു പുറമെ എന്തെല്ലാം ഗുണങ്ങളാണ് സിദ്ധിച്ചതെന്ന് ഊഹിക്കുന്നതുപോലും കൃച്ഛ്രസാദ്ധ്യമല്ലേ?

ലാഘവം, കർമ്മസാമർത്ഥ്യം, ദീപ്തോഗ്നിർമ്മേദസഃ ക്ഷയഃ
വിഭക്തഘനഗാത്രത്വം, വ്യായാമാദുപജായതേ.

എന്ന് അഷ്ടാംഗഹൃദയകാരൻ സംക്ഷേപമായി പറഞ്ഞിരിക്കുന്നു. 'അറബി നിശീഥിനിക്കഥാവലി'യിൽ ശരീരോപദ്രവം നിമിത്തം വളരെക്കാലം കഷ്ടപ്പെടുകയും, അനേകം ചികിത്സകൾ ചെയ്യിട്ടും, ഭേദമാവാതിരിക്കയും, ചെയ്യ ഒരു രാജാവിൻെറ കഥയുണ്ട്. ഒടുവിൽ ഒരു വൈദ്യൻ താഴെ പറയുന്ന മാതിരിയിൽ ചികിത്സ ചെയ്ത് രോഗശാന്തി വരുത്തിയതായി കഥയിൽ പറയുന്നു— ആ വൈദ്യൻ മരംകൊണ്ട് അകം പൊള്ളയായി ഒരു പന്തുണ്ടാക്കി അതിനകത്ത് അനവധി മരുന്നുകളിട്ടു നിറച്ച് കാണികൾക്കു ദൃശ്യമാകാത്ത വിധത്തിൽ അതിൻെറ ദ്വാരമടച്ചു. അതുപോലെ തന്നെ ഒരു കിട്ടിക്കോലുമുണ്ടാക്കി അതിൻെറ പിടിയിലും, പന്തടിപെടുന്ന ഭാഗത്തിലും ഇരുന്നു മരുന്നുകളിട്ടു നിറച്ച് മുൻപറഞ്ഞതുപോലെ ചെയ്തു. പിന്നീട് ഈ കിട്ടിക്കോലും പന്തും രാജാവിന്നു കൊടുത്ത് ദിനംപ്രതി പ്രഭാതത്തിൽ ശരീരം വിയർക്കുന്നതുവരെ അവയെക്കൊണ്ടു കളിക്കുന്നതിനു പറഞ്ഞു. അപ്രകാരം രാജാവ് ചെയ്യുമ്പോൾ ആ ഔഷധങ്ങളുടെ ഗുണം മരത്തിൻെറ ഉള്ളിൽനിന്നും ദേഹത്തിൽ വ്യാപിച്ചതുകൊണ്ട് ഏറിയകാലം മരുന്നുകൾ സേവിച്ചിട്ടും ഭേദമാകാതിരുന്ന രോഗം മാറി അദ്ദേഹത്തിനു ശരീരസൌഖ്യമുണ്ടായി. ഈ കഥകൊണ്ട് ശരീരശ്രമം ആരോഗ്യത്തിന് എത്രമാത്രം പ്രയോജനകരമാകുന്നുവെന്നും, അരോഗതക്കു വ്യായാമമാകുന്നു സർവ്വോത്തമമായ ഔഷധമെന്നും, സ്പഷ്ടമാകുന്നുണ്ടല്ലോ. രോഗകാരണങ്ങളറിയാതെ തന്നിവാരണത്തിനായത്നിക്കുന്നതിൽ പരം മൌഢ്യം മറ്റൊന്നും ഉണ്ടാകാനില്ലല്ലോ. ആധുനിക കാലങ്ങളിലെ 'ചില രസികന്മാർ' വ്യായാമത്തെ നിസ്സാരമായി ഗണിച്ചു വരുന്നതു നോക്കുമ്പോളത് അവരുടെ അവിമൃശ്യകാരിതയെത്തന്നെത്താൻ പൊതുജനങ്ങളോട് വിളിച്ചു പറകയാണോ എന്നു തോന്നും. ആരോഗ്യതയും, ശരീരദാർഢ്യവും, ദീർഘായുസ്സും, ബുദ്ധിശാലിത്വവും, കൂടി തികഞ്ഞു കാണപ്പെടുന്ന മിക്കയാളുകളും, വ്യായാമമാഹാത്മ്യത്താലാണെന്ന് ആർക്കും വേഗത്തിൽ അനുമാനിക്കാവുന്നതാകുന്നു. പ്രസിദ്ധന്മാരായ സേനാനായകന്മാരും, വിശ്രുതന്മാരായ

രാജ്യതന്ത്രജ്ഞന്മാരും, അത്ഭുതപരാക്രമികളായ രാജാക്കന്മാരും വ്യായാമത്തെ എത്രമാത്രം മഹത്തായിട്ടാണ് ഗണിച്ചുവന്നിരുന്നതെന്നും അതുകൊണ്ടവർക്കെന്തെല്ലാം ഫലങ്ങളാണ് പ്രാപ്തമായിട്ടുള്ളതെന്നും മറ്റും ദേശചരിത്രങ്ങളിൽനിന്നും ബോദ്ധ്യമാകുന്നതാണ്. ചുരുക്കിപ്പറകയാണെങ്കിൽ വ്യായാമത്തിന്റെ മഹത്വത്തെ വേണ്ടപോലെ കൊണ്ടാടാൻ കഴിയുന്നതല്ലെങ്കിലും 'വ്യായാമമില്ലാജീവിതത്തിന്മേലാഗ്രഹമുള്ളവന്നാരിനും കർത്തവ്യമത്രേ ദ്രവ്യം' എന്നു സംക്ഷേപമായി പ്രസ്താവിക്കാം.

കഴിത്തുറ സി. എം. അയ്യപ്പൻപിള്ള.

മലയാളത്തിലെ കടങ്ങൾ

(കടങ്കഥകൾ)

ഇംഗ്ലീഷിൽ 'റിഡിൽ' (Riddle) എന്നും, സംസ്കൃതത്തിൽ 'കൂടം' എന്നും പറയപ്പെടുന്ന മാതിരിയിലുള്ള ചിത്രപ്രശ്നത്തെ മലയാളത്തിൽ 'കടം' (കടങ്കഥകൾ) എന്നു പറഞ്ഞുവരുന്നു. ഈ അർത്ഥത്തെയാണ് മേലെഴുതിയ തലവാചകത്തിൽ ഞാൻ വിവക്ഷിച്ചിട്ടുള്ളത്. മലയാളത്തിലെ 'കടം' എന്ന പദം, സംസ്കൃതശബ്ദമായ 'കൂട'ത്തിന്റെ തത്ഭവമാണെന്നു ചിലർ വിചാരിക്കുന്നുണ്ടെങ്കിലും, അതിന്റെ ഉൽപത്തി മലയാളഭാഷയിൽതന്നെ എന്നു സ്ഥാപിക്കുവാനാണ് അധികം സാദ്ധ്യത ഉള്ളത്. നാം പകരം വീട്ടേണ്ടതായ ഒരു പ്രശ്നം നമുക്കു ഒരു കടംതന്നെയാണല്ലോ. അതിനാൽ, 'കടം' എന്ന പദത്തെ ഇങ്ങിനെ വ്യുൽപാദിപ്പിച്ചാൽ മതിയാകുമെന്നു തല്ക്കാലം സമാധാനപ്പെടാം.

ഒരു ഭാഷയിലെ കടങ്ങൾ, ആ ഭാഷയെ ഉപയോഗിക്കുന്ന ജനങ്ങളുടെ ചുററുമുള്ള പ്രകൃതിവിലാസത്തിന്റെയും, അതു നിമി

ത്തം ഉണ്ടാകുന്ന മനോഗതങ്ങളുടേയും, അവരുടെ നടവടികളുടേയും മുദ്രപതിക്കപ്പെട്ടവയാണെന്ന് എളുപ്പം ഗ്രഹിക്കാവുന്നതാകുന്നു. ഇന്ത്യാരാജ്യം, വിശേഷിച്ച്, കേരളരാജ്യം, ഉഷ്ണദേശീയമായ ഭൂവിലാസംകൊണ്ടും കൃഷിയുടെ പ്രാധാന്യംകൊണ്ടും പ്രസിദ്ധമാകയാൽ, ഏതദ്ദേശീയരുടെ ആശയങ്ങൾ ഇപ്പറഞ്ഞ വിശേഷങ്ങളെ കുറിക്കുമെന്നുള്ളതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. മലയാളത്തിലെ കഥകളിൽ മിക്കവയും, കൃഷി പ്രധാനമായ ഒരു രാജ്യത്തിലെ ആളുകളുടെ ഇടയിൽ ഉദിച്ചിട്ടുള്ളവയാണെന്നു തന്നത്താൻ വിളിച്ചു പറയുന്നുണ്ട്. 'നാഴിപ്പാൽകൊണ്ട് നാടെല്ലാം കല്യാണം', എന്നും മറവുമുള്ള മൊഴികളെ കേൾക്കുമ്പോൾതന്നെ, പശുപാലനം ചെയ്ത് കൃഷി ജീവിതത്തിൽ കാലക്ഷേപം കഴിക്കുന്ന ഒരു ജനസമുദായത്തെപ്പറ്റിയാണ് ഒരു ഉൽബോധം ഉണ്ടാകുന്നത്. ചന്ദ്രബിംബത്തിൽനിന്നു പുറപ്പെടുന്ന ധവളശീതാംശുജാലത്തെ നാഴിപ്പാലിനോട് ഉപമിച്ച ഹൃദയത്തിന്റെ രസികത്വം അവർണ്ണനീയമാകുന്നു. ഒരു കല്യാണ അടിയന്തരം ഉണ്ടാകുന്ന കാലത്ത്, നാട്ടിലെല്ലാം എങ്ങിനെ സന്തുഷ്ടിയെ അനുഭവിക്കുന്നുവോ, അതിനൊത്തുള്ള്; ഒരു ആഹ്ലാദമാണ് നിലാവുനിമിത്തം ലോകത്തിൽ വ്യാപിക്കുന്നതെന്നു വർണ്ണിക്കുന്നതിൽ നിന്ന്, കല്യാണ അടിയന്തരങ്ങളെ കേമമായി നടത്തി, ദേശവാസികൾക്കു മിഷ്ടാന്നം നൽകി തൃപ്തിവരുത്തുന്ന ഒരു ജനസമുദായത്തെക്കുറിച്ച് ആകാണ് ഒരു ഉൽബോധം ഉണ്ടാകാത്തത്? ഇങ്ങിനെ നോക്കിയാൽ, മലയാളം മാതൃഭാഷയായുള്ള ആളുകളുടെ പ്രകൃതിക്കും നടത്തയ്ക്കും ഒക്കെ ചൂണ്ടിപ്പലകകളായി പല കഥകളും മലയാളത്തിൽ ഉള്ളതായി കാണാം.

ശേചരല്ലംചേറിനംകൂടി ച്ചേരുംപോരെരാനരല്ലുവിൻ' എന്നും മറവും ഓരോരോ വിരസങ്ങളായ ചിത്രപ്രശ്നങ്ങളെക്കൊണ്ട് മലയാള പത്രങ്ങൾ ഭൂഷിച്ചുവന്ന തിരക്ക് ഈയിടെ അല്പകാലമായി കണികാണ്മാൻ പോലും ഇല്ലെന്നുള്ളത് കുറെ ആശ്വാസജനകം തന്നെ. ഈ വിധത്തിലുള്ള ചിത്രപ്രശ്നങ്ങളിൽ നിന്ന് മനസ്സിനെ വ്യവ

ത്തിച്ച്, നമ്മുടെ പഴയ കടങ്ങളിലേക്കു നോക്കുമ്പോൾ, അനിർവ്വചനീയമായ ആസ്വാദ്യതകൊണ്ട് ഇവ നമ്മുടെ സമാഗമത്തെ ത്വരിപ്പിക്കുന്നു. ഈ കടങ്ങൾ നമ്മുടെ ആലോചനാശക്തിയെ പരിശോധിക്കുന്നതിനുള്ള ഉരകല്ലുകളായി കാണപ്പെടുന്നു. ഇക്കാലത്തെ ചിത്രപ്രശ്നങ്ങളേയും, ഈ പഴയ കടങ്ങളേയും തുലായന്ത്രത്തിലിട്ടു നോക്കിയാൽ, പഴയ കടങ്ങൾ അധികം തൂങ്ങുന്നതായി കാണാം. അവയുടെ കഥനത്തിലുള്ള സംക്ഷിപ്തവും, ആശയങ്ങളുടെ കമനീയതയും ഇക്കാലത്തെ പ്രശ്നങ്ങൾക്കു തൊട്ടുതെറിച്ചിട്ടുപോലുമില്ല. എന്നാൽ, കടത്തെ വർദ്ധിപ്പിക്കുന്നതു സാധാരണമായി ക്ലേശകാരണമാണെങ്കിലും, മലയാളഭാഷയിലെ ഈ കടങ്ങൾ വർദ്ധിച്ചു വരുന്നില്ലല്ലോ എന്നു വ്യസനിക്കുക തന്നെ ചെയ്യണം. കുട്ടികൾക്ക് ഈ മാതിരി കടങ്ങളിൽ അഭിരുചി ജനിപ്പിച്ചു വളർത്തുന്നത് അവരുടെ ആലോചനാശക്തിയെ പോഷിപ്പിക്കുവാൻ പ്രയോജകമായിരിക്കും.

ഈ കടങ്ങൾ ഏതു കാലത്താണ് മലയാളത്തിൽ പിറന്നതെന്നു നിർണ്ണയിക്കുവാൻ പ്രയാസമാണ്. ഭാഷാഗതി നോക്കിയതിൽ, അവയിൽ പലതും വളരെ പഴക്കം കൂടിയവയാണെന്ന് ഊഹിക്കേണ്ടി വരുന്നു. പല കടങ്ങളിലേയും ഭാഷ ശുദ്ധമലയാള പദങ്ങളാൽ രചിതമാണ്. അവയിലെ ആശയങ്ങൾ മിക്കവയും കൃഷിക്കാരുടെ ഇടയിൽ ഉണ്ടാകുന്നവയുമാണ്. ചില കടങ്ങളുടെ ഭാഷയിൽ സംസ്കൃത പദങ്ങൾ കൂടെ ചേർന്നിരിക്കയാൽ, മററുള്ളവ, മലയാളത്തിൽ സംസ്കൃതത്തിന്റെ പ്രബലത ഉറയ്ക്കുന്നതിനു മുമ്പു ഉണ്ടായവയാണെന്ന് അനുമിക്കാം, 'ഇരുട്ടുപുരയിൽ കുരുട്ടാന', 'രണ്ടു കിണററിനൊരു പാലം', 'എണ്ണക്കുപ്പിയിൽ തൊറപ്പഴം', 'കരജ മുറം വീശിപ്പോകുന്നു'— ഇത്യാദി കടങ്ങളിൽ മലയാള വാക്കുകളുടെ വിളയാട്ടവും, 'നിത്യം കുളിക്കുംപോത്തകരിടാവ്', 'കണ്ടാൽ മുണ്ടൻ കാര്യത്തിനു വമ്പൻ', മുതലായവയിൽ സംസ്കൃതപദ പ്രവേശവും കണ്ടറിയേണ്ടവയാണ്.

ഒരു സംഗതി മുന്നിട്ടു നില്ക്കുന്നുണ്ട്; ഒരാവിന് ഈ കടങ്ങളു

ടെ ഉത്തരങ്ങളും മിക്കവാറും നാട്ടുപുറങ്ങളിലുള്ള കൃഷിക്കാരുടെ എന്നു വേണ്ടു, കേരളവാസികളുടെ, നിത്യോപയോഗത്തിലോ, നിത്യപരിചയത്തിലോ ഉള്ള വസ്തുക്കളെ കുറിക്കുന്നവയാകുന്നു. ഉരൽ, നെല്ല്, നാഴി, അടയ്ക്കാക്കത്തി (പാക്കുവെട്ടി), കിണറ്, ചുരവ, പത്തായം, ചൂൽ, നല്ലമുളക്, മൊട്ട, വിളക്ക്, കുട മുതലായ പല വസ്തുക്കളെയാണ് ഈ കടമിടുന്നവർക്ക് അതിപരിചിതങ്ങളായിട്ടുള്ളവ എന്ന് എളുപ്പം മനസ്സിലാകും. കേരളത്തിൽ പലേടത്തും ഈ മാതിരി കടങ്ങൾ പലതും നടപ്പുണ്ടായിരിക്കണം. അവയെ, വനകുസുമങ്ങളെപ്പോലെ, ആരും അനുഭവിക്കുവാൻ ഇടയാകാതെ കളയുന്നത് ശോചനീയമാകുന്നു. ഞാൻ തിരുവിതാംകൂറിൽ പറഞ്ഞു കേട്ടിട്ടുള്ളവയായി എന്റെ അറിവിൽ പെട്ട ഏതാനും കടങ്ങളെ താഴെ കുറിക്കുന്നു. ഇവ മിക്കവാറും ഞാൻ ബാല്യകാലത്ത് മാതാപിതാക്കന്മാരുടെയോ മറ്റു ബന്ധുക്കളുടെയോ മുഖങ്ങളിൽനിന്നു കേട്ടറിഞ്ഞിട്ടുള്ളവയാകയാൽ, ചിലതുകൾക്കു ശരിയായ ഉത്തരം നല്ലപോലെ ഓർക്കുന്നില്ല. ഇത്തരത്തിലുള്ള കടങ്ങളെ 'രസികരഞ്ജിനി' വായനക്കാർ ശേഖരിച്ചയയ്ക്കയും, 'അവയെ രസികരഞ്ജിനി'യിൽ ചേർക്കുവാൻ പത്രാധിപർ ശ്രദ്ധിക്കയും ചെയ്യുമെങ്കിൽ, അവയെ, 'കളഞ്ഞുകിട്ടിയ നിധി'യായി സ്വീകരിക്കുവാൻ മലയാളഭാഷാഭിമാനികൾ മടിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.*

കടങ്ങൾ.

൧. അങ്ങോട്ടു ചെന്നു കിരുകിരുക്കും,
ഇങ്ങോട്ടു വന്നു കിരുകിരുക്കും,
അന്നങ്ങളൊക്കെയൊരു മൂലയിലുമിരിക്കും.
[ഇതു ചൂലിനെ ഉദ്ദേശിച്ചാകുന്നു.]

---

* ഈ ലേഖകൻ അയച്ചു തന്നിട്ടുള്ള കടംകഥകളെല്ലാം വളരെ രസമുള്ളവയാകുന്നു. പക്ഷേ സ്ഥലച്ചുരുക്കത്താൽ അവയെ എല്ലാം ഇതിൽ പ്രസിദ്ധം ചെയ്യുന്നതിനു സാധിച്ചില്ല എന്ന് വ്യസനപൂർവ്വം പറയേണ്ടിയിരിക്കുന്നു. ര. ര. പ.

൫. ആയിരംവള്ളി സഹസ്രവള്ളി,
വെള്ളത്തിൽ താഴുമ്പോൾ ഒരു വള്ളി.

[തലമുടിയെ സൂചിപ്പിക്കുന്നു.]

൬. ഇത്തിരി മുററത്തിത്തിരി കഥൂം.

[ഇവിടെ, ഇത്തിരിമുററം= നഖം; ഇത്തിരികഥം= നഖത്തിനുള്ള അഴുക്ക്.]

൭. ഇത്തിരി അച്ചൻ വിത്തിനുപോണു.

[ഇവിടെ, 'ഇത്തിരി അച്ചൻ' എന്നത്, തിരുവിതാംകൂറിൽ വളരെ കാലമായി നടപ്പിലിരുന്നതും ഈയിടെ നിറുത്തപ്പെട്ടതുമായ ഒററച്ചക്രനാണയത്തെ സൂചിപ്പിക്കുന്നു.]

൮. ഇരുട്ടുപുരയിൽ കുരുട്ടാന. [= പത്തായം.]

൯. എണ്ണക്കുപ്പിയിൽ ഞാറപ്പഴം.

[ഇവിടെ, എണ്ണക്കുപ്പി= കണ്ണിലെ വെള്ളമിഴി; ഞാറപ്പഴം= കൃഷ്ണമണി. കൃഷ്ണമണിയെ ഞാറപ്പഴത്തോടു ഉപമിച്ച ഹൃദയത്തിന്റെ രസികത അനിർവചനീയമത്രെ!]

൰. ഒരമ്മ മുറം വീശിവീശിപ്പോകുന്നു. [=ആന.]

൰൧. കണ്ടാൽ മുണ്ടൻ കാര്യത്തിനു വമ്പൻ [=നല്ലമുളക.]

൰൨. കായ്ക്കും, പൂക്കും, കുലകുലയായില്ലും,
കാക്കയ്ക്കിരിപ്പാനിടമില്ലാ. [=നെല്ല്.]

൰൩. കായ്ക്കുകയില്ലാ, പൂക്കുകയില്ലാ,
മൂട്ടിൽ ചെന്നാൽ, പെറുക്കിത്തിന്നാം. [=ഉരുളി.]

൰൪. കാലിൽ പിടിച്ചാൽ തോളിൽ കേറും. [= കുട.]

൰൫. നടക്കും പറക്കും നാലു കാല്,
താഴ്ന്നു നടക്കുമ്പോൾ രണ്ടു കാല്
ചുക്കിച്ചുളിയുമ്പോൾ മൂന്നു കാല്
ഊരിന്നു പോകുമ്പോൾ ആറു കാല്.

[ഇത്, മനുഷ്യാവസ്ഥയെ കുറിക്കുന്നു. ശൈശവത്തിൽ, രണ്ടു കാലും രണ്ടു കയ്യുംകൂടി നാലുകാലിൽ ഇഴയുന്നു; ബാല്യയൌവന പൂർണകാലങ്ങളിൽ സ്വന്തം ഉള്ള രണ്ടു കാലിൽ നടക്കുന്നു; വാർധ

കൃത്തിൽ, ഒരു വടിയുടെ സഹായം വേണ്ടിവരുകയാൽ മൂന്നുകാലിൽ നടക്കുന്നതുപോലെയാകുന്നു. മരിച്ചാൽ പിന്നെ, പ്രേതവാഹികളായ രണ്ടാളുകളുടെ കാലുകളുംകൂടി, ആറുകാലാകുന്നു. ഇപ്പറഞ്ഞവയിൽ, ആദ്യത്തെ മൂന്നുപാദങ്ങളിലേയും അഭിപ്രായം, തത്തുല്യമായി, ഗ്രീസിലെ പ്രാചീന വിദ്വാന്മാരിൽ ഒരാൾ പുറപ്പെടുവിച്ചിട്ടുള്ളതായി ഞാൻ ഒരു പുസ്തകത്തിൽ വായിച്ചിട്ടുള്ളത് ഇപ്പോഴും ഓർക്കുന്നു.]

൫൨. നരിപ്പാൽകൊണ്ടു നാടെല്ലാം കല്യാണം. [=നിലാവ്]

൫൩. ഏമൻറ കുലള്ളു വയററിൽ ഒരു കൊമ്പ്
വെള്ളമുള്ളു പള്ളക്കൽ കൊമ്പ് } =കിണ്ടി.

കെ. രാമകൃഷ്ണപിള്ള.
(മലയാളിപത്രാധിപർ)

ദേവീസ്തവം
(൧)

1

അമരവന്ദിതപാദയുഗംഭവേ
ഭ്രമമകന്നിടുവാൻപണിയുന്നുഞാൻ;
ഹിമകരാർദ്ധധരാർദ്ധശരീരമാം
കമലകോമളകാരകസൽക്കചേ.

ക്ഷിതിധരപ്രവരപ്രഭയായനിൻ
പദസ്സുദാസനതാസ്ഥിതവീടുകിൽ;
തരണ ദേവവരപ്രപദം ലഭി
പ്പതിനുമേതിനുമേവനുമർഹനാം

നരകകർമ്മജമാകിയജന്മവും
മരണവുംമെഹിയിങ്കൽനിരന്തരം;
നിരുപമേ! നിഖിലേശ്വരി! ഗൌരി! ഹാ
വരവർണ്ണവർണ്ണനുവെപ്പുസങ്കടം

നിഖിലമദ്രികുമാരി! ഭവൽസ്പൃഹാ
ശകലശക്തിവശാലുദിതം ശിവേ!
അഖിലലോകസവിത്രി! കനിഞ്ഞിടെ-
ന്നഘലഘോഘമഹോ പൊടിയാക്കുവാൻ

ഭവഭയപ്രസവപ്രബലാത്മിസം
ഭവമഹാവിവശതപമൊഴിഞ്ഞിടാൻ
ഭവകുടുംബിനി! നീകൃപചെയ്യിൽമേ
ഭവനവും വനവും സുഖവാസദം

പരമനിർവൃതിതൻ സ്ഥിതിവിട്ടുള-
സ്സുരഭവാബ്ധിയിലാണുവലഞ്ഞിടും;
നരനിൽ നീകൃപചെയ്യിലവനുടൻ
വിരതിയും രതിയും സദായികം.

മദനമാനധനാദിയിൽ നിന്നെഴും
കദനമാശുകളഞ്ഞരുളിക്കമാം;
മദനജീവഹരപ്രിയയായ ചി-
ത്സദനമോദനമോഹനവിഗ്രഹേ!

തേലക്കാട്ടെ പത്മനാഭമേനോൻ.

വിക്രമോർവ്വശീയസാരം

എന്തിന്നാകുന്നു എഴുന്നെള്ളിയതു് എന്നു് രാജാവിന്റെ ചോദ്യം കേട്ടിട്ടു് താപസി, പൊറ ഉടനെ ഉർവ്വശി ഈ കുമാരനെ എന്റെ കയ്യിലേല്പിച്ചുവെന്നും ഈ കുമാരനു് യഥാവിധി സൽക്രിയകളും വിദ്യാഭ്യാസാദിയും കഴിഞ്ഞിട്ടുണ്ടെന്നും ഇപ്പോഴം ആശ്രമവാസവിരുദ്ധമായിട്ടു് അമ്പെയ്തു് ഒരു പക്ഷിയെ കൊല്ലുകയാൽ ഇവനെ തിരിയെ ഏല്പിച്ചുകൊടുപ്പാൻ ച്യവനമഹർഷി കല്പിക്കയാൽ ഉർവ്വശി

യെ കാണ്മാനായിട്ടാണ് ഞാൻ വന്നതെന്നും മറുവടി പറഞ്ഞുവെന്ന കഥയെ ‘ഭഗവതി’ എന്നു മുതൽ ‘വിചാരിക്കുന്നു’ എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. ഉർവ്വശിയെ കൂട്ടിക്കൊണ്ടുവരുവാൻ കഞ്ചുകിയെ പറഞ്ഞയച്ചിട്ട് രാജാവ് പുത്രാലിംഗനാദിസുഖത്തെ അനുഭവിക്കുന്നു എന്ന കഥയെ ‘ലാതവ്യ’ എന്നു മുതൽ ‘വരട്ടെ’ എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. പിന്നെ ഉർവ്വശി വന്നിട്ട് തന്റെ പുത്രനെക്കണ്ടു മനസ്സിലാക്കി സന്തോഷിക്കുകയും അവരെല്ലാവരും തമ്മിൽ ഉപചാരങ്ങൾ ചെയ്ത് യഥോചിതമിരിക്കുകയും ചെയ്തുവെന്ന കഥയെ ‘നോക്കിട്ട്’ എന്നു മുതൽ ‘ഇരിക്കുന്നു’ എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. വിദ്യാഭ്യാസാദി വിവരങ്ങളെല്ലാം പറഞ്ഞ ആ കുമാരനെ പിന്നെ താപസി ഉർവ്വശിയെ ഏല്പിച്ചു കൊടുക്കുകയും എല്ലാവരോടും ഉചിതമ്പോലെ യാത്ര പറഞ്ഞ് സമ്മതിപ്പിച്ചു പോകയും ചെയ്തു എന്ന കഥയെ ‘വിദ്യാഭ്യാസ’മെന്നു മുതൽ ‘പോയി’ എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. പിന്നെ രാജാവ് ഇപ്പോൾ ഞാൻ അങ്ങയുടെ പുത്രനായ ആയുസ്സിനെക്കണ്ട സന്തോഷത്താൽ ദേവേന്ദ്രൻ ഇന്ദ്രാണിപുത്രനായ ജയന്തനെക്കൊണ്ടെന്നപോലെ സൽപുത്രവാന്മാരിൽ വെച്ച് മാന്യനായിത്തീർന്നിരിക്കുന്നുവെന്നു പറയുന്നു എന്ന കഥയെ ‘സുന്ദരി’ എന്നുമുതൽ ‘കണ്ടതിനെ’ എന്നുവരെയുള്ള ഗ്രന്ഥംകൊണ്ട് പറയുന്നു. ഉർവ്വശി പുത്രദർശനസുഖാധിക്യത്താൽ മറന്നതും ഇന്ദ്രശബ്ദംകേട്ടപ്പോൾ ഓർമ്മയും ആയ ‘എന്നാണെന്റെ വിജയസഹായിയായിരിക്കുന്ന മഹാരാജാവ് നിങ്കൽനിന്നുണ്ടാകുന്ന പുത്രന്റെ മുഖം കാണുന്നത് അന്നു നീ തിരിച്ച് എന്റെ അടുക്കൽ വരണം’ എന്നു മഹേന്ദ്രന്റെ കല്പനകൊണ്ടു വളരെ വിഷാദിച്ചുവെന്നും ആ വിഷാദകാരണത്തെ ചോദിക്കുന്ന രാജാവിനോട് സത്യമെല്ലാം പറഞ്ഞുവെന്നുമുള്ള കഥയെ ‘വിചാരിച്ചു’ എന്നു മുതൽ ‘ഇരിപ്പുള്ളു’ എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. അപ്പോൾ എല്ലാവരും വിഷാദിക്കുകയും വിശേഷിച്ച് രാജാവ് യാതൊരു എന്റെ വിഷാദദുഃഖത്തെ ഇല്ലായ്മ ചെയ്യാനായിട്ടാണോ ഉർവ്വശി, ജനിച്ചപ്പോൾതന്നെ

പുത്രനെ ശ്രദ്ധമായി വിദ്യാഭ്യാസംചെയ്യിക്ക വിരോധം കൂടാതെ ച്യവനാശ്രമത്തിൽ താപസിയെ ഏല്പിക്കുകയെന്ന പുരുഷപ്രയത്നത്തെ നിഷ്കർഷയോടുകൂടി ചെയ്തത് ആ വിരഹദുഃഖംതന്നെ ഇപ്പോൾ ദൈവഗത്യാ വന്നു ഭവിച്ചുവല്ലോ കഷ്ടം! കഷ്ടം എന്നുംമറ്റും വിചാരിച്ചു വ്യസനിക്കുകയും പിന്നെ കുമാരനെ രാജ്യഭാരമേല്പിച്ച് അഭിഷേകംചെയ്തു അപ്പോൾതന്നെ കാട്ടിൽപോയി തപസ്സുചെയ്യാനുറക്കുകയും അഭിഷേകത്തിനു വട്ടംകൂട്ടുവാൻ മന്ത്രിമാരെ അടുക്കലേക്ക് കഞ്ചുകിയെ കല്പിച്ചയക്കുകയും ചെയ്തു എന്ന കഥയെ 'എല്ലാവരു'മെന്നുമുതൽ 'പോയി' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറയുന്നു. (ഈ ഗ്രന്ഥത്തിൽ ഞാൻ പലദിക്കുകളിലും ഉപയോഗിച്ച 'ദൈവഗത്യാ' എന്ന ശബ്ദത്തിലുള്ള 'ദൈവ' ശബ്ദത്തിന്റെ അർത്ഥമാകട്ടെ പൂർവ്വജന്മകൃതകർമ്മങ്ങൾകൊണ്ടുണ്ടാവുന്നതും ഈജന്മത്തിൽ തക്കതായ പുരുഷപ്രയത്നമൊന്നും കൂടാതെ വിചിത്രങ്ങളായ സുഖദുഃഖങ്ങളെ ഉണ്ടാക്കുന്നതും അനുഭവകാര്യവും സ്മൃതികാരണവുമായ സംസ്കാരം പോലെ ആത്മാവിങ്കൽ ഇരിക്കുന്നതുമായ ഒരു വസ്തു വിശേഷമെന്നാകുന്നു. ഇതിനു ഭാഗ്യം, ദുർഭാഗ്യം, വിധി, ദുർവ്വിധി, ദൈവം, ദുർദ്ദൈവം, ഈശ്വരാനുഗ്രഹം, ഈശ്വരകോപം, അദൃഷ്ടം ഇത്യാദി പലനാമങ്ങളും ലോകത്തിൽ നടപ്പുണ്ട്. ഒരിക്കലും നമ്മൾക്കു ചക്ഷുരാദി ഇന്ദ്രിയങ്ങൾകൊണ്ട് പ്രത്യക്ഷമായി അറിവാൻ കഴിയാത്തതായ ഈ ഭാഗ്യമെന്ന വസ്തുവുണ്ടെന്നുള്ളതിനു പ്രമാണം ഫലോദ്ദേശത്തോടുകൂടിയ പുരുഷപ്രയത്നമൊന്നും കൂടാതെ ജനങ്ങൾക്കു പലമാതിരി വന്നുകൂടുന്നതായി കാണുന്ന സുഖദുഃഖങ്ങൾ മൂലം അനുമാനവും ശ്രുതിയും ശ്രുതിയുടെ അർത്ഥത്തെ പ്രകാശിപ്പിച്ചുകൊണ്ടു പൂർവ്വന്മാർ പറഞ്ഞിട്ടുള്ള വാക്യങ്ങളുമാകുന്നു. (ദൈവത്തെപ്പറ്റി ഭർത്തൃഹരി നീതിശതകത്തിൽ 'ഭഗ്നാശസ്യ' എന്നുമുതൽ 'ഭീമം വനം' എന്നുവരെയുള്ള പതിനെട്ടു ശ്ലോകങ്ങൾകൊണ്ടു വിസ്തരിച്ചിട്ടുണ്ട്).

ഇനി പ്രകൃതനാടകത്തിലെ കഥയാവട്ടെ ത്രൈലോക്യത്തിൽ നടക്കുന്ന എല്ലാ കഥകളെയും സ്വർഗ്ഗത്തിലിരുന്നുകൊണ്ടുതന്നെ അ

റിവാൻ ദിവ്യ പ്രഭാവശക്തിയുള്ള ദേവേന്ദ്രൻ ഏററവും അടുത്തുവന്നവൻ പോകുന്ന അതിഭയങ്കരമായ ദേവാസുരയുദ്ധത്തിൽ പുരൂരവസ്സു മഹാരാജാവിന്റെ സഹായമില്ലെങ്കിൽ ദേവകൾക്കു ജയം വരില്ലെന്നുള്ള നിശ്ചയംകൊണ്ട് ഈ രാജാവിന്റെ വ്യാപാരങ്ങളെത്തന്നെ ഉള്ളാലെ അന്വേഷിച്ചുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ ഉർവ്വശീവിരഹം നിമിത്തം രാജാവ് ആയുധംവെച്ച് കാട്ടിലേക്കു തപസ്സിനു പോവാൻ നിശ്ചയിച്ച കഥയെ ഉടനെ അറിഞ്ഞ് രാജാവ് അപ്പോൾ ആയുധംവയ്ക്കാതിരിപ്പാൻ വേണ്ടി ഉർവ്വശിയെ രാജാവിന്റെ കാലംവരെ അടുക്കൽതന്നെ താമസിപ്പിപ്പാനും ആയുസ്സിന്റെ യൌവ്വരാജ്യാഭിഷേകത്തിനുള്ള സംഭാരങ്ങളെല്ലാം സ്വർഗ്ഗത്തിൽനിന്നു കൊടുത്തയച്ചു നടത്തിപ്പാനും ശ്രീനാരദമഹർഷിയെ അയച്ച് അപ്രകാരം നടത്തിച്ചുവെന്ന കഥയെ 'എല്ലാവരുമെ'ന്ന മുതൽ 'എങ്ങിനെ അഭയോഗ്യരായിട്ടു ഭവിക്കും' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ട് പറയുന്നു. താൻ ജീവിച്ചിരിക്കുന്ന കാലം മുഴുവനും ഇനി ഉർവ്വശീ വിരഹകാരണം വല്ലതായിട്ടൊന്നുമില്ലെന്ന് നിശ്ചയം വന്നതിന്റെ ശേഷം ഇനിയും ദേവേന്ദ്രനാലുള്ള ചെയ്യേണ്ടതെന്താണെന്നു ശ്രീനാരദമഹർഷി ചോദിച്ചപ്പോൾ രാജാവിന്ന് അനുരാഗാസ്പദമായ ഉർവ്വശിയും ബഹുമാനാസ്പദമായ ദേവിയും തമ്മിൽ ചിരസഹവാസംകൊണ്ട് സാപത്ന്യകലഹം ഉണ്ടാകുമോ എന്ന ശങ്കമാത്രമേ സംഭവിപ്പാൻ ന്യായമുള്ളു. അതു സ്പഷ്ടമായി പറയുന്നത് യോഗ്യമല്ലതാനും. ആ സ്ഥിതിക്ക് ഈ കഥ സൂചിക്കത്തക്കവണ്ണം കന്നു പ്രാർത്ഥിക്കേണമെന്നു നിശ്ചയിച്ച് തന്റെ രാജ്യപരിപാലനത്തിന്റെയും മററും പ്രധാനാംഗമായ ഉർവ്വശി ദേവിമാരുടെ സൗഖ്യമുള്ള ശ്രീഭഗവതി സരസ്വതി ദേവിമാരുടെ അവിരോധമെന്ന കാര്യത്തെ ഭരതവാക്യമായി പ്രാർത്ഥിച്ചുകൊണ്ട് എല്ലാവരും പോയി എന്ന കഥയെ 'ഇനിയും' എന്നു മുതൽ 'പോയി' എന്നുവരെയുള്ള ഗ്രന്ഥംകൊണ്ടു പറഞ്ഞ് ഈ നാടകം അവസാനിപ്പിക്കുന്നു.

പുരൂരവസ്സു മഹാരാജാവ് ഉർവ്വശിയോടുകൂടി തന്റെ ജീവിതകാലംവരെ സുഖമായി ക്രീഡിച്ചുവെന്നാകുന്നു ഈ നാടകത്തിൽ

വന്നുകൂടിയ കഥ. ഈ ക്രീഡയ്ക്കു നാലു വിഘ്നങ്ങളാകുന്നു ഉണ്ടായിരുന്നത്. അതിൽ ഉർവശീദർശനാഭാവമെന്ന ഒന്നാമത്തെ വിഘ്നത്തെ രാജാവ് തന്റെ ഭൂമിയിലെന്നപോലെ ആകാശത്തും ഗമിപ്പാനുള്ള ശക്തിയെന്ന ഗുണംകൊണ്ടും ഉർവശി സ്വാമിയായ ദേവേന്ദ്രനെന്ന രണ്ടാമത്തേയും അഭൌമത്തേയും വിഘ്നങ്ങളെ ദേവകൾക്കു കൂടി ജയിപ്പാൻ വയ്യാത്ത അസുരന്മാരെയും ജയിക്കുന്നതുകൊണ്ട് തന്നിൽ സ്പഷ്ടമായ ദേവോപകാരഗുണംകൊണ്ടും അതിൽ താൻതന്നെ എല്ലായ്പോഴും ദേവകൾ ഉള്ളാലെതന്നെ കുറിച്ച് അപേക്ഷിച്ചുകൊണ്ടിരിക്കുമെന്ന ഗുണംകൊണ്ടും, തന്നിൽ അതി ഭക്തിയുള്ള ദേവിയായ മൂന്നാമത്തെ വിഘ്നം ഭക്താധീനതയെന്ന ഗുണംകൊണ്ടും, സുബ്രഹ്മണ്യഭഗവാന്റെ നിയമത്താൽ ഉർവശി ലതയായിത്തീർന്നുവെന്ന നാലാമത്തെ വിഘ്നത്തെ തനിക്കു സംഗമനീയമണി കിട്ടിയതുകൊണ്ട് ഊഹിക്കാവുന്ന ദൈവാനുഗ്രഹമെന്ന ഗുണംകൊണ്ടും രാജാവു ജയിച്ചു എന്നതിനെയാണല്ലോ വിസ്തരിച്ചു പറഞ്ഞിട്ടുള്ളത്. രാജാവിന്റെ ഈ ഗുണങ്ങളെ അല്പമായിട്ട് 'ലോകവ്യാപി' എന്ന നാന്ദിശ്ലോകത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. സംസ്കൃതമൂലത്തിലെ 'രോദസ്യോ'ർവ്യാപ്തത്തിന്റെ അർത്ഥമായ 'ലോകദ്വയ'വ്യാപ്തത്തിന്ന് ഭൂമിയും ആകാശവുമെന്നാകുന്നു ഇവിടെ താല്പര്യാർത്ഥം. കേശി എന്ന അസുരനെ ജയിക്കയാലും ഇന്ദ്രനെ സ്വാധീനമാക്കയാലും രാജാവിനുള്ള മുഖ്യഗുണം വിക്രമമാകകൊണ്ട് വിക്രമോർവശികളെ അധികരിച്ചുണ്ടാക്കിയ ഗ്രന്ഥം 'വിക്രമോർവ്വശീയം' എന്ന് ഈ നാടകത്തിനു കഥയെ അനുസരിച്ചുള്ള പേരും 'ശിശുക്രന്ദ' എന്ന സൂത്രംകൊണ്ട് ദ്വന്ദ്വത്തിങ്കൽനിന്ന ഛപ്രത്യയവും, 'ആയനേയി' എന്ന സൂത്രംകൊണ്ട് ഈയാദേശവും വന്നപ്പോൾ 'വിക്രമോർവ്വശീയം' എന്ന രൂപം സിദ്ധിച്ചു. അതി വിസ്തരഭയമുള്ളതാൽ കഥാസാരവർണ്ണനഭാഗത്തെ അവസാനിപ്പിച്ചിട്ട് ഇനി നായകാദി ഗുണദോഷനിരൂപണഭാഗത്തെ ആരംഭിക്കുന്നു.

ഗ്രന്ഥമെഴുത്ത [illegible] ശക്തിയില്ല
ഗ്രന്ഥമൊപ്പാൻ [illegible] ശക്തിയില്ല

എന്നേതുമാതിരിയിലോർക്കിലുമൊക്കെലോകം
സന്തുഷ്ടമായ്ത്തെളിയുമെന്നറിയാതെകഷ്ടാ
ഗ്രന്ഥത്തെത്താനെഴുതിടുന്നുകനിഞ്ഞിതെല്ലാം
ചാരത്തിലാക്കുകലദൈവതമേ! കരാർബ്ബേ!

കൊടുങ്ങല്ലൂർ കൊച്ചുണ്ണി തമ്പുരാൻ.

കോമപ്പൻ

൯൯. എന്നോതിവാളുടനെവാങ്ങിയവൻമരുന്നാർ
തന്നോടിറങ്ങിടുകൊരുങ്ങിടുകെന്നുചൊല്ലി
തന്നോടുകൂടെവരവാരൊവിലക്കി,നേരിട്ടു
വന്നാനമാപ്പിളകൾമൂപ്പനൊടേറ്റതുള്ളി

൧൦൦. പാരിൽപ്പുകൾപ്പെറ്റപൊലിമപൊങ്ങിയമാപ്പിളക്കു
പോരിൽപ്പെട്ടന്നൊന്നമിട്ടഴുമാറ്റുകണ്ടാൻ
നേരിട്ടിടുന്നകൊതിയാലൊത്തതെല്ലുനേരം
നേരിട്ടുനിന്നുകളിയായമർചെയ്തുകോമൻ

൧൦൧. ഉടക്കൊരൊട്ടൊത്തുകളിയമർചെയ്തുളവാമരുന്നാ
ക്കിടക്കൊരണ്ടുതുള്ളലൊതതെല്ലുതുകണ്ടനേരം
ചൊല്ലുണ്ടകോമനുടെകണ്ണിണയോടുകൂടെ
യകൊണ്ടൽനേർനിറമെഴുന്നോരുവാൾചുവന്നു

൧൦൨. കണ്ണില്ലവിത്തിട്ടുമട്ടപ്പമെഴുന്നകോമ
നണ്ണില്ലെങ്കിലുംചൊടിയിലിന്നിതുപോലെയായാൽ
എന്നില്ലിളിക്കുമിവനില്ലിനിയെന്നുചൊന്ന
തന്നില്ലുളിപ്പതിനവാളുടനേറ്റുടഞ്ഞി

൬൩. ഇരുമട്ടിലാരെയാരനാഴികയാമരങ്ങൾ
കോമൻ്റവാൾകൊണ്ടുചോരകൊടുത്തുപിന്നെ
കാർമണ്ടിട്ടാക്കടലിയാനെയെഴുന്നേറ്റികാണെ
കേമ മറവതലയറ്റനിലത്തുവീണു

൬൪. മേടിട്ടുചോരയുടലിനകറച്ചുകോറൽ
കൂടിക്കരുത്തുടയകോമനുപററിയില്ല
പേടിച്ചുമറ്റുള്ളകളോടുകില്പംവെളിച്ച
പ്പാടിൻചതിത്തലയറുത്തിതുപോയപോരിൽ

൬൫. പററീലിനിട്ടുള്ളതുപടിക്കുപയററിലെന്നും
തെററീലർചോരയിതുകാണവതെൻ്റയല്ല
തോററീടുകില്ലിവനൊരായിരമുള്ളപേർക്കെല്ലാം
തേററീടിലെന്നുവില്ലൊന്നിയെൻ്റാകിക്കോമൻ

൬൬. ഇന്നിപ്പുറപ്പെട്ടുകയെന്നുപറഞ്ഞുവാളു
തന്നില്പതക്കമൊത്തചോരയിടച്ചുകൊണ്ട്
നിന്നീടുമപ്പൊഴുതിലത്തുവിളിച്ചുകൂകി
വന്നീടുമാളുകളെയപ്പടയാളികണ്ടു

൬൭. വാളേ! തെളിഞ്ഞിടുകനിമ്പണിതീർന്നതില്ല
നാളെയ്ക്കുനീട്ടിടുകനിൻ്റെയുറക്കമെല്ലാം
ആളേറെയുണ്ടിതപടയ്ക്കുവരുന്നതെന്നൊ
ല്ലാളേ! ശിനക്കിനിയുമിന്നൊരുകാഴ്ചകാണാം

൬൮. എന്നോതിയാളുകളെവേണ്ടപടിക്കുനിൽക്കി
മുന്നോട്ടുതെല്ലിനൊടെന്നുകയ്യുകളെതന്ന്യ
നിന്നൊരുകോമനുടെനേക്കലത്തുനിന്നു
വന്നൊരുകൂട്ടമടുത്തിതുഭൂമിസിടാതെ

൬൯. വന്നോട്ടുതങ്ങളുവിലാങ്ങളുമാരിതന്നു
കന്നോത്തിടുന്നതുലയാളുവാൾകണ്ടറിഞ്ഞു
വന്നോരമമ്മലൊടവള്ളപ്പൊഴുതൊട്ടുടുത്തു
ചെന്നൊതിനാളലിവൊടായവരോടിവന്നു

൧൧൦. പോരും പിണാകമിതിനിക്കളവായ ചീത്ത
ത്തൂതത്തിപതംമൊരുത്തർപടിയുമൊക്കെനീക്കി
ച്ചേരുന്നഷേമനാട്ടേപാറിനപ്പോവതൊട്ടും
ചേരുന്നതല്ലവനിലുൾത്തെളിഞ്ഞിടേണം

൧൧൧. എന്നും പറഞ്ഞവൾ കിഴിഞ്ഞവിടെക്കഴിഞ്ഞ
തൊന്നും വിടാതെ വഴിപോലറിയിച്ചു പിന്നെ
കൊന്നുള്ളൊരപ്പുളിയെയന്നൊക്കെയേന്നുമോതി
ത്തന്നുള്ളിലൊട്ടിടയിളക്കമിയന്നുനിന്നു

൧൧൨. തങ്ങൾക്കു പറ്റിയൊരു തെറ്റതിനാലെഴും മാൽ
പൊങ്ങൾക്കുമാറിയൊരുർക്കഥനേരനോക്കിയപ്പോൾ
ഞങ്ങൾക്കു നന്മയിതു ചെയ്യുതിനൊന്നുരേകമേ!
നിങ്ങൾക്കു ചെയ്യുതിനി'യെന്നവരൊക്കെയോതി

൧൧൩. പെണ്ണപ്പെടുന്നൊരുപിണാകമിതൊക്കെ നീക്കി
ക്കണ്ണേറിടുംതെളിവിയന്നിനി നാങ്ങൾ തമ്മിൽ
രണ്ടെന്നതന്നെകരുതാതെതാരുമെട്ടുപ്പു
മുണ്ടെന്നതാൻവരണം'എന്നു പറഞ്ഞുടേകമൻ

൧൧൪. ഇപ്പെണ്ണിലേറെവഴലത്തമണച്ചുവന്നോ-
ത്തിപ്പുട്ടമപ്പുളയിലേറിയൊരീർച്ചയോടെ
ഇപ്പാരിവൻ തറവാട്ടുടനാകലും കോ-
രിപ്പുറന്നൊരുങ്ങലൊടിറങ്ങിയതാണ് ഞങ്ങൾ

൧൧൫. ഇങ്ങനെയവാറുവലുതായിട്ടൊച്ചകേട്ടി-
തെങ്ങാത്തുചെയ്യുതകരാറതറിഞ്ഞു കൊള്ളുവാൻ
മങ്ങാതെയീവഴി തിരിഞ്ഞു തിരഞ്ഞു വന്നോൻ
ചങ്ങാതി ചെയ്യുമിണകൊണ്ടുതെളിഞ്ഞു ഞങ്ങൾ

൧൧൬. തീർച്ചപ്പൂതിതെന്നുപറയാം പൂർണമായിട്ടിനി
യോഴ്ചപ്പുമേലിലയ്ക്കുമേണ്ടതിടാസ്സാൻ
ചാർച്ചക്കതെങ്ങളുടെപെണ്ണിളിർച്ചക്കൊക്ക'ന്നായി
ചേർച്ചപ്പുതൊത്തപടിമുത്തകരപ്പുചൊന്നാൻ

൨൨൭. ഇപ്പേർപുകഴ്ന്നതറവാടികളന്നുതൊട്ടു
കെല്പേറിടുംപടിയിണങ്ങിയമട്ടിലായീ
ഉൾപ്പിച്ചതിത്തിരതൊന്നുമാതിരിനല്ലമാതേ-
യുൾപ്പിച്ചുവെളിയിതുക്കുറമിണങ്ങിനാട്ടിൽ

൨൨൮. ചൊല്ലാർന്നനല്ലമലയാളമതിങ്കലെന്തെ
ന്നില്ലാതകൂറൊരുവിടത്തെവിടാത്തമട്ടിൽ
നല്ലാരണിഞ്ഞൊരുനിനക്കറിവാനിതൊന്നി
യല്ലാതെമറ്റിതിനുനാമെചുരുങ്ങുമല്ലോ

൨൨൯. കാളുന്നിതുൾത്തെളിവുതന്മൊഴിയിത്രനാളേ-
ക്കാളുന്നിനക്കുമിഴിതെല്ലുമടച്ചിടാതെ
മൂളുന്നിതിന്നിനിയുമിങ്ങിനെയാകിലെല്ലാ
നാളുന്നിനക്കുതെളിവാൻവഴിനോക്കിടാംഞാൻ

൨൩൦. നന്മേനിവാകമലർമേനിവെടിഞ്ഞുവാണ്ണും
നന്മേനികണ്ടുമലർവില്ലനെവെന്നവനവൻ
തന്മേനിനേർപകുതിതന്നൊരുമങ്കതന്ന
ഉമ്മേ! നിനക്കുടയകാലിണകൈതൊഴുന്നേൻ

സമാപ്തം.

കുണ്ടൂര് നാരായണമേനോൻ, ബി. ഏ.

കേരളക്ഷത്രിയമാല.

ക്ഷത്രിയാണാഞ്ച ശൂദ്രാണാം ശസ്ത്രാചാൎയ്യത്വമുത്തമം
വധം വിനാ ദ്വിജാനാഞ്ച തദുത്തമമിതിസ്മൃതം. ൧൧൮

ക്ഷത്രിയന്മാൎക്കും ശൂദ്രന്മാൎക്കും ആയുധാഭ്യാസം ചെയ്യിക്കുന്നത് ഉത്തമമാകുന്നു. അന്യരെ സംഹാരം ചെയ്യാതെകണ്ടുള്ള ശസ്ത്രാചാൎയ്യത്വം ബ്രാഹ്മണൎക്കും ഉത്തമംതന്നെ.

മദ്ധ്യം മദ്ധ്യമവൎണ്ണാനാം നീചാനാമധമം സ്മൃതം
സമ്പൂൎണ്ണപൂൎണ്ണമധമം ക്രമാത്തേഷ്വപി ഗൌരവം ൧൧൯

മദ്ധ്യമവൎണ്ണങ്ങൾക്കു മേല്പറഞ്ഞ ശസ്ത്രാചാൎയ്യത്വം മദ്ധ്യമവും നീചന്മാൎക്ക് അധമവും ആകുന്നു. എന്നാൽ ഈ ശസ്ത്രാചാൎയ്യന്മാരികൽ ജനങ്ങൾക്കു ഗൌരവം ക്രമമായി സമ്പൂൎണ്ണം, പൂൎണ്ണം, അധമം ഇങ്ങിനെ മൂന്നുവിധമാകുന്നു.

ഉത്തമശ്ചോത്തമന്നിന്ദ്യം തേഭ്യശ്ശസ്ത്രപരിഗ്രഹം
കേചിന്നിന്ദ്യഞ്ച കുൎവ്വന്തി മൎത്ത്യാശ്ശസ്ത്രപരിഗ്രഹം ൧൨൦

ഈ ശസ്ത്രപരിഗ്രഹം ചിലരികൽനിന്നു ഉത്തമോത്തമവും ചിലരികൽനിന്ന് നിന്ദ്യവും ആകുന്നു. എന്നാൽ ചിലർ ആ നിന്ദ്യമായ ശസ്ത്രപരിഗ്രഹത്തെയും ചെയ്യുന്നു.

അനേകനിയമോപേതം നാനാമുഖ്യജനാവൃതം
ശൂദ്രമണ്ഡലസംക്രാന്തം കേരളം വിപ്രപാലിതം ൧൨൧

ബ്രാഹ്മണരാൽ രക്ഷിക്കപ്പെട്ട കേരളദേശം അനേകവിധമായ നിയമങ്ങൾ (ആചാരങ്ങ)ളോടുകൂടിയതും പല മുഖ്യജനങ്ങൾ ഉള്ളതും ശൂദ്രസമൂഹത്താൽ നിറഞ്ഞതും ആകുന്നു.

ഏവംബഹുവിധാചാര
ഐശ്വൎയ്യകതാനാമപി ലിഖ്യതേ
കരണാഗണേ പ്രഥമകൃതം
ലിഖിതുൎശ്ച്ഛനാഗുണഗൌരവാദികം നസ്യാൽ ൧൨൨

ഇങ്ങിനെ പലമാതിരി മാഹാത്മ്യത്തോടുകൂടിയവരുടേയും നാമകരണത്തിങ്കലെ പേര് കരണാഗണത്തിങ്കൽ എഴുതപ്പെടുന്നു. പ്രഖ്യാതമായ നാമത്തെ എഴുതുന്നതുകൊണ്ട് അവന്റെ ഗൗരവഭംഗം വരുന്നില്ലെന്നില്ല.

സ്വകുലേയഃപ്രാഗാസീൽപുരുഷവരിഷ്ഠസ്സമഗ്രഗുണശാലീ
ലോകേഷുസുവിഖ്യാതഃപൂർവ്വംകേചില്ലിഖന്തിതസ്യാഖ്യാം ഫല.

ചിലർ തന്റെ വംശത്തിങ്കൽ സകലഗുണപരിപൂർണ്ണനായി ലോകപ്രസിദ്ധനായിരിക്കുന്ന പുരുഷശ്രേഷ്ഠന്റെ നാമധേയത്തെ മുമ്പിൽ എഴുതുന്നു.

കരണേഷ്വപരേത്വസ്യപ്രദേശഗേഹവംശസംയുക്തം
വിലിഖന്തിനാമധേയംഗുണസ്ഥിതപ്രസമാപിതത്തേഷാം ഫല.

മററു ചിലർ ആധാരങ്ങളിൽ തന്റെ ദേശം ഗൃഹം വംശം ഇതൊട്ടുകൂടി രണ്ടുപേരുകളും എഴുതുന്നു. അതു നിലനിന്നും വരുന്നു.

യസ്മാൽപൂർവ്വാചാരിതംതത്തദ്ദേശേഷ്വാചരിതം
സംപ്രാപ്തംപുരാതനൈർന്ന്യായജ്ഞൈസ്സ്വവിജ്ഞാനൈഃ ഫല.

യാതൊരു യാതൊരു വംശത്തിങ്കൽ പൂർവ്വികന്മാരാൽ അനുഷ്ഠിക്കപ്പെട്ടിരിക്കുന്നുവോ അതാതുതന്നെ ആ വംശത്തിങ്കൽ ആചരേൽ എന്ന പ്രാചീനന്മാരായ ന്യായശാസ്ത്രജ്ഞന്മാരാൽ പറയപ്പെട്ടിരിക്കുന്നു.

രാജ്യന്ദേശംഗോത്രംഗൃഹഞ്ചനാമാനിലേഖനാൽ
പൂർവ്വംകരണേഷുവിലിഖ്യന്തേഗോത്രമൈത്ര്യാദികംയഥാ ഫല.

ആധാരത്തിൽ നാമം എഴുതുന്നതിന്റെ മുമ്പിൽ രാജ്യം ദേശം ഗോത്രം, ഗൃഹം ഇവ എഴുതപ്പെടുന്നു. ഗോപ്യങ്ങളിൽ രണ്ടാമത്തേ [illegible]കളും ആധാരങ്ങളിൽ എഴുതപ്പെടുന്നു

ഭൂമികാംദ്രവ്യദേശൈവപൂർവ്യാദിപരിപൂർത്തിസംഖ്യാച
കരണേഷ്വിലിഖ്യന്തേ[illegible]സമ്പൂർണ്ണാഖ്യാഃ ഫല.

ഭൂമിയുടേയും ദ്രവ്യവും ദേശവും വിസ്താരവും കണ്ടങ്ങളുടെ എണ്ണവും ആ ഭൂമിയുടെ നാലുഭാഗത്തിങ്കലും ഉള്ള തോട് മുതലായതി

ന്റെയും മലയുടെയും, ഭൂമിയുടെയും പേരുകളും ആധാരങ്ങളിൽ എഴുതപ്പെടുന്നു.

കർഷകഭൂമിപഭൂമീനാംലിഖിതഃസ്യാദപിരാഷ്ട്രദേശശൂന്യതയാൽ
രാഷ്ട്രവിഭാഗവിഹീനംകരണഗണാശ്ചാപിസജ്ജനൈർന്നഗ്രാഹ്യം ()

കൃഷിക്കാരൻ ഭൂമിയുടെ അധിപതി എഴുത്തുകാരൻ ഇവക്കു ദേശഭേദമില്ലെങ്കിലും കൂടി ആധാരത്തിങ്കൽ ദേശവിഭാഗമില്ലെങ്കിൽ ആധാരങ്ങളും സജ്ജനങ്ങളാൽ ഗ്രാഹ്യമല്ല.

ക്ഷിതിതലദേശവിഹീനംകരണന്നവംവിശിഷ്ടസാക്ഷിയുതം
സമ്മതമപിഭൂമിപതേസ്സംശയഹീനംമഹാജനൈരുപേക്ഷ്യം ()

രാജ്യദേശവിഭാഗമില്ലാത്ത ആധാരം പുതിയതും നല്ല സാക്ഷികളോടുകൂടിയതും ഭൂമിയുടെ അധിപതിക്കു സംശയമില്ലാത്തതും സമ്മതവും ആണെങ്കിലും മഹാജനങ്ങളാൽ ഉപേക്ഷിക്കപ്പെടേണ്ടതാകുന്നു.

താമ്രവിനിർമ്മിതപത്രേവേണാവപി
ലേഖ്യമേകഭാഗസ്യാൽ
തൽഭാഗതിർദ്ധ്വയാവിഭജ്യേത
ലേഖ്യകാവിജ്ഞൈഃപുരുഷൈഃ ൬൩൦

ചെമ്പുപലകയിലൊ അല്ലെങ്കിൽ മുളയിലൊ ഒരു ഭാഗത്തിൽ എഴുതേണം. എഴുത്തിൽ സമർത്ഥന്മാരായ പുരുഷന്മാരാൽ ആ ഭാഗത്തിന്റെ വിസ്താരം രണ്ടായി വിഭാഗിക്കപ്പെടുന്നു.

അധസ്സമാർദ്ധലിഖേൽപൂർവ്വംഊർദ്ധ്വാർദ്ധേതുതതഃപരം
വർണ്ണാവാമാദയസ്സർവ്വേലിഖ്യന്തേദക്ഷിണാന്തിമാഃ ൬൩൧

ആ രണ്ടു ഭാഗങ്ങളിൽ ചുവട്ടു ഭാഗത്തിൽ മുമ്പിൽ എഴുതേണം. മുകളിലെ ഭാഗത്തിൽ പിന്നെ എഴുതേണം. എല്ലാ അക്ഷരങ്ങളും ഇടത്തുഭാഗത്തുനിന്നു തുടങ്ങി വലത്തുഭാഗത്തിൽ കൊണ്ടുവന്ന് അവസാനിപ്പിക്കണം.

ഉൽപത്രഭാഗാദ്വർണ്ണപംക്തയസ്ത്രാവധിഭൂയാൽ
തത്രസമാരംഭകയ്യോർദ്ധ്വാർദ്ധവർണ്ണപംക്തീനാം ൬൩൨

അധോഭാഗത്തിങ്കലുള്ള വരിയുടെ അവസാനം എവിടെ ഉ-
വിക്കുമോ അവിടുന്ന മുകളിൽ ഭാഗത്ത് വരി ആരംഭിക്കണം.

അത്രപ്രാരബ്ധപംക്തീനാം ഹ്രസ്വതാപൃഷ്ഠചോദിതം
ദൈർഘ്യാന്തസമാപ്തപംക്തീനാംതത്രപംക്തിസ്സമസ്മൃതാ ൫൩൩

ഉത്തരഭാഗത്തിങ്കൽ ആരംഭിച്ച വരികൾക്ക് ഹ്രസ്വതയും അവസാനിച്ച വരികൾക്കു ദീർഘവും മുനികളാൽ പറയപ്പെട്ടിരിക്കുന്നു. ഈ വരികൾ സമമായിരിക്കണമെന്നു പറയപ്പെട്ടിരിക്കുന്നു.

ഏവംസംശോധിതംപത്രംഗ്രഹീത്വാലേഖകാൻപുനഃ
സന്തോഷ്യ ദാനൈഃ സ്വയം ഭൂമീശായ പ്രദീയതാം ൫൩൪

ഇങ്ങിനെ പരിശോധന ചെയ്യപ്പെട്ട ആധാരത്തെ എഴുത്തുകാരനിൽനിന്നു വാങ്ങി പണം കൊടുത്ത് അവനെ സന്തോഷിപ്പിച്ച് ഭൂമി ഉടമസ്ഥനായി കൊണ്ടു കൊടുക്കണം.

ഗൃഹീത്വാസചിവഃപത്രംശ്രാവയേൽക്ഷിതിപാംവചഃ
ലേഖാഗതംസമാദായപശ്യേല്ലേഖാംധരാധിപഃ ൫൩൫

കാര്യസ്ഥൻ ആധാരത്തെ എടുത്ത് ആധാരത്തിൽ എഴുതിയ വാക്കിനെ ഭൂമിപതിയെ കേൾപ്പിക്കണം. ഭൂമിപതി ആധാരത്തെ വാങ്ങി നോക്കണം.

വൃത്താന്താനിനിശമ്യപത്രലിഖിതാന്യാത്മോചിതാന്യപൃഥക്
നിത്യംസത്യപരായണൈരാഗദിതാനീഷ്ടാനിനോവീക്ഷിതേ പശ്ചാൽ
മുദ്രാംപത്രതലേസ്വകീയനാമകമേനാശ്ലോകനാംവക്ഷ്യമൻ
ദേവാചാര്യമതന്തിദംഹിബുധസർവ്വജ്ജനൈരാദൃതം

ആധാരത്തിങ്കൽ എഴുതപ്പെട്ടതും സത്യവാന്മാരാൽ പറയപ്പെട്ടതും ആത്മോചിതങ്ങളായും നമുക്ക് ഇഷ്ടങ്ങളായും ഉള്ള വൃത്താന്തങ്ങളെ കേട്ടതിന്റെ ശേഷം തന്റെ നേത്രങ്ങൾകൊണ്ടു നോക്കാതെ കണ്ടു ആധാരത്തിങ്കൽ മുദ്രയെ വക്കണം. ഇത് എല്ലാജനങ്ങളാലും ആദരിക്കപ്പെട്ട ദേവാചാര്യ (ബൃഹസ്പതി) മതം ആകുന്നു.

തതസ്സ്മരൻഗണാധീശംകൃത്വാദൌഹരിശങ്കരൻ
നിജാബ്ജദൈവതാമുദ്രാംകുര്യാൽപത്രേവിധിവിധിഃ ൫൩൬

അതിന്റെശേഷം ഗണപതിയേയും വിഷ്ണുവിനേയും ശിവനേ

ഷും ഗുരുനാഥന്മാരേയും ഭക്തിയോടുകൂടി സ്മരിച്ചുംകൊണ്ടു വണക്കത്തോടുകൂടി ആധാരത്തിൽ ഒപ്പിടുകയും വേണം.

ഭൂമീശായപ്രദാതവ്യംധനംസുഫലകാന്തരേ
ന്യസേച്ഛുകർക്കശക്ര്യാചിന്തയൻക്ഷമഗേഹിജം ൬൩൮

ഭൂപതിക്കായിക്കൊണ്ടു കൊടുക്കേണ്ടിയ പണം നല്ല പലകയിന്മേൽ കൃഷിക്കാരൻ പരക്രൂരത്തെ വിചാരിച്ച് വെക്കുകയും വേണം.

പൃഥ്വീശാഭിമുഖേചൈവപ്രദദ്യാച്ചധനാദികം
മുദ്രാവലോകനംനൈവകുര്യാദിച്ഛൻശ്രിയംസുധീഃ ൬൩൯

ഭൂപതിക്ക് നേരിട്ടുതന്നെ ധനാദിമുതലായതിനെ കൊടുക്കേണം. ശ്രീയെ ആഗ്രഹിക്കുന്ന ബുദ്ധിമാൻ മുദ്രയെ നോക്കരുത്.

സംഗൃഹ്യചധനംദദ്യാൽഭൂമീശോഫലമുത്തമം
ദ്വിതീയായധരിത്ര്യാസ്തുനാളികേരഫലാദികം ൬൪൦

ഭൂമിപതി ധനം വാങ്ങിയതിന്റെശേഷം ശ്ലാഘ്യമായ ഒരു കരിയെ കൊടുക്കേണം. രണ്ടാമത്തെ ഭൂമിയായ പറമ്പിന് ഒരു നാളികേരം മുതലായതിനെ കൊടുക്കേണം.

('ദ്വീധധിക്രീ' എന്നു ആരംഭിക്കുന്ന ശ്ലോകം നോക്കുക)

വിത്താനാമിഹഗണനംഫലകായാംഗമകല്പിതാമുനിഭിഃ
നഹികാര്യംതർജ്ജന്യാവ
യോഗേസവ്യനിന്ദിതാന്യബാഹുശോഷായാഃ ൬൪൧

ഇവിടെ പണം എണ്ണുന്നത് പലകയിൽതന്നെ വേണമെന്ന് മുനികളാൽ കല്പിക്കപ്പെട്ടിരിക്കുന്നു. ഇടത്തേതും നിന്ദ്യവും ആയ കൈവിരലോടുകൂടി വലത്തെ കയ്യിന്റെ തർജ്ജനി എന്ന ചൂണ്ടാണിവിരൽകൊണ്ട് എണ്ണരുത്.

സ്ഥണ്ഡിലഗണനംകുർവ്വൻധനാഢ്യകളുധൌതയോഃ
ഉപശ്ലയം ച യുഗേന നഷ്ടദ്രവ്യേ മഖിഷ്യതി ൬൪൨

ഭൂമിയിൽ. പണം ഉറപ്പിക്ക ഇവയെ എണ്ണുന്ന ധനികൻ പിന്നെ ഈ രണ്ടുകൂട്ടവും ഇല്ലാത്തവനായിത്തീരും.

പ്രദദ്യാൽകനകംമാനാമാതാചസ്ഥിതിതാവൃതെ
ഭവനാന്തത്രസന്തുഷ്ടചിത്തൌനിമ്നോന്നതാവപി ൪൮൮

ആധാരം കൊടുത്തതിന്റെശേഷം കൊടുക്കുന്നവനും വാങ്ങുന്നവനും താഴ്മയും ശ്രേഷ്ഠതയും ഉള്ളവരെങ്കിലും സന്തുഷ്ടചിത്തന്മാരായി അവിടെ ഇരിക്കുകയും വേണ്ടതാകുന്നു.

അഥകുങ്കുമമുഖ്യാമുദ്രായാമഥാപിദക്ഷിണാംകുര്യാത്
സമാദായധരണീപതിസ്സന്തുഷ്ടാത്മതത്തോത്ഭവാൽ ൪൮൯

എന്നതിന്റെ ശേഷം കുടിയാൻ ഒപ്പിന്റെയും ദക്ഷിണ കൊടുക്കണം. അതിനെ വാങ്ങി ഭൂപതി സന്തുഷ്ടനായി വെക്കുകയും വേണം.

തത്രസ്ഥാൻധരണീസുരാനന്യാനപ്യംശപൂജയേദ്ബുദ്ധാ
പൃഥ്വീലാഭാനുമോദേനമർത്ത്യാൻസ്വസ്യൈസൌപൃഥ്വീം ൪൯൦

അവിടെ ഇരിക്കുന്ന ബ്രാഹ്മണരെയും വേറെ ആളുകളെയും ഭൂമി കിട്ടിയതുകൊണ്ട് സന്തോഷിച്ച് സ്വല്പം കൊടുത്ത സന്തോഷിപ്പിക്കണം. ഇവൻ ഭൂമിയെ അനുഭവിക്കുകയും ചെയ്യുന്നു.

കാലേയകാലേപരതന്ത്രഭാവേപ്പ്
രേഖാദ്വയഞ്ചാപിവിവിശ്യതീഹ
കരപ്രദാസ്യാമിവധരിത്ര്യാഃ
പ്രത്യബ്ദമിത്യാദിഗിരാസമേതം ൪൯൧

കലികാലം മുതൽപോലും ഈ കാര്യങ്ങളിൽ രണ്ട് ആധാരങ്ങളും ഉണ്ടാകും. അതു കൊല്ലന്തോറും നിങ്ങളുടെ ഭൂമിക്കു കപ്പം തന്നേക്കാമെന്നുള്ള വാചകം മുതലായതോടുകൂടിയായിരിക്കും.

പത്രഞ്ചാന്യത്കുങ്കുമമുദ്രയാഢ്യം
പൃഥ്വീശപാദീതിലകംമനോജ്ഞം
യൌവന്യമാർത്ഥക്ഷിതിഖണ്ഡദീർഘ
വിസ്താരയുക്തഞ്ചതതോലിഖേത്തൽ ൪൯൨

കുടിയാന്റെ മുദ്രയോടുകൂടിയും ഭൂപതിയുടെ ഗ്രാമലാഞ്ഛനമായും മനോഹരമായും ഇരിക്കുന്ന ആധാരത്തെ കലികാലം വധിച്ചാൽ ആ ഭൂമിയുടെ ദീർഘവിസ്താരത്തോടുകൂടിയതായി എഴുതണം.

ഏതല്ലേഖ്യപ്രദാനാദ്യ ഭൂതലെപ്രഥിതംഏവംവിധം
ലേഖ്യംകർഷകൈഃപൃഥഗാശയപ്രദേയാദിതരത്ഥഃ ൧൪൨

ഇപ്പോഴും ഭൂമിയിൽ പ്രസിദ്ധമല്ലാത്ത ഈ ആധാരം കുടിയാൻ ജന്മിക്കു എഴുതിക്കൊടുക്കേണ്ടതാകുന്നു.

കലിയുഗേതാരുണ്യകാപടശാലിനാംപുംസാംബാഹുല്യാൽ
കർഷകാണാംഭൂമിമദീയാതൃണാംസ്യ നാഥഇത്യാദിവചനൈസ്സംശ
യംപൃഥ്വീശംവക്ഷ്യന്തി, സമാസാദസ്സംശയിനോമവന്തി ൧൪൩

കലികാലത്തിങ്കൽ ധൂർത്തന്മാരധികമാകയാൽ ഈ ഭൂമി എന്റേതാണെന്നും നീ ഇതിന്റെ നാഥനല്ലെന്നും സംശയം കൂടാതെ പറയുമ്പോഴും ന്യായാധിപതികൾക്കു സംശയം വന്നുകൂടും.

തത്ര സംശയപരിഹാരാർത്ഥം നിജഭൂമേർന്നാമധേയകരകർഷകധനാതൽഭോഗതൽഭോഗപരിശിഷ്ടാന്നലേഖ്യകരാദി സംഖ്യാസഹിതംലേഖ്യം കർഷകമുദ്രിതമാദായ ക്ഷേത്രാധിപേന നിജവേദിതലേ രക്ഷണീയംഭവിഷ്യതി ൧൪൪

ആ വിഷയത്തിങ്കൽ സംശയനിവൃത്തിക്കായി തന്റെ ഭൂമിയുടെ നാമധേയത്തോടുകൂടിയും, കരം, കുടിയാന്റെപണം, അവന്റെ അനുഭവം, അവന്റെ ഭോഗംകഴിച്ചു തനിക്കു കിട്ടേണ്ടുന്ന കരം, ഇവയുടെ സംഖ്യയോടു കൂടിയും കുടിയാന്റെ കയ്യൊപ്പുള്ളതുമായ ഒരു ആധാരത്തെ വാങ്ങി ജന്മി തന്റെ ഗൃഹത്തിൽ സൂക്ഷിച്ചു വെക്കണം.

ഏവം കിഞ്ചിൽകാലേതീതേ കർഷകാ അജ്ഞാനാന്ധാ ഭൂമിതലസ്യ ഭൂമിപതേ ഭൂഖണ്ഡാദ്ധാദികമപഹൃത്യ കപടേന തസ്യനാമധേയാദികം സ്വയമേവ കൃത്വാ തൽഭൂതലമന്യസ്യതിവാ നിക്ഷിതിവാ വക്ഷ്യന്തി തത്സംശയപരിഹാരാർത്ഥം ഭൂമേർദ്ദീർഘവിസ്താരലിംഗാദികമപി പത്രേ ലേഖനീയമുപരിഷ്ടാൽ ഭവിഷ്യതീതിവിജ്ഞേയം ൧൪൫

ഇങ്ങിനെ കലികാലം കുറച്ചു കഴിയുമ്പോഴും കുടിയാന്മാർ ത

ന്റെ ഭൂമിയെ നേരിയാത്ത ജന്മികളുടെ പകുതിയും മററും ഭൂമിയെ അപഹരിച്ച് അതിനു മററി പേർവെച്ചു സ്വന്തമെന്നോ അന്യന്റെ എന്നോ പറയും. ആ സംശയനിവൃത്തിക്കായി ആ ഭൂമിയുടെ ദീർഘവിസ്താരം അടയാളങ്ങളോടുകൂടി എഴുതി വാങ്ങേണ്ടിവരും പിന്നെ എന്ന് അറിയണം

കരപത്രമിദംപ്രോക്തംനാമാസ്യമുനിസത്തമൈഃ
ലൌകികംതത്സമാഖ്യാതംകരണസ്യാദലൌകികം ൭൩

ഈ ആധാരത്തിനു കരപത്രമെന്ന് മുനികളാൽ പേരിടപ്പെട്ടിരിക്കുന്നു കൂടാതെ ഇത് ലൌകികമാകുന്നു. ആധാരമാകട്ടെ അലൌകികമാകുന്നു.

കരണസ്യാലൌകികത്വാൽകരണോക്തശ്രൈഷ്ഠ്യനൈച്യാദയോ
നഹിതേലൌകികൃതന്യാസസമസ്തപത്രികാസുസ്യുഃ ൭൪

കരണം എന്ന ആധാരം അലൌകികമാകയാൽ അവകൾക്ക് ശ്രൈഷ്ഠ്യനൈച്യാദികൾ ഒന്നും ഇല്ല. ആ വക അലൌകികത്തിൽ നിന്നു വേറിട്ടുള്ളതായ പത്രികകളിൽ അന്വയിക്കും.

ഛോദവൽപ്രഥിതൌരാഷ്ട്രേഷ്വൌബ്രാഹ്മണപാദജൌ
നക്ഷത്രിയോനോജന്മാന്യൌതേനസ്ഥാപനംതയോഃ ൭൫

കേരളത്തിൽ ബ്രാഹ്മണരും ശൂദ്രരും മാത്രം പ്രസിദ്ധന്മാരാകുന്നു. ക്ഷത്രിയനൊ വൈശ്യനൊ പ്രസിദ്ധനല്ല. ആദിയിൽ അവരുടെ സ്ഥാപനവും ഇവിടെ ഉണ്ടായിട്ടില്ല.

പുനഃകാരണതഃപ്രാപ്തഃകേരളേവൈവിശേഷതഃ
തഥൈവപാരദേശീയാഇതരേചജനാസ്തഥാ
തേഷ്വാഗതൾപത്രമസ്ത്രാദാകല്പ്യതന്നമയാധുനാ ൭൬

ക്ഷത്രിയവൈശ്യരും മററുള്ള പരദേശികളും പിന്നെ ഓരോ കാരണവശാൽ വന്നവരാകയാൽ അവരുടെ പത്രമര്യാദയെ ഞാൻ ഇവിടെ പറയുന്നില്ല.

കാരുവീശ്ശരിപുളസ്യരാന്തമാഃ
പത്രികാസ്വനിജനാമധേയകം

നോല്ലിഖന്തിനിജപത്രനാമധേയം
ലിഖന്തിസദ്മയോരിതോവിധിഃ ൫൩

കേരളബ്രാഹ്മണർ പത്രികകളിൽ നിജ നാമധേയങ്ങളെ എഴുതാതെ തങ്ങളുടെ ഇല്ലപ്പേരുകളെ എഴുതുന്നു. ഇതു സങ്കേതസിദ്ധി ആകുന്നു.

ബ്രഹ്മോപദേശയജ്ഞനാദിമവാപ്യാഖ്യാം
ലിഖന്തിചാന്യേബഹുമാനപൂർവ്വം
ക്ഷോണീസുരേഭ്യഅവനീസുരസത്തമേന്ദ്രാ
ത്യജന്തിപത്രേഷ്വസമുന്നതിംസ്വാം ൫൪

ചിലർ ബഹുമാനപൂർവ്വമായി എഴുത്തുകളിൽ ബ്രഹ്മോപദേശം യാഗം മുതലായതുകൊണ്ടുണ്ടായ നാമധേയങ്ങളെ എഴുതുന്നു. ചില ബ്രാഹ്മണർക്ക് ചില ബ്രാഹ്മണർ എഴുതുന്ന എഴുത്തുകളിൽ തങ്ങളുടെ വലിപ്പത്തെ ഉപേക്ഷിക്കുന്നു.

പത്രേഷ്വസ്മച്ഛബ്ദേഷുയോഗൗരവമാലിഖേൽ
വചനംബഹുശബ്ദോദിസാമാന്യോയംവിധിസ്മൃതഃ ൫൫

എഴുത്തുകളിൽ ഗൗരവംപോലെ അസ്മച്ഛബ്ദത്തിന്റെ ബഹുവചനത്തെ ഉപയോഗിക്കണം. ഇത് സാമാന്യമായ വിധിയാകുന്നു.

പത്രീകാവന്ദനംവിപ്രരാജപ്രഭൃതിഷുകല്പിതം
ഗ്രഹണംധാരണഞ്ചേതിപത്രികാവന്ദനംദ്വിധാ ൫൬

രാജാക്കന്മാർക്കും പ്രഭുക്കന്മാർക്കും ബ്രാഹ്മണർക്കും എഴുതുന്ന എഴുത്തുകൾ പത്രീകാവന്ദനത്തോടുകൂടിയിരിക്കണം. ആ പത്രികാവന്ദനം ഗ്രഹണമെന്നും ധാരണമെന്നും രണ്ടു വിധമാകുന്നു.

വാനപ്രസ്ഥാശ്രമസ്ഥേഷുകൃതാധാനമഖാഗ്നിഷു
രാജ്ഞിശസ്ത്രഗുരാചാര്യേവിപ്രേഗ്രഹണധാരണംലിഖേൽ ൫൭

വാനപ്രസ്ഥാശ്രമികൾക്കും ആധാനം, അഗ്നി, യാഗം, മുതലായ കർമ്മങ്ങൾ ചെയ്യുവർക്കും, രാജാവിനും, ശസ്ത്രാചാര്യനും, ബ്രാഹ്മണൻ ധാരണം എന്ന് എഴുതേണം.

ശസ്ത്രാചാര്യസ്സ്യാദ്ദാസോപി വിപ്രശ്ചേദ്ധാരണം ലിഖേൽ
പാകതിരോജനായുക്തേഷ്വവിപ്രേഷു ഗ്രഹണം സ്മൃതം ഛന്ദാ

ശസ്ത്രാചാര്യൻ ദാസനെങ്കിലും ബ്രാഹ്മണൻ ധാരണം എന്ന് എഴുതണം. ബ്രാഹ്മണൻ പാകതിരോജനമുള്ള ബ്രാഹ്മണൎക്ക് ഗ്രഹണം എന്ന് എഴുതണം.

രാജാപി വിലിഖേദേവം ധാരണഗ്രഹണാദികം
ബ്രഹ്മോപദേശരീത്യൈവ വിപ്രൈശ്ചാചാര്യയോഗ്യതം ഛന്ദഃ

രാജാവുംകൂടി ബ്രാഹ്മണർ ബ്രഹ്മോപദേശാദികൾകൊണ്ടുണ്ടായ ആചാര്യയോഗ്യതകൂടിയ ധാരണഗ്രഹണാദികൾ എഴുതണം.

ബ്രഹ്മോപദേശമാത്രാന്നാലിഖന്തി ധരാസുരാഃ
സംജ്ഞാവിശേഷം വിലിഖേൽ കൃതാധാനമഖാഗ്നിഷു ഛന്ദഃ

ബ്രാഹ്മണർ ആധാനം അഗ്നിയാഗം മുതലായ കൎമ്മങ്ങൾ ചെയ്യുവൎക്കു ബ്രഹ്മോപദേശത്തിങ്കൽ സിദ്ധിച്ച നാമധേയത്തെ എഴുതുന്നില്ല. എന്നാൽ അവിടെ ഒരു സംജ്ഞാവിശേഷം എഴുതണം.

ഗോകൎണ്ണഖണ്ഡലലസപ്തശിഖണ്ഡമധ്യ
പാദാരവിന്ദമജനോത്സുകതാപസൈന്ദ്രൈഃ
സംപ്രാൎത്ഥിതേനാംബുധിസമുദ്ധൃതകേരളായ
സ്വെന്യസ്തമോക്ഷഗവൎത്തപുരഷോത്തമായ ഛന്ദഃ
ഭോക്ത്രേ ശനാലിഖിതശേഖരീപൂൎവ്വമസിനാ
ശ്രീമൈത്ര്യയാൽ ഭഗവതോ ഭവാനീവിശേഷാധയോഃ

ശുഭമസ്തു.

കരിഷ്യതമപരാധം ക്ഷന്തുമൎഹന്തി സന്തഃ

യാദൃശം പുസ്തകേ ദൃഷ്ടം താദൃശം ലിഖിതമ്മയാ
ക്ഷന്തുമൎഹന്തി വിദ്വാംസഃ മമ ദോഷോ ന വിദ്യതേ

സമാപ്തം

അനാവാടി കുഞ്ഞികൃഷ്ണപുതുവാളുടെ

കവിതകൾ

മൂഴിക്കുളത്തപ്പനെ കുറിച്ച് ഒരു പാട്ട്

('എന്തവേടുകോന്തുരാഘവാ' എന്ന ത്യാഗയ്യർ കീർത്തനംപോലെ)

സരസ്വതിമനോഹരി—ചെമ്പട

ചിന്തയേഭവന്തമലകരുണാ
ബന്ധുരാകൃതേഹേപകരുണാബന്ധുരാകൃതേ
നിന്തിരുവടിക്കെണ്ണുർചരണമേല്ലാ
ബന്ധമോചനാഹേതമേതരിക— ചിന്തയേ
കാറാമറാളവിപദിപ്രപന്നായായ്
ഊറാമായെയ്ക്കുംഉദാരനായി
തീരശോഭിതതിരുമൂഴിക്കുളേ
സ്വൈരമായെന്നുംവിരാജമാനമാം— ചിന്തയേ

ചെങ്ങണാംകുന്നത്തു ഭഗവതിയെ കുറിച്ച് ഒരു പാട്ട്.

('പ്രീതിപൂണ്ടരുളുകയേ' എന്നപോലെ)

ശങ്കരാഭരണം—ചെമ്പട

ചെങ്ങണഗിരിനിലയേലോകനായേ
ചേവടിയുഗംകലയേ—ഭംഗിനിറഞ്ഞിടതിങ്ങിയെഴും
ഭുവനങ്ങളിലിഹപുകഴാംപൊങ്ങിവിളങ്ങും— ചെങ്ങണ
നിന്തിരുമുടിയിലണിഞ്ഞൊരുപൊൻമകുടം—ശോഭ
ബന്ധുരമതിനുപമാനവുമില്ലദ്ധം
ചന്തമിയന്നമനോജ്ഞലലാടതടം—കണ്ടാൽ
ഹന്തതൊഴുംഭുവനതികലനിഷ്ലപടം
നൽപുരികക്കലഴകതിമഹിതം
കല്പകസുമഗണപരിലസിതം
സല്പുരിമഗ്ഗുണഗണസഹിതം

ഷൾപദപരിവൃതമപിസതതം
ശില്പതരയാടളകന്തളതതിരോമ
മെപ്പൊഴുംമെന്തൾപ്പൂവിൽവിലസണം— ചെഞ്ചണ

മല്ലീശരകുലവില്ലിനോടുപമാനം-നൽകം
ചില്ലീയുഗതനുവല്ലിയുമസമാനം
സ്ഫുല്ലാംബുജദളതുലിതനളിമാനം—പോഷം
സല്ലോചനയുഗമാർദ്രദയാധീനം
ചലകിസലയമൃദുതരവധരം
തിലസുമനാസികയതിരുചിരം
സലളിതകുണ്ഡലയുഗമതുലം
സുമധുരമതിതവവുടലഖിലം
ധൂർത്തജനത്തെയമർത്തുവിപത്തുകൾ
തീർത്തഭയംഭുവനത്തിനുനൽകം— ചെഞ്ചണ

സുംഭനിസുംഭമഹാസുരസംഹതിയും—സൃഷ്ടി
ച്ചുസ്വകുലങ്ങടെനല്ലനഭസ്ഥിതിയും
ജൃംഭിതസമരമതിപ്രഗണസ്തുതിയും—മോദാ
ലമ്പോടുകട്ടരുളീടിനസുസ്ഥിതിയും

വില്ലുംശരവുമേന്തുംകരകമലം
ഉല്ലസിച്ചീടുംതിരുമുഖകമലം
കല്ലരവതീസുനതികശലം
ഹില്ലാലാള്ളമതുളുംമധുരശീലം
ഉള്ളമധിശോഭികളുമൊഴിഞ്ഞതു
നല്ലമതിൽകടികൊള്ളണമനിശം— ചെഞ്ചണ

അനാവാനംഭുവനേശപരിയായയിതെ-ഭക്തെ
ഷചനാഭിരതിഷമരെഷരാജനമാകതെന്ത
പനിമതിനേർമുഖിപാലിലച്ചുതതെ-ഹിന്നെ
ജനിമൃതിയലിനിമേലിൽപാപ്പുതതെ
വിശ്രുതമയിതവസൽചരിതേ

ശോകപങ്കതിറന്മയോച്ചരിതം
ശോകപാപിജനവൃമോചരിതം
വാസ്സൂമപാപമേദുരിതം
നന്ദികലന്ദ്രടരന്നരാഭെപങ്ങന
കന്നിലെദ്ദുഃഖഗദാമ്ബേരാണം

മനുഷ്യജന്മം

സാധാരണ മനുഷ്യർ ജന്മത്തിനു കല്പിച്ചിരിക്കുന്ന അർത്ഥമല്ലാ ഹിന്ദു ഋഷിമാർ ഈ പദത്തിനു നൽകിയിട്ടുള്ളത്. കേവലം സാംസാരികമായ ജീവിതത്തിന്റെ വിധികളേയും സവിസ്തരം പുരാതന ഹിന്ദു പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ടെങ്കിലും, അവരുടെ ശ്രദ്ധയും ആദരവിനും അധികമായി പാത്രീഭൂതമായിട്ടുള്ളത് ഉത്തമമായ പാരമാർത്ഥികമായ ജീവിതം ആകുന്നു. ഈ പ്രപഞ്ചം ക്ഷണനശ്വരവും മാനുഷ ജീവിതം മൃത്യുവിനു അധീനവും ആണെന്നുള്ളതിനാൽ ജീവനെക്കുറിച്ച് മനുഷ്യർക്കുള്ള പ്രതിപത്തി ആദരണീയമായിട്ടുള്ളതല്ല. ഈ ലോകത്തിൽ ഇരിക്കുമ്പോൾതന്നെ ഉത്തമമായ ജീവിതത്തിന്റെ പരമാനന്ദത്തെ അനുഭവിക്കണമെന്ന് ഇച്ഛിക്കുന്നവർ, സാധാരണ ജീവിതത്തിന്റെ സുഖത്തെ അനുഭവിച്ചിരിക്കുന്ന ഐന്ദ്രിയവ്യാപാരങ്ങളെ നിശ്ശേഷം കീഴടക്കേണ്ടിയിരിക്കുന്നു.

ഇഹലോകത്തിൽ മനുഷ്യനു ദ്വിവിധം ജീവിതമുണ്ട്. ഒന്ന് താണനിലയിലുള്ളത്; മറ്റേത് ഉയർന്ന നിലയിലുള്ളത്. നാം കാണുന്ന മർത്ത്യന്മാരിൽ മിക്കവരും താണനിലയിലുള്ള ജീവിതത്തെ നയിച്ചുകൊണ്ടു പോകുന്നവരാകുന്നു. അവർക്കും ഗുണദോഷം സാധാരണയുള്ള സുഖത്തിൽ വാഞ്ഛയും ദുഃഖത്തിൽ വൈമുഖ്യവും ഉണ്ടാകുന്നു. ആഹാരാദിസുഖങ്ങളെക്കൊണ്ട് അവർ കൃതാർത്ഥന്മാരായി ഭവിക്കുന്നു. രോഗാദിപീഡകളെക്കൊണ്ട് അവർ ദുഃഖിതരാ

യി തീരുന്നു. യാതൊരുവൻ ഐഹികസുഖാനുഭോഗങ്ങളെ മാത്രം ഇച്ഛിക്കുന്നുവോ, യാതൊരുവൻ കാമാദികളെ മാത്രം പോററുന്നുവോ, അവൻ മനുഷ്യനാകാത്തവനോ, മനുഷ്യവൃത്തിയെ വെടിഞ്ഞവനോ, ആകുന്നു. അവൻ കേവലം മൃഗപ്രായനത്രെ.

ആധുനികന്മാരായിരിക്കുന്ന അസംഖ്യം സ്ത്രീപുരുഷന്മാർ കേവലം മൃഗപ്രായമായ ജീവിതത്തെ നയിച്ചു വരുന്നവരാകുന്നു. ആഹാരം മാത്രമാണ് മനുഷ്യന്റെ ജീവിതത്തിന് അത്യന്താപേക്ഷിതമായിരിക്കുന്നത്. ആരോഗ്യവും ഗാത്രസൌഷ്ഠവവും ഉത്സാഹവും, ഉന്മേഷവും ഉണ്ടെങ്കിൽ ഒരുത്തന്നു വേണ്ടതൊക്കെ ഉണ്ടായികഴിഞ്ഞു. ഇത്രയും സുലഭമായി കിട്ടിയാൽ പിന്നത്തെക്കാര്യം എങ്ങിനെയും ആയിക്കൊള്ളട്ടെ. ഇപ്രകാരമാണ് ജനസാമാന്യം വിചാരിച്ചു പോരുന്നത്. മാതാപിതാക്കന്മാർ സാധാരണ ബാലികാബാലന്മാരെ അഭ്യസിപ്പിക്കുന്നതും ഏറെക്കുറെ ഇങ്ങിനെതന്നെ. ക്ഷണനശ്വരമായതു തന്നെ എന്നിരിക്കിലും ഭക്ഷണത്തിനുള്ള സാധനം സമ്പാദിക്കപ്പെട്ടു തീരണം. ഭൂമിയിൽ സുഖപ്രദങ്ങളായി ഉളവായിരിക്കുന്ന ദ്രവ്യങ്ങളെ കൈവശമാക്കണം, സ്വാത്മപ്രതിപത്തി മൂലം സ്വാനുഭോഗത്തിന്നായി ആവശ്യമുള്ളതിനെ എങ്ങിനെയെങ്കിലും നേടണം. മര്യാദയും അഭിമാനവും സ്വകർമ്മസിദ്ധിക്കു പ്രതിബന്ധം ആയിവന്നാൽ, അവയെ വിസ്മരിക്കേണ്ടതുതന്നെ. ഇങ്ങിനെ ഒക്കെയാണ് നമ്മുടെ സോദരീസോദരന്മാർ താന്താങ്ങളുടെ ഐഹിക വൃത്തിയെ പരിപാലിച്ചു വരുന്നതെന്നു പറയുമ്പോൾ, ഇത് മനുഷ്യ സമുദായത്തിന് ഒട്ടുക്കു ദോഷാരോപണമല്ലേ എന്നു തോന്നുമായിരിക്കാം. എന്നാൽ പരമാർത്ഥത്തിൽ ലോകഗതി അങ്ങിനെ ആണല്ലോ. സത്യം രുചികരമായിട്ടുള്ളതല്ല, പണം സമ്പാദിക്കുന്നതു ജീവിതത്തിന്റെ ഒരു മുഖ്യഉദ്ദേശ്യമായിട്ടാണ ഗണിക്കപ്പെട്ടിരിക്കുന്നത്. അദ്ധ്വാനംചെയ്തു ദ്രവ്യത്തെ സമ്പാദിക്കുന്നതിൽ ഏറെ നന്ന്. നേരായ മാർഗ്ഗത്തെ വെടിയാതെ മടിശ്ശീല നിറയുമെങ്കിൽ അതു ഉത്തമം തന്നെ. പക്ഷെ മടിശ്ശീല നിറയണം. എങ്ങിനെയായാലും തരക്കേടില്ല, യാചിച്ചോ, കടംവാങ്ങിയോ, അഥവാ, മോഷ്ടിച്ചുതന്നെ

യെം, ആയാലും ശരി, പണം ഉണ്ടാകണം. ഇങ്ങിനെ ആണല്ലൊ കാൎയ്യം കിടക്കുന്നത്. വാചകത്തിന് അലങ്കാരത്തിനായി വല്ലതും ഒക്കെ കൂട്ടിക്കൊള്ളാം; പക്ഷേ പ്രമാണത്തിനു രൂപഭേദം ഉണ്ടാകുന്നില്ല. കണക്കു പിണക്കിയൊ, വിശ്വാസഭംഗമൊ, സത്യലംഘനമൊ, അന്യായങ്ങളൊ, ഇല്ലാതെ എത്രയാളുകൾ ധനികന്മാരാകുന്നുണ്ടെന്നു വായനക്കാർ തന്നെ ആലോചിച്ചു നോക്കട്ടെ.

ലൌകികരീതി, കട്ടുമുതലും, മേല്പറഞ്ഞവിധമാണെങ്കിലും ഹിന്ദുദേശത്ത് ഒരു കൂട്ടക്കാർ ഇതിനെ അനുസരിക്കാതെ ഇരുന്നിട്ടുള്ളതായി നമുക്ക് അറിയാം. പ്രമാണംകൊണ്ടും പ്രവൃത്തികൊണ്ടും പുരാതന ഋഷീശ്വരന്മാർ മനുഷ്യൎക്ക് ഒരു ഉത്തമരീതിയെ ഉപദേശിച്ചിട്ടുണ്ട്. 'മിതഭോഗവും ഉൽകൃഷ്ടവിചാരവും' ആയിരുന്നു ആ മഹാത്മാക്കളുടെ ജീവിതാദർശ്ശസൂത്രമായിരുന്നു തത്വം. അവർ കേവലം വൈഷയികമായ ആഗ്രഹാദികളെ കീഴടക്കി, ദൈവികമായ പരമാനന്ദത്തെ ഹസ്തഗതമാക്കിയ മഹാപുരുഷന്മാരാണെന്ന് ആൎക്കുതന്നെ അറിവാൻ പാടില്ല.

പ്രകൃതിയുടെ ത്രിഗുണങ്ങൾ* മനുഷ്യനിൽ പ്രവേശിച്ചാണ്, അവനു സ്വഭാവഭേദം ഉണ്ടാകുന്നത്. സത്വഗുണപ്രധാനനായ പുരുഷനിൽ ദൈവികമായ ജ്ഞാനോദയവും, ഉൽകൃഷ്ടമായ മനശ്ശുദ്ധിയും, ഉളവാകുന്നു. രജോഗുണപ്രധാനനായ മനുഷ്യനിൽ അസാമാന്യമായ സ്വേച്ഛാപൂരണപ്രതിപത്തി ഉണ്ടായിരിക്കുന്നു. ഈ ഏനത്തിലുള്ള ജനങ്ങൾ ധാരാളം ഉണ്ട്. തമോഗുണപ്രധാനനിൽ മൃഗസാധാരണമായ സ്വഭാവം സദാ കാണപ്പെടുന്നു.

ഇടവിടാതെയുള്ള ആത്മസംയമനം, അദ്ധ്യാത്മശാസ്ത്രങ്ങളു

---

*പ്രപഞ്ചമാസകലം ത്രിഗുണാത്മികയായ പ്രകൃതിയുടെ നാനാപ്രകാരേണയുള്ള പരിണാമവിശേഷങ്ങളാകയാൽ 'പ്രകൃതിയുടെ ത്രിഗുണങ്ങൾ മനുഷ്യനിൽ പ്രവേശിക്കുക' എന്ന പ്രയോഗം ശാസ്ത്രവിരുദ്ധമായിരിക്കുന്നു.

ര. ര. പ.

ടെ നിരന്തരാഭ്യാസം, എന്നിവയെക്കൊണ്ട് ഒരുത്തനു നീചമായ തന്റെ സ്വഭാവത്തെ നിരാകരിക്കുന്നതിനും ഉൽകൃഷ്ട ഗുണങ്ങളെ സമ്പാദിക്കുന്നതിനും കഴിയാത്തതല്ല. ഒരു ഉത്തമപുരുഷൻ—മാതൃകാമനുഷ്യൻ— ഉൽകൃഷ്ട ജീവിതത്തെയാണ് പരിപാലിക്കേണ്ടത്.

ഇങ്ങിനെയുള്ള ഉത്തമരീതിയിൽ ജീവകാലത്തെ നയിക്കുന്നതിന് ഈശ്വരവിശ്വാസം ഇല്ലാത്തവനു സാധിക്കുന്നില്ല. കക്ഷിപൂരണത്തിലും ആഗ്രഹസിദ്ധിയിലും ഉള്ള അത്യാശയെ ക്രമേണ കുറച്ചും, മനസ്സാക്ഷിയുടെ ശാന്തമായ സദുപദേശത്തെ സദാകാലം അനുസരിച്ചും, സത്യത്തെ അന്വേഷിച്ചറിഞ്ഞും, സദ്വൃത്തിയെ പരിപാലിച്ചും ധാർമ്മികമായും സദാചാരസംബന്ധമായും ഉള്ള സർവ്വപൂജ്യസമ്മതമായ പ്രമാണത്തെ അനുകരിച്ചും, ആണ് മനുഷ്യർ ഉത്തമരീതിയിലുള്ള ജീവിതത്തെ യഥാർത്ഥമാക്കിത്തീർക്കേണ്ടത്. സാത്വിക ജന്മംതന്നെ സർവ്വോത്തമമായ ജന്മം. ഈശ്വരചിന്ത ആജന്മം ആർക്ക് വേണ്ടവിധത്തിൽ ഉണ്ടായിരിക്കുന്നുവൊ, ഈശ്വരനെ സാക്ഷിയാക്കിവെച്ച് ആർ സകല പ്രവർത്തികളേയും ചെയ്യുന്നുവൊ, അവന്ന് സാത്വികജന്മം സുലഭമായി സാധിക്കുന്നുവെന്ന് ഋഷിമാർ വാങ്മനഃകായങ്ങളെക്കൊണ്ട് മുമ്പിനാലെതന്നെ മനുഷ്യർക്കു മാർഗ്ഗപ്രദർശനം ചെയ്തിട്ടുണ്ട്.

പ്രപഞ്ചത്തിൽ സർവ്വോത്തമനാം മഹാനായിട്ട് തന്റെ ജന്മമഹിമയെ മറന്ന് ഐഹികസുഖമത്രെ പരമാനന്ദമെന്നു കരുതി, മൃഗപ്രായനായി, ലോകത്തിൽ ഉഴലുന്നവനത്രെ മാനുഷകീടമെന്നു തെല്ലറത്ത സംഗതി സ്പഷ്ടമാകുന്നു. ഈ പ്രാപഞ്ചികാസക്തി ആത്മാവിനെ ആവരണം ചെയ്യുന്നതിനാൽ മനുഷ്യൻ തന്റെ യഥാർത്ഥമായ ഉൽകൃഷ്ടാവസ്ഥയെ സ്വാനുഭവപ്പെടുത്തുവാൻ ശക്തനാകുന്നില്ല. സാംസാരികമായ ജീവിതത്തിൽ പക്ഷപാതം ഉണ്ടാകുമ്പോഴാം, മനുഷ്യജന്മത്തിന്റെ ശ്രൈഷ്ഠ്യം, മനുഷ്യനാൽ അജ്ഞാതമായും അപ്രതീക്ഷിതമായും ഭവിക്കുന്നു. ഇത് അവന്റെ നിർഭാഗ്യത്തിന്റെ ഉച്ചം തന്നെ. കഷ്ടം! ഈശ്വരസ്മരണയില്ലാത്ത ഒരു മർത്ത്യ

ന്റെ അവസ്ഥ എത്ര ശോചനീയമായിരിക്കുന്നു. അവന് പൂൎവ്വാപരമായ വിചാരം ഇല്ല. ഉദരംഭരിയായി, സുഖാനുഭോഗിയായി, വിഷയലമ്പടനായി, സജ്ജനസഹവാസശൂന്യനായി, ശാസ്ത്രസ്വൈരകൎത്തൃകനായി, ദുരാചാരരതനായി, ആത്മജ്ഞാനഹീനനായി, അവൻ, തന്റെ കുത്സിതമായ ജീവദശയെ കഴിച്ചുകൂട്ടിവരുന്നു.

ഋഷിപുംഗവന്മാരാൽ പ്രദൎശിതമാക്കപ്പെട്ടിരിക്കുന്ന ജീവിതം സത്തായും സാരമായും മഹത്തായും ഉള്ളതാകുന്നു. ഋഷി കാമക്രോധാദിദോഷങ്ങളെ ജയിച്ചു ജിതേന്ദ്രിയനായിട്ടുള്ള മഹാപുരുഷൻ ആകുന്നു. തനിക്കായി അദ്ദേഹം ഒരു പ്രവൃത്തിയും ചെയ്യുന്നില്ല. ലോകത്തിൽ സമാധാനവും നിത്യമായ ശാന്തിയും ഉണ്ടാകുന്നതിനാണ് അദ്ദേഹം നിരന്തരം യത്നിക്കുന്നത്. സ്വാൎത്ഥസൎവ്വസ്വത്തെ പരിത്യജിച്ച് ദിവ്യജ്ഞാനദീപത്താൽ അദ്ദേഹം പ്രശോഭിതനായിരിക്കുന്നു. ഐഹികാനന്ദത്തിൽ അദ്ദേഹത്തിനു വാഞ്ഛാലേശംപോലുമില്ല. ആത്മജ്ഞാനനിഷ്ഠ ഹേതുവായിട്ട്, അദ്ദേഹം ജീവാത്മാവിനെ പരമാത്മാവിൽ ലയിപ്പിക്കുന്നു. തന്നിൽ ഗുപ്തമായിരിക്കുന്ന ഈശ്വരത്വം അപ്പോൾ താനേ പ്രകാശിക്കുന്നു. അദ്ദേഹം നിത്യാനന്ദത്തെ അടയുന്നു.

ത്വയാഹൃഷീകേശഹൃദിസ്ഥിതേന
യഥാനിയുക്തോസ്മിതഥാകരോമി

സകലത്തിനും നിയന്താവായിട്ട് ഈശ്വരനാണെന്ന് അദ്ദേഹം സൎവ്വകാലം ഓൎമ്മിക്കുകയും ചെയ്യുന്നു.

കെ. പരമുപിള്ള, എം. എ.

ഒരു ഇതിഹാസവനിതാ

ഇക്കോമൻനായർ പറഞ്ഞതുപോലെ വല്ല ഉപദ്രവവും കുട്ടികൾക്കു നേരിട്ടിരിക്കുമൊ എന്നു വിചാരിച്ച് വ്യസനിച്ചു കിടക്കുന്ന പത്മാവതി പ്രഭാതത്തിങ്കൽ കുറച്ചുറങ്ങി. ദുസ്വപ്നം കണ്ടു ഞെട്ടി ഉണൎന്ന സമയം നാലുകെട്ടിൽ ചില തല്ലും നിലവിളിയും ശാസനയും കേട്ടു പരിഭ്രമിച്ച് ചെവിടോൎക്കുമ്പോൾ 'അയ്യോ എന്റെ കുട്ടികൾ പെരുവഴിയാകുമല്ലോ, പത്മനാഭനെ അറിയിക്കുന്നതെങ്ങിനെയാണെന്റെ ദൈവമേ' എന്ന് ഇട്ടിച്ചോണമ്മ നിലവിളിക്കുന്നതു കേട്ട് പെട്ടെന്നു വാതൽ തുറന്നു നോക്കിയപ്പോൾ കണ്ട കാഴ്ച ഭയങ്കരമാണ്. മൂത്ത കുട്ടി കിടന്നുരുളുന്നു. ഇട്ടിച്ചോണമ്മ മാറത്തു തല്ലി നിലവിളിക്കുന്നു. രണ്ടു മൂന്നു പേർ കുട്ടിയുടെ കയ്യും കാലും തിരുമ്മുന്നു. മൂത്തത് തലയ്ക്കൽ ഇരുന്ന് നോക്കുന്നു. ഇതെല്ലാം കണ്ടപ്പോൾ പത്മാവതി 'അയ്യോ എന്താ വലിയച്ഛനു' എന്ന് ചോദിച്ച് ഓടി ചെന്നു. 'വലിയച്ഛാ, വലിയച്ഛാ' എന്നു വിളിച്ചു. കുട്ടി മിണ്ടുന്നില്ല. അമ്മയോട് 'എന്താണിത്?' എന്നു ചോദിച്ചു. ഇട്ടിച്ചോണമ്മ 'അൎദ്ധരാത്രി രണ്ടു നാലു പ്രാവശ്യം ഛൎദ്ദിച്ചു. പിന്നെ ഈ മട്ടായി എന്നാണ് കേട്ടത്. ദീനം പനിയല്ലെന്നു കണ്ടു. അപ്പോൾ ഇവിടെ കൊണ്ടു വന്നു കിടത്തി' എന്നു പറഞ്ഞു.

പത്മാ—'വലിയച്ഛാ വലിയച്ഛാ' എന്നു പിന്നെയും വിളിച്ചു. 'അയ്യോ ഞങ്ങളെ ചതിക്കല്ലെ എന്നൊന്നും പറയുന്നില്ലല്ലോ. കുളത്തിലേക്ക് ഒരാളെ അയക്കണൊ' എന്നു പറഞ്ഞപ്പോൾ മൂത്തത് എണീറ്റു പുറത്തേക്കുപോയി. പത്മാവതി പിന്നെയും ഓരോന്നു പറഞ്ഞ് കരഞ്ഞും ഇടക്കിടെ കുട്ടിയെ വിളിച്ചും മാറത്തടിച്ചും കുറച്ചു നേരം കഴിച്ചു. കുട്ടിയുടെ പരാക്രമത്തിന്നു ശക്തികുറഞ്ഞു തുടങ്ങി. അവയവങ്ങൾ ചേഷ്ടിക്കാതെയായി. ഇ

ടകളിടെ കയ്യുളളടെ ശബ്ദവും, പത്മനാഭൻ വരുന്നുണ്ടോ എന്നു പടിക്കലേക്കും, നോക്കുന്ന പത്മാവതി വാളരി പിടിച്ചു നാലു ശിപായിമാർ വരുന്നതു കണ്ടു.

'കയ്യുളളടെ ദീനം പകരുന്ന വ്യാധിയാണെന്നും വൈദ്യശാസ്ത്രികൾ വാൻ എളുപ്പമുണ്ടെന്നും കാര്യക്കാര് എഴുതുന്ന ആയിരിക്കുന്നു. അതുകൊണ്ട് ദീനക്കാരനെ ഉടനെ ധർമ്മശാലയിലേക്കു കൊണ്ടുപോകുവാൻ കല്പിച്ചു' എന്നു ശിപായിമാർ പറഞ്ഞതു കേട്ടു പത്മാവതി 'അയ്യോ ഈ സമയത്താ' എന്നു ചോദിച്ചു. ശിപായിമാർ 'ഞങ്ങൾക്കു സമയം നോക്കുവാൻ തരമില്ല. കല്പനയാണ്' എന്നു പറഞ്ഞു പടിക്കൽ നില്ക്കുന്ന ചിലരെ വിളിച്ചു കയ്യുളളെ ഒരു ചാരുമഞ്ചലിൽ എടുത്തു കിടത്തിക്കൊണ്ടു പോയി. പത്മാവതി, 'അച്ഛന്റെ മരണസമയത്തു ഒരു തുള്ളി വെള്ളംകൂടി കൊടുപ്പാൻ ഞങ്ങളെ അവകാശികളാക്കി തരണേ' എന്നു പറഞ്ഞു കരഞ്ഞുകൊണ്ടു പിന്നാലെ ചെന്നു. ഉൾപ്പുറത്തു കുറെ ദൂരം ഒന്നിച്ചു ചെന്നിട്ടു 'നിങ്ങളെ ഞാൻ പുറപ്പെട്ടു വരാമെ'ന്നു പറഞ്ഞു തിരിച്ചു പോരികയും ചെയ്തു. ഇവർ പോകുംവഴി ധർമ്മശാലക്കടുത്തുള്ള ജേലിന്റെ പുറംഭാഗത്തു എത്തിയപ്പോൾ തടവുകാരെ പുറത്തിറക്കുന്ന സമയമായിരുന്നു. അവരുടെ ഇടയിൽ കൈകളും കാൽകളും വിലങ്ങുവെച്ചും രണ്ടു കൈകൊണ്ടും ഒരു പൂട്ടുകൊട്ട തൂക്കി പിടിച്ചും പത്മനാഭൻ അധോമുഖനായി പുറത്തേക്കു വരുന്നതു കണ്ടു.

പത്മാ— 'അയ്യോ! വലിയച്ഛന്റെ ദീനം അത്യാസന്നമായി. അദ്ദേഹത്തിന്റെ അന്ത്യകാലത്ത് രണ്ടു ദുഃഖവും ഏകൻ അനുഭവിക്കേണമെന്നോ, ദൈവമെ, വിധി. ദേവമെ! ഇതെല്ലാംകൂടി സഹിക്കുവാനിനിക്കു വയ്യ' എന്നു പറഞ്ഞു മറിഞ്ഞുവീണു. പത്മനാഭൻ താൻ വിലങ്ങിലാണെന്ന കഥ മറന്നു. 'അയ്യോ ഞാനൊന്നു കണ്ണു കാണട്ടെ' എന്നു പറഞ്ഞു ഓടുവാൻ ഭാവിച്ചപ്പോൾ വെലങ്ങു തടഞ്ഞു കമന്നടിച്ചു വീണു. 'അവിചാരിച്ച്

ഞാൻ എണീററു വരുന്നതുവരെ മഞ്ചൽ നിറുത്തണൊ' എന്നു വിളിച്ചു പറഞ്ഞത് മഞ്ചക്കാർ കേട്ട ഭാവംവെക്കാതെ പോയി. അവരുടെ അപേക്ഷ പിന്നെ ശിപായിയോടായി. ശിപായിക്ക് അവരുടെ വ്യസനംകണ്ടു കരുണതോന്നി ഇങ്ങിനെ പറഞ്ഞു: 'എജമാനൻ അറിഞ്ഞാൽ എന്റെ പണിപോകും. അതു പൊയ്ക്കോട്ടെ. സ്ത്രീകൾക്ക് ആ സ്ഥലത്തു ചെല്ലുവാൻ പാടില്ല. അതുകൊണ്ട് പത്മാവതി ചെന്ന് എജമാനനെ കണ്ട് കയ്മളെ വീട്ടിലേക്കു കൊണ്ടുപോകുവാൻ അനുവാദം വാങ്ങിക്കട്ടെ. എന്നാൽ നിങ്ങളുടെ കാര്യത്തിന്ന് വല്ല നിവൃത്തിയും കിട്ടും. ആ സ്ത്രീയുടെ വ്യസനം കണ്ടാൽ അനുകമ്പ തോന്നാത്തവർ മനുഷ്യനല്ല'. ഈ സന്ദർഭത്തിൽ കാര്യക്കാര് അഭിമുഖമായി വരുന്നതു കണ്ട് 'അയ്യോ എജമാനൻ' എന്നു പറഞ്ഞു ശിപായി പരിഭ്രമിച്ചു പത്മനാഭനെയുംകൊണ്ടു ജെയിലിലേക്കുപോയി.

അനാഥയായ പത്മാവതി കരഞ്ഞുകൊണ്ട് കാര്യക്കാരുടെ മഠത്തിന്റെ പടിവരെ പിന്നാലെ നടന്നു സങ്കടം പറഞ്ഞു. ഒന്നിനും ഒരു ഉത്തരവും പറഞ്ഞില്ല. മഠത്തിൽ എത്തിയസമയം 'എന്താസങ്കടം കേൾക്കട്ടെ' എന്നുപറഞ്ഞ് അകത്തേക്കു കടന്നു. പത്മാവതിയെക്കൊണ്ടു സങ്കടം ഒരു പുനരാവൃത്തികൂടി കഴിപ്പിച്ചതിന്റെ ശേഷം

ഇക്കോരൻ—ഭയപ്പെടേണ്ട; കയ്മളുടെ ദീനം ഞാൻകണ്ടു. അപകടമില്ലെന്നാണ വൈദ്യൻ പറഞ്ഞത്. ദീനം മാറുന്നതുവരെ പത്മനാഭൻ അടുക്കൽ ഇരിക്കട്ടെ. അല്ലാതെ സ്ത്രീകൾ അവിടെ പോയിക്കൂട. ദീനത്തിന്റെ സ്വഭാവം ഉടനുടൻ ഇവിടെ അറിവു തരുവാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്. ഒരു കള്ളപ്രമാണ കേസ്സ് ആ സാധുപത്മനാഭന്റെ മേൽ വന്നിട്ടുള്ളതിനെപ്പറ്റി ഭാര്യയുടെയും മകളുടെയും ഓരോ കച്ചീട്ട് എടുത്തിട്ടുവേണം പത്മനാഭനെ വിട്ടുകളയുവാൻ. അതാണ് നീതിയും ന്യായവും എന്നുപറഞ്ഞ് പത്മനാഭന്റെ ചങ്ങലവെട്ടി കയ്മളുടെ അടുക്കലേക്കു രണ്ടു ശിപായിമാരോടുകൂടി അയക്കുന്നതിന്നു ആജ്ഞാപിച്ചു.

ഇച്ചോണമ്മയെ വരുത്തുവാനും ആളെ അയച്ചു. നായർ കുട്ടികളുടെ ദീനത്തെപ്പററി ചിലതു പത്മാവതിയോടു പറഞ്ഞു സമാധാനപ്പെടുത്തുന്നതിന്നിടക്കു നായരുടെ കാരണവർ ചെന്നുവീണ്ടു 'പത്മനാഭൻ ഇതൊന്നും അറിഞ്ഞിട്ടില്ലല്ലൊ ദയവിതൊന്നാണെ ഞങ്ങളും സാധുക്കളാണെ' എന്നു തുടങ്ങി ആവലാധി പ്രബന്ധം മുഴുവൻ ചൊല്ലി. ഇദ്ദേഹത്തിൻ വ്യസനിക്കാതിരിക്കു. ഞാൻ നിവൃത്തിയുണ്ടാക്കാം. നേരം ഉച്ചതിരിഞ്ഞു. ഒന്നും കഴിക്കാതിരിക്കുന്നതു കഷ്ടമാണ് എന്നു പറഞ്ഞു നിർബ്ബന്ധിച്ചു കുളികഴിഞ്ഞു ഭക്ഷണത്തിന്നിരിക്കുവാൻ ഭാവിക്കുമ്പോഴും ഒരു ശിപായി വന്ന് 'കുട്ടികളുടെ ദീനത്തിന്നാശ്വാസമുണ്ട്. കണ്ണു മിഴിച്ചു. ക്ഷീണം മാറിയാൽ ദീനംമാറി എന്നു വൈദ്യൻ പറഞ്ഞു. പത്മനാഭൻ അടുക്കലുണ്ട്' എന്നു പറഞ്ഞതുകേട്ട് അല്പം സമാധാനത്തോടുകൂടി ഊണുകഴിച്ചു ഓരോ സാധനങ്ങളും കൊടുത്തയച്ചും ദീനസ്ഥിതിയെപ്പററി അന്വേഷിച്ചും ആശ്വാസമാണെന്നു കേട്ടു സമാധാനപ്പെട്ടും സന്ധ്യവരെ കഴിച്ചുകൂട്ടി. പത്മനാഭൻ കുററക്കാരനല്ലെന്ന് തിരുമനസ്സറിയിച്ച് തീരുമാനപ്പെടുത്തിയെന്നു നായർ സന്ധ്യക്ക് കച്ചേരിയിൽനിന്നു വന്നസമയം പറഞ്ഞു. പുലച്ചെക്ക് എല്ലാവർക്കുംകൂടി ഒന്നിച്ചു പോകാനും നിശ്ചയിച്ചു.

പിന്നീട് അവർ തമ്മിലുണ്ടായ സംഭാഷണം പത്മാവതിക്കു വീണ്ടും കുണ്ഠിതത്തെ ജനിപ്പിച്ചുതുടങ്ങി. സഹിക്കുവാൻ കഴിയാത്ത അലട്ടും ആക്രമണം കാര്യത്തിന്റെ പ്രകൃതവും വിചാരിച്ച് പത്മാവതി കാര്യക്കാരുടെ മോഹം സാധിപ്പിക്കാമെന്നു സമ്മതിച്ചു. ഇച്ചോണമ്മയും പത്മാവതിയും വീട്ടിലേക്കു മടങ്ങിപ്പോകുകയും ചെയ്തു. ഇനി തന്റെ സങ്കടം ഈശ്വരനോടല്ലാതെ മററാരോടും പറവാനില്ലെന്നു നിശ്ചയിച്ച് പത്മാവതി ക്ഷേത്രത്തിൽ പോയി നടക്കൽ തൊഴുതുകൊണ്ടുനിന്നു.

പുഷ്പാഞ്ജലി കഴിഞ്ഞ് പുറത്തേക്കു എഴുന്നള്ളുന്ന തമ്പുരാൻ (കോയിമ്മ) നടക്കൽനിന്നു പത്മാവതി മാറിനിൽക്കുവാനായി നാലഞ്ചു ഞൊടിച്ചു. വ്യസനാധിക്യംകൊണ്ട് ഭഗവൽപാദാരവി

ങ്ങളിൽ ലയിച്ചിരിക്കുന്ന അവളുടെ അന്തരേന്ദ്രിയങ്ങൾക്കു ഈ ശബ്ദം വിഷയമായില്ല. തന്നെ ധിക്കരിച്ചു നിൽക്കുന്ന യുവതി എതായിരിക്കേണമെന്നു നമ്പൂരി വീണ്ടും സൂക്ഷിച്ചപ്പോൾ ഊൎദ്ധ്വദൃഷ്ടികളോടുകൂടി അർദ്ധനിമീലനങ്ങളായിരിക്കുന്ന നേത്രപങ്ക്തികളിൽ നിന്നു് ധാരമുറിയാതെ ഒഴുകിക്കൊണ്ടിരിക്കുന്ന അശ്രുബിന്ദുക്കൾ അവളുടെ വാടിത്തളൎന്ന വദനകപോലങ്ങളെ അതിക്രമിക്കുന്നതുകണ്ടു. നമ്പൂരി തന്നെത്താൻ മറന്നുപോയി. കൊട്ടാരത്തിൽചെന്നു് പത്മാവതിയെ വരുത്തി വ്യസനകാരണം ചോദിച്ചു. ഇക്കോരൻ നായരുടെ ദുരാചാരത്തിന്നു അനുകൂലിക്കായ്കകൊണ്ടു് അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകളും ഭവിഷ്യത്തും പെറ്റമ്മയുടെ നിൎബ്ബന്ധവും ഭൃത്യകളുടെ ദീനസ്ഥിതിയും, ഗൎഭവതിയായിപ്പറയുന്നതിന്നിടയിൽ പത്മനാഭന്റെ ദൈന്യാവസ്ഥയെപ്പറ്റി ചിലതുകൂടി അറിയിച്ചു. മുഴുവൻ പറയുന്നതിന്നു വാക്കു പുറപ്പെടുവിക്കുവാൻ ത്രാണിയില്ലാതെ ആ യുവതി തമ്പുരാന്റെ കാക്കൽ സാഷ്ടാംഗംവീണു കരഞ്ഞുതുടങ്ങി. ദയാലുവായ അദ്ദേഹം ഇതെല്ലാംകേട്ട് സ്തബ്ധനായി നിന്നു.

നമ്പൂരി— വ്യസനിക്കേണ്ട എണീക്കു. കാലത്തു് അവരോടു് അവസ്ഥപോലെ ചോദിക്കാം. ഇന്നു ഇവിടെ താമസിച്ചാൽമതി. പത്മാവതിയെ സമാധാനപ്പെടുത്തി കൊട്ടാരത്തിൽ താമസിപ്പിച്ചതിന്റെശേഷം കാൎയ്യത്തിന്റെ സൂക്ഷ്മം ഉപായത്തിൽ അറിയുന്നതിന്നായി നമ്പൂരി രാത്രി പച്ചിലക്കാട്ട് വീട്ടിന്റെ പുറം തളക്കുമ്പോൾ താഴെ പറയുന്ന സംഭാഷണം കേൾക്കുവാനിടയായി.

ഇട്ട്യാ—ആ പെണ്ണു് എവിടെപ്പോയി എന്നറിവാൻ കഴിഞ്ഞില്ലല്ലോ. അവൾ കല്പിച്ചുകൂട്ടി ചതിച്ചതാണ്. എജമാനനു വലിയ കുണ്ഠിതമുണ്ട്. ആ പെണ്ണിന്നു വല്ല മരുന്നും ആ കാക്കേറവൻ പത്മനാഭൻ കൊടുത്തിട്ടുണ്ടായിരിക്കണം. അതുങ്ങ ഒന്നിച്ചാണല്ലോ പോയത്. നിങ്ങളോടെന്തു പറഞ്ഞു.

മൂത്തത് — പറയുകയല്ല പ്രവൃത്തിക്കയും കഴിച്ചു. ഞങ്ങൾ നേരെ ധൎമ്മശാലയിലേക്കാണ് പോയത്. വഴിക്കു മൊയ്തുവിനേയും വിളിച്ചു. അവിടെ ചെന്നപ്പോൾ കൎമ്മവും വൎമ്മവും ഒത്തുവന്നു. മൂത്തകുട്ടിക്ക് ചിന്നനും ഫേറനും കൊണ്ടുപിടുത്തം. അതിന്നിടയിൽ കരിക്ക് വേണമെന്നായി. ആ ചെക്കന്റെ ശൌൎയ്യത്തിന്റെ വല്ലുതും അറിയും. അവൻ കരിക്കിന്നായി പുറപ്പെട്ടു. ഞങ്ങളും പതുക്കെ പിന്തുടൎന്നു. തെങ്ങിന്മേൽകേറി കരിക്കിട്ടു ഇറങ്ങുന്നവഴി മൊയ്തു അവന്റെ ഇരിമ്പുപാരകൊണ്ട് ഒന്നേ ഒന്ന്. തലമണ്ട തകൎന്ന് ചോട്ടിൽവീണു. ഒച്ചയുമില്ല അനക്കവുമില്ല. തെങ്ങിന്മേൽ നിന്നുവീണ് തലപൊളിഞ്ഞ് ചത്തതിന്ന് നമുക്കെന്താകാറാം.

ഇച്ചാ— കണക്കിലായി. ഇന്നല്ലെങ്കിൽ രണ്ടു ദിവസംകഴിഞ്ഞാലും കാൎയ്യം നടത്താമല്ലോ. എന്താ മൊയ്തു?

മൂത്തത്— എന്ത? മുദ്രതട്ടികൊണ്ടുവരുവാൻ ശിപായിയാക്കി കൊണ്ടുപോയില്ലെ? അവൻ. ആ കിണ്ടൻ.

ഇച്ചോ— അവൻ ബുദ്ധിമുട്ടിയതിന്ന ഒരു ശിപായിപ്പണി കൊടുപ്പിക്കണം. മുദ്ര തരുമ്പോൾ പ്രത്യേകം പറഞ്ഞിട്ടുണ്ട്. മുദ്ര കൊടുത്ത് നമുക്കുള്ള തിരുവെഴുത്ത് നാളെത്തന്നെ വാങ്ങണം. ഓ. ശരിതന്നെ. നാളെ പത്മാവതിക്ക് ദൂരെദിവസമല്ലെ. ഇനിയും കള്ളന്മാരെ ഒപ്പിക്കേണ്ടേ? പത്മാവതിയെ കിട്ടാത്തതുകൊണ്ട് മൂപ്പർ മുദ്ര കിട്ടിയാൽ നമ്മുടെ നേരെ തിരിഞ്ഞു കളയുമോ.

മൂത്തത്— എന്നാൽ കുട്ടിക്കു കൊടുപ്പാൻ തന്ന മരുന്ന് ഇനിയും ബാക്കിയുണ്ട്. അത് ചിലവാക്കാനുള്ള വഴിയും ഇനിക്കറിയാം. ഔഷധം ചില്ലറയല്ലതാനും.

ഇത്രയും കേട്ടപ്പോൾ പരമശുദ്ധനായ നമ്പൂരി ഒന്നും പ്രവൃത്തിപ്പാൻ ശക്തനല്ലാതെ കുറെനേരം മരംപോലെ നിന്നു. ബുദ്ധികളുള്ള അമ്പരപ്പ് ശമിച്ചപ്പോൾ ക്ഷണത്തിൽ കൊട്ടാരത്തിൽ വന്ന് പാറാവുകാരിൽ ഒരുവനെ വിളിച്ചുണൎത്തി വൈദ്യനെ വരുത്തുവാൻ അയച്ചു (കൂൎഗ്ഗംവേലിയിൽ പ്രമാണപ്പെട്ട രണ്ടുപേരായിരുന്നു

അന്നത്തെ പാറാവ്) ഇക്കാരൻനായന്മാരുടെ നിർദ്ദയത്വം എത്രത്തോളം വിധത്തിൽ പര്യവസാനിക്കുമെന്നു വ്യസനിച്ച് നേരംവെളുക്കുവാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന പത്മാവതി 'വൈദ്യൻ' എന്ന ശബ്ദം കേട്ടപ്പോൾ 'അയ്യോ വലിയച്ഛനോ ഇനിക്ക് ഒരു കണ്ണുകാണിച്ചുതരണെ' എന്നുപറഞ്ഞു വാതുക്കൽ തള്ളി.

നമ്പൂരി— (വാതിൽ തുറന്ന്) വ്യസനിക്കേണ്ട. നമുക്ക് ഒന്നിച്ചു പോകാം. വൈദ്യൻ വരട്ടെ. ദൈവം നമ്മെ ചതിക്കില്ല.

പത്മ— കാര്യക്കാരൻ് എന്നെ ഉപദ്രവിക്കാതിരിപ്പാനായി ഒരാളെ ഒന്നിച്ചയച്ചാൽ ഞാൻ മുമ്പിൽ പൊയ്ക്കൊള്ളാം. അയ്യോ! മകൻ അടുക്കലുണ്ടെന്നു പറഞ്ഞതും നേരായിരിക്കുമോ? ഭഗവാനെ!

'എന്നാൽ ഞാൻതന്നെ വരാം' എന്നുപറഞ്ഞ് നമ്പൂരിയും പത്മാവതിയും പുറപ്പെട്ടപ്പോൾ വൈദ്യനും എത്തി എല്ലാവരും ധർമ്മശാലയിലേക്ക് എളുപ്പമായ വഴിക്കു പോയി.

നാലഞ്ചു ദീനക്കാർ അയ്യോ! ആവൂ! എന്നു നിലവിളിക്കുന്നു. രണ്ടു വേലക്കാർ കൂർവലിച്ചുറങ്ങുന്നു. മൂത്തകുഞ്ഞും പകുതി വാ പൊളിച്ച് കിടന്നു ശ്വാസംവലിക്കുന്നു. സഹായത്തിനുള്ള ആരും അടുക്കൽ ഇല്ലതാനും. ഈ കാഴ്ച കണ്ടപ്പോൾ 'വലിയച്ഛാ ാ ാ ാ—' എന്ന ദീർഘപ്രലാപത്തോടുകൂടി പത്മാവതി കുഞ്ഞിന്റെ മേൽ ചെന്നു വീഴുവാൻ ഭാവിച്ചപ്പോൾ നമ്പൂരി അവളെ പിടിച്ചിരുത്തി 'വെള്ളം കൊടുക്കൂ' എന്ന് പത്മാവതിയോടും, 'വിഷത്തിനു മരുന്നു നോക്കൂ', എന്ന് വൈദ്യനോടും, പറഞ്ഞ് നമ്പൂരി വിളക്കുമായി വളപ്പിൽ നടന്നു തുടങ്ങി. കുഞ്ഞിന്റെ തല മടിയിൽവെച്ച് ശോകഭയാക്രാന്തയായി കുനിഞ്ഞിരുന്നു കരയുന്ന പത്മാവതിയുടെ അശ്രുധാര നാവിറങ്ങിക്കിടക്കുന്ന കുഞ്ഞിന്റെ അന്തർദ്ദാഹത്തിനു അല്പം ശമനം വരുത്തി. ശ്വാസത്തിന്നിടയിൽ കുഞ്ഞും 'വെള്ളം' എന്നൊരു ശബ്ദം പുറപ്പെടുവിച്ചതു കേട്ട്.

പത്മാവതി— അയ്യോ! എന്തോ പറയുന്നുണ്ടല്ലോ. അടുക്കൽ ആരും ഉണ്ടായിരുന്നില്ലെന്നുണ്ടോ?

ഒരു ദീനക്കാരി— മകനുണ്ടായിരുന്നു. അദ്ദേഹം കരിക്കിന്നു പോ

യിട്ടു വളരെ നേരമായി. വെള്ളം ചോദിക്കുകയാണ്. അടുത്ത കിഴക്കുവശത്ത് കുളമുണ്ട്. മരിക്കുന്നതിനു മുമ്പ് കുറെ വെള്ളം കൊടുക്കൂ.

ഇതു കേട്ട്, പത്മാവതി പാത്രവും എടുത്ത് കുളത്തിലേക്കു പാഞ്ഞു. പോകുംവഴി കാലുതട്ടിവീണ വെള്ളംകൊടുപ്പാനുള്ള സമയം തരണേ എന്ന് ആരോ ദീനസ്വരത്തിൽ അപേക്ഷിക്കുന്നതും കേട്ടു തടഞ്ഞത് മനുഷ്യദേഹമാണെന്നറിഞ്ഞപ്പോൾ പത്മാവതി 'ആ വിളക്കൊന്നിങ്ങോട്ടു കൊണ്ടുവരണേ' എന്നു നിലവിളിച്ചു. 'ദൈവമേ! പത്മാവതിയാണെങ്കിൽ അല്പം വെള്ളം കൊടുപ്പിക്കണേ' എന്നായിരുന്നു പിന്നത്തെ വാക്കുകൾ. പത്മനാഭൻ വീണുകിടന്നിരുന്ന തെങ്ങിൻ ചുവട്ടിൽ ആളെ കാണാതെ നോക്കിനിൽക്കുന്ന നമ്പൂരി വിളക്കുകൊണ്ട് പത്മാവതിയുടെ അടുക്കൽവന്നു. അടികൊണ്ട് നട്ടു മുറിഞ്ഞ് നിണമണിഞ്ഞ് കരിക്കും ഉന്തിത്തള്ളി ഇഴഞ്ഞുപോകുന്ന ആ മനുഷ്യദേഹം പിതൃകരതി മൂർത്തീകരിച്ചിട്ടുള്ള തന്റെ പ്രാണപ്രിയനാണെന്നു അറിയുവാനുള്ള ശക്തി ദൈവം പത്മാവതിക്ക് ദത്തം ചെയ്തിരുന്നു. ഈ പ്രാണപാരവശ്യം കണ്ട മാത്രയിൽ പത്മാവതി 'ദേവരെ!' എന്നൊരു ആർത്തസ്വരം പുറപ്പെടുവിച്ച് വെട്ടിമറിഞ്ഞുവീണു. കഥയും കലാശിക്കേണ്ടിക്കായി.

* * * * * *

കാലത്ത് കടപ്പുറത്ത് ആൾക്കൂട്ടം അസംഖ്യം. കത്തിക്കാളുന്ന മൂന്നു പട്ടുകളിൽ കിടക്കുന്ന ശവങ്ങൾ പൊട്ടിത്തെറിച്ച് ദഹിച്ചുതുടങ്ങി. കളിച്ച് കുലമാല ധരിച്ചു നിൽക്കുന്ന ഇക്കോരൻ, മൂത്തത്, ഇച്ചേരണ, എന്നു് ദുരാചാരമൂർത്തിത്രയങ്ങളുടെ പാദചാരണങ്ങളിൽ വീരബാണകറവികൾ അലങ്കരിച്ച മയിൽവാഹനമുദ്ര അടിച്ചതിന്റെ ശേഷം അവരെ ഗൂഢോനാലന്റെ സഹായത്തോടുകൂടി വായുമാർഗ്ഗേണ അന്തക രാജധാനിയിലേക്കയച്ചു. ഗോദൂവിനെ പിടിക്കാൻ പോയവർ മടങ്ങിവന്ന് അയാൾ വിഷം തിന്നുമരിച്ചുകിടക്കുന്ന വിവരം അറിയിച്ചു.

അല്പന്മാക്ക് പ്രഭുത്വം കല്പിച്ചതുകൊണ്ട് അനുഭവിക്കേണ്ടിവന്ന അപവാദത്തെയും ഈശ്വരകോപത്തെയും ഭയന്ന് സത്യസന്ധനായ നമ്പൂരി തന്റെ സകല സ്ഥാനമാനങ്ങളും ഈ ദമ്പതിമാരുടെ അവകാശികൾക്ക് ദത്തംചെയ്ത് പാപനിവൃത്തിക്കായി തീർത്ഥാടനം ചെയ്ത് ശേഷിച്ച ജീവകാലം നയിച്ചു.

എ. നാരായണപ്പൊതുവാൾ.

പലവക

കുറച്ചുകൊണ്ട് തൃപ്തിപ്പെടാത്തവൻ ഒന്നുകൊണ്ടും തൃപ്തിപ്പെടുന്നതല്ല.

എപ്പിക്യൂറസ്.

നമ്മുടെ ദുഃഖങ്ങൾക്കുള്ള നിവൃത്തി നമ്മളിൽതന്നെയാകുന്നു. എന്നാൽ സാധാരണയായി നാം അതിനെ ഈശ്വരങ്കൽ ആരോപിക്കുന്നു.

ഷേക്സ്പിയർ.

അന്യനു ഹിതമായി സംസാരിക്കുന്നത് നല്ലതാകുന്നു. എന്നാൽ അപ്രകാരം തന്നെ പ്രവൃത്തിക്കുന്നത് അതിലും നല്ലതാകുന്നു. ഹിതമായ പ്രവൃത്തി അനന്തരമായിട്ടുള്ളതാകുന്നു. ഹിതഭാഷണം ശബ്ദം മാത്രമാകുന്നു. എന്നാൽ ഹിതഭാഷണവും, അതിനെ അനുസരിച്ച് പ്രവൃത്തിയും, ഒരുവനിൽതന്നെയിരിക്കുന്നുവെങ്കിൽ അവൻ കൃസ്തകർമ്മകൃത്തായി ഭവിക്കുന്നു, അവന് സകലവും ജയമായി ഭവിക്കുന്നു. സകലലാഭവും അവന് വന്നു ചേരുന്നു.

പുസ്തകങ്ങളും ഇല്ലാതെയുള്ള ഒരു മുറി ആത്മാവില്ലാത്ത ദേഹം പോലെയാകുന്നു.

സിസറോ.

കവികൾ ശബ്ദരൂപേണ ചിത്രമെഴുതുന്നു. ചിത്രമെഴുത്തുകാർ അവരുടെ ബ്രഷ്ഷുകൊണ്ട് കവിതയുണ്ടാക്കുന്നു.

കാറക്കി.

കവിതയെന്നത്, സംസാരിക്കുന്ന ചിത്രമാകുന്നു. ചിത്രം മൌനമായ കവിതയാകുന്നു.

സൈമണൈഡിസ്.

സംഗീതം എന്നത് മനുഷ്യന് ഈശ്വരങ്കൽനിന്നു പ്രത്യേകം സിദ്ധിക്കപ്പെട്ടിട്ടുള്ള വളരെ മാഹാത്മ്യത്തോടുകൂടിയ ഒരു ശക്തി വിശേഷമാകുന്നു. ലോകം മുഴുവൻ എനിക്ക് കിട്ടുന്നതായാലും ഞാൻ എന്റെ നിസ്സാരസംഗീതവാസനയെ വിട്ടുപിരിയുന്നതല്ല.

ലൂതർ.

സംഗീതം എന്നത് ശബ്ദത്തെ അതിക്രമിച്ചിരിക്കുന്ന് നമ്മുടെ ചില ഉൽകൃഷ്ടമനോവികാരങ്ങളെ പ്രകാശിപ്പിക്കുന്നതിനുള്ള ഒരു ഭാഷയാകുന്നു. ഗാനം നമ്മെ ബ്രഹ്മാനന്ദത്തിന്റെ വക്കത്തുവരെ കൊണ്ടുപോകുന്നു. ചിലപ്പോൾ അതിലേക്ക് ഒന്നെത്തിച്ചു നോക്കുന്നതിനും അനുവദിക്കുന്നു.


കാർലൈൽ.

മനശ്ശുദ്ധിയുള്ളവർ അനുഗൃഹീതന്മാരാകുന്നു. എന്തെന്നാൽ അവൎക്ക് ഈശ്വരസാക്ഷാൽക്കാരമുണ്ടാകുന്നു.

ബൈബിൾ.

---

5. ലക്ഷ്മീകരകസ്തൂരിഗുളികകൾ— താംബൂലം ഉപയോഗിക്കുന്നവർ എപ്പോഴും സശ്രദ്ധം ഉപയോഗിക്കേണ്ട വിലയേറിയ സാധനം. ദന്തവേദന, വായ്നാററം, അജീൎണ്ണം, പിത്തവായു, ഇവയെ ശമിപ്പിക്കും.



തനിച്ചോ താംബൂലത്തോടുകൂടിയോ ഉപയോഗിക്കാം. ആഹാരത്തോടുകൂടി രണ്ടു ഗുളികകളെ ഉപയോഗിച്ചാൽ ഏതു ഗുരുദ്രവ്യത്തെയും ജീൎണ്ണപ്പെടുത്തും. പ്രസവകാലത്ത താംബൂലത്തോടുകൂടി ഉപയോഗിച്ചാൽ സന്നി തട്ടുകയില്ല. അപായകരമായ യാതൊരു ലഹരിസാധനങ്ങളും ഇതിൽ ചേൎത്തിട്ടില്ല. കാശ്മീരത്തു നിന്നു വരുത്തിയ കസ്തൂരി പച്ചകൎപ്പൂരം മുതലായ അനേകം വിലയേറിയ സാധനങ്ങൾ ഇതിൽ ചേൎത്തിട്ടുണ്ട. ചുമ, കാസശ്വാസം, ജ്വരം മുതലായ രോഗങ്ങൾ വയസ്സിന്റെ ഏററക്കുറച്ചിൽപോലെ ഒന്നു മുതൽ 4 വരെ ഗുളികകൾ വെററിലച്ചാററിൽ കൊടുത്താൽ മതി. 200 ഗുളികകൾ ഉള്ള കുപ്പി 1 ക്കു വില ണ 4. 1 മുതൽ 12 വരെ കുപ്പികൾ അടങ്ങിയ ബങ്കി 1-ക്കു തപാൽകൂലി 5 ണ

6. ദന്തചൂൎണ്ണം—സുഗന്ധമായുള്ളതു. എല്ലാമാതിരി ദന്തരോഗങ്ങളെയും നീക്കും. വില കുപ്പി 1 നു 3-ണ. തപാൽ ചിലവു 2 കുപ്പിവരെ 5 ണവരെ.

7. ജ്വരസംഹാരി— കുളിൎപ്പനി, മുറപ്പനി, വാതപ്പനി, പിത്തജ്വരം, കഫജ്വരം, അസ്ഥിജ്വരം, മുതലായവക്കു് നന്നു. വില കുപ്പി 1-നു 1 ക. തപാൽ ചിലവു 7 ണ വരെ.

8. ലോകപ്രസിദ്ധമായ സുഗന്ധകുന്തളതൈലം—ഈ തൈലം പുരട്ടിയാൽ തലമുടി മീശ ഇവ ബഹുപുഷ്ടിയും [illegible]മായും കറുപ്പായും വളരും. കണ്ണിനു കുളൎമ്മയുണ്ടാകും. സകല കൺനോവുകളും തലവേദനകളും നീങ്ങും. ചെമ്പിച്ചരോമം കറുക്കും. രോമം പൊഴിയാതെ ഇരിക്കും. കണ്ണിന്നു നല്ല തെളിച്ചമുണ്ടാകും. വില കുപ്പി 1-നു 8 ണ. തപാൽ ചിലവ് 5 ണ വരെ.

പി. സുബ്ബറായി, പാറകിട്ടപ്പേട്ട, തെക്കെ ആൎക്കാട്ട് ജില്ല.

൯. രോഗസംഹാരി— രോഗം എവിടെ വേദനയാകുന്നുവോ അവിടെ ഈ മരുന്നു പുരട്ടിയാൽ യാതൊരു ഉപദ്രവവുമുണ്ടാകാതെ രോഗത്തെ മാറ്റും. വില കുപ്പി 1-ന്നു 4 ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ.

10. അഗ്നിമാന്ദ്യസംഹാരി— രുചിയില്ലായ്മ, പുളിച്ചുതികട്ടുക, നെഞ്ചുകരിക്കുക, മലബന്ധം, വയറുവേദന, വയറ്റെരിച്ചൽ, അജീൎണ്ണം, വയറുവീൎത്തുകയറുക, നിദ്രാഭംഗം മുതലായ പിത്തോപദ്രവങ്ങളെ നീക്കി സുഖപ്പെടുത്തും. ഡപ്പി 1-ക്കു അണ 8. തപാൽകൂലി അണ 5 വേറെ.

11. കുഷ്ഠബിന്ദു— ചിരങ്ങു, ചൊറികുത്തു, ചൊറിതടപ്പു, ഇരച്ചിൽ മുതലായ കുഷ്ഠരോഗങ്ങളെ ഭേദപ്പെടുത്തും. ശ്രുവണാദ്യ ക്ഷതയുണ്ടെങ്കിലും. വില കുപ്പി 1-ക്കു 8 ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ.

12. സുഖഭേദിഗുളികകൾ—ഭേദി ശരിപ്പെടുത്തും. അജീൎണ്ണം, പിത്തോപദ്രവങ്ങൾ, വയറു, മലംപിടിത്തം, അഗ്നിമാന്ദ്യം, വാതം മുതലായ പല രോഗങ്ങളെയും ശമിപ്പിക്കും. വില ഡപ്പി 1-ന്നു 8 ണ. തപാൽ ചിലവു 1 മുതൽ 4 വരെ ഡപ്പികൾക്കു 5 ണ. വേറെ.

13. നേത്രബിന്ദു— കണ്ണിൽവേദന, കണ്ണുകുത്തു, കുച്ചം, നിറെട്ടപ്പു, മിന്നൽ, മറകണ്ണു, പീളകെട്ടു, ചൊറിച്ചിൽ, കൂവു, ചൊരപ്പു, എരിച്ചിൽ. ഈ പുറികം ഇവകളുടെ വലിവു പുകച്ചിൽ ഇങ്ങിനെയുള്ള രോഗങ്ങളെ ഭേദപ്പെടുത്തും. വില കുപ്പി 1-ന്നു 8 ണ. തപാൽ ചിലവു മൂന്നു കുപ്പികൾവരെ 5 ണ വേറെ.

14. സ്ഖലിതരക്ഷണി—ബാലചാപല്യത്താലും അത്യുഷ്ണത്താലും മറ്റും ഉണ്ടാകുന്ന ഇന്ദ്രിയസ്ഖലിതത്തെ നീക്കും. വില ഡപ്പി 1-ന്നു 8 ണ. തപാൽ ചിലവു 5 വരെ ഡപ്പികൾക്കു 5 ണ വേറെ.

15. മൃഗകസ്തൂരി—കാശ്മീരിൽനിന്നും വരുത്തിയിട്ടുള്ള ഒന്നാന്തരം കസ്തൂരി എപ്പോഴും ആപ്പീസിൽ ഉണ്ടു. ഉറുപ്പികത്തൂക്കത്തിന്നു 48 ക വില. ഒരു ഉറുപ്പികമുതൽക്കുള്ള ഏതു സംഖ്യക്കും ചില്ലറയായിട്ടും കൊടുക്കപ്പെടും. തപാൽ ചിലവു പുറമെ, എഴുത്തുകുത്തുകൾ എല്ലാം ഇംഗ്ലീഷിലൊ തമിഴിലൊ ആയിരിക്കണം.

പി. സുബ്ബരായി, പാകിപ്പട്ടു, തെക്കെ ആർക്കാട്ടു ജില്ല.

16. തേൾവിഷത്തിന്ന സിദ്ധൌഷധം— തേൾകടിച്ച സ്ഥലത്ത രണ്ടു തുള്ളി ഒഴിച്ചാൽ പെട്ടെന്നതന്നെ ആശ്വാസം കാണും. ഒരു കുടുംബത്തിലെങ്കിലും ഈ മരുന്ന ഒരു കുപ്പി കരുതി വെക്കാതെ ഇരിക്കരുത. വില കുപ്പി 1-ക്ക 1 ക. 4 ണ. 12 കുപ്പിയിൽ കുറയാതെ ഒന്നിച്ച വാങ്ങുന്നവൎക്ക ഡസൻ 1-ക്ക 2 ക. 8 ണ. ഉള്ള വിലയിൽ കുറച്ച മാത്രമെ വില ചുമത്തുന്നുള്ളു. വി. പി. കമ്മീഷൻ 5 ണ പുറമെ. ഇൻഡ്യയിലും ബൎമ്മയിലും 12 കുപ്പിവരെ വി. പി. കമ്മീഷൻ 5 ണ. സിലോൺ ടി. 7 ണ.

17. വ്രണവിരോപണതൈലം—ഈ കുഴമ്പു പിത്തപ്പുണ്ണു മുതലായ എല്ലാവിധ വ്രണങ്ങൾക്കും കൈകണ്ട ഔഷധമാകുന്നു. ഇത സകല കൃമികളെയും നശിപ്പിച്ച എല്ലാ വ്രണങ്ങളെയും വിശുദ്ധീകരിച്ച വളരെ വേഗത്തിൽ ഉണക്കുന്നതാകുന്നു. വില 8 ണ. മൂന്ന കുപ്പിവരെ വി. പി. കമ്മീഷൻ 5 ണ മാത്രം.

18. കണ്ഠശുദ്ധി ഗുളിക— ഇതു കണ്ഠം തെളിഞ്ഞു ശാരീരം നന്നാവുന്നതിന്ന അതി വിശേഷമായ ഔഷധമാകുന്നു. പ്രത്യേകിച്ച സംഗീതക്കാൎക്കും, പ്രസംഗക്കാൎക്കും, പാതിരിമാൎക്കും, ശബ്ദവ്യയംകൊണ്ടു അത്യായാസം ചെയ്യേണ്ടവരായ മറ്റെല്ലാവൎക്കും വളരെ ഉപയോഗമുള്ളതാകുന്നു. വില 8 ണ. വി. പി. കമ്മീഷൻ 6 കുപ്പിവരെ 6 ണ.

19. സ്നാനചൂൎണ്ണം— ഈ പൊടി തേച്ചുകുളിക്കുന്നതിന്ന വിലയേറിയ സോപ്പിനേക്കാൾ വളരെ വിശേഷം. ഇത ദേഹത്തിലെ അഴുക്കും ദുൎഗ്ഗന്ധവും കളഞ്ഞു, മൃദുത്വവും പ്രകാശവും സുഗന്ധവും ഉണ്ടാക്കുന്നു. ഇതിന്നും പുറമെ ദേഹത്തിന്ന ശൈത്യവും സുഖവും എല്ലായ്പോഴും തോന്നിക്കും. ഇത ഇന്ത്യയിലുള്ള എല്ലാവൎക്കും വേണ്ടതാകുന്നു. വില 8 ണ. വി. പി. കമ്മീഷൻ 3 ണ.

20. സഞ്ജീവഗുളിക—കുട്ടികൾക്കുണ്ടാകുന്ന പനി, ജലദോഷം, തലവേദന, ചുമ, അതിസാരം, ഛൎദ്ദി, ഉറക്കമില്ലായ്മ ഇവയും അന്ത്രവായു മുതലായി എല്ലാ ഉദരരോഗങ്ങൾക്കും ഈ ഗുളിക വളരെ ഉപയോഗമുള്ള ഔഷധമാകുന്നു. ഇതു മദ്ധ്യവയസ്സന്മാൎക്കും ഒരുപോലെ ഉപകരിക്കാവുന്നതാകുന്നു. വില 10 ണ. വി. പി. കമ്മീഷൻ 6 കുപ്പിവരെ 5 ണ.

പി. സുബ്ബറായി, പാകിപ്പേട്ട, തെക്കെ ആൎക്കാട്ട് ജില്ല.

21. ഒന്നാംതരം ഗോരോചനാ ഗുളിക— എല്ലാവിധ പനികൾക്കും അതു സംബന്ധമായി പ്ലീഹ, കരള ഇവകളിൽ ഉണ്ടാവുന്ന ഉപദ്രവങ്ങൾക്കും ജലദോഷം, തലവേദന, ചുമ, അതിസാരം, അൎശസ്സു, ഉറക്കമില്ലായ്മ, അന്ത്രവായു മുതലായ എല്ലാ ഉദരരോഗങ്ങൾക്കും അതി വിശേഷമായ ഔഷധമാകുന്നു. വില 5 ണ. വി. പി. കമ്മീഷൻ 6 കുപ്പിവരെ 5 ണ.

22. ത്വഗ്രോഗപരിഹാരി—ഈ ഔഷധം കരപ്പൻ, ചുണങ്ങ, ചൊറി, ഒട്ടുവട്ടു, പോളൻ, ചൂട, പുഴുക്കടി, താരണം, മുതലായ കടിയും ചൊറിയും ഉള്ള എല്ലാ ത്വഗ്രോഗങ്ങൾക്കും ഏറ്റവും നല്ല ഔഷധമാകുന്നു. ഇതു ദേഹത്തിന്റെ പുറമെ മാത്രം ഉപയോഗിച്ചാൽ മതി. വി. പി. കമ്മീഷൻ 5 ണ.

മേത്തരം ഗോരോചനം തോല 1-ക്കു വില 4 ക. മേത്തരം കുങ്കുമസേരം തോല 1-ക്കു വില 1 ക. മേത്തരം പച്ചക്കർപ്പൂരം, തോല 1-ക്കു വില 2 ക. മേത്തരം രോജാ നന്നാർ, മല്ലിപ്പൂ നന്നാർ, വെട്ടിവേർ, താഴമ്പു, മരിക്കൊളുന്തു, ജാതിമല്ലി, സുഹാഗ, ഹിന, മഗിഡമ്പു, നന്നാർ മുതലായ അത്തറുകൾ എപ്പോഴും തയ്യാറുണ്ടു. ഇവ ഒരു തോല തൂക്കത്തിന്നു ക. 1-8-0 തപാൽകൂലി പുറമെ.

				ക.	ണ.	സ.
ഒന്നാംതരം	ഗോരോചനം	ത്രപ്പാത്തുക്കു	1-ക്കു	4	0	0
ടി.	മഞ്ഞൾ	ടി.	1-ക്കു	1	0	0
ടി.	പച്ചക്കർപ്പൂരം	ടി.	1-ക്കു	1	0	0

മേൽവിലാസം തമിഴിലൊ ഇംഗ്ലീഷിലൊ വിശദമായി എഴുതണം.

പി. സുബ്ബരായി, പറകിഴ്പ്പട്ടു, വടക്കെ ആർക്കോട്ട് ജില്ല.

വ്യവഹാരചിന്താമണി

എല്ലാ ഇംഗ്ലീഷ മാസവും 30-ാം നം- പ്രസിദ്ധപ്പെടുത്തുന്ന

ഒരു വിശേഷനിയമമാസിക.

പത്രാധിപർ

ചെങ്കളത്ത കരുണാകരമേനോൻ ബി. എ.

മലബാർ, കൊച്ചി, തിരുവിതാംകൂറ ഒരുപോലെ പ്രചാരം.

വരിസംഖ്യ—എപ്പോഴും മുൻകൂറ.

ഒരു കൊല്ലത്തേക്കു 4-0-0	വി. പി.	ഒരു കൊല്ലത്തേക്കു 4-1-0
ആറു മാസത്തേക്കു 2-0-0		ആറു മാസത്തേക്കു 2-1-0

വിധികൾ

മദിരാശി	ഹൈക്കോർട്ട ലേഖനം
കൽക്കത്താ	ഒന്നാംതരം കടലാസ്സ
അലഹബാദ	മേത്തരം അച്ചടി
ബൊംബെ	യോഗ്യരുടെ ഛായാപടം
കൊച്ചി	യോഗ്യ ലേഖകന്മാർ
തിരുവിതാംകൂർ	വിശേഷപത്രാധിപക്കുറിപ്പുകൾ

[illegible]

പത്രാധിപാഭിപ്രായങ്ങൾ.

കേരളസഞ്ചാരി—നിയമകാൎയ്യത്തിൽ ഉപാദ്ധ്യായൻ.

മ. മനോരമാ—മേനോന്റെ പുതിയ സ്വമനസ്കത്തെപ്പോലെ വേറെ ഒരു പത്രത്തിനു ചിലവില്ല.

മനോരമ—സകല മുതൽക്കാരും വാങ്ങേണ്ടതാണ.

കേരളപത്രിക—കക്ഷികൾക്കു അത്യുപകാരം.

കൊച്ചിവിധികളുടെ പോക്കറിവാൻ "ചിന്താമണി" എകമാൎഗ്ഗം.

കൊച്ചി വിധികൾ 7-ാം നമ്പ്ര മുതല്ക്കും, തിരുവിതാംകൂർ വിധികൾ 9-ാം നമ്പ്ര മുതല്ക്കും പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയിരിക്കുന്നു. നിങ്ങൾ ചിന്താമണി കണ്ടിട്ടില്ലെങ്കിൽ നോക്കുവാൻ ഒരു ബ്രിട്ടീഷ പോസ്റ്റുകാർഡു അയച്ചാൽ മടക്കത്തപാലിൽ സൌജന്യമായി നിങ്ങൾക്കു ഒരു പ്രതി അയച്ചുതരും. ലോകവ്യവഹാരത്തിലുണ്ടാവാൻ ക്രമമായി "ചിന്താമണി" പാരായണം ചെയ്യുന്നത ഒഴിച്ചു അന്യമാൎഗ്ഗം ഇല്ല.

എന്ന വ്യവഹാരചിന്താമണി മാനേജർ,

വള്ളുവനാട, മലബാർ.

കവനോദയം

വൈദ്യം, ജ്യോതിഷം, കിളിപ്പാട്ട്, തുള്ളൽ, നോവൽ, നാടകം മുതലായി വിശേഷപ്പെട്ട അനേകം കൃതികൾ ഇതിൽ ചേൎത്തു വരുന്നു. കൊല്ലത്തിൽ 6 പ്രാവശ്യം പ്രസിദ്ധപ്പെടുത്തുന്ന ഈ പുസ്തകമാലയിൽ ഓരോ കുറി 64 ഭാഗങ്ങളിൽകൂടി 5 കൃതികളിൽ കുറയാതെ ഉണ്ടായിരിക്കും. കൊല്ലത്തിൽ 4 ഉറുപ്പിക വരി അടച്ചാൽ മതി. തപാൽകൂലി പുറമെ വേണ്ട. വിദ്യാൎത്ഥികൾക്കാണെങ്കിൽ മുൻകൂറ് ഒന്നര ഉറുപ്പിക തന്നാൽ മതിയെന്ന് ഒരു പുതിയ നിശ്ചയം ചെയ്തിരിക്കുന്നു. ഈ പുസ്തകമാലയിൽ ഉൾപ്പെട്ടതും അല്ലാത്തതുമായ അനേക പുസ്തകങ്ങൾ ഇവിടെ വില്പാനുണ്ട്. ചിലതിന്റെ വിവരം താഴെ ചേൎക്കുന്നു.

ജ്യോത്സ്നികവിഷവൈദ്യം— ഈ പുസ്തകം കൈവശം ഉണ്ടായിരുന്നാൽ പാമ്പുകടിച്ചു ഉടനെ വൈദ്യന്റെ അടുക്കെ ഓടേണ്ടിവരികയില്ല. വില 12 അണ.

സദ്വൃത്തമാലിക— മലയാളത്തിലുള്ള വൃത്തങ്ങളുടെ എല്ലാം സ്വഭാവങ്ങളും അറിവാൻ ഈ പുസ്തകം മാത്രമെയുള്ളു. വില 8 അണ.

ജാനകീപരിണയം—കൊട്ടാരത്തിൽ ശങ്കുണ്ണി ഉണ്ടാക്കിയ ഒരു രസികനാടകമാണിത്. മന്നാടിയാരുടേതല്ല. വായിപ്പാൻ വളരെ രസമുണ്ട്. വില 1 ക. മാത്രം.

*ഹസ്തലക്ഷണദീപിക—ഈ പുസ്തകം കൈവശമുണ്ടെങ്കിൽ കഥകളിയെ ഊമക്കളിയെന്നു പറവാനിടവരികയില്ല. വില 4 അണ.

*കചാരതകം ഇതൊന്നു വായിച്ചുനോക്കുവിൻ വില 2 അ.

*ചക്കീചങ്കരനാടകം ചിരിക്കാതെ ഇതു വായിപ്പാൻ പ്രയാസം വില 6 അണ.

ഇവകൾക്ക് തപാൽകൂലി പുറമെ *ഈ അടയാളം വെച്ചവ ഒഴികെ ശേഷമെല്ലാം അച്ചടി അതിമനോഹരം. കടലാസ്സ എല്ലാം ഒന്നുപോലെ ബഹുവിശേഷം. താഴെ കാണുന്ന മേൽവിലാസത്തിൽ ആവശ്യപ്പെട്ടാൽ എല്ലാ പുസ്തകങ്ങളും വി. പി. ആയി അയച്ചു കൊടുക്കും.

നോട്ടീസ

മേത്തരം സാമാനങ്ങൾ !! വില വളരെ സഹായം !!!

കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സിലെ ഡൽഹിഡർബാർ പടം വലിയ സൈസ്സ വില ക. 7 ആവശ്യമുള്ളവർ ഉടനെ എഴുതി അയക്കണം.

ബൊമ്പായി മുതലായ വ്യാപാരസ്ഥലങ്ങളിലുള്ള പ്രധാന ഷാപ്പുകളിൽനിന്ന് നേരിട്ടു വരുത്തുന്നതും താഴെ വിവരം പറയുന്നതും വേറെയും അനേകം സാമാനങ്ങൾ തൊകപ്പടിയായും ചില്ലറയായും വളരെ സഹായവിലക്കു വില്ക്കുന്നതാണ്.

പലതരത്തിലുള്ള പ്ലാനൽ ശീലകൾ, ടീഡുകൾ, ചെകളുണികൾ, വളരെ ഭംഗിയുള്ള ചിട്ടികൾ, പട്ടുകൾ, ബ്ലാങ്കെറ്റുകൾ, തൊപ്പികൾ, സർട്ടുകൾ, മല്ല്, ജഗന്നാഥൻ, മുതലായ ഉണിച്ചരക്കുകൾ, എനാമൽ പാത്രങ്ങൾ, പലതരത്തിലുള്ള ഗ്ലാസ്സുകൾ, നാഴികമണികൾ, വാച്ചുകൾ, വിളക്കുകൾ, കണ്ണാടികൾ, കത്തികൾ, ഗ്ലോപ്പുകൾ, രവിവർമ്മപ്പടങ്ങൾ, കൊടകൾ, ഇരിമ്പുപെട്ടികൾ, ഇരിമ്പു അലമാറികൾ, ഇരിമ്പു അടുപ്പുകൾ, അനേകവിധം സോപ്പുകൾ, ബ്രാണ്ടി, വിസ്കി, മുതലായ ലഹരിസാധനങ്ങൾ, മുത്തുച്ചിപ്പികൊണ്ടുള്ള അനേകവിധ പാത്രങ്ങൾ, ഇവകളും മെലിൻസ്ഫുഡ്, കൊക്കൊ, കാപ്പിപ്പൊടി, ടീ, ബിസ്ക്കോത്ത മുതലായ വേറെയും അനേകവിധ സാമാനങ്ങൾ വളരെ സഹായ വിലക്കു വില്ക്കുന്നു.

ആവശ്യപ്പെടുന്നവൎക്കു സാമാനങ്ങൾ വി. പി. ആയി അയച്ചു കൊടുക്കുന്നതാണ്.

എ. ടി. എസ്സ. മേനോൻ,
ജനറൽ മച്ചന്റ,
ചിറ്റൂര.